# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

### 2018 മാർച്ച് 13, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 171 - നമ്പർ 10

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 മാർച്ച് 13, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ.വി.ശശി**

സെക്രട്ടറി

**ശ്രീ.വി.കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ.ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

543/20

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം.എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

## ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..01

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...35

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...35

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...91

**II അടിയന്തരപ്രമേയം**

കെ.എസ്.ആർ.ടി.സി. പെൻഷൻ പ്രായം വർദ്ധിപ്പിക്കാനുള്ള നീക്കം

— ശ്രീ. വി. ടി. ബൽറാം ..396

(അവതരണാനുമതി നിഷേധിച്ചു.) .

**III ശ്രദ്ധ ക്ഷണിക്കൽ**

(1) ബീഡി വ്യവസായം നേരിടുന്ന പ്രതിസന്ധി

—ശ്രീ. എം. രാജഗോപാലൻ ...415

(2) സാമ്പത്തിക പ്രതിസന്ധി

—ശ്രീ. എ. പി. അനിൽ കുമാർ ...418

**IV. സബ്മിഷൻ**

(1) ആർ.എസ്.എസ്. ആക്രമണം

—ശ്രീ. ജെയിംസ് മാത്യു ...424

(2) പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്

—ശ്രീ. എൻ. എ. നെല്ലിക്കുന്ന് ...425

(3) എരുമേലി വിമാനത്താവളം

—ശ്രീ. പി. സി. ജോർജ് ...426

പേജ്

(4) പുനരധിവാസം

—ശ്രീ. ബി. ഡി. ദേവസ്സി ...428

(5) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ

—ശ്രീ. സി. കൃഷ്ണൻ ...429

(6) നിർമ്മാണ പ്രവർത്തനങ്ങൾ

—ശ്രീ. അടൂർ പ്രകാശ് ...430

(7) ആസ്തി വികസന ഫണ്ടിന്റെ വിനിയോഗം

—ശ്രീ. റ്റി. വി. രാജേഷ് ...431

(8) പ്രത്യേക അക്കൗണ്ട് നമ്പർ അനുവദിക്കൽ

—ശ്രീ. പി. കെ. ബഷീർ ...432

(9) പുനരധിവാസം

—ശ്രീ. എൽദോ എബ്രഹാം ...433

(10) ട്രാവൻകൂർ റയോൺസ് തൊഴിലാളികളുടെ കുടിശ്ശിക

—ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ...434

**V. റിപ്പോർട്ട് സമർപ്പണം**

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിമൂന്നും പതിനാലും റിപ്പോർട്ടുകൾ ...436

**VI. ക്രമപ്രശ്നം**

(1) ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലെ കാലതാമസം

—ശ്രീ. വി. ഡി. സതീശൻ ...436

**റൂളിംഗ്**

(2) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നടത്തിയ പരാമർശം

—ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ...438

പേജ്

**റൂളിംഗ്**

**VII ധനകാര്യം** ...444

2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ

ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും ...445

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം ...448

ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും ...450

**VIII നിയമനിർമ്മാണം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ ...552

(ii) 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ...578

**അനുബന്ധം** ...602

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

*2018 മാർച്ച് 13, ചൊവ്വ*

വാല്യം 171] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2018 മാർച്ച് മാസം 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ....ഓർഡർ....ചോദ്യം നമ്പർ (*271)

**കുടുംബശ്രീയുടെ ശാക്തീകരണവും പ്രവർത്തനങ്ങളും**

1 (*271) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി വീണാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയെ കൂടുതൽ ശാക്തീകരിക്കാനായി പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്ന നാഷണൽ റൂറൽ ലൈവ്ലിഹുഡ് മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; അറിയിക്കാമോ;

(സി) കൃഷിയിൽ സ്ത്രീ പ്രാധാന്യം ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ച മഹിള കിസാൻ ശാക്തീകരൺ പര്യോജന ലക്ഷ്യംനേടാൻ പര്യാപ്തമാകുംവിധം പ്രാവർത്തികമായിട്ടുണ്ടോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) ഉണ്ട്. ദാരിദ്ര്യനിർമ്മാർജ്ജനം, സ്ത്രീ ശാക്തീകരണം എന്നിവ ലക്ഷ്യമാക്കി 1998-ൽ പ്രവർത്തനമാരംഭിച്ച കുടുംബശ്രീ ഇന്ന് അതിന്റെ വളർച്ചയുടെ 20 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമുഖമായ നിരവധി ഇടപെടലുകൾ നടത്തിയതിന്റെ ഫലമായി കുടുംബശ്രീ പ്രവർത്തന രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

20-ാം വർഷത്തിലേയ്ക്ക് കടക്കുന്നവേളയിൽ കുടുംബശ്രീയെ കൂടുതൽ ശാക്തീകരിക്കുന്നതിനായി പുതിയ 20 ഇന പരിപാടി സംസ്ഥാന ബജറ്റിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ഇവ ചുവടെ ചേർക്കുന്നു:

1. 2018-19 അയൽക്കൂട്ട വർഷം - മൈക്രോ ഫിനാൻസ് സമ്മിറ്റ്
2. ആയിരം ഇറച്ചിക്കോഴി യൂണിറ്റുകൾ
3. 500 ചകിരി മില്ലുകൾ
4. സൂക്ഷ്മ സംരംഭ പാർക്കുകൾ
5. സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പദ്ധതി
6. നാനോ മാർക്കറ്റുകൾ
7. വിപണനത്തിന് ഓൺലൈൻ പോർട്ടൽ
8. സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് ടെക്നോളജി ഹബ്ബ്
9. കെ.എസ്.എഫ്.ഇ.-യുമായി ചേർന്ന് കുടുംബശ്രീ ചിട്ടി
10. ജില്ലാ വനിതാ ലീഗൽ ക്ലിനിക്കുകൾ
11. ജില്ലാ കുടുംബശ്രീ പരിശീലന കേന്ദ്രങ്ങൾ
12. അഗ്രോ സർവ്വീസ് ടീമുകൾ
13. കിണർ റീ-ചാർജ്ജിംഗിനായുള്ള സുജലം പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും
14. ആലപ്പുഴ മാതൃകയിൽ പട്ടികവർഗ്ഗ സൂക്ഷ്മ പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക്
15. 200 പുതിയ ബഡ്സ് സ്കൂളുകൾ
16. ആയിരം ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾ

17. അരക്ഷിത സമൂഹങ്ങൾക്കുള്ള പ്രത്യേക ഉപജീവന പദ്ധതി- പ്രത്യാശ

18. റിക്കവറി നേരിടുന്ന സംരംഭങ്ങൾക്ക് കടാശ്വാസം

19. കുടുംബശ്രീ അനുഭവത്തെക്കുറിച്ച് 20 ഓർമ്മ പുസ്തകങ്ങൾ

20. 14 മാതൃകാ സ്ത്രീ സൗഹൃദ ഗ്രാമങ്ങൾ.

ഇവ കൂടാതെ 2018-19 സാമ്പത്തിക വർഷം ഒട്ടേറെ നവീനമായ പ്രവർത്തനങ്ങളും കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു:

- 2018-19 സാമ്പത്തിക വർഷം 6000 സൂക്ഷ്മ സംരംഭങ്ങൾ.
- പീഡനത്തിനിരയായവർ,ട്രാൻസ്ജെൻഡറുകൾ, തീരദേശ നിവാസികൾ, ആദിവാസികൾ തുടങ്ങി അരക്ഷിത സമൂഹങ്ങളിലെ അംഗങ്ങൾക്കായി പ്രത്യാശ എന്ന പേരിൽ പ്രത്യേക ഉപജീവന പദ്ധതി.
- എബിസി പദ്ധതി കൂടുതൽ തദ്ദേശ ഭരണ സ്ഥാപന പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കും.
- അഗതിരഹിത കേരളം പദ്ധതിയുടെ ഡിജിറ്റൽ സർവ്വേ പൂർത്തീകരിച്ചു. 2018 മാർച്ച് മാസത്തോടുകൂടി എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും വിശദമായ പദ്ധതിരേഖ നിലവിൽ വരും.
- നിലവിലുള്ള 64 യൂണിറ്റുകൾക്ക് പുറമേ 46 പുതിയ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതാണ്.
- നിലവിലുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് പുറമെ 10000 പാഷൻ ഫ്രൂട്ട് തൈകൾ വിതരണം ചെയ്യുകയും പാഷൻ ഫ്രൂട്ട് ജ്യൂസ് അടക്കമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുകയും ചെയ്യും.
- 10000 ഹെക്ടർ സ്ഥലത്ത് ഓർഗാനിക് കൃഷി വ്യാപിപ്പിക്കും.
- 14 ജില്ലകളിലും സ്നേഹിത ഓഫീസ് കേന്ദ്രീകരിച്ച് സ്ത്രീകൾക്ക് നിയമസഹായം നൽകുന്നതിനായി വനിതാ വക്കീലന്മാരെ നിയമിക്കും.
- സമഗ്ര പ്രവാസി സർവ്വേ സംഘടിപ്പിക്കും.
- ഒരു കുടുംബത്തിൽനിന്നും രണ്ട് അംഗങ്ങൾക്ക് കുടുംബശ്രീയിൽ അംഗത്വം.

(ബി) ഗ്രാമീണ വികസന മന്ത്രാലയത്തിനുകീഴിൽ ദേശീയ ഉപജീവന മിഷന്റെ പദ്ധതികൾ നടപ്പിലാക്കാനായി 2012-13-ലാണ് സംസ്ഥാന സർക്കാർ കുടുംബശ്രീയെ നിർവ്വഹണ ഏജൻസിയായി നിയമിച്ചത്. 2013-14-ൽ കുടുംബശ്രീ മുഖേന നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ നടപ്പിലാക്കുവാൻ തുടങ്ങി. പാവപ്പെട്ട സ്ത്രീകളെ കണ്ടെത്തി അവരുടെ സാമൂഹിക സംഘടനകൾ സ്ഥാപിച്ച് സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനുവേണ്ട നടപടികൾ സ്വീകരിക്കുകയാണ് കുടുംബശ്രീ എൻ.ആർ.എൽ.എം. പദ്ധതിയിലൂടെ ചെയ്യുന്നത്. പ്രധാനമായും നാല് തരം പ്രവർത്തനങ്ങളാണ് എൻ.ആർ.എൽ.എം. പദ്ധതിയിൽ നടപ്പിലാക്കുന്നത്.

സാമൂഹിക സംഘടനാ സംവിധാനം ശക്തിപ്പെടുത്തൽ : വിവിധ പരിശീലന പരിപാടികൾ അയൽക്കൂട്ടം/എ.ഡി.എസ്./സി.ഡി.എസ്. ഭാര വാഹികൾക്കും അംഗങ്ങൾക്കുമായി ആവിഷ്കരിച്ച് സംഘടനാ സംവിധാനം ശക്തിപ്പെടുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

സാമ്പത്തിക ഉൾപ്പെടുത്തൽ : വീട്ടുമുറ്റത്തെ ബാങ്ക് എന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ട് കുടുംബശ്രീ അംഗങ്ങളുടെ വിവിധ സാമ്പത്തിക ആവശ്യങ്ങൾക്ക് സാമൂഹ്യ സംവിധാനത്തിൽ നിന്നുതന്നെ പരിഹാരം കണ്ടെത്തുവാൻ സംഘടനയെ ശക്തിപ്പെടുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി അയൽക്കൂട്ടങ്ങൾക്കും എ.ഡി.എസ്.-നും റിവോൾവിംഗ് ഫണ്ട്, വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട് തുടങ്ങിയ ഫണ്ടുകൾ നൽകുന്നു.

ഉപജീവന വികസനം: കാർഷിക കാർഷികേതര മേഖലകളിലെ സംരംഭകർക്ക് പരിശീലനം, സംരംഭങ്ങൾ ആരംഭിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും കുറഞ്ഞ നിരക്കിൽ സാമൂഹിക സംവിധാനത്തിൽ നിന്നുതന്നെ ലഘുവായ്പ എന്നിവ നൽകിവരുന്നു.

സാമൂഹ്യ ഉൾപ്പെടുത്തൽ: സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തി കുടുംബശ്രീ സാമൂഹിക സംവിധാനത്തിലേയ്ക്ക് കൊണ്ടുവരിക എന്നത് ലക്ഷ്യമിടുന്നു. പ്രധാനമായും ദാരിദ്ര്യം ഏറ്റവുമധികം അനുഭവപ്പെടുന്ന സ്ഥലങ്ങൾ കണ്ടെത്തി ബന്ധപ്പെട്ട പഞ്ചായത്തിന്റെയോ ബ്ലോക്കിന്റെയോ വികസനം (ഉദാ. അട്ടപ്പാടി, ആറളം ഫാം) ഇതിലൂടെ നടപ്പിലാക്കുന്നു. പട്ടികവർഗ്ഗക്കാർ, അംഗ വൈകല്യമുള്ളവർ, മുതിർന്നവർ, ഭിന്നലിംഗക്കാർ തുടങ്ങിയവരുടെ ഇടയിലുള്ള പ്രവർത്തനവും എൻ.ആർ.എൽ.എം.-ന്റെ ഭാഗമായി ചെയ്തുവരുന്നു.

(സി) എം.കെ.എസ്.പി. പദ്ധതിയിലൂടെ നിരവധി സ്ത്രീ കർഷകരെ കേരളത്തിന്റെ കാർഷിക മേഖലയിലേയ്ക്ക് എത്തിക്കുന്നതിന് കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. 2004 മുതൽ കുടുംബശ്രീ കാർഷിക മേഖലയിൽ അതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ചു. ആയതിന്റെ ഫലമായി സ്ത്രീ കർഷക തൊഴിലാളികൾ കർഷകരായി മാറി. കൃഷിയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാനും അതിന്റെ ലാഭത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുവാനും കൂടുതൽ അവസരമുണ്ടാക്കുവാനും സാധിച്ചു. 60720 സ്ത്രീ കർഷക ഗ്രൂപ്പുകൾ ഈ സാമ്പത്തിക വർഷം 52130.66 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുകയും രണ്ട് ലക്ഷം ടൺ കാർഷികോല്പന്നങ്ങൾ ഉല്പാദിപ്പിക്കുകയും ചെയ്തു. കൂടാതെ കർഷകർക്ക് സാങ്കേതിക പരിശീലനം നൽകുന്നതിനായി 604 സ്ത്രീകൾ ഉൾക്കൊള്ളുന്ന ജീവാ ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. കാർഷിക ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി കൃഷി വകുപ്പുമായി സഹകരിച്ച് 550 ആഴ്ച ചന്തകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. 1.88 കോടി രൂപയുടെ വിപണനം ആഴ്ച ചന്തകളിലൂടെ കഴിഞ്ഞ അഞ്ച് മാസംകൊണ്ട് നടന്നിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം 3.5 ലക്ഷം സ്ത്രീകൾക്ക് വരുമാന വർദ്ധനവിനുതകുന്ന വിപുലമായ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, ദാരിദ്ര്യനിർമ്മാർജ്ജനം, സ്ത്രീശാക്തീകരണം എന്നിവ മുൻനിർത്തിയാണ് കുടുംബശ്രീ പദ്ധതി ആരംഭിച്ചത്. ഇപ്പോൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വാർഡ് തെരഞ്ഞെടുപ്പുപോലെ സജീവമാണ് എ.ഡി.എസ്.-ലേയ്ക്കുള്ള തെരഞ്ഞെടുപ്പ്. കൊച്ചി മെട്രോ ഉൾപ്പെടെ നിരവധി മേഖലകളിൽ കുടുംബശ്രീ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. കുടുംബശ്രീ അന്താരാഷ്ട്ര ബ്രാൻഡാകാൻ പോകുകയാണ്. വിവിധ മേഖലകളിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ എത്ര പേർക്ക് ഇതുവഴി ഉപജീവനമാർഗ്ഗം ലഭ്യമായിട്ടുണ്ടെന്നത് സംബന്ധിച്ച് എന്തെങ്കിലും കണക്കുണ്ടോ; വ്യക്തമാക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, നഗര-ഗ്രാമീണ മേഖലകളിൽ ലക്ഷക്കണക്കിന് സ്ത്രീകളെ വട്ടിപ്പലിശക്കാരിൽനിന്ന് മോചിപ്പിക്കാൻ സാധിച്ചു എന്നതാണ് കുടുംബശ്രീ കൊണ്ടുണ്ടായിട്ടുള്ള ഏറ്റവും വലിയ നേട്ടം. വിവിധ സംരംഭങ്ങളിലൂടെ നാല് ലക്ഷത്തോളം ആളുകൾക്ക് ഉപജീവനത്തിന് വഴിയൊരുക്കിക്കൊടുക്കാൻ കുടുംബശ്രീക്ക് ഇതിനകം സാധിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ 80-85% അയൽക്കൂട്ടങ്ങളും ലിങ്കേജ് വായ്പയുമായി ബന്ധപ്പെടുത്തി ഊരുകളിലെയും പാവപ്പെട്ടവരുടെയും വീടുകളിൽ ദാരിദ്ര്യവും കഷ്ടപ്പാടും ഇല്ലാതാക്കുന്നതിന് സാധ്യമായിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, അങ്ങ് ഇവിടെ നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷനെ സംബന്ധിച്ച് പറയുകയുണ്ടായി. ഇതുസംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്താണ്; എത്ര തുകയാണ് ഇവർക്ക് വായ്പയായി നൽകുന്നത്; അതിന് പലിശയുണ്ടോ; എങ്ങനെയാണ് അതിന്റെ തിരിച്ചടവ് വ്യവസ്ഥകൾ; വ്യക്തമാക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, NRLM പദ്ധതി പ്രകാരം വ്യക്തികൾക്ക് 10 ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 25 ലക്ഷം രൂപയുമാണ് വായ്പ നൽകുന്നത്. 4% പലിശയാണ് വായ്പയെടുക്കുന്ന ആളുകൾ നൽകേണ്ടത്. ബാക്കി പലിശ കുടുംബശ്രീയാണ് അടയ്ക്കുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, വീടുകളിലെ രുചിവൈവിധ്യം, കുടുംബശ്രീ മുഖേന കഫേശ്രീ സ്റ്റാളുകൾ തുടങ്ങി നല്ല നിലയിൽ പലയിടത്തും വിജയകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ചാവക്കാട് നഗരസഭയുടെ കഫേശ്രീക്കും കുടുംബശ്രീക്കുമുള്ള അംഗീകാരം ഈ സർക്കാർ നൽകുകയുണ്ടായി. കഫേശ്രീയുടെ പ്രവർത്തനം സംസ്ഥാന വ്യാപകമായി കൊണ്ടുവരുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി എത്ര അയൽക്കൂട്ടങ്ങൾ രൂപീകരിച്ചുവെന്നത് വ്യക്തമാക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, കുടുംബശ്രീ റെസ്റ്റോറന്റുകൾ സംസ്ഥാനത്ത് ഏറ്റവുമധികം ജനശ്രദ്ധ ആകർഷിച്ചിട്ടുള്ള പദ്ധതിയാണ്. കഫേ കുടുംബശ്രീ കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള തീവ്രമായ യത്നമാണ് കുടുംബശ്രീ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ വന്നതിനുശേഷം 19524 അയൽക്കൂട്ടങ്ങൾ സംസ്ഥാനത്ത് പുതിയതായി രൂപീകരിക്കുകയുണ്ടായി.

ശ്രീമതി വീണാ ജോർജ്ജ്: സർ, ആദിവാസി മേഖലകളിൽ 90 ശതമാനത്തോളം സ്ത്രീകൾ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പക്ഷേ, ട്രൈബൽ ഏരിയകളിൽ അയൽക്കൂട്ടങ്ങൾ ചേരുമ്പോൾ ഇവരുടെ പങ്കാളിത്തം കാര്യമായി ഉണ്ടാകുന്നില്ല. ആയതിനാൽ ട്രൈബൽ ഏരിയകളിൽ കുടുംബശ്രീയുടെ പ്രവർത്തനം കൂടുതൽ സജീവമാക്കുവാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് സർക്കാർ സ്വീകരിക്കുന്നത്; ഉപജീവന പദ്ധതികൾക്ക് എത്രത്തോളം പ്രാധാന്യം അവിടെ നൽകുന്നുണ്ട്?

ഡോ. കെ. ടി. ജലീൽ: സർ, സർക്കാരിന്റെയും കുടുംബശ്രീയുടെയും പ്രത്യേക ശ്രദ്ധ ആദിവാസി മേഖലകളിൽ കൂടുതലായി പതിയേണ്ടതായിട്ടുണ്ട്. 127000-ത്തോളം കുടുംബങ്ങളാണ് ആദിവാസി മേഖലകളിലുള്ളത്.

അവിടങ്ങളിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം 6280 ആണ്. അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം 106452 ആണ്. ഈ വർഷം 212 പുതിയ അയൽക്കൂട്ടങ്ങൾ ആദിവാസിമേഖലയിൽ രൂപീകരിക്കുകയുണ്ടായി. ഇവയിൽ ബാങ്ക് ലിങ്കേജ് നടത്തിയത് 40 ശതമാനത്തിൽ താഴെയാണ്. ഏറ്റവും കുറവ് ബാങ്ക് ലിങ്കേജുള്ള അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നത് ഇപ്പോഴും ആദിവാസി മേഖലയിലാണെ ന്നുള്ളതാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 271 വ്യക്തിഗതസംരംഭങ്ങൾ ആദിവാസിമേഖലയിൽ തുടങ്ങാനായപ്പോൾ 142 ഗ്രൂപ്പ് സംരംഭങ്ങളാണ് ആദിവാസി മേഖലയിൽ നമുക്കിതിനകം ആരംഭിക്കാൻ സാധിച്ചിട്ടുള്ളത്. കുടുംബശ്രീയുടെ കമ്മ്യൂണിറ്റി കിച്ചൻ അട്ടപ്പാടി മേഖലയിൽ ഇപ്പോൾ വളരെ നല്ല നിലയിൽ നടന്നുവരുന്നുണ്ട്. ഈ മേഖലയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് കുടുംബശ്രീ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. എ. എൻ. ഷംസീർ: സർ, നിലവിൽ കേരളത്തിൽ കുടുംബശ്രീ ആരംഭിച്ച സംരംഭങ്ങളെത്ര; ഒരു കുടുംബശ്രീ അയൽക്കൂട്ടത്തിൽ നിന്ന് ഒരു വനിത എന്ന ബൈലാ ഭേദഗതി വരുത്താമോ; ഇത് സ്ത്രീശാക്തീകരണത്തിന് തടസ്സമല്ലല്ലോ; ലിങ്കേജ് വായ്പയുടെ പരമാവധി തുക എത്രയാണ്; അതിന്റെ പലിശനിരക്ക് എത്ര തുടങ്ങിയ കാര്യങ്ങൾക്ക് വ്യക്തത വരുത്താമോ?

ഡോ. കെ. ടി. ജലീൽ: സർ, 277000 അയൽക്കൂട്ടങ്ങളാണ് സംസ്ഥാനത്തുള്ളത്. ഇതിൽ ലിങ്കേജ് വായ്പയെടുക്കാത്ത 65000 അയൽക്കൂട്ടങ്ങളുള്ളതായിട്ടാണ് കണ്ടെത്താൻ സാധിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ഇപ്പോൾ ഒരു കുടുംബത്തിൽ നിന്ന് ഒരാൾക്കുമാത്രമേ കുടുംബശ്രീയിൽ അംഗമാകാൻ കഴിയുകയുള്ളൂ. ആ ബൈലാ ഭേദഗതി ചെയ്ത് സർക്കാർ, കുടുംബശ്രീയുടെ ഗവേണിംഗ് ബോഡിയിൽ പുതിയൊരു തീരുമാനമെടുത്തിട്ടുണ്ട്. ഒരു കുടുംബത്തിൽ നിന്ന് വിദ്യാസമ്പന്നയായ, പുതിയ തലമുറയിൽപ്പെട്ട ഒരാൾക്കുകൂടി അംഗത്വം നൽകണമെന്നുള്ളതാണ്. നാല് ശതമാനം പലിശയാണ് ലിങ്കേജ് വായ്പ എടുക്കുന്നവർ നൽകേണ്ടത്. ബാക്കിയുള്ള പലിശ കുടുംബശ്രീ തന്നെ വഹിക്കുന്നതാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സ്ത്രീകളുടെയും കുട്ടികളുടെയും ഉയർച്ചയാണ് കുടുംബശ്രീയുടെ മുഖ്യലക്ഷ്യം. സ്ത്രീകളുടെ സംരക്ഷണത്തിനുവേണ്ടി നിരവധി കാര്യങ്ങൾ കുടുംബശ്രീ മുഖേന ചെയ്യുന്നുണ്ട്. പക്ഷേ, ശിശുക്കളുമായി ബന്ധപ്പെട്ട വികസന മാതൃകകളിൽ ഏതെങ്കിലും പുതിയ മാതൃകകൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് ഏതാണ്?

ഡോ. കെ. ടി. ജലീൽ: സർ, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമമാണ് കുടുംബശ്രീ പ്രധാനമായും ലാക്കാക്കുന്നത്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം ഉദ്ദേശിച്ചുകൊണ്ട് ഒട്ടനവധി പദ്ധതികൾ കുടുംബശ്രീ ചെയ്തുവരുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ബഡ്സ് സ്കൂളുകൾ. ഭിന്നശേഷിക്കാരായ കുട്ടികൾ അഡ്രസ് ചെയ്യപ്പെടാത്തവരായി കിടക്കുകയായിരുന്നു. 200 ബഡ്സ് സ്കൂളുകളാണ് പുതിയതായി ആരംഭിക്കുവാൻ പോകുന്നത്. നിലവിൽ 71-ഓളം ബഡ്സ് സ്കൂളുകളും 100-ഓളം ബി.ആർ.സി.-കളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്ക് പുറമേയാണ് പുതിയ 200 ബഡ്സ് സ്കൂളുകൾ തുടങ്ങാൻ പോകുന്നത്. ശിശുക്ഷേമത്തിന് കൂടുതൽ കാര്യക്ഷമമായ ശ്രദ്ധ നൽകി, നൂതനമായ പദ്ധതികൾ കുടുംബശ്രീയിൽ ആവിഷ്കരിക്കുന്നതിനെ സംബന്ധിച്ച് ഗൗരവതരമായി ആലോചിക്കും.

ശ്രീ. കെ. ബാബു : സർ, വിവിധ എൻ.ജി.ഒ.-കളും മതസംഘടനകളും നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്നും കുറഞ്ഞ പലിശയ്ക്ക് വിവിധ പ്രോജക്ടുകളുടെ പേരിൽ വായ്പയെടുത്ത് അയൽക്കൂട്ടങ്ങളിലെ സഹോദരിമാർക്ക് 15 ശതമാനത്തിൽ കൂടുതൽ പലിശയ്ക്ക് വായ്പ കൊടുത്ത് മറ്റൊരു വട്ടിപ്പലിശ കൊള്ളയടിക്കൽ രീതി ഈ സംസ്ഥാനത്ത് നടക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ഡോ. കെ. ടി. ജലീൽ : സർ, അങ്ങനെയൊരു കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങ് അതിനെക്കുറിച്ച് എഴുതിത്തന്നാൽ ഇക്കാര്യം ഗൗരവമായി ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, കുടുംബശ്രീയിൽ 755 താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നാണ് ഒരു ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. ഈ നിയമനത്തെ സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങൾ പത്രവാർത്തകളിൽ വന്നിട്ടുണ്ടായിരുന്നു. കുടുംബശ്രീയിൽ 755 പേരെ അടിയന്തരമായി നിയമിക്കാനുണ്ടായ സാഹചര്യമെന്താണ്; ഏത് മാനദണ്ഡപ്രകാരമാണ് അവരെ നിയമിച്ചത്?

ഡോ. കെ. ടി. ജലീൽ : സർ, കുടുംബശ്രീയിൽ പെർമനന്റ് ജീവനക്കാരില്ല, താൽക്കാലിക ജീവനക്കാരാണുള്ളത്. ഒന്നോ രണ്ടോ വർഷം കഴിയുമ്പോൾ അവർ പിരിഞ്ഞുപോകുകയും പുതിയ ആളുകളെ നിയമിക്കുകയും ചെയ്യുന്നു. താൽക്കാലിക അടിസ്ഥാനത്തിൽ നേരത്തെ ജോലി ചെയ്തിരുന്നവരുടെ കോൺട്രാക്ട് കഴിഞ്ഞപ്പോൾ പിരിഞ്ഞുപോയിട്ടുള്ള വേക്കൻസിയിലാണ് ഇവരെ

നിയമിക്കുന്നത്. അല്ലാതെ പുതിയതായി കുടുംബശ്രീയിൽ വേക്കൻസികളൊന്നും വന്നിട്ടില്ല. നൂതനമായിട്ടുള്ള സംരംഭങ്ങൾ കുടുംബശ്രീയിൽ തുടങ്ങുമ്പോൾ പ്രൊഫഷണലി ക്വാളിഫൈഡായിട്ടുള്ള ആളുകളെ നിയമിക്കേണ്ടതായി വരും. അല്ലാതെ മറ്റൊരാൾക്കും നിയമനം നൽകിയിട്ടില്ല. നിയമനത്തിന്റെ കാര്യത്തിൽ കഴിഞ്ഞ സർക്കാർ സ്വീകരിച്ചിട്ടുള്ള അതേ മാനദണ്ഡമാണ് ഈ സർക്കാരും സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. എം. രാജഗോപാലൻ : സർ, അടുത്തകാലത്തായി വിവിധ മേഖലകളിൽ കുടുംബശ്രീയുടെ ഇടപെടലുകൾ വളരെ ശക്തമാണ്. കലാസാംസ്കാരിക രംഗത്ത് അവരുടെ പ്രവർത്തനങ്ങൾ വളരെ ശ്രദ്ധേയമാണ്. സംസ്ഥാനതലത്തിൽ കുടുംബശ്രീ കലോത്സവങ്ങൾ സംഘടിപ്പിക്കുമ്പോൾ ഒരു വേദിയിൽ മൂന്നുതലമുറയിലുള്ളവർ പരിപാടികൾ അവതരിപ്പിക്കുകയാണ്; ഈ സാംസ്കാരിക പ്രവർത്തനവും കൂട്ടായ്മയും സ്ത്രീശാക്തീകരണത്തിനും ബോധവൽക്കരണത്തിനും സഹായകമാകുന്നു. സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമെല്ലാം കുടുംബശ്രീ കലോത്സവങ്ങളും സാംസ്കാരികോത്സവങ്ങളും സംഘടിപ്പിക്കാനും വളരെ ശ്രദ്ധേയമായ രീതിയിൽ പ്രോത്സാഹനം നൽകുന്നതിനും സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, കുടുംബശ്രീ കലോത്സവങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ നടത്താൻ ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന കുടുംബശ്രീ കലോൽസവം മേയ്മാസം ആദ്യവാരത്തിൽ മലപ്പുറം ജില്ലയിലെ എടപ്പാളിൽവച്ച് നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. സ്ത്രീകൾക്കിടയിലെ സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും കലാവൈഭവങ്ങൾ പ്രകടിപ്പിക്കുന്നതിനുമുള്ള സംരംഭങ്ങളുണ്ടാകണം. ഈ ലക്ഷ്യത്തോടുകൂടിയാണ് ചെറിയ തോതിൽ ഇത് ആരംഭിച്ചത്. സംസ്ഥാനതലത്തിലേക്കും ജില്ലാതലത്തിലേക്കും ഇത് വ്യാപിപ്പിക്കുകയും അതിഗംഭീരമായ സ്കൂൾ യുവജനോത്സവംപോലെ സമാനമായ രീതിയിലേക്ക് കുടുംബശ്രീ കലോത്സവത്തെ കൊണ്ടുവരാനുമാണ് ലക്ഷ്യമിടുന്നത്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കുടുംബശ്രീ വൈസ് ചെയർപേഴ്സൺ, കൺവീനർമാർക്ക് 1,700 രൂപയാണ് ഓണറേറിയം. ഈ തുക 2014 വരെയാണ് നൽകിയിട്ടുള്ളത്. ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കുമാണ് ഈ തുക ലഭിക്കുന്നത്. പഞ്ചായത്തുകളിൽ ഇത് നിലവിലില്ല. ആറുമാസം കൂടുമ്പോൾ ഗ്രാന്റായ 300 രൂപ കൃത്യമായി കിട്ടുന്നില്ല. ഇതിനുവേണ്ടി എന്ത് നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ഡോ. കെ. ടി. ജലീൽ : സർ, ഇക്കാര്യത്തെ സംബന്ധിച്ച് പഠിച്ച് ആവശ്യമായ തീരുമാനമെടുക്കാം.

## നെൽ കർഷകർക്ക് ധനസഹായം

2 (*272) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽ കർഷകർക്ക് റോയൽറ്റി നൽകുന്നതിന് എടുത്ത തീരുമാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എന്ത് തുകയാണ് റോയൽറ്റിയായി നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നത്;

(ബി) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം കേന്ദ്രസർക്കാർ കർഷകർക്ക് നൽകിവന്നിരുന്ന പ്രത്യേക ധനസഹായം നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ നഷ്ടം പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ നൽകിവരുന്ന ധനസഹായം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ;

(സി) നെല്ല് സംഭരണത്തിലെ അപാകതമൂലം നെൽകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) നെല്ല് സംഭരണത്തിനായി ഇതിനകം എത്ര മില്ലുകളുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്; നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) കേരളത്തിന്റെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും വിവിധ ജീവജാലങ്ങളുടെ ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനും ഭൂഗർഭജലത്തിന്റെ തോത് കുറയാതെ നിലനിർത്തുന്നതിനുമുള്ള നെൽവയലുകളുടെ അതീവ പ്രാധാന്യം കണക്കിലെടുത്ത് പ്രകൃതിദത്ത ജലസംഭരണിയായ നെൽവയൽ സംരക്ഷിക്കുന്നത്, പ്രകൃതിയുടെ ആവാസവ്യവസ്ഥ സംരക്ഷണമായി കണ്ട് നിലം ഉടമസ്ഥന് ഹെക്ടർ ഒന്നിന് 2,500 രൂപ നിരക്കിൽ റോയൽറ്റി നൽകുക എന്നതാണ് ഈ സർക്കാരിന്റെ നയപരമായ തീരുമാനം. ഇതനുസരിച്ച് സംസ്ഥാന ആസൂത്രണ ബോർഡിന് വകുപ്പ് പ്രൊപ്പോസൽ നൽകിയിരുന്നു. എന്നാൽ റോയൽറ്റി നൽകേണ്ട ആവശ്യകതയെ സംബന്ധിച്ച് ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം റോയൽറ്റി എന്ന ആശയം ഈ വർഷം തൽക്കാലം മാറ്റിവച്ചിരിക്കുകയാണ്. റോയൽറ്റി നല്കുന്നതിന് ഫണ്ട് അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റി ശിപാർശ നൽകിയിട്ടുണ്ട്.

(ബി) നിലം ഉഴുന്നതിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി ഹെക്ടർ ഒന്നിന് 4,500 രൂപ നിരക്കിൽ നൽകിവന്നിരുന്ന ആനുകൂല്യം കേന്ദ്രസർക്കാർ ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ട്. 2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ സംസ്ഥാന സർക്കാർ സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറിനു 5,500 രൂപ എന്ന നിരക്കിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി 60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 58.8 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതിയിലെ മാനദണ്ഡപ്രകാരം സംഭരിക്കുന്ന നെല്ല് നല്ല വ്യാപാര മൂല്യമുള്ളതും പാകമായി ഉണങ്ങിയതും ശുദ്ധമായതും പൂർണ്ണമായി പോഷകഗുണമുള്ളതും ധാന്യങ്ങളുടെ വലിപ്പം, നിറം എന്നിവയിൽ സമാനതയുള്ളതും ദുർഗന്ധം, കീടബാധ, പൂപ്പൽ എന്നിവയിൽനിന്ന് വിമുക്തമായിട്ടുള്ളതുമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നെല്ല് ഏറ്റെടുക്കുന്നതിൽ കാലതാമസവും പരാതികളും ഉണ്ടാവുന്നത് നെല്ലിന്റെ ഗുണമേന്മയിൽ വ്യതിയാനം സംഭവിക്കുമ്പോൾ മാത്രമാണ്. കൊയ്തുകഴിഞ്ഞ നെല്ല് കർഷകർ ഉചിതമായി കൈകാര്യം ചെയ്തു ക്രമമായി ഉണക്കി പതിര് കളഞ്ഞ് നിശ്ചിത ഗുണമേന്മയോടെ കൈമാറുന്നപക്ഷം നെല്ല് സംഭരണപദ്ധതി വളരെ സുഗമമായി നടപ്പിലാക്കുവാൻ സാധിക്കും. നെല്ലിന്റെ ഈർപ്പത്തിന്റെ അളവ് പരിശോധിക്കുന്നതിന് മോയിസ്ചർ മീറ്റർ ഉപയോഗിക്കാമെന്നും പതിരുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കുന്നതിന് പാടശേഖരങ്ങളിൽനിന്ന് നിശ്ചിത അളവ് നെല്ല് സാമ്പിളായി ശേഖരിച്ച് പാറ്റി പതിരിന്റെ അളവ് കണക്കാക്കി അനുവദനീയമായ അളവ് കിഴിച്ച് ബാക്കിയുള്ള അളവിന് ആനുപാതികമായി കർഷകർ നെല്ല് നൽകേണ്ടതാണെന്നും മണ്ണിന്റെ ലവണാംശംമൂലം ഉണ്ടാകുന്ന കറുത്ത നെല്ലിൽനിന്ന് ഉല്പാദിപ്പിക്കുന്ന അരിയുടെ അളവിൽ അനുവദനീയമായ 2.5% അളവ് നിലനിർത്തി ബാക്കിയുള്ളവയ്ക്കും ആനുപാതികമായ അളവിൽ നെല്ല് കർഷകർ നൽകേണ്ടതാണ്.

(ഡി) 2017-18 സീസണിൽ നെല്ല് സംഭരണത്തിനായി നാളിതുവരെയും 50 മില്ലുകാരുമായി സപ്ലൈകോ കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. കഴിഞ്ഞ സീസണിൽനിന്നും 80 പൈസ കിലോഗ്രാമിന് വർദ്ധിപ്പിച്ച് നിലവിൽ കിലോഗ്രാമിന് 23.30 രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നത്.

ശ്രീ. ഷാഫി പറമ്പിലിനുവേണ്ടി ശ്രീ. വി. ടി. ബൽറാം: സർ, നെൽവയൽ സംരക്ഷിക്കുന്നതിനുള്ള പ്രോത്സാഹനമായി കർഷകർക്ക് നൽകുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന റോയൽറ്റി ഈ വർഷം നൽകില്ലെന്നുള്ള പ്രഖ്യാപനം

അങ്ങേയറ്റം നിരാശാജനകമാണ്. നെൽവയൽ സംരക്ഷണത്തെക്കുറിച്ച് താത്വികമായി പറയുന്നത് നല്ല കാര്യമാണ്. എന്റെ നിയോജകമണ്ഡലമായ തൃത്താല പഞ്ചായത്തിൽ കോടനാട് പ്രദേശത്ത് ഒരു പി.ഡബ്ല്യു.ഡി. കോൺട്രാക്ടർ ബിസിനസ് ആവശ്യത്തിനുവേണ്ടി എല്ലാ നിയമങ്ങളും ലംഘിച്ചുകൊണ്ട് ഏക്കർ കണക്കിന് നെൽവയൽ നികത്തുകയാണ്. അദ്ദേഹം ടാർ മിക്സിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ഒരനുമതിയുമില്ലാതെ ഒന്നര ഏക്കർ ഭൂമി നികത്തിയിരിക്കുകയാണ്. ഒരു സ്ഥലത്ത് പല സർവ്വേ നമ്പറിലാണ് ഭൂമി കിടക്കുന്നത്. ഒരു സ്ഥലത്ത് പരാതി വരുമ്പോൾ വില്ലേജ് ഓഫീസർ സ്റ്റോപ്പ് മെമ്മോ കൊടുക്കും. അതിനെ അയാൾ ചലഞ്ച് ചെയ്യുകയും അടുത്ത സ്ഥലത്ത് വീണ്ടും നികത്തുകയും ചെയ്യും. അതിനെക്കുറിച്ച് പരാതി വരുമ്പോൾ അടുത്ത സ്ഥലം നികത്തും. ഇങ്ങനെ വ്യാപകമായി ഭൂമി നികത്തി അങ്ങേയറ്റം പൊല്യൂഷൻ ഉണ്ടാക്കുന്ന ഈ ടാർ മിക്സിംഗ് യൂണിറ്റ് അനുമതിയില്ലാതെ പ്രവർത്തിപ്പിക്കുന്നതുമൂലം പൊതുജനങ്ങൾക്കിടയിൽ വലിയ പരാതിയുണ്ട്. നെൽവയൽ നിയമത്തിന്റെ ലംഘനവുമുണ്ട്. ഇക്കാര്യത്തിൽ ക്രിമിനൽ കേസ് എടുക്കുന്നതടക്കമുള്ള വകുപ്പ് ഭേദഗതി നിയമത്തിലുണ്ട്. അത്തരത്തിലുള്ള ഒരു കാര്യവും പോലീസ് അധികാരികൾ ചെയ്യുന്നില്ല, റവന്യൂ അധികാരികൾ ചെയ്യുന്നില്ല. ഇക്കാര്യത്തിൽ കൃഷി വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങെങ്കിലും ശക്തമായ ഇടപെടൽ നടത്തുമോ? ഇത് സംബന്ധിച്ച് ഇന്നലെയും ഒരു നിവേദനം ഞാൻ തന്നിരുന്നു.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, കേരളത്തിൽ നെൽവയൽ തണ്ണീർത്തട നിയമം ശക്തമായി നിലകൊള്ളുകയും അതിനുള്ള നിയമഭേദഗതി കൊണ്ടുവന്നതിനുശേഷം നെൽവയൽ നികത്തുന്നത് മൂന്നുവർഷംവരെ ശിക്ഷ ലഭിക്കുന്ന ജാമ്യമില്ലാത്ത ക്രിമിനൽ കുറ്റമായി ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. അങ്ങ് തന്ന നിവേദനത്തിൽ സൂചിപ്പിച്ച കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്; നേരിട്ടുപോയി ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പല സ്ഥലങ്ങളിലും നെൽവയൽ നികത്തുന്നതിനുള്ള പ്രവണത വളർന്നുവരുന്നത് നിയമം കൊണ്ടുമാത്രം നേരിടാൻ കഴിയുന്ന കാര്യമല്ല. ജനകീയമായ ഇടപെടൽ ആവശ്യമാണ്. ജനപ്രതിനിധികൾതന്നെ ശക്തമായി ഈ കാര്യത്തിൽ ഇടപെട്ടെങ്കിൽ മാത്രമേ ഇത്തരത്തിലുള്ള നിയമലംഘനങ്ങൾ നിർത്തലാക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. വി. ടി. ബൽറാം: സർ, രണ്ടാംവിള നെല്ല് സംഭരണത്തിന് മില്ലുകളുമായി കരാറിലെത്താൻ വൈകുന്നതുകാരണം കർഷകർക്ക് ഓപ്പൺ മാർക്കറ്റിൽ കുറഞ്ഞ

വിലയ്ക്ക് നെല്ല് വിൽക്കേണ്ടതായി വരുന്നുണ്ട്. പാലക്കാട് ജില്ലയിൽ ഒന്നാംവിള നെല്ല് സംഭരിച്ച വകയിൽത്തന്നെ കോട്ടയം ആസ്ഥാനമായുള്ള ഓയിൽ ഫാം എന്ന സ്ഥാപനം കർഷകർക്ക് ഇതുവരെ പൂർണ്ണമായ തുക നൽകിയിട്ടില്ല. അക്കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടാകണം. കഴിഞ്ഞ വർഷം 22.50 രൂപയായിരുന്ന സംഭരണ വില 80 പൈസ വർദ്ധിപ്പിച്ച് 23 രൂപ 30 പൈസയാക്കിയെന്ന് അങ്ങയുടെ മറുപടിയിൽ പറഞ്ഞു. ഇത് കേന്ദ്ര സർക്കാർ നൽകുന്ന ഹാൻഡ്‌ലിംഗ് ചാർജ്ജാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേന്ദ്ര സർക്കാർ തുക വർദ്ധിപ്പിക്കുമ്പോൾ ആനുപാതികമായി സംസ്ഥാന സർക്കാരിന്റെ കോൺട്രിബ്യൂഷനും വർദ്ധിപ്പിക്കുന്ന അനുഭവമാണ് നാളിതുവരെ ഉണ്ടായിട്ടുള്ളത്. കേന്ദ്ര സർക്കാർ 80 പൈസ വർദ്ധിപ്പിച്ച സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ കോൺട്രിബ്യൂഷൻകൂടി വർദ്ധിപ്പിച്ച് മിനിമം 25 രൂപയെങ്കിലും കർഷകർക്ക് ലഭിക്കുന്ന അവസ്ഥ സൃഷ്ടിക്കുമോ; അതിനായി സംസ്ഥാന സർക്കാരിന്റെ ഇടപെടലുണ്ടാകുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കേന്ദ്ര ഗവൺമെന്റാണ് മിനിമം സപ്പോർട്ട് പ്രൈസ് നിശ്ചയിക്കുന്നത്. കഴിഞ്ഞ മാസത്തെ മീറ്റിംഗിൽ വച്ച് എ 2 ഫാമിലി ലേബർ പേ മാനദണ്ഡമനുസരിച്ച് ഇപ്പോൾ നൽകിവരുന്ന 15 രൂപ 50 പൈസ എന്നത് 17 രൂപ 57 പൈസയായി വർദ്ധിപ്പിക്കണമെന്നും അതിന്റെ 50 ശതമാനം ഇൻക്രീസുമുൾപ്പെടെ 26 രൂപ 37 പൈസയായി വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രൊഡക്ഷൻ കോസ്റ്റിന്റെ ഒന്നരയിരട്ടി എന്ന നിലയിലുള്ള പ്രഖ്യാപനം ഗവൺമെന്റ് നടത്തിയിട്ടുണ്ടെങ്കിലും ഓരോ സ്റ്റേറ്റുകളുടെ അടിസ്ഥാനത്തിലുള്ള സ്പെസിഫിക്കേഷൻ ഉണ്ടാകണമെന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നിലയിൽ 17 രൂപ 57 പൈസ/കിലോ കോസ്റ്റും അതിന്റെ 50 ശതമാനം ഇൻക്രീസുമുൾപ്പെടെ 26 രൂപ 37 പൈസയായി 15.50 രൂപ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് അതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും സമർപ്പിച്ചിരിക്കുന്നത്. മാർച്ച് മാസം 31-ാം തീയതിക്കുമുമ്പായി കേന്ദ്ര ഗവൺമെന്റ് അവരുടെ തീരുമാനം അറിയിച്ചതിനുശേഷം മാത്രമേ സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, നെൽവയൽ സംരക്ഷിക്കണമെന്നുള്ളത് എല്ലാവരും ഒരുമിച്ച് പറയുന്ന കാര്യമാണ്. പരിസ്ഥിതി സംരക്ഷണം, ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, ഭൂഗർഭ ജലം കുറയുന്ന തുടങ്ങിയ കാര്യങ്ങളൊക്കെ അങ്ങ് സൂചിപ്പിച്ചിരുന്നു. പക്ഷേ കർഷകനെ

സംബന്ധിച്ചിടത്തോളം നെൽവയൽ എന്നുപറയുന്നത് ഒരു പ്രയാസമായി നിലനിൽക്കുകയാണ്. ഉല്പാദന ബോണസ് ഹെക്ടറിന് 1000 രൂപയാണെന്ന് അങ്ങേയ്ക്ക് അറിയാവുന്നതാണ്. ഇവിടെ റോയൽറ്റിയുമായി ബന്ധപ്പെട്ട കാര്യം അങ്ങ് സൂചിപ്പിക്കുകയും അത് കൊടുക്കാൻ കഴിയില്ലെന്ന് പറയുകയും ചെയ്തു. ഉല്പാദന ബോണസ് വർദ്ധിപ്പിക്കണമെന്ന് വളരെ വർഷങ്ങളായി കർഷകർ ആവശ്യപ്പെടുകയാണ്. ഉല്പാദന ബോണസ് വർദ്ധിപ്പിച്ച് നെൽവയൽ സംരക്ഷിക്കാനുള്ള പ്രചോദനം കർഷകർക്ക് നൽകണം. കർഷകന് വരുമാന സ്രോതസ്സായി നെൽവയൽ മാറ്റിയെടുക്കുന്നതിനുള്ള പിന്തുണ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, ഉല്പാദന ബോണസ് വർദ്ധിപ്പിച്ചിട്ടില്ലെന്നത് ശരിതന്നെയാണ്. പക്ഷേ അതിന്റെ ഭാഗമായാണ് സംസ്ഥാന ഗവൺമെന്റ് റോയൽറ്റി എന്ന നയപരമായ തീരുമാനമെടുത്തത്. സാമ്പത്തിക പ്രശ്നങ്ങളാൽ താല്ക്കാലികമായി ഇത് മാറ്റിവച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽത്തന്നെ താല്ക്കാലികമായി മാറ്റിവയ്ക്കുന്നു എന്ന് സൂചിപ്പിക്കുകയുണ്ടായി. അതിന്റെ അർത്ഥം റോയൽറ്റി കൊടുക്കുക എന്നത് തത്വത്തിൽ ഗവൺമെന്റ് അംഗീകരിച്ചുകഴിഞ്ഞു. അടുത്ത വർഷമെങ്കിലും റോയൽറ്റി നൽകാൻ കഴിയുമെന്നാണ് കൃഷി വകുപ്പ് പ്രതീക്ഷിക്കുന്നത്. റോയൽറ്റിയും ഉല്പാദന ബോണസും മാത്രമല്ല കൃഷിക്കാർക്ക് നൽകുന്നത്. ആർ.കെ.വി.വൈ.-യിൽ റദ്ദാക്കിയിട്ടുള്ള തുകയുൾപ്പെടെ 5,500 രൂപ ഇപ്പോൾ ഗവൺമെന്റ് കൊടുക്കുന്നുണ്ട്. കൂടാതെ പഞ്ചായത്തുകൾവഴി ഉഴവുകൂലിയായി 30,000 രൂപയും സൗജന്യമായി വിത്തുകളും നൽകുന്നുണ്ട്. കൃത്യമായ നിലയിൽ ഗവൺമെന്റ് നൽകുന്ന സപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലെ നെൽവയലുകൾ നിലനിന്നുപോകുന്നത്. നെൽകൃഷി എല്ലായിടത്തും നഷ്ടമാണെന്ന് പറയാൻ കഴിയില്ല. ഉല്പാദനക്ഷമത കുറയുന്ന സ്ഥലങ്ങളിൽ മാത്രമാണ് നെൽകൃഷി നഷ്ടമാകുന്നത്. ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ കഴിഞ്ഞ സ്ഥലങ്ങളിലെല്ലാം നെൽകൃഷി പൂർണ്ണമായും നഷ്ടമാണെന്ന് പറയാൻ കഴിയില്ല. എന്നാൽ ഉല്പാദനക്ഷമത കുറയുന്ന സ്ഥലങ്ങളെ കോൺസൻട്രേറ്റ് ചെയ്തുകൊണ്ട് ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുതകുന്ന രീതിയിലുള്ള നടപടികളാണ് ഗവൺമെന്റ് ഇപ്പോൾ നടപ്പാക്കിവരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ നെൽകൃഷിക്കുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് നൽകിയിരുന്ന തുകയുടെ ഇരട്ടി തുകയാണ് ഇപ്രാവശ്യം ഈ ഗവൺമെന്റ് മാറ്റിവച്ചിരിക്കുന്നത്.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, നെൽകൃഷിക്കാരെ നമ്മൾ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയാണ്.അതിന്റെ ഭാഗമായി തരിശായിക്കിടക്കുന്ന

സ്ഥലങ്ങളിൽപ്പോലും ഇപ്പോൾ നെൽകൃഷി ചെയ്യുകയാണ്. നെൽകർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം തൊഴിലാളികളെ സമയത്ത് ലഭിക്കുന്നില്ല എന്നതാണ്. അങ്ങുപോലും കഴിഞ്ഞ ദിവസം കൊയ്ത്തിനുപോയി കറ്റയുമായി നിൽക്കുന്ന ചിത്രം പത്രത്തിൽ കണ്ടിരുന്നു. അങ്ങ് ഫോട്ടോഗ്രാഫർ പോകുമ്പോൾ അവിടെനിന്ന് പോകും, പിന്നെ കൊയ്യാൻ ആളില്ലാതെ വരുന്നു. കർഷക തൊഴിലാളികളെ സമയത്ത് ലഭിക്കുന്നതിനായി എല്ലാ പഞ്ചായത്തുകളിലും ലേബർ ബാങ്ക് പോലുള്ള സംവിധാനം ഒരുക്കുമെന്ന് എൽ.ഡി.എഫ്. പ്രകടന പത്രികയിൽ പറഞ്ഞിരുന്നു. അത് നടപ്പിലാക്കിയോ; ഏതെല്ലാം പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, നമ്മൾ കൊയ്യാൻ പോകുമ്പോൾ സാധാരണ എല്ലാ എം.എൽ.എ.-മാരും ഫോട്ടോഗ്രാഫർ പോകുമ്പോൾ തിരികെപ്പോവുകയാണ് ചെയ്യുന്നത്. ഞാൻ മാത്രമല്ല, എന്റെ കൂടെയുള്ള എല്ലാവരും ഇങ്ങനെ തന്നെയാണ് ചെയ്യുന്നത്. കൊയ്യാൻ പോകുന്നത് നല്ല കാര്യമായി കണ്ടാൽ മതി. അങ്ങയെപ്പോലുള്ള പല യു.ഡി.എഫ്. എം.എൽ.എ.-മാരും ഞാൻ പോകുന്ന സ്ഥലങ്ങളിൽ വളരെ ആത്മാർത്ഥമായി സഹകരിക്കുന്നുണ്ട്, അങ്ങും സഹകരിക്കുന്നുണ്ട്. കേരളത്തിൽ ഇപ്പോൾ കൊയ്യാൻ ആളെ കിട്ടാത്ത പ്രശ്നമില്ല. കേരളത്തിലെ എല്ലാ നെൽവയലുകളും യന്ത്രങ്ങളുപയോഗിച്ച് കൊയ്യാനാവശ്യമായ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. കൊയ്ത്തുമായി ബന്ധപ്പെട്ട പ്രശ്നമല്ല ഇപ്പോഴുള്ളത്. പല മേഖലകളിലും തൊഴിലാളികളെ കിട്ടാത്ത പ്രശ്നവും തൊഴിലാളികൾക്ക് അമിതമായി കൂലി കൊടുക്കേണ്ടിവരുന്ന സാഹചര്യവുമുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് കാർഷിക കർമ്മസേനകൾ രൂപീകരിക്കാൻ തീരുമാനിക്കുകയും നൂറുകണക്കിന് കാർഷിക കർമ്മസേനകൾ ഓരോ പ്രദേശങ്ങളിലും രൂപീകരിച്ചുകൊണ്ടിരിക്കുകയുമാണ്. കാർഷിക കർമ്മസേന എന്ന സങ്കല്പംതന്നെ കേരളത്തിൽ ആദ്യമായി കൊണ്ടുവന്നത് ഡോ. ജയകുമാർ എന്ന ശാസ്ത്രജ്ഞനാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കാർഷിക കർമ്മ സേനകളുടെ ഏകോപനത്തിനുവേണ്ടിയുള്ള സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തിക്കഴിഞ്ഞു. കാർഷിക കർമ്മസേനകൾ എല്ലാ ബ്ലോക്കുകളിലും പഞ്ചായത്തുകളിലും രൂപീകരിക്കപ്പെട്ടുകഴിഞ്ഞാൽ, യന്ത്രവൽകൃതമായി കൃഷി നടത്താനും കർഷകർക്കാവശ്യമായ വിദഗ്ദ്ധ തൊഴിലാളികളെ ഏറ്റവും കുറഞ്ഞ നിരക്കിൽ സപ്ലൈ ചെയ്യാനും കഴിയുന്ന സംവിധാനമാണ് ടി കർമ്മസേനകളുടെ ഏകോപനത്തിലൂടെ കൊണ്ടുവരാനുദ്ദേശിക്കുന്നത്. അത് പൂർണ്ണമായ തോതിൽ നടപ്പാക്കിക്കഴിഞ്ഞാൽ അങ്ങ് പരാതിപ്പെട്ട കാര്യത്തിന് പരിഹാരമുണ്ടാകുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, നെല്ല് സംഭരണം എന്ന നൂതനമായ ആശയം കൊണ്ടുവന്നത് എന്റെ സ്നേഹിതൻ ശ്രീ. അടൂർ പ്രകാശ് മന്ത്രിയായിരുന്നപ്പോഴാണ്. 2005 ജൂൺ 4-നാണ് ആദ്യമായി കേരളത്തിലെ കുട്ടനാട്ടിൽ നെല്ല് സംഭരിക്കുന്ന സംവിധാനമുണ്ടായത്. പിന്നീട് മാറിമാറി വന്ന ഗവൺമെന്റുകൾ ആ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോയിട്ടുണ്ട്. ഇന്നത്തെ പ്രശ്നം, ജൂൺ മാസം ആരംഭിക്കുന്ന വിരിപ്പുകൃഷിയിലും മാർച്ചിനുശേഷമുള്ള മുണ്ടകൻ കൃഷിയിലും നെല്ല് സംഭരിക്കുന്നതിനുള്ള കരാർ മില്ലുകാരുമായി ഏർപ്പെടുത്തുന്നതിന് കാലതാമസം വരുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് കർഷകരെ വളരെയേറെ ദോഷകരമായി ബാധിക്കുന്നു എന്നതാണ്. ഈർപ്പവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, നെല്ലിന്റെ വലിപ്പം, നിറം, ദുർഗന്ധം, കീടബാധ തുടങ്ങിയുള്ള പല നിബന്ധനകൾവച്ച് നെൽക്കൃഷിക്കാർ പറയുന്ന വില കൊടുക്കാതിരിക്കാൻ ഇടനിലക്കാരായി ഏജൻസികൾ പ്രവർത്തിക്കുന്ന സാഹചര്യമുണ്ട്. അതോടൊപ്പം കയറ്റിറക്കുകൂലി മില്ലുകാർ കൊടുക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ ഒരു ചാക്കിന് 10 രൂപ മുതൽ 25 രൂപ വരെ 50 കിലോയുടെ ചാക്കിന് കൃഷിക്കാർതന്നെ കൊടുക്കേണ്ട സാഹചര്യമുണ്ട്. ഇത്തരം കാര്യങ്ങൾ പരിശോധിച്ച് കൃഷിക്കാർക്ക് കുറെക്കൂടി സഹായകരമായ നിലപാട് സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തീർച്ചയായും കർഷകർക്ക് അനുകൂലമായ നിലപാട് തന്നെയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. 50 മില്ലുകാരുമായി നേരത്തെതന്നെ കരാർ ഒപ്പുവച്ചിരുന്നു. മില്ലുകാർ കരാറിൽ ഒപ്പിടാൻ കാലതാമസം നേരിട്ടത് കഴിഞ്ഞ വർഷമാണ്. എന്നാൽ ഈ വർഷം നേരത്തെതന്നെ മില്ലുകാരുമായി സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് കരാറിൽ ഒപ്പുവയ്ക്കുകയുണ്ടായി. മാത്രമല്ല, നെല്ലിന്റെ വില നൽകുന്നതുമായി ബന്ധപ്പെട്ട് 15 ബാങ്കുകളുമായി ബാങ്കുകളുടെ കൺസോർഷ്യമുണ്ടാക്കിയിട്ടുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എലിജിബിലിറ്റി സർട്ടിഫിക്കറ്റ് കൊടുത്തുകഴിഞ്ഞാൽ ഉടൻതന്നെ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് പണം നൽകാനുതകുന്ന രീതിയിലുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. നെല്ലിന്റെ ഗുണനിലവാരം സംബന്ധിച്ച പുതിയ ഉത്തരവൊന്നും സംസ്ഥാന ഗവൺമെന്റ് ഇറക്കിയിട്ടില്ല. നിലവിലുണ്ടായിരുന്ന ഉത്തരവുപ്രകാരം തന്നെയാണ് നെല്ലിന്റെ ഗുണനിലവാര പരിശോധന നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ കഴിഞ്ഞ വർഷം മുതൽ പല സ്ഥലങ്ങളിലും മില്ലുകാർ നെല്ലിന്റെ ക്വാളിറ്റി കുറവാണെന്നുപറഞ്ഞ് നെൽക്കൃഷിക്കാർ പറയുന്ന വില കൊടുക്കാതെ പല രീതിയിലുള്ള അവകാശവാദമുന്നയിക്കുകയാണ്. ഇടനിലക്കാരായ ആളുകൾ ഇടപെട്ട് നെല്ലിന്റെ

ളുക്കം കുറച്ചുകൊടുക്കാൻവേണ്ടിയുള്ള സമ്മർദ്ദവും ചെലുത്തുന്നുണ്ട്. അങ്ങനെയുള്ള പല പ്രവണതകളും മില്ലുടമസ്ഥർ ചെയ്യുന്നുണ്ട്. കാരണം സ്വകാര്യ മില്ലുടമസ്ഥരുടെ കീഴിൽമാത്രമാണ് മില്ലുകൾ പൂർണ്ണമായും നിലനിൽക്കുന്നത്. സർക്കാർ മേഖലയിൽ മില്ലുകൾ വളരെ പരിമിതമാണ്. ആ സമ്മർദ്ദത്തിന്റെ അടിസ്ഥാനത്തിൽ നെല്ലുല്പാദിക്കുന്ന പീക്ക് ടൈമിൽ ഇതുപോലുള്ള പല സമ്മർദ്ദങ്ങളും നടത്തി കർഷകരെ ബുദ്ധിമുട്ടിപ്പിക്കുന്ന സമീപനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് വകുപ്പും കൃഷി വകുപ്പും ചേർന്നുകൊണ്ട് മില്ലുടമസ്ഥൻമാരുടെ യോഗം വിളിച്ചുകൂട്ടി കാര്യങ്ങൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം സന്ദർഭങ്ങളിൽ ഇടപെടാൻവേണ്ടി പ്രാദേശിക തലത്തിൽ പഞ്ചായത്ത് പ്രസിഡന്റുമാർ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മില്ലുടമസ്ഥൻമാർ തർക്കങ്ങളുന്നയിക്കുമ്പോൾ ഈ കമ്മിറ്റി പരിശോധിച്ച് വ്യക്തമായ നിർദ്ദേശത്തോടുകൂടി ഓരോ പ്രദേശങ്ങളിലെയും തർക്കങ്ങൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, കേരള സർക്കാർ പ്രത്യേക കാർഷിക സോണുകൾ പ്രഖ്യാപിച്ചതിൽ നെൽകൃഷിയുടെ സോണായി പ്രഖ്യാപിച്ച കേന്ദ്രങ്ങളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വർദ്ധിച്ചുവരുന്ന ഉഴവുകൂലി, ട്രാക്ടർ വാടക എന്നീ ഇനങ്ങളിൽ കർഷകർക്ക് ആശ്വാസ നടപടിയുണ്ടാകുമോ; യൂറിയയുടേയും പൊട്ടാഷിന്റെയും ക്ഷാമം പരിഹരിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, നെൽകൃഷിയുമായി ബന്ധപ്പെട്ട കുട്ടനാട്, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ പൊക്കാളി, പാലക്കാട് ജില്ലയിലെ കൃഷിയിടങ്ങൾ, കയ്പ്പാട് തുടങ്ങിയ മേഖലകളാണ് പ്രത്യേക സോണുകളായി പ്രഖ്യാപിച്ചിരിക്കുന്നത്. ആ സോണിന്റെ പ്രത്യേകത അനുസരിച്ച് അവിടെ സമഗ്രമായ നെൽകൃഷി വികസനം, വിത്ത് മുതൽ വിപണി വരെയുള്ള കാര്യങ്ങളിലും വളം ഉൾപ്പെടെയുള്ള കാര്യങ്ങളിലും ഇടപെടുക, നിലവിലുള്ള ഉല്പാദനക്ഷമതയിൽ ഗണ്യമായ വർദ്ധനവുണ്ടാക്കുക, ആ പ്രദേശത്ത് ശാസ്ത്രീയമായ രീതി അവലംബിക്കുക തുടങ്ങിയ കാര്യങ്ങളുണ്ട്. അതിന്റെ ഭാഗമായി കുട്ടനാട് മേഖലയിൽ 42000 ഹെക്ടർ പ്രദേശത്ത് സ്പെഷ്യൽ അഗ്രികൾച്ചറൽ സോണിന്റെ ഭാഗമായി ഗുഡ് അഗ്രികൾച്ചറൽ പ്രാക്ടീസ് നടത്തുന്ന നടപടി ഇപ്പോൾ സ്വീകരിച്ചുവരികയാണ്. കുട്ടനാടൻ മേഖലയിലെ കാർഷിക മേഖലയിൽ വരുത്തേണ്ട പുനഃസംഘടന അടക്കമുള്ള കാര്യങ്ങൾ വച്ചുകൊണ്ടാണ് പുതിയ

പദ്ധതി ഈ വർഷം ആരംഭം കുറിച്ചിരിക്കുന്നത്. എല്ലാ മേഖലയിലും സ്പെഷ്യൽ അഗ്രികൾച്ചറൽ സോൺ എന്ന നിലയിൽ ഓരോ ക്രോപ്പിനെ അടിസ്ഥാനപ്പെടുത്തി, നെല്ലിന്റെ സോണിലും വിത്ത് മുതൽ വിപണി വരെയുള്ള കാര്യങ്ങളിലും സൂക്ഷ്മതലത്തിലുള്ള ഇടപെടലാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. വിശദമായ കാര്യങ്ങൾ ഇവിടെ പറയാൻ സമയമില്ലാത്തതുകൊണ്ട് ഇതുസംബന്ധിച്ചുള്ള വിശദാംശം ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് നൽകുന്നതായിരിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കുട്ടനാട്, അപ്പർ കുട്ടനാട്, കോൾ മേഖല, പാലക്കാട് മേഖല എന്നിവിടങ്ങളിൽ നെല്ല് വൃത്തിയാക്കി ചാക്കുകളിലാക്കി ലോറികളിൽ എത്തിച്ചാൽ കേന്ദ്ര ഗവൺമെന്റ് 80 പൈസ അനുവദിച്ചിട്ടുണ്ട്. എന്നാൽ കർഷകർക്ക് കിട്ടുന്നത് 12 പൈസയാണ്. കോൾ കർഷകരുടെ സംഘടന ഇതുമായി ബന്ധപ്പെട്ട നിവേദനങ്ങൾ അങ്ങേയ്ക്കും സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിക്കും കൊടുത്തിട്ടുണ്ട്. അതിനൊരു പരിഹാരമാകാതെ ഇപ്പോഴും പ്രശ്നമായിത്തന്നെ നിലനിൽക്കുകയാണ്. എന്റെ നിയോജകമണ്ഡലം സമ്പൂർണ്ണമായി തരിശുരഹിത മണ്ഡലമായി പ്രഖ്യാപിക്കാനുള്ള 'ഹരിതം ഹരിപ്പാട്' പദ്ധതി നടപ്പിലാക്കി വരികയാണ്. അങ്ങ് അതിന് സഹായിക്കുന്നുമുണ്ട്. 75 ശതമാനം തരിശുഭൂമി പൂർണ്ണമായും നെൽകൃഷി ചെയ്തിട്ടുണ്ട്. 'ഹരിതം ഹരിപ്പാട്' പദ്ധതിക്കാവശ്യമായ സാമ്പത്തിക സഹായം അനുവദിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ആ പദ്ധതി വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, 'ഹരിതം ഹരിപ്പാട്' പദ്ധതിയുടെ കാര്യത്തിൽ അങ്ങേയ്ക്ക് അറിയാവുന്നതുപോലെ ഒരു പ്രത്യേക ഓഫീസറെ നിയമിക്കുകയും അതിനുള്ള ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും 100 ഹെക്ടർ സ്ഥലംകൂടി കൃഷി ചെയ്താൽ ഹരിപ്പാട് മണ്ഡലം പൂർണ്ണമായും തരിശ് രഹിത മണ്ഡലമായി മാറാൻ പോവുകയാണ്. അങ്ങ് സൂചിപ്പിച്ചതുപോലെ, ഹാൻഡ്ലിംഗ് ചാർജിന്റെ കാര്യത്തിലാണ് 12 പൈസയിൽ വർദ്ധനവ് ഉണ്ടാകാത്തത്. കൃഷിക്കാർക്ക് നൽകുന്ന ഹാൻഡ്ലിംഗ് ചാർജ് വർദ്ധിപ്പിക്കുന്ന കാര്യം സപ്ലൈകോ പരിഗണിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് ഇന്നലെ ഒരു സബ്മിഷന് മറുപടിയായി സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി പറഞ്ഞത്. അത് വർദ്ധിപ്പിക്കണമെന്നാണ് ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുന്നത്. ഹാൻഡ്ലിംഗ് ചാർജ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ആ തീരുമാനം വന്നാൽ ഇപ്പോൾ കിട്ടുന്ന 12 പൈസയ്ക്ക് വർദ്ധനവുണ്ടാകും.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, അപ്പർ കുട്ടനാട് മേഖലയിൽ എല്ലാ കൊയ്ത്ത് സമയത്തും നിരന്തരമായി കൃഷിക്കാരും മില്ലുകാരും തമ്മിൽ തർക്കമാണ്. ബഹുമാനപ്പെട്ട മന്ത്രിക്കും അക്കാര്യം അറിയാവുന്നതാണ്. മില്ലുകാർ കൃഷിക്കാരുടെ ഇച്ഛയ്ക്കനുസരിച്ചുള്ള വില കൊടുത്ത് നെല്ല് എടുക്കുന്നില്ല, മില്ലുകാർ കുറവ് വരുത്തുന്നുവെന്ന് പറയുന്നു, കൃഷിക്കാർ ആ വിലയ്ക്ക് കൊടുക്കാൻ തയ്യാറല്ല, ഇങ്ങനെ നിരന്തരമായ സംഘർഷങ്ങളാണ് നടക്കുന്നത്. ഈ കൊയ്ത്തുകാലത്ത് പല സ്ഥലങ്ങളിലും പാടത്ത് നെല്ല് കെട്ടിക്കിടക്കുകയാണ്. കോട്ടയം ഭാഗത്തുനിന്നുള്ള എം.എൽ.എ.-മാർക്കെല്ലാം ഇക്കാര്യം അറിയാവുന്നതാണ്. ഇത് പരിഹരിക്കുന്നതിന് കൃത്യമായ ഒരു ഇടപെടൽ ഉണ്ടാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അപ്പർ കുട്ടനാടൻ മേഖലയിൽ കഴിഞ്ഞ കുറച്ച് കാലങ്ങളായി നിലനിൽക്കുന്ന പ്രശ്നമാണിത്. ഓരുജലം കയറുന്ന സ്ഥലമായതുകൊണ്ട് വെള്ളത്തിൽ ഉപ്പ് കലർന്ന് നെല്ലിന്റെ ക്വാളിറ്റി കുറയുന്നുവെന്നുള്ള പരാതി നേരത്തെയുള്ളതാണ്. അവിടെ ലൈം സപ്ലൈ ചെയ്യുന്നത് താമസിച്ചായതുകൊണ്ട് കൃഷിക്കാർക്ക് ലൈം അപ്ലൈ ചെയ്യാൻ സാധിക്കാത്തതിനാൽ നെല്ലിന്റെ ക്വാളിറ്റി കുറയാറുണ്ട്. അതിന് പരിഹാരമായി കഴിഞ്ഞ വർഷം മുതൽ ലൈം നേരത്തെ സപ്ലൈ ചെയ്യുന്നുണ്ട്. നെല്ലിന്റെ ഗുണനിലവാരം വർദ്ധിക്കുന്നുണ്ടെങ്കിലും മില്ലുടമസ്ഥർ നിരന്തരമായി വലിയ അവകാശവാദം ഉന്നയിക്കുകയാണ്. ഇത് കോട്ടയം ജില്ലയിൽ മാത്രമല്ല, മറ്റ് ചില മേഖലകളിലെയും പ്രവണതയായി വന്നുകൊണ്ടിരിക്കുകയാണ്. ഇന്നലെ മന്ത്രിതന്നെ ഈ വിഷയത്തിൽ ഇടപെട്ട് മില്ലുടമസ്ഥന്മാരും കൃഷിക്കാരുമായി സംസാരിച്ച് പ്രശ്നം പരിഹരിച്ചിട്ടുണ്ട്. അതുപോലെ ഓയിൽപാം ഇന്ത്യയുമായി ബന്ധപ്പെട്ട് ശ്രീ. വി. ടി. ബൽറാം സൂചിപ്പിച്ചതുപോലെ, അവരുടെ തുക പൂർണ്ണമായും കൊടുത്തുതീർത്തുകൊണ്ടിരിക്കുകയാണ്. പ്രശ്നമുണ്ടാകുന്ന സ്ഥലത്ത് ഓയിൽപാം ഇന്ത്യയുടെ മില്ല് നേരിട്ട് നെല്ല് സംഭരിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിരിക്കുകയാണ്. ഓയിൽപാം ഇന്ത്യയുടെ കപ്പാസിറ്റി വളരെ കുറവായതുകൊണ്ട് പാലക്കാട് ആലത്തൂരിൽ വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഒരു മില്ല് പണി പൂർത്തീകരിച്ചിരിക്കുകയാണ്. നിലവിലുള്ള കപ്പാസിറ്റി അനുസരിച്ചുള്ള ഒരു പുതിയ മില്ലാണ് വരാൻപോകുന്നത്. അങ്ങനെ വരികയാണെങ്കിൽ മില്ലുടമസ്ഥർ ഇങ്ങനെ വാശിപിടിക്കുന്ന സന്ദർഭങ്ങളിലെല്ലാം ഓയിൽപാംതന്നെ നെല്ല് സംഭരിച്ചുകൊണ്ട് പരിഹാരമുണ്ടാക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: വയനാട് ജില്ലയിൽ കർഷകർ ജീരകശാല, ഗന്ധകശാല തുടങ്ങിയ പരമ്പരാഗത നെൽകൃഷിയാണ് ചെയ്തുവരുന്നത്. ഇപ്പോൾ കർഷകർക്ക് ഭാരിച്ച സാമ്പത്തികബാധ്യതയാണ് വരുന്നത്. അതുകൊണ്ട് നെൽകൃഷി മേഖലയിൽ പരമ്പരാഗത കൃഷി ചെയ്യുന്ന കർഷകർ പിന്മാറുകയാണ്. അവർ ഉല്പാദിപ്പിക്കുന്ന നെല്ല് പ്രത്യേകം സംഭരിക്കാനും അവർക്കാവശ്യമായ ധനസഹായം നൽകാനും സർക്കാർ തയ്യാറാകുമോ; കഴിഞ്ഞ ദിവസം മന്ത്രി അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിൽ വന്നപ്പോൾ പഴയ നെൽകൃഷി കുടുംബങ്ങളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അവരുല്പാദിപ്പിക്കുന്ന നെല്ലും പ്രത്യേകം സംഭരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, സ്പെഷ്യൽ അഗ്രികൾച്ചറൽ സോണിൽപ്പെട്ടതാണ് വയനാട് ജില്ല. അവിടെ പ്രധാനമായും കോൺസെൻട്രേറ്റ് ചെയ്യുന്നത് പുഷ്പകൃഷിയും പഴവർഗ്ഗങ്ങളുടെ കൃഷിയും പരമ്പരാഗതമായി ആദിവാസി കുടുംബങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന കൃഷിയുമാണ്. ബഹുമാനപ്പെട്ട എം.എൽ.എ. -തന്നെ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആദിവാസി മേഖലയിൽ പരമ്പരാഗതമായി ചെയ്തുകൊണ്ടിരിക്കുന്ന നെല്ലുകളുടെ സർവ്വേ നടത്തിയപ്പോൾ 42 ഇനം നെല്ലുകൾ പരമ്പരാഗതമായി കൃഷി ചെയ്യുന്ന ആദിവാസി കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. ആ കുടുംബങ്ങളുടെ സംഗമം ജൂലൈ മാസത്തിൽ വിളിച്ചുചേർത്തിരിക്കുകയാണ്. അവർ ഉല്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കാനും അവർക്ക് ന്യായമായ വില കൊടുക്കാനും ഉൾപ്പെടെയുള്ള കാര്യങ്ങളാണ് പുതിയ സോണിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനുപുറമെ, വയനാടൻ തൊണ്ടി, വലിയ ചെന്നെല്ല്, പാൽത്തൊണ്ടി, നാടൻ കുറുവ, ചിറ്റേണി, തവളക്കണ്ണൻ, വെള്ളരിയൻ, ചേറ്റാടി തുടങ്ങിയ വിശിഷ്ടമായ പരമ്പരാഗത നെല്ലിനങ്ങളെല്ലാം ഇപ്പോൾ സംസ്ഥാന സീഡ് അതോറിറ്റിതന്നെ സംഭരിക്കുകയാണ്. അതിന്റെ ഭാഗമായി വയനാട് മേഖലയിലെ ആദിവാസി കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ലിൽ അവരുടെ ചെലവ് കഴിച്ചുള്ള നെല്ല് സംഭരിക്കുന്നതിനുള്ള സംവിധാനം സപ്ലൈകോ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ നാടൻ നെല്ലുകൾ പൂർണ്ണമായി സംസ്ഥാന കൃഷി വകുപ്പ് സംഭരിച്ച്, അരിയാക്കി വില്പന നടത്താനുള്ള പരിപാടിയാണ് വയനാട്ടിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

<u>മി. സ്പീക്കർ</u>: അടുത്ത ചോദ്യത്തിനും ഉത്തരം നൽകുന്നത് കൃഷി വകുപ്പുമന്ത്രി തന്നെയാണ്. ഉപചോദ്യത്തിന് അവസരം ലഭിക്കാത്തവർക്ക് അടുത്ത ചോദ്യത്തിൽ അവസരം തരാം.

## സമഗ്ര ജൈവകൃഷി പദ്ധതി

3 (*273) ശ്രീ. ഹൈബി ഈഡൻ:

ശ്രീ. അടൂർ പ്രകാശ്:

ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര ജൈവകൃഷി പദ്ധതി നടപ്പിലാക്കുന്നതിന് കൃഷി വകുപ്പ് നടപടി തുടങ്ങിയെങ്കിലും കർഷകരിൽ നിന്നും അനുകൂല പ്രതികരണം ലഭിക്കുന്നില്ലെന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) രാസവളങ്ങളെ അപേക്ഷിച്ച് താരതമ്യേന വിലകൂടിയ ജൈവവളങ്ങൾ വലിയ അളവിൽ ജൈവകൃഷിയ്ക്ക് ഉപയോഗിക്കേണ്ടിവരുന്നത് കർഷകരെ ബുദ്ധിമുട്ടിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ജൈവകൃഷി നടത്തിയ കർഷകർക്ക് വിളവ് കുറയുന്ന സാഹചര്യത്തിൽ അവരെ പ്രസ്തുത കൃഷിയിൽ പിടിച്ചുനിർത്തുന്നതിന് പ്രത്യേക ആനുകൂല്യം നൽകുമോ; വ്യക്തമാക്കാമോ;

(ഡി) നെല്ല്, തെങ്ങ്, ചോളം, ഗോതമ്പ് എന്നിവയ്ക്ക് ജൈവകൃഷിയിലൂടെ മികച്ച വിളവ് ലഭിക്കുവാൻ ആന്ധ്രാപ്രദേശിലെ കർഷകർ പ്രാവർത്തികമാക്കുന്ന കൃഷിരീതി സംസ്ഥാനത്തും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) സംസ്ഥാനത്ത് സമഗ്ര ജൈവകൃഷി പദ്ധതി നടപ്പിലാക്കുന്നതിന് കൃഷി വകുപ്പ് നടപടി തുടങ്ങിയെങ്കിലും കർഷകരിൽ നിന്നും അനുകൂല പ്രതികരണം ലഭിക്കുന്നില്ലെന്ന സാഹചര്യം നിലവിലില്ല. പദ്ധതിക്ക് കർഷകരിൽനിന്നും അനുകൂല പ്രതികരണമാണുള്ളത്.

ജൈവകൃഷി വ്യാപനവും പ്രോത്സാഹനവും ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ 10-2-2010-ലെ സ.ഉ.(പി)നമ്പർ 39/2010/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി ജൈവകൃഷി വ്യാപനം നടപ്പിലാക്കി വരുന്നു.

ജൈവകൃഷി വ്യാപനത്തിനും പ്രോത്സാഹനത്തിനും 2017-18 സാമ്പത്തിക വർഷം സമഗ്ര ജൈവ കൃഷി പദ്ധതി "ജൈവകൃഷിയും ഉത്തമ കൃഷി മുറകളും" എന്ന പേരിൽ 1000 ലക്ഷം രൂപ വകയിരുത്തി സംസ്ഥാനത്തുടനീളം നടപ്പാക്കിവരുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. <u>ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ</u> - 155 ജി.എ.പി. ക്ലസ്റ്ററുകളാണ് പുതുതായി ഈ വർഷം രൂപീകരിക്കുന്നത്. 141 ക്ലസ്റ്ററുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

2. <u>ഇക്കോഷോപ്പുകൾ</u> - ജി.എ.പി. ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ പഴം, പച്ചക്കറി ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിന് നടപ്പ് സാമ്പത്തിക വർഷം പുതുതായി 150 ഇക്കോഷോപ്പുകളാണ് സ്ഥാപിക്കുന്നത്. 300 ലക്ഷം രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്.

3. <u>ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം</u> - ജി.എ.പി ക്ലസ്റ്ററുകൾ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറി ഉല്പന്നങ്ങൾ ഗ്രേഡിംഗ്, പാക്കിംഗ് എന്നിവ നടത്തി കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് വിപണനം നടത്തുന്നതിന് ധനസഹായം നൽകുന്നു.

4. <u>ജൈവ കാർഷിക മണ്ഡലം അവാർഡ്</u> - ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ മികച്ച ജൈവ കാർഷിക പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

5. <u>കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ</u>- കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. വഴി പി.ജി.എസ്. സർട്ടിഫിക്കേഷൻ പ്രോഗ്രാം നടപ്പാക്കുന്നു.

6. <u>കുട്ടനാട് ജി.എ.പി. പദ്ധതി</u> - കുട്ടനാട്ടിൽ സുസ്ഥിര ജൈവ നെൽകൃഷി നടപ്പിലാക്കുന്നതിനും കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയാക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതിയാണ്.

(ബി) സമഗ്ര ജൈവ കൃഷി പദ്ധതി വ്യാപകമായിക്കൊണ്ടിരിക്കുന്നതിനാൽ ജൈവവളങ്ങൾ ഉപയോഗിക്കേണ്ടി വരുന്നതിൽ കർഷകർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നില്ല. സമ്മിശ്രകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരുടെ കൃഷിയിടത്തിൽത്തന്നെ അവർക്കാവശ്യമായ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള പദ്ധതിക്ക് ഊന്നൽ നൽകി കർഷകർക്ക് മറ്റ് പ്രോത്സാഹനങ്ങൾ നൽകിവരുന്നു.

2011-12-ൽ കാസർഗോഡ് ജില്ലയിൽ മാത്രമായി ജൈവകൃഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി 7958 റൂറൽ കമ്പോസ്റ്റ്, 212 വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ, ജൈവ പച്ചക്കറി, വാഴക്കൃഷി എന്നിവയും നടപ്പിലാക്കി.

2013-14-ൽ കാസർഗോഡ് ജില്ലയിൽ മാത്രമായി ജൈവകൃഷി വികസിപ്പിക്കുന്നതിനായി (41 പഞ്ചായത്തുകളിലും) റൂറൽ കമ്പോസ്റ്റുകളും വെർമി കമ്പോസ്റ്റ് യൂണിറ്റുകളും 2015-16-ൽ 725 കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റുകളും 250 ഹെക്ടർ സ്ഥലത്ത് പച്ചിലവളകൃഷികളും വ്യാപിപ്പിച്ചു.

2016-17-ൽ കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ 1622 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും 1352 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും ആരംഭിച്ചു.

കൂടാതെ വി.എഫ്.പി.സി.കെ. ആസ്ഥാനത്ത് ജൈവവള ഉൽപ്പാദന യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവവളം, ജീവാണുവളം, വളർച്ചാ ത്വരകങ്ങൾ, ജൈവകീടനാശിനികൾ എന്നിവയടങ്ങുന്ന സസ്യ സംരക്ഷണ ഉൽപ്പാദനോപാധികളുടെ ഒരു നിര ഉൽപ്പന്നങ്ങൾ യൂണിറ്റിൽനിന്നും മിതമായ നിരക്കിൽ വിപണിയിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ജി.എ.പി. അവലംബിച്ച് കാർഷിക കൂട്ടായ്മയിലൂടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് വിഷരഹിത പച്ചക്കറികൾ പരമാവധി ഉൽപ്പാദിപ്പിക്കുന്നതിനും അവയുടെ സംഭരണം, വിപണനം എന്നിവ ഫലപ്രദമാക്കി മികച്ച വരുമാനം കർഷകർക്ക് ഉറപ്പുവരുത്തുന്നതിനും ഉതകുന്ന തരത്തിലാണ് സമഗ്ര ജൈവകൃഷി പദ്ധതി നടപ്പിലാക്കുന്നത്.

സമഗ്ര ജൈവകൃഷി പദ്ധതിയിൽ നല്ല കൃഷി പരിചരണ മുറകളിലൂടെ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ക്ലസ്റ്ററടിസ്ഥാനത്തിൽ ശേഖരിച്ച് വിപണനം നടത്തുന്നതിന് സമഗ്ര ജൈവകൃഷി പദ്ധതിയിൽ ഇക്കോഷോപ്പുകളും നേരിട്ടുള്ള വിപണികളും പ്രവർത്തിക്കുന്നു. ജൈവകൃഷിയിലും ഉത്തമ കൃഷി മുറകളിലും ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾക്ക് കിലോയ്ക്ക് 5 രൂപ ക്രമത്തിൽ അധിക വില കർഷകന് ലഭിക്കുന്നതാണ്. 2016-17-ൽ ഇത്തരം 15 ഇക്കോഷോപ്പുകൾ സ്ഥാപിക്കുകയും നടപ്പ് സാമ്പത്തിക വർഷം 150 ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിന് 2 ലക്ഷം രൂപ ക്രമത്തിൽ ധനസഹായം നൽകുന്നതിന് 300 ലക്ഷം രൂപയുമാണ് ചെലവഴിക്കുന്നത്. ഇതിനകം 107 ഇക്കോഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇതിനുപുറമെ 2015-16, 2016-17 വർഷങ്ങളിൽ ആരംഭിച്ച 65 ഇക്കോഷോപ്പുകളുടെ പുനഃപ്രവർത്തനങ്ങൾക്കായി 60 ലക്ഷം രൂപ നടപ്പുസാമ്പത്തിക വർഷം നൽകുന്നുണ്ട്.

നേരിട്ടുള്ള വിപണിയിലേയ്ക്ക് ക്ലസ്റ്ററുകളിൽനിന്നും ഉൽപ്പന്നങ്ങൾ കർഷരിൽനിന്നും നേരിട്ട് ശേഖരിച്ച് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, റസിഡൻസ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് വിൽപ്പന നടത്തുകയും ടി ക്ലസ്റ്ററുകൾക്ക് ധനസഹായം അനുവദിക്കുകയും ചെയ്യുന്നുണ്ട്.

ഈ പ്രവർത്തനങ്ങളൊക്കെതന്നെ കർഷകരെ ജൈവകൃഷിയിൽ പിടിച്ചുനിർത്തുന്നതിന് സഹായിക്കുന്നുണ്ട്.

(ഡി) സീറോ ബജറ്റ് നാച്ചുറൽ ഫാമിംഗ് (ZBNF) എന്ന പുതിയ കൃഷി രീതിയാണ് ആന്ധ്രാപ്രദേശിലെ കർഷകർ അവലംബിച്ചിരിക്കുന്നത്.

സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ സീറോ ബജറ്റ് നാച്വറൽ ഫാമിംഗ് (ZBNF) കൃഷിരീതി വിഷരഹിതവും ആരോഗ്യ സുരക്ഷ ഉറപ്പു നൽകുന്നതും രാസകീടനാശിനി വിമുക്തവും കാർഷിക ഉൽപ്പാദന ചെലവ് കുറഞ്ഞതും ഉൽപ്പന്നങ്ങൾ ഉയർന്ന ഗുണനിലവാരം ഉറപ്പുവരുത്തുന്നതുമാണ്. ഇത് കാലാവസ്ഥയ്ക്ക് യോജിച്ചതും മണ്ണിന്റെ ഘടന നിലനിർത്തുന്നതിനും മണ്ണിനെ പരിപോഷിപ്പിക്കുന്നതിനും പര്യാപ്തമായതുമാണ്.

സംസ്ഥാന കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു ഉന്നതതല സംഘം ഈ കൃഷി രീതിയെക്കുറിച്ച് പഠിക്കുന്നതിന് ആന്ധ്രാപ്രദേശ് സന്ദർശിക്കുകയും സീറോ ബജറ്റ് നാച്ചുറൽ ഫാമിംഗ് (ZBNF) കൃഷി രീതി പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ നടപ്പാക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി.

സീറോ ബജറ്റ് നാച്വറൽ ഫാമിംഗ് (ZBNF) കൃഷി രീതിയുടെ ഉപജ്ഞാതാവായ ശ്രീ. സുഭാഷ് പലേക്കർകൂടി പങ്കെടുക്കുന്ന ശിൽപ്പശാല വരുന്ന ഏപ്രിൽ മാസത്തിൽ സംഘടിപ്പിക്കുന്നുണ്ട്.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, സംസ്ഥാനത്ത് ജൈവകൃഷി നടത്തുന്ന കർഷകർക്ക് പലപ്പോഴും ഭീമമായ നഷ്ടമുണ്ടാകാറുണ്ട്. ആ നഷ്ടം നികത്താൻ സർക്കാർ സാമ്പത്തിക സഹായം നൽകുമോ; പലപ്പോഴും ജൈവ കീടനാശിനി ഉപയോഗിക്കുന്നത് ഇഫക്ടീവല്ലെന്നാണ് പറയപ്പെടുന്നത്. അതുകൊണ്ട് ജൈവകൃഷി കർഷക ദ്രോഹമാണെന്ന രീതിയിലുള്ള സമാന്തര കാമ്പയിൻ സംസ്ഥാനത്ത് നടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ജൈവകൃഷി ശാസ്ത്രീയമല്ലെന്ന് പ്രചരിപ്പിക്കുന്ന ആളുകൾ നാട്ടിലുണ്ടെങ്കിലും സംസ്ഥാന ഗവൺമെന്റ് അത് അംഗീകരിച്ചിട്ടില്ല. ജൈവകൃഷി ശാസ്ത്രീയമായിത്തന്നെ സംഘടിപ്പിക്കാനാണ്

ഗവൺമെന്റ് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ ആദ്യമായി Package of Practice എന്ന സംവിധാനം യൂണിവേഴ്സിറ്റിയാണ് ഇറക്കുന്നത്. Package of Practice പൂർണ്ണമായും Chemical Fertilizer-ന്റെയും Chemical Pesticides-ന്റെയും അടിസ്ഥാനത്തിലുള്ള പരിചരണ രീതിയാണ്. സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം ജൈവ രീതിയിലുള്ള Package of Practice ആദ്യമായി ഇന്ത്യയിൽ പബ്ലിഷ് ചെയ്തിരിക്കുന്നത് കാർഷിക സർവ്വകലാശാലയാണ്. ജൈവ കീടനാശിനി ഇഫക്ടീവല്ലെന്ന് പറയുന്നത് തെറ്റായ പ്രചരണമാണ്. ജൈവ കീടനാശിനി യഥാസമയം ഉപയോഗിക്കുകയാണെങ്കിൽ വളരെ ഇഫക്ടീവായി കൃഷിക്കാർക്ക് ഗുണം ചെയ്യുന്നതാണ്. മാത്രമല്ല, മിത്ര കീടങ്ങളെയും ശത്രു കീടങ്ങളെയും വേർതിരിച്ച് കണ്ടുകൊണ്ട് ഇക്കോളജിക്കൽ എഞ്ചിനീയറിംഗിന്റെ അടിസ്ഥാനത്തിൽ സൂക്ഷ്മ മൂലകങ്ങളെ അനലൈസ് ചെയ്ത്, ഓരോ സൂക്ഷ്മ മൂലകങ്ങളുടെയും കുറവുകൾ പരിഹരിക്കാനുള്ള ജൈവരീതി എന്താണെന്നുള്ളതുൾപ്പെടെയുള്ള സമഗ്രമായ നയപരിപാടിയാണ് ഗവൺമെന്റ് ജൈവകൃഷിയെന്നുള്ള രീതിയിൽ നടപ്പിലാക്കുന്നത്. ശാസ്ത്രീയമായി ജൈവകൃഷി നടപ്പിലാക്കുമ്പോൾ കർഷകരെ സംബന്ധിച്ച് യാതൊരു പ്രശ്നവുമുണ്ടാകുന്നില്ല. ജൈവകൃഷി ചെയ്യുന്ന കർഷകർ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ലസ്റ്ററുകൾ വഴി ഇക്കോ ഷോപ്പുകളിലൂടെ അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുമ്പോൾ ഒരു കിലോ ഉല്പന്നത്തിന് 5 രൂപ വീതം അഡീഷണൽ കൊടുത്തുകൊണ്ടാണ് ഗവൺമെന്റ് സംഭരിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, എന്റെ ചോദ്യത്തിൽ, ജൈവകൃഷിമൂലം നേരിടുന്ന ഭീമമായ നഷ്ടത്തിന് ഗവൺമെന്റ് സാമ്പത്തിക സഹായം നൽകുമോയെന്ന് ചോദിച്ചിരുന്നു. ജൈവകൃഷി ഉല്പന്നങ്ങളാണെന്ന പേരിൽ ഭീമമായ തുക ഈടാക്കുന്ന ഇക്കോ ഷോപ്പുകൾ എറണാകുളം ഉൾപ്പടെയുള്ള സ്ഥലങ്ങളിൽ ധാരാളമുണ്ട്. അത് പലപ്പോഴും യഥാർത്ഥത്തിലുള്ള ജൈവ കർഷകരിൽ നിന്നും സംഭരിക്കുന്ന ഉല്പന്നങ്ങളായിരിക്കില്ല. അത് തിരിച്ചറിയാനും സർട്ടിഫൈഡ് അല്ലാത്തതിനെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, ജൈവകർഷകരുടെ ഉത്പന്നങ്ങൾക്ക് നഷ്ടം സംഭവിക്കുന്നുവെന്നുള്ളതിന്റെ പരിഹാരമാണ് നേരത്തെ പറഞ്ഞത്. സംസ്ഥാന ഗവൺമെന്റ് ഗുഡ് അഗ്രികൾച്ചറൽ പ്രാക്ടീസിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ക്ലസ്റ്ററുകൾക്ക്, അവർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ഒരു കിലോയ്ക്ക് 5 രൂപ വീതം പ്രീമിയം അഡീഷണൽ കോസ്റ്റ് കൊടുക്കുകയാണ്.

ഉല്പാദനക്ഷമതയിലുള്ള നഷ്ടം പരിഹരിക്കുന്നതിനുവേണ്ടിയാണ് 5 രൂപ അഡീഷണലായി കൊടുക്കുന്നത്. ഇങ്ങനെ ഉല്പാദിപ്പിക്കുന്ന ജി.എ.പി സർട്ടിഫിക്കേഷനോടുകൂടിയ ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് 'കേരളാ ഓർഗാനിക്' എന്നൊരു ബ്രാന്റ് നെയിം കൊടുത്തുകൊണ്ടാണ്, സംസ്ഥാന ഗവൺമെന്റിന്റെ ഇക്കോഷോപ്പുകൾവഴി വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. 500- ഓളം ഇക്കോഷോപ്പുകൾ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. ഇക്കോഷോപ്പുകളിലെല്ലാം ഈ പറയുന്ന സർട്ടിഫിക്കേഷനോടുകൂടിയ പച്ചക്കറികളാണ് ഗുഡ് അഗ്രിക്കൾച്ചറൽ പ്രാക്ടീസിന്റെ അടിസ്ഥാനത്തിൽ 'Safe to eat' എന്ന നിലയിൽ വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്നത്. ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതും കൃഷിക്കാർക്ക് ന്യായമായ വിലയ്ക്ക് കിട്ടുകയും ചെയ്യുന്ന നിലയിലാണ് ഇത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ജൈവമാണെന്ന് പറഞ്ഞു കൊണ്ട് വിൽപ്പന നടത്തുന്ന പല ഷോപ്പുകളും ഇപ്പോഴുമുണ്ട്. നിലവിലുള്ള നിയമപ്രകാരം അവയെ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം കൃഷിവകുപ്പിന് കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. ഇതിങ്ങനെ വ്യാപകമായി വരുന്ന സാഹചര്യത്തിൽ, അത്തരമൊരു നിയമനിർമ്മാണം നടത്തുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റും കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റും നടപടി സ്വീകരിച്ചിരുന്നു. ആ നടപടികളുടെ അടിസ്ഥാനത്തിൽ കർഷകർ ജൈവകൃഷിയിലേക്ക് കടന്നുവരികയും അവർക്ക് സബ്സിഡിയടക്കമുള്ള കാര്യങ്ങൾ നല്കുകയുമാണ് ചെയ്യുന്നത്. പച്ചക്കറികൾ ഉല്പാദിപ്പിക്കുമ്പോൾ മാരക കീടനാശിനികൾ ഉപയോഗിക്കുന്നതുവഴി ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളിലേക്കും അപകടാവസ്ഥയിലേയ്ക്കും നീങ്ങിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിന്ന്. അതിന് പരിഹാരമെന്നുള്ള നിലയിൽ നമ്മൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളിൽ കീടനാശിനികൾ ഉപയോഗിക്കാതിരിക്കാനുള്ള തീരുമാനം കൈക്കൊള്ളുകയും അതിനുള്ള അവസരമുണ്ടാക്കുകയും വേണം. കഴിഞ്ഞ കാലങ്ങളിലൊക്കെ കർഷകർക്ക് ജൈവ കൃഷിടാങ്ക് നിർമ്മിക്കുന്നതിനു വേണ്ട പ്രോത്സാഹനം നൽകിവന്നിരുന്നു. സബ്സിഡി കൊടുത്തുകൊണ്ടിരുന്ന ഈ സംവിധാനം ഇപ്പോഴും തുടരുന്നുണ്ടോ? തുടരുന്നില്ലെങ്കിൽ എന്തുകൊണ്ടാണ് നിർത്തൽ ചെയ്തതെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നിർത്തലാക്കിയിട്ടില്ലെന്നുമാത്രമല്ല കൂടുതൽ മേഖലകളിലേയ്ക്ക് ജൈവകൃഷി വ്യാപിപ്പിച്ചിരിക്കുകയാണ്. 2010-ൽ

ശ്രീ. മുല്ലക്കര രത്നാകരനാണ് ഇന്ത്യയിലാദ്യമായി ജൈവകാർഷിക നയം കേരള നിയമസഭയിൽ ചർച്ചചെയ്ത് പാസ്സാക്കിയത്. പക്ഷെ, കഴിഞ്ഞ ഗവൺമെന്റ് ആ നയമല്ല പിന്തുടർന്നത് എന്നുള്ളത് ഒരു വസ്തുതയാണ്. ആ കാലഘട്ടത്തിൽ വ്യാപിപ്പിച്ചിരുന്ന ഓർഗാനിക് കൃഷി കൂടുതൽ കരുത്തോടുകൂടി മുന്നോട്ടുകൊണ്ടു പോവുകയാണ്. അന്ന് കൊടുത്തതിൽ നിന്നും കൂടുതൽ പണം ബജറ്റിൽ ജൈവകൃഷിക്കുവേണ്ടി മാറ്റിവയ്ക്കുകയുണ്ടായി. മുൻപുള്ളതിനെ അപേക്ഷിച്ച് മൂന്നിരട്ടിയിലധികം ഇക്കോഷോപ്പുകൾ ആരംഭിച്ചു കഴിഞ്ഞു. മുൻപ് സൂചിപ്പിച്ച ഓർഗാനിക് സർട്ടിഫിക്കേഷൻ സംവിധാനങ്ങൾ, നിലവിലുണ്ടായിരുന്നതിനേക്കാൾ കൂടുതൽ ജി.എ.പി. സർട്ടിഫിക്കേഷൻസ് എന്നിവ വന്നിരിക്കുകയാണ്. 'പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം' (പി.ജി.എസ്) സർട്ടിഫിക്കേഷൻ സംവിധാനങ്ങളും ഏതാണ്ട് 400-ലധികം ക്ലസ്റ്ററുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെ കയറ്റുമതിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഓർഗാനിക് സർട്ടിഫിക്കേഷന് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ മുഖാന്തരം കയറ്റുമതി ചെയ്യുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. V.F.P.C.K (Vegetable and Fruit Promotion Council of Kerala)-യുടെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 600-ലധികം ക്ലസ്റ്ററുകൾ ഈ പറയുന്ന രീതിയിലേയ്ക്ക് ഇപ്പോൾ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. S.H.M (Soil Health Management)-ന്റെ നേതൃത്വത്തിലും ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിലും ഓർഗാനിക് കൃഷിക്കുവേണ്ടിയുള്ള വളരെ സംഘടിതമായ പ്രവർത്തനങ്ങൾ ക്ലസ്റ്റർ രൂപീകരിച്ചുകൊണ്ട്, സംസ്ഥാന ഗവൺമെന്റിന്റെ നേതൃത്വത്തിൽ കൂടുതൽ മേഖലകളിലേയ്ക്ക് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. മാത്രവുമല്ല, Zero Budget Natural Farming (Z.B.N.F)- എന്ന സംവിധാനം നമ്മുടെ പല സ്റ്റേറ്റുകളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ആന്ധ്രാപ്രദേശിൽ വിജയകരമായി നടപ്പാക്കുന്ന സ്ഥലം, മന്ത്രി എന്നുള്ള നിലയിൽ നമ്മുടെ ടീം സന്ദർശിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ അവിടെയുള്ള വിദഗ്ദ്ധരെ കൂടി ഇങ്ങോട്ട് കൊണ്ടുവന്നുകൊണ്ട് ഇവിടത്തെ കർഷകരെക്കൂടി അവ പരിശീലിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടിയിലേയ്ക്ക് പോവുകയാണ്.

<u>ശ്രീ. റോജി. എം. ജോൺ:</u> സർ, കേരളത്തിലെ നിരവധി ഭവനങ്ങളിൽ ഓർഗാനിക് ഫാമിംഗ് കണ്ടുവരുന്നുണ്ട്. എന്റെ വീട്ടിൽ ഉൾപ്പെടെ വർഷങ്ങളായിട്ട് ജൈവകൃഷി നടത്തുന്നു. പക്ഷെ, അവരൊക്കെ അനുഭവിക്കുന്ന പ്രധാന പ്രശ്നം ജൈവകീടനാശിനികളുടെ ലഭ്യതക്കുറവാണ്. Pseudomonas, Trichoderma, Metarhizium തുടങ്ങിയ ജൈവകീടനാശിനികൾ യഥാസമയം ലഭിക്കാതെ വരുമ്പോൾ കർഷകർ പെട്ടെന്ന് ന്യൂജനറേഷൻ പെസ്റ്റിസൈഡ്സിലേയ്ക്ക് മാറാൻ

നിർബന്ധിതരാവുകയാണ്. സാധാരണ കടകളിൽ ഇത് കൊടുക്കുവാൻ കഴിയുകയില്ല. തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ മാത്രമേ ഇതിന്റെ വില്പന നടക്കുന്നുള്ളൂ. വി.എഫ്.പി.സി.കെ. വിപണികൾവഴി ജൈവകീടനാശിനികൾ പ്രാദേശികതലത്തിൽ താഴെത്തട്ടിൽ ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കുവാൻ കഴിയുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, ഇവിടെ പറഞ്ഞത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. ജൈവകൃഷിയിലേയ്ക്ക് വരുമ്പോൾ നമുക്ക് ഏറ്റവും കൂടുതൽ ഗ്യാപ്പ് വരുന്നത് ബയോകൺട്രോൾ ഏജന്റ്സിന്റെ കുറവുമൂലമാണ്. സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ് മണ്ണുത്തിയിൽ 55.50-60 മെട്രിക് ടൺ വരെ Pseudomonas ഉല്പാദിപ്പിക്കുന്നുണ്ട്. അത് മുമ്പത്തേക്കാളും വളരെ കൂടുതലാണ്. അതുപോലെതന്നെ Pseudomonas 16300 ലിറ്റർ ഉല്പാദിപ്പിക്കുന്നുണ്ട്. Trichoderma 69.8 മെട്രിക്ക് ടൺ ഉല്പാദിപ്പിച്ചു കഴിഞ്ഞു. ഇതുമാത്രമല്ല, K.V.K (Krishi Vigyan Kendra)-കൾ വഴിയും ഫാമുകളിലുമെല്ലാം ബയോകൺട്രോൾ ലാബുകൾ വഴി ഈ ഉല്പന്നങ്ങളെല്ലാം ഉൽപ്പാദിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നാലിരട്ടിയിലധികം വർദ്ധനവുണ്ടായിരിക്കുകയാണ്.വി.എഫ്.പി.സി.കെ-യുടെയും ബയോകൺട്രോൾ ഏജന്റ്സിന്റെയും കൂടെയുള്ള വ്യാവസായിക ഉത്പാദനം എറണാകുളത്ത് ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ ' കേരള ശ്രീ' എന്ന ഒരു ഹൈപ്പർ മാർക്കറ്റ് തൃശ്ശൂരിൽ ആരംഭിച്ചു. ഹൈപ്പർ മാർക്കറ്റും അതുപോലെ തന്നെ പുതുതായി ആരംഭിക്കാൻ പോകുന്ന 3 മാർക്കറ്റുകളുമുണ്ട്. അതിനുപുറമെ എല്ലാ കൃഷിഭവനുകൾ വഴിയും ബയോകൺട്രോൾ ഏജൻസികൾ വഴിയും ഇത്തരത്തിലുള്ള ഉൽപ്പന്നങ്ങൾ നൽകാനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോവുകയാണ്. അതിനുപുറമെ ഏകദേശം 4546 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. 9773 റൂറൽ കമ്പോസ്റ്റുകൾ കൃഷിക്കാർക്കുവേണ്ടി ലോക്കലായി ആരംഭിക്കാനുള്ള തുകയും അനുവദിച്ചിട്ടുണ്ട്. വികേന്ദ്രീകൃതമായി ഇത്തരം ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ വേണ്ടിയുള്ള കാര്യങ്ങളാണ് ഇപ്പോൾ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> സർ, തരിശുഭൂമി നന്നായി ഉപയോഗപ്പെടുത്തി കൃഷിയുക്തമാക്കുവാൻ കാര്യമായി ശ്രമിക്കുന്നുവെന്നത് ശ്ലാഘനീയമാണ്. ജൈവകൃഷി നടത്തുന്നിടത്ത് ഭൂമി മുഴുവൻ കീടനാശിനികൾ ഉപയോഗിച്ചുകൊണ്ട് അവിടെ ജൈവകൃഷി നടത്തിയ ഉല്പന്നങ്ങൾ ജൈവതരത്തിൽ തന്നെയാണെന്ന് നമുക്ക് ഉറപ്പിക്കാൻ കഴിയുമോ? അതിന് പകരമായി സുരക്ഷിത കൃഷിയെന്ന തരത്തിലേയ്ക്ക് പ്രായോഗികമായി, സന്തുലിതമായി, രാസകീടനാശിനികൾ ഉപയോഗിച്ചുകൊണ്ട് മണ്ണും ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളും കേടുവരാത്ത തരത്തിലുള്ള ഉല്പന്നങ്ങളാക്കി മാറ്റുന്നതായിരിക്കില്ലേ നല്ലത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ജൈവകൃഷിയെന്നത് പൂർണ്ണമായിട്ടും റൊമാന്റിക്കായിട്ടുള്ള രീതിയല്ല. മണ്ണിന്റെ ആരോഗ്യമാണ് പ്രധാനപ്പെട്ട കാര്യം. അമിതമായ രാസവള പ്രയോഗംമൂലം കേരളത്തിലെ മണ്ണിന്റെ ഘടനയിൽത്തന്നെ വലിയ മാറ്റമുണ്ടായിട്ടുണ്ട്. അതിന്റെ പി.എച്ച്.- മൂല്യത്തിലും മറ്റെല്ലാ ഘടനയിലും വലിയ വ്യത്യാസം വന്നിരിക്കുകയാണ്. ഈ ഘടനയിൽ മാറ്റം വരുത്തുവാൻ പൂർണ്ണമായ തോതിൽ രാസവള, കീടനാശിനി പ്രയോഗത്തിലൂടെ മാത്രം സാധ്യമല്ല. ഒറ്റയടിക്ക് എല്ലാ മേഖലയും ജൈവകൃഷിയിലേയ്ക്ക് വരുകയെന്നുള്ളതല്ല, ഘട്ടംഘട്ടമായി നമ്മുടെ മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുന്നതിനുവേണ്ടി, അതിന്റെ സൂക്ഷ്മ ഘടകങ്ങളിൽ ഉണ്ടായിരിക്കുന്ന മാറ്റം ശാസ്ത്രീയമായി അനലൈസ് ചെയ്തുകൊണ്ടായിരിക്കണം കൃഷി ചെയ്യേണ്ടത്. അതിനുവേണ്ടിയാണ് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്ന സമ്പ്രദായം ഏർപ്പെടുത്തിയിരിക്കുന്നത്. അതിനുപുറമെ ഓരോ പ്രദേശത്തിന്റേയും മണ്ണിലുണ്ടായിക്കൊണ്ടിരിക്കുന്ന സൂക്ഷ്മ മൂലകങ്ങളുടെ, വ്യതിയാനങ്ങളുടെ സർവ്വേ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഏകദേശം പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. സോയിൽ ഹെൽത്ത് കാർഡുകൾ കൃഷിക്കാർക്ക് വിതരണം ചെയ്തു കഴിഞ്ഞാൽ, അതിനെ അടിസ്ഥാനപ്പെടുത്തി കൊണ്ടുള്ള ശാസ്ത്രീയമായ കൃഷിരീതി അവലംബിച്ചാൽ, മണ്ണിന്റെ ആരോഗ്യം തിരിച്ചുകൊണ്ടുവരാനും കൃഷി ലാഭകരമാക്കാനും ജൈവകൃഷിയിലേയ്ക്ക് ജനങ്ങൾക്ക് വരാനും സാധിക്കും.

ശ്രീ. മുരളി പെരുനെല്ലി: സർ, ബി.ജെ.പി.- സർക്കാരിനെ മുട്ടുകുത്തിച്ച് ആവശ്യങ്ങൾ നേടിയെടുത്ത മഹാരാഷ്ട്രയിലെ കർഷകർക്ക് അഭിവാദ്യമർപ്പിച്ചു കൊണ്ടാണ് എന്റെ ചോദ്യം. ജൈവ കൃഷിരീതിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് ഉത്പാദനച്ചെലവ് വളരെ ഉയർന്ന തോതിലാണുണ്ടാകുന്നത്. ആ ഉത്പ്പാദനച്ചെലവിന് ആനുപാതികമായി കർഷകർക്ക് അതിന്റെ വില ലഭിക്കുന്നില്ലെന്ന പ്രശ്നം ഇപ്പോൾ കൃഷിക്കാർ നേരിടുകയാണ്. ഇത്തരം ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനുവേണ്ടി ഇന്ന് ഇക്കോ ഷോപ്പുകൾ വളരെ പരിമിതമായാണ് നിലവിലുള്ളത്. കേരളത്തിലെ മുഴുവൻ പഞ്ചായത്ത് കേന്ദ്രങ്ങളിലും ഇത്തരം ഇക്കോ ഷോപ്പുകൾ സ്ഥാപിച്ച് കൃഷിക്കാരിൽനിന്ന് ജൈവ ഉൽപ്പന്നങ്ങൾ സംഭരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇപ്പോൾ ഏകദേശം 212 ഇക്കോ ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി എല്ലാ പഞ്ചായത്തുകളിലും ഇക്കോ ഷോപ്പുകൾ ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. കൃഷി വകുപ്പ് ആരംഭിക്കുന്ന ഇക്കോ ഷോപ്പുകൾക്കുപുറമേ ജില്ലാ പഞ്ചായത്തുകളും

പലയിടങ്ങളിലും ഇക്കോ ഷോപ്പുകൾ ആരംഭിക്കുന്നുണ്ട്. പഞ്ചായത്തുകളുംകൂടി ആലോചിച്ചുകൊണ്ട് എല്ലാ സ്ഥലത്തും ഇക്കോ ഷോപ്പുകൾ ആരംഭിക്കുക എന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെ നയം. അങ്ങനെവരുമ്പോൾ കൃഷിക്കാർക്ക് അവർ ഉത്പാദിപ്പിക്കുന്ന ഉത്പന്നത്തിന് 5 രൂപ അധികം ലഭിക്കുന്ന സംവിധാനമുണ്ടാകും. ഇപ്പോൾ ഗവൺമെന്റ് കുടുംബശ്രീയുമായി ചേർന്നുകൊണ്ട് ആരംഭിച്ചിരിക്കുന്ന 430-ഓളം വരുന്ന ഗ്രാമീണ ചന്തകളിലും കൃഷിക്കാരുടെ ഉത്പന്നങ്ങൾക്ക് മാർക്കറ്റ് വിലയോട് അടുത്ത വില ലഭ്യമാകുന്ന രീതിയിലാണ് സംവിധാനം ചെയ്തിരിക്കുന്നത്. ഗ്രാമീണ ചന്തകൾക്ക് നൽകിയിട്ടുള്ള റിവോൾവിംഗ് ഫണ്ട് ഉപയോഗിച്ചുകൊണ്ട് കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് അപ്പോൾതന്നെ വില നൽകാൻ സാധിക്കും. കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്നതിനുവേണ്ടിയാണ് ഗ്രാമീണ ചന്തകളും ഇക്കോ ഷോപ്പുകളും വ്യാപകമായി ആരംഭിച്ചിരിക്കുന്നത്.

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നെൽകൃഷിയിലും കർഷകർ വളരെ താൽപ്പര്യത്തോടെ മുന്നോട്ടുവന്നിട്ടുണ്ട്. അങ്ങുതന്നെ മുൻകയ്യെടുത്ത് കടുത്തുരുത്തി മേഖലയിൽ 300 ഏക്കർ ഭൂമി നെൽകൃഷിക്കുവേണ്ടി തയ്യാറാക്കി. ഇന്ന് വൈകിട്ട് അതിന്റെ കൊയ്ത്തുത്സവം വച്ചിരിക്കുകയാണ്. ഇതൊക്കെ നല്ല കാര്യങ്ങൾ തന്നെയാണ്. അങ്ങയുടെ ആത്മാർത്ഥതയെ അംഗീകരിക്കുന്നു. രണ്ടര വർഷമായി പമ്പിംഗ് സബ്സിഡി കർഷകർക്ക് നൽകുന്നില്ല. ഈ പ്രശ്നം ഇതുവരെ പരിഹരിക്കപ്പെടാതെ നിൽക്കുകയാണ്. അങ്ങ് കുമരകത്ത് മെത്രാൻ കായലിൽ വന്നതിന്റെ പിറ്റേന്ന് പത്രത്തിൽ വന്നത് മന്ത്രിക്ക് കൊയ്ത്ത്, കർഷകർക്ക് കണ്ണുനീര് എന്നാണ്, അങ്ങയുടെ ആത്മാർത്ഥതയെ അംഗീകരിച്ചുകൊണ്ടുതന്നെ പറയുകയാണ്. ദേശാഭിമാനി പത്രത്തിൽ ഇന്നലെ വന്ന വാർത്തയിൽ, നെല്ല് സംഭരിക്കാതെ മില്ലുടമകൾ, കണ്ണീർപ്പാടമായി പാടശേഖരം, കുമരകത്തും തലയോലപറമ്പിലും കൊയ്തുകൂട്ടിയ നെല്ല് കെട്ടികിടക്കുന്നു, മന്ത്രിയുടെ വാക്കിന് പുല്ലുവില, നെല്ല് സംഭരണം താളംതെറ്റുന്നു. നെല്ല് കെട്ടിക്കിടക്കുന്നു; ആശങ്കയോടെ കർഷകർ എന്നൊക്കെയാണ് പറഞ്ഞിരിക്കുന്നത്. ഞാൻ അങ്ങയെ കുറ്റപ്പെടുത്തുകയല്ല. ഇവിടെ നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ അപ്പർ കുട്ടനാട് മേഖലയിൽ ഓര് കയറുന്ന പ്രശ്നമുണ്ട്. ക്വാളിറ്റിയുടെ കുറവല്ല. പതിര് കൂടുതൽ വരികയാണ്. പതിര് വരുമ്പോൾ കർഷകൻ എന്ത് ചെയ്യും? കർഷകരും മില്ലുകാരും തമ്മിലുള്ള യുദ്ധത്തെത്തുടർന്ന് ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി പല യോഗങ്ങളും നടത്തി. എം.എൽ.എ.-മാരായ ഞങ്ങൾ ഇടപെട്ട് ആ മേഖലയിലെ പരമാവധി പ്രശ്നങ്ങൾ പരിഹരിച്ചുവരികയാണ്. അങ്ങ് മനസ്സിലാക്കേണ്ട ഒരു

കാര്യം, മില്ലുകാർ പറയുന്നത് 17 കിലോഗ്രാമും 18 കിലോഗ്രാമും കുറയ്ക്കണമെന്നാണ്. രണ്ടോ മൂന്നോ കിലോഗ്രാമിൽ കൂടുതൽ കുറച്ചാൽ കർഷകന് നഷ്ടം താങ്ങാൻ പറ്റില്ല. ഇത് പരിഹരിക്കാനുള്ള ഒരു ശാശ്വത സംവിധാനമുണ്ടാക്കാൻ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിന് മാത്രമായി ഇത് വിട്ടുകൊടുക്കാതെ കൃഷി വകുപ്പും ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പും സംയുക്തമായി ഇടപെട്ടുകൊണ്ട് ഗവൺമെന്റിന്റെ ഒരു നിയന്ത്രണം വേണം. മില്ലുകാർ തീരുമാനിക്കുന്ന ഈ അവസ്ഥ എല്ലാ സീസണിലും ഉണ്ടാകുകയാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കൃഷിക്കാരന് നഷ്ടപരിഹാരമെന്ന നിലയിൽ പതിര് കുറയ്ക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിൽനിന്നും ഒരു ഇൻസെന്റീവ് കൊടുക്കാൻ തയ്യാറാകുമോ; തിരുവല്ല മുതൽ അപ്പർ കുട്ടനാട് വരെയുള്ള പ്രദേശവും വൈക്കം വരെയും ഇത് നിൽക്കുകയാണ്. അങ്ങ് ഇതിനുവേണ്ടി കൃഷി വകുപ്പിൽനിന്നും ഇൻസെന്റീവ് കൊടുത്ത് സഹായിക്കാൻ തയ്യാറാകുമോ;

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, അങ്ങിവിടെ പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണ്. അതെല്ലാം പരിഹരിച്ചുകൊണ്ടുള്ള തീരുമാനം എടുത്തുവെന്ന് ശ്രീ. മോൻസ് ജോസഫിന് അറിയാവുന്നതാണ്. അദ്ദേഹമടക്കം ഇടപെട്ടാണ് അക്കാര്യങ്ങൾ പരിഹരിച്ചിരിക്കുന്നത്. നെല്ലിൽ പതിര് വരാറുണ്ടെന്നത് സത്യമാണ്. പക്ഷെ 100 കിലോഗ്രാം നെല്ലിന് 25 കിലോഗ്രാം നെല്ലിന്റെ കുറവ് വേണമെന്ന് ആവശ്യപ്പെട്ടാൽ ഒരിക്കലും കർഷകർക്ക് അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. മില്ലുകാർ കാണിക്കുന്ന ഈ ധിക്കാരം ഗവൺമെന്റ് ഒരിക്കലും അംഗീകരിച്ചുകൊടുക്കാൻ പോകുന്നില്ല. ശക്തമായ നടപടിയുണ്ടാകും. 50 മില്ലുകാർ കൃഷിക്കാരുമായി കരാറുണ്ടാക്കിയിട്ടുള്ളതാണ്. മില്ലുകാരുടെ ഇടനിലക്കാരാണ് അമിതമായുള്ള അവകാശവാദം ഉന്നയിച്ചുകൊണ്ട് പ്രശ്നമുണ്ടാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട മില്ലുകാരുടെ യോഗം ബഹുമാനപ്പെട്ട മന്ത്രിതന്നെ വിളിച്ചുകൂട്ടുകയും തൽക്കാലത്തേയ്ക്ക് പരിഹാരമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ആ വാർത്ത വന്നയുടനെതന്നെ എല്ലാ ഇടപെടലും നടത്തിയിട്ടുണ്ട്. പത്രക്കാരും ജാഗ്രതയോടുകൂടി വാർത്ത റിപ്പോർട്ട് ചെയ്യുമ്പോൾ, അപ്പോൾത്തന്നെ ഇടപെട്ട് സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റും കൃഷി ഡിപ്പാർട്ട്മെന്റും സംയുക്തമായി തന്നെയാണ് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കിയിരിക്കുന്നത്. ഇത് വർഷങ്ങളായി നിലനിൽക്കുന്ന ഒരു വിഷയമാണ്. പുതിയ വിഷയമല്ല. അതുകൊണ്ട് ഇൻസെന്റീവ് കൊടുക്കുന്ന കാര്യം ഇപ്പോൾ പ്രഖ്യാപിക്കാനാവില്ല. അത് ഗവൺമെന്റ് ആലോചിച്ച് തീരുമാനിക്കേണ്ട കാര്യമാണ്. അത് പരിശോധിച്ചതിനുശേഷം മാത്രമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ. കൃഷി വകുപ്പുമന്ത്രിയെന്ന നിലയിൽ തത്വത്തിൽ ഇൻസെന്റീവ് കൊടുക്കണമെന്ന

അഭിപ്രായക്കാരനാണ് ഞാൻ. പക്ഷേ അത് ഗവൺമെന്റ് കൂടുതൽ ആലോചിച്ചതിനുശേഷം മാത്രമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ. അപ്പർ കുട്ടനാടൻ മേഖലയിലെ ഈ പ്രശ്നം പരിഹരിക്കാനുള്ള പഠനത്തിനായി ഒരു കമ്മിറ്റിയെ അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ഗവൺമെന്റ് നിയോഗിക്കുന്നുണ്ട്. മണ്ണിൽ വന്നിരിക്കുന്ന മാറ്റം എന്തുകൊണ്ടാണെന്നും അത് എന്തുകൊണ്ടാണ് ഉത്പാദന ക്ഷമതയെ ബാധിക്കുന്നത് തുടങ്ങിയ കാര്യങ്ങളെല്ലാം ബന്ധപ്പെട്ടതാണ്. അതുംകൂടി വച്ചുകൊണ്ടുള്ള തീരുമാനമേ എടുക്കാൻ കഴിയുകയുള്ളൂ. ഏതായാലും അങ്ങ് ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളെല്ലാംതന്നെ കൃഷി വകുപ്പിന്റെ വികാരങ്ങൾ തന്നെയാണ്. അത് പരിഹരിക്കാൻ കൃഷി ഡിപ്പാർട്ട്മെന്റും സപ്ലൈകോയും ഒരുമിച്ചാണ് ഇക്കാര്യങ്ങളെല്ലാം ചെയ്തു കൊണ്ടിരിക്കുന്നത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. മോൻസ് ജോസഫ് ഇവിടെ പറഞ്ഞ വിഷയങ്ങളൊക്കെ ഇന്നലത്തെ പത്രത്തിലാണോ അതിന് മുമ്പുള്ള ദിവസത്തെ പത്രത്തിലാണോയെന്ന് അറിയില്ല; വാർത്ത വന്നുവെന്നുള്ളത് ശരിയാണ്. പക്ഷെ അവിടെ 2 ദിവസങ്ങൾക്കുമുമ്പുതന്നെ നെല്ല് സംഭരണത്തിനുള്ള തർക്കങ്ങളൊക്കെ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. കോട്ടയം കല്ലറയിലാണ് കുറച്ച് ദിവസങ്ങളായി കൊയ്തു നെല്ല് എടുക്കാൻ തർക്കമുണ്ടായത്. ആ തർക്കമൊക്കെ പരിഹരിച്ചിട്ടുണ്ട്. ബേസിക്കായുള്ളത് അപ്പർ കുട്ടനാട് മേഖലയിൽ ഉത്പാദിപ്പിക്കുന്ന നെല്ലിന്റെ ക്വാളിറ്റിയിൽ വരുന്ന പ്രശ്നങ്ങളാണ്. ആ നെല്ല് സംഭരിക്കുന്ന മില്ലുടമ പി.ഡി.എസ്.-ലേയ്ക്ക് 68 ശതമാനം അരി തരണം. അതാണ് പ്രശ്നം വന്നത്. അതുകൊണ്ട് ഗുണമേന്മ പരിശോധിച്ച് കൃത്യമായ മാനദണ്ഡങ്ങൾക്കനുസൃതമായി നെല്ല് സംഭരണം നടക്കണം. അതിന് കൃഷിക്കാർകൂടി സഹകരിക്കണം. എല്ലാവരുംകൂടി സഹകരിച്ചാലേ ന്യായമായ ഒത്തുതീർപ്പിലെത്തിക്കാൻ കഴിയുകയുള്ളൂ. അവിടെ ഉണ്ടായ തർക്കങ്ങൾ പരിഹരിച്ച് കോട്ടയം മേഖലയിൽ നെല്ല് സംഭരണം സുഗമമായി നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. സ്വരാജ്: സർ, ജൈവകൃഷി കേരളത്തിൽ വളരെ സ്വീകാര്യവും ആകർഷണീയതയുള്ളതുമായി മാറിയിട്ടുണ്ട്. എന്നാൽ തുടർന്ന് ഈ രംഗത്ത് ഒരു തരം ജൈവകൃഷി മൗലികവാദം വളർന്നുവന്നിട്ടുണ്ട്. ജൈവരീതിയിലേ കൃഷി ചെയ്യാൻ പാടുള്ളൂ, ഇനിയുള്ള കൃഷി രീതി അതാണ് എന്ന രീതിയിലുള്ള ഒരു തോന്നലുണ്ടാക്കിയിട്ടുണ്ട്. ഇത് കൃഷിയെ ദോഷകരമായി ബാധിക്കുകയും വളരെ ചെലവേറിയതായി മാറുകയും കാർഷികോത്പാദനത്തെ കുറയ്ക്കുകയും ചെയ്യും. രാസവളങ്ങളുടെയും കീടനാശിനികളുടെയും വിവേചനരഹിതവും അനിയന്ത്രിതവുമായ ഉപയോഗമാണ് പരിസ്ഥിതിക്കും മനുഷ്യനും ദോഷകരമായി

മാറിയിട്ടുള്ളത്. ഇവിടെ ശാസ്ത്രീയമായ ഒരു സമീപനം വളർത്തി കൊണ്ടുവരികയല്ലേ വേണ്ടത്. പൂർണ്ണമായും രാസവളവും കീടനാശിനിയും ഒഴിവാക്കി നിർത്തേണ്ടതാണെന്നും ജൈവരീതിയിൽ മാത്രമേ കൃഷി ചെയ്യാൻ പാടുള്ളൂവെന്നതും ശാസ്ത്ര വിരുദ്ധ സമീപനവും അപ്രായോഗികവുമല്ലേ എന്നാണ് എന്റെ ചോദ്യം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സംസ്ഥാന ഗവൺമെന്റ് 2008-ൽ പാസ്സാക്കിയ ജൈവ കാർഷിക നയത്തിൽ എന്താണ് ജൈവ കാർഷക നയമെന്ന് വളരെ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. അതാണ് ഈ ഗവൺമെന്റിന്റെ നയം.

ശ്രീ. അൻവർ സാദത്ത്: സർ, നമ്മുടെ നാടിന്റെ നട്ടെല്ലാണ് കർഷകർ. കർഷകർ കൃഷി ചെയ്തതിനുശേഷം കാലാവസ്ഥാ വ്യതിയാനംമൂലം കൃഷിനാശം സംഭവിക്കുമ്പോൾ കൃഷി ഓഫീസർ വന്ന് കണക്കെടുത്ത് നഷ്ടം വിലയിരുത്തി കൊടുക്കുന്ന തുക വളരെ തുച്ഛമാണ്. ഇതുതന്നെ സമയബന്ധിതമായി കൊടുക്കുന്നില്ല. അടുത്ത കൃഷിനാശം വരുമ്പോഴോ അല്ലെങ്കിൽ കുറെ നാളുകൾ കഴിയുമ്പോഴോ ആണ് കർഷകർക്ക് കൃഷിനാശത്തിനുള്ള തുക കിട്ടുന്നത്. കർഷകർക്ക് കൃഷിനാശത്തിനുള്ള നഷ്ടപരിഹാര തുക കൂട്ടുന്നതിനും സമയബന്ധിതമായി കൊടുക്കുന്നതിനുമുള്ള സാഹചര്യം ഉണ്ടാക്കുമോ;

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം നിശ്ചയിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. ഒരു വാഴ നശിച്ചാൽ കൊടുക്കുന്ന നഷ്ടപരിഹാരം 5.20 രൂപയാണ്. ആ തീരുമാനം വന്നപ്പോൾ, 100 രൂപയാക്കി തീരുമാനിച്ചിരുന്നതിൽ ബാക്കി പൈസ കഴിഞ്ഞ യു.ഡി.എഫ്. -ഗവൺമെന്റിന്റെ കാലത്ത് സ്റ്റേറ്റ് ഗവൺമെന്റിന്റെ വിഹിതമായി തീരുമാനിച്ചു. അങ്ങനെയാണ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. തെങ്ങ് നഷ്ടപ്പെട്ടാൽ 100 രൂപയാണ്. അങ്ങനെയുള്ള നഷ്ടപരിഹാരം വളരെ പരിമിതമായ നഷ്ടപരിഹാരമാണ്. സ്റ്റേറ്റിന്റെ വിഹിതംകൂടി ചേർത്താൽപോലും ചെറിയ തുകയാണ്. അതുകൊണ്ടാണ് സ്റ്റേറ്റ് വിള ഇൻഷ്വറൻസ് സ്കീം ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സ്റ്റേറ്റ് വിള ഇൻഷ്വറൻസ് സ്കീം 1995-നുശേഷം ഉത്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ചപ്പോൾ ഒരു വാഴ നശിച്ചാൽ 100 രൂപ എന്നുള്ളതിന് പകരം 300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 26 ഇനം ക്രോപ്പുകളുടെ കാര്യത്തിൽ ഈ വിള ഇൻഷ്വറൻസ് സ്കീം നടപ്പാക്കിയതിനെത്തുടർന്ന് പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന നഷ്ട പരിഹാരങ്ങളെല്ലാം വിള ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തിക്കഴിഞ്ഞാൽ ന്യായമായ വില ലഭിക്കും. പ്രകൃതിക്ഷോഭം മാത്രമല്ല, കീടരോഗബാധയും വന്യമൃഗ

ആക്രമണമുൾപ്പെടെയുള്ള കാര്യങ്ങളുംകൂടി ചേർത്തുകൊണ്ടാണ് ഇപ്പോൾ വിള ഇൻഷ്വറൻസ് സ്കീം പുതുക്കി നിശ്ചയിച്ചിരിക്കുന്നത്. ആ വിള ഇൻഷ്വറൻസിലേയ്ക്ക് നമ്മുടെ കൃഷിക്കാരെയെല്ലാം കൊണ്ടുവരാൻ വേണ്ടിയുള്ള ക്യാമ്പയിൻ ഇപ്പോൾ കൃഷി വകുപ്പ് ആരംഭിച്ചിരിക്കുകയാണ്.

മി. സ്പീക്കർ: കൃഷിക്ക് ഇത്രയും താൽപ്പര്യം പ്രകടിപ്പിച്ച സാഹചര്യത്തിൽ അടുത്ത ചോദ്യത്തിലേയ്ക്ക് കടക്കാൻ നിർവ്വാഹമില്ലാതെ വന്നിരിക്കുകയാണ്. ശ്രീ. ഇ. കെ. വിജയനുംകൂടി ചോദിക്കാം.

ശ്രീ. ഇ. കെ. വിജയൻ: സർ, 'കൊണ്ടുനടന്നതും നീയേ ചാപ്പാ, കൊണ്ടുപോയ് കൊല്ലിച്ചതും നീയേ ചാപ്പാ' എന്നൊരു ചൊല്ല് ഞങ്ങളുടെ നാട്ടിലുണ്ട്. ഇന്ത്യയിൽ ഹരിതവിപ്ലവം പ്രഖ്യാപിച്ചതിനെത്തുടർന്നാണ് നമ്മുടെ നാട്ടിൽ വലിയതോതിൽ കീടനാശിനിയും രാസവളപ്രയോഗവും കടന്നുവന്നത്. നേരത്തെ ഐ.ആർ.-8, ജയ തുടങ്ങിയ വിത്തുകൾ നൽകുമ്പോൾ അതിന്റെകൂടെ രാസവളവും കീടനാശിനിയും നൽകിക്കൊണ്ടാണ് എൻ.ഇ.എസ്. ബ്ലോക്കുകളിലൂടെ ഇത് നടപ്പിലാക്കിയത്. കേരളത്തിലെ കൃഷിക്കാർക്ക് ഈ കൃഷി സമ്പ്രദായം അറിയാമായിരുന്നില്ല. അവർ കൃഷി സംസ്കൃതിയുടെ ഭാഗമായി ജൈവകൃഷി നടത്തിയവരാണ്. ഇന്ത്യാഗവൺമെന്റ് അന്നത് നടപ്പിലാക്കിയതിന്റെ ഭാഗമായാണ് ഈ കെടുതിയിലേയ്ക്ക് നാം വന്നത്. ഒരുദാഹരണം നേരത്തെ മന്ത്രി പറയുകയുണ്ടായി, തവളക്കണ്ണൻ ആറരയടി ഉയരമുള്ളതാണ്. ഒന്നേമുക്കാൽ രണ്ടടി ഉയരമുള്ള കതിരാണ്. അത് നഷ്ടപ്പെടുത്തിയത് ഈ ധവള വിപ്ലവത്തെത്തുടർന്ന് ഇവിടെ നടപ്പിലാക്കിയ പരിഷ്കരണം കാരണമാണ്. യഥാർത്ഥത്തിൽ അതിലേയ്ക്ക് നാം ശക്തമായി തിരിച്ചുപോവുകയും കേരളത്തിന്റെ സംസ്കൃതിയെ വീണ്ടെടുക്കുന്ന രീതിയിലേയ്ക്ക്, ജൈവകൃഷിയിലേയ്ക്ക് പോകാനുള്ള സംവിധാനമൊരുക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് പറഞ്ഞതുപോലെ കേരളത്തിന്റെ ഹരിത വിപ്ലവത്തെത്തുടർന്ന് ധാരാളം നേട്ടം നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞെങ്കിലും നമുക്ക് സംഭവിച്ചിരിക്കുന്ന നഷ്ടം വളരെ പ്രധാനപ്പെട്ടതാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ജൈവവൈവിദ്ധ്യം നഷ്ടപ്പെട്ടുവെന്നതാണ്. ഇരുന്നൂറിനും മുന്നൂറിനുമിടയിൽ ഇനം നെല്ലുകളുണ്ടായിരുന്ന കേരളത്തിൽ ഇന്ന് വളരെ അപൂർവ്വമായിട്ടുള്ള നെൽ ഇനങ്ങൾ മാത്രമാണുള്ളത്. അതുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് പരമ്പരാഗത നെല്ലുകളെ സംരക്ഷിക്കാനുള്ള പ്രത്യേകമായ പാക്കേജുകൾ നടപ്പാക്കുന്നത്.

ഡോ. സ്വാമിനാഥൻ വലിയൊരു കൃഷിശാസ്ത്രജ്ഞനാണ്. ഹരിത വിപ്ലവത്തെയെല്ലാം പ്രോത്സാഹിപ്പിക്കുന്ന കാലഘട്ടത്തിൽ എല്ലാ നാടൻ വിത്തുകളെയും ഉപേക്ഷിക്കാൻ പറഞ്ഞത് അവർ തന്നെയാണ്. എന്നാൽ ഡോ. സ്വാമിനാഥൻ ഫൗണ്ടേഷനാണ് കേരളത്തിൽ എല്ലാ നാടൻ വിത്തുകളെയും ശേഖരിക്കുന്ന വലിയൊരു പരിപാടിക്ക് നേതൃത്വം കൊടുക്കുന്നത്. നാടൻ വിത്തുകളൊക്കെ ഉപേക്ഷിക്കാൻ ഈ സയന്റിസ്റ്റ് തന്നെയാണ് പറഞ്ഞത്. ഇപ്പോൾ ജൈവവൈവിദ്ധ്യം നഷ്ടപ്പെട്ടത് തിരിച്ചെടുക്കാനുള്ള ശ്രമം ഇപ്പോൾ കൃഷി വകുപ്പ് ചെയ്യുകയാണ്. കേരളത്തിൽ നഷ്ടപ്പെട്ടുപോയിട്ടുള്ള ഇരുന്നൂറോളം വരുന്ന നെൽവിത്തുകൾ തിരിച്ചുകൊണ്ടുവരാൻവേണ്ടി കൃഷി വകുപ്പിന്റെതന്നെ നേതൃത്വത്തിൽ മൂന്ന് കോടി രൂപ ചെലവിൽ കൃഷി വകുപ്പും കാർഷിക സർവ്വകലാശാലയും ചേർന്നുകൊണ്ട് മണ്ണുത്തിയിൽ വിത്ത് ബാങ്ക് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. അമ്പലവയലിൽ 108 തരം നെൽവിത്തുകൾ കൃഷിചെയ്തുകൊണ്ട് ലൈവായിട്ടുള്ള ഒരു ജീൻ ബാങ്ക് സ്ഥാപിക്കുന്ന നടപടി നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ട്. അങ്ങനെ കേരളത്തിന്റെ തനതായ എല്ലാ വിത്തുകളും പ്രാദേശികമായി ലഭ്യമായിട്ടുള്ള എല്ലാ നാടൻ വിത്തുകളും സംരക്ഷിക്കാനും അത് പ്രചരിപ്പിക്കാനും വേണ്ടിയിട്ടുള്ള പരിപാടികൂടി ജൈവകാർഷിക നയത്തിന്റെ ഭാഗമായി കേരളത്തിൽ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാനുള്ള നടപടികൾ**

4(*274) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി - സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കാൻ തമിഴ്നാട്ടിലേതിനു സമാനമായി ഡ്രൈവർ സീറ്റിന് പുറകിൽ ടി.വി. സ്ഥാപിച്ചും മ്യൂസിക് ബോക്സുകൾ സ്ഥാപിച്ചും പരസ്യങ്ങൾക്കുള്ള അവസരം സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; കെ.എസ്.ആർ.ടി.സി. സ്റ്റാന്റുകളിൽ ടി.വി. സ്ഥാപിച്ച് പരസ്യം ആകർഷിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. സ്റ്റാന്റുകളോടൊപ്പം സ്ഥാപിക്കപ്പെട്ട ഷോപ്പിംഗ് കോംപ്ലക്സുകൾ മാർക്കറ്റ് റേറ്റിന് വാടകയ്ക്ക് നല്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതുവരെ നിർമ്മിക്കപ്പെട്ട ഏതൊക്കെ കോംപ്ലക്സുകൾ സമയബന്ധിതമായി വാടകയ്ക്ക് നൽകുവാൻ സാധിക്കുമെന്നും ആ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. നിലവിൽ നടത്തിവരുന്ന കൊറിയർ സർവീസ് കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ പുതിയ ഏജൻസിയെ ഏൽപ്പിക്കാനും മികവാർന്ന സേവനങ്ങൾ ഉൾപ്പെടുത്തി മെച്ചപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഗ്രാമീണ മേഖലയിൽ കെ.എസ്.ആർ.ടി.സി. കൊറിയർ വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; സർക്കാർ-സഹകരണ-ബാങ്കിംഗ് മേഖലകളിൽ ഇത്തരം സേവനം വ്യാപകമാക്കാൻ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) റെയിൽവേയുടെ മാതൃകയിൽ മറ്റ് കമ്പനികളുടെ കൊറിയർ, പാർസൽ എന്നിവ സ്വീകരിച്ച് വിതരണം ചെയ്യാൻ പ്രത്യേക സർവ്വീസുകൾ ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>):

(എ) ഡ്രൈവർ സീറ്റിന് പിന്നിൽ ടി.വി., മ്യൂസിക് ബോക്സുകൾ എന്നിവ സ്ഥാപിച്ച് പരസ്യങ്ങൾക്കുള്ള അവസരം സൃഷ്ടിക്കുന്നത് കേരള മോട്ടോർ വെഹിക്കിൾ റൂൾ പ്രകാരം അനുവദനീയമല്ല. കെ.എസ്.ആർ.ടി.സി.-യുടെ വിവിധ യൂണിറ്റുകളിൽ ലൈസൻസ് അടിസ്ഥാനത്തിൽ സി.സി.ടി.വി. സംവിധാനം നടപ്പിലാക്കി പരസ്യ പ്രദർശനം നടത്തിവരുന്നു. വരുമാന സാധ്യത കണക്കിലെടുത്ത് കൂടുതൽ സി.സി.ടി.വി. സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ ആവശ്യക്കാർക്ക് നൽകിവരുന്നത് അവരിൽനിന്നും ഉയർന്ന പലിശരഹിത സുരക്ഷിത നിക്ഷേപം (IFSD) സ്വീകരിച്ചും ചതുരശ്ര അടി കണക്കാക്കി വാടക ഈടാക്കിയുമാണ്. കെ.എസ്.ആർ.ടി.സി. പലിശരഹിത നിക്ഷേപം സമാഹരിച്ച് നിർമ്മാണം പൂർത്തീകരിച്ച നെടുമങ്ങാട്, കാട്ടാക്കട, കാസർഗോഡ്, നെയ്യാറ്റിൻകര, പയ്യന്നൂർ, കൊട്ടാരക്കര എന്നീ ബസ് സ്റ്റേഷനുകളിലെ വാണിജ്യ സമുച്ചയങ്ങൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ

നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, ഹരിപ്പാട്, നിലമ്പൂർ, മലപ്പുറം എന്നിവിടങ്ങളിലെ ബസ് സ്റ്റേഷനുകളിലെ വാണിജ്യ സമുച്ചയങ്ങൾ നിർമ്മാണം പൂർത്തീകരിക്കുന്നമുറയ്ക്ക് മാർക്കറ്റ് റേറ്റ് അടിസ്ഥാനത്തിൽ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. കോഴിക്കോട്, അങ്കമാലി, തിരുവല്ല, തിരുവനന്തപുരം (തമ്പാനൂർ) എന്നിവിടങ്ങളിൽ കെ.റ്റി.ഡി.എഫ്.സി., ബി.ഒ.ടി. അടിസ്ഥാനത്തിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അങ്കമാലിയിൽ 12 തവണ ടെൻഡർ വിളിക്കുകയും 75% സ്ഥലം വാടകയ്ക്ക് കൊടുക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്തെ സമുച്ചയം വാടകയ്ക്ക് നൽകുന്നതിനുവേണ്ടി 9 തവണ ടെൻഡർ വിളിച്ച് സ്ഥലം അനുവദിച്ചിട്ടുണ്ട്. നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കമ്മീഷനുകൾ, ബോർഡുകൾ, സർക്കാർ ഓഫീസുകൾ എന്നിവ ഒഴിവുള്ള സ്ഥലങ്ങളിലേയ്ക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപ്രകാരം സന്നദ്ധരായ സ്ഥാപനങ്ങൾ/വകുപ്പുകൾ സ്ഥലം ഏറ്റെടുക്കുമ്പോൾ 86% സ്ഥലത്തിന്റെ അലോട്ട്മെന്റ് പൂർത്തിയാകുന്നതാണ്. കോഴിക്കോട് മൂന്ന് തവണ ടെൻഡർ വിളിക്കുകയും മൂന്നാം തവണ സ്ഥലം മുഴുവനായി ഒരു സ്ഥാപനം ടെൻഡർ പിടിച്ചെങ്കിലും പ്രസ്തുത ടെൻഡറിൽ പങ്കെടുത്ത മറ്റ് കക്ഷികൾ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. കൂടാതെ, കോഴിക്കോട് നഗരസഭയിൽനിന്നും കെട്ടിട നമ്പർ അനുവദിക്കാത്തതും പദ്ധതിയുടെ പൂർത്തീകരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തിരുവല്ല വാണിജ്യ സമുച്ചയത്തിലെ സ്ഥലം അഞ്ചുപ്രാവശ്യം ടെൻഡർ ചെയ്തു. ആകെ 22% സ്ഥലം വാടകയ്ക്ക് നൽകിയിട്ടുണ്ട്. കെട്ടിടത്തിന് ഫയർ സർവ്വീസിന്റെ എൻ.ഒ.സി. ലഭിക്കാത്തതിനാൽ ബാക്കി സ്ഥലത്തിന്റെ ടെൻഡർ നടപടികൾ തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്.

(സി) 2015-ൽ പ്രവർത്തനം ആരംഭിച്ച ട്രാക്കോൺ കൊറിയർ കമ്പനിക്ക് അഞ്ചുവർഷത്തേയ്ക്കാണ് ലൈസൻസ് അനുവദിച്ച് നൽകിയിരിക്കുന്നത്. ആയതിനാൽ ട്രാക്കോൺ കൊറിയറിന് രണ്ടുവർഷ ലൈസൻസ് കാലാവധി ബാക്കിയുണ്ട്.

(ഡി) നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ യൂണിറ്റുകളിലും കൊറിയർ സംവിധാനം പ്രാവർത്തികമാക്കുന്നതിനാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ലൈസൻസ് കരസ്ഥമാക്കിയിട്ടുള്ള ഏജൻസിയാണ് മറ്റ് മേഖലകളിലേയ്ക്ക് സേവനം വ്യാപകമാക്കാൻ നടപടി സ്വീകരിക്കേണ്ടത്.

(ഇ) നിലവിലുള്ള കരാർ വ്യവസ്ഥകൾ പ്രകാരം ഈ നിർദ്ദേശങ്ങൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

## തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

5 (*275) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എം. ഉമ്മർ:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അതിനായി മുൻസർക്കാരിന്റെ കാലത്ത് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കേന്ദ്ര സഹായം നേടിയെടുക്കുന്ന കാര്യത്തിൽ ഈ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന ഫണ്ട് പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ കേന്ദ്ര സഹായം നേടിയെടുക്കുന്നതിന് മന്ത്രി തലത്തിലും ഉദ്യോഗസ്ഥതലത്തിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) തുറമുഖങ്ങളിലെ ആഴം വർദ്ധിപ്പിക്കുന്നതിന് മാന്വൽ ഡ്രഡ്ജിംഗും മെക്കാനിക്കൽ ഡ്രഡ്ജിംഗും സർക്കാർ അവലംബിക്കുന്നുണ്ട്. 2011-12 സാമ്പത്തിക വർഷം മുതൽ ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ, കൊല്ലം തുടങ്ങിയ തുറമുഖങ്ങളിൽ കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മുഖാന്തരം മെക്കാനിക്കൽ ഡ്രഡ്ജിംഗ് നടത്തിവരുന്നുണ്ട്. ഇപ്പോൾ അഴീക്കൽ, കൊടുങ്ങല്ലൂർ തുറമുഖങ്ങളിൽ ടി പ്രവൃത്തി നടത്തിവരികയാണ്. കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ഭാഗമായി കൊല്ലം തുറമുഖത്തിന്റെ ആഴം 10 മീറ്ററായും ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളുടെ ആഴം 5-6 മീറ്ററായി വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 19 കോടി രൂപ മുതൽമുടക്കിൽ ഒരു കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്.

കാസർഗോഡ്, മഞ്ചേശ്വരം, നീലേശ്വരം, അഴീക്കൽ, വടകര, പൊന്നാനി, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിലാണ് മാന്വൽ ഡ്രഡ്ജിംഗ് നടത്തിവരുന്നത്.

(ബി) ഇല്ല.

(സി&ഡി) കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയുടെ ഭാഗമായി കോസ്റ്റൽ ബർത്ത് സ്കീമിൽ ഉൾപ്പെടുത്തി കൊല്ലം, അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിൽ ഡ്രഡ്ജിംഗ് നടത്തുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. ഇതിനായി സാങ്കേതിക പഠനം നടത്തി കേന്ദ്രസർക്കാരിന് സമർപ്പിക്കാവുന്ന തരത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ടി റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് കേന്ദ്രസർക്കാരിന് അപേക്ഷ സമർപ്പിക്കുന്നതാണ്.

**രാസവളം വിൽക്കുന്നതിന് ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ**

6 (*276) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് രാസവളം വിൽക്കുന്നതിന് കേന്ദ്ര സർക്കാർ ഡി.ബി.റ്റി. (ഡയറക്ട് ബെനഫിഷ്യറി ട്രാൻസ്ഫർ) ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇത് ഏർപ്പെടുത്തിയതിനാൽ യൂറിയ, പൊട്ടാഷ് തുടങ്ങിയ രാസവളങ്ങൾക്ക് ക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡി.ബി.റ്റി. യും പി.ഒ.എസ്. മെഷീനും ഉള്ള സ്ഥാപനങ്ങളിൽ മാത്രമേ വളം വിതരണം ചെയ്യുവാൻ വളം കമ്പനികൾക്ക് കഴിയൂ എന്നതിനാൽ ഡീലർമാർക്ക് വളം ലഭിക്കാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ;

(ഡി) പി. ഒ. എസ്. മെഷീൻ കർഷകരുടെ ആധാർ നമ്പരുമായി ബന്ധിപ്പിച്ച ശേഷം മാത്രമേ സബ്സിഡി വളം വാങ്ങുവാൻ കഴിയുവെന്ന സാഹചര്യം കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തി അവരുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്.

(ബി) രാസവളങ്ങൾക്ക് ക്ഷാമം നേരിടുന്നതായി പരാതികൾ ലഭിച്ചിട്ടില്ല.

(സി) 2198 ഡീലർമാർക്ക് പി.ഒ.എസ്. മെഷീൻ നൽകി പരിശീലനം നടത്തിയിട്ടുണ്ട്. ബാക്കിയുള്ള 675 ഡീലർമാർക്ക് പി.ഒ.എസ്. മെഷീൻ നൽകുന്നതിന് ലീഡ് സപ്ലൈയർ ആയ എഫ്.എ.സി.റ്റി. (FACT)-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പി.ഒ.എസ്. മെഷീനുള്ള ഡീലർമാർക്ക് മാത്രമേ കമ്പനികൾ സബ്സിഡി വളം നൽകുകയുള്ളൂ. പി.ഒ.എസ്. മെഷീൻ ലഭിച്ച ഡീലർമാർക്ക് വളം ലഭിക്കാത്ത അവസ്ഥ ഉണ്ടായിട്ടില്ല.

(ഡി) സബ്സിഡി രാസവളങ്ങൾ യഥാർത്ഥ കർഷകന് ലഭിക്കുന്നുവെന്നത് ഉറപ്പുവരുത്തുന്നതിനും അവ കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും/ ദുരുപയോഗപ്പെടുത്തുന്നതും തടയുന്നതിനും വേണ്ടിയാണ് കേന്ദ്രസർക്കാർ കർഷകന്റെ ആധാർ നമ്പർ പി.ഒ.എസ്. മെഷീനിൽ രേഖപ്പെടുത്തി സബ്സിഡി രാസവളം വിതരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയത്. കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പുതിയ വിതരണ സംവിധാനത്തിൽ കർഷകർക്ക് പ്രായോഗിക ബുദ്ധിമുട്ടുണ്ടെങ്കിൽ ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

**ഗ്രാമവികസന വകുപ്പ് മുഖേന നടത്തിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ**

7 (*277) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പ് വഴി നടത്തിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന പദ്ധതികളും ഏതെല്ലാമെന്ന് അറിയിക്കാമോ; ഇവയോരോന്നിന്റെയും കേന്ദ്ര സംസ്ഥാന വിഹിതം എത്ര വീതമാണ്; വിശദമാക്കുമോ;

(ബി) പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പ്രകാരം ഭവന നിർമ്മാണത്തിന് എത്ര രൂപയാണ് നൽകിവരുന്നത്; ഈ തുകകൊണ്ട് വീട് നിർമ്മാണം പ്രായോഗികമല്ലാത്തതിനാൽ സംസ്ഥാന സർക്കാർ ചെയ്യുന്ന കാര്യങ്ങൾ എന്തെല്ലാമാണ്;

(സി) സ്വച്ഛ് ഭാരത് മിഷന്റെ (ഗ്രാമീൺ) ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ പൊതുശുചിത്വ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും ഖര, ദ്രാവക മാലിന്യ സംസ്കരണത്തിനും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും സംസ്ഥാന പദ്ധതികളുടെയും ഇവയോരോന്നിന്റെയും കേന്ദ്ര-സംസ്ഥാന വിഹിതം സംബന്ധിച്ച വിവരവും ചുവടെ ചേർക്കുന്നു:

(1) കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | കേന്ദ്ര അനുപാതം (%) | സംസ്ഥാന അനുപാതം (%) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം | അവിദഗ്ധ തൊഴിലാളികളുടെ കൂലി, ഭരണ ചെലവ് എന്നിവ പൂർണ്ണമായും സാധന സാമഗ്രികളുടെയും വിദഗ്ധ/ അർദ്ധ വിദഗ്ധ തൊഴിലാളി കളുടെ വേതനത്തിന്റെ 75 ശതമാനവും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. | വിദഗ്ധ/അർദ്ധ വിദഗ്ധ തൊഴിലാളികളുടെ വേതനത്തിന്റെയും സാധനസാമഗ്രികളുടെ യും 25% സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. |
| 2 | പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) PMAY (G) | 60 | 40 |
| 3 | പ്രധാനമന്ത്രി ഗ്രാമ സഡക് യോജന | 60 | 40 |
| 4 | സ്വച്ഛ് ഭാരത് മിഷൻ (SBM) (ഗ്രാമീൺ)/ നിർമ്മൽ ഭാരത് അഭിയാൻ (NBA) | 60 | 40 |
| 5 | പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) | 60 | 40 |
| 6 | DRDA അഡ്മിനിസ്ട്രേഷൻ | 60 | 40 |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | നാഷണൽ അർബൻ മിഷൻ | 60 | 40 |
| 8 | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (SIRD)-കില സെന്റർ ഫോർ ഹ്യൂമൺ ഡെവലപ്മെന്റ് | 50 (കൂടാതെ 5 കോർ ഫാക്കൽറ്റി അംഗങ്ങളുടെ ശമ്പളവും അലവൻസുകളും പൂർണ്ണമായും കേന്ദ്ര സർക്കാർ വഹിക്കുന്നു) | 50 |

(2) സംസ്ഥാനാവിഷ്കൃത പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് |
|---|---|
| 1 | വികസന പരിശീലന കേന്ദ്രങ്ങളുടെ (ഇ.ടി.സി.) ശാക്തീകരണം |
| 2 | ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ-വിവര സാങ്കേതിക വിദ്യ |
| 3 | പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള അധിക സംസ്ഥാന വിഹിതം |
| 4 | ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ |
| 5 | ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ |
| 6 | ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ |
| 7 | പുതിയതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള കെട്ടിട നിർമ്മാണം |
| 8 | അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ഓഫീസുകൾക്കുള്ള വാഹനം വാങ്ങൽ /വാടകയ്ക്കെടുക്കൽ |
| 9 | ഗ്രാമവികസന വകുപ്പിൽ ഇ-ഗവേണൻസ്/നവീകരണവും ശാക്തീകരണവും |
| 10 | പിന്നോക്ക മേഖലാ സഹായനിധി (ബി.ആർ.ജി.എഫ്.) |
| 11 | എം.ജി.എൻ.ആർ.ഇ.ജി.പി.-ക്ക് കീഴിലുള്ള തൊഴിലില്ലായ്മ വേതനം നൽകൽ |
| 12 | എം.ജി.എൻ.ആർ.ഇ.ജി.പി. പദ്ധതിയിൽ വേതനം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുമ്പോൾ കൊടുക്കേണ്ടിവരുന്ന നഷ്ടപരിഹാരം. |

സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ പൂർണ്ണമായും സംസ്ഥാനവിഹിതമാണ്.

(ബി) പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് 1,20,000 രൂപയാണ് യൂണിറ്റ് കോസ്റ്റായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ടി തുകയിൽ 72,000 കേന്ദ്ര സർക്കാരും 48,000 രൂപ സംസ്ഥാന സർക്കാരും നൽകുന്നു. ടി തുക ഉപയോഗിച്ച് സംസ്ഥാനത്ത് ഭവനനിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ സംസ്ഥാന സർക്കാരിന്റെ ലൈഫ് പദ്ധതി ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന അതേ നിരക്ക് നൽകുന്നതിനായി ആവശ്യമുള്ള ബാക്കി തുകയായ 2,80,000 രൂപകൂടി ലൈഫ് പദ്ധതിയുടെ ഭാഗമായി അനുവദിക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്.

(സി) സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൻകീഴിൽ പൊതുശുചിത്വ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ ചെലവിന്റെ 90% പദ്ധതിയിൽ നൽകുന്നു. ഗ്രാമപഞ്ചായത്തുകൾ സ്ഥലം കണ്ടെത്തി നിർവ്വഹണം നടത്തണം. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പരിപാടിയിൻകീഴിൽ ഓരോ ഗ്രാമപഞ്ചായത്തിനും പരമാവധി 20 ലക്ഷം രൂപയാണ് ഖര-ദ്രവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുക. ചുവടെ ചേർക്കുന്ന മാലിന്യ സംസ്കരണ പ്രോജക്ടുകളാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നത്:

1. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ
2. തുമ്പൂർമൂഴി മോഡൽ കമ്മ്യൂണിറ്റിതല എയറോബിക് കമ്പോസ്റ്റിംഗ് സംവിധാനം
3. മാർക്കറ്റുകളിൽ കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകൾ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മുതലായവ
4. കൈമാറി ലഭിച്ചിട്ടുള്ള ആശുപത്രികളിൽ ഖര-ദ്രവ മാലിന്യ സംസ്കരണ പ്ലാന്റുകൾ
5. കൈമാറി ലഭിച്ചിട്ടുള്ള സ്കൂളുകളിൽ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് സംവിധാനം
6. സർക്കാർ ഓഫീസുകളിൽ ബയോഗ്യാസ് പ്ലാന്റ് കമ്പോസ്റ്റിംഗ് സൗകര്യങ്ങൾ
7. ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി നടപ്പാക്കുന്ന പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (സംയുക്ത പ്രോജക്ട്)
8. റെസിഡന്റ്സ് അസോസിയേഷനുകൾ, കോളനികൾ, ആശുപത്രി, ഹോസ്റ്റൽ, ഹോട്ടൽ, കല്യാണ മണ്ഡപങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, ഇറച്ചിക്കടകൾ എന്നിവിടങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് അല്ലെങ്കിൽ വിവിധ കമ്പോസ്റ്റിംഗ് സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് പ്രോജക്ടുകൾക്ക് ഭാഗിക ധനസഹായം.

**ഗ്രാമപഞ്ചായത്തുകൾ ശാക്തീകരിക്കുന്നതിന് കർമ്മപദ്ധതി**

8 (*278) ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ.അബ്ദു റബ്ബ്:
ഡോ. എം. കെ. മുനീർ:
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) അക്രുവൽ ബെയ്സ്ഡ് ഡബിൾ എൻട്രി സിസ്റ്റം എന്ന പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം ഗ്രാമപഞ്ചായത്തുകളുടെ ശാക്തീകരണത്തിൽ വഹിച്ച പങ്ക് വിശദമാക്കുമോ;

(സി) സേവനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ചതിനുപുറമെ എന്തെല്ലാം നടപടികളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിന് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) പ്രാദേശിക ഗവൺമെന്റുകളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരണ പ്രക്രിയ ലളിതവും കാര്യക്ഷമമാക്കുകയും പദ്ധതി രൂപീകരണം സമയബന്ധിതമാക്കുകയും ചെയ്തിട്ടുണ്ട്. വിപുലമായ ജനകീയ ചർച്ചകളുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം കൂടുതൽ ജനോപകാരപ്രദവും വികസനോന്മുഖവുമാക്കത്തക്ക രീതിയിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനോടൊപ്പം ഫ്രണ്ട് ഓഫീസ് കാര്യക്ഷമമാക്കുകയും ചെയ്യുകവഴി സേവനാവകാശ നിയമപ്രകാരമുള്ള സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) അക്രുവൽ ബെയ്സ്ഡ് ഡബിൾ എൻട്രി സിസ്റ്റം നടപ്പിലാക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തുകളുടെ വരവുകളും ചെലവുകളും

നീക്കിയിരിപ്പും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ കൃത്യമായി തിട്ടപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. യഥാർത്ഥ വരവുകൾ കണ്ടെത്തുന്നതുമൂലം നികുതി ചോർച്ച തടയുവാനും കൃത്യമായി നികുതികൾ പിരിച്ചെടുക്കുന്നതിനും സാധിക്കുന്നു. വിവിധ ഫണ്ടുകളുടെ കൃത്യമായ കണക്ക് തിട്ടപ്പെടുത്തുവാൻ സാധിക്കുന്നതുമൂലം വികസന ക്ഷേമ പദ്ധതികൾക്ക് മതിയായ തുക വകയിരുത്തുവാനും കൂടാതെ പദ്ധതികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും സാധ്യമാകുന്നുണ്ട്. ഇതിനുപുറമെ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം വരുന്നതുമൂലം സാമ്പത്തിക വർഷം അവസാനിച്ചാലുടൻ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി വാർഷിക ഓഡിറ്റുകൾ യഥാസമയം നടത്തുന്നതിനും സാധിക്കുന്നുണ്ട്.

(സി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സർക്കാർ നിഷ്കർഷിക്കുന്ന തരത്തിൽ സേവനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സേവനങ്ങൾ എഴുതി പ്രദർശിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ആയത് പ്രകാരം കൃത്യവും സമയബന്ധിതവുമായി സേവനങ്ങൾ നൽകിവരുന്നു. സേവനാവകാശ വിജ്ഞാപനം പുറപ്പെടുവിച്ചതിനുപുറമെ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽനിന്നും നൽകുന്ന സേവനങ്ങൾ സുതാര്യവും സമയബന്ധിതവുമാക്കുവാൻ ചുവടെ പറയുന്ന നടപടികൾ ഇ-ഗവേണൻസ് സംവിധാനവുമായി ബന്ധപ്പെടുത്തി അനുവദിച്ചിട്ടുണ്ട്.

1. സേവന (സിവിൽ രജിസ്ട്രേഷൻ)- ഓൺലൈൻ സംവിധാനത്തിലൂടെ ജനന-മരണ രജിസ്ട്രേഷനുകൾ നടത്തുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള പാക്കേജ്

2. സേവന (പെൻഷൻ)- സംസ്ഥാനത്തെ സാമൂഹ്യ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ വിതരണം ഇലക്ട്രോണിക് മണിയോർഡർ സംവിധാനത്തിലൂടെയും ഡി.ബി.ടി. (ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ) മുഖേന ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൗണ്ടിലൂടെയും നിർവ്വഹിച്ചുവരുന്നു.

3. സാങ്കേതം- കെട്ടിട പെർമിറ്റിനുവേണ്ടിയുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഇ-ഫയലിംഗ് സംവിധാനം, ഇലക്ട്രോണിക് രൂപത്തിൽ കെട്ടിട പെർമിറ്റ്/ പൂർത്തീകരണ സർട്ടിഫിക്കറ്റ്/ഓക്കുപെൻസി സർട്ടിഫിക്കറ്റ് നൽകൽ എന്നിവ ഉൾപ്പെടെയുള്ള വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ

4. സഞ്ചയ-ഇ-പെയ്മെന്റ് വഴി പ്രോപ്പർട്ടി ടാക്സ് അടവാക്കുന്നതിനുള്ള വെബ്സൈറ്റ്

ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾക്കുപുറമെ ഇ-ഗവേണൻസിനായി രൂപകൽപ്പന ചെയ്ത് നടപ്പിലാക്കിയിട്ടുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.

i. ഹോസ്പിറ്റൽ കിയോസ്ക്- ആശുപത്രികൾ മുഖേനയുള്ള ജനന മരണങ്ങളുടെ തത്സമയ രജിസ്ട്രേഷൻ സംവിധാനം

ii. ജനസേവന കേന്ദ്രങ്ങൾ-പൊതുജനങ്ങൾക്കാവശ്യമായ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും പണമിടപാടുകൾ നടത്തുന്നതിനുമുള്ള ആധുനിക കമ്പ്യൂട്ടർവൽക്കൃത കൗണ്ടർ സംവിധാനം

**ഫോർ ദി പീപ്പിൾ പരാതി പരിഹാര വെബ് പോർട്ടൽ**

9 (*279) ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. ഡി.സതീശൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ പരാതി പരിഹാര വെബ് പോർട്ടലായ 'ഫോർ ദി പീപ്പിൾ' എന്നാണ് നിലവിൽവന്നത്;

(ബി) ഇതിലൂടെ തദ്ദേശ ഭരണ സംവിധാനം സുതാര്യവും കാര്യക്ഷമവും അഴിമതിമുക്തവും ആക്കുന്നതിന് സാധ്യമായിട്ടുണ്ടോ;

(സി) സമയബന്ധിതമായി പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനം വിജയപ്രദമായിട്ടുണ്ടോ;

(ഡി) വ്യാജപരാതികൾ ഒഴിവാക്കുന്നതിന് വെബ് പോർട്ടലിൽ ഏർപ്പെടുത്തിയ സംവിധാനം കാര്യക്ഷമമാണോ എന്ന് അറിയിക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) 2-2-2017-ലാണ് നിലവിൽവന്നത്.

(ബി) സാധ്യമായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഫോർ ദി പീപ്പിൾ വെബ് പോർട്ടലിൽ പരാതി നൽകുമ്പോൾ ആധാർ നമ്പർ, മൊബൈൽ നമ്പർ എന്നിവ നിർബന്ധമായി നൽകേണ്ടതിനാലും അഴിമതി സംബന്ധിച്ച പരാതികൾ സമർപ്പിക്കുമ്പോൾ ഒ.റ്റി.പി. (One Time Password) നിർബന്ധമാക്കിക്കൊണ്ടും വ്യാജപരാതികൾ ഒഴിവാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**കേരഗ്രാമം പദ്ധതി**

10 (*280) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ബി. സത്യൻ:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര കേരവികസനത്തിനായി നടപ്പിലാക്കി വരുന്ന കേരഗ്രാമം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;നിലവിൽ എത്ര കേരഗ്രാമങ്ങൾ ഉണ്ടെന്നും പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ തെങ്ങുകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) നാളികേരത്തിൽനിന്നും മൂല്യവർദ്ധിതോല്പന്നങ്ങൾ നിർമ്മിക്കുന്നതിനും കേരോല്പന്ന സംസ്കരണത്തിനുമായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ&ബി) നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിളപരിപാലനമുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ, തെരഞ്ഞെടുത്ത 54 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായാണ് നടപ്പിലാക്കിവരുന്നത്. 2018-19 വർഷം കൂടുതൽ കേരഗ്രാമങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

സംയോജിത വിളപരിപാലനമുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഒരു കേരഗ്രാമത്തിന് 75.35 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ എന്ന തോതിൽ 3332.50 ലക്ഷം രൂപയാണ് ബജറ്റിൽ ഈ കൊല്ലം പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത്. ശാസ്ത്രീയമായി കൃഷി ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകുന്ന ഘടകങ്ങൾ എല്ലാംതന്നെ സമഗ്ര നാളികേര വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അത്യുൽപ്പാദനശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതിയും 2017-18 വർഷം നടപ്പിലാക്കിവരുന്നു. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, കേരകൃഷിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക, വിളവെടുപ്പിന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, കണിക ജലസേചനം വഴി ജലഉപയോഗം ക്രമീകരിക്കുക എന്നുള്ളതാണ് ടി പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. 567.50 ലക്ഷം രൂപയാണ് വാർഷിക പദ്ധതിയിൽ ബജറ്റ് വിഹിതമായി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിവരുന്നത്.

തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കാനുള്ള 300 ലക്ഷം രൂപയുടെ പദ്ധതിയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി 269.2426 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കിവരുന്നു.

കൂടാതെ SCSP/TSP മേഖലകളിൽ തെങ്ങ് പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുവാൻ 175 ലക്ഷം രൂപയുടെ പദ്ധതിയും പ്രായാധിക്യവും രോഗംമൂലവും ഉൽപ്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടുന്നതിനും ബാക്കിനിൽക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് വേണ്ടിയുള്ള 1315.65 ലക്ഷം രൂപയുടെ നാളികേര വികസന ബോർഡിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയും ഈ വർഷം നാളികേര വികസനത്തിനായി സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു.

കൂടാതെ നാളികേര മേഖലയുടെ സർവ്വോന്മുഖമായ ഉന്നമനത്തിനായി 10 വർഷത്തേയ്ക്ക് ഒരു വികസന കാഴ്ചപ്പാടോടുകൂടി "കേരള കോക്കനട്ട് മിഷൻ" രൂപീകരിക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു.

(സി) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന വിതരണം, വിപണന സാധ്യതകൾ എന്നിവ വർദ്ധിപ്പിക്കുന്നതിന് മലപ്പുറം ജില്ലയിൽ കൃഷി വകുപ്പിന് കീഴിലുള്ള മുണ്ടേരി അഗ്രികൾച്ചറൽ ഫാമിലും കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിലും ഓരോ കോക്കനട്ട് അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ നാളികേര ഉൽപ്പാദക കമ്പനികൾക്ക് നീര ഉൽപ്പാദനത്തിനായി കെട്ടിട, യന്ത്ര സാമഗ്രികൾക്ക് ചെലവായ തുകയുടെ 25% (പരമാവധി 50 ലക്ഷം) ധനസഹായം നൽകുന്ന പദ്ധതിയും കൃഷി വകുപ്പിൽ നിലവിലുണ്ട്.

കേരഫെഡ്, കേരവെളിച്ചെണ്ണയ്ക്ക് പുറമേ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കേര ഡെസിക്കേറ്റഡ് കോക്കനട്ട്, കേര ചമ്മന്തിപ്പൊടി, കേര മിൽക്ക് പൗഡർ, കേരജം, കേശാമൃത് ഹെർബൽ ഓയിൽ മുതലായവ നിർമ്മിച്ച് വിപണിയിലിറക്കുകയും കേരവെളിച്ചെണ്ണയും ഉപോൽപ്പന്നങ്ങളും കേരള മാർക്കറ്റിലും മറ്റിതര സംസ്ഥാനങ്ങളിലും വിദേശത്തും വിതരണം നടത്തിവരികയും ചെയ്യുന്നു.

മറ്റൊരു പൊതുമേഖലാ സ്ഥാപനമായ നാളികേര വികസന കോർപ്പറേഷൻ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന നീര, നീര ഷുഗർ, നീര ഹണി, നീര ലഡു, വെളിച്ചെണ്ണ, നീര വിനിഗർ, ചമ്മന്തിപ്പൊടി തുടങ്ങിയ ഉൽപ്പന്നങ്ങൾ കോർപ്പറേഷന്റെ നേതൃത്വത്തിൽ വിപണനം നടത്തുന്നു. കോഴിക്കോട് എലത്തൂരിലെ പ്ലാന്റിൽ പുതിയ സാങ്കേതികവിദ്യയുപയോഗിച്ചുള്ള നീര നിർമ്മാണം ഉടനെതന്നെ ആരംഭിക്കുന്നതാണ്.

കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാളികേര വികസന ബോർഡ് (CDB) മുഖേന ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് (TMOC) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പാക്ക് ചെയ്ത് ബ്രാൻഡ് നാമത്തോടുകൂടിയുള്ള വെളിച്ചെണ്ണ, വിറ്റാമിൻ-ഇ സമ്പുഷ്ടമായ വെർജിൻ കോക്കനട്ട് ഓയിൽ, സംസ്കരിച്ച കരിക്കിൻ വെള്ളം, നിർജ്ജലീകരിച്ച തേങ്ങാപ്പൊടി, പുളിപ്പിച്ച തേങ്ങാ വെള്ളം ഉപയോഗിച്ച് നിർമ്മിക്കുന്ന നാളികേര വിനാഗിരി, കോക്കനട്ട് ഐസ്ക്രീം, കോക്കനട്ട് ചിപ്സ്, സ്നോബോൾ ടെണ്ടർ കോക്കനട്ട്, കോക്കനട്ട് പുഡ്ഡിംഗ്, തെങ്ങിൻ ശർക്കര, ചിരട്ടക്കരി തുടങ്ങിയവ നിർമ്മിക്കുവാനുള്ള സംരംഭങ്ങളുടെ പ്രോജക്ടുകൾക്ക് CDB നേരിട്ട് ധനസഹായം നൽകുന്നുണ്ട്.

എസ്.എഫ്.എ.സി. (സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം) എന്ന പൊതുമേഖലാ സ്ഥാപനം നാളികേര മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്:

1. <u>കേരളത്തിൽ കാർഷികോൽപ്പന്നങ്ങളുടെയും മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ</u>

2012 മുതൽ 2017 വരെ പ്രവർത്തനം ആരംഭിച്ച സുഗന്ധവ്യഞ്ജനങ്ങൾ ഒഴികെയുള്ള എല്ലാ കാർഷികോൽപ്പന്നങ്ങളുടെയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള 5 മുതൽ 50 ലക്ഷം രൂപ വരെ പദ്ധതിച്ചെലവ് വരുന്ന പദ്ധതികളാണ് ഇതിൽ പരിഗണിക്കുന്നത്.

2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്:

1. കേരളത്തിലെ ചെറുകിട ഇടത്തരം കാർഷികോൽപ്പന്ന അധിഷ്ഠിത മൂല്യവർദ്ധിത സംരംഭങ്ങളുടെ പ്രോത്സാഹന പദ്ധതി

   കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള 25 ലക്ഷം രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന സംരംഭങ്ങളാണ് സാമ്പത്തിക സഹായത്തിനുവേണ്ടി പരിഗണിക്കുന്നത്.

2. കേരളത്തിലെ കാർഷികോൽപ്പന്ന അധിഷ്ഠിത സൂക്ഷ്മതല മൂല്യവർദ്ധന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി

   കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള 25 ലക്ഷം രൂപയ്ക്ക് താഴെ ചെലവ് വരുന്ന പദ്ധതികളാണ് സാമ്പത്തിക സഹായത്തിനുവേണ്ടി പരിഗണിക്കുന്നത്.

3. കേരളത്തിലെ കുടുംബശ്രീ മുഖേന കാർഷികോൽപ്പന്ന അധിഷ്ഠിത സൂക്ഷ്മതല മൂല്യവർദ്ധന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി

   കുടുംബശ്രീ യൂണിറ്റുകളെ അടിസ്ഥാനമാക്കി ബ്ലോക്ക്/വില്ലേജ് തലത്തിൽ വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിക്കും സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

4. വൈഗ

   സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന കൃഷി വകുപ്പ് 2016 മുതൽ 'വൈഗ' എന്ന പേരിൽ ദേശീയതല സംരംഭക പരിപാടി സംഘടിപ്പിച്ചുവരുന്നു.

**വിള ഇൻഷ്വറൻസ് പദ്ധതി**

11 (*281) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് നിലവിലുണ്ടോ; എങ്കിൽ

ഏതൊക്കെ കാർഷിക വിളകൾക്കാണ് ഇൻഷ്വറൻസ് നിലവിലുള്ളതെന്നും അതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്നും അറിയിക്കുമോ;

(ബി) നെല്ല്, പച്ചക്കറികൾ, സുഗന്ധ വിളകൾ എന്നിവയ്ക്കുള്ള ഇൻഷ്വറൻസ് തുക ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പുതുതായി ഏതെല്ലാം ഇനങ്ങളിൽപ്പെട്ട വിളകളെ ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. 22-3-2017-ലെ സ.ഉ. (എം.എസ്) നം.37/2017/അഗ്രി. പ്രകാരം, 25 പ്രധാനപ്പെട്ട കാർഷിക വിളകളായ തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നീ വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ചിട്ടുണ്ട്. നീണ്ട 22 വർഷങ്ങൾക്ക് ശേഷമാണ് ഇൻഷ്വറൻസ് കാലോചിതമായി 2017-ൽ പരിഷ്കരിച്ചത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. കൂടാതെ കുവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറുധാന്യങ്ങൾ, മാവ് എന്നീ വിളകളെ കൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്ത് എവിടെയും കീടരോഗബാധ മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളുടെ കൃഷികൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 22-03-2017-ലെ സ.ഉ. (എം.എസ്) നം. 37/2017/കൃഷി ഉത്തരവ് പ്രകാരം തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, മരച്ചീനി, കൈതച്ചക്ക, ഏലം, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി, പയർ എന്നീ വിളകൾക്ക് ഇരട്ടിയായും വാഴ, കുരുമുളക്, കാപ്പി, ജാതി, ഗ്രാമ്പൂ, വെറ്റില, നെല്ല് എന്നിവയ്ക്ക് ഏകദേശം അഞ്ചിരട്ടിയായും നഷ്ടപരിഹാരം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) കുവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറുധാന്യങ്ങൾ, മാവ് എന്നീ വിളകളെക്കൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജില്ലാതല പദ്ധതി തയ്യാറാക്കൽ

12 (*282) ശ്രീ. എം. നൗഷാദ് :

ശ്രീ. കെ. വി.വിജയദാസ് :

ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതിക്കും സാമ്പത്തിക വികസനത്തിനും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന്റെ പ്രാഥമിക ഉത്തരവാദിത്തം ഭരണഘടന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കിയിരിക്കുന്നത് പ്രകാരം രാജ്യത്ത് ആദ്യമായി ജില്ലാതല പദ്ധതി തയ്യാറാക്കുന്നതിൽ സ്വീകരിച്ച വികസന കാഴ്ചപ്പാടും അതിനായി സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശങ്ങളും വിശദമാക്കുമോ;

(ബി) സ്ഥലപരമായ ആസൂത്രണത്തിനും ജലം ഉൾപ്പെടെയുള്ള പ്രകൃതി സമ്പത്തിന്റെ നീതിയുക്തമായ വിതരണത്തിനും സംരക്ഷണത്തിനും സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനും ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ സാധ്യമായിട്ടുണ്ടോ;

(സി) വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള പ്രദേശത്തെ വികസനസ്വപ്നം ജില്ലാപദ്ധതിയിൽ ഉൾക്കൊള്ളിക്കാൻ സ്വീകരിച്ച മാർഗ്ഗം വിശദമാക്കുമോ; എല്ലാ തലങ്ങളിലും ജനപങ്കാളിത്തം ഉറപ്പാക്കാനായിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) സംയോജിത വികസന കാഴ്ചപ്പാട് രൂപീകരിക്കുകയാണ് ജില്ലാ പദ്ധതിയുടെ പ്രധാന ലക്ഷ്യം. അതായത് വിവിധ തട്ട് സർക്കാരുകൾ വികസനത്തിന്റെ മേഖലയിൽ നടത്തുന്ന ഇടപെടലുകൾക്ക് ദിശാബോധം നൽകുന്നതിനും ഏകോപനം ഉറപ്പാക്കുന്നതിനുമുള്ള ഒരു ഉപാധിയായാണ് ജില്ലാ പദ്ധതിയെ വിഭാവനം ചെയ്തിട്ടുള്ളത്. ജില്ലാ ആസൂത്രണ സമിതികൾ ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ 23-9-2017-ലെ സ.ഉ.(അച്ചടി) നം. 19/2017/പ്ലാനിംഗ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) വിശദമായ കൂടിയാലോചനയുടെയും വിവിധ തലങ്ങളിൽ നടന്ന ചർച്ചയുടെയും അടിസ്ഥാനത്തിൽ ജില്ലാ ആസൂത്രണ സമിതികൾ കരട് ജില്ലാ പദ്ധതി തയ്യാറാക്കുകയും തുടർന്ന് ജില്ലാതലത്തിൽ വിദഗ്ദ്ധരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മുമ്പിൽ അവതരിപ്പിച്ച് അഭിപ്രായ രൂപീകരണം നടത്തുകയും ചെയ്തിരുന്നു. കരടുരേഖ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അയച്ചുകൊടുത്ത് അഭിപ്രായങ്ങൾ സ്വീകരിച്ച് പരമാവധി ജനപങ്കാളിത്തത്തോടെയാണ് ജില്ലാ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

**കുടുംബശ്രീ വിജിലന്റ് ഗ്രൂപ്പിന്റെ പ്രവർത്തനം**

13 (*283) ശ്രീ. റോജി എം. ജോൺ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. അനിൽ അക്കര:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച വിജിലന്റ് ഗ്രൂപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും സുരക്ഷിതമായ ഗാർഹികാന്തരീക്ഷവും സാമൂഹികാന്തരീക്ഷവും ഒരുക്കുക എന്ന ലക്ഷ്യം നേടുന്നതിനും ഇതിന്റെ പ്രവർത്തനത്തിലൂടെ കഴിഞ്ഞിട്ടുണ്ടോ;വിശദമാക്കാമോ;

(സി) കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള കമ്മ്യൂണിറ്റി കൗൺസിലർ മുഖേനയുള്ള ബോധവൽക്കരണ പരിപാടികൾ വിജയപ്രദമാണോ; വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ കണ്ടെത്തി പ്രതിരോധിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡുതലത്തിൽ രൂപീകരിച്ചിട്ടുള്ള 5 മുതൽ 10 വരെ അംഗങ്ങളുള്ള ഗ്രൂപ്പുകളാണ് വിജിലന്റ് ഗ്രൂപ്പുകൾ. ഇതിൽ സ്ത്രീകളും പുരുഷൻമാരും ഉൾപ്പെട്ടിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിലാണ് വിജിലന്റ് ഗ്രൂപ്പുകൾ രൂപീകരിച്ച് തുടങ്ങിയത്. ഓരോ വാർഡിലെയും പ്രാദേശിക പ്രശ്നങ്ങളെ കണ്ടെത്തുകയും സഹായം നൽകുകയുമാണ് ചെയ്യുന്നത്. കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ഈ ഗ്രൂപ്പിലുള്ളവരുടെ പരിശീലനവും വിലയിരുത്തൽ പ്രവർത്തനങ്ങളും നടന്നുവരുന്നു. കൂടാതെ ജനമൈത്രി പോലീസുമായി ചേർന്നും ഇവർക്കുള്ള പരിശീലനങ്ങൾ നടത്തിവരുന്നു.

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 17815 വാർഡുകളിൽ വിജിലന്റ് ഗ്രൂപ്പ് രൂപീകരണവും പരിശീലനങ്ങളും നടന്നിട്ടുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ ഓരോ ജില്ലയിലും ആസൂത്രണംചെയ്ത് നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും സുരക്ഷിതമായ ഗാർഹികാന്തരീക്ഷവും സാമൂഹികാന്തരീക്ഷവും ഒരുക്കുക എന്ന ലക്ഷ്യം നേടുന്നതിനും വിജിലന്റ് ഗ്രൂപ്പുകളുടെ പ്രവർത്തനംകൊണ്ട് സാധ്യമാകുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുംനേരെ നടക്കുന്ന അതിക്രമങ്ങളെ പ്രാദേശികമായിത്തന്നെ കണ്ടെത്തി പരിഹരിക്കുന്നതിനും അവരിൽ നിയമപരമായ അവബോധം സൃഷ്ടിക്കുന്നതിനും സാധിക്കുന്നു. കണ്ടെത്തുന്ന പ്രശ്നങ്ങൾക്ക് പഞ്ചായത്തുതല ജാഗ്രത സമിതി മുഖേനയോ സ്നേഹിത ജൻഡർ ഹെൽപ്പ് ഡെസ്ക് മുഖേനയോ പരിഹാരം കണ്ടെത്തിവരുന്നു. തൃശ്ശൂർ, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ ഇവർ ടാസ്ക് ഫോഴ്സ് എന്ന പേരിൽ പ്രവർത്തിക്കുന്നു.

(സി) കുടുംബശ്രീ അംഗങ്ങളായ വനിതകളിൽനിന്നും വിദ്യാഭ്യാസ യോഗ്യതയുടെയും കുടുംബശ്രീ പ്രവർത്തന പരിചയത്തിന്റെയും അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട വനിതകളാണ് കമ്മ്യൂണിറ്റി കൗൺസിലേഴ്സായി ജോലി ചെയ്യുന്നത്. 2015-ലാണ് ഈ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്. തെരഞ്ഞെടുക്കപ്പെട്ട 357 പേരാണ് ഇപ്പോൾ കമ്മ്യൂണിറ്റി കൗൺസിലേഴ്സായി സേവനം അനുഷ്ഠിക്കുന്നത്. ഗ്രൂപ്പ് കൗൺസിലിംഗും വ്യക്തിഗത കൗൺസിലിംഗും നൽകിവരുന്നു. സ്ത്രീകൾ, കൗമാരപ്രായക്കാർ, വയോജനങ്ങൾ, വിവാഹിതരാകാൻ പോകുന്ന യുവതീയുവാക്കൾക്കുള്ള വിവാഹ പൂർവ്വ കൗൺസിലിംഗ് തുടങ്ങി വിവിധ വിഭാഗങ്ങൾക്കുള്ള ക്ലാസ്സുകളാണ് പ്രധാനമായും നൽകിവരുന്നത്.

വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ക്ലാസ്സുകളും കമ്മ്യൂണിറ്റി കൗൺസിലർമാരുടെ നേതൃത്വത്തിൽ നടക്കുന്നു. ഇതോടൊപ്പം നിയമസഹായം ഉൾപ്പെടെയുള്ള സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്. സ്നേഹിത ജൻഡർ ഹെൽപ്പ് ഡെസ്കിന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്തിയും കേസുകൾ പരിഹരിച്ചുവരുന്നു.

**ചെറുകിട കർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

14 (*284) <u>ശ്രീ. കെ. ബാബു:</u>

<u>ശ്രീ. ഇ. പി. ജയരാജൻ:</u>

<u>ശ്രീ. ജോർജ് എം. തോമസ്:</u>

<u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദാരീകരണ നയത്തിന്റെ ഫലമായി വ്യാപാര നിയന്ത്രണങ്ങൾ

ഇല്ലാതായതും സബ്സിഡി വെട്ടിക്കുറച്ചതും സുഗന്ധ വ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിടിവിന് കാരണമായതുവഴി കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ചെറുകിട കർഷകർ വിലത്തകർച്ചകൊണ്ട് പാപ്പരാക്കപ്പെട്ട് കൂലിവേലക്കാരായും തൊഴിലുറപ്പ് തൊഴിലാളികളായും മാറാൻ നിർബന്ധിതരാകുന്ന സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷാ പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനോടൊപ്പം ചെറുകിട കർഷകരുടെ ഭൂമിയിലുള്ള കൃഷി കൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) യന്ത്രവൽകൃതവും ആധുനിക രീതിയിലുള്ളതുമായ കൃഷി രീതികൾ വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സുഗന്ധവ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിടിവിനുള്ള ഒരു പ്രധാന കാരണം നാണ്യവിളകളുടെ ഇറക്കുമതി നയങ്ങളാണ്. ഇവ പുനഃപരിശോധിക്കണമെന്നും സംസ്ഥാനത്തെ വിളകളെ സംരക്ഷണ പട്ടികയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.കുരുമുളക് കർഷകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി കുരുമുളകിന്റെ കുറഞ്ഞ ഇറക്കുമതി വില കിലോഗ്രാമിന് 500 രൂപയാക്കി കേന്ദ്ര സർക്കാർ ഉറപ്പിച്ചിട്ടുണ്ട്. സുഗന്ധവ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ കൃഷിക്ക് കർഷകരെ സഹായിക്കുന്നതിനായി കൃഷി വകുപ്പ് സുഗന്ധ വിള വികസന പദ്ധതി നടപ്പിലാക്കിവരുന്നു. കുരുമുളക്, ജാതി, ഗ്രാമ്പൂ എന്നിവയുടെ വിള വ്യാപനത്തിൽ ഹെക്ടറിന് 20,000 രൂപവീതം ധനസഹായം നൽകുന്നു. ഗുണമേൻമയുള്ള കുരുമുളക് തൈകൾ വ്യാപകമായി ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകുന്നതിനായി നഴ്സറികൾ സ്ഥാപിക്കുന്നതിന് 30,000 രൂപ വിതം ധനസഹായം നൽകുന്നു. കൂടാതെ കുരുമുളക് തോട്ടത്തിന്റെ പുനരുദ്ധാരണത്തിനായി ഹെക്ടറിന് 7,500 രൂപ സഹായം നൽകുന്നു. വയനാട് പാക്കേജ് പദ്ധതിയിലും സുഗന്ധവിള കൃഷിയുടെ വ്യാപനത്തിനും പുനരുദ്ധാരണത്തിനുമായി വിവിധ ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുകിട കർഷകരുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നുണ്ട്. എന്നാൽ പ്രകടമല്ലാത്തതും അളക്കാൻ പറ്റാത്തതും ആവർത്തന സ്വഭാവമുള്ള കൃഷി പണികൾ എന്നിവ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിയമപ്രകാരം അനുവദനീയമല്ല.

(സി) ഉണ്ട്. കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള ഒരു പ്രധാന പ്രതിബന്ധമാണ് കർഷക തൊഴിലാളി ക്ഷാമം. ഇതിനുള്ള ഉത്തമ പരിഹാരമാണ് കാർഷിക യന്ത്രവൽക്കരണം. കർഷകർക്ക് ആവശ്യമായ കാർഷിക യന്ത്രോപകരണങ്ങൾ വിതരണം ചെയ്യുന്നതോടൊപ്പം ബ്ലോക്കുതലത്തിൽ കാർഷിക സേവന കേന്ദ്രങ്ങളും പഞ്ചായത്തുതലത്തിൽ കാർഷിക കർമ്മസേനകളും രൂപീകരിച്ച് കർഷകരുടെ കൃഷിയിടങ്ങളിൽ യന്ത്രവൽക്കരണം പ്രാവർത്തികമാക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (എസ്.എം.എ.എം.) പ്രകാരവും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ (എസ്.എച്ച്.എം.) പദ്ധതിയിൽ ഉൾപ്പെടുത്തിയും യന്ത്രോപകരണങ്ങൾ വിതരണം ചെയ്യുന്നുണ്ട്. പച്ചക്കറി വികസന പദ്ധതി പ്രകാരം സ്പ്രേയറുകൾക്കുള്ള ധനസഹായവും നൽകിവരുന്നു. ആധുനിക കൃഷിരീതികളായ പച്ചക്കറികൾക്കുള്ള മിനി പോളിഹൗസ് കൃഷിരീതി, മഴമറയിലുള്ള പച്ചക്കറി കൃഷി, കൃത്യതാകൃഷി, ഫെർട്ടിഗേഷനോടുകൂടിയ സൂക്ഷ്മ ജലസേചനം ഉപയോഗിച്ചുള്ള കൃഷി എന്നിവ ഉൾപ്പെടുന്ന ഹൈടെക് കൃഷി, പൂക്കളുടെ കൃഷി, ജൈവകൃഷി, ഉത്തമ കാർഷിക മുറകൾ അവലംബിച്ചുള്ള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇത്തരം കൃഷി രീതികളെക്കുറിച്ച് കർഷകർക്ക് അറിവ് നൽകുന്നതിന് കൃഷി വകുപ്പിന്റെ വിജ്ഞാന വ്യാപന വിഭാഗവും പരിശീലന വിഭാഗവും നേതൃത്വം നൽകുന്നു.

### പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ

15 (*285) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം നാല് ലക്ഷം വീടുകളുടെ മുറ്റത്തും ടെറസിലുമായി പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയായി, പച്ചക്കറികൾക്കുവേണ്ടി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതി പരിമിതപ്പെടുത്തുവാൻവേണ്ടി നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ;

(ബി) ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ നൽകുവാനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കുമോ; ഇതിനായി ഹൈടെക് പച്ചക്കറി ഉല്പാദന കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ടോ;

(സി) ജൈവകൃഷി രീതികൾ വ്യാപിപ്പിക്കുന്നതിനും ജൈവകാർഷിക ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) പച്ചക്കറി കൃഷി ഒരു ജനകീയ സംരംഭമാക്കുവാനും കൃഷി ഒരു സംസ്കാരത്തിന്റെ ഭാഗമാക്കാനും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയ പ്രവൃത്തികൾക്ക് സാധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം വീടുകളുടെ മുറ്റത്തും ടെറസ്സിലുമായി പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതിയിലെ പ്രധാന ഘടകങ്ങളായ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം എന്നിവ വിജയകരമായി നടപ്പിലാക്കിയതിലൂടെ വീടുകളുടെ മുറ്റത്തും ടെറസ്സിലുമായി പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിൽ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

പച്ചക്കറികൾക്കുവേണ്ടി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതി പരിമിതപ്പെടുത്താനും ജൈവകൃഷി വ്യാപനത്തിനും ഓണത്തിന് വിഷരഹിത പച്ചക്കറി വീട്ടുവളപ്പിൽത്തന്നെ ലഭ്യമാക്കുവാനും ലക്ഷ്യമിട്ട് സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി'. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ 63 ലക്ഷം കുടുംബങ്ങൾക്ക് പച്ചക്കറി കൃഷിക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകിയിട്ടുണ്ട്. വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും 10 രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 45.45 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് വിതരണം ചെയ്തു. മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 25 ഗ്രോബാഗുകൾ അടങ്ങുന്ന 37000 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ മുൻവർഷങ്ങളിൽ നൽകിയ 75000 ഗ്രോബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ, മറ്റ് ഉൽപ്പാദന ഉപാധികൾ എന്നിവയും നൽകുന്നു. മാലിന്യ സംസ്കരണത്തിനായി ചെറുകിട മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുവാൻ ധനസഹായം നൽകിയിട്ടുണ്ട്. യൂണിറ്റൊന്നിന് 2,500 രൂപ വീതം 2600 യൂണിറ്റിന് 65 ലക്ഷം രൂപ വകയിരുത്തി കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചുവരുന്നു. 2250 ചെറുകിട തുള്ളിനന/തിരിനന യൂണിറ്റുകൾ സ്ഥാപിക്കുവാനും ധനസഹായം നൽകുന്നു. കൂടാതെ റെസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് 50 ഹരിത

ഗ്രൂപ്പുകൾ രൂപീകരിക്കുവാൻ (ഒന്നിന് 50,000 രൂപ നിരക്കിൽ) ധനസഹായം നൽകുന്നു. പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നതിലൂടെ പച്ചക്കറികൾക്കുവേണ്ടി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നതിന്റെ തോത് പരിമിതപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്.

'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതിയിലൂടെ വെണ്ട, ചീര, മുളക്, വഴുതന, പയർ തുടങ്ങിയ അഞ്ചിനം പച്ചക്കറികളുടെ വിത്ത് പായ്ക്കറ്റുകൾ ലഭ്യമാക്കി. വീട്ടുവളപ്പിലെ കൃഷിക്കായി 40 ലക്ഷം പച്ചക്കറി വിത്തുകിറ്റുകളും മാധ്യമങ്ങൾവഴി 12 ലക്ഷം കിറ്റുകളും NGO മുഖേന 5 ലക്ഷം പച്ചക്കറി വിത്തുകിറ്റുകളും ലഭ്യമാക്കി. സെക്രട്ടേറിയറ്റിന് മുമ്പിൽ 500 ഗ്രോബാഗുകൾ പച്ചക്കറിത്തൈ നട്ട് സ്ഥാപിക്കുകയുണ്ടായി. ഇത് കൂടാതെ തൃശ്ശൂരിൽ നടന്ന വൈഗ ശിൽപ്പശാല, സംസ്ഥാന സ്കൂൾ യുവജനോത്സവം എന്നിവിടങ്ങളിൽ തൈ വിതരണം നടത്തുകയുണ്ടായി. സംസ്ഥാനത്തുടനീളം സർക്കാർ മേഖലയുമായി ബന്ധപ്പെട്ട് വിവിധ മേളകളിൽ പങ്കെടുക്കുകയും പച്ചക്കറി വിത്തുകൾ/നടീൽ വസ്തുക്കൾ, ജൈവവളങ്ങൾ, മറ്റ് ഉൽപ്പാദനോപാധികൾ എന്നിവയും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

സംസ്ഥാനത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 2017-18-ൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) 1. വിവിധ പച്ചക്കറി ഇനങ്ങളുടെ ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിന് നഴ്സറി സ്ഥാപിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 200 ലക്ഷം രൂപ 2017-18 വർഷം വകയിരുത്തി നടപ്പിലാക്കിവരുന്നു.

(a) കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് മേഖലകളിൽ നഴ്സറി സ്ഥാപിക്കുന്നതിന് സ്ക്വയർ മീറ്ററിന് 1000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 5714 സ്ക്വയർ മീറ്റർ വിസ്തൃതിയിൽ നാളിതുവരെ നഴ്സറി സ്ഥാപിച്ചിട്ടുണ്ട്.

(b) ബ്ലോക്കുകളിൽ പുതിയ നഴ്സറികൾ സ്ഥാപിക്കുന്നതിന് 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു നഴ്സറിക്ക് 7 ലക്ഷം രൂപ എന്ന നിരക്കിൽ ധനസഹായം നൽകി. 10 നഴ്സറികൾ വിവിധ ബ്ലോക്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

(c) നിലവിലുള്ള നഴ്സറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 80 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നഴ്സറി ഒന്നിന് 2 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. 20 നഴ്സറികൾക്ക് ഈ ഘടകത്തിൽ സഹായം നൽകിയിട്ടുണ്ട്.

2013-14 മുതൽ 2016-17 വരെ പച്ചക്കറി വികസന പദ്ധതിയനുസരിച്ച് സ്ഥാപിച്ച 57 നഴ്സറികൾ നിലവിലുണ്ട്. ആയവ വഴി ഉദ്ദേശം 116 ലക്ഷം ഗുണമേൻമയുള്ള തൈകൾ നാളിതുവരെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

2. ഇതുകൂടാതെ ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനായി വി.എഫ്.പി.സി.കെ.-യുടെ കീഴിൽ ആലത്തൂർ വിത്ത് സംസ്കരണശാല, നടുക്കര ഹൈടെക് പ്ലഗ് നഴ്സറി, തിരുവനന്തപുരം, കാസർഗോഡ്, എറണാകുളം എന്നിവിടങ്ങളിലെ കൃഷി ബിസിനസ് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ആലത്തൂർ വിത്ത് സംസ്കരണശാലയിൽനിന്നും അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ രജിസ്റ്റേർഡ് വിത്തുൽപ്പാദന കർഷകർവഴി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. നടുക്കരയിലെ ഹൈടെക് പച്ചക്കറി ഉൽപ്പാദന കേന്ദ്രത്തിൽനിന്നും പ്രതിവർഷം 2 കോടി പച്ചക്കറിത്തൈകൾ ഉൽപ്പാദിപ്പിക്കാവുന്നതാണ്. പൂർണ്ണമായും യന്ത്രവൽക്കൃതമായ യൂണിറ്റാണിത്. കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾവഴി ഇവയുടെയും മറ്റ് ഫലവൃക്ഷങ്ങളുടെയും നടീൽ വസ്തുക്കളുടെയും വിതരണവും നടത്തുന്നു.

(സി) ജൈവകൃഷി വ്യാപനവും പ്രോത്സാഹനവും ലക്ഷ്യമാക്കി 10-2-2010-ലെ സംസ്ഥാന സർക്കാർ ഉത്തരവ് നമ്പർ 39/2010/കൃഷി പ്രകാരം സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഘട്ടംഘട്ടമായി ജൈവകൃഷി വ്യാപനം നടപ്പിലാക്കിവരുന്നു.

ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും ജൈവ കാർഷിക ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനും നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2016-17 സാമ്പത്തിക വർഷം മുതൽ ഇതിനായി സമഗ്ര ജൈവകൃഷി പദ്ധതി "ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും" എന്ന പേരിൽ സംസ്ഥാനത്തുടനീളം നടപ്പാക്കിവരുന്നു.

<u>I. സമഗ്ര ജൈവകൃഷി പദ്ധതി 2016-17</u>

1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ - സംസ്ഥാനത്തെ 14 ജില്ലകളിലും ജൈവകൃഷി ക്ലസ്റ്ററുകൾ രൂപീകരിച്ചു. ഇത്തരം ക്ലസ്റ്ററുകളിലെ ഉൽപ്പന്നങ്ങൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ നൽകി 'കേരള ഓർഗാനിക്' എന്ന ലേബലിൽ വിപണനം നടത്തി.

2. ജൈവവള നിർമ്മാണം യൂണിറ്റ് - ഈ പദ്ധതി പ്രകാരം കർഷകരുടെ കൃഷിയിടങ്ങളിൽത്തന്നെ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിന് ധനസഹായം നൽകി. ഇപ്രകാരം 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചു.

3. ഇക്കോഷോപ്പുകൾ-ജി.എ.പി.ക്ലസ്റ്ററുകളിൽനിന്നും ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവ പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് 15 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. ജൈവ ക്ലസ്റ്ററുകളിൽനിന്നും ശേഖരിക്കുന്ന ജി.എ.പി. ഉൽപ്പന്നങ്ങൾ "കേരള ഓർഗാനിക് " എന്ന ലേബലിൽ ജി.എ.പി. സർട്ടിഫിക്കേഷനോടുംകൂടി ഇക്കോഷോപ്പ് മുഖാന്തരം വിൽപ്പന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ 11.64 ലക്ഷം രൂപ കർഷകർക്ക് പ്രോത്സാഹന തുക (ഇൻസെന്റീവ്) നൽകി.

4. ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം- ഉത്തമ പരിചരണ മുറ ക്ലസ്റ്ററുകളിൽനിന്നും സംഭരിച്ച പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾ ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി നഗരസഭകൾ, മുനിസിപ്പാലിറ്റികൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് വിപണനം നടത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട 18 ക്ലസ്റ്ററുകൾക്കായി 54 ലക്ഷം രൂപ ചെലവഴിച്ചു.

5. ജൈവ കാർഷിക മണ്ഡലം അവാർഡ്-ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം (ഒന്നാം സമ്മാനം 15 ലക്ഷം രൂപ, രണ്ടാം സമ്മാനം 10 ലക്ഷം രൂപ, മൂന്നാം സമ്മാനം 5 ലക്ഷം രൂപ), കോർപ്പറേഷൻ (ഒന്നാം സമ്മാനം 3 ലക്ഷം രൂപ), മുനിസിപ്പാലിറ്റി (ഒന്നാം സമ്മാനം 3 ലക്ഷം രൂപ, രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം ഒരു ലക്ഷം രൂപ), ഗ്രാമപഞ്ചായത്ത് (ഒന്നാം സമ്മാനം 3 ലക്ഷം രൂപ, രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം ഒരു ലക്ഷം രൂപ) എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ ഏർപ്പെടുത്തി ഇതിനായി 123 ലക്ഷം രൂപ ചെലവഴിച്ചു.

II. <u>സമഗ്ര ജൈവകൃഷി 2017-18</u>

നടപ്പുസാമ്പത്തിക വർഷം ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപനത്തിനും 1000 ലക്ഷം രൂപ വകയിരുത്തി സമഗ്ര ജൈവകൃഷി പദ്ധതി നടപ്പിലാക്കിവരുന്നു.

1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ - 155 ജി.എ.പി. ക്ലസ്റ്ററുകളാണ് പുതുതായി ഈ വർഷം രൂപീകരിക്കുന്നത്. ഇതിനായി 116 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. ഓരോ ക്ലസ്റ്ററും 15 മുതൽ 25 ഹെക്ടർ വരെയാണ് ഉൾക്കൊള്ളുന്നത്. 141 ക്ലസ്റ്ററുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

2. ഇക്കോഷോപ്പുകൾ - ജി.എ.പി. വഴി ക്ലസ്റ്ററുകൾ ഉൽപ്പാദിപ്പിക്കുന്ന ജൈവ പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിന് നടപ്പു സാമ്പത്തിക വർഷം പുതുതായി 150 ഇക്കോഷോപ്പുകളാണ് സ്ഥാപിക്കുന്നത്.

3. ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം-ജി.എ.പി. വഴി ക്ലസ്റ്ററുകൾ ഉൽപ്പാദിപ്പിക്കുന്ന പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾ ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് വിപണനം നടത്തുന്നതിന് 17 തെരഞ്ഞെടുക്കപ്പെട്ട ക്ലസ്റ്ററുകൾക്ക് ക്ലസ്റ്റർ ഒന്നിന് 3 ലക്ഷം രൂപ നിരക്കിൽ 50 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്.

4. മറ്റ് പ്രവർത്തന ചെലവുകൾ - പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വരുന്ന മറ്റ് ചെലവുകൾക്കായാണ് 20 ലക്ഷം രൂപ ചെലവഴിക്കുന്നത്. പദ്ധതി സംബന്ധിച്ച ഡോക്യുമെന്റേഷൻ, ഫീൽഡ് വിസിറ്റ്, ട്രാൻസ്പോർട്ടേഷൻ എന്നിവയാണ് മറ്റ് ചെലവുകൾ.

5. ജൈവ കാർഷിക മണ്ഡലം അവാർഡ്-ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം (ഒന്നാം സമ്മാനം 15 ലക്ഷം രൂപ, രണ്ടാം സമ്മാനം 10 ലക്ഷം രൂപ, മൂന്നാം സമ്മാനം 5 ലക്ഷം രൂപ), കോർപ്പറേഷൻ (ഒന്നാം സമ്മാനം 3 ലക്ഷം രൂപ), മുനിസിപ്പാലിറ്റി (ഒന്നാം സമ്മാനം 3 ലക്ഷം രൂപ, രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം ഒരു ലക്ഷം രൂപ), ഗ്രാമപഞ്ചായത്ത് (ഒന്നാം സമ്മാനം 3 ലക്ഷം രൂപ, രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം ഒരു ലക്ഷം രൂപ) എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ ഏർപ്പെടുത്തി ഇതിനായി 123 ലക്ഷം രൂപ ചെലവഴിക്കുന്നു.

6. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ-കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി പി.ജി.എസ്. സർട്ടിഫിക്കേഷൻ പ്രോഗ്രാം നടപ്പാക്കുന്നു. ഇതിനായി നടപ്പ് സാമ്പത്തിക വർഷം 60 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. പദ്ധതി നിർവ്വഹണം വി.എഫ്.പി.സി.കെ.-യാണ് നിർവ്വഹിക്കുന്നത്.

7. കുട്ടനാട് ജി.എ.പി. പദ്ധതി - കുട്ടനാട്ടിൽ സുസ്ഥിര ജൈവ നെൽക്കൃഷി നടപ്പിലാക്കുന്നതിനും കുട്ടനാട്ടിനെ പ്രത്യേക കാർഷിക മേഖലയാക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ 64 പഞ്ചായത്തുകൾ ഉൾപ്പെടുന്ന 42000 ഹെക്ടർ നെൽപ്പാടശേഖരത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

വി.എഫ്.പി.സി.കെ.-യുടെകീഴിൽ സംസ്ഥാനത്ത് ജൈവകൃഷിക്ക് പ്രാധാന്യം നൽകുന്നതിനും പ്രാവർത്തികമാക്കുന്നതിനുമായി ജില്ലാതലത്തിൽ പ്രാദേശിക ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവരെക്കൊണ്ട് കൃഷി ചെയ്യിച്ച് ഈ കൃഷിയിടങ്ങളെ ജൈവകൃഷിയിടങ്ങളായി സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന PGS (Participatory Guarantee System) നടപ്പിലാക്കിവരുന്നു.

കർഷകർക്ക് ജൈവ സർട്ടിഫിക്കേഷനും ജൈവ പച്ചക്കറി ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള പ്രൊഡക്ഷൻ സബ്സിഡിക്കുമായി 70 ലക്ഷം രൂപ 2016-17 വർഷം ലഭ്യമാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ജൈവ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് പ്രൊഡക്ഷൻ സബ്സിഡിയായി കിലോയ്ക്ക് 5 രൂപ നിരക്കിൽ 600 ടൺ ഉൽപ്പന്നങ്ങൾക്ക് 30 ലക്ഷം രൂപയും സർട്ടിഫിക്കേഷനും മറ്റ് പദ്ധതി നിർവ്വഹണത്തിനുമായി 30 ലക്ഷം രൂപയും, PGS Organic Certification and crop production in Kasargode എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കിവരുന്നു.

കാക്കനാട് കൗൺസിൽ ആസ്ഥാനത്ത് ഒരു ജൈവവള ഉൽപ്പാദന യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവവളം, ജീവാണുവളം, വളർച്ചാ ത്വരകങ്ങൾ, ജൈവകീടനാശിനികൾ എന്നിവയടങ്ങുന്ന സസ്യസംരക്ഷണ ഉൽപ്പാദനോപാധികളുടെ ഒരു നിര ഉൽപ്പന്നങ്ങൾ യൂണിറ്റിൽനിന്നും വിപണിയിൽ ലഭ്യമാക്കിയിട്ടുണ്ട്. കാർഷിക സർവ്വകലാശാല നിഷ്കർഷിക്കുന്ന അളവിൽ പ്രധാന മൂലകങ്ങൾ അടങ്ങിയ ജൈവവളങ്ങളും ഉൽപ്പന്നങ്ങളുമാണ് വിൽപ്പനയ്ക്ക് തയ്യാറാക്കുന്നത്. ചാണകപ്പൊടി, വെർമി കമ്പോസ്റ്റ് എന്നിവ കൗൺസിലിന്റെ കർഷകരെക്കൊണ്ട് ഉൽപ്പാദിപ്പിച്ചും വിതരണം ചെയ്യുന്നുണ്ട്. കൗൺസിലിന്റെ കൃഷി ബിസിനസ് കേന്ദ്രങ്ങൾ, KAICO അഗ്രി സൂപ്പർ ബസാറുകൾ, കൃഷി വകുപ്പിന്റെ വിവിധ സർക്കാർ പദ്ധതികൾ എന്നിവവഴി ജൈവവളങ്ങൾ ലഭ്യമാക്കിവരുന്നു. ഇത് കൂടാതെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 'ഹരിത നഗരി' പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിലൂടെ പോട്ടിങ് മിശ്രിതം നിറച്ച് ഗ്രോബാഗുകളും തൈകളും ലഭ്യമാക്കിവരുന്നു. കൗൺസിൽ ഉദ്യോഗസ്ഥർ സാങ്കേതിക ഉപദേശങ്ങളും നൽകിവരുന്നു.

## ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട്

16 (*286) ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാമീണ പശ്ചാത്തല വികസന ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമമല്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ രണ്ടുവർഷത്തെ പ്രസ്തുത ഫണ്ടിന്റെ വിനിയോഗം എത്ര ശതമാനമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഫണ്ട് വിനിയോഗം പരമാവധി സാധ്യമാകാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിപ്രകാരം 2018-19-ൽ എതെല്ലാം തരത്തിലുള്ള പ്രവൃത്തികളാണ് എറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; ഫണ്ടിന്റെ പരമാവധി വിനിയോഗത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) 2015-16 വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർവ്വഹണം നടത്തിയിരുന്നത് 243 പ്രവൃത്തികളാണ്. ഇതിൽ ടി വർഷം 30 പ്രവൃത്തികൾ പൂർത്തീകരിച്ചു. 217.73 കോടി രൂപയുടെ ആകെ അടങ്കലുള്ള പ്രവൃത്തികളിൽ 57.21 കോടി രൂപ (26.28%) ചെലവായി. 2016-17-ൽ 249 പ്രവൃത്തികളിൽ 39 പ്രവൃത്തികൾ പൂർത്തീകരിച്ചു. 263.67 കോടി രൂപ ആകെ അടങ്കലുള്ള പ്രവൃത്തികളിൽ 72.69 കോടി രൂപ (27.57%) ചെലവായി.

(ബി) വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത ഫണ്ടിന്റെ വിനിയോഗം പൂർണ്ണമായി സാധ്യമാകാത്തതിന്റെ പ്രധാന കാരണം ആവശ്യമായ സ്ഥലം ലഭ്യമാകാത്തതാണ്. സ്ഥലത്തിന്റെ ലഭ്യത ഉറപ്പുവരുത്താതെയാണ് തദ്ദേശ സ്ഥാപനങ്ങളിൽ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതിക്കും

സാങ്കേതികാനുമതിക്കും നൽകിയിരുന്നത്. പ്രവൃത്തി ആരംഭിക്കാൻ ശ്രമിക്കുമ്പോൾ തർക്കങ്ങളും പരാതികളും ഉണ്ടാകുക, സ്ഥലം വിട്ടുകൊടുക്കാതിരിക്കൽ, കോടതി നടപടികളിലേയ്ക്ക് നീങ്ങുക മുതലായ പ്രതിസന്ധികളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവരുന്നു. ഇതിന് ഒരു പരിഹാരമായി 2018-19 സാമ്പത്തിക വർഷം മുതൽ പദ്ധതികൾ നിർദ്ദേശിക്കുമ്പോൾ സ്ഥലലഭ്യത പൂർണ്ണമായും ഉറപ്പുവരുത്തിയശേഷം മാത്രമേ ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യാവൂയെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വളരെ ചെറിയ പ്രവൃത്തികൾ ത്രിതല പഞ്ചായത്തുകൾ ഏറ്റെടുക്കുന്നതുമൂലം നടപ്പാക്കാൻ പ്രയാസം നേരിടുന്നതും ഫണ്ട് വിനിയോഗത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇതിനൊരു പരിഹാരമായി 2018-19 സാമ്പത്തിക വർഷം വലിയ പദ്ധതികളേ ഏറ്റെടുക്കാൻ പാടുള്ളൂയെന്ന് തീരുമാനിച്ചിട്ടുണ്ട്.

(സി) നബാർഡ് ആർ.ഐ.ഡി.എഫ്. നിഷ്കർഷിച്ചിട്ടുള്ളതിൻപ്രകാരം കാർഷികാനുബന്ധ മേഖലയിൽ ചെറുകിട ജലസേചനം, ഭൂസംരക്ഷണം, നീർത്തട വികസനം, സാമൂഹ്യ ജലസേചന സംവിധാനങ്ങൾ, ആധുനിക അറവുശാലകൾ, ഫിഷിംഗ് ഹാർബറുകൾ, വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ, മൃഗസംരക്ഷണം, ഗ്രാമീണ വൈജ്ഞാനിക കേന്ദ്രങ്ങൾ, വിവര സാങ്കേതിക പശ്ചാത്തല സൗകര്യമൊരുക്കൽ തുടങ്ങിയ പദ്ധതികളും സാമൂഹ്യ മേഖലയിൽ കുടിവെള്ളം, പൊതുജനാരോഗ്യ കേന്ദ്രങ്ങൾ, സാനിട്ടറി കോംപ്ലക്സുകൾ, അങ്കണവാടി സെന്ററുകൾ, സ്കൂളുകൾക്ക് പശ്ചാത്തല സൗകര്യം, പെൺകുട്ടികൾക്ക് വേണ്ടിയുള്ള ടോയ്‍ലെറ്റ് ബ്ലോക്കുകൾ, പേ ആന്റ് യൂസ് ടോയ്‍ലെറ്റുകൾ മുതലായ പദ്ധതികളും ഗ്രാമീണ ഗതാഗത മേഖലയിൽ ഗ്രാമീണ റോഡുകളും (ആറ് മീറ്റർ വീതി വേണം) പാലങ്ങളും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഫണ്ടിന്റെ വിനിയോഗം പരമാവധി ഉറപ്പുവരുത്തുന്നതിനായി പ്രവൃത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ ലഭ്യത ഉറപ്പുവരുത്തി തയ്യാറാക്കുന്ന ഡി.പി.ആർ.-ന്റെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ പ്രോജക്ടുകൾ അനുവദിക്കുയെന്ന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ പ്രത്യേക അവലോകനം നടത്തി നിർവ്വഹണത്തിലുണ്ടാകുന്ന തടസ്സങ്ങൾ നീക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം നടപടികളിലൂടെ 2018-19 സാമ്പത്തിക വർഷം ലഭ്യമായ ഫണ്ട് പൂർണ്ണമായും ചെലവഴിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കുന്ന പരിപാടികൾ

17 (*287) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എം. സ്വരാജ്:
ശ്രീ. എം. മുകേഷ്:
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും യുവാക്കളെ പുഷ്പ ഫല സസ്യ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന യന്ത്രവൽക്കരണ പരിപാടിയുടെ വിശദാംശം അറിയിക്കാമോ;

(ബി) നൂതന സാങ്കേതികവിദ്യയുടെ വ്യാപനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(സി) കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും ലാഭകരമായ വിൽപ്പനയ്ക്കും വിപണി വിപുലീകരണത്തിനുമായി എന്തെങ്കിലും പദ്ധതി ഹോർട്ടികൾച്ചർ മിഷൻ ആവിഷ്കരിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ഡി) കുരുമുളക്, സുഗന്ധവിളകൾ എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള 2017-18 സാമ്പത്തിക വർഷം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും യുവാക്കളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുംവേണ്ടി പുഷ്പ-ഫല സസ്യങ്ങളുടെ വിളവിസ്തൃതി വ്യാപനം, ഹോർട്ടികൾച്ചർ മേഖലയിലെ യന്ത്രവൽക്കരണം എന്നിവയ്ക്ക് ധനസഹായം നൽകിവരുന്നു.

ഹോർട്ടികൾച്ചർ മേഖലയിലെ യന്ത്രവൽക്കരണം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 20 പി.റ്റി.ഒ. (പവർ ടേക്ക് ഓഫ്) എച്ച്.പി. വരെയുള്ള ട്രാക്ടറുകൾക്ക് ഒരു ലക്ഷം രൂപയും 8 ബി.എച്ച്.പി.-ക്ക് താഴെയുള്ള പവർ ടില്ലറുകൾക്ക് യൂണിറ്റൊന്നിന് 50,000 രൂപയും 8 ബി.എച്ച്.പി.-ക്ക് മുകളിലുള്ള പവർ ടില്ലറുകൾക്ക് യൂണിറ്റൊന്നിന് 75,000 രൂപയും സ്വയം പ്രവർത്തിക്കുന്ന (സെൽഫ് പ്രൊപ്പല്ലഡ്) ഹോർട്ടികൾച്ചർ യന്ത്രങ്ങളായ വീഡ് കട്ടർ, ഫ്രൂട്ട് പ്ലക്കർ, ഫ്രൂട്ട് ഹാർവെസ്റ്റർ, ട്രീ പ്രൂണർ എന്നിവയ്ക്ക് 1.25 ലക്ഷം രൂപയും മാന്വൽ സ്പ്രേയറുകൾക്ക് (കാലുകൊണ്ട് പ്രവർത്തിപ്പിക്കുന്നവ/നാപ്സാക്) യൂണിറ്റൊന്നിന് 600 രൂപയും

8-12 ലിറ്റർ വരെ സംഭരണശേഷിയുള്ള പവർ നാപ്സാക് സ്പ്രേയറിന് 3100 രൂപയും 12-16 ലിറ്റർ വരെ സംഭരണശേഷിയുള്ള പവർ നാപ്സാക് സ്പ്രേയറുകൾക്ക് 3800 രൂപയും 16 ലിറ്ററിൽ കൂടുതൽ സംഭരണശേഷയുള്ള പവ്വർ നാപ്സാക് സ്പ്രേയറുകൾക്ക് യൂണിറ്റൊന്നിന് 10,000 രൂപയും പ്രകൃതിക്ക് ഇണങ്ങിയ വിളക്ക് കെണികൾക്ക് യൂണിറ്റൊന്നിന് 1400 രൂപയും ധനസഹായം നൽകുന്നു. യന്ത്രങ്ങൾക്കുള്ള ധനസഹായം പട്ടികജാതി/പട്ടികവർഗ്ഗ/ചെറുകിട/നാമമാത്ര കർഷകർ/ സ്ത്രീകൾക്കാണ് നൽകുന്നത്.

2017-18 സാമ്പത്തിക വർഷം 20 ട്രാക്ടറുകൾ, 82 പവർ ടില്ലർ (<8 ബി.എച്ച്.പി), 112 പവർ ടില്ലർ (>8 ബി.എച്ച്.പി), 163 സെൽഫ് പ്രൊപ്പല്ലഡ് ഹോർട്ടിക്കൾച്ചർ യന്ത്രങ്ങൾ, 92 മാന്വൽ സ്പ്രേയർ, 55 പവർ നാപ്സാക് സ്പ്രേയറുകൾ (8-12 ലിറ്റർ), 46 പവ്വർ നാപ്സാക് സ്പ്രേയറുകൾ (12-16 ലിറ്റർ), 150 പവർ നാപ്സാക് സ്പ്രേയറുകൾ (>16 ലിറ്റർ), 200 വിളക്ക് കെണികൾ എന്നിവ നൽകുവാൻ ലക്ഷ്യമിടുന്നു.

(ബി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 4000 ച:മീറ്റർ വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് 50 ശതമാനം ധനസഹായം നൽകിവരുന്നു. കൂടാതെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 400 മുതൽ 4000 ച:മീറ്റർ വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് സംസ്ഥാന വിഹിതമായി 25 ശതമാനം അധിക ധനസഹായം ഹൈടെക് ഫാമിംഗ് എന്ന പദ്ധതിയിലൂടെ നൽകിവരുന്നു.

(സി) ഉണ്ട്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലെ സംയോജിത വിളവെടുപ്പാനന്തര പരിപാലനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പ്രൈമറി/ മൊബൈൽ/മിനിമൽ പ്രോസ്സസിംഗ് യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ യൂണിറ്റൊന്നിന് 10 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 13.75 ലക്ഷം രൂപയും ധനസഹായം നൽകുന്നു.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലെ ഹോൾട്ടിക്കൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഗ്രാമീണ വിപണികൾ സ്ഥാപിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 10 ലക്ഷം രൂപയും (40%), ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും (35%), മലയോര പ്രദേശങ്ങളിൽ 7.5 ലക്ഷം രൂപയും (50%) ധനസഹായം നൽകുന്നു.

(ഡി) കുരുമുളക്, സുഗന്ധവിളകൾ എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനായി കൃഷി വകുപ്പ് സുഗന്ധവിള വികസന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നീ സുഗന്ധവിളകളുടെ വിളവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് സഹായം നൽകുന്നു. കുരുമുളക്, ജാതി, ഗ്രാമ്പൂ എന്നീ വിളകൾക്ക് ഹെക്ടറിന് 20,000 രൂപ വീതവും ഇഞ്ചി, മഞ്ഞൾ എന്നീ വിളകൾക്ക് ഹെക്ടറിന് 12,500 രൂപ വീതവും സഹായം നൽകുന്നു. കൂടാതെ കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് ഹെക്ടറിന് 7,500 രൂപ വീതവും കുരുമുളക് തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നഴ്സറികൾ സ്ഥാപിക്കുന്നതിന് 30,000 രൂപ വീതവും ധനസഹായം നൽകുന്നു. ഇത് കൂടാതെ ഇടുക്കി ജില്ലയിൽ മാത്രമായി കുരുമുളക് കൃഷി വികസനത്തിന് വിവിധ പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം 500 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കുരുമുളക് കൃഷിക്കാവശ്യമായ ഉൽപ്പാദനോപാധികൾ വാങ്ങുന്നതിനും സംയോജിത കീടനിയന്ത്രണം അനുവർത്തിക്കുന്നതിനും നഴ്സറികൾ സ്ഥാപിക്കുന്നതിനും കുരുമുളക് സമിതിയുടെ പുനരുദ്ധാരണത്തിനും ഈ തുക ഉപയോഗിക്കാം. കൂടാതെ കുരുമുളകിന്റെ വിള വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും സഹായം നൽകുന്നു. ആകെ 1000 ലക്ഷം രൂപ ഈ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

വയനാട് ജില്ലയിലെ കുരുമുളക് കൃഷിയുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി വയനാട് പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി സംയോജിത കുരുമുളക് വികസന പദ്ധതി നടപ്പിലാക്കുന്നു. വയനാട് ജില്ലയിലെ കുരുമുളക് കൃഷി മെച്ചപ്പെടുത്തുന്നതിനാവശ്യമായ തൈകൾ, ഉൽപ്പാദനോപാധികൾ, പരിശീലന പരിപാടികൾ, ദ്രുതവാട്ടം പ്രതിരോധിക്കുന്നതിനുള്ള നടപടികൾ തുടങ്ങി വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 1300 ലക്ഷം രൂപ 2017-18-ൽ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 2017-18 സാമ്പത്തിക വർഷത്തിലെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി സുഗന്ധവ്യഞ്ജന വിളകളായ ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവയുടെ വിളവിസ്തൃതി വ്യാപനത്തിന് ധനസഹായം നൽകിവരുന്നു.

## വികസന ദൗത്യങ്ങളുടെ ആസൂത്രണ - നിർവ്വഹണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

18 (*288) ശ്രീ. കെ. ആൻസലൻ:
ശ്രീ. വി. ജോയി:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വികസന ദൗത്യങ്ങളുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) വികസന ദൗത്യങ്ങളുടെ വിജയത്തിന് അനിവാര്യമായ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫലപ്രദമായി ഇടപെടാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തും നടപ്പാക്കേണ്ട വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികൾ സംയോജിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനുംവേണ്ട സാങ്കേതിക സഹായവും ജനപങ്കാളിത്തവും ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വികസന ദൗത്യങ്ങളുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ചും ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖകളും പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പ്രധാന വികസന ദൗത്യങ്ങൾ ഹരിത കേരളം, ആർദ്രം, ലൈഫ്, വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവയാണ്.

ഹരിത കേരള മിഷൻ

ഹരിത കേരളം മിഷന് കൃഷി വികസനം, ശുചിത്വ മാലിന്യ സംസ്കരണം, ജല സംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണുള്ളത്. മാലിന്യരഹിത തദ്ദേശസ്വയംഭരണ സ്ഥാപനം, കാർഷിക സമ്പന്നമായ തദ്ദേശസ്വയംഭരണ സ്ഥാപനം, ജലം സ്വയംപര്യാപ്തതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനം എന്നിവ ലക്ഷ്യമായി കണ്ട് പ്രോജക്ടുകൾ രൂപപ്പെടുത്തുവാനും നിർവ്വഹണം നടത്തുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ വികസന പ്രോജക്റ്റുകൾ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന ഉദ്ദേശലക്ഷ്യങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി നടപ്പിലാക്കിവരുന്നു. ആയതിനായി സർക്കാർ സ്കൂളുകൾ ഹൈടെക് ആക്കുന്നതിനുവേണ്ട നടപടി എടുത്തുവരുന്നു.

ആർദ്രം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ പ്രോജക്റ്റുകൾ ആർദ്രം മിഷനുമായി സമന്വയിപ്പിച്ച് ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി എടുത്തുവരുന്നു.

ലൈഫ് മിഷൻ

സർക്കാരിന്റെ ലൈഫ് മാർഗ്ഗരേഖയ്ക്ക് അനുസൃതമായി ലൈഫ് മിഷൻ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിലെ ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിന് നിശ്ചിത നിരക്കിൽ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഭൂരഹിത-ഭവനരഹിത പട്ടികയിലെ ഭവനസമുച്ചയങ്ങളുൾപ്പെടെ നിർമ്മിക്കുന്നതിന് വേണ്ടി ഭൂമി വാങ്ങുന്നതിന് 2018-19 വാർഷിക പദ്ധതിയിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. 2017-18-ൽ മുൻകാലങ്ങളിൽ ധനസഹായം നൽകിയതിൽ ഇതുവരെ പൂർത്തിയാക്കാൻ കഴിയാത്ത വീടുകളുടെ പൂർത്തീകരണത്തിനുവേണ്ടി തുക നിശ്ചിത മാനദണ്ഡങ്ങൾക്ക് വിധേയമായി അനുവദിക്കുവാനും നടപടികൾ എടുത്തിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽനിന്നും 20% തുക വിനിയോഗിക്കാനുള്ള നിർദ്ദേശം മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. ഫലപ്രദമായ ഇടപെടൽ നടത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കിവരുന്നു. വികസന ദൗത്യങ്ങളുടെ വിജയം മുൻനിർത്തി വാർഷിക പദ്ധതിയിൽ പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറായിട്ടുണ്ട്.

(സി) വിവിധ തലങ്ങളിലെ പദ്ധതി നിർദ്ദേശം നിർവ്വഹണത്തിൽ ഏകോപിപ്പിക്കാനായി ജില്ലാ വികസന സമിതിയുടെ ആഭിമുഖ്യത്തിൽ ജില്ലാ വികസന പ്ലാനുകൾ രൂപീകരിച്ചും സംസ്ഥാനതല മിഷനുകളുംവഴി സാങ്കേതിക സഹായവും പങ്കാളിത്തവും ഉറപ്പുവരുത്തുന്നു. സർക്കാർതലത്തിൽ പദ്ധതികളെ തുടർച്ചയായി വിലയിരുത്തിവരുന്നു.

## കാർഷിക സർവ്വകലാശാല കണ്ടെത്തിയിട്ടുള്ളഅത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ

19 (*289) ശ്രീ. കെ. എം. ഷാജി:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:

ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരെ സഹായിക്കുന്നതിനായി അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ സംരക്ഷിച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കാർഷിക സർവ്വകലാശാല അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ&ബി) ഉണ്ട്. കർഷകരെ സഹായിക്കുന്നതിനായി കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിലെ ശാസ്ത്ര ഗവേഷണ പദ്ധതികളിലൂടെ ഉരുത്തിരിച്ച് എടുക്കുന്ന അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ സ്റ്റേറ്റ് സീഡ് സബ് കമ്മിറ്റി പരിശോധിച്ച് കാലാകാലങ്ങളിൽ പുറത്തിറക്കുന്നു. പ്രസ്തുത വിത്തുകൾ സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങൾ, കൃഷി വകുപ്പ് ഫാമുകൾ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങൾ കർഷകർക്കായി വിത്തുൽപ്പാദനം നടത്തി വിതരണം ചെയ്യുന്നുണ്ട്.

അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തിനങ്ങൾ സംസ്ഥാനത്തിന്റെ സീഡ് പ്ലാനിൽ ഉൾപ്പെടുത്തി ബ്രീഡർ സീഡുകൾ കാർഷിക സർവ്വകലാശാല ഫാമുകളിലൂടെയും ഫൗണ്ടേഷൻ വിത്തുകൾ സംസ്ഥാനത്തെ 33 സർക്കാർ സീഡ് ഫാമുകളിലൂടെയും സർട്ടിഫൈഡ് വിത്തുകൾ പാടശേഖര സമിതികൾ/രജിസ്റ്റേർഡ് വിത്തുൽപ്പാദന കർഷകർ മുഖേന ആർ.എസ്.ജി.പി. പദ്ധതി പ്രകാരം ഉൽപ്പാദിപ്പിച്ച് കെ.എസ്.എസ്.ഡി.എ. മുഖേന സംഭരിക്കുകയും യഥാസമയം തുടർകൃഷിക്കായി ലഭ്യമാക്കിവരികയും ചെയ്യുന്നു.

(സി) 2010, 2013, 2015, 2017 കാലയളവിൽ കേരള കാർഷിക സർവ്വകലാശാല മൊത്തം 76 തരം വിത്തിനങ്ങൾ കണ്ടെത്തിയിരുന്നു. അവയെല്ലാം തന്നെ അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളാണ്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണ പുരോഗതി

20 (*290) ശ്രീ. കെ. രാജൻ:

ശ്രീ. ചിറ്റയം ഗോപകുമാർ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുലിമുട്ട് നിർമ്മാണത്തിന് കല്ലെത്തിക്കാത്തത് പദ്ധതി പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പുലിമുട്ട് നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) തുറമുഖ നിർമ്മാണവും തുറമുഖത്തിലേയ്ക്കുള്ള റോഡ് നിർമ്മാണവും സമയബന്ധിതമായി നടക്കുന്നുണ്ടോ;

(ഇ) പദ്ധതിയുടെ ആദ്യഘട്ടം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(എഫ്) ഏറ്റെടുത്ത സ്ഥലത്ത് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി(ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി നിർമ്മാണ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് കൺസഷൻ കരാറിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെ ഒരു ഇൻഡിപ്പെൻഡന്റ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ട്. ഇൻഡിപ്പെൻഡന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റിയും പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും നിർമ്മാണ പുരോഗതി വിലയിരുത്തി വരുന്നുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി 1460 ദിവസം (4 വർഷം) കൊണ്ട് നിർമ്മാണം പൂർത്തീകരിച്ച് 2019 ഡിസംബർ മാസം 5-ാം തീയതി വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കുമെന്നാണ് കൺസഷൻ കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ നിർമ്മാണം 1000 ദിവസംകൊണ്ട് പൂർത്തീകരിക്കാമെന്ന് കരാറുകാരായ അദാനി വിഴിഞ്ഞം പോർട്ട്

പ്രൈവറ്റ് ലിമിറ്റഡ് കമ്പനി (AVPPL) വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ 2017 നവംബർ 30-ന് കേരള തീരത്ത് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റും പാറ ലഭിക്കുന്നതിനുള്ള പ്രയാസവും നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തിയതു കൊണ്ട് 1000 ദിവസംകൊണ്ട് (കരാർ കാലാവധിക്ക് മുമ്പ്) നിർമ്മാണം പൂർത്തീകരിക്കുന്ന കാര്യം സംശയമാണ്. അതേസമയം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തുതന്നെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി&സി) പാറ ലഭിക്കുന്നതിനുള്ള പ്രയാസം നിർമ്മാണ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. മൂവായിരത്തി ഒരുന്നൂറ് മീറ്റർ നീളമുള്ള പുലിമുട്ടിൽ ഇതുവരെ ഏകദേശം 600 മീറ്റർ നിർമ്മാണമാണ് പൂർത്തിയായിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ പാറയ്ക്ക് ക്ഷാമം നേരിടുന്നതിനാൽ കൊല്ലം ജില്ലയിൽനിന്നും പാറ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ പാറ ഖനനത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ആവശ്യമെങ്കിൽ വിഴിഞ്ഞം പ്രോജക്ടിന് ആവശ്യമായ പാറ കമ്പനിയുടെ മേൽനോട്ടത്തിൽത്തന്നെ ഖനനം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. തമിഴ്നാട്ടിൽനിന്നും പാറ കൊണ്ടുവരുന്നതിന് അദാനി കമ്പനി ശ്രമംനടത്തുന്നുണ്ട്.

(ഡി) പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തടസ്സങ്ങൾ ഉണ്ടാകുമ്പോൾ ജില്ലാ ഭരണകൂടവും സംസ്ഥാന സർക്കാരും ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്.

(ഇ) വിഴിഞ്ഞം പദ്ധതിയുടെ ആദ്യഘട്ടം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

വിഴിഞ്ഞം തുറമുഖ പദ്ധതി നിർമ്മാണ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് കൺസഷൻ കരാറിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെ ഒരു ഇൻഡിപ്പെൻഡന്റ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ട്. ഇവരുടെ നേതൃത്വത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. പദ്ധതിക്കാവശ്യമായ 91.94% (84.9529 ഹെക്ടർ) ഭൂമി ഏറ്റെടുത്ത് കൺസഷണയർക്ക് കൈമാറിയിട്ടുണ്ട്. വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട പാരിസ്ഥിതിക അനുമതികളെല്ലാം ലഭ്യമായിട്ടുണ്ട്. റെയിൽപ്പാത നിർമ്മാണത്തിനായി ഈ രംഗത്ത് പ്രാഗൽഭ്യമുള്ള കൊങ്കൺ റെയിൽ കോർപ്പറേഷൻ (KRCL) ലിമിറ്റഡുമായി ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുമുണ്ട്.

പ്രോജക്ടിനാവശ്യമായ വെള്ളമെത്തിക്കുന്നതിന് 3.3 MLD ശേഷിയുള്ള പ്രോജക്ട് പൂർത്തിയാക്കി. പാരിസ്ഥിതിക അനുമതി ലഭിച്ചപ്പോൾ ദേശീയ ഹരിത ട്രിബ്യൂണൽ (NGT) നിഷ്കർഷിച്ചിരുന്ന തരത്തിൽ മത്സ്യത്തൊഴിലാളികൾക്കും റിസോർട്ട് തുടങ്ങിയ അനുബന്ധ മേഖലയിലുള്ള തൊഴിലാളികൾക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകളിൽ മത്സ്യബന്ധന വകുപ്പിന്റെകീഴിൽ ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) രൂപീകരിച്ച് ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ചുവരികയാണ്. ടി റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും നഷ്ടപരിഹാരം ഉറപ്പാക്കുന്നതാണ്.

(എഫ്) പദ്ധതിക്കായി ഏറ്റെടുത്ത ഭൂമിയിൽ ചുറ്റുമതിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സമീപവാസികളിൽനിന്ന് എതിർപ്പ് ഉയരുന്ന സ്ഥലങ്ങളിൽ ആയത് പരിശോധിച്ച് ആവശ്യമായ ശിപാർശ സർക്കാരിന് സമർപ്പിക്കുന്നതിനായി പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം വിഴിഞ്ഞം സ്പെഷ്യൽ തഹസീൽദാർ (LA), വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്, അദാനി കമ്പനി എന്നിവയുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

**നാളീകേര വികസനത്തിനായി കേരഗ്രാമം പദ്ധതി**

21 (*291) <u>ശ്രീ. ഐ.ബി. സതീഷ്:</u>
<u>ശ്രീ. എ. പ്രദീപ്കുമാർ:</u>
<u>ശ്രീമതി യു. പ്രതിഭ ഹരി:</u>
<u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വികസനത്തിനായി കേരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) പദ്ധതിയുടെ നടത്തിപ്പിനായി കേരസമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(സി) ഉത്പാദനക്ഷമതയില്ലാത്തതും പ്രായംചെന്നതും രോഗബാധ യുള്ളതുമായ തെങ്ങുകൾ വെട്ടിമാറ്റി ഉയർന്ന ഉത്പാദനക്ഷമതയുള്ള സങ്കരയിനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിന് പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകിവരുന്നത്;

(ഡി) തെങ്ങുകളുടെ കീടരോഗ നിയന്ത്രണത്തിനായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) നാളീകേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിള പരിപാലനമുറകൾ സ്വീകരിച്ച് നാളീകേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളീകേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നുണ്ട്.

(ബി) പദ്ധതിയുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, കൃഷി ഓഫീസർ എന്നിവരെ എക്സ് ഒഫീഷ്യോ മെമ്പർമാരായി ഉൾപ്പെടുത്തിക്കൊണ്ട് ഒരു കേരഗ്രാത്തിന് ഒരു പഞ്ചായത്തുതല കേരസമിതിവീതം രൂപീകരിച്ചിട്ടുണ്ട്.

(സി) ഉൽപ്പാദനക്ഷമത കുറഞ്ഞതും പ്രായാധിക്യം ബാധിച്ചതും രോഗബാധയുള്ളവയുമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് നഷ്ടപരിഹാരമായി ഒരു തെങ്ങിന് 500 രൂപ നിരക്കിൽ ഒരു ഹെക്ടറിന് പരമാവധി 7,500 രൂപയും പകരം ഗുണമേൻമയുള്ള തെങ്ങിൻതൈ നടുന്നതിന് ഒരു തൈയുടെ വിലയുടെ 50% പരമാവധി 60 രൂപയും ധനസഹായമായി കേരഗ്രാമം പദ്ധതി മുഖേന നൽകിവരുന്നു.

(ഡി) ജൈവകീടനാശിനികൾ, ജൈവ നിയന്ത്രണകാരികൾ, ജീവാണുവളം എന്നിവ ഉപയോഗിച്ചുള്ള ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് ആവശ്യമായി വരുന്ന വസ്തുക്കളുടെ 50% വില പരമാവധി ഒരു തെങ്ങിന് 25 രൂപയും ആവശ്യമെങ്കിൽ രാസകീടനാശിനി പ്രയോഗത്തിന് മരുന്നിന്റെ വിലയുടെ 50% പരാമവധി 10 രൂപയും ധനസഹായമായി കേരഗ്രാമം പദ്ധതി മുഖേന നൽകിവരുന്നു. കൂടാതെ തെങ്ങിൽ കയറി മരുന്നുതളിയുൾപ്പെടെയുള്ള കീടരോഗ പ്രവർത്തനങ്ങൾ നടത്തുന്നതിന് തെങ്ങ് കയറ്റ കൂലിയായി ഒരു തെങ്ങിന് 50 രൂപ ക്രമത്തിൽ നൽകുവാനും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

**അമിതവേഗം നിയന്ത്രിക്കുവാൻ നടപടി**

22 (*292) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറാ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തി. അപകടംകൂടിയ സ്ഥലങ്ങൾ 24x7 മണിക്കൂറും നിരീക്ഷിച്ച് അമിതവേഗതയിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നുണ്ട്. നാഷണൽ ഹൈവേയിലെ ചേർത്തല മുതൽ മഞ്ചേശ്വരം വരെ ക്യാമറാ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തി. സ്ഥിരം അപകട മേഖലകളിലും വാഹനങ്ങൾ അമിതവേഗതയിൽ സഞ്ചരിക്കുവാൻ സാധ്യതയുള്ള സ്ഥലങ്ങളിലും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ പ്രവർത്തിപ്പിച്ചുവരുന്നു. വാളയാർ-വടക്കഞ്ചേരി നാഷണൽ ഹൈവേയിലും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ GPS അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ബസ്സുകളുടെ സമയക്രമം തെറ്റിക്കൽ, മത്സര ഓട്ടം, അമിത വേഗത, ട്രിപ്പുകൾ തെറ്റിക്കുന്നത്, റൂട്ട് മാറിയുള്ള സർവ്വീസ് നടത്തൽ എന്നിവ എളുപ്പത്തിൽ കണ്ടുപിടിച്ച് നിയമലംഘകർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും തദ്വാര അപകടങ്ങളും അതുമൂലമുള്ള മരണങ്ങളും കുറയ്ക്കുന്നതിനും സാധിക്കും. അതുകൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും ശക്തമാക്കുന്നുണ്ട്. ബഹു. സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം അമിതവേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾ നടത്തുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികളും കർശനമായി നടപ്പാക്കുന്നുണ്ട്.

(ബി) 'റോഡ് സുരക്ഷയ്ക്കായി ഒരു ദശകം' എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടിയെ അടിസ്ഥാനമാക്കി പുതിയതായി ലൈസൻസ് എടുക്കുന്നവർക്ക് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ്, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്ക് പരിശീലനം, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പരിശീലനം, ട്രാൻസ്പോർട്ട് നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാർക്ക് ഡ്രൈവിംഗിലും ട്രാഫിക് അവബോധം വളർത്തുന്നതിനുമുദ്ദേശിച്ചുള്ള പരിശീലനം എന്നിവയും ടിപ്പർ ലോറി, സ്കൂൾ വാഹനങ്ങൾ എന്നിവയിലെ ഡ്രൈവർമാർക്ക് അവബോധന/പരിശീലന ക്ലാസ്സുകളും സംഘടിപ്പിക്കുന്നുണ്ട്.

## രൂപമാറ്റം വരുത്തിയ വാഹനങ്ങൾക്കെതിരെ നടപടി

23 (*293) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിലും മറ്റും രൂപമാറ്റം വരുത്തിയ വാഹനങ്ങൾ അമിതവേഗതയിൽ സഞ്ചരിച്ച് അപകടങ്ങൾ ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതൊക്കെ തരത്തിലുള്ള രൂപമാറ്റങ്ങളാണ് കാറിലും ബൈക്കിലും കണ്ടുവരുന്നത് എന്നറിയിക്കാമോ;

(സി) ഇത്തരത്തിലുള്ള നിയമലംഘനങ്ങൾക്ക് എതിരെ എന്തൊക്കെ ശിക്ഷാനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഉണ്ട്.

(ബി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ രീതിയിൽ ക്രാഷ് ഗാർഡുകൾ സ്ഥാപിച്ചും ഇരുചക്രവാഹനങ്ങളിൽ അമിത ശബ്ദമുണ്ടാക്കുന്ന സൈലൻസറുകൾ രൂപമാറ്റം വരുത്തി ഉപയോഗിച്ചും വാഹനത്തിലെ ഹാന്റിൽ മുതലായവ രൂപമാറ്റം വരുത്തിയും ഉപയോഗിക്കുന്നതായി കാണപ്പെടുന്നു. ഇത്തരത്തിലുള്ള രൂപമാറ്റം വാഹനത്തിന്റെ സ്വാഭാവിക പ്രവർത്തനത്തെയും സ്ഥിരതയെയും ബാധിക്കുകയും അപകടത്തിന് കാരണമാകുകയും ചെയ്യുന്നു. 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 138 (5)-ൽ പരാമർശിക്കുന്ന തരത്തിലുള്ള തീവ്രപ്രകാശമുള്ള ബൾബുകൾ മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ച് അവ ഉപയോഗിക്കുന്നവർക്കും മറ്റ് റോഡ് ഉപയോക്താക്കൾക്കും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായും അപകടങ്ങൾക്ക് കാരണമാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരത്തിൽ നിയമലംഘനം നടത്തി ഓടുന്ന വാഹനങ്ങൾ കണ്ടെത്തുന്നതിനും അവയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതിനുമായി പ്രത്യേക വാഹന പരിശോധനകൾ നടത്തി പിഴ ഈടാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണപ്രവർത്തനങ്ങളുടെ പുരോഗതി

24 (*294) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.- യെ പുനഃരുദ്ധരിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) കടുത്ത സാമ്പത്തികപ്രതിസന്ധിയിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.-യുടെ വരുമാന വർദ്ധനവിനുതകുന്ന എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ജീവനക്കാരുടെ ജോലിയും ജോലിസമയവും ഉചിതമായ വിധത്തിൽ പുനഃക്രമീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വാഹന ഉപയോഗ നിരക്കും ഇന്ധനക്ഷമതയും ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് പരീക്ഷണാർത്ഥം നടത്തുന്ന പുനഃക്രമീകരണങ്ങൾ ജീവനക്കാരുടെ ജോലിയിലും കോർപ്പറേഷന്റെ വരുമാനത്തിലും മാറ്റമുണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഉണ്ട്. സാമ്പത്തിക പുനക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. 9% പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3350 കോടി രൂപ അനുവദിക്കാമെന്ന് ബാങ്കുകളുടെ കൺസോർഷ്യം തത്വത്തിൽ സമ്മതിച്ചുകഴിഞ്ഞു. ഇത് യാഥാർത്ഥ്യമായാൽ കെ.എസ്.ആർ.ടി.സി.-ക്ക് വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പുനരുദ്ധാരണത്തിന്റെ ഭാഗമായി, കെ.എസ്.ആർ.ടി.സി.-യുടെ മാനേജ്മെന്റ് തലത്തിൽ കരാർ അടിസ്ഥാനത്തിൽ പ്രൊഫഷണലുകളെ സർക്കാർ നിയമിച്ചിട്ടുണ്ട്. ജീവനക്കാരുടെ ഡ്യൂട്ടി പാറ്റേണിൽ പുനക്രമീകരണം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം സംബന്ധിച്ച് പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ച ഇടക്കാല

റിപ്പോർട്ടിലെ ശിപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നോഡൽ ഓഫീസറായി കോർപ്പറേഷനിലെ ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യെ പ്രതിസന്ധിയിൽനിന്നും രക്ഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാകാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർസംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്ക് പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസ്സുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. മെക്കാനിക്കൽ

ജീവനക്കാരുടെ ഡ്യൂട്ടി സമയക്രമം, ബസ്സുകൾ സർവ്വീസ് കഴിഞ്ഞുവരുന്ന സമയത്തിനനുസൃതമായി പുനക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ആകുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാനഭാരം കുറയ്ക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. ഫ്ലോട്ട് സംവിധാനത്തിൽ വാഹന ഘടകങ്ങൾ സ്പെയർ ആയി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു. ഇത്തരം നടപടികളിലൂടെ ഓഫ്-റോഡ് നിരക്ക് കുറയ്ക്കുന്നതിനും ഫ്ലീറ്റ് യൂട്ടിലൈസേഷൻ വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേൻമ ഉറപ്പാക്കുന്നതിനും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇന്ധനക്ഷമത ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്)-മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും ഒരു അസി. വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിന് മാത്രമായി നിയോഗിക്കുകയും ചെയ്തു. ജീവനക്കാർക്ക് പ്രചോദനം എന്ന നിലയിൽ 5 കി.മീ.-ന് മുകളിൽ ഇന്ധനക്ഷമത കൈവരിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപയുടെ പ്രതിദിന ഇൻസെന്റീവ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വാഹന നിർമ്മാതാക്കളുടെ പരിശീലന കേന്ദ്രങ്ങളിലേയ്ക്ക് ഡ്രൈവർമാരെ നിയോഗിച്ച് ഇന്ധനക്ഷമതയും മെച്ചപ്പെട്ട ഡ്രൈവിംഗും കൈവരിക്കുന്നതിനായും പരിശീലനം നൽകിവരുന്നുണ്ട്. കാലാവധി പൂർത്തിയാക്കിയ പഴയ ബസ്സുകൾ മാറ്റുന്നതിനും കൂടുതൽ പുതിയ സർവ്വീസുകൾ ആരംഭിച്ച് വരുമാനം ഉയർത്തുന്നതിനുമായി 900 ഡീസൽ ബസ്സുകൾ വാങ്ങുന്നതിന് കിഫ്ബിയിൽനിന്നും 324 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ഓഫീസർമാരുടെയും എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലി സമയം ഉചിതമായ വിധത്തിൽ പുനക്രമീകരിച്ചിട്ടുണ്ട്. കൂടാതെ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുകയും ഷെഡ്യൂളുകൾ വരുമാന വർദ്ധനവിനുതകുന്ന രീതിയിൽ പുനക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാകാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. മുഴുവൻ ഷെഡ്യൂളുകളും സിംഗിൾ ഡ്യൂട്ടികളായി പുനക്രമീകരിക്കുവാനുള്ള

നടപടികൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ ഡ്യൂട്ടി സമയക്രമം ബസ്സുകൾ സർവ്വീസ് കഴിഞ്ഞുവരുന്ന സമയത്തിനനുസൃതമായി പുനക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ആകുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയക്രമം ബസ്സുകൾ സർവ്വീസ് കഴിഞ്ഞുവരുന്ന സമയത്തിനനുസൃതമായി പുനക്രമീകരിച്ചു. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ രാത്രികാലത്താക്കി. ഇതുവഴി ഫ്ലീറ്റ് യൂട്ടിലൈസേഷൻ ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ധനക്ഷമത ദേശീയ ശരാശരിയിലേയ്ക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്)-മാരുടെയും കീഴിൽ ഫ്യുവൽ സെൽ രൂപീകരിക്കുകയും ഒരു അസി. വർക്സ് മാനേജരെ ഫ്യുവൽ സെല്ലിന് മാത്രമായി നിയോഗിക്കുകയും ചെയ്തു. ജീവനക്കാർക്ക് പ്രചോദനം എന്ന നിലയിൽ 5 കി.മീ.-ന് മുകളിൽ ഇന്ധനക്ഷമത കൈവരിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപയുടെ പ്രതിദിന ഇൻസെന്റീവ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

**റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്ര സംസ്ഥാന കർമ്മസേന**

25 (*295) ഡോ. എൻ. ജയരാജ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്ര സംസ്ഥാന കർമ്മസേന എന്ന ആശയത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) നാണ്യവിളപ്പട്ടികയിൽ നിന്നും സ്വാഭാവിക റബ്ബറിനെ കാർഷിക വിളയായി മാറ്റണം എന്ന കേരളത്തിന്റെ ആശയത്തോട് കേന്ദ്രസർക്കാർ നിലപാട് എന്താണെന്ന് അറിയിക്കാമോ;

(സി) നാണ്യവിളയെന്ന നിലയിൽ വ്യവസായ താത്പര്യം മാത്രം കാണുന്ന കേന്ദ്രസർക്കാർ നിലപാട് മാറ്റിയെടുക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തു എന്ന് വ്യക്തമാക്കാമോ;

(ഡി) കർഷകർക്ക് നൽകുന്ന ഉൽപാദക ബോണസ് നിലവിലുള്ള 150 രൂപയിൽ നിന്നും 200 രൂപയാക്കുവാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കേന്ദ്ര സർക്കാർ ദേശീയ റബ്ബർ നയം പരിഷ്കരിക്കുമ്പോൾ ചെറുകിട നാമ മാത്ര കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും കേന്ദ്ര സർക്കാരിന്റെ ലൈവ്ലിഹുഡ് സെക്യൂരിറ്റി ബോക്സിലും രാജ്യാന്തര വാണിജ്യ-വ്യവസായ കരാറുകളിലും സ്വാഭാവിക റബ്ബറിനെ ഉൾപ്പെടുത്തണമെന്നും ആസിയാൻ രാജ്യങ്ങളിൽനിന്നുള്ള റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്നും കേന്ദ്ര വാണിജ്യ-വ്യവസായ വകുപ്പുമന്ത്രിയെ 22-2-2018-ൽ നേരിൽക്കണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹു. കേന്ദ്രമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ റബ്ബർ കർഷകരുടെ വിവിധ ആവശ്യങ്ങൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ജോയിന്റ് ടാസ്ക്ഫോഴ്സ് രൂപീകരിക്കുന്നതാണെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള വിശദാംശങ്ങൾ കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്തശേഷം തീരുമാനിക്കും. ഇതിനുവേണ്ട ആശയവിനിമയം നടന്നുവരുന്നു.

(ബി&സി) ആഭ്യന്തര സ്വാഭാവിക റബ്ബറിന്റെ വില അന്തർദ്ദേശീയ വിപണിയിലുണ്ടാകുന്ന ചലനങ്ങളെ ആശ്രയിച്ചിരിക്കുന്നു. ആഭ്യന്തര വിപണിയിലും അന്തർദ്ദേശീയ വിപണിയിലും റബ്ബറിന്റെ വില കുറയുന്നതിന് ധാരാളം കാരണങ്ങളുണ്ട്. അതിൽ പ്രധാനപ്പെട്ടത് റബ്ബറിന്റെ ലഭ്യത അധികരിച്ചിരിക്കുമ്പോഴും, പ്രധാന ഉപഭോക്താവായ ചൈനയിൽ സ്വാഭാവിക റബ്ബറിന്റെ ഉപയോഗം കുറയുമ്പോഴും, എണ്ണയുടെയും സിൻഡിക്കേറ്റ് റബ്ബറിന്റെ വില കുറയുമ്പോഴുമാണ് സ്വാഭാവിക റബ്ബറിന്റെ വിലയിൽ ഇടിവ് സംഭവിക്കുന്നത്. എന്നിരുന്നാലും 2014 മുതൽ 2016 ഒക്ടോബർ വരെയും 2017 ജൂൺ മുതൽ ഇതുവരെയും ആഭ്യന്തര സ്വാഭാവിക റബ്ബറിന്റെ വില അന്തർദ്ദേശീയ വിപണിയേക്കാളും കൂടുതലായിരുന്നു.

2014-2018 കാലയളവിൽ റബ്ബറിന്റെ ഇറക്കുമതി നിയന്ത്രണ വിധേയമാക്കുന്നതിന് കേന്ദ്ര സർക്കാർ ചുവടെ ചേർക്കും പ്രകാരം ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. കയറ്റുമതിക്കുള്ള ബാധ്യതാ കാലാവധി 06 മാസമായി പരിമിതപ്പെടുത്തി.

2. ഇറക്കുമതി ചുങ്കം, ഉണക്ക റബ്ബർ ഒരു കിലോയ്ക്ക് 20%-മോ അല്ലെങ്കിൽ പരമാവധി 30 രൂപ എന്ന നിരക്കിൽ 2015 ഏപ്രിൽ മാസം മുതൽ വർദ്ധിപ്പിച്ചു.

3. റബ്ബറിന്റെ ഇറക്കുമതി ചെന്നൈയിലെ തുറമുഖം വഴിയും ജവഹർലാൽ നെഹ്റു തുറമുഖം വഴിയും മാത്രമായി പരിമിതപ്പെടുത്തി.

4. Advance Authorisation മുഖേനയുള്ള ഇറക്കുമതി 2016 ജനുവരി 21 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ സസ്പെന്റ് ചെയ്തു.

(ഡി) ഉൽപ്പാദനച്ചെലവിന് ആനുപാതികമായി സ്വാഭാവിക റബ്ബറിന്റെ വില നിശ്ചയിക്കുന്ന കാര്യവും റബ്ബറിന് സംസ്ഥാന സർക്കാർ നൽകിവരുന്ന ഉൽപ്പാദക ബോണസ് 150 രൂപയിൽനിന്നും 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ അധിക തുക ലഭ്യമാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ഗതാഗത സുരക്ഷയ്ക്കായി നൂതന പദ്ധതികൾ**

26 (*296) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി - സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് ഗതാഗത സുരക്ഷയ്ക്കായി വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ നൂതന പദ്ധതികൾ അവിഷ്കരിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) പൊതു ഗതാഗത സംവിധാനം നിരീക്ഷണ വിധേയമാക്കി അപകടങ്ങൾ കുറയ്ക്കുവാൻ ജി.പി.എസ്. അധിഷ്ഠിത വാഹന നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;വ്യക്തമാക്കുമോ;

(സി) അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി റോഡ് സുരക്ഷാ ഡേറ്റാ സെന്റർ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ആവിഷ്കരിച്ചിട്ടുണ്ട്. റോഡുകളിൽ അമിതവേഗത കണ്ടെത്തുന്നതിനുള്ള ക്യാമറകൾ സ്ഥാപിക്കൽ, അത്യാധുനിക സംവിധാനങ്ങളുള്ള ഇന്റർസെപ്റ്റർ വാഹനങ്ങൾ വാങ്ങൽ, ഡ്രൈവിംഗ് ടെസ്റ്റ്, വാഹന പരിശോധന എന്നിവയ്ക്ക് കമ്പ്യൂട്ടർവൽക്കൃത കേന്ദ്രങ്ങൾ സ്ഥാപിക്കൽ, ജി.പി.എസ്. പദ്ധതി തുടങ്ങിയവയൊക്കെ റോഡ് സുരക്ഷ മുൻനിർത്തി വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളാണ്.

വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിന്റെ തീരുമാനത്തിന് വിധേയമായി മോട്ടോർ വാഹന-പോലീസ് വകുപ്പുകൾക്ക് റോഡ് സുരക്ഷാ ഫണ്ട് അനുവദിക്കാറുണ്ട്.

(ബി) ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര നോട്ടിഫിക്കേഷൻ പ്രകാരം 1-4-2018 മുതൽ എല്ലാ പബ്ലിക് സർവ്വീസ് വാഹനങ്ങളിലും ജി.പി.എസ്. നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന് അനുസൃതമായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ആരംഭിച്ചിട്ടില്ല. 13-ാം പഞ്ചവത്സര പദ്ധതിയിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. റോഡ് സുരക്ഷ സംബന്ധിച്ച എല്ലാ വിവരങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുവാനും റോഡ് സുരക്ഷയ്ക്കായി വിവിധ വകുപ്പുകൾ തമ്മിലുള്ള കൂട്ടായ പ്രവർത്തനം ഉറപ്പുവരുത്തുകയുമാണ് പദ്ധതി ലക്ഷ്യം.

## രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ

27 (*297) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എസ്.രാജേന്ദ്രൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളുടെ കാര്യശേഷി വർദ്ധനവിനും ശാക്തീകരണത്തിനുമായി രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) 2017-18 സാമ്പത്തിക വർഷം എന്തെല്ലാം നേട്ടങ്ങളാണ് പ്രസ്തുത പദ്ധതിപ്രകാരം കൈവരിക്കാൻ സാധിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തി എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ&ബി) രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. അധികാരവികേന്ദ്രീകരണം നടപ്പിലാക്കുക, ജനപങ്കാളിത്തം വർദ്ധിപ്പിച്ച് ഗ്രാമസഭകളെ ശക്തിപ്പെടുത്തുക, ത്രിതല പഞ്ചായത്തുകളുടെ സ്ഥാപനശേഷി, കാര്യശേഷി എന്നിവ വികസിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതികളുടെ ഉദ്ദേശലക്ഷ്യങ്ങൾ.

(സി) 2017-18-ലെ അംഗീകരിച്ച വാർഷിക പദ്ധതി പ്രകാരം കേരളത്തിൽ താഴെ പറയുന്ന നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്.

കാര്യശേഷി വികസനം

ആർ.ജി.എസ്.എ. പദ്ധതിയിൽ കാര്യശേഷി വികസനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കില വിവിധ പരിശീലന പരിപാടികൾ നടത്തുകയുണ്ടായി. ഇതിനായി 31-12-2017 വരെ 143.22 ലക്ഷം രൂപ ചെലവഴിച്ചു.

സ്ഥാപനശേഷി വർദ്ധിപ്പിക്കൽ

ഈ ഘടക പദ്ധതിയിൽ അഞ്ച് ജില്ലാ പ്ലാനിംഗ് ആന്റ് റിസോഴ്സ് സെന്റർ സ്ഥാപിക്കുന്നതിനുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. കാസർഗോഡ്, പാലക്കാട്, ഇടുക്കി, മലപ്പുറം എന്നീ 4 ജില്ലകളിൽ ഭൂമി കണ്ടെത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയ കാസർഗോഡ്, പാലക്കാട്, ഇടുക്കി ജില്ലകൾക്ക് 2 കോടി രൂപ വീതം നൽകുകയും അവിടെ പദ്ധതി പുരോഗമിച്ചുവരികയുമാണ്.

ഉപഗ്രഹാധിഷ്ഠിത വിദൂര പഠന സംവിധാനം

2017-18-ൽ 14 ജില്ലാ പഞ്ചായത്തുകളിൽ ഒരു വെർച്വൽ ക്ലാസ് റൂം സ്ഥാപിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ ക്ലാസ് റൂം സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്താൻ കഴിയാത്ത മലപ്പുറം ജില്ല ഒഴികെ മറ്റ് 13 ജില്ലകളിലും പദ്ധതി പുരോഗമിച്ചുവരികയാണ്.

ഐ.ഇ.സി.

ഈ ഘടക പദ്ധതിയിൽ 20 " pico projectors" വാങ്ങുന്നതിനും 6 ഷോർട്ട് ഫിലിം നിർമ്മിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

ഓൺലൈൻ റെപ്പോസിറ്ററിയും മലയാളം യൂണികോഡ് നടപ്പാക്കലും

പഞ്ചായത്ത് നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഓൺലൈൻ റെപ്പോസിറ്ററി തയ്യാറാക്കലും ഭരണനിർവ്വഹണ രേഖകൾ യൂണികോഡ് മലയാളത്തിലാക്കി മാറ്റുന്നതിനും മലയാളം യൂണികോഡ് അധിഷ്ഠിത ടൈപ്പിംഗ് പഞ്ചായത്തുതലംവരെ നടപ്പാക്കുന്ന പദ്ധതി പുരോഗമിച്ചുവരുന്നു.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും തത്തുല്യ ഉദ്യോഗസ്ഥർക്കും ഐ.എം.ജി. വഴി നൽകുന്ന പ്രത്യേക പരിശീലനം

ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാരുടെ ഉത്തരവാദിത്വം വളരെ വൈവിധ്യവും വെല്ലുവിളികൾ നിറഞ്ഞതുമാണ്. ഈ ഉത്തരവാദിത്വങ്ങൾ

നല്ല രീതിയിൽ നിറവേറ്റുവാൻ നല്ല മാനേജ്മെന്റ് പാടവവും വിവിധ വിഷയങ്ങളിലെ അറിവും അത്യന്താപേക്ഷിതമാണ്. ഇത് മുന്നിൽ കണ്ടുകൊണ്ട് പഞ്ചായത്ത് വകുപ്പ് രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ.) പദ്ധതിയുടെ കീഴിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.) വഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും തത്തുല്യ ഉദ്യോഗസ്ഥർക്കും പ്രത്യേക പരിശീലനം നൽകിവരുന്നു.

<u>ഗ്രാമപഞ്ചായത്തുകളിലെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ</u>

കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനാണ് പഞ്ചായത്ത് വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നത്. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻകൊണ്ട് ഉദ്ദേശിക്കുന്നത് ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തനങ്ങളിൽ ഒരു അന്തർദ്ദേശീയ നിലവാരം കൊണ്ടുവരികയും അതുവഴി പൊതുജനങ്ങളിൽ മെച്ചപ്പെട്ട സേവനം ഉറപ്പാക്കുകയുമാണ്. അതുകൊണ്ട് കേരളത്തിലെ എല്ലാ പഞ്ചായത്തുകളും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുത്താൽ കേരളത്തിലെ എല്ലാ ജനങ്ങൾക്കും ഗ്രാമപഞ്ചായത്തുകളിൽകൂടി മികച്ച സേവനം ലഭ്യമാക്കാൻ സാധിക്കും. ഇതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

<u>ഗ്രാമപഞ്ചായത്ത് റിപ്പോർട്ടിംഗ് ആന്റ് മോണിറ്ററിംഗ് സിസ്റ്റം (GPRMS)</u>

പ്രതിമാസം ഗ്രാമപഞ്ചായത്തുകളിൽനിന്ന് അനേകം റിപ്പോർട്ടുകൾ ശേഖരിച്ച് അത് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ക്രോഡീകരിക്കുന്നതിന് വലിയൊരു മാനവശേഷി ആവശ്യമായി വരുന്നുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ ശേഖരിക്കാനും പി.എ.യു., എ.ഡി.പി., ഡി.ഡി.പി. എന്നിവർക്ക് ഓൺലൈൻ അംഗീകാരം നൽകാനും റിപ്പോർട്ടുകൾ എടുക്കാനും സഹായിക്കുന്ന ഒരു വെബ് ആപ്ലിക്കേഷൻ വികസിപ്പിക്കുകയും സംസ്ഥാന ഡാറ്റ കേന്ദ്രത്തിൽ ഹോസ്റ്റ് ചെയ്യുകയും ചെയ്തു. ഇതുവഴി ദൈനംദിനം ആവശ്യമുള്ള ഒട്ടനവധി റിപ്പോർട്ടുകൾ ശേഖരിക്കാൻ സാധിക്കുന്നതാണ്.

<u>എസ്.എം.എസ്. വഴിയുള്ള ദൈനംദിന മേൽനോട്ടവും വിലയിരുത്തലും</u>

കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ അവസാന രണ്ടുമാസങ്ങളിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതി പുരോഗതി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, സെക്രട്ടറിമാർ, വിവിധ വകുപ്പ്

അദ്ധ്യക്ഷൻമാർ, മറ്റ് സംസ്ഥാനതല ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ, ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരെ എല്ലാ ദിവസവും രാവിലെ നേരിട്ട് അറിയിക്കുന്നതിനുള്ള സംവിധാനം ആവിഷ്കരിച്ച് നടപ്പിലാക്കി. ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണം മെച്ചപ്പെടുത്തുവാൻ വളരെയേറെ സഹായിച്ചിട്ടുണ്ട്. ഈ വർഷവും മുൻകൂട്ടിതന്നെ ഈ പ്രവൃത്തി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

<u>പഞ്ചായത്ത് വകുപ്പിന്റെ ഫെയ്സ്ബുക്ക് പേജ്</u>

പഞ്ചായത്ത് വകുപ്പിനുവേണ്ടി ഒരു ഫേസ്ബുക്ക് പേജ് ഉണ്ടാക്കുകയും അതിന്റെ പരിപാലനവും നടത്തിപ്പോരുന്നു. ഇത് വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളും മാതൃകാ പദ്ധതികളും എല്ലാ തലത്തിലേയ്ക്കും പ്രചരിപ്പിക്കുന്നതിന് സഹായിക്കുന്നു. മേൽ വിശദീകരിച്ചത് കൂടാതെ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിന്റെ സഹായത്താൽ വകുപ്പിന്റെ വെബ്സൈറ്റ് നടത്തിപ്പ്, ദേശീയ അവാർഡിനുള്ള പഞ്ചായത്തിനെ തെരഞ്ഞെടുക്കൽ, കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ എൽ.ജി.ഡി. ആപ്ലിക്കേഷൻ, പ്ലാൻ പ്ലസ് അപ്ഡേറ്റ്, വകുപ്പിൽ ഇ-ഓഫീസ് നടപ്പാക്കൽ തുടങ്ങിയ പ്രവൃത്തികളും നടത്തിവരുന്നു.

(ഡി) ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുന്നതിനായി പ്രധാനമായും എല്ലാ പഞ്ചായത്തുകളിലും കൺസൾട്ടന്റുമാരെയും സർട്ടിഫിക്കേഷൻ നടത്തുന്നതിനായി സർട്ടിഫിക്കേഷൻ ബോഡിയെയും നിയമിക്കേണ്ടതുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇത് പ്രത്യേകമായി ചെയ്യുമ്പോൾ സമയനഷ്ടവും ധനനഷ്ടവും ഉണ്ടാകുന്നതിന് ഇടയാക്കുന്നു. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സമയബന്ധിതമായി നേടിയെടുക്കുന്നതിന് ആർ.ജി.എസ്.എ. പദ്ധതി പ്രകാരം കേന്ദ്രീകൃതമായി ഒരു കൺസൾട്ടൻസി സ്ഥാപനത്തെയും സർട്ടിഫിക്കേഷൻ ബോഡിയെയും ഏർപ്പെടുത്തുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടത്. ഇതിൽ കൺസൾട്ടൻസി സ്ഥാപനമായി കിലയെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള 2-2-2018-ലെ സർക്കാർ ഉത്തരവ് G.O.(Rt)No.308/2018/LSGD ഇറങ്ങിയിട്ടുള്ളതും ഇതിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്. അക്രഡിറ്റഡ് ഏജൻസികളിൽനിന്നും സർട്ടിഫിക്കേഷൻ ബോഡിയെ തെരഞ്ഞെടുക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയും സർട്ടിഫിക്കേഷൻ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്.

## കർഷകർ സ്വകാര്യ മില്ലുകാർക്ക് കുറഞ്ഞ വിലയ്ക്ക് നെല്ല് വിൽക്കുവാൻ നിർബന്ധിതരാകുന്ന സാഹചര്യം

28 (*298) ശ്രീ. വി. ഡി. സതീശൻ:

ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഭരിക്കുന്ന നെല്ലിന്റെ വില താമസംവിനാ ലഭിക്കുന്നതിന് ആവിഷ്കരിച്ച പി.ആർ.എസ്. (പാഡി റസിപ്റ്റ് ഷീറ്റ്) വായ്പ പദ്ധതി വിജയപ്രദമാണോ; ഏതൊക്കെ ബാങ്കുകളിൽ നിന്നാണ് കർഷകർക്ക് പണം ലഭിക്കുന്നത്; പ്രസ്തുത പദ്ധതിയിൽ ചേർന്ന കർഷകർ എത്രയെന്ന് വിശദമാക്കാമോ;

(ബി) നെല്ല് നൽകുമ്പോൾ സപ്ലൈകോയുടെ വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നതിന് ആധാർ നിർബന്ധമാക്കിയിട്ടുണ്ടോ;

(സി) സപ്ലൈകോയുടെ മെല്ലെപ്പോക്കിലും കാലതാമസത്തിലും മനംമടുത്ത കർഷകർ സ്വകാര്യ മില്ലുകാർക്ക് കുറഞ്ഞ വിലയ്ക്ക് നെല്ല് വിൽക്കുവാൻ നിർബന്ധിതരാകുന്ന സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) സ്വന്തമായി അരിക്കച്ചവടമുള്ള മില്ലുകാർക്ക് നെല്ല് കുത്തുവാൻ കൊടുക്കേണ്ടെന്ന തീരുമാനം എടുത്തിട്ടുണ്ടോ; പ്രസ്തുത തീരുമാനം മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സംഭരിക്കുന്ന നെല്ലിന്റെ വില താമസംവിനാ ലഭിക്കുന്നതിന് ആവിഷ്കരിച്ച പി.ആർ.എസ്. ലോൺ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. ഇതിനായി കേരളത്തിൽ പ്രവർത്തിക്കുന്ന 15 ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. ബാങ്കുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ബാങ്കിന്റെ പേര് |
|---|---|
| 1 | ജില്ലാ സഹകരണ ബാങ്ക്, കോഴിക്കോട് |
| 2 | ബാങ്ക് ഓഫ് ഇന്ത്യ |
| 3 | ഫെഡറൽ ബാങ്ക് |
| 4 | കാനറാ ബാങ്ക് |
| 5 | വിജയാ ബാങ്ക് |
| 6 | കേരള ഗ്രാമീൺ ബാങ്ക് |
| 7 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ |
| 8 | ഇന്ത്യൻ ഓവർസീസ് ബാങ്ക് |
| 9 | സൗത്ത് ഇന്ത്യൻ ബാങ്ക് |
| 10 | ജില്ല സഹകരണ ബാങ്ക്, പാലക്കാട് |
| 11 | ജില്ല സഹകരണ ബാങ്ക്, ആലപ്പുഴ |
| 12 | ജില്ല സഹകരണ ബാങ്ക്, കോട്ടയം |
| 13 | ജില്ല സഹകരണ ബാങ്ക്, പത്തനംതിട്ട |
| 14 | ജില്ല സഹകരണ ബാങ്ക്, വയനാട് |
| 15 | പഞ്ചാബ് നാഷണൽ ബാങ്ക് |

7-3-2018 വരെയുള്ള കണക്കനുസരിച്ച് 42524 കർഷകർ പദ്ധതിയിൽ ചേർന്നിട്ടുണ്ട്.

(ബി) കർഷകർ വ്യക്തിഗത അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യുന്നതിന് ആധാർ നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ കർഷക കൂട്ടായ്മകൾ രജിസ്റ്റർ ചെയ്യുന്നതിന് ആധാർ നിർബന്ധമാക്കിയിട്ടില്ല.

(സി) ഇത്തരം സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇല്ല.

**കാർഷിക വിപണി ശക്തിപ്പെടുത്താൻ ഗ്രാമീണ ചന്തകൾ**

29 (*299) ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. സി . ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഗ്രാമീണ ചന്തകൾ ആരംഭിക്കുവാൻ കൃഷി വകുപ്പിന് പദ്ധതിയുണ്ടോ;

(ബി) പ്രസ്തുത ആഴ്ചച്ചന്തയുടെ നടത്തിപ്പ് ആരെയാണ് ഏല്പിക്കുന്നത്;ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയും;

(സി) ഇത്തരം വിപണി വഴി മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സംവിധാനം ഒരുക്കുമോ;

(ഡി) കർഷകരുടെയും ഉപഭോക്താക്കളുടെയും താല്പര്യങ്ങൾ കണക്കിലെടുത്തുള്ള വിപണി ഇടപെടൽ കാർഷിക വിപണന മേഖലയിൽ എന്ത് മാറ്റം ഉണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. കാർഷിക വിപണി വികസനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഒരു ഘടകമാണ് ഗ്രാമപഞ്ചായത്തുതല ആഴ്ച ചന്തകൾ. നിലവിൽ കാർഷികോൽപ്പന്നങ്ങൾ കർഷകർക്ക് നേരിട്ട് ഉപഭോക്താക്കൾക്ക് നൽകുന്നതിന് പരിമിതമായ അവസരമാണുള്ളത്. ഇതിന് പരിഹാരമായി പഴം, പച്ചക്കറി, ചെറുധാന്യങ്ങൾ, പരമ്പരാഗതവും നശിച്ചുപോകുന്നതുമായ കാർഷികോൽപ്പന്നങ്ങൾ എന്നിവയുടെ വിപണനത്തിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ആഴ്ചച്ചന്തകൾ നടപ്പിലാക്കിവരുന്നു. ഇതിനായി ഉൽപ്പാദന കേന്ദ്രങ്ങൾക്ക് സമീപംതന്നെ കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ട ആഴ്ചചന്തകൾ സ്ഥാപിക്കുന്നു. ഉൽപ്പാദന കേന്ദ്രങ്ങളിൽനിന്നും വിപണിയിലേയ്ക്ക് എത്തുന്നതുവരെയുള്ള നഷ്ടം ഇതുമൂലം ഒഴിവാക്കാൻ കഴിയും. കൃഷി വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള കുടുംബശ്രീയുമായി സഹകരിച്ച് ടി പദ്ധതിയുടെ ആദ്യഘട്ടത്തിൽ 400 ആഴ്ചച്ചന്തകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കൃഷി വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള കുടുംബശ്രീയുമായി സഹകരിച്ച് ആഴ്ച്ചച്ചന്തകൾ നടത്തുന്നു. നാല് അംഗങ്ങൾ അടങ്ങിയ നിർവ്വഹണ കമ്മിറ്റിക്കാണ് ആഴ്ച്ചന്ത നടത്തിപ്പിന്റെ ചുമതല. രണ്ട് അംഗങ്ങൾ കുടുംബശ്രീ ജെ.ഇ.വി.എ. (JLG Evaluation Agent)-യിൽനിന്നും കൂടാതെ മറ്റ് രണ്ടംഗങ്ങൾ വനിതകൾക്ക് മുൻഗണന നൽകി ഫാർമർ ക്ലസ്റ്ററുകളിൽനിന്നുമാണ്. ടി ആഴ്ച്ചച്ചന്തകളുടെ ദൈനംദിന പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള നിർവ്വഹണ കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. 2017 നവംബർ 25 മുതൽ ഇതുവരെ 376 ആഴ്ച്ചചന്തകളുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(സി) പരിഗണിക്കുന്നതാണ്.

(ഡി) സബ്സിഡി നിരക്കിൽ പഴം, പച്ചക്കറികൾ കർഷകരിൽനിന്നും നേരിട്ട് സംഭരിച്ച് വിൽപ്പന നടത്തി പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും ഉപഭോക്താവിന് മിതമായ വിലയ്ക്ക് ഗുണമേൻമയുള്ള കാർഷികോൽപ്പന്നങ്ങൾ ലഭ്യമാക്കുവാനും വിപണി ഇടപെടൽമൂലം സാധ്യമാകുന്നു.

**തദ്ദേശസ്ഥാപനങ്ങളുടെ വരുമാനം കൂട്ടാനുള്ള അഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ**

30 (*300) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ.ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങളുടെ വിഹിതവും വരുമാനവും കൂട്ടാനുള്ള അഞ്ചാം ധനകാര്യ കമ്മീഷന്റെ പൊതുവായ ശിപാർശകൾ വ്യക്തമാക്കുമോ;

(ബി) അഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ സർക്കാർ ഉത്തരവായി പുറത്തിറക്കിയിട്ടുണ്ടോ;

(സി) അഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം കെട്ടിട നികുതി എത്ര ശതമാനം ആയി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇത് ജനങ്ങൾക്ക് അധികനികുതിഭാരമായി വരുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) പ്രാദേശിക സർക്കാരുകളുടെ വിഹിതം കൂട്ടുന്നതിനെ സംബന്ധിച്ച് അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ 1 മുതൽ 30 വരെയുള്ള ശിപാർശകളും വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് 32 മുതൽ 58 വരെയുള്ള ശിപാർശകളും അനുബന്ധമായി ചേർക്കുന്നു.*

(ബി) 2017 ഓഗസ്റ്റ് 19-ലെ സ.ഉ. (കൈ) നമ്പർ 407/2017/ധന. ഉത്തരവ് പ്രകാരം അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശയിന്മേൽ ഉത്തരവായിട്ടുണ്ട്.

(സി) സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള തീരുമാനത്തിൽ കെട്ടിട നികുതി വർഷംതോറും 5% വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ഇത് ജനങ്ങൾക്ക് അധിക നികുതി ഭാരമായി വരുമോയെന്ന് പരിശോധിച്ചിട്ടില്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### തരിശുഭൂമിയും ജലസ്രോതസ്സുകളും കർഷകർക്ക് വിട്ടുകൊടുക്കുന്നതിന് പദ്ധതി

1 (2835) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശായി കിടക്കുന്ന കൃഷിയോഗ്യമായ ഭൂമിയും മറ്റ് ജല സ്രോതസ്സുകളും കൃഷി ആവശ്യങ്ങൾക്കായി കർഷകർക്ക് വിട്ടുകൊടുക്കുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഓരോ ജില്ലയിലും തരിശായി കിടക്കുന്ന ഭൂമിയുടെ കണക്ക് പഞ്ചായത്തുതിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. തരിശ്ഭൂമി കൃഷി ആവശ്യത്തിന് വിട്ടുകൊടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ഭൂവുടമകൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി നിലവിലുണ്ട്. തിരശായി കിടക്കുന്ന ഭൂമിയിൽ കൃഷി ചെയ്യുന്നതിന് കർഷകർക്ക് കൃഷി വകുപ്പ് ആനുകൂല്യം നൽകുന്നുണ്ട്.

നെൽകൃഷി വികസന പദ്ധതി പ്രകാരം തരിശായി കിടക്കുന്ന നിലങ്ങൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏറ്റെടുത്ത് അവിടെ നെൽക്കൃഷി ചെയ്യുന്ന കർഷകർക്കും കർഷക കൂട്ടായ്മകൾക്കും ഹെക്ടറിന് 1-ാം വർഷം 25,000 രൂപ, 2-ാം വർഷം 5,800 രൂപ, 3-ാം വർഷം 3,750 രൂപ ധനസഹായം നൽകിവരുന്നു. കൂടാതെ തരിശായി കിടക്കുന്ന നിലങ്ങൾ നെൽകൃഷിയിറക്കുന്നതിനായി വിട്ടുകൊടുക്കുന്ന പ്രകാരം ഭൂവുടമകൾക്ക് ഹെക്ടറിന് 1-ാം വർഷം 5,000 രൂപ, 2-ാം വർഷം 1,200 രൂപ, 3-ാം വർഷം 750 രൂപ പ്രകാരവും പ്രോത്സാഹനമായി നൽകിവരുന്നു. അതുപോലതന്നെ പച്ചക്കറി കൃഷി ചെയ്യുന്നതിന് കർഷകർക്ക് ഹെക്ടറിന് 25,000 രൂപയും അതിനായി ഭൂമി വിട്ടുനൽകുന്ന ഭൂവുടമയ്ക്ക് 5,000 രൂപയും ആനുകൂല്യം നൽകിവരുന്നു.

ജനകീയാസൂത്രണ പദ്ധതിയുടെ 2017-18-ലെ സബ്സിഡി മാർഗ്ഗനിർദ്ദേശം പ്രകാരം സ.ഉ.(എം.എസ്.)നമ്പർ 80/2017/തസ്വഭവ, തീയതി 3-4-2017) പ്രദർശന മാതൃകാ കൃഷിത്തോട്ടങ്ങളും ഔഷധസസ്യ തോട്ടങ്ങളും നഴ്സറികളും വിത്ത് ഉല്പാദന കേന്ദ്രങ്ങളും തരിശുരഹിത ഗ്രാമവും എന്ന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ കൃഷിയോഗ്യമായ തരിശുഭൂമി സ്വന്തം/പാട്ടത്തിനുള്ളത് മാതൃക പ്രദർശന തോട്ടമായി കൃഷി ചെയ്യണമെന്ന് ഉൾപ്പെടുത്തിയിരിക്കുന്നു. പദ്ധതി നിർവ്വഹണത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ തരിശുഭൂമി കൃഷിക്ക് വിട്ടുകൊടുക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഭൂവുടമകളുമായി ചർച്ചചെയ്ത് നാമമാത്രമായ പാട്ടം നിശ്ചയിച്ച് വ്യവസ്ഥകൾ തയ്യാറാക്കണം. ഭൂവുടമ കൃഷി ചെയ്യാൻ അനുവദിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ആയിരിക്കണം. ഈ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകർ/കർഷക ഗ്രൂപ്പുകൾ/സ്വയംസഹായ സംഘങ്ങൾ/മറ്റുള്ളവർ എന്നിവർക്കും ഭൂവുടമയുമായി കൃഷി ഭവന്റെ സാന്നിദ്ധ്യത്തിൽ കരാറിൽ ഏർപ്പെടണമെന്ന് നിർദ്ദേശിക്കുന്നുണ്ട്.

കൂടാതെ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട ആക്ടിലെ 15, 16 വകുപ്പ്, 2017-ലെ ഭേദഗതി ഓർഡിനൻസ് എന്നിവ പ്രകാരം തരിശായി ഇട്ടിരിക്കുന്ന നെൽവയൽ കൃഷി ചെയ്യുന്നതിന് ഉടമകൾക്ക് നിർദ്ദേശം നൽകുന്നതിനും അല്ലാത്തപക്ഷം ആയത് കൃഷി ചെയ്യുന്നതിനുള്ള അവകാശം പാടശേഖര സമിതികൾക്ക് അഥവാ സംയുക്ത കർഷക സംഘങ്ങൾക്ക്/ സ്വയംസഹായ സംഘങ്ങൾക്ക്/കുടുംബശ്രീ യൂണിറ്റുകൾക്ക്/മറ്റ് ഏതെങ്കിലും ആൾക്ക് നൽകുന്നതിനും പ്രാദേശിക നിരീക്ഷണ സമിതിക്ക് അധികാരമുണ്ട്.

ജലസ്രോതസ്സുകൾ കർഷകർക്ക് വിട്ടുകൊടുക്കുന്ന പദ്ധതി നിലവിലില്ല.

എന്നാൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന Rainfed Area Project, PMKSY എന്നീ പദ്ധതികൾ വഴി വൃത്തിയാക്കുന്ന ജലസ്രോതസ്സുകൾ കർഷകർ ജലസേചനത്തിനായി ഉപയോഗിക്കുന്നതിന് അനുവദിക്കുന്നുണ്ട്.

(ബി) ഓരോ ജില്ലയിലും തരിശായി കിടക്കുന്ന ഭൂമിയുടെ കണക്ക് പഞ്ചായത്തുതിരിച്ച് കൃഷി വകുപ്പിൽ ലഭ്യമല്ല. ഇതിന്റെ കണക്കെടുപ്പ് കൃഷി വകുപ്പ് എടുത്തുവരികയാണ്.

**കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി ഏറ്റെടുക്കുന്നതിനുള്ള സംവിധാനം**

2 (2836) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം എത്ര ടൺ പച്ചക്കറിയാണ് ആവശ്യമായിട്ടുള്ളത് ;

(ബി) ഇതിൽ സംസ്ഥാനത്ത് നിലവിൽ ഉല്പാദിപ്പിക്കുന്നത് എത്ര ടൺ പച്ചക്കറിയാണ് ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം ആവിഷ്കരിച്ച വിവിധ പദ്ധതികളിലൂടെ നമ്മുടെ പച്ചക്കറി ഉത്പാദനത്തിൽ എന്ത് വർദ്ധനവ് ഉണ്ടാക്കുവാൻ കഴിഞ്ഞു;

(ഡി) സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ഏറ്റെടുക്കുന്നതിനുള്ള സംവിധാനം കൃഷിവകുപ്പിനുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) നാഷണൽ സാമ്പിൾ സർവേ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ഒരുവർഷം ആകെ 20.09 ലക്ഷം മെട്രിക് ടൺ പച്ചക്കറി ആവശ്യമാണ്.

(ബി) ഇതിൽ സംസ്ഥാനത്ത് 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറിയാണ് ഉൽപ്പാദിപ്പിക്കുന്നത്.

(സി) 2016-17 -ൽ സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും ഏകദേശം 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2015-16-മായി താരതമ്യം ചെയ്യുമ്പോൾ 2016-17-ൽ 6252 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 97,000 മെട്രിക് ടൺ പച്ചക്കറി അധികമായി ഉൽപാദിപ്പിച്ചിട്ടുണ്ട്.

2017-18 വർഷം നാളിതുവരെ 52102 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി

ചെയ്തതിൽ 6.3 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപാദിപ്പിക്കുവാനും സാധിച്ചു. മൂന്നാം വിള കൃഷി നടന്നുവരുന്നു. 2017-18-ൽ ഓണത്തിന് വിഷരഹിത പച്ചക്കറി വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ച് ഓണത്തിന് 'ഒരുമുറം പച്ചക്കറി' എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിക്കാനായി ഗ്രോബാഗുകൾ എന്നിവ നൽകിയിരുന്നു. 63 ലക്ഷം കുടുംബങ്ങൾക്ക് പച്ചക്കറി വിത്ത് പാക്കറ്റുകൾ സൗജന്യമായി നൽകുകയും അതുവഴി 96899.5 മെട്രിക് ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുകയും ചെയ്തു. എന്നാൽ വരൾച്ചയും പ്രകൃതിക്ഷോഭവുംമൂലം പ്രതീക്ഷിച്ചത്ര വർദ്ധനവ് ഉണ്ടായിട്ടില്ല.

(ഡി) പച്ചക്കറി വികസന പദ്ധതിയനുസരിച്ച് പച്ചക്കറിയുടെ സംഭരണം, വിപണനം എന്നിവ മെച്ചപ്പെടുത്തുന്നതിന് 31 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് മാർക്കറ്റുൾപ്പെടെ 208 ക്ലസ്റ്റർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ മാർക്കറ്റുകൾ വഴി കർഷകരുടെ പച്ചക്കറികൾ വിപണനം ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഓണം, വിഷു എന്നീ ഉത്സവ സീസണുകളിൽ പൊതുവിപണിയിലെ വിലയേക്കാൾ 10 ശതമാനംകൂട്ടി ഓണസമൃദ്ധി, വിഷുക്കണി മാർക്കറ്റുകളിലേയ്ക്ക് കർഷകരിൽനിന്നും നേരിട്ടും ഹോർട്ടികോർപ്പ് മുഖേനയും സംഭരിക്കുന്നുണ്ട്.

കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സ്വാശ്രയ കർഷക സമിതികളിലെത്തിച്ച് കച്ചവടക്കാരുടെ സാന്നിദ്ധ്യത്തിൽ ലേലംവഴി വിപണനം ചെയ്യുന്നു. ഇതുവഴി ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും വിപണന ചെലവുകൾ കുറയ്ക്കുവാനും കർഷകർക്ക് സുസ്ഥിര വരുമാനവും മെച്ചപ്പെട്ട ജീവിതനിലവാരവും ഉറപ്പാക്കുവാനും കഴിയുന്നു. 2017-18 വർഷത്തിൽ സ്വാശ്രയ കർഷകസമിതികൾവഴി ജനുവരി വരെ 268.3 കോടി രൂപ മൂല്യമുള്ള 104607 മെട്രിക് ടൺ പഴം പച്ചക്കറികളുടെ വിപണനം നടത്തി.

സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ, കർഷകർ, കർഷക ഗ്രൂപ്പുകൾ, വി.എഫ്.പി.സി.കെ. കാർഷിക മൊത്തവ്യാപാര വിപണികൾ എന്നിവിടങ്ങളിൽനിന്ന് കർഷകർക്ക് ന്യായമായ വില നൽകി ഹോർട്ടികോർപ്പ് സംഭരിച്ച് വിപണനം നടത്തിവരുന്നു.

2016-17 സാമ്പത്തിക വർഷം 7003.92 ടൺ പച്ചക്കറിയും 2017-18 സാമ്പത്തിക വർഷം മാർച്ച് മാസത്തെ പ്രൊവിഷണൽ കണക്ക് ഉൾപ്പെടെ 7093 ടൺ പച്ചക്കറികളും ഹോർട്ടികോർപ്പ് കർഷകരിൽനിന്നും സംഭരിച്ച് വിപണനം നടത്തിയിട്ടുണ്ട്.

**മേൻമയേറിയ നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും**

3 (2837) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മേൻമയേറിയ നടീൽ വസ്തുക്കൾ ഉത്പ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സർക്കാർ ഉടമസ്ഥതയിലുള്ള കാർഷിക സ്ഥാപനങ്ങളായ കൃഷി ഫാമുകളിൽ മേൽത്തരം നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. സംസ്ഥാന കൃഷി വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന 8 തെങ്ങിൻതൈ നഴ്സറികൾ, 33 സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങൾ, 14 സ്പെഷ്യൽ ഫാമുകൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ എന്നിവയിലൂടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

തെങ്ങിൻതൈ നഴ്സറികൾ മുഖേന ഗുണമേന്മയുള്ള വിവിധയിനം തെങ്ങിൻതൈകളും പച്ചക്കറി വിത്തുകളും പച്ചക്കറിത്തൈകളും ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. സ്പെഷ്യൽ ഫാമുകൾ വഴിയും ജില്ലാ ഫാമുകൾ വഴിയും ഗുണമേന്മയുള്ള ഫലവർഗ്ഗ വൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകളും ലെയറുകളും തൈകളും മേൽത്തരം വേരുപിടിപ്പിച്ച കുരുമുളകു വള്ളികൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറിതൈകൾ, അലങ്കാരതൈകൾ എന്നിവ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കൂടാതെ കഴക്കൂട്ടം ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ, ജില്ലാകൃഷിത്തോട്ടം തളിപ്പറമ്പ്, ജില്ലാകൃഷിത്തോട്ടം അഞ്ചൽ എന്നിവിടങ്ങളിൽ മേൽത്തരം ടിഷ്യൂകൾച്ചർ വാഴതൈകൾ ഉല്പാദിപ്പിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്യുന്നു.

കൂടാതെ കേരള കാർഷിക സർവ്വകലാശാല വിവിധ കേന്ദ്രങ്ങളിൽ മേന്മയേറിയ നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തുവരുന്നു. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളത്തിന്റെ നടുക്കര നഴ്സറിയിൽ ആരംഭിച്ച കേരളത്തിലെ ആദ്യത്തെ പൂർണ്ണമായ ഓട്ടോമാറ്റിക്കായ പ്ലഗ് നഴ്സറിയിലൂടെ പ്രതിവർഷം 2 കോടി ഗുണമേന്മയുള്ള പച്ചക്കറിതൈകൾ ഉത്പാദിപ്പിക്കുവാൻ കഴിയും. ഈ നഴ്സറിയുടെ ഉത്പാദനം ഈ വർഷം മുതൽ ആരംഭിച്ചുകഴിഞ്ഞു.

**കൃഷിയിടങ്ങളിൽ വന്ന കുറവും തോട്ടം മേഖലയിലെ പ്രശ്നങ്ങളും**

4 (2838) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൊത്തം കൃഷിയിടങ്ങളുടെ വിസ്തൃതി കഴിഞ്ഞ പത്ത് വർഷത്തെക്കാളും എത്ര ഹെക്ടറാണ് കുറഞ്ഞിട്ടുള്ളത്; കൃഷി ഇനംതിരിച്ച് വിവരങ്ങൾ നല്കുമോ; ഇതേത്തുടർന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനത്തിൽ ഉണ്ടായ കുറവ് എത്രയാണ്;

(ബി) സംസ്ഥാനത്തെ തോട്ടവിള കൃഷിയുടെ നിലവിലുള്ള വിസ്തീർണ്ണം എത്രയാണ്; കഴിഞ്ഞ പത്ത് വർഷത്തെ അപേക്ഷിച്ച വിസ്തീർണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ; വിളകൾതിരിച്ച് വിവരങ്ങൾ നല്കുമോ;

(സി) തോട്ടം മേഖലയിലെ പ്രശ്നങ്ങളെ കുറിച്ച് പഠിക്കുവാൻ ഇതുവരെ എത്ര കമ്മിറ്റികളെ നിയമിച്ചിട്ടുണ്ട്; പ്രസ്തുത കമ്മിറ്റികളുടെ പേര് വിവരങ്ങൾ നല്കുമോ;

(ഡി) തോട്ടവിളകളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന പ്രതിവർഷ വരുമാനം എത്രയാണ്;

(ഇ) തോട്ടം മേഖലയിൽ ഇടവിളകൾ ചെയ്യുന്നതിനു എന്തെങ്കിലും തടസ്സമുണ്ടോ?

ഉത്തരം

(എ) 2016-17 കാർഷിക വർഷത്തിൽ സംസ്ഥാനത്ത് 2244399 ഹെക്ടർ കൃഷി ഭൂമി ഉണ്ട്. എന്നാൽ പത്തുവർഷം മുമ്പ് അത് 2320514 ഹെക്ടർ ആയിരുന്നു. അതായത് പത്തുവർഷം മുമ്പുണ്ടായതിനെക്കാൾ 2016-17 കാർഷികവർഷത്തിൽ 76115 ഹെക്ടർ കൃഷി ഭൂമിയുടെ കുറവ് വന്നിട്ടുണ്ട്. കൃഷി ഇനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+ ഇതുമൂലമുള്ള വരുമാന നഷ്ടം പ്രത്യേകം കണക്കാക്കപ്പെട്ടിട്ടില്ല.

(ബി) കാർഷിക സ്ഥിതി വിവരകണക്ക് റിപ്പോർട്ട് പ്രകാരം 2016-17 കാർഷിക വർഷത്തിൽ കേരള സംസ്ഥാനത്തെ തോട്ടവിളകളുടെ വിസ്തീർണ്ണം 680635 ഹെക്ടർ ആണ്. കഴിഞ്ഞ പത്തുവർഷത്തെ അപേക്ഷിച്ച് വിസ്തീർണ്ണത്തിൽ കുറവ് വന്നിട്ടില്ല. വിളകൾ തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | വിസ്തീർണ്ണം (ഹെക്ടറിൽ ) | വിസ്തീർണ്ണം (ഹെക്ടറിൽ | വിസ്തീർണ്ണം വ്യത്യാസം |
|---|---|---|---|---|

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | (2006-07) | (2016-17) | (ഹെക്ടറിൽ ) |
|---|---|---|---|---|
| 1 | തേയില | 35365 | 30205 | 5160 |
| 2 | കാപ്പി | 84571 | 84976 | 405 |
| 3 | റബ്ബർ | 502240 | 551050 | 48810 |
| 4 | കൊക്കോ | 10708 | 14404 | 3696 |
| | ആകെ | 632884 | 680635 | 47751 |

(സി) കൃഷിവകുപ്പ് കമ്മിറ്റികളെ ഒന്നുംതന്നെ നിയമിച്ചിട്ടില്ല.

(ഡി) തോട്ടവിളകളിൽ നിന്ന് മാത്രമായി സംസ്ഥാനത്തിന് ലഭിക്കുന്ന പ്രതിവർഷ വരുമാനം കണക്കാക്കിയിട്ടില്ല.

(ഇ) സൂര്യപ്രകാശത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് തോട്ടം മേഖലയിൽ ഇടവിളകൾ ചെയ്യാവുന്നതാണ്. റബ്ബർ നട്ട് ആദ്യം മൂന്നുവർഷം വാഴ, പച്ചക്കറി, പൈനാപ്പിൾ എന്നിവ കൃഷി ചെയ്യുവാൻ ശിപാർശ ചെയ്യുന്നുണ്ട്. കാപ്പിത്തോട്ടത്തിൽ കമുക് ഇടവിളയായി ചെയ്യാവുന്നതാണ്. കാപ്പിത്തോട്ടത്തിൽ ആദ്യ രണ്ട് വർഷം വാഴകൃഷി ചെയ്യാവുന്നതാണ്.

### കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരം

5 (2839) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വരൾച്ചയിലും പ്രകൃതിക്ഷോഭത്തിലും പെട്ട് കൃഷി നാശം സംഭവിച്ച കർഷകർക്ക് എത്ര തുകയാണ് ഇതുവരെ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) നഷ്ടപരിഹാരം യഥാസമയം നൽകുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ;

(സി) ഇനിയും ഈ ഇനത്തിൽ നൽകാനുള്ള കുടിശ്ശിക ഉടനെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)

| ജില്ല | തുക (രൂപ) |
|---|---|
| തിരുവനന്തപുരം | 6,68,66,258.00 |
| കൊല്ലം | 1,52,88,035.00 |
| പത്തനംതിട്ട | 15,42,646.00 |
| ആലപ്പുഴ | 6,16,26,221.00 |
| കോട്ടയം | 87,35,953.00 |
| ഇടുക്കി | 4,28,90,565.00 |
| എറണാകുളം | 2,66,28,316.00 |
| തൃശ്ശൂർ | 19,43,141.00 |
| പാലക്കാട് | 12,51,97,651.00 |
| കോഴിക്കോട് | 8,44,68,023.00 |
| കണ്ണൂർ | 2,81,95,929.00 |
| മലപ്പുറം | 4,67,50,000.00 |
| വയനാട് | 18,47,58,017.00 |
| കാസർഗോഡ് | 25,00,000.00 |
| **ആകെ** | 69,73,90,755.00 |

(ബി&സി) ഫണ്ട് യഥാസമയം ലഭിക്കാത്തതിനാൽ നഷ്ടപരിഹാരം നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കി നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ച നടപടി**

6 (2840) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കാൻ കൃഷി വകുപ്പ് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) ഔഷധ സസ്യങ്ങളുടെ പരിപാലനത്തിനും ക്രമാതീതമായി നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പരമ്പരാഗത സസ്യങ്ങളെ നിലനിർത്തുവാനും അവയെ വീട്ടുവളപ്പുകളിലും വ്യാവസായിക അടിസ്ഥാനത്തിലും കൃഷി ചെയ്ത് ചികിത്സാതലങ്ങളിലേയ്ക്ക് എത്തിക്കുവാനുമായി ഈ വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രാരംഭത്തിൽ ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് കൂടുതലായി ഉത്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. പരിശീലനത്തിനും ബോധവത്കരണത്തിനുമായി 2.50 ലക്ഷം രൂപയും വീട്ടുവളപ്പിലും കൃഷിയിടങ്ങളിലും ഔഷധസസ്യങ്ങൾ കൃഷി ചെയ്യുന്നതിനായി 25 ലക്ഷം രൂപയും വ്യാവസായികാടിസ്ഥാനത്തിൽ ഔഷധസസ്യ കൃഷിക്ക് ക്ലസ്റ്ററുകൾ രൂപീകരിച്ച് കൃഷി ചെയ്യുന്നതിന് 46 ലക്ഷം രൂപയും അസംസ്കൃത ഔഷധ സസ്യങ്ങൾ സംസ്കരിച്ച് പലവിധമായി മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് 12.5 ലക്ഷം രൂപയും എല്ലാ ജില്ലയിലെ ഓരോ ഫാമുകളിലും കർഷകർക്ക് നേരിൽ കണ്ട് ബോധ്യപ്പെട്ട് വ്യാപിപ്പിക്കുന്നതിന് വേണ്ടി ഔഷധസസ്യ കൃഷിയുടെ മ്യൂസിയം സ്ഥാപിക്കുന്നതിന് 14 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുന്നതിനായി നടീൽ മുതൽ സംസ്കരണം വരെയുള്ളവയ്ക്ക് ഊന്നൽ നൽകി കർഷകർക്ക് ബോധവത്കരണവും പരിശീലനവും നൽകുന്നു. ഔഷധ സസ്യങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി 5-8 ഔഷധ സസ്യങ്ങൾ അടങ്ങിയ കിറ്റുകൾ കർഷകർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.

കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തരവും ഔഷധസസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം നടപ്പിലാക്കുന്ന ദേശീയ ഔഷധസസ്യ മിഷൻ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. <u>ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം</u> - ആധുനിക സൗകര്യങ്ങളോടുകൂടി സ്ഥാപിക്കുന്ന മാതൃകാ നഴ്സറികൾക്കും ചെറുകിട നഴ്സറികൾക്കും വൻതോതിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനായി ധനസഹായം നൽകുന്നു.

2. <u>ഔഷധ സസ്യങ്ങളുടെ വിളവിസ്തൃതി വർദ്ധിപ്പിക്കൽ</u> - ഔഷധ സസ്യകൃഷി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട 26 ഔഷധസസ്യങ്ങൾക്കാണ് ധനസഹായം നൽകുന്നത്.

3. വിളവെടുപ്പാനന്തര പരിപാലനം-ഔഷധസസ്യങ്ങളുടെ വിളവെടുപ്പാനന്തര പരിപാലനത്തിലൂടെ ഉണക്കുപുരകൾ സ്ഥാപിക്കുന്നതിനായി സ്വകാര്യ മേഖലയിൽ 10 ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി പദ്ധതി ചെലവിന്റെ 50 ശതമാനം ധനസഹായം നൽകിവരുന്നു.

4. ഫ്ളെക്സി ഘടകം (Flexi Component) – ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പരിശീലന പരിപാടികൾ, Buyer Seller Meet സംഘടിപ്പിക്കുന്നതിന് 100% സാമ്പത്തിക സഹായവും ചില്ലറ വ്യാപാര വിപണികൾ സ്ഥാപിക്കുകവഴി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 100% സാമ്പത്തിക സഹായവും സ്വകാര്യ മേഖലയിൽ 50% സാമ്പത്തിക സഹായവും ഈ ഘടകത്തിൽ ഉൾപ്പെടുത്തി നൽകിവരുന്നു.

## സൗജന്യ നിരക്കിൽ നടീൽ വസ്തുക്കൾ ലഭ്യമാക്കി കർഷകരെ സഹായിക്കാൻ നടപടി

7 (2841) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലത്തകർച്ച, രോഗബാധ, വരൾച്ച ഉൾപ്പെടെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി ജീവിതനിലവാരം ഉയർത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉദാരമായ കാർഷിക വായ്പ, ഉല്പാദന ബോണസ്, വിള ഇൻഷ്വറൻസ്, സൗജന്യ നിരക്കിൽ നടീൽ വസ്തുക്കൾ എന്നിവ സ്ഥിരമായി ലഭ്യമാക്കി കർഷകരെ സഹായിക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉല്പാദിപ്പിക്കപ്പെടുന്ന വിളയ്ക്ക് ന്യായമായ വില കർഷകന് ലഭിക്കുന്നതിനായി അഗ്രോ ബസാറുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച്ചച്ചന്തകൾ തുടങ്ങിയവ സർക്കാർ പ്രോത്സാഹിപ്പിച്ചു വരികയാണ്. കൂടാതെ, വിലത്തകർച്ച നേരിടുന്നതിനായി നെല്ല്, തെങ്ങ്, കൊപ്ര എന്നിവയ്ക്ക് താങ്ങ് വില നിശ്ചയിച്ച് സംഭരിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

വിളകൾക്ക് രോഗകീടബാധ വ്യാപിക്കുന്ന അവസരത്തിൽ ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള ദ്രുതകർമ്മ വിദഗ്ദ്ധ സംഘം, പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കുകയും അവശ്യം വേണ്ട പ്രതിരോധ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

പത്തനംതിട്ട ജില്ലയിലെ കോന്നി, തിരുവല്ല, തിരുവനന്തപുരത്തെ ആറ്റിപ്ര, കാസർഗോഡ് പരപ്പ, കോട്ടയത്തെ കടുത്തുരുത്തി മേഖലകളിൽ ഇത്തരത്തിൽ ഈ വർഷം പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വരൾച്ച ബാധിച്ച പ്രദേശങ്ങളിൽ വീണ്ടും വിള ഇറക്കുന്നതിന് വിത്തും നടീൽ വസ്തുക്കളും നൽകുക, ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം അനുവദിക്കുക, ഇൻഷ്വർ ചെയ്യപ്പെട്ടിട്ടില്ലാത്ത വിളകൾക്ക് പ്രകൃതി ദുരിതാശ്വാസ ഫണ്ടിൽനിന്നുമുള്ള ആനുകൂല്യം എന്നീ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കർഷകർക്ക് മിതമായ നിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കുന്നതിനുള്ള കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി പൊതുമേഖലാ/ സഹകരണ ബാങ്കുകൾ മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ കേരളത്തിലെ കർഷകർക്ക് മിതമായ നിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കുന്നതിന് കേരള ഗ്രാമീൺ ബാങ്ക് മുഖേന ഹരിത കാർഡ് എന്ന പേരിൽ ഒരു മുൻഗണനാ കാർഡ് (പ്രിവിലേജ് കാർഡ്) ലഭ്യമാക്കിവരുന്നു.

കാർഷിക വിളകൾക്കുള്ള ഹ്രസ്വകാല വായ്പകൾ കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ്‌വെൻഷൻ വഴി 7% - ൽ ലഭിക്കുകയും ഇതിൽതന്നെ കൃത്യമായി തിരിച്ചടയ്ക്കുന്ന ഹ്രസ്വകാല വായ്പയ്ക്ക് പലിശ സബ്സിഡിയിലൂടെ 4% മാത്രം ഈടാക്കുകയും ചെയ്യുന്നു.

കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന നെൽ കർഷകർക്ക് 2011 മുതൽ സഹകരണ വകുപ്പ് മുഖേന പലിശരഹിത വായ്പ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

ഉല്പാദന ബോണസ്, വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെയുള്ള പരിരക്ഷ, പ്രകൃതിക്ഷോഭമുണ്ടാകുമ്പോഴുള്ള സൗജന്യ വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെ വിതരണം തുടങ്ങിയവയും നടപ്പിലാക്കിവരുന്നു. ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പദ്ധതികളിലൂടെയും സൗജന്യ നിരക്കിൽ നടീൽ വസ്തുക്കൾ നൽകിവരുന്നുണ്ട്.

**കൃഷിയെ പരിപോഷിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ**

8 (2842) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയെ പരിപോഷിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) വർക്കല മണ്ഡലത്തിൽ കൃഷിയോഗ്യമായ എത്ര ഹെക്ടർ നെൽവയലുകൾ തരിശായി കിടക്കുന്നു എന്ന കണക്ക് എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) നെൽപ്പാടങ്ങളിലേക്ക് സുലഭമായി കൃഷിക്ക് ആവശ്യമായ വെള്ളം ലഭിക്കാത്തതുകൊണ്ട് കർഷകർ കൃഷി ഉപേക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ വന്നശേഷം കാർഷികരംഗത്ത് വലിയ മുന്നേറ്റം ഉണ്ടാക്കുന്ന പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

വിളവിസ്തൃതിക്കും ഉല്പാദനവർദ്ധനവിനുമായി നെൽകൃഷി വികസനം, പച്ചക്കറികൃഷി വികസനം, കിഴങ്ങ്-പയർവർഗ്ഗ വിളകളുടെ വികസനം, നാളീകേര വികസനം, സുഗന്ധ വ്യഞ്ജന വിള വികസനം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

മണ്ണിന്റെയും വിളയുടേയും ആരോഗ്യ പരിപാലനത്തിനും ഉത്പാദനക്ഷമത ഉയർത്തുന്നതിനും വിള ആരോഗ്യപരിപാലന രംഗത്തും കാര്യമായ ഇടപെടലുകൾ നടത്തുന്നു.

പ്രാദേശിക പ്രാധാന്യമുള്ള വിളകൾക്കുള്ള പ്രോൽസാഹനം, ഹൈ-ടെക്, ജൈവകൃഷി രീതികളുടെ പ്രചാരണം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി കർഷകർക്കാവശ്യമായ കാർഷിക സേവനങ്ങൾക്കും ഗുണമേൻമയുള്ള നടീൽവസ്തുക്കളുടെ വിതരണത്തിനും ഊന്നൽനൽകുന്ന പദ്ധതികൾ നടപ്പിലാക്കി.

കാർഷിക ഉല്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിന് ഓണത്തിനും വിഷുവിനും കാർഷിക വിപണി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കി. ഓണത്തിനായി വീട്ടുവളപ്പിൽ പച്ചക്കറികൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഓണത്തിന് 'ഒരുമുറം പച്ചക്കറി ' യെന്ന പദ്ധതി നടപ്പിലാക്കി പരമ്പരാഗത, നാടൻ വിത്തിനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണത്തിന് പ്രോൽസാഹനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കി. അട്ടപ്പാടിയിൽ ചെറുധാന്യങ്ങളുടെ അഭിവൃദ്ധിക്കായി "മില്ലറ്റ് വില്ലേജ്" പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി.

(ബി) വർക്കല മണ്ഡലത്തിൽ കൃഷിയോഗ്യമായ 43 ഹെക്ടർ നിലം തരിശായി കിടക്കുന്നുണ്ട്.

(സി) ഉണ്ട്. അനിയന്ത്രിതമായ നിലം നികത്തലും തോടുകളും ചാലുകളും വൃത്തിയാക്കി അറ്റകുറ്റപ്പണികൾ ചെയ്യാത്തതും കാലാവസ്ഥയിലെ വ്യതിയാനവും കാരണങ്ങളാണ്. എന്നാൽ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കർശനമായി നടപ്പാക്കിയതിന്റെ ഭാഗമായി നിലം നികത്തൽ ഒരു പരിധിവരെ നിയന്ത്രണ വിധേയമായിട്ടുണ്ട്. ചാലുകളും തോടുകളും വൃത്തിയാക്കി അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ആവശ്യമായ ധനസഹായം പ്ലാൻ പദ്ധതികളുടെ ഘടകങ്ങളായും പദ്ധതിയധിഷ്ഠിതമായും നൽകുന്നുണ്ട്. പൊതുകിണർ/കുളങ്ങൾ നിർമ്മിക്കുന്നതിനും സംരക്ഷിക്കുന്നതിനും പമ്പുസെറ്റ് സ്ഥാപിക്കുന്നതിനും ആനുകൂല്യം നൽകുന്നുണ്ട്. ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കിയിട്ടുമുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ ടി സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്.

## സുസ്ഥിര കാർഷിക വികസനത്തിനും കീടബാധ നിയന്ത്രണത്തിനായും പദ്ധതി

9 (2843) ശ്രീ. ആർ. രാജേഷ്:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര കാർഷിക വികസനത്തിന് അനിവാര്യമായ കീടബാധനിയന്ത്രണത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) അഗ്രോക്ലിനിക്കുകളുടെ ലക്ഷ്യവും പ്രവർത്തനവ്യാപ്തിയും വിശദമാക്കുമോ; എന്തെല്ലാം സേവനങ്ങളാണ് ഇത്തരം ക്ലിനിക്കുകൾ നൽകി വരുന്നത്;

(സി) വിള ആരോഗ്യ പരിപാലന പദ്ധതിയുടെ ലക്ഷ്യമെന്താണെന്ന് അറിയിക്കാമോ; കീടനിരീക്ഷണ സംവിധാനങ്ങളും ജൈവകീടനിയന്ത്രണ മാർഗ്ഗങ്ങളും അവയുടെ പ്രചരണത്തിനായുള്ള പ്രവർത്തനങ്ങളും വിശദമാക്കുമോ?

### ഉത്തരം

(എ) കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് കൃഷി വകുപ്പ് മുഖേന വിള ആരോഗ്യ പിരപാലന പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ 152 ബ്ലോക്കുകളിലായി തെരഞ്ഞെടുത്ത 202 കൃഷിഭവനുകൾ മുഖേന പ്രധാന വിളകളിൽ കീടരോഗ നിരീക്ഷണം നടത്തുകയും കർഷകർക്ക് കീടരോഗബാധ സംബന്ധിച്ച് മുന്നറിയിപ്പ് നൽകുകയും മുൻകൂട്ടി നിയന്ത്രണ

മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. വിള ആരോഗ്യ ക്ലിനിക്കുകൾ മുഖേനയും കീട നിരീക്ഷണ പത്രികകളിലൂടെയും കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ലഭ്യമാക്കിവരുന്നു. സംയോജിത കീടനിയന്ത്രണം ജൈവീക നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയ്ക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ, മങ്കൊമ്പ് കീട നിരീക്ഷണകേന്ദ്രം എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൃഷി ഓഫീസർമാർക്ക് വിള ആരോഗ്യ പരിപാലനത്തിൽ ദ്വിവൽസര ഡിപ്ലോമ കോഴ്സ് ഹൈദ്രാബാദിലെ NIPHM മുഖേന നടപ്പിലാക്കുകയും പ്രസ്തുത കോഴ്സ് പാസ്സായ ഉദ്യോഗസ്ഥർ മുഖേന പ്രകൃതി സൗഹൃദ വിള ആരോഗ്യ പരിപാലന മുറകൾ കർഷകരുടെ കൃഷിയിടങ്ങളിൽ നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ എലിനശീകരണ ക്യാമ്പയിനുകൾ, പരിശീലന പരിപാടികൾ, ബോധവൽക്കരണം എന്നിവയും നടപ്പിലാക്കി വരുന്നു. നാളീകേരത്തിലെ കീടരോഗ നിയന്ത്രണം കർഷക കൂട്ടായ്മയിലൂടെ കീടരോഗ ബാധിത ഏര്യ മുഴുവനുമായി കേന്ദ്രീകരിച്ച് ക്യാമ്പയിൻ അടിസ്ഥാനത്തിൽ സസ്യ സംരക്ഷണ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) ശാസ്ത്രീയമായി ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കീടരോഗം നിയന്ത്രിക്കുന്നതിന് അനുവർത്തിക്കേണ്ട ശാസ്ത്രീയ മാർഗ്ഗങ്ങൾ സംബന്ധിച്ച് നിർദ്ദേശം കർഷകർക്ക് നൽകുന്നു. ഈ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് കൃഷി ഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ തുടങ്ങിയിട്ടുണ്ട്. 2016-17 വരെ 152 ബ്ലോക്കുകളിലായി 152 കൃഷിഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തനം തുടരുന്നു. കൂടാതെ 4 ജില്ലാതല റഫറൽ ക്ലിനിക്കുകളും സ്ഥാപിച്ച് സേവനം നടത്തിവരുന്നു. 2017-18 ൽ 50 കൃഷഭവനുകളിൽ കൂടി പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ കൃഷിയിടം സന്ദർശിക്കുന്ന പെസ്റ്റ് സ്കൗട്ടുകൾ ശാസ്ത്രീയമായ വിവരങ്ങൾ ശേഖരിക്കുന്നു. കീടരോഗ നിർണ്ണയത്തിനുള്ള ഉപകരണങ്ങൾ, ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനുള്ള സ്പെസിമനുകൾ, കീടരോഗ ലക്ഷണങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ, ചാർട്ടുകൾ, ഫോട്ടോഗ്രാഫുകൾ എന്നിവയും കൃഷി സംബന്ധമായ വിവരങ്ങൾ അടങ്ങിയ ചെറു ലൈബ്രറിയും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്. കീടരോഗ നിർണ്ണയവും പ്രതിരോധമാർഗ്ഗങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളും മണ്ണിന്റെ അമ്ലത്വ പരിശോധനയും സന്തുലിത വളപ്രയോഗം സംബന്ധിച്ച നിർദ്ദേശങ്ങളും ഈ ക്ലിനിക്കിൽനിന്ന് നൽകും. കീടരോഗ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങുന്ന പെസ്റ്റ് ബുള്ളറ്റിനുകൾ രണ്ടാഴ്ചയിലൊരിക്കൽ കർഷകർക്ക് നൽകുന്നു. ഇതുവഴി മിത്ര കീടങ്ങളെ

തിരിച്ചറിയാനും കീടബാധയെപ്പറ്റി മുന്നറിയിപ്പ് നൽകാനും അതനുസരിച്ച് രാസ കീടനാശിനികൾ പരമാവധി കുറച്ച് വിളകളെ സംരക്ഷിക്കുന്നതിനുള്ള ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാനും കർഷകർക്ക് കഴിയുന്നു. ഇവ കൂടാതെ കീടരോഗ നിയന്ത്രണത്തിന് ഇന്റർനെറ്റ് ആസ്പദമാക്കികൊണ്ടുള്ള Crop Pest Surveillance System (CPSS) എന്ന സേവനവും കർഷകർക്ക് നൽകിവരുന്നു.

(സി) വിളകളെ ബാധിക്കുന്ന കീടരോഗബാധ, സസ്യപോഷണ മൂലകങ്ങളുടെ ഏറ്റക്കുറച്ചിലുകൾ എന്നിവ ഫീൽഡ് തല നിരീക്ഷണത്തിലൂടെ കണ്ടെത്തി വിളകളുടെ സംരക്ഷണത്തിനായി ആവശ്യമായ ശാസ്ത്രീയ നിർദ്ദേശങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ വിള ആരോഗ്യ പരിപാലന പദ്ധതി (Crop Health Management Scheme) നടപ്പിലാക്കിവരുന്നു.

പ്രധാനമായി നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, കുരുമുളക് എന്നീ വിളകളാണ് കീടരോഗ നിരീക്ഷണത്തിനായി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൃത്യമായ ഇടവേളകളിൽ കൃഷിയിടം സന്ദർശിക്കുന്ന പെസ്റ്റ് സ്കൗട്ടുകൾ ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കീടരോഗബാധ നിയന്ത്രിക്കുന്നതിന് അനുവർത്തിക്കേണ്ട ശാസ്ത്രീയ മാർഗ്ഗങ്ങൾ സംബന്ധിച്ച നിർദ്ദേശം കർഷകർക്ക് നൽകുന്ന ഈ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് കൃഷിഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ തുടങ്ങിയിട്ടുണ്ട്. 2016-17 വരെ 152 ബ്ലോക്കുകളിലായി 152 കൃഷിഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തനം തുടരുന്നു. 4 ജില്ലാതല റഫറൽ ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു. 2017-18 ൽ 50 കൃഷഭവനുകളിൽ കൂടി പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കീടരോഗ നിർണ്ണയത്തിനുള്ള ഉപകരണങ്ങൾ, ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനുള്ള സ്പെസിമനുകൾ, കീടരോഗ ലക്ഷണങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ, ചാർട്ടുകൾ, ഫോട്ടോഗ്രാഫുകൾ എന്നിവയും കൃഷി സംബന്ധമായ വിവരങ്ങൾ അടങ്ങിയ ചെറുലൈബ്രറിയും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്. കീടരോഗ നിർണ്ണയവും പ്രതിരോധ മാർഗ്ഗങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളും മണ്ണിന്റെ അമ്ലത്വ പരിശോധനയും സന്തുലിത വളപ്രയോഗം സംബന്ധിച്ച നിർദ്ദേശങ്ങളും ഈ ക്ലിനിക്കിൽനിന്ന് നൽകും. കീടരോഗ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങുന്ന പെസ്റ്റ് ബുള്ളറ്റിനുകൾ രണ്ടാഴ്ചയിലൊരിക്കൽ കർഷകർക്ക് നൽകുന്നു. ഇതുവഴി മിത്ര കീടങ്ങളെ തിരിച്ചറിയാനും കീടബാധയെപ്പറ്റി മുന്നറിയിപ്പ് നൽകാനും അതനുസരിച്ച് രാസകീടനാശിനികൾ പരമാവധി കുറച്ച് വിളകളെ സംരക്ഷിക്കുന്നതിനുള്ള ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാനും കർഷകർക്ക് കഴിയുന്നു.

**ഭൗമസൂചിക**

10 (2844) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. കെ. രാജൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക വിളകളെ ഭൗമസൂചിക (ജ്യോഗ്രാഫിക്കൽ ഇൻഡിക്കേഷൻ) പട്ടികയിൽപ്പെടുത്തുന്നത് വഴി എന്തൊക്കെ നേട്ടങ്ങൾ ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ;

(ബി) മറയൂർ ശർക്കരയ്ക്ക് ഭൗമസൂചിക രജിസ്ട്രേഷൻ ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രാദേശിക ഉത്പന്നങ്ങളുടെമേലുള്ള അവകാശങ്ങൾ സംരക്ഷിക്കുക, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുക, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലയും വിപണി മൂല്യവും നേടിയെടുക്കുക എന്നിവയാണ് പ്രാദേശിക വിളകളെ ഭൗമസൂചിക പട്ടികയിൽ ഉൾപ്പെടുത്തുന്നതുകൊണ്ടുള്ള നേട്ടങ്ങൾ.

(ബി) മറയൂർ ശർക്കരയ്ക്ക് ഭൗമസൂചിക രജിസ്ട്രേഷൻ ലഭിക്കാൻ, മറയൂർ ശർക്കരയുടെ ഉത്പാദന പ്രദേശങ്ങൾ ഉൾപ്പെടുന്ന മാപ്പ്, രജിസ്ട്രേഷനുള്ള ലോഗോ എന്നിവ തയ്യാറാക്കിക്കഴിഞ്ഞു. രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഉടനെതന്നെ ജി.ഐ.രജിസ്ട്രേഷൻ മറയൂർ ശർക്കരയ്ക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**നല്ലയിനം തൈകൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ**

11 (2845) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നല്ലയിനം തൈകൾ ലഭ്യമാക്കുന്നതിന് സഹായകമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് അറിയിക്കുമോ;

(ബി) ഇവയുടെ വിശദാംശം അറിയിക്കുമോ;

(സി) ഇത്തരം തൈകൾ എല്ലാ ജില്ലകളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) നല്ലയിനം തൈകൾ ലഭ്യമാക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള 9 ജില്ലാ ഫാമുകളിലും 14 സ്പെഷ്യൽ ഫാമുകളിലുംകൂടി ഫലവർഗ്ഗ വൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകളും ലെയറുകളും തൈകളും ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. 8 തെങ്ങിൻതൈ നഴ്സറികളിൽക്കൂടി ഗുണമേന്മയുള്ള വിവിധ ഇനം തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കുന്നു. 33 സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങളിൽകൂടി നല്ലയിനം പച്ചക്കറി വിത്തുകൾ, പച്ചക്കറിതൈകൾ, നെൽവിത്ത് എന്നിവയും ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളയുടെ ആഭിമുഖ്യത്തിൽ എറണാകുളം നടുക്കരയിൽ വർഷം രണ്ട് കോടി പച്ചക്കറിതൈകൾ ഉൽപ്പാദിപ്പിക്കുവാൻ ശേഷിയുള്ള ഹൈടെക് പ്ലഗ് നഴ്സറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) നടീൽവസ്തുക്കളുടെ ഉത്പാദനത്തിനും വിതരണത്തിനുമായി 500 ലക്ഷം രൂപ, കേരളസമൃദ്ധിയെന്ന ബൃഹത്തായ പദ്ധതിയിൽ 250 ലക്ഷം രൂപ ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ തൈകൾ ഉത്പാദിപ്പിക്കുന്നതിന് കഴക്കൂട്ടത്തുള്ള ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ, അഞ്ചൽ-തളിപ്പറമ്പ് ജില്ലാ ഫാമുകളിലുള്ള ടിഷ്യൂകൾച്ചർ ലാബുകൾ എന്നിവയ്ക്കും 15 ലക്ഷം രൂപ, ഹൈടെക് നഴ്സറികളുടെ പ്രവർത്തനത്തിനും തൈകളുടെ ഉത്പാദനത്തിനുമായി 25 ലക്ഷം രൂപ, നിലവിലുള്ള പഴത്തോട്ടങ്ങളുടെ മാതൃവൃക്ഷ സംരക്ഷണത്തിനും പുതിയവ നട്ടുപിടിപ്പിക്കുന്നതിനും 100 ലക്ഷം രൂപ, ജൈവകൃഷിയിലൂടെ ഗുണമേന്മയേറിയ ഉല്പാദനോപാദികളുടെ വിതരണം ലക്ഷ്യമാക്കി സംയോജിത കൃഷി നടപ്പാക്കുന്നതിന് 200 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഫാമുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി യന്ത്രവത്ക്കരണവും അടിസ്ഥാന സൗകര്യ വികസനവുമായി 760 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

പുഷ്പകൃഷി വികസനത്തിന് മേൽത്തരം നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനായി കഴക്കൂട്ടത്തുള്ള ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്ററിലും ഇടുക്കി, പാലക്കാട്, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ ജില്ലാ ഫാമുകളിൽക്കൂടിയും ഉത്പാദിപ്പിച്ചുവരുന്നു. ഇതിന്റെ പ്രവർത്തനങ്ങൾക്കായി 300 ലക്ഷം രൂപയും ഔഷധസസ്യ കൃഷി വികസനത്തിനായി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ജനകീയമാക്കുന്നതിനും 100 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി & ഡി) എല്ലാ ജില്ലകളിലും കൃഷിവകുപ്പിന് കീഴിലുള്ള ഫാമുകളിൽ ഇത്തരം തൈകൾ ലഭ്യമാണ്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാലാവസ്ഥാ വ്യതിയാനം നിമിത്തം കാർഷിക വരുമാനത്തിൽ ഇടിവ്

12 (2846) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം നിമിത്തം കാർഷിക വരുമാനത്തിൽ എത്ര കോടി രൂപയുടെ ഇടിവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജലസേചന സൗകര്യം തീരെയില്ലാത്ത മേഖലകളിൽ സൗകര്യം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് കഴിഞ്ഞ രണ്ട് വർഷങ്ങളായി വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രഥമ വിവര റിപ്പോർട്ട് പ്രകാരം 301.8 കോടി രൂപയുടെ ഇടിവുണ്ടായിട്ടുണ്ട്.

(ബി) ജലസംരക്ഷണത്തിനും ജല പുനരുപയോഗത്തിനും ആവശ്യമായ ബോധവൽക്കരണം കർഷകർക്ക് പഞ്ചായത്തടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്. മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തണ്ണീർത്തടങ്ങളെ നാശോന്മുഖമാക്കാതെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പാടശേഖരങ്ങളിൽ തടയണകൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഴക്കാലത്ത് ലഭ്യമാകുന്ന ജലം സംഭരിക്കുന്നതിനുള്ള ജലസംഭരണികൾ നിർമ്മിക്കുന്നതിനും മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്യുന്നതിന് മണ്ണ് സംരക്ഷണ വകുപ്പ് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## സർക്കാർ ഉടമസ്ഥതയിൽ അരി മില്ലുകൾ ആരംഭിക്കുന്നതിന് നടപടി

13 (2847) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ എത്ര അരി മില്ലുകൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അത്തരത്തിൽ അരി മില്ലുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സ്വകാര്യ മേഖലയിൽ എത്ര അരി മില്ലുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന്

വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ അരി മില്ലുകൾ പ്രവർത്തിപ്പിക്കുന്നതിനായി നെല്ല് അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യാറുണ്ടോ;വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന കൃഷി വകുപ്പിന്റെ സമഗ്ര നെൽകൃഷി വികസനം എന്ന പദ്ധതി പ്രകാരം സഹകരണ സ്ഥാപനങ്ങൾ, പാടശേഖരസമിതികൾ, കർഷക കൂട്ടായ്മകൾ, പാടശേഖര സമിതി ശിപാർശ ചെയ്യുന്ന വ്യക്തികൾ എന്നിവർക്ക് മില്ലുകൾ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൻപ്രകാരം സംസ്ഥാനത്ത് 415 മിനി റൈസ് മില്ലുകൾ ഇതിനോടകം സ്ഥാപിച്ചു. അതിനുപറമേ 13 പ്രോസസ്സിംഗ് യൂണിറ്റുകളോടുകൂടിയ മില്ലുകളും സ്ഥാപിച്ചിട്ടുണ്ട്.

ഓയിൽ പാം ഇന്ത്യയുടെ കീഴിൽ കോട്ടയം ജില്ലയിലെ വെച്ചൂർ എന്ന സ്ഥലത്ത് റൈസ് മിൽ പ്രവർത്തിക്കുന്നുണ്ട്.

ആലത്തൂർ മോഡേൺ റൈസ് മില്ല് കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്നു .

(ബി) സ്വകാര്യ മേഖലയിൽ 945 അരി മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) കൃഷി വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഇതര സംസ്ഥാനങ്ങളിൽനിന്നും നെല്ല് ഇറക്കുമതി ചെയ്യുന്നില്ല.

**പരമ്പരാഗത വിത്തിനങ്ങൾ**

14 (2848) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വിത്തിനങ്ങൾ സൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഇത്തരം വിത്തിനങ്ങൾ ന്യായമായ വിലയ്ക്കും വിളയിറക്കൽ സമയത്തും കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ പരമ്പരാഗത നെല്ലിനങ്ങളും ചെറുധാന്യങ്ങളും സംരക്ഷിക്കുന്നതിനായി ജൈവവൈവിധ്യവും ജനിതക സംരക്ഷണവും ലക്ഷ്യമിട്ടുള്ള ഒരു പദ്ധതി 250 ലക്ഷം രൂപ ബജറ്റ് വിഹിതത്തോടെ 2017-18 വർഷം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. ഇതിനോടനുബന്ധിച്ച് പരമ്പരാഗത വിത്തിനങ്ങളുടെ ജനിതകശേഖരം സംരക്ഷിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഒരു സീഡ് ബാങ്ക് കേരള കാർഷിക സർവ്വകലാശാലയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതുകൂടാതെ സമഗ്ര പച്ചക്കറി പദ്ധതിയിലൂടെ നടപ്പുവർഷം പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി പ്രോത്സാഹനവും വിത്ത് ഉത്പാദനവും കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. പരമ്പരാഗത പച്ചക്കറി ഇനങ്ങളായ വേങ്ങേരി വഴുതന, ഓണാട്ടുകര പാവൽ, ഇടയൂർ മുളക്, മാരാരിക്കുളം വഴുതന, ഇടുക്കി ഇലച്ചേമ്പ്, നിത്യവഴുതന, വള്ളിച്ചീര, ചതുരപ്പയർ, അടപതിയൻ, ആനക്കൊമ്പൻ, കൊത്തമര എന്നിവ വിവിധ ജില്ലകളിലായി 80 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്. അവയിൽനിന്ന് വിത്ത് ശേഖരിച്ച് മറ്റുള്ള കർഷകരിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി പ്രോത്സാഹനത്തിന് നടപ്പുവർഷം 20 ലക്ഷം രൂപയാണ് ബജറ്റ് വിഹിതമായി ചെലവഴിക്കുന്നത്. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ ഭൗമസൂചിക പദവി ലഭ്യമാക്കുന്നതിലേയ്ക്കായി 5 ലക്ഷം രൂപ കേരള കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. ഇടയൂർ മുളക്, കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി, കാന്തല്ലൂർ വെളുത്തുള്ളി, മറയൂർ ശർക്കര, കുറ്റ്യാട്ടൂർ മാങ്ങ, അട്ടപ്പാടി തുവര, തിരൂർ വെറ്റില എന്നിവയ്ക്ക് ഭൗമസൂചിക പദവി ലഭ്യമാക്കുന്നതിനുള്ള നടപടിയും കേരള കാർഷിക സർവ്വകലാശാല സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പരമ്പരാഗത വിത്തിനങ്ങൾ ന്യായമായ വിലയ്ക്ക് ആവശ്യമായ സമയത്ത് കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടികൾ കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന സ്വീകരിച്ചിട്ടുണ്ട്.

**സ്പെഷ്യൽ കാർഷിക സോൺ പദ്ധതി**

15 (2849) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ കാർഷിക സോൺ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി 2017-18-ൽ വകയിരുത്തിയ തുകയുടെ 5 ശതമാനം എങ്കിലും ഇതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ പരാജയമാണോ ഇതു സൂചിപ്പിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വകുപ്പുതല അവലോകന യോഗങ്ങളിലും കൃഷി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ പ്രത്യേക യോഗങ്ങളിലും സ്പെഷ്യൽ കാർഷിക സോണിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

(ബി) 2017-18 ലെ ബജറ്റിൽ സ്പെഷ്യൽ കാർഷിക സോണിനായി 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സ്പെഷ്യൽ കാർഷിക സോണുകളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്കായി 15 ലക്ഷം രൂപ ( ഒരു ലക്ഷം രൂപവീതം ഓരോ സോണിനും) അനുവദിച്ചതിൽ 4.04 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സ്പെഷ്യൽ കാർഷിക സോണിന്റെ പ്രവർത്തനങ്ങൾക്കായി 970 ലക്ഷം രൂപയും ഓരോ സോണിന്റെയും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) നവീകരിക്കുന്നതിനും ചട്ടക്കൂട് രൂപീകരിക്കുന്നതിനുമായി Centre for Management Development (CMD) ന് 15 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) സ്പെഷ്യൽ കാർഷിക സോൺ പദ്ധതി പ്രകാരം സംസ്ഥാനത്തെ 5 പ്രധാന വിളകളെ കേന്ദ്രീകരിച്ച് 15 പ്രത്യേക കാർഷിക മേഖലകളാണ് നടപ്പിലാക്കുവാൻ വിഭാവനം ചെയ്തിട്ടുള്ളത്. ഒരു വർഷത്തെ പ്രവർത്തനങ്ങൾ അല്ല പദ്ധതി ലക്ഷ്യമിടുന്നത്. സോണിലെ വിളയുടെ സമഗ്രവികസനം വിവിധ പദ്ധതികളുടെ ഏകോപനത്തിലൂടെയും സംയോജനത്തിലൂടെയും സാധ്യമാക്കി പരമാവധി ഉത്പന്നത്തിന് മെച്ചപ്പെട്ട പരിപാലന വിപണന സംവിധാനം ഏർപ്പെടുത്തി ഉറപ്പുവരുത്തുകയും കർഷകർക്ക് പരമാവധി വരുമാനം നേടിക്കൊടുക്കുകയുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൃഷി വകുപ്പ് വിളകൾക്കായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്കുപുറമെ പ്രസ്തുത പ്രദേശത്ത് അത്യാവശ്യമുള്ള പശ്ചാത്തല വികസനത്തിനും മറ്റ് നിർണ്ണായക ആവശ്യ പ്രവർത്തനങ്ങൾക്കുമായിട്ടാണ് സോൺ പദ്ധതിയുടെ തുക വകയിരുത്തിയിരിക്കുന്നത്.

പ്രത്യേക കാർഷിക മേഖല പദ്ധതിയുടെ പ്രാരംഭവും ഏറ്റവും പ്രധാനപ്പെട്ടതുമായ പ്രവർത്തനം സോണിന്റെ ഇപ്പോഴത്തെ സ്ഥിതിവിവര ശേഖരണവും കുറവുകളും സാദ്ധ്യതകളും കണക്കിലെടുത്ത് സമഗ്ര വികസനത്തിനായുള്ള വിശദമായ പ്രോജക്ട് രൂപീകരണവുമാണ്. ഓരോ സോണിന്റെയും വിശദമായ പ്രോജക്ട് റിപ്പോർട്ട് കൃഷി വകുപ്പ് ഡയറക്ടർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ കാർഷിക സോണിന്റെ പ്രവർത്തനങ്ങൾക്കായി 19-2-2018 ലെ സ.ഉ.(കൈ) 22/2018/എഡി പ്രകാരം

970 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ ഉത്തരവ് ബന്ധപ്പെട്ട ജില്ലാ കൃഷി ഓഫീസർമാർക്ക് കൈമാറുകയും അംഗീകരിച്ച അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും നിർണ്ണായക അവശ്യ പ്രവർത്തനങ്ങളും സോണുകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭനടപടികൾ ജില്ലകളിൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും തുകയും താമസംവിനാ ജില്ലകൾക്ക് കൈമാറുന്നതാണ്.

വരുംവർഷങ്ങളിൽ പദ്ധതി പൂർത്തിയാക്കുമ്പോൾ വിളയുടെ ആഭ്യന്തര ഉൽപാദനത്തിലും സംസ്കരണത്തിലും വിപണനത്തിലും കർഷകരുടെ വരുമാനത്തിലും നിർണ്ണായകമായ ഉയർച്ച ഉണ്ടാകുമെന്നുള്ളത് സുനിശ്ചിതമാണ്.

**ജലദൗർലഭ്യംമൂലം കാർഷിക മേഖലയിൽ ഉണ്ടായ നഷ്ടം**

16 (2850) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക (2016-2017) വർഷത്തിൽ ജലദൗർലഭ്യം മൂലം കാർഷിക മേഖലയിൽ ഉണ്ടായ നഷ്ടം എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇങ്ങനെ കൃഷിനഷ്ടം ഉണ്ടായ കർഷകർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ;

(സി) വേനൽക്കാലം ആരംഭിച്ചിരിക്കെ ജലദൗർലഭ്യംമൂലം ഉണ്ടാകുന്ന കൃഷി നഷ്ടം ഒഴിവാക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രഥമവിവര റിപ്പോർട്ട് പ്രകാരം 41.03 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

(ബി) ഉണ്ട്. 2016-17 വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ 270 ഹെക്ടറിലായി 2729 കർഷകർക്കായി 68,06,298 രൂപ നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്.

(സി) ജലസംരക്ഷണത്തിനും ജല പുനരുപയോഗത്തിനും ആവശ്യമായ ബോധവൽക്കരണം കർഷകർക്ക് പഞ്ചായത്തടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്. മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തണ്ണീർത്തടങ്ങളെ നാശോന്മുഖമാക്കാതെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പാടശേഖരങ്ങളിൽ തടയണകൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഴക്കാലത്ത് ലഭ്യമാകുന്ന ജലം സംഭരിക്കുന്നതിനുള്ള ജലസംഭരണികൾ നിർമ്മിക്കുന്നതിനും മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്യുന്നതിന് മണ്ണ് സംരക്ഷണ വകുപ്പ് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

നെൽകർഷകർ മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

വരൾച്ചയെ പ്രതിരോധിക്കുന്നതിനും കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും നൂതന ടെക്നോളജികളായ PPFM (Pink Pigmented Facultative Methylotrophic Bacteria) VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### കടബാധ്യതമൂലം ആത്മഹത്യ ചെയ്ത കർഷകർ

17 (2851) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടബാധ്യത മൂലം ആത്മഹത്യചെയ്ത കർഷകരുടെ കടം എഴുതിത്തള്ളിയ ഇനത്തിൽ എത്ര തുക ചെലവഴിച്ചു എന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടബാധ്യതയാൽ എത്ര കർഷകർ ആത്മഹത്യ ചെയ്തു എന്നറിയിക്കാമോ;

(സി) കർഷക ആത്മഹത്യകൾ തടയുന്ന കാര്യത്തിലുള്ള നിലപാടും നടപടികളും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2008 മാർച്ച് മാസത്തെ വേനൽമഴയിലുണ്ടായ വ്യാപകമായ കൃഷിനാശത്തെത്തുടർന്ന് ആത്മഹത്യ ചെയ്ത ചുവടെ പറയുന്ന കർഷകരുടെ കാർഷിക കടങ്ങൾ അടച്ചുതീർക്കുന്നതിന് ഈ സർക്കാർ തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ആത്മഹത്യ ചെയ്ത കർഷകൻ | തുക |
|---|---|
| ജോൺ വെട്ടിക്കാട്, വെട്ടിക്കാട്, ഈര, ആലപ്പുഴ | 8,250 |
| പുഷ്കരൻ, ചിറ്റഴം, രാമൻകരി, ആലപ്പുഴ | 56,180 |

(ബി) കർണ്ണാടകയിൽ ഇഞ്ചികൃഷി ചെയ്യുന്നതിനായി എടുത്ത ബാങ്ക് വായ്പ കൃഷിനാശവും വിലയിടിവും വന്യമൃഗശല്യവുംമൂലം തിരിച്ചടയ്ക്കാത്തതിനെത്തുടർന്ന് വയനാട് ജില്ലയിലെ താമസക്കാരനായ ഒരു കർഷകൻ ആത്മഹത്യ ചെയ്തിട്ടുണ്ട്.

(സി) കർഷക ആത്മഹത്യകൾ തടയുന്നതിനായി കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവുകൾ പ്രകാരം കർഷകരുടെ 18-1-2017-ന് മുമ്പുള്ള വായ്പയും പലിശയും സർക്കാർ ഏറ്റെടുത്ത് കർഷകർക്ക് ആനുകൂല്യം നൽകിവരുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2017 മേയ് 31 വരെ മൊറട്ടോറിയം അനുവദിച്ചിരുന്നു.

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കേരഫെഡ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ തുടങ്ങിയ സ്ഥാപനങ്ങൾവഴി നെല്ല്, നാളീകേരം, പച്ചക്കറി തുടങ്ങിയ കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് കർഷകർക്ക് ന്യായവില ഉറപ്പാക്കിവരുന്നു. ഇതിനുപുറമെ സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ 26 കാർഷിക വിളകൾക്ക് ഏറ്റവും കുറഞ്ഞ പ്രീമിയം തുക അടച്ച് ഏറ്റവും മികച്ച നഷ്ടപരിഹാരത്തുക നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

കൂടാതെ 60 വയസ് പൂർത്തിയായി ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതി നിബന്ധനകൾക്ക് വിധേയമായി 1-4-2017 മുതൽ 1,100 രൂപ കർഷക പെൻഷൻ നൽകി വരുന്നു. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി, ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി, കീട രോഗ നിയന്ത്രണ പദ്ധതികൾ തുടങ്ങിയവയും നടത്തിവരുന്നു.

**കാർഷികരംഗത്ത് നടത്തിയ ഇടപെടലുകൾമൂലമുണ്ടായ പുരോഗതി**

18 (2852) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം കാർഷികരംഗത്ത് നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഇടപെടലുകൾമൂലമുണ്ടായ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പച്ചക്കറികൃഷിയിൽ 2015-16, 2016-17 വർഷത്തെ വളർച്ച എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞവർഷം എത്ര ഹെക്ടറിൽ കര നെൽകൃഷി നടത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) മുൻവർഷത്തേക്കാൾ നെൽപ്പാടവും നെല്ലുൽപ്പാദനവും വർദ്ധിക്കുകയോ, കുറയുകയോ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(എഫ്) വർദ്ധിച്ചതാണെങ്കിലും കുറഞ്ഞതാണെങ്കിലും എത്ര ശതമാനമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ വന്നശേഷം കാർഷിക രംഗത്ത് വലിയ മുന്നേറ്റം ഉണ്ടാക്കുന്ന പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

വിളവിസ്തൃതിക്കും ഉൽപ്പാദനവർദ്ധനവിനുമായി നെൽകൃഷി വികസനം, പച്ചക്കറി കൃഷി വികസനം, കിഴങ്ങ്-പയർവർഗ്ഗ വിളകളുടെ വികസനം, നാളീകേര വികസനം, സുഗന്ധ വ്യഞ്ജന വിള വികസനം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

മണ്ണിന്റെയും വിളയുടെയും ആരോഗ്യപരിപാലനത്തിനും ഉത്പാദനക്ഷമത ഉയർത്തുന്നതിനും വിള ആരോഗ്യപരിപാലന രംഗത്തും കാര്യമായ ഇടപെടലുകൾ നടത്തുന്നു.

പ്രാദേശിക പ്രാധാന്യമുള്ള വിളകൾക്കുള്ള പ്രോൽസാഹനം, ഹൈ-ടെക്, ജൈവകൃഷി രീതികളുടെ പ്രചരണം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി കർഷകർക്ക് ആവശ്യമായ കാർഷിക സേവനങ്ങൾക്കും ഗുണമേൻമയുള്ള നടീൽവസ്തുക്കളുടെ വിതരണത്തിനും ഊന്നൽനൽകുന്ന പദ്ധതികൾ നടപ്പിലാക്കി.

കാർഷിക ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിന് ഓണത്തിനും വിഷുവിനും കാർഷിക വിപണി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കി. ഓണത്തിനായി വീട്ടുവളപ്പിൽ പച്ചക്കറികൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഓണത്തിന് 'ഒരു മുറം പച്ചക്കറി'യെന്ന പദ്ധതി നടപ്പിലാക്കി. പരമ്പരാഗത നാടൻ വിത്തിനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണത്തിന് പ്രോൽസാഹനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കി. അട്ടപ്പാടിയിൽ ചെറുധാന്യങ്ങളുടെ അഭിവൃദ്ധിക്കായി 'മില്ലറ്റ് വില്ലേജ്' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി.

(ബി) റാണിചിത്തിര, ആറൻമുള കായൽ ഉൾപ്പെടെയുള്ള തരിശ് നെൽകൃഷിയിൽ വലിയ മുന്നേറ്റം ഉണ്ടാക്കുവാൻ സാധിച്ചു. സംസ്ഥാനത്ത് ഇപ്പോൾ നെൽകൃഷിയുടെ മൊത്തം വിസ്തൃതി 2,20,449 ഹെക്ടർ ആയി വർദ്ധിച്ചിട്ടുണ്ട്. സുഗന്ധ ഇനങ്ങൾ ഉൾപ്പെടെ നെല്ലിനങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിനും മിനി റൈസ് മില്ലുകൾ സ്ഥാപിച്ച് അവയുടെ സംസ്കരണം നടത്തുന്നതിനും സാധിച്ചു. 3657 ഹെക്ടർ നിലം "ഒരുപൂകൃഷി" , "ഇരുപൂകൃഷി" യാക്കി മാറ്റി. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുമായി കർഷകർക്ക് അവരുടെ സംശയങ്ങളും പരാതികളും പങ്ക് വയ്ക്കുന്നതിന് പ്രതിമാസ ഫോൺ ഇൻ സംവിധാനം "കൃഷി മന്ത്രി വിളിപ്പുറത്ത്" നടപ്പിലാക്കി.

ഉൽസവ കാലങ്ങളിൽ സംഘടിപ്പിച്ച ഓണം സമൃദ്ധി, വിഷുക്കണി തുടങ്ങിയ കർഷക വിപണികൾവഴി കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മതിയായ വില നൽകുന്നതിനും ഉപഭോക്താക്കൾക്ക് അവ മിതമായ വിലയ്ക്ക് ലഭ്യമാക്കുവാനും സാധിച്ചു.

നെല്ല്, പച്ചക്കറി, സുഗന്ധവ്യഞ്ജന വിളകൾ എന്നിവയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ സാധിച്ചു.

(സി) 2015-16 സാമ്പത്തിക വർഷത്തിൽ 46578 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2016-17-ൽ സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപാദിപ്പിക്കാനും സാധിച്ചു. ടി കാലയളവിൽ 6252 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്ത് 97,000 മെട്രിക് ടൺ പച്ചക്കറി അധികമായി ഉത്പാദിപ്പിക്കാൻ സാധിച്ചു.

(ഡി) 2016-17 സാമ്പത്തിക വർഷം 2752.092 ഹെക്ടറിൽ കരനെൽ കൃഷി ചെയ്തു. ജില്ലതിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| ജില്ല | 2016-17 കൃഷി വകുപ്പ് പദ്ധതികൾ പ്രകാരം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 251.125 |
| കൊല്ലം | 320.00 |
| പത്തനംതിട്ട | 120.00 |
| ആലപ്പുഴ | 44.996 |

| (1) | (2) |
|---|---|
| കോട്ടയം | 114.00 |
| ഇടുക്കി | 100.00 |
| എറണാകുളം | 91.495 |
| തൃശ്ശൂർ | 575.00 |
| പാലക്കാട് | 180.147 |
| മലപ്പുറം | 218.46 |
| കോഴിക്കോട് | 473.24 |
| വയനാട് | 34.45 |
| കണ്ണൂർ | 129.179 |
| കാസർഗോഡ് | 100.00 |
| **ആകെ** | **2752.092** |

(ഇ & എഫ്) നെൽകൃഷി വിസ്തൃതിയും ഉല്പാദനവും മുൻ വർഷത്തെക്കാൾ വർദ്ധിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | 2016-17 -ലെ വിസ്തൃതി | 2017-18-ലെ വിസ്തൃതി | വർദ്ധനവ് ശതമാനം |
|---|---|---|---|
| | (ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് പ്രസിദ്ധീകരിച്ച കണക്ക്) | (പുഞ്ചകൃഷി ഉൾപ്പെടെ കൃഷി വകുപ്പിന്റെ കണക്ക് | |
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | 1392 | 2663.278 | 91.32744 |
| കൊല്ലം | 1302 | 3467.922 | 166.3535 |
| പത്തനംതിട്ട | 2640 | 3591.2 | 36.0303 |
| കോട്ടയം | 17216 | 20309.02 | 17.96596 |
| ഇടുക്കി | 695 | 1520.5 | 118.777 |
| ആലപ്പുഴ | 32453 | 40282.49 | 24.12563 |
| എറണാകുളം | 4730 | 5300.8403 | 12.06851 |
| തൃശ്ശൂർ | 21100 | 22470.48 | 6.495166 |

| (1) | (2) | (3) | (4) |
|---|---|---|---|
| പാലക്കാട് | 65513 | 90580 | 38.26263 |
| മലപ്പുറം | 7140 | 8084.26 | 13.22493 |
| കോഴിക്കോട് | 1987 | 3783.0043 | 90.38774 |
| വയനാട് | 7822 | 9508.247 | 21.55775 |
| കണ്ണൂർ | 4671 | 6083.146 | 30.2322 |
| കാസർഗോഡ് | 2737 | 2804.988 | 2.484034 |
| **ആകെ** | 171398 | 220449.375 | 28.61841 |

**കൃഷി ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

19 (2853) ശ്രീ. ജെയിംസ് മാത്യു:

ശ്രീ. എം. സ്വരാജ്:

ശ്രീ. ഡി. കെ. മുരളി:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാഭിവൃദ്ധിക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ അത്യന്താപേക്ഷിതമായതിനാൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനും അവ വിപണിയിൽ ലഭ്യമാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലാ കൃഷി ഫാമുകളിലും സ്പെഷ്യൽ ഫാമുകളിലും ഉയർന്ന ഉത്പാദനക്ഷമതയുള്ള തൈകളുടെയും വിദേശീയമായ പഴവർഗ്ഗങ്ങളുടെയും ചെടികളുടെയും മാതൃകാ പ്രദർശന തോട്ടങ്ങൾ ഒരുക്കിയിട്ടുണ്ടോ; അറിയിക്കാമോ;

(സി) ഡിപ്പാർട്ട്മെന്റ് ഫാമുകളിൽ സ്ഥാപിച്ചിട്ടുള്ള ടിഷ്യൂകൾച്ചർ ലാബുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളെ മാതൃകാ ഫാമുകളായി വികസിപ്പിക്കുന്നതിനും വിത്ത് ഉത്പാദന പരിപാടികൾക്കുമായി എത്ര രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കൃഷി ഫാമുകളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആയതിൻ പ്രകാരം കൃഷി വകുപ്പിന്റെ 8 കോക്കനട്ട് നഴ്സറികളിൽക്കൂടി ഗുണമേന്മയുള്ള നെടിയ ഇനം തെങ്ങിൻതൈകൾ, റ്റിx ഡി, ഡിx റ്റി ഉൾപ്പെടെ സങ്കരയിനം തെങ്ങിൻ തൈകൾ, CGD, COD, MYD ഉൾപ്പെടെ കുറിയ ഇനം തെങ്ങിൻ തൈകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ എന്നിവ ഉത്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കർഷകർക്കാവശ്യമായ വിവിധയിനം നെൽ വിത്തുകൾ, പച്ചക്കറി വിത്തുകൾ എന്നിവ 33 സംസ്ഥാന വിത്തുൽപാദന കേന്ദ്രങ്ങൾ വഴിയും 14 സ്പെഷ്യൽ ഫാമുകൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ മുഖേന വേരു പിടിപ്പിച്ച കുരുമുളക് വള്ളികൾ, വിവിധയിനം ഫലവൃക്ഷങ്ങളുടെ തൈകൾ, ഗ്രാഫ്റ്റുകളും ലെയറുകളും അലങ്കാരച്ചെടികൾ, പച്ചക്കറി തൈകൾ. പച്ചക്കറി വിത്തുകൾ എന്നിവ ഉത്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കൂടാതെ കൃഷിവകുപ്പിന്റെകീഴിലുള്ള കഴക്കൂട്ടം മോഡൽ ഫ്ലോറികൾച്ചർ സെന്റർ ആന്റ് ബയോടെക്നോളജി ലാബ് മുഖേന ടിഷ്യൂകൾച്ചർ വാഴത്തൈകൾ, പച്ചക്കറി തൈകൾ, ഓർക്കിഡ്, മറ്റ് നടീൽ വസ്തുക്കൾ എന്നിവ ഉത്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

1. നടീൽ വസ്തുക്കളുടെ ഉത്പാദനം (വേരു പിടിപ്പിച്ച കുരുമുളക് വള്ളികളുടെ ഉത്പാദനം ഉൾപ്പെടെ)
2. കേര സമൃദ്ധി
3. ഹൈടെക് ഫാമിംഗ് യൂണിറ്റിലുള്ള ഓപ്പറേഷണൽ സപ്പോർട്ടും ടെക്നോളജി സപ്പോർട്ടും
4. ടിഷ്യൂ കൾച്ചർ ലാബുകളിൽ മാൻ പവർ സപ്പോർട്ട്
5. മാതൃ ഫലവൃക്ഷങ്ങളുടെ പരിപാലനവും പുതിയവ വച്ചു പിടിപ്പിക്കലും
6. വിദേശീയ ഫലവൃക്ഷങ്ങളുടെ പ്രദർശനത്തോട്ടം നിർമ്മിക്കൽ
7. സമ്മിശ്ര കൃഷി വികസന പദ്ധതി.
8. കുറിയ ഇനം തെങ്ങുകളുടെ പ്രദർശനത്തോട്ടം നിർമ്മിക്കൽ
9. ഔഷധ സസ്യ കൃഷി
10. പുഷ്പ കൃഷി

11. ഫാമുകളിൽ അടിസ്ഥാന സൗകര്യ വികസനം
12. ഫാമുകളിൽ യന്ത്രവൽക്കരണം
13. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം മുഖേന നടീൽ വസ്തുക്കളുടെ ഉത്പാദനം.

(ബി) ജില്ലാ കൃഷി ഫാമുകളിലും സ്പെഷ്യൽ ഫാമുകളിലും ഉയർന്ന ഉത്പാദന ക്ഷമതയുള്ള തൈകളുടെയും വിദേശീയമായ പഴവർഗ്ഗങ്ങളുടെയും ചെടികളുടെയും മാതൃകാ പ്രദർശനത്തോട്ടങ്ങൾ ഒരുക്കിയിട്ടുണ്ട്. ഈ പദ്ധതി വിവിധ ഫാമുകളിലായി 20 ഹെക്ടറിൽ 100 ലക്ഷം രൂപ വകയിരുത്തി നടപ്പിലാക്കി വരുന്നു. ഫാമുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) നിലവിൽ രണ്ട് ഡിപ്പാർട്ട്മെന്റ് ഫാമുകളിലാണ് ടിഷ്യൂകൾച്ചർ ലാബുകൾ സ്ഥാപിച്ചിട്ടുള്ളത്. അവ ജില്ലാ കൃഷി ഫാം അഞ്ചൽ, ജില്ലാ കൃഷി ഫാം തളിപ്പറമ്പ എന്നിവയാണ്. ഈ ഫാമുകളിൽ 8 ലക്ഷം ടിഷ്യൂകൾച്ചർ വാഴതൈകൾ ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ ഡ്രാഗൺ ഫ്രൂട്ട്, ഓർക്കിഡ് എന്നിവയുടെ ടിഷ്യൂകൾച്ചർ തൈകൾ, ജൈവകീടരോഗ നിയന്ത്രണത്തിലുള്ള സ്യൂഡോമോണസ്, ട്രൈക്കോഡർമ മുതലായവയും ഉൽപ്പാദിപ്പിക്കുന്നു.

(ഡി) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളെ മാതൃകാ ഫാമുകളായി വികസിപ്പിക്കുന്നതിനും വിത്ത് ഉത്പാദന പരിപാടികൾക്കുമായി 2017-18 ബജറ്റിൽ 2139 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും - 1379 ലക്ഷം രൂപ

ഫാമുകളിൽ അടിസ്ഥാന സൗകര്യ വികസനവും യന്ത്രവൽക്കരണവും - 760 ലക്ഷം രൂപ

ആകെ - 2139 ലക്ഷം രൂപ.

**വയനാട് പാക്കേജിൽ വകയിരുത്തിയ പ്ലാൻ ഫണ്ട്**

20 (2854) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാടിലെ കാർഷിക വികസനത്തിനായി വയനാട് പാക്കേജിന്റെ നടത്തിപ്പ് ഇപ്പോൾ എത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പാക്കേജിനായി 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ പ്ലാൻ ഫണ്ടിന്റെ എത്ര ശതമാനം ഇതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്; വിശദീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിച്ച 1900 ലക്ഷം രൂപയിൽ 592.37 ലക്ഷം രൂപ ഇതുവരെ ചിലവഴിച്ചു. പദ്ധതി പ്രവർത്തനം പുരോഗതിയിലാണ്. അതനുസരിച്ച് പദ്ധതിച്ചെലവിലും വർദ്ധന ഉണ്ടാകും. സമഗ്ര കുരുമുളക് വികസനം, മണ്ണിനെ പുഷ്ടിപ്പെടുത്താനുള്ള ഉപാധികളുടെ വിതരണം, പ്രാദേശികാടിസ്ഥാനത്തിലുള്ള വിളകളുടെ വികസനം, സുഗന്ധനെല്ലിനങ്ങളുടെ കൃഷി, മുള്ളൻകൊല്ലി, പുൽപ്പള്ളി പഞ്ചായത്തുകളിൽ വരൾച്ച പ്രതിരോധിക്കുന്നതിനുള്ള പദ്ധതി എന്നിവയാണ് വയനാട് പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

**ഹൈടെക് ഫാമിംഗ് പദ്ധതി**

21 (2855) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹൈടെക് ഫാർമിംഗ് പദ്ധതിയുടെ ഭാഗമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരള മുഖാന്തരം ഹൈടെക് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി 400-4000 ച.മീ വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാർ 25% ധനസഹായവും മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി പൊളീഹൗസുകൾ നിർമ്മിക്കുന്നതിന് കേന്ദ്രസർക്കാർ 50% അധിക ധനസഹായവും നൽകിവരുന്നു.

പോളീഹൗസ് നിർമ്മാണത്തിന് നൽകുന്ന സാമ്പത്തിക സഹായത്തിന് ഉപരിയായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പോളീഹൗസിൽ കൃഷി ചെയ്യുന്ന മൂല്യംകൂടിയ പച്ചക്കറികളുടെയും നടീൽ വസ്തുക്കളുടെയും കൃഷിയുടെയും ചെലവിനും കർഷകർക്ക് ച.മീറ്ററിന് 140 രൂപ എന്ന പരിധിക്ക് വിധേയമായി ചെലവിന്റെ 50% ധനസഹായം നൽകുന്നു.

**കർഷക കൂട്ടായ്മകൾക്ക് കൃഷിയിറക്കുന്നതിന് പ്രോത്സാഹനം**

22 (2856) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷക കൂട്ടായ്മകൾക്കോ സംഘങ്ങൾക്കോ കൃഷി ഇറക്കുന്നതിന് തരിശ് ഭൂമികൾ താത്ക്കാലികമായി നൽകുന്നതിനും കൃഷിക്ക് വേണ്ടുന്ന പ്രോത്സാഹനവും സഹായങ്ങളും നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കർഷക കൂട്ടായ്മകൾക്കും സംഘങ്ങൾക്കും തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് കൃഷി വകുപ്പ് പ്രോത്സാഹനവും ആനുകൂല്യവും നൽകുന്നുണ്ട്. നെൽകൃഷി വികസന പദ്ധതി പ്രകാരം തരിശുനിലങ്ങൾ താൽക്കാലികമായി ഏറ്റെടുത്ത് നെൽകൃഷി ചെയ്യുന്ന കർഷകർക്കും കർഷക കൂട്ടായ്മകൾക്കും ഹെക്ടർ ഒന്നിന് ഒന്നാംവർഷം 25,000 രൂപ, രണ്ടാം വർഷം 5,800 രൂപ, മൂന്നാം വർഷം 3,750 രൂപയും ഭൂവുടമയ്ക്ക് ഹെക്ടർ ഒന്നിന് ഒന്നാം വർഷം 5,000 രൂപ, രണ്ടാം വർഷം 1,200 രൂപ, മൂന്നാം വർഷം 750 രൂപ പ്രകാരവും ആനുകൂല്യം നൽകുന്നുണ്ട്. പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം തരിശുഭൂമിയിൽ പച്ചക്കറികൃഷി ചെയ്യുന്നതിന് ഹെക്ടറിന് 25,000 രൂപ കർഷകനും ഭൂവുടമയ്ക്ക് 5,000 രൂപയും ആനുകൂല്യം നൽകുന്നുണ്ട്. 2008- ലെ നെൽവയൽ തണ്ണീർതട നിയമ ഭേദഗതിയിലൂടെ നെൽകൃഷി ചെയ്യാവുന്ന പാടശേഖരങ്ങൾ ഉടമസ്ഥർ തരിശായിട്ടാൽ പ്രസ്തുത ഭൂമി കൃഷിക്കായി ഏറ്റെടുത്ത് കർഷക കൂട്ടായ്മകൾക്കോ, സംഘങ്ങൾക്കോ കുടുംബശ്രീ യൂണിറ്റുകൾക്കോ കൃഷി ചെയ്യാൻ ഏൽപ്പിച്ചുകൊടുക്കാൻ കഴിയും.

**കാർഷിക മേഖലയുടെ വളർച്ചയ്ക്ക് പുതിയ പദ്ധതി**

23 (2857) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ഊന്നൽ കൊടുക്കുന്ന പുതിയ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നത് പരിഗണനയിൽ ഉണ്ടോ ; എങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ താഴെപ്പറയുന്ന പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. 2017 ചിങ്ങം ഒന്ന് മുതൽ 2018 ചിങ്ങം ഒന്നുവരെ നാളികേര വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി തെങ്ങുകൃഷിയുടെ പുനരുജ്ജീവനത്തിന് ആവശ്യമായ നൂതന പദ്ധതികൾ.

2. ജൈവകൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഫാം സ്കൂളുകൾ സംഘടിപ്പിച്ച് പരിശീലന പരിപാടി, കൃഷി വിജ്ഞാന വ്യാപന പദ്ധതി, മാതൃകാ ഫാമുകൾ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ മേൽനോട്ടത്തിൽ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

3. ബ്ലോക്കുതലത്തിൽ ജൈവനിയന്ത്രണോപാധികളുടെ ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനായി പുതിയ ബയോകൺട്രോൾ ലാബുകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

4. ആത്മ, ആത്മ പ്ലസ് തുടങ്ങിയ പദ്ധതികളുടെ ഘടകങ്ങൾ, സമൂഹ മാധ്യമങ്ങളുടെ സാധ്യതകൾ, കർഷകരുടെ പ്രായോഗിക അനുഭവങ്ങളുടെ കണ്ടെത്തലുകൾ തുടങ്ങിയവ സംയോജിപ്പിച്ചുകൊണ്ട് കേരള ഇന്നൊവേഷൻ എക്സ്റ്റൻഷൻ പ്രോജക്ട്.

5. വ്യാവസായികാടിസ്ഥാനത്തിൽ ഉഴുന്നതിനും വാരം കോരുന്നതിനും വളം ഇടുന്നതിനും നേഴ്സറി ട്രേ നിറയ്ക്കുന്നതിനും നടുന്നതിനും നനയ്ക്കുന്നതിനും എല്ലാം യന്ത്രങ്ങൾ ഉപയോഗിച്ച് വ്യാവസായികാടിസ്ഥാനത്തിൽ നൂതന കൃഷി സമ്പ്രദായവും വലിയതോതിൽ മുതൽ മുടക്കി നടപ്പിലാക്കുന്നവർക്കായി സബ്സിഡി സ്കീം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും വിഭാവനം ചെയ്യുന്നു.

6. വിളകളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന പ്രത്യേക കാർഷികമേഖലാ പദ്ധതി സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുവാനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

7. വിദൂരത്തിലുള്ള വിദഗ്ധരുടെ പരിശീലനക്ലാസ്സുകൾ ലഭ്യമാകുന്ന തരത്തിൽ കൃഷി വകുപ്പിന്റെകീഴിലുള്ള വിവിധ പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങളെയും SAMETI- യെയും മറ്റ് ഗവേഷണ സ്ഥാപനങ്ങളുമായി ഓൺലൈനിൽ കോർത്തിണക്കി വെർച്വൽ ക്ലാസ് റൂം സംവിധാനം.

8. കേരളത്തിൽ പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി ഒരുക്കുന്നതിന്റെ ഭാഗമായി പുതിയ അഗ്രോ സൂപ്പർ ബസാർ.

9. കർഷക കൂട്ടായ്മകളും കർഷക ഉത്പാദകസംഘങ്ങളും കാർഷിക ഉത്പാദന സംസ്കരണ വിപണന മേഖലകളിൽ നൂതന സാങ്കേതിക വിദ്യ, നൂതന യന്ത്രോപകരണങ്ങൾ എന്നിവയുടെ സഹായത്തോടെ ഏറ്റെടുക്കുന്ന പുതുമയുള്ള പ്രോജക്ടുകൾക്ക് വായ്പാ ബന്ധിത സബ്സിഡി നൽകുന്നതിനുള്ള പദ്ധതി. ഇത്തരം സംരംഭങ്ങൾക്ക് 25% സബ്സിഡി നിരക്കിൽ പരമാവധി 10 ലക്ഷം രൂപ വരെ ബാക്ക് എന്റഡ് സബ്സിഡിയായി നൽകുവാൻ ഉദ്ദേശിക്കുന്നു.

10. പാരമ്പര്യേതര ഊർജ്ജസ്രോതസ്സായ ബയോഗ്യാസ് പ്ലാന്റുകളുടെ അധിക വ്യാപനം.

**കടാശ്വാസ കമ്മീഷൻ**

24 (2858) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടാശ്വാസ കമ്മീഷനിൽ ഇപ്പോൾ എത്ര അപേക്ഷകൾ തീർപ്പുകൽപ്പിക്കാനുണ്ടെന്നും 2017-18 സാമ്പത്തിക വർഷം എത്ര പേർക്ക് അവാർഡ് പാസ്സാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷനിൽ 36397 അപേക്ഷകൾ തീർപ്പാക്കാനായി ബാക്കിയുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 3037 അപേക്ഷകർക്ക് കടാശ്വാസം നൽകുന്നതിനുള്ള ശിപാർശ നൽകിയിട്ടുണ്ട്.

**പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ**

25 (2859) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിള ആരോഗ്യ പരിപാലന പദ്ധതിയുടെ ഭാഗമായി എത്ര പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കോതമംഗലം മണ്ഡലത്തിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടോ;വിശദമാക്കാമോ;

(സി) പുതുതായി പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സംസ്ഥാനത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) കോതമംഗലം മണ്ഡലത്തിൽ പുതിയ പ്ലാന്റ് ഹെൽത്ത് ക്ലിനിക് ആരംഭിക്കുവാൻ നടപടി സ്വീകരിക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിവരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിള ആരോഗ്യപരിപാലന പദ്ധതിയുടെ ഭാഗമായി 2016-17 വരെ തുടങ്ങിയ 152 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും 2017-18-ൽ തുടങ്ങിയ 50 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും ഉൾപ്പെടെ ആകെ 202 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 4 ജില്ലാ റഫറൽ ക്ലിനിക്കുകളും കൊല്ലം, പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്. കോതമംഗലം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കോട്ടപ്പടി കൃഷിഭവനിൽ 2013-14 മുതൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്.

(സി) ഉണ്ട്. 2017-18-ലെ വിള ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയതായി 50 പഞ്ചായത്തുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷവും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പുതിയതായി അനുവദിക്കുന്നതാണ്.

(ഡി) നിലവിൽ കോതമംഗലം മണ്ഡലത്തിലെ കോട്ടപ്പടി കൃഷിഭവനിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് പ്രവർത്തിച്ചുവരുന്നു.

(ഇ) ശാസ്ത്രീയ വിവരശേഖരണത്തിന് കൃത്യമായ ഇടവേളകളിൽ കൃഷിയിടം സന്ദർശിക്കുന്ന പെസ്റ്റ് സ്കൗട്ടുകൾ ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കീടബാധ നിയന്ത്രിക്കുന്നതിന് അനുവർത്തിക്കേണ്ട ശാസ്ത്രീയമാർഗ്ഗങ്ങൾ സംബന്ധിച്ച് നിർദ്ദേശം യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നു. സംസ്ഥാനത്ത് വിള ആരോഗ്യ പരിപാലന പദ്ധതിയുടെ ഭാഗമായി 2016-17 വരെ തുടങ്ങിയ 152 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും 2017-18 ൽ തുടങ്ങാൻ അനുമതി ലഭിച്ച 50 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും ഉൾപ്പെടെ ആകെ 202 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ക്ലിനിക്കുകളിൽ നിന്നും കീടരോഗ നിർണ്ണയത്തിനും മണ്ണിന്റെ അമ്ലത്വ പരിശോധനയ്ക്കുമുള്ള സൗകര്യം കർഷകർക്ക് ലഭ്യമാക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ സന്തുലിത വളപ്രയോഗം, സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു. കീടരോഗ നിർണ്ണയത്തിനുള്ള മൈക്രോസ്കോപ്പുകൾ, മാഗ്നിഫയറുകൾ, മണ്ണിന്റെ അമ്ലത്വ പരിശോധനയ്ക്കുള്ള പി.എച്ച്. മീറ്റർ തുടങ്ങിയ ഉപകരണങ്ങൾ, ശത്രുകീടങ്ങളേയും മിത്ര കീടങ്ങളേയും തിരിച്ചറിയുന്നതിനുള്ള സ്പെസിമെനുകൾ, കീടരോഗബാധ ലക്ഷണങ്ങൾ കർഷകർക്ക് മനസ്സിലാക്കുന്നതിന് സഹായകരമായ സ്പെസിമെനുകൾ, ചാർട്ടുകൾ, ഫോട്ടോഗ്രാഫുകൾ കൂടാതെ കൃഷി സംബന്ധമായ വിവരങ്ങൾ ലഭ്യമാകുന്ന ലഘുലേഖകൾ, പുസ്തകങ്ങൾ, മാഗസിനുകൾ സി.ഡി.-കളും വിളകൾക്കുണ്ടാകുന്ന കീടരോഗബാധ നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയും നൂതന സാങ്കേതിക വിദ്യകളും ഉൾപ്പെടുത്തി തയ്യാറാക്കുന്ന പെസ്റ്റ് ബുള്ളറ്റിനുകളും കർഷകർക്ക് ലഭ്യമാകുന്നു.

NIPHM-ൽനിന്ന് പരിശീലനം കഴിഞ്ഞ കൃഷി ഓഫീസർമാരുടെ മേൽനോട്ടത്തിൽ കർഷകരുടെ കൃഷിയിടങ്ങളിൽത്തന്നെ ജൈവീക കീടരോഗ നിയന്ത്രണോപാധികളുടെ ഉല്പാദനം, പരിസ്ഥിതി സൗഹൃദ നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയും പദ്ധതിയുടെ ഭാഗമായി നടപ്പാക്കി വരുന്നു.

**കർഷകമിത്രം പദ്ധതി**

26 (2860) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകൾക്ക് ന്യായമായ വില ലഭിക്കാനും വിളകൾ സംരക്ഷിക്കുന്നതിനുള്ള അറിവ് പകരുന്നതിനുമായി കർഷകമിത്രം പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ആദ്യഘട്ടത്തിൽ ഏത് ജില്ലയിലാണ് നടപ്പിലാക്കാൻ ആലോചിക്കുന്നത്; കേരളത്തിലാകെ ഈ പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് പ്രസ്തുത പദ്ധതി ആദ്യഘട്ടത്തിൽ തൃശ്ശൂർ ജില്ലയിലാണ് നടപ്പിലാക്കുന്നത്.

**കാർഷിക മേഖലയിലെ കേന്ദ്ര ഫണ്ട്**

27 (2861) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014-15 മുതൽ 2017-18 വരെ കാർഷിക മേഖലയ്ക്ക് ആകെ എത്ര കോടി രൂപ കേന്ദ്ര ഫണ്ട് ലഭിച്ചു; പ്രസ്തുത ഫണ്ട് ഏതൊക്കെ പദ്ധതികൾക്കാണ് ചെലവഴിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; തുക പൂർണ്ണമായി ചെലവഴിച്ചില്ലെങ്കിൽ എന്തുകൊണ്ട്; വിശദീകരിക്കുമോ?

ഉത്തരം

2014-15 മുതൽ 2017-18 വരെ കാർഷിക മേഖലയ്ക്ക് ആകെ എത്ര കോടി രൂപ കേന്ദ്ര ഫണ്ട് ലഭിച്ചു എന്നും പ്രസ്തുത ഫണ്ട് ഏതൊക്കെ പദ്ധതികൾക്കാണ് ചെലവഴിച്ചത് എന്നുമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ആറാലുംമൂട് പച്ചക്കറി മാർക്കറ്റ് നവീകരണം**

28 (2862) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ആറാലുംമൂട് പച്ചക്കറി മാർക്കറ്റ് നവീകരണത്തിന് ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എം.എൽ.എ. ബഹു. മന്ത്രിയ്ക്ക് നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ പച്ചക്കറി മാർക്കറ്റ് നവീകരണത്തിന് തിരുവനന്തപുരം ജില്ലയിൽ ഫണ്ട് നൽകിയ മാർക്കറ്റുകൾ ഏതെല്ലാമാണെന്നും നൽകിയ ഫണ്ട് എത്ര ആണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത മാർക്കറ്റ് നവീകരിക്കുന്നതിന് കൃഷിവകുപ്പിന്റെ ഏത് ഫണ്ടാണ് വിനിയോഗിക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ആറാലുംമൂട് പച്ചക്കറി മാർക്കറ്റ് നവീകരണത്തിന് ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ. ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയ നിവേദനത്തിലെ ആവശ്യം പരിശോധിച്ചുവരികയാണ്.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ മാർക്കറ്റ് നവീകരണത്തിന് കൃഷി വകുപ്പിന്റെകീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ കാർഷിക മൊത്ത വ്യാപാര വിപണികളായ നെടുമങ്ങാട്, ആനയറ എന്നിവയ്ക്ക് ഫണ്ട് നൽകിയിട്ടുണ്ട്.

ആനയറ - 35 ലക്ഷം

നെടുമങ്ങാട് - 5 ലക്ഷം.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ.-യുടെ നിബന്ധനകൾക്ക് വിധേയമായി വിനിയോഗിക്കാൻ കഴിയുന്നതാണ്.

**ആധുനിക കൃഷിരീതികൾ പ്രോത്സാഹിപ്പിക്കാൻ നടപടി**

29 (2863) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരവത്ക്കരണം വർദ്ധിച്ചുവരുന്ന കേരളത്തിൽ ആധുനിക രീതിയിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ് ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) സ്ഥലപരിമിതി പരിഗണിച്ച് മട്ടുപ്പാവിലെ കൃഷി, ഹൈഡ്രോപോണിക്സ് തുടങ്ങിയ ആധുനിക കൃഷിരീതികൾ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രതിശീർഷ ഭൂവിസ്തൃതി കുറഞ്ഞുവരുന്നതും നഗരവത്ക്കരണം വർദ്ധിച്ചുവരുന്നതുമായ ഈ കാലഘട്ടത്തിൽ ആധുനിക രീതിയിലുള്ള കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു:

1. മട്ടുപ്പാവിലെ കൃഷി പ്രോത്സാഹനം
2. സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും
3. മിനി പോളിഹൗസുകളുടെ പ്രോത്സാഹനം
4. മഴമറ കൃഷി.

(ബി) മട്ടുപ്പാവുകളിൽ ഗ്രോബാഗിലുള്ള പച്ചക്കറി കൃഷിക്ക് പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ 75% സൗജന്യനിരക്കിൽ നൽകിവരുന്നു.

മട്ടുപ്പാവിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 2017-18 സാമ്പത്തിക വർഷത്തിൽ സമഗ്ര പച്ചക്കറി വികസന പദ്ധതി മുഖേന നടത്തിയ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു:

1. പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 25 വീതം ഗ്രോബാഗുകളടങ്ങിയ 37000 ഗ്രോബാഗ് യൂണിറ്റുകൾ (1 യൂണിറ്റിന് 1,500 രൂപ ധനസഹായം വിതരണം നടത്തിയിട്ടുണ്ട്.
2. മുൻവർഷങ്ങളിൽ നൽകിയ 75000 ഗ്രോബാഗ് യൂണിറ്റുകളിൽ (ഒരു യൂണിറ്റിന് 200 രൂപ വീതം) വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ, മറ്റ് ഉൽപ്പാദന ഉപാധികൾ എന്നിവയും നൽകിയിട്ടുണ്ട്.
3. മാലിന്യ സംസ്കരണത്തിനായി 2600 എണ്ണം ചെറുകിട കമ്പോസ്റ്റ് യൂണിറ്റുകൾ (യൂണിറ്റൊന്നിന് 2,500 രൂപ നിരക്കിൽ) നിർമ്മിക്കുവാൻ ധനസഹായം നൽകിയിട്ടുണ്ട്.
4. 2250 ചെറുകിട തുള്ളിനന/തിരിനന യൂണിറ്റുകൾ (യൂണിറ്റൊന്നിന് 2,000 രൂപ നിരക്കിൽ) സ്ഥാപിക്കുവാനും ധനസഹായം നൽകി.

5. കൂടാതെ റെസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് 50 എണ്ണം ഹരിത ഗ്രൂപ്പുകൾ രൂപീകരിക്കുവാൻ (ഗ്രൂപ്പൊന്നിന് 50,000 രൂപ നിരക്കിൽ) ധനസഹായം നൽകുന്നു. ഗ്രൂപ്പുകൾ രൂപീകരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

6. കൃഷിക്കായി സ്ഥലപരിമിതി എന്ന കുറവ് മറികടക്കുവാൻ 10 സ്ക്വയർ മീറ്റർ, 20 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള 145 മിനിപോളീഹൗസുകൾ നിർമ്മിച്ചുവരുന്നു. (10 സ്ക്വയർ മീറ്ററിന് 45,000 രൂപ, 20 സ്ക്വയർ മീറ്റർ - 65,000 രൂപയും ധനസഹായം നൽകുന്നു).

സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ ഒരു ഘടകമായ ഇന്നവേഷൻ ഫണ്ട് എന്ന ഘടകത്തിൽ ഹൈഡ്രോപോണിക്സ് രീതിയും ഉൾപ്പെടുത്തി നടപ്പിലാക്കാൻ അനുവാദം നൽകുന്നുണ്ട്.

**ജൈവകൃഷി നയം**

30 (2864) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷി നയം രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ കാർഷികമേഖലയുടെ വികസനത്തിനും അഭിവൃദ്ധിയ്ക്കും ഉതകുന്ന എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജൈവകൃഷി നയത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയുടെ വികസനത്തിനും അഭിവൃദ്ധിക്കും ഉതകുന്ന ചുവടെ വിവരിക്കുന്ന കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. കൃഷിയെ സുസ്ഥിരവും ലാഭകരവും മാന്യവുമായ ഒരു തൊഴിൽ സംസ്കാരമായി വളർത്തുക.

2. മണ്ണിന്റെ സഹജമായ പോഷക ഗുണങ്ങളും ഉൽപാദനക്ഷമതയും ഉയർത്തുക, ജലം-മണ്ണ് സംരക്ഷണം ഉറപ്പുവരുത്തുക.

3. കാർഷിക ജൈവ സുരക്ഷിതത്വവും ഭക്ഷ്യപോഷകഗുണ സുരക്ഷിതത്വവും

ഉറപ്പാക്കുക, കർഷകരുടെ നിയന്ത്രണത്തിൽ ജൈവ കാർഷികോൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി രൂപപ്പെടുത്തുകയും ഉറപ്പുവരുത്തുകയും ചെയ്യുക.

4. കാർഷിക രാസവസ്തുക്കളുടെയും മാരകമായ മറ്റ് ഉൽപ്പന്നങ്ങളുടെയും ഉപയോഗം ഒഴിവാക്കുക, രാസ വിഷമുക്തമായ വെള്ളം, മണ്ണ്, ഭക്ഷണം എന്നിവ ഉറപ്പാക്കുക, വായു, വിത്ത്, ഭക്ഷണം എന്നിവയുടെ പരമാധികാരം ഉറപ്പുവരുത്തുക, ജൈവവൈവിധ്യാധിഷ്ഠിതമായ പരിസ്ഥിതി സൗഹൃദ കൃഷി പ്രോത്സാഹിപ്പിക്കുക.

5. കൃഷിക്കുപയോഗിക്കുന്ന വസ്തുക്കളുടെയും കാർഷിക വിളകളുടെയും ഗുണനിലവാരം ഉറപ്പാക്കുക, സുസ്ഥിരമായ കാർഷിക ഭക്ഷ്യവസ്തുക്കളും മറ്റ് ഉൽപ്പന്നങ്ങളും ലഭ്യമാക്കി മനുഷ്യന്റെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക.

6. കൃഷിയുമായി ബന്ധപ്പെട്ട പാരമ്പര്യ അറിവുകൾ സംരക്ഷിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക.

7. അനുയോജ്യമായ വിളകളും പ്രദേശങ്ങളും കേന്ദ്രീകരിച്ച് കൃഷിയോഗ്യമായ മൊത്തം ഭൂമിയിൽ ഓരോ വർഷവും കുറഞ്ഞത് 10 ശതമാനം എന്ന തോതിൽ പൂർണ്ണമായും ജൈവകൃഷിയിലേയ്ക്ക് പരിവർത്തനംചെയ്ത് ഘട്ടംഘട്ടമായി അഞ്ചുവർഷം മുതൽ പത്തുവർഷംകൊണ്ട് കേരളത്തെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമാക്കി മാറ്റുക.

**ചേലക്കര മണ്ഡലത്തിലെ ജൈവകൃഷി രീതി**

31 (2865) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ജൈവകൃഷി രീതി അവലംബിച്ചുകൊണ്ട് എത്ര കർഷകർ കൃഷി ചെയ്തുവരുന്നുണ്ട്; ഇവരുടെ പേരു വിവരങ്ങൾ കൃഷിഭവനിലെ രേഖകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം കാർഷിക വിളകളാണ് മുഖ്യമായും ഇവർ ഉല്പാദിപ്പിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ജൈവകൃഷി രീതിയിലൂടെ ഉല്പാദിപ്പിക്കുന്ന കാർഷിക വിളകൾക്ക് ഉല്പാദന ചെലവിനനുസൃതമായി വില ലഭ്യമാകുന്ന തരത്തിൽ അവയുടെ വിപണന സാധ്യത ഉറപ്പുവരുത്തുന്നതിന് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപടി സ്വീകരിക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ചേലക്കര മണ്ഡലത്തിൽ 18 കർഷകർ ജൈവകൃഷി രീതി അവലംബിച്ചുകൊണ്ട് കൃഷി ചെയ്യുന്നു. കർഷകരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കർഷകരുടെ വിശദാംശങ്ങൾ |
|---|---|
| 1 | ബിനീഷ്, പിച്ചംകോട്ടിൽ , ആറ്റൂർ |
| 2 | മുരുകൻ കുടിയാട്ട്, ആറ്റൂർ |
| 3 | പ്രസാദ്, വിളക്കതല, ഇരുതലംക്കോട് |
| 4 | ലത, ചെമ്പ്ര, ആറ്റൂർ |
| 5 | സുമതി, നമ്പ്രത്ത്. മുള്ളൂർക്കര |
| 6 | സദാശിവൻ, വരകപ്പിള്ളി ഇല്ലം |
| 7 | ശ്രീജ, മൺവീട്, ആറങ്ങോട്ട്കര |
| 8 | നന്ദകുമാർ, പടിഞ്ഞാറെ പണ്ടാരത്തിൽ, കൊണ്ടയൂർ |
| 9 | പ്രമോദ്.കെ., മുത്തലാംകോട് വീട്, എളനാട് |
| 10 | പൊന്നുമണി എം. ഒറവുമടക്കുളം, വാഴോട്, എളനാട് |
| 11 | ഉണ്ണിമോൻ, സൂര്യകിരൺ, നിലച്ചിറ |
| 12 | സുരേഷ് കുമാർ. ഒ.എസ്., ഓട്ടുപാറക്കൽ വീട്, പഴയന്നൂർ |
| 13 | ഗോൾഡൻ ഗാംഗ്. ജെ.എൽ.ജി. കോട്ടുത്തുർ |
| 14 | നികേഷ് തോമസ്, പുത്തൻ പുരക്കൽ, പങ്ങാരപ്പിള്ളി |
| 15 | ഹരി ജി. അനിൽ കോട്ടേജ്, പങ്ങാരപ്പിള്ളി |
| 16 | അബ്ദുൾ റഹ്മാൻ കോട്ടുംബൻങ്ങാട്ടിൽ, പങ്ങാരപ്പിള്ളി |
| 17 | രമ ചന്ദ്രൻ കാളിയാർ റോഡ് |
| 18 | ബിജു തോമസ്. |

(ബി) നെല്ല്, വാഴ, ജാതി, പപ്പായ, പൂ കൃഷി, പച്ചക്കറി എന്നിവയാണ് മുഖ്യമായും ഉൽപ്പാദിപ്പിക്കുന്നത്.

(സി) ജൈവകൃഷി രീതിയിൽ ഉത്പാദിപ്പിക്കുന്ന കാർഷിക വിളകൾക്ക് വിപണനം ഉറപ്പുവരുത്തുന്നതിനായി കേരള ഓർഗാനിക് എന്ന പേരിൽ ഉത്പന്നങ്ങൾ ഇക്കോഷോപ്പുകൾ മുഖേനയും ആഴ്ച്ചച്ചന്തകൾ വഴിയും വിൽപ്പന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ജൈവകാർഷിക നയം**

32 (2866) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ജൈവകാർഷിക നയം വ്യക്തമാക്കുമോ;

(ബി) നല്ല കാർഷിക മുറകൾ (Good Agricultural practices) അടിസ്ഥാനമാക്കിയുള്ള സർട്ടിഫിക്കേഷൻ കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം (PGS) സർട്ടിഫിക്കേഷൻ കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ അതിന്റെ സവിശേഷതകൾ അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് പൂർണ്ണമായും ജൈവരീതിയിൽ പച്ചക്കറികൾ ഉൽപാദിപ്പിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ജൈവകൃഷി നടപ്പിലാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും 10.02.2010-ലെ സ.ഉ.(പി)നമ്പർ 39/201/കൃഷി പ്രകാരം സംസ്ഥാനത്ത് ജൈവ കാർഷിക നയം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന ചുവടെ വിവരിക്കുന്ന കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്:

- കൃഷിയെ സുസ്ഥിരവും ലാഭകരവും മാന്യവുമായ ഒരു തൊഴിൽ സംസ്കാരമായി വളർത്തുക
- മണ്ണിന്റെ സഹജമായ പോഷക ഗുണങ്ങളും ഉൽപ്പാദനക്ഷമതയും ഉയർത്തുക, ജലം-മണ്ണ് സംരക്ഷണം ഉറപ്പുവരുത്തുക
- കാർഷിക ജൈവ സുരക്ഷിതത്വവും ഭക്ഷ്യ പോഷകഗുണ സുരക്ഷിതത്വവും ഉറപ്പാക്കുക, കർഷകരുടെ നിയന്ത്രണത്തിൽ ജൈവ കാർഷികോൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി രൂപപ്പെടുത്തുകയും ഉറപ്പുവരുത്തുകയും ചെയ്യുക.
- കാർഷിക രാസവസ്തുക്കളുടെയും മാരകമായ മറ്റ് ഉൽപ്പന്നങ്ങളുടെയും ഉപയോഗം ഒഴിവാക്കുക, രാസ, വിഷമുക്തമായ വെള്ളം, മണ്ണ്,

ഭക്ഷണം എന്നിവ ഉറപ്പാക്കുക, വായു, വിത്ത്, ഭക്ഷണം എന്നിവയുടെ പരമാധികാരം ഉറപ്പ് വരുത്തുക, ജൈവ വൈവിധ്യാധിഷ്ഠിതമായ പരിസ്ഥിതി സൗഹൃദ കൃഷി പ്രോത്സാഹിപ്പിക്കുക.

- കൃഷിക്കുപയോഗിക്കുന്ന വസ്തുക്കളുടെയും കാർഷിക വിളകളുടെയും ഗുണനിലവാരം ഉറപ്പാക്കുക, സുസ്ഥിരമായ കാർഷിക ഭക്ഷ്യവസ്തുക്കളും മറ്റ് ഉൽപ്പന്നങ്ങളും ലഭ്യമാക്കി മനുഷ്യന്റെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക.
- കൃഷിയുമായ ബന്ധപ്പെട്ട പാരമ്പര്യ അറിവുകൾ സംരക്ഷിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക.
- അനുയോജ്യമായ വിളകളും പ്രദേശങ്ങളും കേന്ദ്രീകരിച്ച് കൃഷിയോഗ്യമായ മൊത്തം ഭൂമിയിൽ ഓരോ വർഷവും കുറഞ്ഞത് 10 ശതമാനം എന്ന തോതിൽ പൂർണ്ണമായും ജൈവകൃഷിയിലേയ്ക്ക് പരിവർത്തനംചെയ്ത് ഘട്ടംഘട്ടമായി അഞ്ചുവർഷം മുതൽ പത്തുവർഷംകൊണ്ട് കേരളത്തെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമാക്കി മാറ്റുക.

(ബി) ഉണ്ട്. സുരക്ഷിതവും ഗുണനിലവാരമുള്ളതുമായ പച്ചക്കറികളും പഴങ്ങളും മറ്റ് കാർഷിക ഉൽപ്പന്നങ്ങളും പാരിസ്ഥിതികവും സാമ്പത്തികവും സാമൂഹികവുമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സുസ്ഥിരമായ കൃഷി രീതിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന രീതിയാണ് ഉത്തമ കൃഷിമുറ.

സാമ്പത്തിക ഭദ്രത, പരിസ്ഥിതി സൗഹൃദം, സാമൂഹിക അംഗീകാരം, ഭക്ഷ്യ സുരക്ഷ തുടങ്ങിയ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കൃഷി ചെയ്യുന്ന കൃഷിയിടങ്ങൾക്ക് ജിഎപി സർട്ടിഫിക്കേഷൻ നൽകും. ജിഎപി സർട്ടിഫിക്കേഷന്റെ വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

**ജി.എ.പി.പ്രോഗ്രാം**

1. <u>ക്ലസ്റ്റർ രൂപീകരണവും രജിസ്ട്രേഷനും</u>

20 സെന്റിൽ കുറയാതെ സ്വന്തമായി കൃഷിയിടമുള്ള ഏത് കർഷകനും ജിഎപി അംഗമാകാം. ഇത്തരം അഞ്ച് കർഷകരുടെ ഗ്രൂപ്പിന്റെ ഒരേക്കറിൽ കുറയാതെയുള്ള കൃഷിയിടം ക്ലസ്റ്ററിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇത്തരത്തിൽ പാട്ടകൃഷി ചെയ്യുന്ന കർഷകനും കർഷക ഗ്രൂപ്പിനും കൃഷിഭവൻ മുഖാന്തരം പദ്ധതിയിൽ അംഗമാകാം.

**ജി.എ.പി.സർട്ടിഫിക്കേഷൻ**

2. ഫോം ഡോക്യുമെന്റേഷൻ

ഈ പ്രോഗ്രാമിലെ ഓരോ അംഗത്തിനും ഫാം ഡെയറി ലഭ്യമാക്കും. ഇതിൽ വിള ഉല്പാദനം സംബന്ധിച്ച പ്രവർത്തനം രേഖപ്പെടുത്തണം. കൃഷി അസിസ്റ്റന്റ് ഇത് കൃത്യമായും ഉറപ്പാക്കുന്നതാണ്.

3. മോണിറ്ററിംഗും സർട്ടിഫിക്കേഷനും

നാല് തലങ്ങളിലാണ് മോണിറ്ററിംഗ് നടത്തുക.

1. നിയന്ത്രിതമായ ചെക്ക് ലിസ്റ്റ് പ്രകാരം കർഷകൻ സ്വയം ഡോക്യുമെന്റേഷനും വിലയിരുത്തലും നടത്തും.
2. സീസൺ അനുസരിച്ചുള്ള പിയർ ഗ്രൂപ്പ് വിലയിരുത്തൽ.
3. ഫീൽഡുതല ഉദ്യോഗസ്ഥരുടെ പരിശോധന
4. കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ മുഖേന മേൽ വിവരിച്ച റെക്കോർഡുകളുടെയും റിപ്പോർട്ടുകളുടെയും പരിശോധനയും വിലയിരുത്തലും നടത്തുന്നു.

4.അന്തിമ വിലയിരുത്തൽ, തിരുത്തലുകൾ, സർട്ടിഫിക്കേഷൻ

കൃഷി ഭവനിലെ കൃഷി ഓഫീസറാണ് പരിശോധന ഓഫീസർ. ഫീൽഡ് റിപ്പോർട്ട്, ഡോക്യുമെന്റേഷൻ, സന്ദർശനം ഇവയുടെ അടിസ്ഥാനത്തിൽ ഉൽപ്പന്നങ്ങൾ നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നുവെങ്കിൽ സർട്ടിഫിക്കേഷൻ നൽകുന്നതാണ്.

5. ജില്ലാതല മോണിറ്ററിംഗ്

കൃഷി അസിസ്റ്റന്റ് ഡയറക്ടർ മാർക്കറ്റിംഗിനാണ് ജില്ലാതല മേൽനോട്ടം. ഡെപ്യൂട്ടി ഡയറക്ടർ (എൻ.ഡബ്ല്യൂ.ഡി.പി.ആർ.എ.) ആണ് ജില്ലാ നോഡൽ ഓഫീസർ. സർട്ടിഫിക്കറ്റ് നൽകാൻ ചുമതലപ്പെട്ട ഓഫീസർ അസിസ്റ്റന്റ് ഡയറക്ടർ മാർക്കറ്റിംഗ് ആണ്.

(സി) ഉണ്ട്. കാസർഗോഡ് ജില്ലയിൽ പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം (പി.ജി.എസ്.) സർട്ടിഫിക്കേഷൻ വി.എഫ്.പി.സി.കെ. വഴി നടപ്പാക്കിവരുന്നു. പി.ജി.എസ്.-ന്റെ സവിശേഷതകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) സംസ്ഥാനത്ത് ജൈവ കൃഷിരീതിയിൽ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിൽ ഉത്തമകൃഷി മുറയിലൂന്നിയുള്ള ജൈവ കൃഷിയാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. പ്രോഗ്രാം വഴിയും വി.എഫ്.പി.സി.കെ.-യുടെകീഴിലുള്ള കർഷക ഗ്രൂപ്പുകളും പി.ജി.എസ്. പ്രോഗ്രാം വഴി ജൈവകൃഷി നടത്തിവരുന്നു.

രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം പരമാവധി കുറച്ചും പകരം ജൈവവളങ്ങളും ജൈവ കീടനാശിനികളും ഉപയോഗിച്ചുമാണ് ഇപ്പോൾ ജൈവ കൃഷി നടപ്പിലാക്കുന്നത്. ഘട്ടം ഘട്ടമായി ജൈവ കൃഷി പൂർണ്ണമാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കിവരികയാണ് ഇപ്പോൾ. അടുത്ത ഘട്ടത്തിൽ അപാകതകൾ പരിഹരിച്ച് കൂടുതൽ പ്രദേശങ്ങളിലും വിളകളിലും ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും കുറ്റമറ്റതാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പുതിയ പദ്ധതികൾ

33 (2867) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ എന്തെല്ലാം പുതിയ പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ;

(സി) പച്ചക്കറി, ഫ്രൂട്ട്സ് ഇവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വി.എഫ്.പി .സി.കെ. ക്ലസ്റ്ററുകൾ നടത്തുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് വി.എഫ്.പി .സി.കെ നടത്തിവരുന്നത് ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൗൺസിൽ വഴി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുള്ള പദ്ധതികളും അനുവദിച്ച തുകയും പദ്ധതി വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു..*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഉണ്ട്. കൗൺസിലിന്റെ നേതൃത്വത്തിൽ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നവരും അടുത്തടുത്ത് താമസിക്കുന്നവരുമായ പതിനഞ്ചു മുതൽ ഇരുപതുവരെ കർഷകരെ ഒരുമിച്ചുചേർത്ത് രൂപീകരിക്കുന്ന സ്വാശ്രയ സംഘങ്ങളാണ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ അടിത്തറ. ഉൽപ്പാദനം, വായ്പ, വിപണനം തുടങ്ങിയ മേഖലകളിൽ വിദഗ്ദ്ധ പരിശീലനം നേടിയ മാസ്റ്റർ കർഷകരാണ് ഈ സ്വാശ്രയ സംഘങ്ങളെ നയിക്കുന്നത്. വിത്തും സാങ്കേതിക ഉപദേശങ്ങളും പരിശീലനങ്ങളുമൊക്കെ കർഷകന്റെ വീട്ടുപടിക്കൽ എത്തിച്ചുകൊണ്ട് പഴം പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു. ഇപ്പോൾ കൗൺസിലിൽ 9665 സ്വാശ്രയ സംഘങ്ങളിലായി 193276 കർഷകർ അംഗങ്ങളാണ്.

(ഡി) കൗൺസിലിന്റെ പ്രവർത്തനങ്ങളും കർഷകർക്ക് നൽകുന്ന സേവനങ്ങളും താഴെ പറയുന്നവയാണ്:

1. സാങ്കേതിക സഹായം

വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നവരും അടുത്തടുത്ത് താമസിക്കുന്നവരുമായ പതിനഞ്ച് മുതൽ ഇരുപതുവരെ കർഷകരെ ഒരുമിച്ച ചേർത്ത് രൂപീകരിക്കുന്ന സ്വാശ്രയസംഘങ്ങളാണ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ അടിത്തറ.

- സോയിൽ ഹെൽത്ത് കാർഡുകളുടെ വിതരണം

  കർഷകരുടെ കൃഷിയിടങ്ങളിൽനിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വളപ്രയോഗ ശിപാർശകൾ അടങ്ങിയ സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

- ഹരിത നഗരി പദ്ധതിയിലൂടെ കൃഷി പ്രോത്സാഹിപ്പിക്കൽ

  നഗരപ്രദേശങ്ങളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നഗരവാസികളിൽ കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനുമായി കൗൺസിൽ 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 38024 ഉപഭോക്താക്കൾക്ക് ഗ്രോബാഗ് ടെറസ്സ് കൃഷിയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്.

- കാലാവസ്ഥാ വിവരശേഖരണത്തിന് സംവിധാനം

  സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ച ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ മുഖേന കാലാവസ്ഥാ വിവരശേഖരണം നടപ്പിലാക്കി വരുന്നു.

- സീഡ് പ്രോസസ്സിംഗ് പ്ലാന്റ്-വിത്തുൽപ്പാദനവും വിതരണവും

  ജനിതക ശുദ്ധിയും ഉല്പാദനക്ഷമതയുമുള്ള പച്ചക്കറി വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനും സംഭരിക്കുന്നതിനും സംസ്കരിച്ച് വിതരണം നടത്തുന്നതിനുമായി പാലക്കാട് ജില്ലയിലെ ആലത്തൂരിൽ ഒരു സീഡ് പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നുണ്ട്. വിത്ത് സംസ്കരണ ശാലയോടനുബന്ധിച്ച് ടിഷ്യൂകൾച്ചർ ലബോറട്ടറിയും പച്ചക്കറി ഫലവർഗ്ഗത്തൈകളുടെ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. 2017-18 വർഷം 120 ടൺ വിത്തുൽപ്പാദനം ലക്ഷ്യമിടുന്നു.

2.വായ്പാ-ഇൻഷ്വറൻസ് പദ്ധതികൾ

പങ്കാളിത്ത വായ്പാ പദ്ധതിവഴി സ്വാശ്രയ സംഘങ്ങളിലെ കർഷകർക്ക് കൃഷിക്കാവശ്യമായ വായ്പ ലളിതവും സുതാര്യവുമായ വ്യവസ്ഥകളോടെ യഥാസമയം ലഭ്യമാക്കുന്നു. വരൾച്ചയോ പ്രകൃതിക്ഷോഭമോ കാരണം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുവാൻ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. കർഷകനും കുടുംബാംഗങ്ങൾക്കുമായി ആരോഗ്യ ഇൻഷുറൻസ്, അപകട ഇൻഷ്വറൻസ് പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

3. കർഷക പരിശീലനങ്ങൾ

ഗ്രൂപ്പ് ചർച്ചകളും പ്രായോഗിക പരിശീലനങ്ങളും ഉൾപ്പെടുത്തി സാങ്കേതിക വിദഗ്ധരും ഉദ്യോഗസ്ഥരും മാസ്റ്റർ കർഷകരും വഴി കർഷകരിലേയ്ക്ക് എത്തുന്ന പരിശീലന പരിപാടികളും ഇതുകൂടാതെ പഠനയാത്രകൾ, സെമിനാറുകൾ, കർഷകസമ്പർക്ക പരിപാടികൾ, എക്സിബിഷനുകൾ എന്നിവയും കൗൺസിൽ നടപ്പിലാക്കുന്നുണ്ട്.

4. വിപണന സഹായം

7 മുതൽ 15 വരെയുള്ള സ്വാശ്രയ സംഘങ്ങൾ ചേർന്ന് സ്വാശ്രയ കർഷക സമിതി രൂപീകരിക്കുന്നു. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം ഇത്തരത്തിലുള്ള 278 സ്വാശ്രയ കർഷക സമിതികൾ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനുകീഴിൽ പ്രവർത്തിച്ചുവരുന്നു. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ രക്ഷപ്പെടുത്തുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. 2017-18 വർഷത്തിൽ സ്വാശ്രയ കർഷകസമിതികൾ വഴി 280.15 കോടി രൂപ മൂല്യമുള്ള 100213.1 മെട്രിക് ടൺ പഴം പച്ചക്കറികളുടെ വിപണനം നടത്തി. ഇതുകൂടാതെ പഴം,പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളും കൗൺസിൽ നടപ്പിലാക്കിവരുന്നു.

## അന്യസംസ്ഥാനങ്ങളിൽനിന്നുള്ള പച്ചക്കറിയിലെ വിഷാംശം പരിശോധിക്കുന്നതിന് സംവിധാനം

34 (2868) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും ലഭിക്കുന്ന പച്ചക്കറികളിലെ വിഷാംശത്തിനെതിരെ ബോധവൽക്കരണം ആരംഭിച്ചിട്ട് അഞ്ച് വർഷം കഴിഞ്ഞിട്ടും സംസ്ഥാനത്ത് വിഷരഹിതമായ പച്ചക്കറി ഉൽപാദിപ്പിക്കുന്നതിൽ എത്ര മാത്രം മുന്നേറുവാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ;

(ബി) അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറിയിലെ വിഷാംശം പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് കൃഷി വകുപ്പിൽ ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ?

### ഉത്തരം

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും ലഭിക്കുന്ന പച്ചക്കറികളിലെ വിഷാംശത്തിനെതിരെ ജനങ്ങൾക്കിടയിൽ വലിയ രീതിയിലുള്ള ബോധവത്ക്കരണം നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനാൽത്തന്നെ ജനങ്ങൾക്കിടയിൽ നല്ല അവബോധം സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ സംരക്ഷണത്തിൽ ജനങ്ങൾക്ക് ഇപ്പോൾ വർദ്ധിച്ച ശ്രദ്ധയാണുള്ളത്. അതിനാൽ ജനങ്ങൾ കഴിയുന്നതും വിഷലിപ്തമായ ഇത്തരം പച്ചക്കറികൾ ഒഴിവാക്കുവാൻ ശ്രമിക്കുന്നുണ്ട്. ജൈവ ഉൽപ്പന്നങ്ങൾക്ക് മുൻഗണന നൽകുകയും കഴിയുന്നത്ര സ്വന്തമായി കൃഷി ചെയ്തുണ്ടാക്കുവാനും ശ്രമം ആരംഭിച്ചിട്ടുണ്ട്. ജനങ്ങളുടെ ഈ മാറ്റവും ജൈവകൃഷിയിലും ജൈവ ഉൽപ്പന്നങ്ങളിലുള്ള താത്പര്യവും സംസ്ഥാനത്ത വിഷരഹിത പച്ചക്കറി ഉല്പാദനത്തിൽ വലിയ മുന്നേറ്റമാണ് നടത്തുന്നത്. ഇതിനാൽ തന്നെയാണ് സമഗ്ര ജൈവ കൃഷിക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നത്. ഓരോ വർഷവും 1000 ലക്ഷം രൂപയുടെ ജൈവ കൃഷി പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കിവരുന്നത്.

(ബി) പഴം, പച്ചക്കറി സാമ്പിളുകൾ മാർക്കറ്റുകളിൽനിന്നും ശേഖരിച്ച് "കീടനാശിനി വിഷാംശ അവശിഷ്ട പരിശോധന" വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി വിഷാംശ അവശിഷ്ട പരിശോധനാ ലാബിൽ നടത്തി തുടർന്ന് പരിശോധനാ ഫലം കേരള സർക്കാർ വെബ് പോർട്ടിൽ www.kerala.gov.in- ലും കൃഷി വകുപ്പിന്റെയും കേരള കാർഷിക സർവ്വകലാശാലയുടെയും വെബ്സൈറ്റുകളിലും ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലും പ്രസിദ്ധപ്പെടുത്തി ജനങ്ങളിൽ ഇത് സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നു. 3 മാസത്തിലൊരിക്കൽ ഈ പരിശോധനാ ഫലം പ്രസിദ്ധപ്പെടുത്തുന്നുണ്ട്.

### പച്ചക്കറി കൃഷിക്കാരിൽനിന്നും ഉത്പന്നങ്ങൾ സംഭരിക്കുന്നതിന് നടപടി

35 (2869) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പച്ചക്കറി കൃഷിക്കാരിൽനിന്ന് ഉത്പന്നങ്ങൾ സംഭരിക്കുന്നതിനുവേണ്ടി നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) ഈ ഉത്പന്നങ്ങൾ എല്ലാം ഹോർട്ടികോർപ്പിന്റെ വിൽപ്പന ശാലകളിലൂടെ വിൽപ്പന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതര സംസ്ഥാനങ്ങളിലെ പച്ചക്കറികൾക്ക് പകരം നമ്മുടെ സംസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ഹോർട്ടികോർപ്പിന്റെ വിൽപ്പനശാലകളിൽ കൂടുതൽ പരിഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷകവിപണികൾ എന്നിവിടങ്ങളിൽനിന്നും കർഷകർക്ക് ന്യായവില നൽകി ഹോർട്ടികോർപ്പിന്റെ അതത് ജില്ലാ സംഭരണ കേന്ദ്രങ്ങൾ മുഖാന്തരം സംഭരിക്കുകയും ഇപ്രകാരം സംഭരിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാളുകളിലൂടെയും ഫ്രാഞ്ചൈസി സ്റ്റാളുകളിലൂടെയും മൊബൈൽ വില്പന യൂണിറ്റുകളിലൂടെയും വിപണനം നടത്തിവരുന്നുണ്ട്.

(സി) കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുകയാണ് ഹോർട്ടികോർപ്പിന്റെ ലക്ഷ്യം. ഇത്തരം പച്ചക്കറികളുടെ വിപണനത്തിനായി പ്രത്യേകം കൗണ്ടർ സജ്ജമാക്കിയിട്ടുണ്ട്. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിലെ കർഷകർ, കർഷക സമിതികളിൽനിന്നും സംഭരിച്ച് വിപണനം നടത്തിവരുന്നുണ്ട്.

### വിഷരഹിത പച്ചക്കറിയും പഴവർഗ്ഗങ്ങളും ജനങ്ങൾക്ക് നൽകാൻ നടപടി

36 (2870) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷരഹിതമായ പച്ചക്കറിയും പഴവർഗ്ഗങ്ങളും ഉദ്പാദിപ്പിച്ച് ജനങ്ങൾക്ക് നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ പച്ചക്കറി കൃഷി ആരംഭിച്ചവർക്ക് എന്തൊക്കെ സഹായങ്ങളാണ് കൃഷി വകുപ്പ് നൽകുന്നത്;

(സി) പ്രകൃതി ക്ഷോഭങ്ങളിൽപ്പെട്ട് നശിക്കുന്ന കൃഷികൾക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായം എത്രയാണെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ; ഈ സഹായം വളരെ തുച്ഛമാണെന്നിരിക്കേ തുക ഉയർത്തി കർഷകരെ കടക്കെണിയിൽനിന്നും രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിഷരഹിത പഴങ്ങളും പച്ചക്കറികളും ഉൽപ്പാദിപ്പിക്കുന്നതിന് സംസ്ഥാനത്ത് സമഗ്ര ജൈവകൃഷി പദ്ധതി ജി.എ.പി. പ്രകാരം നടപ്പിലാക്കി വരുന്നു. 2016-17 സാമ്പത്തിക വർഷം 1064 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി. നടപ്പ് സാമ്പത്തിക വർഷവും ടി പദ്ധതി 1000 ലക്ഷം രൂപ വകയിരുത്തി സംസ്ഥാനത്തുടനീളം നടപ്പാക്കി വരുന്നു. പഴം പച്ചക്കറി ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ വിപണനത്തിന് ടി പദ്ധതിയിൽ സംവിധാനമുണ്ട്. ജി.എ.പി ക്ലസ്റ്ററുകൾ വഴി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കേരള ഓർഗാനിക് എന്ന ലേബലിൽ ലഭ്യമാക്കുന്നു. ഇതിനുപുറമെ സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പഴം, പച്ചക്കറി സാമ്പിളുകൾ മാർക്കറ്റുകളിൽനിന്നും ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി വിഷാംശ അവശിഷ്ട പരിശോധനാ ലാബിൽ പരിശോധന നടത്തി മൂന്ന് മാസത്തിലൊരിക്കൽ പരിശോധനാ ഫലം കേരള സർക്കാർ വെബ് പോർട്ടിൽ www.kerala.gov.in- ലും കൃഷി വകുപ്പിന്റെയും കേരള കാർഷിക സർവ്വകലാശാലയുടെയും വെബ്സൈറ്റുകളിലും പ്രസിദ്ധപ്പെടുത്തി ജനങ്ങളിൽ ഇത് സംബന്ധിച്ച അവബോധം ഉണ്ടാക്കുന്നുണ്ട്.

നിരോധിച്ച കീടനാശിനികളുടെ പ്രദർശനം, വില്പന, ഉപയോഗം എന്നിവ തടയുന്നതിനും നിയന്ത്രിത കീടനാശിനികൾ കൃഷി ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ വില്പന നടക്കുന്നുള്ളൂവെന്ന് ഉറപ്പുവരുത്തുന്നതിനും കൃഷി ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കീടനാശിനി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് വിവിധ മാധ്യമങ്ങൾവഴി കർഷകർക്കിടയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ഉത്തമ കൃഷി മുറകൾ പ്രചരിപ്പിക്കുകയും ചെയ്തുവരുന്നു.

കീടനാശിനികളുടെ ഉപയോഗം കർശനമായി നിയന്ത്രിക്കുന്നതിനും ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും 2016 ആഗസ്റ്റ് 29 മുതൽ ഒക്ടോബർ 7 വരെ കൃഷി വകുപ്പ് സംസ്ഥാനതല ക്യാമ്പയിൻ നടത്തിയിരുന്നു.

(ബി) ഇത്തരത്തിൽ ജൈവ കൃഷിയും ഉത്തമകൃഷി പദ്ധതി പ്രകാരം വിഷ രഹിത പച്ചക്കറികളും പഴങ്ങളും ഉൽപ്പാദിപ്പിക്കുന്ന കർഷകർക്ക് സമഗ്ര ജൈവ കൃഷി പദ്ധതിയിലൂടെ സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകിവരുന്നു.

## I. സമഗ്ര ജൈവകൃഷി പദ്ധതി 2016-17

1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ - 15 മുതൽ 25 വരെ ഹെക്ടറുള്ള ഓരോ ക്ലസ്റ്ററിനും ഹെക്ടറിന് 3,000 രൂപ നിരക്കിൽ ധനസഹായം ലഭ്യമാക്കുന്നു. ഇത്തരം 407 ക്ലസ്റ്ററുകൾക്ക് 305.61 ലക്ഷം രൂപ ചെലവഴിച്ചു.

2. ജൈവവള നിർമ്മാണ യൂണിറ്റ് - ഈ പദ്ധതി പ്രകാരം കർഷകരുടെ കൃഷിയിടങ്ങളിൽത്തന്നെ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിന് ധനസഹായം നൽകി. ഇപ്രകാരം 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചു. ഇതിനായി റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5,000 രൂപയും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7,500 രൂപ എന്ന ക്രമത്തിൽ ആകെ 182.90 ലക്ഷം രൂപ ചെലവഴിച്ചു.

3. ഇക്കോഷോപ്പുകൾ- ജി.എ.പി. ക്ലസ്റ്ററുകളിൽനിന്നും ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവ പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് 15 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. ഇതിനായി 70 ലക്ഷം രൂപ ചെലവഴിച്ചു. ജൈവ ക്ലസ്റ്ററുകളിൽനിന്നും ശേഖരിക്കുന്ന ജി.എ.പി. ഉൽപ്പന്നങ്ങൾ കേരള ഓർഗാനിക് എന്ന ലേബലിൽ ജി.എ.പി. സർട്ടിഫിക്കേഷനോടുംകൂടി ഇക്കോഷോപ്പ് മുഖാന്തരം വില്പന നടത്തുന്നതിന് കിലോയ്ക്ക് അഞ്ച് രൂപ നിരക്കിൽ 11.64 ലക്ഷം രൂപ കർഷകർക്ക് പ്രോത്സാഹന തുക (ഇൻസെന്റീവ്) നൽകി.

4. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം - ഉത്തമ പരിചരണമുറ ക്ലസ്റ്ററുകളിൽനിന്നും സംഭരിച്ച പഴം-പച്ചക്കറി ഉല്പന്നങ്ങൾ ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി നഗരസഭകൾ, മുനിസിപ്പാലിറ്റികൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് വിപണനം നടത്തുന്നതിന് തിരഞ്ഞെടുക്കപ്പെട്ട 18 ക്ലസ്റ്ററുകൾക്കായി 54 ലക്ഷം രൂപ ചെലവഴിച്ചു.

5. <u>ജൈവ കാർഷിക മണ്ഡലം അവാർഡ്</u> - ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം (ഒന്നാം സമ്മാനം 15 ലക്ഷം രൂപ, രണ്ടാം സമ്മാനം 10 ലക്ഷം രൂപ, മൂന്നാം സമ്മാനം 5 ലക്ഷം രൂപ), കോർപ്പറേഷൻ (ഒന്നാം സമ്മാനം 3 ലക്ഷം രൂപ), മുനിസിപ്പാലിറ്റി (ഒന്നാം സമ്മാനം 3 ലക്ഷം രൂപ, രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം 1 ലക്ഷം രൂപ), ഗ്രാമപഞ്ചായത്ത് (ഒന്നാം സമ്മാനം 3 ലക്ഷം രൂപ, രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം ഒരു ലക്ഷം രൂപ) എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ ഏർപ്പെടുത്തി ഇതിനായി 123 ലക്ഷം രൂപ ചെലവഴിച്ചു.

## II. സമഗ്ര ജൈവകൃഷി പദ്ധതി 2017-18

നടപ്പ് സാമ്പത്തിക വർഷം ജൈവകൃഷി പ്രോത്സാഹനത്തിനും വ്യാപനത്തിനും 1000 ലക്ഷം രൂപ വകയിരുത്തി സമഗ്ര ജൈവകൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. ഇപ്രകാരം ജി.എ.പി. വഴി ചുവടെ വിശദീകരിക്കുന്ന ഘടകങ്ങളാണ് നടപ്പാക്കി വരുന്നത്:

1. <u>ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ</u> - 155 ജി.എ.പി. ക്ലസ്റ്ററുകളാണ് പുതുതായി ഈ വർഷം രൂപീകരിക്കുന്നത്. ഇതിനായി 116 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. ഓരോ ക്ലസ്റ്ററും 15 മുതൽ 25 ഹെക്ടർ വരെയാണ് ഉൾക്കൊള്ളുന്നത്. ഇവയ്ക്ക് ഹെക്ടർ ഒന്നിന് 3,000 രൂപ ധനസഹായം നൽകുന്നുണ്ട്. 141 ക്ലസ്റ്ററുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

2. <u>ഇക്കോഷോപ്പുകൾ</u> - ജി.എ.പി. വഴി ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ പഴം-പച്ചക്കറി ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിന് നടപ്പുസാമ്പത്തിക വർഷം പുതുതായി 150 ഇക്കോഷോപ്പുകളാണ് സ്ഥാപിക്കുന്നത്. ഓരോ ഇക്കോഷോപ്പിനും രണ്ട് ലക്ഷം രൂപ ക്രമത്തിൽ ധനസഹായം നൽകുന്നുണ്ട്. 107 ഇക്കോഷോപ്പുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 300 ലക്ഷം രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്.

3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം - ജി.എ.പി. വഴി ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന പഴം-പച്ചക്കറി ഉല്പന്നങ്ങൾ ഗ്രേഡിംഗ്, പാക്കിംഗ് എന്നിവ നടത്തി കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, റെസിഡൻസ് അസ്സോസ്സിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് വിപണനം നടത്തുന്നതിന് 17 തെരഞ്ഞെടുക്കപ്പെട്ട ക്ലസ്റ്ററുകൾക്ക് ക്ലസ്റ്റർ ഒന്നിന് മൂന്ന് ലക്ഷം രൂപ നിരക്കിൽ 50 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്.

4. മറ്റു പ്രവർത്തന ചെലവുകൾ - പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വരുന്ന മറ്റ് ചെലവുകൾക്കായാണ് 20 ലക്ഷം രൂപ ചെലവഴിക്കുന്നത്. പദ്ധതി സംബന്ധിച്ച ഡോക്യുമെന്റേഷൻ, ഫീൽഡ് വിസിറ്റ് ട്രാൻസ്പോർട്ടേഷൻ എന്നിവയാണ് മറ്റ് ചെലവുകൾ.

5. ജൈവ കാർഷിക മണ്ഡലം അവാർഡ് - ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജ കമണ്ഡലം (ഒന്നാം സമ്മാനം 15 ലക്ഷം രൂപ, രണ്ടാം സമ്മാനം 10 ലക്ഷം രൂപ, മൂന്നാം സമ്മാനം 5 ലക്ഷം രൂപ), കോർപ്പറേഷൻ (ഒന്നാം സമ്മാനം 3 ലക്ഷം രൂപ), മുനിസിപ്പാലിറ്റി (ഒന്നാം സമ്മാനം 3 ലക്ഷം രൂപ, രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം 1 ലക്ഷം രൂപ), ഗ്രാമപഞ്ചായത്ത് (ഒന്നാം സമ്മാനം 3 ലക്ഷം രൂപ, രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം ഒരു ലക്ഷം രൂപ) എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ ഏർപ്പെടുത്തി ഇതിനായി 123 ലക്ഷം രൂപ ചെലവഴിക്കുന്നു.

6. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ - കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി പി.ജി.എസ്. സർട്ടിഫിക്കേഷൻ പ്രോഗ്രാം നടപ്പാക്കുന്നു. ഇതിനായി നടപ്പുസാമ്പത്തിക വർഷം 60 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. പദ്ധതി നിർവ്വഹണം വി.എഫ്.പി.സി.കെ യാണ് നിർവ്വഹിക്കുന്നത്.

7. കുട്ടനാട് ജി.എ.പി. പദ്ധതി - കുട്ടനാട്ടിൽ സുസ്ഥിര ജൈവ നെൽകൃഷി നടപ്പിലാക്കുന്നതിനും കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയാക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ 64 പഞ്ചായത്തുകൾ ഉൾപ്പെടുന്ന 42000 ഹെക്ടർ നെൽപ്പാടശേഖരത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) പ്രകൃതിക്ഷോഭംമൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് റവന്യൂ വകുപ്പിന്റെ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (എസ്.ഡി.ആർ.എഫ്.) നിന്ന് ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം കേന്ദ്രസർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 25-9-2015 ലെ സർക്കാർ ഉത്തരവ് നമ്പർ 182/15/കൃഷി പ്രകാരം ആണ് ധനസഹായം നൽകിവരുന്നത്. നിലവിൽ പച്ചക്കറിക്ക് സെന്റിന് 54 രൂപയും കുലച്ച വാഴ നഷ്ടപ്പെട്ടാൽ വാഴ ഒന്നിന് 100 രൂപ നിരക്കിലും കുലയ്ക്കാത്ത വാഴ നഷ്ടപ്പെട്ടാൽ വാഴ ഒന്നിന് 75 രൂപ വീതവും നൽകിവരുന്നു.

പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നിലവിൽ ഇൻഷ്വർചെയ്ത വിളകൾ നഷ്ടപ്പെട്ടാൽ സർക്കാർ ഉത്തരവ് നമ്പർ GO.(Ms)37/17 dtd.22-3-2017 പ്രകാരം ഇൻഷ്വറൻസ് ആനുകൂല്യം നൽകി വരുന്നുണ്ട്. നിലവിൽ പച്ചക്കറി (പന്തൽ ഉള്ളത്) 40000 ഹെക്ടർ, പന്തൽ ഇല്ലാത്തവയ്ക്ക് 25000 ഹെക്ടർ. വാഴകുലച്ചത് നേന്ത്രൻ, കപ്പ എന്നിവ നഷ്ടപ്പെട്ടാൽ വാഴ ഒന്നിന് 300 രൂപ വീതവും കുലയ്ക്കാത്തതിന് വാഴ ഒന്നിന് 150 രൂപയും ഞാലിപൂവൻ ഇനത്തിന് വാഴ ഒന്നിന് 200 രൂപ വീതവും കുലയ്ക്കാത്തതിന് 100 രൂപ വീതവും മറ്റ് വാഴ ഇനങ്ങളിൽ കുലച്ച വാഴ നഷ്ടപ്പെട്ടാൽ 75 രൂപ വീതവും കുലയ്ക്കാത്തതിന് 50 രൂപ വീതവും കൈതച്ചക്ക ഹെക്ടറിന് 50,000 രൂപ വീതവും മാവിന് 10 വർഷംവരെ പ്രായമുള്ളവ നഷ്ടപ്പെട്ടാൽ 1,000 രൂപയും 10 വർഷത്തിന് മുകളിൽ പ്രായമുള്ളവ നഷ്ടപ്പെട്ടാൽ 2,000 രൂപ വീതവും അനുവദിച്ചിരുന്നു.

ഇൻഷ്വറൻസ് തുക കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ പ്രകൃതിക്ഷോഭംമൂലം കൃഷി നാശം സംഭവിച്ചതിനുള്ള ആനുകൂല്യം അനുവദിക്കുന്നതിനുള്ള തുക തുലോം തുച്ഛമായതിനാൽ ഈ നിരക്ക് വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിലേയ്ക്ക് മെമ്മോറാണ്ടം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

## കൈതച്ചക്കയ്ക്ക് സെന്റ് ഒന്നിന് 75 വീതവും ഹോർട്ടികോർപ്പിന്റെ വിൽപ്പനശാലകൾ

37 (2871) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോർട്ടികോർപ്പിന്റെ എത്ര വിൽപ്പനശാലകൾ നിലവിലുണ്ട്; ഇവ ജില്ലതിരിച്ച് എണ്ണം അറിയിക്കുമോ;

(ബി) നഗരപ്രദേശങ്ങളിലും മറ്റും കൂടുതൽ വിൽപ്പനശാലകൾ തുറക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഹോർട്ടികോർപ്പിന് 94 സ്വന്തം സ്റ്റാളുകളും 253 ഫ്രാഞ്ചൈസി സ്റ്റാളും നിലവിൽ പ്രവർത്തിക്കുന്നു. വില്പനശാലകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഓൺ സ്റ്റാൾ (എണ്ണം) | ഫ്രാഞ്ചൈസികൾ (എണ്ണം) |
|---|---|---|---|
| 1 | തിരുവനന്തപുരം | 21 | 123 |
| 2 | കൊല്ലം | 17 | 25 |
| 3 | പത്തനംതിട്ട | 5 | 7 |
| 4 | ആലപ്പുഴ | 11 | 27 |
| 5 | കോട്ടയം | 10 | 22 |
| 6 | ഇടുക്കി | 1 | 0 |
| 7 | എറണാകുളം | 6 | 10 |
| 8 | തൃശ്ശൂർ | 9 | 6 |
| 9 | പാലക്കാട് | 3 | 2 |
| 10 | മലപ്പുറം | 2 | 1 |
| 11 | കോഴിക്കോട് | 3 | 15 |
| 12 | കണ്ണൂർ | 6 | 15 |
| 13 | വയനാട് | -- | -- |
| | ആകെ | 94 | 253 |

(ബി) നഗരപ്രദേശങ്ങളിലും മറ്റ് പ്രദേശങ്ങളിലും അനുയോജ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ വില്പനശാലകൾ ആരംഭിക്കുന്നതാണെന്നും അടുത്ത സാമ്പത്തിക വർഷം നിലവിലുള്ള വിപണനശാലകൾക്ക് പുറമേ ഇത്തരം 100 സ്റ്റാളുകൾ തുടങ്ങുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോവുകയാണ്.

**പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം**

38 (2872) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ രണ്ടാംവിള നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; നെല്ല് സംഭരണം എന്ന് മുതൽ ആരംഭിച്ചുവെന്ന് അറിയിക്കാമോ;

(ബി) നെല്ല് സംഭരിക്കുവാനുള്ള ഏജൻസികളുടെ കാര്യത്തിൽ തീരുമാനമായോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നെല്ല് കയറ്റിറക്ക് കൂലി സംബന്ധിച്ച നിബന്ധനകളും വ്യവസ്ഥകളും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ രണ്ടാംവിള നെല്ലുസംഭരണത്തിനായിട്ടുള്ള കർഷകരുടെ രജിസ്ട്രേഷൻ 5-12-2017-ൽ ആരംഭിച്ചിട്ടുള്ളതും നെല്ല് സംസ്കരിക്കുന്നതിനായി ജില്ലയിലെ 12 മില്ലുകൾ ഉൾപ്പെടെ 50 മില്ലുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. പാലക്കാട് ജില്ലയിൽ രണ്ടാംവിള നെല്ലുസംഭരണം 15-1-2018 മുതൽ ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ നെല്ല് സംഭരിക്കുന്നതിനുള്ള സംസ്ഥാനത്തെ നോഡൽ ഏജൻസിയായി സപ്ലൈകോ ആണ് പ്രവർത്തിക്കുന്നത്.

(സി) പാടത്തുനിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ച് അരിയാക്കി മാറ്റുന്നതുവരെയുള്ള കയറ്റിറക്ക് കൂലി ഉൾപ്പെടെ പ്രോസസ്സിംഗ് ചാർജായി ഒരു ക്വിന്റൽ നെല്ലിന് 214 രൂപ മില്ലുകാർക്ക് നൽകിവരുന്നു.

**മാവേലിക്കര കരിങ്ങാലിൽച്ചാൽ പുഞ്ച കൃഷിയോഗ്യമാക്കി മാറ്റുന്നതിനായി പദ്ധതി**

39 (2873) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കേരളത്തിൽ അധികമായി നെൽകൃഷി ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ എത്ര ഹെക്ടർ സ്ഥലത്താണ് അധികമായി കൃഷി ചെയ്യുവാൻ കഴിഞ്ഞിട്ടുള്ളത്; ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിലെ കരിങ്ങാലിൽച്ചാൽ പുഞ്ച കൃഷിയോഗ്യമാക്കി മാറ്റുന്നതിനായി എത്ര കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്; എത്ര കോടി രൂപ ഇതിനായി അനുവദിച്ചു; അനുമതി ലഭ്യമായ പദ്ധതിയുടെ വിശദാംശംങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുകൾ പ്രകാരം 196870 ഏക്കർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നത് 2017-18-ൽ കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം 220449 ഏക്കർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. 2016-17 വർഷത്തെയും 2017-18 വർഷത്തെയും ജില്ലതിരിച്ചുള്ള നെൽകൃഷി വിസ്തൃതി അനുബന്ധം 1 ആയി ചേർക്കുന്നു. +

(ബി) മാവേലിക്കര മണ്ഡലത്തിലെ കരിങ്ങാലിൽചാൽ പുഞ്ചകൃഷി യോഗ്യമാക്കി മാറ്റുന്നതിനായി 1.75 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്. 1.75 കോടി രൂപയും ഇതിനായി അനുവദിച്ചു. കരിങ്ങാലിൽചാൽ പുഞ്ച കൃഷിയോഗ്യമാക്കി മാറ്റുന്നതിനുള്ള അനുമതി ലഭിച്ച പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

## ജൈവ നെൽകൃഷി

40 (2874) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/പാടശേഖര സമിതികൾ എന്നിവയുടെ സഹായത്തോടെ ജൈവ നെൽകൃഷി നടത്തിവരുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിൽ ഉൽപ്പാദിപ്പിക്കുന്ന അരികൾ ഏതെല്ലാം പേരിലാണ് വിറ്റഴിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഇത്തരത്തിലുള്ള ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും മറ്റ് കുത്തക ബ്രാൻഡുകളിലെ അരിയെക്കാൾ കുറഞ്ഞ വിലയിൽ അരി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) ഉണ്ടെങ്കിൽ അവ സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ ജൈവ നെൽകൃഷി സംസ്ഥാനാവിഷ്കൃത പദ്ധതിയുടെയോ ജനകീയാസൂത്രണ പദ്ധതിയുടെയോ ഭാഗമായി ചെയ്യുന്നില്ല. എന്നാൽ സവിശേഷ

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നെല്ലിനങ്ങളുടെ വികസനം എന്ന ഘടകത്തിൽപ്പെടുന്ന നെല്ലിനങ്ങളെല്ലാംതന്നെ സ്വാഭാവികമായും ജൈവ നെല്ലിനങ്ങളാണ്. പൊക്കാളി, ഞവര, രക്തശാലി, ജീരകശാല, ഗന്ധകശാല എന്നിവ ഇടുക്കി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലായി 1218.2 ഹെക്ടറിൽ കൃഷി ചെയ്യുന്നുണ്ട്. അവ ജൈവ രീതിയിൽ മാത്രമാണ് കൃഷി ചെയ്യുന്നത്.

ഇതിനുപുറമെ കുട്ടനാട്, പൊക്കാളി, കയ്പാട് തുടങ്ങിയ കാർഷിക മേഖലകളിലും ജൈവകൃഷിയാണ് അനുവർത്തിച്ചുവരുന്നത്.

മാത്രമല്ല പദ്ധതിയധിഷ്ഠിതമായി ചെറിയ വിസ്തൃതിയിൽ ജൈവകൃഷി ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

(ബി) ഇത്തരത്തിൽ ഉൽപ്പാദിപ്പിക്കുന്ന അരി പ്രാദേശിക ബ്രാൻഡുകളിൽ സംസ്ഥാനത്തിനകത്ത് മാത്രം വിറ്റഴിക്കുന്നു.

(സി&ഡി) കേരളത്തിൽ ഉല്പാദിപ്പിക്കുന്ന നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സംഭരിച്ച് പൊതുവിപണി വഴി വിതരണം നടത്തിവരുന്നു. ജൈവ നെൽകൃഷിയിലൂടെ ഉപ്പാദിപ്പിക്കുന്ന നെല്ല് ഓയിൽ പാം സംഭരിച്ച് മറ്റ് കുത്തക ബ്രാൻഡുകളിലെ അരിയെക്കാൾ കുറഞ്ഞ വിലയിൽ പൊതുജനങ്ങൾക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ലഭ്യമാക്കുന്നുണ്ട്.

## നെല്ല് സംഭരണത്തിന് സപ്ലൈകോയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന ആവശ്യം

41 (2875) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിന്റെ ഭാഗമായി നെല്ല് തൂക്കി പണം നൽകുന്നതിനായി സപ്ലൈകോയുടെ മാനദണ്ഡം എന്താണ്; വിശദാംശം നൽകുമോ;

(ബി) ഈ മാനദണ്ഡം കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതു മാനദണ്ഡമില്ലാതെ പല മില്ലുകാരും അവരുടെ താല്പര്യപ്രകാരമുള്ള കിഴിവ് ആവശ്യപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) കുട്ടനാട്, അപ്പർ കുട്ടനാട് പാടശേഖരങ്ങളിലെ നെല്ലിന് തൂക്കം കുറവായതിനാൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന കർഷകരുടെ ആവശ്യം പരിഗണിക്കുമോ?

ഉത്തരം

(എ) വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി മാനദണ്ഡപ്രകാരം സംഭരിക്കുന്ന നെല്ല് നല്ല വ്യാപാരമൂല്യമുള്ളതും പാകമായി ഉണങ്ങിയതും ശുദ്ധമായതും പൂർണമായ പോഷക ഗുണമുള്ളതും ധാന്യങ്ങളുടെ വലിപ്പം, നിറം എന്നിവയിൽ സമാനതയുള്ളതും ദുർഗന്ധം, കീടബാധ, പൂപ്പൽ എന്നിവയിൽനിന്ന് വിമുക്തമായിട്ടുള്ളതുമായിരിക്കണം. അപ്രകാരമുള്ള നെല്ല് സംഭരിച്ച് കർഷകർക്ക് പി.ആർ.എസ്. കൊടുക്കുകയും ടി.പി.ആർ.എസ്. കർഷകർ ബാങ്കിൽ ഹാജരാക്കുന്നമുറയ്ക്ക് നെല്ലിന്റെ വില അക്കൗണ്ടിൽ ലഭ്യമാകുന്നതുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(സി) കർഷകർ രേഖാമൂലം പരാതി നൽകിയിട്ടില്ല. എന്നിരുന്നാലും കിഴിവ് നൽകണമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ആയത് ചർച്ചയിലൂടെ യഥാസമയം പരിഹരിച്ചിട്ടുള്ളതുമാകുന്നു.

(ഡി) വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി പ്രകാരമുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നത് കേന്ദ്ര സർക്കാരാണ്.

## നെല്ല് ഉൽപ്പാദനത്തിൽ കുറവ് വരാനുള്ള സാഹചര്യം

42 (2876) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടും കഴിഞ്ഞ സാമ്പത്തിക വർഷം നെല്ല് ഉൽപ്പാദനത്തിൽ ഉണ്ടായ ഗണ്യമായ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെല്ല് ഉല്പാദനത്തിൽ കുറവ് വരാനുള്ള സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാലാവസ്ഥാവ്യതിയാനത്തെ തുടർന്ന് ഈ നൂറ്റാണ്ടിലെ ഏറ്റവും കഠിനമായ വരൾച്ചമൂലം 2016-17 സാമ്പത്തിക വർഷം രണ്ടാം വിള കാലത്തും തുടർന്നും നെൽകൃഷി വിസ്തൃതിയിൽ ഗണ്യമായ കുറവ് ഉണ്ടായിരുന്നു. വിവിധ ജില്ലകളിലായി 36891.22 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കിയെങ്കിലും ഉണക്ക് ബാധിച്ച് കൃഷി നഷ്ടപ്പെട്ടിരുന്നു. 36.4 ഹെക്ടർ സ്ഥലത്ത് ഞാറ്റടി തന്നെ

ഉണങ്ങിപ്പോയിരുന്നു. ഇതിനുപുറമെ പാലക്കാട് ജില്ലയിൽ 13990 ഹെക്ടർ സ്ഥലത്ത് വിതയ്ക്കാൻ സാധിക്കാതെ പോകുകയും ചെയ്തു. ഇതിന്റെ ഫലമായാണ് കഴിഞ്ഞ സാമ്പത്തിക വർഷം നെല്ല് ഉൽപ്പാദനത്തിൽ ഗണ്യമായ കുറവുണ്ടായത്. എന്നാൽ കൃഷി വകുപ്പിന്റെ ഇടപെടലിന്റെ ഫലമായി ഈ സാമ്പത്തിക വർഷത്തിൽ സ്ഥിതിയിൽ വലിയ മാറ്റമുണ്ടാകും.

കൃഷി വകുപ്പിന്റെ നക്കൽ കണക്കുകൾ പ്രകാരം 2017-18 വർഷത്തിൽ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിച്ചിട്ടുണ്ട്.

**വിത്ത് വിതയ്ക്കുന്നതിനുള്ള യന്ത്രം**

43 (2877) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിത്ത് വിതയ്ക്കുന്നതിനുള്ള യന്ത്രം സംസ്ഥാനത്തെ പാടശേഖരങ്ങളിൽ വിജയകരമായി പരീക്ഷിച്ചിട്ടുണ്ടോ;

(ബി) ഈ യന്ത്രംമൂലമുള്ള പ്രയോജനം എന്താണ്; വിത യന്ത്രത്തിന് സർക്കാർതലത്തിൽ അംഗീകാരം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) വിത്ത് വിതയന്ത്രം ചെറിയ പാടശേഖരങ്ങളിൽ നെൽകൃഷിക്ക് ഉപയോഗിച്ചുവരുന്നുണ്ട്.

(ബി) ഉണ്ട്. കൃത്യമായ അളവിലും അകലത്തിലും വിത്ത് വിതയ്ക്കുന്നതിന് ഇതുമൂലം സാധിക്കുന്നു. മാത്രവുമല്ല ഇപ്പോൾ സാധാരണ നിലയിൽ വിതക്കുമ്പോൾ വേണ്ടിവരുന്ന വിത്തിന്റെ അളവിൽ ഗണ്യമായ കുറവ് വിതയന്ത്രം വഴി വിതക്കുമ്പോൾ കർഷകർക്ക് ലഭിക്കുന്നുണ്ട്. കള പറിക്കുന്നതിനുള്ള സൗകര്യവും വളം ചേർക്കുന്നതിനുള്ള സൗകര്യവും ലഭിക്കുന്നതുമൂലം കർഷകർക്ക് വിളവ് അധികമായി ലഭിക്കുന്നു. കൃഷി വകുപ്പിനുകീഴിലുള്ള അഗ്രോ സർവ്വീസ് സെന്ററുകൾ വഴിയും കാർഷിക കർമ്മ സേനകളിലും ഈ യന്ത്രം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഈ യന്ത്രങ്ങൾക്ക് സബ്സിഡി നൽകിവരുന്നുണ്ട്.

സീഡ് ഡ്രിൽ, സീഡ്-കം-ഫെർട്ടിലൈസർ ഡ്രിൽ, ഡ്രം സീഡർ എന്നിവയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതി (സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ) സംസ്ഥാനത്തും നടപ്പിലാക്കി വരുന്നു.

## മെത്രാൻ കായലിൽ നെൽകൃഷി

44 (2878) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെത്രാൻ കായലിൽ എത്ര ഏക്കർ സ്ഥലത്താണ് നെൽകൃഷി പുനരാരംഭിച്ചതെന്നും സർക്കാരിന്റെ ആഭിമുഖ്യത്തിലാണോ നെൽകൃഷി നടത്തുന്നതെന്നും വിശദമാക്കുമോ;

(ബി) നെൽകൃഷി നടത്തുന്നതിന് ബണ്ട് കെട്ടുന്നതിനും പാടശേഖരം ഒരുക്കുന്നതിനും കൃഷിക്കുമായി ആദ്യതവണ കൃഷിയിറക്കിയപ്പോൾ എന്ത് തുക ചെലവായിയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കൃഷിയിൽനിന്നും എത്ര ക്വിന്റൽ നെല്ല് ലഭിച്ചുവെന്നും അതിലൂടെ ലഭിച്ച ആകെ വരുമാനമെത്രയെന്നും വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) 404 ഏക്കർ വിസ്തൃതിയുള്ള മെത്രാൻ കായൽ പാടശേഖരത്തിൽ 300 ഏക്കറിൽ നെൽകൃഷി 2016-17 വർഷം പുനരാരംഭിക്കുകയുണ്ടായി. കർഷക ഉടമസ്ഥതയിലുള്ള 24 ഏക്കർ സ്ഥലത്ത് സർക്കാർ സഹായത്തോടെയും വിവിധ കമ്പനികളുടെ ഉടമസ്ഥതയിലുള്ള 276 ഏക്കറിൽ പ്രാദേശിക സന്നദ്ധ സംഘടനകൾ സ്വന്തംനിലയ്ക്കും കൃഷി ചെയ്തു. 2017-18 വർഷത്തിൽ 404 ഏക്കർ സ്ഥലത്ത് കൃഷി ഇറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 9-3-2018-ന് കൊയ്ത്ത് ആരംഭിച്ചു. ഏകദേശം 930 മെട്രിക് ടൺ ഉത്പാദനം പ്രതീക്ഷിക്കുന്നു.

(ബി) നെൽകൃഷി നടത്തുന്നതിനും ബണ്ട് കെട്ടുന്നതിനും പാടശേഖരം ഒരുക്കുന്നതിനും കൃഷിക്കുമായി ആദ്യതവണ കൃഷിയിറക്കിയപ്പോൾ 61,49,069 ലക്ഷം രൂപ ചെലവായി.

(സി) പ്രസ്തുത കൃഷിയിൽനിന്നും ഏകദേശം 600 ടൺ മൊത്ത വിളവ് ലഭിച്ചു. ഓയിൽ പാം ഇന്ത്യയുടെ വെച്ചൂരിലുള്ള മോഡേൺ റൈസ് മിൽ വഴി 356.3 മെട്രിക് ടൺ നെല്ല് സംഭരിച്ചതിൽ കർഷകർക്ക് 81.274 ലക്ഷം രൂപയുടെ വരുമാനം ലഭിച്ചു. കൂടാതെ സ്വകാര്യ മില്ലുകൾ വഴിയും നെല്ല് സംഭരിക്കുകയുണ്ടായി.

## നെൽകൃഷി വികസനത്തിന് പാടശേഖര സമിതി

45 (2879) ശ്രീ. പി. ഉണ്ണി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിയ്ക്ക് അനുകൂല സാഹചര്യമുള്ളതും ഉൽപ്പാദന വർദ്ധനവിന് സാധ്യതയുള്ളതുമായ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് തരിശുനില കൃഷിക്കും ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള കൃഷിക്കും പ്രാധാന്യം നൽകികൊണ്ടുള്ള നെൽകൃഷി വികസനത്തിന് എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഈ രംഗത്ത് പാടശേഖര സമിതികളുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) പാടശേഖര സമിതികൾ മുഖേന ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ നെൽകൃഷി ചെയ്യുന്നതിന് നിലവിൽ എത്ര രൂപയാണ് ഹെക്ടർ ഒന്നിന് നൽകി വരുന്നത്;

(ഡി) ഉത്തമ കൃഷിമുറകൾ അവലംബിക്കുന്നതിന് പാടശേഖര സമിതികൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സമഗ്ര നെൽ കൃഷി വികസന പദ്ധതിയുടെ ഭാഗമായി തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് തുടർച്ചയായി മൂന്നുവർഷം ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥയുണ്ട്. തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്നുവർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4500 രൂപയുമാണ് ആനുകൂല്യം നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും സഹായധനം നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5,800 രൂപയും 1,200 രൂപയും ; മൂന്നാം വർഷം 3,750 രൂപയും 750 രൂപയുമാണ്.

തരിശായി കിടക്കുന്ന പാടങ്ങളിൽ നെൽകൃഷിയിറക്കുന്ന കർഷകർക്കും സംഘങ്ങൾക്കും മൂന്ന് വർഷങ്ങളിലായി നൽകുന്ന ആനുകൂല്യങ്ങൾക്ക് പുറമെ അടിസ്ഥാന സൗകര്യ വികസനം ആവശ്യമുള്ളയിടങ്ങളിൽ നടപടി സ്വീകരിക്കുന്നതിനും യുവജന പങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി

നടത്തുന്നതിനും നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥലത്തും (സ്വന്തമോ/പാട്ടത്തിനോ) കൃഷി നടത്തുന്നതിനും പദ്ധതിയധിഷ്ഠിതമായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പാടശേഖര സമിതികൾ ഗ്രൂപ്പ് ഫാമിങ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നു. പാടശേഖരത്തിന് പൊതുവായ ആവശ്യത്തിനുള്ള യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും സൂക്ഷിക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ആവശ്യമുള്ളവ വാടകയ്ക്ക് എടുക്കുന്നതിനും തോടുകൾ, വരമ്പുകൾ എന്നിവ യഥാസമയം നന്നാക്കുന്നതിനും വെള്ളം പമ്പ് ചെയ്ത് കൃഷിയിറക്കേണ്ട സ്ഥലങ്ങളിൽ അത് നടത്തുന്നതിനും ഉത്പാദനോപാധികൾ ലഭ്യമാക്കുന്നതിനും നെല്ലുസംഭരണത്തിനും പാടശേഖര സമിതിയുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

(സി& ഡി) പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേക്ക് ഗ്രൂപ്പ് ഫാമിങ് സമ്പ്രദായമനുസരിച്ച് വിവിധ പദ്ധതിഘടകങ്ങൾ നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്. സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾക്ക് കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾക്ക് പുറമെ ആയിരിക്കും ഇത്.

## കൊയ്ത്ത് യന്ത്രങ്ങൾ ന്യായമായ വാടകയ്ക്ക് നൽകി നെൽകർഷകരെ സഹായിക്കുന്നതിന് നടപടി

46 (2880) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊയ്ത്തിനായി കർഷക തൊഴിലാളികളെ ലഭിക്കാത്ത സാഹചര്യത്തിൽ കൊയ്ത്ത് യന്ത്രങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നുണ്ടോ;

(ബി) പല കർഷക സംഘങ്ങളും സഹകരണ സ്ഥാപനങ്ങളും വാങ്ങിയിട്ടുള്ള കൊയ്ത്ത് യന്ത്രങ്ങൾ പ്രവർത്തനക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സംസ്ഥാനത്തെ പാടശേഖരങ്ങളിൽ തമിഴ്നാട്ടിൽ നിന്നുള്ള കൊയ്ത്ത് യന്ത്രങ്ങളും തൊഴിലാളികളും ആണ് പ്രവർത്തിക്കുന്നത് എന്നും അവർ അമിതമായി കൂലി ഈടാക്കുന്നു എന്നതും വസ്തുതയാണോ;

(ഡി) സംസ്ഥാനത്ത് കൊയ്ത്തിനായി ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കൊയ്ത്ത് യന്ത്രങ്ങൾ ന്യായമായ വാടകയ്ക്ക് നൽകി നെൽകർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) കൊയ്ത്ത് സീസണുകളിൽ സംസ്ഥാനത്തെ കൊയ്ത്ത് മെതിയന്ത്രങ്ങൾക്ക് പുറമെ ഇതര സംസ്ഥാനങ്ങളിൽ (തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക) നിന്നുള്ള കൊയ്ത്തുമെതിയന്ത്രങ്ങൾ ഉപയോഗിച്ച് പാടശേഖരങ്ങളിൽ കൊയ്ത്തു നടത്താറുണ്ട്. അമിതമായ കൂലി ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കേരള അഗ്രോ ഇൻഷ്വറൻസ് കോർപ്പറേഷൻ, പാടശേഖര സമിതികൾക്ക് കൊയ്ത്ത് മെതിയന്ത്രങ്ങൾ ന്യായമായ നിരക്കിൽ (മണിക്കൂറിന് 800 രൂപ) വാടകയ്ക്ക് നൽകിവരുന്നുണ്ട്. കൃഷി വകുപ്പിനുകീഴിലുള്ള യന്ത്രസാമഗ്രികളുടെ കാര്യക്ഷമമായ ഉപയോഗത്തിനും വിതരണത്തിനും വേണ്ടി ഇതിന്റെ പ്രവർത്തനം ക്രോഡീകരിക്കുന്നതിനുവേണ്ടി ഒരു സ്പെഷ്യൽ ഓഫീസറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**തൊടിയൂർ-തഴവ വട്ടക്കായലിൽ കൃഷി**

47 (2881) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തൊടിയൂർ-തഴവ വട്ടക്കായൽ കാർഷിക യോഗ്യമാക്കി കൃഷിയിറക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദീകരിക്കുമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) ഈ പദ്ധതിയിൽ പങ്കാളികളായ കർഷകർക്ക് പാട്ടവ്യവസ്ഥയിൽ ഭൂമി വാടക ലഭിക്കുമോയെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) തഴവ ഗ്രാമപഞ്ചായത്തിൽപ്പെട്ടതും വർഷങ്ങളായി തരിശായി ക്കിടക്കുന്നതുമായി 750 ഏക്കറോളം വരുന്ന തൊടിയൂർ തഴവ വട്ടക്കായൽ പ്രദേശം മുഴുവനായി 2017-18 പുഞ്ച സീസണിൽ നെൽകൃഷി ആരംഭിച്ചിരിക്കുന്നു. നിലമുടമകൾ സ്വമേധയാ കൃഷി ചെയ്യാത്ത സാഹചര്യത്തിൽ പാട്ടകൃഷിയാണ് നടപ്പിലാക്കിയിരുന്നത്. 35 ടൺ നെൽ വിത്ത് മുഴുവൻ പാടത്തുമായി വിതച്ചിട്ടുണ്ട്.

(ബി) കൃഷി വകുപ്പിന്റെ ബ്ലോക്കുതല കൺവർജൻസ് പദ്ധതി പ്രകാരം 220 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനും ഹെക്ടറിന് 30000 രൂപ എന്ന നിരക്കിൽ 66 ലക്ഷം രൂപയുടെ പദ്ധതി അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി പ്രകാരം 20 ടൺ നെൽ വിത്തിനായി 8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) തരിശുഭൂമി പദ്ധതി പ്രകാരം നിലംഉടമയ്ക്ക് ഹെക്ടറിന് 5,000 രൂപയും കർഷകന് 25,000 രൂപയും ആനുകൂല്യം ലഭിക്കുന്നതാണ്.

## നെൽക്കൃഷിയുടെ സ്പെഷ്യൽ ഇക്കണോമിക് സോണുകളും റൈസ് ബയോ പാർക്കുകളും

48 (2882) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽ കൃഷിയുടെ സ്പെഷ്യൽ ഇക്കണോമിക് സോണായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങൾ ഏതൊക്കെയാണെന്നും ഇതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ എന്തെന്നും അറിയിക്കുമോ;

(ബി) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച റൈസ് ബയോ പാർക്കുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) 'പച്ചക്കറി ഗ്രാമങ്ങൾ' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; പച്ചക്കറി ഗ്രാമങ്ങളാക്കി മാറ്റുന്നതിന് ഏതെങ്കിലും പ്രദേശങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഇതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) നെൽക്കൃഷിയുടെ സ്പെഷ്യൽ ഇക്കണോമിക് സോണായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങൾ ഇല്ല. എന്നാൽ നെൽക്കൃഷിക്കായി ഏഴ് പ്രത്യേക കാർഷിക മേഖലകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കുട്ടനാട്, കോൾ, പൊക്കാളി,

ഓണാട്ടുകര, പാലക്കാട്, വയനാട്, കായ്പ്പാട്. അടിസ്ഥാന സൗകര്യ വികസനം നിർണ്ണായക പ്രാധാന്യമുള്ളതും മറ്റ് പദ്ധതികളിലൂടെ ഏറ്റെടുത്തിട്ടില്ലാത്തതുമായ ഘടകങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

നെൽകൃഷിക്കായി പ്രഖ്യാപിച്ച പ്രത്യേക 7 കാർഷികമേഖലകളിൽ 6 മേഖലകൾക്ക് ചുവടെ പറയും പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1. കുട്ടനാട് മേഖലയ്ക്ക് പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിന് 101 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. കോൾ മേഖലയ്ക്ക് പെട്ടിയും പറയും മാറ്റിവയ്ക്കുന്നതിനും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനും ഭൂവസ്ത്രം ഉപയോഗിക്കുന്നതിനും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി 299.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. പൊക്കാളി മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 44.31 ലക്ഷം രൂപയാണുള്ളത്.

4. പാലക്കാട് മേഖലയ്ക്ക് ജൈവകൃഷി, ജൈവ ബിരിയാണി അരിയുടെ ബ്രാണ്ടിങ്, കാർഷിക കർമസേന ശക്തിപ്പെടുത്തൽ, അഗ്രോ സർവ്വീസ് സെന്ററിന് യന്ത്രോപകരണങ്ങൾ വാങ്ങൽ, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 60.82 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു.

5. വയനാട് മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരമ്പരാഗതമായി കൃഷി ചെയ്യുന്ന തനതുവിത്തിനങ്ങളുടെ സംരക്ഷണവും വർദ്ധനവും എന്നിവയ്ക്കായി 115 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

6. കായ്പ്പാട് മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 32.9 ലക്ഷം രൂപയാണുള്ളത്.

(ബി) ഇല്ല. റൈസ് അഗ്രോപാർക്കുകൾ ആരംഭിക്കുന്നതിന് മുന്നോടിയായി നബാർഡിന്റെ കീഴിലുള്ള സ്ഥാപനമായ NABCON-സിനെക്കൊണ്ട് മുൻകാല സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പച്ചക്കറി ഗ്രാമങ്ങൾ എന്ന പേരിൽ പദ്ധതിക്ക് അനുമതി ലഭിച്ചില്ല. എന്നാൽ 19-2-2018 ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 22/2018/എ.ഡി പ്രകാരം വിവിധ വിളകളിൽ സ്പെഷ്യൽ അഗ്രിക്കൾച്ചറൽ സോണുകൾ തുടങ്ങുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതുപ്രകാരം ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി, ഇടുക്കി ജില്ലയിലെ ദേവികുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ- നെന്മാറ, തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ എന്നീ പ്രദേശങ്ങളിൽ പച്ചക്കറിയുടെ സ്പെഷ്യൽ അഗ്രികൾച്ചറൽ സോണുകൾ തുടങ്ങുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ പച്ചക്കറി കൃഷി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുക, ക്ലസ്റ്റർ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നിവയാണ് പ്രവർത്തന ലക്ഷ്യങ്ങൾ.

2017-18-ൽ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് അനുസരിച്ച് പച്ചക്കറി കൃഷിക്ക് ആകെ 219.47 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക അടിസ്ഥാന സൗകര്യ വികസനത്തിനും ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിങ്ങിനുമായിട്ടാണ് ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്. ഓരോ മേഖലയ്ക്കും അനുവദിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കഞ്ഞിക്കുഴി | - 51.78 ലക്ഷം രൂപ |
| ദേവികുളം | - 76.45 ലക്ഷം രൂപ |
| ചിറ്റൂർ- നെന്മാറ | - 71.24 ലക്ഷം രൂപ |
| പഴയന്നൂർ | - 20.00 ലക്ഷം രൂപ |
| ആകെ | - 219.47 ലക്ഷം രൂപ |

**നെൽകർഷകരെ സംരക്ഷിക്കുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നടപടി**

49 (2883) ശ്രീ. സണ്ണി ജോസഫ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമങ്ങളിൽ പാടത്ത് കൊയ്ത്തും മെതിയും നടത്തുവാൻ കർഷക തൊഴിലാളികളെ ലഭിക്കാത്തത് മൂലം നെൽകർഷകർ പ്രതിസന്ധിയിലാണെന്നത് വസ്തുതയാണോ;

(ബി) കുത്തനെ കൂടുന്ന കൃഷി ചെലവും കൂലി വർദ്ധനവുംമൂലം സംസ്ഥാനത്തെ നെൽ കർഷകർ കൃഷി ഉപേക്ഷിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനവും കർഷകസമിതികളുടെ പ്രവർത്തനവുംകൊണ്ട് ഈ മേഖലയ്ക്ക് എന്ത് ഉണർവ് നൽകുവാൻ സാധിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) നെൽക്കൃഷിയുടെ വിസ്തൃതി വർഷംതോറും കുറഞ്ഞുവരുന്ന സാഹചര്യവും അരിക്കായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിവിശേഷവും കണക്കിലെടുത്ത് നിലവിലുള്ള നെൽക്കൃഷിയെ എങ്കിലും സംരക്ഷിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുന്ന നടപടികൾ കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) കൊയ്ത്തും മെതിയും നടത്തുവാൻ കർഷകത്തൊഴിലാളികളെ ലഭിക്കാത്തത് പ്രതിസന്ധിയുണ്ടാക്കാറുണ്ട്.

(ബി) സംസ്ഥാന കൃഷി വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നൽകുന്ന സഹായത്തിന്റെ ഫലമായി സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തെയും പാടശേഖരങ്ങളിൽ ഒരു പരിധിവരെ യന്ത്രവത്ക്കരണം സാധ്യമായിട്ടുണ്ട്. ഉല്പാദനോപാധികൾക്കുള്ള സബ്സിഡിയും കൂലിച്ചെലവ് സബ്സിഡിയും നൽകുകവഴി ഈ ഇനത്തിലെ ഭീമമായ ചെലവ് പിടിച്ചുനിർത്താൻ സാധിക്കുന്നുണ്ട്. അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനവും കാർഷിക കർമ്മസേനയുടെ സഹായവും ഉപയോഗപ്പെടുത്താൻ കഴിയുന്നുണ്ട്. ഇതിനുപുറമെ തൊഴിലുറപ്പ് പദ്ധതിയുടെ സഹായവും ഉപയോഗപ്പെടുത്തുന്നുണ്ട്. അതിനാൽ കർഷകർ കൃഷി ഉപേക്ഷിച്ചുപോകേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

(സി) തരിശുനിലങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനും കൃഷിപ്പണികളിൽ ഇടപെടുന്നതിനും വിവിധ കർഷകസംഘങ്ങൾ, കർഷക കൂട്ടായ്മകൾ എന്നിവ തയ്യാറായത് യുവാക്കളെ കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിന് സഹായിച്ചു. പാടശേഖര സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്താനും സംഘങ്ങൾ തമ്മിൽ ആരോഗ്യകരമായ ഒരു മത്സരം ഉണ്ടാക്കാനും കഴിഞ്ഞതിലൂടെ ഈ മേഖലയ്ക്ക് ഒരു ഉണർവ് ഉണ്ടായിട്ടുണ്ട്. ലക്ഷ്യമിട്ടതിലും കൂടുതൽ തരിശുജലം കൃഷി ചെയ്യാൻ സാധിച്ചതും മറ്റും ഈ ഉണർവ്വിന്റെയും കൂട്ടായ്മയുടെയും തെളിവാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള നിരന്തരമായ ഇടപെടലുകളും പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ ഒടുവിൽ നെൽകൃഷിയുടെ വിസ്തൃതി മൂന്ന് ലക്ഷം ഹെക്ടറിൽ എത്തിക്കുക എന്നത് ലക്ഷ്യമാക്കിയുള്ള സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കിവരുന്നു.

## നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ

50 (2884) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ കാര്യത്തിലും നെല്ലുൽപ്പാദനത്തിലും കുറവു വന്നുകൊണ്ടിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കാര്യമായി കുറഞ്ഞുവരുന്നത്; നെല്ലുൽപ്പാദനത്തിൽ കാര്യമായി കുറവു വന്ന ജില്ലകൾ ഏതൊക്കെയാണ്;

(സി) നെല്ലുൽപ്പാദനത്തിൽ കുറവുവരുന്നതിന്റെ കാരണങ്ങൾ വിലയിരുത്തുകയുണ്ടായോ;

(ഡി) 13ാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് ആസൂത്രണംചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച കണക്ക് പ്രകാരം കഴിഞ്ഞ അഞ്ച് വർഷത്തെ നെൽക്കൃഷി വിസ്തൃതിയും നെല്ലുത്പാദനവും സംബന്ധിച്ച ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു .* 2016-17 വർഷത്തിൽ ഈ നൂറ്റാണ്ടിലെ ഏറ്റവും രൂക്ഷമായ വരൾച്ചമൂലം നെൽകൃഷിയിൽ 50917.62 ഹെക്ടർ വിസ്തൃതിയിൽ കുറവ് വന്നിട്ടുണ്ട്. കൃഷി വകുപ്പിന്റെ നക്കൽ കണക്കുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ 2,20,449 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഇറക്കുവാൻ സാധിച്ചിട്ടുണ്ട്.

2012-13-ലെയും 2015-16-ലെയും കണക്കുകൾ പരിശോധിച്ചാൽ ആലപ്പുഴ, കോട്ടയം, കോഴിക്കോട്, വയനാട്, ഇടുക്കി, കണ്ണൂർ ജില്ലകളിൽ മാത്രമാണ് വിസ്തൃതിയിൽ കുറവ് വന്നിട്ടുള്ളത്.

നെൽക്കൃഷി വിസ്തൃതിയിൽ ഉണ്ടായ വ്യതിയാനമാണ് ഉല്പാദനം കുറഞ്ഞതിന് പ്രധാന കാരണം. ആയതിനാൽ ആലപ്പുഴ, കോട്ടയം, കോഴിക്കോട്, വയനാട്, ഇടുക്കി, കണ്ണൂർ ജില്ലകളിൽത്തന്നെയാണ് ഉല്പാദനത്തിലും കുറവ് വന്നിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) നെൽക്കൃഷി വിസ്തൃതിയിലുണ്ടാകുന്ന കുറവാണ് ഉല്പാദനം കുറഞ്ഞതിന് പ്രധാന കാരണം, ഇതിനുപുറമെ കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനം നെൽമണികൾ രൂപപ്പെടുന്നതിനെ പ്രതികൂലമായി ബാധിക്കുന്നതിനും ഉത്പാദനം കുറയുന്നതിനും കാരണമാണ്.

(ഡി) കർഷകർക്ക് കൂടുതൽ ആകർഷകമാകത്തക്ക വിധത്തിലാണ് 13-ാം പഞ്ചവത്സരപദ്ധതിയിൽ നെൽകൃഷിക്കുള്ള ആനുകൂല്യങ്ങൾ നിർദ്ദേശിച്ചിരിക്കുന്നത്. തരിശുനില കൃഷി, കരനെൽകൃഷി, സവിശേഷ ഇനം നെല്ലിന്റെ വ്യാപനം, ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിലൂടെയുള്ള കൃഷി എന്നിവയ്ക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. പ്രധാന ലക്ഷ്യം 13-ാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടെ നെൽകൃഷി വിസ്തൃതി 3 ലക്ഷം ഹെക്ടർ ആക്കുക എന്നതാണ്. പ്ലാൻ പദ്ധതിയിലെ വിടവുകൾ ആർ.കെ.വി.വൈ.യിലെ ഘടകങ്ങൾ ഉപയോഗപ്പെടുത്തി നടപ്പാക്കും. ഈ സാമ്പത്തിക വർഷം സർക്കാർ സമഗ്ര നെൽക്കൃഷി വികസന പദ്ധതിക്കായി 70 കോടി രൂപ വകയിരുത്തി നടപ്പിലാക്കി വരുന്നു. തരിശുനിലകൃഷി, കരനെൽകൃഷി എന്നിവയെല്ലാം വളരെ നല്ല പ്രവർത്തനം കാഴ്ചവയ്ക്കാനും നൽകിയിരുന്ന ഭൗതിക ലക്ഷ്യത്തിൽ കൂടുതൽ കൈവരിക്കാനും കഴിഞ്ഞു. നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം നടപ്പ് വർഷം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

## നാളികേര കൃഷി

51 (2885) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേങ്ങ ഉല്പാദനത്തിൽ ഒന്നാംസ്ഥാനത്ത് ആയിരുന്ന നമ്മുടെ സംസ്ഥാനം കർണ്ണാടകയ്ക്കും തമിഴ് നാടിനും പിന്നിലാകുവാൻ ഉണ്ടായ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നാളികേരാധിഷ്ഠിത ഉല്പന്നങ്ങൾ ലക്ഷ്യമിട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി ആരംഭിച്ചിരുന്നോ;

(സി) വൈവിധ്യങ്ങളായ നാളികേര ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്ന കമ്പനികൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ ഹോർട്ടികൾച്ചർ ഡിവിഷൻ പ്രസിദ്ധീകരിച്ച 2016-17-ലെ എസ്റ്റിമേറ്റ് പ്രകാരം നാളികേര ഉൽപ്പാദനത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം തന്നെയാണ് മുന്നിൽനിൽക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കേന്ദ്ര സർക്കാർ സ്ഥാപനമായ നാളീകേര വികസന ബോർഡിന്റെ കീഴിൽ 2014 മുതലുള്ള കാലഘട്ടത്തിലായി 29 നാളീകേര പ്രൊഡ്യൂസേഴ്സ് കമ്പനികൾ രൂപീകരിച്ച് 2013-ലെ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) നാളീകേര വികസന ബോർഡ് (CDB) മുഖേന ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് (TMOC) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പാക്ക്ചെയ്ത് ബ്രാൻഡ് നാമത്തോടുകൂടിയുള്ള വെളിച്ചെണ്ണ, വിറ്റാമിൻ-ഇ സമ്പുഷ്ടമായ വെർജിൻ കോക്കനട്ട് ഓയിൽ, സംസ്കരിച്ച കിരക്കിൻ വെള്ളം, നിർജ്ജലീകരിച്ച തേങ്ങാപ്പൊടി, പുളിപ്പിച്ച തേങ്ങാ വെള്ളം ഉപയോഗിച്ച് നിർമ്മിക്കുന്ന നാളികേര വിനാഗിരി, കോക്കനട്ട് ഐസ്ക്രീം, കോക്കനട്ട് ചിപ്പ്സ്, സ്നോബോൾ ടെണ്ടർ കോക്കനട്ട്, കോക്കനട്ട് പുഡ്ഡിംഗ്, തെങ്ങിൻ ശർക്കര, ചിരട്ടക്കരി തുടങ്ങിയ വൈവിധ്യമാർന്ന നാളികേര ഉത്പന്നങ്ങൾ നിർമ്മിക്കുവാനുള്ള സംരംഭങ്ങളുടെ പ്രോജക്ട് തുകയുടെ 25% പരമാവധി 50 ലക്ഷം രൂപ back ended credit capital ആയി ധനസഹായം നൽകുന്നുണ്ട്.

കൂടാതെ എസ്.എഫ്.എ.സി.(സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം) എന്ന പൊതുമേഖലാ സ്ഥാപനം നാളികേര മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതികൾക്ക് ധനസഹായം നൽകുന്നുണ്ട്.

**നാളീകേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ**

52 (2886) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരം തിങ്ങും കേരളനാട് എന്ന വിശേഷണം നഷ്ടമായി കൊണ്ടിരിക്കുന്ന കേരളത്തിൽ നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) നാളികേരത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) നാളികേര മിഷൻ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) നാളികേരത്തിൽ നിന്നും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും അവ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നാളികേരോൽപ്പാദനത്തിനും വ്യാപനത്തിനും ഊന്നൽ നൽകിക്കൊണ്ട് 1193 ചിങ്ങം 1 മുതൽ 1194 ചിങ്ങം 1 വരെയുള്ള ഒരു വർഷക്കാലം നാളികേര വർഷമായി ആചരിച്ചുവരികയാണ്. 2017-18 സാമ്പത്തിക വർഷം നാളികേര കൃഷി വികസനത്തിനായി 4500 ലക്ഷം രൂപ വാർഷിക ബജറ്റിൽ വകയിരുത്തിക്കൊണ്ട് വിവിധങ്ങളായ സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിസംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു.

ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, കേര കൃഷിയിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക, വിളവെടുപ്പിന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, കണിക ജലസേചനം വഴി ജല ഉപയോഗം ക്രമീകരിക്കുക എന്നീ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനായി അത്യുൽപ്പാദനശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതിയും 2017-18 വർഷം നടപ്പിലാക്കിവരുന്നു.

തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കാനുള്ള 300 ലക്ഷം രൂപയുടെ പദ്ധതിയും കേന്ദ്ര തോട്ടവിള കേന്ദ്രവുമായി സഹകരിച്ച് നാളികേരവികസനത്തിനായി 269.2426 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കിവരുന്നു.

കൂടാതെ SCSP/TSP മേഖലകളിൽ തെങ്ങ് പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുവാൻ 175 ലക്ഷം രൂപയുടെ പദ്ധതിയും പ്രായാധിക്യവും രോഗം മൂലവും ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി, പുതിയവ നടുന്നതിനും ബാക്കി നിലനിൽക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനുവേണ്ടിയുള്ള 1315.65 ലക്ഷം രൂപയുടെ നാളികേര വികസന ബോർഡിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയും ഈ വർഷം നാളികേര വികസനത്തിനായി സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു.

കൊല്ലവർഷം 1193 ചിങ്ങം 1 മുതൽ 1194 ചിങ്ങം 1 വരെ "കേരവർഷ" മായി ആചരിക്കുവാൻ പ്രഖ്യാപിക്കുകയും ഊർജിത കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനായി നാളികേര കൃഷി വികസനത്തിനായുള്ള പദ്ധതികൾക്കായി 2018-19 വർഷത്തേയ്ക്ക് ബജറ്റ് വിഹിതമായി 5000 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്.

(സി) ഉണ്ട്. നടീൽ വസ്തുക്കൾ മുതൽ മൂല്യവർദ്ധിത കേരോല്പന്നങ്ങളുടെ വിപണനം വരെയുള്ള മേഖലയിൽ ക്രീയാത്മകമായി ഇടപെടുക എന്ന ഉദ്ദേശ ലക്ഷ്യത്തോടുകൂടി വികസനം, ഗവേഷണം, വിജ്ഞാനവ്യാപനം, അടിസ്ഥാന സൗകര്യ വികസനം, വിപണനം, സംസ്കരണം, മൂല്യവർദ്ധിത മൂലധന നിക്ഷേപം, കയറ്റുമതി, നൂതനമായ ആശയങ്ങൾ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തി കൃഷി വകുപ്പുമന്ത്രി ചെയർമാനായി സമഗ്ര പദ്ധതി ആസൂത്രണം ചെയ്ത് ഒരു മിഷൻ മോഡിൽ നടപ്പിലാക്കുക എന്നതാണ് കേരള കോക്കനട്ട് മിഷന്റെ രൂപീകരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

(ഡി) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഉയർന്ന വില ഉറപ്പാക്കുന്നതിനും മലപ്പുറം ജില്ലയിൽ കൃഷി വകുപ്പിന് കീഴിലുള്ള മുണ്ടേരി അഗ്രികൾച്ചറൽ ഫാമിലും കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിലും ഓരോ അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികൾക്ക് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന മൂല്യവർദ്ധിത ഉല്പന്ന സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകി വരുന്നു. നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി നീര ടെക്നീഷ്യൻ പരിശീലനം നൽകുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന കൃഷി വകുപ്പ് 2016 മുതൽ വൈഗ എന്ന ദേശീയതല സംരംഭകരുടെ പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്.

**നാളീകേര വർഷാചരണത്തിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ**

53 (2887) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം നാളികേര വർഷമായി ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) മികച്ച തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് നൽകുവാൻ

ഐ. സി. എ. ആർ.-മായി ധാരണയിലായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇടവിളകളിലൂടെ തെങ്ങ് കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിളപരിപാലനമുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ട് വിവിധങ്ങളായ 55 ഇന കർമ്മ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് മലയാള വർഷം 1193 ചിങ്ങം 1 മുതൽ 1194 ചിങ്ങം 1 വരെ "കേരവർഷ" മായി ആചരിക്കുവാൻ പ്രഖ്യാപിക്കുകയും ഊർജ്ജിത കർമ്മപരിപാടികൾ നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കേരവർഷാചരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന കർമ്മ പദ്ധതികളുടെ പട്ടിക 20-9-2017 ലെ സ.ഉ.(സാധാ.) 896/17/കൃഷി. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമെ കൃഷി വകുപ്പുമന്ത്രി ചെയർമാനായി കർഷക പ്രതിനിധികൾ, ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി പ്രതിനിധികൾ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഗവേഷണ സ്ഥാപന മേധാവികൾ എന്നിവരെ ഉൾപ്പെടുത്തി കോക്കനട്ട് മിഷൻ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) 2017-18 വർഷം കാസർഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ 269.2426 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കിവരുന്നു. ആയതിനാൽ തെങ്ങിൻ തൈ ഉല്പാദനവുമായി ബന്ധപ്പെട്ട പദ്ധതി വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | കാലാവധി | തുക (ലക്ഷം രൂപ) |
|---|---|---|---|
| 1 | ഗുണമേന്മയേറിയ കുറിയ ഇനം തെങ്ങിൻ തൈകളുടെ ഉല്പാദനവും വിതരണവും | 3 കൊല്ലം | 91.2032 |
| 2 | തെങ്ങിന്റെ സങ്കരപ്രക്രിയയ്ക്കും തൈ ഉല്പാദനത്തിനുമുള്ള സാങ്കേതിക സഹായം നൽകുന്ന പദ്ധതി | 3 കൊല്ലം | 119.9264 |

കൂടാതെ കായംകുളം കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്

"കാറ്റുവീഴ്ചയുള്ള പ്രദേശങ്ങളിൽ വിപുലമായതോതിൽ മികച്ച നെടിയ ഇനം & സങ്കരയിനം തെങ്ങിൻതൈകളുടെ ഉൽപാദനം" എന്ന 4 വർഷ പ്രോജക്ടിന്റെ 2-ാം വർഷ ആനുകൂല്യമായ 33 ലക്ഷം രൂപ നൽകുന്നതിനുള്ള നടപടിയും പൂർത്തിയായിട്ടുണ്ട്.

(സി) നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിളപരിപാലനമുറകൾ സ്വീകരിച്ച് നാളികേര കൃഷിസംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു.

വാഴ, ഇഞ്ചി, മഞ്ഞൾ, കിഴങ്ങ് വർഗ്ഗങ്ങൾ, കുരുമുളക്, പുഷ്പകൃഷി തുടങ്ങിയ ഇടവിളകൃഷികൾ തെങ്ങിൻ തോട്ടങ്ങളിൽ പ്രചരിപ്പിച്ച് കൃഷിക്കാരന്റെ വരുമാനം വർദ്ധിപ്പിക്കാനായി കേരഗ്രാമം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. 50% സബ്സിഡി നിരക്കിൽ ഒരു ഹെക്ടറിന് 6,000 രൂപ ആനുകൂല്യവും നൽകുന്നുണ്ട്.

**കർഷകർക്ക് ന്യായവില ഉറപ്പാക്കിയുള്ള നാളീകേര സംഭരണം**

54 (2888) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്ക് ന്യായവില ഉറപ്പാക്കി നാളികേര സംഭരണം നടത്താൻ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) നാളികേര സംഭരണം നടത്താൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും ഇപ്രകാരം ചെയ്യുമ്പോൾ ക്വിന്റലിന് എത്ര രൂപയാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളതെന്നും അറിയിക്കുമോ;

(സി) ഇപ്രകാരം സംഭരിക്കുന്ന നാളികേരത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം വിശദമാക്കുമോ?

ഉത്തരം

(എ & ബി) താങ്ങുവില (MSP) പ്രഖ്യാപിക്കുമ്പോൾ കേരളത്തിലെ ഉയർന്ന ഉല്പാദന ചെലവ് ഉൾപ്പെടെയുള്ള സാഹചര്യങ്ങൾ കണക്കിലെടുക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും ആവശ്യമായ വിവരങ്ങൾ സമർപ്പിക്കുകയും ചെയ്തിരുന്നു. മില്ലിംഗ് കൊപ്രയുടെ താങ്ങുവില ക്വിന്റലിന് 9,725 രൂപയായും ബാൾ കൊപ്രയുടെ താങ്ങുവില ക്വിന്റലിന് 10,700 രൂപയായും വർദ്ധിപ്പിക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നു. കൂടാതെ 2018 സീസണിൽ പച്ചത്തേങ്ങയുടെ കുറഞ്ഞ താങ്ങുവില ക്വിന്റലിന് 2,900 രൂപയായി നിർണ്ണയിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ 2018 സീസണിൽ ഫെയർ ആവറേജ് ക്വാളിറ്റി മില്ലിംഗ് കൊപ്രയുടെയും അംഗീകരിച്ച കുറഞ്ഞ താങ്ങുവില യഥാക്രമം ക്വിന്റലിന് 7,511 രൂപയും 7,750 രൂപയുമാണ്. ഇപ്പോൾ നാളികേരത്തിന്റെ വിപണി വില ഉയർന്നു നിൽക്കുന്നതിനാൽ പച്ച നാളികേര സംഭരണം നടത്തേണ്ട ആവശ്യകത നിലവിലില്ല.

26-10-2017 -ലെ സ.ഉ.(എം.എസ്.) നമ്പർ 133/2017/കൃഷി പ്രകാരം കേരഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങൾ/മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ/കേന്ദ്ര നാളികേര സഹകരണ വികസന ബോർഡിനു കീഴിലുള്ള നാളികേര ഉല്പാദക സൊസൈറ്റി/ഫെഡറേഷനുകൾ/ഡ്രയർ സൗകര്യമുള്ള മറ്റ് സൊസൈറ്റികൾ, കൂടാതെ കർഷകരിൽനിന്നും നേരിട്ടും കേന്ദ്ര ഏജൻസിയായ നാഫെഡ് മുഖേനയും ഗുണനിലവാരമുള്ള പച്ച നാളികേരം സംഭരിച്ച് കേരഫെഡ് നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരത്തിലുള്ള കൊപ്രയാക്കി കേരഫെഡിന് നൽകേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്.

(സി) നാളികേരത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### നാളീകേരത്തിൽനിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി

55 (2889) ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. പി. വി. അൻവർ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര കൃഷിയുടെ വികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നാളികേരത്തിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നാളികേര കൃഷിയുടെ വികസനത്തിനായി നടപ്പിലാക്കുന്ന നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. <u>കേരഗ്രാമം പദ്ധതി</u>

തെങ്ങ് കൃഷിയുടെ സമഗ്ര വികസനത്തിനായി തുടർച്ചയായുള്ള 250 ഹെക്ടർ വിസ്തൃതിയിൽ വരുന്ന തെങ്ങിൻ തോട്ടങ്ങളെ കേരഗ്രാമങ്ങളായി കണക്കാക്കി സംയോജിത നാളികേര വികസനത്തിൻകീഴിൽ തെങ്ങിൻ തോട്ടങ്ങളുടെ ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ, ജലസംരക്ഷണത്തിനായി തൊണ്ടിട്ടുമൂടൽ, മണ്ണ് പരിപോഷണവസ്തുക്കളുടെ പ്രയോഗം, സംയോജിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, പ്രായം ചെന്നതും രോഗബാധിതവും ഉല്പാദനക്ഷമത നശിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഗുണമേന്മയുള്ള തൈകളുടെ നടീൽ, ഇടവിളക്കൃഷി എന്നീ ഘടകങ്ങൾ നടപ്പിലാക്കുന്നു.

2. <u>അത്യുൽപ്പാദനശേഷിയുള്ള കുറിയ/സങ്കരയിനം തെങ്ങിനങ്ങളുടെ മാതൃകാ പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കൽ</u>

തെങ്ങിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി കർഷകരുടെ പുരയിടങ്ങളിലും കൃഷി വകുപ്പ് ഫാമുകളിലും കുറിയ/സങ്കരയിനം തെങ്ങിൻ തൈകളുടെ മാതൃകാ പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.

3. <u>ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിന്റെ സംയോജിത കീടനിയന്ത്രണം</u>

തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടങ്ങൾക്കും രോഗങ്ങൾക്കുമെതിരെ ഫലപ്രദമായി ക്യാമ്പയിൻ അടിസ്ഥാനത്തിൽ സംയോജിത കീടരോഗനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു.

4. <u>നാളികേര വികസനത്തിനായി സി.പി.സി.ആർ.ഐ.യുമായി സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതി</u>

അത്യുൽപ്പാദനശേഷിയുള്ള കുറിയ/സങ്കരയിനം തെങ്ങിൻതൈകളുടെ ഉൽപ്പാദനവും പ്രാദേശിക ലഭ്യതയും വർദ്ധിപ്പിക്കുന്നതിനായി സി.പി.സി.ആർ.ഐ.-യുടെ നേതൃത്വത്തിൽ കർഷകരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നു.

5. <u>കേരസമൃദ്ധി</u>

ഗുണമേന്മയുള്ള തെങ്ങിൻതൈ ഉത്പാദനവും വിതരണവും ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു. സങ്കരയിനവും കുറിയതുമായ ഇനത്തിൽ വിത്ത് തേങ്ങ കർഷകരിൽനിന്നും സംഭരിച്ച് കൃഷി വകുപ്പ് ഫാമുകളിൽ തൈ ആക്കി ഗുണമേന്മയുള്ള തെങ്ങിൻതൈകൾ മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നു. കൂടാതെ സി.പി.സി.ആർ.ഐ.യുമായി ചേർന്ന് മികച്ചയിനം തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ചും വിതരണം ചെയ്യുന്നു.

6. നാളികേര വികസന ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രദർശന വിത്തുൽപ്പാദന തോട്ടങ്ങൾ സ്ഥാപിച്ച് മികച്ച സങ്കരയിനം, കുറിയ നെടിയ ഇനം തെങ്ങിൻതൈകളുടെ ഉല്പാദനം നടത്തി ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നു.

തെങ്ങ് പുനരുദ്ധാരണ പദ്ധതിയും പുനർനടീലും

കാറ്റുവീഴ്ച രോഗത്തെ ചെറുക്കുന്നതിനായി രോഗം ബാധിച്ചതും പ്രായാധിക്യമുള്ളതുമായ തെങ്ങുകൾ മുറിച്ചുമാറ്റി പകരം അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻതൈകൾ വച്ചുപിടിപ്പിച്ച് മെച്ചപ്പെട്ട ഉൽപ്പാദന ക്ഷമത കൈവരിക്കുന്നതിനുള്ള പദ്ധതിയാണ്. കൂടാതെ ശാസ്ത്രീയ പരിചരണമുറകൾ അനുവർത്തിക്കുന്നതിനും ജൈവവള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ഈ പദ്ധിതിയിലൂടെ ലക്ഷ്യമിടുന്നു.

പ്രകൃതിക്ഷോഭവും രോഗ കീടങ്ങൾമൂലമുള്ള നഷ്ടത്തിന് പരിഹാരത്തിനായി നാളികേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു.

നീര ടെക്നീഷ്യൻമാർക്കുള്ള പരിശീലന പരിപാടിയും നാളീകേര വികസന ബോർഡ് നടപ്പിലാക്കുന്നു.

(ബി) നാളീകേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഉയർന്ന വില ഉറപ്പാക്കുന്നതിനും മലപ്പുറം ജില്ലയിൽ കൃഷി വകുപ്പിനുകീഴിലുള്ള മുണ്ടേരി അഗ്രികൾച്ചറൽ ഫാമിലും കോഴിക്കോട് ജില്ലയിലെ കുത്താളി ഫാമിലും ഓരോ അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികൾക്ക് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന മൂല്യവർദ്ധിത ഉല്പന്ന സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകിവരുന്നു. നീര ഉൽപാദനം വർദ്ധിപ്പിക്കുന്നതിലേക്കായി നീര ടെക്നീഷ്യൻ പരിശീലനം നൽകുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ മൂല്യ വർദ്ധനവിനും കർഷക

സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന കൃഷി വകുപ്പ് 2016 മുതൽ വൈഗ എന്ന ദേശീയതല സംരംഭകരുടെ പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്.

## ഇടവിളകൃഷി പ്രോത്സാഹനത്തിന് പ്രത്യേക പദ്ധതികൾ

56 (2890) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടവിള കൃഷിയ്ക്കുള്ള സർക്കാർ പ്രോത്സാഹനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ഇതിനായി സബ്സിസിഡി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇടവിള കൃഷിക്ക് ലഭ്യമായ വായ്പകളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കൃഷിഭവനുകൾ കേന്ദ്രീകരിച്ച് ഇടവിള കൃഷി പ്രോത്സാഹനത്തിന് പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) കൃഷി വകുപ്പ് നടപ്പിലാക്കുന്ന ഇടവിളകൃഷി പ്രോത്സാഹന പദ്ധതികൾ എല്ലാംതന്നെ കൃഷിഭവനുകളിലൂടെയാണ് നടപ്പിലാക്കുന്നത്. ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിൽ സബ്സിഡി നൽകുന്നുണ്ട്. നാളികേരത്തിന്റെ സമഗ്ര വികസനത്തിനായി നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയുടെ ഒരു ഘടകമാണ് തെങ്ങിൻ തോട്ടങ്ങളിലെ ഇടവിളകൃഷി. വാഴ, ഇഞ്ചി, മഞ്ഞൾ, കിഴങ്ങുവർഗ്ഗങ്ങൾ, പുഷ്പകൃഷി തുടങ്ങിയ ഇടവിള കൃഷി തെങ്ങിൻ തോട്ടങ്ങളിൽ പ്രചരിപ്പിച്ച് കൃഷിക്കാരന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കേരഗ്രാമം പദ്ധതിയിൽ 50% സബ്സിഡി നിരക്കിൽ ഒരു ഹെക്ടറിന് 6,000 രൂപ സബ്സിഡി നൽകുന്നുണ്ട്.

കൂടാതെ കാർഷിക വിജ്ഞാന വ്യാപന പദ്ധതി പ്രകാരം സംയോജിത കൃഷി സമ്പ്രദായ മാതൃകകൾക്ക് ആനുകൂല്യം നൽകുന്നുണ്ട്. 10 സെന്റിന് 10,000 രൂപ പ്രകാരം പരമാവധി 50,000 രൂപവരെ ആനുകൂല്യം നൽകുന്നു.

സുഗന്ധ വ്യഞ്ജന വിളയായ ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നീ വിളകളുടെ ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുന്നു.

ഇതുകൂടാതെ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിന്റെയും സമഗ്ര കാർഷിക വികസനത്തിനായുള്ള പദ്ധതികൾ ഉൾപ്പെടുത്തി തയ്യാറാക്കുന്ന പഞ്ചായത്ത് ഫാം പ്ലാനുകളിൽ ഇടവിളകൃഷിക്ക് പ്രാധാന്യം നൽകുന്നുണ്ട്. ഫാം പ്ലാൻ തയ്യാറാക്കുന്നതിന് കാർഷിക വിജ്ഞാന വ്യാപന പദ്ധതി പ്രകാരം 10,000 രൂപ അനുവദിക്കുന്നുമുണ്ട്.

ജനകീയാസൂത്രണ പദ്ധതിയുൾപ്പെടുത്തി റബ്ബർ തൈകൾവച്ച തോട്ടങ്ങളിൽ ഇടവിളയായി പച്ചക്കറി, വാഴ, പൈനാപ്പിൾ, കിഴങ്ങ് വർഗ്ഗങ്ങൾ, ഇഞ്ചി, മഞ്ഞൾ എന്നിവ കൃഷി ചെയ്യാവുന്നതാണ്. ഇതിന് അനുയോജ്യമായ തോതിൽ വിവിധ വിളകൾക്കുള്ള ആനുകൂല്യത്തിന് ആനുപാതികമായി ഹെക്ടറിന് പരമാവധി 7,000 രൂപ ആനുകൂല്യം നൽകുന്നതാണ്.

സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയിൽനിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഇടവിളക്കൃഷിയുടെ സ്വഭാവം അനുസരിച്ച് ഹ്രസ്വകാല, മധ്യകാല, ദീർഘകാല വായ്പകൾ ലഭ്യമാണ്. മൂന്ന് ലക്ഷം രൂപവരെയുള്ള ഹ്രസ്വകാല വായ്പകൾക്ക് കേന്ദ്രസർക്കാരിന്റെ കാർഷിക വായ്പ പലിശ ഇളവ് പദ്ധതി ലഭ്യമാണ്. കൂടാതെ ഇടവിളക്കൃഷി ചെയ്യുന്ന തോട്ടത്തിൽ ജലസേചന സൗകര്യം, യന്ത്രവത്കരണം തുടങ്ങിയ ആവശ്യങ്ങൾക്കും ബാങ്ക് വായ്പ ലഭ്യമാണ്.

**കാർഷിക വായ്പാ അനുപാതത്തെ സംബന്ധിച്ച വിവരങ്ങൾ**

57 (2891) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :</u>

<u>ശ്രീ. പി. ഉബൈദുള്ള :</u>

<u>ശ്രീ. ടി. വി. ഇബ്രാഹിം :</u>

<u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത ബാങ്കുകൾ സംസ്ഥാനത്തെ കൃഷിക്കാർക്ക് യഥാസമയം കാർഷിക വായ്പകൾ നൽകുന്നില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകൾക്കും ഷെഡ്യൂൾ ബാങ്കുകൾക്കും ന്യൂജനറേഷൻ ബാങ്കുകൾക്കും നിശ്ചയിച്ചിട്ടുള്ള കാർഷിക വായ്പാ അനുപാതത്തെ സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് ലഭ്യമാണോ; എങ്കിൽ വിശദവിവരം നൽകാമോ;

(സി) ബാങ്കുകൾ അർഹമായ വായ്പ നൽകാത്ത വിവരം പരിശോധനക്കുശേഷം ബാങ്കിംഗ് മേഖലയിലെ അപ്പലേറ്റ് അതോറിറ്റിയെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) അർഹതപ്പെട്ട എല്ലാ കർഷകർക്കും കാർഷികാവശ്യത്തിനായി ഈ ബാങ്കുകളിൽനിന്നും സ്വർണ്ണപണയ വായ്പ ലഭ്യമാക്കാൻ സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ദേശസാൽകൃത ബാങ്കുകൾ മുഖേന സംസ്ഥാനത്തെ കൃഷിക്കാർക്ക് യഥാസമയം വായ്പകൾ നൽകുന്നില്ല എന്നത് സംബന്ധിച്ച് രേഖാമൂലം പരാതികളൊന്നും ലഭിച്ചിട്ടില്ല. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ കണക്കുപ്രകാരം 2017 ഡിസംബർ 31 വരെ കേരളത്തിലെ ദേശസാൽകൃത ബാങ്കുകൾ 4739998 അക്കൗണ്ടുകളിലായി 48093 കോടി രൂപയുടെ കാർഷിക വായ്പ സംസ്ഥാനത്ത് നൽകിയിട്ടുണ്ട്.

(ബി) റിസർവ് ബാങ്ക് നിശ്ചയിച്ചിട്ടുള്ള കാർഷിക വായ്പ അനുപാതം മൊത്തം വായ്പയുടെ 18% ആണെന്നും കേരളത്തിൽ ഇത് 24% ആണെന്നും എസ്.എൽ.ബി.സി. അറിയിച്ചിട്ടുണ്ട്.

(സി) ബാങ്കുകൾ അർഹമായ വായ്പകൾ നൽകാത്തത് സംബന്ധിച്ച് പരാതി ലഭിക്കുന്നപക്ഷം പരിശോധനയ്ക്കുശേഷം ആവശ്യമെങ്കിൽ ബാങ്കിംഗ് മേഖലയിലെ അപ്പലേറ്റ് അതോറിറ്റിയെ അറിയിക്കുന്നതാണ്.

(ഡി) അർഹതപ്പെട്ട കർഷകർക്ക് കാർഷിക ആവശ്യത്തിന് സ്വർണ്ണപ്പണയ വായ്പകളും ബാങ്കുകൾ നൽകിവരുന്നു.

**കേരളത്തിലെ കർഷകന്റെ ശരാശരി കടം**

58 (2892) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം സ്വീകരിച്ചിട്ടുള്ള മൊത്തം കാർഷിക കടം എത്രയാണ് എന്ന് വ്യക്തമാക്കാമോ; കേരളത്തിലെ കർഷകന്റെ ശരാശരി കടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ കർഷകർ മൊത്തം പൊതുമേഖല ബാങ്കുകളിൽനിന്നും സ്വീകരിച്ചിട്ടുള്ള കാർഷിക വായ്പ(ദീർഘകാല വായ്പ, ഹ്രസ്വകാലവായ്പ) എത്രയാണെന്ന് ജില്ല തിരിച്ചുള്ള വ്യക്തമാക്കാമോ;

(സി) കേരളത്തിലെ കർഷകർ കേരളത്തിലെ സഹകരണ ബാങ്കുകളിൽ നിന്നും സ്വീകരിച്ചിട്ടുള്ള വായ്പ,(ദീർഘകാല വായ്പ, ഹ്രസ്വകാലവായ്പ) എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിന്റെ മൊത്തം കാർഷിക കടം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. വാണിജ്യ ബാങ്കുകൾ, ഗ്രാമീൺ ബാങ്ക്, സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ ഗ്രാമ വികസന ബാങ്ക് എന്നിവയുടെ മൊത്തം കാർഷിക കടം 73342 കോടി രൂപയാണ്.

(ബി) ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. എന്നാൽ സംസ്ഥാനത്തെ മൊത്തം കണക്ക് ഇപ്രകാരമാണ്.

ദീർഘകാല വായ്പ - 6976 കോടി രൂപ

ഹ്രസ്വകാല വായ്പ - 41117 കോടി രൂപ

മൊത്തം - 48093 കോടി രൂപ

(സി) കേരളത്തിലെ സഹകരണ സംഘങ്ങൾ മുഖേന കേരളത്തിലെ കർഷകർക്ക് ആകെ 10133.32 കോടി രൂപയുടെ വായ്പ വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ 4018.79 കോടി രൂപ ഹ്രസ്വകാല വായ്പയും 6114.53 കോടി രൂപ ദീർഘകാല വായ്പയുമാണ്.

**കർഷകർക്കായി സോളാർ വൈദ്യുതി**

59 (2893) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്കായി എന്തെല്ലാം സോളാർ വൈദ്യുത പദ്ധതികളാണ് നിലവിലുള്ളത്;

(ബി) കർഷകർ അധികമായി ഉല്പാദിപ്പിക്കുന്ന സോളാർ വൈദ്യുതി സംസ്ഥാന സർക്കാരിന് വാങ്ങുവാൻ കേന്ദ്രം നിർദ്ദേശം നല്കിയതിന്റെ പശ്ചാത്തലത്തിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ബൃഹത് പദ്ധതി സംസ്ഥാന സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഇത്തരം പദ്ധതികൾക്കായി 2018-2019-ൽ കേന്ദ്ര സർക്കാർ തുക വകയിരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM) സ്കീമിൽ സോളാർ പമ്പ്സെറ്റ് വാങ്ങുന്നതിന് കർഷകർക്ക് സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്. പൊന്നാനിയിലും തൃശ്ശൂരുമുള്ള കരിനിലങ്ങളിൽ സൗരോർജ്ജമുപയോഗിച്ച് പ്രവർത്തിക്കുന്ന 50 HP ശേഷിയുള്ള ഡീവാട്ടറിംഗ് പമ്പ്സെറ്റുകൾ സ്ഥാപിച്ചുനൽകുന്നതിന് അനെർട്ടും റെയ്ഡ്കോയും സംയുക്തമായി 133 ലക്ഷം രൂപ പദ്ധതി അടങ്കലുള്ള സ്കീം 2017-18 വർഷത്തെ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) പരിശോധിക്കുന്നതാണ്.

**നിലമ്പൂർ മണ്ഡലത്തിലെ കർഷകർ നേരിടുന്ന വന്യമൃഗങ്ങളുടെ ശല്യം**

60 (2894) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ കർഷകർ വന്യമൃഗങ്ങളുടെ ശല്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയുന്നതിനായി സബ്സിഡി നിരക്കിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് കൃഷി വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) അല്ലെങ്കിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പണം കണ്ടെത്തി സബ്സിഡി നിരക്കിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) 2017-18 വർഷത്തിൽ ആത്മ പദ്ധതി പ്രകാരം നിലമ്പൂർ മണ്ഡലത്തിലെ ചാലിയാർ പഞ്ചായത്തിൽ 10 ലക്ഷം രൂപ ചെലവിൽ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ സ്ഥലത്തേയ്ക്ക് സോളാർ ഫെൻസിംഗ് വ്യാപിപ്പിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**കർഷകർക്ക് നൽകേണ്ട ധനസഹായം**

61 (2895) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ വിവിധ കൃഷിഭവനുകളിൽ വിളനാശം വന്ന ഇനത്തിൽ കർഷകർക്ക് ഏത് വർഷം വരെ ധനസഹായം നൽകി എന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ വർഷവും പെരുമ്പഴുതൂർ, നെയ്യാറ്റിൻകര, അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ കൃഷി ഭവനുകളിൽ പ്രകൃതിക്ഷോഭത്തെത്തുടർന്ന് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു എന്ന് വ്യക്തമാക്കാമോ?

(സി) കർഷകർക്ക് നൽകാനുള്ള ധനസഹായ കുടിശ്ശിക 2018 മാർച്ച് 31-ന് മുൻപ് നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ വിവിധ കൃഷിഭവനുകളിൽ വിളനാശം വന്ന ഇനത്തിൽ 2014-15 എസ്.ഡി.ആർ.എഫ്. വിഹിതം ഒഴിച്ച് 2016 വരെയുള്ളത് നൽകിയിട്ടുണ്ട്. 2014-15 എസ്.ഡി.ആർ.എഫ്. വിഹിതം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി)

| കൃഷി ഭവൻ | 2014-15 | 2016-17 | 2017-18 |
|---|---|---|---|
| നെയ്യാറ്റിൻകര | 361 | 134 | 343 |
| പെരുമ്പഴുതൂർ | 254 | 96 | 290 |
| അതിയന്നൂർ | 212 | 66 | 309 |
| തിരുപുറം | | 277 | 450 |
| ചെങ്കൽ | | 486 | 1397 |
| കാരോട് | | 441 | 990 |
| കുളത്തൂർ | | 433 | 900 |

(സി) ഫണ്ട് ലഭ്യമാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഓഖി വരുത്തിയ കൃഷി നാശത്തിന് പ്രത്യേക നഷ്ടപരിഹാര പാക്കേജ് അനുവദിക്കുവാൻ നടപടി**

62 (2896) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലി കൊടുങ്കാറ്റ് തിരുവനന്തപുരം ജില്ലയിൽ വരുത്തിയ കൃഷി നാശത്തിന്റെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എത്ര കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായത് ;

(ബി) വിള ഇൻഷ്വറൻസ് ഉള്ള വാഴ കർഷകർക്ക് കൃഷി നാശത്തിന് നൽകുന്ന നഷ്ടപരിഹാരം എത്രയാണ് ;

(സി) നെയ്യാറ്റിൻകര താലൂക്കിലെ വാഴക്കർഷകരിൽ 10 ശതമാനം പേർക്ക് മാത്രമെ ഇൻഷ്വറൻസ് പരിരക്ഷയുള്ളൂവെന്നും ആയതിനാൽ ശേഷിക്കുന്ന കർഷകർക്ക് സർക്കാർ നൽകുന്ന തുച്ഛമായ തുക മാത്രമേ നഷ്ടപരിഹാരമായി ലഭിക്കുകയുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പാട്ടത്തിനെടുത്തും ബാങ്ക് വായ്പയെടുത്തും കൃഷി നടത്തിയ കർഷകരെ സഹായിക്കുവാൻ പ്രത്യേക പാക്കേജ് അനുവദിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 21.26 കോടി രൂപയുടെ കൃഷിനാശം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ബി) വിള ഇൻഷുറൻസ് പ്രകാരമുള്ള നഷ്ടപരിഹാര നിരക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. ഏത്തൻ, കപ്പ (കുലച്ചതിന്) | - | 300 രൂപ ഒരെണ്ണത്തിന് |
| 2. ഏത്തൻ, കപ്പ (കുലയ്ക്കാത്തതിന്) | - | 150 രൂപ ഒരെണ്ണത്തിന് |
| 3. ഞാലിപ്പൂവൻ (കുലച്ചത്) | - | 200 രൂപ ഒരെണ്ണത്തിന് |
| 4. ഞാലിപ്പൂവൻ (കുലയ്ക്കാത്തതിന്) | - | 100 രൂപ ഒരെണ്ണത്തിന് |
| 5. മറ്റിനങ്ങൾ (കുലച്ചതിന്) | - | 75 രൂപ ഒരെണ്ണത്തിന് |
| 6. മറ്റിനങ്ങൾ (കുലയ്ക്കാത്തതിന്) | - | 50 രൂപ ഒരെണ്ണത്തിന് |

(സി) ഉണ്ട്. പരമാവധി കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പദ്ധതികളെക്കുറിച്ചുള്ള പ്രചാരണപരിപാടികൾ കൃഷിഭവൻ/കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് ജില്ലാതലങ്ങളിൽ നടത്തിവരുന്നുണ്ട്.

(ഡി) പാട്ടത്തിന് പരമാവധി 2 ഹെക്ടർ വരെ കൃഷി ചെയ്യുന്ന കർഷകർക്കും നിലവിലെ പദ്ധതിയാനുകൂല്യങ്ങളും വിള ഇൻഷ്വറൻസും നൽകിവരുന്നുണ്ട്.

## കൊയിലാണ്ടി മണ്ഡലത്തിലെ വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം

63 (2897) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ വേനൽക്കെടുതിമൂലം വിളനാശം സംഭവിച്ച കർഷകരിൽ എത്ര പേരുടെ അപേക്ഷകൾ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വിവിധ കൃഷി ഭവനുകളിൽ ലഭിച്ചിട്ടുണ്ടെന്ന് ഓഫീസുകൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ എത്ര എണ്ണം തീർപ്പാക്കിയെന്നും ആനുകൂല്യം ലഭിച്ച കർഷകരുടെ പേരുവിവരം കൃഷി ഓഫീസുകൾ തിരിച്ച് വിശദമാക്കാമോ;

(സി) ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകളുടെ വിശദാംശങ്ങൾ അപേക്ഷകരുടെ പേരുവിവരം സഹിതം കൃഷി ഓഫീസുകൾ തിരിച്ച് ലഭ്യമാക്കാമോ;

(ഡി) ഈ അപേക്ഷകളിന്മേൽ അടിയന്തരമായി തീർപ്പാക്കാനുള്ള നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)

| കൃഷി ഭവൻ | ലഭിച്ച അപേക്ഷകളുടെ എണ്ണം | |
|---|---|---|
| | 2016-17 | 2017-18 |
| പയ്യോളി | 371 | 197 |
| തിക്കോടി | - | 10 |
| ചെങ്ങോട്ടുകാവ് | 53 | 29 |
| മൂടാടി | 156 | - |
| ചേമഞ്ചേരി | 180 | - |
| കൊയിലാണ്ടി | 42 | - |

(ബി&സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ടി പട്ടികയിലെ 2017-18 വർഷത്തെ ലഭിച്ച അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

(ഡി) നടപടികൾ സ്വീകരിക്കുന്നതാണ്.

## നാണ്യവിളകളുടെ വിലത്തകർച്ച

64 (2898) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലക്ക, ഗ്രാമ്പു, കുരുമുളക്, ജാതി, കൊക്കോ തുടങ്ങിയ നാണ്യവിളകളുടെ വില കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 30 ശതമാനം വരെ കുറവുണ്ടായ സാഹചര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിലത്തകർച്ചമൂലം ബുദ്ധിമുട്ടുന്ന കർഷകരെ സഹായിക്കാൻ എന്ത് പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കുരുമുളക്, ഗ്രാമ്പ്, ജാതി, മഞ്ഞൾ എന്നീ സുഗന്ധവിളകളുടെ കൃഷി വ്യാപനത്തിനായി സുഗന്ധവിള വികസന പദ്ധതി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി നടപ്പാക്കിവരുന്നു. കുരുമുളക്, ജാതി, ഗ്രാമ്പു എന്നിവയ്ക്ക് ഹെക്ടറിന് 20000 രൂപ സഹായം നൽകി വരുന്നു. കൂടാതെ കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് ഹെക്ടറിന് 7,500 വീതവും നഴ്സറി സ്ഥാപിക്കുന്നതിന് 30000 രൂപയും ധനസഹായം നൽകിവരുന്നു. കൂടാതെ വയനാട് പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ കുരുമുളക് കൃഷിയുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി സംയോജിത കുരുമുളക് വികസന പദ്ധതി നടപ്പിലാക്കി വരുന്നു.

**ഗാർഹിക കീടനാശിനികൾ**

65 (2899) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക കീടനാശിനികൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സാധനങ്ങൾ കടകളിൽ മറ്റ് ഭക്ഷ്യ ഉപയോഗ വസ്തുക്കൾക്കൊപ്പം പ്രദർശിപ്പിക്കുവാനും സൂക്ഷിക്കുവാനും പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഗാർഹിക കീടനാശിനി വിഭാഗത്തിൽ വരുന്ന വസ്തുക്കൾ വിൽക്കുന്നതിന് ലൈസൻസിംഗ് ഓഫീസറിൽനിന്നും അനുമതി തേടേണ്ടതുണ്ടോ;

(സി) കൃഷി വകുപ്പിന്റെകീഴിലാണോ ഈ വിഭാഗം നിലവിൽ പ്രവർത്തിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഗാർഹിക കീടനാശിനി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കീടനാശിനികൾ ഉപഭോഗ വസ്തുക്കൾക്കൊപ്പം സൂക്ഷിക്കുന്നതും വില്പന നടത്തുന്നതും കീടനാശിനി നിയമം, 1968 പ്രകാരം ചട്ടവിരുദ്ധമാണ്. എന്നാൽ താരതമ്യേന സുരക്ഷിതമായ പാക്കറ്റുകളിൽ തയ്യാറാക്കി വിപണനം ചെയ്യുന്ന ഗാർഹിക, കീടനാശിനി വിഭാഗത്തിൽ ഉൾപ്പെടുന്ന ഉല്പന്നങ്ങൾ, കടകളിൽ മറ്റ് ഉപഭോഗ വസ്തുക്കൾക്കൊപ്പം സ്റ്റോക്ക് ചെയ്യുന്നതിനും വില്പന നടത്തുന്നതിലും ഇളവ്

അനുവദിച്ചിട്ടുണ്ട്. ഈ പഴുത് ഉപയോഗിച്ച് ഷോപ്പുകളിൽ യാതൊരു നിയന്ത്രണവുമില്ലാതെ ഗാർഹിക കീടനാശിനികളുടെ വില്പന നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത്തരം കീടനാശിനികളുടെ വിപണനത്തിൽ കൃഷി വകുപ്പ് ഇപ്പോൾ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം ഗാർഹിക കീടനാശിനികൾ വിറ്റഴിക്കുന്ന ഷോപ്പുകളിൽ അവ ഭക്ഷ്യ ഉപഭോഗ വസ്തുക്കൾക്കൊപ്പം സ്റ്റോക്ക് ചെയ്യുകയോ പ്രദർശിപ്പിക്കുകയോ പാടില്ലെന്നും കീടനാശിനികൾക്ക് മാത്രമായി സുരക്ഷിതമായ പ്രത്യേക റാക്ക് സംവിധാനം ഒരുക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ കീടനാശിനി നിയമം 1968 പ്രകാരം കീടനാശിനി വില്പനയ്ക്ക് ലൈസൻസ് നിർബന്ധമാണ്. എന്നാൽ കാർഷികാവശ്യങ്ങൾക്കുള്ള കീടനാശിനികളെപ്പോലെ ഇക്കാര്യത്തിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നില്ല. സംസ്ഥാനത്ത് കീടനാശിനികളുടെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഗാർഹിക കീടനാശിനികളുടെ വില്പനയ്ക്ക് കൂടുതൽ നിയന്ത്രണം ഏർപ്പെടുത്തുവാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ ഗാർഹിക കീടനാശിനി മൊത്ത വിതരണക്കാരും അവയുടെ വിതരണത്തിന് ലൈസൻസ് നേടിയിരിക്കേണ്ടതാണ്. എന്നാൽ ആദ്യഘട്ടത്തിൽ, റീട്ടെയിൽ ഷോപ്പുകൾ, തങ്ങളുടെ വിതരണക്കാർക്ക് ലഭിച്ചിട്ടുള്ള ലൈസൻസിന്റെ പകർപ്പ് ഷോപ്പുകളിൽ പ്രദർശിപ്പിക്കണമെന്നു മാത്രമാണ് ഇപ്പോൾ നിഷ്കർഷിച്ചിട്ടുള്ളത്.

(സി) കേന്ദ്ര സർക്കാരിന്റെ കീടനാശിനി നിയമം 1968, കീടനാശിനി ചട്ടങ്ങൾ 1971 എന്നിവ പ്രകാരം റീട്ടെയിൽ ഷോപ്പുകൾക്ക് ഈ നിബന്ധന ബാധകമാക്കിയിട്ടില്ല. കീടനാശിനികളുടെ ഉല്പാദനത്തിനും വിതരണത്തിനും വില്പനയ്ക്കുമുള്ള ലൈസൻസ് അനുവദിക്കുന്നതിനുള്ള ചുമതല സംസ്ഥാന കൃഷി വകുപ്പിൽ നിക്ഷിപ്തമായിട്ടുണ്ട്. ഗാർഹിക കീടനാശിനികളുടെ നിയന്ത്രണവും നിലവിൽ കൃഷി വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. സംസ്ഥാനതലത്തിൽ കീടനാശിനി വിതരണ ലൈസൻസ് അനുവദിക്കുന്നതിനുള്ള ചുമതല, കൃഷി ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ (പ്ലാന്റ് പ്രൊട്ടക്ഷൻ) ക്കാണ്. ജില്ലാതലത്തിൽ, പ്രിൻസിപ്പൽ കൃഷി ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ & ടി) ജില്ലാതല ലൈസൻസിംഗ് ഓഫീസറായും കൃഷിഭവനുകളിലെ സാങ്കേതിക യോഗ്യതയുള്ള കൃഷി ഓഫീസർമാർ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരായും പ്രവർത്തിക്കുന്നു.

**കീടനാശിനി നിരോധനം**

66 (2900) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കീടനാശിനി നിരോധനം കൊണ്ടുവരാൻ ലക്ഷ്യമിട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ആദ്യപടിയെന്ന നിലയിൽ കീടനാശിനി ഉപയോഗത്തിൽ നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ടോ;

(സി) സോയിൽ ഹെൽത്ത് കാർഡിന്റെ അടിസ്ഥാനത്തിൽ മാത്രം വളപ്രയോഗത്തിന് അനുമതി നൽകുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാനത്തിൽ ജൈവ കാർഷിക നയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി വിഷവീര്യം കൂടിയതും മനുഷ്യജീവന് ഹാനികരമായതുമായ ചുവപ്പ്, മഞ്ഞ ലേബലോടുകൂടിയ കളനാശിനി, കുമിൾ നാശിനി, കീടനാശിനി വിഭാഗത്തിൽപ്പെടുന്ന 16 ഇനം രാസവസ്തുക്കളുടെ വില്പനയും വിതരണവും ഉപയോഗവും കേരളത്തിൽ നിരോധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. രാസകീടനാശിനികൾ, കളനാശിനികൾ എന്നിവയുടെ വിതരണവും ഉപയോഗവും നിയന്ത്രിച്ചിട്ടുണ്ട്. 7 ഇനം കീടനാശിനികളുടെ വില്പനയും ഉപയോഗവും അത്യാവശ്യഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. നിയന്ത്രണം പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി കീടനാശിനി ഡിപ്പോകളുടെ പരിശോധന കാര്യക്ഷമമാക്കാനുള്ള നിർദ്ദേശം ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്. കൂടാതെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ മുഖേന സംയോജിത കീട നിയന്ത്രണം, ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുകയും കർഷകർക്കാവശ്യമായ ബോധവത്കരണം നൽകുന്നതിനാലും രാസകീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(സി) സോയിൽ ഹെൽത്ത് കാർഡ് ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രം വളം വിതരണവും പ്രയോഗവും നിയന്ത്രിക്കുന്നതിനുള്ള നടപടികളുമായി കേന്ദ്ര സർക്കാർ തീരുമാനങ്ങൾ കൈക്കൊണ്ടുവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡുകൾ ലഭ്യമാക്കുന്നതിനും ആയത് ആധാർ കാർഡുമായി ലിങ്ക് ചെയ്യുന്നതിനുമുള്ള നടപടികളും കേന്ദ്ര സർക്കാരിന്റെ സോയിൽ ഹെൽത്ത് കാർഡ് പദ്ധതി പ്രകാരം പുരോഗമിച്ചുവരുന്നു. എന്നിരുന്നാലും സോയിൽ ഹെൽത്ത് കാർഡ് ശിപാർശ പ്രകാരം മാത്രമേ വളപ്രയോഗം നടത്താവൂ എന്ന സന്ദേശം കാലാകാലങ്ങളിലായി കൃഷി വകുപ്പ് മുഖാന്തരം കർഷകർക്ക് നൽകി വരുന്നു.

**കീടനാശിനി പ്രയോഗം**

67 (2901) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പച്ചക്കറികളിലും മറ്റും അമിതമായി ഉപയോഗിക്കുന്ന കീടനാശിനി പ്രയോഗം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**ഉത്തരം**

പച്ചക്കറികളിലും മറ്റും അമിതമായി ഉപയോഗിക്കുന്ന കീടനാശിനി പ്രയോഗം കുറയ്ക്കുന്നതിനായി 2014 മുതൽ "സേഫ് റ്റു ഈറ്റ്" എന്ന പ്രത്യേക ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ പച്ചക്കറി മാർക്കറ്റുകൾ, ഇക്കോ ഷോപ്പുകൾ, കൃഷിയിടങ്ങൾ എന്നിവിടങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ഫലം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in. ലും, കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെ വെബ്സൈറ്റുകളിലും പരിശോധന ഫലം പരസ്യപ്പെടുത്തുന്നുണ്ട്. ഇപ്രകാരം ജനങ്ങളിൽ ഈ വിഷയം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതോടൊപ്പം നിയന്ത്രണവും ഒരു പരിധി വരെ സാധ്യമാകുന്നുണ്ട്. മൂന്നുമാസത്തിൽ ഒരിക്കൽ ഇപ്രകാരം പരിശോധന ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്.

ജൈവ കൃഷി മേഖലയിൽ ജൈവ കീടനാശിനികൾ ജൈവ വളങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും കൃഷി വ്യാപനവും വിപണനവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജൈവകൃഷിക്കും ഉത്തമ കാർഷിക

മുറകളും പദ്ധതി പ്രകാരം കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ജൈവവള നിർമ്മാണ യൂണിറ്റുകൾ നിർമ്മിക്കുന്നതിന് സാങ്കേതിക സഹായങ്ങളും നൽകിയിട്ടുണ്ട്. ഇപ്രകാരം 1622 റൂറൽ കംമ്പോസ്റ്റ് യൂണിറ്റുകൾ 5,000 രൂപ സബ്സിഡി നിരക്കിലും 1352 മണ്ണിര കംമ്പോസ്റ്റ് യൂണിറ്റുകൾ 7,500 രൂപ സബ്സിഡി നിരക്കിലും സ്ഥാപിച്ചിട്ടുണ്ട്.

വിള ആരോഗ്യ പരിപാലന പദ്ധതി ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് സ്കീം പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട കൃഷിഭവനുകളിൽ ജൈവവളങ്ങൾ, ജൈവ കീടനാശിനികൾ മറ്റ് ജൈവ നിയന്ത്രണോപാധികൾ എന്നിവ ഉല്പാദിപ്പിക്കുന്നതിന് ഹൈദ്രാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റിൽ നിന്നും പരിശീലനം സിദ്ധിച്ച കൃഷി ഓഫീസർമാർ/കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ വഴി പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു. ഇതിനുപുറമെ സംസ്ഥാന കൃഷി വകുപ്പിന്റെകീഴിലുള്ള സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ്, മണ്ണുത്തി, ബയോ കൺട്രോൾ ലാബ്, തിരുവനന്തപുരം എന്നിവ വഴിയും ഇത്തരത്തിലുള്ള ഇടപെടലുകൾ നടത്തിവരുന്നു;

സംസ്ഥാനത്ത് കൃഷി ചെയ്യുന്ന വിളകളിൽ അമിത കീടനാശിനി പ്രയോഗം കുറയ്ക്കുന്നതിനും സുരക്ഷിത ഭക്ഷ്യ ഉല്പാദനം ഉറപ്പാക്കുന്നതിനുമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

1. അമിത കീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷലിപ്തമല്ലാത്ത ഭക്ഷ്യവിളകളുടെ ഉല്പാദനം സംബന്ധിച്ചും കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലനങ്ങൾ, ശില്പശാലകൾ, സെമിനാറുകൾ, ബോധവത്കരണ ക്ലാസുകൾ എന്നിവ നടപ്പാക്കി വരുന്നു.
2. നിയന്ത്രിത കീടനാശിനികൾ കൃഷി ഓഫീസറുടെ കുറിപ്പടിയോടു കൂടി മാത്രമേ നൽകാവൂ എന്ന് ഡീലർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കീടനാശിനി ഉല്പാദകനും വിതരണക്കാരനും കർഷകർക്ക് നേരിട്ട് കീടനാശിനികൾ വിൽപ്പന നടത്തുന്നത് നിരോധിച്ചിട്ടുണ്ട്.
3. രാസകീടനാശിനികളുടെ ഉപയോഗം പരമാവധി കുറച്ചും ജൈവീക നിയന്ത്രണ മാർഗ്ഗങ്ങളും സംയോജിത കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും അവലംബിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുന്നതിനുമായി 202 പഞ്ചായത്തുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ 4 ജില്ലാതല റഫറൽ ക്ലിനിക്കുകളും ആരംഭിച്ചിട്ടുണ്ട്.

## വ്യാവസായികാടിസ്ഥാനത്തിൽ ജൈവകീടനാശിനി ഉല്പാദിപ്പിക്കുന്നതിന് പദ്ധതി

68 (2902) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിലെ കൃഷി വിജ്ഞാൻ കേന്ദ്രങ്ങളിൽ വ്യാവസായികാടിസ്ഥാനത്തിൽ ജൈവ കീടനാശിനി ഉല്പാദിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ;

(ബി) കീടനാശിനിയുടെ പരിശോധനയ്ക്ക് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത്;

(സി) ജൈവ കീടനാശിനി ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾക്ക് എപ്രകാരമാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെകീഴിലുള്ള വിവിധ കൃഷി വിജ്ഞാന കേന്ദ്രങ്ങളിലായി വിവിധ തരം ജൈവ കീടനാശിനികൾ ഉല്പാദിപ്പിക്കുന്നുണ്ട്. കർഷകരുടെയും കൃഷി വകുപ്പിന്റെയും ആവശ്യാനുസരണം ജൈവകീടനാശിനികൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഇവയുടെ പേരുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐ.സി.എ.ആർ.) സാമ്പത്തിക സഹായത്തോടെ അഖിലേന്ത്യാ കീടനാശിനി അവശിഷ്ട ഗവേഷണ പദ്ധതിയുടെ ഒരു കേന്ദ്രം വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പദ്ധതിയിൽ നിലവിൽ രണ്ട് ശാസ്ത്രജ്ഞരും ഒരു സാങ്കേതിക സഹായിയും പ്രവർത്തിക്കുന്നു. ഇവരുടെ ശമ്പളത്തിന്റെ 75% വിഹിതവും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ആണ് നൽകുന്നത്. കൂടാതെ, ലാബിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനയ്ക്ക് ആവശ്യമായ അത്യാധുനികവും അതിനൂതനവുമായ ക്രൊമാറ്റോഗ്രാഫിക് ഉപകരണങ്ങളുടെയും മറ്റ് അനുബന്ധ സാധനങ്ങളുടെയും പ്രവർത്തനങ്ങൾക്കും മറ്റ് യാദൃശ്ചിക ചെലവുകൾക്കും ഉൾപ്പെടെ ഏതാണ്ട് 30 ലക്ഷം രൂപ സർവ്വകലാശാലയ്ക്ക് ഐ.സി.എ.ആർ.-ൽ നിന്നും നേരിട്ട് വർഷം തോറും നൽകി വരുന്നു. ഇതു കൂടാതെ നവീന കീടനാശിനി സംയുക്തങ്ങളുടെ അവശിഷ്ട വിഷാംശ പരിശോധന നടത്തുന്നതിനായി ഏതാണ്ട് 50 ലക്ഷം രൂപയോളം 2017-18 കാലഘട്ടത്തിൽ ഐ.സി.എ.ആർ.-ൽ നിന്നും ലഭ്യമായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഐ.സി.എ.ആർ.-ന്റെ ധനസഹായത്തോടെ സ്ഥാപിച്ചിട്ടുള്ള റിവോൾവിംഗ് ഫണ്ട് വഴിയാണ് ജൈവകീടനാശിനി ഉല്പാദിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം കെ.വി.കെ. കൾക്ക് നൽകുന്നത്. മരിച്ചീനി ഇലയിൽ നിന്ന് ഉല്പാദിപ്പിക്കുന്ന നന്മ, മേന്മ എന്നീ ജൈവകീടനാശിനികളുടെ വ്യാവസായിക ഉല്പാദനത്തിനായി 46.69 ലക്ഷം രൂപ കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേന്ദ്ര കിഴങ്ങ് വർഗ്ഗ ഗവേഷണ കേന്ദ്രത്തിന് (CTCRI) 2017-18 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. ടി കീടനാശിനികളുടെ ടെക്നിക്കൽ ഗ്രേഡ് ഉല്പന്നം ഉൽപ്പാദിപ്പിച്ച് കെ.വി.കെ.-കൾക്ക് നൽകുകയും കെ.വി.കെ.-കൾ അത് നേർപ്പിച്ച് വിപണനത്തിന് തയ്യാറാക്കി കർഷകർക്ക് നൽകുകയും ചെയ്യുക എന്നതാണ് പദ്ധതി വിവക്ഷിക്കുന്നത്.

**വായ്പാ തട്ടിപ്പിന് നേതൃത്വം നൽകിയവർക്കെതിരെ സ്വീകരിച്ച നടപടി**

69 (2903) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം സഹായസംഘങ്ങൾക്കും ഗ്രൂപ്പുകൾക്കും നൽകുന്ന കാർഷിക വായ്പകളുടെ മറവിൽ സംസ്ഥാനത്ത് 2018-ൽ വായ്പാത്തട്ടിപ്പ് നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ എത്ര രൂപയുടെ തട്ടിപ്പാണ് നടന്നതെന്നും തട്ടിപ്പിന് നേതൃത്വം നൽകിയവർക്കും തട്ടിപ്പിലുൾപ്പെട്ടവർക്കും എതിരെ കൃഷിവകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കുട്ടനാട്ടിൽ നെൽകൃഷിയുടെ മറവിൽ വായ്പാ തട്ടിപ്പ് സംബന്ധിച്ച 2018-ലെ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് പരാതികളൊന്നും കൃഷി വകുപ്പിന് ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത വായ്പകൾക്കായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിന്നും യാതൊരു വിധ ശിപാർശകളും നൽകിയിട്ടില്ല. എന്നാൽ കൃഷിക്കാരുടെ വിഷയമായതിനാൽ ഇക്കാര്യത്തിൽ ഒരു പ്രാഥമിക അന്വേഷണം നടത്തുന്നതിന് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**നീരയുടെ വിപണനം**

70 (2904) ശ്രീ. എ. എം. ആരിഫ്:
ശ്രീ. കെ. ദാസൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ചകൊണ്ട് കനത്ത ഉല്പാദന ഇടിവ് നേരിടുന്ന കേരകർഷകർക്ക് കൃഷി ആദായകരമാക്കുന്നതിനായി നീര ഉല്പാദന പദ്ധതി പ്രയോജനപ്രദമാകാതെ പോകുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) മികച്ച ആരോഗ്യപാനീയമെന്ന് തെളിയിക്കപ്പെട്ട നീരയ്ക്ക് സംസ്ഥാനത്തെ മാർക്കറ്റിൽ ഇടംപിടിക്കാൻ കഴിയാതെ പോയതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നാളികേര വികസന കോർപ്പറേഷൻ നീരയുടെ ഉല്പാദനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; മിതമായ വിലയും മുടക്കമില്ലാത്ത വിതരണവും വഴി വിപണി ശക്തിപ്പെടുത്താൻ സാധിക്കുമോ; ഗുണനിലവാരം ഉറപ്പാക്കികൊണ്ട് പൊതുബ്രാന്റ് രൂപീകരിച്ച് വിപണി പിടിച്ചെടുക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവവും ദീർഘകാലം നീര സൂക്ഷിച്ചുവയ്ക്കുവാനുള്ള ആധുനിക പാക്കിംഗിനുള്ള ടെക്നോളജിയുടെ അഭാവവും കടുത്ത വേനലും നീര ഉല്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇപ്പോൾ ഉല്പാദിപ്പിക്കുന്ന നീര മുഴുവനും വിറ്റഴിക്കുന്നതിൽ വലിയ ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉല്പാദനത്തിലെ കുറവാണ് ഈ മേഖല നേരിടുന്ന പ്രശ്നം. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നാളീകേര വികസന കോർപ്പറേഷൻ നീര ഉല്പാദിപ്പിച്ച് കേര നീര എന്ന ബ്രാന്റിൽ കോഴിക്കോട് എലത്തൂരിൽനിന്ന് വിപണനം നടത്തുന്ന പദ്ധതി ഉടൻതന്നെ ആരംഭിക്കുന്നതാണ്. പൊതുവിപണിയിൽ ഉള്ളതിനെക്കാളും കുറഞ്ഞ നിരക്കിൽ മുടക്കമില്ലാതെ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.

## നീര കർഷകരുടെ പ്രതിസന്ധി

71 (2905) ശ്രീ. പി. ടി. തോമസ്:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദഗ്ദ്ധ തൊഴിലാളികളുടെ കുറവും ദീർഘകാലം നീര സൂക്ഷിച്ചു വയ്ക്കുവാനുള്ള സാങ്കേതികവിദ്യയുടെ അഭാവവും സംസ്ഥാനത്തെ നീര കർഷകരെ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ;

(ബി) ടെട്രാപാക്ക്, അലുമിനിയം കാൻ എന്നിവയിൽ പ്രിസർവ്വേറ്റീവ് ചേർക്കാതെ നീര സൂക്ഷിക്കാമെന്നിരിക്കെ ഇതിനായി ഒരു പ്ലാന്റ് സ്ഥാപിക്കണമെന്ന നീര കർഷകരുടെ ആവശ്യം പരിഗണിച്ചിട്ടുണ്ടോ;

(സി) രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ 6.18 കോടി രൂപ ഇക്കാര്യത്തിനായി അനുവദിക്കുവാൻ കേന്ദ്രം തയ്യാറായിട്ടും സംസ്ഥാനം അനുകൂല നിലപാട് സ്വീകരിച്ചില്ലെന്ന ആക്ഷേപത്തിൽ വസ്തുതയുണ്ടോ;

(ഡി) നാളികേരള വികസന കോർപ്പറേഷൻ നീര ഉത്പാദനം ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) നീര ഉത്പാദന ലൈസൻസിന്റെ കാലാവധി നീക്കണമെന്ന നീര കർഷകരുടെ ആവശ്യം പരിഗണിക്കുമോ?

### ഉത്തരം

(എ) വിദഗ്ദ്ധ തൊഴിലാളികളുടെ കുറവ് ഒരു പരിധി വരെ നീരയുടെ ഉല്പാദനത്തിൽ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി 75 ലക്ഷം രൂപ മുടക്കി നീര ടെക്നീഷ്യൻസിന് ട്രെയിനിംഗ് നടത്തുന്നതാണ്. നീര മൂന്നുമാസം കേടാകാതെ സൂക്ഷിക്കുന്നതിനുള്ള സാങ്കേതികവിദ്യ നിലവിലുണ്ട്.

(ബി) ടെട്രാപാക്ക്, അലുമിനിയം കാൻ എന്നിവയിലൂടെ നീര പാക്ക് ചെയ്യാനുള്ള പ്ലാന്റ് സ്ഥാപിക്കുന്ന വിഷയം കൃഷി വകുപ്പ് പരിശോധിക്കുന്നതാണ്.

(സി) ഇത്തരത്തിൽ ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നാളീകേര വികസന കോർപ്പറേഷൻ നീര ഉല്പാദിപ്പിച്ച് കേര നീര എന്ന ബ്രാന്റിൽ കോഴിക്കോട് ഏലത്തൂരിൽ നിന്ന് വിപണനം നടത്തുന്ന പദ്ധതി

ഉടൻ തന്നെ ആരംഭിക്കുന്നതാണ്. പൊതുവിപണയിൽ ഉള്ളതിനെക്കാളും കുറഞ്ഞ നിരക്കിൽ മുടക്കമില്ലാതെ ഗുണനിലവാരമുള്ള ഉല്പന്നം വിതരണം ചെയ്യാനാണ് ലക്ഷ്യമിടുന്നത്.

(ഇ) ഈ വിഷയം എക്സൈസ് വകുപ്പുമായി കൂടിയാലോചിച്ച് തീരുമാനിക്കുന്നതാണ്.

**നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് മാസ്റ്റർപ്ലാൻ**

72 (2906) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. വി. പി. സജീന്ദ്രൻ:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ഉൽപാദിപ്പിക്കുന്ന നെല്ല് ആ ലേബലിൽ രാജ്യാന്തര തലത്തിൽ മാർക്കറ്റ് ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) കൃഷി വകുപ്പിന്റെ നേതൃത്വത്തിലുള്ള പ്രത്യേക പ്രാദേശിക സമിതികൾ, ഏതൊക്കെ പ്രദേശങ്ങളെയാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തേണ്ടതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള മാസ്റ്റർപ്ലാനാണ് സമഗ്ര നെൽകൃഷി വികസന പദ്ധതി. നിലവിലുള്ള നെൽക്യഷി പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തിൽ 3 ലക്ഷം ഹെക്ടറാക്കുക എന്നതാണ് ലക്ഷ്യം. സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇല്ല.

(സി) ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ക്ലസ്റ്റർ സംവിധാനത്തിലുള്ള പച്ചക്കറി കൃഷി

73 (2907) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലസ്റ്റർ സംവിധാനത്തിലുള്ള പച്ചക്കറി കൃഷി വിജയപ്രദമാണോ;എങ്കിൽ അത് വ്യാപിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സ്വാശ്രയസംഘങ്ങൾ വഴി നടത്തുന്ന കൃഷിയുടെ വിലയിരുത്തൽ എപ്രകാരമാണ് നടത്തുന്നത്; മികച്ച പോയിന്റ് നേടുന്ന ക്ലസ്റ്ററുകൾക്ക് പ്രത്യേക സഹായം നൽകാറുണ്ടോ;വിശദമാക്കുമോ;

(സി) ഇടനിലക്കാരെ ഒഴിവാക്കി പച്ചക്കറി നേരിട്ട് ലേലംചെയ്ത് വിപണനം നടത്തുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ടോ; ഇതുമൂലം കർഷകർക്കുണ്ടായിട്ടുള്ള നേട്ടം എന്തൊക്കെയാണ്;

(ഡി) സംസ്ഥാനത്ത് പച്ചക്കറി ഉല്പ്പാദന കമ്പനി രൂപീകരിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

ഉത്തരം

(എ) വിജയപ്രദമാണ്. സംസ്ഥാനത്ത് ക്ലസ്റ്റർ സംവിധാനത്തിലുള്ള പച്ചക്കറി കൃഷിക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 800 ക്ലസ്റ്ററുകളുണ്ടായിരുന്നു. ക്ലസ്റ്റർ സംവിധാനത്തിലുള്ള പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 1000 ക്ലസ്റ്ററുകളായി ഉയർത്തിയിട്ടുണ്ട്. ഇതിനായി ആകെ 750 ലക്ഷം രൂപ ഫണ്ട് അനുവദിക്കുകയും ചെയ്തു.

(ബി) 2016-17 വരെയുള്ള 800 ക്ലസ്റ്ററുകളുടെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുകയും അവയെ ഗ്രേഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആകെ 100 പോയിന്റിൽ 60 പോയിന്റിനുമേൽ ലഭിക്കുന്നവയെ എ ഗ്രേഡായും 50 മുതൽ 60 വരെ ലഭിക്കുന്നവയെ ബി ഗ്രേഡായും 50 താഴെ ലഭിക്കുന്നവയ്ക്ക് സി ഗ്രേഡായും തരം തിരിക്കുന്നു. എ ഗ്രേഡ് ക്ലസ്റ്ററുകൾക്ക് 6.3 ലക്ഷം രൂപ പ്രത്യേക സഹായമായി നൽകുന്നു. ഇതിനായി നടപ്പുവർഷം 630 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക മാർക്കറ്റ് സ്ഥാപിക്കുന്നതുൾപ്പെടെയുള്ള

ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ കഴിയും. ഇതുകൂടാതെ 2017-18 വർഷം മുതൽ നിലവിലുള്ള എ ഗ്രേഡ് ക്ലസ്റ്ററുകളെ വീണ്ടും ഗ്രേഡ് ചെയ്യുകയും അതിൽ മികച്ച പോയിന്റ് നേടുന്ന ആദ്യത്തെ 20 ക്ലസ്റ്ററുകളെ സൂപ്പർ ക്ലസ്റ്ററുകളായി പരിഗണിച്ച് അവയ്ക്ക് 5 ലക്ഷം പ്രോജക്റ്റാടിസ്ഥാനത്തിൽ നൽകാനായി 100 ലക്ഷം രൂപ 2017-18 വർഷം അനുവദിച്ച് നടപ്പിലാക്കിവരുന്നു.

(സി) ഇടനിലക്കാരെ ഒഴിവാക്കി പച്ചക്കറികൾ ലേലം ചെയ്യുന്നതിനുള്ള സൗകര്യങ്ങളുണ്ട്. കാർഷിക വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആഴ്ചചന്തകൾ നടപ്പിലാക്കി വരുന്നു. കൂടാതെ 31 ബി.എൽ.എഫ്.ഒ. മാർക്കറ്റുകൾ ഉൾപ്പെടെ 208 ക്ലസ്റ്റർ മാർക്കറ്റുകൾ പച്ചക്കറി വികസന പദ്ധതി പ്രകാരം പ്രവർത്തിക്കുന്നുണ്ട്. ആയവ വഴിയും നേരിട്ട് ലേലം നടക്കുന്നുണ്ട്. കൂടാതെ ഓണം, വിഷു തുടങ്ങിയ ഉത്സവ സീസണുകളിൽ പൊതുവിപണിയിലെ വിലയെക്കാൾ 10 ശതമാനംകൂട്ടി ഓണസമൃദ്ധി വിഷുക്കണി മാർക്കറ്റുകളിലേയ്ക്ക് കർഷകരിൽനിന്നും നേരിട്ടും, ഹോർട്ടികോർപ്പ് മുഖേനയും പച്ചക്കറി സംഭരിക്കുന്നുണ്ട്. ഇടനിലക്കാരെ ഒഴിവാക്കി ന്യായവില ലഭിക്കുന്ന വിധം വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, കാർഷിക മൊത്ത വ്യാപാര വിപണി എന്നിവ വഴി പച്ചക്കറി സംഭരിക്കുന്നതിനുള്ള സംവിധാനമുണ്ട്. ഇതുവഴി കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നു.

(ഡി) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദന കമ്പനി രൂപീകരിക്കുന്നതിനായി 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിനായി കൺസൾട്ടന്റുകളായി രണ്ട് IRMA ബിരുദധാരികളെ നിയമിച്ചിട്ടുണ്ട്. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

**അഗ്രോ സർവ്വീസ് സെന്ററുകൾ**

74 (2908) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) നിലവിൽ അഗ്രോ സർവ്വീസ് സെന്ററുകൾവഴി നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് 70 അഗ്രോസർവ്വീസ് സെന്ററുകൾ ആരംഭിച്ച് പ്രവർത്തിക്കുന്നുണ്ട്. 2017-18 വർഷത്തിൽ 14 അഗ്രോസർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിവരുന്നു. അഗ്രോസർവ്വീസ് സെന്ററുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കാർഷികമേഖലയിലെ തൊഴിലാളികളുടെ കുറവ് പരിഹരിക്കുക, കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക, തൊഴിലാളികളുടെ കുറവുമൂലം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുക, കാർഷികമേഖലയിലെ ഉത്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്.

കർഷകത്തൊഴിലാളി ക്ഷാമം പരിഹരിക്കുവാൻ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം സഹായകരമാണ്. അഗ്രോസർവ്വീസ് സെന്ററുകൾവഴി വിവിധ കൃഷിപ്പണികളിൽ യന്ത്രങ്ങളുടെയും ടെക്നീഷ്യന്റെയും സേവനം ലഭിക്കും. കാർഷിക യന്ത്രങ്ങൾ സേവനകേന്ദ്രത്തിൽ ലഭ്യമാണ്. അവ ഉപയോഗിച്ച് കർഷകർക്ക് സേവനം നൽകുകയും തൊഴിലാളിക്ഷാമം പരിഹരിക്കുകയും ചെയ്യുന്നു. നിലം ഒരുക്കൽ, മരുന്നുതളി, വിളവെടുപ്പ് എന്നീ പണികൾക്ക് അഗ്രോസർവ്വീസ് സെന്ററുകളിലെ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുന്നു. ഓരോ അഗ്രോസർവ്വീസ് സെന്ററുകളിലും വിദഗ്ധ പരിശീലനം ലഭിച്ച ടെക്നീഷ്യന്മാർ ഇതിനായി പ്രവർത്തിക്കുന്നു. അഗ്രോസർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങൾക്കുപുറമെ കാർഷിക വികസനത്തിന് ആവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവവളം തുടങ്ങിയ ഉത്പാദനോപാധികളുടെ ഉല്പാദനം, വിതരണം എന്നീ സേവനങ്ങൾ കൂടാതെ കൃഷിപ്പണികൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുക തുടങ്ങിയ സേവനങ്ങളും അഗ്രോസർവ്വീസ് സെന്ററുകൾ മുഖേന കർഷകർക്ക് നൽകിവരുന്നു.

ട്രാക്ടർ, തെങ്ങുകയറ്റ യന്ത്രം, വീഡ് കട്ടർ, പവർ സ്പ്രേയർ, ഡ്രൈയർ, പമ്പ് സെറ്റ്, പവർടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ഈ സേവനകേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്രസാമഗ്രികൾ റിപ്പയർ ചെയ്ത് കൊടുക്കുകയും ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) അഗ്രോസർവ്വീസ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. യന്ത്രങ്ങളുടെ റിപ്പയർ, പ്രവർത്തനങ്ങളുടെ പരിശീലനം എന്നിവ നൽകുന്നതിലേയ്ക്കായി കണ്ണൂർ, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിൽ റീജിയണൽ ഫാം ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ അഗ്രോസർവ്വീസ് സെന്റർ, കാർഷിക കർമ്മസേന എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും റിട്ടയർ ചെയ്ത പ്രൊഫസർ ഡോ. യു. ജയ് കുമാരനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അപെക്സ് ബോഡി ഉടനെ രൂപീകരിക്കുന്നതാണ്.

**കാറ്റ് വീഴ്ച രോഗം സംബന്ധിച്ച് കേരള കാർഷിക സർവ്വകലാശാല നടത്തിയ പഠനം**

75 (2909) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിനുണ്ടാകുന്ന കാറ്റുവീഴ്ച രോഗം സംബന്ധിച്ച് കേരള കാർഷിക സർവ്വകലാശാല പഠനം നടത്തിയിട്ടുണ്ടോ;എങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി)പ്രസ്തുത രോഗത്തെ പ്രതിരോധിക്കുന്നതിനുള്ള ഗവേഷണങ്ങൾക്കായി 2000 മുതൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഗവേഷണത്തിൽ എത്ര പേർ പങ്കെടുത്തു എന്നും ഗവേഷണ ഫലം എന്തായിരുന്നു എന്നും വെളിപ്പെടുത്തുമോ;

(ഡി) കാറ്റുവീഴ്ച രോഗത്തിന് കാരണം ഫൈറ്റോ പ്ലാസ്മയാണെന്ന കണ്ടെത്തൽ നടത്തിയത് ആരാണ്; ഇതിന് പ്രതിരോധ മരുന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കാറ്റുവീഴ്ച രോഗം യഥാർത്ഥത്തിൽ വേരു ചീയൽ രോഗമായിരുന്നിട്ടും തെറ്റിദ്ധാരണ പരത്തുന്ന കാറ്റുവീഴചയെന്ന പ്രയോഗം ഔദ്യോഗിക ഉപയോഗങ്ങളിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) കാറ്റുവീഴ്ച രോഗം സംബന്ധിച്ച് കർഷകർക്ക് വേണ്ടത്ര ബോധവത്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) I കുമരകം ഗവേഷണ കേന്ദ്രം

തെങ്ങിലെ കാറ്റുവീഴ്ച രോഗം കൂടുതലുള്ള പ്രദേശങ്ങളിൽ നിന്നും കണ്ടെത്തിയ രോഗപ്രതിരോധശേഷിയുള്ള തെങ്ങുകളെപ്പറ്റിയുള്ള പഠനം (2012-14).

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

II കായംകുളം ഗവേഷണകേന്ദ്രം

| | പദ്ധതി | ചെലവായ തുക (രൂപ) |
|---|---|---|
| 1. | സമഗ്ര കേര രക്ഷാ പദ്ധതി - ആദ്യഘട്ടം | 14,00,00 |
| 2. | സമഗ്ര കേര രക്ഷാ പദ്ധതി - രണ്ടാം ഘട്ടം | 18,80,183 |
| 3. | സമഗ്ര കേര രക്ഷാ പദ്ധതി വഴി കാറ്റുവീഴ്ച ബാധിത പ്രദേശങ്ങളിലെ തെങ്ങുകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനുള്ള പദ്ധതി | 15,39,56 |
| 4. | കാറ്റുവീഴ്ചയെ പ്രതിരോധിക്കാൻ ശേഷിയുള്ള തെങ്ങിനങ്ങളെ കണ്ടെത്തി വംശ വർദ്ധന നടത്തുവാനും സങ്കരയിനങ്ങൾ ഉത്പാദിപ്പിക്കുവാനുള്ള പദ്ധതി | 38,33,885 |
| 5. | ഓണാട്ടുകരയിലെ രോഗമില്ലാത്ത കുറിയയിനം മാതൃ തെങ്ങുകളെ കണ്ടെത്തുന്ന പദ്ധതി. | 7,00,000 |
| 6. | മുന്തിയ കുറിയ ഇനം തെങ്ങുകൾ തെരഞ്ഞെടുക്കുകയും വിത്തുതേങ്ങയുടെ സംഭരണവും എന്ന പദ്ധതി | 4,76,174 |
| 7. | ആലപ്പുഴ, കൊല്ലം ജില്ലകളിലെ തെങ്ങു കർഷകരുടെ കൃഷിയിടങ്ങളിൽ മുന്തിയ ഇനം തെങ്ങിൻ തൈകളുടെ വളർച്ച വിലയിരുത്തുന്നതിനുള്ള പദ്ധതി | 8,24,174 |
| 8. | കാറ്റുവീഴ്ച ബാധിത പ്രദേശങ്ങളിൽ രോഗപ്രതിരോധ ശേഷി കാണിക്കുന്ന തെങ്ങുകളെക്കുറിച്ചുള്ള പദ്ധതി | 3,67,635 |
| 9. | കേരളത്തിന്റെ 3 തെക്കൻ ജില്ലകളിൽ സങ്കരയിനം തെങ്ങിൻ തൈകളും മറ്റു നടീൽ വസ്തുക്കളുടെയും ഉല്പാദനയൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി | 40,17,805 |
| | ആകെ | 1,50,39,420 |

(സി) കുമരകം ഗവേഷണകേന്ദ്രത്തിലെ ഗവേഷണത്തിൽ 7 പേരും കായംകുളം ഗവേഷണകേന്ദ്രത്തിലെ ഗവേഷണത്തിൽ 9 പേരും പങ്കെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*.

(ഡി) കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രമാണ് കാറ്റുവീഴ്ചയുടെ കാരണം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ശരിയായ പ്രതിരോധ മരുന്ന് ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. ഓക്സി ടെട്രാസൈക്ലിൻ, പെൻസിലിൻ എന്നിവ വേരിൽ കുത്തിവച്ച് പരീക്ഷിച്ചതിലും രോഗത്തിന് പ്രത്യേക കുറവ് കണ്ടിട്ടില്ല.

(ഇ) ഇംഗ്ലീഷിൽ 'വേരുചീയൽ' എന്ന അർത്ഥം വരുന്ന 'റൂട്ട് വിൽറ്റ്' എന്നാണുപയോഗിക്കുന്നത് എന്ന് കാർഷിക സർവ്വകലാശാല റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്) കാറ്റുവീഴ്ച രോഗം സംബന്ധിച്ച് കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും കർഷകർക്ക് ബോധവത്കരണം നടത്തിവരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

**നെല്ലിയാമ്പതി ഓറഞ്ച് ഫാമിലെ ദിവസവേതനക്കാരായ തൊഴിലാളികൾ**

76 (2910) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി ഓറഞ്ച് ഫാമിലെ ദിവസവേതനക്കാരായ ഫാം തൊഴിലാളികളെ കാഷ്വൽ തൊഴിലാളികളായി നിയമിക്കുന്നതിനുള്ള സമയ പരിധി സ.ഉ.(സാധാ)നമ്പർ 2207/2010/കൃഷി തീയതി 14-12-2010 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവായെങ്കിലും 365 തൊഴിലാളികളിൽ നാമമാത്രമായവർക്ക് മാത്രമേ നിയമനം നൽകിയിട്ടുള്ളൂവെന്നിരിക്കെ ശേഷിച്ചവരെ കാഷ്വൽ തൊഴിലാളികളായി നിയമിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഇത് സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 19-2-2008 മുതൽ 1-12-2016 വരെ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിലുള്ള ഫാമുകളിൽ ചുരുങ്ങിയത് 30 ദിവസമെങ്കിലും ജോലി ചെയ്ത ദിവസവേതനക്കാരായ തൊഴിലാളികളെ കാഷ്വൽ തൊഴിലാളികളായി നിയമിക്കാവുന്നതാണെന്ന് 13-12-2017-ലെ സർക്കാർ ഉത്തരവ് (കൈ) നം. 161/2017/കൃഷി പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ബി) കൃഷി ഫാമുകളിലെ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഫാം അടിസ്ഥാനത്തിലുള്ള സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥിരം തൊഴിലാളികളുടെ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കാണ്. ഇത് സംബന്ധിച്ച വിശദവിവരങ്ങളും മേൽസൂചിപ്പിച്ച സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

## വെറ്റിലപ്പാറയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്ഥലം ഉപയോഗിക്കുന്നതിന് അനുമതി

77 (2911) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി അനുമതി ലഭിച്ചിട്ടുള്ള ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി-പരിയാരം-അതിരപ്പിള്ളി പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിക്കായി, കിണർ, പമ്പ് ഹൗസ് എന്നിവ സ്ഥാപിക്കുന്നതിന് വെറ്റിലപ്പാറയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്ഥലം ഉപയോഗിക്കുന്നതിന് അനുമതി നല്കണമെന്ന അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അനുമതി ഉടൻ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കിഫ്ബി ധനസഹായത്തോടെ ചാലക്കുടിയിൽ വെറ്റിലപ്പാറ വഞ്ചിക്കടവ് സ്രോതസ്സായി ഒരു ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കുന്നതിന് വനം വകുപ്പിൽ നിന്നും പാട്ടത്തിന് എടുത്തിട്ടുള്ളതും പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ളതുമായ ഓയിൽ പാം എസ്റ്റേറ്റിൽ വഞ്ചിക്കടവിലുള്ള 15 സെന്റ് സ്ഥലം ആവശ്യപ്പെട്ടിരുന്നു.

മേൽസ്ഥലം ലഭ്യമാക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പ്ലാന്റേഷൻ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

## കൃഷി ഓഫീസർമാരുടെ ഒഴിവുകൾ

78 (2912) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷി ഓഫീസർമാരുടെ എത്ര ഒഴിവുകളുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) കുറ്റിക്കോൽ കൃഷിഭവൻ ഓഫീസ് ഓഫീസറില്ലാതെ എത്ര കാലമായി ഒഴിഞ്ഞ് കിടക്കുന്നു എന്ന് അറിയിക്കാമോ ;

(സി) ഒഴിവുള്ള തസ്തികകളിൽ കൃഷി ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി, ബെള്ളൂർ, മീഞ്ച, പുത്തിഗെ, മടിക്കൈ, മുളിയാർ, ബേഡഡുക്ക, കമ്പഡാജെ, ഉദുമ എന്നീ കൃഷി ഭവനുകളിൽ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ട്.

(ബി) 23-1-2015 മുതൽ ഒഴിഞ്ഞുകിടക്കുകയായിരുന്ന കുറ്റിക്കോൽ കൃഷി ഭവനിൽ, കൃഷി ഓഫീസർ തസ്തികയിൽ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. ഉദ്യോഗക്കയറ്റം വഴി നികത്തേണ്ട ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പാലക്കാട് ജില്ലയിൽ കൃഷി വകുപ്പിലെ നിയമനങ്ങൾ

79 (2913) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി.യുടെ നിയമന ശിപാർശ പ്രകാരം പാലക്കാട് ജില്ലയിൽ എത്ര പേർക്ക് കൃഷി വകുപ്പിൽ നിയമനം ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ പി.എസ്.സി. മുഖേന 76 പേർക്ക് കൃഷി വകുപ്പിലെ വിവിധ തസ്തികകളിലായി നിയമനം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## കാസർഗോഡ് ജില്ലയിലെ കൃഷിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

80 (2914) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിന്റെകീഴിൽ ഏതെല്ലാം ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ ഓഫീസിലും കൃഷിക്കാരെ ഉദ്ദേശിച്ച് ചെയ്യുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ ഓഫീസ് മുഖേനയും കൃഷിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ ഓഫീസിലും നിലവിലുള്ള തസ്തികയും ഒഴിവുകളുടെ എണ്ണവും വ്യക്തമാക്കാമോ;

(ഇ) ഒഴിവുകൾ എത്രകാലമായി തുടരുന്നുവെന്നും ഇത് നികത്താൻ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(എഫ്) കാസർഗോഡ് ജില്ലയിലെ ഏതെങ്കിലും കൃഷി വകുപ്പു ഉദ്യോഗസ്ഥനോ ജീവനക്കാരനോ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് ജില്ലകളിൽ ജോലി ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിനുകീഴിൽ 54 ഓഫീസുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി&സി) കാർഷികമേഖലയിൽ ആവശ്യമായ ഉപദേശങ്ങളും സഹായങ്ങളും കൃഷിയിടങ്ങളിലെ മണ്ണ് പരിശോധന നടത്തി മണ്ണ് ഫലഭൂയിഷ്ഠമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ, വിത്ത്, നടീൽ വസ്തുക്കളുടെ വിതരണവും, കൃഷി ആനുകൂല്യ പദ്ധതികൾ നൽകുകയും സൗജന്യ വൈദ്യുതി, വളം ലൈസൻസ്, നഴ്സറികൾക്കുള്ള ലൈസൻസ്, വിള ഇൻഷ്വറൻസ് ആനുകൂല്യം, പ്രകൃതിക്ഷോഭ ദുരിതാശ്വാസം നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, കർഷക പെൻഷൻ രജിസ്ട്രേഷനും വിതരണവും എന്നിവയാണ് മുഖ്യമായും നടപ്പാക്കുന്നത്. കൂടാതെ കൃഷിക്കാർക്ക് കൃഷിയിലാവശ്യമായ ശാസ്ത്രീയ മാർഗ്ഗ നിർദ്ദേശങ്ങളും സാങ്കേതിക സഹായങ്ങളും നൽകി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഒഴിവുകളുടെ എണ്ണം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | പ്രിൻസിപ്പൽ കൃഷി ഓഫീസർ | - |
| 2. | പ്രോജക്ട് ഡയറക്ടർ | - |
| 3. | ഡെപ്യൂട്ടി ഡയറക്ടർ | - |
| 4. | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | - |
| 5. | അക്കൗണ്ട്സ് ഓഫീസർ | - |
| 6. | അസിസ്റ്റന്റ് ഡയറക്ടർ | - |
| 7. | അസിസ്റ്റന്റ് പ്രിൻസിപ്പൽ കൃഷി ഓഫീസർ | - |
| 8. | ടെക്നിക്കൽ അസിസ്റ്റന്റ് | - |
| 9. | സീനിയർ കൃഷി ഓഫീസർ | - |
| 10. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | - |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| 12. | അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് | - |
| 13. | കാഷ്യൂ ഡെവലപ്മെന്റ് ഓഫീസർ | - |
| 14. | കൃഷി ഓഫീസർ | 9 |
| 15. | കൃഷി ഫീൽഡ് ഓഫീസർ | - |
| 16. | സീനിയർ സൂപ്രണ്ട് | - |
| 17. | കൃഷി അസിസ്റ്റന്റ് | - |
| 18. | ജൂനിയർ സൂപ്രണ്ട് | - |
| 19. | ഫെയർകോപ്പി സൂപ്രണ്ട് | - |
| 20. | ഹെഡ് ക്ലാർക്ക് | - |

| (1) | (2) | (3) |
|---|---|---|
| 21. | ക്ലാർക്ക് | 3 |
| 22. | ടൈപ്പിസ്റ്റ് | 1 |
| 23. | ഡ്രൈവർ | - |
| 24. | ഓഫീസ് അറ്റൻഡന്റ് | - |
| 25. | വാച്ച്മാൻ | - |
| 26. | ഓവർസീയർ ഗ്രേഡ് I | 1 |
| 27. | ഓവർസീയർ ഗ്രേഡ് II | - |
| 28. | വർക്ക് സൂപ്രണ്ട് | - |
| 29. | ഫോർമാൻ | 1 |
| 30. | മെക്കാനിക് | 2 |
| 31. | ട്രാക്ടർ ഡ്രൈവർ | 2 |
| 32 | സയന്റിഫിക് അസിസ്റ്റന്റ് | - |

(ഇ)

| | | |
|---|---|---|
| 1 | കൃഷി അസിസ്റ്റന്റ് എഞ്ചിനീയർ (1) | 6-2-2018 |
| 2 | കൃഷി ഓഫീസർ (9) | ഉദുമ (4-12-2017)<br>മടിക്കൈ (2-2-2018)<br>വെസ്റ്റ് എളേരി (20-10-2016)<br>മുളിയാർ (112-2017)<br>കുമ്പഡാജെ (26-2-2018)<br>ബെള്ളൂർ (20-6-2013)<br>മീഞ്ച (15-2-2016)<br>പുത്തിഗെ (25-10-2017)<br>ബേഡഡുക്ക (15-12-2017) |
| 3 | ക്ലാർക്ക് (3) | 1-6-2017 (2 എണ്ണം)<br>21-11-2016 (1) |

| | | |
|---|---|---|
| 4 | ഫോർമാൻ (1) | 8-8-2005 |
| 5 | മെക്കാനിക് (2) | 22-5-2007<br>11-11-2015 |
| 6 | ട്രാക്ടർ ഡ്രൈവർ (2) | 20-10-2010<br>6-5-2012 |
| 7 | ഓവർസീയർ ഗ്രേഡ് I (1) | 18-6-2015 |
| 8 | ടൈപ്പിസ്റ്റ് (1) | 28-11-2017 |

കാസർഗോഡ് ജില്ലയിൽ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ മുഴുവൻ കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകളിലും മറ്റ് തസ്തികകളിലെ ഒഴിവുകളിലും നിയമനം പി.എസ്.സി. മുഖേനയും ബൈട്രാൻസ്ഫർ മുഖേനയും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) വോർക്കോടി കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റ് ശ്രീമതി സിജിന ഭാസ്കരൻ കണ്ണൂർ ജില്ലയിലെ എരഞ്ഞോളി കൃഷി ഭവനിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നു. കൂടാതെ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് ശ്രീ. കെ. മോഹൻദാസിനെ കൃഷി വിപണനവുമായി ബന്ധപ്പെട്ടുള്ള പ്രോജക്ട് തയ്യാറാക്കുന്ന പദ്ധതി ആവശ്യത്തിനായി മൂന്ന് മാസത്തേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ തിരുവനന്തപുരം ജില്ലയിൽ നിയോഗിച്ചിട്ടുണ്ട്.

**മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കൃഷിഭവനുകളിലെ ഒഴിവുകൾ**

81 (2915) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന കൃഷി ഭവനുകളിലെ ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കൃഷി ഭവനുകളിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കൃഷി ഭവനുകളിൽ ഒഴിവുകളൊന്നും നിലവിലില്ല.

## ചേലക്കര മണ്ഡലത്തിൽ ഉത്പാദിപ്പിക്കുന്ന കൂർക്ക സംഭരിച്ച് വിൽപ്പന നടത്തുന്നതിന് നടപടി

82 (2916) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ഏതെല്ലാം കൃഷിഭവനുകളുടെ പരിധിയിലാണ് കിഴങ്ങുവിളയായ കൂർക്ക മുഖ്യമായും കൃഷി ചെയ്യുന്നത്;

(ബി) ഒരു വർഷം ശരാശരി എത്ര ഹെക്ടറിൽ കൂർക്ക കൃഷി ചെയ്യുന്നുണ്ട്; ഇതിലൂടെ ശരാശരി എത്ര ടൺ കൂർക്ക ഉത്പാദിപ്പിക്കുന്നുണ്ട്;

(സി) കൂർക്ക കർഷകർക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് കൃഷി വകുപ്പ് നൽകിവരുന്നത്;

(ഡി) കർഷകർക്ക് ഉത്പാദന ചെലവിനനുസൃതമായി നല്ല വില ലഭിക്കുന്നതിന് ഹോർട്ടി കോർപ്പ് മുഖേന കൂർക്ക സംഭരിച്ച് വിൽപന നടത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ചേലക്കര മണ്ഡലത്തിൽ ദേശമംഗലം, വരവൂർ, മുള്ളൂർക്കര, തിരുവില്വാമല, പഴയന്നൂർ, ചേലക്കര എന്നീ കൃഷി ഭവനുകളുടെ പരിധിയിലാണ് കിഴങ്ങുവിളയായ കൂർക്ക മുഖ്യമായും കൃഷി ചെയ്യുന്നത്.

(ബി) ഒരു വർഷം ശരാശരി 61.2 ഹെക്ടറിൽ കൂർക്ക കൃഷി ചെയ്യുന്നുണ്ട്. ഇതിലൂടെ ശരാശരി 1625.4 ടൺ കൂർക്ക ഉല്പാദിപ്പിക്കുന്നുണ്ട്.

(സി) നിലവിൽ കൂർക്ക കർഷകർക്ക് പ്രത്യേകമായി സാമ്പത്തിക സഹായമൊന്നും നൽകുന്നില്ല.

(ഡി) കർഷകർ ഉല്പാദിപ്പിക്കുന്ന മറ്റ് കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്നതുപോലെ കർഷകർക്ക് ന്യായവില നൽകി കൂർക്കയും ഹോർട്ടികോർപ്പ് സംഭരിച്ചുവരുന്നുണ്ട്.

## കോങ്ങാട് മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേനയുള്ള പദ്ധതികൾ

83 (2917) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ നിലവിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാം; തുക ഉൾപ്പെടെ വിശദവിവരങ്ങൾ നൽകുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ അടുത്ത ഒരു വർഷക്കാലത്തേയ്ക്ക് കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകുമോ?

ഉത്തരം

(എ) കോങ്ങാട് മണ്ഡലത്തിൽ നിലവിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും തുകയും ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) കോങ്ങാട് മണ്ഡലത്തിൽ അടുത്ത ഒരു വർഷക്കാലത്തേയ്ക്ക് കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**തൃശ്ശൂർ ജില്ലയിൽ നെൽകൃഷി മേഖലയിൽ തരിശുരഹിത കേരളം പദ്ധതി**

84 (2918) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ നെൽകൃഷി മേഖലയിൽ ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി മണലൂർ മണ്ഡലത്തിൽ എത്ര ഹെക്ടർ ഭൂമിയിൽ നെൽകൃഷി ഇറക്കുകയുണ്ടായെന്നറിയിക്കുമോ;

(സി) ഈ ഭൂമിയിൽ തുടർന്നും കൃഷി ഇറക്കുന്നതിനും പശ്ചാത്തല സൗകര്യം ഒരുക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 20275 ഹെക്ടർ സ്ഥലത്ത് സുസ്ഥിര നെൽക്യഷിവികസനം, 49.85 ഹെക്ടറിൽ പൊക്കാളി, ഞവര, രക്തശാലി എന്നീ ഇനം നെല്ലിന്റെ കൃഷി, 602 ഹെക്ടറിൽ ഒരുപ്പൂ നിലങ്ങൾ ഇരുപ്പൂ ആക്കുന്ന പദ്ധതി, 461 ഹെക്ടറിൽ കരനെല്ല്, 867 ഹെക്ടറിൽ തരിശുനില കൃഷി എന്നിവയും പദ്ധതിയധിഷ്ഠിത കൃഷിയുമായി ബന്ധപ്പെട്ട് 865 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളാണ് തൃശ്ശൂർ ജില്ലയിൽ നെൽക്യഷി മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

ആകെ കൃഷിയോഗ്യമായ 5597 ഹെക്ടർ തരിശുഭൂമിയാണ് തൃശ്ശൂർ ജില്ലയിൽ നിലവിലുള്ളത്. ആയതിൽ, 2017-18 സാമ്പത്തിക വർഷത്തിൽ 600 ഹെക്ടർ ഭൂമി കൃഷിയോഗ്യമാക്കുവാൻ ലക്ഷ്യമിട്ടിരുന്നു. വിരിപ്പുകൃഷിയിൽ 70 ഹെക്ടർ നെല്ലും 20 ഹെക്ടർ പച്ചക്കറിയും ചെയ്തുകഴിഞ്ഞു. മുണ്ടകൻ കൃഷിയിൽ 589 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തരിശുരഹിത തൃശ്ശൂർ പദ്ധതിയുടെ ഭാഗമായി ഒരുപ്പൂ നിലങ്ങൾ ഇരുപ്പൂ ആക്കുക എന്നത് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി പയർ, ഉഴുന്ന്, എള്ള്, പച്ചക്കറി എന്നിവയും രണ്ടാം വിളയായി കൃഷിയിറക്കാൻ സാധിച്ചു. തരിശുനില കൃഷി ചെയ്യുന്ന കർഷകർക്കായി തരിശുനില കൃഷിക്കുള്ള ധനസഹായം, നെൽകൃഷിക്കുള്ള കൂലിചെലവ്, നെൽവിത്തിനുള്ള ധനസഹായം, കുമ്മായ വിതരണം എന്നീ പദ്ധതികൾ നടപ്പിലാക്കി.

(ബി) മണലൂർ മണ്ഡലത്തിൽ 120 ഹെക്ടർ നെൽകൃഷി ചെയ്തു.

(സി) അടിസ്ഥാന സൗകര്യ വികസനത്തിന്റെ അപര്യാപ്തത മൂലം കൃഷിയിറക്കാൻ പറ്റാത്ത സ്ഥലങ്ങളിൽ വിവിധ പദ്ധതികൾ പ്രയോജനപ്പെടുത്തി ജലസേചനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തിട്ടുണ്ട്.

**ജലാശയങ്ങളുടെ നവീകരണം**

85 (2919) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷി വകുപ്പിൽ നിന്നും ജലാശയങ്ങൾ പുനഃരുദ്ധരിച്ച് നവീകരിയ്ക്കുന്നതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദവിവരം നൽകുമോ;

(ബി) കോങ്ങാട് മണ്ഡലത്തിലേയ്ക്കായി ജലാശയ നവീകരണത്തിന് നൽകിയ പ്രൊപ്പോസലിന്മേൽ എടുത്ത തീരുമാനത്തിന്റെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന ജലാശയങ്ങൾ പുനഃരുദ്ധരിച്ച് നവീകരിക്കുന്നതിനായി കൊല്ലം ജില്ലയിൽ എസ്.എച്ച്.ഒ. പദ്ധതി പ്രകാരം 56793 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ മണ്ണ് പര്യവേഷണ/മണ്ണ് സംരക്ഷണ വകുപ്പ് മുഖേന 1337.01 ലക്ഷം രൂപയും കെ.എൽ.ഡി.സി. മുഖേന 2403.095 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) കോങ്ങാട് മണ്ഡലത്തിലേയ്ക്കായി ജലാശയ നവീകരണത്തിന് നൽകിയ പ്രൊപ്പോസലിലുള്ള 6 കുളങ്ങളുടെ നവീകരണത്തിന് മണ്ണ് പര്യവേഷണ/മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നബാർഡ് ധനസഹായ ആർ.ഐ.ഡി.എഫ്. 23-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 286.20 ലക്ഷം രൂപയുള്ള പദ്ധതി നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ജനകീയ സമിതികൾ

86 (2920) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ജനകീയ സമിതികൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(ബി) ജനകീയ സമിതികളുടെ രൂപീകരണം സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ?

ഉത്തരം

(എ) കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ജനകീയ സമിതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് പഞ്ചായത്തുതല കാർഷിക വികസന സമിതികൾ പ്രവർത്തിക്കുന്നു. കൃഷി ഭവന്റെയും കൃഷി ഭവനിലൂടെ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളെയും സംബന്ധിച്ചുള്ള ചർച്ചകളും പദ്ധതി നടത്തിപ്പിനുവേണ്ട നിർദ്ദേശങ്ങളും ഈ സമിതി നൽകുന്നു.
2. കൃഷി ഭവനിലൂടെ നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി പാടശേഖര സമിതികൾ എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്.
3. കൃഷി വകുപ്പിന്റെ സുഗന്ധവിള വികസന പദ്ധതിയിലും വയനാട് പാക്കേജിലും ഉൾപ്പെടുന്ന സമഗ്ര കുരുമുളക് വികസന പദ്ധതിയിലും ഉൾപ്പെടുത്തി കുരുമുളക് സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കുരുമുളകിന്റെ നടീൽ വസ്തുക്കൾ, കൃഷിക്കാവശ്യമായ ഉല്പാദനോപാധികൾ കർഷകർക്ക് ലഭ്യമാക്കാനും ഗവേഷണ സ്ഥാപനത്തിൽ നിന്നും കുരുമുളക് കൃഷിയെ സംബന്ധിച്ച വിവരങ്ങൾ കർഷകരിൽ എത്തിക്കുന്നതിനും ഈ സമിതി പ്രധാന പങ്ക് വഹിക്കുന്നു.
4. കേരഗ്രാമം പദ്ധതിയുടെ ഭാഗമായി 44 പഞ്ചായത്തുകളിൽ കേരസമിതികൾ പ്രവർത്തിക്കുന്നു.

(ബി) പഞ്ചായത്തുതല കാർഷിക വികസന സമിതികൾ, കേരസമിതികൾ എന്നിവയുടെ രൂപീകരണം സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. കുരുമുളക് സമിതികൾ, പാടശേഖര സമിതികൾ ഇവ രൂപീകരിക്കുന്നത് പദ്ധതിയുടെ പ്രവർത്തനനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ്. കേരസമിതി, കുരുമുളക് സമിതി, പാടശേഖര സമിതി ഇവ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1955 പ്രകാരം രജിസ്റ്റർചെയ്ത് പ്രവർത്തിക്കുന്നവയുമാണ്.

## ദേവികുളം കാർഷികഗവേഷണ കേന്ദ്രം

87 (2921) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ കാർഷികഗവേഷണ കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വട്ടവട-കാന്തല്ലൂർ അടങ്ങുന്ന ദേവികുളം ബ്ലോക്ക് പ്രത്യേക കാർഷിക മേഖലയായി കൃഷി വകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. വട്ടവട പഞ്ചായത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെകീഴിലുള്ള പാമ്പാട്ടുംപാറ ഗവേഷണ കേന്ദ്രത്തിന്റെ സേവനങ്ങൾ നിലവിൽ ലഭ്യമാക്കി വരുന്നുണ്ട്. ഇതിനുപുറമെ വട്ടവടയിൽ ശീതകാല പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഒരു ഗവേഷണ സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്.

## കാർഷിക ക്ലിനിക്കുകൾ

88 (2922) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകൾക്കുണ്ടാകുന്ന രോഗങ്ങൾക്ക് മരുന്ന് കുറിച്ചു നൽകുന്നതിനും അതിന്റെ പ്രയോഗ രീതി വിശദീകരിക്കുന്നതിനും ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ക്ലിനിക്കുകളുടെ പ്രവർത്തനം എപ്രകാരമായിരിക്കുമെന്നും ഏതൊക്കെ ജില്ലകളിലാണ് ഇത് ആരംഭിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാർഷിക വിളകളുടെ കീടരോഗ നിയന്ത്രണത്തിന് സഹായകരമായ രീതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൃഷി വകുപ്പിന്റെ വിള ആരോഗ്യ പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി തെരഞ്ഞെടുത്ത കൃഷി ഭവനുകൾ മുഖേന കീടരോഗ നിരീക്ഷണം നടത്തി

കർഷകർക്ക് കീടരോഗബാധയെപ്പറ്റി മുൻകൂട്ടി അറിവ് നൽകുകയും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുകയുമാണ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന ചെയ്യുന്നത്. പെസ്റ്റ് ബുള്ളറ്റിനുകൾ മുഖേനയും കർഷകർക്ക് നിർദ്ദേശങ്ങൾ നൽകുന്നു. സന്തുലിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളും കർഷകർക്ക് നൽകുന്നു. കീടരോഗ നിയന്ത്രണത്തിനുള്ള ഉപകരണങ്ങൾ, അമ്ലത്വ പരിശോധനയ്ക്കുള്ള പി.എച്ച്. മീറ്റർ, ശത്രുകീടങ്ങളെ തിരിച്ചറിയാനുള്ള സ്പെസിമെനുകൾ, ഫോട്ടോഗ്രാഫുകൾ, പുസ്തകങ്ങൾ, മാഗസിനുകൾ, സി.ഡി. കൾ, എന്നിവയും റഫറൻസിനായി കർഷകർക്ക് ലഭ്യമാക്കുന്നു. 14 ജില്ലകളിലെ 152 ബ്ലോക്കുകളിലായി 152 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. 2017-18 വർഷത്തിൽ 14 ജില്ലകളിലായി 50 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പുതുതായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം, പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ ജില്ലാതലത്തിൽ ജില്ലാ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.

**കൊയിലാണ്ടി മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ**

89 (2923) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്ക് കൃഷി വകുപ്പ് മുഖേന ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോ പദ്ധതിയുടെയും വിശദാംശങ്ങളും അനുവദിച്ച തുകയും എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ 16 പദ്ധതികൾക്കും 2017-18 സാമ്പത്തിക വർഷത്തിൽ 19 പദ്ധതികൾക്കും കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**പഴയന്നൂരിലെ പച്ചക്കറികൃഷി വികസന പദ്ധതികൾ**

90 (2924) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറിയുടെ പ്രത്യേക കാർഷിക വികസന മേഖലയായി 2017-18 ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പഴയന്നൂരിൽ എന്തൊക്കെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പദ്ധതികളാണ് കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനകം എന്തെല്ലാം കാര്യങ്ങൾ പ്രസ്തുത സ്ഥലത്ത് ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി ആരംഭിക്കുന്നതിനാവശ്യമായ നിർദ്ദേശം കൃഷി വകുപ്പുദ്യോഗസ്ഥർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 19-2-2018-ലെ സ.ഉ.(എം.എസ്.) 22/2018/എ.ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം പച്ചക്കറിയുടെ പ്രത്യേക കാർഷിക വികസന മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള തൃശ്ശൂർ ജില്ലയിലെ പഴന്നയൂർ മേഖലയ്ക്ക് 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക അടിസ്ഥാന സൗകര്യ വികസനത്തിനും ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗിനുമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു:

1. ഫാം മെക്കനൈസേഷൻ - ഗ്രൂപ്പുകൾക്ക്- 15.00 ലക്ഷം രൂപ

   (സ്പ്രെയറുകൾ, ഡസ്റ്ററുകൾ, വീഡ് കട്ടറുകൾ, മിനിട്രാക്ടർ, വീൽബാരോ എന്നിവ വാങ്ങുന്നതിന്)

2. പച്ചക്കറികളുടെ പായ്ക്കിംഗ്, ലേബലിംഗ്, റീട്ടെയ്ൽ മാർക്കറ്റിംഗ് എന്നിവയ്ക്കായി - 5.00 ലക്ഷം രൂപ.

ആകെ - 20.00 ലക്ഷം രൂപ.

പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. മെക്കനൈസേഷൻ, പായ്ക്കിംഗ്, ലേബലിംഗ്, റീട്ടെയ്ൽ മാർക്കറ്റിംഗ് എന്നിവയ്ക്കാവശ്യമായ 20 ലക്ഷം രൂപ ഉപയോഗപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**പച്ചക്കറികളുടെ വിലനിലവാരം**

91 (2925) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറികളുടെ വില നിലവാരം പിടിച്ചുനിർത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇതിലേയ്ക്കായി ഏതെല്ലാം ഏജൻസികൾ/സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് അറിയിക്കുമോ;

(സി) ഇവയുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പച്ചക്കറികളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിനായി സംസ്ഥാനത്തെ കർഷകരിൽനിന്നും പൊതുവിപണി വിലയെക്കാൾ 10% വിലകൂട്ടി നൽകി കാർഷിക ഉല്പന്നങ്ങൾ സംഭരിച്ച് ഹോർട്ടികോർപ്പിന്റെ 95 സ്വന്തം സ്റ്റാളുകളിലൂടെയും 253 ഫ്രാഞ്ചൈസി സ്റ്റാളുകളിലൂടെയും 400 ഓളം സ്ഥാപനങ്ങളിലൂടെയും 15-ഓളം മൊബൈൽ യൂണിറ്റുകളിലൂടെയും വില്പന നടത്തി വരുന്നു. കൂടാതെ നാന്നൂറോളം സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുടെ ക്യാന്റീനുകളിലൂടെയും പൊതുവിപണി വിലയെക്കാൾ 10% മുതൽ 15% വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു.

(ബി) ഹോർട്ടികോർപ്പ് ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കൂടാതെ VFPCK വിപണികൾ കൃഷി വകുപ്പിന്റെയും കുടുംബശ്രീയുടെയും സംയുക്താഭിമുഖ്യത്തിൽ ആഴ്ച ചന്തകൾ പച്ചക്കറി ക്ലസ്റ്റർ ചന്തകൾ എന്നിവ പ്രവർത്തിച്ചുവരുന്നു.

(സി) ഹോർട്ടികോർപ്പ് നിലവിലുള്ള 95 സ്വന്തം സ്റ്റാളുകളിലൂടെയും 253 ഫ്രാഞ്ചൈസി സ്റ്റാളുകളിലൂടെയും നാന്നൂറോളം സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയിലൂടെയും 15 മൊബൈൽ വില്പന യൂണിറ്റിലൂടെയും മിതമായ വിലയ്ക്ക് പച്ചക്കറികൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു. ഇതിനുപുറമെ അടുത്ത സാമ്പത്തിക വർഷം നൂറോളം ഹരിതാസ്റ്റാളുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ മണ്ണ് സംരക്ഷണ പദ്ധതികൾ**

92 (T 2926) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്. 23-ാം ഘട്ടത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെട്ട മണ്ണ് സംരക്ഷണ പദ്ധതിയിലേക്ക് സമർപ്പിച്ചിട്ടുള്ള കുളങ്ങളുടെ പുനരുദ്ധാരണ പദ്ധതിക്ക് അനുമതി നല്കിയിട്ടുണ്ടോ ;

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇല്ലെങ്കിൽ അനുമതിക്കാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ ഏതെല്ലാം പ്രോജക്ടുകളാണ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഇല്ല. ആയതുമായി ബന്ധപ്പെട്ട പദ്ധതി റിപ്പോർട്ടുകൾ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം ലഭ്യമാകുന്ന വകുപ്പുതല വിഹിതത്തിന് വിധേയമായ പദ്ധതികൾ പുനഃസമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മാവേലിക്കര മണ്ഡലത്തിലെ കരിങ്ങാലിൻചാൽ പുഞ്ചയുടെ അടിസ്ഥാന വികസന പ്രവൃത്തികൾ, തഴക്കര പഞ്ചായത്തിലെ കോതറകുളം, കോരടികുളം, പുത്തൻകുളം എന്നിവ ആർ.ഐ.ഡി.എഫ്.-23-ാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

**നീർത്തടാധിഷ്ഠിത പദ്ധതികൾ**

93 (2927) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ച പ്രതിരോധിക്കുവാൻ നിർത്തടാധിഷ്ഠിത പദ്ധതികൾ വ്യാപിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് മണ്ണ് സംരക്ഷണ വകുപ്പ് തയ്യാറാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) മണ്ണ് ഇടിക്കൽ, പാറപൊട്ടിക്കൽ, എന്നിവ മൂലം പ്രകൃതിയ്ക്ക് ഉണ്ടാകുന്ന മാറ്റങ്ങൾ സംബന്ധിച്ച് വകുപ്പ് പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന തത്സ്ഥല ജല സംരക്ഷണത്തിലൂടെ ഭൂഗർഭ ജലവിതാനം ഉയർത്തി മണ്ണിലെ ഈർപ്പം നിലനിർത്തി സംസ്ഥാനത്തെ രൂക്ഷമായ വരൾച്ചയ്ക്ക് പരിഹാരം കാണുവാനും കാർഷിക ഉല്പാദന വർദ്ധനവിനുമായി നീർത്തടാധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) മണ്ണ് പര്യവേഷണ/മണ്ണ് സംരക്ഷണ വകുപ്പ് ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി സുജലം സുഫലം എന്ന ഉപമിഷൻ വഴി കേരളത്തിന്റെ നീർത്തടാധിഷ്ഠിത വികസനത്തിനായുള്ള സൂക്ഷ്മതല പഠനം നടത്തി എല്ലാ പഞ്ചായത്തുകളെയും ഉൾപ്പെടുത്തി വിശദമായ മാപ്പിംഗ് മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് തയ്യാറാക്കിക്കഴിഞ്ഞു. വയനാട് ജില്ലയിലെ പുൽപ്പള്ളി, മുള്ളൻകൊല്ലി, പൂതാടി പഞ്ചായത്തുകളിൽ വരൾച്ചാ നിവാരണത്തിനായി 80 കോടി രൂപ അടങ്കലുള്ള ഒരു സമഗ്ര പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ടി പദ്ധതിക്ക് ലഭിച്ച 2.15 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 2014-15-ൽ അംഗീകാരം ലഭിച്ച പദ്ധതിയിൽ നാളിതുവരെ 157.08 ലക്ഷം രൂപ ചെലവഴിച്ച് 37 ചെറുകുളങ്ങളും 18 ജലസംഭരണികളും നിർമ്മിച്ചിട്ടുണ്ട്. 2017-18-ലെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും രൂക്ഷമായ വരൾച്ചയ്ക്ക് പരിഹാരം കാണുന്നതിനായി തത്സ്ഥല ജലസംരക്ഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ട് നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനായി പദ്ധതികൾ തയ്യാറാക്കി വരുന്നു. ഓരോ ജില്ലയുടെ പ്രത്യേക സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ നീർത്തടാധിഷ്ഠിത പദ്ധതികൾ തയ്യാറാക്കി വരുന്നു.

(സി) മണ്ണ് ഇടിക്കൽ, പാറ പൊട്ടിക്കൽ എന്നിവമൂലം പ്രകൃതിക്കുണ്ടാകുന്ന മാറ്റങ്ങൾ സംബന്ധിച്ച് കൃഷി വകുപ്പ് പ്രത്യേക പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

**കേരള കാർഷിക സർവ്വകലാശാല പ്ലാൻ ഫണ്ട്**

94 (2928)<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള കാർഷിക സർവ്വകലാശാലയുടെ വികസനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ പ്ലാൻ ഫണ്ടിന്റെ എത്ര ശതമാനം ഇതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

2017-18 വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റിൽ കേരള കാർഷിക സർവ്വകലാശാലയ്ക്കുള്ള പദ്ധതി വിഹിതമായി 75 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. റിവൈസ്ഡ് ബജറ്റിൽ ഇത് 42 കോടി രൂപയായി പുതുക്കിയിരുന്നു. ഇതിൽ ആദ്യഗഡുവായ 10 കോടി രൂപ (23.80 ശതമാനം) കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിച്ചിട്ടുണ്ട്. ടി തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

## മികച്ച കർഷകരുടെ മക്കൾക്ക് കാർഷിക സർവ്വകലാശാല കോഴ്സുകളിൽ അഡ്മിഷന് സംവരണം

95 (2929) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച കർഷകരെ തെരഞ്ഞെടുക്കുന്നതിലും മികച്ച കർഷകനുള്ള അവാർഡുകൾ സംബന്ധിച്ചും നിലവിലുള്ള നടപടിക്രമം വ്യക്തമാക്കാമോ;

(ബി) മികച്ച കർഷകരുടെ മക്കൾക്ക്, കാർഷിക സർവ്വകലാശാല നടത്തുന്ന BVSc, BSc(Agriculture) കോഴ്സുകളിലേയ്ക്ക് അഡ്മിഷന് നിലവിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ മേൽവിവരിച്ച കോഴ്സുകളിലേയ്ക്ക് മികച്ച കർഷകരുടെ മക്കൾക്ക് നിശ്ചിത ശതമാനം സീറ്റുകൾക്ക് പുതുതായി സംവരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

(എ) കർഷക അവാർഡുകൾക്കുള്ള അപേക്ഷകൾ എല്ലാ വർഷവും ജനുവരി മാസങ്ങളിൽ വിവിധ മാധ്യമങ്ങൾ മുഖേന പ്രചാരണം നൽകി കൃഷി ഭവനുകളിൽ നിശ്ചിത തീയതി വരെ സ്വീകരിക്കുന്നു. കൃഷി ഭവൻ ഉദ്യോഗസ്ഥർ സ്ഥല പരിശോധനയും, മാനദണ്ഡമനുസരിച്ചുള്ള പരിശോധനകളും പൂർത്തിയാക്കി കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ എന്നിവരുടെ ശിപാർശയോടുകൂടി അതത് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ സമർപ്പിക്കുന്നു. ഈ അപേക്ഷയിന്മേൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറായ ജില്ലാതല അവാർഡ് കമ്മിറ്റി കൃഷിസ്ഥലം പരിശോധിച്ച് ജില്ലയിലെ മികച്ച കർഷകരെ കണ്ടെത്തുകയും അവരുടെ അപേക്ഷയും അനുബന്ധരേഖകളും നിശ്ചിത സമയത്തിനുള്ളിൽ കൃഷി ഡയറക്ടറേറ്റിൽ സമർപ്പിക്കുകയും ചെയ്യുന്നു.

അപ്രകാരം 14 ജില്ലകളിൽനിന്നും ലഭിച്ച അപേക്ഷകൾ കൃഷി ഡയറക്ടറേറ്റിലെ കൃഷി ജോയിന്റ് ഡയറക്ടർ (എ.ആർ.&റ്റി.) കൺവീനർ ആയുള്ള ഫീൽഡുതല പരിശോധന ടീം കർഷകരുടെ കൃഷിസ്ഥലം സന്ദർശിച്ച് ഓരോ അവാർഡിനും മികച്ച കർഷകരെ കണ്ടെത്തുകയും അവരുടെ കൃഷിയെപ്പറ്റിയുള്ള ഡോക്യുമെന്ററി തയ്യാറാക്കുകയും ചെയ്യുന്നു.

ഇപ്രകാരം തയ്യാറാക്കിയ ഡോക്യുമെന്ററി അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മിഷണർ ചെയർമാനും, കൃഷി ഡയറക്ടർ കൺവീനറും ആയുള്ള സംസ്ഥാനതല അവാർഡ് കമ്മിറ്റി മുമ്പാകെ സംസ്ഥാന ഫീൽഡ് പരിശോധന ടീം അവതരിപ്പിക്കുകയും അവയിൽ നിന്നും ഓരോ അവാർഡിനും നിശ്ചയിച്ചിട്ടുള്ള

മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച കർഷകരെ സംസ്ഥാനതല അവാർഡ് കമ്മിറ്റി മുമ്പാകെ സംസ്ഥാന ഫീൽഡ് പരിശോധന ടീം അവതരിപ്പിക്കുകയും അവയിൽനിന്നും ഓരോ അവാർഡിനും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച കർഷകരെ സംസ്ഥാനതല അവാർഡ് കമ്മിറ്റി തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

ഓരോ അവാർഡിന്റെയും മാനദണ്ഡങ്ങളും അവാർഡ് തുകയും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി-ഡി) നിലവിൽ കാർഷിക സർവ്വകലാശാല നടത്തുന്ന ബി.എസ്.സി. (അഗ്രികൾച്ചർ) കോഴ്സിലെ പ്രവേശനത്തിന് 15 സീറ്റ് കർഷകരുടെ മക്കൾക്ക് സംവരണം ചെയ്തിട്ടുണ്ട്. ഇതിൽ പൊതുവിഭാഗത്തിന് 9 സീറ്റും സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗത്തിലുള്ളവർക്ക് 3 സീറ്റും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് 3 സീറ്റും സംവരണം ചെയ്തിട്ടുണ്ട്.

അതോടൊപ്പം കേരള വെറ്ററിനറി സർവ്വകലാശാല നടത്തുന്ന BVSc&AH കോഴ്സിലും കർഷകരുടെ മക്കൾക്കായി കേരള വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള രണ്ട് കോളേജിലും ഓരോ സീറ്റ് വീതം സംവരണം ചെയ്തിട്ടുണ്ട്.

കൂടാതെ കാർഷിക മേഖലയിൽ പ്രാവീണ്യം തെളിയിച്ച് സംസ്ഥാനതലത്തിൽ അവാർഡുകൾ കരസ്ഥമാക്കിയ കർഷക പ്രതിഭയായിട്ടുള്ള ഒരു വിദ്യാർത്ഥിക്ക് കേരള കാർഷിക സർവ്വകലാശാല നടത്തുന്ന Bsc (Hons.) Agriculture കോഴ്സിൽ ഒരു സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.

## കാർഷിക സർവ്വകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങൾ

96 (2930) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടശേഷം ഏതെല്ലാം തസ്തികകളിലാണ് നിയമനങ്ങൾ നടത്തിയതെന്ന് വ്യക്തമാക്കാമോ; ദീർഘകാലമായി പല തസ്തികകളിലും നിയമനങ്ങൾ നടത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇത്തരം നിയമനങ്ങൾ നടത്താത്തത് സർവകലാശാലയുടെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം നിയമനങ്ങൾ എത്രയും പെട്ടെന്ന് നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) കാർഷിക സർവ്വകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടശേഷം അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിലാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്. കാർഷിക സർവ്വ കലാശാലയിലെ അനദ്ധ്യാപക തസ്തികകളിൽ സ്റ്റാറ്റ്യൂട്ട് നിലവിലില്ലാത്ത തസ്തികകൾക്ക് സ്റ്റാറ്റ്യൂട്ട് തയ്യാറാക്കി ബഹു. ഗവർണറുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. അതോടൊപ്പം അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുനൽകിയ സാഹചര്യത്തിൽ ടി തസ്തികകളുമായി ബന്ധപ്പെട്ട് വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കേണ്ടതുണ്ട്.

പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്താനായി നിശ്ചയിച്ചിരിക്കുന്ന അനദ്ധ്യാപക തസ്തികകളുടെ വിശേഷാൽ ചട്ടം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ടി ചട്ടത്തിൽ ഉൾപ്പെടുത്തേണ്ട തസ്തികകളും അവയുടെ യോഗ്യതകളും നിയമനരീതിയും ഉൾപ്പെടുത്തി കരട് ചട്ടം തയ്യാറാക്കി സമർപ്പിക്കുവാൻ കാർഷിക സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അനദ്ധ്യാപക തസ്തികകൾ പബ്ലിക് സർവ്വീസ് കമ്മീഷനുവിട്ട സാഹചര്യത്തിൽ ടി തസ്തികകളുടെ സ്പെഷ്യൽ റൂൾ തയ്യാറാക്കി അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വെറ്ററിനറി സർവ്വകലാശാലയിൽ സംവരണം പാലിക്കാതെ നിയമനം**

97 (2931) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി സർവ്വകലാശാലയിൽ സ്ഥിരനിയമനങ്ങളിലും താത്കാലിക നിയമനങ്ങളിലും സംവരണം പാലിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം തസ്തികകളിലാണ് സംവരണം പാലിക്കാതെ നിയമനം നടന്നത്; പ്രസ്തുത നിയമനങ്ങളിൽ സവരണം പാലിച്ച് ക്രമീകരണം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) എല്ലാ തസ്തികകളിലും സംവരണം പാലിച്ചുകൊണ്ടാണ് നിയമനം നടത്തിയിട്ടുള്ളത്. 2011 ഏപ്രിൽ മാസം നിലവിൽ വന്ന വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാലയിൽ ഇതുവരെ നടന്ന എല്ലാ താൽക്കാലിക നിയമനങ്ങളിലും സ്ഥിര നിയമനങ്ങളിലും നിലവിലുള്ള സംവരണ ചട്ടങ്ങൾ പൂർണ്ണമായും പാലിച്ചിട്ടുണ്ട്.

**സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ**

98 (2932) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വെയർഹൗസിംഗ് കോർപറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്; അറിയിക്കുമോ ;

(സി) സംസ്ഥാന പ്ലാൻ ഫണ്ടിൽനിന്നും 2017-18 സാമ്പത്തിക വർഷത്തിൽ പ്രസ്തുത കോർപ്പറേഷന് അനുവദിച്ച തുകയിൽ എത്ര ശതമാനം ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൂടുതൽ ഗോഡൗണുകൾ നിർമ്മിച്ചും ജീവനക്കാർക്ക് മെച്ചപ്പെട്ട ട്രെയിനിംഗ് നൽകിയും കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷന് ഷെയർക്യാപിറ്റൽ ഇനത്തിൽ 50 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക ഈ സാമ്പത്തിക വർഷം തന്നെ പൂർണ്ണമായും വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**കീടനിയന്ത്രണ പ്രവർത്തനങ്ങളിൽ സ്വകാര്യ പങ്കാളിത്തം**

99 (2933) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീടനിയന്ത്രണ പ്രവർത്തനങ്ങളിൽ സ്വകാര്യ പങ്കാളിത്തം കൊണ്ടുവരാൻ കൃഷി വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതിനായി സംസ്ഥാന വെയർ ഹൗസിങ് കോർപ്പറേഷന് ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കാർഷികമേഖലയിൽ കീടനിയന്ത്രണ പ്രവർത്തനങ്ങളിൽ സ്വകാര്യ പങ്കാളിത്തം കൊണ്ടുവരുവാൻ കൃഷി വകുപ്പ് ഉദ്ദേശിക്കുന്നില്ല. ഇതിനായി

നടപടികൾഒന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ സ്ഥാപനങ്ങളിലെ സ്വന്തം ഉല്പന്നങ്ങൾ ഉപയോഗിച്ച് കീടനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പരിചയസമ്പന്നരും വിദഗ്ധരുമായ തൊഴിലാളികളുടെ സേവനം ലഭ്യമാക്കുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## വെയർഹൗസുകളുടെ ആധുനികവൽക്കരണം

100 (2934) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വെയർഹൗസുകളുടെ ആധുനികവൽക്കരണത്തിനായി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത് ;

(ബി) പ്രസ്തുത ആധുനികവൽക്കരണത്തിനായി എന്തെങ്കിലും പഠനങ്ങൾ നടത്തുവാൻ ഈ സർക്കാർ മുൻകൈ എടുത്തിട്ടുണ്ടോ?

ഉത്തരം

(എ) കാർഷികവിളകളും മറ്റും കേടുകൂടാതെ സൂക്ഷിക്കുന്നതിന് ശാസ്ത്രീയമായി നിർമ്മിച്ച ഗോഡൗണുകളാണ് കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ഉപയോഗിച്ചുവരുന്നത്. കൂടാതെ പഴം, പച്ചക്കറി എന്നിവ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ശീതീകരണ സംവിധാനമുള്ള ഗോഡൗണുകൾ നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് കോർപ്പറേഷനിലെ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനായി വിവിധ വിഷയങ്ങളിൽ വിദഗ്ധ പരിശീലനം നൽകിവരുന്നുണ്ട്.

## തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

101 (2935) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് നാളിതുവരെ എത്ര തുക ചെലവായി എന്നും, അത് ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണെന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പദ്ധതി നിർവ്വഹണം അടുത്ത സാമ്പത്തിക വർഷമെങ്കിലും കാര്യക്ഷമമായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലയളവിൽ 2017-18 വർഷം തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് നാളിതുവരെ 3636.06 കോടി രൂപ ചെലവായി. അത് ആകെ പദ്ധതി വിഹിതത്തിന്റെ 58.7% ആണ്.

(ബി) പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും 12 മാസങ്ങൾ ലഭിക്കുന്നതിനായി മാർച്ച് 31-നുള്ളിൽ പദ്ധതി അംഗീകാരം നേടുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ചില തദ്ദേശസ്ഥാപനങ്ങൾ ഇതിനകം പദ്ധതി അംഗീകാരം നേടിയിട്ടുമുണ്ട്. പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് ഇത് സഹായിക്കും.

**ഫോർ ദ പീപ്പിൾ**

102 (2936) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരാതിപരിഹാര സംവിധാനമായ 'ഫോർ ദ പീപ്പിൾ' മുഖേന കോതമംഗലം മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് ലഭിച്ചിട്ടുള്ള പരാതികൾ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ലഭിച്ച പരാതികളിൽ എത്ര പരാതികൾ തീർപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പരാതികൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി&സി) കോതമംഗലം മണ്ഡലത്തിൽ ഉൾപ്പെടുന്ന നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ 2 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയത് പരിഹരിച്ചിട്ടുണ്ട്.

മുനിസിപ്പാലിറ്റിയിൽ പരാതികൾ ലഭിച്ചിട്ടില്ല.

(ഡി) സ്വീകരിക്കുന്നതാണ്.

### ഫോർ ദ പീപ്പിൾ

103(2937) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് നടത്തിവരുന്ന ഫോർ ദ പീപ്പിൾ എന്ന പദ്ധതി മുഖേന നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പരാതികളിൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ;

(സി) ഫോർ ദ പീപ്പിൾ വെബ്സൈറ്റ് മുഖേന ലഭിച്ച പരാതികളിൻമേൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 8-3-2018 വരെ 738 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കാലതാമസം നേരിട്ടിട്ടില്ല.

(സി) 5 ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

### ഫോർ ദി പീപ്പിൾ പദ്ധതി

104 (2938) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫോർ ദി പീപ്പിൾ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഫോർ ദി പീപ്പിൾ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) ഫോർ ദി പീപ്പിൾ പദ്ധതിയിലൂടെ നാളിതുവരെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്നും അവയിൽ എത്രയെണ്ണത്തിൽ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ പരാതി പരിഹാര വെബ് പോർട്ടലായ 'ഫോർ ദി പീപ്പിൾ' 2-2-2017-ൽ ആരംഭിച്ചിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന്റെകീഴിലുള്ള വിവിധ വകുപ്പുകളിലെ സ്വജനപക്ഷപാതം, അഴിമതി, സേവനങ്ങൾ നൽകുന്നതിലെ കാലതാമസം, കെടുകാര്യസ്ഥത എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികളും നിർദ്ദേശങ്ങളും നൽകുന്നതിന് ഓൺലൈനായി ഒരു പരാതി പരിഹാര സംവിധാനം എന്ന നിലയിലാണ് 'ഫോർ ദി പീപ്പിൾ' പദ്ധതി ആരംഭിച്ചത്. പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കാനും ആവശ്യമെങ്കിൽ ആയതുമായി ബന്ധപ്പെട്ട ഫോട്ടോ, വീഡിയോ എന്നിവ ചേർക്കാനും കഴിയും. ഇതിലൂടെ തദ്ദേശസ്ഥാപനങ്ങൾക്കെതിരായ പരാതി ഒരു പരിധിവരെ ഇല്ലാതാക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും, സുതാര്യത ഉറപ്പുവരുത്തുന്നതിനും കഴിയുന്നതാണ്. https://pglsgd.kerala.gov.in എന്നതാണ് വെബ് പോർട്ടലിന്റെ വിലാസം.

(സി) 8-3-2018 വരെ 738 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 563 എണ്ണം തീർപ്പാക്കിയിട്ടുണ്ട്.

**ബഡ്സ് സ്കൂളുകൾ**

105 (2939) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ അംഗീകാരമുള്ള എത്ര ബഡ്സ് സ്കൂളുകൾ നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ജില്ലയിൽ പുതുതായി ബഡ്സ് സ്കൂളുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) കുടുംബശ്രീയുടെ സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ ഡി.പി.ഐ. യുടെ അംഗീകാരത്തോടെ ഒരു ബഡ്സ് സ്കൂൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് 200 പുതിയ ബഡ്സ് സ്ഥാപനങ്ങൾ പ്രവർത്തനസജ്ജമാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 149 എണ്ണം ബഡ്സ് സ്കൂളുകളാണ്. ആയതിൻ പ്രകാരം പാലക്കാട് ജില്ലയിലെ 20 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2018-19 സാമ്പത്തിക വർഷത്തോടെ പുതിയ ബഡ്സ് സ്കൂളുകൾ പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഏകീകൃത വകുപ്പ് രൂപീകരണം

106 (2940) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്ത്, നഗരവികസനം, ഗ്രാമ വികസനം എന്നീ വകുപ്പുകൾ സംയോജിപ്പിച്ച് ഏകീകൃത വകുപ്പ് രൂപീകരിക്കുന്നത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

27-12-2016-ലെ സ.ഉ.(കൈ) നമ്പർ 198/2016/തസ്വഭവ. പ്രകാരം പൊതുസർവ്വീസിനുവേണ്ടിയുള്ള കരട് വിശേഷാൽ ചട്ടം തയ്യാറാക്കുന്നതിന് ലോക്കൽ ഗവൺമെന്റ് കമ്മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഏകീകൃത കേഡർ ഉണ്ടാക്കുന്നതിന്റെ പ്രാരംഭ നടപടിക്രമങ്ങൾ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ആരംഭിച്ചിട്ടുണ്ട്. 27-1-2018-ലെ സ.ഉ.(കൈ) നം. 10/2018/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ ഏകീകൃത കേഡർ രൂപീകരണത്തിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിനും കരട് ചട്ടങ്ങൾ അന്തിമ നടപടികൾക്കായി സമർപ്പിക്കുന്നതിനും കരട് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തേണ്ട സീനിയോറിറ്റി ലിസ്റ്റ് കുറ്റമറ്റതാക്കുക, നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റേഷ്യോ അനുസരിച്ചുള്ള കരട് വിശേഷാൽ ചട്ടത്തിൽ അപാകതയുണ്ടെങ്കിൽ അത് പരിഹരിക്കുക തുടങ്ങി പുതിയ സർവ്വീസ് നിലവിൽ വരുത്തുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം നിറവേറ്റുന്നതിന് നിർദ്ദിഷ്ട ഏകോപിത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറായി ശ്രീ. എ. അജിത് കുമാർ ഐ.എ.എസ്. -നെ നിയമിച്ചിട്ടുണ്ട്. 27-2-2018-ലെ സ.ഉ.(സാധാ)നമ്പർ 570/2018/തസ്വഭവ പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യ വകുപ്പുകളിലെ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

## തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരണം

107 (2941) ശ്രീ. കെ.മുരളീധരൻ:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ സർവ്വീസ് രൂപീകരണം എത്രമാത്രം സഹായകമാകുമെന്നറിയിക്കാമോ;

(സി) ഇത് സംബന്ധിച്ച് കരട് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; തദ്ദേശ സ്വയംഭരണ സർവ്വീസുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 27-12-2016-ലെ സ.ഉ.(കൈ) നമ്പർ 198/2016/തസ്വഭവ. പ്രകാരം പൊതുസർവ്വീസിനുവേണ്ടിയുള്ള കരട് വിശേഷാൽ ചട്ടം തയ്യാറാക്കുന്നതിന് ലോക്കൽ ഗവൺമെന്റ് കമ്മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഏകീകൃത കേഡർ ഉണ്ടാക്കുന്നതിന്റെ പ്രാരംഭ നടപടിക്രമങ്ങൾ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ആരംഭിച്ചിട്ടുണ്ട്. 27-1-2018-ലെ സ.ഉ.(കൈ) നമ്പർ 10/2018/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ ഏകീകൃത കേഡർ രൂപീകരണത്തിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിനും കരട് ചട്ടങ്ങൾ അന്തിമ നടപടികൾക്കായി സമർപ്പിക്കുന്നതിനും കരട് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തേണ്ട സീനിയോറിറ്റി ലിസ്റ്റ് കുറ്റമറ്റതാക്കുക, നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റേഷ്യോ അനുസരിച്ചുള്ള കരട് വിശേഷാൽ ചട്ടത്തിൽ അപാകതയുണ്ടെങ്കിൽ അത് പരിഹരിക്കുക തുടങ്ങി പുതിയ സർവ്വീസ് നിലവിൽ വരുത്തുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം നിറവേറ്റുന്നതിന് നിർദ്ദിഷ്ട ഏകോപിത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറായി ശ്രീ. എ. അജിത് കുമാർ ഐ.എ.എസ്.-നെ നിയമിച്ചിട്ടുണ്ട്. 27-2-2018-ലെ സ.ഉ.(സാധാ)നമ്പർ 570/2018/തസ്വഭവ പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യ വകുപ്പുകളിലെ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ ഇന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന ഭരണപരമായ പ്രശ്നങ്ങൾക്കും ആസൂത്രണ പദ്ധതിയുടെ രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിന് കഴിയും.

(സി) കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്തതിനുശേഷം കരട് ചട്ടത്തിന് അന്തിമരൂപം നൽകുന്നതാണ്.

## ഏകോപിത തദ്ദേശ ഭരണ സർവ്വീസ്

108 (2942) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. സി.മമ്മൂട്ടി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, നഗരാസൂത്രണ വകുപ്പ്, തദ്ദേശ എഞ്ചിനീയറിംഗ് വിഭാഗം , ഗ്രാമ വികസന ഡയറക്ടറേറ്റ് എന്നിവ സംയോജിപ്പിച്ച് ഏകോപിത തദ്ദേശ ഭരണ സർവ്വീസ് നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് നടപ്പിലാക്കുന്നതുവഴി നിലവിലുള്ള സംവിധാനത്തിൽനിന്നും വ്യത്യസ്തമായി പറയാവുന്ന മേന്മകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശക്തമാക്കുന്നതിന് ഏകോപിത സംവിധാനം ആവശ്യമാണെന്ന കാര്യം അധികാര വികേന്ദ്രീകരണ കമ്മിറ്റിയും (സെൻ കമ്മിറ്റി) വീരപ്പ മൊയ്‌ലി കമ്മിറ്റിയടക്കമുള്ള വിദഗ്ധ സമിതികൾ പഠിച്ച് സമർപ്പിച്ച റിപ്പോർട്ടുകളിലുമുണ്ട്. കൂടാതെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ തദ്ദേശഭരണ സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച വ്യക്തമായ വകുപ്പുമുണ്ട്. ഇത് എങ്ങനെ നടപ്പിലാക്കണമെന്ന് മാത്രം പരാമർശമില്ല. അതിനാലാണ് ഈ ചുമതല ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ഏല്പിച്ചത്. കമ്മീഷൻ വിശദമായ പഠനങ്ങൾക്കുശേഷം കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ ഇന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന ഭരണപരമായ പ്രശ്നങ്ങൾക്കും ആസൂത്രണ പദ്ധതിയുടെ രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ഹൈമാസ്റ്റ്/മിനിമാസ്റ്റ് സ്ട്രീറ്റ് ലൈറ്റുകൾ

109 (2943) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനമായ കേരളാ ആട്ടോമൊബൈയിൽസ് വഴി തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് ആവശ്യമായ ഹൈമാസ്റ്റ് ലൈറ്റ്, ഓട്ടോറിക്ഷ വിതരണം , വെയിറ്റിംഗ് ഷെഡ് നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് കേരള ആട്ടോമൊബയിൽസ് എം.ഡി.-യുടെ നിവേദനം എം.എൽ.എ.-യുടെ ഉപരി കത്തോടെ കോർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിച്ചെങ്കിലും മേൽ പറഞ്ഞ സ്വന്തമായി ഉത്പാദിപ്പിക്കുന്ന ഓട്ടോറിക്ഷ ഒഴികെ മറ്റ് സാധനങ്ങൾ വിതരണം ചെയ്യുന്നതിനും, പ്രവൃത്തികൾക്കും അംഗീകാരം നൽകാൻ കഴിയില്ല എന്ന കോർഡിനേഷൻ കമ്മിറ്റി തീരുമാനം ശ്രദ്ധയിൽപ്പെട്ടോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹൈമാസ്റ്റ്/മിനിമാസ്റ്റ് സ്ട്രീറ്റ് ലൈറ്റുകൾ ടെൻണ്ടർ കൂടാതെ വാങ്ങുന്നതിനു മേൽപറഞ്ഞവ സ്വന്തമായി ഉത്പാദിപ്പിക്കാത്ത കെ.എസ്.ഐ.ഇ., സിഡ്കോ, കെൽ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ സർക്കാർ ഉത്തരവും തീയതിയും വ്യക്തമാക്കാമോ;

(സി) കെ.എസ്.ഐ.ഇ., സിഡ്കോ, കെൽ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കാത്ത സാധനങ്ങൾ വിതരണം നടത്തി വരുന്ന അവസ്ഥയിൽ ഈ ആവശ്യത്തിലേക്കായി പൊതുമേഖലാ സ്ഥാപനമായ കേരളാ ആട്ടോമൊബൈയിൽസിനെയും പരിഗണിക്കാൻ കഴിയുമോ; ഇല്ലാ എങ്കിൽ കെ.എസ്.ഐ.ഇ., സിഡ്കോ, കെൽ-എന്നീ സ്ഥാപനങ്ങൾ നിർമ്മിക്കാത്ത സാധനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാങ്ങുന്നതിനു അനുമതി നൽകിയ സാഹചര്യം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ഐ.ഇ., സിഡ്കോ, കെൽ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഹൈമാസ്റ്റ്/മിനിമാസ്റ്റ് സ്ട്രീറ്റ് ലൈറ്റുകൾ ടെണ്ടർ കൂടാതെ വാങ്ങുന്നതിനു ഉത്തരവൊന്നും തന്നെ നൽകിയിട്ടില്ല.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**സ്മാർട്ട് സിറ്റി മിഷന്റെ പ്രവർത്തനം**

110 (2944) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് സിറ്റി മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത മിഷനുവേണ്ടി 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയുടെ എത്ര ശതമാനം ചെലവഴിക്കാൻ സാധിച്ചു എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. നഗരാസൂത്രണ വകുപ്പിന്റെകീഴിൽ സ്മാർട്ട് സിറ്റി ഏര്യയുടെ ടൗൺ പ്ലാനിംഗ് സ്കീം തയ്യാറാക്കി കൊച്ചി കോർപ്പറേഷന് സമർപ്പിച്ചു. കൊച്ചി മെട്രോ ജലഗതാഗത പദ്ധതിയായ വാട്ടർ മെട്രോ പ്രോജക്ടിന്റെ ഭാഗമായി സ്മാർട്ട് സിറ്റിയിൽ ഉൾപ്പെടുന്ന ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, സിറ്റി സെൻട്രൽ തുടങ്ങിയ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ജലഗതാഗത പദ്ധതി പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നു. യന്ത്രേതര ട്രാൻസ്പോർട്ട് (Non Motorised Transport) പദ്ധതിയുടെ ഭാഗമായി മഹാരാജാസ് മെട്രോ സ്റ്റേഷൻ മുതൽ എറണാകുളം ബോട്ടുജെട്ടി വരെയുള്ള ഹോസ്പിറ്റൽ റോഡിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. 31-3-2018-ന് മുമ്പായി ടെണ്ടർ ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രോജക്ടുകൾ താഴെപ്പറയുന്നു:

1. സ്മാർട്ട് ക്ലാസുകൾ
2. എൽ.ഇ.ഡി. ലൈറ്റുകൾ
3. പബ്ലിക് ബൈസിക്കിൾ ഷെയറിംഗ്
4. ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ടേഷൻ മാനേജ്മെന്റ് സിസ്റ്റം
5. ജനറൽ ഹോസ്പിറ്റലിന്റെയും മറ്റ് ഹോസ്പിറ്റലുകളുടെയും വികസനം
6. നഗരത്തിൽ സ്മാർട്ട് വൈഫൈ.
7. റോഡുകൾ, നടപ്പാതകൾ, സിഗ്നലുകൾ.

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗ് നടത്തി, പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തി നടപ്പിലാക്കേണ്ട പദ്ധതികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിക്കായി ഇതിനോടകം ആകെ 396 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. (കേന്ദ്ര വിഹിതം - 196 കോടി രൂപ, സംസ്ഥാന വിഹിതം - 200 കോടി രൂപ, കൊച്ചിൻ കോർപ്പറേഷൻ -1.72 കോടി രൂപയും) നാളിതുവരെ ചെലവായ തുക - 2.75 കോടി രൂപയാണ്.

സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡിന്റെ നടത്തിപ്പിനായി 30.08.2017-ൽ കമ്പനി രൂപീകരിച്ചതിനുശേഷം 4 ഡയറക്ടർ ബോർഡ് യോഗങ്ങൾ കൂടുകയും ഒരു സ്റ്റേറ്റ് ലെവൽ ഹൈപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി യോഗം കൂടുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയകൾ നടന്നുവരുന്നു.

പദ്ധതിക്കായി കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. കമ്പനിയുടെ രജിസ്ട്രേഷൻ ചെലവുകൾക്കായി ഒരു കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സ്മാർട്ട് ബസ് സ്റ്റോപ്പുകൾ, വാട്ടർ ഫൗണ്ടനുകൾ, പൊതുശൗചാലയങ്ങളുടെ നവീകരണം എന്നിവയ്ക്കായി തിരുവനന്തപുരം നഗരസഭ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതികളുടെ ഡിസൈനിംഗ് പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**പാലിയേറ്റീവ് കെയർ നഴ്സുമാരുടെയും ആശാവർക്കർമാരുടെയും വേതനം**

111 (2945) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾക്കുകീഴിൽ ജോലി ചെയ്തുവരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെയും ആശാ വർക്കർമാരുടെയും നിലവിലുള്ള വേതനം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുൻപ് പാലിയേറ്റീവ് കെയർ നഴ്സുമാർക്കും, ആശാ വർക്കർമാർക്കും കിട്ടിയിരുന്ന വേതനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) അവർക്ക് തുടർന്ന് നൽകാൻ ഉദ്ദേശിക്കുന്ന മറ്റാനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം പ്രതിമാസം 15,000 രൂപയും ആശാവർക്കർമാരുടേത് 2,000 രൂപയുമാണ്. ചെയ്യുന്ന ജോലിക്കനുസരിച്ച് വിവിധ പദ്ധതികളിൽ നിന്നുള്ള ഇൻസെന്റീവുകളും ആശാവർക്കർമാർക്ക് ലഭിക്കുന്നു.

(ബി) പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് 10,000 രൂപയും ആശാവർക്കർമാർക്ക് 1,000 രൂപയുമായിരുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. ആശാവർക്കർമാർക്ക് 2018-19-ലെ ബജറ്റ് പ്രസംഗത്തിൽ പ്രതിമാസ ഓണറേറിയം 2,000 രൂപ കൂട്ടിയതായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന ഇൻസെന്റീവുകളും അവർക്ക് ലഭ്യമാകും.

**ബാറുകൾക്ക് ലൈസൻസിന് എൻ.ഒ.സി.**

112 (2946) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകൾക്ക് ലൈസൻസ് നൽകുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിവരുന്ന എൻ.ഒ.സി. വേണ്ടെന്ന് സർക്കാർ തീരുമാനിച്ചത് എന്തുകൊണ്ടാണ്;വിശദമാക്കുമോ;

(ബി) ഈ തീരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരത്തിന്മേലുള്ള സർക്കാരിന്റെ കടന്നുകയറ്റം ആണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കുമോ?

ഉത്തരം

(എ) ബാറുകൾക്ക് ലൈസൻസ് നൽകുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി വേണമെന്ന വ്യവസ്ഥ ഒഴിവാക്കിക്കൊണ്ട് കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ട് 447-ാം വകുപ്പും ഭേദഗതി ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ആകെ ഒരേ തരത്തിലുള്ള അബ്കാരി നയം നടപ്പിലാക്കുന്നതിനും നിലവിലുള്ള ലൈസൻസികളും പുതിയ അപേക്ഷകരും തമ്മിലുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയുടെ ഭേദഗതി അനിവാര്യമാണെന്നും ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമുള്ള എക്സൈസ് വകുപ്പിന്റെ ആവശ്യം പരിശോധിച്ചാണ് പ്രസ്തുത ഭേദഗതി വരുത്തിയത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കുടുംബശ്രീ നടപ്പിലാക്കുന്ന എൻ.ആർ.എൽ.എം. പദ്ധതി**

113 (2947) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്ന നാഷണൽ റൂറൽ ലൈവലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം.) പദ്ധതിയനുസരിച്ച് സ്വയം തൊഴിൽ സംരംഭം നടത്തുന്നതിന് ഈ സാമ്പത്തിക വർഷം എത്ര കുടുംബങ്ങൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; എത്ര തുകയാണ് ഇതുവരെയായി അനുവദിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

ഉത്തരം

കുടുംബശ്രീ നടപ്പിലാക്കി വരുന്ന നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ പദ്ധതിയിൽ സ്വയം തൊഴിൽ സംരംഭകർക്ക് വളരെ കുറഞ്ഞ പലിശനിരക്കിൽ (4%) ഡിമിനിഷിംഗ് റേറ്റ് തവണ വ്യവസ്ഥയിൽ വായ്പകൾ ലഭ്യമാക്കുകയാണ് ചെയ്യുന്നത്. 2017-18-ൽ കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ടിനത്തിൽ കണ്ണൂർ ജില്ലയിൽ 38 സി.ഡി.എസ്.-കൾക്ക് 500000 രൂപ വീതം നൽകിയിട്ടുണ്ട്. 22 സി.ഡി.എസ്.-കൾക്ക് 108 സംരംഭങ്ങൾക്കായി 76 ലക്ഷം രൂപ വായ്പയായി നൽകിയിട്ടുണ്ട്. നിലവിലെ സംരംഭം മെച്ചപ്പെടുത്തുന്നതിനും പുതിയ സംരംഭം തുടങ്ങുന്നതിനും വായ്പ ഉപയോഗിക്കാം.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ വിനിയോഗം**

114 (2948) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ടാർ എണ്ണക്കമ്പനികളിൽ നിന്നും നേരിട്ട് വാങ്ങി കരാറുകാർക്ക് നൽകണമെന്ന നിബന്ധന കൊണ്ടുവന്നിട്ടുണ്ടോ;

(ബി) എങ്കിൽ ടാർ വാങ്ങി നൽകുന്ന പ്രവൃത്തികളുടെ അടങ്കൽ തുക ഉയർത്തി നൽകിയിട്ടുണ്ടോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ക്രിയാത്മക മേഖലയിൽ വിനിയോഗിക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഉല്പാദന മേഖലയിലേക്ക് നീക്കിവച്ചിട്ടുള്ള ഫണ്ട് വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തിയില്ലായെന്നും ചില പാടശേഖര സമിതികൾ കാർഷികോപകരണങ്ങൾ വാങ്ങിക്കൂട്ടിയ ശേഷം അത് ഉപയോഗിക്കാതെ ഉപേക്ഷിക്കുന്നതായും കണ്ടെത്തിയിട്ടുണ്ടോ;എങ്കിൽ ഇത്തരം പാഴ് ചെലവ് കുറയ്ക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ടാർ കരാറുകാർ ആവശ്യപ്പെടുന്ന പക്ഷം തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ വാങ്ങി നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് താല്പര്യമുള്ള പക്ഷം അടങ്കൽ പരിധിയില്ലാതെ എല്ലാ റോഡ് പ്രവൃത്തികൾക്കും ടാർ വാങ്ങി കൊടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം പദ്ധതി വിഹിതത്തിന്റെ മേഖലാ വിഭജനം, ഓരോ മേഖലയിലെയും വകയിരുത്തൽ, ഏറ്റെടുക്കാവുന്ന മാതൃകാ പ്രോജക്ടുകൾ എന്നിവയുൾപ്പെടെ പദ്ധതി വിഹിതത്തിന്റെ ക്രിയാത്മക വിനിയോഗത്തിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

115 (2949) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ നടപ്പിലാക്കിവരുന്ന സാധാരണ പ്രവൃത്തികളിൽ നിന്നും വ്യത്യസ്തമായി ഗുണപരമായി മെച്ചപ്പെട്ടതലത്തിലുള്ളതും സംയോജിത പ്രകൃതി വിഭവ പരിപാലനത്തിൽ അധിഷ്ഠിതവുമായ പ്രവൃത്തികളിലേയ്ക്ക് മാറുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ 2018-19 ൽ ഏതെല്ലാം തരത്തിലുള്ള പ്രവൃത്തികളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നീർത്തട മാസ്റ്റർ പ്ലാനുകൾ പുതുക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ ഇത്തരം പദ്ധതിക്ക് യോജിച്ച ഗ്രാമപഞ്ചായത്തുകളെ കണ്ടെത്തിയിട്ടുണ്ടോ;

(സി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളെയാണ് നീർത്തട മാസ്റ്റർപ്ലാൻ പരിഷ്കരിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ളത്; ഈ പഞ്ചായത്തുകളിൽ പദ്ധതി പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ലക്ഷ്യമിടുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ കാർഷിക ഉല്പാദനത്തിലും ജനങ്ങളുടെ വരുമാനത്തിലും സുസ്ഥിര വർദ്ധനവ് ലക്ഷ്യമാക്കിയുള്ള നീർത്തടാധിഷ്ഠിത തത്വത്തിൽ ഊന്നിയുള്ള ഭൂവികസന ജലസംരക്ഷണ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ഹരിതകേരളം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾക്കനുസൃതമായി കിണർ റീചാർജ്ജിംഗ്, കുളങ്ങളുടെയും മറ്റ് ജലസംഭരണികളുടെയും നവീകരണം, നഴ്സറി സ്ഥാപനവും വൃക്ഷവൽക്കരണ പ്രവർത്തനങ്ങളും കമ്പോസ്റ്റ് നിർമ്മാണം എന്നിവയ്ക്കും 2018-19 സാമ്പത്തിക വർഷത്തെ കർമ്മപദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോക്കൽ ഏര്യാ പ്രവർത്തനങ്ങളായ അങ്കണവാടി, കുളം, വ്യക്തിഗത ശുചിമുറികൾ എന്നിവയുടെ നിർമ്മാണത്തിനും ഊന്നൽ നൽകിയിട്ടുണ്ട്. കൂടാതെ ലൈഫ് മിഷൻ മറ്റ് ഭവനനിർമ്മാണ പദ്ധതികൾക്കും ആവശ്യമായ നിർമ്മാണസാമഗ്രികളായ കട്ട, കട്ടിള എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ലക്ഷ്യമിടുന്നു.

(ബി) ലക്ഷ്യമിടുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നിലവിലുള്ള നീർത്തട മാസ്റ്റർപ്ലാനുകൾ മൂന്നുഘട്ടങ്ങളിലായി പുതുക്കുന്നതിന് ലക്ഷ്യമിടുന്നു. ആദ്യഘട്ടത്തിൽ മലയോരമേഖലയിലെ ഗ്രാമപഞ്ചായത്തുകളും തുടർന്ന് ഇടനാട് പ്രദേശത്തെ ഗ്രാമപഞ്ചായത്തുകളിലും അവസാനം തീരദേശ ഗ്രാമപഞ്ചായത്തുകളിലും നീർത്തട മാസ്റ്റർപ്ലാനുകൾ പുതുക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകൾ പുതുക്കേണ്ടുന്ന മലയോരമേഖലയിൽപ്പെട്ട 245 ഗ്രാമപഞ്ചായത്തുകളെ സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ സാങ്കേതിക സഹായത്തോടെ കണ്ടെത്തിയിട്ടുണ്ട്.

(സി) ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 245 ഗ്രാമ പഞ്ചായത്തുകളിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടില്ല.

## ആലത്തൂർ മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

116 (2950) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിലെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കേണ്ട ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

117(2951) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന 2016-17, 2017-18 വർഷങ്ങളിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(ബി) നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കുമോ; ഓരോ പ്രവൃത്തികളും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ടുപയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന 2016-17 ലെ Chazhiyodu Panamkunnu road renovation in Karimpuzha GP എന്ന പ്രവൃത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. 2017-18 വർഷത്തെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടില്ല. 2017-18 വർഷം മുതൽ ആസ്തി വികസന പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് അതത് ജില്ലാ കളക്ടർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ബി) നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങളും, ഓരോ പ്രവൃത്തികളും പൂർത്തീകരിക്കാൻ കഴിയുന്ന തീയതിയും അടങ്ങുന്ന വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കണ്ണങ്ങാട്-വില്ലിംഗ്ടൺ ഐലന്റ് പാലം

118 (2952) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കണ്ണങ്ങാട്-വെല്ലിംഗ്ടൺ ഐലന്റ് പാലത്തിൽനിന്നും ഇന്ദിരാഗാന്ധി റോഡിലേക്കുള്ള പുതിയ റോഡിന്റെ നിർമ്മാണം പരിഗണനയിലുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിന്റെ നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത റോഡിന്റെ അലൈൻമെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) എത്ര സെന്റ് സ്ഥലമാണ് ഇതിനായി ഏറ്റെടുക്കേണ്ടതായിട്ടുള്ളതെന്നും ഇതാരുടെയെല്ലാം കൈവശത്തിലാണെന്നും എത്ര രൂപയാണ് ഓരോ ഭൂവുടമകൾക്കും നൽകേണ്ടതായിട്ടുള്ളതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഇ) നഷ്ടപരിഹാര തുക നല്കുന്നതിനും റോഡ് നിർമ്മാണത്തിനുമായി തുക വകയിരുത്തിയിട്ടുണ്ടോ; ഈ റോഡിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് കൂടുതൽ തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ;

(എഫ്) തണ്ണീർത്തട നിയമപ്രകാരം അനുവാദം ലഭിക്കേണ്ട ഭൂമി ഈ അലൈൻമെന്റിൽ ഉൾപ്പെട്ടിട്ടുണ്ടോ; ആയതിന് അനുവാദം ലഭ്യമായിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മധുര കമ്പനി കണ്ണങ്ങാട്ട് പാലത്തിന്റെ അപ്രോച്ച് റോഡ് ഇന്ദിരാഗാന്ധി റോഡുമായി യോജിപ്പിക്കുന്നതിനായി 2015-16 മുതൽ 2017-18 വരെയുള്ള വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് നിലവിൽ ടി റോഡിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി നടന്നുവരുന്നുണ്ട്. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ബാക്കി സ്ഥലങ്ങൾകൂടി ഏറ്റെടുത്ത് ടി റോഡ് സഞ്ചാരയോഗ്യമാക്കുന്നതാണ്.

(സി) അനുബന്ധമായി ചേർക്കുന്നു.*

(ഡി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* ഭൂവുടമകൾക്ക് നൽകേണ്ടി വരുന്ന ആകെ തുക തിട്ടപ്പെടുത്തിയിട്ടില്ല.

(ഇ) ഉണ്ട്; കൂടുതൽ തുക വകയിരുത്താൻ കോർപ്പറേഷൻ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ഉണ്ട്. അനുവാദം ലഭ്യമായിട്ടില്ല. തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം അനുവാദം ലഭ്യമാക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് കൊച്ചി കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**തദ്ദേശമിത്ര പദ്ധതി**

119 (2953) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ "തദ്ദേശമിത്ര" പദ്ധതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രവർത്തനം തൃപ്തികരമാണെന്ന് ലോകബാങ്ക് പരിശോധനാ സംഘം അഭിപ്രായപ്പെട്ടിട്ടുണ്ടോ;

(സി) തദ്ദേശമിത്രയുടെ രണ്ടാംഘട്ടം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനുവേണ്ടി ലോകബാങ്കിനെ സമീപിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ-ബി)) ഉണ്ട്.

(സി) രണ്ടാംഘട്ടം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനുവേണ്ടി ഒരു ആശയ കുറിപ്പ് (Concept Note) കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുക വിനിയോഗം**

120 (2954) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി തുക വിനിയോഗിക്കുന്നതിൽ വേണ്ടത്ര പുരോഗതി 2017-18 സാമ്പത്തിക വർഷത്തിലും കൈവരിക്കുവാൻ സാധിക്കാത്തതിന്റെ കാരണം എന്താണ്;വിശദമാക്കുമോ;

(ബി) കഴിഞ്ഞ വർഷം പദ്ധതി തുക വിനിയോഗത്തിൽ പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ ഇതിൽ മാറ്റം വരുത്തുന്നതിന് പ്രതിമാസ, ത്രൈമാസ ലക്ഷ്യം നിശ്ചയിച്ചിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സമയബന്ധിതമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; അതുപ്രകാരം പദ്ധതി ആസൂത്രണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാധിക്കാത്ത സാഹചര്യം എന്തുകൊണ്ടാണ് ഉണ്ടായതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 വാർഷിക പദ്ധതിയിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. ലക്ഷ്യമിട്ട വിധത്തിലുള്ള പുരോഗതി കൈവരിക്കുവാൻ സാധിക്കാത്തതിന്റെ പ്രധാനപ്പെട്ട ചില കാരണങ്ങൾ ചുവടെ ചേർക്കുന്നു:

1. ജി.എസ്.റ്റി. നിലവിൽവന്ന സമയത്ത് കരാറുകാർ ടെണ്ടർ നടപടികൾ ബഹിഷ്കരിച്ചതും മരാമത്ത് പണികൾ നിർത്തിവച്ചതും.
2. ട്രഷറികളിലെ ബിൽ പെൻഡിംഗ്
3. മരാമത്ത് പണികൾക്കാവശ്യമായ സാധനസാമഗ്രികളുടെ ലഭ്യതക്കുറവ്
4. എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവ്

തദ്ദേശഭരണ സ്ഥാപനങ്ങളായ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും 2016-17 സാമ്പത്തിക വർഷത്തിൽ ഇതേസമയം ചെലവഴിച്ചതിനേക്കാൾ കൂടുതൽ ശതമാനം പദ്ധതി വിഹിതം ചെലവഴിച്ചിട്ടുണ്ട്. 2017 ജൂലൈ 1-ന് ജി.എസ്.ടി. നിലവിൽ വന്നതിനെത്തുടർന്ന് മരാമത്ത് പണികളുടെ ടെണ്ടർ കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യമുണ്ടായി. 1-11-2017 ലെ സ.ഉ.(അച്ചടി) നമ്പർ 87/2017/തസ്വഭവ പ്രകാരം ജി.എസ്.ടി. സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയതിനുശേഷമാണ് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പുരോഗമിച്ചിട്ടുള്ളത്.

(ബി) 26-7-2017 ലെ ഡി.എ.1/529/(1)/2017/തസ്വഭവ. സർക്കുലർ പ്രകാരം പദ്ധതി തുകയുടെ 25% ഓരോ ത്രൈമാസവും ചെലവഴിക്കണമെന്നും 2018 ഫെബ്രുവരി മാസത്തോടെ 85% പദ്ധതി തുകയും ചെലവഴിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

ഈ സാമ്പത്തിക വർഷത്തിന്റെ പ്രാരംഭത്തിൽ തന്നെ പദ്ധതി നിർവ്വഹണ കലണ്ടർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി നിശ്ചയിച്ച് നൽകിയിരുന്നു. കൂടാതെ 28-10-2017 ലെ ഡി.എ 1/750/2017 നമ്പർ സർക്കുലർ മുഖേന പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നതാണ്. നഗരകാര്യ വകുപ്പിന്റെ പ്രതിമാസ അവലോകന യോഗങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ പിന്നിൽ നിൽക്കുന്ന നഗരസഭകൾക്ക് പ്രതിമാസലക്ഷ്യം നിശ്ചയിച്ച് നൽകുകയും അടുത്ത മാസത്തിൽ വിലയിരുത്തുകയും ചെയ്തിട്ടുള്ളതാണ്.

(സി) 2017-18 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ സമയബന്ധിതമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു.

26-7-2017-ലെ ഡി.എ. 1/529(1)/തസ്വഭവ സർക്കുലർ പ്രകാരം പദ്ധതി തുകയുടെ 25% ഓരോ ത്രൈമാസവും ചെലവഴിക്കണമെന്നും 2018 ഫെബ്രുവരി മാസത്തോടെ 85% പദ്ധതി തുകയും ചെലവഴിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. 7-7-2017 ലെ ഡിഎ 1/458/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം 2017-18 വാർഷിക പദ്ധതിക്ക് കലണ്ടർ നിശ്ചയിച്ച് നൽകിയിരുന്നു.

1-7-2017-ൽ ജി.എസ്.ടി. നിലവിൽ വന്നതിനെത്തുടർന്ന് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാലതാമസമുണ്ടായിട്ടുള്ളതാണ്.

ജി.എസ്.ടി. നിലവിൽ വന്നത് മൂലമുണ്ടായ പ്രശ്നങ്ങളും, പ്രാദേശികമായുണ്ടായ ടെണ്ടർ ബഹിഷ്കരണങ്ങളും മറ്റും മാർഗ്ഗരേഖ നിർദ്ദേശ പ്രകാരമുള്ള പദ്ധതി ആസൂത്രണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ട്രഷറികളിലെ ബിൽ പെൻഡിംഗ്, മരാമത്ത് പണികൾക്കാവശ്യമായ സാധന സാമഗ്രികളുടെ ലഭ്യതക്കുറവ്, എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവ് എന്നിവയും പദ്ധതി ആസൂത്രണത്തെ ബാധിച്ചിട്ടുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം**

121 (2955) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി തയ്യാറാക്കുന്നതിന് മൂന്ന് മാസവും, പദ്ധതി നിർവ്വഹണത്തിന് ഒമ്പത് മാസവും ലഭിക്കുന്ന രീതിയിൽ പദ്ധതി ക്രമീകരണം നടത്തുവാൻ തീരുമാനിച്ചിരുന്നോ;വ്യക്തമാക്കാമോ;

(ബി) ഇതുപ്രകാരമുള്ള പദ്ധതി നിർവ്വഹണം സാധ്യമായിട്ടും 2017-18-ൽ പദ്ധതി വിഹിതം ചെലവാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പുറകോട്ട് പോകുവാനുണ്ടായ സാഹചര്യമെന്താണ്;

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾ ഓരോ മാസവും, നിശ്ചിത ശതമാനം തുക പദ്ധതിയിനത്തിൽ ചെലവിടണമെന്ന വ്യവസ്ഥ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 29-3-2017-ലെ സ.ഉ.(കൈ)നമ്പർ 72/2017/ത.സ്വ.ഭ.വ.-ലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി തയ്യാറാക്കുന്നതിന് മൂന്ന് മാസവും പദ്ധതി നിർവ്വഹണത്തിന് ഒമ്പത് മാസവും നിഷ്കർഷിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വെള്ളനാട് ഗ്രാമ പഞ്ചായത്ത് ഒഴികെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ജൂൺ 2017-ന് തന്നെ പദ്ധതി അംഗീകാരം വാങ്ങുകയും അതിലൂടെ പദ്ധതി നിർവ്വഹണത്തിന് ഒമ്പത് മാസം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയും (2017-2022) ആദ്യ വാർഷിക പദ്ധതിയും(2017-18) തയ്യാറാക്കുന്നതിന് കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ആസൂത്രണ സമിതി വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള 9-1-2017 ലെ ജി.ഒ.(എം.എസ്.) നമ്പർ 11/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഏപ്രിൽ 1 മുതൽ പദ്ധതി നിർവ്വഹണം ആരംഭിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്.

(ബി) 2017-18 വാർഷിക പദ്ധതിയിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിക്കാത്തതിന്റെ പ്രധാനപ്പെട്ട ചില കാരണങ്ങൾ ചുവടെ ചേർക്കുന്നു:

1. ജി.എസ്.റ്റി. നിലവിൽവന്ന സമയത്ത് കരാറുകാർ ടെണ്ടർ നടപടികൾ ബഹിഷ്കരിച്ചതും മരാമത്ത് പണികൾ നിർത്തി വച്ചതും.
2. ട്രഷറികളിലെ ബിൽ പെൻഡിംഗ്
3. മരാമത്ത് പണികൾക്കാവശ്യമായ സാധന സാമഗ്രികളുടെ ലഭ്യതക്കുറവ്
4. എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവ്.

2017 ജൂലൈ 1-ന് GST നിലവിൽ വന്നതിനെത്തുടർന്ന് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാലതാമസമുണ്ടായിട്ടുണ്ട്. GST സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർതലത്തിൽ നല്കിയതിനുശേഷം മാത്രമാണ് പ്രവൃത്തികൾ കരാറുകാർ ഏറ്റെടുത്തിട്ടുള്ളത്. പല പ്രവൃത്തികളും കൂടുതൽ തവണ ടെണ്ടർ ചെയ്യേണ്ട സാഹചര്യമുണ്ടായി. ഈ സാഹചര്യം പദ്ധതി ചെലവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

മേൽകാരണങ്ങൾ ഉണ്ടെങ്കിലും ഇതുവരെയുള്ള പദ്ധതി കാലഘട്ടത്തിനെക്കാൾ പുരോഗതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈവരിച്ചിട്ടുണ്ട്.

(സി) ഓരോ ത്രൈമാസവും 25% തുക ചെലവഴിക്കണമെന്നും 2018 മാർച്ചിൽ പരമാവധി 15% തുക മാത്രമെ ചെലവഴിക്കാൻ സാധിക്കുള്ളൂ എന്ന് 26-7-2017-ലെ ഡി.എ 1/529(1)/2017/തസ്വഭവ. ഉത്തരവുപ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിലെ തടസ്സം**

122 (2956) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിൽനിന്ന് പണം ലഭിക്കാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിൽ തടസ്സം നേരിടുന്നെന്ന പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നിജസ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ?

(ബി) സാമ്പത്തിക വർഷം അവസാനിക്കാനിരിക്കെ ട്രഷറികളിലെ പ്രതിസന്ധി പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 8-3-2018-ൽ ഗ്രാമപഞ്ചായത്തുകളുടെ 7570 ബില്ലുകൾ ട്രഷറികളിൽ പെൻഡിംഗ് ഉണ്ട്, പെൻഡിംഗ് ബിൽ തുക 12690.6 ലക്ഷം

8-3-2018-ൽ തീയതിയിൽ ജില്ലാ പഞ്ചായത്തുകളുടെ 450 ബില്ലുകൾ ട്രഷറികളിൽ പെൻഡിംഗ് ഉണ്ട്, പെൻഡിംഗ് ബിൽ തുക 6019.77 ലക്ഷം.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ബില്ലുകൾ 2017 നവംബർ, ഡിസംബർ മാസങ്ങളിൽ ട്രഷറിയിൽ ധാരാളം പെൻഡിംഗ് ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വലിയ തുകയ്ക്കുള്ള ബില്ലുകൾ മാറുന്നതിന് നിയന്ത്രണംമൂലം കാലതാമസമുണ്ടായിരുന്നതാണ്.

(ബി) വാർഷിക പദ്ധതിയുടെ പ്രോജക്ടുകൾ നിർവ്വഹണം നടത്തി ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കാവുന്നതാണ്. ട്രഷറിയിൽ നിന്നും ബില്ലുകൾ മാറി നൽകിയാൽ മാത്രമേ പദ്ധതി ചെലവിന്റെ ശതമാനം വർദ്ധിക്കുകയുള്ളൂ. വികസന ഫണ്ടിന്റെ 3-ാം ഗഡു 27/02/18-ലെ സ.ഉ.(സാധാ) നമ്പർ 1514/2018/ധന പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ളതാണ്.

## പഞ്ചായത്തുകളുടെ വികസനത്തിന് മാസ്റ്റർപ്ലാൻ

123 (2957) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗ്രാമങ്ങൾ പട്ടണസമാനമായിട്ടുള്ള സ്വഭാവത്തിലേക്ക് വളർന്ന് വരുന്നുവെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പഞ്ചായത്തുകളിൽപ്പോലും നഗരസമാനമായ ആസൂത്രണം ആവശ്യമായി വരുന്ന സ്ഥിതിയിലേക്ക് ദ്രുതഗതിയിലുള്ള വികസനം നമ്മെ നയിക്കുന്നുണ്ടോ; എങ്കിൽ പഞ്ചായത്തുകളുടെ വികസനത്തിനും മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. നഗരഗ്രാമാസൂത്രണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്ലാൻ സ്കീമുകളായ "മാസ്റ്റർ പ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ " എന്ന പദ്ധതിയിലും "സംയോജിത ജില്ലാ വികസന രൂപരേഖയും പ്രാദേശിക വികസന രൂപരേഖയും തയ്യാറാക്കുന്ന പദ്ധതി" എന്നതിലും ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തുകൾക്കുവേണ്ടി മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നുണ്ട്.

## തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഭരണാനുമതി ലഭിക്കാനുള്ള പദ്ധതികൾ

124 (2958) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതി ചെലവ് കഴിഞ്ഞ വർഷത്തേതുമായി താരതമ്യം ചെയ്ത് വിശദമാക്കാമോ;

(ബി) നടപ്പു സാമ്പത്തിക വർഷം ഭരണാനുമതി ലഭിക്കാനുള്ള പദ്ധതികൾ എത്ര ശതമാനമാണ്; ഇതുവരെ ചെലവഴിച്ച പദ്ധതി തുക എത്രയെന്നും ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതവും എത്ര വീതമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2016-17 വർഷത്തെ പദ്ധതി ചെലവ് (8-3-2017 തീയതിയിൽ)

| തദ്ദേശ സ്ഥാപനം | വിഹിതം | ചെലവ് തുക | ശതമാനം |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2924.21 | 1049.03 കോടി | 35.87 % |
| ജില്ലാ പഞ്ചായത്ത് | 658.59 | 222.33 കോടി | 33.76 % |

2017-18 വർഷത്തെ പദ്ധതി ചെലവ് (08.03.2018 തീയതിയിൽ)

| തദ്ദേശ സ്ഥാപനം | വിഹിതം | ചെലവ് തുക | ശതമാനം |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 3044.98 | 1960.12 കോടി | 64.37 % |
| ജില്ലാ പഞ്ചായത്ത് | 792.50 | 336.22 കോടി | 42.43 % |

കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും 2017, 2018 ഫെബ്രുവരി 28 അടിസ്ഥാനമാക്കിയുള്ള പദ്ധതി ചെലവ് ചുവടെ ചേർക്കുന്നു:

| | 28-2-2017 | 28-2-2018 |
|---|---|---|
| മുനിസിപ്പാലിറ്റി | 27.57% | 53.91% |
| കോർപ്പറേഷൻ | 17.73% | 49.58% |

2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതി ചെലവ് 2016-17-നെ അപേക്ഷിച്ച് കൂടുതലാണ്.

ബ്ലോക്ക് പഞ്ചായത്തുകൾ 2016-17 സാമ്പത്തിക വർഷത്തിൽ 28/02/2017 വരെ ബജറ്റ് വിഹിതത്തിന്റെ 28.02 ശതമാനമാണ് ചെലവഴിച്ചിരുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ 28-2-2018 വരെ ബജറ്റ് വിഹിതത്തിന്റെ 56.59 ശതമാനം ചെലവഴിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ചെലവിന്റെ ശതമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതികൾക്കെല്ലാം ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകൾ ഇതുവരെ ചെലവഴിച്ച പദ്ധതി തുക 1960.12 കോടി രൂപ

കേന്ദ്രാവിഷ്കൃത പദ്ധതിവിഹിത ചെലവ് 28.49 കോടി രൂപ

ജില്ലാ പഞ്ചായത്തുകൾ ഇതുവരെ ചെലവഴിച്ച പദ്ധതി തുക 336.22 കോടി രൂപ

കേന്ദ്രാവിഷ്കൃത പദ്ധതിവിഹിത ചെലവ് 5.76 കോടി രൂപ

2017-18 സാമ്പത്തിക വർഷത്തിൽ മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും വാർഷിക പദ്ധതിക്ക് 2017 ജൂൺ 15 നകം ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നു. തുടർന്ന് പദ്ധതി ഭേദഗതി സമയത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഭേദഗതികൾ വരുത്തിയിരുന്നു. വാർഷിക പദ്ധതി 2017-18-ൽ അനുവദിച്ച ബജറ്റ് വിഹിതമായ 675.87 കോടി രൂപയിൽ 337.10 കോടി രൂപ കോർപ്പറേഷനുകൾ ചെലവഴിച്ചു. മുനിസിപ്പാലിറ്റികൾക്ക് അനുവദിച്ച 889 കോടി രൂപയിൽ 488.07 കോടി രൂപയും നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. NULM,PMAY(Urban), AMRUT, Smart City Mission, Swach Bharat Mission (Urban) തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളിലെല്ലാം 40% സംസ്ഥാന വിഹിതവും 60% കേന്ദ്ര വിഹിതവുമാണ്.

ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**പതിമൂന്നാം പഞ്ചവത്സര പദ്ധതി നടപ്പാക്കൽ**

125 (2959) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷത്തെ പ്രവർത്തനങ്ങളും 2018-19 -ലെ വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിന് ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആസൂത്രണ സമിതികളുടെ പ്രധാന കർത്തവ്യങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത പ്രവൃത്തികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് നിലവിൽ ആസൂത്രണ സമിതികൾക്ക് കഴിയുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രോജക്ടുകൾ തയ്യാറാക്കുന്നതിലും, വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിൽ സഹായം നൽകുന്നതിനും ആസൂത്രണ സമിതികളുടെ സേവനങ്ങൾ ഫലപ്രദമാണോ ; അല്ലെങ്കിൽ ഫലപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ രണ്ടാം വർഷമായ 2018-19-ലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള ആസൂത്രണ സമിതികളും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവുകളായി ഇതിനോടകംതന്നെ നൽകുകയും ആയത് പ്രകാരം ഭൂരിഭാഗം തദ്ദേശഭരണസ്ഥാപനങ്ങളും നിശ്ചിത സമയക്രമമനുസരിച്ചുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുകയും ചെയ്യുന്നു.

(ബി) ജനകീയാസൂത്രണ പ്രക്രിയയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ-നിർവ്വഹണ ചുമതലകളിൽ സഹായ സംവിധാനം ഒരുക്കുക എന്ന ഉദ്ദേശത്തോടെയാണ് ആസൂത്രണ സമിതികൾ രൂപീകരിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം. ആസൂത്രണ സമിതിയുടെ മറ്റ് ചുമതലകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞതിലൂടെ ആസൂത്രണ സമിതികളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമായി നടന്നുവരുന്നുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി**

126 (2960) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉല്പാദന മേഖലയ്ക്ക് നൽകിയ ഊന്നൽ, കൃഷി, മൃഗസംരക്ഷണം, ജലസംരക്ഷണം, മണ്ണ് സംരക്ഷണം എന്നീ മേഖലകളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തിയെന്ന് വിലയിരുത്തിയിട്ടുണ്ടോ. വിശദാംശം നൽകുമോ?

ഉത്തരം

(എ) തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന്റെ ഭാഗമായി 2017-18-ൽ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുടെയും വാർഷിക പദ്ധതികൾ 2017 ജൂൺ 15-ാം തീയതിക്കുമുമ്പ് ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 2018-19 വർഷത്തെ പദ്ധതിക്ക് 2018 മാർച്ച് മാസത്തിൽത്തന്നെ അംഗീകാരം നേടി ഏപ്രിൽ 1-ന് നിർവ്വഹണം ആരംഭിക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ ഉല്പാദന മേഖലയ്ക്ക് നൽകിയ ഊന്നൽ കാർഷിക മേഖലയിൽ മാറ്റം വരുത്തിയിട്ടുണ്ട്. പച്ചക്കറി ഉല്പാദനമേഖലയിൽ വലിയതോതിലുള്ള മാറ്റം ദൃശ്യമാണ്. ഹരിതകേരള മിഷനുമായി സംയോജിപ്പിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഉല്പാദനമേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾ കൃഷി, മൃഗസംരക്ഷണം, ജലസംരക്ഷണം, മണ്ണ് സംരക്ഷണം എന്നീ മേഖലകളിൽ വലിയ മാറ്റം കൊണ്ടുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ലൈഫ് പദ്ധതി

127(2961) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)അഞ്ച് വർഷംകൊണ്ട് ജനപങ്കാളിത്തത്തോടെ പൂർത്തിയാക്കാനുദ്ദേശിച്ച സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ;

(ബി) ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയുമായി ബന്ധപ്പെട്ട് വ്യാപകമായ പരാതിയുണ്ടെന്നുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലൈഫ് ഭവന പദ്ധതിയുമായി സഹകരിക്കാതെ കൃഷി വകുപ്പ് തടസ്സം നിൽക്കുന്നതിനാൽ പട്ടിക പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പൂർത്തീകരിക്കാത്ത 66750 ഭവനങ്ങളിൽ 9448 ഭവനങ്ങൾ പൂർത്തീകരിച്ചു. നിലവിൽ ഭൂമിയുള്ള ഭവനരഹിതരായിട്ടുള്ള ഗുണഭോക്തൃ പട്ടികയിലുള്ള എല്ലാവർക്കും അടുത്ത വർഷം ഭവനം നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 1034 തദ്ദേശ സ്ഥാപനങ്ങളിൽ 1022 സ്ഥാപനങ്ങൾ അന്തിമ ഗുണഭോക്തൃ പട്ടിക അംഗീകരിച്ചിട്ടുണ്ട്. 14 ജില്ലകളിൽ ഭൂമിയില്ലാത്ത ഭവന രഹിതർക്കായി ഭവന സമുച്ചയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. ആദ്യം ഏറ്റെടുക്കുന്നതിനായി കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളെ ആണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) ഇല്ല.

(സി) ഗുണഭോക്തൃ സർവേയുടെ ആദ്യഘട്ടത്തിൽ ഇത്തരത്തിൽ ഒരു പരാതി ഉയർന്നുവന്നിരുന്നു. തദ്ദേശഭരണ സ്ഥാപനതലത്തിൽ പ്രസിദ്ധീകരിച്ച പട്ടികയിൽമേലുള്ള അപ്പീലിന്മേൽ പരിശോധന നടത്തുന്നതുമായി ബന്ധപ്പെട്ടാണ് പരാതി ഉന്നയിക്കപ്പെട്ടത്. ആയത് പരിഹരിച്ച് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ലൈഫ് പദ്ധതി**

128 (2962) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി നടപ്പിലാക്കുന്നതിന് എന്തൊക്കെ തയ്യാറെടുപ്പുകളാണ് ഇത് വരെ സ്വീകരിച്ചിട്ടുള്ളത്;

(ബി) ആയതിന്റെ ആദ്യഘട്ടമെന്ന നിലയിൽ എത്ര പേർക്ക് വീട് നിർമ്മിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ നൽകിയ അപേക്ഷകൾക്ക് പൂർണ്ണമായും പ്രയോജനം ലഭിച്ചതിനുശേഷം മാത്രമാണോ പുതിയ അപേക്ഷകൾ സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും തദ്ദേശഭരണ സ്ഥാപനത്തിലും മിഷൻ പ്രവർത്തനം ആരംഭിച്ചു. ലൈഫ് മിഷൻ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ 2017-ഫെബ്രുവരിയിൽ നടത്തുകയും ടി പട്ടിക അന്തിമമാക്കിയിട്ടുമുണ്ട്. സംസ്ഥാനത്ത് 3.37 ലക്ഷം ഭൂരഹിത ഭവനരഹിതരെയും 1.74 ലക്ഷം ഭവനരഹിതരെയുമാണ് കണ്ടെത്തിയിട്ടുള്ളത്. 63278 പൂർത്തീകരിക്കാത്ത ഭവനങ്ങളെ സംസ്ഥാനത്തുടനീളം കണ്ടെത്തി, ആയതിൽ 10554 ഭവനങ്ങൾ പൂർത്തീകരിച്ചു. ബാക്കിയുള്ളവ 2018 മാർച്ച് 31 നകം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമിയില്ലാത്ത ഭവനരഹിതർക്കായി ആദ്യഘട്ടത്തിൽ 14 ജില്ലകളിൽ ഭവന സമുച്ചയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം, കാസർഗോഡ് ജില്ലകളിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഭവന സമുച്ചയങ്ങളുടെ നിർമ്മാണ പ്രവൃത്തി ഇ-ടെൻഡർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ലൈഫ് സർവ്വേ വഴി കണ്ടെത്തിയ മുഴുവൻ ഭൂമിയുള്ള ഭവനരഹിതർക്കും വ്യക്തിഗത ഭവന നിർമ്മാണത്തിനുള്ള ധനസഹായം നല്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. 2018 ഏപ്രിൽ 1 മുതൽ ടി പ്രവൃത്തി നിർവ്വഹണം ആരംഭിക്കാനുദ്ദേശിക്കുന്നു.

(ബി) ലൈഫ്മിഷന്റെ ഒന്നാംഘട്ടത്തിൽ ലക്ഷ്യമിട്ടന്ന 66750 പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിൽ 10554 ഭവനങ്ങൾ പൂർത്തീകരിച്ചു. ആയത് മാർച്ച് 2018-ന് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ഗുണഭോക്തൃ പട്ടികയിലുള്ള ഭൂമിയുള്ള എല്ലാവർക്കും അടുത്തവർഷം ഭവന നിർമ്മാണത്തിന് ധനസഹായം നല്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) അല്ല. പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതാണ്. എന്നാൽ നിലവിൽ കണ്ടെത്തിയ എല്ലാവർക്കും പ്രയോജനം ലഭിച്ചശേഷം മാത്രമേ പുതിയ ഗുണഭോക്താക്കളെ പരിഗണിക്കുകയുള്ളൂ.

**ലൈഫ് മിഷൻ പദ്ധതി**

129 (2963) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ ലൈഫ് മിഷൻ പദ്ധതി കാര്യക്ഷമമായി നടത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ജാഗ്രത കാണിക്കാത്ത കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂമി കണ്ടെത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സുഗമമായി ചെയ്യാൻ കഴിയുമെന്നിരിക്കെ പല കേന്ദ്രങ്ങളിൽനിന്നും ഇക്കാര്യത്തിൽ വിമർശനം ഉണ്ടാകുന്നത് പരിഹരിക്കാൻ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ലൈഫ് മിഷന്റെ ഭാഗമായുള്ള വീടുനിർമ്മാണം**

130 (2964) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ ഭാഗമായി സംസ്ഥാനത്ത് വീടില്ലാത്തവരെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾ ഇപ്പോൾ തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെടാത്ത വാസയോഗ്യമായ വീടില്ലാത്തവരെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ലൈഫ് മിഷന്റെ ഭാഗമായി നിർമ്മിക്കുന്ന വീടുകളുടെ പണി എപ്പോൾ പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സർവ്വേ നടപടി പൂർത്തിയായിട്ടുണ്ട്. ആയതിന്റെ ആദ്യ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം തദ്ദേശസ്ഥാപനതല കമ്മിറ്റിക്കും കളക്ടർമാർക്കും അപ്പീൽ നൽകുന്നതിനുള്ള സംവിധാനം പൂർത്തിയാക്കി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതാണ്. എന്നാൽ അംഗീകരിക്കപ്പെട്ട പട്ടികയിലുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയശേഷം മാത്രമേ രണ്ടാംഘട്ട പട്ടികയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുകയുള്ളൂ.

(സി) ലൈഫ് മിഷൻ പദ്ധതിയുടെ ആദ്യഘട്ടത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ആയത് 2018 മാർച്ച് 31-ന് മുമ്പ് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ധനസഹായം നൽകി 2018 ഏപ്രിൽ 1-ന് നിർമ്മാണം ആരംഭിച്ച് 2019 മാർച്ച് 31-ന് തീർപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

## ഒല്ലൂർ മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി

131 (2965) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഒല്ലൂർ നിയോജകമണ്ഡലത്തിൽ എത്ര വീടുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഒല്ലൂർ നിയോജകമണ്ഡലത്തിൽ 3257 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ 2565 പേർ ഭൂമിയുള്ള ഭവനരഹിതരാണ്. ഇവർക്ക് പദ്ധതി കാലയളവിൽ ഭവന നിർമ്മാണത്തിന് ധനസഹായം നൽകാനും ശേഷിക്കുന്ന ഭൂരഹിത ഭവനരഹിതരായ 692 പേർക്കും വീടുകൾ നിർമ്മിച്ച് നൽകാനും ടി പദ്ധതിയിൽ ഉദ്ദേശിക്കുന്നു.

## ദേവികുളം നിയോജകമണ്ഡലത്തിലെ ലൈഫ് പദ്ധതി

132 (2966) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ ലൈഫ് പദ്ധതിയുടെ നടപടിക്രമങ്ങൾ എന്തെല്ലാമായെന്ന് വ്യക്തമാക്കുമോ;

(ബി) ആയത് സംബന്ധിച്ച പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ലൈഫ് പദ്ധതിയുടെ നടപടിക്രമങ്ങൾ ഘട്ടം തിരിച്ച് ചുവടെ ചേർക്കുന്നു:

1. ലൈഫ് സർവ്വേ

ലൈഫ് മിഷൻ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. ദേവികുളം മണ്ഡലത്തിലെ പത്ത് തദ്ദേശസ്ഥാപനങ്ങളും അന്തിമ ഗുണഭോക്തൃ പട്ടിക അംഗീകരിച്ചിട്ടുണ്ട്.

2. പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം

ദേവികുളം മണ്ഡലത്തിലെ 10 തദ്ദേശസ്ഥാപനങ്ങളിലായി ആകെ 1764 ഭവനങ്ങളാണ് പൂർത്തീകരിക്കാനുള്ളത്. ഇതിൽ 66 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ഭവനങ്ങൾ 2018 മാർച്ച് 31-നുമുമ്പ് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം

ദേവികുളം മണ്ഡലത്തിലെ 10 തദ്ദേശസ്ഥാപനങ്ങളിൽ ലൈഫ് മിഷൻ നടത്തിയ സർവ്വേയിൽ ആകെ 4822 ഭൂമിയുള്ള ഭവനരഹിതരെ കണ്ടെത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ഇവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

4. ഭവന സമുച്ചയ നിർമ്മാണം

വട്ടവട ഗ്രാമപഞ്ചായത്തിലെ 108 എസ്.സി. കുടുംബങ്ങൾക്ക് ഭവനസമുച്ചയം നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിന് 'വട്ടവട സ്പെഷ്യൽ പ്രോജക്ട് എന്ന പേരിൽ പദ്ധതി നടപ്പാക്കുന്ന കാര്യം മിഷന്റെ പരിഗണനയിലാണ്.

(ബി) പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാതൃകാ പകൽവീട് പദ്ധതി

133 (2967) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ പകൽവീട് പദ്ധതി പ്രകാരം 2018-19 വർഷത്തിൽ എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; എന്തെല്ലാം സവിശേഷതകളാണ് ഈ വീടുകളിൽ ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഒറ്റപ്പെട്ടു കഴിയുന്ന വൃദ്ധജനങ്ങളെ സംബന്ധിച്ച ഡേറ്റാബേസ് രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(സി)വൃദ്ധജനങ്ങളുടെ സംരക്ഷണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ബന്ധുജനങ്ങളുടെയും റെസിഡൻസ് അസോസിയേഷനുകളുടെയും സഹകരണം ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) പഞ്ചായത്തുകളിൽ 150 പകൽവീടുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

വായനശാല, സിനിമ കാണുന്നതിനും സംഗീതം കേൾക്കുന്നതിനുമുള്ള സൗകര്യം, യോഗയും ധ്യാനവും പഠിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമുള്ള സൗകര്യം, കഴിവുള്ളവർക്ക് കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള സൗകര്യം, ചിത്രരചന, തുന്നൽ, പുസ്തകമെഴുത്ത് എന്നിവയ്ക്കുള്ള സൗകര്യങ്ങൾ, കൃത്യമായ ഇടവേളകളിലുള്ള ആരോഗ്യ പരിശോധന, കൗൺസിലിംഗ് സൗകര്യം, പോഷകസമൃദ്ധമായ ഭക്ഷണം, വൃദ്ധജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലുള്ള കസേരകൾ, കിടക്കകൾ, അവർക്ക് അനുയോജ്യമായ ശൗചാലയങ്ങൾ, ഉദ്യാനം, വീടുകളിൽ നിന്നും രാവിലെ വിളിച്ചുകൊണ്ടുവരുന്നതിനും വൈകുന്നേരം തിരിച്ചുകൊണ്ടുവിടുന്നതിനുമുള്ള സൗകര്യം എന്നിവയാണ് മാതൃകാ പകൽവീടുകളുടെ സവിശേഷതകളായി ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) പകൽവീടുകൾ സ്ഥാപിക്കുന്നതിന് മുന്നോടിയായി ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്ന നടപടികൾ പൂർത്തിയായിവരുന്നു.

നഗരസഭയുടെ പരിധിയിൽ ഒറ്റപ്പെട്ടുകഴിയുന്ന വൃദ്ധജനങ്ങളെ സംബന്ധിച്ച് ആശ്രയ സർവ്വേ മുഖാന്തിരം ഡാറ്റാബേസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) റെസിഡൻസ് അസോസിയേഷനുകളുമായി സഹകരിച്ചും നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് സൗകര്യമൊരുക്കിയുമാണ് പ്രസ്തുത പദ്ധതി പഞ്ചായത്തുവകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

നഗരസഭകളിൽ ഇതിനായുള്ള നടപടികൾ ആസൂത്രണം ചെയ്തുവരുന്നു.

**പ്രധാൻ മന്ത്രി ആവാസ് യോജന**

134 (2968) ശ്രീ. ബി. സത്യൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോയെന്നു വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കേന്ദ്ര- സംസ്ഥാന വിഹിതം എത്രയാണെന്നും ഓരോ വീടിനും എത്ര രൂപയാണ് ധനസഹായം നൽകിവരുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഓരോ വീടിനുമുള്ള ധന സഹായത്തിന് പുറമേ , ഗുണഭോക്താക്കൾക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ 90 ദിവസത്തെ അവിദഗ്ദ്ധ തൊഴിലും നൽകുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം പട്ടികജാതി- പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിന് എത്ര രൂപയാണ് ലഭിക്കുന്നത്; വ്യക്തമാക്കാമോ ;

(ഇ) 2017 - 18 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകളാണ് അനുവദിച്ചിരുന്നതെന്നും പി. എം. എ. വൈ.-യിൽ സംസ്ഥാനത്തിന് അർഹമായ പരിഗണന ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷം മുതൽ പി.എം.എ.വൈ. (ഗ്രാമീൺ) പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) പി.എം.എ.വൈ (ജി) പദ്ധതിപ്രകാരം ഭവന നിർമ്മാണത്തിന് 1,20,000 രൂപയാണ് യൂണിറ്റ് കോസ്റ്റായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ടി തുക 60:40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്നു. ടി തുക ഉപയോഗിച്ച് സംസ്ഥാനത്ത് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ സംസ്ഥാന സർക്കാർ ലൈഫ് പദ്ധതിക്ക് നൽകുന്ന അതേ നിരക്കിൽ പി.എം.എ.വൈ. (ജി) ഭവന പദ്ധതിയുടെയും യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപ ജനറൽ/പട്ടികജാതി വിഭാഗങ്ങൾക്കും യഥാർത്ഥ എസ്റ്റിമേറ്റ് തുക പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും നിശ്ചയിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പി.എം.എ.വൈ.(ജി) പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന ധനസഹായത്തിന് പുറമെ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് 90 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ നൽകുന്നുണ്ട്.

(ഡി) പി.എം.എ.വൈ.(ജി) പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് 1,20,000 രൂപയാണ് യൂണിറ്റ് കോസ്റ്റായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ടി തുക 60:40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്നു.

(ഇ) 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്ത് 9872 വീടുകൾ നിർമ്മിക്കുന്നതിനുള്ള അനുമതിയാണ് കേന്ദ്ര സർക്കാർ നൽകിയിട്ടുള്ളത്. പി.എം.എ.വൈ. (ജി) പദ്ധതിയിൽ സംസ്ഥാനത്തിന് മുൻവർഷങ്ങളെ അപേക്ഷിച്ച് ഇപ്പോൾ വീടുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്.

**പി.എം.എ.വൈ. പദ്ധതി പ്രകാരം വീടുവയ്ക്കുന്നതിനുള്ള ധനസഹായം**

135 (2969) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻ മന്ത്രി ആവാസ് യോജന (പി.എം.എ.വൈ) പദ്ധതി പ്രകാരം വീടുവയ്ക്കുന്നതിനുള്ള ധനസഹായമായി ഗുണഭോക്താക്കൾക്ക് നിലവിൽ എത്ര രൂപയാണ് നൽകിവരുന്നത്; 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്ത്എത്ര കുടുംബങ്ങൾക്കാണ് ഇപ്രകാരം ധനസഹായം നൽകിയിരിക്കുന്നത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ തുക വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഇപ്രകാരം തുക വർദ്ധിപ്പിച്ചാൽ പദ്ധതി പ്രകാരം വീടുപണി പൂർത്തീകരിച്ചവർക്കും പ്രസ്തുത വിഹിതം ലഭിക്കുമോ എന്നറിയിക്കാമോ;

(ഡി) ഓരോ ജില്ലയിലും 2017-18 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) പി.എം.എ.വൈ. (ജി) പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് 1,20,000 രൂപയാണ് കേന്ദ്ര സർക്കാർ യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിട്ടുള്ളത്. ടി തുകയിൽ 72,000 രൂപ കേന്ദ്ര സർക്കാരും 48,000 രൂപ സംസ്ഥാന സർക്കാരും നൽകുന്നു. 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്ത് പി.എം.എം.വൈ. (ജി) പദ്ധതി പ്രകാരം 9872 വീടുകൾ നിർമ്മിക്കുന്നതിനുള്ള അനുമതിയാണ് കേന്ദ്ര സർക്കാർ നൽകിയിട്ടുള്ളത്. ഇതിൽ 2865 കുടുംബങ്ങൾക്ക് 2017-18 വർഷം ധനസഹായം നൽകിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് സംസ്ഥാനത്ത് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ സംസ്ഥാന സർക്കാരിന്റെ ലൈഫ് പദ്ധതി ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന അതേ നിരക്ക് നൽകുന്നതിനായി 2,80,000 രൂപകൂടി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതി പ്രകാരം 3 ലക്ഷം രൂപയായിരുന്നു യൂണിറ്റ് നിരക്ക്. ഇത് 1.5 ലക്ഷം രൂപ കേന്ദ്ര വിഹിതം, 0.5 ലക്ഷം രൂപ സംസ്ഥാന വിഹിതം, 0.5 ലക്ഷം രൂപ നഗരസഭാവിഹിതം, 0.5 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതം എന്ന നിരക്കിലാണ് നൽകിവരുന്നത്. 2017-18 സാമ്പത്തിക വർഷം 18824 കുടുംബങ്ങൾക്ക് ഇപ്രകാരം സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

പി.എം.എ.വൈ (നഗരം) പദ്ധതിയുടെ യൂണിറ്റ് നിരക്ക് 28-2-2018-ലെ ജി.ഒ.(എം.എസ്.)നമ്പർ 29/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 1-4-2017 മുതൽ 4 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. ഇതുപ്രകാരം കേന്ദ്രവിഹിതം 1.5 ലക്ഷം രൂപ, സംസ്ഥാന വിഹിതം 0.5 ലക്ഷം രൂപ, നഗരസഭാ വിഹിതം 2 ലക്ഷം രൂപയുമാണ്. ഗുണഭോക്തൃ വിഹിതം അടയ്ക്കേണ്ടതില്ല. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വർദ്ധിപ്പിച്ച യൂണിറ്റ് നിരക്ക് 2017 ഏപ്രിൽ -1-ന് ശേഷം ഭവന നിർമ്മാണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമാകുന്നതാണ്.

(ഡി) 2017-18 സാമ്പത്തിക വർഷം പി.എം.എ.വൈ.(ജി) പദ്ധതിയിൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ലയുടെ പേര് | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 43 |
| 2 | കൊല്ലം | 4 |
| 3 | പത്തനംതിട്ട | 26 |
| 4 | ആലപ്പുഴ | 8 |
| 5 | കോട്ടയം | 4 |
| 6 | ഇടുക്കി | 15 |
| 7 | എറണാകുളം | 6 |
| 8 | തൃശ്ശൂർ | 25 |
| 9 | പാലക്കാട് | 13 |
| 10 | മലപ്പുറം | 25 |
| 11 | കോഴിക്കോട് | 10 |
| 12 | വയനാട് | 0 |
| 13 | കണ്ണൂർ | 9 |
| 14 | കാസർഗോഡ് | 11 |
| | ആകെ | 199 |

2017-18 സാമ്പത്തിക വർഷം പി.എം.എ.വൈ. (അർബൻ) പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കിയ വീടുകളുടെ എണ്ണം ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ലയുടെ പേര് | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 120 |
| 2 | കൊല്ലം | 369 |
| 3 | പത്തനംതിട്ട | 69 |

| (1) | (2) | (3) |
|---|---|---|
| 4 | ആലപ്പുഴ | 126 |
| 5 | കോട്ടയം | 9 |
| 6 | ഇടുക്കി | 161 |
| 7 | എറണാകുളം | 250 |
| 8 | തൃശ്ശൂർ | 174 |
| 9 | പാലക്കാട് | 68 |
| 10 | മലപ്പുറം | 0 |
| 11 | കോഴിക്കോട് | 35 |
| 12 | വയനാട് | 53 |
| 13 | കണ്ണൂർ | 63 |
| 14 | കാസർഗോഡ് | 0 |
| | **ആകെ** | **1497** |

**തിരുവനന്തപുരം നഗരസഭയിലെ ഫയലുകൾ**

136 (2970) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിൽ ഫയലുകൾ വച്ച് താമസിപ്പിച്ച് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നുവെന്ന പരാതിയിൽ കഴിഞ്ഞ വർഷം വകുപ്പുമന്ത്രി നേരിട്ട് നടത്തിയ അദാലത്തിൽ എത്ര പരാതികളാണ് ലഭിച്ചത്;

(ബി) അതിൽ എത്രയെണ്ണം തീർപ്പാക്കി;

(സി) അതിൽ ഇനിയും ഉദ്യോഗസ്ഥതലത്തിൽ നടപടി പൂർത്തിയാക്കുവാനുള്ള എത്ര ഫയലുകളുണ്ട്?

ഉത്തരം

(എ) 320 പരാതികൾ ലഭിച്ചു.

(ബി) 214 എണ്ണം തീർപ്പാക്കി.

(സി) നടപടി പൂർത്തിയാക്കുവാനുള്ള 106 ഫയലുകളുണ്ട്.

**പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡം**

137 (2971) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയവ രൂപീകരിക്കുന്നതിന് അടിസ്ഥാനമാക്കുന്ന മാനദണ്ഡം വിശദമാക്കാമോ?

ഉത്തരം

(എ) സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണവും പുനഃസംഘടനയുമായി ബന്ധപ്പെട്ട് പുതിയ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകികൊണ്ട് സർക്കാർ 27-11-2014-ലെ സ.ഉ.(സാധാ)നമ്പർ 3113/2014/തസ്വഭവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ വിഭജന വിഷയത്തിൽ ജനസംഖ്യ, ഭൂവിസ്തൃതി, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, ജനങ്ങൾക്ക് മെച്ചപ്പെട്ട സർവ്വീസ് ഡെലിവറി സൗകര്യം, തനത് വരുമാനം എന്നീ ഘടകങ്ങളാണ് പ്രധാനമായും പരിഗണിക്കുന്നത്.

**ഭവനശ്രീ വായ്പ**

138 (2972) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മണ്ഡലത്തിൽപ്പെട്ട ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ മുഖേന നൽകിയ ഭവനശ്രീ വായ്പ സർക്കാർ എഴുതിത്തള്ളിയിട്ടും പ്രസ്തുത പദ്ധതി പ്രകാരം ഉമ്മന്നൂർ കോർപ്പറേഷൻ ബാങ്കിൽനിന്നും വായ്പ എടുത്ത കുടുംബങ്ങൾക്ക് പ്രസ്തുത ആനുകൂല്യം ഇതുവരെ ലഭ്യമാകാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആനുകൂല്യം വായ്പ്പയെടുത്തവർക്ക് ലഭിക്കുവാൻ ഇനി എന്ത് നടപടികളാണ് അവശേഷിക്കുന്നത്;പ്രസ്തുത നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്ക് ബാങ്കുകൾ മുഖേന നൽകിയിരുന്ന ഭവനശ്രീ വായ്പയുടെ 30-6-2010-ന് ശേഷമുള്ള തിരിച്ചടവ് സർക്കാർ ഏറ്റെടുത്തിരുന്നു. എന്നാൽ ഈ സമയം ബാങ്കുകൾ റിപ്പോർട്ട് ചെയ്യാൻ വിട്ടുപോയിട്ടുള്ള അഡീഷണൽ അക്കൗണ്ടുകളിലെ ഭവനശ്രീ വായ്പകൾ (ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിലെ ഭവനശ്രീ വായ്പ ഉൾപ്പെടെ) കൂടി 12-6-2017-ലെ സ.ഉ. (കൈ)നമ്പർ 111/2017/തസ്വഭവ. ഉത്തരവ് പ്രകാരം സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഭവനശ്രീ ഗുണഭോക്താക്കൾക്ക് ആധാരം തിരികെ നൽകുന്നതുമായി ബന്ധപ്പെട്ട് ബാങ്കുകൾക്ക് നൽകേണ്ടതായ തുക റിലീസ് ചെയ്യുന്നതിന് സർക്കാരും, ബാങ്കും, കുടുംബശ്രീയും തമ്മിൽ ഒരു ത്രികക്ഷി കരാറിൽ ഏർപ്പെടേണ്ടതുണ്ട്. ടി കരാർ മാതൃക നിയമവകുപ്പ് പരിശോധിച്ചുവരുന്നു. പ്രസ്തുത കരാർ ഒപ്പുവച്ച് വായ്പത്തുക ബാങ്കുകൾക്ക് കൈമാറുന്നതോടെ മാത്രം ഗുണഭോക്താക്കളുടെ പ്രമാണം തിരികെ ലഭ്യമാക്കാൻ കഴിയുന്നതാണ്.

**മീഡിയാശ്രീ പദ്ധതി**

139 (2973) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കിയിരുന്ന മീഡിയാശ്രീ എന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ഏതെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(സി) എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; പദ്ധതി ഏറ്റെടുത്ത സ്ഥാപനവുമായുള്ള കരാർ നിലവിലുണ്ടോ;

(ഡി) മീഡിയാശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ചെലവഴിച്ച തുക ഇനം തിരിച്ച് വിശദമാക്കാമോ; എത്ര രൂപ ഇതിനോടകം നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കിയിരുന്ന മീഡിയാശ്രീ എന്ന പദ്ധതിയെക്കുറിച്ച് ആക്ഷേപങ്ങൾ ഉയർന്ന സാഹചര്യത്തിൽ വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ ടി പദ്ധതി നിർത്തിവച്ചിരിക്കുകയാണ്.

(ബി) കുടുംബശ്രീ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി തുക മാറ്റിവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടവും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനായി 434 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വീഡിയോ ഡോക്യുമെന്റേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. കുടുംബശ്രീ അംഗങ്ങൾക്ക് മാധ്യമ അവബോധവും, സ്ക്രിപ്റ്റിംഗ്, ഗവേഷണം, പ്രീ-പ്രൊഡക്ഷൻ, പോസ്റ്റ്-പ്രൊഡക്ഷൻ എന്നീ മേഖലകളിലും ക്യാമറ, എഡിറ്റിംഗ്, സൗണ്ട് റിക്കോർഡിംഗ് മുതലായ രംഗങ്ങളിലും പരിശീലനം നൽകുവാൻ തയ്യാറാക്കിയിട്ടുള്ള പദ്ധതിയിൽ നിർദ്ദേശിച്ചിരുന്ന 20 ദിവസത്തെ പരിശീലത്തിൽ 11 ദിവസത്തെ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഡിഡി സമർപ്പിച്ച 434 പഞ്ചായത്തുകളുടെ വീഡിയോ ഡോക്യുമെന്റേഷൻ പൂർത്തിയാക്കി; 225 പഞ്ചായത്തുകൾക്ക് ഡിവിഡി നൽകിയിട്ടുണ്ട്. കൂടാതെ 86 പഞ്ചായത്തുകളുടെ വീഡിയോ ഡോക്യുമെന്റേഷൻ കൂടി പൂർത്തിയാക്കാനുണ്ട്. പ്രസ്തുത പദ്ധതിക്കായി കുടുംബശ്രീ സൗത്ത് ഏഷ്യൻ കോളേജ് ഓഫ് ജേർണലിസം-ഫിലിം-ന്യൂമീഡിയ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിരുന്നു. വീഡിയോ ഡോക്യുമെന്ററിക്ക് ടി സ്ഥാപനവുമായി തുക കൈമാറിയാൽ 40 ദിവസത്തിനകം വീഡിയോ ഡോക്യുമെന്റേഷൻ പൂർത്തീകരിച്ച് ഡിവിഡി ലഭ്യമാക്കേണ്ടതും പരിശീലനം ആരംഭിക്കുന്ന ദിവസം മുതൽ 4 മാസത്തിനകം ടി സ്ഥാപനം പരിശീലനം പൂർത്തീകരിക്കേണ്ടതുമാണ് എന്നാണ് കരാർ വ്യവസ്ഥ. നിലവിൽ പദ്ധതിയുടെ മുഴുവൻ പ്രവർത്തനങ്ങളും നിർത്തിവച്ചിരിക്കുകയാണ്.

(ഡി) മീഡിയാശ്രീ പദ്ധതിക്കായി തെരഞ്ഞെടുത്ത സൗത്ത് ഏഷ്യൻ കോളേജ് ഓഫ് ജേർണലിസം-ഫിലിം-ന്യൂമീഡിയ എന്ന സ്ഥാപനത്തിന് നാളിതുവരെ 2,63,06,250 രൂപ നൽകിയിട്ടുണ്ട്. ഇനംതിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

പഞ്ചായത്തുകളുടെ വീഡിയോ ഡോക്യുമെന്റേഷൻ - 2,12,06,250 രൂപ

ഫ്രെയിംശ്രീ പരിശീലനത്തിന് - 51,00,000 രൂപ

**കുടുംബശ്രീ അപ്പാരൽ പാർക്കുകളും ചെറുകിട തയ്യൽയൂണിറ്റുകളും**

140 (2974) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള വസ്ത്ര നിർമ്മാണ യൂണിറ്റുകൾക്ക് ടെണ്ടറില്ലാതെ ജോലി ഏറ്റെടുക്കാമെന്ന് ഉത്തരവായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കുടുംബശ്രീയുടെകീഴിൽ എത്ര അപ്പാരൽ പാർക്കുകളും ചെറുകിട തയ്യൽ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ അങ്കണവാടി വർക്കർമാരുടെ യൂണിഫോം തയ്ക്കുന്നതിനുള്ള ഓർഡർ കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കുടുംബശ്രീ വസ്ത്ര നിർമ്മാണ യൂണിറ്റുകൾക്ക് 4-2-2017-ലെ സ്റ്റോർസ് പർച്ചേസ് (എ) വകുപ്പിന്റെ സ.ഉ.(സാധാ)നമ്പർ 07/2017/എസ്.പി.ഡി. പ്രകാരം ടെണ്ടർ ഇല്ലാതെ ജോലി ഏറ്റെടുക്കാമെന്ന് ഉത്തരവായിട്ടുണ്ട്.

(ബി) കുടുംബശ്രീയുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി 19 അപ്പാരൽ പാർക്കുകളും 1000 ത്തോളം ചെറുകിട തയ്യൽ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

(സി) അങ്കണവാടി വർക്കർമാരുടെ യൂണിഫോം തയ്ക്കുന്നതിനുള്ള ഓർഡർ കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്.

**കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന ശൃംഖല**

141 (2975) <u>ശ്രീ. കെ. സി. ജോസഫ്</u>:
<u>ശ്രീ. വി. എസ്. ശിവകുമാർ</u>:
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>:
<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന ശൃംഖല വിപുലപ്പെടുത്തുന്നതിനും നൂതന വിപണന സാധ്യത കണ്ടെത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉല്പന്നങ്ങൾ ഓൺലൈൻ വഴി വിൽപ്പന നടത്തുന്നുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ ഉൽപ്പന്നങ്ങളാണ് ഇപ്രകാരം വില്പന നടത്തുന്നതെന്നും അത് വിജയപ്രദമാണോ എന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 1. കുടുംബശ്രീ സൂക്ഷ്മ സംരംഭ ഉത്പന്നങ്ങളുടെ വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 152 പഞ്ചായത്തുകളിൽ സ്ഥിരമായി മാസചന്തകൾ സംഘടിപ്പിക്കുന്നതിനായി സിഡിഎസ്.കൾക്ക് 75,000 രൂപ വീതം അടിസ്ഥാന സൗകര്യ വികസനത്തിനായി സാമ്പത്തിക ധനസഹായം നൽകി.

2. ഓണക്കാലത്ത് കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണനത്തിനായി എല്ലാ സിഡിഎസ് തലങ്ങളിലും (പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ല) ഓണച്ചന്തകൾ സംഘടിപ്പിക്കുകയും 40 കോടി രൂപയുടെ വിപണനം സംരംഭകർക്ക് നേടിക്കൊടുക്കുകയും ചെയ്തു.

3. ദേശീയ സരസ്സ് മേള മലപ്പുറത്ത് സംഘടിപ്പിച്ചതുവഴി സംരംഭകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ വൻതോതിൽ വിപണനം നടത്തുവാനും പ്രദർശിപ്പിക്കുവാനും ഉള്ള അവസരം ലഭ്യമായി.

4. കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണനം ലക്ഷ്യമാക്കി ഹോം ഷോപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി&സി) ഉണ്ട്; പ്രാരംഭഘട്ടത്തിൽ 200-ഓളം ഉത്പന്നങ്ങളാണ് ഓൺലൈൻ വിപണനത്തിനായി ഉപയോഗിച്ചിരിക്കുന്നത്. ഭക്ഷ്യോത്പന്നങ്ങൾ കരകൗശല വസ്തുക്കൾ, ബാഗുകൾ, കുട, ചെരുപ്പ്, ആഭരണങ്ങൾ, സോപ്പ്, ടോയ്ലെറ്ററീസ്, അലങ്കാര വസ്തുക്കൾ മുതലായവയാണ് വിപണനം ചെയ്യുന്ന പ്രധാന വസ്തുക്കൾ. വർദ്ധിച്ചുവരുന്ന ഓൺലൈൻ ഉപയോഗം കണക്കിലെടുക്കുമ്പോൾ കുടുംബശ്രീ ബസാർ.കോം വിജയകരമായി മുന്നോട്ടു പോകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കുടുംബശ്രീ നടപ്പിലാക്കുന്ന ബഡ്സ് സ്കൂളുകൾ**

142 (2976) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ നടപ്പിലാക്കുന്ന ബഡ്സ് സ്കൂളുകൾ നിലവിൽ എത്ര എണ്ണം ഉണ്ട്; ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ബഡ്സ് സ്കൂളുകളിലെ ജീവനക്കാരുടെ എണ്ണം, തസ്തിക, വിദ്യാഭ്യാസ യോഗ്യത, വേതനം, ചുമതല എന്നിവ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നിലവിൽ ബഡ്സ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന ടീച്ചർമാരുടെയും മറ്റ് ജീവനക്കാരുടെയും സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കുടുംബശ്രീയുടെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ ഡി.പി.ഐ.യുടെ അംഗീകാരത്തോടെ 71 ബഡ്സ് സ്കൂളുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ഇവയിലെ ജീവനക്കാരെ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(സി) നിലവിൽ ബഡ്സ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് 7-2-2018-ലെ സ.ഉ.(എം.എസ്.)നമ്പർ 20/2018/തസ്വഭവ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

**കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ബഡ്സ് സ്കൂളുകൾ**

143 (2977) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ പുതുതായി ബഡ്സ് സ്കൂളുകൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് 200 പുതിയ ബഡ്സ് സ്ഥാപനങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിന് 22-2-2018 ലെ സ.ഉ.(എം.എസ്.)നമ്പർ 25/2018/തസ്വഭവ പ്രകാരം ഭരണാനുമതി നല്കി സർക്കാർ ഉത്തരവായിട്ടുണ്ട്. ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ മേൽപ്പറയുന്ന ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.)

**തെരുവ് നായ്ക്കളുടെ എണ്ണം**

144 (2978) <u>ശ്രീ. ഡി. കെ. മുരളി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളുടെ എണ്ണം കുറയ്ക്കുന്നതിനായി എന്തൊക്കെ പരിപാടികളാണ് കഴിഞ്ഞ ഒരു വർഷം സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ടി പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(സി) തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ 2016, 2017 വർഷങ്ങളിൽ എത്ര മരണങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) തെരുവുനായ്ക്കളുടെ കടിയേൽക്കുന്നവർക്ക് ചികിത്സാ സഹായം ലഭിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തെരുവുനായ വ്യാപനം തടയുന്നതിനായി നടപ്പിലാക്കിവരുന്ന എ.ബി.സി. പ്രോഗ്രാം ജില്ലാ പഞ്ചായത്തിന്റെയും, മൃഗസംരക്ഷണ വകുപ്പിന്റെയും നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നടപ്പാക്കി വരുന്നു. ഇതോടൊപ്പം തന്നെ പേവിഷ നിയന്ത്രണ വാക്സിനേഷൻ എല്ലാ വളർത്ത് നായകൾക്കും നൽകി വരുന്നു. ഈ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും എ.ബി.സി. റൂൾസിലെ ചട്ടം (4) പ്രകാരം മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡുകളുടെ വശങ്ങളിലും പൊതു സ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങൾ രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സമിതികളിലും തദ്ദേശഭരണസ്ഥാപന സെക്രട്ടറിമാരുടെ പ്രതിമാസ യോഗങ്ങളിലും എ.ബി.സി. പദ്ധതിയുടെ പരോഗതി വിലയിരുത്തുന്നുണ്ട്.

(സി) 2016-ൽ 6- ഉം 2017- ൽ 8 -ഉം മരണങ്ങൾ സംഭവിച്ചിട്ടുണ്ട്.

(ഡി) തെരുവ് നായ്ക്കളുടെ കടിയേൽക്കുന്നവർക്ക് ചികിത്സാ സഹായത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലവിൽ പദ്ധതികളൊന്നുമില്ല. എന്നാൽ എല്ലാ സർക്കാർ ആശുപത്രികളിലും ആന്റി റാബി വാക്സിൻ സൗജന്യമായി നല്കുന്നുണ്ട്. കൂടാതെ തെരുവുനായ ആക്രമണത്തിൽ പരിക്ക് പറ്റുന്നവർക്ക് നഷ്ടപരിഹാരം നിജപ്പെടുത്തുന്നതിനായി സുപ്രീം കോടതി നിയോഗിച്ചിട്ടുള്ള ജസ്റ്റിസ് (റിട്ട) സരിജഗൻ കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് അർഹരായവർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്.

## മാലിന്യ പരിപാലന ആവശ്യകതാ സർവ്വേ

145 (2979) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ പരിപാലന ആവശ്യകതാ സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സർവ്വേയിൽ കണ്ടെത്തിയ പ്രധാന വസ്തുതകൾ എന്തൊക്കെ ആയിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) സർവ്വേയുടെ അടിസ്ഥാനത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സർവേയിൽ കണ്ടെത്തിയ പ്രധാന വസ്തുതകൾ ചുവടെ ചേർത്തിരിക്കുന്നു:

- 22% വീടുകളിൽ ജൈവ അജൈവ മാലിന്യങ്ങൾ തരംതിരിക്കുന്നു.
- 76% വീടുകളിൽ ജൈവമാലിന്യം വിവിധ രീതികളിൽ ഉറവിടത്തിൽ സംസ്കരിക്കുന്നു.
- 44% വീടുകളിൽ കമ്പോസ്റ്റിംഗ് നടത്തുന്നു.
- 11.57% വീട്ടുകാർ അഴുകുന്ന മാലിന്യം വലിച്ചെറിയുന്നു.
- 38.92% കുടുംബങ്ങൾ അഴുകാത്ത മാലിന്യം വലിച്ചെറിയുന്നു.
- 27% വീടുകളിൽ മലിന ജലം സോക്പിറ്റിലേയ്ക്ക് വിടുന്നു. 34% മരച്ചുവട്ടിലേയ്ക്ക് വിടുന്നു.
- 43% വീടുകളിൽ ജ്യൂട്ട്/തുണി സഞ്ചി ഉപയോഗിക്കുന്നു.
- 57% വീടുകളിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളാണ് സാധനം വാങ്ങാൻ ഉപയോഗിക്കുന്നത്.
- 49% വീട്ടുകാരും മാലിന്യ സംസ്കരണത്തിന് ഫീസ് നൽകാൻ സന്നദ്ധരാണ്.

(ബി) സർവേയിലൂടെ ലഭ്യമായ വിവരങ്ങളുടെയടിസ്ഥാനത്തിൽ ഖര-ദ്രവ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ഹരിത കേരളം മിഷൻ-ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗരേഖപ്രകാരം എടുത്തുവരുന്നുണ്ട്.

ആയതിന്റെ ഭാഗമായി സംസ്ഥാനത്തെ 689 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേന രൂപീകരിച്ചുകഴിഞ്ഞു. മറ്റിടങ്ങളിൽ ഹരിത കർമ്മസേന രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. 153 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.) സ്ഥാപിച്ചിട്ടുണ്ട്. അതുപോലെ 78 എണ്ണം റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും (ആർ.ആർ.എഫ്.) സ്ഥാപിച്ചുകഴിഞ്ഞു. എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയും നഗരസഭ/ക്ലസ്റ്റർ അടിസ്ഥാനത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും സ്ഥാപിച്ച് അജൈവ മാലിന്യ പരിപാലനം ചിട്ടപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. പുനഃചംക്രമണവിധേയമല്ലാത്ത പ്ലാസ്റ്റിക് ഷ്രെഡുചെയ്ത് റോഡ് ടാറിംഗിനുപയോഗിക്കുന്നതിലേയ്ക്ക് ഇതിനകം 49 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചുകഴിഞ്ഞു. എല്ലാ റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിലും പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനും വേണ്ട നടപടികൾ പുരോഗമിക്കുന്നു.

2016-17 വർഷം മുതൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായി ശുചിത്വ മാലിന്യ സംസ്കരണ പ്രോജക്ടുകൾ ഏറ്റെടുക്കണമെന്നത് നിർബന്ധമാക്കിയിട്ടുണ്ട്. 2017-18 വാർഷിക പദ്ധതിയിൽ പൊതുവിഭാഗം പ്ലാൻ ഫണ്ടിൽ നിന്നും നഗരസഭകൾ 15% വും പഞ്ചായത്തുകൾ 10% വും തുക മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകി മാറ്റി വയ്ക്കുന്നതിനായും ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുത്ത് നിർവ്വഹണ നടപടികൾ പുരോഗമിക്കുന്നു. 2018-19-ലെ വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലും മുൻപരാമർശിച്ച നിബന്ധന തുടരുന്നുണ്ട്.

**പ്രതിദിനം ഉണ്ടാകുന്ന മാലിന്യങ്ങൾ**

146 (2980) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മത്സ്യ, മാംസ, പച്ചക്കറി, പഴവർഗ്ഗ വിപണന സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രതിദിനം ഉണ്ടാകുന്ന മാലിന്യങ്ങൾ ബാഹ്യ ഏജൻസികൾക്ക് കരാർ നൽകി നീക്കം ചെയ്യുന്നത് എവിടെയാണ് നിക്ഷേപിക്കുന്നതെന്നത് സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്താറുണ്ടോ;

(ബി) ഇത്തരം മാലിന്യങ്ങൾ ജലാശയങ്ങളിലും മറ്റ് പൊതു ഇടങ്ങളിലും നിക്ഷേപിക്കുന്നത് ഒഴിവാക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കാറുണ്ടോ; എങ്കിൽ ഇത് നിരീക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, മത്സ്യ, മാംസ പച്ചക്കറി, പഴവർഗ്ഗ വിപണന സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രതിദിനം ഉണ്ടാകുന്ന മാലിന്യങ്ങൾ ജൈവ-അജൈവ മാലിന്യങ്ങളായി തരംതിരിച്ച് സംസ്കരിക്കുവാനുള്ള നിർദ്ദേശങ്ങൾ 22-7-2017-ലെ സ.ഉ.(സാധാ)നമ്പർ 2511/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലൂടെ നൽകിയിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾ ജൈവമാലിന്യങ്ങൾ തരംതിരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് അനുയോജ്യമായ ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കണമെന്ന് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താത്ത ചില സ്ഥാപനങ്ങൾ മാലിന്യ നീക്കത്തിന് സ്വകാര്യ ഏജൻസികളെ ആശ്രയിക്കുന്നുണ്ട്. ഇവർ മാലിന്യം എവിടെ നിക്ഷേപിക്കുന്നു എന്നത് സംബന്ധിച്ച പരിശോധന തദ്ദേശഭരണ സ്ഥാപനങ്ങൾ ഹെൽത്ത് ഇൻസ്പെക്ടർമാർ മുഖേന നടത്താറുണ്ട്.

(ബി) ജലാശയങ്ങളിൽ ഖര-ദ്രവ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെ ശിക്ഷാ നടപടികൾ എടുക്കുവാൻ കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ വകുപ്പ് ഭേദഗതി ഓർഡിനൻസ് നമ്പർ 27, 2017 ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യങ്ങൾ ജലാശയങ്ങളിലും പൊതു സ്ഥലങ്ങളിലും നിക്ഷേപിക്കുന്നത് തടയുന്നതിന് ആരോഗ്യ വിഭാഗം സ്ക്വാഡുകൾ നിരീക്ഷണങ്ങൾ നടത്തിവരുന്നുണ്ട്. സന്നദ്ധ സംഘടനകളുടെയും റെസിഡൻസ് അസ്സോസിയേഷനുകളുടെയും സേവനവും ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തുന്നതിനായി സജ്ജമാക്കിയ സംഘടനാ സംവിധാനമായ ഹരിതകർമ്മ സേന ശുദ്ധീകരിക്കാത്ത മലിനജലം പൊതു സ്ഥലങ്ങളിലേയ്ക്കോ ജലാശയങ്ങളിലേയ്ക്കോ ഒഴുക്കുന്നില്ലായെന്നും എവിടെയും തളംകെട്ടി നൽക്കുന്നില്ലായെന്ന് പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും ഇതിൽ വീഴ്ച വരുത്തുന്നവർക്ക് പിഴ ചുമത്തുന്നതിനും പ്രവർത്തനാനുമതി നിഷേധിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനത്തിന് റിപ്പോർട്ട് നൽകണമെന്നും 15-7-2017-ലെ സ.ഉ.(സാധാ)നമ്പർ 2420/2017/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശുചിത്വമാലിന്യ സംസ്കരണം

147 (2981) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വമാലിന്യ സംസ്കരണ ദൗത്യത്തിന്റെ ഭാഗമായി ജൈവ,അജൈവ മാലിന്യ സംസ്കകരണത്തിന് അവലംബിക്കുന്ന രീതികളും അതിനുള്ള സഹായക സംവിധാനങ്ങളും ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) അജൈവ മാലിന്യത്തെ സംസ്കരണ സംവിധാനത്തിലേക്ക് എത്തിക്കുന്നതിനും വ്യാപാര ബന്ധം ഉണ്ടാക്കുന്നതിനുമായി ക്ലീൻ കേരള എന്ന പേരിൽ കമ്പനി സ്ഥാപിച്ചിട്ടുണ്ടോ;

(സി) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്നും ആയതിന്റെ ചുമതല ആർക്കാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ ഉത്പാദകന്റെ ഉത്തരവാദിത്വത്തിൽ കിച്ചൻബിൻ, മൺകലം കമ്പോസ്റ്റ്, എയറോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് സംസ്കരിക്കപ്പെടുന്നതിനും തദ്ദേശഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കുന്ന ഹരിത കർമ്മസേന വഴി അജൈവ മാലിന്യങ്ങൾ നിശ്ചിത ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് തദ്ദേശഭരണ സ്ഥാപനതലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിൽ എത്തിക്കുകയും അവിടെ നിന്നും പുനഃചംക്രമണ, പുനരുപയോഗ വിധേയമാക്കാവുന്നവ റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ എത്തിച്ച് രണ്ടാംതരംതരിവ് നടത്തി ക്ലീൻ കേരള കമ്പനി വഴി പുനഃചംക്രമണത്തിന് കൈമാറുന്നതിനും പുനഃചംക്രമണ വിധേയമാക്കാൻ കഴിയാത്തവ ഷ്രെഡ്ഡു ചെയ്ത് റോഡ് ടാറിങ്ങിന് വിധേയമാക്കുവാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം വിഭാവനം ചെയ്തിട്ടുള്ളത്. ഈ പ്രവർത്തനത്തെ സഹായിക്കുന്നതിലേയ്ക്ക് വേണ്ട സാങ്കേതിക പിന്തുണ ശുചിത്വ മിഷൻ മുഖേനയും

ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചും നിർവ്വഹണ പ്രക്രിയയെ സഹായിക്കുംവിധം സർവ്വീസ് പ്രൊവൈഡർമാരെയും അക്രഡിറ്റഡ് ഏജൻസികളെയും നിശ്ചയിച്ച് സർക്കാർ ഉത്തരവ് നൽകിവരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനം സ്ഥാപിക്കുന്ന അജൈവമാലിന്യ സംഭരണകേന്ദ്രങ്ങളിൽ നിന്നും കൈമാറുന്ന അജൈവമാലിന്യങ്ങളുടെ സൂക്ഷിപ്പിനും രണ്ടാംഘട്ട തരംതിരിവ് നടത്തി പുനഃചക്രമണം ചെയ്യാവുന്നവ വേണ്ടവിധം സംസ്കരിച്ച് അന്തിമ ഉപഭോക്താവിന് കൈമാറുന്നതിനും ഷ്രെഡിങ്ങും ബെയിലിംഗും അടക്കമുള്ള പ്രവർത്തനങ്ങൾക്കും സംസ്കരിക്കുവാനോ പുനരുപയോഗത്തിനോ സാധ്യതയില്ലാത്തവ സംസ്ഥാനത്തിനകത്തോ പുറത്തോ ഉള്ള ഏജൻസിക്കും കൈമാറുന്നതിനുവേണ്ടി സ്ഥാപിക്കുന്ന പഞ്ചായത്തല സൗകര്യമാണ് റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF). ആയതിന്റെ നടത്തിപ്പു ചുമതല ക്ലീൻ കേരള കമ്പനിക്കാണ്.

## ഇ-വേസ്റ്റ് സംസ്കരണം

148 (2982) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി ഇ-വേസ്റ്റ് നിയന്ത്രിക്കുന്നതിനും സംസ്കരിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

ഹരിത കേരളം മിഷൻ-ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ പറയും പ്രകാരം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിൽ രൂപീകരിക്കുന്ന ഹരിതകർമ്മസേന 6 മാസത്തിലൊരിക്കൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇ- വേസ്റ്റ് ശേഖരിച്ച് ക്ലീൻ കേരള കമ്പനിയുടെ ചുമതലയിൽ സുരക്ഷിത സംസ്കരണം ഉറപ്പാക്കുന്നതിനായി അംഗീകൃത ഏജൻസികൾക്ക് കൈമാറ്റപ്പെടുന്നതിനനുസൃതമായ നടപടികളാണ് പരിഗണിച്ചു വരുന്നത്.

നിലവിൽ പല സർക്കാർ സ്ഥാപനങ്ങളും ക്ലീൻ കേരള കമ്പനിയുമായി ബന്ധപ്പെട്ട് ഇ – വേസ്റ്റ് അംഗീകൃത ഏജൻസിക്ക് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 10-10-2014-ലെ സ.ഉ.(സാധാ)നമ്പർ 2612/2014/തസ്വഭവ.

4-3-2016-ലെ സ.ഉ.(സാധാ.)നമ്പർ 1117/16/തസ്വഭവ എന്നിവ പ്രകാരമാണ് ക്ലീൻ കേരള കമ്പനി സംസ്ഥാനത്ത് ഇലക്ട്രോണിക് മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഇ-ടെണ്ടറിലൂടെ കണ്ടെത്തിയ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി പുനഃചംക്രമണം നടത്തുകയും മൂല്യ വർദ്ധിത സേവനമെന്ന നിലയിൽ റൂൾ അനുസരിച്ച് ആപൽകരം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്യൂബ് ലൈറ്റുകൾ, സി.എഫ്.എൽ., പ്രിന്റർ കാട്രിഡ്ജുകൾ എന്നിവ കമ്പനി ഇ-മാലിന്യങ്ങളുടെ കൂടെ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ വകുപ്പും നഗരകാര്യവകുപ്പും സംയുക്തമായി നടപ്പിലാക്കിയ ഇ-ക്ലീൻ പദ്ധതിയിലൂടെ സംസ്ഥാനത്ത് ഉടനീളമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിദ്യാർത്ഥികൾ വഴി 46 ടൺ ഇ-മാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണം നടത്തിയിട്ടുണ്ട്. ഇതുവരെ സംസ്ഥാനത്ത് 850 ടണ്ണിൽ അധികം ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയ പുനഃചംക്രമണം നടത്തിയിട്ടുണ്ട്. കൂടാതെ ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ്-2016 ലെ വ്യവസ്ഥകളിൽ പറയുന്ന എക്സ്റ്റന്റഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി (EPR) നടപ്പിലാക്കപ്പെടുന്നതിനുള്ള പ്രാഥമിക നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

### ക്ലീൻ കേരള കമ്പനി

149 (2983) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലീൻ കേരള കമ്പനിയുടെ നാളിതുവരെയുള്ള ലാഭനഷ്ടങ്ങൾ എത്രയാണെന്ന് വർഷംതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ കമ്പനിയെ നവീകരിക്കുന്നതിനും പുതിയ പ്രവർത്തന മേഖലകൾ കണ്ടെത്തുന്നതിനും എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2014-15 - 9 ലക്ഷം നഷ്ടം

2015-16 - 37 ലക്ഷം നഷ്ടം

2016-17 - 32 ലക്ഷം നഷ്ടം

(ബി) ക്ലീൻ കേരള കമ്പനിയെ നവീകരിക്കുന്നതിനും പുതിയ പ്രവർത്തന മേഖലകൾ കണ്ടെത്തുന്നതിനുമായി ആസൂത്രണം ചെയ്തിട്ടുള്ള വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു:

1. പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം

സംസ്ഥാനത്ത് 330 തദ്ദേശ ഭരണ സ്ഥാപനങ്ങളിലായി 1,73,215 കിലോഗ്രാം ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകൾ ഉപയോഗിച്ച് 150 കിലോമീറ്ററോളം റോഡുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

2. പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കലും പരിപാലനവും

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മാലിന്യ സംസ്കരണ പ്രോജക്റ്റുകൾ തയ്യാറാക്കി ടെണ്ടർ നടപടികൾ ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി കമ്പനി ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി ഇതുവരെയായി 74 നഗരസഭകളിലും 83 പഞ്ചായത്തുകളിലുമായി 157 തദ്ദേശഭരണ സ്ഥാപനങ്ങളുമായി കമ്പനി കരാറിൽ ഏർപ്പെടുകയും 50 തദ്ദേശഭരണ സ്ഥാപനങ്ങളിൽ മെഷിനറികൾ സപ്ലൈ ചെയ്ത് ഇൻസ്റ്റലേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 200 തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്.

3. റിസോർസ് റിക്കവറി ഫെസിലിറ്റികളുടെ സ്ഥാപിക്കലും പരിപാലനവും

പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നത്, ഷ്രഡ്ഡഡ് പ്ലാസ്റ്റിക്കുകളുടെ വിപണനം, പുനഃചംക്രമണ സാധ്യമായ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വിപണനം, തദ്ദേശഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്ന ഇ-മാലിന്യങ്ങളുടെ പുനഃചംക്രമണവും സംസ്കരണവും എന്നിവ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

4. ഇ -വേസ്റ്റ് മാലിന്യങ്ങളുടെ ശേഖരണവും ശാസ്ത്രീയ പുന:ചംക്രമണവും

ക്ലീൻ കേരള കമ്പനി സംസ്ഥാനത്ത് ഇലക്ട്രോണിക് മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ മുഴുവൻ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി പുനഃചംക്രമണം നടത്തുവാനും കൂടാതെ മൂല്യ വർദ്ധിത സേവനമെന്ന നിലയിൽ റൂൾ അനുസരിച്ച് ആപൽകരം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്യൂബ് ലൈറ്റുകൾ, സി.എഫ്.എൽ., പ്രിന്റർ കാർട്ടിജുകൾ എന്നിവ കമ്പനി ഇ -മാലിന്യങ്ങളുടെ കൂടെ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്തിട്ടുണ്ട്. അതിലൂടെ ഇലക്ട്രോണിക് മാലിന്യങ്ങൾ കൊണ്ട് ഉണ്ടാകുമായിരുന്ന പാരിസ്ഥിതികവും ആരോഗ്യപരവുമായ പ്രശ്നങ്ങളെ ഒരു പരിധിവരെ നമ്മുടെ സംസ്ഥാനത്ത് പരിഹരിക്കുവാനും സാധിച്ചിട്ടുണ്ട്.

കൂടാതെ വിദ്യാഭ്യാസ വകുപ്പും നഗരകാര്യവകുപ്പും സംയുക്തമായി നടപ്പിലാക്കിയ ഇ-ക്ലീൻ പദ്ധതിയിലൂടെ സംസ്ഥാനത്ത് ഉടനീളമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിദ്യാർത്ഥികൾ വഴി 46 ടൺ ഇ-മാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണം നടത്തുകയും വിദ്യാർത്ഥികൾക്ക് കിലോയ്ക്ക് 25 രൂപ നൽകുകയും ചെയ്തു. സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമുള്ള 1000 ടണ്ണോളം ഇ-മാലിന്യങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷം ശേഖരിച്ച് പുന:ചംക്രമണം ചെയ്യുവാൻ ലക്ഷ്യമിടുന്നുണ്ട്. ഇതുവരെ കമ്പനി സംസ്ഥാനത്ത് 850 ൽ അധികം ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയ പുനഃചംക്രമണം നടത്തിയിട്ടുണ്ട്.

പ്ലാസ്റ്റിക്, ഇ-മാലിന്യ പുനഃചംക്രമണ കേന്ദ്രം

നിലവിൽ ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ സംസ്ഥാനത്ത് തന്നെ പുനഃചംക്രമണം ചെയ്ത് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി വിപണനം നടത്തുവാൻ സാധിക്കുന്ന രീതിയിലുള്ള റീസൈക്ലിംഗ് സെന്റർ സ്ഥാപിക്കുന്നതിന് ക്ലീൻ കേരള കമ്പനി ലക്ഷ്യമിടുന്നുണ്ട്. ഇതിലേയ്ക്കായി മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്ത് ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സ്ഥലം കൈമാറുന്നതിന് പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുമുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു.

5. ഗ്ലാസ്, ചില്ലുകുപ്പികൾ എന്നിവയുടെ ശേഖരണവും സംസ്കരണവും

അജൈവ മാലിന്യ പട്ടികയിലെ മറ്റൊരു ഇനമായ ഗ്ലാസ്സുകൾ, ചില്ലുകുപ്പികൾ എന്നിവ ശേഖരിക്കുന്നതിനും ശാസ്ത്രീയമായി പുനഃചംക്രമണം നടത്തുന്നതിനും തുകൽ ഉല്പന്നങ്ങളും ബാഗുകളും റബ്ബർടയർ തുടങ്ങിയവയും സംസ്കരിക്കുന്നതിനാവശ്യമായ നടപടി കമ്പനി സ്വീകരിച്ചുവരുന്നു.

**എയ്റോബിക് ബിന്നുകൾ**

150 (2984) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശുചിത്വ മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് എത്ര എയ്റോബിക് ബിന്നുകൾ സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട്;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ 787 എണ്ണം എയ്റോബിക് ബിന്നുകൾ സ്ഥാപിക്കുന്നതിന് ശുചിത്വ മിഷൻ മുഖേന സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രോജക്ട് രൂപീകരിക്കുന്നതും നിർവ്വഹണം നടത്തുന്നതും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനമായതിനാൽ വിശദവിവരം അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ മുഖേന ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

**പ്ലാസ്റ്റിക് കവറുകളും മറ്റ് പ്ലാസ്റ്റിക് ഉല്പന്നങ്ങളും തടയാൻ നടപടികൾ**

151 (2985) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് കവറുകളും മറ്റ് പ്ലാസ്റ്റിക് ഉല്പന്നങ്ങളും വീണ്ടും വിപണിയിൽ ലഭ്യമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ വിപണിയിൽ ലഭ്യമാകുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വിശദമാക്കാമോ;

(സി) ഇവയുടെ ഉല്പാദനവും വില്പനയും തടയാൻ സ്ഥിരം സംവിധാനം എന്തെങ്കിലും ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചിലയിടങ്ങളിൽ ലഭ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് 24-9-2016-ലെ 576/ഡി.സി.1/16/ തസ്വഭവ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് കവറുകളിൽ മാത്രമേ വില്പന നടത്താൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വില്പന സാധനങ്ങൾ പ്ലാസ്റ്റിക് കവറുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള ഉത്തരവാദിത്വം അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഇതിനു സഹായകരമാകുന്ന തരത്തിൽ തദ്ദേശഭരണ സ്ഥാപനതലത്തിൽ പുറപ്പെടുവിക്കേണ്ട ഏകീകൃത ബൈലോ തയ്യാറാക്കി പരിശോധിച്ചുവരുന്നു.

(സി) പരിശോധിക്കുന്നതാണ്.

**പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന റോഡുകൾ**

152 (2986) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ റോഡ് നിർമ്മിക്കുന്നതിനായി നീക്കി വയ്ക്കുന്ന തുകയുടെ പത്ത് ശതമാനം പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന റോഡുകൾക്കായി വിനിയോഗിക്കണമെന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) 2017-18-ൽ എത്ര കിലോമീറ്റർ റോഡുകൾ പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തി നിർമ്മിക്കുവാൻ കഴിഞ്ഞു; വ്യക്തമാക്കുമോ;

(സി) ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജനം ചെയ്യുന്നതിന് ഈ സംവിധാനം എത്രമാത്രം സഹായകമായി എന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് 330 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 1,73,215 കിലോഗ്രാം ഷ്രെഡ്ഡ്ഡ് പ്ലാസ്റ്റിക്കുകൾ ഉപയോഗിച്ച് 150 കിലോമീറ്ററോളം റോഡുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) 3.75 മീറ്റർ വീതിയിൽ ഒരു കിലോമീറ്റർ റോഡ് നിർമ്മിക്കുവാൻ 1.3 ടൺ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ആവശ്യമാണ്. ഇതേ അളവിൽ ആവശ്യമായ താരതമ്യേന വിലകൂടിയ ബിറ്റുമിന് പകരം പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിക്കുന്നതിലൂടെ ഗണ്യമായ സാമ്പത്തികലാഭം കൈവരിക്കുക എന്നത് കൂടാതെ പരിസ്ഥിതിക്ക് അതീവ വിപൽകരമായ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശാസ്ത്രീയ നിർമ്മാർജ്ജനം എന്ന മഹത്തായ ലക്ഷ്യംകൂടി ഈ പദ്ധതികളുടെ നടത്തിപ്പിലൂടെ കൈവരിക്കുവാൻ സാധിക്കുന്നു.

**നിലമ്പൂർ മണ്ഡലത്തിൽ പുഴകളും കുളങ്ങളും സംരക്ഷിക്കുന്നതിന് പദ്ധതി**

153 (2987) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ ജനകീയ കൂട്ടായ്മയിൽ പുഴകളും കുളങ്ങളും സംരക്ഷിക്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതിയായ വഴിക്കടവ് - പുന്നക്കൽ കുടിവെള്ള പദ്ധതിയുടെ ഫയലിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ; പ്രസ്തുത ഫയലിൽ നടപടി സ്വീകരിക്കാതെ വൈകിപ്പിച്ച ഉദ്യോഗസ്ഥന്റെ പേരും, തസ്തികയും വിലാസവും അറിയിക്കാമോ; ഫയൽ വൈകിപ്പിച്ചതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ എടുത്ത നടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ മണ്ഡലത്തിലുൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ ജനകീയ കൂട്ടായ്മയിൽ പുഴകളും കുളങ്ങളും സംരക്ഷിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് തലത്തിൽ പദ്ധതികളാവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

നടപ്പിലാക്കുന്ന മാലിന്യമുക്ത ചാലിയാർ പദ്ധതിയുടെയും ക്ലീൻ വഴിക്കടവ് പദ്ധതിയുടെയും ഹരിതകേരള മിഷന്റെ ഭാഗമായും മാലിന്യ നിർമ്മാർജ്ജനത്തിനും പുഴകളും കുളങ്ങളും സംരക്ഷിക്കുന്നതിനും ജനകീയ കൂട്ടായ്മയിൽ വിവിധ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.

നിലമ്പൂർ നഗരസഭിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ വാർഡുകളിൽ തോട് സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ കുതിരപ്പുഴ, ചാലിയാർ പുഴ, കുരുട്ടികടവ്, കരിമ്പുഴ എന്നീ പുഴകളിൽ ജലസംരക്ഷണത്തിന് തടയണ നിർമ്മാണം നടന്നുവരുന്നു. 2018-19 വർഷത്തിൽ നീർത്തടാധിഷ്ഠിത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ വെള്ളക്കട്ട-പന്നയ്ക്കൽ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷ എഫ്.എം.3/81/2017/തസ്വഭവ നമ്പർ ഫയലിൽ നടപടി സ്വീകരിച്ച്, 19-6-2017 ല സ.ഉ.(സാധാ) നമ്പർ 2029/17/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2016-17 വർഷത്തെ ശ്രീ. പി.വി. അൻവർ, എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 10 ലക്ഷം രൂപ പ്രസ്തുത കുടിവെള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

വഴിക്കടവ്-പുന്നക്കൽ കുടിവെള്ള പദ്ധതി ആദ്യം വിഭാവനം ചെയ്തിരുന്നത് കാട്ടരുവിയിൽ നിന്നും ജലം ശേരിച്ച് വിതരണം ചെയ്യുന്ന രീതിയിലാണ്. ഇപ്രകാരം ചെയ്യുന്നതിന് ഏകദേശം 3 കിലോമീറ്റർ ദൂരത്തോളം വനത്തിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. ഇപ്രകാരം പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായിട്ടുള്ളതാണ്. പ്രസ്തുത അനുമതി ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതിന് സാഹചര്യം ഉള്ളതിനാൽ ടി പ്രൊപ്പോസൽ ഉപേക്ഷിക്കുകയും കിണറും ടാങ്കും നിർമ്മിക്കാൻ തീരുമാനിക്കുകയും അതിന് വേണ്ട സ്ഥലം ഒരു മാസം മുമ്പ് മാത്രമാണ് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളത്. നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭിച്ചാൽ മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കാൻ കഴിയൂ. പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റങ്ങൾ കാരണം വരാവുന്ന സ്വാഭാവിക കാലതാമസം വന്നിട്ടുള്ളതായി മലപ്പുറം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ ലഭ്യമായ സ്ഥലത്തിനനുസരണമായി എസ്റ്റിമേറ്റ് തയ്യാർചെയ്ത് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്തിട്ടുള്ളതാണ്.

## ബഡ്സ് സ്കൂളുകളിലെ കെയർടേക്കർമാർക്ക് പരിശീലനം

154(2988) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്സ് സ്കൂളുകളിലെ കെയർ ടേക്കർമാർക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ പരിശീലനം ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശീലനത്തിന്റെ ഉള്ളടക്കം, പരിശീലനം നൽകിയ ഏജൻസി, എത്ര ദിവസത്തെ പരിശീലനം, എത്ര കെയർ ടേക്കർമാർ പങ്കെടുത്തു തുടങ്ങിയ വിവരങ്ങൾ ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ബി) കെയർ ടേക്കർമാർക്ക് കുടുംബശ്രീ സംവിധാനത്തിന്റെ സഹായത്തോടെ പരിശീലനം നൽകുന്നത് സംബന്ധിച്ച് ഏതെങ്കിലും ഏജൻസി/സ്ഥാപനം പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ പദ്ധതിയിന്മേൽ എന്ത് തീരുമാനം കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ; പദ്ധതി നടപ്പിലാക്കാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ബഡ്സ് സ്കൂളിലെ ആയ/കെയർ ടേക്കർമാർക്ക് 25/07/2013 മുതൽ 27/07/2013 വരെ 3 ദിവസത്തെ റസിഡൻഷ്യൽ പരിശീലനം സംസ്ഥാന തലത്തിൽ നൽകിയിട്ടുണ്ട്. പരിശീലന മോഡ്യൂളിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.* കുടുംബശ്രീ മുഖാന്തരമാണ് പരിശീലനം നടത്തിയിട്ടുള്ളത്. 66 ആയമാർ പരിശീലനത്തിൽ പങ്കെടുക്കുകയുണ്ടായി. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | പങ്കെടുത്ത ആയ/കെയർടേക്കർമാരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 5 |
| കൊല്ലം | 1 |
| പത്തനംതിട്ട | 0 |
| ആലപ്പുഴ | 6 |
| കോട്ടയം | 1 |
| ഇടുക്കി | 1 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| എറണാകുളം | 16 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 3 |
| മലപ്പുറം | 2 |
| കോഴിക്കോട് | 10 |
| വയനാട് | 0 |
| കണ്ണൂർ | 11 |
| കാസർഗോഡ് | 8 |

2016 മാർച്ച് 31, ഏപ്രിൽ 1 തീയതികളിൽ തുടർന്നും പരിശീലനം നൽകുകയുണ്ടായി. ടി പരിശീലനത്തിൽ 57 ആയമാർ പങ്കെടുക്കുകയുണ്ടായി.

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിചരണം നൽകുന്നവർക്ക് പരിശീലനം നൽകുന്നതുമായി ബന്ധപ്പെട്ട് മീഡിയ അനാലിസിസ് ആന്റ് റിസർച്ച് സെന്റർ ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രോപ്പോസൽ പരിശോധിച്ചുവരുന്നു.

**പൊതുശ്മശാനവും മൃതദേഹം ദഹിപ്പിക്കുന്നതിനുള്ള ചൂളകളും സ്ഥാപിക്കുന്ന നടപടി**

155 (2989) <u>ശ്രീ. വി. ഡി. സതീശൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-ലെ കേരള പഞ്ചായത്തിരാജ് നിയമത്തിലെയും, മുൻസിപ്പാലിറ്റി നിയമത്തിലെയും ചട്ടങ്ങൾ അനുസരിച്ച് പൊതുശ്മശാനവും, മൃതദേഹം ദഹിപ്പിക്കുന്നതിനുള്ള ചൂളകൾ സ്ഥാപിക്കുന്ന നടപടിയും സ്വീകരിക്കേണ്ടത് തദ്ദേശസ്ഥാപനങ്ങളുടെ ബാധ്യതയാണോ;വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനം നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി ഈ സർക്കാർ എത്ര ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം നൽകിയെന്നറിയിക്കുമോ;

(സി) ശ്മശാനം നിർമ്മിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് സർക്കാർ സ്ഥലം വിട്ട് നൽകുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തടസ്സം നീക്കുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) അതെ. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 254-ാം വകുപ്പ് (2) ഉപവകുപ്പ് (1)-ാം ഖണ്ഡിക പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ പ്രകാരം ഉണ്ടാക്കിയിട്ടുള്ള 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ (3) പ്രകാരം ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ പഞ്ചായത്ത് ഏർപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നു. കൂടാതെ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 30(1)-ാം വകുപ്പ് പ്രകാരമുള്ള ഒന്നാം പട്ടികയിൽ 18-ാമത്തെ ഇനമായി ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത് മുനിസിപ്പാലിറ്റിയുടെ അനിവാര്യ ചുമതലയാണ്.

(ബി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതു ശ്മശാനം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ധനസഹായം അനുവദിച്ചുവരുന്നു. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതി പ്രകാരം 12 ഗ്രാമപഞ്ചായത്തുകൾക്ക് പൊതുശ്മശാനം നിർമ്മിക്കുന്നതിന്/നവീകരിക്കുന്നതിനായി 180.74 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഗ്രാമീണറോഡുകളുടെ നിർമ്മാണത്തിലെ ഗുണനിലവാരക്കുറവ്**

156 (2990) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണറോഡുകളുടെ നിർമ്മാണത്തിലെ ഗുണനിലവാരക്കുറവുമൂലം പ്രസ്തുത റോഡുകൾ വേഗത്തിൽ തകരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമീണറോഡ് നിർമ്മാണം യന്ത്രവത്കൃതമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഗ്രാമീണ റോഡുകൾ മിനിസ്ട്രി ഓഫ് റൂറൽ ഡെവലപ്മെന്റ്/മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് & ഹൈവേസ് സ്പെസിഫിക്കേഷൻ പ്രകാരമാണ് ചെയ്തുവരുന്നത്. ടി രണ്ട് സ്പെസിഫിക്കേഷനുകളിൽ ചെയ്യുന്ന പ്രവൃത്തികളും യന്ത്രവത്കൃതമായിട്ടാണ് ചെയ്തുവരുന്നത്.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ കുടിശ്ശിക

157 (2991) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ തുക കേന്ദ്രസർക്കാരിൽനിന്നും ലഭിക്കാനുണ്ടോ; ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിലെ പഞ്ചായത്തുകൾ നടപ്പിലാക്കുന്ന കിണർ റീച്ചാർജ്ജിംഗ് പദ്ധതിയുടെ തുക ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയത് കുടിശ്ശികയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ലഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിയ്ക്കാനുണ്ട്. അവിദഗ്ധ കായിക കൂലിയിനത്തിൽ 08.03.2018 വരെയുള്ള കുടിശ്ശിക 463.39 കോടി രൂപയാണ്.

(ബി) മാവേലിക്കര മണ്ഡലത്തിലെ പാലമേൽ, വള്ളിക്കുന്നം എന്നീ ഗ്രാമ പഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കിണർ റീചാർജ്ജ് പദ്ധതിയുടെ കുടിശ്ശിക ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ്

158 (2992) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മേഖലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽനിന്നും കാർഷിക മേഖലയെ ഒഴിവാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തിന്റെ സമഗ്ര വളർച്ചയ്ക്കായി പ്രത്യുല്പാദനപരമായ മേഖലകൾ ഉൾപ്പെടുത്തി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽനിന്നും തൊഴിലുറപ്പ് പദ്ധതിക്കായി ലഭിച്ച തുക എത്രയായിരുന്നു; എന്തൊക്കെ പ്രവർത്തികളാണ് ടി വർഷം ചെയ്തിട്ടുള്ളത്; ആയതിന് ചെലവഴിച്ച തുക എത്രയാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പരിഷ്കരിച്ച തൊഴിലുറപ്പ് നിയമപ്രകാരം ചുവടെ ചേർത്ത മേഖലകളിലുള്ള പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. (എ)-പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ, (ബി)- സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികളുടെ നിർമ്മാണം, (സി)-ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, (ഡി) -ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പ്രവൃത്തികൾ.

(ബി & സി) ഒഴിവാക്കിയിട്ടില്ല. നിലവിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ 60 ശതമാനവും കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവൃത്തികളാണ്. എന്നാൽ നേരിട്ടുള്ള കാർഷിക പ്രവർത്തനങ്ങൾ (ഞാറുനടീൽ, കൊയ്ത്ത് മുതലായവ) തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമല്ല.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയ്ക്കായി 1854.13 കോടി രൂപ ലഭിച്ചിട്ടുണ്ട്.

ടി സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രവൃത്തികളും ആനുപാതികമായി ചെലവാക്കിയ തുകയും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തി | ചെലവഴിച്ച തുക (ലക്ഷത്തിൽ ) |
|---|---|---|
| 1 | പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ | 102347.63 |
| 2 | സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ | 28992.39 |
| 3 | ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികൾ | 79.68 |
| 4 | ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ | 15124.11 |

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

159 (2993) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികൾക്ക് ഇപ്പോൾ നൽകുന്ന കൂലി എത്ര രൂപയാണ്; എത്ര തൊഴിൽ ദിനങ്ങളാണ് ഓരോ വർഷവും ഇവർക്ക് നൽകിവരുന്നത്; വിശദമാക്കുമോ;

(ബി) എന്തൊക്കെ പ്രവൃത്തികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ ചെയ്യുന്നത്; വേനൽ കടുക്കുന്ന സാഹചര്യത്തിൽ ജലസ്രോതസ്സുകളുടെ അഭിവൃദ്ധിപ്പെടുത്തൽ, പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുകയില്ലേ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലെ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന കൂലി വർദ്ധിപ്പിക്കാനും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കുന്ന അവിദഗ്ദ്ധ തൊഴിലാളികളുടെ പ്രതിദിന വേതനം

258 രൂപയാണ്. 2016-17 സാമ്പത്തിക വർഷം ഒരു കുടുംബത്തിന് നൽകിയ ശരാശരി തൊഴിൽദിനങ്ങൾ 47 ആണ്. ഈ സാമ്പത്തിക വർഷം ഇതുവരെ ശരാശരി 40 തൊഴിൽദിനങ്ങൾ ഒരു കുടുംബത്തിന് നൽകിയിട്ടുണ്ട്.

(ബി) പരിഷ്കരിച്ച തൊഴിലുറപ്പ് നിയമപ്രകാരം പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ, സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക 1 ഖണ്ഡിക 5-ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം), ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം എന്നീ പ്രവൃത്തികൾക്കാണ് മുൻതൂക്കം നൽകിയിട്ടുള്ളത്.

വേനൽ കടുക്കുന്ന സാഹചര്യത്തിൽ പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ പൊതു ഉടമസ്ഥതയിലുള്ള ജലസേചന കുളങ്ങളുടെയും മറ്റ് പൊതു ജലസ്രോതസ്സുകളുടെയും ആഴംകൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനഃരുദ്ധാരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ എല്ലാ പൊതു ജലസ്രോതസ്സുകളെയും നവീകരിക്കുന്നതിനും പുന:രുദ്ധരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ സ്വകാര്യ കുളങ്ങളുടെ നിർമ്മാണം, കിണർ റീചാർജ്ജിംഗ്, വനവൽക്കരണ പ്രവർത്തനങ്ങൾ, കയർഭ്രവസ്ത്രം ഉപയോഗിച്ചുള്ള മണ്ണ്, ജനസംരക്ഷണ പ്രവൃത്തികൾ എന്നിവയും തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കി വരുന്നു.

(സി) തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് കൂലി നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്. തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് ഘട്ടംഘട്ടമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും നിലവിലുള്ള നീർത്തട മാസ്റ്റർപ്ലാനുകൾ പരിഷ്കരിച്ച് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾക്ക് പ്രാധാന്യം നൽകി കൂടുതൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2 കോടി വൃക്ഷത്തൈകൾ ഉദ്പാദിപ്പിച്ച് നട്ട് പരിപാലിക്കുന്നതിലൂടെ കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

## മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി

160 (2994) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരോല്പാദന മേഖലയിൽ പശുത്തൊഴുത്ത്, ആട്ടിൻകൂട് എന്നിവയുടെ നിർമ്മാണം, വ്യക്തിഗത ഗാർഹിക ശൗചാലയം, കളിസ്ഥലം, പൊതുചന്ത തുടങ്ങിയ നിർമ്മാണപ്രവൃത്തികൾ ഏറ്റെടുക്കുവാൻ അനുവദിച്ചിട്ടുള്ളത് തൊഴിലിനോടൊപ്പം വികസനവും എന്ന യഥാർത്ഥ്യം പ്രാപ്തമാക്കുന്നതിന് എത്രമാത്രം സഹായകമായി എന്ന് വിശദീകരിക്കുമോ;

(ബി) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ അവിദഗ്ധ തൊഴിലാളികൾക്ക് കൂലിനിരക്ക് കേന്ദ്ര സർക്കാർ പുനർനിർണ്ണയിച്ചിട്ടുണ്ടോ; സംസ്ഥാനത്തെ കൂലിനിരക്കുമായി തട്ടിച്ച് നോക്കുമ്പോൾ ഇത് തുലോം കുറവാണെന്നതിനാൽ അത് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയിൽ വേതനം രണ്ടാഴ്ചക്കകം വിതരണം ചെയ്യണമെന്ന നിബന്ധന കർശനമായി പാലിക്കുന്നതിന് സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ഈ പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം കൃത്യമായി കേന്ദ്ര സർക്കാരിന് നൽകാതിരുന്നത് മൂലം ഈ പദ്ധതികൾക്കുള്ള കേന്ദ്രസഹായം സമയത്ത് ലഭിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ?

### ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിയമത്തിന്റെ 5-ാം പട്ടികയിൽ പരാമർശിച്ചിട്ടുള്ള കുടുംബങ്ങൾക്ക് ഉപജീവന ആസ്തികളായ പശുത്തൊഴുത്ത്, ആട്ടിൻകൂട് എന്നിവ നിർമ്മിച്ച് നൽകുന്നുണ്ട്. ഇത് ഗുണഭോക്താക്കളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ക്ഷീരമേഖലയുടെ വികസനത്തിന് മുതൽക്കൂട്ടാകുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ഈ മേഖലയിൽ 1045 എണ്ണം പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 414 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക ശൗചാലയം നിർമ്മിച്ചുകൊടുക്കുക വഴി വെളിയിട വിസർജ്ജനമുക്ത സംസ്ഥാനം (ODF State) എന്ന ആശയം സാക്ഷാത്കരിക്കുന്നതിൽ പങ്കുവഹിക്കാൻ കഴിഞ്ഞു.

2017-18 സാമ്പത്തിക വർഷത്തിൽ 15314 ശൗചാലയം ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 4756 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയിൻകീഴിൽ ഗ്രാമീണ കളിസ്ഥലങ്ങൾ നിർമ്മിക്കുകവഴി കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുവാനും ജീവിതശൈലി രോഗങ്ങൾ കുറയ്ക്കുവാനും സഹായകമായിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 118 കളിസ്ഥലങ്ങളുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 39 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആദ്യം വിജ്ഞാപനം ചെയ്തത് 2-2-2006 ലാണ്. അന്ന് മുതൽ 1-2-2011 വരെ പദ്ധതിയിലെ കൂലി നിരക്ക് 125 രൂപയായിരുന്നു. എന്നാൽ 2011 മുതൽ ഓരോ വർഷവും കേന്ദ്രസർക്കാർ സി.പി.ഐ.-എ.എൽ. (കൺസ്യൂമർ പ്രൈസ് ഇൻഡക്സ്- അഗ്രികൾച്ചറൽ ലേബർ)-ന്റെ മാനദണ്ഡം അവലംബിച്ച് കൂലി വർദ്ധിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചുവരുന്നു. 1-4-2017 മുതൽ കൂലി നിരക്ക് 258 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) 2016 ജനുവരി 1 ന് NeFMS ( നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം) നിലവിൽ വന്നതുമുതൽ അവിദഗ്ദ്ധ കായിക വേതനം കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് അനുവദിക്കുന്നമുറയ്ക്ക് NeFMS വഴി തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് ലഭ്യമാകുന്നു. നിലവിൽ 97.26 ശതമാനം വേതനം 15 ദിവസത്തിനുള്ളിൽ പ്രോസസ്സ് ചെയ്യുകയും കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തൊഴിലാളികൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

(ഡി) ഇല്ല.

**വിനോദ നികുതി**

161 (2995) <u>ശ്രീ. പി. ടി. എ. റഹീം :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രത്യേകിച്ച് മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും തനത് വരുമാനമാർഗ്ഗമായ വിനോദ നികുതിയെ ജി.എസ്.ടി. നിയമം ഏതെങ്കിലും വിധത്തിൽ ബാധിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അവയുടെ വരുമാന നഷ്ടം നികത്താൻ എന്ത് പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വിനോദ നികുതി GST യുടെ ഭാഗമാക്കിയിരിക്കുകയാണ്. ചരക്ക് സേവന നികുതി നിയമം നിലവിൽ വന്നതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കി വന്നിരുന്ന വിനോദ നികുതി 2017 ജൂലൈ 1 മുതൽ ഒഴിവാക്കിയിട്ടുണ്ട്. വിനോദ നികുതി വരുമാനമില്ലാതായതിനാൽ ആയത് നഗരസഭകളുടെ തനത് വരുമാനത്തെ സാരമായി ബാധിക്കുന്നുണ്ട്.

(ബി) 2017-18 ലെ വിനോദ നികുതിയുടെ നഷ്ടപരിഹാരമായി 133 കോടി രൂപ 2018-19 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് 2015-16 ൽ ഓരോ പ്രാദേശിക സർക്കാരിൽ നിന്ന് പിരിച്ച വിനോദ നികുതിയ്ക്ക് ആനുപാതികമായിട്ട് നൽകാനാണ് ഉദ്ദേശിക്കുന്നത്.

**കെട്ടിടം പണിയ്ക്കുള്ള പെർമിറ്റ്**

162 (2996) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും മറ്റുമുള്ള ഹൈവേകളോട് ചേർന്നുള്ള 10 സെന്റിൽ കൂടുതലുള്ള, നല്ല കരഭൂമിയായി കിടക്കുന്ന സ്ഥലങ്ങൾ വില്ലേജുകളിലെ റിക്കാർഡിൽ (ബി.ടി.ആർ.-ൽ) നിലമെന്ന് രേഖപ്പെടുത്തിയിരിക്കുന്നതുമൂലം പ്രസ്തുത സ്ഥലത്ത് കൊമേർഷ്യൽ /വാസഗൃഹങ്ങൾ പണിയുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ ;വിശദമാക്കുമോ;

(ബി) ഓരോ സ്ഥലങ്ങളിലും അവിടത്തെ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളുടെ ഉത്തരവു പ്രകാരം/നിയമപ്രകാരം ആണോ കെട്ടിടം പണിയ്ക്ക് പെർമിറ്റ് നൽകുന്നതെന്ന് വിശദമാക്കുമോ;

(സി) ഇങ്ങനെ വഴിയോരങ്ങളിൽ കെട്ടിട സമുച്ചയങ്ങൾ ഉണ്ടാകുന്നത് സംസ്ഥാന വികസനത്തിന് ഗുണകരമാണോ; എങ്കിൽ ഇതിലേയ്ക്കായി ഇളവുകൾ പരിഗണിയ്ക്കാൻ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ പരിശോധിച്ച് ആവശ്യമായ അനുകൂല ഉത്തരവ് നൽകുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ബി.ടി.ആർ.-ൽ നിലമെന്ന് രേഖപ്പെടുത്തിയ സ്ഥലത്ത് കെ.എൽ.യു. ഉത്തരവ് 1967, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം എന്നിവയുടെ

കൂടി അടിസ്ഥാനത്തിൽ മാത്രമേ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സെക്രട്ടറിക്ക് നിർമ്മാണാനുമതി നല്കാൻ സാധിക്കൂ.

(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ എല്ലാ നഗര പ്രദേശങ്ങൾക്കും (മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ) ഒന്നാണ് (കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1999)

(സി) നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ ക്രമവൽക്കരണം**

163 (2997) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളും വാസഗൃഹങ്ങളും പിഴയടച്ച് ക്രമവൽക്കരിക്കുന്നതിനുള്ള പുതിയ ഉത്തരവ് സാധാരണ ജനങ്ങളെ സഹായിക്കാനുള്ളതല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) അനധികൃതമായി നിർമ്മിച്ച വൻകിട കെട്ടിടങ്ങളും മറ്റും ക്രമവൽക്കരിക്കുന്നതിനാണ് പ്രസ്തുത ഉത്തരവുകൊണ്ട് പ്രയോജനമുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഏതൊക്കെ വയലേഷനുകളാണ് പ്രസ്തുത ഉത്തരവുപ്രകാരം ക്രമവൽക്കരിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) കെട്ടിട നിർമ്മാണ ചട്ടത്തിലെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 220 ബി പ്രകാരമുള്ള വയലേഷനാണ് സാധാരണക്കാരന് ഇളവുചെയ്ത് കിട്ടേണ്ടതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത നിയമത്തിന് ഇളവ് കൊടുക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലെ ക്രമവത്ക്കരണ ചട്ടങ്ങൾ പ്രകാരം കുടിലുകൾ, 60 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ താഴെയുള്ള വാസഗൃഹങ്ങൾ എന്നിവയെ ആപേക്ഷാ ഫീസ്, ക്രമവൽക്കരിക്കുന്നപക്ഷം ഒടുക്കേണ്ടതായ കോമ്പൗണ്ടിംഗ് ഫീസ് എന്നിവയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല,

300 ച.മീറ്റർ വിസ്തൃതിയിൽ താഴെയുള്ള വാസഗൃഹങ്ങളെ ക്രമവത്ക്കരിക്കുന്ന പക്ഷം പ്രസ്തുത ക്രമവൽക്കരണ ചട്ടങ്ങളിലെ Appendix-1-ൽ നിഷ്കർഷിക്കുന്ന പ്രകാരം ഒരു നിശ്ചിത തുക കോമ്പൗണ്ടിംഗ് ഫീസായി നൽകിയാൽ മതിയാകുന്നതാണ്. കൂടാതെ, Appendix-1 പ്രകാരം, 100 ച.മീറ്റർ വിസ്തൃതിയിൽ താഴെയുള്ള വാസഗൃഹങ്ങൾ ഒഴികെയുള്ള മറ്റ് കെട്ടിടങ്ങൾക്കും താരതമ്യേന ഉദാരമായി കോമ്പൗണ്ടിംഗ് ഫീസ് കണക്കാക്കുവാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ, 300 ച.മീറ്റർ വിസ്തൃതിയിൽ കൂടുതലുള്ള വാസഗൃഹങ്ങൾക്കും, 100 ച.മീറ്റർ വിസ്തൃതിയിൽ കൂടുതലുള്ള മറ്റു നിർമ്മാണങ്ങൾക്കും ക്രമവത്ക്കരിക്കുന്ന പക്ഷം അവയുടെ വിസ്തൃതി, ലംഘനത്തിന്റെ തോത് എന്നിവക്ക് ആനുപാതികമായും Appendix-1-ൽ നിഷ്കർഷിക്കുന്ന പ്രകാരവും കോമ്പൗണ്ടിംഗ് ഫീസ് ഒടുക്കേണ്ടതാണ്.

(സി) പ്രസ്തുത ഉത്തരവനുസരിച്ച് ടി ചട്ടങ്ങളിലെ ചട്ടം 6(4)-ൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ, നിയമങ്ങൾ, കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട Appendix-II-ലെ വ്യവസ്ഥകൾ ലംഘിക്കുന്ന നിർമ്മാണങ്ങൾ എന്നിവയൊഴികെയുള്ള കെട്ടിടങ്ങൾ ക്രമവൽക്കരിക്കാവുന്നതാണ്. കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട മറ്റ് ലംഘനങ്ങളുണ്ടെങ്കിൽ അവയുടെ തോത്, ആയത് മൂലമുള്ള സുരക്ഷ സംബന്ധമായ വിഷയങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് ടി നിർമ്മാണം ക്രമവൽക്കരിക്കാവുന്നതാണോ എന്ന തീരുമാനം സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കുന്ന മൂന്നംഗ കമ്മിറ്റിക്ക് കൈക്കൊള്ളാൻ കഴിയും.

(ഡി) നിലവിലെ പഞ്ചായത്ത് ക്രമവത്കരണ ചട്ടങ്ങളിലെ ചട്ടം 6(4) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ സെക്ഷൻ 220(ബി) ലംഘിക്കുന്ന നിർമ്മാണങ്ങൾ ക്രമവൽകരിക്കുവാൻ സാധിക്കുകയില്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

**അനധികൃത കെട്ടിടങ്ങൾ ക്രമപ്പെടുത്തൽ**

164 (2998) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തിയായ അനധികൃത കെട്ടിടങ്ങൾ ക്രമപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) അനധികൃത നിർമ്മാണത്തെത്തുടർന്ന് വിവിധ കോടതികളിൽ കേസ്സുകളിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ക്രമപ്പെടുത്താൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 31-7-2017-നോ അതിനുമുൻപോ നിർമ്മിച്ചിട്ടുള്ള അനധികൃത കെട്ടിടങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി പിഴ ഈടാക്കി ക്രമപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ, പഞ്ചായത്ത് എന്നിവിടങ്ങളിൽ 31-7-2017-നോ മുൻപോ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിനായി ക്രമവൽക്കരണ ചട്ടങ്ങൾ യഥാക്രമം 15-2-2018-ലെ ജി.ഒ.(പി) നമ്പർ 11/2018/തസ്വഭവ, ജി.ഒ.(പി)നമ്പർ 12/2018/തസ്വഭവ എന്നീ സർക്കാർ ഉത്തരവുകൾ മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്.

(സി&ഡി) നിലവിലെ ക്രമവത്ക്കരണ ചട്ടങ്ങളനുസരിച്ച് അപേക്ഷ സമർപ്പിക്കുമ്പോൾ തന്നെ പ്രസ്തുത അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് കോടതി കേസുകളുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ വെളിപ്പെടുത്തേണ്ടതുണ്ട്. അത്തരം അപേക്ഷകളിൽ കോടതി വ്യവഹാരവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൂടി പരിഗണിച്ച ശേഷമാണ് അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളേണ്ടത്.

**നിയമം ലംഘിച്ച് പണിത കെട്ടിടങ്ങൾക്ക് അംഗീകാരം**

165 (2999) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമം ലംഘിച്ച് പണിത കെട്ടിടങ്ങൾക്ക് പിഴചുമത്തി അംഗീകാരം നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എങ്കിൽ ഭാവിയിൽ അനധികൃത കെട്ടിടങ്ങൾക്ക് പ്ലാനും സ്കെച്ചും തയ്യാറാക്കി നൽകുന്ന ആർക്കിടെക്ടുമാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(സി) അനധികൃത കെട്ടിടങ്ങൾക്ക് പിഴചുമത്തുന്നതിലൂടെ എത്ര കോടി രൂപ ലഭിക്കുമെന്നാണ് കണക്കാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇത്തരം ക്രമവൽക്കരണം നിയമവിരുദ്ധ പ്രവർത്തനം നടത്തുന്നവർക്ക് പ്രോത്സാഹനമാകുമെന്ന് വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തെ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകളിലെയും പഞ്ചായത്തുകളിലെയും അനധികൃത നിർമ്മാണങ്ങൾ നിബന്ധനകൾക്ക് വിധേയമായി പിഴ ചുമത്തി ക്രമവത്ക്കരിക്കുന്നതിനായി യഥാക്രമം 15/2/18-ലെ ജി.ഒ.(പി)നമ്പർ 11/2018/തസ്വഭവ, ജി.ഒ.(പി)നമ്പർ 12/2018/ തസ്വഭവ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) തെറ്റായ വിവരങ്ങൾ നൽകിയിട്ടുള്ള പ്ലാൻ സാക്ഷ്യപ്പെടുത്തുന്ന Licensee/Structural Engineer എന്നിവരെ സംസ്ഥാനത്തൊട്ടാകെ കരിമ്പട്ടികയിൽപ്പെടുത്തുമെന്ന് ക്രമവൽക്കരണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ തെറ്റായ വിവരങ്ങൾ നൽകുകയോ, ചട്ടങ്ങൾ ലംഘിക്കുകയോ ചെയ്യുന്ന ലൈസൻസിയുടെ, ടിയാൻ ചെയ്ത ലംഘനത്തിന്റെ വ്യാപ്തിയനുസരിച്ച്, രജിസ്ട്രേഷൻ സസ്പെന്റ് ചെയ്യുകയോ റദ്ദാക്കുകയോ ഭാവിയിൽ രജിസ്റ്റർ ചെയ്യുന്നതിൽനിന്നും അയോഗ്യരാക്കുകയോ ചെയ്യുമെന്നും ടി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാത്രമല്ല, ലൈസൻസ്ഡ് ആർക്കിടെക്റ്റ് ആണെങ്കിൽ Architects (Professional Conduct) Regulations 1989-ന് അനുസൃതമായി ടിയാനെതിരെ Council of Architecture-ൽ നടപടി ശുപാർശ ചെയ്യുമെന്നും ഇത്തരം ലൈസൻസിമാരുടെ ഫോട്ടോ സഹിതമുള്ള വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം, നഗരഗ്രാമാസൂത്രണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുമെന്നും പ്രസ്തുത ക്രമവത്ക്കരണ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

(സി) കണക്കാക്കിയിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്ത പ്രവൃത്തികൾ**

166 (3000) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ മണലൂർ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് പ്രകാരം ഭരണാനുമതിയായ തദ്ദേശസ്വയംഭരണവകുപ്പ് മുഖേന പ്രാവർത്തികമാക്കേണ്ട പ്രവൃത്തികളിൽ ഇതുവരെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തികൾക്ക് ഇതുവരെ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എത്രയുംവേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്ത പ്രവൃത്തികളും അതിനുള്ള കാരണവും ചുവടെ ചേർക്കുന്നു:

- വാടാനപ്പള്ളി ജി.എച്ച്.എസ്.എസ്. പുനരുദ്ധാരണം-ഭൂമി ലഭ്യമാകാത്തതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിച്ചില്ല.
- മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ് (അനക്സ്) പുതിയ കെട്ടിട നിർമ്മാണം -സ്ട്രക്ച്ചറൽ ഡിസൈൻ ഇതുവരെയും ലഭിച്ചിട്ടില്ല.
- കണ്ടനശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ് (അനക്സ്) പുതിയ ബ്ലോക്ക് നിർമ്മാണം- കോസ്റ്റ് ഫോർഡ് 1998-ൽ പണികഴിപ്പിച്ചതും, കൃഷി വകുപ്പിന്റെകീഴിലുള്ള ബിൽഡിംഗ് ആയതിനാലും കെട്ടിടം പൊളിക്കാൻ പ്രത്യേക അനുവാദം കൃഷി വകുപ്പിൽനിന്നും ലഭിക്കേണ്ടതുണ്ട്.
- ജി.എച്ച്.എസ്.എസ്. എളവള്ളിക്ക് പുതിയ കെട്ടിട നിർമ്മാണം-സ്ട്രക്ച്ചറൽ ഡിസൈൻ ഇതുവരെയും ലഭിച്ചിട്ടില്ല.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

**പെരിങ്ങാല-ചായ്ക്കര കോളനി - ചെമ്മഞ്ചേരി റോഡ്**

167 (3001) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി ലഭിച്ച പെരിങ്ങാല-ചായ്ക്കര കോളനി- ചെമ്മഞ്ചേരി റോഡ് പണി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ടി ഫയൽ മൂന്ന് മാസത്തിൽ കൂടുതൽ ആയി തീരുമാനമാകാതെ കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ടി റോഡിന്റെ പണി എന്നത്തേയ്ക്ക് തുടങ്ങാൻ സാധിക്കും എന്നത് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. കുന്നത്തുനാട് അസംബ്ലി നിയോജകമണ്ഡലത്തിന്റെ ആസ്തി വികസന പദ്ധതി പ്രകാരം നടപ്പാക്കേണ്ട പ്രവൃത്തിയായ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിലെ പെരിങ്ങാല-ചായക്കര കോളനി ചെമ്മഞ്ചേരി റോഡ് പ്രവൃത്തിയ്ക്ക് 19.00 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി നടക്കുന്ന സമയത്ത് ശക്തമായ കാലവർഷത്തെ തുടർന്ന് നിലവിലുണ്ടായിരുന്ന റോഡ് മുഴവൻ തകരുകയും തീർത്തും സഞ്ചാരയോഗ്യമല്ലാതാകുകയും ചെയ്തു. അതിനാൽ റോഡിന്റെ ടാറിംഗ് ഒഴിവാക്കി ടി റോഡിന്റെ ഉപരിതലം നിലവിലുള്ളതിലും ഉയർത്തി കട്ടവിരിച്ച് പാർശ്വഭിത്തി നിർമ്മിച്ചാലേ സുരക്ഷിതമായി നിലനിൽക്കുകയുള്ളൂ. അതിലേയ്ക്കായി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന്റെ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ പരിഹരിച്ച് ചീഫ് എഞ്ചിനീയർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നല്കുന്നതിനുള്ള നടപടി ധനകാര്യ വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു.

(സി) പുതുക്കിയ ഭരണാനുമതി നല്കുന്നമുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

## ഒറ്റപ്പാലം മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ ഒഴിവുകൾ

168 (3002) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒഴിവുകൾ കാറ്റഗറി തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) 25 ഒഴിവുകൾ നിലവിലുണ്ട്. ജീവനക്കാരുടെ ഒഴിവുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഒഴിവുകൾ പി.എസ്.സി. നിയമനം/സ്ഥാനക്കയറ്റം എന്നിവ മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പഞ്ചായത്ത് ജീവനക്കാരുടെ കെ.പി.ഇ.പി.എഫ്.,ജി.പി.എഫ്. എന്നിവയിൽനിന്നും താൽക്കാലിക വായ്പ അനുവദിക്കുന്നതിനുള്ള അധികാരം**

169 (3003) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ജീവനക്കാരുടെ കെ.പി.ഇ.പി.എഫ്,ജി.പി.എഫ് എന്നിവയിൽനിന്നും താല്ക്കാലിക വായ്പ അനുവദിക്കുന്നതിനുള്ള അധികാരം നിലവിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം പഞ്ചായത്ത് ജീവനക്കാർക്ക് താല്ക്കാലിക വായ്പ അനുവദിച്ചു കിട്ടാൻ താമസംനേരിടുന്ന എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത താല്ക്കാലിക വായ്പ അനുവദിക്കുന്നതിനുള്ള അധികാരം പഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകുന്നതിൽ എന്തെങ്കിലും നിയമതടസ്സം ഉണ്ടോ; വിശദമാക്കാമോ;

(ഡി) ഇല്ലെങ്കിൽ താല്ക്കാലിക വായ്പ അനുവദിക്കുന്നതിനുള്ള അധികാരം പഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകി ഉത്തരവ് ഉണ്ടാകുമോ?

ഉത്തരം

(എ) നിലവിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് കെ.പി.ഇ.പി.എഫ്-ൽനിന്നും 2,25,000 രൂപ വരെയും, ജി.പി.എഫ്.-ൽ നിന്നും 3,90,000 രൂപ വരെയും താൽക്കാലിക വായ്പ അനുവദിക്കുന്നതിനുള്ള അധികാരം ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിൽ വ്യവസ്ഥയില്ല.

(ഡി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**മുനിസിപ്പൽ കോമൺ സർവ്വീസിലെ സ്ഥലമാറ്റ മാനദണ്ഡം**

170 (3004) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസിലെ സ്ഥലമാറ്റ മാനദണ്ഡം എന്ന് മുതൽ നടപ്പാക്കിവരുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മാന ദണ്ഡം സർക്കാർ ഉത്തരവ് നമ്പർ G.O.(P) No.13/12/P &

ARD 29-12-2012 തീയതിയിലെ ഉത്തരവിന് വിരുദ്ധമാണെന്നത് പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ.

(സി) നിയമാനുസൃതമായി കുട്ടികളെ ദത്തെടുത്ത ജീവനക്കാർക്ക് നൽകി വരുന്ന സംരക്ഷണം മുനിസിപ്പൽ കോമൺ സർവ്വീസിലെ സ്ഥലമാറ്റ മാനദണ്ഡത്തിൽ ഉൾപ്പെടുത്താത്തത് പരിഹരിക്കുമോ; പ്രസ്തുത മാനദണ്ഡം കൂടി ചേർത്ത് ഉത്തരവ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇത് സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സ്ഥലംമാറ്റം/ നിയമനങ്ങൾക്കുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നത് സർക്കാരിന്റെ 4-4-2007 ലെ ജി.ഒ.(എം.എസ്.) 105/2007/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമായിരുന്നു. തുടർന്ന് സർക്കാരിന്റെ 25-2-2017 ലെ സ.ഉ.(പി) 03/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം/നിയമനത്തിന് മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പരിഷ്കരിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് കേരളാ മുൻസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ 2017-18 മുതലുള്ള പൊതുസ്ഥലംമാറ്റങ്ങൾ നടത്തിവരുന്നത്.

(ബി) 25-2-2017-ലെ സ.ഉ.(പി)നമ്പർ 03/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്, 29-2-2012-ലെ സ.ഉ.(പി) നമ്പർ 13/12/പി.ആന്റ് എ.ആർ.ഡി. എന്ന ഉത്തരവിന് വിരുദ്ധമല്ല.

(സി&ഡി) 25-2-2017 ലെ സ്ഥലമാറ്റം സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങൾ പ്രകാരം നിയമാനുസൃതമായി കുട്ടികളെ ദത്തെടുക്കുന്ന ജീവനക്കാരെ സ്ഥലംമാറ്റ മാനദണ്ഡത്തിന്റെ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിച്ചുവരുന്നുണ്ട്.

**ജീവനക്കാർക്കെതിരെ വിവേചനപരമായി അച്ചടക്ക നടപടികൾ**

171 (3005) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ദുർവ്യാഖ്യാനംചെയ്ത് പഞ്ചായത്ത് ഡയറക്ടർ വകുപ്പിലെ ജീവനക്കാർക്കെതിരെ സസ്പെൻഷൻ അടക്കമുള്ള അച്ചടക്ക നടപടികൾ വിവേചനപരമായി

സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത്തരത്തിൽ നിയമം ദുരുപയോഗംചെയ്ത് ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികളെടുത്ത വകുപ്പ് മേധാവികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ദുർവ്യാഖ്യാനംചെയ്ത് പഞ്ചായത്ത് ഡയറക്ടർ നാളിതുവരെ ആർക്കെതിരെയും അച്ചടക്ക നടപടി സ്വീകരിച്ചിട്ടില്ല.

**വികേന്ദ്രീകൃതാസൂത്രണ സമിതി തീരുമാനം**

172 (3006) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ 23-3-2017-ലെ 2(9) നമ്പർ തീരുമാനം എന്താണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത തീരുമാന പ്രകാരം ബ്ലോക്കിലെ എൽ.എസ്.ജി.ഡി. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വാഹനം വാങ്ങുന്നതിന് അനുമതിയുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) കാസർഗോഡ് ജില്ലയിൽ പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചിട്ടും വാഹനം വാങ്ങുന്നതിന് ബന്ധപ്പെട്ടവർ അനുമതി നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അനുമതി നൽകാത്തതിനുള്ള കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) എഞ്ചിനീയർമാരുടെ ആവശ്യത്തിന് മാനദണ്ഡങ്ങൾ പാലിച്ച് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്. എഞ്ചിനീയർമാർക്ക് വാഹനം ഇല്ലാത്ത നഗരസഭകൾക്കും ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തുകൾക്കും വാഹനം വാങ്ങാവുന്നതാണ്.

(ബി) ഉണ്ട്. പദ്ധതിമാർഗ്ഗരേഖ നിബന്ധനകൾക്കുവിധേയമായി പുതിയ

വാഹനം വാങ്ങാവുന്നതാണ്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഗ്രാമപഞ്ചായത്തുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ വേഗതക്കുറവ്**

173 (3007) <u>ശ്രീ. ആർ. രാമചന്ദ്രൻ </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലുള്ള വേഗതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ ഗ്രാമപഞ്ചായത്തിനും ആവശ്യമായ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദീകരിക്കുമോ;

(സി) ഓരോ ഗ്രാമപഞ്ചായത്തിനും സിവിൽഎഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒരു അസി.എഞ്ചിനീയറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ അഭാവംമൂലം, എതാനും പഞ്ചായത്തുകളിൽ നിർമ്മാണ പ്രവർത്തനങ്ങളിൽ ചില തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട് ; ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച നിർദ്ദേശം വീണ്ടും പരിശോധിക്കുന്നതാണ്.

**പഞ്ചായത്ത് സെക്രട്ടറിമാരെ നിയമിക്കുവാൻ നടപടി**

174 (3008) <u>ശ്രീ. എൻ. ഷംസുദ്ദീൻ </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സെക്രട്ടറിമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് പദ്ധതി

പ്രവർത്തനങ്ങളെ ബാധിക്കുന്ന വിവരം പഞ്ചായത്ത് കമ്മിറ്റികൾ പഞ്ചായത്ത് ഡയറക്ടറേയും വകുപ്പ് സെക്രട്ടറിയെയും അറിയിച്ചിട്ടും സെക്രട്ടറിമാരെ നിയമിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടിയന്തരമായി സെക്രട്ടറിമാരെ നിയമിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ 22 ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറി തസ്തികയിൽ ഒഴിവുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ഒഴിവുണ്ടായാൽ ഉടൻതന്നെ പകരം സെക്രട്ടറിയെ നിയമിക്കുകയോ, അതിന് കഴിഞ്ഞില്ലെങ്കിൽ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥന് അധിക ചുമതല നൽകുകയോ ചെയ്യാറുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ ഒഴിവുകൾ പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കുന്നതായുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സെക്രട്ടറിമാരുടെ ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി 15-3-2018 തീയതിയിൽ കൂടുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**കോങ്ങാട് മണ്ഡലത്തിലുള്ള പഞ്ചായത്തുകളിലെ ഒഴിവുള്ള തസ്തികകൾ**

175 (3009) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജക മണ്ഡലത്തിലുള്ള ഒൻപത് പഞ്ചായത്തുകളിലായി എത്ര തസ്തികകളിൽ ഒഴിവുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത ഒഴിവുകൾ ഉടൻ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പുഴ, കരിമ്പ ഗ്രാമപഞ്ചായത്തുകളിൽ ക്ലാർക്ക് തസ്തികയിൽ ഓരോ ഒഴിവുവീതം നിലവിലുണ്ട്. പറളി, മങ്കര, മണ്ണൂർ, കേരളശ്ശേരി, കോങ്ങാട്, കാരക്കുറുശ്ശി, തച്ചമ്പാറ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഒഴിവുകൾ ഒന്നുംതന്നെ നിലവിലില്ല.

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**പട്ടാമ്പി മണ്ഡലത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ**

**ഒഴിവുകൾ**

176 (3010) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി നിയോജകമണ്ഡലത്തിലുള്ള പഞ്ചായത്തുകൾ, പട്ടാമ്പി മുനിസിപ്പാലിറ്റി, ബ്ലോക്ക് എന്നിവിടങ്ങളിലുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെ നിലവിലെ തസ്തികകളുടെയും,ഒഴിവുകളുടെയുംവിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പഞ്ചായത്ത് വകുപ്പിലെ ഓഫീസ് അറ്റൻഡന്റ്, ഫുൾടൈം സ്വീപ്പർ**

177 (3011) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിലെ ഓഫീസ് അറ്റൻഡന്റ്, ഫുൾടൈം സ്വീപ്പർ എന്നിവരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് 28-12-2017-ന് നടത്തിയ ഹിയറിംഗിന്റെ തീരുമാനം എന്തായി എന്ന് സർക്കാർ വിശദമാക്കുമോ;

(ബി) ഇത്തരത്തിലുള്ള ജീവനക്കാർക്ക് ലഭിക്കേണ്ട അർഹതപ്പെട്ട പ്രൊമോഷൻ നൽകുന്നതിന് ആവശ്യമായ നിർദ്ദേശം ജില്ലാ ആഫീസുകൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ കാലതാമസം വരുത്താതെ നടപ്പിലാക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) 28-12-2017 ന് നടന്ന ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഈ വിഷയം നിലവിൽ സർക്കാർ പരിശോധനയിലാണ്.

**പഞ്ചായത്തുകളിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തിക**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

178 (3012) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട EPA 120/2015/LSGD എന്ന ഫയലിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ പഞ്ചായത്തുകളിലും എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള അടിയന്തര ഉത്തരവ് ഉണ്ടാകുമോ?

ഉത്തരം

(എ&ബി) പഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ഇതു സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

**കരുനാഗപ്പള്ളി നഗരസഭയിലെ താൽക്കാലിക ജീവനക്കാർ**

179 (3013) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നഗരസഭയിൽ എത്രപേർ താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ; ഇവരിൽ പത്ത് വർഷത്തിലധികമായി ജോലിയിൽ തുടരുന്നവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പത്തിലധികം വർഷമായി ജോലി ചെയ്യുന്ന താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 43 പേർ. ഇവരിൽ താഴെപ്പറയുന്നവർ പത്ത് വർഷത്തിലധികമായി ജോലിയിൽ തുടരുന്നു.

1. ശ്രീ. സലിം. ഇ,
2. ശ്രീ. ബാബു,
3. ശ്രീ. ശശി,
4. ശ്രീ. ശ്രീകണ്ഠ കുറുപ്പ്,
5. ശ്രീമതി ഷീജ,
6. ശ്രീമതി മിനി ഓമനക്കുട്ടൻ.

(ബി) 1994- ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 224(1) പ്രകാരം

സംസ്ഥാനത്തെ നഗരസഭ/മുനിസിപ്പൽ കോർപ്പറേഷനുകളിൽ കണ്ടിൻജന്റ് വിഭാഗം ജീവനക്കാരുടെ നിയമനം സംബന്ധിച്ച അധികാരം അതാത് നഗരസഭാ/ മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലുകളിൽ നിക്ഷിപ്തമാണ്. 22-4-1982-ലെ 14/82/എൽ.ബി.ആർ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭ്യമാക്കുന്ന ലിസ്റ്റിൽനിന്ന് നിയമിക്കുന്ന താൽക്കാലിക തൊഴിലാളികളെ ആദ്യം ബദൽ തൊഴിലാളികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നു. നഗരസഭകളിലെ സ്ഥിരം കണ്ടിൻജന്റ് ജീവനക്കാരായി ജോലി നോക്കുന്നവർക്കിടയിൽ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് ബദൽ തൊഴിലാളികളുടെ ലിസ്റ്റിൽനിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ടി തൊഴിലാളികളെ കണ്ടിൻജന്റ് തസ്തികയിൽ നിയമനം നൽകി സ്ഥിരപ്പെടുത്തുന്നു. ചട്ടപ്രകാരമുള്ള യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ നഗരസഭയ്ക്കുതന്നെ തീരുമാനമെടുക്കാൻ കഴിയുന്നതാണ്.

**പാലക്കാട് നഗരസഭയിലെ മാസ്റ്റർപ്ലാൻ**

180 (3014) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നഗരസഭയിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; മാസ്റ്റർപ്ലാൻ എന്ന് പ്രസിദ്ധപ്പെടുത്താൻ കഴിയുമെന്ന് അറിയിക്കാമോ;

(ബി) മാസ്റ്റർപ്ലാൻ പ്രസിദ്ധപ്പെടുത്താൻ വൈകുന്നതുമൂലം ഫയലുകൾ കെട്ടിക്കിടക്കുകയും ആയതുകാരണം ജനങ്ങൾ ബുദ്ധിമുട്ടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പാലക്കാട് നഗരത്തിനായുള്ള കരട് മാസ്റ്റർ പ്ലാൻ 2016-ലെ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ആക്റ്റ് 36(4) വകുപ്പ് പ്രകാരം പാലക്കാട് നഗരസഭ 24-11-2016-ന് പ്രസിദ്ധീകരിക്കുകയും ടി ആക്റ്റിലെ 36(6) വകുപ്പ് പ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ച് നടപടികൾ എടുക്കുന്നതിനുള്ള കമ്മിറ്റിക്ക് ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും കമ്മിറ്റി പരിശോധിക്കുകയും റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്തുവരുന്നുണ്ട്.

(ബി) 2016-ലെ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ആക്റ്റ് 113 (2) പ്രകാരം

നിലവിലുള്ള അംഗീകൃത മാസ്റ്റർ പ്ലാനുകൾ ടി ആക്ട് പ്രകാരം അംഗീകരിച്ച് നടപ്പിലാക്കിയതായി പരിഗണിക്കേണ്ടതുണ്ടെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ കെട്ടിട നിർമ്മാണ അപേക്ഷകൾ നിലവിലുള്ള അംഗീകൃത മാസ്റ്റർപ്ലാനിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരിശോധിക്കുകയും യഥാസമയം തീർപ്പുകൽപ്പിക്കുകയും ചെയ്തുവരുന്നുണ്ട്.

**തിരൂരങ്ങാടി മണ്ഡലത്തിലെ ഇട്ടൂളിത്തറ ശ്മശാനം റോഡിന്റെ നവീകരണം**

181 (3015) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി മുൻസിപ്പാലിറ്റിയിലെ ഇട്ടൂളിത്തറ ശ്മശാനം റോഡിന്റെ നവീകരണ പ്രവൃത്തിക്ക് സാങ്കേതികാനുമതിയും ഭരണാനുമതിയും നൽകിയ ശേഷം പണി നിർത്തിവയ്ക്കാൻ നഗരകാര്യ ജോയിന്റ് ഡയറക്ടർ ഉത്തരവിട്ടിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ പരപ്പനങ്ങാടി മുൻസിപ്പാലിറ്റിയുടെ 21.03.2017-ലെ AE/176/16-17 നമ്പർ കത്തിൽ നൽകിയ വിശദീകരണത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് അനുവദിച്ച തുക ലാപ്സാകാതെ 2018 മാർച്ച് അവസാനക്കുന്നതിന് മുമ്പ് പണി പൂർത്തിയാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 21-3-2017-ൽ നഗരകാര്യ ജോയിന്റെ ഡയറക്ടറുടെ ഓഫീസിൽ നിന്നും സെക്രട്ടറിയ്ക്കും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും ലഭിച്ച ടെലിഫോൺ സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുരോഗതി റിപ്പോർട്ട് ചെയ്യുകയും പ്രവൃത്തി നിർത്തി വയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) 21-3-2017-ലെ AE/176/16.17 നമ്പർ കത്ത് പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ നഗരകാര്യ ജോയിന്റ് ഡയറക്ടർക്ക് അയച്ചിട്ടുള്ളതാണ്. ഈ വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

**മഞ്ഞളൂർ ഗ്രാമപഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രം**

182 (3016) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വാഴക്കുളം കരയിൽ മഞ്ഞളൂർ ഗ്രാമപഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം പണിയുന്നതിന് നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും അനുവദിച്ച 50 ലക്ഷം രൂപയുടെ പ്രവൃത്തികൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചോ;

(സി) പണി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തി ടെണ്ടർ നടപടി കഴിഞ്ഞ് എഗ്രിമെന്റ് വച്ചെങ്കിലും സൈറ്റ് കൈമാറാത്തതിനാൽ ടി പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. ടി കെട്ടിടം പി.എച്ച്.സി. യുടെ ഉടമസ്ഥതയിലുള്ള ഒരേക്കർ സ്ഥലത്തേയ്ക്ക് മാറ്റി പണിയുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്.

(ബി) ടെണ്ടർ നടപടി പൂർത്തീകരിച്ചു.

(സി) റിവൈസ്ഡ് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

**കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം**

183(3017) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പുതുതായി രൂപീകരിച്ച കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും;വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഉൾപ്പെടെയുള്ള പുതുതായി രൂപീകരിച്ച 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് 2 കോടി രൂപ വീതം ചെലവിൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് 28-5-2012-ലെ ജി.ഒ(ആർ.ടി.) നമ്പർ 1456/2012/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം അനുമതി നൽകിയിരിക്കുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടുള്ളതും നിലിവിൽ ദൂരെ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നതുമായ എല്ലാ സ്ഥാപനങ്ങളെയും ഒരേ കെട്ടിടത്തിനുള്ളിൽ കൊണ്ടുവരുന്നതിനും വിവിധ ആവശ്യങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ എത്തുന്ന പൊതുജനങ്ങളുടെ ആവശ്യം മുൻനിർത്തിയും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സഹായകരമാകുന്ന രീതിയിൽ മൂന്ന് നിലകളോട് കൂടിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് 2016-ലെ എസ്.ഒ.ആർ. പ്രകാരം തയ്യാറാക്കിയ 5.50 കോടി രൂപയുടെ എസ്റ്റിമേറ്റ് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കി സമർപ്പിച്ചിരുന്നു. സർക്കാർ വിഹിതത്തിന് പുറമെയുള്ള തുക 2018-19, 2019-20, 2020-21 വർഷങ്ങളിലെ പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും നിലവിൽ തനത് ഫണ്ടിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും കണ്ടെത്തി ബഹു വർഷ പ്രോജക്ടായി നടപ്പാക്കാൻ അനുമതി നൽകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. നടപ്പ് വർഷത്തെ സംസ്ഥാന ബജറ്റിൽ പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓഫീസ് നിർമ്മാണത്തിനായി വകയിരുത്തിയിരിക്കുന്ന 5 കോടി രൂപയിൽ 4.46 കോടി രൂപ പരപ്പ, കാറഡുക്ക, പനമരം ബ്ലോക്ക് പഞ്ചായത്തുകളുടെ ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാൻ ഭരണാനുമതി നൽകി 15-6-2017-ലെ ജി.ഒ(ആർ.ടി.)നമ്പർ 1979/2017/ത.സ്വ.ഭ.വ പ്രകാരം ഉത്തരവായ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ 5.50 കോടി രൂപ എസ്റ്റിമേറ്റ് പ്രകാരമുള്ള ഫണ്ട് കണ്ടെത്തുന്നത് സംബന്ധിച്ച് വ്യക്തത ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിഹിതത്തിന് പുറമെയുള്ള തുക തനത് ഫണ്ടിൽ നിന്നും കണ്ടെത്തി ബഹു വർഷ പ്രോജക്ടായി നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള അനുമതിക്കായി ബ്ലോക്ക് പഞ്ചായത്ത് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതി പദ്ധതിക്ക് അംഗീകാരം നൽകുന്ന മുറക്ക് പ്രവൃത്തിയുടെ ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്.

## സ്വകാര്യ റിസോർട്ടിന്റെ നിയമ ലംഘനം

184 (3018) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിതുര ഗ്രാമപഞ്ചായത്തിൽ കല്ലാറിനുസമീപം പ്രവർത്തിക്കുന്ന റിവർ കൗണ്ടി എന്ന സ്വകാര്യ റിസോർട്ടിന് നദിക്ക് കുറുകെ പാലം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) ഏതെല്ലാം നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് അനുമതി

നൽകിയതെന്നും റിസോർട്ട് ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളുമായി എന്തെങ്കിലും ഉടമ്പടി വച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) പൊതുസ്ഥലം സ്വകാര്യമാക്കാൻ നടത്തുന്ന പാലം ഗേറ്റ് സ്ഥാപിച്ച് പൂട്ടിയിട്ട് പൊതുജനങ്ങളുടെ പ്രവേശനം തടഞ്ഞുകൊണ്ട് പൊതുസ്ഥലം സ്വകാര്യമാക്കി നടത്തുന്ന നിയമലംഘനം അവസാനിപ്പിക്കാൻ നടപടി എടുക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്; വിതുര ഗ്രാമപഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽനിന്നും റിവർ കൗണ്ടി എന്ന സ്ഥാപനം ശ്രീ. അരുൺ നായർ, വട്ടക്കയത്തിൽ വീട്, കല്ലാർ, തിരുവനന്തപുരം എന്നയാളുടേതാണ്. ടിയാൾക്കും അദ്ദേഹത്തിന്റെ അസുഖമുള്ള മാതാപിതാക്കൾക്കും തങ്ങളുടെ സ്വകാര്യ വസ്തുവിലേയ്ക്ക് പോകുന്നതിന് ആനാട്-പൊൻമുടി റോഡിന്റെ 27- ാം മൈലിനോട് അടുത്ത് വരുന്ന സ്ഥലത്ത് വാമനപുരം നദിക്ക് കുറുകെ നിർദ്ദിഷ്ട നടപ്പാലം നിർമ്മിക്കാൻ വിതുര ഗ്രാമപഞ്ചായത്തിന്റെ 7-8-2009 -ലെ 6(1) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം അനുമതി നല്കിയിട്ടുണ്ട്.

(ബി) ഏതൊരു നിർമ്മാണ പ്രവർത്തനത്തിനും അതത് പഞ്ചായത്തിന്റെ നിരാക്ഷേപം വേണമെന്നതിനാലാണ് അപേക്ഷകൻ പഞ്ചായത്തിനെ സമീപിച്ചതും അതു പ്രകാരം പഞ്ചായത്ത് ഭരണ സമിതി, പൊതുമരാമത്ത് വകുപ്പ്, ഇറിഗേഷൻ വകുപ്പ്, എന്നിവിടങ്ങളിൽ നിന്നുള്ള അനുമതി പത്രങ്ങൾ, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി സാക്ഷ്യപ്പെടുത്തിയ നിർദ്ദിഷ്ട പാലത്തിന്റെ പ്ലാൻ, ഇറിഗേഷൻ വകുപ്പും അപേക്ഷകനുമായുള്ള 18-5-2009-ലെ എഗ്രിമെന്റ് തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ അനുമതി നല്കിയിട്ടുള്ളതും.

(സി) ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചാൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഒറ്റപ്പാലം മണ്ഡലത്തിലെ വരൾച്ചയെ പ്രതിരോധിക്കുവാൻ നടപടികൾ**

185 (3019) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ അതിരൂക്ഷമായ വരൾച്ചയെ പ്രതിരോധിക്കുവാൻ എന്തൊക്കെ മുൻകരുതലുകളാണ് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റപ്പാലം മണ്ഡലത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾ തോടുകളും തടയണകളും വൃത്തിയാക്കുകയും സംരക്ഷിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. കൂടാതെ കിണർ റീ ചാർജ്ജിംഗ്, കുളങ്ങളുടെ പുനരുദ്ധാരണം എന്നിവയും വാർഷിക പദ്ധതിയിലുൾപ്പെടുത്തി കുടിവെള്ള പദ്ധതികളും പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്. ഹരിത കേരള മിഷന്റെ വിവിധ വരൾച്ച പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

ഇത്തവണത്തെ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നഗരസഭാ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പൊതു ജലാശയങ്ങൾ ശുദ്ധീകരിക്കുക, കുടിവെള്ള വിതരണത്തിനായി കിയോസ്കുകൾ സ്ഥാപിക്കുക, ടാങ്കറിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ലോറികൾ സജ്ജമാക്കുക, തടയണകൾ (ചീർപ്പ് ഷട്ടറുകൾ) വൃത്തിയാക്കുക, പൊതു കുഴൽക്കിണറുകൾ ഉപയോഗപ്രദമാക്കൽ തുടങ്ങിയ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ജലസ്ത്രോതസ്സുകളുടെ പുനഃരുദ്ധാരണം അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തിയും നിർവ്വഹിച്ചുവരുന്നു. മലയോര മേഖലകൾ ഉൾപ്പെടുന്ന നഗരസഭകളിൽ കുടിവെള്ളം എത്തിക്കുന്നതിന് പ്രത്യേക കിയോസ്കുകളും മറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തി വരുന്നു. കൂടാതെ ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങൾ, തോടുകൾ, കനാലുകൾ, നദികൾ എന്നിവയുടെ പുന:രുജ്ജീവന പ്രവൃത്തികളും ഏറ്റെടുത്തുവരുന്നു.

1. ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് 5 കുടിവെള്ള പദ്ധതികൾക്കായി 34.33 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത് കുളത്തിന്റെ നിർമ്മാണത്തിനായി 10.59 ലക്ഷം രൂപയും തടയണ നിർമ്മാണത്തിനായി 4.42 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

3. ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽ ബഹു. ഒറ്റപ്പാലം നിയോജകമണ്ഡലം എം.എൽ.എ.-യുടെ പ്രത്യേക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചീനക്കപ്പറമ്പ് കുടിവെള്ള പദ്ധതിക്കായി 5 ലക്ഷം രൂപയും അനുവദിച്ച് കൊടുത്തിട്ടുണ്ട്. ആയത് പുരോഗമിച്ചുവരുന്നു.

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള മുൻകരുതൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ഒറ്റപ്പാലം നിയോജക

മണ്ഡലത്തിൽ ഉൾപ്പെട്ടതും ഒറ്റപ്പാലം ബ്ലോക്ക് പരിധിയിൽ വരുന്നതുമായ അമ്പലപ്പാറ, ലക്കിടി-പേരൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് 5 കുടിവെള്ള പദ്ധതികളും ഒരു കുളത്തിന്റെ നിർമ്മാണവും ഒരു തടയണയുടെ നിർമ്മാണവും പുരോഗമിച്ചുവരുന്നുണ്ട്.

(ബി) പഞ്ചായത്തുതലത്തിൽ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

ഒറ്റപ്പാലം നഗരസഭയിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. 2-തടയണകളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.
2. 4-താൽക്കാലിക തടയണകളുടെ നിർമ്മാണം പൂർത്തിയായി.
3. 20 പൊതു കിണറുകൾ റിപ്പയർ ചെയ്തു.
4. 2- പൊതു കുളങ്ങൾ നവീകരിക്കുന്നതിനു വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിൽ നാച്ചറൽ നിസോഴ്സ് മാനേജ്മെന്റ്, റൂറൽ ഇൻഫ്രാസ്ട്രക്ചർ, പിന്നോക്ക വിഭാഗങ്ങൾക്കായി വ്യക്തഗത ആസ്തികൾ സൃഷ്ടിക്കൽ എന്നീ ഇനങ്ങളിലുൾപ്പെടുത്തി 152 പ്രവൃത്തികൾ ഏറ്റെടുത്തതിൽ 95 എണ്ണം പൂർത്തീകരിക്കുകയും 63 എണ്ണം നടന്നു വരികയും ചെയ്യുന്നു.

**അതിരപ്പിള്ളി പഞ്ചായത്തിന് പ്രത്യേക ഫണ്ടുകൾ**

186 (3020) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ തോട്ടം മേഖലയിലെ ജനങ്ങൾ കൂടുതലായുള്ളതും വരുമാന മാർഗ്ഗങ്ങൾ തീരെ ഇല്ലാത്തതുമായ ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിന് സ്പെഷ്യൽ ഫണ്ടുകൾ അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളായ അതിരപ്പിള്ളി, വാഴച്ചാൽ, തുമ്പൂർമുഴി, മലക്കപ്പാറ തുടങ്ങിയ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഈ പഞ്ചായത്തിന് നിലവിൽ വി.എസ്.എസ്. മുഖേന വനം വകുപ്പ് പിരിച്ചെടുക്കുന്ന പ്രവേശനഫീസ്, പാർക്കിംഗ് ഫീസ് എന്നിവയിൽനിന്ന് ഒരു വിഹിതം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**വൈകല്യ സൗഹൃദ പദ്ധതി**

187 (3021) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് വീട് നിർമ്മിക്കാൻ സാമൂഹ്യനീതി വകുപ്പ്, വൈകല്യ സൗഹൃദ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര തുകയാണ് തദ്ദേശസ്വയംഭരണ വകുപ്പിന് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് ഓരോ പഞ്ചായത്തിനും പ്രതിവർഷം എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 2014 മുതൽ 2018 വരെയുള്ള സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയ്ക്ക് എത്ര തുക അനുവദിച്ചുവെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ഡി) പഞ്ചായത്തുകളെല്ലാം, പ്രസ്തുത ആവശ്യത്തിനായി അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തുക ചെലവഴിക്കാത്ത പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ആവശ്യത്തിനായി നൽകിയ തുക പഞ്ചായത്തുകൾ വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ;എങ്കിൽ ഏതൊക്കെ പഞ്ചായത്തുകൾ മറ്റേതാവശ്യങ്ങൾക്കാണ് വകമാറ്റി ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ;

(എഫ്) ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി നൽകുന്ന തുക മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കരുതെന്ന ചട്ടം പഞ്ചായത്തുകൾ ലംഘിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത പഞ്ചായത്തുകൾക്കെതിരെ സ്വീകരിക്കുന്ന നടപടികളെന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വൈകല്യ സൗഹൃദ പദ്ധതിയുമായി ബന്ധപ്പെട്ട് ഭിന്നശേഷിക്കാർക്ക് വീട് നിർമ്മിക്കുന്നതിന് സാമൂഹ്യ നീതി വകുപ്പ് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിന് ധനസഹായം നൽകുന്നില്ല.

(ബി) വൈകല്യ സൗഹൃദ പദ്ധതിക്കായി തദ്ദേശസ്വയംഭരണ വകുപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് നേരിട്ട് തുക അനുവദിക്കുന്നില്ല.

(സി) 2014 മുതൽ 2018 വരെയുള്ള സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് വൈകല്യ സൗഹൃദ ഭവന പദ്ധതിക്കായി കാസർഗോഡ് ജില്ലാ പഞ്ചായത്ത് അനുവദിച്ച നൽകിയ തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഇല്ല. ബളാൽ, ചെങ്കള, ചെറുവത്തൂർ, ദേലംപാടി, ഈസ്റ്റ് എളേരി, കള്ളാർ, കോടോം-ബേളൂർ, കുംബഡാജെ, മധൂർ, മംഗൽപ്പാടി, മഞ്ചേശ്വരം, മീഞ്ച, പടന്ന, പൈവളിഗെ, പള്ളിക്കര, പുല്ലൂർ-പെരിയ, തൃക്കരിപ്പൂർ, വെസ്റ്റ് എളേരി, എന്നീ ഗ്രാമ പഞ്ചായത്തുകൾ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

(ഇ) ഇല്ല. ഭവന നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് തുക ഗുണഭോക്താക്കൾക്ക് നൽകി വരുന്നു.

(എഫ്) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പിഴ അടച്ച് അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കൽ**

188 (3022) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത കെട്ടിട നിർമ്മാണം പിഴ അടച്ച് ക്രമവൽക്കരിക്കാനുള്ള സർക്കാർ ഉത്തരവ് എന്നാണ് നിലവിൽവന്നത്; ആയതിന്റെ കോപ്പിയും മറ്റുള്ള വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(ബി) എന്ന് മുതൽ എന്നുവരെ പണിത കെട്ടിടങ്ങൾക്കാണ് പ്രസ്തുത ഉത്തരവുകൊണ്ട് പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് നിലവിൽവന്നശേഷം നാളിതുവരെ പിഴ അടച്ച് എത്ര കെട്ടിടങ്ങൾ (വാസഗൃഹം/കൊമേഴ്സ്യൽ) ക്രമവൽക്കരിച്ചിട്ടുണ്ട്; ജില്ലതിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) അതിൽ ഏറ്റവും കൂടുതൽ വിസ്തൃതി ഉള്ള കെട്ടിടങ്ങളിൽ (വീട്/കൊമേഴ്സ്യൽ കെട്ടിടം) പിഴ അടച്ച് ക്രമവൽക്കരിച്ച 50 ആളുകളുടെ പേര് (അഡ്രസ്സ്, സ്ഥലം സഹിതം )വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) നാളിതുവരെ ഈയിനത്തിൽ എത്ര കോടി രൂപ ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ നഗരസഭകളിലെയും പഞ്ചായത്തുകളിലെയും അനധികൃത നിർമ്മാണങ്ങൾ നിബന്ധനകൾക്ക് വിധേയമായി പിഴ അടച്ച് ക്രമവത്ക്കരിക്കുന്നതിനായി യഥാക്രമം 15-2-2018-ലെ (ജി.ഒ.)പി.നമ്പർ 11/ 2018/തസ്വഭവ. ഉത്തരവും 15-2-2018-ലെ ജി.ഒ.(പി)നമ്പർ 12/2018/തസ്വഭവ ഉത്തരവും നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ 90 ദിവസത്തിനകമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 15-5-2018 വരെ അപേക്ഷ സമർപ്പിക്കുന്നതിന് സമയമുണ്ട്. പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു*.

(ബി) 31-7-2017 -നോ അതിനു മുൻപോ പണിത കെട്ടിടങ്ങളാണ് ക്രമവത്ക്കരിക്കാൻ കഴിയുന്നത്.

(സി-ഇ) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾ പിഴ അടച്ച് ക്രമവത്കരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തീര പരിപാലന നിയമം**

189 (3023) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയിലും കായൽ പ്രദേശങ്ങളിലും വീട് വയ്ക്കുവാനും, അറ്റകുറ്റപണികൾ നടത്തുവാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) മുമ്പ് നിർമ്മിച്ച വീടുകൾ പുതുക്കി പണിയാൻ തീരപരിപാലന നിയമവുമായി ബന്ധപ്പെട്ട് അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പഞ്ചായത്തുകളിൽ 1996-ന് മുമ്പ് നിലവിലുള്ള അംഗീകൃത കെട്ടിടത്തിന്റെ പുനർനിർമ്മാണം, നിലവിലുള്ള കെട്ടിടത്തിന്റെ പ്ലിന്ത് ഏര്യ(തറവിസ്തീർണ്ണം)യിൽ കൂടാൻ പാടില്ല എന്ന ഉപാധിയുടെ അടിസ്ഥാനത്തിൽ നിയന്ത്രണങ്ങൾക്ക് വിധേയമായി അനുവദിച്ചുവരുന്നുണ്ട്.

മുനിസിപ്പാലിറ്റികളിൽ/കോർപ്പറേഷനുകളിൽ അംഗീകൃത കെട്ടിടത്തിന്റെ പുനർനിർമ്മാണം FSI/FAR മാറ്റമില്ലാതെയും കെട്ടിടത്തിന്റെ ഉപയോഗം മാറ്റാതെയും നടത്താവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള നെൽവയൽ തണ്ണീർത്തട നിയമം

190 (3024) ശ്രീ. പി. ഉബൈദുള്ള:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 നിലവിൽവന്ന 12-8-2008-ന മുമ്പേ നികത്തപ്പെട്ടതും 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട ആർ.ഡി.ഓ.-മാർ നികത്തുഭൂമി (Reclaimed land) എന്ന് ഉത്തരവാകുകയും ചെയ്ത ഭൂമിയിൽ, റവന്യൂ രേഖകളിൽ അല്ലെങ്കിൽ BTR പ്രകാരം ഇപ്പോഴും നിലം, വയൽ, നഞ്ച എന്ന് രേഖപ്പെടുത്തിയെന്ന കാരണങ്ങളാൽ സംസ്ഥാനത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഏതെങ്കിലും കൈവശ ഗണത്തിൽപെട്ട കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് തടസ്സങ്ങളുണ്ടോ? വിശദാംശം നൽകുമോ?

ഉത്തരം

ഭാഗികമായി തടസ്സങ്ങളുണ്ട്. ബി.ടി.ആർ.-ൽ നിലമായി ഉൾപ്പെടുത്തിയിട്ടുള്ളതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ വിജ്ഞാപനം ചെയ്യപ്പെടാത്ത പരമാവധി 4.04 ആർ (10 സെന്റ്)വിസ്തൃതിയുള്ള ഭൂമിയിൽ സ്ഥിതിചെയ്യുന്ന 120 ച.മീ. വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിനും അല്ലെങ്കിൽ പരമാവധി 2.02 ആർ.(5 സെന്റ്) വിസ്തൃതിയുള്ള ഭൂമിയിൽ സ്ഥിതിചെയ്യുന്ന 40 ച.മീ. വിസ്തൃതിയുള്ള ഒരു വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസിൽ (വകുപ്പ് 27 എ) വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൽ കൂടുതലുള്ള ക്രമീകരണങ്ങൾക്ക് റവന്യൂ ഡിവിഷണൽ ഓഫീസറുടെ അനുമതി ആവശ്യമാണ്.

## സ്വാപ്പ് ഷാപ്പുകൾ

191 (3025) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ സ്വാപ്പ് ഷാപ്പുകൾ സ്ഥാപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) സ്ഥിരം സ്വാപ്പ് ഷോപ്പ് സംവിധാനം നിലവിൽ എത്ര തദ്ദേശഭരണ സ്ഥാപനങ്ങളിലുണ്ട്; അത് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ പദ്ധതിയുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മരുതറോഡ്, മണ്ണമഞ്ചേരി, കോടംതുരുത്ത്, തൃക്കലങ്ങോട്, പെരിനാട്, വാരാപ്പുഴ, അണ്ടൂർക്കോണം എന്നീ ഗ്രാമപഞ്ചായത്തുകളിൽ സ്ഥിരം സ്വാപ്പ് ഷോപ്പ് സംവിധാനം നിലവിലുണ്ട്. ഹരിത കേരളം മിഷന്റെ ഭാഗമായി എല്ലാ നഗരസഭകളിലും മറ്റ് ഗ്രാമപഞ്ചായത്തുകളിലും സ്ഥിരം സ്വാപ്പ് ഷോപ്പ് സംവിധാനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## പരുത്തിത്തറ കോളനിയിൽ പണിതിട്ടുള്ള കൾവർട്ടിന്റെ അപ്രോച്ച് റോഡ്

192 (3026) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പരുത്തിത്തറ കോളനിയിൽ പണിതിട്ടുള്ള കൾവർട്ടിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോയെന്നറിയിക്കാമോ;

(സി) ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എന്നത്തേക്ക് പണികൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) കൾവർട്ട് പുനർനിർമ്മിച്ചപ്പോൾ ഒറിജിനൽ എസ്റ്റിമേറ്റിൽ ഇതിനായുള്ള തുക വകയിരുത്താതിരുന്നതിന് കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എറണാകുളം ഇടക്കൊച്ചി വില്ലേജുകളെ ബന്ധിപ്പിക്കുന്ന പരുത്തിത്തറ കൾവർട്ടിന്റെ നിർമ്മാണ പദ്ധതിയിൽ 200 മീറ്റർ നീളത്തിൽ കോൺക്രീറ്റ് റാമ്പ് നിർമ്മിക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ കൾവർട്ട് ഉയരം കൂട്ടി നിർമ്മിക്കുന്നതിനാൽ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള തുക കൾവർട്ട് പൂർത്തീകരിക്കുവാൻ വിനിയോഗിച്ചത് കാരണം അപ്രോച്ച് റോഡ് നിർമ്മിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് 5,00,000 രൂപ കോർപ്പറേഷന്റെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്.

(സി) പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും ആരും എടുത്തില്ല. റീടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) പദ്ധതികൾ ഉടൻ അരംഭിക്കുകയും 6 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) തുക വകയിരുത്തിയിരുന്നുവെങ്കിലും കൾവർട്ട് ഉയരംകൂട്ടി നിർമ്മിക്കേണ്ടി വന്നതിനാൽ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള തുക കൾവർട്ട് പൂർത്തീകരിക്കുവാൻ വിനിയോഗിക്കേണ്ടി വന്നു.

## കോഴിക്കോട് ജില്ലയിൽ വരൾച്ചയെ നേരിടുന്നതിനായി കൈക്കൊണ്ട നടപടികൾ

193 (3027) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ചയെ പ്രതിരോധിക്കാൻ ഇതിനകം സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങൾ എന്തെല്ലാമെന്ന് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ സ്ഥാപനവും നടപ്പിലാക്കുന്ന പദ്ധതി, പ്രയോജനം ലഭിക്കുന്ന പ്രദേശം, അനുവദിച്ച തുക എന്നിവയടങ്ങുന്ന പട്ടിക നൽകാമോ?

ഉത്തരം

(എ&ബി) പഞ്ചായത്തുകളെ സംബന്ധിച്ച വിവരം അനുബന്ധമായി (അനുബന്ധം 1) ചേർക്കുന്നു* .

കോഴിക്കോട് ജില്ലയിലെ എല്ലാ നഗരസഭകളിലും വരൾച്ചയെ നേരിടുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷനിൽ ചുവടെ പറയുന്ന പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. കിണറുകൾ കുളങ്ങൾ മുതലായവ നവീകരിക്കുന്നതിനുള്ള പദ്ധതി തുക വകയിരുത്തി.
2. ഉയർന്ന പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിന് തുക വകയിരുത്തി.
3. കിണർ റീചാർജ്ജിഗിംന് തുക വകയിരുത്തിയിട്ടുണ്ട്.
4. വർൾച്ചാബാധിത പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി സബ് മെയിൻ എക്സ്റ്റൻഷനും പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള 155 കോടി രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.
5. കോഴിക്കോട് ജില്ലയിലെ മുനിസിപ്പാലിറ്റികളായ വടകര, ഫറോക്ക്, കൊയിലാണ്ടി, രാമനാട്ടുകര, പയ്യോളി എന്നീ നഗരസഭകളിൽ വരൾച്ചയെ നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപികൾ ചുവടെ ചേർക്കുന്നു.

1. കിണർ റീചാർജ്ജിംഗ്
2. മഴക്കുഴി നിർമ്മാണം
3. ജലസ്രോതസ്സുകളുടെ ശുചീകരണം
4. ശുദ്ധജല കിയോസ്കുകൾ സ്ഥാപിക്കൽ
5. തോടുകളിൽ തടയണകെട്ടി വെള്ളം കെട്ടി നിർത്തൽ
6. പൊതുകിണറുകൾ വൃത്തിയാക്കൽ
7. ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം
8. കേരള വാട്ടർ അതോറിറ്റിക്കുള്ള ഡെപ്പോസിറ്റ് വർക്ക്
9. നിലവിലുള്ള വാട്ടർ കിയോസ്ക്കുകൾ പരിശോധിച്ച് സജ്ജമാണെന്ന് ഉറപ്പു വരുത്തൽ.

നഗരസഭകൾ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളും വകയിരുത്തിയിട്ടുള്ള തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി(അനുബന്ധം-II) ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തദ്ദേശസ്വയം ഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ബഡ്സ് സ്കൂൾ

194 (3028) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നാളിതുവരെയായി അനുവദിച്ചിട്ടുള്ള ബഡ്സ് സ്കൂളുകൾ എത്രയെന്നും അവയുടെ പേര്, വിലാസം, ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ജീവനക്കാരുടെ എണ്ണം, തസ്തിക എന്നിവ എന്തെല്ലാമെന്നും ഉള്ള വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ബഡ്സ് സ്കൂൾ ജീവനക്കാരായ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ പരിശീലനം ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശീലനങ്ങളുടെ ഉള്ളടക്കം, പരിശീലനം നൽകിയ ഏജൻസി, എത്ര ദിവസത്തെ പരിശീലനം; എത്ര സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ പങ്കെടുത്തു തുടങ്ങിയ വിവരങ്ങൾ ജില്ലതിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ബഡ്സ് സ്കൂൾ ജീവനക്കാരായ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്(എസ്.ഐ.എം.സി), എസ്.സി.ഇ.ആർ.റ്റി. എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രത്യേക പരിശീലനങ്ങൾ സംസ്ഥാന തലത്തിൽ നൽകിയിട്ടുണ്ട്. കൂടാതെ അദ്ധ്യാപകർക്കുള്ള പ്രത്യേക പരിശീലനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. 2015 മാർച്ച് 31, ഏപ്രിൽ 1 തീയതികളിൽ അദ്ധ്യാപക പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്. ആയതിൽ 56 അദ്ധ്യാപകർ പങ്കെടുക്കുകയുണ്ടായി.

26-6-2015 മുതൽ 28-6-2015 വരെയും 24-2-2017 മുതൽ 26-2-2017 വരെയും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി), എസ്.ഇ.ആർ.റ്റി എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സി.ആർ.ഇ. (കണ്ടിന്യൂയിംഗ് റിഹാബിലിറ്റേഷൻ എഡ്യൂക്കേഷൻ) പരിശീലനവും കരിക്കുലം പരിശീലനവും സംഘടിപ്പിച്ചിട്ടുണ്ട്. 153 അദ്ധ്യാപകർ ടി പരിശീലനങ്ങളിൽ ആകെ പങ്കെടുക്കുകയുണ്ടായി.

## തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ക്ഷേമപദ്ധതിയും ചികിത്സാ പദ്ധതിയും

195 (3029) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻജനപ്രതിനിധികൾക്ക് ക്ഷേമനിധിയും ചികിത്സാ പദ്ധതിയും ഏർപ്പെടുത്തിയിട്ടുണ്ടോ;വിശദാംശം നൽകുമോ;

(ബി) നിലവിൽ എത്ര പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുവെന്നും എത്ര തുക ഇക്കാര്യത്തിനായി ചെലവഴിക്കുന്നുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിന് ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ സാമൂഹ്യസുരക്ഷാ മിഷനിലേയ്ക്ക് വിഹിതം അടയ്ക്കുന്ന പഞ്ചായത്തുകളിലെ മുൻ ജനപ്രതിനിധികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ ചികിത്സാധനസഹായം അനുവദിച്ചിട്ടുണ്ട്.

## തിരുവനന്തപുരത്തെ കുന്നുകുഴിയിൽ ആധുനിക അറവുശാല

196 (3030) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ കുന്നുകുഴിയിൽ ആധുനിക അറവുശാല സ്ഥാപിക്കുന്നതിന് തിരുവനന്തപുരം നഗരസഭ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിനായി എത്ര കോടി രൂപ നീക്കിവച്ചിട്ടുണ്ട്;

(സി) അറവുശാലയുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം കുന്നുകുഴി വാർഡിൽ നിലവിലുള്ള അറവുശാല ആധുനികവത്കരിക്കുന്നതിനുവേണ്ടി DPR തയ്യാറാക്കിയിട്ടുള്ളതും കൗൺസിൽ അംഗീകാരത്തിനായി നല്കിയിട്ടുള്ളതുമാണ്.

(ബി) 2017-2018 സാമ്പത്തിക വർഷം DPR തയ്യാറാക്കുന്നതിലേയ്ക്കായി 10 ലക്ഷം രൂപ നഗരസഭ വകയിരുത്തിയിട്ടുള്ളതാണ്.

(സി) നിലവിലുള്ള അറവുശാല ആധുനിക അറവുശാലയായി മാറ്റുന്നതിനുള്ള DPR തയ്യാറാക്കുന്നതിനായി കൺസൽട്ടന്റിനെ ഏർപ്പെടുത്തുകയും ആയത് പ്രകാരം കൺസൾട്ടന്റ് തയ്യാറാക്കിയ 9.62 കോടി രൂപയുടെ DPR അംഗീകാരത്തിനും TS ലഭ്യമാക്കുന്നതിനും കൗൺസിൽ അംഗീകാരത്തിനും സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ക്ഷീരകർഷകർക്ക് ഇൻസെന്റീവ്**

197 (3031) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക്, ഉല്പാദിപ്പിക്കുന്ന പാലിന്റെ അളവനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ്ഇൻസെന്റീവ് നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപാ വീതമാണ് നൽകുന്നത് ;

(സി) ടി ഇൻസെന്റീവ് കാലാനുസൃതമായി പരിഷ്കരിക്കാറുണ്ടോ; വിശദവിവരങ്ങൾ നൽകാമോ ;

(ഡി) ഇൻസെന്റീവിൽ കുറവ് വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പഴയ നിരക്ക് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു ലിറ്ററിന് മൂന്ന് രൂപ പ്രകാരം.

(സി) ഉണ്ട്. 2017-2018 വർഷത്തിലാണ് ഒരു രൂപയിൽനിന്നും മൂന്ന് രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളത്. ഇതോടൊപ്പം ക്ഷീര വകുപ്പ് നൽകുന്ന ഒരു രൂപയും ഉൾപ്പെടെ നിലവിൽ ഒരു ലിറ്ററിന് ഗുണഭോക്താവിന് 4 രൂപ ലഭിക്കുന്നുണ്ട്.

(ഡി) ഇല്ല.

## ഗ്രാമസഡക് യോജന പദ്ധതി

198 (3032) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014- 15 മുതൽ 2017-18 വരെ പ്രധാനമന്ത്രിയുടെ ഗ്രാമസഡക് പദ്ധതി പ്രകാരം എത്ര കേന്ദ്ര വിഹിതം ലഭിച്ചു;

(ബി) എത്ര ഫണ്ട് ചെലവഴിച്ചു; മുഴുവൻ ഫണ്ടും ചെലവഴിച്ചുവോ;

(സി) ചെലവഴിച്ചില്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 501.65 കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്.

(ബി&സി) മുൻ നീക്കിയിരിപ്പ് അടക്കം 510.71 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്രവർത്തിക്കുന്ന ഖാദി ഗ്രാമ വ്യവസായ സ്ഥാപനങ്ങൾ

199 (3033) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതിയിൽ അനുവദനീയമായ സബ്സിഡി നിരക്കുകളും, അനുബന്ധ വിഷയങ്ങളും വിശദീകരിച്ചുകൊണ്ട് 3-4-2017 ൽ പുറത്തിറക്കിയ മാർഗ്ഗരേഖ പ്രകാരം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്രവർത്തിക്കുന്ന ഖാദി ഗ്രാമ വ്യവസായ സ്ഥാപനങ്ങൾക്ക് നൽകാവുന്ന ധനസഹായങ്ങൾ ഖാദി ബോർഡ് സെക്രട്ടറി രജിസ്റ്റർചെയ്ത സഹകരണ സംഘങ്ങൾക്കും, ഖാദി ബോർഡ് നേരിട്ട് നടത്തുന്ന യൂണിറ്റുകൾക്കും മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അപ്രകാരം പരിമിതപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഖാദി മേഖലയിൽ ധർമ്മസ്ഥാപന ആക്ട് അനുസരിച്ച് രജിസ്റ്റർചെയ്ത് ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തി 3-4-2017 ലെ ഉത്തരവിലെ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. ഖാദി ഗ്രാമവ്യവസായ കമ്മീഷനും ഖാദി ഗ്രാമവ്യവസായ ബോർഡും നടത്തുന്ന ഉത്പാദന യൂണിറ്റുകൾക്ക് തറിയും മറ്റ് ഉപകരണങ്ങളും വാങ്ങി നൽകുന്നതിനും ഖാദി ഉത്പന്നങ്ങളുടെയും പച്ചക്കറി ഉൾപ്പെടെയുള്ള പ്രാദേശിക ഉത്പന്നങ്ങളുടെയും സംയുക്ത വിപണനശാലകൾ നിർമ്മിക്കുന്നതിന് തുക വകയിരുത്തി പ്രോജക്ട് വയ്ക്കാവുന്നതാണ്. കൂടാതെ സഹകരണസംഘ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾക്കും ആനുകൂല്യം നൽകാൻ അനുവദിച്ചിട്ടുണ്ട്.

(ബി) പരിഗണക്കുന്നതിലാണ്.

**വനസംരക്ഷണ സമിതിയും അക്രെഡിറ്റഡ് ഏജൻസികളുടെ ലിസ്റ്റും**

200 (3034) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്, അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളിലെ സ്ത്രീകളുടെ ഉന്നമനത്തിനായിട്ടുള്ള അമ്മവീട് പദ്ധതി, ഷീ ടോയ്‌ലെറ്റ് പദ്ധതി എന്നിവ നടപ്പാക്കുന്നതിനായുള്ള അക്രെഡിറ്റഡ് ഏജൻസികളുടെ ലിസ്റ്റിൽനിന്നും വന സംരക്ഷണ സമിതിയെ (വി.എസ്.എസ്) ഒഴിവാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള പദ്ധതികൾ വനപ്രദേശങ്ങളിൽ നടപ്പാക്കുമ്പോൾ വന സംരക്ഷണ സമിതിയെക്കൂടി (വി.എസ്.എസ്.) ഉൾപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്, കോഡിനേഷൻ കമ്മറ്റിയ്ക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ ധനകാര്യ വകുപ്പിൽനിന്നും അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 6-2-2018-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ വിഷയം ചർച്ച ചെയ്യുകയും ഖണ്ഡിക 4.63-ലെ തീരുമാനപ്രകാരം വനമേഖലയിൽ അമ്മവീട്, ഷീ-ടോയ്‌ലെറ്റ് എന്നീ പ്രോജക്ടുകൾ നടപ്പാക്കാനുള്ള അക്രെഡിറ്റഡ് ഏജൻസിയായി വനം സംരക്ഷണ സമിതിയെക്കൂടി നിശ്ചയിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

## മുട്ടത്തറയിലെ വികലാംഗ കോളനി നിവാസികളുടെ പുനരധിവാസത്തിനായി ഫ്ലാറ്റുകൾ

201 (3035) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ മുട്ടത്തറയിൽ വികലാംഗകോളനി നിവാസികളുടെ പുനരധിവാസത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നഗരകാര്യ വകുപ്പിന് കൈമാറിയ രണ്ടേക്കർ സ്ഥലത്ത് ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ&ബി) സർക്കാരിന്റെ 18-2-2016 ലെ സ.ഉ.(എം.എസ്)നമ്പർ 138/2016/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ സർവ്വേ നമ്പർ 2610-ൽപ്പെട്ട 2.2 ഹെക്ടർ (5.5 ഏക്കർ) സ്ഥലത്തു നിന്നും 81 ആർസ് (2 ഏക്കർ) ഭൂമി വികലാംഗ കോളനിയിൽ താമസിക്കുന്ന കുടുംബാംഗങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഭവനം നിർമ്മിച്ച് നൽകുന്നതിനായി നഗരകാര്യവകുപ്പിന് കൈമാറിയിട്ടുള്ളതാണ്.

നഗരകാര്യ വകുപ്പിന് കൈമായിയിട്ടുള്ള പ്രസ്തുത ഭൂമിയിൽ മുട്ടത്തറയിലെ വികലാംഗ കോളനിയിലെ നിവാസികളുടെ പുനരധിവാസത്തിനായി നഗരകാര്യ വകുപ്പിൽനിന്നും പ്രസ്തുത സ്ഥലംമാറ്റം തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷന് കൈമാറിയിട്ടില്ല.

(സി) ലൈഫ് മിഷൻ പദ്ധതിക്കായി സ്ഥലം കൈമാറിക്കിട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കിലയുടെ പ്രവർത്തനങ്ങൾ

202 (3036) ശ്രീ. വി. ഡി.സതീശൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിലയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഏതൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ)

- കിലയുടെ പ്രവർത്തന മേഖലയിൽ വലിയ തോതിലുള്ള മാറ്റങ്ങൾ ഉണ്ടായ സാഹചര്യത്തിൽ പരിശീലനത്തിൽ നിന്നും കാര്യശേഷി വികസനത്തിന് ഊന്നൽനൽകിയിട്ടുള്ള കർമ്മപദ്ധതിയാണ് കില ആവിഷ്കരിച്ചിട്ടുള്ളത്. പരിശീലനത്തിന് ശേഷവും വിദഗ്ദ്ധരുടെ സേവനം നല്കിക്കൊണ്ട് താഴെത്തട്ട് വരെ കാര്യശേഷി വികസനം ഉറപ്പുവരുത്തുന്നതിന് കൂടുതൽ ശ്രദ്ധ നൽകുന്നുണ്ട്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ തലങ്ങളിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും നിർബന്ധമായും ഇൻഡക്ഷൻ പരിശീലനവും ഇൻസർവ്വീസ് പരിശീലനവും സംഘടിപ്പിക്കുന്നതാണ്. ഇതോടൊപ്പം വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകളും ഇവർക്കായി സംഘടിപ്പിക്കും.
- എസ്.ഐ.ആർ.ഡി. കൊട്ടാരക്കര, അഹാഡ്സ്-സി.സി.പി.ആർ.എം. അഗളി മൂന്ന് എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ എന്നിവ കിലയിൽ ലയിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത കേന്ദ്രങ്ങളിൽ നടത്തുന്ന കർമ്മപരിപാടികൾകൂടി സംയോജിപ്പിച്ചുകൊണ്ടുള്ള പരിപാടിയാണ് കില തയ്യാറാക്കിയിട്ടുള്ളത്. സംയോജന പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കിക്കൊണ്ട് പ്രാദേശിക ഭരണം-വികേന്ദ്രീകരണം എന്നീ മേഖലകളിൽ കിലയെ 'മികവിന്റെ കേന്ദ്ര'മാക്കി മാറ്റുന്നതിനായുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്.
- സംസ്ഥാനത്തിനകത്തും പുറത്തും പ്രയോജനകരമാകുംവിധം മാതൃകാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി 100 തദ്ദേശസ്ഥാപനങ്ങളെയെങ്കിലും 'മികവേറിയ തദ്ദേശ ഭരണസ്ഥാപനങ്ങൾ' ആക്കി വികസിപ്പിക്കുന്നതിന് 'കില' പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.
- പ്രാദേശികതലത്തിൽ വികസന പ്രവർത്തനങ്ങൾ ഏകീകൃതമാക്കേണ്ട സാഹചര്യത്തിൽ ഇത്തരം പ്രവർത്തനങ്ങളുടെ വിവിധ തലങ്ങളുടെ ഏകോപനവും അതിനാവശ്യമായ കാര്യശേഷി വികസനവും കില ഏറ്റെടുക്കുന്നതാണ്. അതോടൊപ്പം നീർത്തട പരിപാലനം, നദീതടവികസനാസൂത്രണം, വിവിധ വിഷയ മേഖലകളിലെ ഇടപെടലുകൾ, പ്രാദേശിക പദ്ധതികളും MP/MLALAD യുമായുള്ള സംയോജനം തുടങ്ങിയ പ്രവർത്തനങ്ങളും കിലയുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

- ദേശീയ/അന്തർദ്ദേശീയതലങ്ങളിൽ പ്രാദേശിക ഭരണം/ വികേന്ദ്രീകൃതാസൂത്രണം വികസനം തുടങ്ങിയ മേഖലകളിൽ പ്രമുഖമായ സ്ഥാപനങ്ങളുടെയും സർവ്വകലാശാലകളുടെയും സഹകരണത്തോടെ വിവിധ പാഠ്യപദ്ധതികൾ കില ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്.
- പ്രാദേശിക ഭരണകൂടങ്ങൾക്ക് വിവിധകേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ് കില. ഇതിന്റെ ആദ്യപടി എന്ന നിലയിൽ വിവിധ ദേശീയ/അന്തർദ്ദേശീയ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് വിവിധ പ്രവർത്തനങ്ങൾ നടത്തുകയും ആസൂത്രണംചെയ്ത് വരികയുമാണ്. ഇതനുസരിച്ച് വികസിപ്പിച്ചു വരുന്ന അറിവിന്റെ കേന്ദ്രങ്ങൾ താഴെപ്പറയുന്നവയാണ്:

1. Centre for Sustainable Development Goals (SDGs) and Local Governments.
2. Local Government Knowledge Centre on Environmen, Climate Change and Bio Diversity.
3. Innovation and Incubation Hub for Local Governments.
4. Gender School for Local Governments.
5. Legal Resource Centre for Local Governments.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ബാലസൗഹൃദ, ഭിന്നശേഷി സൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റുന്നതോടൊപ്പംതന്നെ വയോജന സൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റുന്നതിനുള്ള തന്ത്രങ്ങളും കർമ്മപരിപാടികളും ആസൂത്രണം ചെയ്തുവരുന്നു.

**ന്യൂനപക്ഷക്ഷേമം**

203 (3037) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം ന്യൂനപക്ഷ ക്ഷേമത്തിനുവേണ്ടി നീക്കിവച്ചിരുന്ന തുക, ചെലവഴിച്ച തുക എന്നിവ വിവിധ പദ്ധതികളുടെ ക്രമത്തിൽ അറിയിക്കാമോ;

(ബി) 2016-17 സാമ്പത്തിക വർഷം ന്യൂനപക്ഷക്ഷേമത്തിനുവേണ്ടി കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ടുകൾ ലഭിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ എത്ര രൂപ ഏതെല്ലാം പദ്ധതികൾക്കെന്ന് അറിയിക്കാമോ;

(ഡി) 2016-17 സാമ്പത്തിക വർഷം ലഭിച്ച കേന്ദ്ര ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക എത്രയെന്നും, പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങളും വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ)

| | പദ്ധതികൾ | നീക്കി വച്ച തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|
| 1 | സി.എ./ഐ.സി.ഡബ്യൂ.എ./സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുവർക്കുള്ള സ്കോളർഷിപ്പ് | 200 | 199.95 |
| 2 | വിധവ/വിവാഹബന്ധം വേർപെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവനനിർമ്മാണ പദ്ധതി | 3100 | 3100 |
| 3 | ഹൈസ്കൂൾ, ഹയർ സെക്കന്ററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം | 100 | 100 |
| 4 | സ്വകാര്യ ഐ.ടി.ഐ /ഐ.റ്റി.സി. കോഴ്സകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് റീ ഇംബേഴ്സ്മെന്റ് സ്കീം | 300 | 300 |
| 5 | എസ്.എസ്.എൽ.സി./പ്ലസ്ടു/ വി.എച്ച്.എസ്.സി./ ബിരുദ/ബിരുദാനന്തര ബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥി കൾക്ക് നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് | 150 | 150 |
| 6 | ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി | 516.74 | 516.74 |
| 7 | മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം(MSDP) (75% CSS) | 2000 | 725.45 |

(ബി-ഡി) 2016-17 സാമ്പത്തിക വർഷം ന്യൂനപക്ഷ ക്ഷേമത്തിന് വേണ്ടി കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ടുകൾ ലഭിച്ചിട്ടില്ല.

## വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ പുരോഗതി

204 (3038) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സ്വപ്നപദ്ധതിയായി വിശേഷിപ്പിക്കുന്ന വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി അറിയിക്കുമോ ;

(ബി) വിഴിഞ്ഞം തുറമുഖം എപ്പോൾ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) നിർമ്മാണ കമ്പനി സമയബന്ധിതമായി പ്രവൃത്തികൾ ചെയ്യുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;വിവരങ്ങൾ ലഭ്യമാക്കുമോ ;

(ഡി) വിഴിഞ്ഞം തുറമുഖ പ്രോജക്ടുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുള്ള എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) ഭാവിയിലെ ലാഭം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി 1460 ദിവസം(4 വർഷം) കൊണ്ട് നിർമ്മാണം പൂർത്തീകരിച്ച് 2019 ഡിസംബർ മാസം 5-ാം തീയതി വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കുമെന്നാണ് കൺസഷൻ കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. നിർമ്മാണം 1000 ദിവസം കൊണ്ട് പൂർത്തീകരിക്കാമെന്ന് കരാറുകാരായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി (AVPPL) വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ 2017 നവംബർ 30-ന് കേരള തീരത്ത് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റും,പാറ ലഭിക്കുന്നതിനുള്ള പ്രയാസവും നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തിയതു കൊണ്ട് 1000 ദിവസം കൊണ്ട്(കരാർ കാലാവധിക്ക് മുമ്പ്) നിർമ്മാണം പൂർത്തീകരിക്കുന്ന കാര്യത്തിൽ പ്രായോഗികമായ ചില പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ട്. അതേസമയം, കരാറിൽ വ്യവസ്ഥചെയ്ത സമയത്ത് തന്നെ നിർമ്മാണം പൂർത്തീകരിക്കാനുള്ള തീവ്ര ശ്രമമാണ് നടത്തുന്നത്.

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി ചുവടെ പറയും പ്രകാരമാണ്:

1. ആകെ 3100 മീറ്റർ നീളം വരുന്ന പുലിമുട്ടിൽ ഏകദേശം 600 മീറ്റർ പണി പൂർത്തിയായി.

2. കൺസഷൻ കരാർ പ്രകാരം കൺസഷണയർ 53 ഹെക്ടർ ഭൂമി കടൽ നികത്തിയെടുക്കേണ്ടതുണ്ട്. ഇതിന്റെ 40% പണി പൂർത്തീകരിച്ചിട്ടുണ്ട്.

3. തുറമുഖത്തിന്റെ ഭാഗമായ ബർത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 800 മീറ്റർ നീളമുള്ള ബർത്തിൽ ആകെ 615 പൈലുകൾ ഉള്ളതിൽ ഇതുവരെ 143 പൈലുകൾ താഴ്ത്തുകയുണ്ടായി.

4. പുലിമുട്ടിൽ ഇടുന്നതിന് 17000 ആക്രോപോടുകൾ ആവശ്യമുള്ളതിൽ 1630 എണ്ണം പൂർത്തിയാക്കാൻ കഴിഞ്ഞു.

(സി) വിഴിഞ്ഞം തുറമുഖ പദ്ധതി നിർമ്മാണ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് കൺസഷൻ കരാറിൽ നിഷ്കർഷിച്ചിട്ടുള്ളപോലെ ഒരു ഇൻഡിപെന്റന്റ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ട്. ഇൻഡിപെന്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റിയും പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും നിർമ്മാണ പുരോഗതി വിലയിരുത്തി വരുന്നുണ്ട്. പാറ ലഭിക്കുന്നതിനുള്ള പ്രയാസം, ഓഖി ചുഴലിക്കാറ്റുമൂലം നിർമ്മാണ പ്രവൃത്തികൾക്കും യന്ത്രസാമഗ്രികൾക്കും ഉണ്ടായ നാശനഷ്ടങ്ങളും കേടുപാടുകളും നിർമ്മാണ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും കരാറിൽ വ്യവസ്ഥ ചെയ്ത സമയത്ത് തന്നെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് 4 വർഷത്തേയ്ക്ക് 2300 ഓളം തൊഴിലാളികൾക്ക് നേരിട്ട് തൊഴിൽ ലഭിക്കുമെന്നാണ് ഇതുമായി ബന്ധപ്പെട്ട് നടത്തിയ സാമൂഹിക പാരിസ്ഥിതിക പഠന റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പ് സമയത്ത് ഏതാണ്ട് 650-ഓളം വൈദഗ്ദ്ധ്യമുള്ള ആളുകൾക്ക് നേരിട്ട് തൊഴിൽ ലഭിക്കുമെന്നും ഏതാണ്ട് 2000 ത്തോളം പേർക്ക് അനുബന്ധ തൊഴിൽ ലഭിക്കുമെന്നും പ്രസ്തുത പഠന റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

(ഇ) വിഴിഞ്ഞം പദ്ധതിയുടെ ഫിനാൻഷ്യൽ&ട്രാൻസാക്ഷൻ അഡ്വൈസറായ ഏണസ്റ്റ് & യംഗ് തയ്യാറാക്കിയ വിഴിഞ്ഞം തുറമുഖത്തിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് പ്രകാരം 40 കൊല്ലത്തെ കൺസഷൻ കാലയളവിൽ കൺസഷണയറായ അദാനി കമ്പനിക്ക് 41,802 കോടി രൂപ (നാൽപ്പത്തൊന്നായിരത്തി എണ്ണൂറ്റി രണ്ട് കോടി രൂപ മാത്രം)യും സർക്കാർ വിഹിതമായി 12,948 കോടി രൂപ (പന്ത്രണ്ടായിരത്തി തൊള്ളായിരത്തി നാൽപ്പത്തിയെട്ട് കോടി രൂപ മാത്രം)യും ലഭിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കൂടാതെ നികുതി ഇനത്തിലും അനുബന്ധ മേഖലകളിൽ നിന്നും സർക്കാരിന് വരുമാനം ലഭിക്കുന്നതാണ്.

**വിഴിഞ്ഞം തുറമുഖ നിർമ്മാണപ്രവൃത്തി**

205 (3039) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സാധന സാമഗ്രികൾ ലഭിക്കുന്നില്ലെന്ന പരാതി ഉണ്ടോ;

(ബി) ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമല്ലാത്തതിനാൽ നിർമ്മാണപ്രവൃത്തി നിർത്തിവെച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തുറമുഖ നിർമ്മാണ പ്രവർത്തനം നിലച്ചുപോയാൽ സംസ്ഥാന സർക്കാരിന് നഷ്ടം സംഭവിക്കുമെന്ന ആശങ്ക ബന്ധപ്പെട്ട അധികാരികൾ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ& ബി) പാറ ലഭിക്കുന്നതിനുള്ള പ്രയാസം നിർമ്മാണ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. മൂവായിരത്തി ഒരുനൂറ് മീറ്റർ നീളമുള്ള പുലിമുട്ടിൽ ഇതുവരെ ഏകദേശം 600 മീറ്റർ നിർമ്മാണമാണ് പൂർത്തിയായിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ പാറയ്ക്ക് ക്ഷാമം നേരിടുന്നതിനാൽ കൊല്ലം ജില്ലയിൽ നിന്നും പാറ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ പാറ ഖനനത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ആവശ്യമെങ്കിൽ വിഴിഞ്ഞം പ്രോജക്ടിന് ആവശ്യമായ പാറ അദാനി കമ്പനിയുടെ മേൽനോട്ടത്തിൽത്തന്നെ ഖനനം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. തമിഴ്നാട്ടിൽനിന്നും പാറ കൊണ്ടുവരുന്നതിനും അദാനി കമ്പനി ശ്രമം നടത്തുന്നുണ്ട്.

(സി) തുറമുഖ നിർമ്മാണ പ്രവർത്തനം നിലച്ചുപോകും എന്നൊരവസ്ഥ നിലനിൽക്കുന്നില്ല.

## വിഴിഞ്ഞം തുറമുഖത്തെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന ലിങ്ക് പാത

206 (3040) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ പാതയുമായി ബന്ധിപ്പിക്കുന്ന ലിങ്ക് പാതയുടെ നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണപ്രവർത്തനം ഏത് ഏജൻസിയെയാണ് ഏൽപിച്ചിട്ടുള്ളതെന്നും എത്ര കോടി രൂപയാണ് അടങ്കൽ തുകയായി നിശ്ചയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ& ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ബാലരാമപുരം റെയിൽവെ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന 12 കിലോമീറ്റർ നീളം വരുന്ന റെയിൽ പാതയുടെ പ്രോജക്ട് റിപ്പോർട്ട് റെയിൽ വികാസ് നിഗം ലിമിറ്റഡ് (RVNL) മുഖാന്തരം തയ്യാറാക്കിയിരുന്നു. എന്നാൽ RVNL മറ്റ് തിരക്കുകൾമൂലം പദ്ധതിയിൽനിന്നും പിൻമാറുകയാണെന്ന് അറിയിച്ചതിനെത്തുടർന്ന് കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡുമായി (KRCL) ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. RVNL തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് കൊങ്കൺ റെയിൽ കോർപ്പറേഷന്റെ പഠനത്തിന് വിധേയമാക്കി KRCL ന്റെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് പ്രോജക്ട് റിപ്പോർട്ട് അന്തിമമാക്കുന്നതിനും ധാരണയായിട്ടുണ്ട്. ടി ധാരണയുടെ അടിസ്ഥാനത്തിലായിരിക്കും അന്തിമ റിപ്പോർട്ട് അനുമതിക്കായി ദക്ഷിണ റെയിൽവേയ്ക്ക് സമർപ്പിക്കുന്നത്.

RVNL-ന്റെ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ ചെലവും, കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ സേവന നിരക്കുമുൾപ്പെടെ ഏതാണ്ട് 665 കോടി രൂപയാണ് നിർമ്മാണ ചെലവായി കണക്കാക്കിയിരിക്കുന്നത്.

## തുറമുഖങ്ങളുടെ നവീകരണത്തിന് പദ്ധതി

207 (3041) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങളുടെ നവീകരണത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് സ്വീകരിച്ചു വരുന്നത്; വിവരിക്കുമോ;

(ബി) ആയതിൽ എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) തുറമുഖ നവീകരണത്തിന് എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നല്കാമോ?

ഉത്തരം

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ്, എന്നിവ ലഭ്യമാണ്. ചാനലിന്റെയും ബേസിന്റെയും ആഴം കൂട്ടുന്നതിനായി 20 കോടി രൂപ മുതൽ മുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊന്നാനി തുറമുഖത്ത് 13.7 മീറ്റർ വരെ ആഴമുള്ള കപ്പലുകൾ അടുക്കുന്ന തരത്തിൽ ആഴക്കടൽ തുറമുഖമായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിഴിഞ്ഞം തുറമുഖത്ത് ചരക്കുനീക്കം സുഗമമാക്കുന്നതിന്റെ ഭാഗമായി റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, വെയിംഗ് മെഷീൻ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് 40 ഫീറ്റ് കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, ഫോർക്ക് ലിഫ്റ്റ്, വെയിംഗ് മെഷീൻ, വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം മുതലായ ഉപകരണങ്ങളും എം. ടി. മലബാർ എന്ന ടഗ്ഗും ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് 40 ഫീറ്റ് കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, നാല് ഫിക്സഡ് ക്രെയനുകൾ, വെയിംഗ് മെഷീൻ, വി.ടി.എം.എസ്. തുടങ്ങിയ സൗകര്യങ്ങളും, എം.ടി. കേരള, എം.ടി. ചാലിയാർ, എം.ടി. സമൂതിരി മുതലായ ടഗ്ഗുകളുടെ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അഴീക്കൽ തുറമുഖത്ത് 40 ഫീറ്റ് കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, വി.ടി.എം.എസ്, വെയിംഗ് മെഷീൻ, തുടങ്ങിയ സൗകര്യങ്ങൾക്കുപുറമേ എം.ടി. അഴീക്കൽ എന്ന ടഗ്ഗിന്റെ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) തുറമുഖങ്ങളിലേയ്ക്ക് വലിയ ചരക്കു കപ്പലുകളെ ആകർഷിക്കുന്നതിനായി തുറമുഖം എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുകൂടി പ്രവർത്തനസജ്ജമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിന്റെ ഭാഗമായി ചെറുകിട തുറമുഖങ്ങളായ വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ മുതലായ ഇടങ്ങളിൽ ചരക്കുഗതാഗതം സുഗമമാക്കുന്നതിന് അത്യാധുനിക ഉപകരണങ്ങളായ റീച്ച് സ്റ്റാക്കറുകൾ, 40 ഫീറ്റ് കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിനുകൾ, വി.ടി.എം.എസ്. സംവിധാനങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

വലിയ ചരക്ക് കപ്പലുകളെ തുറമുഖത്തേയ്ക്ക് അടുപ്പിക്കുന്നതിനായി ശേഷിയുള്ള ടഗ്ഗുകൾ വളരെ അത്യാവശ്യമാണ്. ഇതിനായി എം.ടി. കേരളം, എം. ടി. മലബാർ, എം.ടി. അഴീക്കൽ, എം.ടി. ചാലിയാർ, എം.ടി. സമൂതിരി തുടങ്ങിയ ടഗ്ഗുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖ ചാനലുകളുടെ ആഴം കൂട്ടുന്നതിനായി 20 കോടി രൂപ ചെലവിൽ അത്യാധുനികവും ശേഷികൂടിയതുമായ കട്ടർ സക്ഷൻ ഡ്രഡ്ജർ നെതർലാൻഡിൽ നിന്നും വാങ്ങി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ട്മെന്റിന് ഇ.ഡി.ഐ. സൗകര്യം നൽകിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടങ്ങളിലാണ്. കോട്ടയം ജില്ലയിലെ നാട്ടകം തുറമുഖം സ്വകാര്യ തുറമുഖമായാണ് വികസിപ്പിക്കുന്നത്. 2013-ൽ പ്രവർത്തനം ആരംഭിച്ച തുറമുഖത്തിന് 49% ഓഹരി കിൻഫ്രക്കാണ്. 46 കോടി മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് 763 കോടി രൂപ ചെലവിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിനായി (SPV) പ്രത്യേകോദ്ദേശ്യ കമ്പനി രൂപീകരിച്ചു. കൂടാതെ 496 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുമുണ്ട്. തുറമുഖങ്ങൾ വഴി തിരിച്ചുവിടുന്ന ചരക്കുകൾക്കും യാത്രക്കാർക്കും നൽകുന്ന ഇൻസെന്റീവ് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**ചെറുകിട ഇടത്തരം തുറമുഖങ്ങളുടെ നവീകരണം**

208 (3042) ശ്രീ. വി. കെ. സി. മമ്മത് കോയ:

ശ്രീ. എം. രാജഗോപാലൻ:

ശ്രീ. എം. മുകേഷ്:

ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ഇടത്തരം തുറമുഖങ്ങളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത തുറമുഖങ്ങളിലെ ചരക്കുഗതാഗതം വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;

(സി) വൻകിടേതര തുറമുഖങ്ങളെ പൊതു-സ്വകാര്യ മേഖലാ പങ്കാളിത്തത്തോടെ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം തുറമുഖങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാണ്. തുറമുഖങ്ങളിലെ ചാനലിന്റെയും, ബേസിന്റെയും ആഴം കൂട്ടുന്നതിനായി 20 കോടി രൂപ മുതൽമുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. വലിയ ചരക്കു കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പൊന്നാനി തുറമുഖം ഒരു ആഴക്കടൽ തുറമുഖമായാണ് വികസിപ്പിക്കുന്നത്. 13.7 മീറ്റർ വരെ ആഴമുള്ള കപ്പലുകൾ അടുക്കുന്ന തരത്തിലാണ് തുറമുഖം വിഭാവനം ചെയ്തിട്ടുള്ളത്. വിഴിഞ്ഞം തുറമുഖത്ത് ചരക്കുനീക്കം സുഗമമാക്കുന്നതിന്റെ ഭാഗമായി റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, വെയിംഗ് മെഷീൻ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് 40 ടൺ കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, ഫോർക്ക് ലിഫ്റ്റ്, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, വെയിംഗ് മെഷീൻ, വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം മുതലായ ഉപകരണങ്ങളും എം. ടി. മലബാർ എന്ന ടഗ്ഗും ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് 40 ഫീറ്റ് കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, നാല് ഫിക്സഡ് ക്രെയിനുകൾ, വെയിംഗ് മെഷീൻ, വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം തുടങ്ങിയ സൗകര്യങ്ങളും എം.ടി. കേരള, എം.ടി. ചാലിയാർ, എം.ടി. സമൂതിരി തുടങ്ങിയ ടഗ്ഗുകളുടെ സേവനവും ഏർപ്പെടുത്തിയിട്ടുണ്ട്. അഴീക്കൽ തുറമുഖത്ത് 40 ഫീറ്റ് കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, വി.ടി.എം.എസ് , വെയിംഗ് മെഷീൻ, തടങ്ങിയ സൗകര്യങ്ങൾക്ക് പുറമേ എം.ടി. അഴിക്കൽ എന്ന ടഗ്ഗിന്റെ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പൊന്നാനി തുറമുഖം പി.പി.പി. മാതൃകയിൽ വികസിപ്പിക്കുന്നതിനായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ട് നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. കോട്ടയം ജില്ലയിലെ നാട്ടകം തുറമുഖം കിൻഫ്രയുടെ ഓഹരി പങ്കാളിത്തത്തോടെ സ്വകാര്യ പ്രാതിനിധ്യമുള്ള തുറമുഖമായി വികസിപ്പിക്കുന്നതിനുള്ള നടപടി തുടങ്ങി. അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചു കഴിഞ്ഞു.

## ഗതാഗതത്തിനായി ചെറുകിട തുറമുഖങ്ങളുടെ വികസനം

209 (3043) ശ്രീ. എസ്. ശർമ്മ:

ശ്രീ. എ. പ്രദീപ്കുമാർ:

ശ്രീ. എ. എം. ആരിഫ്:

ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ ചരക്കുഗതാഗതത്തിനും യാത്രക്കാരുടെ സഞ്ചാരത്തിനും സജ്ജമാക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) വടക്കൻ കേരളത്തിൽ ചരക്കുഗതാഗതത്തിന്റെ കേന്ദ്രമായി മാറ്റാൻ ഉദ്ദേശിക്കുന്ന അഴീക്കൽ തുറമുഖ നിർമ്മാണത്തിന് കിഫ്ബി വഴി ഫണ്ട് ലഭ്യമായിട്ടുണ്ടോ; നിർമ്മാണ പുരോഗതി അറിയിക്കാമോ;

(സി) സഞ്ചാരത്തിനായി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന പൊന്നാനി, ആലപ്പുഴ, തലശ്ശേരി, കാസർഗോഡ്, വലിയതുറ തുറമുഖങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ) തുറമുഖങ്ങളിൽ ചരക്ക് ഗതാഗതം സുഗമമാക്കുന്നതിനായി കണ്ടെയ്നർ ഹാന്റിലിംഗ്, ക്രയിൻ, റീച്ച്സ്റ്റാക്കർ, വേബ്രിഡ്ജ് എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ ടഗ്ഗ് വാങ്ങിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് വി.ടി.എം.എസ്. സ്ഥാപിച്ചു. കൊല്ലം തുറമുഖത്ത് വി.ടി.എം.എസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ പുതുതായി 450 HP ടഗ്ഗ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ ചരക്ക് ഗതാഗതത്തിനും യാത്രക്കാരുടെ സഞ്ചാരത്തിനും സജ്ജമാക്കുന്നതിനായി ചെറുകിട തുറമുഖങ്ങളിലേക്ക് റെയിൽ/റോഡ് കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൊല്ലം, അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങളിലേക്ക് റെയിൽ കണക്റ്റിവിറ്റി ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി IPRC-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സാഗർമാലയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. ഇതിൽ കൊല്ലം തുറമുഖം ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന

1.12 കിലോമീറ്റർ നീളമുള്ള കൊല്ലം - കൊച്ചുപിലാമൂട് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കി. ടി റോഡ് യാഥാർത്ഥ്യമായതോടെ തുറമുഖത്തു നിന്നും തുറമുഖത്തേക്കും, റോഡുമാർഗ്ഗവുമുള്ള ചരക്ക് നീക്കം സുഗമമായും വലിയ കണ്ടെയ്നറുകൾ ഉൾപ്പെടെയുള്ളവ വളരെ വേഗത്തിൽ തുറമുഖത്ത് എത്തിക്കുവാനും കൊണ്ടു പോകുവാനും സാധിക്കും.

(ബി) അഴീക്കൽ തുറമുഖ വികസനത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചു കഴിഞ്ഞു. 496 കോടി രൂപ മുതൽമുടക്കിൽ കിഫ്ബി മുഖാന്തിരം അഴീക്കൽ തുറമുഖ വികസനം നടപ്പിലാക്കാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുമുണ്ട്.

നിലവിലെ അഴീക്കൽ തുറമുഖ വാർഫിനോടനുബന്ധിച്ചുള്ള ചാനലിന്റേയും ബേസിന്റേയും ആഴം 6 മീറ്റർ ആയി വർദ്ധിപ്പിക്കുന്നതിനുള്ള ഡി.പി.ആർ ഉണ്ടാക്കുവാൻ കിറ്റ്കോയെ ചുമതലപ്പെടുത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽപ്രവൃത്തിക്ക് കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയുടെ ഭാഗമായി കോസ്റ്റൽ ബർത്ത് സ്കീമിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. ഇതിലേയ്ക്കായി സബ് സോയിൽ സ്റ്റഡി നടത്തി വിശദമായ എസ്റ്റിമേറ്റും ഡി.പി.ആർ.- ഉം കിറ്റ്കോ മുഖാന്തിരം തയ്യാറാക്കുന്നതാണ്. തുറമുഖത്തിന്റെ പരിസ്ഥിതി പഠനത്തിനും വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനും വേണ്ടിയുള്ള ടെക്നിക്കൽ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തെരഞ്ഞെടുത്ത കൺസൾട്ടന്റുമായി കരാർ ഒപ്പിടുന്നതാണ്.

(സി) പൊന്നാനി തുറമുഖം പി.പി.പി. മോഡലിലിണ് വികസിപ്പിക്കുന്നത്. ഇതിനായി മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് 763 കോടി രൂപ ചെലവിൽ തുറമുഖ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് തുറമുഖങ്ങൾ തീരദേശകപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി ഘട്ടംഘട്ടമായി വികസിപ്പിക്കുന്നതാണ്.

## മാരിടൈം ബോർഡിന്റെ പ്രവർത്തനം

210 (3044) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരിടൈം മേഖലയിലെ വിവിധ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനും തീരസംരക്ഷണ സംവിധാനം ഉറപ്പാക്കുന്നതിനും മാരിടൈം ബോർഡിന്റെ രൂപീകരണം എത്രമാത്രം സഹായകമായി എന്ന് വിശദീകരിക്കുമോ;

(ബി) തീരദേശ സുരക്ഷ ഉൾപ്പെടെയുള്ള എല്ലാ തുറമുഖ പ്രവർത്തനങ്ങളും ഒരു ഏജൻസിയുടെകീഴിൽ ഏകോപിപ്പിക്കുവാൻ മാരിടൈം ബോർഡിന്റെ രൂപീകരണംകൊണ്ട് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇതുമൂലം ഈ മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണപ്രവർത്തനം, പരിപാലനം, പരിരക്ഷ തുടങ്ങിയ സംസ്ഥാന സർക്കാരിൽ ഇന്ത്യൻ തുറമുഖ ചട്ടങ്ങൾ മുഖേന നിക്ഷിപ്തമായ കർത്തവ്യങ്ങൾ, കപ്പൽ മന്ത്രാലയത്തിന്റെയും കപ്പൽ ഗതാഗത വകുപ്പിന്റെയും മറ്റും നിയമങ്ങൾ നടപ്പിലാക്കൽ, വിവിധതരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനവും സർട്ടിഫിക്കറ്റും നൽകൽ, വാണിജ്യവും, നിയമപരവുമായ ചുമതല നിർവ്വഹിക്കൽ എന്നിവ മാരിടൈം ബോർഡിന്റെ രൂപീകരണംകൊണ്ട് സാധ്യമാകും. മാരിടൈം ബോർഡ് നിലവിൽവന്ന സാഹചര്യത്തിൽ വിവിധ വകുപ്പുകളേയും സ്ഥാപനങ്ങളേയും ഏകോപിപ്പിച്ച് ഉപരിതല ജലഗതാഗത മേഖലയിലെ പല പദ്ധതികളും കാലതാമസം കൂടാതെ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. തുറമുഖങ്ങളിലെ പ്രവർത്തനങ്ങളും തീരദേശസുരക്ഷയും ഏകോപിപ്പിച്ച് നടപ്പിലാക്കാൻ സംസ്ഥാന മാരിടൈം ബോർഡിന് സാധ്യമാകും. ഇതിനായി ഇന്ത്യൻ നേവി, തീരദേശ സംരക്ഷണ സേന തുടങ്ങിയവയുടെ പ്രാതിനിധ്യം മാരിടൈം ബോർഡിൽ ഉറപ്പാക്കിയിട്ടുണ്ട്.

(സി) 2-2-2018 ലെ സ.ഉ. (കൈ.) നമ്പർ 1/2018/മതുവ പ്രകാരം കേരളാ മാരിടൈം ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**മാരിടൈം ഡെവലപ്മെന്റ് ബോർഡ്**

211 (3045) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന മാരിടൈം ഡെവലപ്പ്മെന്റ് ബോർഡിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ബോർഡിനുകീഴിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; ഇവരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ടോ;

(സി) നിലവിൽ എത്ര തുറമുഖങ്ങളുടെ മേൽനോട്ടം ബോർഡിനുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2-2-2018-ലെ സ.ഉ.(കൈ)നമ്പർ 1/2018/മതുവ. പ്രകാരം കേരളാ മാരിടൈം ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തനം തുടങ്ങിയിട്ടില്ല. കേരള മാരിടൈം ബോർഡ് ആക്ട് സെക്ഷൻ 17 പ്രകാരം തുറമുഖ ഡയറക്ടറേറ്റിലെയും തുറമുഖ കാര്യാലയങ്ങളിലെയും ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും ബോർഡിന്റെ ഉദ്യോഗസ്ഥരും ജീവനക്കാരുമായിത്തീരുന്നതും, ബോർഡിലേക്ക് മാറ്റം ചെയ്യപ്പെട്ടില്ലായിരുന്നുവെങ്കിൽ അവർ ഉദ്യോഗം വഹിക്കുമായിരുന്ന അതേ കാലാവധിയിലും അതേ പ്രതിഫലത്തോടും അതേ സേവന വേതന വ്യവസ്ഥകളോടും തുടരാവുന്നതും അവർക്ക് അനുവദിക്കുമായിരുന്ന പെൻഷനും ഗ്രാറ്റുവിറ്റിക്കും മറ്റ് കാര്യങ്ങൾക്കും അതേ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതും ബോർഡിന്റെ കീഴിലുള്ള ജോലി യഥാവിധി അവസാനിക്കുന്നതു വരെയോ സേവന വേതന വ്യവസ്ഥകൾ യഥാവിധി ബോർഡ് റഗുലേഷൻ മുഖേന മാറ്റംവരുത്തുന്നതുവരെയോ അപ്രകാരം തുടരേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) തുറമുഖ വകുപ്പിനുകീഴിലുള്ള നോൺ മേജർ തുറമുഖങ്ങളുടേയും അനുബന്ധ സ്ഥാപനങ്ങളുടേയും മേൽനോട്ടം മാരിടൈം ബോർഡിനായിരിക്കുമെന്നാണ് ആക്ടിൽ വിവക്ഷിച്ചിരിക്കുന്നത്.

**കാസർഗോഡ് ജില്ലയിലെ നിയമാനുസൃത കടവുകൾ**

212 (3046) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തുറമുഖ വകുപ്പിന്റെ നിയന്ത്രണത്തിൽ നിയമാനുസൃതമായി പ്രവർത്തിക്കുന്ന എത്ര കടവുകൾ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ കടവും നടത്തുന്നതിനുള്ള ഒരു മാസത്തെ ചെലവും ഇതിൽ നിന്ന് കിട്ടുന്ന വരുമാനവും വ്യക്തമാക്കാമോ;

(സി) മിച്ചം തുക വരുന്നുണ്ടെങ്കിൽ ജില്ലയിൽ ഏതെങ്കിലും ജനോപകാരപ്രദമായ പ്രവൃത്തിക്കോ പദ്ധതിക്കോ അതുപയോഗിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഈ സർക്കാർ അത്തരത്തിൽ ചെലവഴിച്ച തുകയും അതുപയോഗിച്ച് നടത്തിയ പദ്ധതികളും വ്യക്തമാക്കാമോ;

(ഇ) നിയമാനുസൃതമല്ലാത്ത കടവുകൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;എങ്കിൽ അത്തരം കടവുകൾക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) അത്തരം കടവുകളിൽനിന്ന് പിടിക്കപ്പെടുന്ന മണൽ എന്താണ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ തുറമുഖ വകുപ്പിന്റെകീഴിൽ 7 കടവുകൾ പ്രവർത്തിക്കുന്നുണ്ട്.

1. മൊഗ്രാൽ പുത്തൂർ പഞ്ചായത്തിന്റെകീഴിൽ മൊഗ്രാൽ പുത്തൂർ കടവ്.
2. ചെമ്മനാട് പഞ്ചായത്തിന്റെകീഴിൽ ചളിയംകോട് കടവ്.
3. കാസർഗോഡ് മുനിസിപ്പാലിറ്റിയുടെകീഴിൽ തളങ്കര കടവ്.
4. ചെറുവത്തൂർ പഞ്ചായത്തിന്റെകീഴിൽ മടക്കര, അച്ചാംതുരുത്തി, കൈതക്കാട് കടവുകൾ.
5. പടന്ന പഞ്ചായത്തിന്റെ കീഴിൽ ഓരിക്കടവ് കടവ്.

(ബി) 2018 ഫെബ്രുവരി മാസം ഓരോ കടവിൽനിന്നും വിവിധ ഇനങ്ങളിൽ ലഭിച്ച വരുമാനം, ചെലവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി& ഡി) മണൽ വില്പനയിൽനിന്ന് ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് പദ്ധതികൾ നടത്തുന്നതിന് തുറമുഖ വകുപ്പിന് അനുമതി ലഭിച്ചിട്ടില്ല.

(ഇ&എഫ്) ജില്ലയിൽ അനധികൃത കടവുകൾ പ്രവർത്തിക്കുന്നില്ല. ഇതിനായി ജില്ലാ ഭരണകൂടം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണൽ ഉപയോഗപ്പെടുത്താനുള്ള നിർദ്ദേശം**

213 (3047) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. പാറക്കൽ അബ്ദുല്ല:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങളുടെ ആഴം കൂട്ടുന്നതിനായി ഡ്രെഡ്ജ് ചെയ്യുമ്പോൾ ലഭിക്കുന്ന മണൽ ശുദ്ധീകരിച്ച് കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാനുള്ള നിർദ്ദേശം അംഗീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തുറമുഖങ്ങളിൽനിന്ന് ലഭിക്കുന്ന മണലാണ് ഇപ്രകാരം ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഈ പ്രക്രിയ ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇതുമൂലം സർക്കാരിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന വരുമാനം കണക്കാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊന്നാനി, അഴീക്കൽ, കാസർഗോഡ്, ബേപ്പൂർ, വടകര, കൊടുങ്ങല്ലൂർ തുറമുഖങ്ങളിലെ മണലാണ് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

(സി) പൊന്നാനിയിൽ മെസ്സേഴ്സ് രാജധാനി മിനറൽസിനെ ഏൽപ്പിച്ച് പ്രവർത്തനം ജൂലൈ 17-ൽ തുടങ്ങി. മറ്റ് തുറമുഖങ്ങളിൽ മെസ്സേഴ്സ് കെ.എസ്.എം. ഡി.സി.എൽ. വഴി ഘട്ടംഘട്ടമായി ഈ പദ്ധതി നടപ്പാക്കുന്നതാണ്. അടുത്ത ഘട്ടത്തിൽ അഴീക്കൽ തുറമുഖത്തും മണൽ പൂർണ്ണമായി ശുദ്ധീകരിക്കുന്ന സംവിധാനം ഏർപ്പെടുത്തുന്നതാണ്.

(ഡി) നിലവിൽ മാന്വൽ ഡ്രെഡ്ജിംഗ് നടക്കുന്ന തുറമുഖങ്ങളിൽ നിന്ന് പ്രതിവർഷം 250 കോടി രൂപയുടെ റവന്യൂ പ്രതീക്ഷിക്കുന്നു.

**മൃഗശാലകൾ ആരംഭിക്കുന്നതിന് നടപടി**

214 (3048) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതിയ മൃഗശാലകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) സ്ഥലവും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കി നൽകുന്നപക്ഷം കോങ്ങാട് മണ്ഡലത്തിൽ ഒരു മൃഗശാല ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതിയ മൃഗശാലകൾ ആരംഭിക്കുന്നതിന് പദ്ധതിയില്ല. നിലവിൽ തൃശ്ശൂർ ജില്ലയിലെ പുത്തൂർ എന്ന സ്ഥലത്ത് തൃശ്ശൂർ മൃഗശാല മാറ്റിസ്ഥാപിക്കുന്നതിന് വനം വന്യജീവി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കോങ്ങാട് മണ്ഡലത്തിൽ മൃഗശാല ആരംഭിക്കുന്നതിന് നിലവിൽ ഒരു പദ്ധതിയും പരിഗണനയിലില്ല.

**തിരുവനന്തപുരം മ്യൂസിയത്തിലെ പൂന്തോട്ട സംരക്ഷണം**

215 (3049) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മ്യൂസിയം ഗാർഡൻ സംരക്ഷണത്തിൽ അപാകതയുള്ളതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രകൃതി രമണീയത നശിപ്പിക്കുന്ന തരത്തിൽ ബങ്കുകൾ, ടോയ്‌ലെറ്റുകൾ എന്നിവ സ്ഥാപിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) മ്യൂസിയം കോമ്പൗണ്ട് സംരക്ഷിക്കുന്നതിന് പ്രത്യേകം ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മ്യൂസിയം ഗാർഡൻ സംരക്ഷണത്തിൽ അപാകതയുള്ളതായി പരാതി ലഭിച്ചിട്ടില്ല.

(ബി) ആയിരക്കണക്കിന് സന്ദർശകർ സന്ദർശിക്കുന്ന സ്ഥാപനമെന്ന

നിലയിൽ അവർക്ക് അത്യാവശ്യംവേണ്ട ബങ്കുകളും, ടോയ്‌ലെറ്റുകളും മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ. ആയത് പ്രകൃതിരമണീയത നശിപ്പിയ്ക്കാതെയാണ് ഒരുക്കിയിട്ടുള്ളത്.

(സി) മ്യൂസിയം മൃഗശാലാ കോമ്പൗണ്ട് സംരക്ഷിക്കുന്നതിന് 20 സെക്യൂരിറ്റി സ്റ്റാഫുകളെ നിയമിച്ചിട്ടുണ്ട്. കൂടാതെ കേരള പോലീസിന്റെ ഒരു എയ്ഡ്പോസ്റ്റും സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ 60 ഗാർഡനേഴ്സ് പൂന്തോട്ടം സംരക്ഷിക്കുന്നുണ്ട്. കൂടാതെ സി.സി.റ്റി.വി. ക്യാമറകളും അത് നിരീക്ഷിക്കുന്നതിന് കൺട്രോൾ റൂമും പ്രവർത്തിക്കുന്നുണ്ട്.

**വർക്കല മണ്ഡലത്തിലെ പൈതൃക സ്ഥലങ്ങളും സ്ഥാപനങ്ങളും**

216 (3050) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളും കെട്ടിടങ്ങളുമാണ് പൈതൃക സ്ഥലങ്ങളും സ്ഥാപനങ്ങളുമായി പുരാവസ്തുവകുപ്പ് നിർണ്ണയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആയത് സംരക്ഷിക്കുന്നതിന് ഈ സർക്കാർ എത്ര രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ സംരക്ഷിത സ്ഥലങ്ങളും കെട്ടിടങ്ങളും സംരക്ഷിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോയെന്നറിയിക്കുമോ?

ഉത്തരം

(എ) വർക്കലയിലെ ഒറ്റൂർ, പേരേറ്റിൽ വഴിയമ്പലം, ഒറ്റൂർ തിരുനാരായണപുരം വിഷ്ണു ക്ഷേത്രം എന്നിവയാണ് വർക്കല മണ്ഡലത്തിലെ പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങൾ.

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പിന് കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണത്തിനായി ആകെ 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ വർക്കലയിലെ സ്മാരകങ്ങളുടെ സംരക്ഷണത്തിനായി പ്രത്യേകിച്ച് ഫണ്ട് അനുവദിച്ചിട്ടില്ല. ടി സ്മാരകങ്ങൾക്ക് സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾ ആവശ്യമാണെന്ന് കാണുന്ന പക്ഷം ഫണ്ട് ഉപയോഗിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

## സംരക്ഷിത സ്മാരകങ്ങളുടെ പരിപാലനം

217 (3051) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളുടെ കൈവശത്തിലും ഉടമസ്ഥതയിലുമുള്ള സംരക്ഷിത സ്മാരകങ്ങളുടെ പരിപാലനത്തിനും അറ്റകുറ്റപ്പണികൾക്കും വേണ്ടി ഫണ്ട്/ഗ്രാന്റ് എന്നിവ നൽകുന്നതുൾപ്പെടെ പുരാവസ്തു വകുപ്പ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തുവരുന്നതെന്ന് അറിയിക്കാമോ;

(ബി) സംരക്ഷിത സ്മാരകങ്ങൾക്ക് നിലവിൽ നൽകിവരുന്ന ഇളവുകൾ വിശദമാക്കാമോ;

(സി) ഇവയ്ക്ക് കെട്ടിട നികുതിയിൽ ഇളവുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനായി പുരാവസ്തു വകുപ്പ് ബന്ധപ്പെട്ട അധികൃതരോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വകാര്യ വ്യക്തികളുടെ കൈവശത്തിലും ഉടമസ്ഥതയിലുമുള്ള സംരക്ഷിത സ്മാരകങ്ങളുടെ പരിപാലനത്തിനും അറ്റകുറ്റ പണികൾക്കുംവേണ്ടി ഫണ്ട്/ഗ്രാന്റ് എന്നിവ പുരാവസ്തു വകുപ്പ് നൽകാറില്ല. എന്നാൽ 1968 – ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട്, 1972-ലെ ചട്ടങ്ങൾ എന്നിവയുടെ പരിധിയിൽ വരുന്ന സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണപ്പണികൾ പുരാവസ്തു വകുപ്പ് നേരിട്ടാണ് ചെയ്തുവരുന്നത്.

(ബി&സി) സംരക്ഷിത സ്മാരകങ്ങൾക്ക് നിലവിൽ ഇളവുകൾ ഇല്ല. എന്നാൽ സർക്കാർ വില നൽകി ഏറ്റെടുത്തിട്ടുള്ള സംരക്ഷിത സ്മാരകങ്ങളുടെ കെട്ടിട നികുതി സർക്കാരിന് ഒടുക്കേണ്ടതില്ല.

## പുരാവസ്തു വകുപ്പിന്റെ ചേലക്കര മണ്ഡലത്തിലെ സംരക്ഷിത സ്മാരകങ്ങൾ

218 (3052) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ പുരാവസ്തു വകുപ്പിന്റെ എത്ര സംരക്ഷിത സ്ഥാപനങ്ങളും സ്ഥലങ്ങളും ഉണ്ടെന്ന് വ്യക്തമാക്കാമോ; ഇവയുടെ പേരുവിവരങ്ങളും ചരിത്ര പ്രാധാന്യവും വ്യക്തമാക്കാമോ;

(ബി) ഇവ അറ്റകുറ്റപണി നടത്തി സംരക്ഷിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുരാവസ്തു വകുപ്പ് തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചേലക്കര ഫോറസ്റ്റ് റേഞ്ചിലെ ശിവക്ഷേത്രം, നെട്ടുമ്പ്രയൂർ തളി ശിവക്ഷേത്രം, ഇരുനിലംകോട് ഗുഹാക്ഷേത്രം എന്നിവയാണ് പുരാവസ്തു വകുപ്പിന്റെ ചേലക്കര മണ്ഡലത്തിലെ സംരക്ഷിത സ്മാരകങ്ങൾ.

(ബി) പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണത്തിനായി തുക വകയിരുത്തിയിട്ടുണ്ട്. ടി സ്മാരകങ്ങളിൽ സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾ ആവശ്യമാകുന്ന പക്ഷം ആയത് പുരാവസ്തു വകുപ്പ് നേരിട്ട് നിർവ്വഹിച്ചുവരുന്നുണ്ട്.

**ചേന്നമത്ത് ശ്രീ മഹാദേവ ക്ഷേത്ര ലിഖിതത്തിന്റെ സംരക്ഷണം**

219 (3053) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ഗ്രാമപഞ്ചായത്തിലെ മാമ്പള്ളിക്കുന്നം എന്ന സ്ഥലത്തുള്ള ചേന്നമത്ത് ശ്രീ മഹാദേവ ക്ഷേത്ര ലിഖിതം (മാമ്പള്ളി ശാസനം) സംസ്ഥാന പുരാവസ്തു സംരക്ഷണ വകുപ്പിന്റെ സംരക്ഷണത്തിൽ ഉൾപ്പെട്ടിട്ടുള്ള ലിഖിതമാണോ എന്നും ആണെങ്കിൽ പ്രസ്തുത ക്ഷേത്ര ലിഖിതത്തിന്റെ സംരക്ഷണത്തിന് പുരാവസ്തു വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഈ ക്ഷേത്രത്തിന്റെ ശ്രീകോവിലും ക്ഷേത്ര സങ്കേതവും പുരാവസ്തു വകുപ്പിന്റെ സംരക്ഷണയിലാണോയെന്നും ആണെങ്കിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുരാവസ്തു വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ എന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ചാത്തന്നൂർ ഗ്രാമപഞ്ചായത്തിലെ മാമ്പള്ളിക്കുന്നം എന്ന സ്ഥലത്തുള്ള ചേന്നമത്ത് ശ്രീ മഹാദേവ ക്ഷേത്രം പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്. പ്രസ്തുത ക്ഷേത്ര ശ്രീകോവിലിന്റെ അധിഷ്ഠാനത്തിലുള്ള മാമ്പള്ളി ശാസനം ഉൾക്കൊള്ളുന്ന ഭാഗങ്ങളിൽ രാസ സംരക്ഷണം, ഘടനാ സംരക്ഷണം എന്നിവ നടത്തിയിട്ടുണ്ട്. സംരക്ഷിത സ്മാരകമാകയാൽ പ്രസ്തുത ക്ഷേത്രത്തിനോടനുബന്ധിച്ചുള്ള പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വകുപ്പിന്റെ അനുമതി ആവശ്യമാണ്.

## വാഹന ഗതാഗത നിയന്ത്രണ സംവിധാനം

220 (3054) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ്, പോലീസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നീ ഏജൻസികൾ നിർവഹിച്ചുവരുന്ന വാഹന ഗതാഗത നിയന്ത്രണ സംവിധാനം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഏകോപിപ്പിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) അപകടത്തിന്റെ മുഖ്യകാരണങ്ങളായ അമിതവേഗതയും, മദ്യപിച്ചുള്ള ഡ്രൈവിംഗും അനധികൃത പാർക്കിംഗും തടയാൻ നടത്തുന്ന പ്രവർത്തനം കാര്യക്ഷമമാക്കാൻ നിർദ്ദേശം നൽകുമോ;

(സി) വലിയ വാഹനങ്ങളിലും ഇടത്തരം ചരക്കുവാഹനങ്ങളിലും നിർബന്ധമാക്കിയ സ്പീഡ് നിയന്ത്രണ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണോ എന്ന പരിശോധന നടത്താറുണ്ടോ;

(ഡി) റോഡ് സുരക്ഷാ അതോറിറ്റിയുടെയും ജില്ലാതലത്തിലുള്ള കൗൺസിലുകളുടെയും പ്രവർത്തനം ശാക്തീകരിച്ച് അപകട നിയന്ത്രണം സാധ്യമാക്കാൻ നടപടിയെടുക്കുമോ;

(ഇ) അതോറിറ്റിയും കൗൺസിലുകളും നിലവിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) മോട്ടോർവാഹന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നീ ഏജൻസികൾ നിർവ്വഹിക്കുന്ന വാഹന ഗതാഗത നിയന്ത്രണ സംവിധാനം ഏകോപിപ്പിക്കുന്ന പദ്ധതി നിലവിലില്ല. എല്ലാ വകുപ്പികളും സ്ഥാപിച്ച സിഗ്നൽ സിസ്റ്റങ്ങളുടേയും പരിപാലന ചുമതല ഐ.ജി.ട്രാഫിക്കിനെ ഏൽപ്പിച്ചുകൊണ്ട് കേരള റോഡ് സേഫ്റ്റി അതോറിറ്റി തീരുമാനമുണ്ട്.

(ബി) അലക്ഷ്യമായും പാർക്കിംഗ് ഇല്ലാത്ത സ്ഥലങ്ങളിലും വാഹനം പാർക്കു ചെയ്യുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരക്കാരിൽ

നിന്നും നിയമാനുസൃത പിഴ ഈടാക്കുകയാണ് ചെയ്യുന്നത്. മദ്യപിച്ച് വാഹനം ഓടിച്ച് പിടിക്കപ്പെടുന്നവരുടെ ലൈസൻസുകൾ കർശനമായും റദ്ദ് ചെയ്തുവരുന്നു. ഇക്കാര്യങ്ങൾക്കായി പ്രത്യേക പരിശോധനകൾ നടത്തിവരുന്നുണ്ട്.

(സി) വാഹന രജിസ്ട്രേഷൻ, സി.എഫ്. ടെസ്റ്റ്, വാഹന പരിശോധന എന്നീ സമയങ്ങളിൽ ഇത്തരം വാഹനങ്ങളിലെ സ്പീഡ് ഗവർണ്ണറുകൾ പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിക്കാറുണ്ട്.

(ഡി&ഇ) കേന്ദ്ര ഗതാഗതമന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും പോലീസ് വകുപ്പിൽ നിന്നുള്ള വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിലും കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ ഏജൻസിയായ നാറ്റ്പാക് സംസ്ഥാനത്തെ പാതകളിൽ 275 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതരപാതകളിൽപെടുന്ന 116 എണ്ണത്തിൽ പൊതുമരാമത്ത് വകുപ്പ് മുൻഗണനാക്രമം നൽകിയ 46 പാതകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ വകുപ്പിന്റെയും - പോലീസ് - പൊതുമരാമത്ത് വകുപ്പുകളുടെയും സഹായത്തോടെ സമഗ്ര നിർമ്മാർജ്ജനം ലക്ഷ്യമിട്ട് പരിശോധന നടത്തിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ അദ്ധ്യക്ഷന്മാരായുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് റോഡപകടനിരക്ക് 10% എങ്കിലും കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ടാർജറ്റ് നൽകിയിട്ടുണ്ട്. മാത്രവുമല്ല, എല്ലാ മാസവും രണ്ടാം ബുധനാഴ്ച കൗൺസിലുകളുടെ യോഗം ചേരാനും അടിയന്തര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാനും ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ റിപ്പോർട്ട് ലഭ്യമാക്കുകയും റോഡ് സുരക്ഷാ സംബന്ധമായ പദ്ധതികൾ അതോറിറ്റിയുടെ അംഗീകാരത്തിനായി നൽകുകയും ചെയ്തുവരുന്നു.

അമിതവേഗതയും മറ്റ് ഗതാഗത നിയമലംഘനങ്ങളുൾപ്പെടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ വകുപ്പിലെ ബന്ധപ്പെട്ടവർക്കും പോലീസ് വകുപ്പിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹു. സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് കെ.എസ്. രാധാകൃഷ്ണൻ അദ്ധ്യക്ഷനായുള്ള റോഡ് സുരക്ഷാ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം അമിതവേഗത, വാഹനമോടിയ്ക്കുവേയുള്ള മൊബൈൽ ഫോൺ ഉപയോഗം, ചരക്കുവാഹനങ്ങളിലെ അമിതഭാരം കയറ്റൽ തുടങ്ങിയ ഗതാഗത കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഡ്രൈവർമാർക്കെതിരെ ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. സ്പീഡ് ഗവർണർ ഘടിപ്പിക്കാത്ത ഒരു വാഹനത്തിനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നില്ല. " കഴക്കൂട്ടം- അടൂർ മോഡൽ സേഫ് കോറിഡോർ

ഡെമോൺസ്ട്രേഷൻ പ്രോജക്ട് " നടപ്പിൽ വരുത്തുന്നതിനുവേണ്ട സഹായം കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് കെ.എസ്.റ്റി.പി.-ക്ക് നൽകിവരുന്നു. ഇതിനു പുറമേ റോഡ് സുരക്ഷാ സംബന്ധമായ അനുബന്ധ വകുപ്പുകളുടെ ശിപാർശകൾക്ക് റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിന്റെ തീരുമാനത്തിനു വിധേയമായി ഫണ്ട് അനുവദിച്ചു വരുന്നു.

## കെ.എസ്.ആർ.ടി.സി. പുനഃരുദ്ധാരണ നടപടികൾ

221 (3055) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി - സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷം കെ.എസ്.ആർ.ടി.സി.-യുടെ പുനഃരുദ്ധാരണ വർഷമായി സർക്കാർ പ്രഖ്യാപിക്കുകയും അതിനായി മൂവായിരം കോടി രൂപയുടെ രക്ഷാ പാക്കേജ് പ്രഖ്യാപിച്ചതിന്റെയും ഭാഗമായി എന്തെല്ലാം പ്രവൃത്തികൾ നാളിതുവരെ നടത്തിയെന്നും തുടർപ്രവൃത്തികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി-യ്ക്ക് ആയിരം സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യിലെ ഇരട്ട ഡ്യൂട്ടി സമ്പ്രദായം പരിഷ്കരിച്ചിട്ടുണ്ടോ; ഇതുമൂലം സാമ്പത്തികനേട്ടങ്ങൾ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നഷ്ടത്തിലോടുന്ന സർവ്വീസുകൾ നിർത്തലാക്കാതെ ഫലപ്രദമായി റൂട്ടുകൾ ക്രമീകരിക്കുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) ജൻറം ബസുകൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ തുടങ്ങിയത് മുതൽ നാളിതുവരെയുള്ള ലാഭം എത്ര രൂപയാണ്; വർഷംതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനഃരുദ്ധാരണ പാക്കേജിന്റെ ഭാഗമായി 3000 കോടി രൂപ വരുന്ന മൂന്ന് വർഷങ്ങളിൽ അനുവദിക്കുമെന്ന് 2017 -18 ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ പുനഃരുദ്ധാരണത്തിന്റെ ഭാഗമായി നിരവധി നടപടികൾ കൈക്കൊണ്ടുവരുന്നു. കാലാവധി പൂർത്തിയാക്കിയ പഴയ ബസുകൾ മാറ്റുന്നതിനും ബസുകളുടെ എണ്ണം വർദ്ധിപ്പിച്ച് വരുമാനം ഉയർത്തുന്നതിനുമായി 900 ഡീസൽ ബസുകൾ

വാങ്ങുന്നതിന് കിഫ്ബിയിൽനിന്നും 324 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി. യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ് ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്ക് പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസ്സുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സി.എൻ.ജി. ലഭ്യതയുടെ പരിമിതി കണക്കിലെടുത്തുകൊണ്ട് കിഫ്ബി ഫണ്ട് ഉപയോഗിച്ച് സി.എൻ.ജി. ബസ്സുകൾ വാങ്ങിയിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച്

ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് അനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. മുഴുവൻ ഷെഡ്യൂളുകളും സിംഗിൾ ഡ്യൂട്ടികളായി പുനഃക്രമീകരിക്കുവാനുള്ള നടപടികൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ജൻറം ബസുകൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

### കെ.എസ്.ആർ.ടി.സി. - പെൻഷൻ

222 (3056) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ആളുകൾക്കാണ് കെ.എസ്.ആർ.ടി.സി. പെൻഷൻ കൊടുക്കുന്നത്;

(ബി) നിലവിൽ എത്ര കോടി രൂപ പെൻഷൻ കുടിശ്ശികയുണ്ട് വിശദമാക്കുമോ;

(സി) നിലവിൽ കെ.എസ്.ആർ.ടി.സി.-ക്ക് വിവിധ ബാങ്കുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് വായ്പ എടുത്തതുപ്രകാരം എത്ര കോടിരൂപയുടെ ബാധ്യത ഉണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെൻഷൻ കിട്ടാതെ എത്ര പേർ ജീവനൊടുക്കി; വിശദാംശങ്ങൾ പേരുസഹിതം ജില്ലതിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 39,050 ആളുകൾക്ക് പെൻഷൻ കൊടുക്കുന്നുണ്ട്.

(ബി) കുടിശ്ശികയിനത്തിൽ 58,47,51,802 രൂപ (മാർച്ച് മാസത്തെ പെൻഷൻ കുടിശ്ശിക)

(സി) 31-12-2017 ലെ കണക്കു പ്രകാരം 3161.2 കോടി രൂപയുടെ ബാദ്ധ്യതയുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നിരവധി പെൻഷൻകാർ മരണപ്പെട്ടിട്ടുണ്ട്. എന്നാൽ ടി മരണങ്ങൾ പെൻഷൻ കിട്ടാത്തതുമൂലമുള്ള ആത്മഹത്യയാണോ എന്നത് വ്യക്തമല്ല.

**കെ.എസ്.ആർ.ടി.സി. പെൻഷൻ**

223 (3057) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി - സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ ഏതുമാസം വരെയുള്ള പെൻഷനാണ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്;

(ബി) പെൻഷൻ സഹകരണ ബാങ്കുകൾവഴി കൊടുക്കാൻ തുടങ്ങിയതിനുശേഷം എത്ര ശതമാനം പെൻഷൻകാർക്ക് പ്രയോജനപ്പെട്ടു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2018 ഫെബ്രുവരി വരെയുള്ള പെൻഷനാണ് ഇപ്പോൾ കൊടുത്തു കൊണ്ടിരിക്കുന്നത്.

(ബി) പെൻഷൻ സഹകരണ ബാങ്കുകൾ വഴി കൊടുക്കാൻ തുടങ്ങിയതിനുശേഷം 92 ശതമാനത്തോളം പേർക്ക് അത് പ്രയോജനപ്പെട്ടിട്ടുണ്ട്.

**പെൻഷൻ കുടിശ്ശിക**

224 (3058) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് എത്ര മാസത്തെ പെൻഷൻ കുടിശ്ശിക ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ആകെ എത്ര തുകയുടെ പെൻഷൻ കുടിശ്ശിക ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് കെ.എസ്.ആർ.ടി.സി.- യിൽ പെൻഷൻ കുടിശ്ശിക ഉണ്ടായിരുന്നില്ല.

## സിറ്റി കോമ്പേൻസേറ്ററി അലവൻസ് കിഴിവ് ചെയ്യുന്നതിന് നടപടി

225 (3059) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും സിറ്റി കോമ്പൻസേറ്ററി അലവൻസ്(CCA) കിഴിവ് ചെയ്ത് പ്രസ്തുത തുക കെ.എസ്.ആർ.ടി.സി.ക്ക് നൽകണമെന്ന് ഉത്തരവ് ഇറക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത്തരത്തിൽ ഉത്തരവ് ഇറക്കുന്നതിന് സംസ്ഥാന മന്ത്രിസഭായോഗം അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായോ പ്രതിനിധികളുമായോ ചർച്ച നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉത്തരവ് ഇറക്കിയിട്ടില്ല.

(സി) ചർച്ച നടത്തിയിട്ടില്ല.

## കെ.എസ്.ആർ.ടി.സി -യുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി

226 (3060) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പ് മന്ത്രി - സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി-യുടെ സർവ്വീസ് ഓപ്പറേഷനും മാനേജ്മെന്റ് സംവിധാനവും കാര്യക്ഷമമാക്കാനും വരുമാനം വർദ്ധിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവ ശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടിപാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്.

കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്ക് പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിനായി പ്രൊഫഷണലുകളെ നിയമിക്കാൻ തീരുമാനിക്കുകയും ആയതിൻ പ്രകാരം ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ഒരാളെയും, ചാർട്ടേഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികയിൽ രണ്ട് പേരെയും നിയമിച്ചിട്ടുണ്ട്. കൂടാതെ, ജനറൽ മാനേജർ (ടെക്നിക്കൽ), ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ), ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്) എന്നിവരെ നിയമിക്കുവാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി. യുടെ പ്രതിദിന വരുമാനം**

227 (3061)<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.- യുടെ പ്രതിദിന വരുമാനം ഇപ്പോൾ ശരാശരി എത്ര രൂപയാണ് ?

<u>ഉത്തരം</u>

2018 ഫെബ്രുവരിയിലെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം ശരാശരി 5,78,86,029-ഉം, കെ.യു.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം ശരാശരി 48,39,377 രൂപയുമാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റ് മെഷീനുകൾ

228 (3062) ശ്രീ. പി. ഉബൈദുള്ള:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിശ്ശിക പണം നൽകാത്തതിനാൽ കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റ് മെഷീനുകൾ കരാറുകാരായ കമ്പനി ഓഫാക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം ഡിപ്പോകളിലെ ടിക്കറ്റ് മെഷീനുകളാണ് ഇങ്ങനെ നിലച്ചത്; ഇതുവഴി സർവ്വീസുകൾ മുടങ്ങുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇതുവഴി കെ.എസ്.ആർ.ടി.സി. -ക്ക് ഉണ്ടായ നഷ്ടം എത്രയാണ്;

(സി) സർവ്വർ പുനഃസ്ഥാപിക്കുന്നതിന് മാനേജ്മെന്റ് ഇടപെട്ട് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. Annual Maintenance Contract (AMC) നൽകിയ വകയിൽ 9-4-2017 മുതലുള്ള തുക നൽകാത്തതിന്റെ അടിസ്ഥാനത്തിൽ 20-2-2018 അർദ്ധരാത്രി ഇ.ടി.എമ്മുകളുടെ വാറണ്ടി കഴിഞ്ഞ ഡിപ്പോകളിലെ സെവർവറുകൾ നിലവിലെ ഇ.ടി.എം ദാതാവായ കമ്പനി ഓഫ് ചെയ്യുകയുണ്ടായി.

(ബി) തിരുവനന്തപുരം സെൻട്രൽ, തിരുവനന്തപുരം സിറ്റി, ആറ്റിങ്ങൽ, കൊട്ടാരക്കര, ചെങ്ങന്നൂർ, കോട്ടയം, എറണാകുളം എന്നീ ഡിപ്പോകളിലെ ഇ.ടി.എം സെർവ്വറുകളാണ് നിലച്ചത്. മാന്വൽ റാക്കുകൾ നൽകി സർവ്വീസുകൾ അയച്ചതിനാൽ സർവ്വീസ് മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

(സി) 21-2-2018 രാവിലെ 10.00 മണിയോടുകൂടി തന്നെ തുക നൽകുന്നതിനുള്ള നടപടികൾ ചെയ്യുകയും തുടർന്ന് നിലവിലെ ഇ.ടി.എം ദാതാവായ കമ്പനി സെർവ്വറുകൾ പുനഃസ്ഥാപിക്കുകയും ചെയ്തു.

## പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

229 (3063) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ -മൂവാറ്റുപുഴ സംസ്ഥാന പാത ബിഎം&ബിസി നിലവാരത്തിൽ പുനഃരുദ്ധാരണത്തിനിരിക്കുന്ന സാഹചര്യത്തിൽ ഇതുവഴി കൂടുതൽ കെ.എസ്.ആർ.ടി.സി ബസുകൾ സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മലയോരമേഖലയിൽ രാത്രികാലങ്ങളിൽ ബസ് സർവ്വീസ് ഇല്ലാത്തതിനാൽ ജനങ്ങൾ ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നത് കണക്കിലെടുത്ത്, എം.സി. റോഡിലൂടെ പോകുന്ന ബസ് സർവ്വീസുകളിൽ ചിലത് പുനലൂർ-റാന്നി വഴി മൂവാറ്റുപുഴയ്ക്ക് തിരിച്ച് വിടാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാത പൂർത്തിയാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ബി) എം.സി. റോഡിലൂടെ കടന്നുപോകുന്ന ബസ്സുകളിൽ ചിലത് പുനലൂർ - റാന്നി വഴി മൂവാറ്റുപുഴയ്ക്ക് തിരിച്ചുവിടുന്നത് ഭൂരിഭാഗം യാത്രക്കാർക്കും ബുദ്ധിമുട്ട് സൃഷ്ടിക്കുകയും കോർപ്പറേഷന് വരുമാന നഷ്ടം ഉണ്ടാക്കുകയും ചെയ്യും. ആയതിനാൽ ടി വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**ദീർഘദൂര സർവ്വീസുകൾക്കായി ആഡംബര ബസുകൾ**

230 (3064) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u>
<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. പി. കെ. ബഷീർ:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി - സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സംസ്ഥാനാന്തര ദീർഘദൂര സർവ്വീസുകൾക്കായി ആഡംബര ബസുകൾ ഓടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആഡംബര വാഹനങ്ങൾ വാടകയ്ക്കെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇത് സംബന്ധിച്ച് ഏതെങ്കിലും കമ്പനിയുമായി കരാർ ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. ഇപ്പോൾത്തന്നെ 37 ആഡംബര ബസുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നുണ്ട്.

(ബി&സി) കെ.എസ്.ആർ.ടി.സി. M/s SCANIA Commercial Vehicles India Pvt. Ltd, M/s MAHAVOYAGE LLP എന്നിവരുമായുള്ള ഉടമ്പടി പ്രകാരം 10 സ്കാനിയ ബസുകൾ വെറ്റ് ലീസ് (wet lease) വ്യവസ്ഥയിൽ

വാടകയ്ക്കെടുത്ത് സർവീസ് നടത്തുന്നുണ്ട്. ഇപ്രകാരം ലഭ്യമായ ബസുകൾക്ക് പ്രതി കിലോമീറ്ററിന് ചുവടെ ചേർത്തിട്ടുള്ള നിരക്കിലാണ് ഡ്രൈവർ സഹിതം കമ്പനി വാഹനം ലഭ്യമാക്കുന്നത്.

| Vehicel Utilisation/ Schedule Km | Hiring rates per KM (Excluding taxes) |
|---|---|
| 800 & above | Rs.23.00 |
| 750-799 | Rs.24.00 |
| 700-749 | Rs.25.50 |
| 650-699 | Rs.26.40 |
| 600-649 | Rs.27.72 |

ഡീസൽ, ഡീസൽ അഡിറ്റീവ് എന്നിവ വാഹനത്തിന് ലഭ്യമാക്കുന്നത് കെ.എസ്.ആർ.ടി.സി ആണ്. വാഹനത്തിന്റെ മെയിന്റനൻസ്, ടാക്സ്, ഇൻഷ്വറൻസ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ഡ്രൈവറുടെ ശമ്പളം തുടങ്ങിയ മറ്റ് എല്ലാ ചെലവുകളും വാഹന ഉടമയാണ് വഹിക്കേണ്ടത്.

### വിദ്യാർത്ഥികളുടെ യാത്രാക്ലേശം

231 (3065) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കാൻ രാവിലെയും വൈകുന്നേരവും ഗ്രാമപ്രദേശങ്ങളിൽനിന്ന് ജില്ലാ ആസ്ഥാനങ്ങളിലേക്കും പ്രധാന പട്ടണങ്ങളിലേക്കും കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിനായി നിരവധി സർവ്വീസുകൾ നടത്തി വരുന്നുണ്ട്. ഓർഡിനറി സർവ്വീസുകളിൽ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യയാത്രയും മറ്റ് വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിലുള്ള യാത്രയും അനുവദിച്ചുവരുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന നിലവിലെ സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി രാവിലേയും വൈകുന്നേരവും ഗ്രാമപ്രദേശങ്ങളിൽനിന്നും ജില്ലാ ആസ്ഥാനങ്ങളിലേയ്ക്കും പ്രധാന പട്ടണങ്ങളിലേയ്ക്കും കൂടുതൽ ബസ്സുകൾ ഓടിക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**കെ.എസ്.ആർ.ടി.സി. ബസ് ജീവനക്കാരുടെ പെരുമാറ്റം**

232 (3066) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി.-ലെ ഡ്രൈവർ, കണ്ടക്ടർ ഉൾപ്പെടെയുള്ളവരുടെ പെരുമാറ്റം സംബന്ധിച്ച് നിരവധി പരാതികൾ ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉയർന്ന സാംസ്കാരിക നിലവാരമനുസരിച്ച് സംയമനത്തോടും സേവന മനോഭാവത്തോടുംകൂടി ജീവനക്കാർ യാത്രക്കാരോട് പെരുമാറുന്നതിനായി പ്രത്യേക പരിശീലനമോ മാനേജ്മെന്റ് ട്രെയിനിംഗോ ജീവനക്കാർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) യാത്രക്കാരോടുള്ള മോശം പെരുമാറ്റത്തിന് ലഭിക്കുന്ന പരാതികൾ പരിശോധിച്ച് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യെ ജനസൗഹൃദമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ വിഭാഗം ജീവനക്കാർക്കും കാലകാലങ്ങളിൽ അവരവരുടെ ജോലി സംബന്ധമായ മേഖലയുമായി ബന്ധപ്പെട്ട് പ്രത്യേക പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യും മഹീന്ദ്രാ & മഹീന്ദ്രായുടെ മഹീന്ദ്രാ പ്രൈഡ് സ്കൂളുമായി സംയോജിച്ച് 2017 ഒക്ടോബർ മാസത്തിൽ തിരുവനന്തപുരം ജില്ലയിലെ 4,000 ത്തോളം കണ്ടക്ടർ വിഭാഗം ജീവനക്കാർക്കായി വ്യക്തിമര്യാദകളെക്കുറിച്ചും യാത്രക്കാരോടുള്ള പെരുമാറ്റത്തെ ക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നു.

(സി) അത്തരത്തിൽ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സന്ദർഭങ്ങളിൽ വിശദമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേയ്ക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ലഭിക്കേണ്ടിയിരുന്ന സ്വാഭാവിക നീതി**

233 (3067) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി - സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഹെഡ് ഓഫീസിലെ VLE2/012707/16 നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഫയൽ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിലും അസാധാരണമായ കാലതാമസം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ കാലതാമസം നേരിട്ടതുമൂലം ജീവനക്കാർക്ക് ലഭിക്കേണ്ടിയിരുന്ന സ്വാഭാവിക നീതി നഷ്ടപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ ഫയൽ ഏത് വർഷത്തിലാണ് ആരംഭിക്കേണ്ടിയിരുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിൽ VLE2/012707/16 പ്രകാരം ഫയൽ നിലവിലില്ല. എന്നാൽ സമാനമായി VLE2/012707/2006 പ്രകാരം 29-3-2003 മുതൽ തുടർച്ചയായി 14 വർഷം ജോലിയിൽനിന്നും വിട്ടുനിന്ന ജീവനക്കാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതാണ്.

(ബി) ചട്ടം 15 പ്രകാരം സ്വീകരിച്ച നടപടിയുടെ ഭാഗമായി വന്നിട്ടുള്ള കാലതാമസം മാത്രമേ ഈ ഫയലിൽ ഉണ്ടായിട്ടുള്ളൂ.

(സി) 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും)ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മാത്രമേ അന്തിമ ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളൂ. ആകയാൽ സ്വാഭാവിക നീതി നഷ്ടപ്പെടുത്തിയിട്ടില്ല.

(ഡി) പെരിന്തൽമണ്ണ യൂണിറ്റ് ഓഫീസറുടെ 06-05-2006-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 16-5-2006-ൽ വകുപ്പുതല അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതാണ്.

**ഡ്രൈവർ, കണ്ടക്ടർ തസ്തികകളിലെ ജീവനക്കാരുടെ സ്ഥലംമാറ്റം**

234 (3068) ശ്രീ. എം. ഉമ്മർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർ, കണ്ടക്ടർ തസ്തികളിൽ ജോലിചെയ്യുന്നവരെ സ്ഥലംമാറ്റുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പണിമുടക്കുന്ന തൊഴിലാളികളെ സ്ഥലംമാറ്റിയത് പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചാണോ; വ്യക്തമാക്കുമോ;

(സി) മുന്നൂറ്റി അറുപത്തി ആറ് പേരെ സ്ഥലം മാറ്റിയതിൽ പണിമുടക്കിൽ പങ്കെടുക്കാത്ത എത്ര ജീവനക്കാർ ഉണ്ടെന്ന് ഡിപ്പോ തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യിൽ സർക്കാരിന്റെ അംഗീകാരത്തോടെ മാനേജ്മെന്റും അംഗീകൃത തൊഴിലാളി സംഘടനകളും ചേർന്ന് അംഗീകരിച്ച സേവന-വേതന കരാറിലെ വ്യവസ്ഥകൾ പ്രകാരമാണ് ഡ്രൈവർ, കണ്ടക്ടർമാരടക്കം എല്ലാ തസ്തികയിലും ജോലി ചെയ്യുന്നവരെ സ്ഥലം മാറ്റുന്നത്.

(ബി) ഭരണപരമായ സൗകര്യാർത്ഥം ജീവനക്കാരെ സ്ഥലം മാറ്റുവാനുള്ള അധികാരം മാനേജ്മെന്റിൽ നിക്ഷിപ്തമാണ്. ആയതിനാൽ മറ്റ് മാനദണ്ഡങ്ങൾ ബാധകമല്ല.

(സി) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

## മാനേജ്മെന്റ് തൊഴിൽപരമായി പീഡിപ്പിക്കുന്നതായി റിപ്പോർട്ടുകൾ

235 (3069) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യ്ക്ക് വരുമാനം നേടിക്കൊടുക്കുന്ന ഡ്രൈവർമാരെയും കണ്ടക്ടർമാരെയും മാനേജ്മെന്റ് തൊഴിൽപരമായി പീഡിപ്പിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം നടപടികൾ പ്രസ്തുത വിഭാഗം ജീവനക്കാരെ മാനസികാ സ്വാസ്ഥ്യത്തിലേക്ക് എത്തിക്കാൻ മാത്രമേ ഉപകരിക്കൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിഭാഗം ജീവനക്കാരെ വിശ്വാസത്തിലെടുക്കാതെ വരുമാനം വർദ്ധിപ്പിക്കാനാകുമെന്ന് കരുതുന്നുണ്ടോ എന്നറിയിക്കാമോ;

(ഡി) ഈ വിഭാഗം ജീവനക്കാരെ എല്ലാ മാനദണ്ഡങ്ങളും ലംഘിച്ച് തെക്ക് നിന്നും വടക്കോട്ടും തിരിച്ചും ട്രാൻസ്ഫർ ചെയ്യുന്നതുമൂലം തുച്ഛമായ ശമ്പളം പറ്റുന്ന ഇത്തരക്കാർക്ക് ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനത്തെ ബാധിക്കുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അത്തരം റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജീവനക്കാരുടെ സഹകരണം ലഭ്യമാകാതെ കെ.എസ്.ആർ.ടി.സി.-യ്ക്ക് വരുമാന വർദ്ധനവ് ലഭ്യമാകുമെന്ന് കരുതുന്നില്ല. വരുമാന വർദ്ധനവിനായി മുഴുവൻ ജീവനക്കാരുടേയും സഹകരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ മാനദണ്ഡം ലംഘിച്ച് ട്രാൻസ്ഫർ നടത്താറില്ല.

## കെ.എസ്.ആർ.ടി.സി.വർക്ക് അസിസ്റ്റന്റുമാരുടെ നിയമനം

236 (3070) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി - സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിയമന നിരോധന ഉത്തരവ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. വർക്ക് അസിസ്റ്റന്റ് തസ്തികയിലെ എൻ.സി.എ. ഒഴിവുകളിലേക്ക് ധീവര, അദർ ക്രിസ്ത്യൻ സംവരണ വിഭാഗങ്ങൾക്കുവേണ്ടി 226/14, 227/14 കാറ്റഗറി നമ്പരുകളിലായി 18-6-2014 -ന് വിജ്ഞാപനവും തുടർന്ന് 18-9-2017-ന് 24 പേർക്ക് അഡ്വൈസ് മെമ്മോയും നൽകിയെങ്കിലും നാളിതുവരെ നിയമന ഉത്തരവ് നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ തസ്തികയിൽ നിലവിൽ 193 ഒഴിവുകളുണ്ടെന്നും 338 താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും ശാന്തമ്മ സാമുവൽ എന്ന വ്യക്തിക്ക് 18-9-2017 ന് വിവരാവകാശ നിയമപ്രകാരം മറുപടി നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ നിലവിൽ ഒഴിവുകൾ ഉള്ള തസ്തികയിലേക്ക് അഡ്വൈസ് ലഭിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ഉടൻ നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത നിയമനം നടത്തിയില്ലെങ്കിൽ നിലവിലുള്ള വർക്ക് അസിസ്റ്റന്റുമാരുടെ നിയമനം വേണ്ടത്ര സംവരണ പ്രാതിനിധ്യം ഇല്ലാത്ത കാരണത്താൽ അസാധുവാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) ഹൈക്കോടതിയിൽ ഇത് സംബന്ധിച്ചുള്ള INPC- 38007/2017 നമ്പർ കേസ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കേസിൽ ഹൈക്കോടതി ആവശ്യപ്പെട്ട വിവരങ്ങൾ കെ.എസ്.ആർ.ടി.സി. നൽകാതിരിക്കുന്നതായുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ജി) 2013-14 മുതൽ 2017-18 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ കെ.എസ്.ആർ.ടി.സി.-യുടെ സ്റ്റാറ്റ്യൂട്ടറി ബജറ്റിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;ഈ കാലയളവിലെ ബാലൻസ് ഷീറ്റിന്റെ പകർപ്പും ഓഡിറ്റ് റിപ്പോർട്ടുകളും ഓഡിറ്റേഴ്സിന്റെ പേരു സഹിതം വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിയമന നിരോധന ഉത്തരവ് നിലവിലില്ല.

(ബി&സി)) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) നിലവിൽ കെ.എസ്.ആർ.ടി.സി അങ്ങേയറ്റം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ കേരള സർക്കാർ കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിനായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രൊഫ. സുശീൽ ഖന്നയെ നിയോഗിച്ചിട്ടുണ്ട്. പ്രൊഫ. സുശീൽ ഖന്നയുടെ പ്രാഥമികമായ വിലയിരുത്തലിൽ കെ.എസ്.ആർ.ടി.സി.-യിലെ ബസ്സ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയേക്കാൾ വളരെ അധികമാണ്. ഈ സാഹചര്യത്തിൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ പഠന റിപ്പോർട്ട് അനുസരിച്ച് ഒഴിവുകൾക്ക് സാധുതയുണ്ടെങ്കിൽ നിയമനത്തിന് കെ.എസ്.ആർ.ടി.സി നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. WP(C) No. 38007/2017 എന്ന നമ്പർ കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. ടി കേസിൽ പത്രിക ഫയൽ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ജി) കെ.എസ്.ആർ.ടി.സി.-യുടെ സ്റ്റാറ്റ്യൂട്ടറി ബജറ്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

കെ.എസ്.ആർ.ടി.സിയുടെ വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യുന്നത് കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലാണ്. കൂടാതെ 2013-14 സാമ്പത്തിക വർഷം വരെയുള്ള കണക്കുകൾക്ക് ഓഡിറ്റ് സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. 2014-15 വർഷത്തിലെ കണക്കുകളിൽമേൽ C&AG ഓഡിറ്റ് പൂർത്തീകരിച്ച് സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്കായി സമർപ്പിച്ചിരിക്കുന്നു. 2013-14 വർഷത്തെ ബാലൻസ് ഷീറ്റ്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ ഉള്ളടക്കം ചെയ്യുന്നു.*

## റിസർവ് കണ്ടക്ടർ

237 (3071) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് കണ്ടക്ടർ തസ്തികയിൽ (കെ.എസ്.ആർ.ടി.സി) നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ മുഴുവൻ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കണ്ടക്ടർ തസ്തികയിൽ ആകെ 741 ഒഴിവുകൾ നിലവിലുണ്ട്.

(ബി) 2017-ലെ വിരമിക്കൽ ഒഴിവുകളായ 219 എണ്ണം പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്യുവാനുണ്ട്. എന്നാൽ കോർപ്പറേഷന്റെ സമഗ്ര പുനരുദ്ധാരണത്തിനായുള്ള റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ചിട്ടുള്ള പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യിൽ ബസ്/ ജീവനക്കാരുടെ അനുപാതം നിലവിൽ വളരെ കൂടുതലാണെന്നും ദേശീയ ശരാശരിയായ 5.5 ലേക്ക് ക്രമീകരിക്കണമെന്നും നിർദ്ദേശമുണ്ട്. ആയതിനാൽ നിലവിൽ പുന:ക്രമീകരണം പൂർത്തിയായതിനുശേഷം മാത്രമേ പുതിയ ഒഴിവുകളുടെ സാധുത നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ.

**റിസർവ് കണ്ടക്ടർ നിയമനം**

238 (3072) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.എസ്.സി അഡ്വൈസ് മെമ്മോ അയച്ച റിസർവ് കണ്ടക്ടർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നത് പരിഗണനയിൽ ഉണ്ടോ; എങ്കിൽ നിയമനം എപ്പോൾ നൽകും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

നിലവിൽ കോർപ്പറേഷൻ അങ്ങേയറ്റം കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ട് ഉഴലുകയാണ്. വരവും ചെലവും പൊരുത്തപ്പെടാനാവാത്ത അന്തരമുണ്ട്. ജീവനക്കാർക്ക് ശമ്പളവും വിരമിച്ച ജീവനക്കാർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകാൻ പറ്റാത്ത അതീവ ഗുരുതര പ്രതിസന്ധിയിലാണ്. ഈ സന്ദിഗ്ധ ഘട്ടത്തിലാണ് കേരള സർക്കാർ കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിനായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൊൽക്കട്ടയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്നയെ നിയോഗിച്ചിട്ടുള്ളത്. സൂക്ഷ്മമായ വിശകലനത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ RTC-കളുമായി താരതമ്യം ചെയ്യുമ്പോൾ കെ.എസ്.ആർ.ടി.സി.-യിലെ ബസ്സ് ജീവനക്കാർ തമ്മിലുള്ള അനുപാതം വളരെ കൂടുതലാണ്. ഇത് ദേശീയ ശരാശരിയിലേയ്ക്ക് എത്തിച്ചാൽ മാത്രമേ കെ.എസ്.ആർ.ടി.സി.-യുടെ സാന്നിദ്ധ്യവും നിലനിൽപ്പും ഉറപ്പ് വരുത്താൻ സാധിക്കുകയുള്ളൂ. ദേശീയ ശരാശരി 5.5 ആണ്. ടി ദേശീയ ശരാശരിക്ക് ഒപ്പമായി കോർപ്പറേഷനിലെ ബസ്ജീവനക്കാരുടെ അനുപാതം ക്രമീകരിക്കുമ്പോൾ നിലവിലുള്ള ജീവനക്കാർ തന്നെ അധികമാണ്. ഈ സാഹചര്യത്തിൽ നിലവിലുള്ള ജീവനക്കാരെ പിരിച്ചു വിടാതെ സർവ്വീസിന്റെ എണ്ണം വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആയതിനാൽ പ്രൊഫ.സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് വിധേയമായി മാത്രമേ നിലവിൽ പുതിയ ജീവനക്കാരെ നിയോഗിക്കാൻ കോർപ്പറേഷന് നിർവ്വാഹമുള്ളൂ.

**കെ.എസ്.ആർ.ടിസി. ഇന്ധനം വാങ്ങിയ ഇനത്തിലെ കുടിശ്ശിക**

239 (3073) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ, കെ.എസ്.ആർ.ടി.സി. ഇന്ധനം വാങ്ങിയ ഇനത്തിൽ വിവിധ ഓയിൽകമ്പനികൾക്ക് എത്ര തുകവീതം ബാധ്യതയാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഓയിൽക്കമ്പനികളുടെ പക്കൽനിന്ന് ഇന്ധനം വാങ്ങിയ ഇനത്തിലെ കുടിശ്ശിക തീർക്കുവാനും കുടിശ്ശിക ഇല്ലാതെ മുന്നോട്ടുപോകുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 24-5-2016-ലെ കണക്കനുസരിച്ച്

IOC -22.72 കോടി രൂപ

H.P-1.23 കോടി രൂപ

മൊത്തം -23.95 കോടി രൂപയുടെ ബാധ്യതയാണ് ഉണ്ടായിരുന്നത്.

(ബി) ഓയിൽ കമ്പനികളിൽ നിന്നും ഇന്ധനം വാങ്ങിയ ഇനത്തിൽ നിലനിൽക്കുന്ന കുടിശ്ശിക തീർക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

**അന്തർ സംസ്ഥാന ബസ് റൂട്ടുകളും പുതിയ ബസുകളും**

240 (3074) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പുതിയ ബസുകൾ നിരത്തിലിറക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്;

(ബി) എത്ര അന്തർ സംസ്ഥാന ബസ് റൂട്ടുകൾ പുതിയതായി ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 688 ബസുകൾ കോർപ്പറേഷൻ പുതുതായി നിരത്തിലിറക്കിയിട്ടുണ്ട്. കൂടാതെ 100 പൂർണ്ണ നിർമ്മിത ബസുകൾക്ക് ഓർഡർ നൽകിയതിൽ 20 എണ്ണം നിരത്തിലിറക്കി കഴിഞ്ഞു.

(ബി) 2016-ലെ പുതിയ അന്തർസംസ്ഥാന കരാർ പ്രകാരം കെ.എസ്.ആർ.ടി.സി. കർണ്ണാടകയിലെ വിവിധ ഭാഗങ്ങളിലെ 12 റൂട്ടുകളിലേയ്ക്ക് പുതുതായി സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. കോഴിക്കോട്-മൈസൂർ
2. കോഴിക്കോട്-വിരാജ്പെട്ട്
3. കോഴിക്കോട്-കൊല്ലീഗൽ
4. തൃശ്ശൂർ-കെ.ആർ നഗർ
5. കോഴിക്കോട്-ബാംഗ്ലൂർ
6. കാഞ്ഞങ്ങാട്-കൊല്ലൂർ
7. കാഞ്ഞങ്ങാട്-മംഗലാപുരം
8. പയ്യന്നൂർ-മൈസൂർ
9. കാസർഗോഡ്-മൈസൂർ
10. ആലപ്പുഴ-കൊല്ലൂർ
11. കൊടുങ്ങല്ലൂർ-കൊല്ലൂർ
12. കാഞ്ഞങ്ങാട്-പുത്തൂർ.

**പാലക്കാടുനിന്നും സ്ഥാനിയ അന്തർ സംസ്ഥാന സർവ്വീസുകൾ**

241 (3075) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും പുതുതായി ഊട്ടി, മൈസൂർ, ചെന്നൈ എന്നിവിടങ്ങളിലേക്ക് സ്ഥാനിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

അന്തർസംസ്ഥാന കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നത്. നിലവിലുള്ള അന്തർസംസ്ഥാന കരാറിൽ ടി റൂട്ടുകൾ ഇല്ലാത്തതിനാൽ പുതിയ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## അന്തർസംസ്ഥാന ബസ് സർവ്വീസ്

242 (3076) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-ക്ക് എത്ര അന്തർസംസ്ഥാന ബസ്സ് സർവ്വീസ് നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

കെ.എസ്.ആർ.ടി.സി.-ക്ക് 381 അന്തർസംസ്ഥാന ബസ്സുകൾ നിലവിലുണ്ട്. ഡിപ്പോ തിരിച്ചുള്ള അന്തർസംസ്ഥാന സർവ്വീസുകളുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | യൂണിറ്റ് | സർവ്വീസുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1. | തിരുവനന്തപുരം സെൻട്രൽ | 49 |
| 2. | വിഴിഞ്ഞം | 3 |
| 3. | നെയ്യാറ്റിൻകര | 3 |
| 4. | പാറശ്ശാല | 2 |
| 5. | അടൂർ | 1 |
| 6. | ആലപ്പുഴ | 3 |
| 7. | ആര്യങ്കാവ് | 1 |
| 8. | ചെങ്ങന്നൂർ | 1 |
| 9. | ചേർത്തല | 2 |
| 10. | കൊല്ലം | 7 |
| 11. | കൊട്ടാരക്കര | 13 |
| 12. | കായംകുളം | 1 |
| 13. | മാവേലിക്കര | 1 |
| 14. | പുനലൂർ | 5 |
| 15. | പത്തനംതിട്ട | 4 |
| 16. | തിരുവല്ല | 4 |
| 17. | തൃശ്ശൂർ | 22 |

| (1) | (2) | (3) |
|---|---|---|
| 18. | ചിറ്റൂർ | 13 |
| 19. | കൊടുങ്ങല്ലൂർ | 1 |
| 20. | മലപ്പുറം | 2 |
| 21. | നിലമ്പൂർ | 1 |
| 22. | പെരിന്തൽമണ്ണ | 6 |
| 23. | വടക്കാഞ്ചേരി | 1 |
| 24. | ഗുരുവായൂർ | 4 |
| 25. | മണ്ണാർക്കാട് | 4 |
| 26. | പാലക്കാട് | 30 |
| 27. | പൊന്നാനി | 4 |
| 28. | കോഴിക്കോട് | 21 |
| 29. | തൊട്ടിൽപ്പാലം | 1 |
| 30. | വടകര | 1 |
| 31. | കാസർഗോഡ് | 55 |
| 32. | കാഞ്ഞങ്ങാട് | 8 |
| 33. | കൽപ്പറ്റ | 6 |
| 34. | താമരശ്ശേരി | 3 |
| 35. | സുൽത്താൻ ബത്തേരി | 14 |
| 36. | കണ്ണൂർ | 14 |
| 37. | പയ്യന്നൂർ | 10 |
| 38. | തലശ്ശേരി | 10 |
| 39. | മാനന്തവാടി | 8 |
| 40. | ആലുവ | 1 |
| 41. | ചങ്ങനാശ്ശേരി | 2 |
| 42. | എറണാകുളം | 11 |
| 43. | ഈരാറ്റുപേട്ട | 2 |
| 44. | കുമിളി | 3 |

| (1) | (2) | (3) |
|---|---|---|
| 45. | കോട്ടയം | 10 |
| 46. | കട്ടപ്പന | 2 |
| 47. | മൂന്നാർ | 9 |
| 48. | പാലാ | 1 |
| 49. | പിറവം | 1 |
| | ആകെ | 381 |

## കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ്

243 (3077) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

പാലക്കാട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് രണ്ട് ഘട്ടങ്ങളിലായി നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ കെ.എസ്.ആർ.ടി.സി. വക ഫണ്ടും പലിശരഹിത നിക്ഷേപത്താലും ബിൽഡിംഗിന്റെ സിവിൽ പണികൾക്ക് മാത്രം 5.85 കോടി രൂപ ചെലവിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ആയതിലേയ്ക്ക് ടെണ്ടർ ക്ഷണിച്ച് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 4% അധികരിച്ച തുക രേഖപ്പെടുത്തിയ M/s Perfect Engineers- നെ തെരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ബന്ധപ്പെട്ട് കോടതി ഉത്തരവ് നിലനിന്നതിനാൽ പ്രസ്തുത കെട്ടിടം പൊളിച്ചുനീക്കി കരാറുകാരന് കൈമാറുന്നതിന് സാധിച്ചില്ല. ആയതിനാൽ പ്രസ്തുത നിർമ്മാണ പ്രവൃത്തിയിൽ നിന്നും കരാറുകാരൻ പിൻമാറുകയും ചെയ്തു. രണ്ടാംഘട്ട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 2.10 കോടി രൂപ ചെലവിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഇതുകൂടാതെ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനുവേണ്ടിയുള്ള അനുബന്ധ പ്രവൃത്തികളായ ഇലക്ട്രിക്കൽ, Fire fitting, Sewage Treatment Plant, യാർഡ് എന്നിവകൂടി പൂർത്തീകരിക്കണമെങ്കിൽ വീണ്ടും ഉദ്ദേശം 2 കോടി രൂപ കൂടി ആവശ്യമായി വരും. ഒന്നാം ഘട്ടവും രണ്ടാം ഘട്ട പ്രവൃത്തികളും ഒരുമിച്ച് മാത്രമേ നിർമ്മാണ പ്രവൃത്തി തുടങ്ങുന്നതിന് കഴിയുകയുള്ളൂ. ഒന്നാം ഘട്ട നിർമ്മാണ

പ്രവൃത്തികൾക്കായി റീ ഇ-ടെണ്ടർ നടപടികളും രണ്ടാംഘട്ട പ്രവൃത്തിയ്ക്കായി ഇ-ടെണ്ടർ നടപടികളും നടത്തിയിരുന്നെങ്കിലും കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ സാമ്പത്തിക പരിമിതി കാരണം ഇപ്പോൾ പ്രവൃത്തി തുടങ്ങുന്നതിന് സാധിക്കില്ല.

**ചാലക്കുടിയിൽ കെ.എസ്.ആർ.ടി.സി.-യുടെ വാണിജ്യ കേന്ദ്രം**

244 (3078) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ കെ.എസ്.ആർ.ടി.സി.-യുടെ വക സ്ഥലത്ത് ടൂറിസ്റ്റുകൾക്ക് പ്രയോജനകരമായ തരത്തിൽ ടൂറിസ്റ്റ് ഹോമും വാണിജ്യ കേന്ദ്രവും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

**കോതമംഗലത്തെ ഒറ്റപ്പെട്ട പ്രദേശങ്ങളിലേക്ക് ബസ് സർവ്വീസ്**

245 (3079) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം സബ് ഡിപ്പോയിൽ സ്ക്രാപ്പുചെയ്ത ബസുകൾക്ക് പകരം പുതിയ ബസുകൾ അനുവദിക്കുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) കോതമംഗലം മണ്ഡലത്തിലെ പതിനായിരത്തോളം വരുന്ന ആദിവാസി വിഭാഗത്തിന് ഉപകാരപ്പെടുംവിധം ഒറ്റപ്പെട്ട പ്രദേശങ്ങളിലേക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ഇതിലേക്ക് പുതിയ ബസുകൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) പുതിയ ബസുകൾ ഇറക്കുന്ന മുറയ്ക്ക് മാറ്റപ്പെട്ട ബസുകൾക്ക് പകരം ബസുകൾ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി&സി) കോർപ്പറേഷന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

## റാന്നിയിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ കുറവ്

246 (3080) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ കെ.എസ്.ആർ.ടി.സി. - യുടെ ഏത്ര സർവ്വീസുകളാണ് ഉള്ളത്; ഇവിടെ എത്ര ജീവനക്കാർ ഉണ്ടെന്ന് തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; എത്ര ജീവനക്കാരുടെ കുറവാണ് ഇപ്പോഴുള്ളത് എന്ന് തസ്തിക തിരിച്ച് പറയാമോ;

(ബി) ജീവനക്കാരുടെ കുറവ് സർവ്വീസുകളെ ബാധിക്കാറുണ്ടോ; ജീവനക്കാരുടെ കുറവുമൂലം ദിവസേന എത്ര സർവ്വീസുകൾ മുടങ്ങാറുണ്ട്;

(സി) മറ്റ് ഡിപ്പോകളിൽനിന്നും എത്ര ജീവനക്കാരെയാണ് റാന്നിയിലേക്ക് സ്ഥലം മാറ്റിയത്; ഇതിൽ എത്രപേർ ഇപ്പോൾ റാന്നിയിൽ എത്തുന്നുണ്ട്; സ്ഥലം മാറ്റിയ ഡിപ്പോകളിൽനിന്നും ജീവനക്കാരെ വിടാതിരിക്കുന്നതിനാൽ റാന്നി ഓപ്പറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ സ്ഥലംമാറ്റിയ മുഴുവൻ ജീവനക്കാരേയും റിലീവ് ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) റാന്നിയിൽ കെ.എസ്.ആർ.ടി.സി.-യുടെ 18 സർവ്വീസുകളും കെ.യു.ആർ.ടി.സി.-യുടെ 2 സർവ്വീസുകളുമാണുള്ളത്. റാന്നി യൂണിറ്റിലുള്ള ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | നിലവിലുള്ള ജീവനക്കാർ | |
|---|---|---|---|
| | | സ്ഥിരം | എംപാനൽ |
| (1) | (2) | (3) | |
| 1. | ഇൻസ്പെക്ടർ ഇൻ ചാർജ്ജ് | 1 | 0 |
| 2. | അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ | 1 | 0 |
| 3. | ചാർജ്ജ് മാൻ | 1 | 0 |
| 4. | സ്റ്റേഷൻ മാസ്റ്റർ | 2 | 0 |
| 5. | വെഹിക്കിൾ സൂപ്പർവൈസർ | 1 | 0 |

| (1) | (2) | (3) | |
|---|---|---|---|
| 6. | മിനിസ്റ്റീരിയൽ | 1 | 1 |
| 7. | ഡ്രൈവർ | 32 | 3 |
| 8. | കണ്ടക്ടർ | 15 | 21 |
| 9. | മെക്കാനിക് | 8 | 1 |
| 10. | ഗാർഡ് | 0 | 2 |

കുറവുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു:

കണ്ടക്ടർ-4, ഡ്രൈവർ -6, മെക്കാനിക്-1.

(ബി) ഉണ്ട്. 2017 ഡിസംബറിൽ 5 ദിവസങ്ങളിൽ ഓരോ ഷെഡ്യൂളും 2018 ജനുവരി മാസത്തിൽ 6 ദിവസങ്ങളിലായി ഓരോ ഷെഡ്യൂളും 2018 ഫെബ്രുവരി മാസത്തിൽ 5 ദിവസങ്ങളിലായി ആകെ 7 ഷെഡ്യൂളും ഡ്രൈവർമാരുടെ കുറവുമൂലം മുടങ്ങിയിട്ടുണ്ട്.

(സി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം 7 സ്ഥിരം കണ്ടക്ടർമാരും 4 സ്ഥിരം ഡ്രൈവർമാരും റാന്നി യൂണിറ്റിലേക്ക് സ്ഥലം മാറി വന്നിട്ടുണ്ട്. സ്ഥലം മാറ്റിയ ഡിപ്പോകളിൽനിന്നും ജീവനക്കാരെ വിടുതൽ ചെയ്തിട്ടുണ്ട്. സ്ഥലം മാറ്റിയ ഡിപ്പോകളിൽ നിന്നും ജീവനക്കാരെ വിടാതിരിക്കുന്നതിനാൽ റാന്നി ഓപ്പറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എം.എ.സി.ടി കേസുകളിന്മേലുള്ള നഷ്ടപരിഹാര തുക**

247 (T3081) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസുകൾ മുഖേന അപകടമരണം സംഭവിക്കുന്ന എം.എ.സി.ടി.കേസുകളിന്മേൽ കോടതി വിധിക്കുന്ന നഷ്ടപരിഹാര തുക അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കെ.എസ്.ആർ.ടി.സി. സ്വീകരിച്ചുവരുന്നത്;

(ബി) ഇത്തരത്തിൽ കോടതി അന്തിമവിധി നൽകിയതിനുശേഷവും നഷ്ടപരിഹാരത്തുക അനുവദിക്കാൻ സാധിക്കാത്ത എത്ര കേസുകൾ നിലവിലുണ്ട്;

(സി) കോടതി വിധി വന്നിട്ടും തുക സമയത്തിന് അനുവദിക്കാതെ പലിശ ഉൾപ്പെടെ പിന്നീട് നൽകുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് നിശ്ചിത സമയത്തിനുള്ളിൽ നഷ്ടപരിഹാര തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) കോടതിവിധി ലഭിച്ചാലുടൻ തന്നെ നഷ്ടപരിഹാര തുക കെട്ടിവയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. എന്നാൽ സാമ്പത്തിക പ്രതിസന്ധിമൂലം പണം കെട്ടിവയ്ക്കാൻ കഴിയാറില്ല.

(ബി) വിവിധ എം.എ.സി.റ്റി.-കളുടെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇനി 1975 കേസ്സുകളിൽ നഷ്ടപരിഹാര തുക നൽകുവാനുണ്ട്.

(സി) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഇക്കാര്യത്തിലും നടപടി സ്വീകരിക്കുന്നതാണ്.

**ബസുകളുടെ ബോഡി നിർമ്മാണം**

248 (3082) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി വാങ്ങുന്ന ബസുകളുടെ ബോഡി നിർമാണം സ്വകാര്യ കമ്പനികളെ ഏല്പിക്കുന്നതിന് പകരം കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കുവാൻ ആലോചനയുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പുകൾക്ക് നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് ലാഭകരമായി ബസ് ബോഡി നിർമ്മിക്കുന്നതിന് കഴിയുമോ എന്ന് അറിയിക്കാമോ ;

(സി) നിലവിൽ ഒരു ബസ് ബോഡി നിർമ്മിക്കുന്നതിന് എത്ര തൊഴിലാളികളുടെ അദ്ധ്വാനമാണ് വേണ്ടത് ; അത് പുന:ക്രമീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. ബസ് ബോഡി നിർമ്മിക്കുന്നതിനുള്ള Accreditation നിലവിൽ പാപ്പനംകോട് സെൻട്രൽ വർക്ക് ഷോപ്പിന് മാത്രമാണുള്ളത്. എടപ്പാൾ റീജിയണൽ വർക്ക്ഷോപ്പിനും കൂടി Accreditation-ലഭിക്കുന്നതിനുള്ള അപേക്ഷ പൂനയിലുള്ള Central Institute of Road Transport (CIRT)-നു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ സുരക്ഷാ മാനദണ്ഡം അനുസരിച്ച് (AIS052) കെ.എസ്.ആർ.ടി.സി. നിർമ്മിച്ച ബസിനു Phase/ Certification ലഭിച്ചിട്ടുണ്ട്. AIS 052 പ്രകാരമുള്ള ബസ് ബോഡി നിർമ്മിക്കുന്നതിന് ജോബ് നോംസ് പുനർ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട്

തൊഴിലാളി യൂണിയനുകളുമായി ചർച്ചകൾ നടന്നുവരുന്നു. നിലവിൽ കെ.എസ്.ആർ.ടി.സി വർക്ക് ഷോപ്പുകളിൽ ഒരു സാധാരണ ബസ് ബോഡി നിർമ്മിക്കുന്നതിന് ശരാശരി 343 മുതൽ 351 വരെ മനുഷ്യ അദ്ധ്വാന ദിനങ്ങൾ വേണ്ടി വരുന്നു. ദേശീയ ശരാശരിയായ 200 മനുഷ്യദിനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇതു വളരെ കൂടുതലാണ്. മനുഷ്യദിനങ്ങൾ കുറയ്ക്കുന്നതിന് തൊഴിലാളി യൂണിയനുകളുമായി ചർച്ചകൾ നടന്നുവരുന്നു. കേന്ദ്ര സർക്കാർ, ബസുകളുടെ സുരക്ഷാ മാനദണ്ഡങ്ങൾ പുനർ നിർണ്ണയിച്ചതിനാൽ ബസ് ബോഡി കോഡ് AIS 052 പ്രകാരം ബസ് ബോഡി നിർമ്മാണത്തിലെ ഉല്പാദന ക്ഷമതയും ഗുണമേന്മയും ദേശീയ ശരാശരി നിലവാരത്തിൽ പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പട്ടാമ്പിയിലെ ഫെയർ സ്റ്റേജ് അപാകത**

249 (3083) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താഴെ പട്ടാമ്പി ബസ് സ്റ്റാൻഡിൽനിന്നും കേവലം 700 മീറ്റർ മാത്രം ദൂരെയുള്ള മേലെ പട്ടാമ്പിയിൽ ദീർഘദൂര യാത്രക്കാർ തൊട്ടടുത്ത ഫെയർസ്റ്റേജ് ആയ അഞ്ച് കിലോ മീറ്റർ ദൂരമുള്ള കൊപ്പത്തിലേക്കുള്ള ചാർജ് നൽകേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേലെ പട്ടാമ്പിയും താഴെ പട്ടാമ്പിയും ഒരേ ഫെയർ സ്റ്റേജ് ആയി പരിഗണിച്ച് ഒരേ ചാർജ് സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പട്ടാമ്പി-പെരിന്തൽമണ്ണ ഭാഗത്ത് ഓർഡിനറി ബസുകൾക്ക് ശങ്കരമംഗലവും ഫാസ്റ്റ് പാസഞ്ചർ ബസുകൾക്ക് തൃത്താല കൊപ്പവും സൂപ്പർ ഫാസ്റ്റ് ബസുകൾക്ക് പെരിന്തൽമണ്ണയുമാണ് ഫെയർസ്റ്റേജ് നിശ്ചയിച്ചിട്ടുള്ളത്. കുന്നംകുളം ഭാഗത്തുനിന്നും വരുന്ന യാത്രക്കാർ മേലേ പട്ടാമ്പിയിൽ ഇറങ്ങുകയാണെങ്കിൽ ഓർഡിനറി ബസ് ആണെങ്കിൽ ശങ്കരമംഗലത്തേക്കുള്ള ചാർജും ഫാസ്റ്റ് പാസഞ്ചർ ബസ്സാണെങ്കിൽ തൃത്താല കൊപ്പത്തേക്കുള്ള ചാർജും സൂപ്പർ ഫാസ്റ്റ് ആണെങ്കിൽ പെരിന്തൽമണ്ണയ്ക്കുള്ള ചാർജ്ജും നൽകേണ്ടതാണ്.

(ബി) നിലവിലുള്ള ഫെയർസ്റ്റേജുകൾ പ്രകാരമാണ് ടിക്കറ്റ് നിരക്ക് ഈടാക്കി വരുന്നത്. നിലവിലെ സാഹചര്യത്തിൽ രണ്ട് സ്ഥലങ്ങൾ ഒരേ ഫെയർസ്റ്റേജായി പരിഗണിച്ച് ഒരേ ചാർജ്ജ് ഈടാക്കുന്നത് ഇപ്പോൾ പരിഗണിക്കാൻ കഴിയുകയില്ല.

## കെ.എസ്.ആർ.ടി.സി -ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് പരിഹരിക്കാൻ നടപടി

250 (3084) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടയറിന്റെയും, സ്പെയർ പാർട്സുകളുടെയും ദൗർലഭ്യംമൂലം കെ.എസ്ആർ.ടി.സി. ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

8-3-2018-ലെ കണക്കനുസരിച്ച് 5630 കെ.എസ്.ആർ.ടി.സി ബസുകളിൽ 415 ബസുകളാണ് ഓഫ് റോഡായി ഉണ്ടായിരുന്നത്. ഇത് 7.37% മാത്രമാണ്. കൂടാതെ സർവീസിന് യോഗ്യമായ 206 ബസുകൾ ഓടാതെയുണ്ടായിരുന്നു. എന്നാൽ കെ.യു.ആർ.ടി.സി.-യുടെ 719 ബസുകളിൽ 91 എ.സി ബസുകളും 110 നോൺ എ.സി. ബസുകളും അറ്റകുറ്റപ്പണികൾക്കായി പിടിച്ചിരുന്നു. സ്പെയർ പാർട്സ് ലഭ്യമാകാത്തത് കാരണം പ്രധാനമായും കെ.യു.ആർ.ടി.സി.-യുടെ ലോഫ്ലോർ എ.സി. ബസുകൾക്കാണ് സർവീസ് നടത്താതെ ഷെഡ്യൂളുകൾ വെട്ടി കുറയ്ക്കേണ്ടി വന്നിട്ടുള്ളത്. 8-3-2018-ലെ കണക്കനുസരിച്ച് ആകെയുള്ള 171 എ.സി. സർവീസുകളിൽ 72 ഷെഡ്യൂളുകൾ സ്പെയർ പാർട്സുകളുടെ ദൗർലഭ്യംമൂലം വെട്ടി കുറയ്ക്കേണ്ടി വന്നിട്ടുണ്ട്. വോൾവോ കമ്പനിയുടെ അംഗീകൃത ഡീലറായ M/s Vista Driveline Motor Pvt. Ltd. എന്ന സ്ഥാപനത്തിനു മതിയായ ഫണ്ട് നൽകി സ്പെയർ പാർട്സ് ലഭ്യമാക്കി ബസുകൾ നിരത്തിലിറക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

## കെ.എസ്.ആർ.ടി.സി.യി.ലെ ഡ്യൂട്ടി പരിഷ്കരണം

251 (3085) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി-യിൽ സാമ്പത്തിക പ്രതിസന്ധിയുമായി ബന്ധപ്പെട്ട് നടത്തിയ ഡ്യൂട്ടി പരിഷ്കരണത്തിലൂടെ കോർപ്പറേഷന് നാളിതുവരെ എത്ര രൂപ ലാഭിക്കാൻ കഴിഞ്ഞു എന്ന് അറിയിക്കാമോ;

(ബി) ഡ്യൂട്ടി പരിഷ്കരണം നടപ്പിലാക്കിയശേഷം ശമ്പള ചെലവിൽ എത്ര രൂപ കുറവു വന്നിട്ടുണ്ട്; താത്ക്കാലിക ജീവനക്കാരുടെ ശമ്പളം, മറ്റ് അലവൻസുകൾ എന്നിവയിൽ എത്ര തുകയുടെ ലാഭമുണ്ടാക്കാൻ കഴിഞ്ഞു; വിശദമാക്കാമോ;

(സി) ഡ്യൂട്ടി പരിഷ്കരണം നടപ്പിലാക്കിയതിലൂടെ കോർപ്പറേഷനുണ്ടായ നേട്ടങ്ങൾ വിശദമാക്കാമോ?

ഉത്തരം

കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി മുഴുവൻ ഷെഡ്യൂളുകളുടേയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ചില തൊഴിലാളി സംഘടനകളും തൊഴിലാളികളും ടി നടപടിയെ 1961-ലെ മോട്ടോർ വാഹന തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചുയെന്ന് ആരോപിച്ച് ബഹു. കേരളാ ഹൈക്കോടതിയെ സമീപിക്കുകയും ഇതുസംബന്ധിച്ച് 1961-ലെ മോട്ടോർ തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ഡ്യൂട്ടി പരിഷ്കരണം ചർച്ചചെയ്ത് പുതിയ ഒരു തീരുമാനത്തിൽ എത്തിച്ചേരണമെന്നും ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളതിനാൽ ഇതനുസരിച്ച് മുഴുവൻ ഷെഡ്യൂളുകളും സിംഗിൾ ഡ്യൂട്ടി പാറ്റേണിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഡ്യൂട്ടി പാറ്റേൺ ഏകീകരണവുമായി ബന്ധപ്പെട്ട് നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ സാമ്പത്തികനേട്ടം സംബന്ധിച്ച കണക്കുകൾ ഇപ്പോൾ സമർപ്പിക്കുവാൻ ആവുന്നതല്ല.

(സി) ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

**ഡ്യൂട്ടി പുനഃക്രമീകരിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ**

252 (3086) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി യിലെ കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും ഡ്യൂട്ടി പുനഃക്രമീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഡ്യൂട്ടി പുനഃക്രമീകരിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി മുഴുവൻ ഷെഡ്യൂളുകളുടേയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്.

**ലോ ഫ്ലോർ ബസ് സർവ്വീസ് സംരക്ഷിക്കാൻ നടപടി**

253 (3087) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ലോ ഫ്ലോർ ബസ് സർവ്വീസുകൾ നഷ്ടത്തിലായിക്കൊണ്ടിരിക്കുന്ന സാഹചര്യം പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ബി) പല ഡിപ്പോകളിലും എൻജിൻ തകരാറുമൂലം കട്ടപ്പുറത്തായ ബസുകൾ കൃത്യസമയത്ത് റിപ്പയർ ചെയ്യാത്തത് മൂലം തുരുമ്പെടുത്ത് നശിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അടിയന്തരമായി ലോ ഫ്ലോർ ബസ് സർവ്വീസ് സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

(ബി&സി) ലോ ഫ്ലോർ ബസുകളിൽ 8 ലോ ഫ്ലോർ ബസുകൾ നിലവിൽ എഞ്ചിൻ തകരാറുമൂലം ഡോക്ക് ചെയ്തിട്ടുണ്ട്. ഇവ സർവീസ് യോഗ്യമാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി.-യുടെ ആകെ കടം**

254 (3088) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി. യുടെ ആകെ കടം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര തുക വീതം കടപ്പെട്ടിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം സ്ഥാപനങ്ങളിൽനിന്ന് എത്ര തുക വീതം കടം എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ ആകെ കടം 2339 കോടി രൂപയായിരുന്നു,

(ബി) അനുബന്ധമായി ചേർക്കുന്നു*.

(സി) അനുബന്ധമായി ചേർക്കുന്നു.*

**കെ.എസ്.ആർ.ടി.സി.-യുടെ വായ്പാബാധ്യത**

255 (3089) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. എത്ര ബസ്സുകളാണ് ദിവസേന ഓടിക്കുന്നതെന്ന് വ്യക്തമാക്കാമോ; കോർപ്പറേഷന്റെ ഇപ്പോഴത്തെ കടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു ബസ് ഓടിക്കാൻ ഒരു ദിവസത്തെ ചെലവ് എത്രയാണെന്നും ഒരു ബസ്സ് ഓടിക്കുന്നതിലൂടെ ഒരു ദിവസത്തെ വരവ് എത്രയാണെന്നും വ്യക്തമാക്കാമോ; കെ.എസ്.ആർ.ടി.സി.-യുടെ വായ്പാ ബാധ്യത എത്രയാണെന്നും ഏതൊക്കെ കോർപ്പറേഷനുകളിൽനിന്നും ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം, സഹകരണ മേഖലാ ബാങ്കുകളുടെ കൺസോർഷ്യം എന്നിവയിൽനിന്നും വായ്പ എടുക്കാൻ ശ്രമിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര കോടി രൂപ വീതം വായ്പ എടുക്കാനാണുദ്ദേശിക്കുന്നതെന്നും ശ്രമം വൈകുന്നത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെല്ലാം സ്ഥാപനങ്ങളിൽനിന്നും എത്ര കോടി രൂപ വീതം കെ.എസ്.ആർ.ടി.സി. വായ്പ എടുത്തിരുന്നുവെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം സ്ഥാപനങ്ങളിൽനിന്നും എത്ര കോടി രൂപ വീതം വായ്പ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ വായ്പകളിൽ എത്ര തിരിച്ചടച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2018 ഫെബ്രുവരി മാസത്തെ കണക്കുപ്രകാരം ശരാശരി 4780 ഷെഡ്യൂളുകൾ കെ.എസ്.ആർ.ടി.സി. ദിനംപ്രതി നടത്തി വരുന്നു. കടം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) 2018-ലെ കണക്കനുസരിച്ച് ഒരു ബസിൽ നിന്നും പ്രതിദിനം ശരാശരി 12,065 രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. ഒരു ബസ് ഓടിക്കുന്നതിനുവേണ്ടി ജീവനക്കാരുടെ ശമ്പളവും ഡീസലിന്റെ വിലയും അടക്കം ശരാശരി 10,700 രൂപ ചെലവുമുണ്ട്. കടം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ശ്രമിക്കുന്നുണ്ട്. പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും 3350 കോടി രൂപ ദീർഘകാല വായ്പയായി എടുത്ത് നിലവിലുള്ള കടബാധ്യത തീർക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും വായ്പ എടുത്ത് പെൻഷൻ കുടിശ്ശികതീർത്തുവരുന്നു. 2018 ഫെബ്രുവരി വരെയുള്ള കുടിശ്ശിക തീർക്കുവാൻ 219 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി-എഫ്)) അനുബന്ധമായി ചേർക്കുന്നു.*

## കെ.എസ്.ആർ.ടി.സി.-യുടെ ഗോവിന്ദപുരം-തൃശ്ശൂർ മെഡിക്കൽ കോളേജ് പുതിയ സർവ്വീസ്

256 (3090) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ ഗോവിന്ദപുരത്ത് നിന്നും തൃശ്ശൂർ മെഡിക്കൽ കോളേജിലേക്ക് കെ.എസ്.ആർ.ടി.സി -യുടെ പുതിയ സർവ്വീസ് നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) പാവപ്പെട്ട രോഗികൾക്ക് ഏറെ പ്രയോജനം ലഭിക്കുന്ന ഈ സർവ്വീസ് എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-ബി) നെന്മാറ നിയോജക മണ്ഡലത്തിലെ ഗോവിന്ദപുരത്ത് നിന്നും തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ് പുതുതായി ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാനും തുടർ പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി സാധ്യതാ പഠന റിപ്പോർട്ട് വരുന്ന മുറയ്ക്ക് പുതിയ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## നെയ്യാറ്റിൻകര ഡിപ്പോയിലെ അന്തർ സംസ്ഥാന സർവ്വീസുകളും ഡീസൽ പമ്പും

257 (3091) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി - സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നെയ്യാറ്റിൻകര ഡിപ്പോയിൽനിന്നും പുതിയതായി ആരംഭിക്കുന്ന അന്തർസംസ്ഥാന ബസുകൾ ഏതൊക്കെ ആണ്; അതിന്റെ റൂട്ടും സമയവും വ്യക്തമാക്കാമോ;

(ബി) അന്തർ സംസ്ഥാന സർവ്വീസ് തുടങ്ങുന്നതിന് നെയ്യാറ്റിൻകര ഡിപ്പോയ്ക്ക് എത്ര പുതിയ ബസ് ആണ് അനുവദിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ; ഇത് ഇംപ്ലിമെന്റ് ചെയ്യുന്നത് ആരെന്ന് വ്യക്തമാക്കാമോ;

(സി) അന്തർസംസ്ഥാന ബസ് സർവ്വീസ് ആരംഭിക്കുന്നത് ഏത് മാസത്തിൽ ആണെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി. നെയ്യാറ്റിൻകര ഡിപ്പോയിലെ ഡീസൽ പമ്പ് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തായി എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാനവും തമിഴ്നാട് സംസ്ഥാനവുമായുള്ള അന്തർസംസ്ഥാന കരാർ രൂപീകരണം സംബന്ധിച്ച പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി അന്തർ സംസ്ഥാന കരാർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ബസ്സും സമയവും സർവ്വീസ് ആരംഭിക്കുന്ന യൂണിറ്റും സംബന്ധിച്ച തീരുമാനങ്ങൾ രൂപീകരിക്കുവാൻ കഴിയുകയുള്ളൂ.

(ബി&സി) 27-2-2018-ൽ ഇരു സംസ്ഥാനങ്ങളിലേയും ഗതാഗത മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ പുതിയ അന്തർസംസ്ഥാന കരാർ രൂപീകരണം സംബന്ധിച്ച പ്രാഥമികയോഗം നടന്നിട്ടുള്ളതാണ്. സർക്കാർ തലത്തിൽ അന്തർസംസ്ഥാന കരാർ രൂപീകരണം പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ബസ്സും സമയവും ആരംഭിക്കുന്ന യൂണിറ്റും സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

(ഡി) കെ.എസ്.ആർ.ടി.സി നെയ്യാറ്റിൻകര ഡിപ്പോയിലെ ഡീസൽ പമ്പ് പുന:സ്ഥാപിക്കുന്നതിനാവശ്യമായ നിരാക്ഷേപപത്രിക (No Objection Certificate) ജില്ലാ കലക്ടറിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**തൃക്കരിപ്പൂരിൽനിന്നും മൈസൂർ, ബാംഗ്ലൂർ കെ.എസ്.ആർ.ടി.സി. സർവ്വീസ്**

258 (3092) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർകോട് ജില്ലയിലെ തൃക്കരിപ്പൂരിൽനിന്നും മൈസൂർ, ബാംഗ്ലൂരുകളിലേക്ക് നിരവധി പ്രൈവറ്റ് ബസ്സുകൾ വർഷങ്ങളായി വിജയകരമായി ഓടിക്കുന്നുവെങ്കിലും നാളിതുവരെയായും ഇവിടെ നിന്നും ഒരു കെ. എസ്. ആർ .ടി. സി -ബസും ആരംഭിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സ്വകാര്യ വാഹനങ്ങൾ അനധികൃതമായി നടത്തുന്ന സർവ്വീസുകൾപോലെ കെ.എസ്.ആർ.ടി.സി.-ക്ക് അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുവാൻ കഴിയുന്നതല്ല. അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്നതിന് ആവശ്യമായ കരാറിൽ ഇരു സംസ്ഥാനങ്ങളും ഏർപ്പെടേണ്ടതുമുണ്ട്. കർണ്ണാടക സംസ്ഥാനവുമായി നിലവിലുള്ള അന്തർസംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനാൽ തൃക്കരിപ്പൂരിൽനിന്നും മൈസൂർ, ബാംഗ്ലൂർ എന്നിവിടങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**കെ.എസ്.ആർ.ടി.സി. ബസുകളുടെ നിരക്കും മിനിമം ചാർജ്ജും**

259 (3093) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളുടെ നിരക്കും മിനിമം ചാർജ്ജും ബസുകളുടെ ഇനംതിരിച്ച് വ്യക്തമാക്കുമോ;

(ബി) പുതുതായി വർദ്ധിപ്പിച്ച നിരക്ക് എത്രയാണെന്ന് പറയാമോ; നിരക്ക്

വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായിഎന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ അടിസ്ഥാനത്തിലാണ് നിരക്ക് വർദ്ധിപ്പിക്കുന്നതെന്ന് അറിയിക്കുമോ;

(സി) തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ സർക്കാർ ബസുകൾ കേരളത്തിലേതിനേക്കാൾ കുറഞ്ഞ നിരക്കിലാണ് സർവ്വീസ് നടത്തുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടങ്ങളിലെ കിലോമീറ്റർ ചാർജ്ജും മിനിമം നിരക്കും എത്രയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി)

| തരം | കി.മീ. നിരക്ക് | മിനിമം നിരക്ക് |
|---|---|---|
| ഓർഡിനറി/ സിറ്റി | 70 പൈസ | 8 രൂപ |
| സിറ്റി ഫാസ്റ്റ് | 75 പൈസ | 8 രൂപ |
| ഫാസ്റ്റ് പാസഞ്ചർ/ ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് | 75 പൈസ | 11 രൂപ |
| സൂപ്പർ ഫാസ്റ്റ് | 78 പൈസ | 15 രൂപ |
| എക്സ്പ്രസ് | 85 പൈസ | 22 രൂപ |
| സൂപ്പർ എയർ എക്സ്പ്രസ്സ് | 93 പൈസ | 28 രൂപ |
| സൂപ്പർ ഡീലക്സ് | 100 പൈസ | 30 രൂപ |
| ലക്ഷ്വറി | 120 പൈസ | 44 രൂപ |
| വോൾവോ | 145 പൈസ | 45 രൂപ |
| മൾട്ടി ആക്സിൽ | 200 പൈസ | 80 രൂപ |
| ലോ ഫ്ലോർ എ.സി | 150 പൈസ | 20 രൂപ |
| നോൺ എ.സി. ലോ ഫ്ലോർ | 80 പൈസ | 10 രൂപ |

നിരക്ക് വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ജസ്റ്റീസ് രാമചന്ദ്രൻ കമ്മിറ്റി പഠനം നടത്തിയിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും വർദ്ധിച്ചുവരുന്ന ഡീസൽ വിലയുടേയും മോട്ടോർ വ്യവസായത്തിന്റെ നടത്തിപ്പിനാവശ്യമായ മറ്റ് ചെലവുകളുടേയും അടിസ്ഥാനത്തിലാണ് നിരക്ക് വർദ്ധിപ്പിച്ചത്.

(സി) ഉണ്ട്.

| തമിഴ്നാട് | | | കർണ്ണാടക | |
|---|---|---|---|---|
| ഇനം | കി.മീ പൈസ | മിനിമം നിരക്ക് | കി.മീ. പൈസ | മിനിമം നിരക്ക് |
| Ordinary | 58 | 6 | 58.70 | 9 |
| FP | 75 | 23 | 89.75 | 16 |
| SFP | 85 | 26 | 91.00 | 16 |
| S/Exp | 100 പൈസ | 30 | 111.50 | 18 |
| S/Dix | 130 പൈസ | 39 | 131.00 | 20 |
| AC/Volvo | 170 പൈസ | 51 | 214.00 | 25 |

**മടത്തറ-കല്ലറ-കാരേറ്റ് വഴിയുള്ള സെക്രട്ടേറിയറ്റ് ഫാസ്റ്റ് പാസഞ്ചർ സർവീസ്**

260 (3094) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യുടെ കിളിമാനൂർ ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തിയിരുന്ന ഡ്യൂട്ടി നമ്പർ 72, മടത്തറ-കല്ലറ-കാരേറ്റ് വഴിയുള്ള സെക്രട്ടേറിയറ്റ് ഫാസ്റ്റ് പാസഞ്ചർ ബസ് സർവ്വീസ് ഇപ്പോൾ നിർത്തിവയ്ക്കാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സർവീസിന്റെ കഴിഞ്ഞ ആറുമാസത്തെ കളക്ഷന്റെ വിവരങ്ങൾ നൽകാമോ;

(സി) സെക്രട്ടേറിയറ്റ് ജീവനക്കാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും വളരെ സൗകര്യപ്രദമായിരുന്ന ഈ സർവ്വീസ് പുന:രാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുടെ കുറവും വരുമാനക്കുറവുമാണ് മടത്തറ-കല്ലറ-കാരേറ്റ് വഴിയുള്ള സെക്രട്ടേറിയറ്റ് ഫാസ്റ്റ് പാസഞ്ചർ ബസ് സർവ്വീസ് നിർത്തിവയ്ക്കാൻ കാരണം.

(ബി) ജൂൺ - 3,02,448

ജൂലൈ- 3,55,494

ആഗസ്റ്റ് -3,50,558

സെപ്റ്റംബർ- 3,45,205

ഒക്ടോബർ-2,68,744

നവംബർ മാസം മുതൽ ഓപ്പറേറ്റ് ചെയ്തിട്ടില്ല.

(സി) പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പട്ടാമ്പി മണ്ഡലത്തിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവീസുകൾ

261 (3095) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി - സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ മുതുതല വഴി സർവ്വീസ് നടത്തിയിരുന്ന പട്ടാമ്പി-മുതുതല- വളാഞ്ചേരി, പാലക്കാട് മുതുതല കാടാമ്പുഴ, ഗുരുവായൂർ മുതുതല കാടാമ്പുഴ ബസ് റൂട്ടുകൾ കെ.എസ്.ആർ.ടി.സി നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി)എന്ത് കാരണത്താലാണ് പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കിയതെന്ന് വിശദമാക്കാമോ;നിർത്തലാക്കിയ ബസ് റൂട്ട് പുന:സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലക്കാട് യൂണിറ്റിൽ നിന്നും മുതുതല വഴി കാടാമ്പുഴ സർവ്വീസും പെരിന്തൽമണ്ണ-പട്ടാമ്പി-മുതുതല വഴി കാടാമ്പുഴ സർവ്വീസും താൽക്കാലികമായി നിർത്തി വച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി സർവ്വീസുകൾ പുനഃക്രമീകരിക്കുകയും നഷ്ടത്തിൽ ഓടിച്ചുവന്നിരുന്ന നിരവധി സർവ്വീസുകളുടെ ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. പുനരുദ്ധാരണ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ടി സർവ്വീസുകൾ പുനരാരംഭിക്കുവാൻ ഇപ്പോൾ നിർവ്വാഹമില്ല.

## കാസർഗോഡ് ജില്ലയിലെ പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

262 (3096) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. കാസർഗോഡ് ജില്ലയിൽ എത്ര സർവ്വീസുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) അനുമതി ലഭിച്ചിട്ടും ഇനിയും സർവ്വീസ് ആരംഭിക്കാത്ത റൂട്ടുകളുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എങ്കിൽ പ്രസ്തുത റൂട്ടുകളിൽ സർവ്വീസ് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ നിന്നും 9 സർവ്വീസുകൾ തുടങ്ങിയിട്ടുണ്ട്.

1. 21.00 മണി കോട്ടയം മിന്നൽ
2. 20.30 മണി കാസർഗോഡ്-ബാംഗ്ലൂർ
3. 06.15 കാസർഗോഡ്- മൈസൂർ
4. 10.30 മണി കാസർഗോഡ്-മംഗലാപുരം
5. 11.20 മണി കാസർഗോഡ്-മംഗലാപുരം
6. 12.05 മണി കാസർഗോഡ്-മംഗലാപുരം
7. 13.15 മണി കാസർഗോഡ്-മംഗലാപുരം
8. 08.15 പാണത്തൂർ-മംഗലാപുരം
9. 17.15 കാഞ്ഞങ്ങാട്-ചെറുപുഴ-പത്തനംതിട്ട

(ബി) 9 റൂട്ടുകളുണ്ട്.

1. 12.30 കാസർഗോഡ്-മംഗലാപുരം
2. 18.20 മംഗലാപുരം-ഗുരുവായൂർ
3. 15.20 കാസർഗോഡ്-പയ്യന്നൂർ-മംഗലാപുരം
4. 12.40 കാഞ്ഞങ്ങാട്-വാഗമണ്ഡലം -മൈസൂർ-കാഞ്ഞങ്ങാട്-ചെറുപുഴ-മംഗലാപുരം.

(സി) ജീവനക്കാരുടെ കുറവ് അനുഭവപ്പെടുന്നതിനാൽ സർവ്വീസുകൾ പൂർണ്ണമായും നടത്തുവാനും കഴിയുന്നില്ല. നിലവിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിനുശേഷം മാത്രമേ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയൂ.

## നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയെ മാതൃകാ ഡിപ്പോ ആക്കുന്നതിന് നടപടി

263 (3097) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയെ മാതൃകാ ഡിപ്പോ ആക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡിപ്പോയെ മികച്ച ഡിപ്പോ ആക്കുന്നതിന് ഏതൊക്കെ തരത്തിലുള്ള പദ്ധതികൾ ആണ് ആവിഷ്കരിക്കുന്നത്;

(സി) പ്രസ്തുത ഡിപ്പോയിൽനിന്നും പുതിയ സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ഏതെല്ലാം റൂട്ടുകളിലാണ് കൂടുതൽ കളക്ഷൻ ലഭിക്കാൻ സാധ്യതയുള്ളതെന്ന് വിശദമാക്കാമോ;

(ഡി) മാതൃകാ ഡിപ്പോയായി മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ 2018 ഏപ്രിൽ മാസത്തിൽ പൂർത്തീകരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വരുമാനവർദ്ധനവ് ലക്ഷ്യമിട്ട് സംസ്ഥാന അടിസ്ഥാനത്തിൽ 17 ഡിപ്പോകളെ മാതൃകാ ഡിപ്പോകളായി 2016-ൽ തെരഞ്ഞെടുക്കുകയും ടി ഡിപ്പോകളുടെ സർവ്വീസ് ഓപ്പറേഷന് കൃത്യമായും കാര്യക്ഷമമായും നടത്തുന്നതിന് ചീഫ് ഓഫീസുതലത്തിൽ നേരിട്ട് മേൽനോട്ടം വഹിച്ചിരുന്നതുമാകുന്നു. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം സിറ്റി, പേരൂർക്കട, വിഴിഞ്ഞം, വെള്ളറട എന്നീ ഡിപ്പോകളെയാണ് മാതൃകാ ഡിപ്പോകളായി ഉയർത്തുന്നതിന് തീരുമാനിച്ചിരുന്നത്. നിലവിലുള്ള സംവിധാനങ്ങളും ലഭ്യമായ വിവരങ്ങളും ഉപയോഗിച്ച് കൃത്യമായും കാര്യക്ഷമമായും സർവ്വീസുകൾ യൂണിറ്റ് തലത്തിൽ ഓപ്പറേറ്റ് ചെയ്യുന്നതിനാണ് ഈ പദ്ധതിയിലൂടെ നിർദ്ദേശിച്ചിരുന്നത്. ടി പദ്ധതി പ്രകാരം നെയ്യാറ്റിൻകര യൂണിറ്റിനെ തെരഞ്ഞെടുത്തിട്ടില്ലാത്തതും ഈ പദ്ധതി പ്രകാരമുള്ള തുടർനടപടികൾ നിലവിലില്ലാത്തതുമാണ്.

(സി) സൂപ്പർഫാസ്റ്റ് ബസുകൾ ഉപയോഗിച്ചുള്ള ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ഡി&എ) പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## ആറ്റിങ്ങൽ സബ് ആർ.റ്റി.ഒ.യിൽ നിന്ന് പെർമിറ്റ് നൽകിയ പ്രൈവറ്റ് ബസുകൾ

264 (3098) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ സബ് ആർ.റ്റി.ഒ.യിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്ര പ്രൈവറ്റ് ബസുകൾക്ക് പുതിയ പെർമിറ്റ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പെർമിറ്റ് നൽകിയിട്ടുണ്ടെങ്കിൽ അത് ആർക്കെല്ലാം (മേൽവിലാസം ഉൾപ്പെടെ)എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പെർമിറ്റുകളും അനുവദിച്ചിട്ടുള്ള റൂട്ടുകളും സമയക്രമവും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) 22 വാഹനങ്ങൾക്ക് പുതിയ പെർമിറ്റ് നൽകിയിട്ടുണ്ട്. പ്രസ്തുത വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ, പെർമിറ്റ്, ഉടമയുടെ വിലാസം എന്നിവ അനുബന്ധമായി ചേർക്കുന്നു*. ഇതിൽ 9 പെർമിറ്റ് സറണ്ടർ ചെയ്തു. 7 പെർമിറ്റുകളുടെ സമയം ക്രമപ്പെടുത്തിയിട്ടില്ല. ബാക്കി 6 വാഹനങ്ങളുടെ റൂട്ടുകളും സമയക്രമവും അനുബന്ധമായി ചേർക്കുന്നു.

## സമാന്തര സർവ്വീസുകൾക്കെതിരെ നടപടി

265 (3099) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി - സദയം മറുപടി നൽകുമോ:

(എ) സമാന്തര സർവ്വീസുകൾ മൂലം കെ.എസ്.ആർ.ടി.സി ക്ക് കനത്ത നഷ്ടം സംഭവിക്കുന്നുണ്ടോയെന്നറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സമാന്തര സർവ്വീസുകൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) സമയക്രമം തെറ്റിച്ച് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾക്ക് മുന്നിൽനിന്നും സർവ്വീസ് നടത്തുന്ന സ്റ്റേജ്കാര്യർ വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന നിയമം അനുസരിച്ച് കർശന നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അനധികൃത പാരലൽ സർവ്വീസുകളും സ്വകാര്യ ബസുകളുടെ അനധികൃത സർവ്വീസും തടയുന്നതിന് മോട്ടോർവാഹന വകുപ്പ്, കെ.എസ്.ആർ.ടി.സി., പോലീസ് എന്നിവരുടെ സംയുക്ത സ്ക്വാഡ് യൂണിറ്റ് 2010 മുതൽ പ്രവർത്തിച്ചു വരികയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) പെർമിറ്റ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

**മോട്ടാർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**

266 (3100) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി - സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിത പ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) മോട്ടോർ വാഹന വകുപ്പിൽ ഇടനിലക്കാരുടെ ഇടപെടൽ കുറയ്ക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങളെ ഊർജിത പ്പെടുത്തുവാനായി നിരവധി ആധുനികവത്ക്കരണ പരിപാടികൾ വിഭാവനം ചെയ്തിട്ടുണ്ട്. നിയമലംഘനങ്ങൾ പിടികൂടുവാൻ സ്ഥാപിച്ച ക്യാമറാ സിസ്റ്റങ്ങൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കും. ഇതിനായി ഈ മേഖലയിലുള്ള നൂതന

സാങ്കേതികവിദ്യ സംബന്ധിച്ച് പഠനം നടത്തുന്നതാണ്. സുതാര്യവും കുറ്റമറ്റതുമായ ഡ്രൈവിംഗ് ടെസ്റ്റിംഗ്, വാഹന പരിശോധന എന്നിവ ഉറപ്പാക്കാനും കമ്പ്യൂട്ടർവത്കൃത വാഹന പരിശോധന കേന്ദ്രങ്ങളും ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും എല്ലാ ഓഫീസുകളുടെകീഴിലും സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. GPS അധിഷ്ഠിത നിരീക്ഷണ സംവിധാനം നടപ്പിലാക്കി പൊതുഗതാഗത സംവിധാനം നിരീക്ഷണവിധേയമാക്കുവാനും നിയമലംഘനങ്ങൾ തടയുവാനുമുള്ള പദ്ധതി അവസാനഘട്ടത്തിലാണ്. വെയ് ബ്രിഡ്ജുകൾ വാങ്ങുക, ഇന്റർസെപ്റ്റർ വാഹനങ്ങൾ വാങ്ങുക, പുതിയ ഓഫീസുകൾ തുടങ്ങുക എന്നിവ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുവാൻ സ്വീകരിച്ച നടപടികളാണ്.

(ബി) ഏജന്റുമാരുടേയും മധ്യവർത്തികളുടേയും പിടിയിൽ നിന്നും ആർ.ടി.ഓഫീസുകളെ വിമുക്തമാക്കുക, പൊതുജനങ്ങൾക്ക് നേരിട്ട് ഓഫീസിൽ ഹാജരായി വിവിധ സേവനങ്ങൾ സുഗമമായി ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്കായി കാലാകാലങ്ങളിൽ വിവിധ നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് നിലവിൽ 16/2013 നമ്പരായ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങളാണ് പ്രാബല്യത്തിലുള്ളത്. പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി ഇ-പേയ്മെന്റ് സംവിധാനവും ഏർപ്പെടുത്തി. മാത്രമല്ല പൊതുജനങ്ങൾക്ക് വേണ്ട മുന്നറിയിപ്പുകൾ നൽകുന്ന നിർദ്ദേശങ്ങളടങ്ങിയ ബോർഡുകളും എല്ലാ ഓഫീസുകളിലും വ്യക്തമായി പ്രദർശിപ്പിച്ചിട്ടുണ്ട്.

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് മോട്ടോർ വാഹന വകുപ്പ് നിരവധി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. 'റോഡ് സുരക്ഷയ്ക്കായി ഒരു ദശകം' എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടിയെ അടിസ്ഥാനമാക്കി പുതിയതായി ലൈസൻസ് എടുക്കുന്നവർക്കായി പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാർക്ക് ഡ്രൈവിംഗിലും ട്രാഫിക് അവബോധം വളർത്തുന്നതിനുദ്ദേശിച്ചുമുള്ള പരിശീലനം എന്നിവയും ടിപ്പർ ലോറി, സ്കൂൾ വാഹനങ്ങൾ എന്നിവയിലെ ഡ്രൈവർമാർക്കും അവബോധന/പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു. ഈ പ്രവർത്തനങ്ങൾക്ക് കേരള റോഡ് സുരക്ഷാ അതോറിറ്റി അനുവദിച്ച ഫണ്ട് ഉപയോഗിച്ചാണ് മേൽ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നത്. ഇവ കൂടാതെ പ്രത്യേക വാഹന പരിശോധനകളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികളും

ആരംഭിച്ചിട്ടുണ്ട്. അപകടം കൂടിയ സ്ഥലങ്ങൾ 24x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാ പരിധി ലംഘിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുകൂടാതെ GPS അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനത്തിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹനക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനം, വാഹനക്ഷമതാ പരിശോധനാ കേന്ദ്രങ്ങളിലും എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ്പ് അടിസ്ഥാനത്തിൽ ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതുകൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും ശക്തമാക്കുന്നതാണ്. ഇവ കൂടാതെ ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിതവേഗം, അമിതഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമ ലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കുന്നതുമാണ്.

(സി) കേരളത്തിലെ സ്വകാര്യ ബസ്സുകൾ മുന്നറിയിപ്പില്ലാതെ ട്രിപ്പുകൾ കട്ട് ചെയ്യുന്നതും അനധികൃത സർവ്വീസുകൾ നടത്തുന്നത് തടയുന്നതിനും പ്രസ്തുത വാഹനങ്ങളുടെ അമിതവേഗത ഉൾപ്പെടെയുള്ള നിയമലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായും പ്രസ്തുത വാഹനങ്ങളിൽ 1-4-2018 മുതൽ 24x7 നിരീക്ഷണ സംവിധാനമുള്ള ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് സി-ഡാക് മുഖേനയാണ്. ഇതിനായുള്ള മാസ്റ്റർ കൺട്രോൾ റൂം ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലും മിനി കൺട്രോൾ റൂം ഓരോ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലും സജ്ജീകരിച്ചിട്ടുണ്ട്. ഇടനിലക്കാരുടെ ഇടപെടൽ പൂർണ്ണമായും ഒഴിവാക്കുകയെന്ന ഉദ്ദേശത്തോടുകൂടി അപേക്ഷകൾ സ്വീകരിക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് നിമിഷങ്ങൾക്കുള്ളിൽ സേവനം ലഭ്യമാക്കുന്നതിനായി ഫാസ്റ്റ്ട്രാക്ക് കൗണ്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി ഇ-പേയ്മെന്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

**വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നതിന് നടപടി**

267 (3101) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) മതിയായ രേഖകൾ ഇല്ലാതെ ഓടുന്ന വാഹനങ്ങളെ കണ്ടെത്തുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ;

(സി) വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വാഹനങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നതിന് നിലവിൽ വ്യവസ്ഥകളൊന്നുമില്ല.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മൊബൈൽ എൻഫോഴ്സ്മെന്റ് നടത്തുന്ന വാഹന പരിശോധനയിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന വാഹന പരിശോധനയിലും ഇത്തരം നിയമലംഘനം നടത്തിയ വാഹനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കാറുണ്ട്.

(സി) വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ ബസുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ ലോറികളിലും ടാക്സി കാറുകളിലും വേഗപ്പൂട്ട് നിർബന്ധമാക്കിയിട്ടുണ്ട്. ജില്ലാ തലങ്ങളിൽ സ്പീഡ് ട്രേസർ ഉപയോഗിച്ചും മേഖലാ തലത്തിൽ അത്യന്താധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ദേശീയ പാതയിൽ ചേർത്തല മുതൽ മഞ്ചേശ്വരം വരെ 154 ക്യാമറാ നിരീക്ഷണ സംവിധാനങ്ങളും കണ്ണൂർ, തൃശ്ശൂർ, പാലക്കാട്, കോട്ടയം, എറണാകുളം, കൊല്ലം എന്നിവിടങ്ങളിലായി 47 ക്യാമറാ നിരീക്ഷണ സംവിധാനങ്ങളും സ്ഥാപിച്ചു. അമിത വേഗത്തിലും അലക്ഷ്യമായും വാഹനമോടിക്കുന്നവരെ പിടികൂടുന്നതിനും പിഴ ചുമത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## സാരഥി പദ്ധതി

268 (3102) ശ്രീ. കെ. എൻ. എ. ഖാദർ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി - സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയൊട്ടാകെ ഏകീകൃത ലൈസൻസ് കൊണ്ടുവരുന്നതിനായി കേന്ദ്രസർക്കാർ നിർദ്ദേശിച്ച സാരഥി പദ്ധതി പ്രകാരം കേരളത്തിൽ ലൈസൻസ് രൂപം മാറ്റി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പരിഷ്കരിച്ച ലൈസൻസിൽ ഉള്ള പ്രത്യേകതകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) നിലവിലുള്ള എല്ലാ ലൈസൻസുകളും പരിഷ്കരിക്കുമോയെന്നും ഇതിനുള്ള ചെലവ് എത്രയെന്നും ഇത് എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ സാരഥി പദ്ധതി നടപ്പിലാക്കുന്ന മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള മൂന്ന് ഓഫീസുകളിൽ ( ആർ.ടി ഓഫീസ് ആലപ്പുഴ, സബ് ആർ ടി ഓഫീസ് കരുനാഗപ്പള്ളി, ആർ ടി ഓഫീസ് (നാഷണലൈസ്ഡ് സെക്ടർ തിരുവനന്തപുരം) ഇപ്പോൾ പ്ലാസ്റ്റിക് കാർഡ് രൂപത്തിലുള്ള ഡ്രൈവിംഗ് ലൈസൻസ് നൽകി വരുന്നു.

(ബി) അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്ലാസ്റ്റിക് കാർഡ് ഡ്രൈവിംഗ് ലൈസൻസ് ID Type-I, ISO/IEC 7810 ഫോർമാറ്റിലുള്ളതാണ്. മൈക്രോ ലൈൻ, മൈക്രോ ടെക്സ്റ്റ്, ഗൈല്ലോച്ചേ പാറ്റേൺ, ഗോൾഡൻ നാഷണൽ എംബ്ലം, ക്വിക്ക് റെസ്പോൺസ് കോഡ്, ഹോട്ട് സ്റ്റാംപ്ഡ് UV സുരക്ഷിത ഹോളോഗ്രാം എന്നീ സുരക്ഷാ ഘടനകൾ പരിഷ്കരിച്ച ലൈസൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പത്തുവർഷം വരെ നീണ്ടുനൽക്കുന്ന PET-G PVC മെറ്റീരിയലാണ് ഉപയോഗിച്ചിട്ടുള്ളത്.

(സി) എല്ലാ ഓഫീസുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടെണ്ടർ നടപടി പൂർത്തിയായതിനുശേഷം മാത്രമേ പദ്ധതി പൂർത്തീകരണവും ചെലവും സംബന്ധിച്ചുള്ള കാര്യങ്ങൾക്ക് വ്യക്തത ഉണ്ടാവുകയുള്ളൂ.

**ഗതാഗത വകുപ്പ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനങ്ങൾ**

269 (3103) ശ്രീ. പി. കെ. ശശി:

ശ്രീ. സി. കെ. ഹരീന്ദ്രൻ:

ശ്രീ. കെ. കുഞ്ഞിരാമൻ:

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനങ്ങൾ കാലോചിതമായി മാറ്റുന്നതിനായുള്ള ആധുനികവൽക്കരണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനം കാര്യക്ഷമമാക്കുകവഴി വാഹനസഞ്ചാരവും നിരീക്ഷണവും ശക്തിപ്പെടുത്തുന്നതിനും റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും കഴിയുമെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത വികസന പ്രവർത്തനങ്ങൾക്കായി ചെക്ക് പോസ്റ്റുകളുടെ സ്ഥലസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനുതകുന്ന വെയിംഗ് ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) ഗതാഗത വകുപ്പ് ചെക്ക് പോസ്റ്റുകൾ ആധുനികവൽക്കരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി വിശദമായ റിപ്പോർട്ട് നൽകുന്നതിനായി ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ കോഴിക്കോടിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**കേന്ദ്ര മോട്ടോർ വാഹന ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ**

270 (3104) ശ്രീ. രാജു എബ്രഹാം :

ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. ആന്റണി ജോൺ :

ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി - സദയം മറുപടി നൽകുമോ:

(എ) ലോക് സഭ പാസ്സാക്കി രാജ്യസഭയുടെ പരിഗണനയിലിരിക്കുന്ന 2016-ലെ കേന്ദ്ര മോട്ടോർ വാഹന ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ സർക്കാർ ഉടമസ്ഥതയിലുള്ള പൊതു ഗതാഗത സംവിധാനത്തെ തകർക്കുന്നതാണെന്ന തൊഴിലാളികളുടെ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) മോട്ടോർ വാഹന നിയമ പ്രകാരമുള്ള ചില പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അധികാരം സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകാൻ നിർദ്ദിഷ്ട നിയമത്തിൽ വ്യവസ്ഥ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംഘടനാ ഭേദമന്യേ മോട്ടോർ വാഹനത്തൊഴിലാളികൾ ഉയർത്തുന്ന പ്രതിഷേധം കണക്കിലെടുത്ത് നിർദ്ദിഷ്ട ഭേദഗതി നിയമത്തിലെ തൊഴിലാളികളുടെ താത്പര്യം ഹനിക്കുന്നതും മോട്ടോർ വാഹന വകുപ്പിനെത്തന്നെ അപ്രസക്തമാക്കുന്നതും സ്വകാര്യവത്ക്കരണം അടിച്ചേല്പിക്കുന്നതുമായ ഇത്തരം വ്യവസ്ഥകൾ ഒഴിവാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും അനുകൂലമായ മറുപടിയല്ല ലഭിച്ചിട്ടുള്ളത്.

**ചട്ടലംഘനം നടത്തി പുതുച്ചേരിയിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ**

271 (3105) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചട്ടലംഘനം നടത്തി പുതുച്ചേരിയിൽ വാഹനം രജിസ്റ്റർ ചെയ്തവരുടെ വിവരങ്ങൾ മോട്ടോർ വാഹനവകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; ഇവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നറിയിക്കാമോ;

(ബി) ഇപ്രകാരം രജിസ്റ്റർ ചെയ്തവർക്ക് കേരളത്തിലേക്ക് രജിസ്ട്രേഷൻ മാറ്റാൻ നിശ്ചിത സമയം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ:

(സി) ഇപ്രകാരമുള്ള രജിസ്ട്രേഷൻ കേരളത്തിലേക്ക് മാറ്റിയതു കാരണം സർക്കാരിനുണ്ടായ നികുതി വരുമാനം എത്രയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) വ്യാജ വിലാസത്തിൽ പോണ്ടിച്ചേരിയിൽ വാഹനം രജിസ്റ്റർ ചെയ്തുയെന്നു കരുതപ്പെടുന്ന വാഹന ഉടമകൾക്കെതിരെ വിശദമായ അന്വേഷണം നടത്തി ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിനുമായി ഇവരെ സംബന്ധിച്ച വിവരങ്ങൾ പോലീസിലേയ്ക്ക് കൈമാറുന്നുണ്ട്. കൂടാതെ നിശ്ചിത സമയ പരിധിക്കുള്ളിൽ നികുതി അടച്ച് വാഹനം കേരളത്തിൽ രജിസ്റ്റർ ചെയ്യാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ, വാഹനം പിടിച്ചെടുക്കൽ എന്നിവ അടക്കമുള്ള സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു.

(ബി) 2018-19 ബജറ്റ് പ്രഖ്യാപനത്തിൽ ഇപ്രകാരം രജിസ്റ്റർ ചെയ്തവർക്ക് കേരളത്തിൽ വാഹനം രജിസ്റ്റർ ചെയ്തിരുന്നെങ്കിൽ അടയ്ക്കേണ്ടിയിരുന്ന നികുതി അടച്ച് തുടർ നടപടികളിൽ നിന്ന് ഒഴിവാകുന്നതിന് ഒരു ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. 2018 ഏപ്രിൽ 30 വരെ മാത്രമാണ് ഈ ആനുകൂല്യം നിലവിലുള്ളത്.

(സി) നിലവിൽ 162 വാഹന ഉടമകളിൽനിന്നും 15,07,73,262 രൂപ ടാക്സ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.

**റോഡ് സുരക്ഷ മെച്ചപ്പെടുത്തുന്നതിന് പദ്ധതി**

272 (3106) ശ്രീ. എസ്. ശർമ്മ :

ശ്രീമതി വീണാ ജോർജ്ജ് :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ കണക്കിലെടുത്ത് റോഡ് സുരക്ഷ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ദേശീയ, സംസ്ഥാന പാതകളിൽ കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് ഗതാഗതലംഘനം കണ്ടുപിടിക്കുന്നതിന് റഡാർ സർവൈലൻസ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഗതാഗത നിയമം ലംഘിക്കുന്നവരെ പൊതുജന പങ്കാളിത്തത്തോടെ പിടികൂടുന്നതിനും അപ്രകാരം അപകടങ്ങൾ കുറയ്ക്കുന്നതിനും തേർഡ് ഐ എൻഫോഴ്സ്മെന്റ് പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് മോട്ടോർ വാഹന വകുപ്പ് നിരവധി പരിപാടികൾ ആസൂത്രണംചെയ്ത് നടപ്പാക്കുന്നുണ്ട്. റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടിയെ അടിസ്ഥാനമാക്കി മോട്ടോർ വാഹന വകുപ്പ് പുതിയതായി ലൈസൻസ് എടുക്കുന്നവർക്കായി പ്രീ-ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാർക്ക് ഡ്രൈവിംഗിലും ട്രാഫിക് അവബോധം വളർത്തുന്നതിനുമുള്ള പരിശീലനം എന്നിവയും ടിപ്പർ ലോറി

സ്കൂൾ വാഹന ഡ്രൈവർമാർക്ക് അവബോധ/പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു. ഈ പ്രവർത്തനങ്ങൾ കേരള റോഡ് സുരക്ഷാ അതോറിറ്റി അനുവദിച്ച ഫണ്ട് ഉപയോഗിച്ചാണ് സംഘടിപ്പിച്ചുവരുന്നത്. ഇവ കൂടാതെ പ്രത്യേക വാഹന പരിശോധനകളും സംഘടിപ്പിക്കുന്നതാണ്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഊർജിത മാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ ഭാഗമായി അപകടം കൂടിയ സ്ഥലങ്ങൾ 24x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാ പരിധി ലംഘിക്കുന്നതിനും കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ ജി.പി.എസ്. അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹന ക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ആട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സമ്പ്രദായം, വാഹന ക്ഷമതാ പരിശോധനാ കേന്ദ്രങ്ങളും എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും പ്രൈവറ്റ് പബ്ലിക് പാർട്ട്നർഷിപ്പ് അടിസ്ഥാനത്തിൽ ഈ വർഷംതന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതു കൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ എന്നിവ ഉപയോഗിച്ചുള്ള പരിശോധനകളും വകുപ്പിൽനിന്നും ശക്തമാക്കുന്നതുമാണ്. ഇവ കൂടാതെ ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിതവേഗം,അമിതഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കുന്നതുമാണ്.

കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും പോലീസ് വകുപ്പിൽ നിന്നുള്ള വിവരശേഖരണത്തിന്റെയടിസ്ഥാനത്തിലും കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ ഏജൻസിയായ നാറ്റ്പാക്ക് സംസ്ഥാനത്തെ പാതകളിൽ 275 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതരപാതകളിൽപ്പെടുന്ന 116 എണ്ണത്തിൽ പൊതുമരാമത്ത് വകുപ്പ് മുൻഗണനാക്രമം നൽകിയ 46 പാതകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ മോട്ടോർ വാഹന-പോലീസ്-പൊതുമരാമത്ത് വകുപ്പുകളുടെ സഹായത്തോടെ സമഗ്ര നിർമ്മാർജ്ജനം ലക്ഷ്യമിട്ട് പരിശോധന നടത്തിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ

അദ്ധ്യക്ഷന്മാരായുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് റോഡപകടനിരക്ക് 10% എങ്കിലും കുറയ്ക്കുകയെന്ന ലക്ഷ്യം മുൻ നിർത്തി ടാർജറ്റ് നൽകിയിട്ടുണ്ട്. മാത്രവുമല്ല, എല്ലാ മാസവും രണ്ടാം ബുധനാഴ്ച കൗൺസിലുകളുടെ യോഗം ചേരാനും അടിയന്തിര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാനും ആവശ്യപ്പെട്ടിട്ടുണ്ട്.

അമിതവേഗതയും മറ്റ് ഗതാഗത നിയമലംഘനങ്ങളുൾപ്പെടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ പോലീസ്-മോട്ടോർ വാഹന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പീഡ് ഗവർണർ ഘടിപ്പിക്കാത്ത ഒരു വാഹനത്തിനും മോട്ടോർ വാഹന വകുപ്പ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നില്ല. കഴക്കൂട്ടം-അടൂർ "മോഡൽ സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പ്രോജക്ട്" നടപ്പിൽ വരുത്തുന്നതിനുവേണ്ട സാങ്കേതിക സഹായം കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് കെ.എസ്.റ്റി.പി.-യ്ക്ക് നൽകി വരുന്നു. ഇതിനുപുറമെ റോഡ് സുരക്ഷാ സംബന്ധമായ അനുബന്ധ വകുപ്പുകളുടെ ശിപാർശകൾക്ക് റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിന്റെ തീരുമാനത്തിനു വിധേയമായി ഫണ്ട് അനുവദിച്ചുവരുന്നു.

(ബി) ഗതാഗത നിയമം ലംഘിക്കുന്നവരെ കണ്ടെത്തുവാനുള്ള റഡാർ സർവ്വയിലൻസ് സിസ്റ്റം സംസ്ഥാനത്തെ കൂടുതൽ പാതകളിലേയക്ക് വ്യാപിപ്പിക്കുന്നതാണ്. ഈ മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ പഠന വിധേയമാക്കി ഏറ്റവും ഉചിതമായത് കണ്ടെത്തി നടപ്പിലാക്കുവാനുള്ള പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഇപ്രകാരമുള്ള ശിപാർശകൾ ലഭ്യമാകുന്ന പക്ഷം അതോറിറ്റി യോഗത്തിന്റെ തീരുമാനത്തിനു വിധേയമായി ഫണ്ട് അനുവദിക്കുന്നതായിരിക്കും.

(സി) ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി ലഭിച്ച പദ്ധതി രൂപരേഖ പഠിച്ചുവരുന്നു. പദ്ധതി പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### കേരള റോഡ് സേഫ്റ്റി അതോറിറ്റി

273 (3107) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും പോലീസ് വകുപ്പിൽ നിന്നുള്ള വിവരശേഖരണത്തിന്റെയടിസ്ഥാനത്തിലും കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ ഏജൻസിയായ നാറ്റ്പാക് സംസ്ഥാനത്തെ പാതകളിൽ 275 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതരപാതകളിൽപ്പെടുന്ന 116 എണ്ണത്തിൽ പൊതുമരാമത്ത് വകുപ്പ് മുൻഗണനാക്രമം നൽകിയ 46 പാതകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ മോട്ടോർ വാഹന-പോലീസ്-പൊതുമരാമത്ത് വകുപ്പുകളുടെ സഹായത്തോടെ സമഗ്ര നിർമ്മാർജ്ജനം ലക്ഷ്യമിട്ട് പരിശോധന നടത്തിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ അദ്ധ്യക്ഷന്മാരായുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് റോഡപകടനിരക്ക് 10% എങ്കിലും കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ടാർജറ്റ് നൽകിയിട്ടുണ്ട്. മാത്രവുമല്ല, എല്ലാ മാസവും രണ്ടാം ബുധനാഴ്ച കൗൺസിലുകളുടെ യോഗം ചേരാനും അടിയന്തര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാനും ആവശ്യപ്പെട്ടിട്ടുണ്ട്.

അമിതവേഗതയും മറ്റ് ഗതാഗത നിയമലംഘനങ്ങളുൾപ്പെടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കുറച്ച് കൊണ്ടുവരുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ പോലീസ്-മോട്ടോർ വാഹന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹു.സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് കെ.എസ്. രാധാകൃഷ്ണൻ അദ്ധ്യക്ഷനായുള്ള റോഡ് സുരക്ഷാ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം അമിതവേഗത, വാഹനമോടിക്കവേയുള്ള മൊബൈൽ ഫോൺ ഉപയോഗം, ചരക്ക് വാഹനങ്ങളിലെ അമിതഭാരം കയറ്റൽ തുടങ്ങിയ ഗതാഗത കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഡ്രൈവർമാർക്കെതിരെ ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ മോട്ടോർ വാഹന-പോലീസ് വകുപ്പുകൾ സ്വീകരിച്ചുവരുന്നു. സ്പീഡ് ഗവർണർ ഘടിപ്പിക്കാത്ത ഒരു വാഹനത്തിനും മോട്ടോർ വാഹന വകുപ്പ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നില്ല. കഴക്കൂട്ടം- അടൂർ "മോഡൽ സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പ്രോജക്ട്" നടപ്പിൽവരുത്തുന്നതിനുവേണ്ട സാങ്കേതിക സഹായം കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് കെ.എസ്.റ്റി.പി.-യ്ക്ക് നൽകി വരുന്നു. ഇതിനുപുറമെ റോഡ് സുരക്ഷാ സംബന്ധമായ അനുബന്ധ വകുപ്പുകളുടെ ശുപാർശകൾക്ക് റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിന്റെ തീരുമാനത്തിനുവിധേയമായ ഫണ്ട് അനുവദിച്ചു വരുന്നു.

(ബി) 2016-17, 2017-18 കാലയളവിൽ അനുബന്ധ വകുപ്പുകളുടെ റോഡ് സുരക്ഷാ സംബന്ധമായ പദ്ധതികൾക്കനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

മോട്ടോർ വാഹന വകുപ്പ്

| വർഷം | തുക (രൂപയിൽ) |
|---|---|
| 2016-17 | 10446400 |
| 2017-18 | 11551165 |

പോലീസ് വകുപ്പ്

| വർഷം | തുക (രൂപയിൽ) |
|---|---|
| 2016-17 | 14365515 |
| 2017-18 | 28342087 |

പൊതുമരാമത്ത് വകുപ്പ്

| വർഷം | തുക (രൂപയിൽ) |
|---|---|
| 2016-17 | 3473479 |
| 2017-18 | 366038 |

ആരോഗ്യ വകുപ്പ്

| വർഷം | തുക (രൂപയിൽ) |
|---|---|
| 2016-17 | 1203167 |
| 2017-18 | 3888051 |

ജില്ലാ കൗൺസിലുകൾ

| വർഷം | തുക (രൂപയിൽ) |
|---|---|
| 2016-17 | 18046859 |
| 2017-18 | 17337530 |

നാറ്റ് പാക്

| വർഷം | തുക (രൂപയിൽ) |
|---|---|
| 2016-17 | 1000000 |

## ലക്കിടി കൂട്ടുപാത ജംഗ്ഷനിലെ ട്രാഫിക് സിഗ്നൽ ലൈറ്റ്

274 (3108) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് - കുളപ്പുള്ളി സംസ്ഥാന പാതയിൽ രൂക്ഷമായ ഗതാഗത കുരുക്ക് അനുഭവപ്പെടുന്ന ജംഗ്ഷനാണ് ലക്കിടി കൂട്ടുപാത ജംഗ്ഷൻ എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകടസാധ്യതയുള്ള ഈ ജംഗ്ഷനിൽ ഒരു ട്രാഫിക് സിഗ്നൽ ലൈറ്റ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ട്രാഫിക് സിഗ്നൽ ലൈറ്റ് സംവിധാനം എന്ന് ഏർപ്പെടുത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ലക്കിടി കൂട്ടുപാതയിൽ ട്രാഫിക് സിഗ്നൽ സിസ്റ്റം സ്ഥാപിക്കുന്നതിന് പാലക്കാട് പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രോണിക് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. ടി എഞ്ചിനീയർ സ്ഥലപരിശോധന നടത്തിയിട്ടുള്ളതും സിവിൽ വിഭാഗത്തിൽ നിന്ന് കുറച്ച് എസ്റ്റിമേറ്റുകൾ ലഭിക്കാനുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് നൽകാമെന്നും അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ട്രാഫിക് സിഗ്നൽ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ

275 (3109) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നത് കുറയ്ക്കുന്നതിനായി ഓരോ മണ്ഡലത്തിലും എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) എൻ.എച്ച്, സ്റ്റേറ്റ് ഹൈവേകൾ തുടങ്ങി അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ ട്രാഫിക് ഇൻഡിക്കേറ്ററുകൾ, ബ്ലിങ്കറുകൾ, സിഗ്നൽ ലൈറ്റുകൾ എന്നിവ സ്ഥാപിക്കുവാൻ റോഡ് സേഫ്റ്റി അതോറിറ്റിവഴി നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇതുസംബന്ധിച്ച ശിപാർശകൾ ലഭ്യമാകുന്ന പക്ഷം കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിന്റെ തീരുമാനത്തിന് വിധേയമായി ഫണ്ട് അനുവദിക്കുന്നതാണ്.

**അപകടമുണ്ടാക്കുന്ന വാഹനങ്ങളെക്കുറിച്ചുള്ള വിവരം**

276 (3110) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരന്തരമായി അപകടങ്ങൾക്ക് കാരണമാകുന്ന വാഹനങ്ങളെക്കുറിച്ച് വ്യക്തമായ വിവരം ഗതാഗത വകുപ്പിൽ ലഭ്യമാണോ; വ്യക്തമാക്കുമോ;

(ബി) ഒന്നിലധികം തവണ അപകടങ്ങൾക്ക് കാരണമാകുന്ന സ്വകാര്യ സർവ്വീസ് ബസുകൾ, ഓട്ടോ റിക്ഷകൾ എന്നിവയുടെ ഡ്രൈവർമാർക്ക് ആവശ്യമായ ബോധവൽക്കരണം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) ബസ് സ്റ്റോപ്പുകളിൽ യാത്രക്കാർക്ക് ഇറങ്ങുവാൻ സമയം നൽകാതെ മുന്നോട്ടുപോകുന്ന ബസ്സുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് തിരുവനന്തപുരം ആർ. ടി. ഓഫീസിൽ 2016 ജനുവരി ഒന്നു മുതൽ ലഭിച്ച പരാതികൾ എത്ര; നടപടികൾ എടുത്തത് എത്ര ബസുകൾക്കെതിരെ; ഏതെല്ലാം;

(ഡി) ഓട്ടോ റിക്ഷാ ഡ്രൈവർമാർ യാത്രക്കാരോട് മോശമായി പെരുമാറുന്ന കാര്യം ഗതാഗത വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഏതെല്ലാം ഓട്ടോ റിക്ഷകൾക്കെതിരെ 2016 ജനുവരി ഒന്നു മുതൽ തിരുവനന്തപുരം ആർ. ടി. ഒ. നടപടി എടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(എഫ്) ആർ. ടി. ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിൽ നടപടി സ്വീകരിക്കുന്നില്ലെന്ന കാര്യം വകുപ്പ് പരിശോധിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ സംബന്ധമായി പോലീസ് വകുപ്പിൽനിന്നും വിവരങ്ങൾ കൈമാറുകയാണ് നിലവിൽ ചെയ്യുന്നത്.

(ബി) 'റോഡ് സുരക്ഷയ്ക്കായി ഒരു ദശകം' എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടിയെ അടിസ്ഥാനമാക്കി മോട്ടോർ വാഹന വകുപ്പ് പുതിയതായി ലൈസൻസ് എടുക്കുന്നവർക്കായി പ്രീ-ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട് നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാർക്ക് ഡ്രൈവിംഗിലും ട്രാഫിക് അവബോധം വളർത്തുന്നതിനുദ്ദേശിച്ചുള്ള പരിശീലനം എന്നിവയും ടിപ്പർ ലോറി, സ്കൂൾ വാഹനങ്ങൾ എന്നിവയിലെ ഡ്രൈവർമാർ എന്നിവർക്കും അവബോധന/പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു.

(സി) പ്രസ്തുത കാലയളവിൽ പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) കെ.എൽ.01-ബി.എസ് 8828 നമ്പർ ഓട്ടോറിക്ഷയ്ക്കെതിരെ 3,500 രൂപ പിഴ ഈടാക്കി കെ.എൽ 01. ബി.എസ്.4912 നമ്പർ ഓട്ടോറിക്ഷ ഡ്രൈവറുടെ ലൈസൻസ് 3 മാസത്തേയ്ക്ക് സസ്പെൻഡ് ചെയ്തു.

(എഫ്) ആർ.ടി ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിൽ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

**മോട്ടോർ വാഹന നികുതിയുടെ വിനിയോഗം**

277 (3111) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുക ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കണമെന്നാണ് വ്യവസ്ഥചെയ്തിട്ടുള്ളത്;

(ബി) ഈ തുക റോഡ് വികസനത്തിനായി വിനിയോഗിക്കണമെന്നത് സംബന്ധിച്ച് നിയമസഭ എസ്റ്റിമേറ്റ് കമ്മിറ്റി സർക്കാരിന് ശിപാർശ നൽകിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പാലിക്കപ്പെടുന്നുണ്ടോ;

(സി) നികുതി തുക വകമാറ്റി ചെലവഴിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ റോഡുകളുടെ ശോചനീയാവസ്ഥയ്ക്ക് കാരണം ഈ തുക ശരിയായ രീതിയിൽ വിനിയോഗിക്കാത്തതാണെന്ന് കരുതുന്നുണ്ടോ;

(ഡി) പ്രസ്തുത നികുതിയിനത്തിൽ പിരിക്കുന്ന തുക മുഴുവൻ റോഡുകളുടെ വികസനത്തിന് വേണ്ടി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) മോട്ടോർ വാഹന വകുപ്പ് വാഹന നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുക സർക്കാർ അനുവദിച്ചിട്ടുള്ള കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് അടയ്ക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത തുക ബജറ്റ് വിഹിതമായി വിവിധ വകുപ്പുകൾക്ക് അനുവദിക്കുകയാണ് ചെയ്യുന്നത്. ആയതിന്റെ വിനിയോഗത്തിൽ ഗതാഗത വകുപ്പിന് പ്രത്യേക പങ്കൊന്നും തന്നെയില്ല. ഇത്തരത്തിൽ പിരിച്ചെടുക്കുന്ന തുക റോഡ് വികസനത്തിനായി ഉപയോഗിക്കണമെന്ന എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ശിപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിന് ധനകാര്യവകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**വാഹന നികുതി വെട്ടിപ്പ്**

278 (3112) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി. കെ. ആശ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുച്ചേരി രജിസ്ട്രേഷനിലൂടെ നികുതിവെട്ടിപ്പ് നടത്തി വാഹനങ്ങൾ കേരളത്തിൽ എത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജരേഖ ഹാജരാക്കി നികുതി തട്ടിപ്പ് നടത്തി വാഹന രജിസ്ട്രേഷൻ നടത്തുന്നവർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ കേരളത്തിൽ എത്രത്തോളം വാഹനങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്;

(ഡി) കേരളത്തിലെ നികുതി അടച്ച് നടപടികളിൽ നിന്ന് ഒഴിവാക്കാൻ അവസരം നൽകുമെന്ന ധനമന്ത്രിയുടെ ബജറ്റ് പ്രഖ്യാപനത്തിനുശേഷം ഇതിൽ ഭൂരിപക്ഷം പേരും നികുതി അടച്ചിട്ടുണ്ടോ;

(ഇ) ഇതിനുശേഷവും നികുതി അടക്കാത്തവർക്കെതിരെ എന്ത് ശിക്ഷാനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യാജ വിലാസത്തിൽ പോണ്ടിച്ചേരിയിൽ വാഹനം രജിസ്റ്റർ ചെയ്തുയെന്നു കരുതപ്പെടുന്ന വാഹന ഉടമകൾക്കെതിരെ വിശദമായ അന്വേഷണം നടത്തി ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിന് ഇവരെ സംബന്ധിച്ച വിവരങ്ങൾ പോലീസിന് കൈമാറുന്നുണ്ട്.

(സി) പ്രാഥമിക കണക്കനുസരിച്ച് 2327 വാഹനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട് എന്നാണ് കണക്കാക്കപ്പെടുന്നത്.

(ഡി) ബജറ്റ് പ്രഖ്യാപനത്തിനുശേഷം 03-03-2018 വരെ 24 വാഹന ഉടമകൾ 2,01,32,625 രൂപ ടാക്സ് ഇനത്തിൽ അടയ്ക്കുകയുണ്ടായി.

(ഇ) നിശ്ചിത സമയ പരിധിക്കുള്ളിൽ നികുതി അടച്ച് വാഹനം കേരളത്തിൽ രജിസ്റ്റർ ചെയ്യാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ, വാഹനം പിടിച്ചെടുക്കൽ എന്നിവ അടക്കമുള്ള സാദ്ധ്യമായ എല്ലാ നടപടിയും സ്വീകരിക്കുന്നതാണ്.

**സബ് ആർ.ടി. ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി**

279 (3113) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള ആർ.ടി. ഓഫീസുകളുടെയും സബ് ആർ.ടി.ഒ.കളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആർ.ടി. ഓഫീസുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) ആർ. ടി. ഓഫീസുകൾ ഇല്ലാത്ത താലൂക്കുകളിൽ സബ് ആർ.ടി.ഓഫിസുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി പരിശോധിച്ചിട്ടുണ്ടോ;

(ഡി) എവിടെയെല്ലാമാണ് പുതുതായി സബ് ആർ. ടി. ഓഫീസുകൾ ആരംഭിക്കുന്നതെന്നും അവ എന്ന് പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്നും അറിയിക്കുമോ?

ഉത്തരം

(എ) ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ എല്ലാ മാസവും ആർ.ടി.ഒ-മാരുടെ കോൺഫറൻസ് വിളിച്ചുകൂട്ടി പ്രവർത്തനം വിലയിരുത്തുന്നുണ്ട്. കൂടാതെ ട്രാൻസ്പോർട്ട് കമ്മീഷണർ നേരിട്ട് ഓഫീസുകൾ സന്ദർശിച്ചും മേഖലാ ഡി.റ്റി.സി.-മാർ അവരുടെ അധികാരപരിധിയിലുള്ള ഓഫീസുകൾ സന്ദർശിച്ചും പ്രവർത്തനം വിലയിരുത്തുന്നുണ്ട്.

(ബി) ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ 16 സേവനങ്ങൾ ഓൺലൈൻ ആക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് നേരിട്ട് സേവനം ലഭിക്കുന്നതിനുവേണ്ടി ഫീസുകളും നികുതികളും ഇ-പേയ്മെന്റ് വഴി ഒടുക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(സി&ഡി) മോട്ടോർ വാഹന വകുപ്പിന് ഓഫീസുകൾ നിലവിലില്ലാത്ത താലൂക്കുകളിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ തുടങ്ങുന്നതിനുള്ള ഗതാഗത കമ്മീഷണറുടെ ശിപാർശ പരിശോധിച്ച് ഇരിട്ടി, നന്മണ്ട, പേരാമ്പ്ര, തൃപ്രയാർ, കാട്ടാക്കട, വെള്ളരിക്കുണ്ട് എന്നീ സ്ഥലങ്ങളിൽ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ ഓഫീസുകൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ പുരോഗമിക്കുന്നു.

**റൂറൽ ആർ.ടി. ഓഫീസുകൾ**

280 (3114) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി - സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ റൂറൽ ആർ.ടി. ഓഫീസുകൾ ഇല്ലാത്ത സ്ഥലങ്ങൾ എവിടെയൊക്കെയാണ്;

(ബി) റൂറൽ ആർ.ടി. ഓഫീസുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ഗതാഗത വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) കൊട്ടാരക്കര ആസ്ഥാനമായി റൂറൽ ആർ.ടി. ഓഫീസ് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആറ്റിങ്ങൽ, മൂവാറ്റുപുഴ, വടകര എന്നിവിടങ്ങളിലൊഴികെ സംസ്ഥാനത്ത് റൂറൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ നിലവിലില്ല.

(ബി) പഠനം നടത്തിയിട്ടില്ല.

(സി) കൊട്ടാരക്കര ആസ്ഥാനമായി റൂറൽ ആർ.ടി ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ**

281 (3115) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളെ ഏജന്റുമാരുടെ സ്വാധീനത്തിൽ നിന്നും മോചിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഗതാഗത വകുപ്പിന്റെ സേവനങ്ങളെല്ലാം പൂർണ്ണമായും വെബ് അധിഷ്ഠിതമാക്കുന്നതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) സഞ്ചരിക്കുന്ന ആർ.റ്റി. ഓഫീസുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കുടുംബശ്രീയുമായി ചേർന്ന് എല്ലാ ഓഫീസുകളിലും ഇ-സേവന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിൽ ഓൺലൈൻ സേവനങ്ങളുടെ സഹായം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കേന്ദ്രീകൃത സംവിധാനത്തിലുള്ള വാഹൻ-സാരഥി സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ഘട്ടംഘട്ടമായി പുരോഗമിക്കുന്നു. ഇതിന്റെ ആദ്യപടിയായി ലൈസൻസ് അധിഷ്ഠിത സേവനങ്ങൾ സാരഥി വഴി പരീക്ഷണരീതിയിൽ (ലേണേഴ്സ് ലൈസൻസ്, പുതിയ ഡ്രൈവിംഗ് ലൈസൻസ്) മൂന്ന് ഓഫീസുകളിൽ-റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ദേശസാൽകൃതവിഭാഗം, തിരുവനന്തപുരം, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ആലപ്പുഴ, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ (എൻ.എസ്) ബാക്കി ലൈസൻസ് സേവനങ്ങളും ഉടൻ നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. നിലവിൽ വാഹൻ-സാരഥി സോഫ്റ്റ്വെയറിലുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചാൽ മാത്രമേ സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും നടപ്പിലാക്കാൻ

കഴിയുകയുള്ളൂ. വാഹനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ നൽകുന്ന വെബ് അധിഷ്ഠിത വാഹൻ സോഫ്റ്റ്‌വെയർ പരീക്ഷണഘട്ടത്തിലാണ്. ഇതിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചശേഷം പരീക്ഷണരീതിയിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് നെയ്യാറ്റിൻകരയിൽ നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

**ചാത്തന്നൂരിൽ മോട്ടോർ വാഹന വകുപ്പ് ഓഫീസുകൾ**

282 (3116) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ആസ്ഥാനമായി ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ് തുടങ്ങുന്നത് സംബന്ധിച്ച് ദക്ഷിണ മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ, സാധ്യതാ പഠനം ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) ചാത്തന്നൂരിൽ പുതിയ ജോയിന്റ് ആർ.ടി. ആഫീസ് ആരംഭിക്കുന്നതിന് താമസം നേരിടുന്ന സാഹചര്യത്തിൽ, ഡ്രൈവിംഗ് ലൈസൻസ് നേടുന്നതിന് കൊല്ലം ജില്ലയിലെ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിഗണിച്ച് ചാത്തന്നൂർ ആസ്ഥാനമായി ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനുള്ള ഒരു സെന്റർ അനുവദിക്കുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) ദക്ഷിണ മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, കൊല്ലം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ സാധ്യതാ പഠനം പുരോഗമിക്കുന്നു.

(സി) ചാത്തന്നൂർ ആസ്ഥാനമായി ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനുള്ള ഒരു സെന്റർ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**മോട്ടോർ വാഹന വകുപ്പിലെ സ്റ്റാഫ് പാറ്റേൺ**

283 (3117) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ അവസാനമായി സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ സംസ്ഥാനത്ത് ആകെ എത്ര പേരാണുള്ളത്;

(സി) വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് എൻഫോഴ്സ്മെന്റ് സ്ക്വാഡ് വിപുലപ്പെടുത്തുന്നതിനും അപകടനിരക്ക് കുറയ്ക്കുന്നതിനും സ്റ്റാഫ് പാറ്റേൺ പുതുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) അവസാനമായി സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിച്ചത് 2013-ലാണ്.

(ബി) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ 401 തസ്തികകളുണ്ട്. നിലവിൽ 397 പേർ ജോലി ചെയ്യുന്നു.

(സി) സ്റ്റാഫ് പാറ്റേൺ പുതുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**മാവേലിക്കരയിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുവാൻ നടപടി**

284 (3118) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പ്രധാന ജംഗ്ഷനുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ആവശ്യമായ തുക അനുവദിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

മാവേലിക്കര മണ്ഡലത്തിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതും ആയത് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പോലീസ് വകുപ്പിൽ നിന്നും സ്ഥാപിക്കുന്നതുമാണ്. ജില്ലയിലെ സബ് ഡിവിഷനുകളിൽ ഒരു പ്രധാനപ്പെട്ട ജംഗ്ഷൻ മോഡൽ ജംഗ്ഷൻ, ആക്കുന്നതിന്റെ ഭാഗമായി ചെങ്ങന്നൂർ സബ് ഡിവിഷനിലെ മാവേലിക്കര മണ്ഡലത്തിൽപ്പെട്ട ചാരുമൂട് എന്ന സ്ഥലം മോഡൽ ജംഗ്ഷനായി പ്രഖ്യാപിച്ചിട്ടുള്ളതും സി.സി.ടി.വി. ക്യാമറ സ്ഥാപിച്ചിട്ടുള്ളതുമാണ്.

സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നത് പോലീസ് വകുപ്പാണ്. ഇതുസംബന്ധിച്ച ശിപാർശ ലഭ്യമാകുന്ന പക്ഷം റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിന്റെ തീരുമാനത്തിനു വിധേയമായി ഫണ്ട് അനുവദിക്കാവുന്നതാണ്.

## കൊല്ലം നഗരത്തിൽ സ്കൈവാക്ക് സംവിധാനം

285 (3119) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നഗര ഹൃദയത്തിൽ രണ്ട് ദേശീയ പാതകൾ കടന്നു പോകുന്നതും, അഞ്ച് പ്രധാന റോഡുകൾ സംഗമിക്കുന്നതും ഗതാഗത കുരുക്കേറിയതുമായ കൊല്ലം ചിന്നക്കട റൗണ്ടിൽ റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി സ്കൈ വാക്ക് സംവിധാനം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായുള്ള പ്രൊപ്പോസൽ ഇപ്പോൾ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

കൊല്ലം നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സ്കൈവാക്ക് സംവിധാനം സ്ഥാപിക്കുന്നതിന് കൊല്ലം കോർപ്പറേഷൻ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

ഇപ്രകാരമുള്ള ശുപാർശ കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ ലഭ്യമായിട്ടില്ല. ഇതു ലഭ്യമാകുന്ന പക്ഷം കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിന്റെ തീരുമാനത്തിനു വിധേയമായി ഫണ്ട് അനുവദിക്കുന്നതാണ്.

## കല്ലമ്പലം ജംഗ്ഷനിലെ സിഗ്നൽ സംവിധാനം

286 (3120) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ കല്ലമ്പലം ജംഗ്ഷനിൽ ദിനംപ്രതിയുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് സിഗ്നൽ സംവിധാനം ഏർപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് റോഡ് സുരക്ഷാ അതോറിറ്റിയിൽ എന്തെങ്കിലും ശിപാർശകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ സിഗ്നൽ സംവിധാനം ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ബി) കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിന് പോലീസ് വകുപ്പ് മുഖേന ലഭിച്ച 13,84,150 രൂപയുടെ ശിപാർശയ്ക്ക് 8-11-2017-ൽ ചേർന്ന 33-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം അംഗീകാരം നൽകിയിട്ടുണ്ട്. പോലീസ് വകുപ്പിന് മുൻപനുവദിച്ച തുകയുടെ വിനിയോഗപത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ തുക കൈമാറിയിട്ടില്ല.

## ഭിന്നശേഷിക്കാർക്ക് ഡ്രൈവിംഗ് ലൈസൻസ്

287 (3121) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കൈയ്ക്ക് സ്വാധീനം കുറവുള്ളവർക്ക് കാർ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് നിലവിലുള്ള നിയമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു കൈയ്ക്ക് സ്വാധീനമില്ലാത്തവർക്ക്, അവർ മോട്ടോർ വാഹനങ്ങൾ ഡ്രൈവ് ചെയ്യുന്നതിന് പ്രാപ്തരാണെന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കാർ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് തടസ്സമുണ്ടോ ; വിശദമാക്കാമോ;

(സി) ഇത്തരം അപേക്ഷകർക്ക് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭിന്നശേഷിക്കാരായ വ്യക്തികൾ അവരവരുടെ ശാരീരിക ക്ഷമതയ്ക്കനുസരിച്ച് Retrofit ചെയ്തതോ കമ്പനി നിർമ്മിച്ച ഇൻവാലിഡ് കാര്യേജ്/ഓട്ടോമാറ്റിക് ക്ലച്ച് ഓട്ടോമാറ്റിക് ഗിയർ എന്നിവ ഘടിപ്പിച്ചതോ ആയ വാഹനത്തിൽ ഡ്രൈവിംഗ് പരിശീലനം പൂർത്തിയാക്കിയിരിക്കണമെന്നാണ് വ്യവസ്ഥ.

(ബി) മെഡിക്കൽ സർട്ടിഫിക്കററ് ഉണ്ടെങ്കിലും ടെസ്റ്റിംഗ് അതോറിറ്റിയുടെ പരീക്ഷ നടത്തിയതിലുള്ള തീരുമാനം തന്നെയാണ് അന്തിമമായിട്ടുള്ളത്.

(സി) നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ഇത്തരം അപേക്ഷകർക്ക് ലൈസൻസ് അനുവദിക്കുന്നുണ്ട്.

## കൊല്ലം-ആലപ്പുഴ ബോട്ട് സർവ്വീസ്

288 (3122) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലത്തുനിന്നും ആലപ്പുഴയിലേക്ക് ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസ് നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റൂട്ടിലെ ബോട്ട് സർവ്വീസ് നിർത്തിവയ്ക്കുന്നതിനുള്ള കാരണമെന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കൊല്ലത്തുനിന്നും രാവിലെ 10.30-ന് ആരംഭിച്ച് വൈകുന്നേരം 5.30 -ന് ആലപ്പുഴയിൽ എത്തിച്ചേരുന്ന തരത്തിൽ ഒരു സർവ്വീസ് സംസ്ഥാന ജലഗതാഗത വകുപ്പ് ദിവസേന നടത്തിവരുന്നു.

(ബി) സീസണലായി ബോട്ട് സർവ്വീസ് നടത്തുന്നതിനാണ് സർക്കാർ അനുമതി ലഭിച്ചിട്ടുള്ളത്. അപൂർവ്വം സന്ദർഭങ്ങളിൽ ജലപാതയുടെ നവീകരണവുമായി ബന്ധപ്പെട്ട വകുപ്പുകളുടെ നിർദ്ദേശപ്രകാരം പ്രസ്തുത റൂട്ടിലെ ബോട്ട് സർവ്വീസ് താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

**9.30 AM]**

## II അടിയന്തരപ്രമേയം

### കെ.എസ്.ആർ.ടി.സി. പെൻഷൻ പ്രായം വർദ്ധിപ്പിക്കാനുള്ള നീക്കം

മി. സ്പീക്കർ: റൂൾ 50 എടുക്കുന്നതിനുമുമ്പ് അംഗങ്ങളോട് ഒരു പ്രത്യേക അഭ്യർത്ഥനയുണ്ട്. ഇന്ന് സഭ ഉച്ചകഴിഞ്ഞും സമ്മേളിക്കുന്നുണ്ട്. ആരോഗ്യം സംബന്ധിച്ച ധനാഭ്യർത്ഥനയാണ് ഇന്ന് സഭ പരിഗണിക്കുന്നത്. അതിനുശേഷം രണ്ട് പ്രധാനപ്പെട്ട ബില്ലുകൾക്കൂടി പരിഗണിക്കേണ്ടതുണ്ട്. റൂൾ 50 മുതൽതന്നെ സമയക്രമത്തിൽ ഒരു ധാരണയുണ്ടാക്കിയില്ലെങ്കിൽ ഇന്ന് അഞ്ചരമണിക്കും സഭ അവസാനിപ്പിക്കാൻ കഴിയില്ല. സമയനിഷ്ഠയെ സംബന്ധിച്ച് ഓർമ്മ പ്പെടുത്തുമ്പോൾ അസ്വസ്ഥത പ്രകടിപ്പിക്കുകയും വ്യക്തിപരമായ സംഭാഷണങ്ങളിൽ അത് വേണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്ന രീതിയാണ് പൊതുവെ എല്ലാവരും സ്വീകരിക്കുന്നത്. അതുകൊണ്ട് സമയനിഷ്ഠയെക്കുറിച്ച് ഞാൻ ചെറിയൊരു ക്രമീകരണം പറയാം. ആ ക്രമീകരണം ഇന്നേദിവസം അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അടിയന്തരപ്രമേയത്തിന്റെ എല്ലാ പ്രൊസീഡിംഗ്സും 40 മിനിട്ടുകൊണ്ട് അവസാനിപ്പിക്കണം. അടിയന്തരപ്രമേയത്തിന്റെ അവതരണവും മറുപടിയുമുൾപ്പെടെ 10.10-നുള്ളിൽ തീർക്കാൻ കഴിഞ്ഞാൽ നന്നായിരിക്കും. ശ്രദ്ധ ക്ഷണിക്കൽ മൂന്ന് മിനിട്ടുകൊണ്ട് അവതരിപ്പിക്കുകയും രണ്ട് മിനിട്ടുകൊണ്ട് ഉത്തരം പറയുകയും ചെയ്യണം. അത് നേരത്തെ ആലോചിച്ച് തീരുമാനിച്ച കാര്യങ്ങളാണ്. ശ്രദ്ധക്ഷണിക്കൽ 10.25-ന് അവസാനിപ്പിക്കാൻ കഴിയണം. ഇന്നത്തെ ദിവസം സബ്മിഷൻ അവതരിപ്പിക്കുകയും ഉത്തരങ്ങൾ മന്ത്രിമാർ മേശപ്പുറത്തുവയ്ക്കുകയും ചെയ്ത് സഹകരിക്കണമെന്നാണ് ബി.എ.സി. ആലോചിച്ചത്. ഇന്നത്തെ ദിവസം അങ്ങനെയൊരു സമീപനമുണ്ടായാൽ മാത്രമേ ഇത് നടത്തിക്കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. പിന്നെ മൂന്നുമണിക്കൂറുള്ള ചർച്ച രണ്ടുമണിയോടുകൂടി അവസാനിപ്പിക്കണം. ഉച്ചയ്ക്കുശേഷം പത്തുപേർ രണ്ട് ബില്ലുകളിലായി ചർച്ച ചെയ്യാനുണ്ട്. പത്തുപേർ ചർച്ച ചെയ്യുന്ന സമയത്ത്, ബില്ലാണ് നിയന്ത്രിക്കാൻ പാടില്ലെന്നുണ്ടെങ്കിലും എട്ട് മിനിട്ട് വീതമെടുത്ത് സംസാരിച്ച് സഹായിച്ചാൽ അഞ്ചര മണിയോടുകൂടി സഭാനടപടികൾ അവസാനിപ്പിക്കാൻ സാധിക്കും. അംഗങ്ങൾക്കും മാധ്യമപ്രവർത്തകർക്കും ഉച്ചഭക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്നേ ദിവസം സഹകരിച്ചില്ലെങ്കിൽ സഭ അനന്തമായി നീണ്ടുപോകുന്ന സാഹചര്യമുണ്ടാകുമെന്ന് ഓർമ്മപ്പെടുത്തുകയാണ്.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻപ്രായം 60 വയസാക്കി ഉയർത്തുവാനുള്ള മുഖ്യമന്ത്രിയുടെ നിർദ്ദേശവും ഇത് മറ്റ് മേഖലകളിലേക്ക് പടിപടിയായി വ്യാപിക്കാനുള്ള സാധ്യതയും തൊഴിലവസരങ്ങളെ ദോഷകരമായി ബാധിക്കുമെന്ന തൊഴിൽരഹിതരായ ചെറുപ്പക്കാരുടെ ആശങ്കയുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ടി. ബൽറാം, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കെ.എസ്.ആർ.ടി. സി. ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആക്കി ഉയർത്താനുള്ളത് ഒരു നിർദ്ദേശം മാത്രമാണ്. കെ.എസ്.ആർ.ടി.സി.-യുടെ ഇന്നത്തെ അവസ്ഥയെ സംബന്ധിച്ച് സഭയിലിരിക്കുന്ന എല്ലാവർക്കും അറിയാം. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം നല്ലനിലയിൽ നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇന്നേദിവസം തന്നെ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള ഏതാണ്ട് പത്തിരുപതോളം അംഗങ്ങൾ സമാനമായ ചോദ്യങ്ങൾ സഭയിൽ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. അതിൽനിന്നെല്ലാം സർക്കാർ മനസ്സിലാക്കുന്നത് ഈ സ്ഥാപനത്തെ നല്ലൊരു സ്ഥാപനമാക്കി വളർത്തിയെടുക്കാനുള്ള താല്പര്യം സഭയിലെ ഇരു ഭാഗത്തുനിന്നുള്ളവർക്കും ഉണ്ടെന്നുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് കെ.എസ്.ആർ.ടി.സി.-യെ എങ്ങനെ നല്ലൊരു സ്ഥാപനമാക്കി മാറ്റാൻ കഴിയുമെന്നുള്ളതിനെക്കുറിച്ചുള്ള ചർച്ചകൾ സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഈ സ്ഥാപനത്തെ നേരായ വഴിക്ക് നയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുവേണ്ടി സർക്കാർ ഒരു കമ്മീഷനെ നിയമിക്കുകയുണ്ടായി. ഡോ. സുശീൽ ഖന്നയെയാണ് അതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. അദ്ദേഹം നിരവധി നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങളിൽ ഒന്നാണ് നിലവിലുള്ള പെൻഷൻ പ്രായം 60 ആക്കി വർദ്ധിപ്പിച്ചാൽ സാമ്പത്തികമായി തൽക്കാലം വലിയൊരാശ്വാസം കോർപ്പറേഷനുണ്ടാകുമെന്നത്. സ്വാഭാവികമായും മുഖ്യമന്ത്രി ആ നിർദ്ദേശം സംബന്ധിച്ച് ചർച്ച ചെയ്യണമെന്ന കാര്യം മുന്നോട്ടുവയ്ക്കുകയുണ്ടായി. രാഷ്ട്രീയ പാർട്ടികളെ പ്രതിനിധീകരിച്ചുകൊണ്ടുള്ള നേതാക്കന്മാരാണ് ഇരിക്കുന്നത്. ആ നിലയിൽ പ്രസ്തുത നിർദ്ദേശം സംബന്ധിച്ച കാര്യങ്ങൾ അതാത് തലങ്ങളിൽ ചർച്ച ചെയ്യുന്നത് ഈ സ്ഥാപനത്തെ സംരക്ഷിക്കാൻ സഹായകമാകുമെങ്കിൽ സ്വാഗതാർഹമായ ഒരു നിർദ്ദേശമായി അതിനെ എടുക്കണമെന്നാണ് എനിക്ക് ഓരോ രാഷ്ട്രീയ പാർട്ടിയോടും അഭ്യർത്ഥിക്കാനുള്ളത്. ഒരു നിർദ്ദേശം വന്നപ്പോൾത്തന്നെ സഭ നിർത്തിവച്ച്

ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നത് ഈ ഘട്ടത്തിൽ ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഇതൊരു നിർദ്ദേശം മാത്രമാണ്. ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് പറയുന്നത് ശരിയല്ല. പ്രമേയാവതാരകൻ പ്രകടിപ്പിച്ചിട്ടുള്ള മറ്റൊരു ആശങ്ക ചെറുപ്പക്കാരുടെ ഭാഗത്തുനിന്നുണ്ടാകുന്ന അസ്വസ്ഥതയെക്കുറിച്ചാണ്. ചെറുപ്പക്കാരുടെ തൊഴിലവസരങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന് നിശ്ചയദാർഢ്യത്തോടുകൂടിയ ചില നിലപാടുകൾ തന്നെയാണുള്ളത്. തൊഴിലവസരങ്ങൾ പരമാവധി വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ ചെറുപ്പക്കാർക്ക് തൊഴിൽ നൽകുകയെന്ന നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ആ നയത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനുള്ള നിരവധി സംരംഭങ്ങൾ പൊതുമേഖലയിലും സർക്കാർ മേഖലയിലുമായി നടന്നുകൊണ്ടിരിക്കുന്നുണ്ടെന്ന വസ്തുത സഭയിലുള്ള എല്ലാവർക്കും അറിയാവുന്ന കാര്യമാണ്.

ശ്രീ. വി. ടി. ബൽറാം: സർ, ഈ നാട്ടിലെ തൊഴിലില്ലാത്ത മുപ്പത്തിയഞ്ച് ലക്ഷത്തിലേറെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ ആശങ്കയുമായി ബന്ധപ്പെട്ട അതീവഗുരുതരമായിട്ടുള്ള പ്രശ്നം സഭയിൽ ഉന്നയിക്കുന്ന വേളയിൽ ഭരണപക്ഷത്തുള്ള പല പ്രമുഖ യുവജനനേതാക്കളുടെയും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതാണ് കാണാൻ സാധിക്കുന്നത്. ഈ മാർച്ച് പത്തിന് പത്രങ്ങൾ വളരെ ഗുരുതരമായിട്ടുള്ളൊരു വാർത്തയാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആ വാർത്ത ബഹുമാനപ്പെട്ട മന്ത്രിയിവിടെ നിഷേധിച്ചിട്ടില്ലാത്തതിനാൽ ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പെൻഷൻ പ്രായം 60 ആക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതായിട്ടും അത് മുഖ്യമന്ത്രി എൽ.ഡി.എഫ്. യോഗത്തിൽ നിർദ്ദേശിക്കുന്നതായും അടുത്ത ക്യാബിനറ്റ് യോഗത്തിന് മുമ്പായിത്തന്നെ, നാളെയാണ് അടുത്ത ക്യാബിനറ്റ് യോഗം, ഇന്ന് വൈകുന്നേരത്തിനുള്ളിൽ എൽ.ഡി.എഫ്.-ലെ ഘടകകക്ഷികളെല്ലാം അഭിപ്രായം അറിയിക്കണമെന്നുമുള്ള നിർദ്ദേശം മുഖ്യമന്ത്രി മുന്നോട്ടുവച്ചതായിട്ടാണ് വാർത്തകളിൽ കാണുന്നത്. അത് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി അംഗീകരിക്കുന്നുമുണ്ട്. ഇവിടെ ഗുരുതരമായിട്ടുള്ള പ്രശ്നമായി ഇത് മാറിയിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യിൽ ഏറ്റവും കൂടുതൽ നിയമനം നടത്തിയിട്ടുള്ളത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. 25245-ലേറെപ്പേർക്ക് അന്ന് നിയമനം നൽകാൻ യു.ഡി.എഫ്. ഗവൺമെന്റിന് സാധിച്ചു. ഇന്നത്തെ അവസ്ഥ എന്താണ്? ഇന്ന് നമ്മളിവിടെ സംസാരിക്കുമ്പോൾ സെക്രട്ടേറിയറ്റ് നടയിൽ റാങ്ക് ഹോൾഡേഴ്സ് സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. 4050 കണ്ടക്ടർമാർക്ക് പി.എസ്.സി. വഴി നിയമന ഉത്തരവ് ലഭിച്ചിട്ടും അവർക്ക് നിയമനം നൽകാൻ

കെ.എസ്.ആർ.ടി.സി.-ക്ക് കഴിയുന്നില്ല. അവർ സമരത്തിലാണ്. പല കാരണങ്ങൾ പറഞ്ഞ് ആയിരത്തിമുന്നോറോളം പേരെ പിരിച്ചുവിട്ടു. ഡ്യൂട്ടി മാറ്റുന്നതിന്റെ ഭാഗമായി വലിയ പീഡനങ്ങൾ ജീവനക്കാർക്ക് നേരിടേണ്ടി വരുന്നു. അങ്ങനെ വലിയ രീതിയിലുള്ള ബുദ്ധിമുട്ടുകൾ അവിടെ അരങ്ങേറുമ്പോൾ പെൻഷൻ പ്രായം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് സുശീൽ ഖന്ന റിപ്പോർട്ടിലെ ഒരു ഭാഗം നടപ്പാക്കാൻ വേണ്ടിയെന്ന വ്യാജേന ഗവൺമെന്റ് കടന്നുവരികയാണ്. സുശീൽഖന്ന റിപ്പോർട്ട് നമ്മൾ വായിച്ചിട്ടുള്ളതാണ്. 190-ഓളം പേജുകളുള്ള റിപ്പോർട്ടിൽ അവസാനത്തെ ചെറിയ പാരഗ്രാഫിൽ " 56-ൽ നിന്ന് 60-ലേയ്ക്ക് മാറ്റിയാൽ 450 കോടിയോളം രൂപ ലാഭമുണ്ടാകുമെന്ന" നിർദ്ദേശം വച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പരിഷ്കാരവുമായി ബന്ധപ്പെട്ട് സുശീൽ ഖന്ന റിപ്പോർട്ട് സദുദ്ദേശത്തോടുകൂടി നടപ്പാക്കാൻ തയ്യാറായി ഗവൺമെന്റ് കടന്നുവരികയാണെങ്കിൽ നമുക്കാർക്കും വിയോജിപ്പില്ല. അക്കാര്യം ചർച്ച ചെയ്യാമെന്നുതന്നെയാണ് ഞങ്ങളും പറയുന്നത്. 6-3-2018-ന് ഇതുമായി ബന്ധപ്പെട്ട നിരവധി ചോദ്യങ്ങൾ ഈ സഭയിലുയർന്നു. സർവ്വശ്രീ കെ. എസ്. ശബരീനാഥൻ, വി. ഡി. സതീശൻ, വി. പി. സജീന്ദ്രൻ, റോജി എം. ജോൺ എന്നിവരുടെ ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി, ബഹുമാന്യനായ എ. കെ. ശശീന്ദ്രൻ, സുശീൽ ഖന്ന റിപ്പോർട്ടും അതിലെ നിർദ്ദേശങ്ങളുമൊക്കെ പറയുന്നുണ്ട്. വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം മുഖേന കുറഞ്ഞ പലിശനിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയുമുള്ള വായ്പകളാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കുന്നു, വായ്പകളുടെ രജിസ്റ്റർ ചെക്കിനെക്കുറിച്ച് പറയുന്നു, അതുവഴി മാസം 60 കോടി രൂപ മിച്ചംപിടിക്കാൻ കഴിയുമെന്നും സുശീൽ ഖന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ പറയുന്നു. അന്നേ ദിവസം ശ്രീ. കെ. ദാസന്റെ ചോദ്യത്തിന് കൂടുതൽ വിശദമായ നിർദ്ദേശങ്ങളെക്കുറിച്ച് പറയുന്നുണ്ട്, "പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കും, അതുവഴി 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുന്നുണ്ട്. ഷെഡ്യൂളുകളും ഡ്യൂട്ടി പാറ്റേണും ഏകീകരിക്കുന്നുണ്ട്. കിലോമീറ്ററിലധിഷ്ഠിതമായ ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിക്കാൻ പോകുകയാണ്. സിംഗിൾ ഡ്യൂട്ടി പാറ്റേൺ നടപ്പിലാക്കാൻ പോകുകയാണ്. അതുപോലെതന്നെ മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം പരമാവധി ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുകയാണ്. ആധുനിക ഉപകരണങ്ങൾ വാങ്ങുന്നുണ്ട്. ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽ നിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങൾ ചെയ്യുന്നു. 900 ഡീസൽ ബസുകൾ വാങ്ങാൻ ആലോചിക്കുന്നു" തുടങ്ങി കെ.എസ്.ആർ.ടി.സി.-യിൽ ഏതൊക്കെ തരത്തിലുള്ള നവീകരണമാണോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്

അതൊക്കെ ചോദ്യങ്ങളുടെ ഭാഗമായി ഗതാഗത വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. പക്ഷെ അതിലൊന്നും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് പറയുന്നില്ല. ഇതൊരു ഒളിച്ചുകളിയാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. പെൻഷൻ പ്രായം കെ.എസ്.ആർ.ടി.സി.-യിൽ 60 വയസാക്കി വർദ്ധിപ്പിക്കുന്നതിലൂടെ, അത് കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുന്നതിനാണെന്ന് വരുത്തിതീർക്കുന്നതിലൂടെ ഈ ഗവൺമെന്റ് വലിയ രീതിയിലുള്ള നടപടിയുടെ ആദ്യ ചുവടുവയ്പ്പ് നടത്തുകയാണ്. പെൻഷൻ പ്രായം സർക്കാർ സർവ്വീസിൽ വർദ്ധിപ്പിക്കുന്നതിനുള്ള ആദ്യനടപടിക്ക് കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധിയെ മറയാക്കി ഗവൺമെന്റ് മുന്നോട്ടുവരുന്നു എന്നതാണ് കാണാൻ സാധിക്കുന്നത്. കേരളത്തിലെ പെൻഷൻ പ്രായം എത്രയോ പതിറ്റാണ്ടുകളായി 55 വയസ്സായിരുന്നു. കഴിഞ്ഞ തവണത്തെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത്, അന്നത്തെയും ധനകാര്യവകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് തന്നെയാണ്, 24-4-2009-ലെ ജി. ഒ. (പി) നമ്പർ 154/2009/Fin. ഉത്തരവിലൂടെ പെൻഷൻ ഏകീകരണം കൊണ്ടുവന്നത്. എല്ലാവരും മാർച്ച് 31-ന് വിരമിക്കുന്നുവെന്നപേരിൽ പതിറ്റാണ്ടുകളായി 55 വയസ്സിൽ റിട്ടയർ ചെയ്തിരുന്നത് മാറ്റി പെൻഷൻ പ്രായം ഇഫക്ടീവ്‌ലി 56 ആക്കി വർദ്ധിപ്പിച്ചത്. 55 വയസ്സും 10 മാസവുംവരെ ആളുകൾക്ക് സർവ്വീസിൽ തുടരാൻ കഴിയുന്ന സാഹചര്യമൊരുക്കിയത് അന്നത്തെ ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന്റെ ഉത്തരവിന്റെ ഭാഗമായിട്ടാണ്. പിന്നീട് 2012-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് ശ്രീ. കെ. എം. മാണി 2012 മാർച്ച് 19-ന് ബജറ്റ് അവതരിപ്പിച്ചപ്പോൾ അതിൽ പെൻഷൻ ഏകീകരണം എടുത്തുകളയാനും 56-ലേയ്ക്ക് നിജപ്പെടുത്താനുംവേണ്ടി ബജറ്റിൽ പ്രഖ്യാപനം നടന്നപ്പോൾ ബജറ്റ് അവതരിപ്പിക്കാൻപോലും സമ്മതിക്കാതെ പ്രതിപക്ഷം ബഹളം വയ്ക്കുകയായിരുന്നു. അന്നത്തെ പത്രങ്ങൾ എന്റെ കയ്യിലുണ്ട്, ഫോട്ടോ അടക്കമുണ്ട്. അന്നേ ദിവസംതന്നെ തെരുവിൽ പ്രതിഷേധമായിരുന്നു. മാർച്ച് 20-ാം തീയതിയിലെ പത്രങ്ങളിൽ അത് കാണാം. പെൻഷൻ പ്രായം 56 ആക്കിയെന്നതിന്റെ പേരിൽ വലിയ പ്രതിഷേധം ഉയർത്തിവിട്ടിരുന്നവരാണ് നിങ്ങളെല്ലാവരും. പ്രതിപക്ഷത്തെ യുവ എം.എൽ.എ.-മാർ പത്രസമ്മേളനം നടത്തി. മലയാള മനോരമ റിപ്പോർട്ട് ചെയ്യുന്നു, " കേരളം കത്തുമെന്ന് യുവ എം.എൽ.എ.-മാർ". മലയാള മനോരമ മാത്രമല്ല, ദേശാഭിമാനിയിൽ പറഞ്ഞിരിക്കുന്ന "പെൻഷൻ പ്രായം ഉയർത്തൽ; നാടെങ്ങും ബഹുജനരോഷം, തൃശ്ശൂരിൽ ലാത്തിച്ചാർജ്, മുഖ്യമന്ത്രിയെ കരിങ്കൊടികാട്ടി." ദേശാഭിമാനിയിലെ മാർച്ച് 20-ാം തീയതിയിലെ വാർത്ത ഞാൻ വായിക്കാം. " ശക്തമായ പ്രതിഷേധമുയർത്താൻ ഇടത് യുവജനസംഘടനകൾ. പെൻഷൻ പ്രായം ഉയർത്താനുള്ള തീരുമാനം ഉടൻ പിൻവലിച്ചില്ലെങ്കിൽ അതിശക്തമായ പ്രക്ഷോഭം നേരിടേണ്ടി വരുമെന്ന് ഇടത് യുവജന സംഘടനാ നേതാക്കളായ

എം.എൽ.എ.മാർ വാർത്താസമ്മേളനത്തിൽ സർക്കാരിന് മുന്നറിയിപ്പ് നൽകി. തീരുമാനം പിൻവലിച്ചില്ലെങ്കിൽ കനത്ത വില നൽകേണ്ടി വരും. അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ധിക്കാരവും ധാർഷ്ട്യവും നിറഞ്ഞ തീരുമാനമെടുത്ത മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്കും ധനമന്ത്രി ശ്രീ. കെ. എം. മാണിക്കും ആയിരിക്കും. തീരുമാനം നടപ്പാക്കാൻ ഒരു കാരണവശാലും അനുവദിക്കില്ലെന്നും എം. എൽ.എ. മാരായ ശ്രീ. പി. ശ്രീരാമകൃഷ്ണൻ, ശ്രീ. റ്റി. വി. രാജേഷ്, ശ്രീ. വി. എസ്. സുനിൽ കുമാർ, ശ്രീ. കോവൂർ കുഞ്ഞുമോൻ, ശ്രീ. ആർ. രാജേഷ് എന്നിവർ പറഞ്ഞു." നിങ്ങൾ അതൊക്കെ മറന്നുപോയോ; അൽഷിമേഴ്സ് രോഗം നിങ്ങൾക്കെല്ലാവർക്കും പിടിപെട്ടിരിക്കുന്നോ? നിങ്ങൾ എവിടെയാണ് ഇപ്പോൾ നിൽക്കുന്നത്? ഇങ്ങനെ വലിയ രീതിയിൽ സമരം നടത്തിയിരുന്ന ആളുകൾ, അങ്ങ് തന്നെ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചു. ശ്രീ. റ്റി. വി. രാജേഷ് പിറ്റേദിവസം 21-ാം തീയതി അവതരിപ്പിച്ച ശ്രദ്ധ ക്ഷണിക്കലിലെ വാചകം ഞാൻ വായിക്കാം. " അങ്ങേയറ്റം കടുത്ത യുവജന വിരുദ്ധ സമീപനത്തിൽ നിന്ന് അങ്ങയുടെ ഗവൺമെന്റ് (യു.ഡി.എഫ്.ഗവൺമെന്റ്) പിന്മാറണമെന്ന് അഭ്യർത്ഥിക്കുന്നു. ഇവിടെ 42,000-ത്തോളം ആളുകൾ ജോലി കാത്ത് നിൽക്കുന്നുണ്ട്. അവരുടെ തൊഴിലവസരങ്ങൾ എന്നേയ്ക്കുമായി ഇല്ലാതാകാൻ പോകുകയാണ്. കേരളത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള ആളുകളുടെ എണ്ണം എടുത്തുനോക്കിയാൽ സിംഹഭാഗവും നിശ്ചിത പ്രായപരിധിയിലെത്തി നിൽക്കുന്നവരാണെന്ന് കാണാം. വളരെ ക്ലേശം സഹിച്ച് പരീക്ഷയെഴുതി റാങ്ക് ലിസ്റ്റിൽ പേര് വന്ന, അഡ്വൈസ് മെമ്മോ കാത്തുനിൽക്കുന്ന പതിനായിരക്കണക്കിനാളുകളുടെ സ്വപ്നത്തിന് ചിതയൊരുക്കുന്ന തീരുമാനമാണ് അങ്ങയുടെ മന്ത്രിസഭ സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ തീരുമാനത്തിൽ നിന്ന് പിന്മാറണമെന്നും കേരളത്തിലെ പെൻഷൻ പ്രായം 55 ആക്കി നിജപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുന്നു". അന്നത്തെ പ്രതിപക്ഷ എം.എൽ.എ ബഹുമാനപ്പെട്ട ശ്രീ. പി. ശ്രീരാമകൃഷ്ണൻ അന്ന് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകി ഇരുപത് മിനിട്ട് സംസാരിച്ചു. അതിൽ സ്പീക്കർ ഇടപെട്ടു, ബഹളമായി, പലതരത്തിലുള്ള ആക്ഷേപം അങ്ങ് ഉന്നയിച്ചു. യൂത്ത് കോൺഗ്രസുകാർ എവിടെപ്പോയി എന്നൊക്കെ ശ്രീരാമകൃഷ്ണൻ സാറിന്റെ പ്രസംഗത്തിലുണ്ടായിരുന്നു. അതിനുശേഷം അങ്ങ് പ്രസംഗം കൺക്ലൂഡ് ചെയ്യുന്നത് ഇങ്ങനെയാണ്. " ഇതിലൊക്കെ മൗനംപൂണ്ടിരുന്ന് എല്ലാ പാപഭാരവും ജീവനക്കാരുടെ പെൻഷനിൽ അടിച്ചേൽപ്പിക്കുന്നത് ശരിയല്ല. യുവജനങ്ങൾ എങ്ങോട്ടാണ് പോകേണ്ടത്? ലോകത്താകെയുള്ള അനുഭവങ്ങൾ ഓർമ്മിക്കണം. ഒരു കാര്യം ഞാൻ കൃത്യമായി പറയുകയാണ്, കേരളത്തിലെ പെൻഷൻ പ്രായം 60 വയസാക്കിയാൽ അത് ഈ സർക്കാരിന്റെ അന്ത്യ ദിനമായിരിക്കും. 60 വയസ്സെന്ന പ്രഖ്യാപനവും അന്ത്യദിന പ്രഖ്യാപനവും ഒന്നിച്ചായിരിക്കും. ഇതാണ് അങ്ങ് പറഞ്ഞത്. ഈ നിലയിൽ മുന്നോട്ടുപോകുമ്പോൾ എങ്ങനെയാണ്

ഈ ഗവൺമെന്റിനെ ജനങ്ങൾക്ക് വിശ്വസിക്കാൻ സാധിക്കുക? കെ.എസ്.ആർ.ടി.സി. എം.ഡി. ശ്രീ. ഹേമചന്ദ്രൻ ഐ.പി.എസ്. പോലും പറയുന്നത് 58 വയസ്സാക്കണമെന്നാണ്. അപ്പോഴാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം വയ്ക്കുന്നത് 60 വയസ്സാക്കണമെന്ന്. റിയൽ എസ്റ്റേറ്റ് ബ്രോക്കർമാർ 5 ലക്ഷം രൂപ വിലയുള്ള സ്ഥലത്തിന് 6 ലക്ഷം രൂപ പറയും. അവസാനം 5.50 ലക്ഷത്തിൽ കൊണ്ടെത്തിക്കും. അതുപോലെ ആദ്യം 60 വയസ്സാണെന്ന് പറയുന്നു. കെ.എസ്.ആർ.ടി.സി. പോലും 58 ആണ് പ്രതീക്ഷിക്കുന്നത്. 58-ലേയ്ക്ക് കേരളത്തിലെ യുവജനങ്ങളുടെ പൊതുബോധത്തെ മെരുക്കിയെടുക്കുന്നതിനുവേണ്ടി ആദ്യം 60-നെക്കുറിച്ച് പറയുന്നു. അതിനുശേഷം ഒരുപക്ഷെ അപ്പുറത്തുള്ള ആളുകൾ പ്രതിഷേധവുമായി മുന്നോട്ടുവന്നേയ്ക്കാമെന്നുള്ളതുകൊണ്ട് 58-ൽ ഇത് അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു ഒത്തുതീർപ്പ് നാടകമാണ് ഇവിടെ നടക്കാൻ പോകുന്നതെന്ന് മനസ്സിലാകും. ചൈനയിൽ സ്വേച്ഛാധിപതിയായ ഷി ജിൻ പിങ്-ന്റെ വോട്ടെടുപ്പിനെക്കുറിച്ച് നമ്മൾ കേട്ടു. ആജീവനാന്തകാലത്തേയ്ക്ക് ഷി ജിൻ പിങ്-നെ പ്രസിഡന്റായി തെരഞ്ഞെടുത്തിരിക്കുകയാണ്. അവിടുത്തെ വോട്ടെടുപ്പിന്റെ പാറ്റേൺ ശ്രദ്ധിച്ചപ്പോൾ 2958 ആളുകളാണ് അനുകൂലമായി വോട്ട് രേഖപ്പെടുത്തിയത്. എതിരായി വോട്ട് രേഖപ്പെടുത്തിയത് വെറും രണ്ടുപേർ. അത് ഒത്തുകളിയാണെന്ന ആക്ഷേപം വന്നു. കാരണം ചൈന വ്യത്യസ്ത അഭിപ്രായങ്ങൾ അനുവദിക്കുന്നുണ്ട്. ആളുകൾക്ക് അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം നൽകുന്നുണ്ടെന്ന് കാണിച്ചുകൊടുക്കാൻവേണ്ടി രണ്ടുപേരെക്കൊണ്ട് എതിർത്ത് വോട്ട് ചെയ്യിപ്പിച്ചതാണെന്ന് പത്രങ്ങളിൽ വാർത്ത വന്നു. ഇവിടെ ഈ സ്വേച്ഛാധിപത്യ തീരുമാനങ്ങളെ എതിർക്കാൻ ഒരാളെങ്കിലുമുണ്ടോ? ഇവിടെ ഒരാൾക്കെങ്കിലും ധൈര്യമുണ്ടോ, ചൈനയിൽ രണ്ടു പേരെങ്കിലുമുണ്ടായി. ഒത്തുകളിയുടെ ഭാഗമായാണെങ്കിലും DYFI നേതാക്കൻമാരുണ്ട്. ശ്രീ. ഷംസീറും രാജേഷുമാരുമുണ്ട്. ശ്രീമതി യു. പ്രതിഭാ ഹരിയെ കാണുന്നില്ല, ശ്രീ. സ്വരാജിനെ കാണുന്നില്ല. ഇവിടെയുള്ള AIYF നേതാക്കൻമാർ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഞാൻ ശക്തമായി അതിനെ പിന്തുണയ്ക്കുകയാണ്. "യുവാക്കൾക്കിടയിൽ സർക്കാരിന്റെ വിശ്വാസ്യത കളയുന്നു" AIYF-ന്റെ പ്രസ്താവനയാണ്. ഞാനത് അംഗീകരിക്കുകയാണ്. ......(ബഹളം)......

മി. സ്പീക്കർ: പ്ലീസ്...സമയം പാലിക്കു....

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. കനൽ ഒരു തരിമതിയെന്നാണ് ഇവർ പറയുന്നത്. പക്ഷെ ഒരു തരിയും കാണുന്നില്ല. പൊടിപോലുമില്ല DYFI-യെ കണ്ടുപിടിക്കാൻ. കേരളം കണ്ട ഏറ്റവും വലിയ യുവജന വിരുദ്ധ നയത്തിലേയ്ക്ക് ഈ ഗവൺമെന്റ് പോകുമ്പോൾ, കെ.എസ്.ആർ.ടി.സി.-യുടെ മറപിടിച്ചുകൊണ്ട് പെൻഷൻ പ്രായം വർദ്ധിപ്പിച്ച് 60

വയസ്സാക്കി കേരളത്തിലെ ലക്ഷോപലക്ഷം ചെറുപ്പക്കാരുടെ ഭാവി സ്വപ്നങ്ങളിൽ കരിനിഴൽ വീഴ്ത്തുന്ന ഈ ഗവൺമെന്റിന്റെ നയസമീപനങ്ങൾക്കെതിരെ പ്രതികരിക്കാൻ ഇവിടെ DYFI അടക്കമുള്ള ഒരു യുവജനസംഘടനയും ശക്തമായി കടന്നുവരുന്നില്ലെന്ന് ഈ കേരളം കാണുകയാണ്. അതുകൊണ്ട് അതീവ ഗുരുതരമായ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ചാണ് ഇവിടെ അടിയന്തരപ്രമേയ നോട്ടീസ് നൽകിയിരിക്കുന്നത്. എന്നാൽ അതിന്റെ ഒരറ്റം പിടിച്ച് കേരളത്തിലെ സർക്കാർ ജീവനക്കാരുടെയാകെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനുള്ള ഗൂഢാലോചനയാണ് ഇതെന്ന ആക്ഷേപമാണ് ദൗർഭാഗ്യവശാൽ പ്രമേയാവതാരകൻ ഉന്നയിച്ചിട്ടുള്ളത്. അദ്ദേഹം ഇത്രനേരം സംസാരിച്ചിട്ടും കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധിയെക്കുറിച്ച് സംസാരിച്ച് കേൾക്കാത്തതിൽ എനിക്ക് വല്ലാത്ത നിരാശയുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ 40000-ത്തോളം പെൻഷൻകാരും 39000-ത്തോളം ജീവനക്കാരും അവരെ ആശ്രയിച്ചുവരുന്ന കുടുംബങ്ങളുമുണ്ട്. അവരെയും കെ.എസ്.ആർ.ടി.സി.-യെയും രക്ഷിക്കുകയെന്നത് ഈ സംസ്ഥാനത്തെ ഭരണപക്ഷ-പ്രതിപക്ഷ ഭേദമന്യേ മുഴുവനാളുകളുടെയും പ്രശ്നമെന്ന നിലയിൽ ഉയർത്തിക്കാണിക്കാനായിരുന്നു അദ്ദേഹം ശ്രമിക്കേണ്ടിയിരുന്നത്. അതിന്റെ ഭാഗമായി ചില നടപടികൾ ഞങ്ങൾ സ്വീകരിച്ചുവരികയാണ്. അതിന്റെ ഭാഗമായിട്ടാണ് ബാങ്കുകളുടെ കൺസോർഷ്യവുമായി ചർച്ച ചെയ്തുകൊണ്ട് ദീർഘകാല വായ്പ തിരിച്ചടക്കുന്നതിനുള്ള കാലാവധി വർദ്ധിപ്പിച്ചുകൊണ്ട്, പലിശയിനത്തിൽ മാത്രം ഒരു മാസം 60 കോടി രൂപയുടെ ചെലവ് ചുരുക്കൽ നടപടിയുമായി ഈ സർക്കാർ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. അതുപോലെ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. വായ്പയ്ക്ക് 20 വർഷത്തെ കാലാവധിയാണ് ചോദിച്ചിട്ടുള്ളത്. അങ്ങനെ വരുമ്പോൾ തിരിച്ചടവിൽ പ്രതിദിനം 2 കോടി രൂപയെങ്കിലും കുറവുണ്ടാകുന്നതിനുള്ള ഒരു നടപടിയാണ് സ്വീകരിക്കുന്നത്. 1226 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചുകൊണ്ട് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതായി അദ്ദേഹം തന്നെ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇതുപോലെ നിരവധി ശ്രമങ്ങളാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ വിഷയത്തിന് അടിയന്തരപ്രമേയത്തിന്റെ സ്വഭാവവും ഗൗരവവുമുണ്ടാക്കിയെടുക്കുന്നതിനുവേണ്ടി മറ്റുകാര്യങ്ങൾ ഉന്നയിച്ചതിനെ ദൗർഭാഗ്യകരമെന്നേ ഞാൻ പറയുന്നുള്ളൂ. ആദ്യമായിട്ടല്ല കെ.എസ്.ആർ.ടി.സി.-

യിലെ പെൻഷൻ പ്രായം ഉയർത്തുന്നതുസംബന്ധിച്ച നിർദ്ദേശം മുന്നോട്ടുവരുന്നത്. ഈ സർക്കാരിന് മുമ്പാകെ നേരത്തെയും സമാനമായ നിർദ്ദേശങ്ങൾ കെ.എസ്.ആർ.ടി.സി. ഉന്നയിക്കുകയുണ്ടായി എന്ന കാര്യം മുൻ ഗതാഗത വകുപ്പുമന്ത്രിമാർക്ക് അറിയാവുന്നതാണെന്നാണ് ഞാൻ കരുതുന്നത്. പെൻഷൻ പ്രായം 58 ആക്കണമെന്ന് എം.ഡി. പറഞ്ഞതായിട്ടാണ് അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചത്. അങ്ങനെയൊരുകാര്യം എം.ഡി. പറഞ്ഞതായി ഞങ്ങളുടെയാരുടെയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് എം.ഡി.-യുടെ നിർദ്ദേശമല്ല.

ശ്രീ. വി. ടി. ബൽറാം: മാധ്യമം പത്രത്തിൽ വന്ന വാർത്തയാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, എം.ഡി. പറഞ്ഞിട്ടില്ല. ആ വാർത്ത അടിസ്ഥാനരഹിതമായ വാർത്തയാണെന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ട് അക്കാര്യത്തിൽ തർക്കത്തിന്റെ ആവശ്യമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കെ.എസ്.ആർ.ടി.സി. എം.ഡി. അങ്ങനെ പറഞ്ഞിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഞങ്ങൾക്കും ശ്രീ. എ. ഹേമചന്ദ്രനെ അറിയാം. മന്ത്രിയും വകുപ്പുമറിയാതെ എം.ഡി. അങ്ങനെ പറയില്ല. അപ്പോൾ അങ്ങനെയൊരു കാര്യം അങ്ങയുമായി ചർച്ച ചെയ്തിട്ടുണ്ടോ; എങ്ങനെ ഈ വാർത്ത അദ്ദേഹത്തിന്റേതായി പുറത്തുവന്നുവെന്നുള്ളത് അന്വേഷിക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: ശരിയായ വാർത്തയല്ല എന്ന് ഞാൻ പറഞ്ഞത് വിശ്വാസത്തിലെടുക്കാൻ ബഹു. പ്രതിപക്ഷ നേതാവിന് കഴിയണം. കെ.എസ്.ആർ.ടി.സി.-യിൽ തന്നെ 01-04-2013-നുശേഷം ജോലിയിൽ പ്രവേശിക്കുന്നവരുടെ പെൻഷൻ പ്രായം എത്രയാണെന്ന് പ്രതിപക്ഷത്തിരിക്കുന്നവർക്കാണ് എന്നെക്കാളും നന്നായി അറിയാവുന്നത്. ഈ തീരുമാനം കേരളത്തിലെ മുഴുവൻ സർക്കാർ ജീവനക്കാർക്കും ബാധകമാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചത് ഞങ്ങളാരുമല്ല. പടിപടിയായി എല്ലാ മേഖലയിലും പെൻഷൻ പ്രായം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശവും നടപടികളും പിൻവാതിലിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കിയത് ഞങ്ങളല്ല, നിങ്ങളുടെ കാലത്താണെന്ന വസ്തുത നിങ്ങൾ മറന്നുപോകരുത്. പക്ഷേ ഇതൊന്നും ഒരു ന്യായീകരണമായി ഞാൻ എടുക്കുന്നില്ല. പക്ഷേ പറയുമ്പോൾ എല്ലാം മനസ്സിലാക്കണമെന്നുമാത്രമേ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നുള്ളൂ. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 34-ഓളം പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം 60 ആക്കി മാറ്റിയിട്ടുണ്ടെന്ന വസ്തുത അന്ന് ഭരണപക്ഷത്തിരുന്ന ശ്രീ. വി. ടി. ബൽറാമിന് അറിയാമെന്നാണ് ഞാൻ കരുതുന്നത്. ഇതൊക്കെ ഈ കേരളത്തിൽ നടന്നിട്ടുണ്ട്. അതൊക്കെ

മാറ്റിവച്ച് കെ.എസ്.ആർ.ടി.സി.-യെ എങ്ങനെയാണ് ശരിയായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന ചർച്ചയാണ് നടക്കേണ്ടത്. അതിന് രാഷ്ട്രീയ പാർട്ടികൾ സ്വയം ചർച്ച ചെയ്യണം. ഒറ്റപ്പെട്ട അഭിപ്രായങ്ങളുടെയും അഭിപ്രായവ്യത്യാസങ്ങളുടെയും അടിസ്ഥാനത്തിൽ ഈ പൊതുമേഖലാ സ്ഥാപനത്തിന്റെ സുഗമമായ മുന്നേറ്റത്തെ തകർക്കാനല്ല ശ്രമിക്കേണ്ടത്, അതിനുള്ള നിർദ്ദേശങ്ങളിലൊന്ന് മാത്രമാണിത്. ആ നിർദ്ദേശം ഭരണപക്ഷവും പ്രതിപക്ഷവും എല്ലാവരും ഗൗരവത്തിൽ ചർച്ച ചെയ്യണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ചുകൊണ്ട് ചർച്ച ചെയ്യേണ്ട അടിയന്തര സാഹചര്യം ഇപ്പോഴില്ലെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):- സർ, നമ്മുടെ സംസ്ഥാനത്ത് പെൻഷൻ പ്രായം വർദ്ധിപ്പിക്കാനുള്ള യാതൊരു ആലോചനയും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തില്ല. ഇവിടെ കെ.എസ്.ആർ.ടി.സി.-യുടെ പ്രശ്നങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. വേഗം അവസാനിപ്പിക്കണമെന്ന് അങ്ങ് പറഞ്ഞതുകൊണ്ട് കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പക്ഷെ ഒരു വസ്തുത ചോദ്യം ചെയ്ത് ഒരു കാര്യം പറഞ്ഞു. സുശീൽ ഖന്ന റിപ്പോർട്ടിൽ അങ്ങനെയൊന്നും പറഞ്ഞിട്ടില്ല, ആ റിപ്പോർട്ട് ഞാൻ ഉദ്ധരിക്കാം:-

" 5. <u>Creation of KSRTC Pension Fund</u>

With 5,557 employees retiring from the Corporation within the next five years (2012 to 2017), an already-ailing KSRTC would find it difficult to pay their superannuation benefits timely and effectively. Those employees who have joined the Corporation after 01 April 2013 come within the purview of the New Pension Scheme introduced by the Government of Kerala wherein the age of superannuation is 60 years. According to the calculations by the KSRTC management, if the age of superannuation for the employees who had joined prior to April 2013 is to be raised from 56 to 60 years, the Corporation could save to the tune of Rs.450 crores from the 10% Treasury Savings Bank (TSB) account. This amount can then be used to create a Pension Fund to address the part of the pension liability to be borne by the Corporation" . ഇതാണ് സുശീൽ ഖന്ന റിപ്പോർട്ടിലെ ഒരു ഭാഗം. ഇതുമാത്രമല്ല, ധാരാളം കാര്യങ്ങളുണ്ട്. നിലവിലുള്ള ജീവനക്കാർക്ക് ചില പ്രയാസങ്ങളുണ്ടാക്കുന്ന കാര്യങ്ങളുണ്ട്. പക്ഷെ എല്ലാ

യൂണിയനുകളും അതുമായി സഹകരിക്കാനാണ് തീരുമാനിച്ചത്. അല്ലെങ്കിൽ കെ.എസ്.ആർ.ടി.സി.-ക്ക് എന്താണ് സംഭവിക്കുക എന്ന തിരിച്ചറിവ് എല്ലാവർക്കുമുണ്ട്. ശമ്പളവും പെൻഷനും കൊടുക്കാൻ കഴിയാത്ത അവസ്ഥ, ഇതിന്റെയെല്ലാം ഭാഗമായി വല്ലാതെ പ്രയാസമനുഭവിക്കുന്ന നില. ഈ സ്ഥാപനം എവിടേയ്ക്കാണ് പോകുന്നതെന്ന തിരിച്ചറിവുള്ളതുകൊണ്ടാണ് പ്രയാസങ്ങളുണ്ടെങ്കിലും തങ്ങൾ അനുഭവിച്ചുവരുന്ന ആനുകൂല്യങ്ങളിൽ കുറവ് വരുമെങ്കിലും ഈ നിർദ്ദേശങ്ങളോടാകെ സഹകരിക്കാൻ എല്ലാ യൂണിയനുകളും തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, സുശീൽ ഖന്ന റിപ്പോർട്ടിനെതിരായി ഇന്ന് കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർ സമരം നടത്തുകയാണ്. ഞാൻ കെ.എസ്.ആർ.ടി.സി. ഡ്രൈവേഴ്സ് യൂണിയന്റെ പ്രസിഡന്റാണ്. അവർ തന്നെ പറയുന്നത്, 50 വയസ്സിനു മുകളിലുള്ള ഡ്രൈവർമാർ ലോംഗ് ഡിസ്റ്റൻസ് ട്രിപ്പ് പോകുന്നില്ല, കാരണം, അവർക്ക് കണ്ണ് കാണാൻ കഴിയുന്നില്ല എന്നാണ്. അപ്പോൾ 60 വയസ്സിലേയ്ക്ക് പെൻഷൻ പ്രായം ഉയർത്തിയാൽ കെ.എസ്.ആർ.ടി.സി.-യുടെ കാര്യക്ഷമതയെ എങ്ങനെ ബാധിക്കുമെന്നുള്ളതിനെക്കുറിച്ച് അങ്ങ് ആലോചിക്കണം. ഇന്നത്തെ സമരം ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, ഇത് പൂർണ്ണമായും വസ്തുതാപരമായ കാര്യമാണ്. സുശീൽ ഖന്ന റിപ്പോർട്ട് വന്ന ഘട്ടത്തിൽ യൂണിയനുകളെയെല്ലാം വിളിച്ച് ചർച്ച ചെയ്തയാളാണ് ഞാൻ. അതുമായി പൂർണ്ണമായും സഹകരിക്കാമെന്ന് അവർ പറഞ്ഞതാണ്. എല്ലാവരും സഹകരിച്ചുകൊണ്ടിരിക്കുകയാണ്. രാഷ്ട്രീയമായ എന്തെങ്കിലും കാര്യങ്ങൾ വരുന്നുണ്ടോ എന്ന് എനിക്കറിയില്ല, അങ്ങനെയാണല്ലോ നമ്മുടെ നാടിന്റെ ഒരു രീതി. ആ നിലയിലല്ല കാര്യങ്ങൾ ഇപ്പോൾ നീങ്ങുന്നത്. എല്ലാവരും ഇതുമായി സഹകരിക്കുകയാണ്. അതുകൊണ്ടുതന്നെ എല്ലാവരും സഹകരിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്താനുള്ള ശ്രമങ്ങളാണ് ഇവിടെ നടക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ തീരുമാനമൊന്നുമെടുത്തിട്ടില്ലെന്ന് ബഹുമാന്യനായ മന്ത്രി പറഞ്ഞു. എന്തുവേണമെന്നുള്ളത് സംബന്ധിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

10.00 AM]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത് പ്രമേയാവതാരകനായ ശ്രീ. വി. ടി. ബൽറാം കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധിയെക്കുറിച്ച് പറഞ്ഞില്ലായെന്നാണ്. മാത്രമല്ല, അടിയന്തരപ്രമേയത്തിന്റെ വിഷയം പെൻഷൻ പ്രായം വർദ്ധിപ്പിക്കലാണ്. കെ.എസ്.ആർ.ടി.സി.-യുടെ പ്രതിസന്ധി ചർച്ച ചെയ്യാൻ മറ്റൊരവസരം നമുക്ക് കണ്ടെത്താം. വേണമെങ്കിൽ അടിയന്തരപ്രമേയം കൊണ്ടുവരികയോ റൂൾ 130 അനുസരിച്ച് ചർച്ച ചെയ്യുകയോ ചെയ്യാം. കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും സമ്മതിച്ചിട്ടുണ്ട്. ഇത് ആദ്യത്തെ ഘട്ടമാണ്. ആദ്യത്തെ ഘട്ടത്തിൽ പെൻഷൻ പ്രായം 60 വയസ്സാക്കി മാറ്റിയാൽ പിന്നീട് കേരളത്തിൽ പൊതുവായി സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവരുടെ പെൻഷൻ പ്രായം 60 വയസ്സാക്കി വർദ്ധിപ്പിക്കുവാനുള്ള നടപടിയുടെ ആദ്യഘട്ടമാണെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റപ്പെടുത്താൻ കഴിയുമോ? ഇടതുമുന്നണിക്ക് ജനിതക വൈകല്യമുണ്ട്. അത് ചികിത്സിച്ച് ഭേദമാക്കാൻ പ്രയാസമുള്ള കാര്യമാണ്. പെൻഷൻ പ്രായം ഇപ്പോൾ കൂട്ടാൻ നോക്കുന്നത് ഇടതുമുന്നണിയുടെ ജീനിൽ അലിഞ്ഞുകിടക്കുന്ന സ്വഭാവത്തിന്റെ പ്രത്യേകതയാണ്. പ്രതിപക്ഷത്ത് ഇരിക്കുമ്പോൾ പെൻഷൻ പ്രായം കൂട്ടണമെന്ന് ആരെങ്കിലും പറഞ്ഞാൽ അവർ ഉറഞ്ഞുതുള്ളും.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഇവിടെ പെൻഷൻ പ്രായം എല്ലാ സ്ഥലത്തേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടിയുടെ തുടക്കം മാത്രമാണെന്നാണ് അങ്ങ് പറഞ്ഞത്. കേരളത്തിൽ യു.ഡി.എഫ്. സർക്കാർ ഭരിച്ചിരുന്ന കാലത്ത് പെൻഷൻ പ്രായം 01-04-2013 മുതൽ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് 60 വയസ്സായി നിജപ്പെടുത്തിയത് ഈ ദുരുദ്ദേശ്യത്തോടുകൂടി ആയിരുന്നോയെന്ന് അങ്ങ് വ്യക്തമാക്കണം. അതിൽ എന്തെങ്കിലും ജനിതക പ്രശ്നമുണ്ടോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കോൺട്രിബ്യൂട്ടറി പെൻഷൻ 2014 ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ നടപ്പാക്കുന്ന എന്നുള്ളതിന്റെ 2013-ലെ ഉത്തരവാണ്. ഒന്ന്, ഇവിടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടി നയപരമായി എടുക്കുന്ന എന്നുള്ളതാണ്. രണ്ട്, അഡ്വൈസ് മെമ്മോ കൊടുത്തിട്ടുള്ള നാലായിരം ആളുകൾക്ക് ഇനി നിയമനം കൊടുക്കില്ലായെന്ന് ഗവൺമെന്റ് ഹൈക്കോടതിയിൽ അഫിഡവിറ്റ് കൊടുത്തിരിക്കുകയാണ്. വരാൻ

പോകുന്ന സാധ്യത ഇല്ലാതാക്കുകയും ഭാവിയിൽ കുറേക്കാലത്തേയ്ക്ക് ഒരൊറ്റ ആളിനും ജോലി കിട്ടില്ലെന്ന അവസ്ഥാവിശേഷം ഉണ്ടാക്കിയിരിക്കുകയുമാണ്. ഇരട്ടപ്രഹരമാണ് ഈ തീരുമാനത്തിലൂടെ കേരളത്തിലെ ചെറുപ്പക്കാർക്ക് ഉണ്ടായിട്ടുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാന്യനായ മന്ത്രി പങ്കാളിത്ത പെൻഷനെ സംബന്ധിച്ചാണ് പറഞ്ഞത്. നിങ്ങൾ പങ്കാളിത്ത പെൻഷനെ എതിർത്തവരാണ്. ഞാൻ മന്ത്രിയെ വെല്ലുവിളിക്കുന്നു, പങ്കാളിത്ത പെൻഷൻ നിർത്തലാക്കാൻ ഈ ഗവൺമെന്റിന് ധൈര്യമുണ്ടോ; നിങ്ങൾക്ക് പങ്കാളിത്ത പെൻഷൻ നിർത്തലാക്കാമല്ലോ? ഇവിടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്, ഞാൻ ഒരു കമ്മിറ്റിയെ നിയോഗിച്ച് പഠിക്കുകയാണെന്നാണ്. കമ്മിറ്റിയെ നിയമിച്ച് പഠിക്കുന്നതിന്റെ ഉദ്ദേശമൊക്കെ ആളുകൾക്ക് അറിയാം. ഇത് മുന്നോട്ട് കൊണ്ടുപോകുവാൻ തന്നെയാണ്. പങ്കാളിത്ത പെൻഷൻ നിർത്തലാക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന ഗവൺമെന്റ് എന്തുകൊണ്ട് പങ്കാളിത്ത പെൻഷൻ നിർത്തലാക്കുന്നില്ല? ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്, ഞങ്ങൾ ഒരു കമ്മിറ്റി നിയോഗിച്ചിരിക്കുന്നു; കമ്മിറ്റി പഠിക്കട്ടെ; ശിപാർശ കിട്ടട്ടെ; അത് പരിശോധിക്കട്ടെയെന്നാണ്. പറഞ്ഞതിന്റെ അർത്ഥം യാഥാർത്ഥ്യബോധം നിങ്ങൾക്ക് ഇപ്പോൾ ഉണ്ടായി എന്നുള്ളതാണ്. പ്രീഡിഗ്രി ബോർഡിന് എതിരെ സമരം നടന്നു. ഇടതുമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നിർത്തലാക്കിയോ; നിർത്തലാക്കിയില്ല. കമ്പ്യൂട്ടറിന് എതിരെ സമരം ചെയ്തു. ഇപ്പോൾ കമ്പ്യൂട്ടറിനെ ഏറ്റവും കൂടുതൽ താലോലിക്കുന്നതും ഏറ്റവും കൂടുതൽ അനുകൂലിക്കുന്നതും നിങ്ങളല്ലേ? എ.ഡി.ബി. വായ്പയ്ക്ക് എതിരായി സമരം നടത്തി. അതിനെതിരെ സായിപ്പിന്റെ തലയിൽ കരിഓയിൽ ഒഴിച്ചു. കേരളം മുഴുവൻ എന്തെല്ലാം സമരമായിരുന്നു. പിന്നീട് വന്ന ഇടതുമുന്നണി ഗവൺമെന്റ് എ.ഡി.ബി. വായ്പ എടുത്തില്ലേ? സ്വാശ്രയ വിദ്യാഭ്യാസത്തിനെതിരെ എന്തെല്ലാം സമരങ്ങളാണ് നടത്തിയത്. കൂത്തുപറമ്പ് വെടിവയ്പ്പ് നടന്ന സ്ഥലത്തുതന്നെ സഹകരണ മേഖലയിൽ സി.പി.ഐ.(എം)-ന്റെ സ്വാശ്രയ വിദ്യാഭ്യാസം ആരംഭിച്ചില്ലേ; ഇതുകൊണ്ടാണ് ജനിതകമായ പ്രശ്നം ഉണ്ടെന്ന് ഞാൻ പറഞ്ഞത്. ഇങ്ങനെ പറഞ്ഞാൽ നൂറു കാര്യങ്ങളെങ്കിലും പറയാൻ ഉണ്ടാകും. സമയം ഇല്ലാത്തതു കൊണ്ട് ഞാൻ പറയുന്നില്ല.

കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നുവെന്ന് ബഹുമാന്യനായ അംഗം വി. ടി. ബൽറാം ഇവിടെ പറഞ്ഞു. പെൻഷൻ പ്രായം 60 വയസ്സ് ആക്കണമെന്ന് സുശീൽഖന്ന റിപ്പോർട്ടിൽ പറഞ്ഞില്ല എന്നല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, ചെറിയ ഒരു പാരാഗ്രാഫ് മാത്രമേ

പറഞ്ഞിട്ടുള്ളു. നിരവധി ശിപാർശകളിൽ ഒന്നുമാത്രമാണത് എന്നാണ് ശ്രീ. വി. ടി. ബൽറാം പറഞ്ഞത്. ആ ഒരു പാരാഗ്രാഫിനെ പിടിച്ചുകൊണ്ടാണ് ബഹുമാന്യനായ മുഖ്യമന്ത്രി ഇടതുമുന്നണിയുടെ യോഗത്തിൽ പെൻഷൻ പ്രായം 60 വയസ്സാക്കണമെന്ന നിർദ്ദേശം വച്ചതെന്നാണ് പത്രങ്ങളിൽ കണ്ടത്, ഞങ്ങൾക്കറിയില്ല. കെ.എസ്.ആർ.ടി.സി. എം.ഡി. പെൻഷൻ പ്രായം 58 വയസ് ആക്കണമെന്ന് പറഞ്ഞു. ബഹുമാന്യനായ മന്ത്രി അങ്ങനെ ഉണ്ടായിട്ടില്ലെന്ന് പറഞ്ഞു. പത്രങ്ങളിൽ വന്ന വാർത്തകളല്ലേ; ഞങ്ങൾക്കറിയാമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി 60 വയസ്സാക്കണമെന്നും എം.ഡി. 58 വയസ്സാക്കണമെന്നും പറയുന്നു. മാധ്യമങ്ങളിൽ വന്ന വാർത്തകളാണിത്. ആര് പറയുന്നതാണ് ശരി? ഇടതുമുന്നണിയുടെ കാലത്തും പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടില്ലേ? ബിവറേജസ് കോർപ്പറേഷനിലെ പെൻഷൻ പ്രായം 58 വയസ്സായി വർദ്ധിപ്പിച്ചു. അതോടൊപ്പം കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനിൽ പെൻഷൻ പ്രായം 58 വയസ്സാക്കി വർദ്ധിപ്പിച്ചു. ചില തസ്തികകളിൽ വിദഗ്ദ്ധരായ ഡോക്ടർമാർ ഇല്ലാതെ വന്നപ്പോൾ മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ പെൻഷൻ പ്രായം ഞങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ മുഴുവൻ ഡോക്ടർമാരുടെയും പെൻഷൻ പ്രായം വർദ്ധിപ്പിച്ചിരിക്കുകയാണ്. മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ ഏറ്റവും അനിവാര്യമായ ഡോക്ടർമാരെ കിട്ടാത്തതുകൊണ്ടും അവരെ സ്വകാര്യ മെഡിക്കൽ കോളേജിലേയ്ക്ക് വലിയ ശമ്പളത്തിൽ തട്ടിക്കൊണ്ടുപോകുന്ന സാഹചര്യം കണക്കിലെടുത്തുകൊണ്ടുമാണ് പെൻഷൻ പ്രായം 58 വയസ്സാക്കി വർദ്ധിപ്പിച്ചിട്ടുള്ളത്. ഇവിടെ മുഴുവൻ ഡോക്ടർമാരുടെയും പെൻഷൻ പ്രായം 62 വയസ്സാക്കി വർദ്ധിപ്പിച്ചു. ഞങ്ങളുടെ ആശങ്ക, പെൻഷൻ പ്രായ വർദ്ധനവ് പടിപടിയായി ഓരോ ഡിപ്പാർട്ടുമെന്റിലേയ്ക്കും വ്യാപിപ്പിക്കാനുള്ള ബോധപൂർവ്വമായ നീക്കം നടക്കുന്നു എന്നതാണ്. ബഹുമാന്യനായ മന്ത്രി പറഞ്ഞു, നിങ്ങളുടെ കാലത്തല്ലേ 55 വയസ്സ് എന്നുള്ളത് 56 വയസ്സാക്കിയതെന്ന്. ഇവിടെ പെൻഷൻ ഏകീകരണത്തെ സംബന്ധിച്ച് ഡോ. ടി. എം. തോമസ് ഐസക് മിണ്ടിയില്ലല്ലോ; ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രി ആയിരിക്കെ G.O.(P) No.154/2009/Fin dated 24th April 2009. The question of unification of date of retirement of Government employees has been considered with a view to ensuring efficiency in service. It is felt that the same should also largely apply to teachers so as to ensure uniformity and avoid unnecessary complexities.

a) All government employees and teachers who attain the age of 55 years during the course of financial year will continue in service till the end

of that financial year. ഇവിടെ വ്യക്തമായി സൂചിപ്പിച്ചിരിക്കുകയാണ്, 55 വയസ്സ് കഴിഞ്ഞവർക്ക് പതിനൊന്ന് മാസം നീട്ടിക്കൊടുത്ത് 56 ആക്കാനുള്ള ഉത്തരവാണ് പുറപ്പെടുവിച്ചിരിക്കുന്നത്. ഇത് അങ്ങേയ്ക്ക് അറിയാമോയെന്ന് അറിയില്ല അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ആയിരുന്ന ഡോ. ടി. എം. തോമസ് ഐസക്-ന്റെ കാലത്താണ്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയപ്പോൾ പെൻഷൻ പ്രായം ഏകീകരിച്ച് കൊടുക്കാനാണ് തീരുമാനിച്ചത്. പതിനൊന്ന് മാസം എന്നത് 56 വയസ്സാക്കി ഏകീകരിച്ചുകൊടുത്തപ്പോൾ ഇവിടെ എന്തെല്ലാം സമരമായിരുന്നു. സംസ്ഥാനത്ത് പൊതുമുതൽ നശിപ്പിച്ചുകൊണ്ടുള്ള എത്രയോ സമരങ്ങൾ അരങ്ങേറി. അന്ന് പ്രസ്തുത സമരങ്ങളുടെ പേരിൽ എത്ര അടിയന്തരപ്രമേയം കൊണ്ടുവന്നു. ശ്രീ. വി. ടി. ബൽറാം പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ശ്രീ. വി. എസ്. സുനിൽ കുമാർ കൊണ്ടുവന്ന അടിയന്തരപ്രമേയവും ശ്രീ. രാജേഷ് കൊണ്ടുവന്ന ശ്രദ്ധക്ഷണിക്കലും ഇവിടെയുണ്ട്. അങ്ങ് പ്രതിപക്ഷത്തിരുന്നപ്പോൾ കൊണ്ടുവന്ന അടിയന്തര പ്രമേയവും ഉണ്ട്. അന്ന്, യാഥാർത്ഥ്യം ഇതായിരിക്കേ ആ യാഥാർത്ഥ്യങ്ങൾ കണ്ടില്ലായെന്ന് നടിച്ചുകൊണ്ടാണ് സമരങ്ങളുടെ ഘോഷയാത്ര അരങ്ങേറിയത്. അന്ന് യുവ എം.എൽ.എ.-മാർ പത്ര സമ്മേളനം നടത്തിയ കാര്യം പറഞ്ഞു. എല്ലാ ദിവസവും പ്രതിപക്ഷ നേതാവ് എന്നുള്ള നിലയിൽ റാങ്ക് ഹോൾഡേഴ്സ് കൂട്ടമായി വന്ന് എന്നെയും മറ്റുള്ള അംഗങ്ങളെയും കാണുന്നുണ്ട്. പി.എസ്.സി.-യിൽ നിയമനങ്ങളൊന്നും നടക്കുന്നില്ല, റാങ്ക് ലിസ്റ്റിന്റെ കാലാവധി തീർന്നുകൊണ്ടിരിക്കുന്നു, ഒരു റാങ്ക് ലിസ്റ്റ് പോലും നീട്ടി കൊടുക്കുന്നില്ല, വേക്കൻസി റിപ്പോർട്ട് ചെയ്യുന്നില്ല, എൽ.ഡി. ക്ലാർക്കുമാരുടെ നിയമനത്തിനു വേണ്ടി പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ടവർ സെക്രട്ടേറിയറ്റിന് മുന്നിൽ സമരം ചെയ്യുകയാണ്. എല്ലാ ഡിപ്പാർട്ടുമെന്റുകളിലെയും റാങ്ക് ലിസ്റ്റുകൾ ഇവിടെ മരണപ്പെട്ടുകൊണ്ടിരിക്കുകയാണ്, ഒരു വേക്കൻസിയും റിപ്പോർട്ട് ചെയ്യുന്നില്ല. അതിനോടൊപ്പമാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ ബജറ്റ് പ്രസംഗത്തിൽ പുതിയ തസ്തികകളൊന്നും സൃഷ്ടിക്കുന്നില്ലായെന്നും പുനർവിന്യാസം നടത്തുമെന്നും പറഞ്ഞത്. ഇതിന്റെ അർത്ഥം എന്താണ്, കേരളത്തിൽ പുതിയതായി റാങ്ക് ലിസ്റ്റിൽപ്പെട്ട ഒരാൾക്കും നിയമനം ലഭിക്കാൻ പോകുന്നില്ല. ഇവിടെ ജില്ലാ ബാങ്കുകളുടെ റാങ്ക് ലിസ്റ്റ് നിലനിൽക്കുകയാണ്. കേരള ബാങ്ക് രൂപീകരിക്കരുതെന്ന് പറഞ്ഞതുകൊണ്ട് ജില്ലാ ബാങ്കിൽ നിയമനം നടക്കുന്നില്ല. ഒരു ഡിപ്പാർട്ടുമെന്റിലും നിയമനങ്ങൾ നടക്കുന്നില്ല. അപ്രഖ്യാപിത നിയമന നിരോധനം കേരളത്തിൽ നിലനിൽക്കുകയാണ്. കുനിന്മേൽ കുരുവെന്ന് പറഞ്ഞതുപോലെയാണ് കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ പ്രായം 60 ആക്കി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം വന്നിരിക്കുന്നത്. ആ നിർദ്ദേശം

അംഗീകരിച്ചാൽ കേരളത്തിൽ സമ്പൂർണ്ണമായും നിയമന നിരോധനം നിലനിൽക്കുകയും നമ്മുടെ യുവാക്കൾ പട്ടിണിയിലാകുകയും അവർക്ക് തൊഴിലില്ലാതാകുകയും ചെയ്യും. കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ 2015-16-ലെ അഞ്ചാമത്തെ സർവ്വെ അനുസരിച്ച് കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 12.5 ശതമാനമാണ്. ദേശീയ ശരാശരിയേക്കാൾ 5 ശതമാനം കൂടുതലാണിത്. കേരളത്തേക്കാൾ തൊഴിലില്ലായ്മ കൂടുതലുള്ളത് സിക്കിം, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ മാത്രമാണ്. നിങ്ങൾ പ്രതിപക്ഷത്തിരുന്നപ്പോൾ ഒരു സമീപനം, ഭരണപക്ഷത്തിരിക്കുമ്പോൾ മറ്റൊരു സമീപനം. അതിനെ അംഗീകരിക്കാൻ നമുക്ക് കഴിയില്ല. കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ ജീവൽപ്രധാനമായ ഈ പ്രശ്നത്തിനുനേരെ ഗവൺമെന്റ് കണ്ണടയ്ക്കുകയാണ്. പെൻഷൻ പ്രായം വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുത്താൽ അതിശക്തമായ പ്രക്ഷോഭത്തെ നിങ്ങൾക്ക് നേരിടേണ്ടിവരുമെന്ന് ഞാൻ സർക്കാരിന് മുന്നറിയിപ്പ് നൽകുകയാണ്. നിങ്ങൾക്ക് ധാരാളം കാരണങ്ങളുണ്ടാകും. ആ കാരണങ്ങളൊന്നും യുക്തിസഹജമല്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാനുള്ള തീരുമാനം നിലനിൽക്കുകയാണ്. നാളെ ക്യാബിനറ്റ് കൂടി അത് തീരുമാനിക്കുമെന്ന് അറിയുന്നു. ആ നടപടിയിന്മേൽ ശക്തമായ പ്രതിഷേധം ഞങ്ങൾ രേഖപ്പെടുത്തുന്നു. കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരെ ബാധിക്കുന്ന ഈ പ്രശ്നം ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, 25 ലക്ഷം യുവാക്കൾക്ക് ജോലി കൊടുക്കുമെന്നാണ് തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ എൽ.ഡി.എഫ്. പറഞ്ഞിരുന്നത്. എത്ര ആളുകൾക്ക് ജോലി കൊടുക്കാൻ സാധിച്ചുവെന്ന് ഈ ഗവൺമെന്റ് വ്യക്തമാക്കേണ്ട സമയമാണിത്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലേയ്ക്കുള്ള എൽ.ഡി. ക്ലാർക്കിന്റെയും കെ.എസ്.ഇ. ബി.-യിലെ മസ്ദൂറിന്റെയും പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി കഴിഞ്ഞു. ഈ ലിസ്റ്റിലുള്ളവരെല്ലാം സെക്രട്ടേറിയറ്റിനുമുമ്പിൽ സമരത്തിലാണ്. കെ.എസ്.ആർ.ടി.സി. കണ്ടക്ടർ തസ്തികയിലേയ്ക്ക് നാലായിരത്തിലധികം യുവാക്കൾക്ക് അഡ്വൈസ് മെമ്മോ അയച്ചുകഴിഞ്ഞു. അവർക്ക് നിയമനം നൽകിയിട്ടില്ല. പ്രഖ്യാപിക്കാത്ത നിയമന

നിരോധനം സർക്കാർ ഏർപ്പെടുത്തിയിരിക്കുകയാണ്. ഈ അവസ്ഥയിൽ കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ പ്രായം 56-ൽനിന്ന് 60 ആക്കുക എന്ന നിർദ്ദേശം ഇടിവെട്ടേറ്റവനെ പാമ്പ് കടിച്ചു എന്നതിന് തുല്യമാണ്. പെൻഷൻ പ്രായം ഉയർത്തിയാൽ കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തന ക്ഷമതയും കാര്യക്ഷമതയും കുറയും. ഇപ്പോൾ 40,000 രൂപ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥരുണ്ട്. ആ സ്ഥാനത്തേയ്ക്ക് പുതിയ ഒരാൾ കടന്നുവന്നാൽ 15,000 രൂപ ശമ്പളം കൊടുത്താൽ മതി. മാത്രമല്ല കെ.എസ്.ആർ.ടി.സി. ഒരു വൃദ്ധസദനമായി മാറരുത്. കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാനുള്ള നീക്കം ലക്ഷക്കണക്കിന് തൊഴിലില്ലാത്ത യുവാക്കളോടുള്ള യുദ്ധപ്രഖ്യാപനമാണ്. അത് യുവാക്കളോടുള്ള ഒരു വഞ്ചനയാണ്. ബഹുമാനപ്പെട്ട സ്പീക്കർ യുവജന നേതാവാണ്. ഇന്നും യുവജന നേതാവ് തന്നെയാണ്. അങ്ങ് ഉൾപ്പെടെയുള്ള ആളുകൾ ഈ ലോകത്തിന് നൽകിയ ആശ നിരാശയായി മാറുകയാണ്. യുവജനങ്ങളെ വഞ്ചിക്കരുത്. തീർച്ചയായും ഈ പ്രശ്നം ഇവിടെ ചർച്ച ചെയ്യാത്തത് വളരെ ഖേദകരമാണ്. യുവാക്കളുടെ ഈ പ്രശ്നം ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ പ്രായം ഉയർത്താൻ ഉദ്ദേശിക്കുന്നില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞത് ആശ്വാസകരമാണ്. അതുകൊണ്ട് ഇതിനെക്കുറിച്ച് കൂടുതലൊന്നും പറയുന്നില്ല. ഒരു കാലത്ത് ചെയ്ത തെറ്റ് പിൽക്കാലത്ത് തിരുത്തുമെന്നുള്ളതിന് ഏറ്റവും വലിയ ഉദാഹരണമാണ് ഈ നീക്കം. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ പെൻഷൻ പ്രായം 56 ആയി ഏകീകരിക്കുന്നതിനുള്ള ഒരു നിർദ്ദേശം ബജറ്റിലൂടെ വന്നപ്പോൾ ഇടതുപക്ഷ യുവജന സംഘടനകൾ നടത്തിയ സമരം എത്രയോ വലുതായിരുന്നുവെന്ന കാര്യം ഞാൻ ഓർക്കുകയാണ്. ഇപ്പോൾ അത് 60 വയസ്സിലേയ്ക്ക് ഉയർത്താനുള്ള നിർദ്ദേശമാണ് വന്നിരിക്കുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സമയത്തല്ലേ 01.04.2013 മുതൽ സർവ്വീസിൽ പ്രവേശനം ലഭിക്കുന്ന കെ.എസ്.ആർ.ടി.സി.-യിൽ ഉൾപ്പെടെയുള്ള എല്ലാ ആളുകളുടെയും പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചത്. അക്കാര്യം അങ്ങ് മറന്നുപോയോ?

ശ്രീ. കെ. എം. മാണി: സർ, നിങ്ങളുടെ നിലപാടാണ് ഞാൻ പറയുന്നത്. ഭരണപക്ഷത്തിരിക്കുമ്പോഴും പ്രതിപക്ഷത്തിരിക്കുമ്പോഴും എടുക്കുന്ന വൈരുദ്ധ്യാത്മക നിലപാടിന്റെ ഏറ്റവും വലിയ തെളിവാണിതെന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. തർക്കം വേണ്ട.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, എങ്കിൽ ശ്രീ. കെ. എം മാണി സാർ ഇതിനെ സപ്പോർട്ട് ചെയ്യുകയല്ലേ വേണ്ടത്.

ശ്രീ. കെ. എം. മാണി: സർ, യുവജന സംഘടനകളും മറ്റ് ബന്ധപ്പെട്ടവരുമായി ആലോചിച്ച് മാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാവൂ എന്നാണ് എനിക്ക് പറയാനുള്ളത്. ഏതായാലും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്ന പശ്ചാത്തലത്തിൽ ഞാൻ വാക്കൗട്ട് നടത്താൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. അനൂപ് ജേക്കബ്: സർ, പെൻഷൻ പ്രായം വർദ്ധിപ്പിക്കുക എന്നുള്ളതാണ് ഉദ്ദേശിക്കുന്നതെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മന്ത്രിയുടെയും വാക്കുകളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. അതിനെ സംബന്ധിച്ച തീരുമാനം തത്വത്തിൽ നിങ്ങളെടുത്തിട്ടുണ്ട്. അത് ഏത് രീതിയിൽ എപ്പോൾ നടപ്പിലാക്കുമെന്നുള്ളത് ഇനി കണ്ടറിയേണ്ടതുണ്ട്. കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരെ സംബന്ധിച്ച് ഇത് വലിയ ആശങ്ക യുണ്ടാക്കുന്നതാണ്. പ്രത്യേകിച്ച് ഇടതുപക്ഷ സർക്കാർ അത്തരത്തിലുള്ള നടപടികളിലേയ്ക്ക് നീങ്ങുന്നു എന്നുള്ളത് അവർക്കുനേരെയുള്ള ഒരു വലിയ വെല്ലുവിളിയാണ്. തൊഴിലില്ലാത്ത ചെറുപ്പക്കാർ കേരളത്തിൽ ധാരാളമായി ഉള്ളപ്പോൾ പെൻഷൻ പ്രായം വർദ്ധിപ്പിക്കരുതെന്ന് ഏറ്റവും ശക്തമായി വാദിച്ചിട്ടുള്ളത് പലപ്പോഴും ഇടതുപക്ഷ യുവജന സംഘടനകളാണ്. ഇന്ന് ഈ സംഘടനകൾ മൗനത്തിലാണ്. ഇതിനെ സംബന്ധിച്ച് അവർക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ പോലും കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാനുള്ള നടപടികളുടെ ഭാഗമായി ഷെഡ്യൂളുകൾ പുന:ക്രമീകരിക്കുന്നതടക്കമുള്ള ധാരാളം നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പക്ഷേ നിങ്ങളെടുക്കുന്ന തീരുമാനങ്ങൾ കൃത്യമായ നിലയിൽ കോർപ്പറേഷൻ നടപ്പിലാക്കുന്നില്ലെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം. ഷെഡ്യൂളുകളുടെ പുനഃക്രമീകരണത്തിന്റെ പേരിൽ ലാഭത്തിലോടുന്ന ഷെഡ്യൂളുകൾ നിർത്തലാക്കുകയാണ് ചെയ്യുന്നത്. താഴെ തട്ടിലേയ്ക്ക് വരുമ്പോൾ

അവിടെയിരിക്കുന്ന ചില മേലാളന്മാരുടെ താല്പര്യമനുസരിച്ചാണ് പല കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലേയും സർവ്വീസുകൾ ഇന്ന് ക്രമീകരിച്ചു കൊണ്ടിരിക്കുന്നതെന്നത് യാഥാർത്ഥ്യമാണ്. പിന്നെ എങ്ങനെ കെ.എസ്.ആർ.ടി.സി. രക്ഷപ്പെടും? എന്തായാലും പെൻഷൻ പ്രായം വർദ്ധിപ്പിക്കാനുള്ള തീരുമാനം തികച്ചും പ്രതിഷേധാർഹമാണ്. ഏറ്റവും പ്രധാനപ്പെട്ട ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഈ സർക്കാരിന്റെ മുഖമുദ്ര വാക്കും പ്രവൃത്തിയും തമ്മിൽ ഒരു ബന്ധവുമില്ല എന്നുള്ളതാണ്. ഒന്ന് പറയുകയും മറ്റൊന്ന് പ്രവർത്തിക്കുകയും ചെയ്യുകയെന്ന രീതിയാണ്. ഇവിടെ യുവാക്കൾക്ക് തൊഴിൽ കൊടുക്കുന്നതിനെ സംബന്ധിച്ച് പറയുന്നു. അവർക്ക് നിയമനം നൽകിയിട്ടില്ല. പി.എസ്.സി. മുഖാന്തരം കെ.എസ്.ആർ.ടി.സി. കണ്ടക്ടർ തസ്തികയിലേയ്ക്ക് ഏതാണ്ട് അയ്യായിരത്തോളം യുവാക്കളെ സെലക്ട് ചെയ്ത് അഡ്വൈസ് മെമ്മോ ഇഷ്യൂ ചെയ്തശേഷം ഇപ്പോൾ അവർക്കാർക്കും ജോലി കൊടുക്കാതെ പിൻവാതിലിലൂടെ ആളുകളെ തെരഞ്ഞെടുക്കുന്ന സമ്പ്രദായമാണ് നടക്കുന്നത്. ഈ തരത്തിൽ ആത്മാർത്ഥതയില്ലാത്ത ഇരട്ട സമീപനത്തിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. സി. ജോർജ്: സർ, എനിക്ക് അല്പം സമയം അനുവദിക്കുമോ?

മി. സ്പീക്കർ: കീഴ്വഴക്കമനുസരിച്ച് വാക്കൗട്ട് നടത്തുമ്പോഴാണ് പ്രസംഗിക്കുന്നത്. മാണി സാർ വാക്കൗട്ട് നടത്താതെ പ്രസംഗം നടത്തി. അത് ശരിയായ ഒരു കീഴ്വഴക്കമല്ല. അതുകൊണ്ട് അങ്ങേയ്ക്കും അതിന് അവസരമില്ല. അങ്ങനെയൊരു കീഴ്വഴക്കമില്ലാത്തതുകൊണ്ട് ദയവായി ആവശ്യപ്പെടരുത്.

ശ്രീ. പി. സി. ജോർജ്: സർ, എങ്കിൽ പ്രസംഗിക്കാതെ എനിക്ക് വാക്കൗട്ട് നടത്താമല്ലോ.

(പ്രസ്താവന നടത്താതെ ശ്രീ. പി. സി. ജോർജ് സഭവിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) ബീഡി വ്യവസായം നേരിടുന്ന പ്രതിസന്ധി

<u>ശ്രീ. എം. രാജഗോപാലൻ:</u> സർ, സംസ്ഥാനത്ത് ബീഡി വ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണേണ്ട ആവശ്യകതയിലേയ്ക്ക് ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെയും സർക്കാരിന്റെയും ശ്രദ്ധ ക്ഷണിക്കുകയാണ്. കേരളത്തിലെ ബീഡി തൊഴിലാളികൾ നിത്യദുരിതത്തിന്റെ നീർച്ചുഴിയിൽപ്പെട്ട് ഉഴലുകയാണ്. ഒരു പ്രത്യേക ജീവിത സാഹചര്യത്തിലാണ് ഇവർ ഈ തൊഴിലിനെ ആശ്രയിച്ചത്. സമൂഹത്തിൽ പാവപ്പെട്ടവരിൽ പാവപ്പെട്ടവരാണ് ബീഡിത്തൊഴിലാളികൾ. എന്നിരുന്നാലും അവരുടെ രാഷ്ട്രീയ പ്രബുദ്ധതയും സാമൂഹ്യപ്രതിബദ്ധതയും ആശയവ്യക്തതയും അവകാശബോധവും സംഘബോധവുമെല്ലാം വളരെ പ്രസക്തിയുള്ളതാണ്. ബീഡി കമ്പനികൾ ഒരു മതനിരപേക്ഷ പരിസരം സൃഷ്ടിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട തലംകൂടിയാണ്. ഇപ്പോൾ ഈ മേഖല ഗുരുതരമായ പ്രതിസന്ധിയിലാണ്. രണ്ടര ലക്ഷത്തോളം തൊഴിലാളികൾ പണിയെടുത്ത ഒരു മേഖലയായിരുന്നു ഇത്. ഇന്ന് തൊഴിലാളികളുടെ എണ്ണം നാമമാത്രമായി ചുരുങ്ങിയിരിക്കുകയാണ്. പുകവലിക്കെതിരായിട്ടുള്ള പ്രചരണം, കേന്ദ്രഗവൺമെന്റിന്റെ നയങ്ങൾ, കോടതി ഇടപെടലുകൾ എന്നിങ്ങനെയുള്ള കാരണങ്ങളാലാണ് ബീഡിവ്യവസായം വലിയ തകർച്ചയിലേയ്ക്ക് നീങ്ങിയത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ബീഡി വില്പനയിൽ വന്ന ഇടിവിന്റെ ഫലമായി തൊഴിൽ വെട്ടിക്കുറച്ചപ്പോൾ നല്ലൊരു ശതമാനം തൊഴിലാളികൾ തൊഴിലിടങ്ങളിൽ നിന്ന് പിൻവാങ്ങുന്ന സ്ഥിതിയുണ്ടായി. പുരുഷന്മാരായ തൊഴിലാളികളെല്ലാം നേരത്തെ പോയി. ഇപ്പോൾ 98 ശതമാനത്തോളം വരുന്ന സ്ത്രീ തൊഴിലാളികളാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. 42,000 തൊഴിലാളികൾ ഉണ്ടായിരുന്ന വിപുലമായ ഒരു സഹകരണ പ്രസ്ഥാനമായിരുന്നു കേരള ദിനേശ് ബീഡി. അവിടെ ഇന്ന് കേവലം 5000 തൊഴിലാളികൾ മാത്രമാണ് അവശേഷിക്കുന്നത്. തകർന്നുകൊണ്ടിരിക്കുന്ന ബീഡി വ്യവസായ മേഖലയിൽ കേന്ദ്രഗവൺമെന്റ് 28 ശതമാനം നിരക്കിലാണ് നികുതി ഏർപ്പെടുത്തിയത്. ഇതിന്റെ ഫലമായി ബീഡിയുടെ വില വർദ്ധിപ്പിച്ചപ്പോൾ വില്പന വലിയതോതിൽ കുറയുകയും വ്യാജ ബീഡിയുടെ ഉല്പാദനവും വില്പനയും ചിലയിടങ്ങളിൽ നടക്കുന്ന സ്ഥിതിയുമുണ്ടായി.

2017 ജൂലൈ മാസം മുതൽ ഡിസംബർ മാസം വരെയുള്ള കാലയളവിൽ 10 കോടി രൂപയുടെ വ്യാപാര നഷ്ടമാണ് വ്യാജബീഡി ഉല്പാദിപ്പിച്ചതിന്റെ ഫലമായിട്ടുണ്ടായത്. 'തലസ്ഥാനത്ത് വ്യാജ ദിനേശ് ബീഡി വേട്ടയാടുന്നു' എന്നൊരു പത്രവാർത്തയുമുണ്ടായിരുന്നു. തമിഴ്നാട്ടിൽ നിന്ന് കടത്തിക്കൊണ്ടുവരുന്ന ബീഡിശേഖരമാണ് ഒരു പീടികയിൽ നിന്ന് പിടിച്ചത്. രഹസ്യ കോഡ് ഒഴികെ ബാക്കിയെല്ലാം ഒറിജിനൽ പായ്ക്കറ്റിന് സമമായിരുന്നു. പൊടുന്നനെ വില്പനയിൽ വലിയ കുറവ് സംഭവിച്ചു. അതിനെത്തുടർന്ന് തൊഴിൽദിനങ്ങൾ വെട്ടിക്കുറയ്ക്കേണ്ടിവന്നു. ഫലത്തിൽ 2017 ജൂലൈ മുതൽ ഡിസംബർ വരെ ദിനേശ് ബീഡിയുടെ വില്പനയിൽ 10 കോടി രൂപയുടെ കുറവ് കണ്ടെത്തി. ബീഡി വില്പനയുടെ കുറവു വന്നുവഴി 3 കോടി രൂപയുടെ നികുതി നഷ്ടമാണ് അന്ന് സർക്കാരിനുണ്ടായത്. ദിനേശ് ബീഡിയിലെ 5000 തൊഴിലാളികൾക്ക് 40,000 തൊഴിൽ ദിനവും ഈ ഘട്ടത്തിൽ നഷ്ടപ്പെടുകയുണ്ടായി. ആഴ്ചയിൽ എല്ലാ ദിവസവും തൊഴിൽ കിട്ടിയിരുന്ന സ്ഥാനത്ത് ഇപ്പോൾ ദിനേശ് ബീഡി പ്രവൃത്തി ദിനം 4 ദിവസം മാത്രമായി വെട്ടിച്ചുരുക്കിയിരിക്കുന്നു. തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളിയെ സംരക്ഷിക്കാൻ കേന്ദ്രഗവൺമെന്റ് യാതൊരു പദ്ധതിയും ആവിഷ്കരിക്കുന്നില്ല. കേരളത്തിൽ ബീഡിയുടെ മേൽ 14.5 ശതമാനം നികുതി ചുമത്തിയപ്പോൾ കേരള ദിനേശ് ബീഡി സ്ഥാപനം അടച്ച നികുതിയായ 8 കോടി രൂപ കേരള സർക്കാർ ഒറ്റത്തവണയായി തിരിച്ചുനൽകാനെടുത്ത തീരുമാനം വളരെ അഭിനന്ദനാർഹമാണ്. പിന്നീട് കോടിക്കണക്കിന് രൂപ അടച്ചു. അത് ഇതുവരെ തിരിച്ചു നൽകിയില്ലെന്ന പരാതി നിലനില്ക്കുകയാണ്.

പ്രതിസന്ധിയിൽപ്പെട്ടുഴലുന്ന ഈ സഹകരണ സ്ഥാപനത്തെ ഇനിയും ഇതേ നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത ഒരവസ്ഥയ്ക്ക് പരിഹാരമായിട്ടാണ് ദിനേശ് ബീഡി വൈവിധ്യവൽക്കരണത്തിന്റെ പുതിയ പാത സ്വീകരിച്ചത്. ഇതിന് സഹായകരമായി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ബീഡിത്തൊഴിലാളികളുടെ ക്ഷേമത്തിനും പുനരുദ്ധാരണത്തിനുമായി 20 കോടി രൂപ ബജറ്റിൽ വകയിരുത്തുകയുണ്ടായി. പിണറായി സർക്കാരിന്റെ തൊഴിലാളികളോടുള്ള പ്രതിബദ്ധതയുടെ സാക്ഷ്യപത്രമായിട്ടാണ് തൊഴിലാളികൾ ഇതിനെ കാണുന്നത്. ബീഡി തൊഴിലാളിക്ഷേമത്തിന് ഉചിതമായ പദ്ധതിക്ക് രൂപം നൽകുന്നതിനാണ് 2017-18 സാമ്പത്തികവർഷത്തെ സംസ്ഥാന ബജറ്റിൽ ബീഡി - ചുരുട്ട് തൊഴിലാളിക്ഷേമനിധി ബോർഡിന്റെ ധനസഹായമായി 20 കോടി രൂപ പ്രഖ്യാപിച്ചത്. ഈ തുക അനുവദിക്കുന്നതിനാവശ്യമായ പദ്ധതി ലഭ്യമാക്കാൻ തൊഴിലും നൈപുണ്യവും വകുപ്പിന്റെ കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന 15 പദ്ധതികളുടെ വിശദാംശങ്ങൾ ഈ സർക്കാരിന്

സമർപ്പിക്കുകയുണ്ടായി. ഇതുവരെയും അതിന് അംഗീകാരം ലഭ്യമായിട്ടില്ല. ഇതിന് അടിയന്തരമായി അംഗീകാരം നൽകി സഹായിക്കാൻ കഴിയണം. മുൻകാലങ്ങളിലാണെങ്കിൽ പൂരക വേതനത്തിനായി ക്ഷേമനിധി ബോർഡിന് ഫണ്ട് അനുവദിക്കാറുണ്ടായിരുന്നു. മൂന്നുവർഷത്തോളമായി അതും ലഭിക്കുന്നില്ല.

തൊഴിലാളിക്ക് ഒരു ഇടക്കാല ആശ്വാസമെന്ന നിലയിൽ പൂരകവേതനം അടിയന്തരമായി അനുവദിക്കാൻ നടപടികളുണ്ടാകണം. 20 കോടി രൂപയുടെ പ്രോജക്ടിനും അനുമതി നൽകണം. നികുതി വെട്ടിച്ച് ഇതരസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് വൻതോതിൽ ബീഡി വരുന്ന സ്ഥിതിയും ഇന്നുണ്ട്. ഇതും ഈ രംഗത്തെ പ്രതിസന്ധി രൂക്ഷമാക്കുന്നു. ഇത് തടയാൻവേണ്ടി അടിയന്തര നടപടികൾ സ്വീകരിക്കണം. അവരുടെ കഷ്ടപ്പാടിന് അറുതിവരുത്താൻ നമുക്ക് കഴിയണം. അതിനാവശ്യമായ അടിയന്തര ഇടപെടലുകളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എം. രാജഗോപാലൻ കേരളത്തിലെ ബീഡിത്തൊഴിലാളികളുമായി ബന്ധപ്പെട്ട് ഇവിടെ അവതരിപ്പിച്ച പ്രശ്നങ്ങളെയെല്ലാം ഗവൺമെന്റ് വളരെ അനുകൂലമനോഭാവത്തോടുകൂടിയാണ് സമീപിക്കുന്നത്. കേരളത്തിൽ 11,000-ത്തോളം തൊഴിലാളികളാണ് ബീഡി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ജി.എസ്.ടി. നിലവിൽ വരുന്നതിനുമുൻപ് 14.5 ശതമാനം നികുതിയാണ് നിലവിലുണ്ടായിരുന്നത്. ഈ നികുതിയാണ് ഇപ്പോൾ ജി.എസ്.ടി. പ്രാവർത്തികമായതോടെ 28 ശതമാനമായി വർദ്ധിപ്പിച്ചിരിക്കുന്നത്. ഈ നികുതി വർദ്ധനവ് കാരണം ദിനേശ് ബീഡി കമ്പനി ഉൾപ്പെടെയുള്ള നിർമ്മാതാക്കൾക്ക് ബീഡിയുടെ വില കൂട്ടേണ്ടി വരുന്ന അവസ്ഥാവിശേഷം ഉണ്ടായിട്ടുണ്ട്. ഇത് സംസ്ഥാനത്തെ ബീഡിവ്യവസായ മേഖലയെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ഈ കാര്യത്തിൽ ഗവൺമെന്റ് വ്യക്തമാക്കുന്ന ഒരു കാര്യം, സംസ്ഥാന ഗവൺമെന്റിന് അവകാശപ്പെട്ട ഈ 28 ശതമാനം നികുതി ബീഡി വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവർക്ക് തിരിച്ചുനൽകുന്നതിനുവേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുകയാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുമ്പൊരിക്കൽ സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. അത് നടപ്പിലാക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം.

നികുതി ഒടുക്കാതെ ബീഡി എത്തുന്നത് ഒഴിവാക്കാൻ അതിശക്തമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. പശ്ചിമബംഗാളിൽ നിന്ന് നിയമവിരുദ്ധമായാണ് വൻതോതിൽ ബീഡി എത്തുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും അനധികൃതമായി ബീഡി എത്തുന്നത് തടയാൻ ചെക്ക് പോസ്റ്റുകളിലൂടെയുള്ള പരിശോധന കർശനമാക്കി ബീഡിയുടെ അനധികൃത കടത്ത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. പുകയില നിരോധിച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവുകൾ, പുകവലിക്കെതിരായ ബോധവൽക്കരണം എന്നിവ ബീഡിയുടെ വിപണിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത്തരത്തിൽ ബീഡി വ്യവസായത്തിന്റെ തകർച്ച ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വത്തിന് ഭീഷണിയായിട്ടുണ്ട്. ഈ വ്യവസായത്തിൽ വളരെ ചുരുങ്ങിയ ദിവസങ്ങൾ മാത്രമാണ് തൊഴിലാളികൾക്ക് ജോലി ലഭിച്ചുവരുന്നത്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ അടിയന്തര പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനും നടപ്പാക്കാനും ഗവൺമെന്റ് ശ്രമം നടത്തിവരികയാണ്. കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളിലൂടെ ഇതിനുള്ള ബദൽ നയപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്.

ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്, ക്ഷേമനിധി ബോർഡുവഴി തൊഴിലാളികൾക്ക് വേണ്ടി ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് 20 കോടി രൂപ നൽകാമെന്ന് ഗവൺമെന്റ് നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണെന്നതാണ്. ആ തുക എത്രയും വേഗം ക്ഷേമനിധി ബോർഡിന് നൽകുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കും. ആ നിലയിൽ ബീഡി വ്യവസായത്തിലെ തൊഴിലാളികൾക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിന് സഹായകരമായ നടപടികളാണ് ഗവൺമെന്റ് ഈ കാര്യത്തിൽ സ്വീകരിച്ചുവരുന്നത്. ആ സമീപനം തുടർന്നും സ്വീകരിക്കുമെന്നാണ് വ്യക്തമാക്കാനുള്ളത്.

## (2) സാമ്പത്തിക പ്രതിസന്ധി

ശ്രീ. എ. പി. അനിൽ കുമാർ: സർ, സംസ്ഥാനം നേരിടുന്ന സാമ്പത്തിക തകർച്ചയുടെയും തുടർന്നുള്ള സാമ്പത്തിക മുരടിപ്പിന്റെയും ഫലമായി കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളും പ്രയാസങ്ങളും സംബന്ധിച്ച് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക നയങ്ങളിലുണ്ടായ ഗുരുതരമായ വീഴ്ചകൾ കാരണം കേരളം ഇന്ന് സമാനതകളില്ലാത്ത പ്രയാസങ്ങൾ നേരിടുകയാണ്. കേരളത്തിൽ തൊഴിൽ

മേഖലയാകട്ടെ, കാർഷികമേഖലയാകട്ടെ നിർമ്മാണ പ്രവർത്തനങ്ങളുടെ മേഖലയാകട്ടെ ചെറുകിട കച്ചവട രംഗമാകട്ടെ എല്ലായിടത്തും സാമ്പത്തിക മാന്ദ്യം ഇന്ന് പ്രത്യക്ഷത്തിൽ തന്നെ കാണുവാൻ കഴിയും. ഇതുമായി ബന്ധപ്പെട്ട് മാതൃഭൂമി പത്രം കേരളത്തിന്റെ അങ്ങോളമിങ്ങോളമുള്ള പ്രദേശങ്ങളിലൂടെ നടത്തിയ സർവ്വേയിൽ 'വറുതിയിലേയ്ക്കോ നമ്മുടെ ഗ്രാമങ്ങൾ' എന്ന തലക്കെട്ട് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടുകാണുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

വിവിധ മേഖലകളിലുണ്ടായ മുരടിപ്പിന്റെ ഭയാനകമായ ഒരു ചിത്രമാണ് ആ സർവ്വേ വരച്ചുകാട്ടുന്നത്. മൂന്നുനാലുമാസമായി എന്താണ് സംഭവിച്ചു കൊണ്ടിരിക്കുന്നതെന്ന് കച്ചവടക്കാർക്ക് മനസ്സിലായിട്ടില്ല. എല്ലായിടത്തും പെട്ടെന്ന് കച്ചവടം കുറഞ്ഞു. ഹോട്ടലുകൾ, പലവ്യഞ്ജന കടകൾ മുതൽ ബ്യൂട്ടി പാർലർ വരെയുള്ള വിവിധ മേഖലകളെ ഇത് ഒരുപോലെ ബാധിച്ചിട്ടുണ്ട്. ചിലർ കച്ചവടം നിർത്തി. നോട്ട് നിരോധനത്തിനുശേഷം വിപണി ഉണർന്നില്ലെന്നാണ് വ്യാപാരികൾ പറയുന്നത്. പലയിടത്തും കച്ചവടം കുറഞ്ഞത് 50 ശതമാനത്തോളമാണ്. വില്പന കുറഞ്ഞ സ്ഥാപനങ്ങളിലെ തൊഴിലാളികളെ പിരിച്ചുവിടുന്ന സാഹചര്യവുമുണ്ട്. കേരളത്തിൽ സാമ്പത്തിക മേഖലയിലുണ്ടായിട്ടുള്ള ഈ തകർച്ച എല്ലാ മേഖലയിലും ഇന്ന് പ്രകടമാണ്. ഈ സർവ്വേയിൽ മൺപാത്ര തൊഴിലാളിയായ രാജൻ പറഞ്ഞത്, 500 രൂപയുടെ കച്ചവടം നടന്ന സ്ഥലത്ത് ഇപ്പോൾ 200 രൂപയുടെ കച്ചവടംപോലും നടക്കുന്നില്ലെന്നാണ്. നമ്മുടെ മീൻമാർക്കറ്റുകളിൽ വിലകൂടിയ മീൻ വാങ്ങുവാൻ ആളുകൾ വരുന്നില്ലെന്നുള്ള പ്രയാസമാണ് മീൻകച്ചവടക്കാരുടെ ഭാഗത്തുനിന്നുള്ളത്. കച്ചവട സ്ഥാപനങ്ങളിൽ 50 ശതമാനത്തോളം കച്ചവടത്തിന്റെ കുറവുള്ളതുകൊണ്ട്, പത്തുപേർ ജോലിക്കുണ്ടെങ്കിൽ 5 പേരെ ഇതിനകം തന്നെ പിരിച്ചുവിട്ടു കഴിഞ്ഞു. പത്തോ അൻപതോ പേർ ജോലി ചെയ്തിരുന്ന നമ്മുടെ ക്രോപ്പ് മാർട്ടുകളിൽ രണ്ട് ഷിഫ്റ്റാക്കി മാറ്റിക്കൊണ്ട് ജോലിക്കാരുടെ എണ്ണം കുറച്ച സാഹചര്യമാണ് നിലനിൽക്കുന്നത്. കേരളത്തിലെ നഗരങ്ങളും ഗ്രാമങ്ങളും പൂർണ്ണമായും സാമ്പത്തിക പ്രയാസത്തിലാണ്. കേരളം ഒരു പൊട്ടിത്തെറിയിലേയ്ക്ക് നീങ്ങുന്ന സാഹചര്യമാണുള്ളത്. ഈ രൂക്ഷമായ പ്രതിസന്ധി ജനജീവിതം ദുഃസ്സഹമാക്കിയിട്ടും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ശക്തമായ ഇടപെടൽ നടത്തുന്നില്ലെന്ന കാര്യം ഞാൻ അങ്ങയെ ഓർമ്മിപ്പിക്കുകയാണ്. നോട്ട് നിരോധനവും ജി.എസ്.ടി.യും ഉണ്ടാക്കിയ ആഘാതമാണ് ഈ സാമ്പത്തിക മുരടിപ്പിന്റെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നത്. അതുപോലെ തന്നെ സംസ്ഥാനത്തുണ്ടായ അനിയന്ത്രിതമായ വിലക്കയറ്റവും സാധാരണ ജനങ്ങളെ ബാധിക്കുന്ന ഒന്നായി

മാറിക്കഴിഞ്ഞു. കഴിഞ്ഞ കാലങ്ങളിൽ ഇത്തരം പ്രതിസന്ധികളിലൊക്കെ നമുക്കൊരു തുണയായിട്ടുണ്ടായിരുന്നത് ഗൾഫ് രാജ്യങ്ങളുടെ പിന്തുണയായിരുന്നു. ഇന്നത്തെ അന്തരീക്ഷത്തിൽ ഗൾഫ് രാജ്യങ്ങൾ നമുക്ക് മുന്നിൽ വലിയ ചോദ്യചിഹ്നമായി നിൽക്കുകയാണ്. ആയിരക്കണക്കിന് തൊഴിലാളികളാണ് തൊഴിൽ നഷ്ടപ്പെട്ട് കേരളത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നത്. ഗൾഫ് രാജ്യങ്ങളിലെ ഇന്നത്തെ സാഹചര്യം വച്ച് നോക്കിയാൽ ഇതെല്ലാം കൂടിചേർന്ന് ഒരു വലിയ പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുകയാണ്. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് ഒരു തരത്തിലുള്ള ഇടപെടലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ലെന്നതാണ് ഏറ്റവും പ്രയാസകരമായ കാര്യം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മാന്ദ്യവിരുദ്ധ പാക്കേജ് ഉൾപ്പെടെ അങ്ങ് കൊണ്ടുവന്നു. ഇന്ന് അതിനെക്കാൾ ഗുരുതരമാണ് കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെന്ന കാര്യത്തിൽ സംശയമില്ല. നികുതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അങ്ങിവിടെ സൂചിപ്പിച്ചു. ഞാനതിലേയ്ക്ക് കടക്കുന്നില്ല. ജി.എസ്.ടി. വന്നതിനുശേഷമുള്ള നികുതി വരുമാനത്തിന്റെ കുറവ് സൂചിപ്പിച്ചു. 2015 മുതൽ 2017 വരെയുള്ള കണക്കെടുത്താൽ സംസ്ഥാനത്തിന്റെ കടം 30 ശതമാനം വർദ്ധിക്കുന്ന സാഹചര്യം ഉണ്ടായിയെന്ന് മനസ്സിലാകും. ഇത്തരമൊരു അവസ്ഥയിൽപോലും നമ്മുടെ മാർക്കറ്റിനെ കൂടുതൽ ഫ്ലറിഷ് ചെയ്യിക്കാൻ വേണ്ടിയുള്ള ഒരു പ്രവർത്തനവും നടത്തുന്നില്ല. 2017-18 സാമ്പത്തിക വർഷം പി.ഡബ്ല്യു.ഡി.-ക്കുവേണ്ടി 10 കോടി രൂപപോലും അഡീഷണലായി കൊടുക്കുന്ന സാഹചര്യമുണ്ടായിട്ടില്ലെന്ന് ഇന്നലെ സൂചിപ്പിച്ചു. പഞ്ചായത്തുകളിലാണ് തൊഴിലുകളും മറ്റ് കാര്യങ്ങളും നടക്കേണ്ടത്. എന്നാൽ പഞ്ചായത്തുകൾക്ക് ഫണ്ട് അനുവദിക്കുന്നില്ല. ഓൺ ഫണ്ട് ലഭ്യമായിരുന്ന പരസ്യ നികുതി ഉൾപ്പെടെ തിരിച്ച് കൊടുത്തിട്ടില്ല. പഞ്ചായത്തുകൾക്ക് കൂടുതൽ പ്രവൃത്തികൾ സൃഷ്ടിക്കാനും കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്ന സാഹചര്യവുമുണ്ടാകണം. ഇതൊക്കെ അങ്ങേയ്ക്ക് വ്യക്തമായി അറിയാവുന്ന കാര്യങ്ങളാണ്. നിർഭാഗ്യമെന്നു പറയട്ടെ, അങ്ങ് ഇക്കാര്യത്തിൽ നിസംഗത പാലിക്കുകയാണ്. അങ്ങയുടെ പ്രസ്താവനകൾ കണ്ടുകഴിഞ്ഞാൽ, പിന്നെ ആരിലാണ് ജനങ്ങൾ പ്രതീക്ഷ അർപ്പിക്കേണ്ടതെന്ന് തോന്നിപ്പോകും. സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിയെയാണ് ജനങ്ങൾ പ്രതീക്ഷയോടുകൂടി നോക്കിക്കാണുന്നത്. പാഴ്ച്ചെലവ് ഒഴിവാക്കിയും ട്രഷറിയിൽ നിന്നുള്ള പണമൊഴുക്ക് ക്രമീകരിച്ചും വലിയ പ്രശ്നങ്ങളില്ലാതെ ഈ മാസം പിന്നിടാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അങ്ങ് പറഞ്ഞു. ഒരു മാസം പിന്നിടുന്നതിനെക്കുറിച്ചും സാലറിയും പെൻഷനും കൊടുക്കുന്നതിനെക്കുറിച്ചുമാണ് അങ്ങ് ആലോചിക്കുന്നത്. 'പ്രതീക്ഷ തെറ്റി, ഞെരുക്കമുണ്ട് - ഡോ. ടി. എം. തോമസ് ഐസക്, ജി.എസ്.ടി.- സാമ്പത്തിക പ്രതിസന്ധി ഇനിയും രൂക്ഷമാക്കും

- ഡോ. ടി. എം. തോമസ് ഐസക്, പ്രത്യാഘാതം വരാനിരിക്കുന്നതേയുള്ളൂ - ഡോ. ടി. എം. തോമസ് ഐസക്.' വിവിധ മേഖലകളിൽ തൊഴിലില്ലായ്മയും കാർഷിക രംഗത്തുള്ള തകർച്ചയുമൊക്കെ കേരളത്തിലെ ജനങ്ങൾ നേരിടുമ്പോൾ, പ്രതീക്ഷയോടുകൂടി നോക്കിക്കാണുന്ന ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ പ്രസ്താവനകളാണ് ഞാൻ വായിച്ചത്. പ്രതീക്ഷയറ്റ വാക്കുകളാണ് അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നതെങ്കിൽ ജനങ്ങൾ പിന്നെ എന്താണ് പ്രതീക്ഷിക്കേണ്ടത്; ഏത് വിധത്തിലുള്ള സാമ്പത്തിക പ്രയാസങ്ങളുണ്ടായാലും അവിടെ കൊള്ളയും കവർച്ചയും അരാജകത്വവുമൊക്കെ ഉണ്ടാകും. കേരളത്തിന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതി സാധാരണ കുടുംബ ജീവിതത്തെപ്പോലും പിടിച്ചുലച്ച്, തൊഴിലാളികൾക്ക് ഉണ്ടാക്കിയിട്ടുള്ള പ്രയാസങ്ങൾ വളരെ വലുതാണ്. ഇന്നത്തെ സാമ്പത്തിക സ്ഥിതി ഇതിനെക്കാൾ രൂക്ഷമാകുമെന്ന് പറയുന്നതിനപ്പുറത്ത് ഈ സാമ്പത്തിക പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനെക്കുറിച്ച് അങ്ങ് ആലോചിക്കണമെന്നും ഇത്തരം കാര്യങ്ങളിൽ ശക്തമായ സാമ്പത്തിക ഇടപെടൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നും അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നമ്മുടെ രാജ്യവും സംസ്ഥാനവും ഗൗരവമായിട്ടുള്ള ഒരു സാമ്പത്തിക ഞെരുക്കത്തിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇതിന് തുടക്കം കുറിച്ചത് കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനമാണ്. നോട്ട് നിരോധനത്തിന്റെ ഫലമായി നമ്മുടെ സമ്പദ്ഘടനയിലെ ഡിമാന്റ് പെട്ടെന്ന് ശുഷ്കിച്ചിരിക്കുകയാണ്. ഇതിന്റെ ഫലമായി ഉൽപ്പാദന തകർച്ചയുണ്ടാകുമെന്ന് പറഞ്ഞത് ഇപ്പോൾ യാഥാർത്ഥ്യമായി മാറിയിട്ടുണ്ട്. ഈ തകർച്ച ഏറ്റവും കൂടുതൽ രൂക്ഷമായി ബാധിച്ചിട്ടുള്ളത് ചെറുകിട മേഖലയെയാണ്. കേരളത്തിൽ ചെറുകിട മേഖലയ്ക്കാണ് പ്രാമുഖ്യമുള്ളത്. സഹകരണ മേഖലയാണ് കേരളത്തിൽ മൂന്നാമത് പ്രാമുഖ്യമുള്ള മേഖല. സഹകരണ മേഖലയെ തകർക്കുന്നതിനുള്ള നീക്കങ്ങളാണ് കേന്ദ്ര സർക്കാർ നടത്തിയത്. ഇതിന്റെ തുടർച്ചയായിട്ടാണ് ജി.എസ്.ടി. വന്നത്. ഈ കെടുതികളിൽ നിന്നും രക്ഷപ്പെടുന്നതിന് മുമ്പുതന്നെ ജി.എസ്.ടി. എന്ന പുതിയൊരു അനിശ്ചിതാവസ്ഥ സമ്പദ്ഘടനയുടെ മുകളിൽ വന്നു പതിച്ചു. ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ഏറ്റവും വലിയ തിരിച്ചടി വന്നത് ചെറുകിട മേഖലയ്ക്കാണ്. ജി.എസ്.ടി. വന്നപ്പോൾ ചെറുകിട മേഖലയ്ക്ക് നേരത്തെയുണ്ടായിരുന്ന എക്സൈസ് നികുതിയുടെ സംരക്ഷണം ഇല്ലാതെയായിയെന്ന പ്രശ്നമുണ്ട്, പിന്നെ നടത്തിപ്പിന്റേതായ കാര്യങ്ങളുമുണ്ട്.

ഇതെല്ലാം ചേർന്നപ്പോൾ ഇന്ത്യയിലെ സാമ്പത്തിക മുരടിപ്പ് രൂക്ഷമായി. അങ്ങ് പറഞ്ഞതുപോലെ വിദേശ-ഗൾഫ് രാജ്യങ്ങളിലെ പ്രതിസന്ധി നമുക്ക് അനിശ്ചിതത്വം കൊണ്ടുവന്നിട്ടുണ്ട്. സർക്കാർ ഇക്കാര്യത്തിൽ ഒന്നും ചെയ്യുന്നില്ല, നിസ്സംഗത പാലിക്കുന്നു എന്നൊക്കെ പറഞ്ഞത് ശരിയല്ല. അങ്ങ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അവതരിപ്പിച്ച മാന്ദ്യ വിരുദ്ധ പാക്കേജിനെക്കുറിച്ച് പറയുകയുണ്ടായി. അയ്യായിരം കോടി രൂപയുടെ പാക്കേജായിരുന്നു അത്. ഈ വർഷം അൻപതിനായിരം കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഈ സർക്കാർ തുടക്കം കുറിക്കും. കഴിഞ്ഞ രണ്ട് വർഷമായി അതിനുള്ള വലിയൊരു തയ്യാറെടുപ്പിലാണ്. ഇപ്പോൾ ഇരുപതിനായിരം കോടി രൂപയ്ക്ക് എല്ലാവിധ അനുമതിയും നൽകിക്കഴിഞ്ഞു. ഭൂരിപക്ഷം പ്രവൃത്തിയും ടെണ്ടറിലേയ്ക്ക് പോയിക്കഴിഞ്ഞു. ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ഈ വർഷം തന്നെ തുടക്കം കുറിക്കാനാണ് കഠിനാധ്വാനം ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് ഇന്ത്യാ രാജ്യത്തെ ഏത് സംസ്ഥാനമെടുത്താലും നടക്കുന്ന ഏറ്റവും വലിയ നിർമ്മാണ പാക്കേജുകളിൽ ഒന്നാണ്. ഇതാണ് സർക്കാരിന്റെ മാന്ദ്യ വിരുദ്ധ പാക്കേജെന്ന് ഞാൻ പറയും. അത് ഫലപ്രദമായി നടപ്പിലാക്കാനുള്ള ഏർപ്പാട് ചെയ്യും. അങ്ങ് പറഞ്ഞതുപോലെ സംസ്ഥാന സർക്കാരിന്റെ ബജറ്റിൽ ധാരാളം പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ട്. അതൊക്കെ ആറ് മാസം കൊണ്ട് മറികടക്കാൻ സാധിക്കും. ജി.എസ്.ടി. സാധാരണ നിലയിലേയ്ക്ക് വരുമെന്നാണ് പൊതുവിൽ കരുതപ്പെടുന്നത്. നമുക്കും ആ ശുഭപ്രതീക്ഷയാണ്. എന്നാൽ ഇതൊന്നും ഇപ്പറഞ്ഞ നിക്ഷേപത്തെ ബാധിക്കുന്നതല്ല. ചെറുകിട മേഖലയ്ക്കാണല്ലോ കൂടുതൽ പ്രശ്നങ്ങൾ വന്നത്; ഈ വർഷത്തെ ബജറ്റ് എടുത്താൽ outlay-യുടെ അടിസ്ഥാനത്തിൽ ഏറ്റവും വലിയ പരിഗണന ഉണ്ടായിട്ടുള്ളത് പരമ്പരാഗത മേഖലകൾക്കാണെന്ന് മനസ്സിലാകും. പരമ്പരാഗത മേഖലയിലെ നമ്മുടെ മുതൽ മുടക്ക് ഏതാണ്ട് ഇരട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അത് വളരെ ശ്രദ്ധേയമായിട്ടുള്ള ഇടപെടലാണെന്ന് പറയാം. സഹകരണ മേഖല ഒരിക്കലും ഇങ്ങനെയുള്ള സ്ഥിതിവിശേഷം നേരിടാൻ പാടില്ലെന്നൊരു കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ മുകളിലുള്ള രണ്ട് തട്ടുകളും സംയോജിപ്പിച്ച് കേരള ബാങ്കിന് രൂപം നൽകുകയാണ്. കഴിഞ്ഞ നോട്ട് നിരോധനകാലത്ത് ഏതാണ്ട് മൂന്നുമാസക്കാലം സഹകരണ പ്രസ്ഥാനം നിശ്ചലാവസ്ഥയിലെത്തിച്ചേർന്നു. നമ്മുടെ സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളും ഒരുമിച്ച് നിന്നതുകൊണ്ടാണ് ജനങ്ങളിൽ വിശ്വാസം തുടരുന്നതിനും ആ മേഖലയെ സംരക്ഷിക്കാനും കഴിഞ്ഞത്. എന്നാൽ ഇതുകണ്ടുകൊണ്ട്, ഇനിയും ശക്തമായ പ്രതിരോധം നമ്മുടെ സഹകരണ മേഖലയ്ക്ക് നൽകുകയെന്ന് ലക്ഷ്യമിട്ടുകൊണ്ടാണ് നമ്മൾ കേരള ബാങ്ക് രൂപീകരിക്കുന്നത്. ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ ചെറുകിട മേഖലയ്ക്കുണ്ടായ പ്രശ്നങ്ങൾ

മനസ്സിലാക്കിക്കൊണ്ട് നികുതി നിരക്കിൽ, എക്സംപ്ഷൻ ലിമിറ്റിൽ, ജോബ് വർക്കുകളുടെ കാര്യത്തിലെല്ലാം വലിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി ചെറുകിട മേഖലയ്ക്ക് ജി.എസ്.ടി. വന്നപ്പോഴുണ്ടായ തിരിച്ചടിയിൽ നിന്നും കരകയറാൻ കഴിഞ്ഞിട്ടുണ്ട്. പ്രവാസികൾ തിരിച്ചുവരുന്നതിന്റെ പശ്ചാത്തലത്തിൽ ലോക കേരള സഭ നടന്നത് വളരെ ശ്രദ്ധേയമായിട്ടുള്ള കാൽവയ്പ്പാണ്. അത് ആ സഭ കൊണ്ട് തീരാൻ പോകുന്നില്ല, മറിച്ച് വിവിധ വിഷയാടിസ്ഥാനത്തിലുള്ള സമിതികൾ പ്രവാസികളുമായി നിരന്തരമായി ബന്ധം പുലർത്തുന്നതിനും ഒരു തുടർച്ച ഇക്കാര്യങ്ങളിൽ കൊണ്ടുവരുന്നതിനും പരിശ്രമിക്കുന്നുണ്ട്. ഇന്നത്തെ ഗൗരവാവസ്ഥ മനസ്സിലാക്കിക്കൊണ്ട് ഇടപെടുന്നതിനുള്ള വലിയൊരു പരിശ്രമമാണ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇന്നത്തെ സാമ്പത്തിക മുരടിപ്പിന്റെ ഗൗരവാവസ്ഥ ഗവൺമെന്റ് മനസ്സിലാക്കുന്നുണ്ടെന്നും ഈ വർഷം വികസന രംഗത്ത് അൻപതിനായിരം കോടി രൂപയുടെ നിക്ഷേപ പ്രവർത്തനങ്ങൾ തുടങ്ങുമെന്നും അങ്ങ് പറഞ്ഞു. ഞാൻ അത് പോസിറ്റീവായി എടുക്കുകയാണ്. ഗ്രാമീണ മേഖലകളിലാണ് വലിയ മാറ്റമുണ്ടാകേണ്ടത്. ഗ്രാമീണ മേഖലകളിലെ മാറ്റത്തിന് പഞ്ചായത്തുകൾക്ക് വലിയ പങ്ക് വഹിക്കാനുണ്ട്. അവിടെയുള്ള തൊഴിലുറപ്പ് പദ്ധതിയാകട്ടെ, ഗ്രാമീണ മേഖലയിലുള്ള വികസന പ്രവർത്തനമാകട്ടെ, ഈ ഗവൺമെന്റ് ജി.എസ്.ടി.-യുടെ ഭാഗമായി എടുത്തിരുന്ന പരസ്യ നികുതിപോലും പഞ്ചായത്തുകൾക്ക് തിരിച്ചുകൊടുക്കാത്തതിന്റെ പേരിൽ പല പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഇത്തരം വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ല. അത്തരം ഫണ്ടുകൂടി അവർക്ക് കൊടുത്തുകൊണ്ട് താഴെത്തട്ടിലുള്ള ഗ്രാമീണ മേഖലകളെ കുറെക്കൂടി സജീവമാക്കാനുള്ള സാമ്പത്തിക ഇടപെടലുകളും തൊഴിൽ സാധ്യതകളും വർദ്ധിപ്പിക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, സാമ്പത്തിക പ്രയാസങ്ങളുണ്ടെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മുഴുവൻ ഗഡുക്കളും വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുണ്ടാക്കിയിട്ടുണ്ട്. അവരുടെ പദ്ധതികളിലെ സ്പിൽ ഓവർ ഈ വർഷവും അംഗീകരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അവർ സബ്മിറ്റ് ചെയ്തിട്ടുള്ള ബില്ലുകൾക്കെല്ലാം അഡീഷണലായിട്ടുള്ള പണം അടുത്ത വർഷം നൽകുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. അങ്ങ് പറഞ്ഞ പരസ്യ നികുതി 100 കോടിയിൽപ്പരം രൂപയേ വരികയുള്ളൂ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആകെ കിട്ടുന്നത് ഏഴായിരത്തോളം കോടി രൂപയാണ്.

അതിലാണ് 100 കോടി രൂപ വരുന്നത്. അതിനെക്കുറിച്ച് ഉറപ്പ് നൽകിയിട്ടുണ്ട്. ഒരു വർഷത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്. പക്ഷെ ഏപ്രിൽ മാസത്തിൽ അവർക്ക് ഈ പണം മാറി നൽകുന്നതാണ്. പക്ഷെ അങ്ങ് മനസ്സിലാക്കേണ്ടൊരു കാര്യം ലൈഫ് മിഷനുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് നടക്കുന്നത് എന്നതാണ്. ഇപ്പോൾ വിദ്യാഭ്യാസ മേഖലയിൽ സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള ഏതാണ്ട് മൂവായിരത്തിൽപ്പരം കോടി രൂപയുടെ ഉടമസ്ഥർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ഗ്രാമീണ ആശുപത്രികളിന്മേലുള്ള നിക്ഷേപവും ലൈഫ് മിഷന്റെ നിക്ഷേപവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ചെലവഴിക്കുന്ന പണമാണ്. അന്യാദൃശമായ വർദ്ധനവാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക പദവിയിൽ ഇതിന്റെ ഫലമായുണ്ടാകുന്നത്. അങ്ങ് പറഞ്ഞതുപോലെ അതിലൊരു വീഴ്ച വരാതിരിക്കാൻ ഗൗരവമായി ശ്രദ്ധിക്കാമെന്ന് ഉറപ്പുനൽകുന്നു.

## IV സബ്മിഷൻ

### (1) ആർ.എസ്.എസ്. ആക്രമണം

ശ്രീ. ജെയിംസ് മാത്യു: സർ, 11-3-2018-ന് ഞായറാഴ്ച പുലർച്ചെ എസ്.എഫ്.ഐ.-യുടെ യൂണിറ്റ് ജോയിന്റ് സെക്രട്ടറിയായ എൻ.വി. കിരൺ ഉൾപ്പെടെ നാല് വിദ്യാർത്ഥികളെ ആർ.എസ്.എസ്. ക്രിമിനൽ സംഘം മാരകമായി വെട്ടിപ്പരിക്കേൽപ്പിച്ചിരിക്കുകയാണ്. കൊല്ലണമെന്ന ഉദ്ദേശത്തോടുകൂടി നടത്തിയ ആക്രമണത്തിൽ പരിക്കേറ്റ കിരൺ ഇപ്പോഴും പരിയാരം മെഡിക്കൽ കോളേജിൽ ഐ.സി.യു.-വിൽ ചികിത്സയിലാണ്. ഈ സംഭവങ്ങൾ മുഴുവൻ സി.സി.ടി.വി. ക്യാമറയിൽ പതിഞ്ഞതിനെത്തുടർന്ന് വളരെ പെട്ടെന്ന്, മണിക്കൂറുകൾക്കകം പ്രതികളെ കസ്റ്റഡിയിലെടുക്കാൻ പോലീസിന് സാധിച്ചു. ഈ ആക്രമണം നടത്തുന്നതിന് മണിക്കൂറുകൾക്ക് മുമ്പ്, തളിപ്പറമ്പിന് തൊട്ടടുത്തുള്ള കീഴാറ്റൂർ പ്രദേശത്ത് നാഷണൽ ഹൈവേയുടെ ബൈപ്പാസുമായി ബന്ധപ്പെട്ട് നടക്കുന്ന ഒരു സമരത്തിൽ പങ്കെടുക്കുന്ന ആളുകളിൽ രണ്ടുപേരെ കൊലപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ട് ഈ അക്രമിസംഘം ഒരു ബാർ ആക്രമിച്ച് അവിടെ നിന്ന് മദ്യം കട്ടെടുത്ത് കുടിച്ച് മദോന്മത്തരായി കീഴാറ്റൂർ പ്രദേശത്ത് പോയി; രണ്ടുപേരെ കൊലപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടാണ് ആയുധങ്ങളുമായി സംഘം ചേർന്നത് എന്നതാണ് അവരെ ചോദ്യം ചെയ്തതിൽനിന്നും വ്യക്തമായത്. എന്നാൽ ഇവർ ഉദ്ദേശിച്ച ആളുകളെ അവിടെ കാണാത്തതു കൊണ്ട് സി.പി.ഐ.(എം.)-ന്റെയും മഹിളാ അസോസിയേഷന്റെയും ജനാധിപത്യ

യുവജനപ്രസ്ഥാനത്തിന്റെയും കൊടിമരങ്ങൾ തകർത്ത് ആ പ്രദേശത്ത് കലാപമുണ്ടാക്കാനുള്ള ശ്രമം നടത്തി. ഉദ്ദേശിച്ച ആളുകളെ വകവരുത്താൻ കിട്ടിയില്ലെന്നുള്ളതു കൊണ്ട് മടങ്ങിവരുന്ന വഴിയിലാണ് എസ്.എഫ്.ഐ. പ്രവർത്തകരെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചത്. അതീവ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണുള്ളത്; അവിടെ നടക്കുന്ന അമ്പലത്തിലെ ഉത്സവംപോലും ഇതിന്റെ ഭാഗമായി മുടങ്ങിയിരിക്കുകയാണ്. കണ്ണൂർ ജില്ലയിലെ കൊലപാതകങ്ങൾക്ക് പുറകിലുണ്ടാകുന്ന ഇത്തരം സംഭവങ്ങൾ ഗൗരവപൂർവ്വം കാണേണ്ടതുണ്ട്. ഇവിടെ പല സംഭവങ്ങൾക്കും നിദാനമായി തീരുന്നതും ഇത്തരം അക്രമിസംഘങ്ങളുടെ തേർവാഴ്ചയാണ്. പോലീസ് യഥാസമയം ഇടപെട്ടിട്ടുണ്ട്. എന്നാൽ പോലീസിൽ നൽകിയ മൊഴി പൂർണ്ണമായും രേഖപ്പെടുത്താൻപോലും പോലീസ് തയ്യാറായിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. ആർ.എസ്.എസ്.ന്റെയും ബജ്റംഗ് ദളിന്റെയും പ്രതികളാണ് പിടിക്കപ്പെട്ട ഏഴ് പേരും. ബോധപൂർവ്വം ഒരു കലാപമുണ്ടാക്കാൻ സമരം നടത്തുന്ന, സി.പി.ഐ.(എം.)-ൽ നിന്നും പുറത്താക്കപ്പെട്ട ആളുകളെ കൊലപ്പെടുത്തി സി.പി.ഐ.(എം.) കൊലപാതകികളാണെന്ന് വരുത്തിത്തീർത്ത് വലിയൊരു കലാപത്തിനുള്ള ശ്രമമായിരുന്നു നടത്തിയത്. ഗവൺമെന്റ് ഇത് ഗൗരവപൂർവ്വം കണ്ട് ഉചിതമായ നിലയിൽ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

……….(ബഹളം)…………

മി. ഡെപ്യൂട്ടി സ്പീക്കർ: ബി.എ.സി കമ്മിറ്റിയിലെടുത്ത തീരുമാന പ്രകാരമാണ്.

## (2) പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ചെറിയൊരു കാര്യം ഉണ്ടാക്കിവച്ചിട്ടുള്ള വലിയ പ്രയാസവും ആശയക്കുഴപ്പവും ബുദ്ധിമുട്ടുമാണ് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽ ഈ സബ്മിഷൻ വഴി കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. വിദേശത്ത് ജോലിതേടി പോകുന്നവർ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് വിദേശരാജ്യങ്ങൾ നിർബന്ധമാക്കിയിരിക്കുകയാണ്. ജില്ലാ പോലീസ് മേധാവി ഓഫീസിൽ നിന്നും പോലീസ് സ്റ്റേഷനുകളിൽ നിന്നുമാണ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകേണ്ടത്.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് (പി.സി.സി.) നൽകുമ്പോൾ ഇപ്പോൾ അതിൽ രേഖപ്പെടുത്തുന്നത് പഴയ കേസ്സുകളെക്കുറിച്ചുള്ള വിവരമാണ്. വാസ്തവത്തിൽ നിലവിൽ കേസ്സില്ല എന്ന് എഴുതിയാൽ മതി. അതിനുപകരം, ഒരാൾ പഠിക്കുന്ന സമയത്ത് വിദ്യാർത്ഥി സമരത്തിൽ പങ്കെടുത്തവരാണെങ്കിൽ വിവിധ കേസ്സുകളുണ്ടാകും. രാഷ്ട്രീയക്കാരെ സംബന്ധിച്ചിടത്തോളം അനുമതിയില്ലാതെ പ്രകടനം നടത്തിയതിന് കേസ്സുണ്ടാകും. അത്തരത്തിൽ പല കേസ്സുകളുമുണ്ടാകും. അവയെക്കുറിച്ചുള്ള മുഴുവൻ വിവരങ്ങളുമാണ് പി.സി.സി.-യിൽ ഇപ്പോൾ രേഖപ്പെടുത്തുന്നത്. അത്തരത്തിൽ രേഖപ്പെടുത്തുമ്പോൾ ജോലി തേടിപ്പോകുന്ന ആളുകളെക്കുറിച്ചുള്ള ഭീകരചിത്രമാണ് സ്പോൺസർമാരുടെയും കമ്പനികളുടെയും മുന്നിൽ അവതരിപ്പിക്കപ്പെടുന്നത്. പി.സി.സി.-യിൽ ഇപ്പോൾ കേസ് നിലവിലില്ല എന്നുമാത്രം എഴുതിയാൽ മതിയാകും. ഞാൻ മഹാരാഷ്ട്രയിലും കർണ്ണാടകയിലും അന്വേഷിച്ചു. അവിടെ ഇപ്പോൾ കേസ് നിലവിലില്ല എന്നുമാത്രമാണ് പി.സി.സി.-യിൽ എഴുതുന്നത്. നമ്മുടെ പല പോലീസ് സ്റ്റേഷനുകളിൽ നിന്നും നൽകുന്ന പി.സി.സി.-യിൽ നിലവിൽ കേസ്സില്ല എന്നല്ല, പഴയ കേസ്സുകൾ മുഴുവൻ എഴുതുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രി സമരപോരാട്ടങ്ങളിലൂടെ വളർന്നുവന്ന നേതാവാണ്. പഠിക്കുന്ന സമയത്ത് അങ്ങേയ്ക്കെതിരെ പല കേസ്സുകളുമുണ്ടാകും. അവയെയെല്ലാം കോടതി വെറുതെ വിട്ടിട്ടുണ്ടാകും; അല്ലെങ്കിൽ കോടതിയിൽ പിഴ ഒടുക്കി കേസ് അവസാനിപ്പിച്ചിട്ടുണ്ടാകും. അങ്ങനെയുള്ള കേസ്സുകളൊക്കെ പി.സി.സി.-യിൽ എഴുതിയാൽ ജോലി തേടിപ്പോകുന്ന നമ്മുടെ സഹോദരന്മാരെ വല്ലാതെ ബാധിക്കും. പലപ്പോഴും പല കമ്പനികളും പല സ്പോൺസർമാരും അവരെ ജോലിയിൽ എടുക്കാൻ വിമുഖത കാണിക്കും. ഇത് കേരളത്തെയും പ്രവാസികളെയും ബാധിക്കുന്ന വലിയ പ്രശ്നമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യമായ നടപടികൾ സ്വീകരിച്ച്, വേണ്ട നിർദ്ദേശങ്ങൾ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആയതിനുള്ള നിർദ്ദേശം ഇപ്പോൾത്തന്നെ നൽകിക്കഴിഞ്ഞിട്ടുണ്ട്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.*

(3) എരുമേലി വിമാനത്താവളം

ശ്രീ. പി. സി. ജോർജ്: സർ, ഞാനെന്ത് പറയാൻ പോകുന്നു എന്ന് കേട്ടിട്ടല്ലേ മുഖ്യമന്ത്രി മറുപടി പറയേണ്ടത്. സബ്മിഷൻ ഉന്നയിക്കുന്നതിനുമുമ്പ് ഉത്തരം മേശപ്പുറത്ത് വയ്ക്കുന്നത് എന്തിനാണ്. എനിക്കത് മനസ്സിലാകുന്നില്ല. എനിക്കതു ബാധകമല്ല. ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനത്തോടുള്ള എന്റെ എതിർപ്പ് ഞാൻ രേഖപ്പെടുത്തുന്നു.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഞാൻ ഇവിടെ ഉന്നയിക്കുന്നത് എരുമേലി വിമാനത്താവളം സംബന്ധിച്ചാണ്. തെക്കേ ഇന്ത്യയിലെ പ്രമുഖ തീർത്ഥാടന കേന്ദ്രമാണ് ശബരിമല ശ്രീധർമ്മ ശാസ്താ ക്ഷേത്രം. തെക്കേ ഇന്ത്യയിൽ നിന്നുമാത്രമല്ല, ഉത്തരേന്ത്യയിൽ നിന്നും ഭക്തരും തീർത്ഥാടകരും ഉൾപ്പെടെ പ്രതിവർഷം മൂന്ന് കോടിയിലധികം തീർത്ഥാടകർ അവിടം സന്ദർശിക്കുന്നുണ്ട്. ഇപ്പോൾ വിദേശത്തുനിന്നുപോലും ആളുകൾ വരുന്നുണ്ട്. തീർത്ഥാടന സമയത്ത് ശബരിമല സന്ദർശിക്കുന്ന ആളുകളുടെ സൗകര്യാർത്ഥം മാത്രമല്ല, ആലപ്പുഴ, കോട്ടയം, ഇടുക്കി, പത്തനംതിട്ട എന്നീ നാല് ജില്ലകളിൽ നിന്നും വിദേശത്ത് പോയി ജോലി ചെയ്യുന്നവരിൽ എൺപത് ശതമാനവും വരാനാഗ്രഹിക്കുന്നത് ഈ വിമാനത്താവളം വഴിയായിരിക്കും. അതിലൊരു സംശയവും വേണ്ട. വളരെ ലാഭകരമായി നടക്കാൻ പോകുന്ന ഒരു വിമാനത്താവളമാണ് എരുമേലി വിമാനത്താവളം. 21-2-2017-ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ച് കെ.എസ്.ഐ.ഡി.സി.-യെ ഏൽപ്പിച്ചു. ഗ്രീൻഫീൽഡ് എരുമേലി വിമാനത്താവളത്തോടുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സമീപനത്തിൽ എനിക്ക് സന്തോഷവും അഭിമാനവുമുണ്ട്. അദ്ദേഹം നൂറ് ശതമാനം ആത്മാർത്ഥതയോടുകൂടി ആ വിമാനത്താവളത്തിന്റെ നിർമ്മാണത്തിനുവേണ്ടി ശ്രമിക്കുന്നു എന്ന് കാണുമ്പോൾ എന്റെ സന്തോഷം രേഖപ്പെടുത്തുക മാത്രമല്ല, അദ്ദേഹത്തോടുള്ള നന്ദിയും രേഖപ്പെടുത്തുകയാണ്. 21-7-2017-ൽ വീണ്ടും ഗവൺമെന്റ് ഒരുത്തരവ് പുറപ്പെടുവിച്ചു. അതിൽ വളരെ വ്യക്തമായി, നമ്മുടെ ഭൂരിഭാഗം സമതലപ്രദേശവും ബാക്കി ചെറിയ കുന്നിൻപ്രദേശങ്ങളും അഞ്ച് പി.ഡബ്ല്യൂ.ഡി. റോഡുകളുടെയും രണ്ട് ദേശീയപാതയുടെയും സമീപത്തായതിനാലും ഏറ്റവും അനുയോജ്യമായ സ്ഥലമാണ് കണ്ടെത്തേണ്ടതെന്നുണ്ട്. മേൽ സാഹചര്യത്തിൽ ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം നിർമ്മിക്കാനുദ്ദേശിക്കുന്ന ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്കായി ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺസ് മലയാളം പ്ലാന്റേഷനെ പരാമർശം മൂന്നിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ഉത്തരവാകുന്നു. സ്ഥലവും ബഹുമാനപ്പെട്ട ഗവൺമെന്റ് പ്രഖ്യാപിച്ചുകഴിഞ്ഞു. അത് കഴിഞ്ഞ് 25-9-2017-ൽ വീണ്ടും ഉത്തരവിറക്കി. ആ ഉത്തരവിൽ വളരെ വ്യക്തമായി പറയുന്നു, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും മെസേഴ്സ് ലൂയിസ് ബെർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡിനെ 4,55,40,000 രൂപ ഫീസ് നൽകിക്കൊണ്ടും താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായും ഉത്തരവാകുന്നു. നിബന്ധനകളും പറയുന്നുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്

ഒരു സർക്കാരെന്ന നിലയിൽ എല്ലാ നടപടികളും ബഹുമാനപ്പെട്ട ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ആ കാര്യത്തിൽ സന്തോഷവുമുണ്ട്. നിസ്സാരമായ ഒരു സംശയം കൂടി എനിക്കുണ്ട്. സ്ഥലമെടുപ്പ് എന്നത്തേയ്ക്ക് പൂർത്തീകരിക്കും.......

മി. ഡെപ്യൂട്ടി സ്പീക്കർ: ....പ്ലീസ്..........

ശ്രീ. പി. സി. ജോർജ്: സർ, എത്രയുംവേഗം സ്ഥലമെടുപ്പ് നടപടി പൂർത്തീകരിച്ച് എന്ന് വിമാനത്താവളത്തിന്റെ നിർമ്മാണമാരംഭിക്കാൻ കഴിയും? ബാക്കിയെല്ലാ നടപടികളുമായിട്ടുണ്ട്. അതിനാലാണ് ഞാൻ ഈ ഗവൺമെന്റിനെ അഭിനന്ദിക്കുന്നത്. ഈ വിമാനത്താവളത്തിന്റെ പണി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പറയാൻ കഴിഞ്ഞാൽ വളരെ സന്തോഷമായിരുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഏൽപ്പിച്ചവർ അവരുടെ റിപ്പോർട്ട് മാർച്ച് 31-നുള്ളിൽ നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് ലഭിച്ചാൽ മറ്റ് നടപടികളിലേയ്ക്ക് കടക്കാം. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.*

(4) പുനരധിവാസം

ശ്രീ. ബി. ഡി. ദേവസ്സി: സർ, തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ കോടശ്ശേരി വില്ലേജിൽ സർവ്വേ 369/4, 369/7 നമ്പരുകളിലുള്ള ചട്ടിക്കുളം പി.ഒ. ദേശത്ത് കനാൽ പുറമ്പോക്കിൽ കഴിഞ്ഞ 50 വർഷത്തോളമായി വൃദ്ധയും രോഗിയുമായ ഭാര്യയും അവിവാഹിതയായ മകളും അടക്കമുള്ള കുടുംബാംഗങ്ങളുമൊത്ത് താമസിച്ചുവരുന്ന 80 വയസ്സുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധനും വൃക്ക രോഗിയുമായ പേങ്ങൻ മകൻ ശ്രീ. വേലായുധൻ, അരത്താൻപിള്ളി വീട്, ചട്ടിക്കുളത്ത് എന്നയാളെ, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒഴിപ്പിക്കുന്നതിന് ഇറിഗേഷൻ ഉദ്യോഗസ്ഥർ നടപടികളെടുക്കുകയാണ്. വേലായുധനും കുടുംബത്തിനും സംസ്ഥാന പട്ടികജാതി വികസന വകുപ്പ് 5 സെന്റ് സ്ഥലം അനുവദിച്ച് നൽകാമെന്ന് ഏറ്റിരിക്കുന്ന സാഹചര്യത്തിൽ അവിടെ പാർപ്പിട സൗകര്യമൊരുക്കുന്നതുവരെ ഈ കുടുംബത്തെ കുടിയൊഴിപ്പിക്കരുതെന്നും മനുഷ്യത്വപരമായ പരിഗണനയും സാമൂഹ്യനീതിയും ഉറപ്പാക്കി ഈ കുടുംബത്തെ തുടർന്നും പ്രസ്തുത സ്ഥലത്ത് കഴിയുന്നതിനും പുനരധിവാസം ഉറപ്പാക്കുന്നതിനും കുടുംബത്തെ വഴിയാധാരമാക്കാതെ ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ശ്രീ. വേലായുധന്റെ പ്രശ്നം വളരെ ഗൗരവമുള്ളതാണ്. കോടതിവിധിയുള്ളതാണെങ്കിൽപ്പോലും പട്ടികജാതി വികസന വകുപ്പ് പുനരധിവാസത്തിനാവശ്യമായ നടപടി സ്വീകരിക്കാമെന്ന് പറഞ്ഞിട്ടുണ്ട്.

(5) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ

ശ്രീ. സി. കൃഷ്ണൻ: സർ, വരുമാനത്തിലും പ്രവർത്തനത്തിലും നല്ല മികവ് പുലർത്തുന്ന ഡിപ്പോയാണ് പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ. 73 ലോക്കൽ ഷെഡ്യൂളുകളാണ് ഇവിടെനിന്നും ഓപ്പറേറ്റ് ചെയ്തുവരുന്നത്. കാലപ്പഴക്കംമൂലം 18 ഓർഡിനറി ബസുകൾ സമീപകാലത്ത് സ്ക്രാപ്പ് ചെയ്യപ്പെട്ടു. പകരം പുതിയ ബസുകൾ ഇവിടെ അനുവദിച്ചില്ല. അടുത്ത മാസത്തോടുകൂടി 10 ബസുകൾ കൂടി പിൻവലിക്കാൻ പോകുകയാണ്. ഫലത്തിൽ 28 ബസ്സുകളുടെ കുറവ് പയ്യന്നൂർ ഡിപ്പോയിൽ വന്നുചേരുകയാണ്. നിരവധി ഷെഡ്യൂളുകൾ ഇപ്പോൾ നിർത്തലാക്കിക്കഴിഞ്ഞിരിക്കുന്നു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മലയോര മേഖലയിലും തീരദേശ മേഖലകളിലേയ്ക്കുമുള്ള ഷെഡ്യൂളുകളാണ് ഇപ്പോൾ നിർത്തൽ ചെയ്തിട്ടുള്ളത്. ഇതുമൂലം യാത്രാക്ലേശം അതീവ ഗുരുതരമായി വന്നുചേരുകയാണ് ചെയ്യുന്നത്. ചില മേഖലകളിൽ നിന്നെല്ലാം ഡിപ്പോയിലേയ്ക്ക് മാർച്ചും ധർണ്ണയുമായി ആളുകൾ വന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പയ്യന്നൂർ ഡിപ്പോയുടെ പ്രവർത്തനം നല്ലനിലയ്ക്ക് കൊണ്ടുപോകാൻ സാധിക്കത്തക്ക നിലയിൽ പിൻവലിക്കപ്പെട്ട ബസുകൾക്ക് പകരം പുതിയ ബസുകൾ അനുവദിച്ചുകൊണ്ട് യാത്രാക്ലേശം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട പയ്യന്നൂർ എം.എൽ.എ. പറഞ്ഞതുപോലെ പയ്യന്നൂർ ഡിപ്പോയിൽനിന്നും രണ്ട് എക്സ്പ്രസ് സർവ്വീസുകളും 3 സൂപ്പർ ഫാസ്റ്റ് സർവ്വീസുകളും ഒരു ഫാസ്റ്റ് പാസഞ്ചർ സർവ്വീസും 74 ഓർഡിനറി സർവ്വീസുകളുമാണ് സർവ്വീസ് നടത്തുന്നത്. അതിൽ എക്സ്പ്രസ്സിനും സൂപ്പർ ഫാസ്റ്റിനും ആവശ്യമായ ബസുകൾ അവിടെയുണ്ട്. 3 ഫാസ്റ്റ് പാസഞ്ചർ ബസുകൾ അധികമാണ് അവിടെയുള്ളത്. ഓർഡിനറി ബസ്സുകളിൽ 74 എണ്ണത്തിൽ 10 ബസ്സുകളുടെ കുറവ് അവിടെയുണ്ട്. രണ്ട് ബസുകൾ ഉടനടി പണി തീർത്ത് ആ ഡിപ്പോയിൽ എത്തിക്കുന്നതാണ്. ബാക്കി ബസ്സുകളുടെ ലഭ്യതയ്ക്കനുസരിച്ച് അവിടെ നിന്നും സർവ്വീസ് നടത്തും. ഇന്നലെത്തന്നെ ഒരു പുതിയ സർവ്വീസ് പയ്യന്നൂരിൽ പുതുതായി രൂപീകരിച്ച പാലം മുതൽ നീലേശ്വരം വരെ ആരംഭിച്ചിട്ടുണ്ടെന്ന കാര്യം കൂടി ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്.

## (6) നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. അടൂർ പ്രകാശ്: സർ, കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിനുവേണ്ടി എം.എൽ.എ. എന്നുള്ള നിലയിൽ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് പണിയാരംഭിക്കാൻ വേണ്ടി 3 കോടി രൂപ ഞാൻ നൽകിയിരുന്നു. ആ 3 കോടി രൂപ നൽകിയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്കുവേണ്ടി ഗ്യാരേജും ഓഫീസ് പണിയും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ബാക്കി ഭാഗത്ത് യാതൊരു വിധത്തിലുള്ള പണികളും നടക്കുന്നില്ല എന്നുമാത്രമല്ല ഈ ഓഫീസ് ബിൽഡിംഗും ഗ്യാരേജും പണി പൂർത്തീകരിച്ചിട്ട് മാസങ്ങളോളമായി. ഇപ്പോൾ അവിടെ പട്ടിയും പൂച്ചയും കയറികിടക്കുന്ന ഒരു സ്ഥിതിവിശേഷമാണ് കാണാൻ കഴിയുന്നത്. ഇതിനൊരു മാറ്റമുണ്ടാകണം. അങ്ങ് എല്ലായിടത്തും ബസുകൾ അനുവദിക്കുന്നു, ബസ് സർവ്വീസ് ആരംഭിക്കുന്നു, പുതിയ സർവ്വീസുകളെക്കുറിച്ചൊക്കെ പ്രഖ്യാപിക്കുന്നുണ്ട്. മാനുഷിക പരിഗണന നൽകി ഈ ഡിപ്പോയുടെ പ്രവർത്തനം എത്രയും വേഗത്തിൽ പൂർത്തീകരിക്കണം. മാത്രമല്ല, ശബരിമലയിൽ പോകുന്നതിനുവേണ്ടി കോന്നിയിൽ നിന്നും തണ്ണിത്തോട്-ചിറ്റാർ-സീതത്തോട് വഴി ശബരിമലയ്ക്ക് പോകാനുള്ള ഏറ്റവും ദൈർഘ്യം കുറഞ്ഞ പാതയാണിത്. ഇതൊക്കെ കണക്കിലെടുത്ത് ഈ ഡിപ്പോയുടെ പ്രവർത്തനം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കണം. അങ്ങ് നേരത്തേ മന്ത്രിയായിരുന്നപ്പോഴും സഭയിൽ ഈ വിഷയം അവതരിപ്പിച്ചതാണ്. അന്ന് അങ്ങ് ഒരു യോഗം തന്നെ വിളിച്ചുകൂട്ടിയിരുന്നു. യോഗമൊക്കെ വിളിച്ചുകൂട്ടിയെങ്കിലും പഴയ അവസ്ഥ തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നത്. അതിനൊരു പരിഹാരമുണ്ടാക്കണമെന്നുള്ളതാണ് എന്റെ ആവശ്യം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, അവിടെ യാർഡിന്റെ പ്രവർത്തനം സംബന്ധിച്ച തടസ്സമാണുള്ളത്. അതിന് പഞ്ചായത്തിൽ നിന്നുള്ള അനുമതി പത്രം ലഭിച്ചിട്ടില്ല. അനുമതി പത്രം ലഭിക്കുന്ന മുറയ്ക്ക് യാർഡിന്റെ പ്രവർത്തമാരംഭിക്കാം. അങ്ങ് പറഞ്ഞതുപോലെ കോന്നി ഡിപ്പോയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാരിന് എന്താണോ ചെയ്യാൻ കഴിയുക അതൊക്കെ പരിശോധിച്ച് ചെയ്യുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(7) ആസ്തി വികസന ഫണ്ടിന്റെ വിനിയോഗം

ശ്രീ. റ്റി. വി. രാജേഷ്: സർ, എം.എൽ.എ.-മാരുടെ SDF, ADS പ്രവൃത്തികളുടെ കാലതാമസം ഒഴിവാക്കണം എന്നാവശ്യപ്പെടുന്നതാണ് എന്റെ സബ്മിഷൻ. എം.എൽ.എ.-മാർ ഒരു പ്രൊപ്പോസൽ നിർദ്ദേശിച്ചുകഴിഞ്ഞാൽ രണ്ട് മാസത്തിനുള്ളിലെങ്കിലും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തണമെന്ന് ആവശ്യപ്പെടുകയാണ്. പലപ്പോഴും നമ്മൾ പ്രവൃത്തികൾ നിർദ്ദേശിച്ചുകഴിഞ്ഞാൽ എസ്റ്റിമേറ്റ് എടുക്കാൻ തന്നെ നാലഞ്ച് മാസം എടുക്കുകയാണ്. അതുകഴിഞ്ഞ് എ.എസ്., റ്റി.എസ്., ടെണ്ടർ നടപടികൾ എന്നിവ പൂർത്തികരിക്കുമ്പോഴേയ്ക്കും വർഷം ഒന്ന് കഴിയുകയാണ്. പലപ്പോഴും ജനങ്ങൾക്കിടയിൽ ഇത് പ്രതിഷേധത്തിന് ഇടവരുത്തുന്നു. മാത്രമല്ല, എം.എൽ.എ.-മാരുടെ കഴിവുകേടായിട്ടാണ് ഇതിനെ ചിത്രീകരിക്കുന്നത്. അതോടൊപ്പംതന്നെ മറ്റൊരു വിഷയം, ചെറിയ പാലങ്ങൾ എ.ഡി.എസ്.-ൽ വച്ചാണ് നിർമ്മിക്കുന്നത്. പക്ഷേ പാലങ്ങൾ നിർമ്മിക്കണമെങ്കിൽ നമുക്ക് ഇൻവെസ്റ്റിഗേഷനും ഡിസൈനും തയ്യാറാക്കേണ്ടതായിട്ടുണ്ട്. ഇൻവെസ്റ്റിഗേഷന് പുറത്തുള്ള ഏജൻസിയെയാണ് ചുമതലപ്പെടുത്തുന്നത്. മിക്കവാറും ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിനെയാണ് ഇതിനായി ചുമതലപ്പെടുത്തുന്നത്. അവരാണെങ്കിൽ ഇൻവെസ്റ്റിഗേഷനും ഡിസൈനും തയ്യാറാക്കാൻ വളരെ സമയമാണ് എടുക്കുന്നത്. ഇതിന്റെ ഭാഗമായി കാലതാമസം വരികയാണ്. അതോടൊപ്പംതന്നെ എം.എൽ.എ. ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള കെട്ടിടങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ ഇലക്ട്രിക്കൽ വർക്ക് നീണ്ടുപോകുന്നുണ്ട്. മിക്കവാറും ജില്ലകളിൽ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗിന് ഒരു സബ്ഡിവിഷൻ ഓഫീസ് മാത്രമാണുള്ളത്. ഇലക്ട്രിക്കൽ വർക്ക് പൂർത്തികരിക്കാത്തതുകൊണ്ട് ആശുപത്രികൾക്ക് ബിൽഡിംഗ് എടുത്തുകൊടുത്താൽ, ആ ബിൽഡിംഗ് ഉപയോഗിക്കാൻ കഴിയാതെ വരികയാണ്. സ്കൂൾ ബിൽഡിംഗും തുറന്നുകൊടുക്കാൻ കഴിയാതെ വരുന്നു. ഇത്തരം പ്രയാസങ്ങളുണ്ട്. അതുകൊണ്ട് നമ്മുടെ എൽ.എസ്.ജി.ഡി. എസ്.ഇ. തലത്തിൽ ഒരു ഇൻവെസ്റ്റിഗേഷൻ ആന്റ് ഡിസൈൻ വിംഗ് ആരംഭിക്കണം. അതോടൊപ്പം ഇലക്ട്രിഫിക്കേഷനുള്ള സംവിധാനവും ജില്ലാടിസ്ഥാനത്തിൽ ഇത് സമയബന്ധിതമായി പൂർത്തിയാകുമെന്ന് ഉറപ്പുവരുത്താനാവശ്യമായ സംവിധാനവുമുണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ആസ്തി വികസന ഫണ്ടിൽനിന്നും പദ്ധതികൾ നടപ്പിലാക്കുന്നതിന് വലിയ താമസം വരുന്നുവെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ. ഫണ്ടുപോലെ ജില്ലാതലത്തിലേയ്ക്ക് പൂർണ്ണമായും മാറ്റുക മാത്രമല്ല പ്രസ്തുത ഉത്തരവുകളനുസരിച്ച് കളക്ടർമാർ ഡി.പി.ആർ. സഹിതം ലഭിക്കുന്ന ശിപാർശകൾക്ക് വിശദമായ പരിശോധനകൾക്കുശേഷം 30 ദിവസത്തിനുള്ളിൽതന്നെ ഭരണാനുമതി നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് അടുത്ത 10 ദിവസങ്ങൾക്കുള്ളിൽ സാങ്കേതികാനുമതി നൽകുകയും ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കാലതാമസം കൂടാതെ പൂർത്തിയാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. അത് റിവ്യൂ ചെയ്യാം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. റ്റി. വി. രാജേഷ് ഇവിടെ പറഞ്ഞതുപോലെ കഴിഞ്ഞ നിയമസഭയിൽ ഞാനാണ് ഈ ഇഷ്യൂ ഉന്നയിച്ചത്. അങ്ങ് സമ്മതിച്ചതുപോലെ ജില്ലയിലേയ്ക്ക് മാറ്റിയിട്ടുമുണ്ട്. പക്ഷെ, ജില്ലയിലേയ്ക്ക് മാറ്റിയിട്ടും അവർക്കാവശ്യത്തിന് സ്റ്റാഫില്ലാത്തതുകൊണ്ടാണോ മറ്റെന്തെങ്കിലും കാരണംകൊണ്ടാണോയെന്ന് അറിയില്ല, വേണ്ടത്ര വേഗത ഉണ്ടാകുന്നില്ല. അക്കാര്യം പരിശോധിക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ പറഞ്ഞതു പ്രകാരമാണെങ്കിൽ 40 ദിവസത്തിനുള്ളിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാകണം. അത് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവ് നൽകിയാലേ ശരിയാകുകയുള്ളൂ.

ഡോ. ടി. എം. തോമസ് ഐസക്: സർ, എം.എൽ.എ. ഫണ്ട് നേരത്തെതന്നെ ജില്ലാതലത്തിലുള്ളതാണ്. കാലതാമസം വന്ന നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുകയാണെങ്കിൽ അത് കൃത്യമായി പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് എന്ത് നടപടികൾ വേണമെന്ന് തീരുമാനിക്കാം.

11.00 AM]

## (8) പ്രത്യേക അക്കൗണ്ട് നമ്പർ അനുവദിക്കൽ

ശ്രീ. പി. കെ. ബഷീർ: സർ, സർക്കാർ പ്രഖ്യാപിച്ച ചലഞ്ച് ഫണ്ടിന്റെ അക്കൗണ്ട് സംബന്ധിച്ചുള്ള വിഷയമാണ് എനിക്ക് അവതരിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മാനേജ്മെന്റ് സ്കൂളിന്റെ ചലഞ്ച് ഫണ്ടാണ്

ഉദ്ദേശിക്കുന്നത്. ഞാനതല്ല ഉദ്ദേശിക്കുന്നത്. എന്റെ ആസ്തി വികസന ഫണ്ടിൽനിന്നും 4.5 കോടി രൂപ 1 മുതൽ 7 വരെ ക്ലാസ്സുകളുള്ള 663 ഗവൺമെന്റ് എയ്ഡഡ് സ്കൂളുകൾ ഹൈടെക് ആക്കുന്നതിനുവേണ്ടി അനുവദിച്ചു. ബന്ധപ്പെട്ട പഞ്ചായത്തുകളും മാനേജുമെന്റും പി.ടി.എ.-യും ചേർന്ന് അതിലേയ്ക്ക് ഒരു കോടി രൂപയുടെ പബ്ലിക് കോൺട്രിബ്യൂഷൻ തരുന്നുണ്ട്. ആകെ 5.5 കോടി രൂപയാണ് അതിന്റെ എസ്റ്റിമേറ്റ്. ഒരു കോടി രൂപ അടയ്ക്കുന്നതിന് പ്രത്യേക അക്കൗണ്ട് നമ്പർ തരണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ പല പ്രാവശ്യം സംസാരിച്ചതാണ്. ഇതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശം ലഭിക്കാത്തതുകൊണ്ട് 2018 മാർച്ച് 31-നുള്ളിൽ ഭരണാനുമതി ലഭിച്ചിട്ടില്ലെങ്കിൽ ഫണ്ട് ലാപ്സാകുമെന്നാണ് ഇന്നലെ കളക്ടർ നൽകിയ കത്തിൽ പറയുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതിന് പ്രത്യേക ഉത്തരവ് തരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി <u>(ഡോ. ടി. എം. തോമസ് ഐസക്):</u> സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നം ആസ്തി വികസന ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ചുള്ളതാണ്. ഇപ്പോൾ സ്വകാര്യ എയ്ഡഡ് സ്കൂളുകളിൽ കമ്പ്യൂട്ടർ തുടങ്ങിയ കാര്യങ്ങൾ നൽകുന്നതിൽ തടസ്സങ്ങളില്ല. എന്നാൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് വരികയാണെങ്കിൽ ചലഞ്ച് ഫണ്ടിന്റെ രൂപത്തിലേ ഉപയോഗിക്കാൻ കഴിയൂ. ചലഞ്ച് ഫണ്ടിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ഉത്തരവായി ഇറങ്ങിയിട്ടുണ്ട്. എന്നാൽ അവിടെയും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നം അഡ്രസ് ചെയ്യുന്നില്ല. കാരണം, ഇപ്പോൾ ഇറങ്ങിയ ഉത്തരവിൽ ഏതെങ്കിലും ഒരു സ്കൂളിന് ചലഞ്ച് ഫണ്ട് നൽകണമെങ്കിൽ ട്രഷറിയിൽ അക്കൗണ്ട് തുറക്കണമെന്നേ പറഞ്ഞിട്ടുള്ളൂ. ഇവിടെ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ മൊത്തത്തിലെടുത്ത ഒരു പ്രോഗ്രാമിനെക്കുറിച്ചാണ് പറയുന്നത്. ഓരോ സ്കൂളിനും പ്രത്യേകം അക്കൗണ്ട് തുടങ്ങുക വളരെ പ്രയാസമുള്ള കാര്യമാണ്. ഒരുമിച്ച് ഒരു അക്കൗണ്ട് തുടങ്ങുന്ന കാര്യം ഇന്നുതന്നെ ഫിനാൻസ് സെക്രട്ടറിയുമായി ചർച്ചചെയ്ത് പരിഹാരം കണ്ടെത്താം.

### (9) <u>പുനരധിവാസം</u>

<u>ശ്രീ. എൽദോ എബ്രഹാം:</u> സർ, കേരളത്തിന്റെ മദ്യ വ്യവസായത്തിന്റെ ഭാഗമായിരുന്ന ചാരായം 1996-ലെ യു.ഡി.എഫ്. സർക്കാർ നിരോധിച്ചതിനെത്തുടർന്ന് പതിമൂവായിരത്തിലധികം പേർക്ക് തങ്ങളുടെ ഉപജീവനമാർഗ്ഗമായിരുന്ന തൊഴിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. ഇവരുടെ പുനരധിവാസം ഉറപ്പുവരുത്തണമെന്നും 60 വയസ്സ് കഴിഞ്ഞവർക്ക് അബ്കാരി

ക്ഷേമനിധി ബോർഡിൽനിന്നും മിനിമം പെൻഷനായി 2,000 രൂപ നൽകണമെന്നുമാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. തൊഴിലുള്ള കാലത്ത് മികച്ച വരുമാനവും മക്കളുടെ വിദ്യാഭ്യാസവും ഇതര ബാങ്ക് വായ്പാ തിരിച്ചടവുകളുമെല്ലാം സുഗമമായി നടന്നിരുന്നുവെങ്കിൽ ചാരായ നിരോധനത്തെത്തുടർന്ന് ജീവിതം വഴിമുട്ടിയ തൊഴിലാളികളിൽ പലരും ആത്മഹത്യ ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടായി. നിരവധി പേർ മരണപ്പെട്ടു. ഇവരുടെ കുടുംബത്തെ സഹായിക്കുവാൻ സർക്കാർ തയ്യാറാകണം. ജോലി നഷ്ടപ്പെട്ടവരിൽ ഇപ്പോഴും ജോലി ചെയ്യാൻ സന്നദ്ധതയുള്ള ഏകദേശം മൂവായിരത്തിലധികം പേർ കേരളത്തിലുണ്ട്. ഇവർക്ക് ജോലി ഉറപ്പുവരുത്താൻ ബിവറേജസ് ഔട്ട്ലെറ്റുകളിൽ നിയമനം നടത്തുവാൻ ഗവൺമെന്റ് തയ്യാറാകണം. ബിവറേജസ് കോർപ്പറേഷനുകളിലെ ജീവനക്കാരിൽ നിരവധി പേർ ഡെപ്യൂട്ടേഷനിൽ വന്നിട്ടുള്ളവരുണ്ട്. അവരെ അതാത് ഡിപ്പാർട്ട്മെന്റുകളിലേയ്ക്ക് അയയ്ക്കാൻ കഴിഞ്ഞാൽ കുറേയധികം ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയും. 30,000 രൂപ തൊഴിലാളികൾക്ക് ധനസഹായമായി ഒരു ഘട്ടത്തിൽ നൽകിയിരുന്നുവെങ്കിൽപ്പോലും ഇതര വാഗ്ദാനങ്ങളൊന്നും പാലിക്കപ്പെട്ടിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിൽ പ്രതീക്ഷയർപ്പിച്ച ഈ മേഖലയിലെ തൊഴിലാളികളുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ചാരായം നിരോധിച്ചിട്ട് 22 വർഷം കഴിഞ്ഞു. ഇത് സംബന്ധമായി ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഒരു കേസുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതി കേസിൽ തീർപ്പുകൽപ്പിക്കുന്ന മുറയ്ക്കു മാത്രമേ ഇതിന്റെ മറ്റ് കാര്യങ്ങളെല്ലാം പരിശോധിച്ച് തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.*

(10) ട്രാവൻകൂർ റയോൺസ് തൊഴിലാളികളുടെ കുടിശ്ശിക

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസിലെ തൊഴിലാളികളുടെ കുടിശ്ശിക തീർപ്പാക്കുമ്പോൾ ഗ്രാറ്റുവിറ്റി തുക പൂർണ്ണമായും അനുവദിക്കുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. 2001 മുതൽ അടച്ചുപൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ റയോൺസിലെ തൊഴിലാളികളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും കുടിശ്ശിക തീർക്കുന്നതിന് 71.34 കോടി രൂപ സർക്കാർ അനുവദിച്ചിരുന്നു. ഇതിൽ ധനകാര്യ സ്ഥാപനങ്ങളുടെ കുടിശ്ശിക ഏകദേശം തീർപ്പാക്കിയിട്ടുണ്ട്. ഇനി

---

* അനുബന്ധമായി ചേർക്കുന്നു.

തൊഴിലാളികളുടെ കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള 29.62 കോടി രൂപ അവശേഷിക്കുന്നുണ്ട്. 2001 മുതൽ അടച്ചുപൂട്ടിക്കിടക്കുന്നതിനാലും ഇവിടത്തെ തൊഴിലാളികൾക്ക് മറ്റ് വരുമാന മാർഗ്ഗങ്ങൾ ലഭിക്കാത്തതിനാലും നിരവധി നിവേദനങ്ങളെത്തുടർന്ന് ഓണക്കാലത്ത് ഒരു സമാശ്വാസമെന്ന നിലയിൽ 2010, 2011, 2012 എന്നീ വർഷങ്ങളിൽ ആളൊന്നിന് 5,000 രൂപ വീതവും 2013, 2014, 2015 വർഷങ്ങളിൽ ആളൊന്നിന് 5,500 രൂപ വീതവും ആകെ 31,500 രൂപ ആളൊന്നിന് കെ.എസ്.ഐ.ഡി.സി. മുഖാന്തരം ഓണം ഫെസ്റ്റിവൽ അലവൻസായി വിതരണം ചെയ്തിട്ടുണ്ട്. ഈ തുക ഗ്രാറ്റുവിറ്റി അനുവദിക്കുന്നതിൽ നിന്നും തട്ടിക്കിഴിക്കാമെന്ന ധാരണയിലാണ് അനുവദിച്ചിട്ടുള്ളതെന്നാണ് മനസ്സിലാക്കുന്നത്. ഇപ്പോൾ കുടിശ്ശിക തീർപ്പാക്കുന്നതിനായി തുക അനുവദിച്ച സാഹചര്യത്തിൽ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റിയുടെ പലിശ കണക്കാക്കുന്നതിന് 31-12-2011 തീയതി കട്ട് ഓഫ് ഡേറ്റ് ആക്കിയിട്ടുണ്ട്. പക്ഷെ ഇതിനുശേഷം ഏകദേശം 7 വർഷങ്ങൾക്കുശേഷമാണ് ഇവർക്ക് ഈ തുക ലഭിക്കുന്നത്. 2001-ലാണ് കമ്പനി പൂട്ടിയതെങ്കിലും 1992-ലെ ശമ്പളത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഗ്രാറ്റുവിറ്റി കണക്കാക്കുന്നത്. ഈ സാഹചര്യത്തിൽ ഇവർക്ക് അനുവദിക്കുന്ന ഗ്രാറ്റുവിറ്റിയിൽ ഈ തുക തട്ടിക്കിഴിക്കാതെ മാനുഷിക പരിഗണന നൽകി ഗ്രാറ്റുവിറ്റി മുഴുവനായും അനുവദിക്കണമെന്ന് മുഴുവൻ തൊഴിലാളി സംഘടനകളും ആവശ്യപ്പെട്ടിട്ടുള്ളതും ഇത് സർക്കാരിന്റെ സജീവ പരിഗണനയിലുമാണ്. കൂടാതെ ഇവർക്ക് ഗ്രാറ്റുവിറ്റി അനുവദിക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-യിൽ ചെലവാക്കിയ ഏകദേശം 6 കോടി രൂപയിൽ 4.42 കോടി രൂപ സർക്കാർ കെ.എസ്.ഐ.ഡി.സി.-ക്ക് നൽകിക്കഴിഞ്ഞു. മേൽ സാഹചര്യത്തിൽ ഇവരുടെ കുടിശ്ശിക തീർപ്പാക്കുമ്പോൾ ഗ്രാറ്റുവിറ്റി തുക പൂർണ്ണമായി അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ട്രാവൻകൂർ റയോൺസിന്റെ ബാധ്യതകൾ തീർക്കുന്നതിനുവേണ്ടി 70.34 കോടി രൂപ അനുവദിച്ചത് ധനകാര്യ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തുകഴിഞ്ഞു. തൊഴിലാളികൾക്ക് നൽകാനുള്ള തുക വിതരണം ചെയ്യാനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയായിട്ടുണ്ട്. നേരത്തെ ഇവിടെ ആവശ്യപ്പെട്ടതുപോലെ 2010 മുതൽ 2015 വരെ ഓണം അഡ്വാൻസായി നൽകിയ സംഖ്യ ഒഴിവാക്കണമെന്ന് എല്ലാ തൊഴിലാളി സംഘടനകളും നേരത്തെ ആവശ്യപ്പെട്ടിരുന്നതാണ്. ഈ വിഷയം ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. എത്രയുംപെട്ടെന്ന് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കി അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

# V റിപ്പോർട്ട് സമർപ്പണം

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിമൂന്നും പതിനാലും റിപ്പോർട്ടുകൾ

ശ്രീ. മുരളി പെരുനെല്ലി: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിമൂന്നും പതിനാലും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VI ക്രമപ്രശ്നം

## ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലെ കാലതാമസം

ശ്രീ. വി. ഡി. സതീശൻ: സർ, രണ്ട് ആക്ടുകളുമായി ബന്ധപ്പെട്ടുള്ള വിഷയമാണ് ഇവിടെ ക്രമപ്രശ്നമായി ഉന്നയിക്കുന്നത്. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ട് 25-4-2013-ലാണ് നിലവിൽവന്നത്. ഏകദേശം 5 വർഷത്തോളമായെങ്കിലും ഇതുവരെ ഇതിന്റെ ചട്ടങ്ങൾ നിലവിൽ വന്നിട്ടില്ല. സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ടുപോലും ഇതുവരെ തയ്യാറാക്കിയിട്ടില്ല. ആക്ടിലെ അദ്ധ്യായം 8-ലെ സെക്ഷൻ 45 അനുസരിച്ച് നിരവധി കാര്യങ്ങൾ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് നടപ്പാക്കണമെങ്കിൽ സ്റ്റാറ്റ്യൂട്ടുകൾ നിലവിൽ വന്നേ മതിയാകൂ. ബിരുദദാന ചടങ്ങുകൾ, ബിരുദങ്ങൾ നൽകുക, ബിരുദങ്ങളും ഡിപ്ലോമകളും പിൻവലിക്കുന്നത് ഉൾപ്പെടെയുള്ള 13 കാര്യങ്ങൾ ചെയ്യണമെങ്കിലും സർവ്വകലാശാലയ്ക്ക് ദൈനംദിന കാര്യങ്ങൾ നടത്തിക്കൊണ്ടുപോകണമെങ്കിലും ഈ സ്റ്റാറ്റ്യൂട്ടുകൾ രൂപീകരിച്ചാൽ മാത്രമേ കഴിയുകയുള്ളൂ. ആ സ്റ്റാറ്റ്യൂട്ട് അഞ്ച് വർഷമായിട്ടും ഇതുവരെ നിലവിൽ വന്നിട്ടില്ല. അതുപോലെ 2017 ജൂലൈ 15-ന് പ്രസിദ്ധപ്പെടുത്തിയ ഓർഡിനൻസ് അനുസരിച്ച് കേരള റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആൻഡ് ഡെവലപ്മെന്റ്) ആക്ട് 2015 റിപ്പീൽ ചെയ്തു. അതോടുകൂടി 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആൻഡ് ഡെവലപ്മെന്റ്) ആക്ട് 2016-ൽ നിലവിൽ വന്നു. ഓർഡിനൻസ് റീപ്ലേസ് ചെയ്യുകയല്ല ചെയ്തത്, ബിൽ വരാത്തതുകൊണ്ട് ഓർഡിനൻസ് വച്ചുതന്നെ പഴയ കേരള ആക്ട് റിപ്പീൽ ചെയ്ത് സെൻട്രൽ ആക്ട് നിലവിൽ വന്നു. ഇതിന്റെയും ചട്ടങ്ങൾ 6 മാസത്തിനകം രൂപീകരിക്കണമെന്നാണ് സെൻട്രൽ ആക്ടിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ ഈ ചട്ടങ്ങളും ഇതുവരെ രൂപീകരിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഈ നിയമങ്ങൾ നടപ്പിലാക്കുന്നില്ല. നിയമങ്ങൾ രൂപീകരിച്ചതിനുശേഷം ചട്ടങ്ങൾ ഉണ്ടാക്കുന്നതിലെ കാലതാമസത്തെക്കുറിച്ച് ബഹുമാനപ്പെട്ട സ്പീക്കർ പല പ്രാവശ്യം റൂളിംഗ് നൽകിയിട്ടുണ്ട്.

ഒരു യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം സ്റ്റാറ്റ്യൂട്ട് എത്ര പ്രധാനപ്പെട്ട കാര്യമാണെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. 5 വർഷമായിട്ടുപോലും അത് രൂപീകരിക്കാത്ത സാഹചര്യമാണുള്ളത്. ഇത് നിയമനിർമ്മാണ സഭയെ നോക്കുകുത്തിയാക്കുന്ന ഒരു നടപടിയാണ്. അതുകൊണ്ട് നിയമസഭയുടെ അന്തസ്സും നിയമനിർമ്മാണത്തിന്റെ വിലയും ബോദ്ധ്യപ്പെടണമെങ്കിലും ജനങ്ങൾക്ക് ഈ നിയമംകൊണ്ട് ഉപകാരം കിട്ടണമെങ്കിലും ഇതുവഴി രൂപീകൃതമായ സ്ഥാപനങ്ങൾ നന്നായി നടത്തിക്കൊണ്ടുപോകണമെങ്കിലും അടിയന്തരമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇത് ക്രമത്തിലല്ല. ആക്ടിൽത്തന്നെ പറഞ്ഞിരിക്കുന്ന സമയം അതിക്രമിച്ചിരിക്കുകയാണ്. അതുകൊണ്ട് നിയമം നടപ്പാക്കുന്നതിനുള്ള തടസ്സങ്ങൾ വരികയാണ്. അതുകൊണ്ട് ഇത് ഓർഡറിലല്ലെന്നാണ് പ്രത്യേകമായി പറയാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലാ നിയമം - 2013 വകുപ്പ് 58 അനുസരിച്ച് പ്രഥമ സ്റ്റാറ്റ്യൂട്ട് സർക്കാരാണ് തയ്യാറാക്കേണ്ടത്. കേരള നിയമസഭയുടെ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിക്ക് മുമ്പാകെ സമർപ്പിക്കുന്നതിനായി ആദ്യ സ്റ്റാറ്റ്യൂട്ടിന്റെ മലയാളത്തിലുള്ള കരടും ടി ആക്ടിന്റെ കീഴിൽ ഉപചട്ടങ്ങൾ ആവശ്യമായിരിക്കുന്നവയും ആയതിന്റെ കരടും സർക്കാരിന് ലഭ്യമാക്കാൻ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലാ രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. സർവ്വകലാശാലയിൽ അദ്ധ്യാപകരെ നിയമിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനായി സ്റ്റാറ്റ്യൂട്ടിന്റെ പ്രധാന ഭാഗം അദ്ധ്യാപക നിയമനം ഉൾപ്പെട്ട അദ്ധ്യായം 3 ജി.ഒ. (ആർ.റ്റി.) 147/2013/ഉന്നത വിദ്യാഭ്യാസ വകുപ്പ് തീയതി 11-6-2013 പ്രകാരം അംഗീകരിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ട്. കരട് ചട്ടം തയ്യാറാക്കിയെങ്കിലും കോഴ്സുകൾ ആരംഭിച്ച് സർവ്വകലാശാല പ്രവർത്തനം സജ്ജമായതോടെ കരട് ചട്ടങ്ങളിൽ ചിലവ അപ്രസക്തമാണെന്നും മറ്റു ചില ചട്ടങ്ങൾ കൂട്ടിച്ചേർക്കേണ്ടതുണ്ടെന്നും കണ്ടു. മാത്രമല്ല, യു.ജി.സി. റെഗുലേഷൻ അനുസരിച്ച് സ്റ്റാറ്റ്യൂട്ടുകളിൽ ഭേദഗതി വരുത്തണമെന്ന് നിർദ്ദേശിക്കപ്പെട്ടു. അനദ്ധ്യാപക തസ്തികകളിലെ നിയമനം പി.എസ്.സി.-ക്ക് വിട്ടതും ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന് കാരണമായി. ഈ സാഹചര്യത്തിൽ തയ്യാറാക്കിയ കരട് സ്റ്റാറ്റ്യൂട്ട് സമഗ്രമായി വിലയിരുത്തി വേണ്ട മാറ്റങ്ങൾ വരുത്തുന്നതിന് സർവ്വകലാശാല ഡീൻമാർ ഉൾപ്പെടെ ഒരു കമ്മിറ്റിയെ നിയോഗിച്ചു. കമ്മിറ്റി അതിന്റെ പ്രവർത്തന റിപ്പോർട്ട് ഫെബ്രുവരി മാസം സമർപ്പിച്ചിട്ടുണ്ട്. കരട് പരിശോധിച്ച് നടപടിക്രമം പാലിച്ച് വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല നിയമം- 2013 അദ്ധ്യായം 8-ലെ വകുപ്പ് 45-ൽ പറയുന്നവയിൽ ആവശ്യാനുസരണം ഉത്തരവുകൾ പുറപ്പെടുവിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രഥമ സ്റ്റാറ്റ്യൂട്ട് വിജ്ഞാപനം ചെയ്യുന്ന മുറയ്ക്ക് അവയും അവശേഷിക്കുന്നവയും സംബന്ധിച്ച സ്റ്റാറ്റ്യൂട്ടുകൾ തയ്യാറാക്കുന്നതാണ്.

<u>ശ്രീ. വി. ഡി.സതീശൻ</u>: സർ, നേരത്തെ ഈ സഭയിൽ തന്നെ ഉത്തരത്തിൽ ഇതേ കാര്യംതന്നെ പറഞ്ഞിരിക്കുകയാണ്. അതുതന്നെയാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടിയായി ഇപ്പോഴും പറഞ്ഞിരിക്കുന്നത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് 2016 മാർച്ച് 25-ന് നിലവിൽവന്നതിനെ ത്തുടർന്ന് കേരളത്തിൽ പ്രാബല്യത്തിലുണ്ടായിരുന്ന 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും 2017 ജൂലൈ 15-ന് ഓർഡിനൻസ് മുഖേന പ്രസ്തുത നിയമം റദ്ദാക്കുകയുമാണുണ്ടായത്. കേരള നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ പ്രവർത്തനവും ഇതേത്തുടർന്ന് അവസാനിപ്പിക്കുകയുണ്ടായി. കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ചട്ടങ്ങൾ നിയമ വകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്കുശേഷം ഇപ്പോൾ ലഭ്യമായിട്ടുണ്ട്. ആയതിന്മേൽ വിഷയ നിർണ്ണയ സമിതിയുടെ അംഗീകാരം ലഭ്യമാക്കി ചട്ടങ്ങൾ പുറപ്പെടുവിക്കുവാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കേന്ദ്ര ആക്ടിന്റെ 20-ാം വകുപ്പനുസരിച്ചുള്ള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിന് ജസ്റ്റീസ് പി. ആർ. രാമചന്ദ്ര മേനോൻ അദ്ധ്യക്ഷനായ സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ചാണ് അതോറിറ്റിയുടെ ചെയർമാനെയും അംഗങ്ങളെയും സർക്കാർ നിയമിക്കുന്നത്. നിർദ്ദിഷ്ട അതോറിറ്റി രൂപീകരിക്കുന്നതുവരെ റിയൽ എസ്റ്റേറ്റ് നിയമം അനുശാസിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് (നഗരകാര്യം) സെക്രട്ടറി ഡോ. ബി. അശോകിനെ ഇടക്കാല അതോറിറ്റിയായി സർക്കാർ നിയമിച്ചിട്ടുണ്ട്.

## റൂളിംഗ്

<u>മി. സ്പീക്കർ</u>: 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ട്, 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് എന്നീ നിയമങ്ങൾ പ്രകാരം സംസ്ഥാന സർക്കാർ പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ ഇതുവരെ പുറപ്പെടുവിക്കാത്തതുമൂലം ഉളവായിട്ടുള്ള ബുദ്ധിമുട്ടുകളെ സംബന്ധിച്ചാണ്

ശ്രീ. വി. ഡി. സതീശൻ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. വളരെ പ്രസക്തമായൊരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം സഭയിൽ ഉന്നയിച്ചിരിക്കുന്നത്. ഒരു നിയമം ഉണ്ടാകുന്നത് ജനങ്ങളുടെ വികാരത്തിൽനിന്നും ആവശ്യത്തിൽ നിന്നുമാണ്. നിയമം രൂപീകരിക്കപ്പെട്ടതിനുശേഷവും അതിന്റെ ചട്ടങ്ങൾ ഉണ്ടാകുന്നില്ല എന്നത് നിരന്തരമായി സഭയിൽ ഉന്നയിക്കേണ്ടിവരുന്നത് നിർഭാഗ്യകരമായ ഒരു കാര്യമാണ്. 'ദൈവം കനിഞ്ഞാലും പൂജാരി കനിയില്ല' എന്നുള്ള ഈ അവസ്ഥ അംഗീകരിക്കാൻ കഴിയുന്ന ഒരു സാഹചര്യമല്ലെന്ന് ഖേദത്തോടുകൂടി പറയുകയാണ്.

സഭ പാസ്സാക്കുന്ന നിയമങ്ങൾ അനുസരിച്ചുള്ള ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച് നിരവധി പ്രാവശ്യം ക്രമപ്രശ്നങ്ങൾ സഭയിൽ ഉയർന്നുവരികയും അതിന്മേലൊക്കെ കർശനമായ റൂളിംഗുകൾ നൽകിയിട്ടുള്ളതുമാണ്. ഏറ്റവും ഒടുവിൽ കഴിഞ്ഞ സമ്മേളന കാലത്ത് (9-ാം സമ്മേളനം), 6-2-2018-ന് 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല ആക്ട്, 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ട്, കേന്ദ്ര നിയമമായ 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം എന്നിവ പ്രകാരമുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കാതിരുന്നത് സംബന്ധിച്ച് സഭയിൽ ക്രമപ്രശ്നം ഉന്നയിക്കപ്പെടുകയും വളരെ കർശനമായ റൂളിംഗ് നൽകിയിട്ടുള്ളതുമാണ്.

നിയമസഭയോ പാർലമെന്റോ പാസ്സാക്കുന്ന നിയമങ്ങൾ അവ ഏതുതന്നെ ആയാലും അതിനനുസൃതമായി നിർമ്മിക്കേണ്ട ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കുന്ന കാര്യത്തിൽ അക്ഷന്തവ്യമായ കാലതാമസമുണ്ടാകുന്നുവെന്നത് ഖേദകരമാണ്. എന്നാൽ സഭയിൽ ഇത് നിരന്തരമായി ഉന്നയിക്കപ്പെടുന്ന സാഹചര്യത്തിൽ മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ചില പുരോഗതി ഉണ്ടായിട്ടുണ്ടെന്നുള്ളതും ശരിയാണ്. അത്തരം ഓരോ നിയമത്തിന്റെയും പേരിൽ പ്രത്യേകം പ്രത്യേകം ക്രമപ്രശ്നങ്ങൾ ആവർത്തിച്ച് സഭയിൽ ഉയർന്നുവരുന്ന സാഹചര്യവും അതിന് പ്രത്യേകമായ റൂളിംഗ് നൽകേണ്ടിവരുന്ന സാഹചര്യവും ഒട്ടും ആശാസ്യമായ കാര്യമല്ല.

ഒരു നിയമം പാസ്സാക്കിക്കഴിഞ്ഞാൽ 90 ദിവസത്തിനകം അതനുസരിച്ചുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കി അവ മുൻകൂർ പരിശോധനയ്ക്കായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന വ്യക്തമായ വ്യവസ്ഥ നിയമസഭാ ചട്ടം 238-ൽ ഉണ്ടായിട്ടുപോലും അവ പാലിക്കപ്പെടാതെ പോകുന്നത് എന്തുകൊണ്ടാണെന്ന് ബന്ധപ്പെട്ടവർ ഗൗരവപൂർവ്വം പരിശോധിക്കണമെന്നാണ് ചെയറിന് ആവർത്തിച്ച് പറയാനുള്ളത്. ഇതിന് ഉത്തരവാദികളായവരെ കണ്ടെത്തിയാലേ ഇക്കാര്യം ആവർത്തിക്കാതിരിക്കാൻ കഴിയുകയുള്ളൂ എന്ന് ചെയർ കരുതുന്നു. അത് വീണ്ടും ചെയർ ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നു.

എല്ലാ ബഹുമാനപ്പെട്ട മന്ത്രിമാരും അവരവരുടെ വകുപ്പിന് കീഴിൽ വരുന്ന നിയമങ്ങൾക്ക് അനുസൃതമായ ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച കാര്യങ്ങൾ പ്രത്യേകമായി പരിശോധിക്കണമെന്നും ഇതിന് പ്രത്യേകമായി നിയമ വകുപ്പ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലും ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തണമെന്നും അതിന്റെ അടിസ്ഥാനത്തിൽ വീഴ്ചകൾ കണ്ടെത്തുന്നപക്ഷം ഉത്തരവാദികൾക്കെതിരെ കർശനമായ അച്ചടക്കനടപടികൾ സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

(2) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നടത്തിയ പരാമർശം

മി. സ്പീക്കർ: ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, അങ്ങ് എഴുതിത്തന്നത് ഇന്നലെ സഭയിൽ ഉന്നയിക്കുകയും അതുസംബന്ധിച്ച് റൂൾ ചെയ്യുകയും ചെയ്തിരുന്നതാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, അതിന്റെ പ്രാധാന്യവും ഇന്നലെ കാര്യങ്ങൾ പറഞ്ഞിട്ട് മുഴുവൻ കാര്യങ്ങളും പ്രാബല്യത്തിൽ വരാത്തതുകൊണ്ടുമാണ് വീണ്ടും ഒരു ക്രമപ്രശ്നമായി ഞാൻ ഉന്നയിക്കുന്നത്. വളരെ സഭ്യമായിത്തന്നെ ഞാൻ പറയാം.

ഇന്നലെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ഡിമാന്റ് ചർച്ചയുടെ ദിവസമായിരുന്നു. ഡിമാന്റ് ചർച്ചയുടെ മറുപടിയിൽ ഡിമാന്റിന്റെ ഒരു കാര്യങ്ങളും പറഞ്ഞില്ല. അതേ സമയം യാതൊരു അടിസ്ഥാനവുമില്ലാത്ത കാര്യങ്ങൾ പറഞ്ഞ് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെ ആക്ഷേപിക്കുന്ന ഒരു സ്ഥിതിവിശേഷമായിരുന്നു.

മി. സ്പീക്കർ: അങ്ങ് വിശദീകരിക്കേണ്ട കാര്യമില്ല. ഇന്നലെ ശ്രീ. എം. ഉമ്മർ, എം.എൽ.എ. ഉന്നയിച്ച കാര്യം തന്നെയാണ്. അങ്ങ് ഒരു വാചകത്തിൽ പറഞ്ഞാൽ മതി. ഇന്നലെ ഉന്നയിച്ച് ഇന്നലെത്തന്നെ റൂൾ ചെയ്ത കാര്യമാണ്. അങ്ങ് ആവർത്തിക്കേണ്ട കാര്യമില്ല. (..ബഹളം..) പ്ലീസ്.. പ്ലീസ് നിങ്ങൾ ഇരിക്കൂ. ചട്ടം 303 പ്രകാരം ഒരു കാര്യം ഉന്നയിക്കാൻ ആവശ്യപ്പെട്ടാൽ അനുവാദം കൊടുക്കാതിരിക്കാനാവില്ല. ദയവായി ഇരിക്കൂ.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, 1948-ൽ ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ നിയമസഭകളിലേയ്ക്കും പാർലമെന്റിലേയ്ക്കുമൊക്കെ മത്സരിച്ച് എം.എൽ.എ.-മാരും മന്ത്രിമാരുമൊക്കെ ഉണ്ടായിരുന്ന, ഇപ്പോഴും ഉള്ള ഒരു പാർട്ടിയാണ് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്. അങ്ങ് ഇരിക്കുന്ന കസേരയിൽ ഇന്ത്യൻ യൂണിയൻ മുസ്ലീം

ലീഗിന്റെ നാല് പ്രതിനിധികൾ ഇരുന്നിട്ടുണ്ട്. അങ്ങനെയുള്ള ഒരു പാർട്ടിയെ അധിക്ഷേപിക്കുന്ന വിധത്തിൽ സംസാരിക്കുന്നത് ശരിയല്ല. 44 കൊലപാതകങ്ങൾ നടത്തി എന്നുപറയുമ്പോൾ, അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ തീർച്ചയായും അത് ഗുരുതരമായൊരു വിഷയമാണ്. അതിന്റെ രേഖ മേശപ്പുറത്ത് വയ്ക്കണം. മേശപ്പുറത്ത് വയ്ക്കുമ്പോൾ അതിന്റെ പോലീസ് റിപ്പോർട്ടും ഏതെങ്കിലും കോടതിയിൽ ഇത് വിചാരണ ചെയ്തിട്ടുള്ളതിന്റെ ഫൈനൽ റിപ്പോർട്ടും കൂടി നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ ഉത്തരവിടണം. ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ ഇങ്ങനെ നിരുത്തരവാദപരമായി പ്രസംഗിക്കാൻ പാടില്ല. അതുപോലെ ബഹുമാനപ്പെട്ട ചെയർ, ആവശ്യമുള്ളവർക്ക് ഡോ. കെ. ടി. ജലീൽ റെക്കോർഡ്സ് കൊടുത്തോട്ടെ എന്നുപറഞ്ഞു. അത് തെറ്റായൊരു രീതിയാണ്. കാരണം, ഓതന്റിക് അല്ലാത്ത റെക്കോർഡ്സിന് എല്ലാ മെമ്പർമാർക്കും ഓതന്റിസിറ്റി കിട്ടുകയാണ്. ബഹുമാനപ്പെട്ട ചെയർ പറഞ്ഞാൽ ഓതന്റിസിറ്റിയായി. ഓതന്റിക്കല്ലാത്ത ഒരു പേപ്പർ/വാട്ട്സ്ആപ്പിൽ വന്നൊരു പേപ്പർ എല്ലാ മെമ്പർമാർക്കും കൊടുത്തോട്ടെ എന്നുപറഞ്ഞാൽ അത് ഓതന്റിസിറ്റിയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ചെയർ ഈ 44 കൊലപാതകങ്ങളുടെയും പോലീസ് റിപ്പോർട്ടും കോർട്ടിലെ ഫൈനൽ വെർഡിക്റ്റും മേശപ്പുറത്ത് വയ്ക്കാൻ ഉത്തരവിടണം. (...ബഹളം...) അതല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള എല്ലാ വിഷയങ്ങളും എക്സ്പഞ്ച് ചെയ്യണം. ഇത് പത്രങ്ങളിൽ പ്രസിദ്ധീകരിക്കാൻ പാടില്ല. ഇതൊരു ഗുരുതരമായ വിഷയമാണ്. ആർക്കും ഇത്തരം നിരുത്തരവാദപരമായ പ്രസ്താവനകൾ ചെയ്യാൻ കഴിയുന്ന വേദിയല്ലിത്. ഇത് ജനാധിപത്യത്തിന്റെ ശ്രീകോവിലാണ്. ഇതുസംബന്ധിച്ച് ഒരുത്തരവിടണം. ഒരു റൂളിംഗ് വേണം. ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് പ്രതീക്ഷിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): സർ, ഇവിടെ ക്രമപ്രശ്നം ഉന്നയിക്കുന്നതിനോട് യാതൊരു വിയോജിപ്പുമില്ല. ഒരു ക്രമപ്രശ്നമെന്നു പറയുന്നത് സഭയിൽ ഒരു ബിസിനസ്സ് നടക്കുന്ന സമയത്ത് അത് ഒന്നുകിൽ ഭരണഘടനാ വിരുദ്ധമാകുക അല്ലെങ്കിൽ സഭ ക്രമീകരിക്കുന്ന ചട്ടങ്ങൾക്ക് വിരുദ്ധമാകുക. അങ്ങനെവരുമ്പോൾ ബഹുമാനപ്പെട്ട സ്പീക്കർക്കും ഈ സഭയെ സഹായിക്കാം, ഏതു മെമ്പർക്കും സഹായിക്കാം. ഇവിടെ റൂൾ 303 എന്നുപറയുന്നത് ഇന്ന് ഈ സഭയിലുള്ള ഏതെങ്കിലും വിഷയവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു ക്രമപ്രശ്നമല്ല. ബഹുമാനപ്പെട്ട സ്പീക്കർ അത് അനുവദിച്ചതിൽ ഒരു തെറ്റും പറയുന്നില്ല. പക്ഷെ ക്രമപ്രശ്നത്തിന്റെ തണലിൽ ഇങ്ങനെയുള്ള കാര്യങ്ങളാണ് വിശദീകരിക്കുന്നതെങ്കിൽ ക്രമപ്രശ്നത്തിന്റെ ഉദ്ദേശ്യം യഥാർത്ഥത്തിൽ ചോദ്യം ചെയ്യപ്പെടും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പാർലമെന്ററി കാര്യമന്ത്രി ചെയറിനെ സഹായിക്കേണ്ട വ്യക്തിയാണ്. നടപടിക്രമങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ ചെയറിന് ഹെൽപ്പ്ഫുൾ ആയ സമീപനം സ്വീകരിക്കേണ്ട വ്യക്തിയാണ്. ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർ റൂൾ 303 അനുസരിച്ച് ക്രമപ്രശ്നം അനുവദിച്ചുകഴിഞ്ഞാൽ അതിനെ ഒബ്ജക്ട് ചെയ്യുന്ന തരത്തിൽ പറയുന്നത് ശരിയായ നടപടിയല്ല, അത് കീഴ്വഴക്കങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് അങ്ങനെയൊരു പരാമർശം ഉണ്ടായത് ദൗർഭാഗ്യകരമായിപ്പോയി.

ശ്രീ. എ. കെ. ബാലൻ: സർ, ഞാനതിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചാണ് പറഞ്ഞത്, അല്ലാതെ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുതല്ല. (....ബഹളം.....)

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട വി. കെ. ഇബ്രാഹിം കുഞ്ഞ് 1948-ലാണ് മുസ്ലീം ലീഗ് മൽസരിച്ചതെന്ന് പറഞ്ഞു. എന്നാലത് തെറ്റാണ്. 1930-കളുടെ മധ്യത്തിൽ, പ്രിഫറബിളി 1935-ൽ, കോൺഗ്രസ്സും ലീഗും ചേർന്ന് ബ്രിട്ടീഷ് പ്രവിശ്യകളിലേയ്ക്ക് ഇലക്ഷൻ നടത്തുകയും വിജയിക്കുകയും ചെയ്തു.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്... ഇനി ഡിബേറ്റിലേക്ക് പോകണ്ട. ലീഗിന്റെ രാഷ്ട്രീയമായ കാര്യങ്ങളൊന്നും ഇവിടെ ചർച്ച ചെയ്യുന്നില്ല. ദയവായി സീറ്റിലിരിക്കു. (....ബഹളം.....)

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ ബഹുമാനപ്പെട്ട പാർലമെന്ററികാര്യ മന്ത്രി റൂൾ 303-നെ ഇങ്ങനെ മിസ് ഇന്റർപ്രെട്ട് ചെയ്യരുത്. റൂൾ 303 കോൺസ്റ്റിറ്റ്യൂഷൻ വയലേഷൻ വന്നാലോ, റൂൾസ് ഓഫ് പ്രൊസീഡ്യുവർ വയലേഷൻ വന്നാലോ മാത്രം ചെയ്യുന്ന കാര്യമല്ല. Anybody can raise a question which is within the cognizance of the Speaker എന്നാണ് പറയുന്നത്, ഇത് സ്പീക്കറുടെ cognizance-ൽ വരുന്ന ഒരു ഇഷ്യൂവാണ്. സഭാനടപടികളുമായി ബന്ധപ്പെട്ട വിഷയമാണ്. സഭയിലെ ഒരു മെമ്പറും മന്ത്രിയും കൂടിയായ ഡോ. കെ. ടി. ജലീൽ ഇന്നലെ പറഞ്ഞത് യഥാർത്ഥത്തിൽ ഒരു അലിഗേഷനാണ്. ആ അലിഗേഷൻ ടേബിളിൽ വയ്ക്കാമെന്ന് പറഞ്ഞപ്പോൾ അത് സബ്സ്റ്റാൻഷ്യേറ്റ് ചെയ്യുന്ന എവിഡൻസോടുകൂടി ടേബിളിൽ വയ്ക്കണമെന്ന് ഒരു മെമ്പർക്ക് റൂൾ 303 ഉദ്ധരിച്ചുകൊണ്ട് ഇവിടെ പറയാവുന്നതാണ്, അത് ക്രമത്തിലാണ്. അത് ഓർഡറിലല്ല എന്നുള്ള പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ വാദം ശരിയല്ല.

മി. സ്പീക്കർ: ക്രമപ്രശ്നങ്ങളും അതിന്മേലുള്ള തീരുമാനങ്ങളും സംബന്ധിച്ച് ചെയർ സഭയുടെ ശ്രദ്ധയിൽപ്പെടുത്താം. .....(ബഹളം).....ഇതെന്താണ്, മുസ്ലീം ലീഗ് രൂപവൽക്കരിച്ച കാലത്തെക്കുറിച്ച് ഇവിടെ ഡിബേറ്റ് നടക്കുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ ഉന്നയിച്ചത് നേരത്തെ പറഞ്ഞ ക്രമപ്രശ്നവുമായി ബന്ധപ്പെട്ടല്ല. അദ്ദേഹം ഞങ്ങളുടെ പാർട്ടിയുടെ ബെർത്ത് ഡേറ്റിനെക്കുറിച്ച് തെറ്റിദ്ധരിച്ചതാണ്. 1947-ന് മുൻപുണ്ടായിരുന്നത് സർവ്വ ഇന്ത്യാ ലീഗാണ്, ഇത് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗാണ്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് സ്ഥാപിതമായത് 1948 ജനവരി 10-നാണ്. ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞത് സർവ്വ ഇന്ത്യാ ലീഗിന്റെ കാര്യമാണ്.

## റൂളിംഗ്

മി. സ്പീക്കർ: ചട്ടങ്ങളുടെയോ ഭരണഘടനയിൽ സഭയുടെ കാര്യനിർവ്വഹണം ക്രമീകരിക്കുന്ന അനുച്ഛേദങ്ങളുടെയോ വ്യാഖ്യാനത്തെയോ നടപ്പിലാക്കുന്നതിനെ സംബന്ധിച്ചുള്ളതായിരിക്കേണ്ടതും സ്പീക്കറുടെ അധികാരപരിധിയിൽപ്പെടുന്ന ഒരു പ്രശ്നം ഉന്നയിക്കേണ്ടതുമായിരിക്കേണ്ടതാണ് എന്നാണ് ക്രമപ്രശ്നത്തിൽ വരുന്നത്. അതുകൊണ്ടാണ് ക്രമപ്രശ്നം ഉന്നയിക്കാൻ റൂൾ 303 പ്രകാരം അനുവാദം നൽകിയത്. ഇന്നലെ ഈ പ്രശ്നം ബഹുമാനപ്പെട്ട എം. ഉമ്മർ ഇവിടെ ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽ സത്യവിരുദ്ധമായിട്ടുള്ള/ വസ്തുതാവിരുദ്ധമായിട്ടുള്ള കാര്യങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ പരിശോധിച്ച് നീക്കം ചെയ്യാവുന്നതാണെന്ന് ഇന്നലെത്തന്നെ റൂളിംഗും നൽകിയിരുന്നു. ആ റൂളിംഗ് ചെയർ ആവർത്തിക്കുകയാണ്. മറ്റൊന്ന്, സഭയിൽ നടക്കുന്ന രാഷ്ട്രീയ ആരോപണങ്ങളെയും രാഷ്ട്രീയ പ്രത്യാരോപണങ്ങളെയും പ്രസംഗങ്ങളെയും അതിന്റെ ഉള്ളടക്കത്തെയും പരിശോധിച്ച് അതിൽ സത്യാവസ്ഥ ജഡ്ജ് ചെയ്യാനുള്ള ഒരു നിലപാട് ചെയർ സ്വീകരിക്കുകയെന്നുള്ളത് സാധ്യമായ കാര്യമല്ല. സഭയിൽ എല്ലാ അംഗങ്ങളും രാഷ്ട്രീയ പ്രസംഗങ്ങൾ നടത്താറുണ്ട്, രാഷ്ട്രീയ ആരോപണങ്ങളും പ്രത്യാരോപണങ്ങളും ഉന്നയിക്കാറുണ്ട്, വിവിധ രാഷ്ട്രീയ പാർട്ടികളെ സംബന്ധിച്ച് ഇതിന് സമാനമായ ആരോപണങ്ങൾ ഇതിനുമുൻപും ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ സത്യാവസ്ഥ മുഴുവൻ പരിശോധിച്ച് അതിൽ ശരിയേത് തെറ്റേതെന്ന് ജഡ്ജ്മെന്റ് നടത്തേണ്ട ജോലി ചെയ്യാൻ ചെയറിന് നിർവ്വാഹമില്ല. ഉന്നയിക്കപ്പെട്ട ആരോപണങ്ങൾക്ക് മറുപടി പറയുകയെന്നുള്ളതല്ലാതെ പരിശോധിച്ച് സത്യാവസ്ഥ നിർണ്ണയിക്കണമെന്ന് പറയുന്നത് ചെയറിന് സാധ്യമായ കാര്യമല്ല. എന്നാൽ സത്യവിരുദ്ധമായ കാര്യങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. എൻ. ഷംസുദ്ദീൻ: (.....മൈക്ക് ഓഫ് .....) സർ, ഇക്കാര്യം ഇന്നലെ നിയമസഭയുടെ സൈറ്റിൽ വന്നതാണ്. അതിന് ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. .....(ബഹളം).....

മി. സ്പീക്കർ: നടപടി സ്വീകരിക്കാൻ ഓരോ നടപടിക്രമവും സമയപരിധിയുമൊക്കെയുണ്ട്. എല്ലാക്കാര്യത്തിനും ഇങ്ങനെ എഴുന്നേറ്റ് നിൽക്കരുത്. .....(ബഹളം).....

# VII ധനകാര്യം

## 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ അഞ്ചാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2018-19 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| | | ബജറ്റ് എസ്റ്റിമേറ്റ് 2018-2019 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 6278,81,48,000 | 448,37,70,000 | 6727,19,18,000 |
| XIX | കുടുംബക്ഷേമം | 527,97,01,000 | .... | 527,97,01,000 |
| XLVI | സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | 4553,24,66,000 | 123,36,30,000 | 4676,60,96,000 |

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVIII വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6727,19,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നിർമ്മാർജ്ജനം ചെയ്യപ്പെട്ട ഗുരുതര പകർച്ചവ്യാധികൾ തിരിച്ചുവന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6727,19,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പകർച്ചപ്പനി തടയുന്നതിൽ വീഴ്ചവന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6727,19,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൻ കുടിശ്ശിക കാരണം ഉപകരണ വിതരണം നിർത്തിവയ്ക്കാൻ കമ്പനികൾ തീരുമാനിച്ചതോടെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ഹൃദയ ശസ്ത്രക്രിയ മുടങ്ങുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6727,19,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുടിശ്ശിക തുക വിതരണം ചെയ്യാത്തതുകാരണം ഹൃദയശസ്ത്രക്രിയയ്ക്കാവശ്യമായ സ്റ്റെന്റുകളുടെ ലഭ്യത കുറഞ്ഞതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. : സർ, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6727,19,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാരിന്റെ വിവിധ ചികിത്സാപദ്ധതികൾ നടപ്പിലാക്കിയ വകയിൽ സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള തുക നൽകുന്നതിൽ ഉള്ള വീഴ്ച കാരണം സ്വകാര്യ

ആശുപത്രികൾ പദ്ധതികളിൽ നിന്ന് പിന്മാറുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6727,19,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പി.ജി. വിദ്യാർത്ഥികളുടെ സമരം കാരണം രോഗികൾ ബുദ്ധിമുട്ടുകൾ നേരിടുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6727,19,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6727,19,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആശുപത്രികളിലെ കേടാകുന്ന വിവിധ ചികിത്സാ ഉപകരണങ്ങൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6727,19,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6727,19,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗം നവീകരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : സർ, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6727,19,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതിയുടെ പ്രവത്തനം മരവിച്ചതുകാരണം ആശുപത്രി വികസനവുമായി ബന്ധപ്പെട്ട നയപരമായ കാര്യങ്ങൾ നടപ്പാക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6727,19,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഡോക്ടർമാർ മെഡിക്കൽ സർട്ടിഫിക്കറ്റ് കച്ചവടം നടത്തുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6727,19,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണത്തിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6727,19,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രക്തബാങ്കുകളുടെ പ്രവർത്തനം പരിശോധിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u> : സർ, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6727,19,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മലപ്പുറം ക്യാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതി ഉപേക്ഷിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6727,19,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഇ-ഹെൽത്ത് സെന്റർ ആയി ഉദ്ഘാടനം ചെയ്ത പേരൂർക്കട ജില്ലാ ആശുപത്രിയിൽ ഒരു വർഷം കഴിഞ്ഞിട്ടും പദ്ധതി പൂർണ്ണമായും നടപ്പാക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6727,19,18,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്.

<u>ധനാഭ്യർത്ഥന നമ്പർ XIX—കുടുംബക്ഷേമം</u>

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 527,97,01,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദേശീയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 527,97,01,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്.(കുടുംബക്ഷേമത്തിനാവശ്യമായ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിൽ വീഴ്ച വന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 527,97,01,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആരോഗ്യ രംഗത്ത് കുടുംബ ക്ഷേമത്തിനായി പുതിയ പദ്ധതികൾ നടപ്പിലാക്കാത്തതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 527,97,01,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കൂടുതൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 527,97,01,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 527,97,01,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അവശ്യമായ ജീവനക്കാരെ നിയമിക്കണമെന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 527,97,01,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 527,97,01,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോളനികളിൽ പകർച്ച വ്യാധികൾ പടരുന്നത് തടയാൻ കഴിയാത്തതിനാൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 527,97,01,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആശാ വർക്കർമാരുടെ സേവനം കൂടുതൽ വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 527,97,01,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആശാ വർക്കർമാരുടെ വേതനം വർദ്ധിപ്പിച്ചു നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 527,97,01,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു:

1. ശ്രീ. എൻ. ഷംസുദ്ദീൻ
2. ശ്രീ. സി. മമ്മൂട്ടി
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
4. ശ്രീ. റോഷി അഗസ്റ്റിൻ
5. ശ്രീ. വി. ടി. ബൽറാം
6. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 4676,60,96,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്.(അംഗൻവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 4676,60,96,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്.(എല്ലാ അങ്കണവാടികൾക്കും കെട്ടിടം ഉണ്ടാക്കാൻ പദ്ധതി ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 4676,60,96,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അംഗൻവാടികളിലൂടെ പോഷകാഹാരം നൽകുന്നതിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന വീഴ്ചകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 4676,60,96,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൃദ്ധ സദനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 4676,60,96,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മുതിർന്ന പൗരന്മാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് വയോജന കമ്മീഷൻ രൂപീകരിക്കുന്നതിൽ കാലതാമസം ഉണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 4676,60,96,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നിർഭയ ഷെൽട്ടർ ഹോമുകളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 4676,60,96,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അഗതി മന്ദിരങ്ങളുടെയും അനാഥ മന്ദിരങ്ങളുടെയും പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 4676,60,96,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പിൽ വീഴ്ചകൾ ഉണ്ടായതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 4676,60,96,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമൂഹ്യക്ഷേമ പെൻഷൻ യഥാസമയം വിതരണം ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 4676,60,96,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നിരാലംബർക്കും വിധവകൾക്കുമായി കേന്ദ്രമന്ത്രാലയത്തിന്റെ ശിപാർശകൾ നടപ്പിലാക്കാത്തത് സംബന്ധിച്ച് എൻവിറോൺമെന്റ് & കൺസ്യൂമർ പ്രൊട്ടക്ഷൻ ഫെഡറേഷൻ ഫയൽ ചെയ്ത റിട്ട് ഹർജിയിന്മേൽ തൃപ്തികരമായ മറുപടി നൽകാത്തതിന് സുപ്രീം കോടതി ഒരു ലക്ഷം രൂപ പിഴ ഈടാക്കിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 4676,60,96,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു വികസന പദ്ധതിയിൽ വീഴ്ചയുണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 4676,60,96,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അംഗപരിമിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 4676,60,96,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പാലിയേറ്റീവ് കെയർ പദ്ധതികൾ സംസ്ഥാനതലത്തിൽ നടപ്പാക്കുന്നതിന് പ്രത്യേക സംവിധാനം കൊണ്ടുവരാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 4676,60,96,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ തോത് ക്രമാതീതമായി ഉയരുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ് : സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4676,60,96,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈകല്യം ബാധിച്ച കുട്ടികൾക്ക് ഒരു ലക്ഷം രൂപവരെ ചികിത്സാസഹായം നൽകുന്ന കേന്ദ്ര സർക്കാരിന്റെ നിരാമയ പദ്ധതി മരവിപ്പിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4676,60,96,000 രൂപയിൽ നിന്ന് നൂറു രൂപ കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. സി മമ്മൂട്ടി
3. ശ്രീ. റോഷി. അഗസ്റ്റിൻ

ശ്രീമതി വീണാ ജോർജ്ജ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. പ്രതിപക്ഷം പറയുന്നതുപോലെ ഭരണപക്ഷവും പറയുമ്പോൾ അവർ എത്രത്തോളം അസഹിഷ്ണുക്കളാകുന്നു എന്നതിന്റെ ഉത്തമോദാഹരണമാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇപ്പോൾ കേരളത്തിൽ പ്രതിപക്ഷം നിയമസഭയ്ക്കകത്തും പുറത്തും സ്വീകരിക്കുന്നൊരു നയമുണ്ട്. വസ്തുതാപരമല്ലാത്ത, സത്യവിരുദ്ധമായ, കാര്യങ്ങൾ പറയുകയും അതിന്റെ പിന്നാലെ ബഹളമുണ്ടാക്കുകയും ചെയ്യുക എന്നുള്ളതാണ് അവരുടെ രീതി; അവരുടെ മുന്നിലുള്ള ഏകമാർഗ്ഗവും അതാണ്. ഇത് കാണുമ്പോൾ തോന്നുന്നത്, If you are not well on the facts, go to the Well of the house and create headlines എന്നുള്ളതാണ്. നിങ്ങൾക്ക് കാര്യങ്ങളെക്കുറിച്ച് ഗ്രാഹ്യമില്ലായെങ്കിൽ നിങ്ങൾ ബഹളമുണ്ടാക്കുകയും സഭയുടെ നടുത്തളത്തിലേയ്ക്ക് ഇറങ്ങുകയും ചെയ്യുന്ന

നയമാണ് പ്രതിപക്ഷം സ്വീകരിച്ചിരിക്കുന്നത്. പത്തനംതിട്ട ജില്ലയിലെ കുളനടയിൽ ബി.ജെ.പി.-യുടെ പിന്തുണയോടെ എൽ.ഡി.എഫ്. ഭരിക്കുന്നുവെന്നുള്ള സത്യവിരുദ്ധമായ, വാസ്തവവിരുദ്ധമായ കാര്യം കഴിഞ്ഞ ദിവസം ഇവിടെ അഴീക്കോട് മെമ്പർ പറയുകയുണ്ടായി. ജനങ്ങൾ ഉത്തരവാദിത്വമേൽപ്പിച്ചിരിക്കുന്ന, ഉത്തരവാദിത്വമുണ്ടെന്ന് പൊതു സമൂഹം ധരിച്ചിരിക്കുന്ന ജനപ്രതിനിധികൾ ഈ രീതിയിൽ നിരുത്തരവാദപരമായ, സത്യവിരുദ്ധമായ പ്രസ്താവനകൾ സഭാതലത്തിൽ നടത്തരുതെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. വാസ്തവത്തിൽ അവിടെ സംഭവിച്ചത് കോൺഗ്രസും ബി.ജെ.പി.-യും ഒരുമിച്ച് അവിശ്വാസപ്രമേയത്തിലൂടെ എൽ.ഡി.എഫ്-നെ താഴെയിറക്കുകയാണ് ചെയ്തിട്ടുള്ളത്, അവിടെ ബി.ജെ.പി.-യാണ് ഭരിക്കുന്നത്. ഞാനതിലേയ്ക്കൊന്നും കടക്കുന്നില്ല. കോർപ്പറേറ്റുകളുടെ പിൻബലത്തോടെ ഇന്ത്യയിലെ ജനാധിപത്യ പ്രസ്ഥാനങ്ങളെയും മാധ്യമങ്ങളെയുമൊക്കെ ബി.ജെ.പി.-യും ആർ.എസ്.എസ്-ഉം നിശബ്ദരാക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ആസ്ട്രേലിയയിലെ പ്രമുഖ മാധ്യമ പ്രവർത്തകനാണ് ആഡംസ്മിത്ത്. ആസ്ട്രേലിയയിലെ ഏറ്റവും ജനകീയമായ മാധ്യമമാണ് റേഡിയോ എന്നുള്ളത് നമുക്കെല്ലാമറിയാം. അവിടെയുള്ള എ.ബി.സി. റേഡിയോയിലെ ഏതാണ്ട് 80 വയസ്സിനടുത്ത് പ്രായമുള്ള ആഡംസ്മിത്തിന് അടുത്തിടെ ഇന്ത്യ വിസ നിഷേധിച്ചു. എ.ബി.സി. ഗ്രൂപ്പിന്റെ ടെലിവിഷൻ ചാനൽ അദാനി ഗ്രൂപ്പ് ആസ്ട്രേലിയയിൽ നടത്തുന്ന ബിസിനസ്സുകളുടെ ഭാഗമായി മൈനുകളുമായി ബന്ധപ്പെട്ട് അദാനി ഗ്രൂപ്പ് നടത്തുന്ന നികുതി വെട്ടിപ്പ് സംബന്ധിച്ച വാർത്തകൾ പുറത്തുകൊണ്ടുവന്നു എന്നതാണ് അതിനുള്ള കാരണമായി മനസ്സിലാക്കപ്പെടുന്നത്. ഇക്കാരണത്താൽ ഈ മാധ്യമശൃംഖലയിൽ ജോലി ചെയ്യുന്ന പ്രമുഖനായ ജനകീയ മാധ്യമ പ്രവർത്തകന് ഇന്ത്യ വിസ നിഷേധിച്ചു. എത്ര ഗുരുതരമായ സ്ഥിതിവിശേഷമാണ് ഇവിടെ നിലനിൽക്കുന്നതെന്ന് നാം ആലോചിച്ച് നോക്കണം. ജനാധിപത്യ പ്രസ്ഥാനങ്ങളെ, ജനാധിപത്യ പ്രതീകങ്ങളെ തകർത്തെറിയുവാനും ഉന്മൂലനം ചെയ്യുവാനുമുള്ള ബി.ജെ.പി.-യുടെയും ആർ.എസ്.എസ്.-ന്റെയും അജണ്ടയാണ് ഇവിടെ നടപ്പിലാകുന്നത്. അതുകൊണ്ടാണ് ത്രിപുരയിൽ ലെനിന്റെയും തമിഴ്നാട്ടിൽ പെരിയോറിന്റെയും മീററ്റിൽ അംബേദ്കറുടെയും പ്രതിമകൾ തകർത്തത്. അങ്ങനെ തകർത്തെറിയുന്ന ആർ.എസ്.എസ്.-നോടും ബി.ജെ.പി.-യോടും ഞങ്ങൾ പറയുന്നത്, നിങ്ങളെ തകർത്തെറിയുവാനുള്ള ഒരു കൊടുങ്കാറ്റ് ഇന്ത്യയിൽ രൂപപ്പെട്ടുകഴിഞ്ഞു, മഹാരാഷ്ട്രയിൽ കഴിഞ്ഞ ദിവസങ്ങളിൽ ആ കൊടുങ്കാറ്റിന്റെ തുടക്കമാണ് നമ്മൾ കണ്ടത്. മതബഹുസ്വരതയ്ക്കുവേണ്ടി ഞാൻ എന്റെ അവസാനശ്വാസം വരെ പോരാടുമെന്നാണ് നെഹ്റു പറഞ്ഞത്. അദ്ദേഹത്തിന്റെ ചെറുമകനായ രാഹുലിന് അതിനെക്കുറിച്ചറിയുമോ എന്നറിയില്ല.

നെഹ്റുവിനെ മറന്ന രാഹുൽ പറഞ്ഞത് ഞാൻ പൂണൂൽ ധരിക്കുന്ന വ്യക്തിയാണെന്നാണ്. അതുകൊണ്ടാണ് 180 കി.മീറ്ററോളം നടന്ന് കർഷകർ അഞ്ചു ദിവസത്തോളം സമരം നടത്തിയിട്ടും രാഹുലും കോൺഗ്രസും അവരെ കാണാതെ പോയത്. മുംബൈയിലെത്തിയിട്ട് മാത്രം അവരെ കണ്ടതും അതുകൊണ്ടാണ്. ഇന്നത്തെ ഇന്ത്യ എന്താണെന്നും എങ്ങനെയാണ് ചിന്തിക്കുന്നതെന്നും മനസ്സിലാക്കുവാൻ കോൺഗ്രസിനും അതിന്റെ അദ്ധ്യക്ഷനും കഴിയുന്നില്ല. ഇന്നലെ 35000-ത്തോളം കർഷകർ മുംബൈയിൽ ദേവേന്ദ്ര ഫട്നവിസ് (Devendra Fadnavis)-ന്റെ സാമ്രാജ്യത്തെ ഇളക്കിമറിക്കുവാൻ, അതിന്റെ തുടർചലനങ്ങൾ ഡൽഹിയലേയ്ക്കത്തിക്കുവാൻ നടന്ന് മുംബൈയിലേയ്ക്ക് നീങ്ങിയപ്പോൾ ഒരു ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകളും അവരെ സഹായിച്ചില്ല, ഒരു പ്രൊഫഷണലുകളുടെയും പിന്തുണയില്ലാതെയാണ് അവർ നടന്നത്. കാലങ്ങളായി പട്ടിണി കിടക്കുന്ന, വിണ്ടുകീറിയ പാടങ്ങൾക്ക് മുകളിലിരുന്നുകൊണ്ട് സ്വന്തം ശരീരം ശുദ്ധിയാക്കുവാൻപോലും വെള്ളമില്ലാതെയിരിക്കുന്ന, പട്ടിണി കിടക്കുന്ന, ആത്മഹത്യയുടെ മുനമ്പിൽ നിൽക്കുന്ന കർഷകരാണ് മഹാരാഷ്ട്രയിലേയ്ക്ക് ഫട്നവിസിന്റെ സാമ്രാജ്യത്തെ ഇളക്കിമറിക്കുവാൻ നടന്നടുത്തത്. അവിടെ മനസ്സിലാക്കേണ്ടത്, അവരുടെ ചോര പൊടിയുന്ന പാദങ്ങളെ അവഗണിച്ചും നടക്കുവാൻ അവർക്ക് പ്രചോദനം നൽകിയത്, അവർക്ക് ധൈര്യം നൽകിയത്, ചുട്ടുപൊള്ളുന്ന സൂര്യനെ അവഗണിച്ചുകൊണ്ട് അവർക്ക് നടക്കുവാൻ തണലായത്, ചെങ്കാടിയായിരുന്നു. ഇന്ത്യയിൽ ദളിതരുടെയും, ആദിവാസികളുടെയും സ്ത്രീകളുടെയും പ്രശ്നങ്ങളെ തിരിച്ചറിയുവാനും അവരുടെ പ്രശ്നങ്ങളിൽ ഇടപെടുവാനും അവരുടെ അവകാശപ്പോരാട്ടങ്ങളിൽ ഒപ്പം നിൽക്കുവാനും നേതൃത്വം നല്കുവാനും ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കുമാത്രമേ കഴിയുകയുള്ളൂവെന്നതാണ് കഴിഞ്ഞ ദിവസം മഹാരാഷ്ട്ര തെളിയിച്ചത്. കഴിഞ്ഞ ദിവസം ഉത്തർപ്രദേശിൽ ഒരു കാഴ്ച കണ്ടു, യോഗി ആദിത്യനാഥിന്റെ ഉത്തർപ്രദേശിലാണ് 70 കുഞ്ഞുങ്ങൾ ഓക്സിജൻ കിട്ടാതെ പിടഞ്ഞുമരിച്ചത്. അവിടെ നമ്മൾ കണ്ടത് മുറിച്ചു മാറ്റിയ കാൽ ആ രോഗിയുടെ തലയണയാക്കി വച്ചുകൊടുക്കുന്ന കാഴ്ചയാണ്. ഇന്ത്യയിലെവിടെയും പൊതു ആരോഗ്യമേഖല ഈ രീതിയിൽ അവഗണിക്കപ്പെടുമ്പോൾ കേരളത്തിൽ ഒരു ബദൽ മാതൃക സൃഷ്ടിച്ചിരിക്കയാണ്. 1957-ലെ ഇ.എം.എസ്. സർക്കാർ രൂപീകരിച്ച പൊതുജനാരോഗ്യ സംരക്ഷണ നയത്തിന്റെ തുടർച്ചയാണ് 2018-ലും സഖാവ് പിണറായി വിജയന്റെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പ്രത്യേകിച്ച് സർക്കാർ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നാല് മിഷനുകളുടെ ഭാഗമായിട്ടുള്ള ആർദ്രം മിഷന്റെ ഭാഗമായി 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ്

കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ടിരിക്കുന്നത്. നമുക്കറിയാം നേരത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഏതാണ്ട് പന്ത്രണ്ട് മണിവരെ മാത്രമേ ഒ.പി. ഉണ്ടായിരുന്നുള്ളൂ. പലപ്പോഴും ഇവിടങ്ങളിൽ ഡോക്ടർമാരുണ്ടാകില്ലായിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കണ്ണെത്തുന്നിടത്തെല്ലാം മെഡിക്കൽ കോളേജുകൾ അനുവദിക്കുകയും പ്രഖ്യാപിക്കുകയുമായിരുന്നു ചെയ്തിരുന്നത്. ആ മെഡിക്കൽ കോളേജുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ, അവിടെ തസ്തികകൾ ഉണ്ടോ? അടിസ്ഥാന സൗകര്യവികസനമൊന്നുമില്ലാതെ, കെട്ടിടമില്ലാതെയാണ് അവർ പ്രഖ്യാപനങ്ങൾ നടത്തിയത്. അതിന്റെ ഭാഗമായി കേരളത്തിന്റെ ആരോഗ്യ രംഗത്തുണ്ടായ അനിശ്ചിതത്വവും ഭീകരതയും എത്രത്തോളമാണെന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. പി.എച്ച്.സി.-കൾ താലൂക്കാശുപത്രികൾ, ജനറലാശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ഇവയെല്ലാം ആധുനികവത്കരിക്കുവാനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ തൊട്ടടുത്തുള്ള, നമ്മുടെ ഗ്രാമത്തിലുള്ള, നമ്മുടെ വാർഡിലുള്ള പി.എച്ച്.സി.-യിൽ ഒരു സ്പെഷ്യാലിറ്റി ക്ലിനിക് ഉണ്ടാകുക എന്നത് ഒരുപക്ഷേ ഇരുപത് മാസം മുൻപ് കേരളത്തിൽ ചിന്തിക്കുവാൻ കഴിയാത്ത കാര്യമായിരുന്നു. 170-ഓളം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയപ്പോൾ 12 മണിവരെയുണ്ടായിരുന്ന ഒ.പി. സമയം ആറു മണിവരെ ആക്കുകയും അതോടൊപ്പം സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ, ഡയബെറ്റിക് ക്ലിനിക്കുകൾ, ജെറിയാട്രിക് ക്ലിനിക്, ഡിപ്രെഷൻ ക്ലിനിക് എന്നീ സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ ആരംഭിക്കുകയും ചെയ്തു. എനിക്ക് ഒരുദാഹരണം പറയാനുണ്ട്; പത്തനംതിട്ട ജനറൽ ആശുപത്രി, ശബരിമലയുടെ ബെയ്സ് ഹോസ്പ്പിറ്റലാണ്. ശബരിമല സീസണിൽ ഏറ്റവും കൂടുതൽ മാധ്യമങ്ങളിൽ വരുന്ന വാർത്ത തീർത്ഥാടകന് ഹൃദ്രോഗമുണ്ടായി എന്നതാണ്. ഇവരെ ചികിത്സയ്ക്ക് കൊണ്ടുപോകുന്നത് കോട്ടയം മെഡിക്കൽ കോളേജിലേയ്ക്കാണ്. ശബരിമലയുടെ ബെയ്സ് ഹോസ്പ്പിറ്റലായ പത്തനംതിട്ട ജനറലാശുപത്രിയിൽ ഇതുവരെ ഒരു കാർഡിയോളജിസ്റ്റ് ഉണ്ടായിരുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ എത്തിയശേഷം 20 മാസങ്ങൾക്കുള്ളിൽ ഒരു കാത്ത്ലാബ് പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ അനുവദിച്ചു. ഓഗസ്റ്റ് മാസത്തിൽ കാത്ത്ലാബിന്റെ നിർമ്മാണം പൂർത്തിയാകുകയും സെപ്റ്റംബർ മാസത്തിൽ പ്രവർത്തനമാരംഭിക്കുന്നതുമാണ്. കേരളത്തിലെ സർക്കാർ ആശുപത്രികളിൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകളും ന്യൂറോളജി, കാർഡിയോളജി വിഭാഗങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. വെറുതെ മരുന്നു കൊടുക്കുന്നതു മാത്രമല്ല സ്പെഷ്യാലിറ്റി സേവനം നൽകുന്ന രീതിയിലുള്ള വിധത്തിൽ ആശുപത്രികൾ മാറി

പ്രവർത്തിക്കുകയാണ്. 1630 കോടി രൂപയാണ് പൊതുജനാരോഗ്യ സർവ്വീസിനുവേണ്ടി ഈ ബജറ്റിൽ നീക്കിവച്ചിരിക്കുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തേക്കാൾ 64 ശതമാനം കൂടുതലാണ്. അവരുടെ കാലഘട്ടത്തിൽ 544-ൽ തുടങ്ങി ഏതാണ്ട് 640 കോടി രൂപയോടടുത്തെത്തിയപ്പോൾ ഇടതുപക്ഷ സർക്കാർ 1630 കോടി രൂപയാണ് പൊതുജനാരോഗ്യ സർവ്വീസിനുവേണ്ടി മാറ്റിവച്ചിരിക്കുന്നത്. ആരോഗ്യ മേഖലയെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്.

കേരളത്തിലെ ആരോഗ്യമേഖലയിൽ വിപ്ലവകരമായിട്ടുള്ള മാറ്റങ്ങളുണ്ടാക്കാൻ സഹായിക്കുന്ന ആക്ടാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്. ഭരണപക്ഷവും പ്രതിപക്ഷവും ഒരേ സ്വരത്തിൽ ഈ ബില്ലിന്റെ ചർച്ചാവേളയിൽ അനുകൂലിച്ചുകൊണ്ടാണ് സംസാരിച്ചത്. ഇത് കൊണ്ടുവരാൻ ആർജ്ജവം കാണിച്ച പിണറായി വിജയൻ സർക്കാരിനെ അഭിനന്ദിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

കേരളത്തിൽ സമഗ്രമായൊരു ആരോഗ്യനയം നിലവിൽ വരാൻ പോകുകയാണ്. അതിനുവേണ്ടി യൂബർ സർവ്വീസ് പോലെ ആംബുലൻസ് സർവ്വീസും ആരംഭിക്കുന്നു. സാധാരണക്കാരായ രോഗികൾ ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും സീരിയസ്സായിട്ടുള്ള അവസ്ഥയിൽ നിസ്സഹായരായി നിൽക്കുന്ന അവസ്ഥയാണ് കാണാൻ സാധിക്കുന്നത്. എത്ര രൂപകൊടുത്തും പ്രൈവറ്റ് ആംബുലൻസുകളെ ആശ്രയിക്കുന്ന സാഹചര്യമുണ്ടാകുകയാണ്. ഇതൊഴിവാക്കാൻ ആംബുലൻസിനായി ഒരു ഇ-നെറ്റ്‌വർക്ക് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

അതുപോലെ സാമൂഹ്യക്ഷേമരംഗത്ത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ 1600 കോടി രൂപയാണ് സാമൂഹ്യ ക്ഷേമ പെൻഷനുകൾക്കായി മാറ്റിവച്ചത്. ഈ സർക്കാർ അധികാരത്തിലെത്തിയപ്പോൾ 6000 കോടി രൂപയാണ് സാമൂഹ്യ ക്ഷേമ പെൻഷനുകൾക്ക് മാറ്റിവച്ചിരിക്കുന്നത്. ഏതാണ്ട് മൂന്നിരട്ടിയിലധികമുള്ള തുക സാമൂഹ്യക്ഷേമ സുരക്ഷാ പെൻഷനുവേണ്ടി സർക്കാർ നീക്കി വച്ചിരിക്കുകയാണ്. അതോടൊപ്പം പ്രതിവർഷം 42.4 ലക്ഷം പേർക്കാണ് സംസ്ഥാന സർക്കാർ നേരിട്ട് പെൻഷനോ സുരക്ഷാ ധനസഹായമോ നൽകുന്നത്. ആർ.എസ്.ബി.വൈ. സ്കീമിൽപ്പെട്ട കുടുംബങ്ങൾക്ക് ഇപ്പോൾ കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ച പുതിയ ഇൻഷ്വറൻസ് പദ്ധതിയുടെ പരിരക്ഷ ലഭിക്കാത്ത സാഹചര്യമുണ്ടാകുകയാണെങ്കിൽ അതിന്റെ പ്രീമിയം സംസ്ഥാന സർക്കാർ അടച്ചുകൊണ്ട് എല്ലാ കുടുംബങ്ങളെയും ഈ പദ്ധതിയിൽ നിലനിർത്താൻ ശ്രമിക്കുന്നതാണ്. ഇത് വളരെ ധീരമായിട്ടുള്ള ഒരു തീരുമാനമാണ്.

സ്ത്രീശാക്തീകരണ പദ്ധതികൾ നടപ്പാക്കുന്ന ഈ സർക്കാരിന്റെ ഭാഗമായിട്ടുള്ള ഒരു വനിതാ ജനപ്രതിനിധിയായി ഇരിക്കാൻ കഴിയുന്നു എന്നുള്ളതിൽ അഭിമാനിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. ഇന്ത്യയുടെ ചരിത്രത്തിൽ ഇല്ലാത്തവിധം സ്ത്രീകൾക്കുവേണ്ടി വിവിധ പദ്ധതികളിലായി മൊത്തം പദ്ധതി അടങ്കലിന്റെ 14.5 ശതമാനം തുക സ്ത്രീ ശാക്തീകരണത്തിനുവേണ്ടി വിവിധ പ്രോജക്ടുകൾക്കായി മാറ്റിവച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി പ്രഖ്യാപിച്ച പാക്കേജ് പൂർണ്ണമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 50 കോടി രൂപയാണ് ആദ്യമായി അനുവദിച്ചിരിക്കുന്നത്. ട്രാൻസ്ജെൻഡറുകൾക്കുവേണ്ടി 10 കോടി രൂപ നീക്കിവച്ചതും ജില്ലാ കേന്ദ്രങ്ങളിൽ സേഫ് ഹോംസ് അനുവദിച്ചതും എടുത്ത് പറയേണ്ട കാര്യമാണ്. ഇതൊക്കെ തൊഴിൽ വകുപ്പും ആരോഗ്യ വകുപ്പും ചേർന്നു നടത്തുന്ന സർക്കാരിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമാണ്. ലോകത്തെമ്പാടുമുള്ള രാജ്യങ്ങൾ കുടിയേറ്റങ്ങൾക്കെതിരായി നിയമങ്ങൾ പാസ്സാക്കുമ്പോൾ ഇവിടെ ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിനുവേണ്ടി 'ആവാസ് ഇൻഷ്വറൻസ് പദ്ധതി' ആവിഷ്കരിച്ച് നടപ്പിലാക്കിയത് മാനവികതയിലൂന്നിയ നയമാണ്. അങ്ങനെ ഒരു നയം നടപ്പിലാക്കുവാൻ ഇടതുപക്ഷ സർക്കാരിന് മാത്രമേ കഴിയുകയുള്ളൂ. 15,000 രൂപ ചികിത്സാ സഹായവും രണ്ടുലക്ഷം രൂപ അപകട മരണ ഇൻഷ്വറൻസും നൽകി ലോകത്തിനുതന്നെ മാതൃകയായിട്ടുള്ള ഒരു ഇൻഷ്വറൻസ് പദ്ധതിയാണ് ഇവിടെ നടപ്പിലാക്കുന്നത്. എനിക്ക് രണ്ടുമൂന്ന് കാര്യങ്ങൾകൂടി ഇവിടെ പറയുവാനുണ്ട്.

ഏറ്റവും കൂടുതൽ ഇവിടെ ചർച്ച ചെയ്യുന്നത് അതിദാരുണമായ, വളരെ നിർഭാഗ്യകരമായ മധുവിന്റെ കൊലപാതകത്തെക്കുറിച്ചാണ്. ഇന്നലെ ഇൻഡ്യൻ എക്സ്പ്രസ് പത്രത്തിൽ പ്രസിദ്ധീകരിച്ച, മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദിന്റെ ഒരു ആർട്ടിക്കിൾ ഉണ്ട്. Murder in Attappadi എന്ന തലക്കെട്ടുള്ള ആ ആർട്ടിക്കിളിൽ അദ്ദേഹം പറയുന്നത് ഇപ്രകാരമാണ്. "The Government of Kerala shockingly rejected the.." Government of Kerala എന്നുപറഞ്ഞാൽ the then Government, U.D.F. Government. "The Government of Kerala shockingly rejected a generous offer made by the then Union Minister for Rural Development, Jairam Ramesh, to set up state-of-the-art national level institutions for livelihoods with a focus on tribals and eco-degraded areas in Attappadi, using the idle infrastructure of the closed Japanese-aided projects" ഇങ്ങനെ പറഞ്ഞിരിക്കുന്നത് മുൻ ചീഫ് സെക്രട്ടറിയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, അന്നത്തെ

കേന്ദ്രമന്ത്രിയായിരുന്ന, റൂറൽ ഡെവലപ്മെന്റ് മിനിസ്ട്രിയുടെ നേതൃത്വം വഹിച്ചിരുന്ന ശ്രീ. ജയറാം രമേശ്, 200 കോടി രൂപയുടെ അഹാർഡ്സ്-ന്റെ ഇക്കോ ഫ്രണ്ട്ലിയായ കെട്ടിടങ്ങളെ ലൈവിലിഹുഡിന് വേണ്ടിയിട്ടുള്ള ഒരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ടാക്കി മാറ്റാനുള്ള പ്രൊപ്പോസൽ ഇങ്ങോട്ടുകൊണ്ടുവന്നപ്പോൾ അത് മടക്കിഅയച്ചവരാണ് അന്നത്തെ യു.ഡി.എഫ്. സർക്കാർ. വളരെ നിർഭാഗ്യകരമായിട്ടുള്ള അവസ്ഥയാണ്. എന്താണ് അവർക്ക് ഈ സർക്കാരിനെതിരെ പറയുവാനുള്ള അവകാശം? ട്രൈബൽ ഏരിയയെ സംബന്ധിച്ചുള്ള വാർത്തയാണ് ബഹുമാനപ്പെട്ട മിനിസ്റ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. അതും ഒരു മാധ്യമ വാർത്തയാണ്. അതിൽ പറയുന്നത് - 'Steep decline seen in population of tribes people' എന്നാണ്. അതായത് ആദിവാസി കോളനികളിൽ പ്രത്യേകിച്ച്, ഇടമലക്കുടിയിൽ നൂറോളം ദമ്പതികൾക്ക് കുഞ്ഞുങ്ങളില്ലാത്ത അവസ്ഥയുണ്ട്. അവരുടെ ജീവിതശൈലി, ആഹാരശൈലി, ന്യൂട്രീഷ്യന്റെ കുറവ് ഇവയെല്ലാംമൂലം ആദിവാസി മേഖലയിൽ ജനസംഖ്യ കുറയുന്നു എന്നുള്ള വലിയ ഗുരുതരമായിട്ടുള്ള റിപ്പോർട്ടുകളുണ്ട്. ഈ കാര്യം പരിശോധിച്ച് സർക്കാർ അടിയന്തരമായി ഇടപെടൽ നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പൂർണ്ണമായി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഞാൻ 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. വിശ്വപ്രസിദ്ധ കവിയും എഴുത്തുകാരനും തത്വചിന്തകനുമായ ഖലീൽ ജിബ്രാൻ പറഞ്ഞിട്ടുള്ളത് "Tenderness and kindness are not signs of weakness and despair, but manifestations of strength and resolution" എന്നാണ്. കരുണയും ആർദ്രതയും ദൗർബല്യത്തിന്റെയോ വിഷാദത്തിന്റെയോ ലക്ഷണങ്ങളല്ല. ദൃഢതയുടെയും ശക്തിയുടെയും ചിഹ്നങ്ങളാണ്. കഴിഞ്ഞ രണ്ടുവർഷമായി അഹന്തയും ധാർഷ്ട്യവും മുഖമുദ്രയാക്കിയ, ആർദ്രത മനസ്സിൽ നിന്നുപോയ, ജനമനസ്സുകളിൽ നിന്ന് ഏറെ അകന്നുപോയ ഈ സർക്കാരിന്റെ പരാജയപ്പെടലിന്റെ ഏറ്റവും സ്പഷ്ടമായിട്ടുള്ള ഉദാഹരണങ്ങളാണ് കേരളത്തിലെ ആരോഗ്യരംഗം. ഇന്ത്യൻ സംസ്ഥാനങ്ങളിലെ ആരോഗ്യമേഖലയിൽ പഠനം നടത്തുന്ന നീതി ആയോഗ് റിപ്പോർട്ടിൽ, 2015-ൽ യു.ഡി.എഫ്. സർക്കാരിന്റെ അവസാന പാദത്തിലുള്ള നീതി ആയോഗ് റിപ്പോർട്ടിൽ ആരോഗ്യത്തിന് ഒന്നാമത്തെ സ്ഥാനം, 80 പോയിന്റ് ലഭിച്ചത് കേരളത്തിനാണ്. അതേ നീതി ആയോഗിന്റെ റിപ്പോർട്ട് ഈ വർഷം വന്നപ്പോൾ ഒന്നാം സ്ഥാനത്ത് കേരളമാണ്. പക്ഷേ, നീതി ആയോഗ് യു.ഡി.എഫ്.-ന്റെ കാലത്ത് കൊടുത്ത 80 പോയിന്റിൽ നിന്ന് ഏകദേശം അഞ്ച് പോയിന്റ് കുറഞ്ഞ്

75 പോയിന്റിലാണ് ഇന്ന് കേരളം നില്ക്കുന്നത്. വളരെ പേടിപ്പിക്കുന്ന സൂചികകളാണ് ഇതിലുള്ളത്. പോഷകാഹാര കുറവ് കൂടുന്നു, തൂക്കം കുറഞ്ഞ കുട്ടികളുടെ ശതമാനം 11-ലേയ്ക്ക് കൂടിയിരിക്കുകയാണ്, പൂർണ്ണമായ വാക്സിനേഷൻ ലഭിച്ച കുട്ടികളുടെ ശതമാനം കേരളത്തിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ 97-ൽ നിന്ന് 94 ആയി കുറഞ്ഞു. ആശുപത്രികളിൽ സുരക്ഷിതമായ ഇൻസ്റ്റിറ്റ്യൂഷണൽ ഡെലിവറി നടത്തുന്ന അമ്മമാരുടെ ശതമാനം 96-ൽ നിന്ന് നാലു ശതമാനം കുറഞ്ഞ് 92 ശതമാനമായിരിക്കുന്നത് എൽ.ഡി.എഫ്. സർക്കാരിന്റെ സമയത്താണ്. ഇടതുപക്ഷ സർക്കാർ വന്നതിനുശേഷം ആർദ്രം പദ്ധതിയിൽ, ഈ സർക്കാരിന്റെ പ്രവർത്തനം കൊണ്ടുതന്നെയാണ് പ്രധാനപ്പെട്ട ഈ മൂന്നു കാര്യങ്ങളിൽ കേരളം പിന്നോട്ടുപോയിരിക്കുന്നത്. അങ്കണവാടികളും

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി.പി. സജീന്ദ്രൻ)

ഐ.സി.ഡി.എസ്.-ഉം തകർന്നതുകൊണ്ടാണ് ഇന്ന് പോഷകാഹാര കുറവുണ്ടാകുന്നത്. ഈ സർക്കാരിന്റെ പരിതാപകരമായ പബ്ലിക് ഹെൽത്ത് ക്യാമ്പയിൻ കാരണമാണ് വാക്സിനേഷന്റെ ശതമാനം കുറഞ്ഞത്. പ്രൈവറ്റ് ആശുപത്രികളെ സഹായിക്കുന്നതുകൊണ്ടാണ് ഇന്ന് അമ്മമാർക്ക് സുരക്ഷിതമായി താലൂക്കാശുപത്രികളിലോ ജില്ലാ ആശുപത്രികളിലോ പ്രസവം നടത്താൻ കഴിയാത്തത്. നേരത്തെ ശ്രീമതി വീണാ ജോർജ്ജ് പറഞ്ഞതുപോലെ ഇടതും വലതും ഒരുമിച്ച് ഭരിച്ചപ്പോഴുണ്ടായ, നമ്മുടെ കണ്ണിലെ കൃഷ്ണമണിപോലെ സൂക്ഷിക്കുന്ന കേരള ആരോഗ്യ മോഡലിനെ ലെനിന്റെ പ്രതിമ തകരുന്നതുപോലെ തകർക്കുന്നത് നിങ്ങളാണെന്ന കാര്യം ഓരോരുത്തരും ഓർക്കണം. അതോടൊപ്പം ശ്രീമതി വീണാ ജോർജ്ജ് പറഞ്ഞ ഒരു കാര്യമുണ്ട്. കേരളത്തിൽ കാര്യങ്ങളെല്ലാം ശരിയാണ്. 2017-18 കാലഘട്ടത്തിൽ നിങ്ങളുടെ സർക്കാർ അധികാരമേറ്റതിനുശേഷം നിങ്ങൾ കഴിഞ്ഞ ഒരു വർഷം പാട്ടുംപാടി ആഘോഷിച്ച, ആഡംബരമായി ബ്രാഞ്ച് സമ്മേളനങ്ങളും ലോക്കൽ സമ്മേളനങ്ങളും ഏരിയാ സമ്മേളനവും സംസ്ഥാന സമ്മേളനവും നടത്തിയ ഒരു വർഷത്തിൽ 110 ആളുകളാണ് ഇവിടെ പനി കാരണം മരിച്ചത്. കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത്, അഞ്ചുവർഷംകൊണ്ട് വൈറൽ പനിയുമായി ബന്ധപ്പെട്ട് വെറും 105 ആളുകളാണ് മരിച്ചതെങ്കിൽ 2017-18-ൽ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് 110 ആളുകളാണ് കേരളത്തിൽ മരിച്ചുവീണത്. അതോടൊപ്പം ഖൊരഗ്പൂരിന്റെ കാര്യം പറഞ്ഞത് ശ്രദ്ധിക്കണം. ഖൊരഗ്പൂരിലെ മുഖ്യമന്ത്രിയാണ് യോഗി ആദിത്യനാഥ്. അദ്ദേഹത്തിന്റെ പ്രദേശമായ ഖൊരഖ്പൂരിലെ മെഡിക്കൽ കോളേജിൽ 70 പിഞ്ചുകുഞ്ഞുങ്ങൾ ഓക്സിജൻ കിട്ടാതെ മരിച്ചു. ഓക്സിജൻ കൊടുക്കുന്ന കമ്പനിക്ക് കുടിശ്ശിക കൊടുക്കാത്തതുകൊണ്ട് ഒരു വർഷം പോലും പ്രായമില്ലാത്ത

70 കുട്ടികളാണ് മരണപ്പെട്ടത്. മനഃസാക്ഷിയുള്ള എല്ലാവരും ഒരുമിച്ച് പ്രാർത്ഥിച്ചു. ഇതുപോലുള്ള സംഭവങ്ങൾ ഒരിക്കലും ഇന്ത്യയിലെന്നല്ല കേരളത്തിലും ഉണ്ടാകരുതെന്ന് നമ്മൾ എല്ലാവരും പ്രാർത്ഥിച്ചു. പക്ഷേ 10 ദിവസത്തിനുമുമ്പ് മാധ്യമത്തിൽ "വൻ കുടിശ്ശിക, സർക്കാർ ആശുപത്രികളിലെ ഹൃദയശസ്ത്രക്രിയ മുടങ്ങും" എന്ന വാർത്ത വായിച്ചപ്പോൾ എന്റെ നെഞ്ചൊന്നിടറി. 60 കോടി രൂപയിലേറെ കുടിശ്ശികയുള്ളതുകൊണ്ട് ഹൃദയ ശസ്ത്രക്രിയയ്ക്കുള്ള സ്റ്റെന്റും പേസ്മേക്കറും കൊടുക്കാതെ ഓപ്പറേഷൻ നടക്കാത്ത അവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. ഇതുസംബന്ധിച്ച ലേറ്റസ്റ്റ് ഡാറ്റ ഞാൻ എടുത്തിരുന്നു. മാർച്ച് മാസം അവസാനം പണം കൊടുക്കാമെന്നുപറഞ്ഞ് ചില സ്ഥലങ്ങളിൽ ഇപ്പോൾ ഓപ്പറേഷൻ നടക്കുന്നുണ്ട്. പ്രധാനപ്പെട്ട ആശുപത്രികളിൽ പണം ഡിലേ ആയതുകൊണ്ട് സ്റ്റെന്റും പേസ്മേക്കറും ലഭിക്കാതെ കേരളത്തിൽ ഒരാളെങ്കിലും മരണപ്പെട്ടാൽ ഖൊരഖ്പൂരിൽ മരിച്ച 70 കുട്ടികളെക്കാൾ കൂടുതൽ ഭാരം ഈ ഗവൺമെന്റ് ചുമക്കേണ്ടിവരുമെന്ന കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ആരോഗ്യ മേഖലയിൽ, നേരത്തെ യൂബർ ആപ്പ്-നെക്കുറിച്ച് പറഞ്ഞിരുന്നു. ഒരു പ്രൈവറ്റ് കമ്പനിയെക്കുറിച്ചാണ് ബജറ്റിൽ പറഞ്ഞത്. യൂബർ ടാക്സി സംവിധാനം പോലെ സംസ്ഥാന വ്യാപകമായി ആംബുലൻസ് സർവ്വീസ് നടത്തുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽ പറഞ്ഞത്. 2019-ൽ ആപ്പ്-ൽ സന്ദേശം നൽകിയാൽ ഏറ്റവും അടുത്തുള്ള ആംബുലൻസ് എത്തിച്ചേർന്ന് ഏറ്റവും അടുത്തുള്ള ചികിത്സാകേന്ദ്രത്തിൽ എത്തിക്കാനുള്ള സംവിധാനമുണ്ടാക്കുമെന്നാണ്. ഇന്നത്തെ മലയാള മനോരമ പത്രത്തിന്റെ ഫ്രണ്ട് പേജിൽ "ആരും നോക്കാനില്ലാതെ ഏഴുമണിക്കൂർ വഴിയരികിൽ, ചികിത്സ കിട്ടാതെ മരിച്ചു" എന്നൊരു വാർത്തയുണ്ട്. കൊല്ലം ജില്ലക്കാരനായ ഒരാൾ കുറ്റിപ്പുറത്തുവച്ച് ഏഴുമണിക്കൂറോളം റോഡരികിൽ തളർന്നുകിടന്ന ശേഷമാണ് മരിച്ചത്. അദ്ദേഹത്തെ സഹായിക്കാൻ യൂബർ ആപ്പോ ആംബുലൻസോ പോലീസോ എത്തിയില്ല. ഞാൻ പറഞ്ഞുവരുന്നത്, ഇത്തരത്തിലുള്ള തെറ്റായ പല വാക്കുകളും തീരുമാനങ്ങളും ഈ ബജറ്റിൽ, പ്രത്യേകിച്ച് ആരോഗ്യമേഖലയിലുണ്ട്. ഡയാലിസിസ് യൂണിറ്റ് - എല്ലാ താലൂക്കാശുപത്രികളിലും ഇപ്പോൾ ഡയാലിസിസ് യൂണിറ്റുകളായിക്കഴിഞ്ഞു എന്നാണ് ബജറ്റിൽ പറയുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ വിതുര താലൂക്കാശുപത്രിയിലോ എന്റെ സഹപ്രവർത്തകനായ ശ്രീ. റോജി. എം. ജോണിന്റെ മണ്ഡലത്തിലെ അങ്കമാലി ആശുപത്രിയിലോ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടില്ല. കേരള ബജറ്റെന്ന ഒഫിഷ്യൽ ഡോക്യുമെന്റിൽ കള്ളം പറഞ്ഞിരിക്കുകയാണ്. എത്ര എം.എൽ.എ. -മാരുടെ നിയോജകമണ്ഡലങ്ങളിലെ താലൂക്കാശുപത്രികളിൽ ഡയാലിസിസ്

യൂണിറ്റുകൾ സ്ഥാപിച്ചു എന്നുള്ളതിന്റെ കണക്ക് നിങ്ങൾ പറയണം. ആരോഗ്യമേഖല എല്ലാരീതിയിലും തകർന്നുകൊണ്ടിരിക്കുകയാണ്. ഇ-ഹെൽത്ത് പ്രോഗ്രാം തകർന്നിരിക്കുകയാണ്. രണ്ടാംഘട്ട പ്രവർത്തനത്തിനുള്ള ആർദ്രം ഫാമിലി ഹെൽത്ത് സെന്ററിന്റെ ഒരു വർക്കും നടന്നിട്ടില്ല. ജെ.പി.എച്ച്.എൻ.-ലെ ആളുകൾ നിയമനം ലഭിക്കാതെ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ തകർന്നിരിക്കുന്ന ആരോഗ്യ വകുപ്പിനേക്കാൾ കൂടുതൽ തകർന്ന ഏതെങ്കിലും വകുപ്പുണ്ടോയെന്ന് പരിശോധിച്ചപ്പോൾ സാമൂഹ്യനീതിയുടെയും സാമൂഹ്യ സുരക്ഷയുടെയും വകുപ്പാണെന്നാണ് ഞാൻ മനസ്സിലാക്കിയത്. രണ്ട് വർഷങ്ങൾക്കുമുമ്പ് ബജറ്റിൽ വനിത-ശിശുക്ഷേമ വകുപ്പ് രൂപീകരിക്കുമെന്ന് പറഞ്ഞപ്പോൾ വളരെ സന്തോഷിച്ച ഒരാളാണ് ഞാൻ. സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി പ്രത്യേകമായൊരു വകുപ്പ് വേണ്ടത് ആവശ്യമാണ്. പക്ഷേ ഈ വകുപ്പ് കഴിഞ്ഞ രണ്ടുവർഷമായി എന്തുചെയ്തു എന്നറിയാൻവേണ്ടി ഞാൻ സെക്രട്ടേറിയറ്റിലെയും നിയമസഭയിലെയും ഫയലുകൾ പരിശോധിച്ചു. കഴിഞ്ഞ രണ്ടുവർഷം വനിത-ശിശുക്ഷേമ വകുപ്പ് ചെയ്ത കാര്യങ്ങളൊന്നും അറിയാൻ കഴിയാതിരുന്നപ്പോൾ ഇന്നലെ വൈകുന്നേരം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽനിന്ന് ഒരു പത്രക്കുറിപ്പ് വന്നു. അന്താരാഷ്ട്ര വനിതാദിന വാരാചരണത്തിന്റെ ഭാഗമായി ഇന്ന് വൈകുന്നേരം 5 മണിക്ക് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ജെൻഡർ ന്യൂട്രൽ ഫുട്ബോൾ മത്സരം നടക്കാൻ പോവുകയാണെന്നാണ്. മന്ത്രിമാരും എം.എൽ.എ.-മാരും ഉൾപ്പെടുന്ന ഒരു ടീമും അതിനെതിരായി ഐ.എ.എസ്./ ഐ.പി.എസ്. ഉദ്യോഗസ്ഥരടങ്ങുന്ന ടീമും തമ്മിലാണ് മത്സരം. ലിംഗഭേദമന്യേ നടത്തുന്ന ഈ മത്സരത്തിൽ സ്ത്രീകളും പുരുഷൻമാരും ടീമിലുണ്ടാകും. ഒരു വകുപ്പ് രൂപീകരിച്ച് രണ്ടുവർഷമായപ്പോൾ ആദ്യം ചെയ്യാൻ പോകുന്നത് ഫുട്ബോൾ മത്സരം നടത്തുന്നതാണ്. സാമൂഹ്യ നീതി വകുപ്പിൽ എല്ലാത്തിന്റെയും പേരുകൾ മാറ്റുകയാണ്. യു.ഡി.എഫ് സർക്കാരിന്റെ സമയത്തുള്ള സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓഫ് ഡിസെബിലിറ്റീസിന്റെ പേര് മാറ്റി 'അനുയാത്ര' എന്നാക്കി പാവപ്പെട്ട മുൻ വൈസ് പ്രസിഡന്റ് ശ്രീ. ഹമീദ് അൻസാരിയെക്കൊണ്ടുവന്നെങ്കിലും കാര്യങ്ങളൊന്നും നടന്നിട്ടില്ല. യു.ഡി.എഫ്. സർക്കാർ ഭരണത്തിന്റെ അവസാനകാലത്ത് കൊണ്ടുവന്ന ജുവനൈൽ ഡയബെറ്റിസ് ടൈപ്പ് 1-നുള്ള പദ്ധതിക്ക് 'മിഠായി' എന്ന് പേരിട്ടു. ഏകദേശം 1000 കുട്ടികൾക്ക് ഗ്ലൂക്കോമീറ്ററും ഇൻസുലിൻ പമ്പുമുൾപ്പെടെ ആധുനിക സജ്ജീകരണങ്ങൾക്കുവേണ്ടിയുള്ള ലിസ്റ്റാണ് വന്നിട്ടുള്ളത്. ഒരു കുട്ടിക്കുപോലും 'മിഠായി' പദ്ധതിയുടെ ഭാഗമായി പണം കൊടുത്തിട്ടില്ല. അച്ഛനോ അമ്മയോ അല്ലെങ്കിൽ ഇരുവരും മരിച്ചുപോയ കുട്ടികൾക്കായി യു.ഡി.എഫ്. സർക്കാർ ആരംഭിച്ച 'സ്നേഹപൂർവ്വം' പദ്ധതിയിൽ അന്ന് 13000 ആളുകളായിരുന്നു

അപേക്ഷിച്ചിരുന്നതെങ്കിൽ ഇപ്പോൾ 65000-ത്തോളം ആളുകളായി അത് വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷം 6000 കുട്ടികൾക്ക് സാങ്കേതിക കാരണങ്ങൾ പറഞ്ഞുകൊണ്ട് ഇതുവരെ അപേക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. ഇത്തരത്തിൽ സ്നേഹപൂർവ്വം പദ്ധതിയും മിഠായി പദ്ധതിയും അനുയാത്ര പദ്ധതിയും കോക്ലിയർ ഇംപ്ലാന്റേഷനുമൊന്നും നടക്കാത്ത പരിതാപകരമായ അവസ്ഥയാണ് സാമൂഹ്യനീതി വകുപ്പിലുള്ളത്. ആരോഗ്യ വകുപ്പിനോടൊപ്പം വളരെ സീരിയസായിത്തന്നെ ഈ വകുപ്പിന്റെ കാര്യവും ശ്രദ്ധിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

അവസാനമായി ഒരു കാര്യം മാത്രമാണ് സി.പി.ഐ(എം)-ലെ ആളുകളോട് പറയാനുള്ളത്. നിങ്ങൾ നിങ്ങളുടെ വിലയും നിലയും മനസ്സിലാക്കണം. കഴിഞ്ഞ കാലങ്ങളിൽ ത്രിപുര ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ബി.ജെ.പി. വൈറസ് പോലെ വളരുമ്പോൾ പ്രതിപക്ഷ യൂണിറ്റിയാണ് ഇന്ന് നാടിനാവശ്യം. ഉത്തർപ്രദേശിൽ കീരിയും പാമ്പുമായിട്ടുള്ള ബഹുജൻ സമാജ്‌വാദി പാർട്ടിയും എസ്.പി.-യും ഒരുമിച്ചുചേർന്ന് ഗോരഖ്പൂരിലും ഫൂൽപൂരിലും ഒരു സ്ഥാനാർത്ഥിയെ പിന്താങ്ങുകയാണ്. നിങ്ങളുടെ സ്വന്തം നാടായ ബംഗാളിൽ ഇന്ന് കോൺഗ്രസ് സ്ഥാനാർത്ഥിക്കുവേണ്ടി തൃണമൂൽ കോൺഗ്രസ് പിന്താങ്ങുകയാണ്. മറ്റൊരു കാര്യം, നിങ്ങൾ ഇന്നലെ ഒരു മാർച്ചിന്റെ കാര്യം പറഞ്ഞു. ഞാൻ അതിനെ അഭിനന്ദിക്കുകയാണ്. നാൽപ്പതിനായിരത്തോളം ആളുകളുടെ ആൾ ഇന്ത്യ കിസാൻ സഭയുടെ മാർച്ച് നടന്നപ്പോൾ സീതാറാം യെച്ചൂരി ഉൾപ്പെടെയുള്ള ആളുകൾ അതിന് സഹായഹസ്തം നൽകി മുന്നോട്ട് വന്നപ്പോൾ അതിന്റെ ചാർജ്ജുണ്ടായിരുന്നത് കേരളത്തിന്റെ സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയായ പോളിറ്റ് ബ്യൂറോ അംഗത്തിനായിരുന്നു. അദ്ദേഹത്തെ ആ ഏരിയയിൽ കണ്ടില്ലെന്നു മാത്രമല്ല മാണിക്യമലരിനെക്കുറിച്ചുവരെ പോസ്റ്റ് ചെയ്ത കേരളത്തിന്റെ മുഖ്യമന്ത്രി അക്കാര്യത്തിൽ ഒരു പോസ്റ്റുപോലും ഇട്ടില്ല. പക്ഷേ നിങ്ങൾ അപമാനിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റ് ശ്രീ. രാഹുൽ ഗാന്ധി മുഖ്യമന്ത്രിയും പ്രധാനമന്ത്രിയും അഹംഭാവം വെടിയണമെന്നുപറഞ്ഞു. കർഷകരുന്നയിക്കുന്ന വിഷയങ്ങൾ മഹാരാഷ്ട്രയിൽ മാത്രം ഒതുങ്ങുന്നതല്ലെന്ന് പറയാനുള്ള ആർജ്ജവം കാണിച്ചത് ശ്രീ. രാഹുൽ ഗാന്ധി മാത്രമാണെന്ന കാര്യം നിങ്ങൾ ഓർക്കണം. ശ്രീ. അടൂർ ഗോപാലകൃഷ്ണന്റെ എലിപ്പത്തായം സിനിമയിലെ കരമന ജനാർദ്ദനൻ നായരെപ്പോലെയാണ് നിങ്ങൾ. നിങ്ങളുടെ കാലിനടിയിലെ മണ്ണ് പോകുന്നതറിയാതെ നിങ്ങൾ ചാരുകസേരയിലിരിക്കുകയാണ്. ഇങ്ങനെ ഇരിക്കുകയാണെങ്കിൽ നിങ്ങൾതന്നെ കേരളത്തിൽനിന്ന് മാറിപ്പോകുമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഇവിടെ വനിത-ശിശുക്ഷേമ വകുപ്പിൽ കൂടുതൽ ശക്തമായ പ്രവർത്തനം നടത്തണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇന്ത്യയിലെ കർഷകരുടെ വേദനയെ നോക്കിക്കാണാൻ ഇപ്പോഴെങ്കിലും കോൺഗ്രസും രാഹുൽ ഗാന്ധിയും തയ്യാറാകുന്നതിൽ സന്തോഷമുണ്ട്. എങ്ങനെയാണ് കർഷകർ ഈ ഗതിയിലേയ്ക്ക് എത്തിച്ചേർന്നതെന്ന ചരിത്രമാവർത്തിച്ച് ഞാൻ സഭയുടെ സമയം കളയാനാഗ്രഹിക്കുന്നില്ല. കോൺഗ്രസ് കൊണ്ടുവന്ന പുത്തൻ സാമ്പത്തിക നയ സമീപനങ്ങളാണ് ഇന്ത്യയിലെ കർഷകരെ ഈ ഗതിയിലേയ്ക്കെത്തിച്ച തെന്നതാണ് യാഥാർത്ഥ്യം. ബി.ജെ.പി.-യും കോൺഗ്രസും അക്കാര്യത്തിൽ ഒരു നാണയത്തിന്റെ രണ്ട് വശമാണെന്നെന്നുള്ളത് ഇന്ത്യയിലെ മുഴുവൻ ജനങ്ങൾക്കുമറിയാം. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനോട് കേരളത്തിലെ കോൺഗ്രസ് കാട്ടുന്ന ഈ അസഹിഷ്ണുതയാണ് ബി.ജെ.പി.-യെ വളർത്തുന്നത്. ഇന്ത്യയിൽ ഇന്ന് ഒരു പച്ചത്തുരുത്തായി നിൽക്കുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നേതൃത്വം നൽകുന്ന ഗവൺമെന്റിന്റെ നയസമീപനങ്ങളാണെന്ന് അംഗീകരിക്കുന്നതിൽ എന്താണ് പ്രശ്നം. ആരോഗ്യമേഖലയിലും ആ സമീപനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൈക്കൊള്ളുന്നത്. രാജ്യത്തിന്റെയും സമൂഹത്തിന്റെയും ഏറ്റവും വലിയ സമ്പത്ത് അവിടെ അധിവസിക്കുന്ന ആരോഗ്യമുള്ള ജനതയാണ്. ഒരു വ്യക്തിയെ സംബന്ധിച്ച് അവന്റെ ആരോഗ്യമുള്ള ശരീരമാണ് ഏറ്റവും അമൂല്യമായ സമ്പത്ത്. ആ സാമൂഹ്യലക്ഷ്യം കൈവരിക്കാൻവേണ്ടി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ആരോഗ്യമേഖലയിൽ നടത്തുന്ന ഘടനാപരമായ മാറ്റങ്ങൾക്ക് സമാനതകളില്ല. ഭരണ-പ്രതിപക്ഷ ഭേദമന്യേ അത് മനസ്സിലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബി.ജെ.പി. ഗവൺമെന്റ് പൊതുജനാരോഗ്യ മേഖലയെ വാണിജ്യവൽക്കരിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ സർക്കാർ ആശുപത്രികൾപോലും സ്വകാര്യ വ്യക്തികൾക്ക് വാടകയ്ക്ക് കൊടുക്കാൻ തയ്യാറുണ്ടോയെന്ന് കത്തെഴുതി ചോദിച്ച കേന്ദ്ര ഗവൺമെന്റാണ് ഇന്ത്യ ഭരിക്കുന്നത്. ഇന്ത്യയിൽ ആകെ വരുമാനത്തിന്റെ 2 ശതമാനം മാത്രം ആരോഗ്യമേഖലയ്ക്കായി മാറ്റി വയ്ക്കുമ്പോൾ കേരളം അതിനൊരു ബദലായി മൊത്തവരുമാനത്തിന്റെ 5 ശതമാനത്തിലധികം ആരോഗ്യമേഖലയ്ക്ക് മാറ്റിവച്ചുകൊണ്ട് ഇന്നൊരു മാതൃകയായി വളർന്നുവന്നു കൊണ്ടിരിക്കുകയാണ്. ഇന്ന് രാജ്യത്തിന്റെ അവസ്ഥയെന്താണ്? കോടീശ്വരൻമാരുടെ കൈകളിലേയ്ക്ക് സമ്പത്ത് കുമിഞ്ഞുകൂടുകയാണ്. ഈ രാജ്യത്തെ 57 മഹാകോടീശ്വരൻമാരുടെ കയ്യിൽ ഏകദേശം 70 ശതമാനം ജനങ്ങൾക്ക് വിതരണം ചെയ്യേണ്ട സമ്പത്ത് ചെന്നെത്തിക്കഴിഞ്ഞുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഒരു ശതമാനം വരുന്ന ധനാഢ്യൻമാരുടെ കയ്യിൽ

രാജ്യത്തിന്റെ 58 ശതമാനം സമ്പത്ത് എത്തിക്കുന്ന കോർപ്പറേറ്റ് നയങ്ങളെയാണ് ഇതിലൂടെ കേരളം വെല്ലുവിളിക്കുന്നതെന്ന് മനസ്സിലാക്കണം. മാനവശേഷി വികസനത്തിൽ 135-ാം സ്ഥാനമുള്ള ഇന്ത്യയിലാണ് മാനവശേഷി വികസനത്തിൽ കേരളത്തെ ഒന്നാം സ്ഥാനത്തേയ്ക്ക് എത്തിക്കാൻ ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. കേരളത്തിൽ അതിനുവേണ്ടിയുള്ള ആരോഗ്യ നയം ആവശ്യമാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. രോഗപ്രതിരോധം, സൗജന്യ ചികിത്സ, രോഗീസൗഹൃദ ആശുപത്രികൾ, ആധുനികവൽക്കരണം എന്നീ ലക്ഷ്യങ്ങളോടെ കേരളത്തിലെ ഗവൺമെന്റ് നടപ്പിലാക്കുന്ന ആരോഗ്യ നയത്തിന്റെ രൂപീകരണത്തിലാണ് ഗവൺമെന്റ്. നവകേരള മിഷന്റെ ഭാഗമായി നടത്തിയ ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് ഇവിടെ പറയുന്ന കാര്യങ്ങൾ കേൾക്കുമ്പോൾ കേരളത്തിലാണോ ഇവർ ജീവിക്കുന്നതെന്ന് സംശയമുണ്ട്. ഈ നാട്ടിൽ നടക്കുന്ന മാറ്റങ്ങൾ ഇവർ കാണുന്നില്ലേ? ആരോഗ്യ മേഖലയിൽ ഏകദേശം 4200-ലധികം തസ്തികകൾ സൃഷ്ടിച്ച ഏത് കാലമുണ്ടായിട്ടുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി 4200-ഓളം തസ്തിക സൃഷ്ടിച്ചത് ചരിത്ര നേട്ടമല്ലേ? എവിടെയാണ് തസ്തികകൾ ലഭിക്കാത്തത്; ശ്രീ. കെ. എസ്. ശബരീനാഥന്റെ മണ്ഡലത്തിൽ കിട്ടിയില്ലേ? മെഡിക്കൽ കോളേജുകളിലും ഗവൺമെന്റ് ആശുപത്രികളിലും രോഗീസൗഹൃദ പരിവർത്തനവും ജില്ലാ/താലൂക്ക്തല ആശുപത്രികളുടെ സ്റ്റാൻഡേർഡൈസേഷനും പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയതും ആർക്കാണ് കാണാൻ കഴിയാത്തത്? ഇന്ന് പാവപ്പെട്ടവർക്ക് 6.00 മണി വരെ ഒ.പി. -യിൽ ചികിത്സ കിട്ടുന്ന രീതിയിലേയ്ക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ മാറ്റിയെടുക്കാൻ നമുക്ക് കഴിഞ്ഞു. രോഗികളുടെ പരിചരണത്തിൽ പ്രോട്ടോക്കോൾ അടിസ്ഥാനത്തിലുള്ള ചികിത്സ ഉറപ്പു വരുത്തി. ഇന്ന് പൊതുജനാരോഗ്യ മേഖലയിൽ പൊതുജനങ്ങളുടെ വിശ്വാസം വർദ്ധിച്ചിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽപ്പോലും സ്വകാര്യ ഡോക്ടർമാർ ഇന്ന് ആശങ്കയിലാണെന്ന വസ്തുത പറയാതിരിക്കാൻ നിവൃത്തിയില്ല. സ്വകാര്യ ആശുപത്രികൾ ഉപേക്ഷിച്ചുകൊണ്ട് ഗവൺമെന്റ് ആശുപത്രികളിലേയ്ക്ക് പോകുന്ന, ജനങ്ങൾക്ക് വിശ്വാസമുള്ള മേഖലയായി പൊതുജനാരോഗ്യ മേഖലയെ മാറ്റിയെടുക്കാൻ കഴിഞ്ഞു. ഒരു ബ്ലോക്കിൽ ഒരു സി.എച്ച്.സി., 44 താലൂക്കാശുപത്രികൾ എന്നിവ ആർദ്രം പദ്ധതിയിൽ ഏറ്റെടുത്തു. പത്തനംതിട്ട ഉൾപ്പെടെ 8 ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് ആരംഭിച്ചു. ഇതൊക്കെ കേരളത്തിൽ ചിന്തിക്കാൻ കഴിയുമോ? മെഡിക്കൽ കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ കൊണ്ടുവന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജ് പോയി കാണണം. ചരിത്രത്തിൽ ആദ്യമായിട്ടല്ലേ പി.ജി.-ക്ക് 150 സീറ്റുകൾ കേരളത്തിൽ

ഉണ്ടായത്. 100 എം.ബി.ബി.എസ്. സീറ്റ് അനുവദിച്ച പാരിപ്പള്ളി മെഡിക്കൽ കോളേജ് എന്റെ മണ്ഡലത്തിലാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഇച്ഛാശക്തികൊണ്ടാണ് അതുണ്ടായത്. 2009-ൽ വി.എസ്.- ഗവൺമെന്റ് തറക്കല്ലിട്ടതാണ് പാരിപ്പള്ളി മെഡിക്കൽ കോളേജ്. അഞ്ച് വർഷം യു.ഡി.എഫ്. ഗവൺമെന്റ് യാതൊന്നും ചെയ്തില്ല.

12.00 Noon]

ശ്രീ. റ്റി. വി. രാജേഷ്: സർ, താലൂക്കാശുപത്രികളിൽ ഡയാലിസിസ് സെന്റർ ആരംഭിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. തൊട്ട് മുന്നിലിരിക്കുന്ന ശ്രീ. സണ്ണി ജോസഫിന്റെ മണ്ഡലത്തിൽ ഡയാലിസിസ് സെന്റർ അനുവദിക്കുകയും അദ്ദേഹം യോഗം വിളിച്ചുചേർത്ത് ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയും ചെയ്ത കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. ജി. എസ്. ജയലാൽ: സർ, അതെല്ലാം സഭയിൽ വരുമ്പോൾ ബോധപൂർവ്വം മറക്കുന്ന ശീലം അവർക്കുണ്ടെന്ന് അങ്ങ് മനസ്സിലാക്കിയാൽ മതി. 2016 മേയ് മാസത്തിൽ അധികാരത്തിൽ വന്ന പിണറായി ഗവൺമെന്റ് ....

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീമതി കെ. കെ. ശൈലജ ടീച്ചറിന്റെ പഴയ മണ്ഡലമായതുകൊണ്ട് പ്രത്യേകമായി അവിടെ ഡയാലിസിസ് സെന്റർ കൊടുത്തതാണെന്ന കാര്യം അറിയുമോ?

ശ്രീ. ജി. എസ്. ജയലാൽ: സർ, എല്ലാ താലൂക്കാശുപത്രികൾക്കും ഡയാലിസിസ് സെന്റർ നൽകുമെന്ന് പ്രഖ്യാപിക്കാൻ ഇച്ഛാശക്തിയുള്ള ഏത് ഗവൺമെന്റാണ് കേരളത്തിൽ ഉണ്ടായിരുന്നത്? അക്കാര്യം അങ്ങ് മറക്കരുത്. ഞാൻ എന്റെ മണ്ഡലത്തിലെ അനുഭവം പറയാം. 2016 മെയ് മാസത്തിൽ അധികാരത്തിൽവന്ന എൽ.ഡി.എഫ്.- ഗവൺമെന്റ് 2 മാസം കഴിഞ്ഞപ്പോൾ 390 തസ്തികയാണ് പാരിപ്പള്ളി മെഡിക്കൽ കോളേജിന് അനുവദിച്ചത്. അതിനുശേഷം 89 തസ്തികകൾ അനുവദിച്ചു. ഇന്ന് ആ മെഡിക്കൽ കോളേജിന്റെ അവസ്ഥ എന്താണെന്ന് അറിയാമോ? പാവപ്പെട്ടവരെ സഹായിക്കുന്ന ഗവൺമെന്റാണിത്. കഴിഞ്ഞ ബജറ്റിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പണം മുടക്കിയ മെഡിക്കൽ കോളേജ് ഇപ്പോൾ വളർന്നുവരുന്ന പാരിപ്പള്ളി മെഡിക്കൽ കോളേജാണ്. അവിടെ സി.ടി. സ്കാൻ, ഡയാലിസിസ് യൂണിറ്റ്, കാത്ത് ലാബ്, മോർച്ചറി, 24 മണിക്കൂർ ബ്ലഡ് ബാങ്ക്, ലാബ്, ഫാർമസി, എക്സ്റേ, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന് 175 കോടി രൂപയുടെ പുതിയ പ്രോപ്പോസൽ ഉടങ്ങിയവയുണ്ട്. അത്തരത്തിൽ കേരളത്തിലെ ആരോഗ്യ മേഖല വളർന്ന് പന്തലിക്കുകയാണ്. അത് നിഷേധിക്കാൻ കഴിയില്ല. പാരിപ്പള്ളി

മെഡിക്കൽ കോളേജിൽ ഇ.എസ്.ഐ. തൊഴിലാളികൾക്കുള്ള ചികിത്സാ സൗകര്യം ഉറപ്പാക്കണമെന്നുള്ള ആവശ്യം ഗവൺമെന്റ് പരിഗണിച്ച്, നടപടിയിലേയ്ക്ക് പോവുകയാണെന്നറിയാം. അതിന്റെ വേഗത വർദ്ധിപ്പിക്കണം. അതുപോലെ ഇ.എസ്.ഐ.-യിൽ നിന്ന് വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട ചില ആശങ്കകളുണ്ട്. അതിൽ ക്രിയാത്മകമായ നിലപാട് സ്വീകരിച്ച് മെഡിക്കൽ കോളേജ് ഫലപ്രദമായി നടത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. രോഗം വന്നാൽ പണമില്ലാത്തതുകൊണ്ട്, അറിഞ്ഞുകൊണ്ട് മരിച്ചേക്കാമെന്ന് ചിന്തിച്ച് പാവപ്പെട്ടവൻ കഷ്ടപ്പെടുന്ന ഇക്കാലത്ത് നന്മയുടെ പച്ചപ്പുള്ള തുരുത്തായാണ് കേരളത്തിലെ ആരോഗ്യ മേഖല മാറിക്കൊണ്ടിരിക്കുന്നത്. ദൈവത്തിന്റെ സ്വന്തം നാടായി ആരോഗ്യ മേഖലയുടെ വളർച്ച കൊണ്ട് ഈ നാടിനെ നമുക്ക് വിശേഷിപ്പിക്കാം. ആരോഗ്യ മേഖല കേരളത്തിൽ ഇന്ന് വളർന്ന് വരികയാണ്. ഇ-ഹെൽത്ത് പ്രോജക്ടിനെക്കുറിച്ച് സ്വപ്നം കാണാൻ കഴിയുമോ? ലോകത്ത് ആദ്യമായിട്ടായിരിക്കും ഇതുപോലെ വിശാലമായ ഒരു സംസ്ഥാനത്ത് ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കുന്നത്. കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളെ മുഴുവൻ കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധപ്പെടുത്തി വ്യക്തികളുടെ മെഡിക്കൽ രേഖകൾക്ക് ഡേറ്റാബേസ് നിർമ്മിക്കുന്ന പ്രക്രിയയാണിത്. ജനങ്ങൾക്ക് ആവർത്തിച്ചുവരുന്ന ചികിത്സാ ചെലവ് ഒഴിവാക്കണം. ക്ലിനിക്കുകളിലും ലാബുകളിലും തിരക്ക് കുറയ്ക്കുന്ന പദ്ധതിക്ക് 96 കോടി രൂപ മാറ്റിവച്ചുകൊണ്ട് 7 ജില്ലകളിൽ ഇ-ഹെൽത്ത് പദ്ധതി ആരംഭിച്ചു. ബാക്കി ജില്ലകളിലും അത് വ്യാപിപ്പിക്കാൻ പോവുകയാണ്. ഞാൻ ഈ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. അതുപോലെതന്നെയാണ് ഓൺലൈൻ ഒ.പി.-യും. മുൻകാലങ്ങളിൽ ഡോക്ടർ അകത്തുണ്ടോയെന്ന് ചോദിച്ചാൽ അകത്തായാലും പുറത്തായാലും ഇപ്പോൾ കാണാൻ കഴിയില്ലെന്ന് പറയുന്ന സംവിധാനമാണുള്ളത്. ഡോക്ടറെ കാണണമെങ്കിൽ ജീവനക്കാരുടെയും മറ്റും ആട്ടും തുപ്പും കാണേണ്ട കാലം അകലെയാവുകയാണ്. ഡോക്ടർ വിരൽത്തുമ്പിൽ വരാൻ പോവുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലും എസ്.എ.ടി. ആശുപത്രിയിലും അതാരംഭിച്ചുകഴിഞ്ഞു. 2019 അവസാനത്തോടുകൂടി ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ കേന്ദ്രീകൃത ഒ.പി. സംവിധാനം ഉണ്ടാവുകയാണ്. അത്തരത്തിൽ വളരെ സവിശേഷമായ സാഹചര്യമാണ് ഇന്ന് കേരളത്തിലെ ആരോഗ്യ മേഖല കൈവരിച്ചുകൊണ്ടിരിക്കുന്നത്. സമ്പൂർണ്ണ ട്രോമാകെയർ സംവിധാനം നടപ്പിലാക്കുകയാണ്. എയിംസ് മാതൃകയിലാണ് തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഇന്ന് ട്രോമാകെയർ സംവിധാനം ഒരുക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെ വിശദാംശങ്ങൾ പറയാൻ

സമയമില്ല. എയിംസ് നിലവാരത്തിൽ പ്രത്യേകമായി ആളുകളെ നിയമിച്ചുകൊണ്ടും 500 ജി.പി.എസ്.-ഘടിപ്പിച്ച ആംബുലൻസുകൾ ഉൾപ്പെടുത്തിക്കൊണ്ടും എയിംസ് നിലവാരത്തിൽ അതിന്റെ പ്രവർത്തനങ്ങൾ നടക്കുകയാണ്. സമഗ്രമായ ആരോഗ്യ കാഴ്ചപ്പാടുമായി മുന്നോട്ട് പോകുമ്പോൾ നമ്മൾ മനസ്സിലാക്കേണ്ടത് ഇത് മഹത്തായ പരിവർത്തനത്തിന്റെ പാതയിലാണെന്നാണ്; അത് കാണാതിരിക്കുകയും അടച്ചാക്ഷേപിച്ച് ഇല്ലാതാക്കുകയും ചെയ്യരുത്. ലോക പ്രസിദ്ധനായ ബ്രസീലിയൻ എഴുത്തുകാരൻ പൗലോ കൊയ്‌ലോ പറയുന്നതുപോലെ, എല്ലാ ദിവസവും ഒരുപോലെയാണെന്ന ചിന്ത ഒരാളെ അന്ധനാക്കുന്നു; എന്നാൽ ഓരോ ദിവസവും വ്യത്യസ്തമാണ്; ഓരോ ദിവസത്തിനും അതിന്റേതായ മാന്ത്രികതയുണ്ട്; ആ അത്ഭുതങ്ങളിലേയ്ക്ക് ഒന്ന് ശ്രദ്ധിക്കണമെന്നേയുള്ളൂ. അതുപോലെ എല്ലാ ദിവസവും ഒരുപോലെയല്ല. ഇരുളിന്റെ ചുരുളുകൾ നിറഞ്ഞ യു.ഡി.എഫ്. ഭരണകാലമല്ല ഇത്. ഇത് പരിവർത്തനത്തിന്റെ കാലമാണ്. ഇത് ഇടതുപക്ഷത്തിന്റെ സാംസ്കാരിക വിശേഷതയാർന്ന ദിനങ്ങളാണെന്ന് യു.ഡി.എഫ്. മനസ്സിലാക്കണം. ഈ ധനാഭ്യർത്ഥനയെ ഞാൻ അഭിമാനപൂർവ്വം അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിലെ ആരോഗ്യരംഗം ലോകത്തിനുതന്നെ മാതൃകയാണെന്ന് ഉദ്ഘോഷിച്ചിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. നീതി ആയോഗ് ആരോഗ്യ വകുപ്പിന് ഒരു ബഹുമതി കൊടുത്തത് 2014 മുതൽ 2016 മാർച്ച് 31 വരെയുള്ള ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ്. അതിനുശേഷമാണ് വളരെ കുപ്രസിദ്ധമായ പനി മരണങ്ങളുണ്ടായത്. ബഹുമാനപ്പെട്ട മന്ത്രിയോട് ഉപദേശിക്കുകയല്ല, വളരെ താഴ്മയായി അഭ്യർത്ഥിക്കാനാഗ്രഹിക്കുന്ന ഒരു കാര്യം, ഇപ്പോൾത്തന്നെ ഒരു മുന്നൊരുക്കം നടത്തിയില്ലെങ്കിൽ 2017-ലുണ്ടായ ദുരന്തത്തെക്കാൾ വലിയ ദുരന്തം 2018-ൽ ഉണ്ടാകുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ലെന്നതാണ്. ഇപ്പോൾത്തന്നെ അതിനുള്ള മുന്നൊരുക്കം നടത്തണം. 2017-ലുണ്ടായ മരണങ്ങൾ പലതും ഗവൺമെന്റ് ബ്ലാക്ക് ഔട്ട് ചെയ്തു. എന്നിട്ടും പത്രമാധ്യമങ്ങൾ കണ്ടുപിടിച്ച് ആ മരണങ്ങൾ വെളിച്ചത്തുകൊണ്ടുവന്നു. അതെല്ലാം കൂട്ടിയാൽ എത്രയോ ആളുകളാണ് കേരളത്തിൽ മരിച്ചുവീണത്. അതിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല. അതിന്റെ മുന്നൊരുക്കത്തിന് ഗവൺമെന്റ് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ചെയ്യേണ്ട കാര്യങ്ങളുണ്ട്. കഴിഞ്ഞ യു.ഡി.എഫ്.-ഗവൺമെന്റിന്റെ കാലത്തും പനിമരണങ്ങളുടെ ലക്ഷണങ്ങൾ കണ്ടതാണ്. അന്ന് ഗവൺമെന്റ് ഉണർന്ന് പ്രവർത്തിച്ചു. ആരോഗ്യ വകുപ്പുമാത്രമല്ല, അതുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളേയും ഏകോപിപ്പിച്ചുകൊണ്ട് മരണങ്ങൾ തടയാൻ

സാധിച്ചു. 2018, പനി മരണങ്ങൾ ഇല്ലാത്ത വർഷമാകട്ടെയെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് ആശംസ നേരാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അതോടൊപ്പം ഉണർന്ന് പ്രവർത്തിക്കാൻ മന്ത്രിയും ബന്ധപ്പെട്ട മറ്റ് വകുപ്പുകളും തയ്യാറാകണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അത് ഏറ്റവും കൂടുതൽ അറിയാവുന്നത് അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾക്കാണ്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയും ശ്രീ. വി.എസ്. ശിവകുമാർ ആരോഗ്യ വകുപ്പുമന്ത്രിയും ആയിരുന്നപ്പോൾ പ്രതിപക്ഷത്തുള്ള അംഗങ്ങൾ ഏതെങ്കിലും ഒരു കാര്യത്തിനുവേണ്ടി ഗവൺമെന്റിനെ സമീപിച്ചുകഴിഞ്ഞാൽ അക്കാര്യത്തിൽ പെട്ടെന്ന് നടപടി ഉണ്ടാകുന്ന സ്ഥിതിവിശേഷം ഉണ്ടായിരുന്നു. ക്യാൻസറിനുള്ള സൗജന്യ ചികിത്സ, ജീവിതശൈലി രോഗങ്ങൾക്കുള്ള സൗജന്യ ചികിത്സ, 18 വയസ്സുവരെയുള്ള കുട്ടികൾക്കുള്ള സൗജന്യ ചികിത്സ, 'ആരോഗ്യ കിരണം പദ്ധതി', ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കുമുള്ള 'അമ്മയും കുഞ്ഞും പദ്ധതി' എന്നിവയെല്ലാം കഴിഞ്ഞ യു.ഡി.എഫ്.- സർക്കാർ വളരെ വിജയകരമായി നടത്തിയിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ടിൽ എന്തെങ്കിലുമൊരു പ്രശ്നമുണ്ടായോ? കാരുണ്യ ബെനവലന്റ് ഫണ്ട് ഏറ്റവും കൂടുതൽ ഉപയോഗിച്ചിരുന്നത് ഹൃദയ സംബന്ധമായ രോഗത്തിനും ചികിത്സയ്ക്കും സർജറിക്കും വേണ്ടിയായിരുന്നു. പല ആശുപത്രികളെയും നോഡൽ ആശുപത്രികളായി തെരഞ്ഞെടുത്ത് അതിനുള്ള സംവിധാനങ്ങൾ ചെയ്തിട്ടുണ്ട്. അതിനെന്തെങ്കിലും തടസ്സമുണ്ടായാൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി പെട്ടെന്ന് ഇടപെട്ടാണ് ആ തടസ്സങ്ങളൊക്കെ നീക്കിയിരുന്നത്. ആരോഗ്യ രംഗത്ത് ജനങ്ങൾക്ക് ആത്മവിശ്വാസമുണ്ടായിരുന്ന ഒരു കാലഘട്ടമായിരുന്നു യു.ഡി.എഫ്.- ഗവൺമെന്റിന്റെ കാലം. അത് നിഷേധിച്ചിട്ട് കാര്യമില്ല. പ്രാഥമിക ആരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജുവരെയുള്ള വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് ലഭ്യമാക്കണം. ധാരാളം പദ്ധതികൾ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റുമൊക്കെ പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ ഫണ്ട് ലഭ്യമാകാത്തതുമൂലം 140 നിയോജകമണ്ഡലങ്ങളിലും നോമിനേറ്റ് ചെയ്ത എം.എൽ.എ.-യുടെ മണ്ഡലവുമുൾപ്പെടെ ഒരിടത്തും പദ്ധതികളൊന്നും നടക്കുന്നില്ല. ഈ വകുപ്പിൽ നടക്കുന്ന പല പദ്ധതികളും ബന്ധപ്പെട്ട എം.എൽ.എ.-മാർ അറിയാറില്ല. എന്റെ നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന എറണാകുളത്തെ കളമശ്ശേരി മെഡിക്കൽ കോളേജ് സഹകരണ വകുപ്പിന്റേതായിരുന്നു. കഴിഞ്ഞ ഗവൺമെന്റാണ് സഹകരണ വകുപ്പിൽനിന്ന് അതേറ്റെടുത്ത് ഗവൺമെന്റ് മെഡിക്കൽ കോളേജാക്കിയത്. ബഹുമാനപ്പെട്ട മന്ത്രി കളമശ്ശേരി മെഡിക്കൽ

കോളേജിലും കൊച്ചിൻ ക്യാൻസർ സെന്ററിലും (അതും എന്റെ നിയോജകമണ്ഡലത്തിലാണ്) സന്ദർശനം നടത്തുമ്പോൾത്തന്നെ അവിടത്തെ എം.എൽ.എ. എന്ന നിലയിൽ എന്നെ അറിയിക്കണ്ടേ? അത് അറിയിക്കാറില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇഷ്ടമുള്ള ആളുകളെ വിളിച്ചുകൊണ്ടുപോകുന്ന സ്ഥിതിയാണുള്ളത്. ഒരുകാരണവശാലും അത് ശരിയല്ലെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ അക്കാര്യത്തിൽ പരാതി പറയുകയല്ല. 140 മണ്ഡലങ്ങളിലും കഴിഞ്ഞകാലങ്ങളിലൊക്കെ അനുവർത്തിച്ചിട്ടുള്ളൊരു നയമാണത്. അത് ചെയർ പ്രത്യേകം ശ്രദ്ധിക്കേണ്ട സംഗതിയാണ്. ആർദ്രം പദ്ധതിക്കുവേണ്ടി ഇപ്പോൾ പുതിയ ലോട്ടറി വരുന്നുവെന്നാണ് പറയുന്നത്. ആർദ്രം പദ്ധതി നന്നായിട്ട് നടപ്പിലാക്കിയാൽ നല്ല പദ്ധതിയാണ്. പക്ഷെ, ആർദ്രം പദ്ധതി ലോട്ടറിവച്ച് നടപ്പിലാക്കാനുള്ള നിർദ്ദേശമാണെങ്കിൽ കാരുണ്യ ബെനവലന്റ് ഫണ്ടിന് ഇപ്പോഴുണ്ടായിട്ടുള്ള ദുരന്തംതന്നെ അതിനുമുണ്ടാകും. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ആർദ്രം പദ്ധതിക്ക് ബജറ്റ് സപ്പോർട്ട് കൊടുക്കാൻ സാധിക്കും. ഫൈനാൻഷ്യൽ കപ്പാസിറ്റി ആഡ് ചെയ്യാൻ വേണമെങ്കിൽ ലോട്ടറി നടത്താം, മറ്റ് സൗകര്യങ്ങളൊക്കെ ഉപയോഗിക്കാം. അതല്ലെങ്കിൽ കാരുണ്യ ബെനവലന്റ് ഫണ്ടിനുണ്ടായ സ്ഥിതിവിശേഷംതന്നെ ആർദ്രം പദ്ധതിക്കുമുണ്ടാകുമെന്ന് നമുക്കെല്ലാപേർക്കുമറിയാം. വിവിധ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും കാത്ത്ലാബ് തുടങ്ങുമെന്നത് വളരെ സ്വാഗതാർഹമായ തീരുമാനമാണ്. പക്ഷെ കാത്ത്ലാബ് തുടങ്ങുമ്പോൾ അവിടെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും കാത്ത്ലാബ് പ്രവർത്തിപ്പിക്കാനാവശ്യമായ വിദഗ്ദ്ധരും പാരാമെഡിക്കൽ സ്റ്റാഫുമൊക്കെ വേണം. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഉപകരണങ്ങൾ ഇല്ലാഞ്ഞിട്ടല്ല, ആ ഉപകരണങ്ങളൊക്കെ മൂലയ്ക്കിടുന്നൊരു സ്ഥിതിവിശേഷമുണ്ട്. അതുപോലെ കാത്ത്ലാബും അവിടെക്കൊണ്ടുവന്ന് കുറച്ചുദിവസം പ്രവർത്തിപ്പിച്ച് അതും മൂലയിലേയ്ക്ക് തള്ളിയാൽ ജനങ്ങൾക്ക് യാതൊരു പ്രയോജനവും ലഭിക്കുകയില്ല. ഇക്കാര്യങ്ങളിലൊക്കെ ശക്തമായ തീരുമാനമെടുക്കണം. ഞാൻ നേരത്തെ അഭ്യർത്ഥിച്ച വിഷയം ഒരിക്കൽകൂടി മുന്നോട്ടുവയ്ക്കുകയാണ്. അതായത് 2017- ലുണ്ടായ പനി മരണങ്ങൾ 2018-ലുണ്ടാകാതിരിക്കട്ടെയെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് ആശംസകൾ അർപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ പത്തുപതിനേഴ് വർഷത്തിനകത്ത് ഒരു മന്ത്രിയോട് ആരോഗ്യ വകുപ്പിനെക്കുറിച്ച് എന്തെങ്കിലുമൊന്ന് ചോദിച്ചാൽ അല്ലെങ്കിൽ

എന്തെങ്കിലുമൊരു ആശയം പറഞ്ഞാൽ അതൊന്ന് കേൾക്കാനും മനസ്സിലാക്കാനും അതിനെക്കുറിച്ചൊരു മറുപടി പറയാനും കഴിവുള്ളൊരു മന്ത്രിയായ ശ്രീമതി കെ. കെ. ശൈലജ ടീച്ചറെ അഭിനന്ദിക്കാൻ കൂടി ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. പല കാര്യങ്ങളും നമ്മൾ പറയാറുണ്ട്. അറിവുള്ള കാര്യമാണെങ്കിൽ അപ്പോൾ അതിന് മറുപടി പറയും, അറിയാത്ത കാര്യമാണെങ്കിൽ അന്വേഷിച്ച് തൊട്ടടുത്തദിവസം കൃത്യമായ മറുപടി പറയും. അതൊരു നല്ല കാര്യമാണ്. മാത്രമല്ല, ലോകം ശ്രദ്ധിച്ച ഒരു വലിയ ആരോഗ്യ മേഖലയായിരുന്നു കേരളത്തിന്റേതെന്നത് ഇവിടെ എല്ലാവരും പറയുന്നൊരു കാര്യമാണ്. പിന്നീട് കുറേക്കാലമായി അതിങ്ങനെ തകർന്നുതകർന്ന് തരിപ്പണമായിക്കൊണ്ടിരിക്കുകയാണ്. അതിൽനിന്ന് വ്യത്യസ്തമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 'ആർദ്രം' എന്നൊരു പദ്ധതി ആരംഭിച്ചുകൊണ്ട് ഈ രംഗത്ത് വലിയൊരു ഉണർവ്വേകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നത് വളരെ പ്രശംസനീയമാണ്. അതിനുള്ള ഫണ്ട് എവിടെനിന്ന് കണ്ടെത്തുമെന്നതല്ല ഇവിടത്തെ വിഷയം. കേരളത്തിലെ പൊതുജനാരോഗ്യ വിഭാഗത്തിൽ വലിയ മാറ്റമുണ്ടാക്കാൻ, ഉണർവ്വുണ്ടാക്കാനുള്ള ഒരു വലിയ പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോവുകയാണ്. ആ പദ്ധതിയുടെ ഭാഗമായി നൂറ്റിയെഴുപതോളം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബക്ഷേമ കേന്ദ്രങ്ങളായി ഉയർത്തി. അതിൽ നൂറ്റിപ്പത്തെണ്ണത്തോളം ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. എന്റെ നിയോജകമണ്ഡലത്തിലും ആശുപത്രിയെ കുടുംബക്ഷേമ കേന്ദ്രമാക്കി. ആ ആശുപത്രിക്ക് ഒന്നരക്കോടി രൂപയുടെ ബഹുനില മന്ദിരം നിർമ്മിക്കാൻ ഞാൻ എം.എൽ.എ. ഫണ്ട് കൊടുത്തു. ആ വർക്ക് ടെണ്ടർ ചെയ്തിരിക്കുകയാണ്. ഞാൻ എന്റെ മണ്ഡലത്തിലെ എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനും ഒന്നേകാൽ കോടി മുതൽ ഒന്നരക്കോടി രൂപവരെ കൊടുത്ത് കെട്ടിടങ്ങൾ പണിചെയ്തുകൊണ്ടിരിക്കുകയാണ്. ഓരോന്നിന്റെയും പണി പൂർത്തിയായിവരുന്നു. അതിനൊക്കെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നൊരു പ്രോത്സാഹനമുണ്ടെന്നതിൽ വളരെ സന്തോഷമുണ്ട്. ജില്ലയിലെ ജനറൽ ആശുപത്രികൾ സൂപ്പർ സ്പെഷ്യാലിറ്റിയാക്കി മാറ്റുന്നു. അതുപോലെതന്നെ മലപ്പുറത്തും പൊന്നാനിയിലും സ്ത്രീകൾക്കും കുട്ടികൾക്കുമായി പുതിയ ആശുപത്രി തുടങ്ങി. വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗം കണ്ടെത്താനും പരിഹാരം കാണാനും ചികിത്സ നൽകാനും അതിന് തുടർ ചികിത്സ നൽകാനുമുള്ള വലിയൊരു പദ്ധതി ഗവർണ്ണറുടെ പ്രസംഗത്തിൽ കണ്ടു. ഒരു ക്യാൻസർ കെയർ സ്ട്രാറ്റജി ആവിഷ്കരിക്കുമെന്ന പ്രഖ്യാപനമുണ്ടായി. അതിനെ വളരെ പ്രതീക്ഷയോടെയാണ് കേരളത്തിലെ ജനങ്ങൾ കാണുന്നത്. തീർച്ചയായും ആരോഗ്യരംഗത്ത് നല്ലൊരുണർവ്വാണ്

കാണാൻ കഴിയുന്നത്. പ്രത്യേകിച്ച്, ധാരാളം പോസ്റ്ററുകൾ ക്രിയേറ്റ് ചെയ്തു. ഡോക്ടർമാരുടേതായാലും നഴ്സുമാരുടേതായാലും പാരാമെഡിക്കൽ സ്റ്റാഫുകളുടേ തായാലും ധാരാളം പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തിട്ടുണ്ട്. കേരളത്തിൽ പ്രൊട്ടക്റ്റഡ് അധ്യാപകരെപ്പോലെ ആവശ്യമില്ലാത്ത പല തസ്തികകളിലും ധാരാളം ആൾക്കാർ ജോലിയൊന്നും ചെയ്യാതെ വെറുതെ കിടക്കുന്നുണ്ട്. പക്ഷെ ആരോഗ്യരംഗത്ത് നല്ല രീതിയിൽ പാരാമെഡിക്കൽ സ്റ്റാഫോ നഴ്സുമാരോ ഇല്ലാത്തതിന്റെ വലിയൊരു പ്രതിസന്ധി കഴിഞ്ഞകാലങ്ങളിൽ കേരളത്തിലെ പൊതുജനാരോഗ്യ രംഗം തകർന്നതിന്റെ പുറകിലുണ്ട്. അനാവശ്യമായ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുന്നതെല്ലാം മറ്റ് പല വകുപ്പിലുമാണ്. എന്നാൽ ജനങ്ങൾക്കേറ്റവും അത്യന്താപേക്ഷിതമായ ഈ വകുപ്പിൽ പോസ്റ്റ് ക്രിയേറ്റ് ചെയ്യുന്നതിൽ വലിയ ദാരിദ്ര്യമാണ് കഴിഞ്ഞകാലങ്ങളിൽ തുടർന്നുവന്നിരുന്നത്. പക്ഷെ ഈ ഗവൺമെന്റ് വന്നതിനുശേഷം കുടുംബക്ഷേമ കേന്ദ്രങ്ങളിൽ ഏതാണ്ട് 830-ലധികം തസ്തികകൾ സൃഷ്ടിച്ചു. അതുപോലെ ജില്ല/ താലൂക്കാശുപത്രികളിൽ 891 തസ്തികകൾ സൃഷ്ടിച്ചു. ബജറ്റിൽ പറഞ്ഞത് മൂവായിരം തസ്തികകൾ സൃഷ്ടിക്കുമെന്നാണ്. ഇപ്പോൾത്തന്നെ ആയിരത്തി അറുന്നൂറോളം തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി.-വഴി നിയമനം നടന്നുകൊണ്ടിരിക്കുകയാണ്. ഇത് തൊഴിൽദാന പദ്ധതിയായി കാണേണ്ടതില്ല. അയിരത്തി അറുന്നൂറിലധികം പോസ്റ്റുകൾ ഇപ്പോൾതന്നെ ക്രിയേറ്റ് ചെയ്തത് കേരളത്തിലെ പൊതു ആരോഗ്യ രംഗത്തിന്റെ നന്മയ്ക്കും പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും ഉയർച്ചയ്ക്കും അവരുടെ ജീവനും സുരക്ഷയ്ക്കുംവേണ്ടി ഒരു വലിയ പദ്ധതിയുടെ ഭാഗമായി ഈ ഗവൺമെന്റ് ചെയ്തതാണ്. അത്തരത്തിൽ നല്ല നിലയിൽ നടക്കുന്ന ഈ വകുപ്പിന് ഇപ്പോൾ അനുവദിച്ച പണം പോരാ, കുറച്ചുകൂടി കൊടുക്കണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. മാത്രമല്ല, ഒരുപാട് പുതിയ ആശയങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. ഒന്നുരണ്ട് ചെറിയ ആശയങ്ങൾ ഈ അവസരത്തിൽ മുന്നോട്ടുവയ്ക്കാൻ ആഗ്രഹിക്കുകയാണ്. ഞാൻ ലോകത്തിന്റെ പല ഭാഗങ്ങളിലും പോകുമ്പോൾ അവിടെയൊക്കെയുള്ള ആശുപത്രികളിലും മറ്റ് സംസ്ഥാനങ്ങളിലുമൊക്കെ കണ്ട ആശയങ്ങൾ മന്ത്രിയുടെയും ഗ്യാലറിയിലിരിക്കുന്ന ഉദ്യോഗസ്ഥരുടെയും ശ്രദ്ധയ്ക്കുവേണ്ടി പറയുകയാണ്. ഗവൺമെന്റ് ആശുപത്രികളിലെ എല്ലാ വാർഡുകളിലും ക്രാഷ് കാർട്ട് ഏർപ്പെടുത്തണം. ക്രാഷ് കാർട്ടെന്ന് പറയുമ്പോൾ സാധാരണക്കാർക്ക് മനസ്സിലാകില്ല. രോഗിക്ക് എമർജൻസിക്കുവേണ്ടി ഉപയോഗിക്കാൻ കഴിയുന്ന ഒരു ഉപകരണമാണത്. ഹൃദ്രോഗം, ഫിറ്റ്സ്, ജന്നി, ശ്വാസതടസം എന്നിവയുണ്ടാകുമ്പോൾ ഈ ഉപകരണത്തിനുള്ളിൽ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ, ട്യൂബുകൾ തുടങ്ങി എല്ലാ സാധനങ്ങളുമുണ്ടാകും. എല്ലാ ദിവസവും ഒരു ഡ്യൂട്ടി നഴ്സ് ഇത് പരിശോധിച്ച് വർക്കിംഗ് കണ്ടീഷനാണെന്ന് ഉറപ്പുവരുത്തും. ഇത് ബ്രേക്ക് ചെയ്തുകഴിഞ്ഞാൽ

ഇതിൽ നിന്നും ഉപകരണങ്ങൾ എടുത്ത് രോഗിക്ക് വാർഡിലായാലും പേ വാർഡിലായാലും എമർജൻസിയായിട്ടുള്ള എല്ലാ പ്രശ്നങ്ങൾക്കും അടിയന്തരമായി പരിഹാരം കാണാൻ കഴിയും. അതിനാൽ ക്രാഷ് കാർട്ട് എല്ലാ ആശുപത്രികളിലെയും വാർഡുകളിൽ സ്ഥാപിക്കണം. ഒരെണ്ണത്തിന് രണ്ട് ലക്ഷം രൂപ ചെലവുവരും. എല്ലാ ആശുപത്രികളിലെയും പേവാർഡ് ഇരിക്കുന്ന ഭാഗത്തും വാർഡുകളിലും ഇത് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹു. മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. വികസിത രാജ്യങ്ങളുൾപ്പെടെയുള്ള എല്ലാ രാജ്യങ്ങളിലുമുള്ളതാണിത്. കേരളത്തിന് പുറത്ത് തമിഴ്നാട്ടിലെ സ്വകാര്യ ആശുപത്രികളിലെല്ലാം കാണുന്ന ഒരു സംവിധാനമാണ്. അതുപോലെ കാഷ്വാലിറ്റിയിൽ കൊണ്ടുവരുന്ന രോഗികളെ പലപ്പോഴും കൈകാര്യം ചെയ്യുന്നത് ശരിയായ രീതിയിലല്ല. ഒരുപാട് പരാതികൾ വരാറുണ്ട്, മന്ത്രിക്കുതന്നെ പരാതികൾ വരും. രോഗിയെ സമയത്ത് അറ്റന്റ് ചെയ്തില്ലെന്നുള്ള പരാതികൾ പത്രങ്ങളിലും നമ്മൾ കാണാറുണ്ട്. അതിനെന്താണ് മാർഗ്ഗമെന്നുവച്ചാൽ, രോഗിയെ കൊണ്ടുവരുന്ന ആംബുലൻസ് വന്നുനിൽക്കുന്ന കാർഷെഡ് മുതൽ രോഗിയെ ഇന്റൻസീവ് കെയർ യൂണിറ്റിലോ അല്ലെങ്കിൽ വാർഡിലേക്ക് മാറ്റുന്നത് വരെയുള്ള ഭാഗത്ത് ടൈമറോടുകൂടിയ വൈഡ് ആംഗിൾ ക്യാമറകൾ സ്ഥാപിക്കണം. അപ്പോൾ ഏത് ഡോക്ടറാണ് അറ്റന്റ് ചെയ്തത്; പാരാമെഡിക്കൽ സ്റ്റാഫ് വന്നോ; എന്തെല്ലാം ചികിത്സകൾ നൽകാൻ സാധിച്ചു; ആരാണ് അറ്റന്റ് ചെയ്തത്; എത്ര മിനിട്ടിനുള്ളിൽ രോഗി അറ്റന്റ് ചെയ്യപ്പെട്ടു എന്നെല്ലാമുള്ള കാര്യങ്ങൾ അറിയാം. രോഗിയുടെ പ്രൈവസി പ്രൊട്ടക്ട് ചെയ്യുന്നതിനാണ് വൈഡ് ആംഗിൾ ക്യാമറ വയ്ക്കണമെന്ന് പറയുന്നത്. പത്ത് മിനിട്ടിനുള്ളിൽ രോഗിയെ അറ്റന്റ് ചെയ്യേണ്ട സംവിധാനമാണ് ട്രോമാകെയറിൽ വരുന്നത്. എല്ലാ ട്രോമാകെയർ സെന്ററുകളിലും ക്യാമറകൾ സ്ഥാപിക്കണം. ആശുപത്രിയുടെ ഗേറ്റ് മുതൽ രോഗിയെ ഐ.സി.യു-വിലേയ്ക്കോ വാർഡിലേയ്ക്കോ മാറ്റുന്നതുവരെ കാണുന്നതിനുള്ള ക്യാമറ സ്ഥാപിക്കണം.

ഏറ്റവും കൂടുതൽ വാഹനാപകടം നടക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. വാഹനങ്ങളുടെ എണ്ണം കൂടിയതുകൊണ്ടും വലിയ അപകടങ്ങൾ സംഭവിക്കുന്നതുകൊണ്ടും കേരളത്തിൽ ആകമാനം ട്രോമാ കെയർ സെന്ററുകൾ, അത് ഗവൺമെന്റിന്റെ ചുമതലയിൽ മാത്രമായി ചെയ്യാൻ സാധിക്കില്ല. അതുകൊണ്ട് പ്രൈവറ്റ് ആശുപത്രികളെക്കൂടി ഇതുമായി ബന്ധിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അപകടത്തിൽപ്പെടുന്ന വ്യക്തിക്ക് ആദ്യത്തെ 48 മണിക്കൂറിലെ ചികിത്സ സൗജന്യമാക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തതായുള്ള വാർത്ത ഈ അടുത്ത കാലത്ത് വായിച്ചു. തീർച്ചയായും അത് ചെയ്യാവുന്നതാണ്.

2001-ൽ ഞാൻ മന്ത്രിയായ അവസരത്തിലാണ് റോഡ് സേഫ്റ്റി ബിൽ ആദ്യമായി കൊണ്ടുവന്നത്. അന്ന് വിഭാവന ചെയ്ത ഒരു ആശയമാണത്. അതായത് അപകടത്തിൽപ്പെട്ട് 48 മണിക്കൂറിനുള്ളിലെ സൗജന്യ ചികിത്സയ്ക്കുള്ള പണം സർക്കാർ ഖജനാവിൽ നിന്ന് കണ്ടെത്തേണ്ടതില്ല, റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും എടുക്കണം. ഇപ്പോൾ റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗപ്പെടുത്താതെ പോവുകയാണ്. ആ പണമുപയോഗിച്ച് കേരളത്തിലെ ട്രോമാകെയർ അറേഞ്ച് ചെയ്തിരിക്കുന്ന എല്ലാ സ്വകാര്യ ആശുപത്രികളുമായും ഒരു എഗ്രിമെന്റിൽ എത്തണം. എല്ലാ ചികിത്സയ്ക്കും ബ്രെയിനിന്റെ ആണെങ്കിലും, സ്കാനിംഗിന് ആണെങ്കിലും എല്ലാത്തിനും റേറ്റ് നിശ്ചയിക്കണം. അതിനുശേഷം അതിൽ നിന്നും 25 ശതമാനമെങ്കിലും ഡിസ്കൗണ്ട് വാങ്ങണം. അത്തരം ട്രോമാകെയർ ആശുപത്രികളുടെ ലിസ്റ്റ് പബ്ലിഷ് ചെയ്യണം. ഒരപകടം പറ്റിയാൽ ആ ആശുപത്രികളിലേയ്ക്ക് രോഗിയെ കൊണ്ടുപോകണം. ആ ആശുപത്രികളിൽ ചികിത്സിക്കുന്ന ഒരു ബെൻസ് കാറിന്റെ ഉടമയ്ക്കും അതിന്റെ ഡ്രൈവർക്കും ഒരുപോലെയുള്ള ചികിത്സ കൊടുക്കുന്നതാണ് ഏറ്റവും വലിയ സോഷ്യലിസം. ചികിത്സ കൊടുക്കുമ്പോൾ രണ്ടുപേർക്കും ഒന്നുപോലെ കിട്ടണം. അതിനുള്ള പണം റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നെടുക്കണം. ഇൻഷ്വറൻസിൽ ചേരാൻ പാടില്ല, കാരണം അത് മാർച്ച് 31 ആകുമ്പോൾ ലാപ്സായിപ്പോകും. ആവശ്യമുള്ള പണം റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും എടുത്തുകൊടുക്കാനുള്ള സംവിധാനമുണ്ടാക്കിയാൽ 24 മണിക്കൂറിലെ ചികിത്സ ഫ്രീയാക്കാൻ സാധിക്കും.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട വിഷയമാണ് ഇനി പറയാനുള്ളത്. എട്ട് മാസങ്ങൾക്കുമുമ്പ് കൊച്ചിയിലെ ഒരു പ്ലേ സ്കൂളിൽ ടീച്ചർ കുഞ്ഞിനെ ഭീകരമായി മർദ്ദിക്കുന്ന ദൃശ്യം എല്ലാ പത്രങ്ങളിലും ചാനലുകളിലും വന്നു. വലിയ പ്രതികരണമായിരുന്നു. അന്ന് ഞാൻ മന്ത്രിക്ക് ഒരു കത്ത് കൊടുത്തു. ആ കത്തിൽ ഞാൻ പറയുന്നത് എല്ലാ ഡേ കെയർ സെന്ററുകളിലും ക്യാമറകൾ സ്ഥാപിക്കുകയും ആ ക്യാമറയിൽ കാണാനുള്ള അക്സസ് ആ സ്കൂളിൽ പഠിക്കുന്ന കുഞ്ഞുങ്ങളുടെ രക്ഷിതാക്കളുടെയും സാമൂഹ്യക്ഷേമ വകുപ്പിലെ ഒരു ഉദ്യോഗസ്ഥന്റെയോ ഉദ്യോഗസ്ഥയുടെയോ ഫോണിലും നൽകണം. അപ്പോൾ കുട്ടികളെ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്ന് രക്ഷിതാക്കൾക്ക് അറിയാൻ സാധിക്കും. ഇതിന് സർക്കാരിന് പണച്ചെലവില്ല. അത്തരത്തിലുള്ള ഡേ കെയറുകൾക്ക് മാത്രമേ പ്രവർത്തിക്കാൻ അനുമതി നൽകുകയുള്ളൂവെന്ന് ഓർഡറിറക്കിയാൽ മതിയാകും.

ഒരു രോഗി മരിക്കണമെങ്കിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാഷ്വാലിറ്റിയിൽ കൊണ്ടുപോയാൽ മതി. അഞ്ച് ഹമ്പ് ചാടി അമ്മയെയും കുഞ്ഞിനെയും ചുറ്റി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ

കാഷ്വാലിറ്റിയിലെത്തുമ്പോൾ രോഗിയുടെ കാര്യം കഴിയും. കാഷ്വാലിറ്റി ഒരു ആശുപത്രിയുടെ മുന്നിലായിരിക്കണം. രോഗിക്ക് പെട്ടെന്ന് വരാൻ കഴിയുന്ന സ്ഥലത്തായിരിക്കണം. ജനങ്ങളുടെ ഇക്കാര്യത്തിലുള്ള ബുദ്ധിമുട്ട് ബഹു. മന്ത്രി നിർബന്ധമായും പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒരുപാട് കാലമായി ഇത് പറയുന്നതാണെങ്കിലും ആരും കണ്ടഭാവം നടിക്കുന്നില്ല. കാഷ്വാലിറ്റിക്കടുത്ത് സ്കാനിംഗില്ല, ഐ.സി.യു. ഇല്ല, ഏറ്റവും അടുത്തുള്ളത് മോർച്ചറി മാത്രമാണ്. ഞാൻ വെറുതെ പറയുന്നതല്ല.

രോഗികളോട് സൗഹൃദം പുലർത്തുന്ന സർക്കാരും മന്ത്രിയും ജീവനക്കാരോടും സൗഹൃദം പുലർത്തണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. ഇത് ആരോടും പ്രതിഷേധിച്ചുകൊണ്ട് പറയുകയാണെന്ന് ധരിക്കരുത്. ഇത് യു.ഡി.എഫ്. ഭരിക്കുമ്പോഴുമുണ്ട്, ഇപ്പോഴുമുണ്ട്, വകുപ്പിലെ സ്ഥലംമാറ്റത്തിന്റെ കാര്യം, ഡോക്ടർമാരെയായാലും സ്റ്റാഫിനെയായാലും കഴിയുന്നതും അവർ താമസിക്കുന്ന പ്രദേശങ്ങളിലോ അവർ പറയുന്ന സ്ഥലങ്ങളിലോ കൊടുക്കാൻ ശ്രമിക്കണം. എം.എൽ.എ.-മാരുടെ ശിപാർശകൾപോലും തള്ളിക്കളഞ്ഞുകൊണ്ട് മന്ത്രിയെപ്പോലും വകവയ്ക്കാതെ ചില ട്രേഡ് യൂണിയനുകൾ യു.ഡി.എഫ്.-ന്റെ കാലത്തും ഇപ്പോഴും അഴിഞ്ഞാടുന്നുണ്ട്. അവരെ നിയന്ത്രിക്കണം. നിയന്ത്രണം മന്ത്രി ഏറ്റെടുക്കണം. ആര് പറഞ്ഞാലും ജീവനക്കാരോട് അനീതി കാണിക്കാൻ പാടില്ല. അത് യു.ഡി.എഫ്.-ന്റെ കാലത്തുണ്ടായിരുന്നു. അതിന് പകരം വീട്ടാൻവേണ്ടി കുറേ ആളുകൾ ഇറങ്ങിയിരിക്കുകയാണ്. ഇത്തരക്കാരെ നിയന്ത്രിക്കണം. അല്ലെങ്കിൽ അത് നല്ല ലക്ഷ്യത്തോടുകൂടി നീങ്ങുന്ന ഗവൺമെന്റിന് മോശമാണ് എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാന്യയായ ശൈലജ ടീച്ചറിന്റെ വകുപ്പിൽ എത്ര നോക്കിയിട്ടും കുറ്റം കാണാനില്ലെന്നതാണ് എന്റെ അഭിപ്രായം. ഭേദപ്പെട്ട പ്രകടനമാണ്, നിഷേധിക്കാൻ സാധിക്കില്ല. ഏത് ആശുപത്രിയിലും മരുന്ന് അറേഞ്ച് ചെയ്തിട്ടുള്ള ടീച്ചറിന്റെ പ്രവർത്തനത്തെ അഭിനന്ദിക്കാതിരിക്കാൻ മാർഗ്ഗമില്ല. പൊതുജനാരോഗ്യം സംരക്ഷിക്കാൻവേണ്ടി ഇത്രയും തസ്തികകൾ സൃഷ്ടിച്ച ഒരു കാലഘട്ടം സംസ്ഥാന ചരിത്രത്തിലുണ്ടായിട്ടില്ല. ആ കാര്യത്തിൽ മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഒരു ചെറിയ കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. താലൂക്കാശുപത്രികളുടെ കാര്യമെല്ലാം ഇവിടെ ചർച്ച ചെയ്യുകയുണ്ടായി. മീനച്ചിൽ താലൂക്കിലെ അഞ്ച് പഞ്ചായത്തും കാഞ്ഞിരപ്പള്ളി താലൂക്കിലെ അഞ്ച് പഞ്ചായത്തും ചേർന്നതാണ് എന്റെ മണ്ഡലമായ പൂഞ്ഞാർ. താലൂക്കാശുപത്രി രണ്ടിടത്തുമുണ്ടെങ്കിലും പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ

ഒന്നുമില്ല. മുണ്ടക്കയം ആശുപത്രി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് താലൂക്കാശുപത്രിയാക്കാമെന്ന് സമ്മതിച്ചതാണ്. കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ പൊൻകുന്നത്തുള്ള താലൂക്കാശുപത്രിയെ ജനറൽ ആശുപത്രിയായി മാറ്റി, ഇപ്പോൾ അത് അപ്ഗ്രഡേഷനിലാണ്. ആ നിലയ്ക്ക് എയർ കണ്ടീഷൻ ചെയ്ത ഓപ്പറേഷൻ തിയേറ്റർ ഉൾപ്പെടെ എല്ലാ സൗകര്യങ്ങളുമുള്ള മുണ്ടക്കയം ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്താനുള്ള ശക്തമായ ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. അതൊരു നീതി മാത്രമാണ്. ആ നീതി ബഹു. മന്ത്രി പൂഞ്ഞാറിനോട് ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

സജിമോൻ എന്നയാളുടെ മൃതദേഹം വഹിച്ചുകൊണ്ട് തിരുവനന്തപുരത്ത് നടന്ന ഓട്ടപ്രദക്ഷിണം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടുകാണും. അയാളെ പോലീസ് അടിച്ചുകൊന്നതാണ്. അത് അന്വേഷിക്കട്ടെ. എനിക്ക് പറയാനുള്ള ഒരു കാര്യം സജിമോനെ അറസ്റ്റ് ചെയ്തിട്ട് റിമാന്റ് ചെയ്ത് സബ്ജയിലിൽ നിന്ന് കൊണ്ടുവന്നതാണ്. അദ്ദേഹത്തിന് പേപ്പട്ടി വിഷബാധയായതിനാൽ പോസ്റ്റ്മോർട്ടം ചെയ്യാൻ പറ്റില്ലെന്ന് 19 ഡോക്ടർമാർ റിപ്പോർട്ട് എഴുതിയെന്ന് പറഞ്ഞാൽ ആ ഡോക്ടർമാരുടെ മനുഷ്യത്വം എത്രയാണ്; പോസ്റ്റ്മോർട്ടം ചെയ്യാനാകില്ലെന്ന് 19 ഡോക്ടർമാർ എഴുതി ഒപ്പിട്ടിരിക്കുകയാണ്. ഇവരെല്ലാം മനുഷ്യത്വമെന്തെന്നറിയാത്ത മൃഗങ്ങളായി മാറിയോ; തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡോക്ടർമാരാണ് എഴുതിയിരിക്കുന്നത്. പോലീസ് ഇടിച്ചു കൊന്നവനാണ്. പോലീസിന് സഹായം ചെയ്തുകൊടുക്കാൻവേണ്ടി പാവപ്പെട്ട ഒരു മനുഷ്യനെ പേപ്പട്ടി വിഷബാധയേറ്റവനായി മാറ്റി പോസ്റ്റ്മോർട്ടം ചെയ്യാതെ അടക്കിയതിന്റെ ഉത്തരവാദിത്വം ആർക്കാണ്? സജിമോന്റെ ഡെഡ് ബോഡി പോസ്റ്റ്മോർട്ടം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹു. മന്ത്രിയോട് ഞാൻ വിനയപുരസരം അഭ്യർത്ഥിക്കുന്നു. ആരാണ് അദ്ദേഹത്തെ കൊന്നതെന്ന് കണ്ടെത്തണം. ആ ചെറുപ്പക്കാരന് ഒരു പേപ്പട്ടി വിഷബാധയുമില്ല. ഈ കാര്യംകൂടി ബഹു. ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി സ്വപ്നം കണ്ട, മുൻ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പടുത്തുയർത്തിയ ഒരു ഭാരതമുണ്ടായിരുന്നു. അതിന്ന് ഭാരതീയ ജനതാ പാർട്ടി തകർത്ത് തരിപ്പണമാക്കിക്കൊണ്ടിരിക്കുകയാണ്. ഗാന്ധിജിയുടെ ഇന്ത്യ ഇന്ന് ഗോഡ്സെയുടെ ഇന്ത്യയാക്കി മാറിക്കൊണ്ടിരിക്കുകയാണ്, വർഗ്ഗീയവാദികളുടെ ഇന്ത്യയാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഒളിഞ്ഞും തെളിഞ്ഞും അവരെ

സഹായിച്ചുകൊണ്ട് ഇന്ത്യയെ ഈ ഗതിയിലേയ്ക്കെത്തിച്ചത് കോൺഗ്രസിന്റെ നേതാക്കൻമാർ തന്നെയല്ലേ? നെഹ്റു സ്വപ്നം കണ്ട് നടപ്പിലാക്കിയ വികസനങ്ങളെല്ലാം അതിനുശേഷം വന്ന നരസിംഹറാവു മുതൽ ശ്രീ. മൻമോഹൻ സിംഗ് വരെയുള്ള കോൺഗ്രസ് പ്രധാനമന്ത്രിമാർ ഇല്ലാതാക്കുകയും പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുകയും ചേരിചേരാ നയം നഷ്ടപ്പെടുത്തുകയും ചെയ്ത് അമേരിക്കയുടെ ആശ്രിതരായി മാറി. അതുപോലെതന്നെയാണ് ഇപ്പോഴത്തെ പ്രധാനമന്ത്രിയും അമേരിക്കയുടെ വാത്സല്യപുത്രനായി മാറിയിട്ടുണ്ട്. നമ്മുടെ രാജ്യത്ത് കാർഷിക രംഗത്തും വ്യാവസായിക രംഗത്തും നടപ്പിലാക്കിയ പദ്ധതികൾ തകിടംമറിച്ച് ഇന്ത്യയെ കർഷകരുടെ ആത്മഹത്യാ രാജ്യമാക്കി മാറ്റി. അത് കോൺഗ്രസിന്റെ ഭരണം മുതൽ തുടങ്ങിവച്ചതാണ്. കുത്തക കമ്പനികൾക്ക് നമ്മുടെ രാജ്യത്ത് എന്തുമാകാമെന്ന സ്ഥിതി വന്നു. അതുപോലെ ഇന്ത്യയിലെ ജനങ്ങളെ സർവ്വനാശത്തിലേയ്ക്ക് തള്ളിയിട്ടു. ഇന്ത്യൻ ജനതയ്ക്ക് കോൺഗ്രസ് ഭരണം മടുത്തു. ഗതികേടുകൊണ്ട് വർഗ്ഗീയ പാർട്ടിയായ ബി.ജെ.പി.-യെ രാജ്യമേൽപ്പിച്ചു. ഇപ്പോൾ അതിലും കഷ്ടമായി. ന്യൂനപക്ഷങ്ങൾക്കും പട്ടികജാതിക്കാർക്കും സ്വൈര്യമായി, സമാധാനമായി ജീവിക്കാൻ കഴിയാത്ത അവസ്ഥയും വർഗ്ഗീയ ലഹളകളുമെല്ലാമുണ്ടായത് കോൺഗ്രസ് നേതാക്കൻമാരുടെ സഹായംകൂടി ഉണ്ടായതുകൊണ്ടല്ലേ? അതുകൊണ്ട് ഇന്ന് ഇന്ത്യയിൽ പല സംസ്ഥാനത്തും കോൺഗ്രസ് ആഫീസുകളിൽ നോ സ്റ്റോക്ക് ബോർഡ് തൂക്കേണ്ടിവരുമെന്നാണ് എനിക്ക് തോന്നുന്നത്. കോൺഗ്രസ് ഭരിച്ച് മുടിച്ചതും ബി.ജെ.പി. വർഗ്ഗീയമായി തകർത്തതുമായ രാജ്യത്ത് ശ്രീ. ജി.എസ്. ജയലാൽ നേരത്തെ പറഞ്ഞതുപോലെ ഇപ്പോഴുള്ളത് ഒരു പച്ചത്തുരുത്താണ്. ആ പച്ചത്തുരുത്താണ് നമ്മുടെ കേരളം. ഇവിടെ ഇടതുപക്ഷം പടുത്തുയർത്തിയ മതേതര മനസ്സുള്ള കേരളമാണ്. വ്യത്യസ്തമായ ജനപ്രിയ പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കുന്നത് മറ്റ് സംസ്ഥാനങ്ങൾ നോക്കിക്കാണുകയും പഠിക്കുകയും ചെയ്യുന്നുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണവും പൊതുവിതരണ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ രംഗങ്ങളിൽ മാതൃകാപരമായ കാര്യങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. പ്രിയങ്കരനായ ശ്രീ. കെ.എസ്. ശബരീനാഥൻ പ്രസംഗിച്ചപ്പോൾ എന്തൊക്കെയാണ് പറഞ്ഞത്? കുട്ടികൾ ഉറക്കത്തിൽ പിച്ചുംപേയും പറയുന്നതുപോലെ അദ്ദേഹം കുറെ കണക്കുകൾ ഇവിടെ അവതരിപ്പിച്ചു. കഴിഞ്ഞ ഒന്നേമുക്കാൽ വർഷം ഈ ഗവൺമെന്റ് കയ്യുംകെട്ടിയിരുന്നതുപോലെയാണ് അദ്ദേഹം പറയുന്നത്. കഴിഞ്ഞ ഗവൺമെന്റ് മൂന്നരക്കോടി വരുന്ന ജനങ്ങൾക്കുവേണ്ടി മാറ്റിവച്ച തുകയുടെ മൂന്ന് വർഷത്തെ കണക്ക് ഞാൻ പറയാം. 2013-14-ൽ 541 കോടി രൂപയാണ് ആരോഗ്യ

മേഖലയ്ക്കുവേണ്ടി മാറ്റിവച്ചത്. അതുപോലെ 2014-15-ൽ 629.4 കോടി രൂപയും 2015-16-ൽ 665.37 കോടി രൂപയും മാറ്റിവച്ചു. ജനങ്ങൾക്കുവേണ്ടി ആരോഗ്യരംഗത്തെടുത്ത താത്പര്യം ഇതിൽ കാണാം. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന മൂന്ന് കൊല്ലത്തെ കണക്ക് താരതമ്യപ്പെടുത്തി പറയാം. 2016-17-ൽ 1013.11 കോടി രൂപ. അതായത് തൊട്ടുമുൻവർഷത്തിൽ യു.ഡി.എഫ്. അവതരിപ്പിച്ച കണക്കിനേക്കാൾ 347.47 കോടി രൂപ, നേരത്തെ ശ്രീമതി വീണാ ജോർജ് പറഞ്ഞതുപോലെ 64 ശതമാനം അധികം മാറ്റിവച്ചു. അടുത്തവർഷം 2017-18-ൽ 1314.95 കോടി രൂപ. 2018-19-ൽ 1,685.7 കോടി രൂപ ഈ മേഖലയ്ക്കുവേണ്ടി മാറ്റി വച്ചു. ഇതാണ് ഇടതുപക്ഷ, ജനപക്ഷ സർക്കാരെന്നു പറയുന്നത്. വളരെ നല്ല രീതിയിൽ സൂക്ഷ്മമായി പരിശോധിച്ച് ഓരോ മേഖലയിലും ആവശ്യമായ പണം മാറ്റിവയ്ക്കാൻ കഴിഞ്ഞു. ശ്രീമതി വീണാ ജോർജ് പറഞ്ഞതുപോലെ ആരോഗ്യനയം പ്രഖ്യാപിക്കാൻ പോകുകയാണ്. വളരെ സൂക്ഷ്മമായി ഈ രംഗത്തെപ്പറ്റി പഠിക്കുന്നതിനുവേണ്ടി ഒരു 17 അംഗസമിതിയെ തീരുമാനിക്കുകയും എല്ലാ ജില്ലയിലും അതിന്റെ പഠനം നടത്തി കൊണ്ടിരിക്കുകയുമാണ്. ആരോഗ്യരംഗത്ത് ഇടപെടാൻ ആർദ്രം മിഷൻ രൂപീകരിച്ചു. അതിന്റെ ഫലമായി ആശുപത്രികളിലെല്ലാം പുതിയ വെളിച്ചം വന്നിരിക്കുകയാണ്. അതായത് നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ ആശുപത്രികൾ മുതൽ മെഡിക്കൽ കോളേജ് വരെ നല്ല നിലവാരത്തിലേയ്ക്ക് മാറ്റിയെടുക്കുന്നതിനുവേണ്ടിയാണ് ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ആർദ്രം മിഷന്റെ ഭാഗമായി പി.എച്ച്.സി.-കൾ നല്ല നിലവാരത്തിലേയ്ക്ക് മാറുന്നു. ജനങ്ങൾ അത്ഭുതത്തോടെയാണ് കാണുന്നത്. എന്റെ മണ്ഡലത്തിലും ഒരാശുപത്രി കഴിഞ്ഞ ദിവസം ഉദ്ഘാടനം ചെയ്തിരുന്നു. പൊട്ടിപ്പൊളിഞ്ഞ് ദയനീയാവസ്ഥയിലായിരുന്ന ഒരാശുപത്രിയെ നല്ല നിലവാരത്തിലേക്ക് മാറ്റിയെടുക്കാൻ കഴിഞ്ഞു. ഉദ്ഘാടനത്തിന്റെ തലേദിവസം അതിന്റെ ഒരുക്കങ്ങൾ കാണാൻ പോയപ്പോൾ എനിക്കുണ്ടായ ഒരനുഭവം പറയാം, വയസ്സായ ഒരുമ്മ എന്റെ അടുത്ത് വന്ന് ചോദിച്ചു "ഈ ആശുപത്രിയിൽ ഞങ്ങൾ ഇനി പൈസ കൊടുത്ത് ചികിത്സിക്കേണ്ടിവരുമോയെന്ന്" അങ്ങനെ ചോദിക്കാൻ കാര്യമെന്തെന്ന് അന്വേഷിച്ചപ്പോൾ ഇത് സ്വകാര്യ ആശുപത്രിയെപ്പോലെയുണ്ട്, ഇനി കാശ് കൊടുക്കേണ്ടി വരുമോയെന്നാണ് ചോദിച്ചതെന്നാണ്. ഒരു കാരണവശാലും നിങ്ങൾ കാശുകൊടുക്കണ്ട, ഇനി മുതൽ ചികിത്സ ആറുമണിവരെ ലഭിക്കുമെന്ന ഉറപ്പു കിട്ടിയപ്പോൾ വലിയ സന്തോഷമായി. ഉദ്ഘാടന ദിവസം മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുൻമന്ത്രിയും ഞാനും വ്യവസായ വകുപ്പുമന്ത്രിയുമടക്കമുള്ള ആളുകൾ ചർച്ച നടത്തിയതിനാൽ ഉദ്ഘാടന സമയം നീണ്ടുപോയി. രണ്ടുമണിക്കൂറോളം നൂറുകണക്കിനാളുകളാണ്

സന്തോഷമറിയിക്കുന്നതിനായി ഉദ്ഘാടനത്തിനുവേണ്ടി കാത്തുനിന്നത്. ഇത് വലിയ മാറ്റമാണ്. ഇതൊന്നും പറഞ്ഞറിയിക്കാൻ കഴിയില്ല, അനുഭവിച്ചറിയണം. ഈ സർക്കാരിൽ കേരളത്തിലെ ജനം വലിയ വിശ്വാസത്തിലാണ്. അതുകാണാതെയാണ് അപ്പുറത്തുനിന്ന് ശ്രീ. കെ. എസ്. ശബരീനാഥൻ എന്തൊക്കെയോ വിളിച്ചുപറഞ്ഞത്. അദ്ദേഹം പറഞ്ഞ പദ്ധതികളുടെയെല്ലാം കണക്കുകൾ എൽ.ഡി.എഫ്-ന്റെയും യു.ഡി.എഫ്.-ന്റെയും കാലത്തുള്ളത് തരംതിരിച്ച് എന്റെ കയ്യിലുണ്ട്. പക്ഷെ അതൊന്നും ഇവിടെ സമയം കിട്ടാത്തതുകൊണ്ട് പറയുന്നില്ല. ആശുപത്രികളെല്ലാം നല്ല നിലയിലേക്ക് മാറ്റുന്നുണ്ട്. അഞ്ച് ജില്ലാ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളായി മാറ്റിക്കഴിഞ്ഞിട്ടുണ്ട്. കൂടുതൽ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റിയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗ്രാമങ്ങളിൽ നല്ല ചികിത്സ ലഭിക്കുന്നതിന് കൂടുതൽ ആശുപത്രികൾ ഏറ്റെടുക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. തൃശ്ശൂർ മെഡിക്കൽ കോളേജ് 1985-ലാണ് തുടങ്ങിയത്. ഈ ഗവൺമെന്റ് വന്നശേഷമാണ് അവിടെ ആൻജിയോ പ്ലാസ്റ്റി സർജറി ആരംഭിക്കാൻ കഴിഞ്ഞത്. ആ തീരുമാനം എത്രയോ ആളുകൾക്ക് ആശ്വാസമായിട്ടുണ്ട്. അതുമാത്രമല്ല 170 പി.എച്ച്.സി.-കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ കൂടുതൽ ജീവനക്കാർ വേണമെന്ന് ഇവിടെ നേരത്തെ പല അംഗങ്ങളും പറഞ്ഞു. അങ്ങനെ ഓരോ വകുപ്പിലും ജീവനക്കാരെ വർദ്ധിപ്പിക്കാനുള്ള ഇടപെടലാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. 170 കുടുംബാരോഗ്യകേന്ദ്രങ്ങളിൽ 170 ഡോക്ടർമാരുടെ പുതിയ തസ്തികയുണ്ടാക്കുകയും അവിടെയെല്ലാം ഡോക്ടർമാരെ നിയമിക്കുകയും ചെയ്തു. അതുപോലെ 340-സ്റ്റാഫ് നഴ്സുമാരുടെയും 170- ലാബ് ടെക്നീഷ്യന്മാരുടെയും 150-ഫാർമസിസ്റ്റുകളുടെയും തസ്തികകൾ ഈ ഗവൺമെന്റ് സൃഷ്ടിച്ചു. അങ്ങനെ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയുമടക്കം 4200 തസ്തികകളാണ് ഈ സർക്കാർ സൃഷ്ടിച്ചത്. കഴിഞ്ഞ 5 കൊല്ലം ഇതൊന്നുമുണ്ടായിട്ടില്ല. ഏതായാലും ഈ അഞ്ചുകൊല്ലംകൊണ്ട് ആരോഗ്യരംഗത്ത് പതിനായിരം പുതിയ തസ്തികകൾ സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീർച്ചയായും ഈ രംഗത്ത് വലിയ മാറ്റമാണ് സംഭവിക്കാൻ പോകുന്നത്. ഇന്ത്യയിൽ ഇന്ന് 3 ശതമാനമാളുകൾക്ക് പ്രമേഹ രോഗമുള്ളതായിട്ടാണ് കണക്ക്. എന്നാൽ കേരളത്തിൽ 10 ശതമാനമാളുകൾക്ക് പ്രമേഹരോഗം പിടിപെട്ടിട്ടുണ്ടെന്നാണ് കണക്കുകളിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. കേരളം പ്രമേഹത്തിന്റെ തലസ്ഥാനമായി മാറുമോ എന്നൊരു പേടിയുണ്ട്. പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ ജീവിതശൈലീരോഗങ്ങളുടെ

കാര്യത്തിലും വളരെ സൂക്ഷ്മമായ ഇടപെടലുകളാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. പി.എച്ച്.സി. മുതലുള്ള എല്ലാ ആശുപത്രികളിലും സൗജന്യമരുന്ന് നൽകിക്കൊണ്ട് ജനങ്ങളെ സഹായിക്കുന്നുണ്ട്. അതുപോലെ ക്യാൻസർ രോഗത്തിന്റെ കാര്യത്തിലും ശ്രദ്ധ കൊടുക്കുന്നുണ്ട്; നേരത്തെ രോഗം കണ്ടെത്താൻ വേണ്ടിയുള്ള ഇടപെടൽ നടത്തുന്നുണ്ട്. കേരളത്തിൽ ഒരു വർഷം 35000 ആളുകൾക്കാണ് ക്യാൻസർ രോഗം പിടിപെടുന്നത്. നിലവിൽ ഒരു ലക്ഷം ആളുകൾക്ക് ഇതിന്റെ ചികിത്സയും ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇതിനാവശ്യമായ മരുന്നുണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചു. അതിനുവേണ്ടി 20 കോടി രൂപ മാറ്റിവയ്ക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. തീർച്ചയായും സ്വാഗതം ചെയ്യേണ്ട കാര്യമാണ്. അതുപോലെ ഇ-ഹെൽത്ത് ഉൾപ്പെടെ നിരവധി പദ്ധതികൾ നടപ്പിലാക്കുന്ന ഈ ഗവൺമെന്റിനെയും ബഹു. മന്ത്രിയെയും എത്ര അഭിനന്ദിച്ചാലും മതിയാവില്ല. ഈ ഗവൺമെന്റും ആരോഗ്യ വകുപ്പും പറഞ്ഞ വാക്ക് കൃത്യമായി പാലിക്കുന്നതായാണ് എനിക്ക് തോന്നുന്നത്. ഒരു ക്യാപ്ഷൻ ഓർമ്മയിൽ വരികയാണ്. ആ ക്യാപ്ഷൻ എന്നത് - 'Don't talk, just act. Don't say, just show. Don't promise, just prove' എന്നാണ്. അത് ഈ ഗവൺമെന്റ് തെളിയിച്ചിരിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വളരെ പ്രധാനപ്പെട്ട വകുപ്പുകളുടെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചകളാണ് ഇന്നിവിടെ നടക്കുന്നത്. കേരളത്തിന്റെ ആരോഗ്യമേഖലയെന്നത് ലോകാരോഗ്യസംഘടനകളുടെപോലും പ്രശംസ ഏറ്റുവാങ്ങിയിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ പ്രശംസയും വിമർശനവും ഒരുപോലെ പ്രാധാന്യമർഹിക്കുന്നു. കേരള വികസന മാതൃകയുടെ അടിസ്ഥാനമെന്ന് കരുതുന്നത് ആരോഗ്യ-വിദ്യാഭ്യാസ മേഖലയിൽ കൈവരിച്ച നേട്ടങ്ങളാണ്. ഏതാണ്ട് വികസിത രാജ്യങ്ങൾക്ക് തുല്യമായ ആരോഗ്യനിലവാരം കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞുവെന്ന് പൊതുവിൽ വിലയിരുത്തപ്പെടുന്നു. ആരോഗ്യരംഗത്ത് കേരളം മാതൃകയെന്ന് പറയുമ്പോഴും ഈ രംഗത്ത് നാം ചെലവഴിക്കുന്ന തുക വളരെ കുറവാണ്. സർക്കാരും പൊതുസമൂഹവും ചെലവഴിക്കുന്ന മൊത്തം തുക കണക്കിലെടുത്താൽ വികസിത രാജ്യങ്ങളിലേതിനെക്കാൾ വെറും തുച്ഛമായ തുകയാണ് ആരോഗ്യാ വശ്യങ്ങൾക്കായി കേരളം ചെലവഴിക്കുന്നത്. വളരെ കുറച്ചുതുക മാത്രം ഈ മേഖലയ്ക്കായി നീക്കിവയ്ക്കുമ്പോൾ കേരളത്തിന്റെ ആരോഗ്യമാതൃകയാണ് ലോകാരോഗ്യസംഘടനകൾപോലും പ്രകീർത്തിക്കുന്നത്. നമ്മൾ നിർമ്മാർജ്ജനം ചെയ്തുവെന്ന് കരുതിയിരുന്ന പല രോഗങ്ങളും ഇന്ന് തിരിച്ചുവരുന്നു

കൊണ്ടിരിക്കുകയാണ്. അപ്പോഴാണ് നമ്മുടെ ആരോഗ്യമാതൃകയിൽ വിള്ളൽ സംഭവിച്ചോ എന്ന സംശയം പുറത്തുവരുന്നത്. മഞ്ഞപ്പിത്തം, കോളറ, എലിപ്പനി, മലേറിയ തുടങ്ങിയ രോഗങ്ങൾക്കു പുറമെ ഡെങ്കിപ്പനി, ചിക്കുൻഗുനിയ, ജപ്പാൻ ജ്വരം, എച്ച്1 എൻ1 തുടങ്ങിയ പുത്തൻ പകർച്ചവ്യാധികൾ രംഗപ്രവേശം ചെയ്തുകൊണ്ടിരിക്കുകയാണ്. വർദ്ധിച്ചുവരുന്ന ഈ സാഹചര്യങ്ങളെ വളരെ ഗൗരവപൂർവ്വം നാം കണക്കിലെടുക്കണം. മാലിന്യനിർമ്മാർജ്ജനം, പരിസരശുചിത്വം, കൊതുകുനശീകരണം, ശുദ്ധജലവിതരണം തുടങ്ങിയവ ലക്ഷ്യമിട്ട് നമ്മൾ നടപ്പിലാക്കാൻ ശ്രമിച്ച പ്രവർത്തനങ്ങൾ വേണ്ടത്ര വിജയിച്ചില്ലെന്നാണ് പകർച്ചവ്യാധികൾ പടരുമ്പോൾ വിലയിരുത്തേണ്ടി വരുന്നത്. ആരോഗ്യമേഖലയിൽ സമൂലമായ മാറ്റത്തിന് വഴിതുറക്കുന്ന കർമ്മ പദ്ധതികളാണ് നടപ്പിൽ വരുത്തേണ്ടത്. ഇന്ന് നിലനിൽക്കുന്ന ഭൂരിഭാഗം ആരോഗ്യപ്രശ്നങ്ങൾക്കും കാരണം, നമ്മുടെ തന്നെ പ്രവൃത്തികളാണെന്നുള്ള തിരിച്ചറിവ് ആവശ്യമായിട്ടുണ്ട്. നമ്മുടെ മാലിന്യസംസ്കരണ സംസ്കാരംതന്നെ മാറ്റിയെടുക്കണം. വൃത്തിയുള്ള പരിസരം, വൃത്തിയുള്ള വീട്, ശുദ്ധമായ കുടിവെള്ളം, ശുദ്ധവായു, വൃത്തിയുള്ള തൊഴിൽ സാഹചര്യങ്ങൾ, വൃത്തിയുള്ള സമൂഹം ഇവയെല്ലാം കൂടിചേർന്നതാണ് നമ്മുടെ ആരോഗ്യം. നമ്മുടെ ആരോഗ്യനയത്തിന്റെ കരടിന് മന്ത്രിസഭ അംഗീകാരം നൽകിയിരിക്കുന്നു വെന്നാണ് മനസ്സിലാക്കുന്നത്. ആസൂത്രണ ബോർഡ് അംഗം ഡോ. ബി. ഇക്ബാൽ അദ്ധ്യക്ഷനായ 17 അംഗ സമിതിയാണ് കരട് നയത്തിന് രൂപം നൽകിയത്. ഇത് സമഗ്രമെന്ന് പറയാമെങ്കിൽ ആരോഗ്യനയം കേരളത്തിന്റെ ആരോഗ്യരംഗത്ത് പുത്തൻ ചുവടുവയ്പാകട്ടെ എന്ന് ആശംസിക്കുന്നു. ആരോഗ്യമേഖലയിൽ സംസ്ഥാനം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ ആവിഷ്കരിച്ച ആർദ്രം പദ്ധതി മികച്ച രീതിയിൽതന്നെ മുന്നോട്ടുകൊണ്ടുപോകാൻ വകുപ്പിന് കഴിയുന്നുണ്ട്. അതിന് ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ആർദ്രം പദ്ധതിയുടെ ആദ്യഘട്ടം 2017-18-ൽ, അതായത് ഈ സാമ്പത്തിക വർഷമാണ് നടപ്പിൽ വരുത്തിയത്. ആദ്യഘട്ടത്തിൽ 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കാനുള്ള നടപടികൾ നന്നായി പുരോഗമിച്ചിട്ടുണ്ട്. ഇതിനോടകം 93 എണ്ണം പ്രവർത്തനസജ്ജമായിരിക്കുന്നുവെന്നാണ് വകുപ്പുമന്ത്രി നിയമസഭയിൽ അറിയിച്ചത്. ആർദ്രം പദ്ധതിയെക്കുറിച്ച് പറയുമ്പോൾ എടുത്തുപറയേണ്ടത് ഇവിടെ സൃഷ്ടിക്കപ്പെട്ട തസ്തികകളെക്കുറിച്ചാണ്. ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ പറഞ്ഞ കണക്കനുസരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ 2421 തസ്തികകളും മെഡിക്കൽ വിദ്യാഭ്യാസ വിഭാഗത്തിൽ 1739 തസ്തികകളും

ഉൾപ്പെടെ 4100 തസ്തികകൾ ഇതിനോടകം സൃഷ്ടിച്ചുവെന്നുള്ളത് ഏറെ അഭിനന്ദനീയമാണ്. ധനമന്ത്രിയുടെ ബജറ്റ് പ്രസംഗത്തിലും ഇക്കാര്യം എടുത്തുപറഞ്ഞിട്ടുണ്ട്. 558 ഡോക്ടർമാർ, 1385 നഴ്സുമാർ, 876 പാരാമെഡിക്കൽ സ്റ്റാഫുകൾ എന്നിങ്ങനെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വളരെ താല്പര്യപൂർവ്വം അറിയിച്ചിട്ടുണ്ട്. 02-08-1961-ൽ നിലവിൽ വന്ന സ്റ്റാഫ് പാറ്റേണിനുശേഷം 06-11-2008-ൽ സ്റ്റാൻഡേഡൈസേഷന്റെ ഭാഗമായി സ്റ്റാഫ് പാറ്റേണിൽ ഭേദഗതി വരുത്തിയെങ്കിലും തസ്തിക സൃഷ്ടിക്കാൻ കഴിഞ്ഞത് ഇക്കാലയളവിലാണെന്നുള്ളത് ഏറെ അഭിനന്ദനീയമാണ്. ബഹുമാനപ്പെട്ട ധനമന്ത്രിയുടെ ബജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 40 മുതൽ സമഗ്ര ആരോഗ്യ പരിപാടിയെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. എന്നാൽ ഖണ്ഡിക 44-ൽ എത്തുമ്പോൾ ധനമന്ത്രി പറയുന്നത്, മേൽ വിവരിച്ച സമഗ്ര ആരോഗ്യ കാഴ്ചപ്പാട് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കണമെങ്കിൽ കേന്ദ്ര സർക്കാരിന്റെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്തെ സാഹചര്യങ്ങൾ പരിശോധിച്ച് ഉചിതമായ രീതിയിൽ ആവിഷ്കരിക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടാകണമെന്നാണ്. സമീപകാലത്തെ കേന്ദ്രനയമനുസരിച്ച് ഇത്തരത്തിലൊരു അനുകൂല സാഹചര്യമുണ്ടാകുമെന്ന് പ്രതീക്ഷിക്കാൻ കഴിയില്ല. ബജറ്റിൽ പൊതുസമൂഹത്തിന് പ്രതീക്ഷ നൽകിയിട്ട് അവസാനം സമഗ്ര ആരോഗ്യ പദ്ധതി ഒരിക്കലും നഷ്ടമാകുന്ന ഒരു സ്ഥിതിവിശേഷമുണ്ടാകാൻ പാടില്ല. അത്തരത്തിലുള്ള നടപടിയുണ്ടാകാതിരിക്കാൻ പ്രത്യേകമായി ശ്രദ്ധിക്കണം. ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് ഏറെ പ്രതീക്ഷ നൽകിയ ഒന്നായിരുന്നു 2011-ലെ സംസ്ഥാന ബജറ്റിലൂടെ ഇടുക്കിയിൽ ആരംഭിച്ച മെഡിക്കൽ കോളേജ്. 2013 മേയ് 24-ാം തീയതി മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. ആദ്യവർഷ പ്രകാശനം നടത്തുന്നതിനാവശ്യമായ അടിയന്തര നിർമ്മാണ പ്രവർത്തനത്തിനുവേണ്ടി പത്തര കോടി രൂപ അനുവദിച്ച് നിർമ്മാണമാരംഭിക്കുകയും 40 അദ്ധ്യാപക തസ്തികകളും 158 പൊതുവായ തസ്തികകളും സൃഷ്ടിച്ച് അതിനാവശ്യമായ നിലപാടുകൾ കൈക്കൊള്ളുകയുമായിരുന്നു. ഇതിനെത്തുടർന്ന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അപേക്ഷ ആരോഗ്യ വകുപ്പ് മുഖാന്തിരം നൽകി. അപേക്ഷ പരിഗണിച്ച് 2014 ജൂലൈ 15-ന് 50 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാനായി കേന്ദ്ര ആരോഗ്യ മന്ത്രാലയം അനുമതി നൽകി. 2014 സെപ്റ്റംബർ 1-ന് ആദ്യ ബാച്ചിന്റെ ക്ലാസ് ആരംഭിക്കുകയും ചെയ്തു. 2014-15-ലും 2015-16-ലും അവിടെ അഡ്മിഷൻ നൽകി. എന്നാൽ രണ്ടാംവർഷ വിദ്യാർത്ഥികളെ 2016 ജൂൺ 21-ന് ആരോഗ്യ വകുപ്പ് ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ മെഡിക്കൽ കോളേജുകളിലേയ്ക്ക് പുനർവിന്യസിച്ചു. ഈ ഗവൺമെന്റ് വന്നതിനുശേഷം മുഖ്യമന്ത്രിയെയും വകുപ്പുമന്ത്രിയെയും കണ്ട് ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തി. വളരെ

അനുകൂലമായ നിലപാടാണ് അക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. മെഡിക്കൽ കോളേജിന്റെ നിർമ്മാണപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി ജില്ലാ അഡ്മിനിസ്ട്രേഷൻ നടത്തുന്ന മീറ്റിംഗിലും മെഡിക്കൽ കോളേജിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള സ്പെഷ്യൽ ഓഫീസിനോടൊപ്പം ബഹുമാനപ്പെട്ട മന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയെ കൂടി നിയമിച്ചുകൊണ്ട് അവിടത്തെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നുവെന്നുള്ളതിൽ ഏറെ സംതൃപ്തിയുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ അതനുസരിച്ച് പുരോഗമിക്കുകയാണ്. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ തീർന്നു. ഹോസ്പിറ്റൽ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 102 കോടി രൂപ കൂടി അനുവദിച്ച് ഹോസ്റ്റൽ കെട്ടിടത്തിന്റെ ടെണ്ടർ നടപടിയും പൂർത്തീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2019-ൽ ആ മെഡിക്കൽ കോളേജിന്റെ തുടർപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് അടിയന്തര ശ്രദ്ധ ചെലുത്തണം. ഇടുക്കിയിലെ ഒരു സുപ്രധാന ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനമെന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രി കാണിക്കുന്ന താല്പര്യത്തെ അഭിനന്ദിക്കുന്നതോടൊപ്പം 2019-ലെ ക്ലാസ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. ഇടുക്കി ജില്ലയിൽ താലൂക്ക് ആശുപത്രികളായാലും ജില്ലാ ആശുപത്രിയായാലും സൂപ്രണ്ടും ഡെപ്യൂട്ടി സൂപ്രണ്ടും ഉൾപ്പെടെ ചാർജ്ജുള്ള ഡോക്ടർമാരാണ്. അതുകൊണ്ടുതന്നെ അവിടെ ട്രീറ്റ്മെന്റിനുവേണ്ടിയുള്ള സമയവും ഡോക്ടർമാർ രോഗികളെ ചികിത്സിക്കാനാവശ്യമായ സമയവുംകൂടി കണ്ടെത്തേണ്ടി വരും. ഭരണപരമായ നടത്തിപ്പിന് അത് വളരെ ബുദ്ധിമുട്ട് ഉളവാക്കുന്നുണ്ട്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുവാനും ഇടുക്കി ജില്ലയിലെ ആരോഗ്യരംഗത്തുണ്ടായിട്ടുള്ള മാറ്റങ്ങൾക്ക് പ്രത്യേകിച്ച് ഫാമിലി ഹെൽത്ത് സെന്ററും അനുബന്ധ സൗകര്യങ്ങളും കൂടുതൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നുണ്ട്, അവിടെ കുറെക്കൂടി തസ്തിക സാംഗ്ഷൻ ചെയ്തുകൊണ്ട് താലൂക്കാശുപത്രികളെ ജില്ലാ ആശുപത്രികളായി സ്ട്രെംഗ്തൻ ചെയ്യാനും മെഡിക്കൽ കോളേജിൽ കുട്ടികളുടെ വിഭാഗം ഡോക്ടറെ അടിയന്തരമായി നിയമിക്കുവാനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, 2018-19- സാമ്പത്തിക വർഷത്തിലെ വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും, കുടുംബക്ഷേമം, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്നീ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. 'ചില നൂറ്റാണ്ടുകൾ ശൂന്യമായി കടന്നുപോകും എന്നാൽ ചില ആഴ്ചകൾ കൊണ്ട് മാത്രം ആ ശൂന്യതയെ മറികടക്കാൻ കഴിയുമെന്ന് ലെനിൻ പറഞ്ഞിട്ടുണ്ട്.

യു.ഡി.എഫ്. സർക്കാർ കഴിഞ്ഞ അഞ്ചുവർഷക്കാലം സൃഷ്ടിച്ച ശൂന്യത കേവലമായ ആഴ്ചകൾകൊണ്ട് മറികടക്കാൻ കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. വോൾഗാ നദിക്കരയിലെ കൊച്ചുപട്ടണത്തിൽ നിന്ന് കാലത്തിന്റെ മുഖാകൃതി മാറ്റാൻ കഴിഞ്ഞ വലിയ മനുഷ്യനാണ് സഖാവ് ലെനിൻ. കേരളം ഇന്ന് വളരെ വ്യത്യസ്തമായ പൊതുജനാരോഗ്യ ശൈലിയിലൂടെ പോകുകയാണ്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച അംഗങ്ങൾ പറഞ്ഞതൊന്നും ഞാൻ ആവർത്തിക്കുന്നില്ല.

ആർദ്രം പദ്ധതിയിലൂടെ, ട്രോമാകെയർ യൂണിറ്റ് സ്ഥാപിച്ചുകൊണ്ട് കേരളത്തെ അപകടരഹിത സംസ്ഥാനമാക്കി മാറ്റാനുള്ള പ്രവർത്തനത്തിലൂടെ അത്യന്താധുനിക സംവിധാനങ്ങളോടെയുള്ള സി.റ്റി. സ്കാൻ മെഷീനുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പൊതുജനാരോഗ്യ നയം രൂപീകരിച്ചുകൊണ്ട് ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പാസ്സാക്കാൻ ചങ്കൂറ്റം കാണിച്ച ആരോഗ്യ വകുപ്പുമന്ത്രിയെ സർവ്വാത്മനാ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ധൈര്യമുള്ളവർക്ക് മാത്രമേ അത്തരമൊരു ഇടപെടൽ നടത്താൻ കഴിയുകയുള്ളൂ. ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതിയിലെ അംഗമാണ് ഞാൻ. ആ ബിൽ പാസ്സാക്കുന്നതിന് മുമ്പ് ചില യോഗങ്ങൾ നടത്തിയിരുന്നു. ഒട്ടേറെ വൻകിടക്കാർ നമ്മൾപോലും അറിയാതെ വലിയ രൂപത്തിൽ ആശുപത്രിയുടെ/ചികിത്സയുടെ കാര്യത്തിൽ ഇടപെടുന്നുവെന്ന് അതിലെ അംഗം എന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രിയോടൊപ്പം യോഗത്തിൽ പങ്കെടുത്തപ്പോഴാണ് മനസ്സിലാക്കാൻ സാധിച്ചത്. ജൂൺ മാസത്തിൽ അതിന്റെ ചട്ടങ്ങൾകൂടി വന്നുകഴിഞ്ഞാൽ സ്വകാര്യ ആശുപത്രികൾക്കും അനധികൃത പ്രൈവറ്റ് ലാബുകൾക്കും രോഗികൾക്ക് ചികിത്സ നിഷേധിക്കുന്ന സ്ഥാപനങ്ങൾക്കും കടിഞ്ഞാണിടാൻ സാധിക്കും. തീർച്ചയായും ഈ സർക്കാരിന്റെ ഭാഗമായി നിൽക്കുന്നതിൽ ഞാൻ അഭിമാനിക്കുകയാണ്. 2030 വരെ ആരോഗ്യരംഗത്ത് കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളെ സംബന്ധിച്ച് സർക്കാർ പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്.

ഏറ്റവും അവഗണിക്കപ്പെട്ട് കഴിഞ്ഞിരുന്ന 7.94 ലക്ഷം വരുന്ന ഭിന്നശേഷിക്കാർ, അതിൽ ഏറ്റവും വിഷമമായിട്ടുള്ളത് 1.23 ലക്ഷം പേർ 18 വയസ്സിന് താഴെയുള്ളവരാണ് എന്നുള്ളതാണ്. സാമൂഹ്യസുരക്ഷാ മിഷന്റെ ഭാഗമായി, അവർക്കുവേണ്ടി നിയമസഭാംഗങ്ങളെല്ലാംകൂടി പ്രശസ്തനായ മജീഷ്യൻ ശ്രീ. ഗോപിനാഥ് മുതുകാടിന്റെകൂടെ സർക്കാരിന്റെ 'അനുയാത്ര' എന്ന പരിപാടിയിലൂടെ ഒരുപക്ഷെ, ഒരമ്മ എന്ന നിലയിൽ, സ്ത്രീ എന്ന നിലയിലുള്ള വകുപ്പുമന്ത്രിയുടെ ഏറ്റവും സ്നേഹപൂർവ്വമായ ഇടപെടൽ ആ കുഞ്ഞുങ്ങളോടൊപ്പം

നടത്തുന്നതിന് സാക്ഷ്യം വഹിച്ചവരാണ് ഞങ്ങളെല്ലാവരും. ഡിസ്ട്രിക്റ്റ് ലെവലിൽ Early intervention centers ആരംഭിക്കുകയാണ്. ഭിന്നശേഷിയുള്ള കുഞ്ഞുങ്ങൾ ജനിക്കുന്നത് ആരുടെയും തെറ്റല്ല, അവരോടൊപ്പം നിന്നുകൊണ്ട് അവരുടെകൂടെ നടക്കാൻ വേണ്ടിയുള്ള വലിയ ഇടപെടൽ സാമൂഹ്യസുരക്ഷയുടെ ഭാഗമായി ചെയ്യുന്നുണ്ട്. സ്കൂൾ അഡ്മിഷന് വാക്സിനേഷൻ നിർബന്ധമാക്കിയ ആദ്യ സംസ്ഥാനമെന്ന ഖ്യാതി കേരളത്തിനാണ് ലഭിച്ചിരിക്കുന്നത്.

ആർ.എസ്.എസ്./ബി.ജെ.പി.യോടൊപ്പം ചേർന്നുനിന്നുകൊണ്ട് പ്രസിഡന്റ് ഭരണം കേരളത്തിൽ വരണമെന്ന് പലപ്പോഴും കോൺഗ്രസ് രഹസ്യമായി ആഗ്രഹിക്കാറുണ്ട്. കേരളത്തിലെ ആരോഗ്യ മാതൃക കണ്ടുപഠിക്കണമെന്നാണ് ഇന്ത്യൻ പ്രസിഡന്റ് ഇവിടെ വന്നപ്പോൾ പറഞ്ഞത്. ആ രൂപത്തിലുള്ള ഇടപെടലാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്.

വയോജനക്ഷേമത്തിന് കേന്ദ്ര ഗവൺമെന്റിന്റെ അവാർഡ് വാങ്ങിയിട്ടാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഇരിക്കുന്നത്. 65 വയസ്സ് പ്രായമുള്ള പൗരന്മാർക്ക് മൊബൈൽ ഹെൽത്ത് ക്ലിനിക്കിലൂടെ സമഗ്ര ആരോഗ്യ സുരക്ഷ ഉറപ്പാക്കാൻ കഴിയുന്ന തരത്തിലുള്ള വയോമിത്രം പദ്ധതി നടപ്പിലാക്കി. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി ഇടതുപക്ഷത്തിന്റെ മഹിളാ സംഘടനയുടെ നേതാവ് എന്ന നിലയിൽ ചൈന സന്ദർശിച്ച വേളയിൽ എഴുതിയ ലേഖനം വളരെ ആവേശപൂർവ്വം വായിച്ച വ്യക്തിയാണ് ഞാൻ. അവിടെ കണ്ടൊരു മാതൃക, പ്രായമായവർക്ക് പട്ടിണിയില്ലാതെ കിടക്കാൻ, അവർക്കൊരാവശ്യം വന്നാൽ അവരുടെ അടുത്തേയ്ക്ക് പെട്ടെന്ന് ആളുകൾക്ക് ഓടിയെത്താൻ കഴിയണം. ബോംബെയിലെ ഫ്ലാറ്റിൽ മകൻ വന്നപ്പോൾ അമ്മ അസ്ഥികൂടമായിരുന്ന വേദനിപ്പിക്കുന്ന വാർത്ത നമ്മൾ വായിച്ചിട്ടുണ്ട്; അത്തരം അവസ്ഥ വരാതിരിക്കാൻവേണ്ടി റിമോട്ട് കൺട്രോളിന്റെ സഹായത്തോടുകൂടി വിശപ്പ് വന്നാൽ, ഒറ്റപ്പെട്ട് പോയാൽ, രോഗം വന്നാൽ ഈ മൂന്ന് ആവശ്യങ്ങൾക്ക് ഏറ്റവും വേഗതയിൽ സന്നദ്ധപ്രവർത്തകർക്ക് എത്താൻ കഴിയുന്ന കാര്യം ടീച്ചർ ആ ലേഖനത്തിൽ പ്രതിപാദിച്ചിരുന്നു. കേരളത്തിലും വയോമിത്രം പദ്ധതിയിലൂടെ ആ രൂപത്തിലുള്ള പ്രവർത്തനം വ്യാപിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് ആവേശപൂർവ്വം ഓർമിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കുട്ടികളിലെ ശ്രവണ വൈകല്യം പരിഹരിക്കുന്നതിന് 'കാതോരം' പദ്ധതി, മാതാവോ പിതാവോ മരണപ്പെടുന്ന കുട്ടികളെ അക്ഷരാർത്ഥത്തിൽ സഹായിക്കുന്നതിനുവേണ്ടി 'സ്നേഹപൂർവ്വം പദ്ധതി', കുട്ടികൾക്കുണ്ടാകുന്ന ഡയബറ്റിക്സ് പരിഹരിക്കുന്നതിനുവേണ്ടിയുള്ള 'മിഠായി പദ്ധതി' നടപ്പിലാക്കുന്നതിനും ബാലവേലയില്ലാത്ത നാടായി കേരളത്തെ മാറ്റാനും ബാലഭിക്ഷാടനം നിരോധിക്കാനുമൊക്കെയുള്ള വലിയ പരിശ്രമമാണ് നടത്തുന്നത്.

പ്രതിപക്ഷത്തെ ബഹുമാനപ്പെട്ട ഒരംഗം വനിത-ശിശു വികസന വകുപ്പ് രണ്ട് വർഷം മുമ്പ് രൂപീകരിച്ചുവെന്ന് പറഞ്ഞു. ഈ ഗവൺമെന്റ് വന്നിട്ട് ഏകദേശം ഒന്നേമുക്കാൽ വർഷം ആകുന്നതേയുള്ളൂവെന്ന് ബഹുമാനപ്പെട്ട അംഗത്തിനറിയാം. കഴിഞ്ഞ വർഷമാണ് വനിതാ വകുപ്പ് പ്രഖ്യാപിച്ചത്. നിങ്ങളെല്ലാവരും ഈ വർഷത്തെ വനിതാദിന പരിപാടിയിൽ പങ്കെടുത്തവരാണെന്ന് ഞാൻ കരുതുകയാണ്. എത്ര ആവേശപൂർവ്വമായാണ് ഇത്തവണത്തെ വനിതാദിന പരിപാടികൾ നടന്നത്. സ്ത്രീകളോട് സധൈര്യം മുന്നോട്ട് എന്നുപറയുന്ന മുദ്രാവാക്യം ഏറ്റെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. എല്ലായിടത്തും ആവേശകരമായി, അവരെ സാമ്പത്തികമായും ആരോഗ്യപരമായും ശാക്തീകരിക്കാനും സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാനും കഴിയുന്ന തരത്തിലുള്ള മുദ്രാവാക്യം ഏറ്റെടുത്തുകൊണ്ടുള്ള വനിതാദിന പരിപാടികളാണ് നടത്തിയത്. ഏകദേശം 1,276 കോടി രൂപയായി വനിതാക്ഷേമ പ്രവർത്തനങ്ങളുടെ പദ്ധതിത്തുക സർക്കാർ ഉയർത്തിയിട്ടുണ്ട്. സൂര്യനെല്ലി അടക്കമുള്ള നിരവധി സ്ത്രീപീഡന കേസ്സുകളിൽ പാവപ്പെട്ട പെൺകുട്ടികൾ മുഖമില്ലാത്തവരായി കേരളത്തിൽ മാറിയിരുന്നു. ഇനി അങ്ങനെയൊരു അവസ്ഥ കേരളത്തിൽ വരേണ്ടതില്ലായെന്ന് മന്ത്രി 'സേഫ്' പദ്ധതിയിലൂടെ തീരുമാനിച്ചിരിക്കുന്നു. അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് അടിയന്തര സഹായം നൽകുന്നതിനുവേണ്ടിയുള്ള വലിയ ഇടപെടലുകൾ നടത്തുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ ഭാഗമായി അവർക്ക് തേജോമയ വീടുകൾ നിർമ്മിക്കാനായും അതുപോലെ കൃത്യമായി അവർക്ക് അഭയം കൊടുക്കാനുമായി വലിയ രൂപത്തിലുള്ള പ്രവർത്തനങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ ഭാഗമായി നടത്തുകയാണ്.

സാമാന്യം വായിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന ഒരംഗത്തിന് സാമൂഹ്യനീതി വകുപ്പ് ഒന്നും ചെയ്യുന്നില്ലെന്ന് എങ്ങനെ പറയാൻ കഴിയുന്നുവെന്ന് എനിക്കറിയില്ല. ഭരണപക്ഷത്തെ ആക്രമിക്കാൻ വേണ്ടി പറയാം. വിധവകൾക്ക് 58 കോടി രൂപയുടെ പദ്ധതികളാണ് പ്രഖ്യാപിച്ചിരിക്കുന്നത്. വനിതാ വികസന കോർപ്പറേഷൻ ചരിത്രത്തിൽ ഏറ്റവും വലിയ മുന്നേറ്റത്തിലേയ്ക്ക് പോകുകയാണ്. വനിതാ വികസന കോർപ്പറേഷന്റെ വായ്പ നൂറ് കോടി രൂപയിലേയ്ക്ക് ഉയർന്നിരിക്കുകയാണ്. കഴിഞ്ഞ ദിവസം ഒരു മാഗസിനിൽ, 'തുറിച്ച് നോക്കരുത് ഞങ്ങൾക്ക് പാല് കൊടുക്കണം' എന്നുപറഞ്ഞ് ക്യാമ്പയിൻ വന്നിരുന്നു. ആ മാഗസിന്റെ വിപണന തന്ത്രമൊക്കെ മനസ്സിലാകും. കേരളത്തിൽ ഞാൻ ഉൾപ്പെടുന്ന സ്ത്രീകൾ കുഞ്ഞുങ്ങളെ പാലൂട്ടിവളർത്തുന്ന അമ്മമാരൊക്കെ തന്നെയാണ്. പബ്ലിക് യൂറിനൽ സൗകര്യമില്ലാത്ത നാട്ടിലാണ് നമ്മളൊക്കെ ജീവിക്കേണ്ടി വന്നത്. കഴിഞ്ഞ ബജറ്റിൽ പറഞ്ഞിട്ടുണ്ടായിരുന്നു, ഇത്തവണത്തെ ബജറ്റിൽ വളരെ emphasize ചെയ്ത്, stress ചെയ്ത് വീണ്ടും അക്കാര്യം പറഞ്ഞിട്ടുണ്ട്.

സ്ത്രീകൾ നേരിടുന്ന അടിസ്ഥാനപരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻവേണ്ടിയുള്ള ബജറ്റ് പ്രഖ്യാപനം പൂർണ്ണ നിലവാരത്തിലേയ്ക്ക് എത്തിക്കാനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ഇതൊക്കെ ഞങ്ങൾ പറയുമ്പോഴും ഖജനാവിൽ ധാരാളം പണമൊന്നും വച്ചുകൊണ്ടുള്ള കണക്കുകളൊന്നും നിരത്താൻ നമുക്ക് കഴിയുകയില്ല.

പ്രതിപക്ഷം സംസാരിക്കുമ്പോൾ നരേന്ദ്ര മോദി ഫാൻസ് ആണോ ഇവരൊക്കെയെന്ന് ഞാൻ ഓർത്തുപോകും. ഇന്ത്യയിലെ പ്രധാനമന്ത്രി ചെയ്യുന്ന ഒരു തെറ്റുകളെയും വിമർശിച്ച് കാണാറില്ല. കേന്ദ്ര ഗവൺമെന്റ് 'ക്യാഷ് ലെസ് ഇക്കോണമി' എന്നാണ് പറഞ്ഞിരിക്കുന്നത്. ക്യാഷ് ലെസ് ഇക്കോണമി' അക്ഷരാർത്ഥത്തിൽ പ്രാവർത്തികമാക്കിയിരിക്കുകയാണ്. ഇവിടെ നീരവ് മോദി പഞ്ചാബ് നാഷണൽ ബാങ്കിനെ അക്ഷരാർത്ഥത്തിൽ ക്യാഷ്ലെസ്സാക്കി അദ്ദേഹം വിദേശത്തേയ്ക്ക് പോയിരിക്കുകയാണ്. ശ്രീ. നരേന്ദ്ര മോദിയുടെ ശത്രു ആരാണ്; ത്രിപുരയിലെ ഏറ്റവും നല്ല മുഖ്യമന്ത്രി, നമ്മൾ എല്ലാവരും ഇഷ്ടപ്പെടുന്ന, മണിക് ബാ എന്ന് വിളിക്കുന്ന, ബാങ്ക് അക്കൗണ്ടിൽ സ്വന്തമായി പണമില്ലാത്ത, വീടില്ലാത്ത മണിക് സർക്കാരിനെയാണ് അദ്ദേഹം ശത്രുവായി കാണുന്നത്. അവിടെ ലെനിന്റെ പ്രതിമ അടിച്ചുതകർത്തപ്പോൾ അപ്പുറത്തിരിക്കുന്ന പല പ്രതിപക്ഷാംഗങ്ങളും എഴുന്നേറ്റ് നിന്നുകൊണ്ട് അവരുടെ ആവേശം പ്രകടിപ്പിക്കുന്നതുകണ്ടു. ലെനിനും എ.കെ.ജി.യും പ്രതിമകളിലൊന്നുമല്ല മനുഷ്യന്റെ ഹൃദയത്തിലാണ് ജീവിക്കുന്നത്. 17-ഓളം രക്തസാക്ഷികൾക്ക് ജന്മം നൽകിയിട്ടുള്ള കുട്ടനാട്ടിലെ ചോരവീണ മണ്ണിൽ നിന്നാണ് ഞാൻ കേരള നിയമസഭയിലേയ്ക്ക് എത്തിയിരിക്കുന്നത്. അവിടെ അവരാരും രാഷ്ട്രീയ പകപോക്കലിന്റെ പേരിൽ വീണവരല്ല. മനുഷ്യരുടെ അവകാശങ്ങൾക്കുവേണ്ടിയാണ് അവരുടെ രക്തം ചിന്തിയത്. ഷാപ്പിലുണ്ടായ സംഘർഷത്തിൽ ഒരു രക്തസാക്ഷിയെ അപമാനിച്ചുകൊണ്ടുള്ള സംസാരം കഴിഞ്ഞ ദിവസം കേട്ടു. എ.കെ.ജി. ഒളിവിൽ ഇരുന്നത് പ്രണയിക്കാനും വിവാഹം കഴിക്കാനുമാണെന്ന് പറയുന്ന ചരിത്രപരമായ വിഡ്ഢിത്തങ്ങളും ഞങ്ങൾക്ക് ഈ സഭയിൽ കേൾക്കേണ്ടി വന്നു. അതിനെയൊക്കെ അതിന്റേതായ അർത്ഥത്തിൽ തള്ളിക്കളയാൻ ഇതുപോലുള്ള അവസരങ്ങൾ ഉപയോഗിക്കുന്നു. കേരളത്തിൽ ഭരണമുണ്ടോയെന്ന് ഇപ്പോൾ ആരും ചോദിക്കുന്നില്ല. പ്രതിപക്ഷം ഉണ്ടോയെന്നാണ് എല്ലാവരും ചോദിക്കുന്നത്. കാരണം പ്രതിപക്ഷത്ത് ആരാണ് നേതാവെന്നുപോലും ഞങ്ങൾക്കറിയില്ല. ഇന്നുവരെ പ്രതിപക്ഷത്തുള്ള എല്ലാ അംഗങ്ങളെയും നമ്മൾ കണ്ടിട്ടുണ്ടോ? പ്രതിപക്ഷത്തെ ഒരംഗം എത്രയോ ദിവസമായി ഈ സഭയിൽപ്പോലുമില്ല. ബഹുമാന്യനായ ഒരംഗത്തിന്റെ

അസുഖവിവരം ഇവിടെ സഭയിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ മൊത്തം വോട്ട് ചെയ്യാൻ അല്ലെങ്കിൽ വോട്ട് ചെയ്യാതിരിക്കാൻ പോലും അവരെ അണിനിരത്താൻ കഴിഞ്ഞിട്ടില്ല. ഇവർക്ക് ഒരു രാഷ്ട്രീയ സമിതിയുണ്ടോ? പ്രതിപക്ഷത്തിന് എന്ത് രാഷ്ട്രീയമാണ് അവകാശപ്പെടാനുള്ളത്? എല്ലാ സുഖസൗകര്യങ്ങളും അനുഭവിച്ച് കൊണ്ട് പഞ്ചാബ് നാഷണൽ ബാങ്കിനെ അക്ഷരാർത്ഥത്തിൽ ക്യാഷ്ലെസ് ആക്കി ധിക്കരിച്ചുകൊണ്ട്, നാട്ടിലേയ്ക്ക് വരാൻ കത്തയച്ചിട്ടും കേസ് കൊടുത്ത് വക്കീൽ നോട്ടീസ് കിട്ടിയിട്ടുപോലും വിദേശരാജ്യത്ത് ശ്രീ. നരേന്ദ്രമോദിയോടൊപ്പം ചിത്രമെടുത്ത് സന്തോഷിച്ച നീരവ് മോദിയുടെ ഒരു പ്രസ്താവന പോലും ഇവരുടെ ആരുടെയും സംസാരത്തിൽ കേൾക്കുന്നില്ല. പകൽ കോൺഗ്രസ്സും രാത്രിയിൽ ആർ.എസ്.എസ്.-ഉം എന്ന് ഏതോ ഒരു നേതാവ് പറഞ്ഞു. കാൽച്ചുവട്ടിലെ മണ്ണ് ഇളകിപ്പോകുന്നുവെന്ന് ഇന്നും പറയുന്നത് കേട്ടു. പ്രതിപക്ഷാംഗങ്ങളുടെ, യു.ഡി.എഫ്.-ന്റെയും കോൺഗ്രസ്സിന്റെയും കാൽച്ചുവട്ടിലെ മണ്ണാണ് ഇളകിപ്പോകുന്നത്. ഇനിയെങ്കിലും അത് തിരിച്ചറിയാനുള്ള രാഷ്ട്രീയമാണ് വേണ്ടത്. ത്രിപുരയിലും മേഘാലയയിലും നാഗാലാന്റിലും മറ്റും തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ നിങ്ങൾ ആരെയാണ് നേതാവായി ഉയർത്തിക്കാണിക്കുന്നത്. ഈ മൂന്ന് തെരഞ്ഞെടുപ്പും കഴിഞ്ഞപ്പോൾ ഒരു പ്രതികരണം ചോദിക്കാൻ വേണ്ടി എ.ഐ.സി.സി. അദ്ധ്യക്ഷനെ അന്വേഷിച്ചപ്പോൾ അമ്മൂമ്മയോടൊപ്പം ഇറ്റലിയിൽ ഹോളി ആഘോഷിക്കാൻ പോയെന്ന് ട്വീറ്റ് ചെയ്തിരിക്കുന്നു. ഇതാണ് കോൺഗ്രസ്സിന്റെ അവസ്ഥ. ഇദ്ദേഹമാണോ ബി.ജെ.പി.-ക്ക് ബദലുണ്ടാക്കാൻ പോകുന്നത്. കോൺഗ്രസ്സിൽ പ്രതീക്ഷയില്ല. അതുകൊണ്ടുതന്നെ വലതുപക്ഷ രാഷ്ട്രീയത്തോട് അല്ലെങ്കിൽ ബി.ജെ.പി.-ക്ക് ബദലായി വലിയ രൂപത്തിലുള്ള രാഷ്ട്രീയ കൂട്ടുകെട്ട് ഇന്ത്യാ മഹാരാജ്യത്ത് ഉയർന്ന് വരേണ്ടിയിരിക്കുന്നു. ഫെഡറൽ സംവിധാനങ്ങളെ ആകെ അട്ടിമറിച്ചുകൊണ്ടുള്ള ഒരു രീതിയാണ് ഇന്ന് ബി.ജെ.പി. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വന്നിട്ടുള്ളത്.

എന്തായാലും ഞങ്ങൾക്ക് ചരിത്രത്തെ മറക്കാൻ കഴിയില്ല. കഴിഞ്ഞ ദിവസം നമ്മുടെ രക്തസാക്ഷിയായ ഒരു സഖാവിനെ ആക്ഷേപിച്ചുകൊണ്ട് കോൺഗ്രസ്സിലെ ഒരംഗം പറഞ്ഞതിന് പ്രായശ്ചിത്തമായി ശ്രീ. മുരുകൻ കാട്ടാക്കടയുടെ 'രക്തസാക്ഷി' എന്ന കവിതയിലെ നാല് വരികൾ ഞാനിവിടെ ചൊല്ലാം. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളെയും ശ്രീമതി ശൈലജ ടീച്ചർ ആരോഗ്യ രംഗത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളെയും ഈ വർഷത്തെ ബജറ്റിനോടനുബന്ധിച്ചുള്ള ധനാഭ്യർത്ഥന ചർച്ചകളെയും സർവ്വാത്മനാ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ശ്രീ. മുരുകൻ കാട്ടാക്കടയുടെ 'രക്തസാക്ഷി'-യിലെ നാല് വരികൾ ചൊല്ലിക്കൊണ്ട്

ഞാൻ നിർത്താം. രക്തസാക്ഷിക്ക് മരണമില്ല.

"അവനവനു വേണ്ടിയല്ലാതെ
അപരനു ചുടുരക്തമൂറ്റി-
കുലം വിട്ടു പോയവൻ രക്തസാക്ഷി.......
മരണത്തിലൂടെ ജനിച്ചവൻ സ്മരണയിൽ ഒരു-
രക്തതാരകം രക്തസാക്ഷി........
ഒരിടത്തവനു പേർ ചെഗുവേരയെന്നെങ്കിൽ-
ഒരിടത്തവനു ഭഗത്സിംഗ് പേർ.....
ഒരിടത്തവൻപേർ യേശു ദേവനെന്നാണ്....
വേറൊരിടത്തവനു മഹാഗാന്ധി പേർ.....
ആയിരം പേരാണവനു ചരിത്രത്തി-
ലായിരം നാവവനെക്കാലവും
അവനവനു വേണ്ടിയല്ലാതെ
അപരനു ചുടുരക്തമൂറ്റി-
കുലം വിട്ടു പോയവൻ രക്തസാക്ഷി.........."

1.00 PM]

ശ്രീ. കാരാട്ട് റസാഖ്: സർ, കേരളത്തിലെ ആരോഗ്യ രംഗത്ത് വിപ്ലവം സൃഷ്ടിച്ച് ജനക്ഷേമ പ്രവർത്തനങ്ങളുമായി വളരെ നല്ല രൂപത്തിൽ മുന്നോട്ട് പോകുന്ന ഈ ഗവൺമെന്റിനെയും അതിന് നേതൃത്വം കൊടുക്കുന്ന ആരോഗ്യ വകുപ്പുമന്ത്രിയേയും അഭിനന്ദിക്കുകയും ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയുമാണ്. ആരോഗ്യ രംഗത്ത് വൻ മാറ്റങ്ങളാണ് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. 'ആർദ്രം' പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഓമശ്ശേരി പി.എച്ച്.സി.-യും ഇതിൽ ഉൾപ്പെട്ടിരിക്കുകയാണ്. 'ആർദ്രം' മിഷന്റെ ഭാഗമായി കിഫ്ബി മുഖേന 44 ജില്ലാ താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുകയാണ്. ജില്ലാ ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിച്ചു. 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 830-ലധികം തസ്തികകൾ സൃഷ്ടിച്ചു. എന്റെ നിയോജകമണ്ഡലത്തിലെ താമരശ്ശേരി താലൂക്കാശുപത്രിയിലടക്കം ജില്ലാ -ജനറൽ -താലൂക്കാശുപത്രികളിലായി 891 തസ്തികളാണ് സൃഷ്ടിച്ചിട്ടുള്ളത്. കേരള

സംസ്ഥാനത്തിന്റെ ആരോഗ്യ നിലവാരം ഇന്ത്യയിലെ മറ്റുള്ള സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. ഇതിന് ആക്കംകൂട്ടുന്ന പ്രവൃത്തികളുമായി സർക്കാർ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്.

മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായി പുതിയ ആശുപത്രി അനുവദിക്കുകയുണ്ടായി. വയനാട്, മലപ്പുറം, പത്തനംതിട്ട എന്നീ ജില്ലകളിൽ പുതുതായി റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് അനുവദിക്കുകയും 25 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. സംസ്ഥാനത്ത് പകർച്ചവ്യാധികൾ തടയുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പും ആർദ്രം മിഷനും ചേർന്ന് 2018 ജനുവരി മുതൽ ഡിസംബർ വരെ ബോധവൽക്കരണ പരിപാടിയുമായി ആരോഗ്യ ജാഗ്രത പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. മീസൽസ് റൂബെല്ല രോഗങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി മീസൽസ് റൂബെല്ല വാക്സിനേഷൻ ക്യാമ്പയിൻ ആരോഗ്യ വകുപ്പ് നടപ്പിലാക്കി. എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ നടത്തിപ്പിനുവേണ്ടി 232 സ്റ്റാഫ് നഴ്സിനേയും 232 ഫിസിയോ തെറാപ്പിസ്റ്റിനേയും കരാർ അടിസ്ഥാനത്തിൽ നിയമിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ജില്ലാ ആശുപത്രികളിൽ പക്ഷാഘാത നിയന്ത്രണ ക്ലിനിക് ആരംഭിച്ചിരിക്കുകയാണ്. ശബരിമല സന്നിധാനത്ത് പുതുതായി ഹോസ്പിറ്റൽ സമുച്ചയം നിർമ്മിക്കുകയും പമ്പ മുതൽ സന്നിധാനം വരെ 16 എമർജൻസി മെഡിക്കൽ സെന്ററുകൾ പ്രവർത്തിക്കുകയും ചെയ്യുന്നത് ഈ സർക്കാരിന്റെ നേട്ടങ്ങളാണ്. സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമായി നിരവധി ക്ലിനിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. സർക്കാർ/സ്വകാര്യ മേഖലയിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ കൃത്യമായും നിയമത്തിന് വിധേയമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ നിയമമാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്. ആരോഗ്യ രംഗത്തെ നാഴികക്കല്ലായ ഈ നിയമം ഈ സർക്കാരാണ് നിയമസഭയിൽ അവതരിപ്പിച്ചത്. ഇത് വകുപ്പുമന്ത്രിയുടെ പ്രത്യേകം കഴിവാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിന്റെ സവിശേഷമായ പൊതുജനാരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ വിജയകരമായി കൈകാര്യം ചെയ്യുന്നതിന് സർക്കാരിന്റെയും ജനങ്ങളുടെയും കൂട്ടായ പ്രവർത്തനങ്ങൾ അത്യാവശ്യമാണ്. ഈ ലക്ഷ്യം മുൻനിർത്തിയാണ് സംസ്ഥാന ആരോഗ്യ നയം രൂപീകരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. ഇതിന്റെ കരട് ഇപ്പോൾ ക്യാബിനറ്റിൽ അംഗീകരിച്ചിട്ടുണ്ട്. ഇന്ന് സംസ്ഥാനം അഭിമുഖീകരിക്കുന്ന ജീവിതശൈലീ രോഗങ്ങൾ, പകർച്ചവ്യാധികൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവയെ അടിസ്ഥാനമാക്കി വിദഗ്ദ്ധ സമിതികളുടെ റിപ്പോർട്ടുകൾ

തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ലൈംഗികാതിക്രമത്തിന് ഇരയായ സ്ത്രീക്ക് മുഴുവൻ പരിശോധനകളും നടത്തി തെളിവിനാവശ്യമായ സാമ്പിളുകൾ ശേഖരിക്കുന്ന സേഫ് കിറ്റ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുകയാണ്. ഇന്ത്യയിലാദ്യമായി ഇത്തരമൊരു ദൗത്യം ഏറ്റെടുക്കുന്നത് കേരള സർക്കാരാണ്. അതുപോലെ ആർ.ബി.എസ്.കെ. പദ്ധതി മുഖേന 2016 ഏപ്രിൽ മുതൽ ഡിസംബർ വരെ 14,623 കുട്ടികൾക്ക് ശ്രീചിത്രാ ആശുപത്രി വഴി സൗജന്യ ചികിത്സ നൽകുകയുണ്ടായി. ജന്മനാ ഉള്ള ഹൃദ്രോഗ ചികിത്സയ്ക്കായി 'ഹൃദ്യം' പദ്ധതിയിൽ എട്ടര കോടിയോളം രൂപ ചെലവഴിച്ചു. ആ പദ്ധതി നടപ്പിലായിക്കൊണ്ടിരിക്കുകയാണ്. ആരോഗ്യ സേവനം നടത്തുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ആകമാനം കമ്പ്യൂട്ടർവൽക്കരിച്ച് നടപ്പിലാക്കുന്ന ഇന്ത്യയിലെ തന്നെ ആദ്യത്തെ പദ്ധതിയാണ് ഇ-ഹെൽത്ത് പ്രോജക്ട്. സംസ്ഥാനത്ത് ഏത് ആശുപത്രിയിൽ ചികിത്സ തേടിയാലും അതുവരെയുള്ള ചികിത്സയുടെ വിവരങ്ങൾ മുഴുവൻ ഡോക്ടറുടെ മുന്നിലുള്ള കമ്പ്യൂട്ടറിൽ ലഭ്യമാകുന്ന ഈ സംവിധാനം ഗണ്യമായി ചികിത്സാച്ചെലവ് കുറയ്ക്കുവാൻ സാധിക്കുന്ന ഒരു പദ്ധതിയാണ്. ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ശിശുമരണ നിരക്ക് കുറഞ്ഞിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് ഇന്ന് വെല്ലുവിളിയായി മാറിക്കൊണ്ടിരിക്കുന്ന ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, പ്രഷർ, അർബുദം തുടങ്ങിയവ ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുകയാണ്. കൂടാതെ പടരുന്ന രോഗങ്ങളായ പന്നിപ്പനി, എലിപ്പനി, ചിക്കൻഗുനിയ തുടങ്ങിയവയും ഏറെ ആശങ്ക സൃഷ്ടിക്കുന്നു. ഇതിനെല്ലാം പുറമെ, ആരോഗ്യരംഗത്തെ പുതിയ ഭീഷണികളായ മാനസിക രോഗങ്ങൾ, ആത്മഹത്യ, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വർദ്ധിച്ചുവരുന്ന ഉപയോഗം, കൗമാരകാലത്തെ ആരോഗ്യപ്രശ്നങ്ങൾ എന്നിവ വർദ്ധിച്ചുവരികയാണ്. റോഡ് ട്രാഫിക് അപകടങ്ങൾ വലിയൊരു പ്രശ്നമായി മാറിയിരിക്കുകയാണ്. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ആദിവാസികളുടെ പ്രശ്നങ്ങൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ ജനസമൂഹത്തിന്റെ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണാൻ ആരോഗ്യവകുപ്പ് മാത്രം വിചാരിച്ചാൽ കഴിയില്ല. അതിന് മറ്റു വകുപ്പുകളുടെ ഏകോപനവും ആത്മാർത്ഥതയും അതീവശ്രദ്ധയും അത്യാവശ്യമാണ്. ഇക്കാര്യത്തിൽ സർക്കാർ പ്രത്യേക ശ്രദ്ധചെലുത്തുമെന്നാണ് ഞാൻ കരുതുന്നത്.

രോഗപ്രതിരോധത്തിനോടൊപ്പം തന്നെ മുൻകൂട്ടി രോഗങ്ങൾ കണ്ടെത്തി ഉചിതമായ ചികിത്സ നൽകുന്ന പ്രതിരോധ നടപടിയും നടപ്പാക്കുമെന്ന് പ്രത്യാശിക്കുന്നു. മെഡിക്കൽ കോളേജിനെ ലോകോത്തര സ്ഥാപനമാക്കി ഉയർത്തുന്നതിന്റെ ഭാഗമായി 600 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നത് ശ്ലാഘനീയമാണ്. നമ്മുടെ സംസ്ഥാനത്ത് അർബുദ രോഗികളുടെ എണ്ണം

ദിനംപ്രതി കൂടിക്കൊണ്ടിരിക്കുന്നത് കണക്കിലെടുത്ത് കൊച്ചിയിൽ ആധുനിക കാൻസർ സെന്റർ തുടങ്ങാനുള്ള ശ്രമം അഭിനന്ദനീയമാണ്. മലബാറിൽ നിന്നുള്ള രോഗികൾക്ക് മികച്ച ചികിത്സ ലഭിക്കുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജിൽ സംവിധാനങ്ങളൊരുക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സാമ്പത്തിക വികസനത്തിന് വളരെ പ്രാധാന്യത്തോടെയും ഫലപ്രദമായും സംഭാവന ചെയ്യാൻ ആരോഗ്യമുള്ള സമൂഹത്തിനു മാത്രമേ സാധിക്കുകയുള്ളൂ. ചെലവേറിയ ചികിത്സാരീതി ധനികരെപ്പോലും ദരിദ്രരാക്കുന്നു. നമ്മുടെ സംസ്ഥാനത്ത് നല്ല ആരോഗ്യനിലവാരം നേടിയെടുക്കുന്നതിൽ ഉന്നത വിദ്യാഭ്യാസ നിലവാരവും ഉയർന്ന ആരോഗ്യ അവബോധവും സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ് ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കൃത്രിമ പല്ലുകൾ സൗജന്യമായി നൽകുന്ന 'മന്ദഹാസ' പദ്ധതി, ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള 'ഇൻസൈറ്റ്' പദ്ധതി, സാമ്പത്തികമായി ശേഷി കുറഞ്ഞ അംഗപരിമിതർക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്ക് ധനസഹായം നൽകുന്ന 'വിദ്യാജ്യോതി' പദ്ധതി തുടങ്ങിയ ഒട്ടേറെ വ്യത്യസ്തമായ പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. കിടത്തി ചികിത്സയ്ക്ക് സൗകര്യമുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ആവശ്യമായ ഡോക്ടർമാരെ നിയമിച്ച് അവിടെ കിടത്തി ചികിത്സ ഉറപ്പുവരുത്തുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

നിരവധി ശ്രദ്ധേയമായിട്ടുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിക്കൊണ്ടാണ് ഈ സർക്കാർ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. ഏത് വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിമാരാണെങ്കിലും തന്റെ വകുപ്പിൽ വളരെ ശ്രദ്ധയോടുകൂടി കാര്യങ്ങൾ നീക്കിക്കൊണ്ട് ഈ സർക്കാരിന്റെ ഓരോ പദ്ധതികളും വിജയിപ്പിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എന്താണ് ഈ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള തെന്നാണ് പ്രതിപക്ഷത്തുള്ള ആളുകൾ ചോദിക്കുന്നത്. എനിക്കൊരു ഉദാഹരണം പറയാനുള്ളത്, കല്യാണം കഴിഞ്ഞയുടനെ ഒരു കുട്ടി വേണമെന്ന് പറയുമ്പോൾ കുട്ടിയെ കൊടുക്കാൻ ഭാര്യയ്ക്കും ഭർത്താവിനും സാധിക്കില്ല. അതിന് 10 മാസം കാത്തിരിക്കേണ്ടതുണ്ട്. അങ്ങനെ 10 മാസം കാത്തിരിക്കാനുള്ള ക്ഷമപോലും പ്രതിപക്ഷത്തിനില്ലായെന്നുള്ളത് ഞാൻ ദു:ഖത്തോടുകൂടി ഓർക്കുകയാണ്.

സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തുള്ള എല്ലാ വിദ്യാലയങ്ങളും ആ മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ മാറിമാറിവരുന്ന സർക്കാരിൽ രക്ഷിതാക്കൾക്കോ

അദ്ധ്യാപകർക്കോ വിദ്യാർത്ഥികൾക്കോ ഒരു പ്രതീക്ഷയും ഇല്ലായിരുന്നു. എന്നാൽ ഇന്ന് രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും നല്ല പ്രതീക്ഷയാണ് ഉളവാക്കിയിട്ടുള്ളത്. അതുകൊണ്ടാണ് പൊതുവിദ്യാഭ്യാസ മേഖലയിൽ, വിദ്യാർത്ഥികളെ പൊതുവിദ്യാലയത്തിലേയ്ക്ക് അയയ്ക്കാൻ രക്ഷിതാക്കൾ തയ്യാറാകുന്നത്. വലിയ മാറ്റങ്ങളാണ് ആ മേഖലയിൽ സൃഷ്ടിച്ചിട്ടുള്ളത്. എന്റെ നിയോജകമണ്ഡലത്തിൽ 5 ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുകയാണ്. അതിന്റെയെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിച്ചു. എന്താണ് ഈ ഗവൺമെന്റിൽ നിന്നും നിങ്ങൾക്ക് ലഭിച്ചിട്ടുള്ളതെന്ന് ഇപ്പോൾ എന്റെ മണ്ഡലത്തിൽ പലരും ചോദിക്കുന്നു. എന്നാൽ എനിക്ക് അവരോട് പറയാനുള്ളത് ഇതൊക്കെതന്നെയല്ലേ ലഭിക്കാനുള്ളത് എന്നാണ്. വികസനങ്ങൾ ഓരോ ഘട്ടങ്ങളായി ഓരോരോ പ്രദേശത്ത് കൊണ്ടുവരുമ്പോൾ അത് കണ്ടില്ലെന്ന് നടിക്കുന്ന ഒരു സമീപനമാണ് ചിലയാളുകളുടെ ഭാഗത്തുനിന്നുള്ളത്.

'ലൈഫ് പദ്ധതി'യുടെ സർവ്വേകൾ പൂർത്തീകരിച്ചു, അതിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കാൻ പോകുകയാണ്. സ്വാഭാവികമായും ഈ പദ്ധതി പ്രാവർത്തികമാകുമ്പോൾ എല്ലാ പാവപ്പെട്ടവർക്കും വീട് ലഭിക്കാൻ പോകുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെങ്കിലുമൊരു പാവപ്പെട്ട വ്യക്തിക്ക് ഒരു വീട് കൊടുക്കാൻ സാധിച്ചിട്ടുണ്ടോ? അവർക്ക് സാധിച്ചിട്ടില്ല. അതുമാത്രമല്ല, വീടിനുള്ള തുക രണ്ടുലക്ഷം രൂപയായി വർദ്ധിപ്പിച്ചപ്പോൾ ആ വർദ്ധനവിൽ സർക്കാരിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന തുക ഒരു പാവപ്പെട്ടവനും ലഭിച്ചിട്ടില്ല. അങ്ങനെ പാവപ്പെട്ടവനെ നിരാശനാക്കുന്ന നിലപാടാണ് അന്നത്തെ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ 44 കൊലപാതകങ്ങൾ മുസ്ലീം ലീഗ് നടത്തിയെന്ന് ഇന്നലെ ബഹുമാന്യനായ ജലീൽ സാഹിബ് സൂചിപ്പിക്കുകയുണ്ടായി. അതിൽ വലിയ വിമർശനങ്ങളാണ് നടത്തിയിട്ടുള്ളത്. എനിക്ക് സൂചിപ്പിക്കുവാനുള്ളത്, പ്രവാചകൻ മുഹമ്മദ് നബി പറഞ്ഞിട്ടുള്ളത് നിങ്ങൾ ഒരു മുസ്ലീമിനെ കണ്ടാൽ സലാം ചൊല്ലണമെന്നാണ്.

'അസ്സലാമു അലൈക്കും വ

റഹ്മത്തുല്ലാഹി വ

ബറക്കാത്ഹ്'

കൊടുവള്ളി നിയോജകമണ്ഡലത്തിൽ മുസ്ലീം ലീഗിന്റെ ചില ആളുകൾ

ഇടതുപക്ഷ സ്ഥാനാർത്ഥിയായി എം.എൽ.എ. ആയതിനുശേഷം സലാം ചൊല്ലുന്നില്ല. 44 കൊലപാതകങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്ന മുസ്ലീം ലീഗ് ജനാധിപത്യവും ജനവിധിയും അംഗീകരിക്കുവാനുള്ള ഒരു നിലപാട് സ്വീകരിക്കേണ്ടതുണ്ട്. സഞ്ചാരസ്വാതന്ത്ര്യം പോലും നഷ്ടപ്പെടുത്തുന്ന പ്രവർത്തനങ്ങളാണ് മുസ്ലീം ലീഗിന്റെ ചില ആളുകളുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഞാൻ എല്ലാ മുസ്ലീം ലീഗുകാരെയും വിമർശിക്കുന്നില്ല. ഇവിടെയുള്ള മുസ്ലീം ലീഗിന്റെ എം.എൽ.എ.-മാരെ വിമർശിക്കുകയുണ്ടായി. അത്തരം നിലപാടുകൾ സ്വീകരിക്കുന്നത് തെറ്റായ പ്രവണതയാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങി കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജെയിംസ് മാത്യു)

ശ്രീ. കെ. രാജൻ: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുകയാണ്. വളരെ ദയനീയമായ ചർച്ചയാണ് പ്രതിപക്ഷത്തു നിന്നും കേൾക്കാൻ കഴിഞ്ഞത്. സാമാന്യം രാഷ്ട്രീയം പറയണമെന്നൊരു തയ്യാറെടുപ്പുണ്ടായിരുന്നു. പക്ഷെ അത് പറയാനുള്ളൊരു ചങ്കൂറ്റം പ്രതിപക്ഷത്തുനിന്നും കാണിച്ചില്ലെന്നുമാത്രമല്ല, സാമൂഹ്യ സുരക്ഷയെക്കുറിച്ചോ ആരോഗ്യ മേഖലയിലെ നയ പരിപാടികളെക്കുറിച്ചോ കഴിഞ്ഞ ഇരുപത് മാസക്കാലമായി കേരളാ ഗവൺമെന്റെടുത്ത ഉറച്ച നടപടികളെക്കുറിച്ചോ ഒരു ചെറിയ അഭിപ്രായവ്യത്യാസംപോലും ഉന്നയിക്കാൻ പ്രതിപക്ഷത്തിന് കഴിയാത്ത തരത്തിലുള്ളൊരു ചർച്ചയാണ് ഇവിടെ നടന്നത്. കേന്ദ്ര ഗവൺമെന്റ് എല്ലാ ദേശീയ തലത്തിലുമുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ നിന്നും ഓടി രക്ഷപ്പെടാൻ വേണ്ടി ശ്രമിക്കുകയാണ്. ആരോഗ്യ മേഖലയിൽ ജി.ഡി.പി.-യുടെ രണ്ട് ശതമാനം മാത്രമാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ചെലവഴിച്ചുകൊണ്ടിരിക്കുന്നതെന്നതാണ് ഔപചാരികമായ കണക്കുകൾ കാണിക്കുന്നത്. അമേരിക്ക പോലും ഇരുപത് ശതമാനം പണം ചെലവഴിക്കുന്നുണ്ട്. കേവലം രണ്ട് ശതമാനം മാത്രം പണം ചെലവഴിക്കുന്ന കേന്ദ്ര ഗവൺമെന്റ്, നിങ്ങൾ കണ്ടു പഠിക്കേണ്ടത് യു.പി.-യെയാണെന്നാണ് ഇപ്പോൾ പറഞ്ഞു കൊണ്ടിരിക്കുന്നത്. ഇന്ത്യയുടെ ഹൃദയ മേഖലയായ യു.പി.-യെ കണ്ടുപഠിക്കാൻ ശ്രീ. നരേന്ദ്ര മോദിയും ശ്രീ. അമിത് ഷായും തുടർച്ചയായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഞങ്ങൾ എന്താണ് യു.പി.-യെ കണ്ടു പഠിക്കേണ്ടത്; ഇന്നലെ മാതൃഭൂമിയിൽ വന്ന പ്രധാനപ്പെട്ട വാർത്തയാണ് എന്റെ കയ്യിലിരിക്കുന്നത്. ഘൻശ്യാം എന്ന 28 വയസ്സുകാരനായ ചെറുപ്പക്കാരൻ കാല് മുറിഞ്ഞ് ആശുപത്രിയിൽ പോയപ്പോൾ തലയൊന്ന് ഉയർത്തിവയ്ക്കാൻ

ആവശ്യപ്പെട്ട ഡോക്ടറോട് അദ്ദേഹത്തിന്റെ തന്നെ മുറിഞ്ഞുപോയ കാല് തലയണയായി വച്ച് കാണിച്ചുകൊടുത്ത യു.പി.-യെയാണോ നമ്മൾ പാഠമാക്കി മാറ്റേണ്ടത്; യു.പി. മുഖ്യമന്ത്രി യോഗി ആദിത്യനാഥ് 20 വർഷമായി പ്രതിനിധാനം ചെയ്യുന്ന ഗോരഖ്പൂരിലെ ബാബാ രാഘവ്ദാസ് മെഡിക്കൽ കോളേജിൽ 73 കുട്ടികളാണ് ഓക്സിജൻ കിട്ടാതെ മരിച്ചത്. ഓരോ ശിശു രോദനത്തിലും കേൾക്കുന്നത് 'ഒരു കോടി ഈശ്വര വിലാപം' എന്ന് എഴുതി വച്ചത് വായിച്ചാൽ പോരാ. അപ്പുറത്തിരിക്കുന്ന കോൺഗ്രസ്സിനും മുസ്ലീം ലീഗിനും ഒരു അഭിപ്രായ വ്യത്യാസവും ഉണ്ടായിരുന്നില്ലല്ലോ; നമ്മുടെ രാജ്യത്ത് 73 കുട്ടികൾ ഓക്സിജൻ കിട്ടാതെ മരിച്ച അപകടകരമായൊരു സ്ഥിതിവിശേഷമുണ്ടായി. കേരളം ഭരിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റിനെ അട്ടിമറിക്കാൻ ശ്രീ. കുമ്മനം രാജശേഖരൻ നടത്തിയ ജാഥയിൽ പങ്കെടുത്ത ശ്രീ. യോഗി ആദിത്യനാഥ് 'കേരളത്തെ കണ്ടല്ല യു.പി.-യെ കണ്ടാണ് പഠിക്കേണ്ടതെന്നാണ് ' പ്രസംഗിച്ചത്. അതിനുശേഷം അദ്ദേഹം നേരെ പോയത് തലശ്ശേരി താലൂക്കാശുപത്രിയിലേക്കാണ്. അവിടെ ചെന്നപ്പോൾ അവരുടെ മെഡിക്കൽ കോളേജിനുപോലുമില്ലാത്ത സംവിധാനങ്ങൾ തലശ്ശേരി താലൂക്ക് ആശുപത്രിയിൽ കണ്ട് ഞെട്ടിയ യു.പി. മുഖ്യമന്ത്രി പിന്നെയിങ്ങോട്ട് തിരിഞ്ഞു നോക്കിയിട്ടില്ല. നമ്മുടെ രാജ്യത്തെ ഒ.ഡി.എഫ്. (ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ) ആക്കാൻ പോകുന്നുവെന്ന് ശ്രീ. നരേന്ദ്രമോദി പ്രഖ്യാപിച്ചു. പരസ്യമായി മാലിന്യ വിസർജ്ജനം നടത്താൻ പറ്റാത്ത രാജ്യമാക്കി ഇന്ത്യയെ മാറ്റാൻ പോകുന്നു. ആദ്യം ആരാണ് എത്തിയത്; പതിനൊന്ന് സംസ്ഥാനങ്ങളിൽ ആദ്യം എത്തിയത് കേരളമല്ലേ; എന്തുകൊണ്ടാണ് കേരളത്തിന് അങ്ങനെ ഓടിയെത്താൻ കഴിഞ്ഞത്; എന്തുകൊണ്ട് കോൺഗ്രസും ബി.ജെ.പി.-യും ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് ഓടിയെത്താൻ സാധിക്കാതിരുന്നത്; ഇന്ത്യൻ പ്രധാനമന്ത്രി പണമിറക്കിയാൽ ആകാശത്ത് ശൗചാലയം കെട്ടാൻ സാധിക്കുകയില്ലല്ലോ; അത് ഭൂമിയിൽ കെട്ടണം. ഭൂമിയിൽ കെട്ടണമെങ്കിൽ ഭൂമി കിട്ടണം. അങ്ങനെ ഭൂമി കൊടുക്കാൻ ചങ്കൂറ്റം കാണിച്ച, ഭൂപരിഷ്കരണത്തിന്റെ പേരിൽ അറിയപ്പെട്ട ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. ഇതൊന്നും കാണാതെ നവലിബറൽ നയങ്ങളുടെ ഭാഗമായി നിൽക്കുന്ന കോൺഗ്രസ് ഇക്കാര്യത്തിൽ ബി.ജെ.പി.-യിൽ നിന്നും എന്തെങ്കിലും കിട്ടുമെന്ന് പ്രതീക്ഷിച്ച് കാത്തിരിക്കുകയാണ്. ഒന്നും കിട്ടാൻ പോകുന്നില്ല. പണ്ട് തൃശ്ശൂരിൽ നിന്നും ഒല്ലൂരിലേയ്ക്ക് വണ്ടി കയറിയ പാവപ്പെട്ട ഒരു അമ്മച്ചി മക്കൾക്ക് എന്തെങ്കിലും കൊടുക്കാൻ വേണമല്ലോയെന്ന് കരുതി മൂന്ന് കോൽ ഐസ് വാങ്ങി മടിയിൽവച്ചു. ഒല്ലൂരിൽ എത്തിയപ്പോൾ മൂന്ന് കോലും പിന്നെ ഇത്തിരി തണുപ്പും. ഇന്ത്യാ രാജ്യത്ത് കോൺഗ്രസ് അനുഭവിക്കാൻ പോകുന്നത് അതാണ്. അത് നിങ്ങൾ

കണ്ടുപഠിക്കണം. ശ്രീ. കെ. എസ്. ശബരീനാഥൻ എന്തെങ്കിലും പഠിച്ച് പറയുന്ന മെമ്പറാണെന്നാണ് ഞാൻ കരുതിയത്. നീതി ആയോഗിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു. പോസ്റ്റിൽ സ്വയം ഗോൾ അടിക്കുകയാണ് സത്യത്തിൽ അദ്ദേഹം ചെയ്തത്. 2014-15-ലെ കണക്കാണ് അദ്ദേഹം വായിച്ചത്. നീതി ആയോഗ്, ആരോഗ്യ രംഗത്തെ ശിശുമരണ നിരക്ക്, 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണ നിരക്ക്, ഗർഭസ്ഥ ശിശുക്കളുടെ മരണ നിരക്ക് ഇങ്ങനെയുള്ള 24 സൂചികകൾ വച്ച് പരിശോധിച്ചപ്പോൾ രണ്ടാഴ്ച മുമ്പ് വന്ന പ്രഖ്യാപനമനുസരിച്ച് കേരളമാണ് ഒന്നാം സ്ഥാനത്ത് നിൽക്കുന്നതെന്ന് അഭിമാനപൂർവ്വം പറയട്ടെ. 21 സംസ്ഥാനങ്ങളിലാണ് ഇത് പരിശോധിച്ചത്, ചെറിയ സംസ്ഥാനങ്ങളില്ല. ഇതിൽ കേന്ദ്ര നേതൃത്വ ഭരണമുള്ള സംസ്ഥാനങ്ങളില്ല. 80 പോയിന്റിൽ 76.55 പോയിന്റ് നേടി നീതി ആയോഗിന്റെ കണക്കിൽ കേരളം ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. 80-ൽ 28.14 മാത്രം നേടി റാങ്കിൽ 21-ാം സ്ഥാനം നേടി യു.പി. അവസാനത്തെ സ്ഥാനത്തും നിൽക്കുന്നു. നോട്ടയില്ലാത്തതുകൊണ്ട് യു.പി. 21-ാമത് വന്നു. അല്ലെങ്കിൽ അതിലും താഴെ പോകുമായിരുന്നുവെന്നാണ് മനസ്സിലാക്കേണ്ടത്. പുനർജന്മത്തിൽ വിശ്വസിക്കുന്ന യു.പി.-യിലെ ഹിന്ദുക്കൾ അടുത്ത ജന്മം പശുവായി ജനിക്കണമെന്ന് പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയാണ്. കാരണം അവിടെ പശുവിന് സൗജന്യ ഭക്ഷണവും പകൽ വീടുകളും ആംബുലൻസ് സൗകര്യങ്ങളുമുണ്ട്. 73 കുട്ടികൾ ഓക്സിജൻ ലഭിക്കാതെ മരിച്ചുപോയിയെന്നു മാത്രമല്ല അവരെയൊന്ന് സംസ്കരിക്കാൻ കൊണ്ടുപോകാൻ ആംബുലൻസ് പോലുമില്ലാത്ത ഒരു സ്ഥിതിയായി മാറിയപ്പോൾ ഞാൻ അഭിമാനപൂർവ്വം പറയട്ടെ കേരളം ഒരു മാതൃകയാകുകയാണ്, ഒരു മോഡൽ ആകുകയാണ്, കേരളം ഒരു ബദൽ രാഷ്ട്രീയം ഈ ലോകത്തിന് പഠിപ്പിക്കുകയാണ്. പ്രഭാവർമ്മ ഇന്നലെ എഴുതിയല്ലോ;

'ഹാ രക്തവർണ്ണ മഹാഗ്നി പ്രളയമേ

പാതകൾക്കാകില്ല നിന്നെ ഉൾക്കൊള്ളുവാൻ

നീ ലോകമാകെ പരക്കേണ്ട ശോണിമ

കാലത്തെ നാളെ പുലർത്തേണ്ട ധീരത'

ഇന്ത്യാ രാജ്യത്ത് ബദലാകാൻ കഴിയുന്നത് ഇടതുപക്ഷത്തിന്റെ ചുവപ്പ് പ്രസ്ഥാനത്തിനാണ് എന്നുള്ളതിന്റെ രൂപംതന്നെയാണ് സംസ്ഥാനത്ത് നടന്നു കൊണ്ടിരിക്കുന്നത്. ഇവിടെ സാമൂഹ്യ നീതിക്ക് ഇടമുണ്ട്, ആരോഗ്യ പരിരക്ഷയുണ്ട്, സ്ത്രീയെ സംരക്ഷിക്കാൻ ആളുണ്ട്. എന്തിന് ഏറെ പറയുന്നു ജൻഡർ ബജറ്റ് അവതരിപ്പിച്ച ഇന്ത്യയിലെ ഏക സംസ്ഥാനമായി കേരളം മാറുമ്പോൾ ആരോഗ്യ മേഖലയിൽ കേരളം കാണിച്ച അസാമാന്യമായ മുന്നോട്ടുപോക്ക്, മൊത്ത വരുമാനത്തിന്റെ 5 ശതമാനം ആരോഗ്യവകുപ്പും

തദ്ദേശഭരണ വകുപ്പും കൂടി കേരളത്തിലെ ആരോഗ്യമേഖലയിൽ ചെലവഴിക്കുന്നതിന്റെ അസാമാന്യമായ മെച്ചം ഇവിടെ കാണാം. ഇന്ത്യയിൽ ബി.ജെ.പി. ഭരിക്കുന്ന ഇരുപത് സംസ്ഥാനങ്ങളിൽ ഇതുണ്ടോ; ആരോഗ്യ മേഖലയിൽ ഒരു ജനകീയ ബദൽ നാം അവതരിപ്പിക്കുകയാണ്. കിടത്തി ചികിത്സിക്കാൻ ബെഡ് വേണമെന്നും കൂടുതൽ സൗകര്യം വേണമെന്നും അതിനുവേണ്ടി കെട്ടിടം വേണമെന്നുമാണ് ശ്രീമതി കെ. കെ. ശൈലജ ടീച്ചറിനോട് എല്ലാവരും ആവശ്യപ്പെടുന്നത്. കേരളാ ഗവൺമെന്റ് കിടത്തി ചികിത്സയില്ലാത്ത കേരളത്തെ ലക്ഷ്യം വയ്ക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് ആദ്യം മുതൽ രോഗം കണ്ടെത്തുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുന്നത്. കിടത്തി ചികിത്സയില്ലാത്ത കേരളം എന്നുമുതൽ ആരംഭിക്കും എന്നതാണ് ആദ്യത്തെ ചോദ്യം; അത് ഒരു വർഷം കൊണ്ടോ ഒരു ഗവൺമെന്റിനെക്കൊണ്ടോ ആരംഭിക്കാൻ കഴിയുന്ന ഒന്നല്ല. അതൊരു ലക്ഷ്യമാണ്. ആ ലക്ഷ്യത്തിലെത്തിക്കാനുള്ള പരിശ്രമത്തിൽ പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജുവരെ ശാക്തീകരിക്കുകയെന്ന ഏറ്റവും വലിയ ലക്ഷ്യം ഈ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നു. 1957-ൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 61 വർഷത്തെ പാരമ്പര്യത്തിനിടയിൽ ഒരു ആരോഗ്യനയം രൂപീകരിച്ച ഗവൺമെന്റ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. ഞാൻ കഴിഞ്ഞ ദിവസം അന്തിക്കാട് വീട്ടിൽ പോയപ്പോൾ അപ്പുറത്തെ വീട്ടിലെ 68 വയസ്സായ ശാരദേട്ടത്തിയെയും കൊണ്ട് അവരുടെ മകൻ രാഘവേട്ടൻ ഒരു ഓട്ടോറിക്ഷയിൽ കയറി പോകുകയാണ്. എങ്ങോട്ടാണ് ശാരദേട്ടത്തി യാത്രയെന്ന് ഞാൻ ചോദിച്ചപ്പോൾ പി.എസ്.സി. ടെസ്റ്റിന് പോകുകയാണെന്ന് മറുപടി പറഞ്ഞു. ഞാൻ അത്ഭുതപ്പെട്ടു; 68 വയസ്സുള്ള ശാരദേട്ടത്തി പി.എസ്.സി. ടെസ്റ്റിന് പോകുകയാണോ; അപ്പോഴാണ് ശാരദേട്ടത്തിയുടെ മകൻ പ്രഷറും ഷുഗറും കൊളസ്ട്രോളും (പി.എസ്.സി) ആശുപത്രിയിൽ സൗജന്യമായി നോക്കുന്നുണ്ടെന്ന് പറഞ്ഞത്. പ്രഷറും ഷുഗറും കൊളസ്ട്രോളും സൗജന്യമായി നോക്കാവുന്ന സംവിധാനമായി മാറിയില്ലേ; ഹെൽത്ത് ഇൻസ്പെക്ടർമാരെ മുഴുവൻ ആർദ്രം പദ്ധതിയിലും ഇ-ഹെൽത്ത് പദ്ധതിയിലും ഉൾപ്പെടുത്തി വീടുകളിൽ പോയി രോഗം അന്വേഷിച്ച് രജിസ്റ്റർ ചെയ്ത് പഞ്ചായത്തുകളിൽ രോഗങ്ങളുടെ സൗജന്യമായിട്ടുള്ള ഡയറക്ടറി രൂപീകരിച്ച് കണക്ക് ചെയ്യുകയാണ്. അവിടെയാണ് ആരോഗ്യസംരക്ഷണത്തിന് നയമുണ്ടാകുന്നത്. പകർച്ചവ്യാധികളുടെ നിയന്ത്രണം, പ്രാഥമിക തലത്തിൽ ജനകീയ ജീവിതശൈലീരോഗങ്ങളുടെ നിയന്ത്രണം, കാര്യക്ഷമമായ ആരോഗ്യപരിപാലന സംവിധാനങ്ങൾ, പ്രാഥമിക ചികിത്സാ സ്ഥാപനങ്ങളുടെ എണ്ണവും നിലവാരവും വർദ്ധിപ്പിക്കൽ, അങ്ങനെ പോകുകയാണ് ആരോഗ്യ സംരക്ഷണ നയം. പുതിയ മെഡിക്കൽ കോളേജ് ഇതാണ് മുദ്യാവാക്യം. എന്തിനാണ് പുതിയ മെഡിക്കൽ കോളേജ്; എല്ലാവർക്കും വേണം പുതിയ മെഡിക്കൽ കോളേജ്. പണ്ട് മഞ്ചേരിയിലുള്ള ജനറൽ ആശുപത്രിയുടെ പേര് മാറ്റി

മെഡിക്കൽ കോളേജാക്കിയപ്പോൾ വല്ലാത്ത സന്തോഷമായിരുന്നു. ഉള്ള മെഡിക്കൽ കോളേജിന്റെ പേര് മാറ്റുകയാണ്. ഇവിടെ നടക്കുന്നത് അതല്ല. നമ്മുടെ നാട്ടിൽ നേരത്തെ സംസാരിച്ചവർ സൂചിപ്പിച്ചതുപോലെ 5 മെഡിക്കൽ കോളേജുകളിലും 8 ജില്ലാ ആശുപത്രികളിലും കാത്ത് ലാബ് രൂപീകരിച്ച ഏതെങ്കിലുമൊരു കാലം ഉണ്ടായിട്ടുണ്ടോ; 1981-ൽ രൂപീകരിച്ച തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആദ്യത്തെ ആൻജിയോ പ്ലാസ്റ്റി സർജറി ഇപ്പോൾ നടന്നു. ആൻജിയോ പ്ലാസ്റ്റി നടത്താനുള്ള സംവിധാനം ആശുപത്രികളിൽ വരികയാണ്. പി.ജി. സീറ്റുകളുടെ എണ്ണം 147 ആയി വർദ്ധിച്ചു. എം.ബി.ബി.എസ്.-ന് 100 സീറ്റ് വർദ്ധിപ്പിച്ചു. സർക്കാർ ആശുപത്രികളിൽ ഒ.പി.-കളുടെ എണ്ണം കൂടി. കേരളത്തിലെ ആരോഗ്യമേഖലയിൽ രോഗം വർദ്ധിച്ചുവെന്നല്ല, സ്വകാര്യ മേഖലയിലെ ആശുപത്രികളുടെ തള്ളിക്കയറ്റത്തെ അതിജീവിക്കാൻ കേരളത്തിലെ സർക്കാർ ആശുപത്രികൾക്ക് സാധ്യമായിയെന്നാണ് അതിനർത്ഥം. അത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നയത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. സമയമില്ലാത്തതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. കേരള ചരിത്രത്തിൽ ആദ്യമായി വനിതാ ശിശുക്ഷേമത്തിന് പ്രത്യേകമായ ഒരു വകുപ്പ് കൊണ്ടുവന്ന കാലമുണ്ടായിരുന്നോ; യു.ഡി.എഫ്. ഭരിക്കുമ്പോൾ ഉണ്ടായിരുന്ന ഒരു വകുപ്പ്, അത് സരിതാക്ഷേമ വകുപ്പായിരുന്നു. ഇപ്പോൾ സ്ത്രീക്ഷേമ വകുപ്പായി ഒരു മാറ്റമുണ്ടാക്കാൻ കഴിഞ്ഞു. കേരളത്തിൽ സ്ത്രീയ്ക്ക് ഏത് കാലത്തെക്കാളും കേരളത്തിന്റെ പൊതു സാമൂഹത്തിൽ പ്രാധാന്യം വന്നിരിക്കുന്നത് അതുകൊണ്ടാണ്. ഞാൻ ആരേയും കുറ്റം പറയുന്നില്ല. കേരളത്തിൽ അപ്പുറത്ത് (പ്രതിപക്ഷത്ത്) സ്ത്രീകളായി ഒരാൾപോലും ഇല്ലാതെപോയി. പക്ഷെ ഇപ്പുറത്തിരിക്കാനും സംസാരിക്കാനും പൊരുതാനും സ്ത്രീകളുണ്ട്. അവരുടെ പോരാട്ടത്തിന്റെ മുഖമുദ്രയാണ് കേരളത്തിന്റെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എന്ന് അഭിമാനത്തോടെ കേരള നിയമസഭയിൽ പറയാൻ സാധിക്കും. എത്ര അവാർഡ് കിട്ടിയെന്ന് കണ്ണടച്ച്, വിരൽ എണ്ണാതെ സഭയിൽ പറയാൻ സാധിക്കുമോ? അത്രയേറെ അവാർഡുകളല്ലേ; കുട്ടികൾക്ക് ഹൃദയം പദ്ധതി- രണ്ട് അവാർഡുകൾ കിട്ടി. ഒന്ന് സ്കോട്ട് ഗോൾഡൻ അവാർഡാണ്. വയോ ശ്രേഷ്ഠ അവാർഡ്. അങ്ങനെ എത്ര അവാർഡുകളാണ് കിട്ടിയത്. ഈ ഗവൺമെന്റ് രോഗികളെ മാത്രം സഹായിക്കുന്ന, സ്ത്രീകളെ മാത്രം സഹായിക്കുന്ന, ശിശുക്കളെ മാത്രം സഹായിക്കുന്ന ഗവൺമെന്റല്ല. ഈ നാട്ടിലെ സ്ത്രീകളുടെയും പുരുഷന്മാരുടെയും വയോജനങ്ങളുടെയും കൈപിടിച്ച് നടത്താൻ കേരളത്തിൽ ഒരു ഗവൺമെന്റുണ്ട്. അവർക്ക് താങ്ങും തണലുമായി നിൽക്കാൻ ഒരു ഗവൺമെന്റുണ്ട്. "സായംപ്രഭ", പദ്ധതിപ്രകാരം വാർദ്ധക്യത്തിൽ, 70 വയസ് പിന്നിടുമ്പോൾ കേരളത്തിലെ പാവപ്പെട്ട വയോജനങ്ങളേ നിങ്ങൾ ഒറ്റയ്ക്കല്ല, അബലകളല്ല, സമൂഹത്തിന്റെ ഓരങ്ങളിലേയ്ക്ക് മാറ്റിനിർത്തപ്പെടേണ്ടവരല്ലെന്നും നിങ്ങൾക്ക് കൂട്ടിന് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ

മുന്നണി ഗവൺമെന്റുണ്ടെന്നും പ്രഖ്യാപിക്കുകയാണ്. യഥാർത്ഥത്തിൽ ഞാൻ ശ്രീമതി ശൈലജ ടീച്ചറോട് അസൂയപ്പെടുകയാണ്. പദ്ധതികൾക്ക് ഇത്ര മനോഹരമായ പേരുകൾ എവിടെനിന്നാണ് കൊടുക്കുന്നത്. ശ്രുതി തരംഗം, മിഠായി, സ്നേഹപൂർവ്വം, അനുയാത്ര, സമാശ്വാസം, പ്രതിപക്ഷത്തിരിക്കുന്നവർ പ്രയാസപ്പെടുന്നുണ്ടാകും. പണ്ട് പദ്ധതിക്ക് പേരിടൽ മാത്രമേയുണ്ടായിരുന്നുള്ളൂ. ഇപ്പോൾ പേര് മാത്രമല്ല പദ്ധതി നടപ്പിലാക്കാൻ ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റുണ്ട്. യു.ഡി.എഫ്.കാരുടെ ഇടപെടലിനെക്കുറിച്ച് ആലോചിച്ച് ഒരു പേടിയും കേരളത്തിലില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇരുപത് മാസംകൊണ്ട് കേരളത്തിന്റെ മണ്ണിൽ പത്ത് വർഷത്തെ മാറ്റമുണ്ടാക്കി. ദേശീയരംഗത്തെ ശരികേടുകൾക്കെതിരെ കേരളം ഒരു പച്ചത്തുരുത്തായി, ഒരു മനസ്സായി പൊരുതി നിൽക്കുകയാണ്.

<u>മി. ചെയർമാൻ</u>: യെസ്.........യെസ്.....

<u>ശ്രീ. കെ. രാജൻ</u>: ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട ടീച്ചറോട് ഒരു പരാതി വ്യക്തിപരമായി പറഞ്ഞിട്ടുണ്ട്. ഒല്ലൂർ മണ്ഡലത്തിൽ കിടത്തി ചികിത്സിയ്ക്കാവുന്ന ഒറ്റ ആശുപത്രിയുമില്ല. ആ പ്രശ്നം പരിഹരിക്കണം. യു.ഡി.എഫ്.-നോട് അഭിമാനപൂർവ്വം പറയട്ടെ, ഇന്ത്യയ്ക്ക് ബദലായി, ഇടതുപക്ഷ ജനാധിപത്യമുന്നണി ഒറ്റക്കെട്ടായി കേരളത്തിന്റെ മണ്ണിൽ നിലനിൽക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഒരിക്കൽ കൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെ ശ്രീമതി പ്രതിഭ ഹരി, മുരുകൻ കാട്ടാക്കടയുടെ രക്തസാക്ഷി എന്ന കവിത ചൊല്ലി. യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട അംഗം ചൊല്ലേണ്ടത് അദ്ദേഹത്തിന്റെതന്നെ കണ്ണട എന്ന കവിതയാണ്. മുരുകൻ കാട്ടാക്കടയുടെ കവിത ആദ്യമായി ജീവിതത്തിൽ പ്രാവർത്തികമാക്കിയത് നമ്മുടെ ടീച്ചർ തന്നെയാണ്. ഞാൻ കവിതയുടെ രണ്ട് വരി മാത്രം ചൊല്ലാം.

"എല്ലാവർക്കും തിമിരം

നമ്മൾക്കെല്ലാവർക്കും തിമിരം

മങ്ങിയ കാഴ്ചകൾ കണ്ടുമടുത്തു

കണ്ണടകൾ വേണം, കണ്ണടകൾ വേണം." ഇനി ആ കവിത മുഴുവൻ വായിച്ചു നോക്കണം.

രക്തം ചിതറിയ ചുമരുകൾ കാണാം

അഴിഞ്ഞ കോലക്കോപ്പുകൾ കാണാം

കത്തികൾ വെള്ളിടി വെട്ടും നാദം

ചില്ലുകൾ ഉടഞ്ഞുചിതറും നാദം" എന്ന് വരുന്ന കവിത കുറെ എത്തുമ്പോൾ...

"സ്മരണകുടീരങ്ങൾ പെരുകുമ്പോൾ

പുത്രൻ ബലിവഴിയേ പോകുമ്പോൾ

മാതൃവിലാപത്താരാട്ടിൽ

മിഴി പൂട്ടിമയങ്ങും ബാല്യം

കണ്ണിൽ പെരുമഴയായ് പെയ്തൊഴിവതുകാണാം.

എന്റെ കയ്യിലിരിക്കുന്ന പേപ്പർ കണ്ടോ (പേപ്പർ ഉയർത്തിക്കാട്ടി) 'നവജാത ശിശു ഐ.സി.യു.-വിൽ ഉറുമ്പ് പൊതിഞ്ഞനിലയിൽ' ഇത് 22-2-2018-ലെ കേരള കൗമുദി പത്രമാണ്. എറണാകുളത്ത് മെഡിക്കൽ കോളേജിലുണ്ടായ ഒരു സംഭവമാണ് ഞാൻ ഇവിടെ പറയുന്നത്. ഇതാണോ നമ്മൾ അഭിമാനിക്കേണ്ട കാര്യം. വാഹനാപകടത്തിൽ പരിക്കേറ്റ തമിഴ് യുവാവ് മരിച്ചു, ചികിത്സ വൈകി എന്ന് ആരോപണം. ഇത് മാധ്യമത്തിൽ 20-2-2018-ൽ വന്ന വാർത്തയാണ്. ശ്രീ. കെ.എസ്. ശബരീനാഥൻ പറഞ്ഞല്ലോ, ജീവൻരക്ഷാ ഉപകരണങ്ങൾ സ്റ്റോക്കില്ല, ആരോഗ്യ വകുപ്പിന്റെ അനാസ്ഥ, എത്രയോ ന്യൂസുകളാണ് ഓരോദിവസവും വന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ദിവസം, മാർച്ച് 1-ാം തീയതി പേരാവൂരിൽ രാജു എന്ന ഒരു ആദിവാസികുട്ടി ഹോസ്പിറ്റലിൽ ചികിത്സ കിട്ടാതെ മരിച്ചു എന്നുപറയുന്നത് ഈ കേരളത്തിലാണ്. ഇവിടെ ആരോഗ്യ മേഖലയിൽ എന്താണ് നടക്കുന്നത്. ഒരുദാഹരണം കൂടി ഞാൻ പറയാം. ഇ-ഹെൽത്ത് പദ്ധതി എന്തായി? ബഹുമാന്യയായ ടീച്ചർ ഇ-ഹെൽത്ത് പദ്ധതി എല്ലാ ജില്ലകളിലും പ്രഖ്യാപിച്ചു. പേരൂർക്കടയിൽ ഉദ്ഘാടനം നടത്തി, അത് പ്രവർത്തിക്കുന്നുണ്ടോ? ബഹുമാന്യയായ ടീച്ചർ അക്കാര്യം പരിശോധിക്കണം. ഇവിടെ ശ്രീമതി വീണാ ജോർജ്ജ് കണ്ടെത്തിയ ഒരു കാര്യം എന്നെ അത്ഭുതപ്പെടുത്തി. അവർ പറഞ്ഞത്; നെഹ്റു മതേതരത്വത്തിനുവേണ്ടി പറഞ്ഞപ്പോൾ നെഹ്റുവിന്റെ കൊച്ചുമകൻ ശ്രീ. രാഹുൽഗാന്ധി, അദ്ദേഹം പൂണൂൽ അണിഞ്ഞ ബ്രാഹ്മണനാണെന്ന് പറഞ്ഞു എന്നാണ്. ഇത്രയും സത്യവിരുദ്ധമായ ഒരു കാര്യം ശ്രീമതി വീണാ ജോർജ്ജിനെപ്പോലെ മാധ്യമ രംഗത്തുള്ള ഒരാൾ പറയരുതായിരുന്നുവെന്നാണ് എന്റെ പക്ഷം. ഒന്ന് ചിന്തിച്ചുനോക്കൂ, രാഹുൽഗാന്ധിയിലാണ് ഇന്ത്യയുടെ പ്രതീക്ഷ, ശ്രീ. രാഹുൽ ഗാന്ധിയാണ് മതേതരത്വത്തിന്റെ മുഖം. എന്തിനാണ് ഇവർ രാഹുൽഗാന്ധിയെ ഇകഴ്ത്തിക്കാണിക്കുന്നത്? മറ്റൊന്നിനും വേണ്ടിയല്ല, ബി.ജെ.പി.-ക്ക് പിന്തുണ കൊടുത്ത് ശ്രീ.നരേന്ദ്ര മോദിയെ ആളാക്കുവാൻ

വേണ്ടിയാണ് ഇവരിത് നടത്തുന്നത്. ഇതുതന്നെയാണ് സി.പി.ഐ.(എം.)-ന്റെ കേരളത്തിലെ നയം എന്നുപറയുന്നതിൽ എനിക്ക് യാതൊരു മടിയുമില്ല. ഇവിടെ നിരവധി വിഷയങ്ങളുണ്ട്. നമുക്കറിയാം എന്തെല്ലാം കാര്യങ്ങളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടന്നിട്ടുള്ളത്? യു.ഡി.എഫ്.-ന് ഒരു നയമുണ്ടായിരുന്നു. ആ നയം എന്തായിരുന്നു? വികസനവും കരുതലുമായിരുന്നു. പിണറായി വിജയൻ ഗവൺമെന്റിന് ഒരു നയമുണ്ടോ? നയമുണ്ടെങ്കിൽ പറയണം. ഇവിടെ 21 മാസം കൊണ്ട് വികസനവും കരുതലും ഇല്ലാതാക്കി എന്നുള്ളതാണ് ഇവരുടെ നയം. കാരുണ്യമില്ലാത്തതുകൊണ്ടാണ്, കരുതൽ ഇല്ലാത്തതുകൊണ്ടാണ് രാത്രിയുടെ മറവിൽ ഞങ്ങളുടെ ഷുഹൈബിനെ പേപ്പട്ടിയെ വെട്ടിക്കൊല്ലുന്നതുപോലെ നിങ്ങൾ വെട്ടിനുറുക്കിയതെങ്കിൽ നിങ്ങളുടെ കരുണയും കരുതലും എവിടെപ്പോയിയെന്ന് നിങ്ങൾ ചിന്തിക്കണം. നമുക്കറിയാം ഭക്ഷണം കിട്ടാതെ ആദിവാസിയായ മധുവിനെ തല്ലിക്കൊല്ലുന്നു. എവിടെപ്പോയി നിങ്ങളുടെ കരുതൽ? ഇവിടെ അന്ധത ബാധിച്ചിട്ടില്ലെങ്കിൽ നിങ്ങൾ തിരിച്ചുവരണം. പ്രവാസിയായ സുഗതൻ ഇവിടെ എത്തിയപ്പോൾ ജീവിക്കാനുള്ള മാർഗ്ഗം തേടി. അദ്ദേഹത്തിന്റെ ശവശരീരത്തിലല്ലേ നിങ്ങൾ കൊടികുത്തിയത്. സി.പി.ഐ.-കാർ മറുപടി പറയണം ഇതാണോ നിങ്ങളുടെ നയം. നമുക്കറിയാം കേരളത്തിൽ ഏറ്റവും വലിയ പദ്ധതിയുണ്ടായിരുന്നു, 'കാരുണ്യ പദ്ധതി,' അതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? കാരുണ്യ പദ്ധതിയുടെ കഴുത്തിന് കുരുക്കിടുന്ന അവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. ഇവിടെ 76 സ്വകാര്യ ആശുപത്രികൾ കാരുണ്യപദ്ധതി ഇനി നടത്തുന്നില്ലെന്ന് പറയാൻ പോകുകയാണ്. കാരണം കാരുണ്യ പദ്ധതിയിൽ കൊടുക്കാനുള്ള പണം സ്വകാര്യ ആശുപത്രികൾക്ക് ഗവൺമെന്റ് കൊടുക്കുന്നില്ല. 7,54,40,200 രൂപ കുടിശ്ശികയുണ്ട്. എന്തുകൊണ്ടാണ് ഇത് കൊടുക്കാത്തത്? ഇത് അട്ടിമറിക്കാൻവേണ്ടിയാണ്; സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞവർഷം ലോട്ടറിയിൽ കിട്ടിയ തുക 6679.5 കോടി രൂപയാണ്. ഇത്രയും തുക കിട്ടുമ്പോഴാണ് ഈ രീതിയിൽ കാരുണ്യ പദ്ധതിയുടെ പണം കൊടുക്കാതെ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. സാമൂഹ്യപെൻഷനുകളിൽ വെള്ളം ചേർക്കുന്ന അവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി ഇപ്പോൾ എന്തായി? ഇപ്പോൾ അത് വളരെ രസമാണ്. ജനസമ്പർക്ക പരിപാടി ഇല്ലാതാക്കിയ ഒരു ഗവൺമെന്റാണിത്. ഇന്ന് കളക്ടർമാരാണ് ജനസമ്പർക്ക പരിപാടി നടത്തുന്നത്. മാത്രമല്ല, ജനസമ്പർക്ക പരിപാടി കൃത്രിമമായിട്ടാണ് ഇപ്പോൾ മുഖ്യമന്ത്രി നടത്തുന്നത്. ശ്രീമതി വീണ ജോർജ്ജാണ് ടി.വി.-യിൽ അത് അവതരിപ്പിക്കുന്നത്. ടി.വി.-യുടെ സമയം വലിയ വിലകൊടുത്ത് വാങ്ങി കുറച്ച് നടന്മാരെ കൊണ്ട് ഇരുത്തിയിരിക്കുകയാണ്. ശ്രീമതി

ആശാ ശരത്തിനെപ്പോലുള്ള മഹത് വ്യക്തികളെ ലക്ഷങ്ങൾ കൊടുത്ത് ഈ പരിപാടിയിൽ കൊണ്ടുവന്നിരുത്തുന്ന അവസ്ഥ ഈ കേരളത്തിലുണ്ട്. ഇങ്ങനെ പോയാൽ ജനങ്ങളുമായി ബന്ധമില്ലാത്ത ഒരു മുഖ്യമന്ത്രിയാണ് ഈ കേരളം ഭരിക്കുന്നതെന്ന് ഇവിടത്തെ ഭാവിതലമുറ പറയാനിടയാകുമെന്നുള്ളതുകൊണ്ട്, അങ്ങ് ജനങ്ങളുടെ കൂടെ നിന്ന് ജനസമ്പർക്ക പരിപാടി നടത്തി മുന്നോട്ടുപോകണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ഇവിടെ ധാരാളം വിഷയങ്ങൾ പറയാനുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം, കേരളത്തിൽ ലൈസോസോമൽ സ്റ്റോറേജ് ഡിസോർഡേഴ്സ് എന്ന അത്യപൂർവ്വമായ രോഗം ബാധിച്ച 25 കുട്ടികളുണ്ട്. അവരുടെ ചികിത്സ വലിയ ബുദ്ധിമുട്ടാണ്. അവരുടെ ചികിത്സ ഏറ്റെടുക്കാൻ സർക്കാർ തയ്യാറുണ്ടോ? അത്യപൂർവ്വമായ ഈ രോഗമുള്ള 25 കുട്ടികളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുക്കണം. ഇവിടെ ചില പുതിയ പദങ്ങൾ രാഷ്ട്രീയത്തിൽ നിന്നും മലയാളത്തിലേയ്ക്ക് വന്നിട്ടുണ്ട്. ആ പദങ്ങളൊക്കെ നമുക്കറിയാം കുമ്മനടി, തള്ളന്താനം. ഇപ്പോൾ ഏറ്റവും ഒടുവിൽ ഒരു പദം കൂടി വന്നു, അതാണ് തുഷാറാക്കി എന്നുപറയുന്നത്. തുഷാറാക്കി എന്നുപറഞ്ഞാൽ അതിനൊരു അർത്ഥമുണ്ട്, പ്രതീക്ഷ കൊടുത്തിട്ട് പറ്റിച്ചു എന്നാണ്. ഈ ഗവൺമെന്റ് 21 മാസം കൊണ്ട് കേരളമാകെ തുഷാറാക്കി എന്നുള്ളതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ചർച്ച തുടങ്ങിവച്ച ശ്രീമതി വീണാ ജോർജ്ജ് ഝാൻസിയിൽ നിന്ന് മഹാരാഷ്ട്ര വഴി അട്ടപ്പാടിയിലെത്തി ഒരു ഇംഗ്ലീഷ് പത്രത്തിന്റെ മുൻ ചീഫ് സെക്രട്ടറിയുടെ ലേഖനത്തിന്റെ പ്രസക്ത ഭാഗങ്ങൾ പറഞ്ഞ് അവരുടെ ആദിവാസിയോടുള്ള പ്രതിബദ്ധത വളരെ മനോഹരമായി ഇവിടെ അവതരിപ്പിക്കുകയുണ്ടായി. എനിക്ക് ശ്രീമതി വീണാ ജോർജ്ജിനോട് പറയാനുള്ളത് ഇടയ്ക്കിടയ്ക്കിടെ മലയാള പത്രം കൂടി ഒന്ന് വായിക്കണമെന്നുള്ളതാണ്. രണ്ട് ദിവസം മുമ്പത്തെ മാതൃഭൂമി പത്രത്തിലുള്ളത്, 'ചികിത്സ കിട്ടാതെ ആദിവാസി മരിച്ചു, തെങ്ങിൽ നിന്ന് വീണ ആദിവാസി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിദഗ്ദ്ധ ചികിത്സ കിട്ടാതെ മരിച്ചതായി പരാതി'. നിലമ്പൂർ ചുള്ളിയോട് സ്വദേശി കണ്ടൻ എന്നുപറയുന്ന ആദിവാസിയാണ്, ആറു മണിക്കൂറിനകം ആദിവാസിയാണെന്നുള്ള സർട്ടിഫിക്കറ്റ് നൽകാൻ പറഞ്ഞു. സർട്ടിഫിക്കറ്റിന് കാത്തുനിന്ന് രോഗി മരിച്ചുവെന്നാണ് മാതൃഭൂമി പത്രത്തിൽ പറയുന്നത്. അതുപോലെ മനോരമ പത്രത്തിൽ പറയുന്നത്, 'തലശ്ശേരി ഗവൺമെന്റ് ആശുപത്രിയിൽ ആദിവാസി യുവാവ് മരിച്ചു.' ചികിത്സ കിട്ടാതെ എന്ന് പരാതി. നേരത്തേ ശ്രീ. കെ. രാജൻ

പറഞ്ഞത് ഏതോ യു.പി. മുഖ്യമന്ത്രി തലശ്ശേരി ആശുപത്രി കണ്ട് ഞെട്ടിപ്പോയി എന്നാണ്. അത്ര മനോഹരമാണ്. ആ ആശുപത്രിയിലാണ് ചികിത്സ കിട്ടാതെ ആദിവാസി മരിച്ചത്. അവിടെ എന്താണ് പ്രശ്നമുള്ളതെന്ന് ശ്രീ. കെ. രാജൻ അവിടെ ഒന്നുപോയി നോക്കണം. ആദിവാസികളോട് വലിയ സ്നേഹമാണ്, പക്ഷേ ചികിത്സ കിട്ടാതെ മരിക്കുക എന്നുള്ളതാണ് പ്രശ്നം. ഇതൊക്കെ കേരളത്തിൽ നടക്കുന്നതല്ലേ; കേരളത്തിലെ ആദിവാസികളുടെ ജീവന്റെ പ്രശ്നമല്ലേ; ഇവിടെ അവർക്ക് മുന്തിയ ചികിത്സ കൊടുക്കാനുള്ള ബാദ്ധ്യത ഗവൺമെന്റുകൾക്കില്ലേ; അതുപോലെ തന്നെ അന്യസംസ്ഥാന തൊഴിലാളി, കേരളത്തിനാകെ നാണക്കേടുണ്ടാക്കിയതല്ലേ; മുരുകൻ 5 ആശുപത്രികൾ കയറിയിറങ്ങി. അവസാനം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വന്നു, ചികിത്സ കിട്ടാതെ മരിച്ചു. ഇപ്പോൾ കേസ്സെടുത്തിരിക്കുകയാണ്. കേസ്സിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ ഡോക്ടർമാരൊന്നും കുറ്റക്കാരല്ല എന്നുള്ള റിപ്പോർട്ടുണ്ട് എന്നാണ് പറയപ്പെടുന്നത്. ഡോക്ടർമാർക്ക് വേണ്ടപ്പെട്ടയാളുകൾ അന്വേഷിച്ചതാണ്. ആശുപത്രിയിൽ ചികിത്സ കിട്ടാതെ മരിച്ചുവെന്നുള്ളത് നമ്മുടെ കേരളത്തിലാണ്. അതുപോലെ തന്നെ പ്രസിദ്ധമായ ഒരാശുപത്രിയാണ് ആർ.സി.സി., മലബാറിൽ നിന്നും കാൻസർ പിടിപെട്ട ആളുകൾ ചികിത്സയ്ക്കുവേണ്ടി ഏറ്റവും വിശ്വാസത്തോടുകൂടി വരുന്ന ആശുപത്രിയാണ്. ഈ ആശുപത്രിയിൽ വന്ന ഒരു കുട്ടിക്കാണ് രക്തം കൊടുത്തപ്പോൾ എച്ച്.ഐ.വി. ബാധിച്ചത്. തീക്കട്ടയിൽ ഉറുമ്പ് അരിക്കുക എന്ന് പറയുന്നതുപോലെ നമുക്ക് ഏറ്റവും വിശ്വസിക്കാവുന്ന ആർ.സി.സി.-യിൽ ഒരു പിഞ്ചുകുഞ്ഞിന് രക്തം കൊടുത്തപ്പോൾ കുട്ടി എച്ച്.ഐ.വി. ബാധിതയായി. ഇതിലേറെ നാണക്കേടുണ്ടോ; പൊതുജനാരോഗ്യത്തിന്റെ നിലവാരം എങ്ങോട്ടാണ് പോകുന്നത്; പൊതുവിദ്യാഭ്യാസം ഇന്റർനാഷണൽ സ്റ്റാൻഡേർഡിലേയ്ക്കുയർന്നു. നമുക്കിതും ഇന്റർനാഷണൽ സ്റ്റാൻഡേർഡിലേയ്ക്ക് ഉയർത്തണ്ടേ; എന്താണ് ഇതിനുവേണ്ടി ചെയ്തിട്ടുള്ളത്; നമ്മൾ ഇപ്പോഴും 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് പിന്തുടരുന്നത്. 58 ഓളം വർഷങ്ങൾ പിന്നിട്ടിട്ടും നമ്മൾ ഇപ്പോഴും 1961-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് ഡോക്ടർമാരെ നിയമിക്കുന്നത്. രോഗിയും ഡോക്ടറും തമ്മിലുള്ള അനുപാതം മാറ്റാൻ, ഇന്റർനാഷണൽ സ്റ്റാൻഡേർഡിലേയ്ക്ക് പൊതുവിദ്യാഭ്യാസം ഉയർത്തുമ്പോൾ ഇവിടെയും അതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണ്ടേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അതുപോലെ മഞ്ചേരി മെഡിക്കൽ കോളേജിനെ സംബന്ധിച്ച് ശ്രീ. കെ. രാജൻ കളിയാക്കി പറയുകയുണ്ടായി. കളിയാക്കപ്പെടാൻ വിധിക്കപ്പെട്ട ഒരു വിഭാഗമായതുകൊണ്ട് എനിക്കത് പ്രശ്നമല്ല. കാരണം, ഞങ്ങൾക്കത് ശീലമായതാണ്. എവിടെയും പോയി കയറാം എന്നുള്ളതുകൊണ്ടാണല്ലോ മുസ്ലീം

ലീഗുകാർ 44 പേരെ കൊന്നുവെന്ന് ഇന്നലെ ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ ഇവിടെ പറഞ്ഞത്. എവിടെ നിന്നും കിട്ടിയ കണക്കാണെന്നറിയില്ല, അങ്ങനെയാണെങ്കിൽ കൃത്യമായ കണക്ക് മേശപ്പുറത്ത് വയ്ക്കണ്ടേ; അതിന് തെളിവുകൾ വയ്ക്കണ്ടേ; അദ്ദേഹം ഞങ്ങളുടെ അടുത്തുവന്നതൊക്കെ നമുക്കറിയാം. 'സിമി'യിൽ നിന്ന് ചാടി, ജമാ-അത്തെ ഇസ്ലാമിയിൽ നിന്ന് ചാടി ഇവിടെ നല്ല പോസ്റ്റ് കിട്ടി, പക്ഷേ അദ്ദേഹം ഇതുപോലെ പ്രസംഗം നടത്തി, ഞങ്ങൾ അത് ശ്രദ്ധിക്കേണ്ടതായിരുന്നു. ആ സമയത്ത് അദ്ദേഹത്തിന് ഏറ്റവും നല്ല പോസ്റ്റ് കൊടുക്കാൻ വൈകിയതുകൊണ്ട് അദ്ദേഹം അങ്ങോട്ട് ചാടി. സംസ്ഥാന കമ്മിറ്റിയിൽ അദ്ദേഹത്തെക്കുറിച്ച് ചില പരാമർശങ്ങളുണ്ടായി. പഞ്ചായത്ത് വകുപ്പ് മോശമാണെന്നുള്ള ചർച്ചയുണ്ടായി. അദ്ദേഹത്തെ മന്ത്രി സ്ഥാനത്തുനിന്ന് മാറ്റുമെന്നൊക്കെ പത്രത്തിൽ വന്നപ്പോൾ എനിക്ക് അത് വിശ്വാസമായില്ല. ചെറുപ്പക്കാരനാണ്, മാത്രമല്ല സി.പി.ഐ. (എം.)-ലേയ്ക്ക് വന്നപ്പോൾ നല്ലൊരു അക്കോമഡേഷൻ കിട്ടിയതാണ്, അതുകൊണ്ട് അദ്ദേഹം അത് ഭംഗിയാക്കിക്കൊള്ളും എന്നാണ് വിചാരിച്ചത്. പക്ഷേ ഇന്നലെ അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ മനസ്സിലായി പ്രശ്നമാണെന്ന്. അതുകൊണ്ട് ലീഗിനെ നാല് ചീത്ത പറഞ്ഞ് അദ്ദേഹത്തിന്റെ കാര്യം സുരക്ഷിതമാക്കാൻ ശ്രമിച്ചു എന്നേയുള്ളൂ. പാവം മുസ്ലീം ലീഗ് എന്തുചെയ്യും; ഉത്തരവാദപ്പെട്ട ആളുകൾ അത് ചോദിക്കണ്ടേ; ഞങ്ങൾ വീണ്ടും ചോദിക്കുന്നത് അതാണ്. ഒരു പാർട്ടി എന്ന നിലയ്ക്ക് ഞങ്ങൾ കൊലപാതകത്തെ, 'പാടത്ത് പണി വരമ്പത്ത് കൂലി' എന്ന് മുദ്രാവാക്യം ഉള്ളവരല്ല, ഇങ്ങോട്ട് കൊന്നാലും കൊല്ലുക എന്നുള്ള പ്രഖ്യാപനമല്ല ഞങ്ങൾക്കുള്ളത്. ചിലപ്പോൾ സംഘട്ടനത്തിൽ ഒന്നോ രണ്ടോ ആളുകൾ കൊല്ലപ്പെട്ടുവെന്ന് വരും. പക്ഷേ ഒരിക്കലും അതിനെ ന്യായീകരിക്കുന്നവരല്ല. ന്യായീകരിക്കാൻ ബാധ്യസ്ഥരായ പാർട്ടിയല്ല. ഏത് ഭാഗത്തുണ്ടായാലും അപലപിക്കുക തന്നെ ചെയ്യും. അങ്ങനെയല്ലേ വേണ്ടത്; ഇന്നലെ ഇവിടെ ഡോ. കെ.ടി. ജലീൽ പറഞ്ഞതിനെ സംബന്ധിച്ചൊന്നും കൂടുതൽ പറയുന്നില്ല. വായിൽ തോന്നിയത് ജലീലിന് പാട്ട് എന്ന വിധത്തിൽ വിട്ടാൽ മതിയാകും. അദ്ദേഹത്തിനെ സംബന്ധിച്ചിടത്തോളം മുമ്പ് 'ഒഴക്കെണ്ണ വാങ്ങി, ഒഴക്കെണ്ണ വിറ്റാലും തലയ്ക്കെണ്ണ ബാക്കി' എന്ന് ആരോ പറഞ്ഞതുപോലെ ഡോ. കെ.ടി. ജലീലിനെ സംബന്ധിച്ച് എന്ത് വിറ്റാലും അത് ലാഭമാണ്. അദ്ദേഹത്തെ സംബന്ധിച്ച് എന്ത് പറഞ്ഞാലും 'മേയപ്പുറം ഇല്ലാത്തവന് എന്ത് തീപ്പേടി' എന്ന് പറഞ്ഞതുപോലെയാണ്. അദ്ദേഹത്തിന് ആരെയും എന്തുവേണമെങ്കിലും പറഞ്ഞുകൂടേ; ചില ആളുകളുടെ അംഗീകാരം കിട്ടുന്നതിനുവേണ്ടി അദ്ദേഹം നടത്തുന്ന ജൽപ്പനങ്ങൾ എന്നല്ലാതെ അതിനപ്പുറമൊന്നും അതിനെ സംബന്ധിച്ചൊന്നും കാണുന്നില്ല. അതുപോലെ തന്നെ, തലശ്ശേരി കലാപവുമായി

ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കം പറഞ്ഞ ചില സംഗതികൾ, ഇവിടെ സി.പി.ഐ.(എം.) വളരെ ബുദ്ധിമുട്ടി പാവപ്പെട്ടവരെ, തൊഴിലാളികളെയൊക്കെ അങ്ങേയറ്റം സംരക്ഷിക്കുന്നു എന്ന് അവകാശപ്പെടുന്ന പാർട്ടിയാണ്. പക്ഷേ ന്യൂനപക്ഷങ്ങൾക്കുവേണ്ടി ഇത്രയധികം കഷ്ടപ്പെട്ട ഒരു പാർട്ടിയുണ്ടെന്നുള്ളത് ഇപ്പോഴാണ് മനസ്സിലാക്കുന്നത്. ന്യൂനപക്ഷങ്ങളുടെ സംരക്ഷകരാണ്, അവർക്കുവേണ്ടി പള്ളിക്ക് കാവൽ നിൽക്കുകയാണ് എന്നാണ് പറയുന്നത്. പള്ളിക്ക് കാവൽ നിൽക്കുന്നതിന് സി.പി.ഐ.(എം.) എന്നാണ് കരാർ എടുത്തതെന്ന് എനിക്കറിയില്ല. അങ്ങനെ മരണപ്പെട്ടുവെന്നാണ് അതിനെ സംബന്ധിച്ച് പറഞ്ഞത്. പക്ഷേ തലശ്ശേരി സംഭവം സംബന്ധിച്ച് 1972 ജനുവരി 5-ന് അന്നത്തെ മലയാള മനോരമയിൽ വന്ന മുഖപ്രസംഗത്തിലുള്ള പ്രസക്തമായ ഭാഗം ഞാൻ ഇവിടെ വായിക്കുകയാണ്. തലശ്ശേരി നഗരത്തിലും പരിസരപ്രദേശങ്ങളിലും ഉണ്ടായ നിർഭാഗ്യകരമായ ലഹളയ്ക്കു പിന്നിൽ സംഘടിതമായൊരു ശക്തി പ്രവർത്തിച്ചിട്ടുള്ളതായി കക്ഷിഭേദമെന്യേ നേതാക്കന്മാർ അഭിപ്രായപ്പെട്ടു. ഈ സംഘടിത ശക്തിയെക്കുറിച്ച് മാർക്സിസ്റ്റ് പാർട്ടി നേതാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് പ്രസ്താവിക്കുന്നത് "എനിക്കറിയാം, ഞാൻ പറയില്ല" എന്നുള്ളതാണ്. തലശ്ശേരി ലഹളയിൽ തന്റെ പാർട്ടിയിൽപ്പെട്ടവരും പങ്കെടുത്തിട്ടുണ്ടെന്ന് ഇ.എം.എസ്. സമ്മതിച്ചിട്ടുണ്ട്. എന്നാൽ അവർക്കെന്തോ അബദ്ധം പറ്റിയ മട്ടിലാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. തലശ്ശേരി കലാപത്തിൽ എന്റെ പാർട്ടിക്ക് അബദ്ധം പറ്റിയെന്നുള്ളത് ഇ.എം.എസ് നമ്പൂതിരിപ്പാട് തുറന്ന് സമ്മതിച്ചിട്ടുണ്ട്. മാത്രമല്ല, ജുഡീഷ്യൽ അന്വേഷണത്തെ അദ്ദേഹം എതിർത്തിട്ടുണ്ട്. അന്ന് ജുഡീഷ്യൽ അന്വേഷണത്തെ എന്താണ് മാർക്സിസ്റ്റ് പാർട്ടി എതിർത്തത്; അന്ന് ജസ്റ്റിസ് ജോസഫ് വിതയത്തിൽ കമ്മീഷൻ .....(ബഹളം)..... പ്ലീസ്...സമയമില്ല...വിതയത്തിൽ കമ്മീഷൻ റിപ്പോർട്ടിൽ ഏതെങ്കിലും ഒരു മാർക്സിസ്റ്റുകാർ അവിടെ പള്ളിക്ക് പോയി കാവൽ നിന്നുവെന്ന് പറയുന്നില്ലല്ലോ; ഏത് പത്രത്തിലാണുള്ളത്; ഒരു പത്രത്തിലുമില്ല. മാത്രമല്ല, ജുഡീഷ്യൽ അന്വേഷണം നടത്തരുതെന്ന് ആവശ്യപ്പെട്ട ആളാണ് അന്നത്തെ പ്രതിപക്ഷനേതാവായ ഇ.എം.എസ്. നമ്പൂതിരിപ്പാട് എന്നുള്ള കാര്യം ഓർക്കുക. അന്ന് മുസ്ലീങ്ങളുടെ ദേവാലയങ്ങൾ തകർക്കപ്പെട്ടത് മാർക്സിസ്റ്റുകാർക്ക് വളരെ സ്വാധീനമുള്ള മേഖലയിലാണെന്നും മുസ്ലീങ്ങളായ മാർക്സിസ്റ്റുകാരും സജീവമായ പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്നുവെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. മലയാള മനോരമയുടെ മുഖപ്രസംഗമാണ്, വാർത്തയല്ല. മാത്രമല്ല, വ്യക്തമായ ചില രാഷ്ട്രീയ ലക്ഷ്യങ്ങളോടുകൂടിയാണ് മാർക്സിസ്റ്റുകൾ പ്രവർത്തിക്കുന്നതെന്നും അവരുടെ സ്വഭാവമെന്താണെന്ന് അറിയുകയാണ്

മാർക്സിസ്റ്റ് ഇതര കക്ഷികൾ ഇപ്പോൾ ചെയ്യേണ്ടത് എന്നും മനോരമയിലുണ്ട്. ഇങ്ങനെ കൃത്യമായി പറയുന്നുണ്ട്. സി.പി.ഐ.(എം.)-ന്റെ അന്നത്തെ നിലപാടുകൾ അനുസരിച്ച് ഒരിക്കലും രക്ഷകൻമാരുടെ ഭാഗത്ത് നിന്നിട്ടില്ല, ശിക്ഷകന്മാരുടെ ഭാഗത്ത് മാത്രമേ നിന്നിട്ടുള്ളൂ. ഇതുവരെ സി.പി.ഐ.(എം)-ന് ഇല്ലാത്ത ഒരു കേസ്, അടുത്ത കാലത്ത് പള്ളിയുടെ കാവൽക്കാരായി പ്രത്യക്ഷപ്പെട്ടിരിക്കുകയാണ്. അങ്ങനെ എത്രയെത്ര ആളുകളെയാണ് നിങ്ങൾ ന്യൂനപക്ഷത്തിനുവേണ്ടി രക്ഷിച്ചിട്ടുള്ളത്? ന്യൂനപക്ഷ സംരക്ഷണം - ന്യൂനപക്ഷ സംരക്ഷണത്തിന്റെ കണക്ക് ഞാൻ ഇവിടെ പറയുന്നില്ല. മജീദ്, റഹ്മാൻ, കുഞ്ഞപ്പ എന്ന് പറയപ്പെടുന്ന മൂന്ന് ആളുകളെ ഭാഷാ സമരത്തിന്റെ പേരിൽ വെടിവച്ച് കൊന്നത് നായനാർ മന്ത്രിസഭയാണ്. പൂവ്വത്തിങ്കൽ അബൂബക്കർ, മുഹമ്മദ് മുൻഷി, കീഴപറമ്പ് അയൂബ് ചെറിയതുറയിൽ ന്യൂനപക്ഷക്കാരായ 6 പേരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ വെടിവച്ചുകൊന്നു. കുറ്റ്യാടി യൂസഫ്, വാണിമേൽ കുഞ്ഞാപ്പി, കടവത്ത് മമ്മു, അബ്ദുല്ല, മടമ്പൊയിൽ ഇബ്രാഹിം (വാണിമേൽ), വാരിയംകണ്ടി കുഞ്ഞമ്മദ് ഹാജി, പൊയിൽ യൂസഫ് ഹാജി, വക്രൻ കളത്തിൽ നരിപ്പറ്റ, വാരിയംകണ്ടി കുഞ്ഞമ്മദ് ഹാജിയെ നാദാപുരത്ത് വച്ചാണ്, നാദാപുരം സംഭവം നിങ്ങൾക്കറിയില്ലേ; പയ്യന്നൂരിൽ മൊയ്തുഹാജി, അസ്ലം തൂണേരിയെ ശ്രീ. ഇ. പി. ജയരാജന് അറിയില്ലേ; അഷ്റഫ് കുറ്റ്യാടി, മൂസ വള്ളിക്കാട് (വടകര), പാലപ്പൊയിൽ മൊയ്തു, എടക്കാട് ശാദുലി (ബോംബെറിഞ്ഞു കൊന്നു.), പടുവത്ത് അൻവർ, അരിയിൽ ഷുക്കൂർ. നിങ്ങൾ വിധി നടപ്പിലാക്കിയ അരിയിൽ ഷുക്കൂറിനെ നിങ്ങൾക്കറിയില്ലേ; വളപട്ടണം പി. വി. മുഹമ്മദ്, മൊയ്തീൻ കുഞ്ഞ് മഞ്ചേശ്വരം, കുപ്പത്ത് അഷ്റഫ് തളിപ്പറമ്പ്, അത്താഴക്കുന്നിൽ സിറാജ്, സഫീർ മണ്ണാർക്കാട്, നീണ്ട ലിസ്റ്റുണ്ട്. (ബഹളം)..... മേശപ്പുറത്ത് വയ്ക്കാം. ഡോ. കെ. ടി. ജലീൽ പറഞ്ഞ ലിസ്റ്റല്ല. ഇതിലൊക്കെ തന്നെ പ്രതികൾ മാർക്സിസ്റ്റുകാരാണെന്ന് കൃത്യമായി പറഞ്ഞതാണ്. ലിസ്റ്റുകൾ വേറെയുണ്ട്..... (ബഹളം)..... ഞങ്ങൾ ഇതൊന്നും എണ്ണിപ്പറയുന്നില്ല.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, പോയിന്റ് ഓഫ് ഓർഡർ.... സഭയെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു കാര്യം ഇവിടെ പറഞ്ഞിട്ടുണ്ട്. സഫീറിന്റെ കൊലപാതകി കമ്മ്യൂണിസ്റ്റ് പാർട്ടിക്കാരനാണെന്ന് പറഞ്ഞിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു മെമ്പറും അതിലില്ല. ഉണ്ടെങ്കിൽ അത് തെളിയിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അങ്ങനെ ഇല്ലാത്ത കാര്യം പറയുന്നത് സഭയുടെ രേഖയിലുണ്ടാകാൻ പാടില്ല.

<u>ശ്രീ. എം. ഉമ്മർ</u>: സർ, അത് സഫീറിന്റെ ഘാതകർ കമ്മ്യൂണിസ്റ്റുകാർ .... (ബഹളം)......ഞാനത് തിരുത്തി പറഞ്ഞോളാം.

മി. ചെയർമാൻ: അങ്ങയുടെ സമയം തീരുകയാണ്.

ശ്രീ. എം. ഉമ്മർ: സർ,......(ബഹളം)...... സഫീറിന്റെ കൊലപാതകം നടത്തിയിട്ടുള്ളത് കമ്മ്യൂണിസ്റ്റ് പാർട്ടിക്കാരല്ല സി.പി.ഐ. എന്ന് തിരുത്തിപ്പറയാം. അത്രയേയുള്ളൂ. സി.പി.ഐ.ആണ് നടത്തിയത്. മന്ത്രിസഭയെ സംബന്ധിച്ച് എന്തൊക്കെയാണ് ഇവിടെയുണ്ടായിരുന്നത്.

മി. ചെയർമാൻ: അങ്ങയുടെ സമയം തീരുകയാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, ഇവിടെ ധാരാളം കൊലപാതകങ്ങളെ സംബന്ധിച്ച് പറഞ്ഞു. ഇന്നലെ 44 കൊലപാതകങ്ങളെ സംബന്ധിച്ച് സംസാരിച്ചപ്പോൾ അതിന്റെ എഫ്.ഐ.ആർ. വയ്ക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർ തന്നെ പറഞ്ഞു. ഇപ്പോൾ പറഞ്ഞതിന്റെയൊക്കെ എഫ്.ഐ.ആർ. ഇവിടെ മേശപ്പുറത്ത് വയ്ക്കാൻ തയ്യാറുണ്ടോ;

മി. ചെയർമാൻ: അതൊരു ചോദ്യമാണ്. അതിൽ വേറെ പോയിന്റ് ഇല്ല. അങ്ങേയ്ക്ക് പ്രസംഗം തുടരാം.

ശ്രീ. എം. ഉമ്മർ: സർ, മന്ത്രിസഭാ യോഗങ്ങൾക്കു പുറമെ മന്ത്രിമാർ അനൗപചാരികമായി ഒത്തുചേരും. വിഭവസമൃദ്ധമായ സദ്യ അവരെ കാത്തിരിക്കും. പത്രത്തിലുണ്ടായിരുന്നതാണ്. ഈ ഗവൺമെന്റ് ചുമതലയേറ്റെടുത്തപ്പോൾ എത്ര സുന്ദരമായ സ്വപ്നങ്ങളാണ് ഉണ്ടായിരുന്നത്; എത്രയെത്ര മന്ത്രിസഭാ യോഗങ്ങളാണ് പുറത്ത് ചേരുന്നത്; ഓരോ മന്ത്രിമാരുടെയും വീട്ടിൽ എല്ലാ ആദ്യത്തെ ബുധനാഴ്ചയും മീറ്റിംഗ്. അവസാനം കേരളത്തിന് നാണക്കേടുണ്ടാക്കി മന്ത്രിസഭ ക്വാറം തികയാതെ പിരിഞ്ഞ ഒരു ഗവൺമെന്റാണ് ഇതെന്ന് മനസ്സിലാക്കണം.

മി. ചെയർമാൻ: യെസ്..... പ്ലീസ് കൺക്ലൂഡ്....

ശ്രീ. എം. ഉമ്മർ: അങ്ങനെയുള്ള ഒരു ഗവൺമെന്റ് മാസത്തിൽ ഒരിക്കൽ ഒത്തുചേരുമെന്ന് പറയുമ്പോൾ ജനങ്ങളുടെ എന്ത് പ്രശ്നം പരിഹരിക്കാനാണ് അവർക്ക് സാധിക്കുക; ഇവിടെ സാധാരണക്കാരായ ആളുകളുടെ ജീവിതം വളരെ ദുരിതപൂർണ്ണമാണ്. മാത്രമല്ല, പനിയിൽ ഇപ്പോൾ റിക്കാർഡാണ്. പനിയിൽ കേരളത്തിന് ഇപ്പോൾ സർവ്വകാല റിക്കാർഡാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മാത്രമല്ല, മുമ്പ് മാറിയ മറ്റ് അസുഖങ്ങളൊക്കെത്തന്നെ വീണ്ടും കടന്നുവന്നുകൊണ്ടിരിക്കുകയാണ്. ഒന്നിനേയും നിയന്ത്രിക്കാൻ നമുക്ക് കഴിയുന്നില്ല. കുത്തിവയ്പ് കൃത്യമായി കൊടുക്കാൻ കഴിയുന്നില്ല. ആരോഗ്യരംഗത്ത് വമ്പിച്ച പരാജയമാണ്. മഞ്ചേരി മെഡിക്കൽ കോളേജിലടക്കം പുതിയ മെഡിക്കൽ കോളേജുകൾക്ക് സാമ്പത്തിക സഹായംപോലും നൽകാൻ ഈ ഗവൺമെന്റ് വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. അതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യരംഗത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നോട്ടുപോകാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടെന്നത് അഭിമാനകരമാണ്. എന്നാൽ ഈ നേട്ടങ്ങൾ സുസ്ഥിരമായി നിലനിർത്തുന്നതിൽ മാറിമാറി വന്ന സർക്കാരുകൾ അലംഭാവം കാണിച്ചുവെന്നതാണ് നമ്മുടെ ശാപം. ഹൃദ്രോഗം, കാൻസർ, പകർച്ചവ്യാധികൾ, ജീവിതശൈലീ രോഗങ്ങൾ തുടങ്ങിയവ സംസ്ഥാനത്തിന് തന്നെ ഭീഷണിയായി മാറുന്ന അവസ്ഥയായിട്ടുണ്ട്. ഇന്ന് നമ്മളെ ബോദ്ധ്യപ്പെടുത്തുന്നത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തണമെന്ന തിരിച്ചറിവാണ്. അറിവും തിരിച്ചറിവും ഇല്ലാത്തവർ നമ്മുടെ മുഖ്യമന്ത്രിയെക്കുറിച്ച് പറഞ്ഞതിന് മറുപടി പറയാതിരിക്കാൻ വയ്യ. പറയണമെന്ന് ഞാൻ ആഗ്രഹിച്ചതല്ല. അങ്ങനെയൊരു പരാമർശം വരുമെന്ന് പ്രതീക്ഷിച്ചതുമല്ല. മുഖ്യമന്ത്രി എന്താണ് ചെയ്യുന്നത്; ചികിത്സാഫണ്ടിനായി 9 ലക്ഷം രൂപയുടെയും 10 ലക്ഷം രൂപയുടെയും 11 ലക്ഷം രൂപയുടെയും 12 ലക്ഷം രൂപയുടെയും പന്തലിട്ട് 600-ഓളം പോലീസുകാരെയും നിരവധി വാഹനങ്ങളും ആംബുലൻസും അണിനിരത്തി, 1000 രൂപയും 2000 രൂപയും ചെലവാക്കി അനങ്ങാൻ വയ്യാത്ത രോഗിയെ കൊണ്ടുവരുന്നവർക്ക് കിട്ടുന്നത് 3,000 രൂപയാണ്. ഇതായിരുന്നു നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരുന്നത്. ജീവിതാനുഭവവും അറിവും നിങ്ങൾക്ക് വേണം, ചരിത്രം പഠിക്കണം. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എവിടെപ്പോയി; ശ്രീ. പിണറായി വിജയൻ എങ്ങനെയാണ് ശ്രീ. പിണറായി വിജയനായി മാറിയതെന്ന് അറിയണമെങ്കിൽ ചരിത്രം പഠിക്കണം. ചെറുപ്പകാലം മുതൽ എല്ലാ മനുഷ്യ ഹൃദയങ്ങളിലും സ്ഥാനംപിടിച്ച നേതാക്കളിൽ മഹാനാണ് ശ്രീ. പിണറായി വിജയൻ. മുഖ്യമന്ത്രി ആയതുകൊണ്ട് മാത്രമല്ല, അദ്ദേഹത്തെക്കുറിച്ച് പറയുമ്പോൾ പൊള്ളുമെന്ന് മനസ്സിലാക്കണം. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന് അത് മനസ്സിലാകില്ല. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഇവിടെ വന്ന് പാട്ടുപാടിയതുകൊണ്ട് കാര്യമില്ല, ആരാണ് സഖാവ് പിണറായി വിജയനെന്നുള്ളത് മനസ്സിലാക്കണം, അദ്ദേഹത്തിന്റെ ചരിത്രം മനസ്സിലാക്കണം. മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

<u>ശ്രീ. കെ. ആൻസലൻ:</u> സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ജനസമ്പർക്ക പരിപാടിയിൽ വച്ച് പാവങ്ങൾക്ക് 2,000 രൂപയും 3,000 രൂപയും കൊടുക്കുന്നതിനുവേണ്ടി 17 കോടി രൂപ ചെലവഴിച്ച കാര്യം അങ്ങ് ഓർക്കുന്നുണ്ടോ;

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, അതാണ് ഞാൻ പറഞ്ഞത്. കോഴിക്കോട് പല സ്ഥലങ്ങളിലും വലിയ പന്തലിട്ട് 3-4 ദിവസത്തെ കല്യാണത്തിന്റെ

ഒരുക്കങ്ങളായിരുന്നു. എത്ര രൂപ കിട്ടിയെന്ന് ചോദിച്ചാൽ, 3,000 രൂപ കിട്ടിയെന്നും എത്ര രൂപ ചെലവായെന്ന് ചോദിച്ചാൽ, നടക്കാൻ വയ്യാത്തതിനാൽ 4,000 രൂപ ടാക്സിക്ക്/ആംബുലൻസിന് കൊടുക്കണമെന്നും പറയും. ടെറസിൽനിന്നും വീണ ഒരാളുടെ വീട്ടിൽ ഒരു ലക്ഷം രൂപ കൊണ്ടുപോയി കൊടുത്തു. ബാക്കിയുള്ളവരെ ബ്ലോക്ക് ഓഫീസിൽ വിളിച്ചുവരുത്തി അവിടെവച്ച് യാതൊരു ആർഭാടവുമില്ലാതെ തഹസിൽദാർ കൊടുത്തു. തഹസിൽദാരുടെ പണി ചെയ്യാനല്ല മുഖ്യമന്ത്രി. അത് ഞങ്ങൾ പറയുക മാത്രമല്ല പ്രയോഗത്തിൽ വരുത്താനാണ് ശ്രമിക്കുന്നത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, .....

മി. ചെയർമാൻ: അങ്ങയുടെ സമയമാണ് നഷ്ടപ്പെടുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഇവിടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഏറ്റവും നല്ല പരിപാടിയായിരുന്നു ജനസമ്പർക്ക പരിപാടി. പാവപ്പെട്ട ആൾക്കാർക്കെല്ലാം പ്രയോജനപ്പെട്ടു. നിങ്ങൾക്കും കിട്ടി അതിൽനിന്നും തുക. ശ്രീ. ഇ. പി. ജയരാജന്റെ ബന്ധുവിനു വരെ ധനസഹായം കിട്ടിയിട്ടുണ്ടെന്നുള്ള കാര്യം താങ്കൾക്ക് അറിയാമോ;

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ധനസഹായം കൊടുത്ത കാര്യം ഞാൻ പറഞ്ഞില്ലേ, 3,000 രൂപ കൊടുക്കുന്നതിന് നിങ്ങൾ രോഗിയുടെ ബന്ധുക്കളെക്കൊണ്ട് ചെലവാക്കിക്കുന്നത് 5,000 രൂപയാണ്. അതിൽ എന്ത് കാര്യമാണുള്ളത്. പത്രത്തിൽ ഫോട്ടോ വരും. ഒരു കാരുണ്യ പ്രവർത്തനമെന്ന നിലയിൽ ഫോട്ടോയ്ക്ക് ഞാനും നിന്നുകൊടുത്തിട്ടുണ്ട്. പക്ഷെ അതിനെ ഇതുമായി താരതമ്യപ്പെടുത്തരുത്. ഇന്ന് ആരോഗ്യ രംഗത്ത് കാണുന്ന നേട്ടങ്ങളുടെ അടിസ്ഥാനം ദിശാബോധമുള്ള ഒരു ഗവൺമെന്റുതന്നെയാണ്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, ആളും ആരവവും ബഹളവുമൊന്നുമില്ലാതെ ഈ കഴിഞ്ഞ 18-20 മാസംകൊണ്ട് 500 കോടി രൂപ പാവപ്പെട്ട രോഗികൾക്കായി മുഖ്യമന്ത്രി ചികിത്സാ ധനസഹായമായി കൊടുത്തത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രീ. പുരുഷൻ കടലുണ്ടി: സർ, അതാണ് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇപ്പോൾ അതാരും അറിയുന്നില്ല. ആരും അറിയാനല്ല, കൊട്ടിഘോഷിക്കാനുള്ള ഒരു ഏർപ്പാടല്ല. സഹജീവികളെ അവരുടെ ദാരുണാവസ്ഥയിൽനിന്ന് കാരുണ്യത്തോടെ കരകയറ്റുകയാണ്. ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നീ രംഗത്ത് വലിയ കുതിപ്പാണ് നടക്കുന്നത്.

ശ്രീ. മുരളി പെരുനെല്ലി: സർ, രോഗബാധിതരായി കിടക്കുന്ന രോഗികളുടെ ചികിത്സാ സഹായത്തിനുവേണ്ടി ചികിത്സാ കമ്മിറ്റി രൂപീകരിക്കപ്പെട്ട് അതിൽ വരുന്ന പണം ആ രോഗിയുടെ ചികിത്സയ്ക്ക് കൊടുക്കുന്നതിനുവേണ്ടി ചെക്ക് ഒപ്പിടാൻ ആവശ്യപ്പെട്ടപ്പോൾ 35,000 രൂപ കമ്മീഷൻ ചോദിച്ച തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ പഞ്ചായത്തിലെ മുൻപ്രസിഡന്റിനെക്കുറിച്ചുള്ള കഥ അങ്ങ് കേട്ടിട്ടുണ്ടോ;

ശ്രീ. പുരുഷൻ കടലുണ്ടി: സർ, അത് കേട്ടിട്ടില്ല. അങ്ങനെ പല സ്ഥലത്തും നടന്നുവെന്നുള്ളത് ഞാൻ കേട്ടിട്ടുണ്ട്. ഇതിന്റെ തെളിവാണ് കേന്ദ്രമന്ത്രി ഡോ. ഹർഷ് വർദ്ധൻ കേരളം സന്ദർശിച്ചപ്പോൾ ആരോഗ്യ വകുപ്പുമന്ത്രിയെ പ്രശംസിച്ചത്. എന്താണ് കാര്യം; ഇവിടെ പലരും സംസാരിച്ച, കാഷ്വാലിറ്റിയിൽ വന്നപ്പോൾ അവിടത്തെ സൗകര്യങ്ങൾ കണ്ടപ്പോൾ മന്ത്രി ഞെട്ടിപ്പോയി. അവർക്ക് അങ്ങനെ കാണാൻ കഴിയില്ല, സങ്കൽപ്പിക്കാൻ കഴിയില്ല. കേരളത്തിൽ അല്ലാതെ അങ്ങനെയൊരു ആരോഗ്യ കേന്ദ്രത്തെക്കുറിച്ച് സങ്കൽപ്പിക്കാൻ അവർക്ക് കഴിയില്ല. ആശുപത്രിയിൽ കണ്ട സൗകര്യങ്ങൾ അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. നീതി ആയോഗ് ആരോഗ്യ രംഗത്തെ ഏറ്റവും മികച്ച സംസ്ഥാനമായി പ്രഖ്യാപിച്ചത് കേരളത്തെയാണ്. ലോക രാജ്യങ്ങളെയും ഇതര സംസ്ഥാനങ്ങളെയും വെല്ലുന്ന തരത്തിലുള്ള നേട്ടങ്ങളാണ് രണ്ട് വർഷംകൊണ്ട് ആരോഗ്യ വകുപ്പ് കൈവരിച്ചത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മരുന്നുകൾ ടോയ്‌ലറ്റിലായിരുന്നു. മരുന്ന് ആർക്കും കൊടുക്കില്ല. രോഗികൾക്ക് കൊടുക്കില്ല. മരുന്ന് മുഴുവൻ ടോയ്‌ലറ്റിൽ കെട്ടിക്കിടക്കുകയാണ്. അവിടെ പത്രക്കാർ വന്ന് നോക്കിയപ്പോൾ മരുന്നില്ല. മരുന്ന് ഉള്ളത് എവിടെയാണ്; മരുന്ന് ടോയ്‌ലറ്റിലാണ്. കമ്മീഷൻ ബേസിൽ ഈ കാര്യങ്ങൾ നടത്തിയില്ലേ; എന്റെ ഒരു ചോദ്യത്തിന് ഒരു ആംബുലൻസ് തരാമെന്ന് ഒരു ഓഫർ തന്നിരുന്നു. അത് ഇതുവരെ കിട്ടിയിട്ടില്ല.

മി. ചെയർമാൻ: ദയവായി അങ്ങ് ഇങ്ങോട്ട് നോക്കി സംസാരിക്കണം.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, സംസ്ഥാന ആരോഗ്യ നയം, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ തുടങ്ങിയവ ഇതിന് ഉദാഹരണമാണ്. ഇത് വെറുതെ പ്രഖ്യാപിക്കലല്ല.

ശ്രീ. വി. ടി. ബൽറാം: സർ....എ.കെ.ജി....

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ എ.കെ.ജി.-യുടെ കാര്യം പറഞ്ഞു മതി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് പ്രഖ്യാപിച്ച നവകേരള മിഷന്റെ നാല് മിഷനുകളിൽ ആർദ്രം മിഷൻ മനോഹരമായി, വളരെ ശാസ്ത്രീയമായി

നടപ്പിലാക്കുന്നതിന്റെ തെളിവുകളും അനുഭവങ്ങളുമാണ് ജനങ്ങൾ നേരിട്ട് അനുഭവിക്കുന്നത്. 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി. 68-ലധികം കേന്ദ്രങ്ങൾ ഇപ്പോൾത്തന്നെ ഉദ്ഘാടനം ചെയ്തുകഴിഞ്ഞുവെന്നുമാത്രമല്ല 830-ലധികം തസ്തികകളും സൃഷ്ടിച്ചു.

ശ്രീ. എ. എൻ. ഷംസീർ: സർ, ദേശീയ മാധ്യമങ്ങൾ Gorakhpur Vs Kannur എന്ന രീതിയിൽ ക്യാമ്പെയിൻ നടത്തിക്കൊണ്ട് ഗോരഖ്പൂരിലെ മെഡിക്കൽ കോളേജും തലശ്ശേരി ജനറൽ ഹോസ്പിറ്റലും താരതമ്യം ചെയ്തപ്പോൾ തലശ്ശേരി ജനറൽ ഹോസ്പിറ്റലിലെ ഐ.സി.യു.-വും കാഷ്വാലിറ്റിയും കോർപ്പറേറ്റ് ആശുപത്രിയെക്കാൾ മികച്ചതാണെന്ന് കണ്ടെത്തിയ കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. പുരുഷൻ കടലുണ്ടി: സർ, അത് ഞാൻ ശ്രദ്ധിച്ചതാണ്. ഞാനത് നേരിട്ട് കണ്ടതാണ്. ജില്ലാ-ജനറൽ-താലൂക്കാശുപത്രികളിൽ 891 തസ്തികകളാണ് സൃഷ്ടിച്ചത്. നമ്മുടെ സാമ്പത്തിക സ്ഥിതി ബിഗ് സീറോ ആയിരുന്ന സമയത്താണ് ക്ഷേമ പെൻഷനുകൾ വീട്ടിൽ കൊണ്ടുപോയി കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പ്രഖ്യാപിച്ചത്. അത് വീട്ടിൽ കൊണ്ടുപോയി കൊടുത്തു. ഇതങ്ങനെ കൊടുക്കുമെന്ന് എനിക്കുപോലും വിശ്വാസമുണ്ടായിരുന്നില്ല. കാരണം ഖജനാവിൽ ഒന്നും ഇല്ലാത്ത കാലത്താണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങനെ പറഞ്ഞത്. അതിന്റെ കൂടെ അദ്ദേഹം പറഞ്ഞത്, ജനങ്ങളിൽ വിശ്വസിക്കുന്നു, ഇത് ജനങ്ങളുടെ ഗവൺമെന്റാണ്, ഇതൊക്കെ നടക്കുമെന്നാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ബഹുമാനപ്പെട്ട പുരുഷൻ കടലുണ്ടി എന്റെ വളരെ അടുത്ത സ്നേഹിതനാണ്. അദ്ദേഹം സാധാരണ അങ്ങനെ അനാവശ്യമൊന്നും പറയാത്ത ആളാണ്. പക്ഷേ ഇപ്പോൾ എന്താണ് സംഭവിച്ചതെന്ന് എനിക്കറിയില്ല. കേരളത്തിലെ ആരോഗ്യ രംഗത്ത് ലോക നിലവാരമുള്ള ചികിത്സ നടക്കുന്നുണ്ട് എന്നുള്ളത് പണ്ടേ ലോകം അംഗീകരിച്ച കാര്യമാണ്. ഇപ്പോൾ ശ്രീ. പുരുഷൻ കടലുണ്ടി പറയുന്നതുകേട്ടാൽ ഇതെല്ലാം ഈ 21 മാസംകൊണ്ട് ഉണ്ടായതുപോലെയാണ് തോന്നുന്നത്. ഇവിടെ ആശുപത്രിയെക്കുറിച്ച് പറഞ്ഞു. കേന്ദ്രമന്ത്രി ബി.ജെ.പി. മന്ത്രി തന്നെയല്ലേയെന്ന് അദ്ദേഹം ചോദിച്ചു. എനിക്കും സംശയമുണ്ട്. ഏതായാലും ഏതോ ഒരു മന്ത്രി വന്ന് ഞെട്ടി എന്ന് പറഞ്ഞു. രണ്ട് കാരണങ്ങൾകൊണ്ട് ഒരാൾ ഞെട്ടും. തീരെ സൗകര്യമില്ലാതിരുന്നാലും ഞെട്ടും, വല്ലാതെ അത്ഭുതകരമായ രീതിയിൽ താജ്മഹൽ കണ്ടാലും ഞെട്ടും. ഇപ്പോൾ ഞെട്ടിയത് ഏത് കാര്യത്തിനാണെന്നറിയില്ല.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, സംഗതി മനസ്സിലായി. ഇനി ബി.ജെ.പി.-യിലേയ്ക്കാണ് നിങ്ങൾ പോകുന്നതെന്ന് മനസ്സിലായി. ആർ.എസ്.എസ്. മന്ത്രിയെയാണ് സപ്പോർട്ട് ചെയ്തത്. എനിക്ക് ആർ.എസ്.എസ്. മന്ത്രിയെന്ന് അറിയാത്തതുകൊണ്ടല്ല. ഇപ്പോൾ ഏത് കോലത്തിലും വേഷത്തിലും അവർ വരും. ഹൃദ്യമായ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. പാലിയേറ്റീവ് കെയറിന് 232 യൂണിറ്റാണ് നമ്മൾ നടപ്പിലാക്കിയത്, അതിൽ സ്റ്റാഫ് നഴ്സ് 232 എണ്ണം. ഈ സർക്കാർ മൊത്തം 4,300 തസ്തികകൾ സൃഷ്ടിച്ചു. ഹൃദ്യമായ പദ്ധതികൾ, ഹൃദ്യമായ സൗജന്യ ചികിത്സകൾ, അർഹതപ്പെട്ടവന് സൗജന്യ മരുന്നുകൾ കൂടാതെ ഹൃദ്യം പദ്ധതികൾക്ക് രണ്ട് അവാർഡുകളും നേടി. ആരോഗ്യ വകുപ്പിനെ നമുക്ക് അഭിനന്ദിക്കാതിരിക്കാൻ കഴിയുമോ; ആരോഗ്യ രംഗത്ത് നിലവിലുള്ള കാഴ്ചപ്പാടുകൾ മാറ്റിമറിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും പുതിയ ആശയങ്ങൾ അവതരിപ്പിക്കാനും കഴിഞ്ഞു എന്നതാണ് ഈ വകുപ്പിന്റെ നേട്ടം. ഇടതുമുന്നണി സർക്കാരും ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറും അഭിനന്ദനം അർഹിക്കുന്നു എന്നുള്ളത് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തതാണ്.

സംസ്ഥാനത്ത് ഏത് ആശുപത്രിയിൽ ചികിത്സ നേടിയാലും ചികിത്സയുടെ എല്ലാ വിവരങ്ങളും വേറെ ഏത് ഡോക്ടറുടെ അടുത്ത് പോയാലും ആ ഡോക്ടറുടെ മുൻപിലെ കമ്പ്യൂട്ടറിലെത്തുന്ന ഒരു പരിപാടിയാണ് ഇ-ഹെൽത്ത് പ്രോജക്ട്. ഇന്ത്യയിലെ തന്നെ ആദ്യത്തെ പദ്ധതി എന്ന ബഹുമതിയും ഇതിനുണ്ട്. ഇത് മനസ്സിലാക്കാതെ വെറുതെ ഓരോന്ന് പറഞ്ഞിട്ട് എന്താണ് കാര്യം? ചികിത്സാ ചെലവ് കുറയ്ക്കാനും ചികിത്സാ സഹായം എളുപ്പത്തിൽ രോഗികൾക്ക് ലഭ്യമാക്കാനും കഴിയുന്ന പദ്ധതി കൂടിയാണിത്. ശിശുമരണവും മാതൃമരണവും ആധുനിക കാലത്ത് വർദ്ധിക്കുന്നത് ഉത്കണ്ഠ ഉണ്ടാക്കുന്ന കാര്യമാണ്. 325 കുട്ടികൾക്ക് ജന്മനായുള്ള ഹൃദ്രോഗത്തിന് സൗജന്യമായി ശസ്ത്രക്രിയ നടത്തി. 8.5 കോടി രൂപ അതിന് ചെലവഴിച്ചു. 397 കുട്ടികൾക്ക് ശസ്ത്രക്രിയ അല്ലാതെയുള്ള ചികിത്സ സൗജന്യമായി നൽകിയത് ഈ സർക്കാരിന്റെ ആരോഗ്യരംഗത്തെ ശ്രദ്ധ പ്രശംസനീയമായതുകൊണ്ടു തന്നെയാണ്. 14,623 കുട്ടികൾക്ക് ശ്രീചിത്രാ ആശുപത്രി വഴി വിവിധ സ്പെഷ്യാലിറ്റി ചികിത്സകൾ സൗജന്യമായി കൊടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. സംസ്ഥാനത്ത് ഉയർന്നുവന്ന സ്വകാര്യ ആശുപത്രികളും ചികിത്സാ ചെലവുകളും ഭീഷണിയാകുന്ന കാലഘട്ടത്തിൽ, സ്വകാര്യ മേഖല ഇടത്തരക്കാർക്കും പാവപ്പെട്ടവർക്കും താങ്ങാൻ കഴിയാത്ത തരത്തിൽ വരുന്ന ഈ കാലഘട്ടത്തിൽ ഇത് സംസ്ഥാനത്തിന്റെ ഭാവിയെ തന്നെ പ്രതികൂലമായി ബാധിക്കുന്നത് നമ്മൾ തിരിച്ചറിയുന്നുണ്ട്. അതുകൊണ്ടാണ് സർക്കാർ ആശുപത്രികളിലെ ചികിത്സാ ഗുണനിലവാരം വർദ്ധിപ്പിച്ച് രോഗീസൗഹൃദ

അന്തരീക്ഷം സൃഷ്ടിക്കാൻ ശ്രമിക്കുന്നത്. ആർദ്രം പദ്ധതിയിലൂടെ ജില്ലാ, താലൂക്ക് ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഒരുക്കുക, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുക എന്നീ നടപടികൾ ആശ്വാസകരമാണ്. ഗുണനിലവാരമുള്ള സേവനങ്ങൾ രോഗികൾക്ക് ലഭിക്കുമെന്നുറപ്പാക്കുന്ന ശക്തമായ അവലോകനം ഇതിന്റെ ഭാഗമായി നടത്തുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചത് ആവേശം പകരുന്നതാണ്. കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് പൊതുമേഖലയെ ആകെ സ്വകാര്യവൽക്കരിക്കുന്ന ഈ ഘട്ടത്തിൽ ആശുപത്രികളും സ്വകാര്യ വൽക്കരിക്കാനുള്ള നോട്ടത്തിലാണ്. അത് നിങ്ങൾ തിരിച്ചറിയണം. സ്വകാര്യ വ്യക്തികൾക്ക് ആശുപത്രികൾ വാടകയ്ക്ക് കൊടുക്കാനുള്ള നീക്കം നടക്കുന്നതിനെ നമ്മൾ ഒന്നിച്ച് ചെറുക്കണം. മറ്റ് രാജ്യങ്ങൾ ആരോഗ്യ മേഖലയിൽ 20 ശതമാനവും 30 ശതമാനവും ചെലവഴിക്കുമ്പോൾ ഇന്ത്യാ ഗവൺമെന്റ് ചെലവഴിക്കുന്നത് 2 ശതമാനവും 5 ശതമാനവും മാത്രമാണെന്ന യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണം. ഈ പ്രാരാബ്ധത്തിലാണ് ഇത്തരം കാര്യങ്ങൾ വളരെ ഭംഗിയായി ഈ ഗവൺമെന്റ് നടത്തുന്നത്. ജനാധിപത്യമെന്നത് ജനങ്ങളെ കൂടുതൽ ദരിദ്രരാക്കുകയാണ് എന്ന് ധരിച്ചുവച്ചിരിക്കുന്ന കേന്ദ്ര സർക്കാർ

"ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും

ചോരതന്നെ കൊതുകിനു കൗതുകം" - എന്നു പറഞ്ഞതുപോലെയാണ് പ്രവർത്തിക്കുന്നത്. ഈ ഗവൺമെന്റ് അതിശക്തമായി മുന്നോട്ടു പോകും. രണ്ട് വർഷംകൊണ്ട് ആരോഗ്യ രംഗത്ത് നിരവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. മറ്റൊന്ന് നേരത്തെ എന്റെ സുഹൃത്ത് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞ കാര്യമാണ്. അദ്ദേഹത്തെ പോലെ ഒരാൾ അങ്ങനെ ഇടപെട്ട് പറയാൻ പാടില്ലായിരുന്നു. മാന്യൻമാരെ, അല്ലെങ്കിൽ മറ്റുള്ളവരെ ബഹുമാനിക്കുന്നവരെ ഇകഴ്ത്തിക്കാട്ടി അങ്ങനെ വലിയവനാകാൻ ശ്രമിക്കേണ്ട. ഗാന്ധിജി പറഞ്ഞിട്ടുണ്ട്, "വലിയവനായതുകൊണ്ട് മാത്രം വലിയവനാവില്ല. മനുഷ്യത്വം വേണം. എങ്കിലേ മനുഷ്യനാകുകയുള്ളൂ" എന്ന്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. 2017-18-ൽ ആരോഗ്യരംഗത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ 2000 കോടി രൂപയുടെ അടിസ്ഥാന സൗകര്യവികസനം നടപ്പിലാക്കുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചത്. എന്നാൽ ഇപ്പോൾ ഈ ഗവൺമെന്റിന്റെ മൂന്നിലൊന്ന് കാലാവധി കഴിഞ്ഞിരിക്കുകയാണ്. 20 കോടി രൂപയുടെ പ്രവർത്തനങ്ങൾപോലും ഇതുവരെ ആരംഭിച്ചിട്ടില്ല. ആരോഗ്യരംഗത്ത്

വളരെയധികം വെല്ലുവിളികൾ നേരിടുന്ന ഒരു സാഹചര്യത്തിലേക്ക് സംസ്ഥാനത്തെ കൊണ്ടെത്തിച്ചിരിക്കുകയാണ്. 2017 കേരളത്തിലെ ആരോഗ്യരംഗം ഒരിക്കലും ഓർക്കാൻ ഇഷ്ടപ്പെടാത്ത വർഷമാണ്. 2017-ൽ 700-ൽപ്പരം ആളുകളാണ് പകർച്ചവ്യാധിമൂലം കേരളത്തിൽ മരണപ്പെട്ടത്. എന്തു ചെയ്യണമെന്നറിയാതെ കേരളം വിറങ്ങലിച്ചുനിന്ന ഒരു കാലഘട്ടമായിരുന്നു. അതുസംബന്ധിച്ച് രണ്ട് അടിയന്തരപ്രമേയങ്ങൾ ഞാൻതന്നെ നിയമസഭയിൽ കൊണ്ടുവന്നതാണ്. അതിനെ സർക്കാർ നിസ്സാരവൽക്കരിച്ചതുകൊണ്ടാണ് അത്രയധികം മരണം അവിടെയുണ്ടായത്. എടുക്കേണ്ട നടപടികൾ സമയബന്ധിതമായി എടുക്കാതെ മുന്നോട്ടുപോയി. യു.ഡി.എഫ്. സർക്കാരിന്റെ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങളെ അംഗീകരിക്കാതെ അവയെ തകർക്കാൻ ശ്രമിച്ചതാണ് ഇത്തരത്തിലുള്ള കൂട്ടമരണങ്ങൾക്ക് കാരണമായത്. 2017-ലെ പനിക്കണക്ക് ഇന്ന് ഡി.എച്ച്.എസ്.-ന്റെ വെബ്സൈറ്റിലില്ല. നമ്മുടെ നാടിനുതന്നെ ഇത് അപമാനമാണെന്നുള്ളതുകൊണ്ടാണ് വെബ്സൈറ്റിൽ ഈ കണക്കുകൾ കാണിക്കാത്തത്. 2011, 2012, 2013, 2014, 2015, 2016 എന്നീ വർഷങ്ങൾക്കുശേഷം 2018 മാർച്ച് 9 വരെയുള്ള കണക്കുകളാണ് കാണിച്ചിരിക്കുന്നത്. 2017 കാണുന്നില്ല, ഇക്കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? 2017 ആദ്യ 6 മാസത്തിൽ കേരളത്തിൽ 66 പനി മരണങ്ങളുണ്ടായി. ശരാശരി ഒരു മാസത്തിൽ 11 മരണം. നടപടികളൊക്കെ സ്വീകരിക്കുന്നുവെന്ന് പറയുമ്പോഴും ഈ വർഷത്തെ സ്ഥിതിയെന്താണ്? 2018-ൽ ഇതുവരെ 24 മരണങ്ങളുണ്ടായി. മാസത്തിൽ ശരാശരി 12 മരണം ഉണ്ടാകുകയാണ്. വളരെ ഗുരുതരമായ സ്ഥിതിവിശേഷം ഈ വർഷവും വരാൻ പോകുകയാണ്. ഈ വർഷം പല പദ്ധതികളും ആവിഷ്കരിച്ചുവെന്ന് ഗവൺമെന്റ് പറയുമ്പോഴും ഒരു മാസത്തിൽ ശരാശരി 12 മരണം ഈ മൂന്ന് മാസം കൊണ്ട് ഉണ്ടായിരിക്കുകയാണ്. കഴിഞ്ഞതവണത്തേക്കാൾ ഗൗരവമായി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം. അതോടൊപ്പം ആവശ്യമായ തുക അനുവദിക്കണം. ഒരോ വാർഡിലും 25,000 രൂപ വച്ച് കൊടുക്കുന്നുണ്ട്. അത് അടിയന്തരമായി വിനിയോഗിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാണ് ഇക്കാര്യത്തെക്കുറിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത്.

നീതി ആയോഗിന്റെ കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. നീതി ആയോഗിൽ കേരളം ആരോഗ്യമേഖലയിൽ ഏറ്റവും മുൻപന്തിയിലാണെന്നുള്ള വാർത്ത വന്നയുടനെ ബഹുമാന്യരായ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും പത്രസമ്മേളനം നടത്തുകയും വെബ്സൈറ്റിൽ അവരുടെ പ്രസ്താവനകൾ വരികയും ചെയ്തു. അത് ഇടത് സർക്കാരിന്റെ നേട്ടമാണെന്ന് പറഞ്ഞ് ഒരു മന്ത്രി

പത്രസമ്മേളനം നടത്തുകയും പല മെമ്പർമാരും സംസാരിക്കുകയും ചെയ്തു. എന്നാൽ യു.ഡി.എഫ്.-ന്റെ 2015-16 കാലഘട്ടത്തിലെ ആരോഗ്യരംഗത്തെ പ്രവർത്തന മികവായിരുന്നു ഇതിനുള്ള അംഗീകാരം. അക്കാര്യം ശ്രീ. കെ. എസ്. ശബരീനാഥൻ സൂചിപ്പിച്ചതാണ്. കാരണം, യു.ഡി.എഫ്. ഗവൺമെന്റ് കഴിഞ്ഞ 5 വർഷക്കാലത്ത് ആരോഗ്യരംഗത്ത് നടത്തിയ വിജയകരമായിട്ടുള്ള നടപടികളെക്കുറിച്ച് ഈ റിപ്പോർട്ട് പരിശോധിച്ചാൽ മനസ്സിലാകും. അതിന് അട്ടപ്പാടിയിൽത്തന്നെ ഒരുദാഹരണമുണ്ട്. 31 ശിശുമരണമാണ് അവിടെ നടന്നുകൊണ്ടിരുന്നത്. അത് ആ കാലഘട്ടത്തിൽ 14 ആയി കുറയ്ക്കാൻ കഴിഞ്ഞു. ഐ.എം.ആർ. (ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ്) 12-ലേയ്ക്ക് കുറച്ചു കൊണ്ടുവന്നു. 2012 മുതൽ 2015 വരെയുള്ള കാലഘട്ടത്തിൽ മെറ്റേണൽ മോർട്ടാലിറ്റി റേറ്റ് 95-ൽ നിന്നും 66 ആയി കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞു എന്നുള്ളത് ഏറ്റവും വലിയ നേട്ടമാണ്. ആ പദ്ധതികളെ മുഴുവൻ തകിടം മറിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്. കഴിഞ്ഞ കാലഘട്ടത്തിൽ ആരോഗ്യമേഖലയ്ക്ക് ഏറ്റവും പ്രാധാന്യം കൊടുത്തിരുന്നു. 2011-ൽ 212 കോടി രൂപയാണ് ബജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നതെങ്കിൽ 2016 അവസാനം മുഖ്യമന്ത്രി ധനകാര്യ വകുപ്പുമന്ത്രിയുടെ ചുമതല വഹിച്ചിരുന്ന സമയത്ത് 1300 കോടി രൂപയായി ആ തുക വർദ്ധിപ്പിക്കാൻ കഴിഞ്ഞു എന്നുള്ളതാണ്. വളരെയധികം പ്രാധാന്യം ഈ മേഖലയ്ക്ക് കൊടുത്തിരുന്നു. ഈ ഗവൺമെന്റ് കുറേ തസ്തികകൾ സൃഷ്ടിച്ചുവെങ്കിലും 5000-ത്തിലധികം തസ്തികകൾ ഒരു കാലഘട്ടത്തിലുമില്ലാത്ത രീതിയിൽ യു.ഡി.എഫ്. സർക്കാരിന് സൃഷ്ടിക്കാൻ കഴിഞ്ഞു.

പ്രതിശീർഷ ചികിത്സാച്ചെലവ് കുറയ്ക്കാൻ നിരവധി സൗജന്യ ചികിത്സാപദ്ധതികൾ നമ്മൾ ഏർപ്പെടുത്തിയിരുന്നു. ആ പദ്ധതികൾ മുഴുവൻ നിർത്തുന്നതിനുള്ള സമീപനമാണ് ഇപ്പോൾ സ്വീകരിക്കുന്നത്. മെഡിക്കൽ കോളേജ് മുതൽ പ്രൈമറി ഹെൽത്ത് സെന്റർ വരെ സൗജന്യ മരുന്നു വിതരണം കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തുടങ്ങിയതാണ്. 1200 കോടി രൂപയുടെ കാരുണ്യ പദ്ധതി, ചികിത്സാ ധനസഹായം, അമ്മയും കുഞ്ഞും പദ്ധതി, ആരോഗ്യ കിരണം പദ്ധതി, അമൃതം ആരോഗ്യം പദ്ധതി, താലോലം പദ്ധതി, ശ്രുതിതരംഗം പദ്ധതി, സുകൃതം തുടങ്ങിയ പദ്ധതികളൊക്കെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തുടങ്ങിയതാണ്. അതെല്ലാം ഒന്നുകിൽ നിർത്തുന്നു അല്ലെങ്കിൽ സാമ്പത്തികസഹായം നൽകാതെ തടസ്സപ്പെടുത്തി കൊണ്ട് മുന്നോട്ടുപോകുന്ന സാഹചര്യമാണ് ഇവിടെയുള്ളത്.

ബജറ്റിൽ തുക അനുവദിച്ചുവെന്നുള്ള കാര്യം മാത്രമല്ല ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. ബജറ്റിൽ എത്ര തുക അനുവദിക്കുന്നുവെന്നുള്ളതിനെക്കാൾ ആ തുകയിൽ എത്ര ചെലവഴിക്കുന്നു എന്നുള്ളതാണ്. ഈ ഗവൺമെന്റ് ഗുരുതരമായ വീഴ്ചയാണ് അക്കാര്യത്തിൽ വരുത്തിയിരിക്കുന്നത്. അതിന് ഒന്നുരണ്ട് ഉദാഹരണങ്ങൾ പറയാം. പ്ലാനിംഗ് ബോർഡിന്റെ റിപ്പോർട്ടനുസരിച്ച് 13-3-2018-വരെ ഡിസ്ട്രിക്ട് മെന്റൽ ഹെൽത്ത് പ്രോഗ്രാമിന് 6.5 കോടി രൂപ അനുവദിച്ചതിൽ പൂജ്യം ശതമാനം മാത്രമാണ് എക്സ്പെൻഡിച്ചർ, ഒരു രൂപപോലും ചെലവഴിച്ചിട്ടില്ല. കോംപ്രഹെൻസീവ് മെന്റൽ ഹെൽത്ത് പ്രോഗ്രാമിന് 5 കോടി രൂപ അനുവദിച്ചതിൽ 20% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ യു.പി.എ. അദ്ധ്യക്ഷയായ ശ്രീമതി സോണിയാഗാന്ധി ഇവിടെ വന്ന് ഉത്ഘാടനം നിർവ്വഹിച്ച പദ്ധതിയാണ് ആരോഗ്യകിരണം. അതിന് 18.35 കോടി രൂപ അനുവദിച്ചു, അതിലെ എക്സ്പെൻഡിച്ചർ സീറോ ആണ്. ജില്ലാ ജനറൽ ആശുപത്രികളിലെ സൂപ്പർ സ്പെഷ്യാലിറ്റി ഫെസിലിറ്റിക്ക് 5 കോടി രൂപ അനുവദിച്ചതിന്റെ എക്സ്പെൻഡിച്ചർ ഇപ്പോൾ സീറോ ആണ്. അത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാതെ പ്രഖ്യാപനങ്ങളും പ്രസംഗങ്ങളുമായി മുന്നോട്ട് പോയിട്ട് കാര്യമില്ല. സുകൃതം പദ്ധതിക്ക് ആർ.സി.സി.-യിൽ 22 കോടി രൂപ കൊടുക്കാനുണ്ട്. 5 മെഡിക്കൽ കോളേജുകളിലും മലബാർ ക്യാൻസർ സെന്ററിലും ആ പദ്ധതി നടക്കുന്നില്ല. മാർച്ച് 31-നുശേഷം സ്വകാര്യ ആശുപത്രിയിൽ സൗജന്യ ചികിത്സ നൽകുന്നതിന് 100 കോടി രൂപ സംസ്ഥാന ഗവൺമെന്റ് നൽകാറുണ്ട്. സ്വകാര്യ ആശുപത്രിയിലെ സൗജന്യ ചികിത്സ മുഴുവൻ മാർച്ച് 31-ഓടുകൂടി നിർത്താൻ പോകുകയാണ്. അവയവദാനം നടത്തുന്നതിനുള്ള പദ്ധതികൾ കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് നടപ്പിലാക്കിയതാണ്. അതുവഴി 600 പേർക്ക് ജീവിതം കൊടുക്കാൻ കഴിഞ്ഞു. ഇപ്പോൾ 2000 പേർ കാത്തിരിക്കുകയാണ്. അതിന് മൂന്നരലക്ഷം രൂപ കെട്ടിവയ്ക്കണം, ആ പൈസ കെട്ടിവയ്ക്കാൻ സാധിക്കാത്ത പാവപ്പെട്ട ആളുകൾ മരിക്കണമെന്നാണോ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ആ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം.

നമ്മുടെ കുട്ടികൾ ഇവിടെ ആറര ലക്ഷം രൂപ കൊടുത്ത് എം.ബി.ബി.എസ്.ന് പഠിക്കുകയാണ്. 25000 രൂപ മുടക്കി പഠിക്കാൻ കഴിയുന്ന സാഹചര്യത്തിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ തുടങ്ങി. മെഡിക്കൽ വിദ്യാഭ്യാസത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യം എല്ലാ

ജില്ലയിലും ഒരുക്കണം. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് തുടങ്ങാൻ തീരുമാനിച്ചിരുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ബജറ്റിൽ തുക അനുവദിക്കണം. ആശുപത്രികളുടെ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം തൈക്കാട് ആശുപത്രി, ചേർത്തല ആശുപത്രി എന്നിവയുടെ അക്രഡിറ്റേഷൻ നഷ്ടപ്പെട്ടതിന്റെ കാരണമെന്താണെന്ന് ഗവൺമെന്റ് ആലോചിക്കണം. ഇവിടെ എല്ലാം ശരിയാകുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ സൂചിപ്പിക്കുകയാണ്; സർക്കാർ ആശുപത്രികളിലെ പ്രസവ ചികിത്സ 58 ശതമാനമായിരുന്നത് 42 ശതമാനമായി കുറഞ്ഞു. എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ പോയതുകൊണ്ടാണ്; സൗകര്യങ്ങളൊന്നുമില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് 500 ഐറ്റം മരുന്നുകളാണ് സൗജന്യമായി കൊടുത്തിരുന്നതെങ്കിൽ ഇന്ന് 200 ഐറ്റം മരുന്നുകളാണ് കൊടുക്കുന്നത്. അതുപോലെ കഴിഞ്ഞ കാലത്ത് 95% ഇമ്മ്യൂണൈസേഷനാണ് നമ്മൾ നടത്തിയിരുന്നതെങ്കിൽ ഇപ്പോഴത് 70 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. ഭാവിയിൽ വലിയ അപകടം ഉണ്ടാകാൻ പോകുന്ന ഒരു സാഹചര്യമാണ് സമൂഹത്തിൽ നിലനിൽക്കുന്നത്. ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രി സംസ്ഥാനത്തെ 200 കോടി രൂപയുടെ തീരദേശ പദ്ധതിയിൽ ആശുപത്രികളുടെ വികസനവും ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം മേഖലയിൽ 104 ആളുകളെ കാണാതാകുകയും 150-ലധികം ആളുകൾ മരണപ്പെടുകയും ചെയ്തു. ആ പ്രദേശത്തുള്ള ഏതെങ്കിലും ഒരു ആശുപത്രിയുടെ ഡെവലപ്മെന്റ് അതിൽ പറഞ്ഞിട്ടില്ല. തിരുവനന്തപുരത്ത് നിന്ന് ആകെ ഉൾപ്പെട്ടിട്ടുള്ളത് ഡെപ്യൂട്ടി സ്പീക്കറുടെ നിയോജകമണ്ഡലത്തിലെ ചിറയിൻകീഴ് ആശുപത്രി മാത്രമാണ്. ബാക്കിയെല്ലാം വടക്കോട്ടുള്ള ജില്ലകളിൽ നിന്നാണ്. ഓഖി മരണത്തിൽ 150 ആളുകളെ കാണാതായ വലിയതുറ, പൂന്തുറ, വിഴിഞ്ഞം, പൊഴിയൂർ, പൂവാർ പ്രദേശങ്ങളിലെ ആശുപത്രികളുടെ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുവേണ്ട നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഗവൺമെന്റ് പുതിയ ആരോഗ്യനയം പ്രഖ്യാപിക്കാൻ പോകുകയാണ്. 'റൈറ്റ് ടു ഹെൽത്ത്' എന്ന രീതിയിൽ ഈ ആരോഗ്യനയം കൊണ്ടുവരണം. കാരണം, കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് അത്തരത്തിൽ നമ്മൾ ഒരുപാട് മുന്നോട്ടുപോയി. ഒരു കുഞ്ഞ് ജനിക്കുന്നത് മുതൽ വാർദ്ധക്യം വരെയുള്ള കാലഘട്ടത്തിലെ എല്ലാ ചികിത്സയും നമ്മൾ സൗജന്യമാക്കി. അതുപോലെ ലാബ് പരിശോധനകൾ സൗജന്യമാക്കുന്ന രീതി കൊണ്ടുവരണം. കേരളത്തിലെ പാവപ്പെട്ട മുഴുവൻ ആളുകൾക്കും മുഴുവൻ ചികിത്സയും സൗജന്യമായി നൽകുന്ന

തരത്തിൽ റൈറ്റ് ടു ഹെൽത്ത് എന്ന തലത്തിലേയ്ക്ക് ആരോഗ്യനയത്തെ കൊണ്ടുവരണം. കഴിഞ്ഞ 22 മാസക്കാലമായി പകർച്ചവ്യാധികളും മരണങ്ങളും ആത്മഹത്യകളും അക്രമണങ്ങളുമല്ലാതെ നമ്മുടെ നാട്ടിൽ എന്താണ് നടക്കുന്നത്? സർക്കാരിന്റെ മൂന്നിലൊന്ന് സമയം കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച കണക്കനുസരിച്ച് 12,988 ആത്മഹത്യകളിൽ രോഗം ബാധിച്ചതുമൂലം ആത്മഹത്യ ചെയ്തത് 2325 പേരാണ്. ഇവിടെ എല്ലാം ശരിയാണെന്നു പറഞ്ഞു. രോഗം ബാധിച്ച്, ജീവിക്കാൻ കഴിയാതെ, ചികിത്സ ലഭ്യമാക്കാൻ കഴിയാതെ 2325 ആളുകൾ മരിച്ചു. 22 മാസത്തിനുള്ളിൽ 3 കൊലപാതകങ്ങൾ. ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതയാണ് ഈ അവസരത്തിൽ എനിക്ക് ഓർമ്മ വരുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

"ആത്മഹത്യയ്ക്കും കൊലയ്ക്കും ഇടയിലൂടെ

ഒരു ആർത്തനാദം പോലെ പായുന്ന കേരളം

കൊട്ടും വേനലിൽ കണ്ണീരും കുടിനീരും വറ്റിയ കേരളത്തിൽ

ഇന്ന് സുലഭമായിട്ടുള്ളത് കണ്ണീർ മാത്രമാണ്"

രാഷ്ട്രീയ കൊലപാതകങ്ങളിൽ മകൻ നഷ്ടപ്പെട്ട അമ്മയുടെ, അച്ഛൻ നഷ്ടപ്പെട്ട മക്കളുടെ, ഭർത്താവ് നഷ്ടപ്പെട്ട ഭാര്യയുടെ, ആഹാരം ലഭിക്കാതെ കൊല്ലപ്പെട്ട ആദിവാസി സഹോദരന്റെ, ഓഖി കൊടുങ്കാറ്റിൽ എല്ലാം നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി സഹോദരങ്ങളുടെ, സ്വന്തം ഭൂമിയിൽ പാർട്ടി കൊടി കണ്ട പ്രവാസിയുടെ അങ്ങനെ 22 മാസക്കാലത്തെ ഈ ഗവൺമെന്റിന്റെ ഭരണം കൊണ്ട് എവിടേയും കണ്ണീരാണ്. മനുഷ്യരക്തം വീണ മണ്ണിലൂടെയും പാർട്ടി സമ്മേളന പാതകളിലൂടെയും ഹരിതകേരളം ചുവക്കുകയാണ്. ഭരണത്തിലിരിക്കുന്നവർക്ക് കേരളത്തിന്റെ വികസനത്തിൽ താൽപര്യമില്ല. ലൈറ്റ് മെട്രോയ്ക്ക് റെഡ് ലൈറ്റായിക്കഴിഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കൊണ്ടുവന്ന ലൈറ്റ് മെട്രോ പദ്ധതിയെ അട്ടിമറിക്കുകയാണ്. ലൈഫ് പദ്ധതി ലൈഫ്ലെസ്സായി.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... കൺക്ലൂഡ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ബി.ജെ.പി.-യെ കാലാകാലങ്ങളായി ശക്തിപ്പെടുത്തുന്നതിനുവേണ്ടി പരോക്ഷമായ നിലപാടെടുത്തിട്ടുള്ളത് സി.പി.ഐ.(എം.) ആണ്; അവരെ പിന്തുണയ്ക്കുന്നത്

ഇടതുമുന്നണികളാണ്. 1977-ൽ ഇന്ദിരാഗാന്ധിയെ പരാജയപ്പെടുത്തുവാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. എന്നിട്ട് ആരാണ് അധികാരത്തിൽ വന്നത്? അന്ന് പിൻതുണച്ച ജനസംഘം, അവരെ പിൻതുണച്ചുകൊണ്ട് കേന്ദ്രത്തിൽ അധികാരത്തിൽ വന്നു. 1989-ൽ കോൺഗ്രസ്സ് വിരോധം പറഞ്ഞുകൊണ്ട് രാജീവ് ഗാന്ധിയെ പരാജയപ്പെടുത്താൻ നിങ്ങൾ നിലപാടെടുത്തു. അന്ന് അധികാരത്തിൽ വന്നത് ജനതാദളാണ്. ഇപ്പോഴും ചരിത്രം ആവർത്തിക്കുന്നതിനുവേണ്ടി നിങ്ങൾ നിലപാടെടുക്കുകയാണ്. 1977-ലെയും 1989-ലെയും നിലപാടുകൾ ആവർത്തിച്ചുകൊണ്ട്, ഈ രാജ്യത്ത് ബി.ജെ.പി.-യെ സഹായിക്കുന്നതിനുവേണ്ടി, മതനിരപേക്ഷ കക്ഷികളെ വെല്ലുവിളിക്കുന്നതിന് തീരുമാനമെടുത്തുകൊണ്ട്, മുന്നോട്ടുപോകുന്നത് സി.പി.ഐ (എം) ആണ്.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... കൺക്ലൂഡ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ നിർത്തുകയാണ്. വടക്കേ ഇന്ത്യയിൽ അതിന്റെ കാഹളം മുഴങ്ങിക്കഴിഞ്ഞു. 2019-ൽ ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സ് അധികാരത്തിലേക്ക് തിരിച്ചുവരും. അതിന് സി.പി.ഐ.(എം)-ന്റെ പിൻതുണ ഞങ്ങൾക്കാവശ്യമില്ല. രാജസ്ഥാനിലും മദ്ധ്യപ്രദേശിലും ഗുജറാത്തിലും അതിന്റെ കാഹളമാണ് മുഴങ്ങിയിട്ടുള്ളതെന്ന് പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ ആരോഗ്യപരവും ഉർജ്ജസ്വലവുമായിട്ടുള്ള ചർച്ചയാണ് ആരോഗ്യ-സാമൂഹ്യനീതി-വനിത-ശിശുവികസന ഭക്ഷ്യസുരക്ഷാ വകുപ്പിനെക്കുറിച്ച് ഇവിടെ നടന്നത്. പതിനഞ്ച് എം.എൽ.എ.-മാർ ഈ ചർച്ചയിൽ പങ്കെടുത്തു. സാഹിത്യകാരന്മാരൊക്കെ നമ്മുടെ എം.എൽ.എ.-മാരുടെ കൂട്ടത്തിലുണ്ടെന്ന് തെളിയിച്ചുകൊണ്ട് വളരെ ആകർഷകമായ രീതിയിൽ ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും ഒട്ടേറെ കാര്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. എനിക്ക് ഇക്കാര്യത്തിൽ വളരയധികം സന്തോഷമുണ്ട്. വിമർശനങ്ങളുണ്ടാകുന്നത് നല്ലതാണ്. അത് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുകയേയുള്ളൂ. ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള ബഹുമാന്യരായ എം.എൽ.എ.-മാർ ആരോഗ്യവകുപ്പിൽ ഇക്കഴിഞ്ഞ രണ്ട് വർഷത്തോളമായി എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തിട്ടുള്ള കാര്യങ്ങൾ അവഗണിക്കാനും തള്ളിപ്പറയാനും കഴിയാത്ത വിധം അംഗീകരിച്ച് സംസാരിക്കുകയുണ്ടായി. എം.എൽ.എ.-മാരിൽ മഹാഭൂരിപക്ഷവും ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ ആരോഗ്യ സാമൂഹ്യനീതി വനിതാവികസന വകുപ്പുകളിൽ ചെയ്യുന്ന കാര്യങ്ങൾ ഏറ്റെടുത്ത് അവരവരുടെ

മണ്ഡലങ്ങളിൽ നടപ്പിലാക്കാൻ ആഗ്രഹിക്കുന്നവരാണ്. ആ അർത്ഥത്തിൽ വലിയ പിന്തുണ എം.എൽ.എ.-മാരിൽ നിന്നും ഈ പദ്ധതികളെല്ലാം നടപ്പിലാക്കുന്നതിൽ കിട്ടാറുണ്ട്. എന്നാൽ അപൂർവ്വം ചിലരെങ്കിലും ഇവിടെ സംസാരിക്കുന്നത് കേട്ടപ്പോൾ അവർക്ക് ഇതൊന്നുമറിയില്ലെന്ന് എനിക്ക് തോന്നി. അവരുടെ മണ്ഡലത്തിൽ ഇതെല്ലാം നടപ്പിലാക്കണമെന്ന ആഗ്രഹമില്ലാത്ത വിധത്തിൽ ഒന്നോരണ്ടോ പേരെങ്കിലും ഈ പദ്ധതികളെക്കുറിച്ചറിയാതെ സംസാരിക്കുന്നത് കേട്ടു. ഞാനവരുടെ പേരൊന്നും എടുത്ത് പറയുന്നില്ല. എല്ലാവർക്കും പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുന്ന രീതിയിൽ എടുത്തുപറയാവുന്ന ഒട്ടേറെ മാറ്റങ്ങൾ കേരളത്തിന്റെ ആരോഗ്യ മേഖലയിലുണ്ടാക്കുകയാണ്. കേരളത്തിൽ 1957 മുതൽ 2017 വരെ ആരോഗ്യ വകുപ്പ് കൈകാര്യം ചെയ്തിട്ടുള്ള ഒട്ടേറെ വിഷയങ്ങൾ, സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പുരോഗമനപരമായിട്ടുള്ള പദ്ധതികൾ അതിന്റെയെല്ലാം ഭാഗമായിട്ടുതന്നെയാണ് കേരളം ആരോഗ്യരംഗത്ത് പല സൂചകങ്ങളിലും ഒന്നാമതായി നിൽക്കുന്നതെന്നതിൽ തർക്കമില്ല. പുതുതായി ചാർജ്ജെടുത്ത ആരോഗ്യ വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ പറയുമ്പോഴും അതുതന്നെയാണ് സൂചിപ്പിക്കാറുള്ളത്. പ്രതിപക്ഷത്തുനിന്നും മുൻ ആരോഗ്യ വകുപ്പുമന്ത്രിയടക്കം സംസാരിച്ചു. നീതി ആയോഗിന്റെ കാര്യം പറഞ്ഞു. നീതി ആയോഗ് കേരളത്തെക്കുറിച്ച് ഇങ്ങനെയൊരു പരാമർശം നടത്തിയതിൽ ആരോഗ്യ വകുപ്പുമന്ത്രി എന്ന നിലയിൽ വളരെ സന്തോഷമുണ്ടെന്ന് ഞാൻ പറഞ്ഞു. കേരളത്തിന്റെ ഓവറോൾ പെർഫോമൻസ് വച്ചിട്ടാണ് അങ്ങനെയൊരു അഭിപ്രായം നീതി ആയോഗ് പറഞ്ഞത്. അക്കാര്യത്തിൽ ഇടതുപക്ഷ മുന്നണി ഗവൺമെന്റിൽ ആരോഗ്യ വകുപ്പ് കൈകാര്യം ചെയ്യുന്ന എനിക്ക് സന്തോഷമുണ്ടെന്ന് പറഞ്ഞു. എന്നാൽ 'ഞങ്ങളുടെ കുട്ടികളെ കട്ടോണ്ടു പോയേ' എന്ന രീതിയിലുള്ള ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രസ്താവന അടുത്ത ദിവസത്തിലെ പത്രത്തിൽ കണ്ടു. ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ, പറഞ്ഞതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ നേട്ടങ്ങൾ എന്റേതാക്കി മാറ്റാൻ ഞാൻ ശ്രമിച്ചു എന്നുള്ള അർത്ഥത്തിലാണ് ഞങ്ങളുടെ കുഞ്ഞിനെ ആരോഗ്യവകുപ്പുമന്ത്രി കട്ടുകൊണ്ടുപോയി എന്ന് പറഞ്ഞത്. ശ്രീ. കെ. എസ്. ശബരീനാഥന്റെ പ്രസംഗത്തിലും അതുതന്നെയാണ് സൂചിപ്പിച്ചത്. നീതി ആയോഗിന്റെ റിപ്പോർട്ടിന് അടിസ്ഥാനമായിട്ടുള്ള കാര്യമെന്താണെന്ന് നിങ്ങളെല്ലാം പരിശോധിക്കുന്നത് നല്ലതാണ്. 2013-14 അടിസ്ഥാന വർഷമായെടുത്ത് 2014-15-ലെ കാര്യങ്ങളാണ് അതിൽ വിലയിരുത്തിയത്. അന്ന് ഇടതുപക്ഷ ഗവൺമെന്റായിരുന്നില്ല, ഞാൻ മന്ത്രിയുമായിരുന്നില്ല. അതിനകത്താണ് പോയിന്റ് കുറഞ്ഞത്. പക്ഷേ ഒന്നാമതെത്തി, നിഷേധിക്കാൻ ആർക്കും കഴിയില്ല. അത്രയേറേ കാര്യങ്ങൾ എത്രയോ വർഷങ്ങളായി നാം

ചെയ്തുവച്ചിട്ടുണ്ട്. അതിനകത്ത് പറഞ്ഞിട്ടുള്ള കാര്യങ്ങളാണ് ഇവിടെ പകർത്തി പറഞ്ഞത്. ആശുപത്രിയിലെ പ്രസവം കുറഞ്ഞുവെന്ന് പറഞ്ഞത് ഇക്കാലത്തെക്കുറിച്ചാണോ; അവിടെ മറ്റു ചില പോരായ്മകൾ ചൂണ്ടിക്കാണിച്ചത് ഈ കാലത്താണോ? എന്നിട്ടും ബഹുമാനപ്പെട്ട മുൻമന്ത്രിയോട് ഞാനൊരിക്കൽ പേഴസ്ണലായി സംസാരിക്കുമ്പോൾ അതിൽ എനിക്ക് വിശ്വാസമില്ലെന്ന് പറഞ്ഞു. ഇൻസ്റ്റിറ്റ്യൂഷണൽ ഡെലിവറി കേരളത്തിൽ കുറഞ്ഞുവെന്ന നീതി ആയോഗിന്റെ റിപ്പോർട്ട് നമ്മൾ ഒന്നുകൂടി പരിശോധിക്കേണ്ടതാണ്. ഈ ഗവൺമെന്റിന്റെ ഭരണകാലത്തെ കഥയല്ല പറഞ്ഞത്, മുൻ ഗവൺമെന്റിന്റെ ഭരണകാലത്തെ, 2014-15-ലെ റിപ്പോർട്ടിലാണ് ഇൻസ്റ്റിറ്റ്യൂഷണൽ ഡെലിവറി കുറഞ്ഞുവെന്ന് പറഞ്ഞത്. എന്നാൽ അട്ടപ്പാടിയിൽ ഒരു പ്രശ്നമുണ്ടായ സമയത്ത് ഒരു റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. ആ റിപ്പോർട്ടനുസരിച്ച് 2013-ൽ വീട്ടിൽ 65 പ്രസവമാണ് നടന്നതെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 5 പ്രസവമേ നടക്കുന്നുള്ളൂ. ഇൻസ്റ്റിറ്റ്യൂഷണൽ ഡെലിവറി കുറയ്ക്കാൻ സാധിച്ചത് ഈ ഗവൺമെന്റിന്റെ ഭരണകാലത്താണെന്ന് ഞങ്ങൾ ഉറച്ച് വിശ്വസിക്കുകയാണ്. അടുത്ത പ്രാവശ്യം നീതി ആയോഗിന്റെ പരിശോധന വരുമ്പോൾ അക്കാര്യം പരിശോധിക്കാം. അതുകൊണ്ട് കാര്യങ്ങൾ നന്നായി മനസ്സിലാക്കിയശേഷം മാത്രമേ സഭാതലത്തിൽ പ്രസംഗിക്കാവൂ എന്ന സൂചന ഞാൻ തന്നുവെന്നേയുള്ളൂ. ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള എം.എൽ.എ.-മാർ ആർദ്രം മിഷനെക്കുറിച്ച് പറഞ്ഞു, ആർദ്രം നല്ലതാണെന്ന് ശ്രീ. എം. ഉമ്മർ സംസാരിക്കുമ്പോൾ പറഞ്ഞു. ഞങ്ങൾ അക്കാര്യത്തിൽ അഭിനന്ദിക്കുകയാണ്. ആർദ്രം നല്ലതാണെന്ന് പറയാതിരിക്കാൻ എങ്ങനെയാണ് കഴിയുക? ആർദ്രം മിഷന്റെ ഭാഗമായി കേരളത്തിന്റെ ആരോഗ്യരംഗത്തുള്ള പുതുതലമുറയിലെ പ്രശ്നങ്ങൾ പഠിച്ചുകൊണ്ട് അതിലിടപെടാനാണ് തീരുമാനിച്ചത്. ആർദ്രം മിഷനിലൂടെ പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നുവെന്നത് മാത്രമല്ല, അവിടെ ഒരു സിസ്റ്റം ചെയ്യുന്നാണ് ഉണ്ടാകുന്നത്. ഇത്രയേറെ നേടിയിട്ടും നമ്മുടെ ആരോഗ്യമേഖല എന്തെല്ലാം പ്രശ്നങ്ങളാണ് അഭിമുഖീകരിക്കേണ്ടതെന്ന് അറിയണം. കേരളത്തിൽ ശിശുമരണ നിരക്കും മാതൃമരണ നിരക്കും കുറവാണ്, പ്രതീക്ഷിത ആയുസ്സ് കൂടുതലാണ്, പക്ഷേ ഷുഗർ, പ്രഷർ, കൊളസ്ട്രോൾ തുടങ്ങിയ ജീവിതശൈലീരോഗങ്ങൾ കൊണ്ട് നാം വീർപ്പുമുട്ടുകയാണ്. അതിനെല്ലാമുള്ള പരിഹാരമെന്താണ്? 1970-കൾക്കുശേഷം നമ്മൾ പ്രൈമറി ഹെൽത്ത് കെയറിൽ നിന്നും എത്രമാത്രം മാറിപ്പോയി; എന്തായിരുന്നു പ്രൈമറി ഹെൽത്ത് സെന്ററുകളുടെ അവസ്ഥ; ഉച്ചവരെ ഒരു ഡോക്ടർ മാത്രം ഇരിക്കുന്ന കേന്ദ്രമായി അതെങ്ങനെയാണ് മാറിയത്? പ്രൈമറി ഹെൽത്ത് സെന്ററിന് കീഴിലാണ്

25000 മുതൽ 60000 വരെ ജനസംഖ്യയുള്ള പല പഞ്ചായത്തുകളും. അവർക്കുവേണ്ടിയുള്ള ആശുപത്രിയാണ് പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകൾ. ഉച്ചയ്ക്കുശേഷം അവിടെ ആളനക്കമില്ല. അവിടെ നല്ല ലബോറട്ടറി ഉണ്ടായിരുന്നില്ല, അപൂർവ്വം ചില പി.എച്ച്.സി.-കളിൽ മാത്രമേ ലബോറട്ടറി ഉണ്ടായിരുന്നുള്ളൂ. ആരും അവിടെ പോകുമായിരുന്നില്ല. എന്നാൽ ആ പി.എച്ച്.സി.-കളെ മുഴുവൻ കുടുബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ അല്പം ധീരമായ തീരുമാനമാണെടുത്തത്. ഒരു ഡോക്ടർക്ക് പകരം അവിടെ രണ്ട് ഡോക്ടർമാരെക്കൂടി കൊടുക്കുക, രണ്ട് സ്റ്റാഫ് നേഴ്സിന് പകരം നാല് സ്റ്റാഫ് നേഴ്സിനെ കൊടുക്കുക, ലാബ് സെറ്റ് ചെയ്യുക, ലാബ് ടെക്നീഷ്യനെ നിയമിക്കുക തുടങ്ങിയവയൊന്നും എളുപ്പമുള്ള കാര്യമായിരുന്നില്ല. പക്ഷേ ഗവൺമെന്റ് അങ്ങനെ തീരുമാനിച്ചു. ആദ്യത്തെ വർഷം തന്നെ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുത്ത് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുമെന്ന് പ്രഖ്യാപിച്ചപ്പോൾ അതിൽ ഭരണ-പ്രതിപക്ഷ ഭേദമുണ്ടായിരുന്നില്ല, എം.എൽ.എ.-മാർക്കാണ് അവസരം തന്നത്. അതിനെതിരായി നിങ്ങൾ എങ്ങനെയാണ് പറയുക? നിങ്ങൾ തെരഞ്ഞെടുത്ത് തന്നതാണല്ലോ, ശ്രീ. കെ. എസ്. ശബരീനാഥൻ അങ്ങനെ സംസാരിച്ചതിൽ എനിക്ക് അത്ഭുതം തോന്നുന്നു. ഒരു വികസന ബ്ലോക്കിൽ ഒന്നുവീതം പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റും എന്നുപറയുമ്പോഴുള്ള ഗുണവശം നിങ്ങൾക്ക് മനസ്സിലാകാതെ പോയോ? ഞങ്ങളുടെ മുൻപിൽ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ മോഡലൊന്നുമുണ്ടായിരുന്നില്ല. യു.കെ.-യിലെ നാഷണൽ ഹെൽത്ത് സിസ്റ്റം എന്താണെന്ന് പഠിക്കാനായി ഞങ്ങളവിടെ പോയിരുന്നു. ക്യൂബയിൽ പോയിട്ടില്ലെങ്കിലും അവിടത്തെ കുടുംബ ഡോക്ടർ സംവിധാനം നമ്മുടെ മുൻപിലുണ്ട്. ഇതിൽ നിന്നെല്ലാം പാഠമുൾക്കൊണ്ടുകൊണ്ട് കേരളത്തിന്റെ മാതൃകയിൽ ഒരു ഫാമിലി ഹെൽത്ത് സെന്റർ എങ്ങനെയുണ്ടാക്കുമെന്നതിനെക്കുറിച്ച് കോൺഗ്രസുകാരുമായും ലീഗുകാരുമായും മാർക്സിസ്റ്റുകാരുമായും ചർച്ച നടത്തിയിട്ടുണ്ട്. അതൊന്നും രാഷ്ട്രീയം നോക്കിയായിരുന്നില്ല. പഞ്ചായത്ത് പ്രസിഡന്റുമാർ, വിദഗ്ദ്ധർ തുടങ്ങിയവരെയെല്ലാം വിളിച്ച് ചർച്ച നടത്തിയാണ് മോഡലുണ്ടാക്കിയത്. ആർദ്രം മിഷന്റെ മുദ്രാവാക്യം ആശുപത്രികൾ പേഷ്യന്റ് ഫ്രണ്ട്‌ലി ആയിരിക്കണമെന്നും ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡിച്ചർ കുറയ്ക്കണമെന്നും സാങ്കേതിക മികവുള്ളതാക്കി മാറ്റണമെന്നുള്ളതുമാണ്. ആ അർത്ഥത്തിൽ നമ്മുടെ ആശുപത്രികളുടെ മുറ്റത്ത് കയറിച്ചെല്ലുമ്പോൾ മനോഹരമായിട്ടുള്ള ഒരു ഉദ്യാനമുണ്ടായിരിക്കണമെന്നും റിസപ്ഷൻ എയർപോർട്ട് ചെയറൊക്കെയിട്ട് മനോഹരമായിരിക്കണമെന്നും ഏറ്റവും നല്ല ഇമ്മ്യൂണൈസേഷൻ റൂമായിരിക്കണമെന്നും അമ്മമാർക്ക് മുലയൂട്ടാനുള്ള ക്യാബിനും കുട്ടികൾക്ക്

കളിക്കാനുള്ള പ്ലേ ഏരിയയും ഡോക്ടർക്ക് രോഗികളെ കൺസൾട്ട് ചെയ്യാനുള്ള മുറിയും ഉൾപ്പെടെ എഴുതിത്തയ്യാറാക്കി പ്ലാൻ വരച്ച് കൊടുത്തിട്ടാണ് ഒരു മോഡൽ ഫാമിലി ഹെൽത്ത് സെന്റർ ഉണ്ടാക്കിയിരിക്കുന്നത്. ഞാനതിന്റെ ഉള്ളടക്കത്തിലേയ്ക്ക് പോകുന്നില്ല, പശ്ചാത്തല സൗകര്യത്തിലെ മാറ്റമല്ല അടിസ്ഥാനം, അവിടെയുള്ള സർവ്വീസിൽ വന്നിട്ടുള്ള മാറ്റമാണ്. ശ്വാസ് ക്ലിനിക് ആശ്വാസ് ക്ലിനക്, ക്യാൻസർ നേരത്തേ കണ്ടെത്താൻ സഹായിക്കുന്ന രീതിയിലുള്ള ഇടപെടൽ, കയറിചെല്ലുമ്പോൾ തന്നെ പ്രീ ചെക്കപ്പ് നഴ്സ്, ഇലക്ട്രോണിക് സംവിധാനത്തിലൂടെ പ്രവേശനം തുടങ്ങിയവയെക്കുറിച്ചെല്ലാം ഇവിടെ ചിലർ പറഞ്ഞു. ടീച്ചർ എന്നെക്കുറിച്ച് പറയുമെന്ന്, ബഹുമാനപ്പെട്ട സണ്ണി ജോസഫ് എപ്പോഴും പറയും, ഞാനങ്ങയെ ബുദ്ധിമുട്ടിക്കാൻ പറയുന്നതല്ല. നമ്മൾ രണ്ടു പേരുംകൂടിയാണ് കൊട്ടിയൂരിലെ ആശുപത്രി ഉദ്ഘാടനം ചെയ്തത്, ഞങ്ങൾക്ക് രണ്ടുപേർക്കും അവിടെയുണ്ടായിരുന്ന സ്വീകരണം എന്തായിരുന്നു! മാർക്സിസ്റ്റുകാർ മാത്രമായിരുന്നില്ല സ്വീകരിച്ചത്, അവിടെയുള്ള മാർക്സിസ്റ്റുകാരും കോൺഗ്രസുകാരും ചേർന്ന് 10 ലക്ഷം രൂപ ആശുപത്രിക്ക് വേണ്ടി പിരിച്ചെടുത്ത് ചെലവഴിച്ച്, അതുകൊണ്ടുമാത്രം ആശുപത്രിയാകില്ല. നല്ല ലാബ് സെറ്റ് ചെയ്തു. ഞങ്ങളുടെ ഗ്രാമത്തിലെ ആശുപത്രി ഇങ്ങനെയും മാറുമെന്ന് സങ്കൽപ്പിക്കാൻ കഴിയില്ലെന്നാണ് അവിടെയുള്ള പ്രായം ചെന്നയാളുകൾ പറഞ്ഞത്. കാഴ്ചയിൽ മാത്രമല്ല അവിടെ നിന്ന് ലഭിക്കുന്ന സർവ്വീസിന്റെ കാര്യത്തിലും മാറ്റമുണ്ട്. ബഹുമാനപ്പെട്ട മുൻമന്ത്രിയടക്കം അതൊന്നു പോയി കണ്ടാൽ തരക്കേടില്ല. അതിനുശേഷം അതിനെക്കുറിച്ച് ഒരു നല്ല അഭിപ്രായം പറഞ്ഞാൽ കൂടുതൽ ചെയ്യാനുള്ള ആവേശം നമുക്കുണ്ടാകും. ഇക്കാര്യം മാത്രം വിശദീകരിച്ചുപോയാൽ എവിടെയുമെത്തില്ല, ബാക്കി വകുപ്പുകളെക്കുറിച്ചുകൂടി പറയാനുള്ളതുകൊണ്ട് ഞാൻ ആ കാര്യത്തിലേയ്ക്ക് പോകുന്നില്ല. താലൂക്കാശുപത്രികളിൽ എന്തു വലിയ മാറ്റമാണുണ്ടായത്. എത്ര ലാഘവത്തോടുകൂടിയാണ് ശ്രീ. കെ. എസ്. ശബരീനാഥൻ കുറച്ച് ശബ്ദമുയർത്തി സംസാരിച്ചത്, അതിൽ എനിക്ക് അത്ഭുതമുണ്ട്. അദ്ദേഹത്തിന്റെ ഭാര്യ ദിവ്യയോടു ചോദിച്ചാൽ സാമൂഹ്യനീതി വകുപ്പിൽ നടക്കുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞു കൊടുക്കുമായിരുന്നു. അവർ നല്ല കുട്ടിയാണ്.

ശ്രീ. മഞ്ഞളാംകുഴി അലി : ടീച്ചറിനെപോലെയുള്ള ഒരാൾ അങ്ങനെ പറയാൻ പാടില്ല.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, എനിക്ക് ഏറെ ഇഷ്ടമുള്ള ഒരു ഉദ്യോഗസ്ഥയാണ്. അവരെ ആക്ഷേപിക്കാനല്ല, അനുമോദിക്കാനാണ് ഞാൻ പറഞ്ഞത്. സാമൂഹ്യനീതി മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത്

നടപ്പിലാക്കാൻ അങ്ങേയറ്റം താല്പര്യമുണ്ടെന്നു പറയുന്ന ഒരു സബ്കളക്ടറാണ് അവർ. അതെങ്കിലും മനസ്സിലാക്കാനാണ് ശ്രമിക്കേണ്ടത്. ഇവിടെ പറയാവുന്നതുമാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ. ശ്രീ. മഞ്ഞളാംകുഴി അലിക്ക് യാതൊരു വിരോധവും അക്കാര്യത്തിൽ വേണ്ട. ഞാനവരെക്കുറിച്ച് നന്നായി പറഞ്ഞതാണ്. മുഴുവൻ കേൾക്കാതെയാണ് ഇങ്ങനെ പറഞ്ഞത്.

മി. സ്പീക്കർ : പ്ലീസ്....പ്ലീസ്. ...

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : അദ്ദേഹത്തിന്റെ ഭാര്യ ഒരു വീട്ടമ്മയല്ല. സാമൂഹ്യ നീതി വകുപ്പിലെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന ഒരു ഉദ്യോഗസ്ഥയാണ്. ആ ഉദ്യോഗസ്ഥ ഭംഗിയായി കാര്യങ്ങൾ നടപ്പിലാക്കുന്നു എന്നുള്ള രീതിയിൽ അവരെ അഭിനന്ദിച്ചുകൊണ്ടാണ് സംസാരിച്ചത്. നിങ്ങൾ കാര്യങ്ങൾ കേൾക്കുന്നതിനുമുമ്പേ അഭിപ്രായം പറയരുത്.

ആർദ്രം മിഷന്റെ ഭാഗമായി പി.എച്ച്.സി.-കളെ മാത്രമല്ല 75 താലൂക്കാശുപത്രികളെയും എല്ലാ സ്പെഷ്യാലിറ്റിയോടും കൂടി നവീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. നവീകരണത്തിന്റെ ഭാഗമായി 47 താലൂക്ക് ആശുപത്രികൾക്ക് ഡയാലിസിസ് യൂണിറ്റ് കൊടുത്തിട്ടുണ്ട്. സമയക്കുറവുകൊണ്ട് 47 ആശുപത്രികളുടെ പേരുവിവരം ഇവിടെ വായിക്കുന്നില്ല. അത്യന്താധുനിക ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങാൻ സാധിച്ചിട്ടുണ്ട്. ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിൽ പോയി ഞാൻ തന്നെ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഇതുവരെ 19 എണ്ണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ബാക്കി പൂർത്തിയാക്കുന്നതിന്റെ ഘട്ടത്തിലാണ്. സംസ്ഥാനത്ത് 47 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് കിട്ടിയാൽ അതിന്റെ ഗുണഫലം ആർക്കാണ്? ഡയാലിസിസിനുവേണ്ടി കീശയിൽനിന്ന് കാശ് ചെലവാക്കുന്ന രോഗികളുടെ out of pocket expenditure കുറയ്ക്കാൻ അത് ഉപകരിച്ചുവെന്ന് നാട്ടുകാർ പറയുന്നുണ്ട്. അത് തന്നെയാണ് ആരോഗ്യ വകുപ്പിൽ നടന്നിട്ടുള്ളത്. 75 റവന്യൂ താലൂക്കുകളിലെയും ഒരു താലൂക്ക് ഹോസ്പിറ്റൽ എല്ലാ സ്പെഷ്യാലിറ്റികളോടും കൂടി നവീകരിക്കാനുള്ള തീരുമാനമാണ് എടുത്തിട്ടുള്ളത്. ഇതത്ര എളുപ്പമുള്ള കാര്യമല്ല. ഇവ ഓരോന്നും ശരിയായ രീതിയിൽ നടക്കണമെങ്കിൽ ആവശ്യമായ ഫണ്ടും പോസ്റ്റ് ക്രിയേഷനും ഉണ്ടാകണമെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. ഈ ഗവൺമെന്റിന്റെ കാലത്ത് നടത്തിയ പോസ്റ്റ് ക്രിയേഷന്റെ കണക്കുകൾ ഇവിടെ പറഞ്ഞിട്ടുണ്ട്. ഹെൽത്ത് സർവ്വീസിൽ 2426 തസ്തികകളാണ് സൃഷ്ടിച്ചത്. അതാണ് ഫാമിലി ഹെൽത്ത് സെന്ററിനും താലൂക്ക് ഹോസ്പ്പിറ്റലിനും ജില്ലാ ആശുപത്രികൾക്കും ജനറൽ ആശുപത്രികൾക്കുമായി വീതിച്ച് കൊടുത്തിട്ടുള്ളത്. മെഡിക്കൽ എഡ്യൂക്കേഷനിലെ 1739-ഉം ആയുഷ്

വിഭാഗത്തിലെ 106-ഉം ഉൾപ്പെടെ ആരോഗ്യമേഖലയിലാകെ 4271 പുതിയ തസ്തികകൾ സൃഷ്ടിച്ചത് എക്കാലത്തെയും റെക്കോർഡാണ്. അതുമുഴുവൻ ആരോഗ്യവകുപ്പിൽ സമൂഹത്തിനുള്ള സേവനമായി ഉപയോഗപ്പെടുകയാണ്. രണ്ട് മെഡിക്കൽ കോളേജുകളും എട്ട് ജില്ലാ ആശുപത്രികളും ഉൾപ്പെടെ 10 ആശുപത്രികൾക്കാണ് കാത്ത്‌ലാബ് അനുവദിച്ചത്. ഇത്രയും കാത്ത്‌ലാബ് അനുവദിക്കുകയും കെ.എം.എസ്.സി.എൽ. മുഖേന അവ ടെണ്ടർ ചെയ്ത് ഇൻസ്റ്റാൾ ചെയ്യാനുള്ള പ്രവർത്തനം നടത്തിവരികയുമാണ്. രണ്ടു വർഷക്കാലത്തിനിടയിൽ കേരളത്തിലെ ജില്ലാ ആശുപത്രികളിൽ ഹൃദയ സംബന്ധമായ ശസ്ത്രക്രിയകൾ നടക്കും. കാർഡിയോളജി വിഭാഗത്തിൽ അതിനാവശ്യമായിട്ടുള്ള പോസ്റ്റ് ക്രിയേറ്റ് ചെയ്യുകയും കാർഡിയോളജിസ്റ്റിന്റെ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ പകുതിയോളം ആശുപത്രികൾക്കും കൊടുത്തു. ബാക്കിയുള്ള ആശുപത്രികൾക്കും കാത്ത് ലാബ് പൂർണ്ണമായി വരുമ്പോൾ ആ തസ്തിക കൊടുത്തുകൊണ്ടാണ് ഇത് തുടങ്ങുന്നത്. അല്ലാതെ വെറുതെ ഇവിടെ പ്രസംഗിക്കുകയല്ല ചെയ്യുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ കാത്ത് ലാബുകളുള്ള ആശുപത്രികളിൽ ചെന്ന് അവ ഇൻസ്റ്റാൾ ചെയ്യുന്നത് നോക്കിയാൽ നിങ്ങൾക്കുതന്നെ അത് മനസ്സിലാക്കാൻ കഴിയും. അതാണ് ആർദ്രം മിഷൻ. ആർദ്രം മിഷനിലൂടെ ഗവൺമെന്റ് ആശുപത്രികൾ അത്യന്താധുനികമായി മാറുകയാണ്. പേഷ്യന്റ് ഫ്രണ്ട്‌ലിയായി മാറുന്നു, അവിടെയുള്ള സർവ്വീസിലാകെ മാറ്റം വരുന്നു. കൂടാതെ മെഡിക്കൽ കോളേജുകളെ സെന്റർ ഓഫ് എക്സലൻസാക്കാനുള്ള നടപടികൾ ആരംഭിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പീഡിയാട്രിക് കാർഡിയോളജി, ന്യൂ ബോൺ യൂണിറ്റ് എന്നിവ പുതിയതായി ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. എമർജൻസി വിഭാഗം ശക്തമാക്കാനുള്ള നടപടി എടുക്കുന്നുണ്ട്. അതിനെക്കുറിച്ച് പിന്നീട് സൂചിപ്പിക്കാം. അവിടെ 60 പുതിയ പി.ജി. സീറ്റുകൾ കിട്ടി. ഈ ഗവൺമെന്റ് വന്നതിനുശേഷം ഓരോ മെഡിക്കൽ കോളേജിലും നൂറ്റമ്പതോളം പുതിയ പി. ജി. സീറ്റുകളാണ് കൂടുതലായി ലഭ്യമായിട്ടുള്ളത്. അടിസ്ഥാന സൗകര്യ വികസനത്തിനായി എസ്.എ.ടി.-യിൽ പുതിയ മാതൃ-ശിശു മന്ദിരത്തിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. അതുപോലെ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. സീറ്റുകളുടെ എണ്ണം 50 ആയി വർദ്ധിപ്പിച്ചു. അംഗീകാരം താൽക്കാലികമായി കിട്ടിയതുകൊണ്ടാണ് പ്രവർത്തിച്ചിരുന്നത്. അതിന് സ്ഥിരമായി അംഗീകാരം നേടിയെടുക്കാൻ സാധിച്ചു. 100 പുതിയ എം.ബി.ബി.എസ്. സീറ്റുകൾ പാരിപ്പള്ളിയിലും നേടിയെടുക്കാൻ സാധിച്ചു. ഇവിടെ

ശ്രീ. ജി. എസ്. ജയലാൽ പറഞ്ഞത് ഒരു മെഡിക്കൽ കോളേജിനുവേണ്ടി ഇ.എസ്.ഐ.-യിൽ നിന്ന് ഒരു കെട്ടിടം വാങ്ങിയതുകൊണ്ടു മാത്രം അത് മെഡിക്കൽ കോളേജ് ആകുമോ എന്നാണ്. അവിടെ മൂന്നു കിടക്കകളുള്ള ആശുപത്രി ആരംഭിച്ചതും എല്ലാ സ്പെഷ്യാലിറ്റികളും ഡിപ്പാർട്ടുമെന്റുകളും ബ്ലഡ് ബാങ്കുകളും അടക്കം ആരംഭിച്ചതും ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്. അതിനെക്കുറിച്ച് നന്നായി എന്നു സൂചിപ്പിച്ചാൽ എന്താണ് കുഴപ്പം? എന്നിട്ടാണ് 100 മെഡിക്കൽ സീറ്റുകൾ കൊണ്ടുവരാൻ സാധിച്ചത്. എല്ലാ മെഡിക്കൽ കോളേജുകളിലും ഇതുപോലെ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്. മഞ്ചേരിയുടെ കാര്യം കഴിഞ്ഞ തവണ സംസാരിക്കുമ്പോൾ ശ്രീ. എം. ഉമ്മർ സൂചിപ്പിച്ചിരുന്നു. എല്ലാ മെഡിക്കൽ കേളേജുകളെയും കുറിച്ച് പറയാൻ സമയമില്ല. മഞ്ചേരി മെഡിക്കൽ കോളേജിൽ പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. അതുപോലെ അവിടെ പുതിയ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ കാര്യങ്ങളെല്ലാം ചെയ്തിട്ടുണ്ട്. അവിടെ റേഡിയോളജി ലബോറട്ടറി കോംപ്ലക്സ് ഫേസ്-1-ന് മൂന്നു കോടി രൂപയാണ് അനുവദിച്ചത്. മുമ്പ് നടന്നുകൊണ്ടിരുന്ന കാര്യം ഞാൻ പറയുന്നില്ല. ക്ലിനിക്കൽ ബ്ലോക്കിന്റെ ഫേസ്-2-ന് 5.20 കോടി രൂപയും മോർച്ചറി കോംപ്ലക്സിന് 40 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ശിശുവിഭാഗത്തിന്റെ പ്രവർത്തനത്തിനായി 1.80 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതിയും കിട്ടിയിട്ടുണ്ട്. മെഡിക്കൽ കോളേജിനുവേണ്ടി ഞങ്ങൾ ഒരുമിച്ച് അവിടെ പോകുകയും മീറ്റിംഗ് നടത്തുകയും ഇടപെടലുകൾ നടത്തുകയും ചെയ്തതാണ്. എന്നാൽ ഇന്ന് ബഹുമാനപ്പെട്ട എം. ഉമ്മർ, എം.എൽ.എ. ഇങ്ങനെ പറഞ്ഞത് എന്തുകൊണ്ടാണെന്നുള്ളത് എന്നെ അത്ഭുതപ്പെടുത്തുകയാണ്. ഇക്കാര്യങ്ങളെല്ലാം അവിടെയുള്ള മെഡിക്കൽ കോളേജിൽ ചെയ്തുവരുന്ന കാര്യങ്ങളാണ്. നിഷേധിക്കുന്നെങ്കിൽ നിഷേധിച്ചോളൂ. ഇതെല്ലാം അങ്ങയുടെ മെഡിക്കൽ കോളേജിനുവേണ്ടി ചെയ്യുന്ന കാര്യങ്ങളാണ്. എല്ലാ മെഡിക്കൽ കോളേജുകളെക്കുറിച്ചും പറയാൻ സമയമില്ല. എല്ലാവരും ഇത് മനസ്സിലാക്കണം. എല്ലാവർക്കും വായിക്കാനായി ഇതെല്ലാം എഴുതി പ്രസിദ്ധീകരിക്കാം.

ശ്രീ. വി. ടി. ബൽറാം: സർ, ദേശീയ കുഷ്ഠരോഗ നിവാരണ പരിപാടിയുടെ ഭാഗമായുള്ള ധനസഹായം ഓരോ മാസവും 1000 രൂപ വച്ച് കൊടുക്കേണ്ടതാണ്. കഴിഞ്ഞ കുറെക്കാലങ്ങളായി അത് കൊടുക്കുന്നില്ല. പ്രത്യേകിച്ചും ഇതര സംസ്ഥാനങ്ങളിൽ നിന്നുമുള്ള തൊഴിലാളികൾ അടക്കമുള്ള ആളുകൾക്ക് ഇത് കൊടുക്കാത്തതുകാരണം ഈ അസുഖത്തിന്റെ നിർമ്മാർജ്ജനം പൂർണ്ണമായും ഫലപ്രദമാകുന്നില്ല. അക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, അതുസംബന്ധിച്ച് എസ്.ഡി.ജി.-യുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ സൂചിപ്പിക്കാമെന്നാണ് കരുതിയത്. കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി ഏറ്റവും ഊർജ്ജസ്വലമായി ഏറ്റെടുത്ത ഗവൺമെന്റാണിത്. എവിടെയെങ്കിലും പൈസ കൊടുക്കാത്തതായുണ്ടെങ്കിൽ അക്കാര്യം സൂചിപ്പിച്ചാൽ മതി. അങ്ങനെ കൊടുക്കാതിരിക്കുന്ന പ്രശ്നമേയില്ല.

മെഡിക്കൽ കോളേജുകളുൾപ്പെടെ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാൻ തയ്യാറായി, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്താൻവേണ്ടി കൊടുക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ 500 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ തയ്യാറായി. അതെല്ലാം നടപ്പാകുമ്പോൾ പ്രകടമായ മാറ്റമായിരിക്കും മെഡിക്കൽ കോളേജുകളിലുണ്ടാവുക. മെഡിക്കൽ കോളേജുകളിൽ പുതിയ ഡിപ്പാർട്ടുമെന്റുകൾ ആരംഭിക്കുകയും എല്ലാ അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ടുള്ള വലിയൊരു പ്രവർത്തനമാണ് നടത്തുന്നത്. ഓരോ മെഡിക്കൽ കോളേജിനെക്കുറിച്ചും പറയാനുണ്ട്. സമയക്കുറവുമൂലം വിശദമായി പറയുന്നില്ല. തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് ആരംഭിച്ചു. ഇത്രയും കാലമായിട്ടും ഒരു മെഡിക്കൽ കോളേജിൽ കാത്ത് ലാബുണ്ടായിരുന്നില്ല എന്ന കാര്യം സങ്കല്പിക്കാൻ കഴിയുമോ? ബഹുമാനപ്പെട്ട മുൻമന്ത്രി പ്രസംഗിക്കുമ്പോൾ അതൊന്നും സൂചിപ്പിച്ചില്ലല്ലോ. തൃശ്ശൂർ മെഡിക്കൽ കോളേജിലാണ് 8.60 കോടി രൂപ ചെലവഴിച്ച് കാത്ത് ലാബ് ആരംഭിച്ചത്. കാർഡിയോ തൊറാസിക് വിഭാഗം ആരംഭിക്കുന്നതിനായി 14 തസ്തികകളും സൃഷ്ടിച്ചാണ് കാത്ത് ലാബ് ആരംഭിച്ചത്. അങ്ങ് ഇക്കാര്യങ്ങൾ മനസ്സിലാക്കണം. ഇത് എളുപ്പമുള്ള കാര്യമല്ല; പക്ഷേ ചെയ്യുകയാണ്. 14 പുതിയ തസ്തികകൾ കാർഡിയോളജി വിഭാഗത്തിൽ സൃഷ്ടിച്ചിട്ടാണ് 8.60 കോടി രൂപ ചെലവാക്കി കാത്ത് ലാബ് ആരംഭിച്ചത്. അവിടത്തെ കേടായ ടെലികൊബാൾട്ട് മെഷീൻ നന്നാക്കുകയും അവിടെ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുകയും ചെയ്തു. ഇതുവരെ ഒരു മെഡിക്കൽ കോളേജിൽ ഒരു ലീനാക് മെഷീൻ ഉണ്ടായിരുന്നില്ല എന്നുപറഞ്ഞാൽ അത് സങ്കല്പിക്കാൻ കഴിയുമോ? മെഡിക്കൽ കോളേജുകളുടെ അവസ്ഥ എന്തായിരുന്നു? അത്യാവശ്യംവേണ്ട സാധനങ്ങൾ പലതുമുണ്ടായിരുന്നില്ല. അത്യന്താധുനിക മെഷീനുകളുൾപ്പെടെ ഇല്ലാത്തവകൂടി കൊടുത്തുകൊണ്ട് ഈ ഗവൺമെന്റ് മെഡിക്കൽ കോളേജുകളെ അഭിവൃദ്ധിപ്പെടുത്തുകയാണ്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ രണ്ട് കോടി രൂപ ചെലവാക്കി സി.ടി. സ്കാനർ സ്ഥാപിച്ചു. അവിടെ എല്ലാ കാര്യങ്ങളിലും എത്ര വലിയ മാറ്റമാണുണ്ടാക്കിയത്. അവിടെയും 8 വിഭാഗങ്ങളിലായി പി.ജി. സീറ്റുകൾ ലഭിച്ചു. ഇപ്പോൾ 36 പി.ജി. സീറ്റുകൾ സെൻട്രൽ ഗവൺമെന്റിൽനിന്ന്

അനുവദിച്ചുകിട്ടിയിട്ടുണ്ട്. ഇതൊന്നും തനിയെ കിട്ടുന്നതല്ല; അവിടെ പോയി ഇടപെട്ട് വാങ്ങിക്കൊണ്ടു വരുന്നതു തന്നെയാണ്. ഇത്തവണ കോട്ടയം മെഡിക്കൽ കോളേജൊഴികെ എല്ലാ മെഡിക്കൽ കോളേജുകൾക്കും പി. ജി. സീറ്റ് ലഭിച്ചു. കഴിഞ്ഞ തവണ കോട്ടയം മെഡിക്കൽ കോളേജിന് ലഭിച്ചിരുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ ഇനിയും പി.ജി. സീറ്റുകൾ വർദ്ധിപ്പിച്ചുകിട്ടുന്നതിനുള്ള ശ്രമം നടത്തുകയാണ്. ഇത്രയേറെ പി.ജി. സീറ്റുകൾ ഒരുമിച്ച് ലഭിച്ച കാലമുണ്ടായിട്ടുണ്ടോ? കളമശ്ശേരി മെഡിക്കൽ കോളേജിനെക്കുറിച്ച് ഇവിടെ പറഞ്ഞിരുന്നല്ലോ. കളമശ്ശേരി മെഡിക്കൽ കോളേജിൽ 117 പുതിയ തസ്തികകളാണ് ഈ ഗവൺമെന്റ് അനുവദിച്ചുനൽകിയത്. മാത്രമല്ല, കിഫ്ബിയിൽ ഉൾപ്പെടുത്തി 368.75 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി ലഭിച്ചിരിക്കുകയാണ്. അവസാനം എസ്റ്റിമേറ്റായി വരുമ്പോൾ 500 കോടി രൂപയിൽ കൂടുതൽ വരും. അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. അവിടെത്തന്നെ 8 കോടി രൂപ ചെലവഴിച്ച് കാത്ത് ലാബ് ആരംഭിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് ഏറ്റെടുത്ത കാര്യം ഇവിടെ പറയുന്നതുകേട്ടു. ഏറ്റെടുത്തിട്ട് എന്താണ് അവിടെ ചെയ്തത്. അവിടെ ഒരു sucker pump പോലുമില്ലാത്തതുകൊണ്ടല്ലേ മെഡിക്കൽ വിദ്യാർത്ഥിനിക്ക് palpitation ഉണ്ടായ സമയത്ത് സക്ക് ചെയ്തെടുക്കാൻ കഴിയാതെ മരിച്ചുപോയത്. അതറിഞ്ഞപ്പോൾത്തന്നെ ഒന്നേകാൽ കോടി രൂപ ഉപകരണങ്ങൾ വാങ്ങാനായി ആദ്യംതന്നെ ഗവൺമെന്റ് കൊടുത്തു. അതിനുശേഷം അടിസ്ഥാനപരമായി അവിടെ മാറ്റമുണ്ടാകണമെന്നുകരുതി 6.44 കോടി രൂപ വീണ്ടും ഉപകരണങ്ങൾ വാങ്ങാൻ കൊടുത്തു. 18 പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു. നെഫ്രോ, കാർഡിയോളജി, ന്യൂറോ തുടങ്ങിയ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ഒരു മെഡിക്കൽ കോളേജിന് ആവശ്യമല്ലേ? ഈ സ്പെഷ്യാലിറ്റി വിഭാഗങ്ങളൊക്കെ ആരംഭിച്ചത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമല്ലേ?

ശ്രീ. എം. ഉമ്മർ: സർ, മഞ്ചേരി മെഡിക്കൽ കോളേജിൽ കുറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്, ഇല്ലെന്നു പറയുന്നില്ല. പക്ഷേ അവിടെ ആകെ രണ്ട് ഡയാലിസിസ് മെഷീനുകളാണുള്ളത്. അതും മുനിസിപ്പാലിറ്റി കൊടുത്തതാണ്. ഗവൺമെന്റിന്റേതായ വേറൊരു സംവിധാനവുമില്ല. മലപ്പുറം ജില്ലയിൽ ആകെ രണ്ട് താലൂക്കാശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റുകളുള്ളത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, മഞ്ചേരി മെഡിക്കൽ കോളേജിൽ ഡയാലിസിസ് യൂണിറ്റ് അനുവദിക്കുന്നതിന് ഈ ഗവൺമെന്റിന് ഒരു തടസ്സവുമില്ല. ഇപ്പോൾത്തന്നെ അവിടെ ആവശ്യത്തിന് സ്ഥലസൗകര്യമില്ലാത്ത അവസ്ഥയുണ്ട്. സ്ഥലസൗകര്യമുണ്ടാകുമ്പോൾ അവിടെ 10 ഡയാലിസിസ് യൂണിറ്റുകൾ അനുവദിക്കുന്നതിന് യാതൊരു വിരോധവുമില്ല.

എല്ലാ മെഡിക്കൽ കോളേജുകളിലും എം.സി.ഐ നിർദ്ദേശമനുസരിച്ചുള്ള സൗകര്യങ്ങൾ ചെയ്യുന്നുണ്ട്. അതിലുപരിയായി മെഡിക്കൽ കോളേജുകളെ സെന്റർ ഓഫ് എക്സലൻസാക്കാനുള്ള സൗകര്യവും ചെയ്യു. അതെല്ലാം ഓരോന്നായി ഞാൻ ഇവിടെ പറഞ്ഞ തോതിൽ എല്ലാ മെഡിക്കൽ കോളേജിലും നടക്കുന്നുണ്ട്. ഇ-ഹെൽത്ത് പദ്ധതി നമ്മുടെ അഭിമാനമായി മാറുകയാണ്. അതും വളരെ എളുപ്പത്തിൽ നടപ്പിലാക്കാൻ കഴിയുന്ന ഒന്നല്ല. 2013-ൽത്തന്നെ ഇ-ഹെൽത്ത് പദ്ധതിയുടെ പ്രോജക്ടുണ്ടായിരുന്നു. 96 കോടി രൂപ സെൻട്രൽ ഗവൺമെന്റ് അനുവദിച്ചതാണ്. പക്ഷേ അതേറ്റെടുക്കാനും നടപ്പിലാക്കാനും തയ്യാറായില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഒരു മാസം കഴിയുമ്പോൾ അതിന്റെ കാലാവധി അവസാനിക്കുമായിരുന്നു. ആ പദ്ധതി നമുക്ക് നടപ്പിലാക്കാൻ കഴിയുമോയെന്ന് ഉദ്യോഗസ്ഥരുമായി ആലോചിച്ചു. സെൻട്രൽ ഗവൺമെന്റിനോട് ഡേറ്റ് എക്സ്റ്റൻഡ് ചെയ്യാൻ ആവശ്യപ്പെട്ട് അത് നടപ്പിലാക്കിക്കൂടേയെന്ന് ആലോചിക്കുകയും ഞങ്ങളത് ഏറ്റെടുക്കുകയും ചെയ്യും. ഒരു ടീംവർക്ക് അതിന്റെ ഭാഗമായി നടന്നു. ഇ-ഹെൽത്ത് പ്രോജക്ടിന്റെ ഭാഗമായി ഏഴു ജില്ലകളിൽ എല്ലായിടത്തും ജെ.പി.എച്ച്.എൻ.-മാരെ പരിശീലിപ്പിച്ച് ആരോഗ്യവിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. അത് സംസ്ഥാനത്തുടനീളം നടപ്പാക്കണമെന്നാണ് ആഗ്രഹം. കുറച്ചുകൂടി പണം അതിനാവശ്യമാണ്. ഇത്തവണത്തെ ബജറ്റിലും ചെറിയൊരു തുക അതിനുവേണ്ടി അനുവദിച്ചിട്ടുണ്ട്. അത് ഞങ്ങൾ പൂർത്തിയാക്കുകതന്നെ ചെയ്യും. പക്ഷെ, അത് ഒരു ദിവസംകൊണ്ട് സാധിക്കുന്ന കാര്യമല്ല. ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ് ഉണ്ടാക്കുകയും അതനുസരിച്ച് ഒ.പി.-യിൽ കാര്യങ്ങൾ ക്രമീകരിക്കുകയും ഇന്റർനെറ്റ് വഴി എല്ലാ ആശുപത്രികളുമായി ബന്ധപ്പെടുത്തി ഈ വിവരം പരസ്പരം കൈമാറാനുള്ള സാധ്യതയുണ്ടാക്കുകയും ചെയ്യുകയെന്നത് ബുദ്ധിമുട്ടുള്ള പണിയാണ്. പക്ഷെ, അതിന് നല്ല ടീം വർക്ക് നടക്കുന്നു. ചെറുപ്പക്കാരനായ ഐ.എ.എസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ അതു ഭംഗിയായി നടപ്പിലാക്കാനുള്ള എല്ലാ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. അതെന്തായാലും പൂർത്തിയാവുകതന്നെ ചെയ്യും. അത് പൂർത്തിയാകുന്നതോടുകൂടി ഇന്ത്യയിൽ ആദ്യമായി കേരളമാണ് ഇത്തരത്തിലുള്ള ബൃഹത്തായ ഒരു പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനമെന്ന് ഉറപ്പായും പറയാൻ സാധിക്കുന്ന അഭിമാനകരമായ പദ്ധതിയാണിത്. മറ്റൊരു കാര്യം, സസ്റ്റെയിനബിൾ ഡെവലപ്മെന്റ് ഗോളിന്റെ ഭാഗമായി ഐക്യരാഷ്ട്രസഭ നിർദ്ദേശിച്ചിട്ടുള്ള ലക്ഷ്യങ്ങൾ പലതും ഈ ഗവൺമെന്റ് പ്രഖ്യാപിക്കുകയും കേരളത്തിൽ അത് ഒരുപടി മുമ്പേ നടപ്പിലാക്കാൻ ശ്രമിക്കുകയുമാണ്. ക്ഷയരോഗ നിർമ്മാർജ്ജനം, കുഷ്ഠരോഗ നിർമ്മാർജ്ജനം, മന്തുരോഗ നിർമ്മാർജ്ജനം

തുടങ്ങിയവയ്ക്കെല്ലാം കേരളത്തിൽ ഒരു എക്സ്പെർട്ട് ടീമുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം എസ്.ഡി.ജി.-യുടെ ഭാഗമായി രൂപീകരിച്ച സ്കീമുകളും സ്ക്വാഡുകളും നല്ല രീതിയിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്, നല്ല ഫലവും കണ്ടുതുടങ്ങിയിട്ടുണ്ട്. ഈ രോഗങ്ങൾ എല്ലായിടത്തും പരിശോധിച്ച് റിപ്പോർട്ട് ചെയ്യിപ്പിച്ചു. ഇതുവരെ ഗവൺമെന്റിന്റെ ആരോഗ്യ മേഖലയിലേയ്ക്ക് വരാതെ ഒളിഞ്ഞുനിന്നിരുന്ന എല്ലാ രോഗങ്ങളും പരിശോധിച്ച് റിപ്പോർട്ട് ചെയ്യുകയും ട്രീറ്റ്മെന്റ് ആരംഭിക്കുകയും പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എസ്.ഡി.ജി. ലക്ഷ്യങ്ങൾ 13 പ്രധാനപ്പെട്ട എക്സ്പെർട്ട് ഗ്രൂപ്പുകൾ നിർണ്ണയിച്ചുകൊണ്ട്, ട്രെയിനിംഗ് കൊടുത്തുകൊണ്ട് ദ്രുതഗതിയിൽ നടക്കുകയാണ്. അതാണ് കേരളത്തിലെ അടിസ്ഥാനപരമായ മാറ്റം. അത് കാണാൻ സാധിക്കേണ്ടതാണ്.

ഇവിടെ റോഡപകടങ്ങളെക്കുറിച്ചും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചും പറഞ്ഞു. ഒരു ടോട്ടൽ ട്രോമാകെയർ പ്രോജക്ടിനെക്കുറിച്ച് കേരളം ആലോചിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേതുൾപ്പെടെയുള്ള നിർദ്ദേശവും പിന്തുണയും ലഭ്യമായി. മുരുകന്റെ മരണത്തിനുമുമ്പുതന്നെ ഒരു ടോട്ടൽ ട്രോമാ കെയർ പ്രോജക്ടിനെക്കുറിച്ച് ആലോചിക്കുകയും അതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നു. ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലെവൽ വൺ നിലവാരത്തിലുള്ള ട്രോമാ കെയർ യൂണിറ്റ്, ട്രയാജ് സംവിധാനത്തോടുകൂടി, എയിംസിലെ ജയപ്രകാശ് നാരായൺ മെമ്മോറിയൽ ട്രോമാ കെയർ യൂണിറ്റിന്റെ എച്ച്.ഒ.ഡി. ആയ ഡോക്ടറുൾപ്പെടെ ഇവിടെ പങ്കെടുക്കുകയും ഇവിടത്തെ ഡോക്ടർമാർ അവിടെ പോയി ട്രെയിനിംഗ് നേടുകയും അത് സെറ്റുചെയ്തുകൊണ്ടിരിക്കുകയുമാണ്. കേരളത്തിലെ അഞ്ച് ആശുപത്രികളെ ഒന്നാംഘട്ടത്തിൽ ഈ ട്രോമാ കെയർ സംവിധാനത്തിന് തെരഞ്ഞെടുക്കുന്നു. പിന്നീട് ഹൈവേയിലുള്ള പ്രധാന ആശുപത്രികളിലെ കാഷ്വാലിറ്റി, എമർജൻസി കെയർ വിഭാഗം മെച്ചപ്പെടുത്തി ട്രോമാ കെയർ സിസ്റ്റത്തിന്റെ ഭാഗമാക്കാനുള്ള പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. നാളത്തെ കേരളത്തിന് ഏറ്റവും കൂടുതൽ മുതൽക്കൂട്ടാവുന്ന ഒരു പ്രോജക്ടല്ലേ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ റോഡ് ട്രാൻസ്പോർട്ട് വിഭാഗമുൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ മീറ്റിംഗ് ചേർന്ന് അവരുടെ സഹായത്തോടുകൂടി ഇത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാർ സംസാരിക്കുമ്പോൾ റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിക്കണമെന്ന് പറഞ്ഞു. ആ ഫണ്ട് ഉപയോഗിക്കാൻ അവർ സമ്മതിച്ചിട്ടുണ്ട്. അതുപോലെ 315 ആംബുലൻസുകൾ രജിസ്റ്റർ ചെയ്തുകൊണ്ട്

ജി.പി.എസ്. മുഖേന അവയെ ബന്ധിപ്പിക്കാൻ തീരുമാനമെടുത്തുകൊണ്ടുള്ള ഒരു അഗ്രഗേറ്റർ ആംബുലൻസ് സർവ്വീസ് കൊണ്ടുവന്ന് ടോട്ടൽ ട്രോമാകെയർ സിസ്റ്റം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. അത് പ്രാബല്യത്തിൽ വന്നുകഴിഞ്ഞാൽ റോഡപകടങ്ങൾമൂലം golden hour-ൽ ഉണ്ടാകുന്ന മരണങ്ങൾ കുറച്ചുകൊണ്ടുവരാൻ സാധിക്കുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് സംശയമില്ല.

ആരോഗ്യമേഖലയിൽ ക്ലിനിക്കൽ എസ്റ്റാഷ്മെന്റ് ബിൽ എന്നത് എത്ര കാലമായി പറഞ്ഞുകൊണ്ടിരുന്നതാണ്. സ്വകാര്യമേഖലയിലെ സ്ഥാപനങ്ങൾ കയറൂരി വിട്ടതുപോലെ അവർക്ക് തോന്നുന്ന ഫീസ് ഈടാക്കുന്നു, ആ ഫീസ് നിരക്ക് പ്രദർശിപ്പിക്കുന്നില്ല, രജിസ്റ്റർ ചെയ്യുന്നില്ല, അവിടത്തെ ക്വാളിറ്റിയും ക്വാളിഫിക്കേഷനും ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. അതൊക്ക സാധിക്കുന്നതിനുവേണ്ടിയാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ കൊണ്ടുവന്നത്. ബിൽ കൊണ്ടുവരും കൊണ്ടുവരുമെന്ന് പറയുകയാണോ ചെയ്തത്? ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടതിനുശേഷം രണ്ടു മാസത്തിനുള്ളിൽ സബ്ജക്ട് കമ്മിറ്റിയിൽ ഡിസ്കസ് ചെയ്തപ്പോൾ ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ വലിയ പിന്തുണയാണ് അംഗങ്ങൾ നൽകിയത്. നല്ല രീതിയിൽ ചർച്ച നടന്നു. ഞാൻ അക്കാര്യത്തിൽ നന്ദി പറയുന്നു. ഈ സഭാതലത്തിലും പ്രതിപക്ഷത്തുനിന്ന് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിനുവേണ്ടി സംസാരിക്കുമ്പോൾ വളരെ പോസിറ്റീവായിട്ടാണ് സംസാരിച്ചത്. 1200-ലേറെ ഭേദഗതികളും 52 ക്ലാസ്സുകളുമുള്ള ഈ ബിൽ ഇവിടെ പാസ്സാക്കിയത് ധാരാളം ഭേദഗതികൾ അംഗീകരിച്ചുകൊണ്ടല്ലേ? വളരെയേറെ അഭിമാനകരമായിട്ടുള്ള കാര്യമായി കേരളത്തിലെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പാസ്സായി എന്നെങ്കിലും പ്രതിപക്ഷത്തുനിന്ന് സംസാരിച്ച ആർക്കെങ്കിലും പറയാമായിരുന്നില്ലേ?

<u>മി. സ്പീക്കർ</u>: മറുപടിക്ക് അനുവദിച്ച സമയം കഴിഞ്ഞു. ഇനി എത്ര സമയം കൂടി വേണ്ടിവരും?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഞാൻ എല്ലാം വിശദീകരിക്കുന്നില്ല. ഇവിടെ പറഞ്ഞ ആരോപണങ്ങൾക്ക് മറുപടിയെങ്കിലും പറയണ്ടേ? ചുരുങ്ങിയത് 15 മിനിട്ടുകൂടി വേണം. കേരളത്തിന് അഭിമാനകരമായ ജനകീയ ആരോഗ്യ നയം പ്രഖ്യാപിച്ചുവെന്ന് മാത്രം പറഞ്ഞ് ഞാൻ ആരോഗ്യ നയത്തെക്കുറിച്ച് പറഞ്ഞ് അവസാനിപ്പിക്കുകയാണ്. കാൻസർ പോളിസി കേരളത്തിൽ ആദ്യമായിട്ടല്ലേ ആരംഭിച്ചത്? ഡബ്ല്യു.എച്ച്.ഒ.-യുടെ സഹായത്തോടുകൂടി വർക്ക്ഷോപ്പ് നടത്തി കാൻസർ സ്റ്റാറ്റജി, കാൻസർ ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ ഉണ്ടാക്കാൻ വേണ്ടിയുള്ള എല്ലാ കാര്യങ്ങളും ചെയ്തത് ആദ്യമായിട്ടല്ലേ? ആന്റിമൈക്രോബിയൽ

റസിസ്റ്റൻസിനെക്കുറിച്ച് ഇതുവരെ ചിന്തിച്ചിരുന്നോ? ആരോഗ്യ മേഖല അടിസ്ഥാനപരമായി മാറണ്ടേ? ഇവിടെ ചില മൈക്രോബ്സ് നല്ല റസിസ്റ്റൻസ് നേടിയിട്ടും എത്ര മരുന്ന് കഴിച്ചാലും ഭേദമാകാത്തവിധം ശരീരത്തിൽ പ്രവേശിക്കുകയല്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം ഉത്കണ്ഠയോടുകൂടി പറയുകയും അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽത്തന്നെ ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് സംബന്ധിച്ച് വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് മീറ്റിംഗ് കൂടുകയും അതുസംബന്ധിച്ചുള്ള ആന്റി ബയോട്ടിക് പ്രോട്ടോക്കോൾ അനുസരിച്ച് ആന്റി ബയോട്ടിക് കൊടുക്കുന്നതിലുള്ള നിയന്ത്രണമടക്കമുള്ള കാര്യങ്ങൾ ഉൾപ്പെടുത്താൻ സാധിക്കുന്ന ഒരു സ്ട്രാറ്റജി ഉണ്ടാക്കാൻ പോകുകയുമാണ്. അതിന്റെ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾത്തന്നെ ആന്റിബയോട്ടിക്സിന്റെ അളവ് എത്രത്തോളമാകാമെന്നും എങ്ങനെ പ്രിസ്ക്രൈബ് ചെയ്യാമെന്നുള്ളതിനെക്കുറിച്ചും ഗവൺമെന്റ് മേഖലകളിൽ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

ഇവിടെ പകർച്ചവ്യാധി മരണങ്ങളെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രസംഗിക്കുമ്പോൾ കഴിഞ്ഞ വർഷം 500 മരണമുണ്ടായെന്ന് പറഞ്ഞു. കണക്കനുസരിച്ച് 110 പനി മരണങ്ങളാണുണ്ടായത്. അതിൽ 37 പേർ ഡെങ്കിപ്പനി ബാധിച്ച് മരിച്ചതാണ്. 37 പേർ മരിക്കാൻ പാടില്ലായിരുന്നു. പക്ഷേ കഴിഞ്ഞ തവണത്തെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി തൊട്ടടുത്ത രാജ്യത്തുണ്ടായ മരണങ്ങളുടെ കണക്ക് പരിശോധിക്കണം. ശ്രീലങ്കയിൽ 500 ഡെങ്കി മരണമാണ് ഉണ്ടായത്. കേരളത്തിലെ ആരോഗ്യ വകുപ്പ് മരണം നിയന്ത്രിച്ചു. അത് ഞങ്ങളുടെ ഒറ്റയ്ക്കുള്ള മിടുക്കല്ല. ആരോഗ്യ വകുപ്പിലെ ആശാ വർക്കർമാർ മുതൽ മുകളിലോട്ടുള്ള അസംഖ്യം ജീവനക്കാർ ഇടപെട്ട് പ്രവർത്തിച്ചതിന്റെ ഫലമായാണ് മരണം നിയന്ത്രിക്കാൻ സാധിച്ചത്. ഇവിടെ 37 പേർ ഡെങ്കി ബാധിച്ച് മരിച്ചപ്പോൾ ഡൽഹിയിലും ഹരിയാനയിലും എത്രയോ പേർ മരിച്ചു. അതുണ്ടാകാൻ പാടില്ലായിരുന്നു. അതുണ്ടാകരുതെന്ന് കരുതിയാണ് ആരോഗ്യ ജാഗ്രതാ കാമ്പയിൻ ഏറ്റെടുത്തത്. ജനുവരി 1-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിന്റെ ആരോഗ്യ ജാഗ്രതാ കാമ്പയിൻ ഉദ്ഘാടനം ചെയ്തു. സാധാരണ നടത്തുന്ന കാമ്പയിനോടൊപ്പം കുറച്ചുകൂടി ജാഗ്രതയോടുകൂടി ടൈം ബൗണ്ടായി കാര്യങ്ങൾ ചെയ്യണമെന്നതുസംബന്ധിച്ച് എല്ലാ എം.എൽ.എ.-മാർക്കും എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും കത്ത് അയച്ചിട്ടുണ്ട്. പല പഞ്ചായത്തുകളിലും നല്ല വർക്കുകൾ നടക്കുന്നുണ്ട്. ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യുന്നില്ലെന്ന് പറയാൻ കഴിയില്ല. ഇപ്പോഴും റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഞങ്ങൾ ജാഗരൂകരായിത്തന്നെ ഇരിക്കുകയാണ്. അടുത്ത മഴക്കാലത്ത് ഡെങ്കി ഡെത്ത് ഇല്ലാതിരിക്കണമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

നേതൃത്വത്തിൽ വാർഡ് തലത്തിലുള്ള ആരോഗ്യസേന നന്നായി പ്രവർത്തിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂ. ആരോഗ്യ വകുപ്പ് നിതാന്ത ജാഗ്രതയോടുകൂടി പ്രവർത്തിക്കുന്നുണ്ട്. ഇതുപോലുള്ള എൻ.സി.ഡി. കൺട്രോളിന് ആവശ്യമായ ഒട്ടേറെ കാര്യങ്ങൾ വകുപ്പ് ചെയ്യുകയാണ്. ഇവിടെ സംസാരിക്കുന്ന സമയത്ത് കഴിഞ്ഞ ഗവൺമെന്റിന്റെ കുറേ കാര്യങ്ങൾ പറഞ്ഞു. സാമൂഹ്യനീതി വകുപ്പിൽ ഡിസെബിലിറ്റി സർവ്വെ കഴിഞ്ഞ ഗവൺമെന്റ് നടത്തിയിരുന്നു. കഴിഞ്ഞ ദിവസം ഡോ. എം. കെ. മുനീർ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചപ്പോൾ ഞാൻ മറുപടി പറഞ്ഞതാണ്. ട്രാൻസ്ജെൻഡറിന് പോളിസി ഉണ്ടാക്കിയതിനെ ഞാൻ അഭിനന്ദിച്ചു. പ്രായോഗികമായി നടപടി സ്വീകരിച്ചത് ആരാണ്? അതിന്റെ ബോർഡും സെല്ലും എല്ലാം ഉണ്ടാക്കിയത് ഇപ്പോഴല്ലേ. സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയതും അവർക്ക് ജോലി കൊടുക്കാനാവശ്യമായ സംവിധാനങ്ങൾ തുടങ്ങിയതും ഇപ്പോഴാണ്. എന്തുകൊണ്ട് ചെയ്തില്ലെന്ന് ഞാൻ ചോദിച്ചിട്ടില്ല. ഡിസെബിലിറ്റി സർവ്വെ നടത്തിയത് പ്രവർത്തിക്കാൻ വളരെ സഹായമായി. ഇടതുപക്ഷം ഭരണത്തിൽ വന്ന ഉടൻ തന്നെ സർവ്വെ റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡിൽ എത്ര ഡിസ്ഏബിൾഡ് ആയിട്ടുള്ള ആളുകൾ ഉണ്ടെന്നുള്ളതടക്കം മനസ്സിലാക്കാൻ കഴിയുന്ന രീതിയിൽ റിപ്പോർട്ട് കൈമാറുകയും 'അനുയാത്ര' എന്ന അംബ്രല്ലാ പ്രോജക്ട് ആരംഭിക്കുകയും ചെയ്തു. അതിനുകീഴിൽ ഇരുപതോളം കമ്പോണന്റുകളായി ഏർളി ഡിറ്റക്ഷൻ മുതൽ റീഹാബിലിറ്റേഷൻ വരെ ഏർപ്പെടുത്തി. ഇവിടെ അന്നത്തെ വൈസ് പ്രസിഡന്റ് ഹമീദ് അൻസാരി വന്ന് ആ പരിപാടി ഉദ്ഘാടനം ചെയ്തപ്പോൾ മുൻ ഗവൺമെന്റിന്റെ കാലത്തെ പരിപാടി ആയിരുന്നുവെന്ന് ആരൊക്കയോ പ്രസംഗിച്ചുകേട്ടു. അങ്ങനെയൊന്നും ആയിരുന്നില്ല. എംപവർ എന്ന മാജിക് ടീമിന്റെ അരങ്ങേറ്റത്തിനും കൂടി വേണ്ടിയാണ് അദ്ദേഹം വന്നത്. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. എല്ലാ ജില്ലകളിലും ഡിസ്ട്രിക് ഏർളി ഇന്റർവെൻഷൻ സെന്റർ സ്ഥാപിക്കാൻ മൂന്ന് കോടി രൂപ വീതം കൊടുത്ത് നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. ഒരു കൊല്ലം കൂടി കഴിയുമ്പോൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഡി.ഇ.ഐ.സി.-കൾ ഉണ്ടാകും. 'ശ്രുതിതരംഗം', 'കാതോരം' തുടങ്ങിയ പദ്ധതികളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. 'ശ്രുതിതരംഗം' കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കോക്ലിയർ ഇംപ്ലാന്റേഷനുവേണ്ടി കൊണ്ടുവന്ന പദ്ധതിയാണ്. കോക്ലിയർ ഇംപ്ലാന്റ് നടത്തിക്കഴിഞ്ഞ കുട്ടികൾക്ക് ഉപകരണത്തിന്റെ ഗ്യാരന്റി വർദ്ധിപ്പിച്ച് കൊടുക്കാൻ പറഞ്ഞിട്ട് കൊടുത്തിരുന്നില്ല. വാറന്റി പീരീഡ് ഞങ്ങളാണ് വർദ്ധിപ്പിച്ച് കൊടുത്തത്. ഗവൺമെന്റ് സംവിധാനത്തിലല്ലാതെ പുറത്ത്

നടത്തിയവർക്ക് പ്രൊസെസ്സർ കേടാവുമ്പോൾ ആരും തിരിഞ്ഞ് നോക്കാനില്ലാത്ത അവസ്ഥയുണ്ടായിരുന്നു. ആ പാവപ്പെട്ടവർക്ക് പ്രൊസെസ്സർ കൊടുക്കാനുള്ള 'ധ്വനി' പദ്ധതി ആരംഭിച്ചത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ്. 'കാതോരം' എന്ന പേരിൽ ജനിച്ച് ഒന്ന്, മൂന്ന്, ഒമ്പത്, പതിനെട്ട് മാസങ്ങളിൽ പരിശോധിക്കാനുള്ള സംവിധാനം കൊണ്ടുവന്നത് ഈ ഗവൺമെന്റാണ്. 25 മൊബൈൽ യൂണിറ്റുകളിലായി ഓട്ടിസം, സെറിബ്രൽ പാൾസി എന്നിവ ബാധിച്ചവരെ പരിശോധിക്കാൻ ഫിസിയോതെറാപ്പിസ്റ്റും ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റും അടങ്ങിയ സംഘത്തെ നിശ്ചയിച്ചത് ഈ ഗവൺമെന്റ് വന്നപ്പോഴാണ്. 'കാതോരം' പുതിയ പദ്ധതിയാണ്. 'ശ്രുതിതരംഗ'ത്തിന്റെ ഭാഗമായി കോക്ലിയർ ഇംപ്ലാന്റ് നടത്തിയത് 211 കുട്ടികൾക്കാണ്. എല്ലാ കണക്കും എന്റെ കയ്യിലുണ്ട്. കണക്ക് ആര് ചോദിച്ചാലും തരാൻ യാതൊരു പ്രശ്നവുമില്ല. 'മിഠായി' പദ്ധതി നേരത്തെയുള്ളതാണെന്ന് പറഞ്ഞു. ഒരു പാവപ്പെട്ട കുട്ടിക്ക് ഇൻസുലിൻ പമ്പ് കൊടുത്തുകൊണ്ട് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചിട്ടില്ലെന്ന് മാത്രമേയുള്ളൂ, ജുവനൈൽ ഡയബറ്റിസ് എന്നതിൽ 900 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അത് കൊടുക്കാൻ പോവുകയാണ്. ചില അപൂർവ്വ രോഗങ്ങളെക്കുറിച്ച് പറഞ്ഞു. ലൈസോസെം ഡിസ്ഓർഡറിനെക്കുറിച്ച് പ്രസംഗിക്കുന്നത് കേട്ടു. എന്ത് പദ്ധതിയാണ് മുൻകാലത്ത് ഉണ്ടായിരുന്നത്. ഈ ഗവൺമെന്റ് അപൂർവ്വരോഗം ബാധിച്ച 25 കുട്ടികളെ 'വി കെയർ' പദ്ധതിയിലുൾപ്പെടുത്തി അവരുടെ ജീവൻ രക്ഷിക്കാൻ കഴിയുമോയെന്ന് പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. ബ്ലഡ് ഡിസോർഡേഴ്സ്, തലസേമിയ, സിക്കിൾസെൽ അനീമിയ തുടങ്ങിയ രോഗം ബാധിച്ച ആളുകൾക്കുവേണ്ടി പ്രോജക്ട് തയ്യാറാക്കുകയാണ്. അതുപോലെ ബ്രെയിനിൽ ഉണ്ടാകുന്ന ഡിസോർഡേഴ്സ് പരിഗണിച്ച് പ്രത്യേക പദ്ധതി കൊണ്ടുവരാൻ പോവുകയാണ്. ഈ ഗവൺമെന്റ് വന്നിട്ട് രണ്ട് കൊല്ലമല്ലേ ആയിട്ടുള്ളൂ. എല്ലാ മേഖലകളെയും സ്പർശിച്ചുകൊണ്ടുള്ള വികസന പ്രവർത്തനമാണ് സാമൂഹ്യനീതി വകുപ്പിൽ നടത്തുന്നത്. വനിതാ ശിശുവികസന വകുപ്പിനെക്കുറിച്ച് പറഞ്ഞു. ഈ വകുപ്പ് രൂപം കൊണ്ടത് ഈ വർഷമല്ലേ. വകുപ്പ് രൂപം കൊണ്ടതിനുശേഷം അതിന്റെ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ തുടക്കം കുറിക്കുന്നുണ്ട്. 30-06-2017-ലെ സർക്കാർ ഉത്തരവുപ്രകാരമാണ് വകുപ്പ് രൂപീകരിച്ചത്. 31-08-2017-ലെ ഉത്തരവുപ്രകാരമാണ് അതിന്റെ റൂൾസ് ഓഫ് ബിസിനസ് ഭേദഗതി ചെയ്തത്. ഇപ്പോൾ അതിന് പ്രത്യേക ഡയറക്ടർ, സെക്രട്ടറി എല്ലാമായി, അതിന്റെ ഭരണതലം നിലവിൽ വന്നിട്ടുണ്ട്. വനിത-ശിശുവികസന വകുപ്പ് പ്രത്യേകമായ പദ്ധതികൾ ഏറ്റെടുക്കുകയാണ്. സ്ത്രീകൾക്കായി 'സധൈര്യം മുന്നോട്ട്' എന്ന കാമ്പയിൻ മാത്രമല്ല, സ്ത്രീകളെ സംരക്ഷിക്കുന്നതിന് വനിതാ

വികസന കോർപ്പറേഷൻ മുഖേന 100 കോടി രൂപയുടെ വായ്പയാണ് നൽകിയത്. 33 കോടി രൂപയിൽ നിന്നാണ് 103 കോടി രൂപയിലേയ്ക്ക് ചെറിയ പലിശയ്ക്കുള്ള വായ്പ എത്തിച്ചേരുന്നത്. 'ഷീ ടോയ്‌ലെറ്റ്', 'ഷീ ടാക്സി' തുടങ്ങിയ പദ്ധതികളുടെ പേര് മാത്രമാണ് ഉണ്ടായിരുന്നത്. ആ പദ്ധതികളെല്ലാം നടപ്പിലാക്കാൻ തുടങ്ങിയിരിക്കുന്നു. സ്ത്രീകൾ രാത്രികാലങ്ങളിൽ വന്നാൽ താമസിക്കാനുള്ള ഷീ ലോഡ്ജ് തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ തുടങ്ങുകയാണ്. പിന്നീട് അവ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ സാധിക്കും. വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളും കൊണ്ടുവരികയാണ്. പ്രായം ചെന്നവരെ സംരക്ഷിക്കാനുള്ള നിയമം ഏറ്റവും നന്നായി നടപ്പിലാക്കിയ സംസ്ഥാനമെന്ന നിലയിലാണ് കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനം വിലയിരുത്തി വയോശ്രേഷ്ഠ അവാർഡ് നമ്മുടെ സംസ്ഥാനത്തിന് ലഭ്യമായിട്ടുള്ളതെന്ന് കൂടി അറിയിക്കാൻ ആഗ്രഹിക്കുകയാണ്. വയോമിത്രം പദ്ധതി ആരംഭിച്ചിട്ട് 6 വർഷംകൊണ്ട് 38 വയോമിത്രം സെന്ററുകളാണ് തുടങ്ങിയതെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ആദ്യത്തെ വർഷം 44 പുതിയ വയോമിത്രം യൂണിറ്റുകൾ ആരംഭിച്ചു. അതെല്ലാം കണ്ടിട്ടാണ് അവാർഡ് നൽകിയത്. അതിലാണ് ഞാൻ നേരത്തെ ഒരു സബ് കളക്ടറുടെ പേര് പറഞ്ഞത്. തിരുവനന്തപുരത്ത് നല്ല ഒരു അദാലത്ത് നടത്തി ട്രിബ്യൂണലിന്റെ മുന്നിൽ വരുന്ന കേസ്സുകൾ പരിഹരിക്കാൻ ശ്രമിച്ചു എന്നതിനാണ് ഞാൻ അഭിനന്ദനം പറഞ്ഞത്. അതുപോലെ സബ്കളക്ടർമാരും ആർ.ഡി.ഒ.-മാരുമെല്ലാം ട്രിബ്യൂണലിന്റെ ഭാഗമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഹോമുകളിൽ കഴിയുന്ന പ്രായം ചെന്നവർക്ക് പല്ല് നഷ്ടപ്പെട്ടാലുണ്ടാകുന്ന വിഷമമുണ്ട്. 'മന്ദഹാസം' എന്ന പേരിൽ അവർക്ക് പുതിയ പല്ല് വച്ചുകൊടുക്കാനുള്ള പരിപാടി തുടങ്ങിയിട്ടുണ്ട്. പ്രായംചെന്ന ആളുകൾ താമസിക്കുന്ന ഹൗസുകൾ ആധുനികമായി നവീകരിക്കുകയാണ്. അത്തരത്തിൽ 14 ജില്ലകളിലും 'സായംപ്രഭ' ഹോമുകൾ ഉണ്ടാക്കുന്നുണ്ട്. അവിടെയാണ് ചൈനയിൽ കണ്ട കാര്യം പറഞ്ഞത്. അതുപോലെ ഇംപ്ലിമെന്റ് ചെയ്യാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ വർഷം ഒരു ജില്ലയിലെങ്കിലും ആരംഭിക്കും. അടുത്ത വർഷം മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്യും. ഇതുകൂടാതെ 70 പകൽ വീടുകൾക്ക് തുക വകയിരുത്തിയിട്ടുണ്ട്. അതിനായി സ്ഥലം കണ്ടുപിടിച്ചുകൊണ്ടിരിക്കുയാണ്. 30 പകൽ വീടുകൾക്ക് സ്ഥലം കിട്ടിയിട്ടുണ്ട്. അതും ആരംഭിക്കുകയാണ്.

ആയുഷ് വകുപ്പ് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ആയുഷ് വകുപ്പിന്റെ ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇൻ ആയുർവ്വേദ (IRIA) സെന്ററിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം സ്ഥലം ഏറ്റെടുക്കൽ പ്രക്രിയ ഏതാണ്ട് പൂർത്തിയായി; സ്ഥലം ഏറ്റെടുക്കേണ്ടതുകൊണ്ടാണ് താമസം

നേരിട്ടത്. ബാക്കിയെല്ലാ നടപടികളും പൂർത്തിയായിട്ടുണ്ട്. നല്ല ഒരു ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്-കം-മ്യൂസിയം ഉണ്ടാകും. ഒരു ഇന്റർനാഷണൽ എക്സ്പോ/സെമിനാർ നടത്തി കേരളത്തെ ഒരു ആയുർവ്വേദ ഹബ്ബാക്കി മാറ്റാൻ മെയ് മാസത്തിൽ ഞാൻ എല്ലാവരെയും ക്ഷണിക്കുകയാണ്, അത്തരത്തിലുള്ള ഒരു പരിപാടിയും നടത്തുകയാണ്. ആയുർവ്വേദ ആശുപത്രിയില്ലാത്ത നാല് പഞ്ചായത്തിൽ ആയുർവ്വേദ ആശുപത്രികൾ അനുവദിച്ചുകൊണ്ട് കേരളത്തെ സമ്പൂർണ്ണ ആയുർവ്വേദ സംസ്ഥാനമായി ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഹോമിയോയുടെ കാര്യത്തിലും 'ജനനി' പോലുള്ള നല്ല പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. അതെല്ലാം നടപ്പിലാക്കുന്നുണ്ട്. സിദ്ധ, യുനാനി, യോഗ എന്നീ വിഭാഗങ്ങളിലെല്ലാം ശ്രദ്ധയുണ്ട്. കേരളത്തിൽ ഒരു യുനാനി ഇൻസ്റ്റിറ്റ്യൂട്ടിനുള്ള അനുവാദം കേന്ദ്ര ഗവൺമെന്റിൽനിന്ന് വാങ്ങിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ വിഭാഗവും നന്നായി പ്രവർത്തിക്കുകയാണ്. 90 ഫുഡ് സേഫ്റ്റി ഓഫീസർമാരെ ഈ ഗവൺമെന്റാണ് പോസ്റ്റ് ചെയ്തത്. ഏറ്റവും നല്ല പരിശോധന നടത്തുന്നതിന് അവർക്ക് ട്രെയിനിംഗ് കൊടുത്ത് സജ്ജമാക്കിയിട്ടുണ്ട്. അതുപോലെ ഒരു ഭക്ഷ്യസുരക്ഷാ ആധുനിക ലാബ് സ്ഥാപിക്കാൻ പണം നീക്കിവച്ചിട്ടുണ്ട്; കേരളത്തിൽ അത് സ്ഥാപിക്കുന്നതാണ്. ഈ ഗവൺമെന്റ് മൂന്ന് ഭക്ഷ്യസുരക്ഷാ മൊബൈൽ യൂണിറ്റുകൾ കൊണ്ടുവന്നു. കേരളത്തിലെ എക്സിസ്റ്റിംഗായിട്ടുള്ള മൂന്ന് ഭക്ഷ്യസുരക്ഷാ ലാബിനും എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ കിട്ടിയിട്ടുണ്ട്. ഞങ്ങളൊന്നും നഷ്ടപ്പെടുത്തിയിട്ടില്ല. പുതുതായി ആശുപത്രികൾക്ക് 'കാഷ്' അക്രഡിറ്റേഷനും എൻ.എ.ബി.എൽ. അക്രഡിറ്റേഷനും നേടിയെടുത്തിട്ടേയുള്ളൂ. എനിക്ക് സമയത്തിന്റെ പരിമിതി നന്നായിട്ടറിയാം. അതുകൊണ്ടുതന്നെ ഞാനിതെല്ലാം ഒരുമിച്ച് പറയണമെന്നാഗ്രഹിക്കുന്നില്ല. ആരോഗ്യ വകുപ്പിൽ കുറെയേറെ പുതിയ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആഗ്രഹിച്ചിട്ടുണ്ട്. അതെല്ലാം ഇപ്പോൾ ഇവിടെ സൂചിപ്പിക്കാനുള്ള സമയമില്ലാത്തതുകൊണ്ട് പിന്നീട് അതെല്ലാം എഴുതി മെമ്പർമാർക്ക് വേണമെങ്കിൽ സർക്കുലേറ്റ് ചെയ്യാം. ആരോഗ്യമേഖലയിൽ അടിസ്ഥാനപരമായ മാറ്റം, സാമൂഹ്യനീതി മേഖലയിൽ സാമൂഹ്യ നീതി ഉറപ്പാക്കാനുള്ള ശ്രമം, വനിത-ശിശുവികസന വകുപ്പിൽ സ്ത്രീകളുടെ പുരോഗതിക്കുവേണ്ടിയുള്ള ധീരമായിട്ടുള്ള പരിശ്രമം എന്നിവ നടത്തിക്കൊണ്ടിരിക്കുകയാണ്. മൂന്നുവർഷംകൂടി കഴിയുമ്പോൾ സാമൂഹ്യ നീതിയിലും ആരോഗ്യ സുരക്ഷയിലും അധിഷ്ഠിതമായിട്ടുള്ളൊരു കേരളമാണ് ഉണ്ടാവുക എന്നുറപ്പുവരുത്താൻ എല്ലാവരുടേയും പിന്തുണ തേടിക്കൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

3.00 PM]

<u>മി. സ്പീക്കർ</u>: സർവ്വശ്രീ എൽദോസ് പി. കുന്നപ്പിള്ളിൽ, എം. ഉമ്മർ, കെ. മുരളീധരൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, അബ്ദുൽ ഹമീദ്. പി., കെ. എൻ. എ. ഖാദർ, എൻ. ഷംസുദ്ദീൻ, ടി. വി. ഇബ്രാഹിം, പി. കെ. അബ്ദു റബ്ബ്, സി. മമ്മൂട്ടി, എ. പി. അനിൽ കുമാർ, അടൂർ പ്രകാശ്, മഞ്ഞളാംകുഴി അലി, എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, പി. ടി. തോമസ്, റോഷി അഗസ്റ്റിൻ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ .........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. ആന്റണി ജോൺ
4. ശ്രീ. പി. വി. അൻവർ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ

7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. വി. ജോയി
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ

31. ശ്രീ. എം. എം. മണി
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. എം. മുകേഷ്
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ ഹരി
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. രാജു എബ്രഹാം
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
50. ശ്രീ. മുല്ലക്കര രത്നാകരൻ
51. പ്രൊഫ. സി. രവീന്ദ്രനാഥ്
52. ശ്രീ. കാരാട്ട് റസാഖ്
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. സി. കെ. ശശീന്ദ്രൻ
55. ശ്രീ. പി. കെ. ശശി

56. ശ്രീ. വി. ശശി
57. ശ്രീ. ഐ. ബി. സതീഷ്
58. ശ്രീ. ബി. സത്യൻ
59. ശ്രീ. എ. എൻ. ഷംസീർ
60. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
61. ശ്രീ. വി. ആർ. സുനിൽ കുമാർ
62. ശ്രീ. കെ. സുരേഷ് കുറുപ്പ്
63. ശ്രീ. എം. സ്വരാജ്
64. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
65. ശ്രീ. പി. തിലോത്തമൻ
66. ഡോ. ടി. എം. തോമസ് ഐസക്
67. ശ്രീ. പി. ഉണ്ണി
68. ശ്രീമതി വീണാ ജോർജ്ജ്
69. ശ്രീ. കെ. വി. വിജയദാസ്
70. ശ്രീ. ഇ. കെ. വിജയൻ
71. ശ്രീ. പിണറായി വിജയൻ
72. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

9. ശ്രീ. വി. ടി. ബൽറാം

10. ശ്രീ. പി. കെ. ബഷീർ

11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

12. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

13. ശ്രീ. ഹൈബി ഈഡൻ

14. ശ്രീ. ടി. വി. ഇബ്രാഹിം

15. ശ്രീ. കെ. സി. ജോസഫ്

16. ശ്രീ. കെ. എൻ. എ. ഖാദർ

17. ശ്രീ. സി. മമ്മൂട്ടി

18. ശ്രീ. കെ. മുരളീധരൻ

19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

20. ശ്രീ. ഉമ്മൻ ചാണ്ടി

21. ശ്രീ. വി. പി. സജീന്ദ്രൻ

22. ശ്രീ. എൻ. ഷംസുദ്ദീൻ

23. ശ്രീ. വി. ഡി. സതീശൻ

24. ശ്രീ. സണ്ണി ജോസഫ്

25. ശ്രീ. എം. ഉമ്മർ

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 72

പ്രതികൂലിക്കുന്നവർ -25

നിഷ്പക്ഷത പാലിക്കുന്നവർ - ഇല്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സർവ്വശ്രീ. പി. കെ. അബ്ദു റബ്ബ്, പി. കെ. ബഷീർ, കെ. എൻ. എ. ഖാദർ, ടി. വി. ഇബ്രാഹിം, അബ്ദുൽ ഹമീദ്. പി., പി. ഉബൈദുള്ള, മഞ്ഞളാംകുഴി അലി, വി. കെ. ഇബ്രാഹിം കുഞ്ഞ്, എം. ഉമ്മർ, എൻ. ഷംസുദ്ദീൻ, സി. മമ്മൂട്ടി, എൻ. എ. നെല്ലിക്കുന്ന്, റോഷി

അഗസ്റ്റിൻ, വി. ടി. ബൽറാം, ഐ.സി. ബാലകൃഷ്ണൻ എന്നീ അംഗങ്ങൾ കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ .............

പ്രതികൂലിക്കുന്നവർ ............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. ആന്റണി ജോൺ
4. ശ്രീ. പി. വി. അൻവർ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ

12. ശ്രീ. ബി. ഡി. ദേവസ്സി

13. ശ്രീ. സി. ദിവാകരൻ

14. ശ്രീ. എൽദോ എബ്രഹാം

15. ശ്രീ. കെ. ബി. ഗണേഷ് കുമാർ

16. ശ്രീമതി ഗീതാ ഗോപി

17. ശ്രീ. ചിറ്റയം ഗോപകുമാർ

18. ശ്രീ. സി. കെ. ഹരീന്ദ്രൻ

19. ഡോ. കെ. ടി. ജലീൽ

20. ശ്രീ. ജെയിംസ് മാത്യു

21. ശ്രീ. ജി. എസ്. ജയലാൽ

22. ശ്രീ. ഇ. പി. ജയരാജൻ

23. ശ്രീ. വി. ജോയി

24. ശ്രീ. ജോൺ ഫെർണാണ്ടസ്

25. ശ്രീ. ഒ. ആർ. കേളു

26. ശ്രീ. സി. കൃഷ്ണൻ

27. ശ്രീ. കെ. കൃഷ്ണൻകുട്ടി

28. ശ്രീ. കെ. കുഞ്ഞിരാമൻ

29. ശ്രീ. കോവൂർ കുഞ്ഞുമോൻ

30. ശ്രീ. വി. കെ. സി. മമ്മത് കോയ

31. ശ്രീ. എം. എം. മണി

32. ശ്രീ. എ. സി. മൊയ്തീൻ

33. ശ്രീ. മുഹമ്മദ് മുഹസിൻ പി.

34. ശ്രീ. എം. മുകേഷ്

35. ശ്രീ. ഡി. കെ. മുരളി

36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ ഹരി
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. രാജു എബ്രഹാം
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
50. ശ്രീ. മുല്ലക്കര രത്നാകരൻ
51. പ്രൊഫ. സി. രവീന്ദ്രനാഥ്
52. ശ്രീ. കാരാട്ട് റസാഖ്
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. സി. കെ. ശശീന്ദ്രൻ
55. ശ്രീ. പി. കെ. ശശി
56. ശ്രീ. വി. ശശി
57. ശ്രീ. ഐ. ബി. സതീഷ്
58. ശ്രീ. ബി. സത്യൻ
59. ശ്രീ. എ. എൻ. ഷംസീർ

60. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
61. ശ്രീ. വി. ആർ. സുനിൽ കുമാർ
62. ശ്രീ. കെ. സുരേഷ് കുറുപ്പ്
63. ശ്രീ. എം. സ്വരാജ്
64. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
65. ശ്രീ. പി. തിലോത്തമൻ
66. ഡോ. ടി. എം. തോമസ് ഐസക്
67. ശ്രീ. പി. ഉണ്ണി
68. ശ്രീമതി വീണാ ജോർജ്ജ്
69. ശ്രീ. കെ. വി. വിജയദാസ്
70. ശ്രീ. ഇ. കെ. വിജയൻ
71. ശ്രീ. പിണറായി വിജയൻ
72. ശ്രീ. എൻ. വിജയൻ പിള്ള.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
9. ശ്രീ. വി. ടി. ബൽറാം
10. ശ്രീ. പി. കെ. ബഷീർ

11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
13. ശ്രീ. ഹൈബി ഈഡൻ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ശ്രീ. കെ. സി. ജോസഫ്
16. ശ്രീ. കെ. എൻ. എ. ഖാദർ
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. കെ. മുരളീധരൻ
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. വി. പി. സജീന്ദ്രൻ
22. ശ്രീ. എൻ. ഷംസുദ്ദീൻ
23. ശ്രീ. വി. ഡി. സതീശൻ
24. ശ്രീ. സണ്ണി ജോസഫ്
25. ശ്രീ. എം. ഉമ്മർ .

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 72

പ്രതികൂലിക്കുന്നവർ -25

നിഷ്പക്ഷത പാലിക്കുന്നവർ - ഇല്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു

സർവ്വശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, എം. ഉമ്മർ, എൻ. എ. നെല്ലിക്കുന്ന്, വി. ഡി. സതീശൻ, എൻ. ഷംസുദ്ദീൻ, കെ. എൻ. എ. ഖാദർ, പി. കെ ബഷീർ, മഞ്ഞളാംകുഴി അലി, ഹൈബി ഈഡൻ, പി. കെ. അബ്ദു റബ്ബ്,

പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, എം. വിൻസെന്റ്, അബ്ദുൽ ഹമീദ്. പി., സി. മമ്മൂട്ടി, റോഷി അഗസ്റ്റിൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ ........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ.കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. ആന്റണി ജോൺ
4. ശ്രീ. പി. വി. അൻവർ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ

11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. വി. ജോയി
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. എം. എം. മണി
32. ശ്രീ. മാത്യു ടി. തോമസ്
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.

35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. രാജു എബ്രഹാം
49. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
50. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
51. ശ്രീ. മുല്ലക്കര രത്നാകരൻ
52. പ്രൊഫ. സി. രവീന്ദ്രനാഥ്
53. ശ്രീ. കാരാട്ട് റസാഖ്
54. ശ്രീ. എസ്. ശർമ്മ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. പി. കെ. ശശി
57. ശ്രീ. വി. ശശി
58. ശ്രീ. ഐ. ബി. സതീഷ്

59. ശ്രീ. ബി. സത്യൻ
60. ശ്രീ. എ. എൻ. ഷംസീർ
61. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
62. ശ്രീ. വി. ആർ. സുനിൽ കുമാർ
63. ശ്രീ. കെ. സുരേഷ് കുറുപ്പ്
64. ശ്രീ. എം. സ്വരാജ്
65. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
66. ശ്രീ. പി. തിലോത്തമൻ
67. ഡോ. ടി. എം. തോമസ് ഐസക്
68. ശ്രീ. പി. ഉണ്ണി
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. കെ. വി. വിജയദാസ്
71. ശ്രീ. ഇ. കെ. വിജയൻ
72. ശ്രീ. പിണറായി വിജയൻ
73. ശ്രീ. എൻ. വിജയൻ പിള്ള.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

9. ശ്രീ. വി. ടി. ബൽറാം

10. ശ്രീ. പി. കെ. ബഷീർ

11. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

12. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

13. ശ്രീ. ഹൈബി ഈഡൻ

14. ശ്രീ. ടി. വി. ഇബ്രാഹിം

15. ശ്രീ. കെ. സി. ജോസഫ്

16. ശ്രീ. കെ. എൻ. എ. ഖാദർ

17. ശ്രീ. സി. മമ്മൂട്ടി

18. ശ്രീ. കെ. മുരളീധരൻ

19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

20. ശ്രീ. ഉമ്മൻ ചാണ്ടി

21. ശ്രീ. വി. പി. സജീന്ദ്രൻ

22. ശ്രീ. എൻ. ഷംസുദ്ദീൻ

23. ശ്രീ. വി. ഡി. സതീശൻ

24. ശ്രീ. വി. എസ്. ശിവകുമാർ

25. ശ്രീ. സണ്ണി ജോസഫ്

26. ശ്രീ. എം. ഉമ്മർ.

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ -26

നിഷ്പക്ഷത പാലിക്കുന്നവർ - ഇല്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

# VIII നിയമനിർമ്മാണം

## താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### (i) 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ

മി. സ്പീക്കർ: ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ അവതരിപ്പിക്കേണ്ടതാണ്. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മന്ത്രി മേശപ്പുറത്തുവയ്ക്കേണ്ടതാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ): സർ, 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ): സർ, 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. അൻവർ സാദത്തിനുവേണ്ടി ശ്രീ. ഹൈബി ഈഡൻ: സർ,

I move that- " This House resolves to disapprove The Kerala Professional Colleges (Regularisation of Admission in Medical Colleges) Ordinance, 2018 (Ordinance No.1 of 2018),"

2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) സംബന്ധിച്ചാണ് ഈ ബിൽ

അവതരിപ്പിക്കുന്നത്. തത്വത്തിൽ രണ്ട് കൂട്ടരും ഈ ബില്ലിനെ അംഗീകരിക്കുന്നുണ്ടെങ്കിലും വിദ്യാർത്ഥകളുടെ ഭാവി സംബന്ധിച്ചുള്ള ആശങ്ക പരിഹരിക്കണമെന്നാണ് ആഗ്രഹിക്കുന്നത് . 2001-ൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയിരിക്കുന്ന കാലയളവിൽ മെഡിക്കൽ വിദ്യാഭ്യാസം സാധാരണക്കാരിലേയ്ക്ക് എത്തിക്കുന്ന ഒരു പുതിയ നയം അക്കാലത്തെ ഗവൺമെന്റ് അംഗീകരിച്ചിരുന്നു. സ്വാശ്രയകോളേജിനെ സംബന്ധിച്ച് ധാരാളം ആശങ്കകൾ പല കാലഘട്ടത്തിലും വിദ്യാർത്ഥി സംഘടനകൾ ഉന്നയിച്ചിട്ടുണ്ട്. ഇരുപക്ഷത്തേയും ആളുകൾ അതിന്റെ ക്രമക്കേടുകളെ ചൂണ്ടിക്കാണിച്ചിട്ടുമുണ്ട് . കേരളത്തിൽ പ്രൊഫഷണൽ വിദ്യാഭ്യാസം മറ്റൊരു തലത്തിലേയ്ക്ക് എത്തുന്നതുമായി ബന്ധപ്പെട്ട് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് പുതിയൊരു മുഖം നൽകിയതാണ് അക്കാലത്തുണ്ടായ വിപ്ലകരമായ മാറ്റം. പ്രൊഫഷണൽ രംഗത്ത് പ്രത്യേകിച്ച്, മെഡിക്കൽ വിദ്യാഭ്യാസം സാധാരണക്കാരിലേയ്ക്ക് എത്തിക്കുന്നൊരു നയമാണ് അന്ന് തീരുമാനിച്ചത്. ഈ ബില്ലിനെ സംബന്ധിച്ച്, , ഈ നയത്തെ സംബന്ധിച്ച് അന്നത്തെ യു.ഡി.എഫ് . -ഗവൺമെന്റിന് വലിയ എതിർപ്പുകൾ നേരിടേണ്ടിവന്നു. പൊതുമുതൽ നശീകരണമടക്കം ധാരാളം സമരങ്ങളും അക്കാലത്ത് നടന്നിരുന്നു. നീറ്റിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ, കരുണ മെഡിക്കൽ കോളേജുകളിൽ അഡ്മിഷൻ ലഭിച്ച ഇരുന്നൂറ്റിയമ്പതോളം വിദ്യാർത്ഥികളിൽ കുറേയേറെ വിദ്യാർത്ഥികൾ തൊട്ടടുത്ത വർഷത്തെ നീറ്റ് പരീക്ഷയിൽ യോഗ്യത നേടി മറ്റ് കോളേജുകളിലേയ്ക്ക് പോയി. ബാക്കിയുള്ളവരുടെ ഭാവി അനിശ്ചിതത്വത്തിലാവുന്ന തരത്തിലുള്ള, അവർക്ക് ഇന്നും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡമനുസരിച്ച് പരീക്ഷ എഴുതാൻ കഴിയാത്തൊരു സാഹചര്യം നിലനിൽക്കുകയാണ് . സാധാരണക്കാരായ കുട്ടികൾ, സാധാരണ കുടുംബങ്ങളിൽ നിന്നും വരുന്ന ഒരുപാട് വിദ്യാർത്ഥികളുണ്ട്. എനിക്ക് നേരിട്ടറിയാവുന്ന എറണാകുളം മാർക്കറ്റിൽ തൊഴിലാളിയായ ഒരാളുടെ കുട്ടിക്ക് നീറ്റ് മെറിറ്റിൽ അഡ്മിഷൻ ലഭിച്ചു. കണ്ണൂർ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിൽ 150 കുട്ടികളെ പ്രവേശിപ്പിച്ചിട്ടുള്ളതിൽ മൂന്നാം റാങ്ക് നേടിയ കുട്ടിയാണ്. ഈ രണ്ട് കോളേജുകളും അഡ്മിഷനിൽ വലിയ ക്രമക്കേട് കാണിച്ചിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ഈ കോളേജുകളിലെ അഡ്മിഷൻ പ്രോസസ്സിൽ വലിയ ക്രമക്കേടുണ്ടായിട്ടുണ്ടെന്ന് പല ഘട്ടങ്ങളിൽ ജെയിംസ് കമ്മിറ്റിയുടെ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിതന്നെ വളരെ വ്യക്തമാക്കിയിട്ടുള്ളതാണ്. '150 candidates admitted by Kannur medical college, four deliberately violated the orders of the committee and the court. More over the annual tuition fee of the Karuna medical college will

be regulated.' അങ്ങനെ ഇതിന്റെ സൂപ്പർവൈസറി കമ്മിറ്റിയായ ജെയിംസ് കമ്മിറ്റിതന്നെ നിരവധി ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. സ്വാശ്രയ കോളേജ് നയം രൂപീകരിച്ചപ്പോഴുണ്ടായിരുന്ന സദുദ്ദേശത്തിൽ നിന്ന് വലിയ മാറ്റമാണുണ്ടായത്. അക്കാലത്ത് ഇതിനെ ശക്തമായി എതിർത്ത ആളുകളുടെ ഗവൺമെന്റ് തന്നെയാണ് ഈ ബില്ലിനും നേതൃത്വം കൊടുക്കുന്നതെന്നുള്ളതും ശ്രദ്ധേയമാണ്. മെരിറ്റ് സീറ്റിൽ എം.ബി.ബി.എസ്.-ന് അഡ്മിഷൻ ലഭിച്ച കുട്ടികൾക്ക് 1.85 ലക്ഷം രൂപയായിരുന്ന വാർഷിക ഫീസ്. ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലയളവിൽ 1.35 ലക്ഷത്തിൽ നിന്ന് 10 ശതമാനം വീതം വർദ്ധനവ് വരുത്തിയാണ് ആ ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ 1.85 ലക്ഷമാക്കിയത്. സ്വാഭാവികമായി അഞ്ച് കൊല്ലം കൊണ്ടുണ്ടായ വർദ്ധനവാണത്. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് 100 ദിവസംകൊണ്ട് 2.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുവെന്നുള്ളത് വളരെ ശ്രദ്ധേയമായ കാര്യമാണ്. ശ്രദ്ധേയമായ നിരീക്ഷണങ്ങൾ നടത്തിയ ജെയിംസ് കമ്മിറ്റി ഞാൻ നേരത്തേ പറഞ്ഞതുപോലെ വളരെ പ്രധാനപ്പെട്ട ട്രാൻസ്പരൻസി ഫാക്ടർ അടക്കം ചൂണ്ടിക്കാണിച്ചിട്ടുള്ളതും ശ്രദ്ധേയമാണ്. 'Fully compromise the inter-se merit failed to maintain transparency and academic excellence and had deliberately given go by all norms of the procedure' എന്ന് വളരെ വ്യക്തമായി പറയുന്നുണ്ട്. ഈ ബിൽ പാസ്സാക്കുന്നതോടുകൂടി ഈ കുട്ടികൾക്ക് എല്ലാ ആനുകൂല്യങ്ങളും കിട്ടണമെന്നില്ല. ഇവരുടെ പരീക്ഷാ റിസൾട്ട് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ തടഞ്ഞുവച്ചിരിക്കുകയാണ്. ഈ ബിൽ പാസ്സാക്കുന്നതിൽ മാത്രമല്ല, ആ കുട്ടികൾക്ക് തുടർന്നും പഠിക്കാനുള്ള സാഹചര്യമൊരുക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഈ ഗവൺമെന്റ് ഈ ബിൽ പാസ്സാക്കുന്നതിന്റെ സദുദ്ദേശം നിലനിൽക്കുമ്പോൾതന്നെ അവർക്ക് പ്രൊട്ടക്ഷൻ കൊടുക്കാനുള്ള നടപടികളും സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. യു.ഡി.എഫ്. സർക്കാർ, ഗവൺമെന്റ് മേഖലയിൽ മെഡിക്കൽ കോളേജ് തുടങ്ങിയതിനെ വലിയ രീതിയിൽ വിമർശിച്ചു. ഇവിടെ സ്വാശ്രയ കോളേജ് നയം രൂപീകരിച്ചപ്പോഴും അത് യാഥാർത്ഥ്യമാക്കിയപ്പോഴും യു.ഡി.എഫ്. ഗവൺമെന്റ് കഴിഞ്ഞ അഞ്ച് വർഷക്കാലംകൊണ്ട് തുടങ്ങിയ തിരുവനന്തപുരം, പാരിപ്പള്ളി, കോന്നി, മഞ്ചേരി, ഇടുക്കി, കാസർഗോഡ്, പാലക്കാട്, വയനാട് മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ടും കോ-ഓപ്പറേറ്റീവ് മേഖലയിൽ എറണാകുളത്തുള്ള മെഡിക്കൽ കോളേജ് ഏറ്റെടുത്തതുമായി ബന്ധപ്പെട്ടും ഒരുപാട് വിമർശനങ്ങൾ ഏറ്റുവാങ്ങേണ്ടിവന്നു. അവിടെയെല്ലാം യഥാക്രമം കൃത്യമായ സപ്പോർട്ട് കൊടുത്താൽ തീർച്ചയായും സാധാരണക്കാരായ കുട്ടികൾക്ക് ഏറ്റവും കുറഞ്ഞ ചെലവിൽ നല്ല വിദ്യാഭ്യാസം

ലഭിക്കാനുള്ള സാഹചര്യമുണ്ടാകും. ആ സാഹചര്യമുണ്ടാക്കാനാണ് മെഡിക്കൽ വിദ്യാഭ്യാസം ശാക്തീകരിക്കണമെന്ന കൃത്യമായ ലക്ഷ്യത്തോടുകൂടി കഴിഞ്ഞ ഗവൺമെന്റ് ഇത് പ്രൊപ്പോസ് ചെയ്തത്. പക്ഷെ വലിയ വിമർശനങ്ങളും വലിയ സമരങ്ങളുമാണ് അക്കാലത്തുണ്ടായത്. ഇന്നും കൃത്യമായൊരു സപ്പോർട്ട് ഈ സ്ഥലങ്ങളിൽ ലഭ്യമല്ല. കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്ന തരത്തിലുള്ള ഈ ബില്ലിനെ അനുകൂലിക്കുകയാണ്. പക്ഷെ അവരുടെ ഭാവി സുരക്ഷിതമാക്കണമെങ്കിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ വയ്ക്കുന്ന നോംസിനനുസൃതമായി സ്വാശ്രയ കോളേജുകളുടെ മേൽ കൃത്യമായ നിയന്ത്രണം ഏർപ്പെടുത്താൻ ഗവൺമെന്റിന് കഴിയണം, അവർക്ക് മൂക്കുകയറിടാൻ സാധിക്കണം. അതോടൊപ്പംതന്നെ ഈ കുട്ടികളുടെ ഭാവി സംരക്ഷിക്കാൻ വേണ്ടിയുള്ള ഗവൺമെന്റ് നിലപാടിനെ ഈ സന്ദർഭത്തിൽ അനുകൂലിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടിസ്പീക്കർ)

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ: സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ പൈലറ്റ് ചെയ്ത രണ്ട് സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ അഡ്മിഷൻ ക്രമവത്ക്കരിക്കുന്നതിനു വേണ്ടിയുള്ള ബിൽ വളരെ അസാധാരണമായ ഒരു ബില്ലായാണ് ഞാൻ കാണുന്നത്. കാരണം ഈ ബിൽ വരുന്നതിന് മുമ്പ് നമ്മൾ ഒരു ഓർഡിനൻസ് കൊണ്ടുവന്നു, ആ ഓർഡിനൻസ് റീപ്ലേസ് ചെയ്യാൻവേണ്ടിയാണ് ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബില്ലിൽ അധികം വകുപ്പുകളൊന്നും ആവശ്യമില്ല. പാലക്കാട് കരുണ മെഡിക്കൽ കോളേജിലും കണ്ണൂർ മെഡിക്കൽ കോളേജിലും മേൽനോട്ട സമിതിയുടെ നിബന്ധനകൾ ലംഘിച്ചുകൊണ്ടും അന്ന് കേരളത്തിലുണ്ടായിരുന്ന എല്ലാ വ്യവസ്ഥകളെയും വയലേറ്റ് ചെയ്തുമാണ് അഡ്മിഷൻ നടത്തിയത് എന്നാണ് പറയുന്നത്. ആ വയലേഷനിലൂടെ അഡ്മിറ്റ് ചെയ്യപ്പെട്ട കുട്ടികൾക്ക് അവരുടേതല്ലാത്ത കുറ്റംകൊണ്ട് പഠനം നഷ്ടമാകരുതെന്ന സദുദ്ദേശത്തോടുകൂടിയാണ് ഈ ബിൽ അവതരിപ്പിച്ച് നിയമമാക്കാൻ പോകുന്നത്. പക്ഷെ ഗവൺമെന്റുമായി 50:50 കരാർ ഒപ്പിടാത്ത കോളേജുകളുമാണിത്. ഗവൺമെന്റുമായി സന്ധി ചെയ്യാനും 50:50 കരാറിൽ ഒപ്പിടാനും മറ്റ് കോളേജുകളെല്ലാം തയ്യാറായപ്പോൾ ഈ കോളേജുകൾ അതിന് തയ്യാറായിട്ടില്ല. ഈ ബില്ലിനെ ഞാൻ എതിർക്കുന്നില്ല, ഈ ബിൽ ആവശ്യമാണ്, അത്രയും കുട്ടികളുടെ പഠനം വഴിക്കുവച്ച് മുടക്കണമെന്ന ആഗ്രഹം എനിക്കില്ല. പക്ഷെ ഈ ബിൽ നമ്മെ പഠിപ്പിക്കുന്ന ചില പാഠങ്ങളുണ്ട്. ഇതൊരു കീഴ്‌വഴക്കമായിത്തീരാൻ പാടില്ല. ഇവിടെ പാസ്സായിവരുന്ന ആക്ട് മാതൃകയാക്കി എടുത്ത് വേറെ

ഏതെങ്കിലുമൊരു കോളേജ് ഇതുപോലൊരു പ്രവൃത്തി ചെയ്താൽ അത് ഭാവിയിൽ ന്യായീകരിക്കപ്പെടാനുള്ള സാധ്യതയുണ്ടാകാൻ പാടില്ല. പിന്നെ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും ഈ കോളേജുകളുടെ നിലപാടിനെ അതിശക്തമായി ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് മേൽനോട്ട സമിതിയും കേരള സർക്കാരും എതിർത്തിട്ടുള്ളതാണ്. നമ്മുടെയെല്ലാം എതിർപ്പിന്റെ ഫലമായാണ് ഹൈക്കോടതി അവരുടെ താല്പര്യങ്ങളെ തള്ളിക്കളഞ്ഞത്. സുപ്രീം കോടതിയും അത് വേണ്ടെന്ന് വച്ചത് നമ്മുടെ ഗവൺമെന്റിന്റെ കൂടി ശക്തമായ നിലപാടിന്റെ ഭാഗമായാണ്. അതിനുശേഷം ഇപ്പോൾ മലക്കം മറിഞ്ഞമാതിരിയാണ് ഈ ബിൽ വന്നിട്ടുള്ളത്. അതിന് പ്രത്യേകമായിട്ടുള്ള ഭൗതിക സാഹചര്യം ഈ ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ ആകെ ഉൾപ്പെടുത്താൻ സാധിച്ചിട്ടുള്ളത്, വഴിയിൽ വച്ച് കുട്ടികളുടെ പഠനം മുടങ്ങരുതെന്ന നല്ല ഉദ്ദേശ്യം മാത്രമാണ്. അത് മാത്രമേ ഈ ബില്ലിനെ ന്യായീകരിക്കാനുള്ള കാരണമായിട്ടുള്ളൂ. കേരളാ ഹെൽത്ത് യൂണിവേഴ്സിറ്റി ഇപ്പോൾ ഈ ബിൽ അംഗീകരിച്ചോ എന്നറിയില്ല. ഹെൽത്ത് യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് യോഗം ചേർന്ന് അവർ ഇതിൽ വ്യക്തമായിട്ടുള്ള തീരുമാനം എടുത്തിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. കാരണം, ഈ ബിൽ സംബന്ധമായ കേസിൽ അവരും ഗവൺമെന്റിന്റെ കൂടെ നിന്നവരാണ്. ആരോഗ്യ സർവ്വകലാശാല ഇതിനെ അംഗീകരിക്കാതെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യക്ക് റഫർ ചെയ്യുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ എക്സിക്യൂട്ടീവും ജനറൽ ബോഡിയും കൂടിയതിനുശേഷം വേണം അവരുടെ അംഗീകാരം കിട്ടാൻ. അങ്ങനെയുള്ള പല പ്രശ്നങ്ങളും ഈ ബില്ലിൽ അന്തർലീനമായി കിടക്കുന്ന സാഹചര്യമുണ്ട്. ഹെൽത്ത് യൂണിവേഴ്സിറ്റി ഇത് അംഗീകരിക്കേണ്ടത് ആവശ്യമാണ്. മാത്രമല്ല, അഡ്മിഷൻ കിട്ടിയ കുട്ടികളുടെ യോഗ്യതയെക്കുറിച്ച്, മെറിറ്റുണ്ടോ മെറിറ്റില്ലേ എന്നുള്ളത് പരിശോധിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നിയോഗിച്ച ശ്രീനിവാസൻ റിപ്പോർട്ട് സമർപ്പിച്ചപ്പോൾ 40 ശതമാനം കുട്ടികൾക്ക് മെറിറ്റുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. 60 ശതമാനം കുട്ടികളുടെ കാര്യം അദ്ദേഹത്തിന്റെ റിപ്പോർട്ടിലില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്, Subject to correction. ഇതേ ഹെൽത്ത് യൂണിവേഴ്സിറ്റി തന്നെ ഈ കേസിൽ പരാതിക്കാരുടെ പക്ഷത്ത് നിന്ന യൂണിവേഴ്സിറ്റിയാണ്. ഇതിൽ ചില നിയമപരമായ വിഷയങ്ങളുണ്ട്. കോടതിയുടെ ഉത്തരവിനെ മറികടക്കാൻ ഈ ബിൽ കൊണ്ട് സാധിക്കുമോ? ഈ സംശയങ്ങളൊക്കെ ഗവൺമെന്റ് പരിശോധിക്കാനായി പറയുന്നതാണ്. ആ സംശയത്തിന്റെ പക്ഷത്തുനിന്ന് ഞാനും സംശയിക്കുകയല്ല. It has to be examined, looked into. കോടതിയുടെ ഉത്തരവിനെ മറികടക്കാൻ ബിൽ കൊണ്ട് സാധിക്കുമോ? നിയമനിർമ്മാണ സഭയ്ക്ക് ഒരു ജുഡീഷ്യൽ ഡിസിഷനെ റിവേഴ്സ് ചെയ്യാനോ ഓവർ റൂൾ ചെയ്യാനോ ഓവർ

റൈഡ് ചെയ്യാനോ പാടില്ലെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി മദൻ മോഹൻ പഥക് Vs യൂണിയൻ ഓഫ് ഇന്ത്യ കേസിൽ വിധിച്ചിട്ടുണ്ട്. Can be done എന്ന് കോടതി പറഞ്ഞാൽ അത് cannot be done എന്നാക്കി മാറ്റാൻ നമുക്കധികാരം ഇല്ല. ജഡ്ജ്മെന്റിനെ അസാധുവാക്കാനുള്ള സ്വാതന്ത്ര്യവും അവകാശവും ലെജിസ്ലേച്ചറിനില്ല. ചെയ്യാൻ പാടില്ലെന്ന് കോടതി പറഞ്ഞകാര്യം ചെയ്യാൻ പാടുണ്ട് എന്ന് തീരുമാനിക്കാൻ പാടില്ലെന്ന വിഷയം സ്റ്റേറ്റ് ഓഫ് തമിഴ്നാട് Vs രായപ്പ ഗൗണ്ടർ എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിച്ചിട്ടുണ്ട്. ഈ വിധിക്ക് ആധാരമായ നിയമം ഭേദഗതി ചെയ്യാൻ ലെജിസ്ലേച്ചറിന് അധികാരമുണ്ട്. അതേസമയം ആ വിധിയെ അസാധുവാക്കുന്നതിനുള്ള അധികാരം നമുക്കില്ല. ഇത് അസാധുവാക്കുന്നതുപോലെ തോന്നിക്കുന്നുണ്ട്. അതുകൊണ്ട് ഇതിന്റെ ഭാവി കോടതിയിലെന്താകുമെന്ന് എനിക്കറിയില്ല. സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ച് സ്റ്റേറ്റ് ഓഫ് കേരള Vs സ്റ്റേറ്റ് ഓഫ് തമിഴ്നാട് എന്ന കേസിൽ പറഞ്ഞിട്ടുണ്ട്. 2014-ൽ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ അമെന്റ്മെന്റ് ആക്ട്-2003, അനുപ്രകാരം മുല്ലപ്പെരിയാർ ഡാമിൽ 142 അടിയിൽ വെള്ളം നിർത്തണമെന്ന തീരുമാനമുണ്ടായിരുന്നു. ആ തീരുമാനത്തെ നമ്മൾ ചോദ്യം ചെയ്ത് 136 അടിയിലധികം ഉയരാൻ പാടില്ലെന്ന് അമെന്റ്മെന്റ് പാസ്സാക്കി. ഈ ഭേദഗതി സുപ്രീംകോടതി അസാധുവാക്കി. അതിൽ നിന്നും ഒരു പാഠം പഠിക്കാനുണ്ട്. ആ ഭേദഗതിയെ സുപ്രീംകോടതി അസാധുവാക്കിയതുപോലൊരു സാഹചര്യം ഈ ബിൽ അഭിമുഖീകരിക്കേണ്ടി വരുമോ? ചിരഞ്ജിത് ലാൽ ചൗധരി Vs യൂണിയൻ ഓഫ് ഇന്ത്യ കേസിൽ ഒരാൾക്കോ ഒരു സ്ഥാപനത്തിനോ അല്ലെങ്കിൽ ഒന്നോ രണ്ടോ ആൾക്കോ ഒന്നോ രണ്ടോ സ്ഥാപനങ്ങൾക്കോ വേണ്ടി മാത്രം ഒരു ഓർഡിനൻസോ നിയമമോ ഉണ്ടാക്കാൻ പാടില്ല. ഒരു ജനവിഭാഗത്തിനോ സമൂഹത്തിനോ വേണ്ടിയാണ് നിയമനിർമ്മാണം നടത്തേണ്ടത്. ഒരാളെയോ സ്ഥാപനത്തെയോ രക്ഷിക്കാൻ നിയമ നിർമ്മാണം നടത്താൻ പാടില്ല, അത് അംഗീകരിക്കില്ല. അങ്ങനെ ചെയ്യുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ കമന്റ് That will be viewed as a mischief played on the constitution എന്നാണ്. അത് ഭരണഘടന കൊണ്ടുള്ള തമാശകളിയായിരിക്കുമെന്നാണ് സുപ്രീംകോടതി ആ കേസിൽ പറഞ്ഞത്. ഇതെല്ലാം ബില്ലിന്റെ അവതരണവേളയിലും അതിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോഴും നമ്മുടെ മനസ്സിൽ വരേണ്ട ചില കാര്യങ്ങളാണ്. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ ആരോഗ്യ വകുപ്പിന്റെ ചർച്ചയ്ക്ക് മറുപടി പറഞ്ഞപ്പോൾ കുറേയധികം പി.ജി. സീറ്റുകളും ഗ്രാജ്വേഷൻ സീറ്റുകളും വന്നുവെന്ന് പറഞ്ഞു. അത് നല്ല കാര്യമാണ്. പക്ഷെ ഫീസ് എത്ര വർദ്ധിച്ചു? മെഡിക്കൽ പി.ജി. കോഴ്സിന്

ചേരുന്ന ഒരു സ്റ്റുഡന്റിന് 14-18 ലക്ഷം രൂപ ഒരു വർഷം കൊടുക്കണം. 15 ലക്ഷം രൂപകൊണ്ട് മെഡിക്കൽ പി.ജി. ലഭിച്ചിരുന്നിടത്ത് ഓരോ വർഷവും 15 ലക്ഷം രൂപ കൊടുക്കേണ്ട സ്ഥിതിവിശേഷം നിലവിലുണ്ട്. വിദ്യാർത്ഥികളെ മനസ്സിൽക്കരുതി മെഡിക്കൽ പഠനം മുന്നോട്ടുകൊണ്ടുപോകാൻ കാര്യക്ഷമമായ പല നടപടികളും സ്വീകരിക്കേണ്ടതുണ്ട്. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുന്ന നാഷണൽ മെഡിക്കൽ കമ്മീഷൻ (NMC) നിയമമുണ്ട്. NMC വന്നുകഴിഞ്ഞാൽ 1956-ലെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ആക്ട് റിപ്പീൽ ചെയ്യാൻ വേണ്ടിയാണ് ശ്രീ. ജെ. പി. നദ്ദ ലോക്‌സഭയിൽ ആ ബിൽ അവതരിപ്പിച്ചത്. സ്വകാര്യ മേഖലയെ നിയന്ത്രിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞു. നമ്മുടെ എല്ലാവരുടെയും ആഗ്രഹമാണ് മന്ത്രിയിലൂടെ പുറത്തുവന്നത്, ഇല്ലെന്ന് പറയുന്നില്ല. NMC നടപ്പിലായാൽ സ്വകാര്യ മേഖലയ്ക്ക് സമ്പൂർണ്ണമായ സ്വാതന്ത്ര്യമാണ് ലഭിക്കുന്നത്. ഇനി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ഇല്ല. അതിനുപകരം 25 പേരുള്ള നോമിനേറ്റഡ് ബോഡിയാണുള്ളത്. 25 പേരെ ആരാണ് നോമിനേറ്റ് ചെയ്യുന്നത്? എന്തടിസ്ഥാനത്തിലാണ് നോമിനേറ്റ് ചെയ്യുന്നത്? എക്സ്പെർട്ടൈസ് എത്രയുണ്ട്? ഇതറിയണം. 29 സംസ്ഥാനങ്ങൾക്ക് അതിൽ പ്രാതിനിധ്യം ഇല്ല. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലാണ് കേരളത്തിലുള്ളത്. അത് കേരളാ മെഡിക്കൽ കൗൺസിൽ എന്ന് പേരെങ്കിലും മാറ്റാൻ സാധിച്ചിട്ടില്ല. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ ചെയർപേഴ്സൺ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയിൽ പങ്കെടുക്കാവുന്ന ഒരാളാണ്. നാല് വർഷം മാത്രം ടേം നിശ്ചയിച്ചിട്ടുള്ള NMC-യുടെ ബോഡിയിൽ അഞ്ച് സ്റ്റേറ്റുകൾക്കേ ഒരേ സമയം പ്രാതിനിധ്യം ഉണ്ടാകൂ. നാല് വർഷം കഴിഞ്ഞാണ് വേറെ അഞ്ചു സ്റ്റേറ്റോ അതേ അഞ്ചു സ്റ്റേറ്റോ തുടരുന്നത്. 24 സ്റ്റേറ്റുകൾ എപ്പോഴും പുറത്താണ്; ഒരു പ്രാതിനിധ്യവുമില്ല. സംസ്ഥാനത്തിന്റെ മെഡിക്കൽ കൗൺസിൽ ഉണ്ടാകും. പക്ഷെ, That will be under the control of NMC ആയിരിക്കും. അല്ലാതെ ഇവർക്ക് പൂർണ്ണമായ സ്വാതന്ത്ര്യമുണ്ടാകില്ല. യഥേഷ്ടം മെഡിക്കൽ കോളേജുകൾ തുടങ്ങാനുള്ള സൗകര്യമുണ്ടാകും. മെഡിക്കൽ കോളേജുകൾ തുടങ്ങാൻ പ്രത്യേക അനുവാദമോ സൗകര്യമോ ആവശ്യമില്ല. ആകെ പറഞ്ഞിട്ടുള്ളത് വയലേഷൻസ് ഉണ്ടെങ്കിൽ 1 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപ വരെ ഫൈൻ ചുമത്താമെന്നാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>:.. യെസ്...

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, എന്താണ്? എനിക്ക് സംസാരിക്കാനുണ്ട്. ബില്ലിന്റെ ചർച്ചയിൽ സമയമില്ലല്ലോ, ബില്ലിനെ സംബന്ധിച്ച് മാത്രമാണ് പറയുന്നത്. ഞാൻ ഒരു രാഷ്ട്രീയവും പറയാൻ ഉദ്ദേശിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ:.. യെസ്... സംസാരിക്കൂ...പ്ലീസ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഇത് എന്റെ മാത്രം കാര്യമല്ല. നമ്മളെയെല്ലാവരെയും ബാധിക്കുന്ന വിഷയമാണ്. മെഡിക്കൽ വിദ്യാഭ്യാസം നന്നായി നടക്കുന്ന കേരളത്തിനുപോലും നാഷണൽ മെഡിക്കൽ കമ്മീഷനിൽ പ്രാതിനിധ്യം കിട്ടിയില്ലെന്നു വരും. 50 ലക്ഷം രൂപവരെ ഫൈൻ ചുമത്തിയാൽതന്നെ ഇത്രയധികം ഫീസ് വാങ്ങുമ്പോൾ ഫൈൻ കൊടുക്കാൻ മാനേജ്മെന്റിന് ബുദ്ധിമുട്ടുമുണ്ടാകില്ല. അണ്ടർ ഗ്രാജ്വേറ്റ് മെഡിക്കൽ എഡ്യൂക്കേഷൻ ബോർഡ്, പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ എഡ്യൂക്കേഷൻ ബോർഡ് ഇങ്ങനെ ചില ബോർഡുകളും അതിനുപുറമേ ഒരു അഡ്വൈസറി കൗൺസിലും. ഗവൺമെന്റിന് 40% മാത്രമേ ഇടപെടാനുള്ള സൗകര്യങ്ങൾ ഇതുപ്രകാരമുണ്ടാകൂ, ഇത് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. ആരോഗ്യ സർവ്വകലാശാലയ്ക്കുപോലും NMC-യിൽ പ്രാതിനിധ്യമുണ്ടാകില്ല. അങ്ങനെയൊരു നിയമമാണ് കേന്ദ്രഗവൺമെന്റ് പാസ്സാക്കിയിട്ടുള്ളത്. NMC-യ്ക്കെതിരായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷനും വൈദ്യശാസ്ത്ര രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരും ശക്തമായ പ്രതിഷേധവും സമരവും നടത്തിവരുന്ന സമയമാണ്. കരിക്കുലം തീരുമാനിക്കുന്നതിന് ജോയിന്റ് മെഡിക്കൽ കൗൺസിൽ. ഇതിൽ പറഞ്ഞിരിക്കുന്ന, എതിർക്കപ്പെട്ടുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട വിഷയം, വൈദ്യശാസ്ത്ര രംഗത്തുള്ള ബ്രിഡ്ജ് കോഴ്സാണ്. അലോപ്പതി പാസ്സായ ആളുകൾക്ക് ആയുർവ്വേദം, യുനാനി, സിദ്ധ, ഹോമിയോ ഇവ പ്രാക്ടീസ് ചെയ്യാനും ആയുഷ് വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് അലോപ്പതി പ്രാക്ടീസ് ചെയ്യാനും സഹായകരമായ രീതിയിൽ ഒരു ബ്രിഡ്ജ് കോഴ്സ് നടത്തുമെന്നാണ് പറഞ്ഞത്. കേരളത്തിലെ വൈദ്യശാസ്ത്ര അന്തരീക്ഷം വച്ച് നമ്മൾ ഉത്തരേന്ത്യയെ അളക്കരുത്. അവിടെ പല സ്ഥലങ്ങളിലും ബി. കോം, എം.കോം ഒക്കെയാണ് ഡോക്ടർമാരുടെ ക്വാളിഫിക്കേഷൻ. ബ്രിഡ്ജ് കോഴ്സ്തന്നെ അശാസ്ത്രീയമായ സംഗതിയാണ്. ആയുർവ്വേദം പാസ്സായവർക്ക് നാല് മാസം അല്ലെങ്കിൽ ആറ് മാസം അലോപ്പതിയിൽ പരിശീലനം കൊടുത്തിട്ട് വല്ല കാര്യവുമുണ്ടോ? അതിനെക്കാൾ നന്നായി ചികിത്സിക്കാൻ ഫാർമസിസ്റ്റിനും കമ്പൗണ്ടർക്കും കഴിയും. മരുന്ന് എഴുതുന്നത് കണ്ട് മനസ്സിലാക്കി അവർക്ക് ചെയ്യാൻ കഴിയും. ബ്രിഡ്ജ് കോഴ്സ് എതിർക്കപ്പെടേണ്ട കോഴ്സാണ്. ആയുർവ്വേദം ഒന്നാന്തരം ചികിത്സാ രീതിയാണ്. അതിൽ വാതം, പിത്തം, കഫം ഇവ മാത്രമേയുള്ളൂ. ഈ ത്രിദോഷങ്ങൾ കൊണ്ടുണ്ടാകുന്ന രോഗങ്ങളേയുള്ളൂ. ആയുർവ്വേദം പല രോഗങ്ങൾക്കും നല്ല പരിഹാരം തന്നെയാണ്. ഞാൻ തന്നെ അനുഭവസ്ഥനാണ്. എന്റെ പിതാവ് ആയുർവ്വേദ ഫിസിഷ്യനും സ്കൂൾ അദ്ധ്യാപകനുമായിരുന്നു. ഞാൻ എന്റെ വീട്ടിൽ മരുന്നുണ്ടാക്കുന്നത് കാണുകയും മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. ചില രോഗങ്ങൾ

അലോപ്പതി മരുന്നുകൊണ്ട് മാറാത്തത് ആയുർവ്വേദം കൊണ്ട് മാറിയിട്ടുണ്ട്. കോട്ടയ്ക്കൽ ലോകത്തിൽ ആയുർവ്വേദത്തിന്റെ തലസ്ഥാനമാണ്. ആയുർവ്വേദവും അലോപ്പതിയും തമ്മിലോ യുനാനിയും അലോപ്പതിയും തമ്മിലോ ഒരു മത്സരം ആവശ്യമില്ല. പ്രകൃതി ചികിത്സ സംബന്ധിച്ച് ധാരാളം ചർച്ചകൾ നടക്കുന്ന സമയമാണ്. പ്രകൃതിയിൽ സ്വീകാര്യമായതും അസ്വീകാര്യമായതുമായ ചിലതുണ്ട്. പ്രകൃതി ചികിത്സയും അലോപ്പതിയും അതിന്റെ വഴിക്ക് നടക്കട്ടെ. അല്ലാതെ ഇത് മിക്സ് ചെയ്ത് പ്രാക്ടീസ് ചെയ്യുക എന്നത് ബ്രിഡ്ജ് കോഴ്സ് കൊണ്ട് ചെയ്യാവുന്ന കാര്യമല്ല. ബിൽ അനുസരിച്ച് NMC- യിൽ ഏത് വിദേശ ഡോക്ടർക്കും നിയന്ത്രണങ്ങളില്ലാതെ ഇവിടെ പ്രാക്ടീസ് ചെയ്യാം. ഏതെങ്കിലും രാജ്യത്ത് പോയി MBBS പാസ്സായി ഇവിടെ വന്നാൽ ആ ഡോക്ടർക്ക് ഇന്ത്യയിൽ സുഗമമായി പ്രാക്ടീസ് ചെയ്യാം. നേരെ മറിച്ച്, ഇവിടെ എം.ബി.ബി.എസ്. പാസ്സാകുന്ന ആൾക്ക് നാഷണൽ ലൈസൻഷ്യേറ്റ് എക്സാമിനേഷൻ എഴുതിയെങ്കിലേ പ്രാക്ടീസ് ചെയ്യാൻ കഴിയുകയുള്ളൂ. എന്തൊരു തോന്ന്യാസമാണിത്. ഇവിടെ എം.ബി.ബി.എസ്. പാസ്സായ, എല്ലാ സൗകര്യങ്ങളുമുള്ള കോളേജിൽ പഠിച്ച് ആരോഗ്യ യൂണിവേഴ്സിറ്റിയുടെ ഡിഗ്രിയുമായി വന്നയാൾക്ക് പ്രാക്ടീസ് ചെയ്യണമെങ്കിൽ വേറൊരു എക്സാമിനേഷൻ എഴുതണം. മെഡിസിൻ പഠിക്കുവാൻ വേറെ ഏതെങ്കിലും രാജ്യത്ത് പോയി മടങ്ങിവന്നാൽ അയാൾ അതിനുതന്നെയാണോ പോയതെന്ന് അറിയില്ല. അവിടെ അങ്ങനെ ഒരു കോളേജുണ്ടോ; ഈ വ്യവസ്ഥകളൊക്കെ പാലിക്കുന്നുണ്ടോ; എന്താണ് പഠിച്ചത് എന്നുപോലുമറിയില്ല. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വ്യവസ്ഥയനുസരിച്ച് അയാൾ ഇവിടെ വന്നാൽ ഒരു സ്ക്രീനിംഗ് ടെസ്റ്റ് പോലും നടത്താതെ നേരിട്ട് പ്രാക്ടീസ് ചെയ്യാമെന്നാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഉദ്ദേശ്യം എന്തെന്നുവച്ചാൽ, ഇവിടെ ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ, ഈഴവർ, നായർ, പ്രൈവറ്റ് മാനേജുമെന്റുകൾ അതൊന്നുമല്ലാത്തവർ അങ്ങനെ നല്ല സ്വാധീനമുള്ള കുറെയാളുകൾക്ക് ആരോഗ്യരംഗത്ത് വലിയ വൻകിട സ്ഥാപനങ്ങളുണ്ട്. അവിടെ മുഴുവൻ കയറി നിരങ്ങാൻ കേന്ദ്ര ഗവൺമെന്റിന് സൗകര്യം കിട്ടുന്ന ഒരു സംഗതി കൂടിയാണിത്. അതിന്റെ ഒരു മറുപുറം ആലോചിച്ചാൽ നാഷണൽ മെഡിക്കൽ കമ്മീഷൻ ആ രംഗത്ത് ശ്രദ്ധ ചെലുത്താൻ വേണ്ടി അവർ ദുരുപയോഗം ചെയ്യുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടാണ് ഈ ബോർഡിൽ ഗവൺമെന്റ് തന്നെ 20 പേരെ നോമിനേറ്റ് ചെയ്യുന്ന ഒരു സാഹചര്യമുണ്ടായത്. അതുപോലെ മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് നമ്മുടെ സംസ്ഥാനത്തുതന്നെ ചില പ്രശ്നങ്ങളുണ്ട്. സാധാരണഗതിയിൽ കുട്ടികളെ അഡ്മിറ്റ് ചെയ്യാൻ ഗവൺമെന്റ് പെർമിഷൻ കൊടുക്കുന്നു. അഞ്ചുപേരെ പി.ജി.-ക്ക് ചേർക്കാൻ പറഞ്ഞു, അഞ്ചുപേരെ പി.ജി.-ക്ക് ചേർക്കാൻ ഒരു കോളേജിന് ഉദാഹരണത്തിന്, അമലാ മെഡിക്കൽ കോളേജിനോ ജൂബിലി മിഷനോ പെർമിറ്റ് കൊടുത്താൽ കോളേജ് അധികൃതർ

കുട്ടിയെ ചേർക്കും, ഫീസ് വാങ്ങും. മൂന്നുവർഷത്തെ കോഴ്സാണ്. ഒരു വർഷമോ രണ്ടുവർഷമോ പഠിക്കുമ്പോഴാണ് ഇൻസ്പെക്ഷൻ വരിക. ഇൻസ്പെക്ഷൻ വരുമ്പോൾ റെക്കഗ്നിഷൻ ലഭിക്കില്ല. റെക്കഗ്നിഷൻ ലഭിക്കണമെങ്കിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയിൽ നിന്നും വരുന്ന ആളുകളെ അതിനനുസരിച്ച് കാണണം. അതുകൊണ്ട് അവർക്ക് രജിസ്ട്രേഷൻ ലഭിക്കുകയുമില്ല. നല്ല പഠിക്കുന്ന കുട്ടിയായിരിക്കും, നന്നായി പഠിച്ച് ആരോഗ്യ യൂണിവേഴ്സിറ്റിയിൽ നിന്ന് പാസ്സായി ബിരുദവുമായി വന്നാൽ ഇവിടെ രജിസ്റ്റർ ചെയ്തുകൊടുക്കില്ല. അവർ കമ്പ്യൂട്ടറിൽ നോക്കുമ്പോൾ പെർമിറ്റഡ് സീറ്റിൽ പഠിച്ചു, റെക്കഗ്നൈസ്ഡ് കോളേജല്ല, റെക്കഗ്നൈസ്ഡ് കോളേജല്ലാത്തതുകൊണ്ട് ഇവർക്ക് കൊടുക്കില്ല. റെക്കഗ്നിഷനാവശ്യമായ ഇൻഫ്രാസ്ട്രക്ചറുണ്ടാക്കേണ്ട ചുമതല മാനേജ്മെന്റിനാണ്. ഗവൺമെന്റ് കോളേജിൽ ഗവൺമെന്റിനാണ്, അപ്പുറത്താണെങ്കിൽ മാനേജുമെന്റിനാണ്. അത് കുട്ടികളുടെ ബാദ്ധ്യതയല്ല. കുട്ടികളുടെ രജിസ്ട്രേഷൻ എന്തിനാണ് deny ചെയ്യുന്നത്? ഇപ്പോൾ ഇത് കേരളത്തിലും നടക്കുന്ന കാര്യമാണ്. വിദേശത്ത് നിന്നും പഠിച്ചുവരുന്നയാൾക്ക് നേരെ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ കൊടുക്കുകയാണ്. പി.ജി. യാണെങ്കിലും രജിസ്ട്രേഷനാണ്. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ കൊടുക്കുകയാണ്. ഇവിടെ പഠിച്ച ഒരു കുട്ടിക്ക് പെർമിറ്റഡ് സീറ്റാണ്, റെക്കഗ്നൈസ്ഡ് കോളേജല്ല, അതുകൊണ്ട് രജിസ്ട്രേഷനില്ല. മാനേജുമെന്റിന് റെക്കഗ്നിഷൻ നേടിയെടുക്കാൻ താല്പര്യമുണ്ടാകില്ല, കാരണം, മൂന്നുവർഷത്തെ കോഴ്സിനുള്ള ഫീസൊക്കെ വാങ്ങിവച്ചു. അവർക്ക് ഇനിയൊന്നും വരാനില്ല. കുട്ടികൾ പ്രാക്ടീസ് ചെയ്തില്ലെങ്കിൽ അവർക്കെന്താണ്. അങ്ങനെയുള്ള ഒരു സ്ഥിതിവിശേഷം കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസരംഗത്തുണ്ട്. മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് ആവശ്യത്തിന് കുറെപേരെ നിയമിച്ചുവെന്നൊക്കെ പറഞ്ഞുവല്ലോ നല്ല കാര്യം. ബഹുമാനപ്പെട്ട മന്ത്രിയെ ആക്കാര്യത്തിൽ അഭിനന്ദിക്കുകയാണ്. പക്ഷെ പല കോളേജുകളിലും എം.എസ്.സി.-ക്കാരാണ് അനാട്ടമി പഠിപ്പിക്കുന്നത്. കുട്ടികൾക്ക് പലപ്പോഴും അസംതൃപ്തിയുണ്ട്. അനാട്ടമി എം.എസ്.സി.-ക്കാരെ കൊണ്ടല്ല പഠിപ്പിക്കേണ്ടത്. പല സബ്ജക്ടും പഠിപ്പിക്കുന്നതിന് യോഗ്യരായ ആളുകൾ ആവശ്യമാണ്. മെഡിക്കൽ കോളേജുകളിലൊക്കെയുള്ള ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് അവർക്കൊക്കെ ഗവൺമെന്റ് കൊടുക്കുന്ന ശമ്പളം വളരെ കുറവാണ്. നല്ല ശമ്പളം കൊടുക്കണം. ഇവിടെയുള്ള എക്സ്പെർട്ടായ ഡോക്ടർക്ക് വേറെ ഏതെങ്കിലും പ്രൈവറ്റ് കോളേജിലോ വിദേശത്തോ പോയാൽ മൂന്നുലക്ഷംരൂപമുതൽ അഞ്ചുലക്ഷവും അതിലേറെയും ശമ്പളം ലഭിക്കും. ഇവിടെ 32,000 -72,000 കൊടുത്ത് ഒരു ഡോക്ടറെ നിർത്താൻ പറ്റില്ല. അപ്പോൾ നല്ല സേവനം നഷ്ടപ്പെടും. അതുകൊണ്ട് ഇന്ന് ഡോക്ടർമാർക്ക് കൊടുത്തുകൊണ്ടിരിക്കുന്ന ശമ്പളം

ഇരട്ടിയാക്കണം. പാരാമെഡിക്കൽ സ്റ്റാഫിന്റെ ശമ്പളവും വർദ്ധിപ്പിക്കണം. പ്രൈവറ്റ് മേഖലയിൽ പണിയെടുക്കുന്ന നഴ്സുമാരോടൊപ്പം നിന്നാൽ പോരാ, സർക്കാർ ജോലി ചെയ്യുന്ന നഴ്സുമാരെയും നമ്മൾ സഹായിക്കേണ്ടതായി വരും. അതിനാവശ്യമായ സാലറിയും സൗകര്യങ്ങളും ഉണ്ടെങ്കിൽ മാത്രമേ മെഡിക്കൽ കോളേജിലെ പഠനവും ആശുപത്രികളിലെ ട്രീറ്റ്മെന്റും നന്നായി നടക്കുകയുള്ളൂ. അതുപോലെ ഇവിടെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ കൊണ്ടുവന്നു, നല്ല കാര്യമാണ്. നമ്മളെല്ലാവരും അതിനെ അനുകൂലിച്ച് സംസാരിച്ചതൊക്കെയാണ്. പക്ഷെ ആരോഗ്യ ബോധവത്കരണത്തിന്റെ കാര്യത്തിൽ നമ്മൾ വളരെ പിറകിലാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: 20 മിനിട്ടാകാൻ പോകുന്നു. 8 മിനിറ്റ് കൊണ്ട് തീർക്കാൻ ധാരണയുണ്ടായിരുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, രാവിലെ പൊതുവിൽ ഒരു കൺസെൻസസിൽ എത്തിയതാണ്. പ്രസക്തമായിട്ടുള്ള കുറെ ഭാഗങ്ങളാണ് ആദ്യഭാഗത്തിൽ അദ്ദേഹം പറഞ്ഞത്. പിന്നീട് രണ്ടാമത് പറഞ്ഞതൊക്കെ ഡിമാന്റിൽ വരേണ്ട കാര്യങ്ങളാണ്. ഇനിയും ഒരു ബിൽ കൂടിയുണ്ട്. വേഗമൊന്ന് നിർത്തിയാൽ അടുത്ത അജണ്ടയിലേയ്ക്ക് കടക്കാമായിരുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോഴും വേഗം നിർത്താൻ പറഞ്ഞു. 15 മിനിട്ടെങ്കിലും വേണമെന്നാണ് ആരോഗ്യമന്ത്രി എന്നെക്കാൾ ക്ഷുഭിതയായി പറഞ്ഞത്. അവരാണ് എന്റെ മാതൃക. ഞാൻ അവരെ പിന്തുടരുകയാണ്. ആ കൺസെൻസസുണ്ടാക്കിയ സമയത്ത് she was also present, just like me. അവർ വയലേറ്റ് ചെയ്തതുകൊണ്ട് ഞാൻ വയലേറ്റ് ചെയ്യണമെന്നല്ല. അവർ അവരുടെ ആവശ്യം പറഞ്ഞതാണ്, ന്യായമായിരുന്നു. അതുപോലെ എന്റെ ആവശ്യം ന്യായമാണ്. അതുകൊണ്ട് രണ്ടുമിനിറ്റ് കൊണ്ട് നിർത്താം.

ആശുപത്രികൾ നടത്തുന്നതിലുള്ള വലിയ പ്രശ്നം, ആളുകളുടെയിടയിൽ മെഡിക്കൽ സയൻസിനെപ്പറ്റിയുള്ള അവബോധം വളരെ കുറവാണെന്നതാണ്. അതുകൊണ്ട് ഡോക്ടർമാരെ ദ്രോഹിക്കുക, ആശുപത്രി തല്ലിപ്പൊളിക്കുക, ചികിത്സയിൽ എന്തെങ്കിലും കോംപ്ലിക്കേഷൻ വന്നാൽ അതിനെ വലിയ വിഷയമാക്കുക ഇതൊക്കെ കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. അതൊക്കെ തടയേണ്ടത് ആവശ്യമാണ്. ഏതൊരു മെഡിസിനും അതിന്റേതായ കോംപ്ലിക്കേഷനുണ്ടാകും. ഓരോ മനുഷ്യനും വെവ്വേറെ ശരീരങ്ങളാണ്, വെവ്വേറെ

ആത്മാവാണ്. അതുകൊണ്ട് ഒരു മരുന്ന് ഏതൊരാളുടെ ശരീരത്തിൽ ചെന്നാലും ഒരുപോലെ ആക്ട് ചെയ്യണമെന്നില്ല. അപ്പോൾ ഏത് സർജറിക്കും; ഏത് മെഡിസിനും അതിന്റേതായ ഒരു റിയാക്ഷനോ, accepted ആയ, well documented ആയ ധാരാളം കോംപ്ലിക്കേഷനുകളുണ്ട്. അടുത്ത കാലത്ത്, 'പ്രസവത്തോടെ കുഞ്ഞുമരിച്ചു, ഡോക്ടറുടെ അനാസ്ഥ' തുടങ്ങിയ നിരവധി വാർത്തകൾ പത്രങ്ങളിലൊക്കെ വന്നു. ഇങ്ങനെയുള്ള ധാരാളം പ്രശ്നങ്ങൾ വരാറുണ്ട്. വാസ്തവത്തിൽ വൈദ്യശാസ്ത്രത്തെപ്പറ്റിയുള്ള അജ്ഞതയാണ്. വൈദ്യശാസ്ത്രം നിർഭാഗ്യവശാൽ അത്രയേ ഡെവലപ് ചെയ്തിട്ടുള്ളൂ. ഇപ്പോൾ ഒരു ഓർത്തോ ഡോക്ടർ ഫ്രാക്ചർ മാനേജ്മെന്റ് നടത്തുകയാണെങ്കിൽ ഫ്രാക്ചർ മാനേജ്മെന്റിൽ നോൺ യൂണിയൻ, മാൽ യൂണിയൻ, ഡിലേയ്ഡ് യൂണിയൻ എന്നുപറയുന്ന മൂന്നും അതിന്റെ accepted ആയ കോംപ്ലിക്കേഷനാണ്. തെറ്റായ രീതിയിൽ കൂടിച്ചേരുക, വൈകി കൂടിച്ചേരുക, കൂടിച്ചേരാതിരിക്കുക ഇതെല്ലാം കോംപ്ലിക്കേഷനാണ്. ഇതൊന്നും ആളുകൾക്കറിയാതെ ആളുകൾ ആശുപത്രി തല്ലിപ്പൊളിക്കും. പ്രസവസമയത്ത് Post-portum haemorrhage, abruption placental, rupture of uterus ഇങ്ങനെയുള്ള പല സംഗതികളും വരാറുണ്ട്. അതിനെ മാനേജ് ചെയ്യുന്നതിൽ എന്തെങ്കിലും പറ്റിയെന്നു പറഞ്ഞ് ആശുപത്രി തല്ലിപ്പൊളിക്കും. ആശുപത്രികൾ, ഡോക്ടർമാർ, മെഡിക്കൽ കോളേജുകൾ, അവിടത്തെ കുട്ടികൾ, അവരെ പഠിപ്പിക്കുന്ന ടീച്ചർമാർ എന്നിവർക്കെല്ലാം സംരക്ഷണം നൽകുന്ന രീതിയിൽ ഈ മേഖലയെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാനുള്ള പരിശ്രമത്തിന്റെ തുടക്കമായിട്ടുവേണം ഇതിനെ കാണാൻ. ഇത് സാധാരണഗതിയിൽ ആരോഗ്യവകുപ്പിൽ നിന്നും വരാൻ സാദ്ധ്യതയില്ലാത്ത അപൂർവ്വമായ, അസാധാരണമായ ഒരു ബില്ലാണ്. ഒരു തെറ്റിനെ റാറ്റിഫൈ ചെയ്യാനുള്ളതാണ്. റാറ്റിഫൈ ചെയ്യുന്നതിന് എല്ലാവർക്കും യോജിപ്പാണെങ്കിൽ എനിക്ക് വിയോജിപ്പുമൊന്നുമില്ല. But it should not be repeated. Thank you.

ശ്രീ. ഷാഫി പറമ്പിലിനുവേണ്ടി <u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-04-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബില്ലുമായി ബന്ധപ്പെട്ട് രണ്ട് അംഗങ്ങൾ സംസാരിച്ചു കഴിഞ്ഞിരിക്കുകയാണ്. ജസ്റ്റിസ് ജെയിംസ് അദ്ധ്യക്ഷനായ മേൽനോട്ട സമിതി, അക്കാദമിക നടപടിക്രമങ്ങളിൽ സുതാര്യത കൈക്കൊണ്ടില്ല എന്ന കാരണത്താൽ

കരുണ, കണ്ണൂർ എന്നീ മെഡിക്കൽ കോളേജുകളിലെ പ്രവേശനം റദ്ദാക്കുകയാണുണ്ടായത്. പിന്നീട് അത് ഹൈക്കോടതിയും സുപ്രീംകോടതിയു മെല്ലാം ശരിവയ്ക്കുകയും ചെയ്തു. നിരവധി കുട്ടികളുടെ ഭാവിയെ ബാധിക്കുന്ന പ്രശ്നമായതിനാൽ രക്ഷിതാക്കളും പ്രധാന രാഷ്ട്രീയ പാർട്ടികളും കുട്ടികളുമെല്ലാം ആവശ്യപ്പെട്ടതനുസരിച്ചാണ് ഈ ബിൽ സഭയിൽ എല്ലാവരും ഒരുമിച്ച് പാസ്സാക്കാനുള്ള സാഹചര്യമുണ്ടായത്. ഇതിന്റെ നടപടിക്രമങ്ങൾ എങ്ങനെ നടന്നുവെന്നതിനെ സംബന്ധിച്ച് നമുക്കെല്ലാം സംശയമുണ്ട്. എങ്കിൽപ്പോലും കുട്ടികളുടെ ഭാവിയാണ് നമ്മൾ മുന്നിൽ കാണുന്നത്. നീറ്റിന്റെ റാങ്ക് ലിസ്റ്റിൽ ഈ കുട്ടികളെക്കാൾ കുറഞ്ഞ മാർക്കുള്ള പലരും അഡ്മിഷൻ വാങ്ങി മറ്റ് പല മെഡിക്കൽ കോളേജുകളിലും പഠിക്കുമ്പോൾ ഇവിടെ ജെയിംസ് കമ്മിറ്റി കണ്ടെത്തിയ കുറ്റം കാരണം അവർക്ക് പഠിക്കാനുള്ള സാഹചര്യം നഷ്ടപ്പെടുന്നത് ആ കുട്ടികളുടെ ഭാവിയെ കാര്യമായി ബാധിക്കും. അസീസിയ മെഡിക്കൽ കോളേജ് കൊല്ലം, അവിടെ എം.ഡി. കോഴ്സിനും ഇതേ പ്രശ്നം വന്നിട്ടുള്ളത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അത് ജെയിംസ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല. ജെയിംസ് കമ്മിറ്റി അംഗീകരിക്കാത്തതുകൊണ്ട് അവരെയും ഇതുപോലെ ബാധിക്കുന്ന പ്രശ്നമായി മാറിയിരിക്കുകയാണ്. ഈ ബിൽ പാസ്സാക്കുമ്പോൾ അവരെക്കൂടി റെഗുലറൈസ് ചെയ്യാനുള്ള നടപടികൂടി ചെയ്താൽ എം.ഡി.-ക്ക് പഠിക്കുന്ന കുട്ടികളുടെ ഭാവി സുരക്ഷിതമാക്കാൻ കഴിയുമെന്നാണ് ഈ അവസരത്തിൽ പറയാനുള്ളത്. ഇത് പൊതുവായ ആവശ്യമെന്ന നിലയിൽ മറ്റ് തർക്കങ്ങളുടെയൊന്നും കാര്യമില്ല. സെൽഫ് ഫിനാൻസിംഗ് മാനേജ്മെന്റ് കാണിക്കുന്ന ഇതുപോലുള്ള എല്ലാ കുഴപ്പങ്ങൾക്കും നമുക്ക് ഒരുകാലത്തും കൂട്ടുനിൽക്കാൻ കഴിയുകയില്ല. അവരെ സംരക്ഷിക്കുന്ന ജോലിയല്ല ഗവൺമെന്റിനുള്ളത്. സദുദ്ദേശപരമായി സെൽഫ് ഫിനാൻസിംഗ് കോളേജുകൾ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുംവേണ്ടി ആരംഭിച്ചപ്പോൾ അവർക്കുതോന്നിയ രീതിയിൽ മുന്നോട്ടുപോകാനുള്ള സാഹചര്യം നമ്മൾ ഒരുക്കിക്കൊടുക്കാൻ പാടില്ല. അവർ അവരുടേതായ ഫീസ് കുട്ടികളുടെ മേൽ അടിച്ചേൽപ്പിച്ചാൽ അതിനെതിരെ ശക്തമായ നിലപാട് എടുക്കേണ്ടത് ഗവൺമെന്റും മന്ത്രിയുമാണ്. നിർഭാഗ്യവശാൽ സെൽഫ് ഫിനാൻസിംഗ് കോളേജ്, പ്രത്യേകിച്ച് മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ ഫീസ് വർദ്ധനവ് ഉണ്ടായി. അത് കുറയ്ക്കാൻ മാനേജ്മെന്റ് തയ്യാറായി വന്നപ്പോൾ ഗവൺമെന്റ് ഫീസ് കുറയ്ക്കേണ്ട എന്ന തീരുമാനമായിരുന്നു എടുത്തതെന്ന് നമുക്കറിയാം. അതൊന്നും ചർച്ച ചെയ്യേണ്ട സ്ഥലമല്ലെങ്കിൽപോലും ഇനിയുള്ള കാലം ഇങ്ങനെയുള്ള കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ഉണ്ടാകണമെന്ന് ഈ അവസരത്തിൽ പറയുകയാണ്. കൂടുതൽ സമയമൊന്നും എടുക്കുന്നില്ല. ഇന്ന്

പൊതുധാരണയുണ്ട്. എങ്കിൽത്തന്നെ ഒന്നുരണ്ട് കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്.

ത്രിപുര തെരഞ്ഞെടുപ്പിനുശേഷം ഒട്ടനവധി ചർച്ചകൾ നിയമസഭയ്ക്കകത്തും പുറത്തും നടന്നു. ത്രിപുരയിൽ അങ്ങനെയൊരു പരാജയം ഉണ്ടാകാൻ പാടില്ലായെന്ന് ആഗ്രഹിക്കുന്ന ആളുകളാണ് ഞങ്ങൾ. ഇന്ത്യയിൽ ത്രിപുര, ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ രാജ്യത്ത് അധികാരത്തിൽ വരണമെന്ന് ആഗ്രഹിക്കുന്ന ആളുകളാണ് ഞങ്ങൾ. പക്ഷെ, നിർഭാഗ്യവശാൽ 25 വർഷത്തെ ഭരണം അവിടെ അവസാനിച്ചു. ബംഗാളിൽ 35 വർഷക്കാലം ഭരിച്ചു, അവിടെ അവസാനിച്ചു. ത്രിപുരയിൽ 25 വർഷക്കാലം ഭരിച്ചു, അവിടെ അവസാനിച്ചു. കേരളത്തിലും ഇതേ സ്ഥിതിയിലേയ്ക്ക് വരാൻ പോകുകയാണ്. ബംഗാളിൽ നിരവധി ആളുകളെ കൊന്നൊടുക്കി, 25 വർഷക്കാലം ത്രിപുര ഭരിച്ചപ്പോൾ കോൺഗ്രസ്സിന്റെ ആയിരത്തിലധികം ആളുകളാണ് കൊല്ലപ്പെട്ടത്. കേരളത്തിൽ നിരവധി ആളുകളെ കൊന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ കൊല്ലുമ്പോഴും മരണപ്പെടുമ്പോഴും ആരാണ് രാജ്യത്ത് അധികാരത്തിൽ വരുന്നതെന്ന് ഓർക്കണം. അത് തടയിടാൻ ഇനിയെങ്കിലും ആലോചന വേണ്ടേ? ഇടതുപക്ഷം ഒന്നാം യു.പി.എ. ഗവൺമെന്റിനെ പിന്തുണച്ച പാർട്ടിയാണ്. അത് ഞങ്ങൾ നന്ദിയോടുകൂടി ഓർക്കുന്നു. രാജ്യത്ത് വർഗ്ഗീയ കക്ഷി അധികാരത്തിൽ വരാതിരിക്കാൻ അന്നെടുത്ത തീരുമാനത്തെ ഞങ്ങൾ ഇപ്പോഴും നന്ദിയോടുകൂടി ഓർമിക്കുകയാണ്. അതുപോലെ വീണ്ടുമൊരു തീരുമാനം എടുക്കേണ്ട രാഷ്ട്രീയ സാഹചര്യമായപ്പോൾ കോൺഗ്രസ്സിനെ കുറ്റപ്പെടുത്തുകയാണ്. ലെനിന്റെ പ്രതിമയെ തകർത്തതിനോട് ഞങ്ങൾ യോജിക്കുന്നില്ല. രാജ്യത്ത് ആദരിക്കപ്പെടുന്ന ആളുകളെ ആദരിച്ച് മുന്നോട്ട് പോകുന്ന പാരമ്പര്യവും സംസ്കാരവും ഉള്ളവരാണ് കോൺഗ്രസ്സുകാർ. അതുകൊണ്ട് ആരുടെ പ്രതിമ ആയാലും അതിനെ തകർത്ത് പോകുന്നതിനോട് ഞങ്ങൾക്ക് യോജിപ്പില്ല. ഇവിടെ ത്രിപുരയിൽ തോറ്റാലും എവിടെ തോറ്റാലും കോൺഗ്രസ്സിനാണ് കുറ്റം. ഏത് ബാപ്പ വന്നാലും ഉമ്മയ്ക്ക് കിടക്കപ്പൊറുതിയില്ലായെന്ന് പണ്ട് ഒരാൾ പറഞ്ഞിട്ടുണ്ട്. അതുപോലെ കേരളത്തിൽ, സി.പി.ഐ.(എം) തോറ്റാലും കോൺഗ്രസ്സിനാണ് കുഴപ്പം. ഇങ്ങനെ പോയാൽ എന്താകും സ്ഥിതിയെന്ന് ആലോചിച്ച് നോക്കണം. ഇടയ്ക്കിടയ്ക്ക് നിങ്ങൾ അധികാരത്തിൽ വരണമെന്ന് ആഗ്രഹിക്കുന്ന ആളാണ്. ഇപ്പോഴുള്ളത് ഇന്ത്യയിലെ അവസാനത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയായി മാറാൻ പോകുകയാണ്. കേരളത്തിൽ ശ്രീ. പിണറായി വിജയന് മൂന്നുവർഷം കഴിഞ്ഞ് തുടരണമെങ്കിൽ ചൈനയിലെ രീതി നമ്മൾ നടപ്പിലാക്കണം. ചൈനയിൽ ഷി ജിൻ പിങ് ഭരണഘടന ഭേദഗതി ചെയ്തുകൊണ്ട് ആജീവനാന്ത പ്രസിഡന്റായി. ശ്രീ. പിണറായി വിജയന് മുഖ്യമന്ത്രിയായി ഇനിയും കേരളത്തിൽ വരണമെങ്കിൽ

പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയെ പിടിച്ച് ഭരണഘടന ഭേദഗതി ചെയ്യണം. നിയമസഭയ്ക്ക് ഭരണഘടന ഭേദഗതി ചെയ്യാനുള്ള അധികാരമില്ല. ഇന്ത്യൻ പാർലമെന്റിൽ ഭരണഘടന ഭേദഗതി ചെയ്തെങ്കിൽ മാത്രമേ ഇനി കേരളത്തിലും ഇന്ത്യയിലും കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ഉണ്ടാകുകയുള്ളൂ. ആ സ്ഥിതിയിലേയ്ക്ക് പോകണമെന്നാണ് ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നത്. പത്ത് വർഷം കഴിഞ്ഞാൽ കേരളത്തിൽ വിളിക്കാൻ പറ്റുന്ന മുദ്രാവാക്യം ഷിൻ ചുങ് പിങ്, കിങ് ചോങ് പിങ് സിന്ദാബാദ്. അല്ലാതെ കേരളത്തിൽ ഒരു മുദ്രാവാക്യവും വിളിക്കാൻ കഴിയില്ല. അതുകഴിഞ്ഞ് വീണ്ടും പത്ത് വർഷം കഴിയുമ്പോൾ ചുങ് ചിങ് ചിങ്, കിങ് ചുങ് ചിങ് സിന്ദാബാദ് എന്നായിരിക്കും. ഇതല്ലാതെ ഒന്നും വിളിക്കാനുള്ള സാഹചര്യം ഉണ്ടാകില്ല. അങ്ങനെയൊരു സാഹചര്യം കേരളത്തിൽ ഉണ്ടാകാതിരിക്കാനാണ് ഞാൻ ഇവിടെ ഇക്കാര്യങ്ങളൊക്കെ പറയുന്നത്.

ഡിമാൻഡ് ചർച്ചയിൽ ആ വിഷയത്തെ സംബന്ധിച്ചാണ് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയേണ്ടത്. പക്ഷെ, വിഷയങ്ങളൊന്നും പറയാനില്ലാത്തതു കൊണ്ട് മുസ്ലീം ലീഗിലെ ആളുകൾക്ക് എതിരായി 41 കൊലപാതക ആരോപണങ്ങൾ ഉന്നയിച്ചു. മുസ്ലീം ലീഗിനെക്കുറിച്ച് ഇതുവരെ ഇങ്ങനെയാരും ആക്ഷേപിച്ചിട്ടില്ല. മുസ്ലീം ലീഗിന് ആകെ ഒരു മീറ്റിംഗും അതുകഴിഞ്ഞ് ഈറ്റിംഗുമാണ്. മീറ്റിംഗും ഈറ്റിംഗും അതുകഴിഞ്ഞ് വീണ്ടും മീറ്റിംഗ് ആ ഒരു കുഴപ്പമല്ലാതെ ലീഗുകാർ ആരെയെങ്കിലും കൊന്നുവെന്ന ആക്ഷേപം ആരും ഉന്നയിച്ചിട്ടില്ല. ഡോ. കെ. ടി. ജലീലിന് ഒരു മറുപടിപോലും പറയാൻ ഇല്ലാത്തതുകൊണ്ട് മൊബൈലാണ് മേശപ്പുറത്ത് വച്ചത്. ഇതാണോ ഒരു മന്ത്രി ചെയ്യേണ്ടത്? അദ്ദേഹത്തിന്റെ വകുപ്പിൽ രണ്ട് വർഷക്കാലമാകാൻ പോകുമ്പോൾ ലൈഫ് പദ്ധതിപോലും നടപ്പിലാക്കാൻ കഴിയാത്ത മന്ത്രി വെറുതെ ഇവിടെ വന്ന് കുറേ ആരോപണങ്ങൾ ഉന്നയിച്ചിട്ട് പോകുകയാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ആരോഗ്യ വകുപ്പിനെ സംബന്ധിച്ച് കൃത്യമായി പഠിച്ച് പറഞ്ഞു. ഇവിടെ ഒരു കാരണവുമില്ലാതെ മറ്റ് രാഷ്ട്രീയ പാർട്ടികൾക്കുനേരെ തിരിയുന്ന ആരോപണങ്ങൾ ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. അതുപോലുള്ള ആരോപണങ്ങൾ ഇനി മന്ത്രിമാർ ഉന്നയിക്കുമ്പോൾ പക്വതയോടുകൂടി കാണണം. ബഹുമാനപ്പെട്ട ചെയർ ഇക്കാര്യങ്ങൾ നിയന്ത്രിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുന്നില്ല. നന്ദി.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കണ്ണൂർ, കരുണ മെഡിക്കൽ കോളേജുകൾ മെറിറ്റ് അട്ടിമറിക്കുന്ന സാഹചര്യത്തിൽ, മെറിറ്റ് പാലിച്ചവർക്ക് ക്രമപ്പെടുത്താനാണ് ഈ ബിൽ. ഇവിടെ നേരത്തെ ശ്രീ. ഹൈബി ഈഡൻ സൂചിപ്പിച്ചതുപോലെ, ശ്രീ. എ. കെ. ആന്റണി സ്വാശ്രയ മാനേജ്മെന്റുകളുമായി ചർച്ച നടത്തിയതിനെത്തുടർന്നാണ് സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് കേരളത്തിലെ ഗവൺമെന്റുകളെ വെല്ലുവിളിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് മാറ്റം വന്നത്. അന്ന് അദ്ദേഹത്തിന്റെ ചർച്ചയുടെ അടിസ്ഥാനത്തിൽ മാനേജ്മെന്റ് അത് ചെയ്യുമെന്ന ഉത്തമ ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുകയും അത് അട്ടിമറിക്കുന്ന നില സ്വീകരിക്കുകയും ചെയ്തത്. പിന്നീട് ശ്രീ. എ. കെ. ആന്റണിക്ക് കേരളത്തിൽ ഒതുങ്ങി രാഷ്ട്രീയ പ്രവർത്തനം നടത്താൻ കഴിഞ്ഞിരുന്നില്ല. തുടർന്നാണ് കേരളത്തിലെ ഗവൺമെന്റുകളെ വെല്ലുവിളിക്കാൻ കേരളത്തിലെ സ്വാശ്രയ മെഡിക്കൽ കോളേജുകൾ തയ്യാറാകുന്ന സാഹചര്യം വന്നത്. യഥാർത്ഥത്തിൽ ഭീകരവാദികൾ ബന്ദികളാക്കി തോക്കും കഠാരയും ചൂണ്ടിക്കാണിച്ച് വെല്ലുവിളിക്കുന്നതു പോലെയാണ്, രാജ്യത്തെ ഭീഷണിപ്പെടുത്തുന്നതു പോലെയാണ് സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകൾ ഗവൺമെന്റുകളെ വെല്ലുവിളിക്കുന്ന നിലപാട് സ്വീകരിച്ചത്. വളരെ സമയോചിതമായി ഇടപെട്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കേരളത്തിലെ ഗവൺമെന്റ് ആലോചിച്ച സാഹചര്യത്തിൽ പോലും ഈ രണ്ട് മെഡിക്കൽ കോളേജുകൾ പ്രത്യേകിച്ച് അതിന് വഴങ്ങാത്ത സാഹചര്യം വന്നു. എന്നാൽ അവിടെ പ്രവേശനം കിട്ടിയ കുട്ടികൾ, കേരളത്തിൽ വളർന്നുവരേണ്ട കുട്ടികളാണെന്ന പ്രശ്നം ഗവൺമെന്റിന്റെയും പൊതു സമൂഹത്തിന്റെയും മുന്നിലുണ്ട്. അത്തരമൊരു സാഹചര്യമുണ്ടായതിനെത്തുടർന്ന്, കുട്ടികളുടെ ഭാവി സംരക്ഷിക്കാനാണ് ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കേണ്ടി വന്നത്. സ്വാശ്രയ മാനേജ്മെന്റ് കോളേജുകൾ എടുക്കുന്ന ഇത്തരം നിലപാടുകൾ നമ്മുടെ നാടിന് യോജിച്ചതാണോയെന്ന് ആലോചിക്കേണ്ടതുണ്ട്. ഏതാനും കുട്ടികളുടെ ഭാവി സംരക്ഷിക്കേണ്ട ബാദ്ധ്യത ഒരു ജനാധിപത്യ ഗവൺമെന്റിന് ഉണ്ടെന്ന കാഴ്ചപ്പാടിന്റെ ഭാഗമായാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. സ്വാശ്രയ മാനേജ്മെന്റ് ഭീകരവാദികളെടുക്കുന്നതുപോലെയുള്ള നിലപാടിലേയ്ക്ക് പോകുമ്പോൾ അതിനെ തടയേണ്ട ബാദ്ധ്യത പൊതുസമൂഹത്തിനുമുണ്ട്. അത് ഗവൺമെന്റിന്റെ മാത്രം ബാദ്ധ്യതയല്ല. എൻട്രൻസ് എക്സാമിനേഷനോട് വ്യക്തിപരമായി എനിക്ക് എതിർപ്പാണുള്ളത്. മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കണം. എൻട്രൻസ് കോച്ചിംഗ് സെന്ററുകൾക്ക് പണം സമ്പാദിക്കാനുള്ള ഒരു മേഖലയാക്കി ഈ എൻട്രൻസ് പരീക്ഷകളെ മാറ്റുന്ന സാഹചര്യം നമ്മുടെ നാട്ടിലും വന്നിരിക്കുകയാണ്. പഠിച്ച കോളേജുകളെയെല്ലാം മാറ്റിനിർത്തി കോച്ചിംഗ് സെന്ററുകളുടെ ഒരു വർഷത്തെ പരിശീലനം കൊണ്ടാണ് ഇവർക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ്/മറ്റ് പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക്

പ്രവേശനം ലഭിക്കുന്നതെന്ന നിലയിലേയ്ക്ക് നമ്മുടെ നാട് മാറുകയാണ്. ആ നിലപാട് മാറ്റേണ്ടതുണ്ട്. നന്നായി പഠിച്ച് വിവിധ കോളേജുകളിൽനിന്ന് ഉയർന്ന മാർക്ക് കരസ്ഥമാക്കിയവർക്ക് വിവിധ കോളേജുകളിൽ പ്രവേശനം ലഭിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനെക്കുറിച്ച് ഗൗരവപൂർവ്വം ആലോചിക്കണം. ഗവൺമെന്റ് ചുമതലപ്പെടുത്തിയ ജെയിംസ് കമ്മിറ്റിയെ വെല്ലുവിളിച്ചുകൊണ്ടാണ് ഈ രണ്ട് കോളേജുകൾ പ്രവർത്തിച്ചത്. എല്ലാ അർത്ഥത്തിലും അവരുമായി ചർച്ച ചെയ്യാനും ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനും ശ്രമം നടത്തിയപ്പോഴൊന്നും അവർ വഴങ്ങിയില്ല. കാരണം ഈ കുട്ടികളുണ്ടെന്ന ഉത്തമ ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലാണ് അവർ ആ നിലപാട് സ്വീകരിച്ചത്. എന്നാൽപ്പോലും അതിന് പരിഹാരം കാണണമെന്ന കാഴ്ചപ്പാടിലൂടെയാണ് നാം പോകുന്നത്. ഇതിനെക്കുറിച്ച് വളരെയേറെ സംസാരിക്കണമെന്നുണ്ട്. പക്ഷേ ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത കൊണ്ട് സമയം നീട്ടിക്കൊണ്ടുപോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. തീർച്ചയായും ഇത്തരം പ്രശ്നങ്ങൾ ഗൗരവപൂർവ്വം കാണണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു. മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കുന്നതിനായി ഇവിടെ അവതരിപ്പിക്കപ്പെട്ട ബിൽ ഏകകണ്ഠമായി സഭ പാസ്സാക്കുമെന്നാണ് ചർച്ചകളിൽനിന്നെല്ലാം ബോദ്ധ്യപ്പെടുന്നത്. ഈ ബില്ലും ഇതിന് മുന്നോടിയായി സർക്കാർ അംഗീകരിച്ച ഓർഡിനൻസും ഇല്ലായിരുന്നെങ്കിൽ നൂറ് കണക്കിന് മെഡിക്കൽ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ആത്മഹത്യ നമുക്ക് കാണേണ്ടിവരുമായിരുന്നു. എല്ലാ പ്രതീക്ഷകളും തകർന്നുപോയ ഒരുപറ്റം കുട്ടികളുടെയും രക്ഷിതാക്കളുടെയും അവസാനത്തെ ആശ്വാസമാണ് യഥാർത്ഥത്തിൽ ഈ ബിൽ. അതിന്റെ സാങ്കേതിക സങ്കീർണ്ണതകളെക്കുറിച്ചെല്ലാം ഇവിടെ പലരും സൂചിപ്പിച്ചു.

2016-17 അദ്ധ്യയന വർഷത്തിൽ അഖിലേന്ത്യാ മെഡിക്കൽ പ്രവേശന യോഗ്യത നേടുന്നതിന് നീറ്റ് എക്സാമിൽ പങ്കെടുത്ത് വിജയിച്ചവരാണല്ലോ ഇതിന്റെ ഗുണഭോക്താക്കളായി മാറുന്നത്. നീറ്റ് പരീക്ഷ പാസ്സായി റാങ്ക് ലിസ്റ്റിൽ മോശമല്ലാത്ത സ്ഥാനത്തെത്തിയ കുട്ടികളാണ് ഇവരെല്ലാം. ഇവരിലും താഴ്ന്ന മാർക്ക് ലഭിച്ചവർ ഒരു തടസ്സവുമില്ലാതെ പഠനം തുടരുന്നതും ഈ ഘട്ടത്തിൽ നമുക്കെല്ലാം അറിയാവുന്നതാണ്. നീറ്റ് യോഗ്യത നേടിയപ്പോൾ തങ്ങൾക്ക് സൗകര്യപ്രദമെന്ന്

തോന്നിയാണ് ഈ കുട്ടികൾ പ്രസ്തുത സ്വകാര്യ മെഡിക്കൽ കോളേജുകളിൽ ചേർന്നത്. ആ കുട്ടികൾക്ക് പ്രവേശനം നൽകിയ കോളേജുകൾ സംസ്ഥാന മെഡിക്കൽ പ്രവേശന മാനദണ്ഡങ്ങളനുസരിച്ച് നൽകേണ്ട വിവരങ്ങൾ കൃത്യസമയത്ത് നൽകാതിരുന്നതാണ് ഈ ദുരവസ്ഥയ്ക്ക് കാരണമെന്ന് നമുക്കറിയാം. ഈ വിഷയത്തിൽ ചില സ്വകാര്യ മെഡിക്കൽ കോളേജ് മാനേജുമെന്റുകൾ സ്വീകരിച്ച നിലപാടുകൾ നിയമവിരുദ്ധവും ധിക്കാരം നിറഞ്ഞതുമാണ്. ഏറ്റവും ആകർഷകമായ മെഡിക്കൽ വിദ്യാഭ്യാസത്തെ ആക്രാന്തം നിറഞ്ഞ സാമ്പത്തിക ലാഭത്തിനുള്ള വേദിയാക്കി മാറ്റിയ ഇത്തരം മാനേജുമെന്റുകളുടെ ധാർഷ്ട്യത്തെ നമ്മൾ ഒന്നിച്ച് തള്ളിക്കളയേണ്ടതാണ്.

ഈ സർക്കാർ അധികാരമേറ്റശേഷം മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശനം ഏറ്റവും സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് നല്ല പരിശ്രമമാണ് നടത്തിയിട്ടുള്ളത്. ഞാൻ രാഷ്ട്രീയം പറയുകയല്ല. പക്ഷേ യു.ഡി.എഫ്. ഗവൺമെന്റ് വാണിജ്യവൽക്കരിച്ച പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയെ ശുദ്ധീകരിക്കാൻ വിശ്രമരഹിതമായ പ്രവർത്തനങ്ങളാണ് മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയുമെല്ലാം നിരന്തരമായി ഇടക്കാലത്ത് നടത്തിയത്. അതിന്റെ ഭാഗമായി നിരവധി തവണ സ്വകാര്യ മാനേജുമെന്റുകളുമായും നിയമവിദഗ്ദ്ധരുമായും കൂടിയാലോചനകൾ നടത്തിയിരുന്നു. പ്രവേശന മാനദണ്ഡങ്ങൾ പൊതുസമൂഹത്തിന് ഗുണകര മാക്കുന്നതിന് സർക്കാർ നടത്തിയ അത്തരം ചർച്ചകളെ അവഗണിച്ചതും ഇതേ മാനേജുമെന്റുകളായിരുന്നു. 2016-17-ലെ സർക്കാർ കരാർ പ്രകാരം മുൻകാലത്ത് നിലനിന്നിരുന്ന എല്ലാ തരത്തിലുള്ള തലവരയും ഒഴിവാക്കപ്പെട്ടു. മെറിറ്റിൽ പ്രവേശനം നൽകുന്ന 50 ശതമാനം കുട്ടികൾക്ക് രണ്ടര ലക്ഷം രൂപ മാത്രമായിരുന്നു ഫീസ്. എന്നാൽ ഈ കരാർ ലംഘനത്തിന് നേതൃത്വം കൊടുത്ത ഈ കോളേജുകൾ മറ്റ് കുട്ടികളിൽനിന്നും ഈടാക്കുന്ന 11 ലക്ഷം രൂപ എല്ലാ കുട്ടികളിൽനിന്നും വാങ്ങുന്നതിനായിരുന്നു സർക്കാരിന്റെ എല്ലാ മാനദണ്ഡങ്ങളെയും ലംഘിക്കാൻ തയ്യാറായത്. നീറ്റ് പരീക്ഷാ യോഗ്യത നേടിയ ഇത്തരം കുട്ടികളിൽ പലരും സർക്കാർ മെറിറ്റിനാവശ്യമായ ഉയർന്ന മാർക്ക് നേടിയവരാണ്. ഈ മാനേജുമെന്റുകൾ തുടർച്ചയായി സ്വീകരിച്ച വിദ്യാർത്ഥി വിരുദ്ധ നിലപാടുകളായിരുന്നു അവർക്ക് ആ ആനുകൂല്യം നഷ്ടപ്പെടുത്തിയത്. ഈ കോളേജ് മാനേജുമെന്റുകൾക്ക് പറ്റിയ തെറ്റ് തിരുത്താൻ ഒരു ഘട്ടത്തിലും അവർ തയ്യാറായിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയേയും സുപ്രീംകോടതിയേയും സമീപിച്ചപ്പോഴും കുട്ടികളുടെ യോഗ്യത ബോദ്ധ്യപ്പെടുത്തി സാങ്കേതിക പിശകിന് ക്ഷമ ചോദിക്കാൻ കോളേജ് അധികാരികൾ തയ്യാറായില്ല. തങ്ങളുടെ വലിയ സാമ്പത്തിക അപാകത പരിഹരിക്കാൻ എല്ലാ കുട്ടികളിൽനിന്നും 11 ലക്ഷം രൂപ വാങ്ങി വില്പന നടത്തിയ പ്രവേശന നടപടികൾക്ക് അംഗീകാരം നേടുന്നതിനാണ്

അവർ കോടതിയിൽ ശ്രമിച്ചത്. അതുകൊണ്ടാണ് ഈ നിയമലംഘനം നടത്തിയവർക്ക് കുട്ടികളുടെ പേരിൽ കിട്ടുമായിരുന്ന ധാർമ്മികതയുടെ ആനുകൂല്യംപോലും നൽകാൻ കോടതി തയ്യാറാകാതിരുന്നത്. ഓരോ കോടതി കയറുമ്പോഴും കുട്ടികളും രക്ഷിതാക്കളും ഈ മാനേജ്മെന്റുകളോടൊപ്പം കക്ഷി ചേരാൻ താല്പര്യം പ്രകടിപ്പിച്ചിരുന്നു. അപ്പോഴെല്ലാം അവരെ മാറ്റിനിർത്തി തങ്ങൾക്ക് കീഴ്പ്പെടാത്ത ഒരു ഭരണവ്യവസ്ഥയും കോടതിയും ഈ രാജ്യത്തില്ലെന്ന ധിക്കാര സമീപനമാണ് മാനേജ്മെന്റുകൾ സ്വീകരിച്ചത്. അവരാണ് ഈ കുട്ടികളുടെ ഭാവി തകർക്കാൻ ശ്രമിച്ചത്. എല്ലാം തകർക്കപ്പെട്ടപ്പോൾ അവസാന പ്രതീക്ഷയായി കുട്ടികളും രക്ഷിതാക്കളും സർക്കാരിൽ അഭയം തേടുകയാണ് ചെയ്തത്. അപേക്ഷയുമായി വന്നവർ മാത്രമല്ല മറ്റ് പല കോളേജുകളിലെ കുട്ടികളും ഈ ദുരനുഭവം ഏറ്റുവാങ്ങിയവരാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിലെ 137 കുട്ടികളും കരുണ മെഡിക്കൽ കോളേജിലെ 31 കുട്ടികളും എസ്.യു.റ്റി.-യിലെ ഒരു കുട്ടിയുമാണ് അപേക്ഷ കൊടുത്തിട്ടുള്ളത്. ആ 169 കുട്ടികൾക്ക് മാത്രമല്ല, ഈ ബില്ലിന്റെ ഗുണം ലഭിക്കാൻ പോകുന്നത്. സമാന സ്ഥിതിയിലകപ്പെട്ട എല്ലാ കുട്ടികളുടെയും ഭാവി സുരക്ഷിതമാക്കുന്നതാണ് ഈ ബിൽ എന്നതാണ് ഇതിന്റെ പ്രത്യേകത.

സുപ്രീംകോടതി വിധിയെ മറികടക്കാൻ പുന:പരിശോധനാ ഹർജിക്ക് സാദ്ധ്യതയില്ലാത്ത സാഹചര്യത്തിൽ ഓർഡിനൻസിലേയ്ക്കും ഇപ്പോൾ ബില്ലിലേയ്ക്കും എത്തിയ നടപടി അഭിനന്ദനാർഹമാണ്. മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് കേന്ദ്ര നിയമങ്ങളൊന്നും നിലവിലില്ലാത്ത സന്ദർഭത്തിൽ സംസ്ഥാന നിയമനിർമ്മാണ സഭയുടെ അധികാരം ഉപയോഗപ്പെടുത്തുന്നതും ശ്ലാഘനീയമാണ്. എല്ലാം വിറ്റുപെറുക്കി മക്കളെ പഠിപ്പിക്കാനാഗ്രഹിച്ച രക്ഷിതാക്കളും തങ്ങളുടെ എക്കാലത്തെയും സ്വപ്നമായ മെഡിക്കൽ ബിരുദം കരസ്ഥമാക്കാൻ രാപകലില്ലാതെ പഠിച്ച കുട്ടികളും കഴിഞ്ഞ ഒരു വർഷമായി മുട്ടാത്ത വാതിലുകളില്ല. അവരുടെയെല്ലാം ജീവനും ജീവിതവും രക്ഷിക്കാൻ പര്യാപ്തമായ ഈ ബില്ലിനെ സഭ ഒന്നാകെ പിന്തുണയ്ക്കുന്നത് കാണുമ്പോൾ സന്തോഷമുണ്ട്. ഈ ബിൽ എത്രയുംവേഗം പാസ്സായി കിട്ടുന്നതിനാവശ്യമായ നടപടികളിലേയ്ക്ക് നീങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു.

4.00 PM]

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിച്ചതുപോലെ ഒരു പ്രത്യേക സാഹചര്യത്തിലാണ് ഇങ്ങനെയൊരു ബിൽ കൊണ്ടുവരേണ്ടിവന്നത്. 2016-17 അദ്ധ്യയന വർഷം നടന്ന മെഡിക്കൽ

പ്രവേശനത്തിൽ 2006-ലെ 19-ാം നമ്പർ നിയമം അനുസരിച്ച് മെഡിക്കൽ പ്രവേശനത്തിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ അഞ്ചരക്കണ്ടി, കരുണ തുടങ്ങിയ മാനേജ്മെന്റുകൾ തയ്യാറാകാത്തതിന്റെ ഫലമായി കുട്ടികൾക്കുണ്ടായിട്ടുള്ള വലിയ പ്രയാസം മാറ്റിയെടുക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നത്. ഇവിടെ പറഞ്ഞതുപോലെ, പ്രവേശന മേൽനോട്ട സമിതിയുടെ നിയമവ്യവസ്ഥകളനുസരിച്ചുള്ള നിർദ്ദേശങ്ങൾ പാലിക്കാൻ ഈ മാനേജ്മെന്റുകൾ തയ്യാറായിരുന്നില്ല എന്നതാണ് വസ്തുത. അക്കാദമിക നടപടിക്രമങ്ങളിൽ സുതാര്യത കൈക്കൊള്ളുകയും ചെയ്തില്ല. പ്രവേശന മേൽനോട്ട സമിതി മുമ്പാകെ ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് ഈ രണ്ട് മാനേജ്മെന്റുകളും തയ്യാറായില്ലെന്നുള്ളതാണ് വസ്തുത. ഈ കുട്ടികളെ മാനേജ്മെന്റുകൾ വഞ്ചിക്കുകയാണ് ചെയ്തത്. തെറ്റായ രീതിയിൽ കുട്ടികളെ ബോദ്ധ്യപ്പെടുത്തി ഓൺലൈൻ ആപ്ലിക്കേഷൻ കൊടുക്കുന്നതിനും മറ്റ് രേഖകൾ ഹാജരാക്കുന്നതിനും കുട്ടികൾക്ക് സൗകര്യമുണ്ടാക്കിയില്ല. ഇതെല്ലാം മാനേജ്മെന്റ് ചെയ്തുകൊള്ളുമെന്ന് കുട്ടികളെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് അവരെ വഞ്ചിക്കുന്ന സമീപനമാണ് ഈ മാനേജ്മെന്റുകൾ സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി സർക്കാരിന്റെ അലോട്ട്മെന്റ് പ്രോസസിൽ ഈ രണ്ട് മാനേജ്മെന്റുകളും പങ്കെടുത്തില്ല. ഇവിടെ ചില ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിച്ചതുപോലെ, 2016-17-ൽ കേരള എൻട്രൻസ് ലിസ്റ്റ് നിലവിലുള്ള സമയത്ത് മാനേജ്മെന്റുകളുമായിട്ട് കരാറുണ്ടാക്കാൻ ഗവൺമെന്റ് ശ്രമിച്ചതാണ്. ആ കരാറിൽ 20 മാനേജ്മെന്റുകൾ ഒപ്പിടാൻ തയ്യാറായെങ്കിലും അഞ്ചരക്കണ്ടി, കരുണ എന്നീ രണ്ട് മാനേജ്മെന്റുകൾ സർക്കാരുമായി കരാറുണ്ടാക്കുന്നതിനോ 50 ശതമാനം മെറിറ്റ് സീറ്റ് കൈമാറുന്നതിനോ തയ്യാറായില്ല. അവർ കോടതിയിൽ പോകുകയും ഉയർന്ന ഫീസ് ഈടാക്കാൻ കോടതിയുടെ അനുവാദം നേടുകയും ചെയ്തു. എന്നാൽ 10 ലക്ഷം രൂപ ഫീസ് വാങ്ങാൻ അനുവാദം കൊടുക്കുമ്പോഴും ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ തീരുമാനമായിരിക്കും അന്തിമമെന്ന് കോടതി അന്ന് സൂചിപ്പിച്ചിരുന്നു. മാത്രമല്ല, അലോട്ട്മെന്റ് സർക്കാർ നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അങ്ങനെ സെൻട്രലൈസ്ഡ് അലോട്ട്മെന്റ് പ്രവേശന പരീക്ഷാവിഭാഗം നടത്തുന്നതിന് തയ്യാറായപ്പോൾ ഈ കമ്മിറ്റിയുടെ മുമ്പാകെ ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിനോ അലോട്ട്മെന്റ് നടത്തുന്നതിനോ ഈ കോളേജുകൾ തയ്യാറായില്ല. അതിനെത്തുടർന്നാണ് മാനേജ്മെന്റ് തന്നെ ലിസ്റ്റ് തയ്യാറാക്കുകയും ആ ലിസ്റ്റ് കോടതിയിൽ ഹാജരാക്കിയപ്പോൾ ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പറഞ്ഞതുപോലെ സർക്കാരിന് അതിനെ എതിർക്കേണ്ടിവരികയും ചെയ്തത്.

പ്രവേശന മേൽനോട്ട സമിതിയുടെ യാതൊരു തരത്തിലുള്ള നിബന്ധനകളും അംഗീകരിക്കാത്ത കോളേജുകളാണെന്നും ഈ ലിസ്റ്റ് സംബന്ധിച്ച് വേണ്ടസമയത്ത് ആവശ്യമായ രേഖകളൊന്നും ഹാജരാക്കിയതല്ലെന്നും ലിസ്റ്റ് സ്വമേധയാ പ്രിപ്പയർ ചെയ്തതാണെന്നും കോടതിയിൽ ഗവൺമെന്റ് വാദിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കോടതി പ്രവേശന മേൽനോട്ട സമിതിയെ റദ്ദാക്കിയതുപോലെ തന്നെ ഈ പ്രവേശനത്തിനുള്ള തീരുമാനം ബഹുമാനപ്പെട്ട ഹൈക്കോടതിയും സുപ്രീംകോടതിയും റദ്ദാക്കുകയും ചെയ്തു. എന്നാൽ പ്രവേശന മേൽനോട്ട സമിതിയുടെ ഈ തീരുമാനവും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും ഉത്തരവുകളുംമൂലം സങ്കടമനുഭവിക്കാൻ ഇടയായത് പാവപ്പെട്ട വിദ്യാർത്ഥികളാണ്. ഇത് മാനേജ്മെന്റിന്റെ വഞ്ചനയാണ്. നല്ല രീതിയിൽ അഡ്മിഷൻ ലഭിക്കാൻ സാധ്യതയുണ്ടായിരുന്ന വിദ്യാർത്ഥികളടക്കം ഈ ലിസ്റ്റിൽപ്പെട്ടവർക്ക് അംഗീകാരം കിട്ടാത്ത ഒരവസ്ഥ വന്ന് ആത്മഹത്യയുടെ വക്കിൽ ഈ കുട്ടികൾ എത്തിനിൽക്കുമ്പോഴാണ് പ്രതിപക്ഷവും ഭരണപക്ഷവുമെല്ലാം യോജിച്ചുകൊണ്ട് ആ കുട്ടികളുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി ഇങ്ങനെയൊരു നിയമം കൊണ്ടുവരണമെന്ന് തീരുമാനിച്ചത്. അതിന്റെ ഭാഗമായാണ് ഈ ബിൽ പ്രിപ്പയർ ചെയ്തിരിക്കുന്നത്. നേരത്തെ അതൊരു അത്യാവശ്യഘട്ടമായതുകൊണ്ട് ഓർഡിനൻസിലൂടെ കൊണ്ടുവരികയും നിയമസഭ നിലവിലില്ലാത്തതിനാൽ ഓർഡിനൻസ് അന്ന് ബില്ലാക്കി മാറ്റാൻ സാധിക്കാതെവരികയും ചെയ്തു. നിയമസഭ ഒരുതവണ നടന്നപ്പോഴും ആ ഓർഡിനൻസ് നിയമമാക്കി മാറ്റാനുള്ള അവസരം കിട്ടാതിരുന്നതിനാൽ ഈ ഓർഡിനൻസ് വീണ്ടും പുതുക്കുകയും ഇപ്പോൾ അവസരമുണ്ടായപ്പോൾ സഭയുടെ പരിഗണനയ്ക്കായി ഈ ഓർഡിനൻസ് ബില്ലായി കൊണ്ടുവരികയുമാണ് ചെയ്തത്.

എല്ലാവരും കുട്ടികളുടെ ഭാവിക്കുവേണ്ടി ഈ ബില്ലിനെ അനുകൂലിക്കുകയാണ് ചെയ്തത്. മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടായ തെറ്റായ കാര്യങ്ങൾ എല്ലാവരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതേസമയം ഇതൊരു കീഴ്വഴക്കമായി മാറരുതെന്ന് പറഞ്ഞിട്ടുണ്ട്. ഇതൊരു പർട്ടിക്കുലർ ഇന്റൻഷനോടെ രണ്ട് മെഡിക്കൽ കോളേജുകളിലെ കുട്ടികൾക്ക് വന്നിട്ടുള്ള പ്രയാസം ലഘൂകരിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള കാര്യമാണ്. ഇതൊരു കീഴ്വഴക്കമായി കാണേണ്ടതില്ലെന്നുതന്നെയാണ് എന്റെ അഭിപ്രായം. കുറച്ച് പൊളിറ്റിക്കലായിട്ടുള്ള കാര്യങ്ങൾ പറഞ്ഞു. അതിന് ഈ വൈകിയ അവസരത്തിൽ ഞാൻ മറുപടി പറയുന്നില്ല. ഒരു കാര്യം എനിക്ക് പറയാതിരിക്കാൻ വയ്യ. സ്വാശ്രയ സംവിധാനം വരുന്ന സമയത്ത് കടുത്ത ചൂഷണമാണ് ആ മേഖലയിൽ നിലനിൽക്കുന്നതെന്ന്

നമ്മളെല്ലാം ചൂണ്ടിക്കാണിച്ചതാണ്. ഒരു സ്വാശ്രയ സ്ഥാപനവും വേണ്ടായെന്നുള്ള രീതിയിലല്ല പറഞ്ഞത്. ചോദിക്കുന്നിടത്തെല്ലാം സ്വാശ്രയ മെഡിക്കൽ കോളേജുകൾ അനുവദിക്കുകയും അവിടെയെല്ലാം ഇഷ്ടം പോലെ കാശ് വാങ്ങാൻ അനുവാദം കൊടുക്കുകയും ചെയ്തത് എന്തായാലും തെറ്റായിപ്പോയി എന്ന് സമ്മതിക്കാതെ വയ്യ. അത് ഏത് ഗവൺമെന്റിന്റെ കാലത്താണെന്നുള്ളത് പരിശോധിക്കേണ്ടതാണ്. ഞാനിപ്പോൾ ആ രീതിയിൽ പറയുന്നില്ല.

ബഹുമാനപ്പെട്ട എ.കെ ആന്റണി സാർ ഉള്ള സമയത്ത് 50:50 എന്നുപറയുന്ന സംവിധാനം കൊണ്ടുവന്നു. സ്വാശ്രയ കോളേജുകൾ സമം പകുതി ഗവൺമെന്റ് കോളേജുകൾ എന്ന തീരുമാനത്തിലേയ്ക്ക് വന്നു. എന്നുവച്ചാൽ ഒരു സ്വാശ്രയകോളേജിലെ 50 ശതമാനം സീറ്റും മെറിറ്റ് സീറ്റായിട്ട് തരാനും 50 ശതമാനം മാനേജ്മെന്റ് സീറ്റായിട്ട് വയ്ക്കാനുമുള്ള ഒരു സംവിധാനം കൊണ്ടുവന്നു. അതുകൊണ്ട് ഈ 50 ശതമാനം മെറിറ്റ് സീറ്റിൽ പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാൻ അവസരം കിട്ടിയെന്നുള്ളതാണ് ഒരു ഗുണം. ഗവൺമെന്റ് സീറ്റിലുള്ളതുപോലെയല്ലെങ്കിലും കുറച്ച് കൂടി ഫീസ് അടച്ച് പാവപ്പെട്ടവർക്ക് സ്വാശ്രയ മാനേജ്മെന്റ് കോളേജിൽ പഠിക്കാൻ അവസരം കിട്ടിയെന്നുള്ളത് പോസിറ്റീവായ വസ്തുതയാണ്. എന്നാൽ അതിന്റെ മറപറ്റി ഇവിടെ കടന്നുവന്നിട്ടുള്ളത് അതിഭീകരമായ ചൂഷണമാണിത്. ബാക്കിവരുന്ന 50 ശതമാനം സീറ്റ് കൊള്ളയടിക്കുകയായിരുന്നുവെന്ന് പറയുന്നതാണ് ഏറ്റവും ശരി. ഒരു സീറ്റിന് ഒരു കോടി രൂപ വരെ പ്രതിഫലം വാങ്ങിയിട്ടുണ്ടായിരുന്നു എന്നുള്ളതിൽ ഒരു സംശയവുമില്ല. മെഡിക്കൽ മാനേജ്മെന്റും പ്രവേശനവുമൊക്കെയായി ബന്ധപ്പെട്ടുള്ള ഓരോ കോടതിവിധിയിലും ക്യാപിറ്റേഷൻ ഫീ പാടില്ല, കോഴ പാടില്ല, ലാഭേച്ഛയോടുകൂടി പണം ഈടാക്കാൻ പാടില്ല എന്നൊക്കെ വ്യവസ്ഥകളുണ്ടായിട്ടും അതിനെയെല്ലാം മറികടന്ന് 50 ശതമാനത്തിന്റെ ബലത്തിൽ വൻതോതിൽ ഫീസ് ഈടാക്കുന്ന അവസ്ഥയുണ്ടായിരുന്നു. കഴിഞ്ഞ ഗവൺമെന്റ് ഫീസ് വർദ്ധിപ്പിച്ചുവെന്നൊക്കെ ശ്രീ. ഹൈബി ഈഡൻ സംസാരിക്കുന്നത് കേട്ടു.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 2016-17, 2017-18 വർഷത്തിൽ മെഡിക്കൽ അലോട്ട്മെന്റുമായി ബന്ധപ്പെട്ട് പ്രത്യേക സാഹചര്യം വന്നു. 2016-17-ലാണ് നീറ്റ് മെറിറ്റ് വന്നതും സെൻട്രൽ ഗവൺമെന്റും സുപ്രീംകോടതിയും നീറ്റ് മെറിറ്റിൽ നിന്ന് പ്രവേശനം നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തത്. ആദ്യത്തെ വർഷം നീറ്റ് വന്നു, നിർബന്ധമായിരുന്നു. കേരള എൻട്രൻസ് (KEAM) മെറിറ്റ് ലിസ്റ്റ് നിലനില്ക്കുന്നുണ്ടെന്ന് ഞങ്ങൾ കോടതി

മുമ്പാകെ സൂചിപ്പിച്ചു. ഞങ്ങൾ മാനേജ്മെന്റുമായി ചർച്ച നടത്തി 50:50 എന്ന എഗ്രിമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. അപ്പോൾ സ്വാഭാവികമായും ഇരുപത്തയ്യായിരം രൂപ ഫീസിനും രണ്ടര ലക്ഷം രൂപ ഫീസിനും കുട്ടികളെ 50 ശതമാനം സീറ്റിൽ പ്രവേശിപ്പിക്കുമ്പോൾ വർദ്ധനവിന്റെ തോതൊന്നും ഞാൻ പറയുന്നില്ല. ഓരോ കാലത്തും ഫീസ് വർദ്ധനവുണ്ടായിട്ടുണ്ട്. ചിലപ്പോൾ കൂടിയ തോതിൽ ഉണ്ടായിട്ടുണ്ട്. ചിലപ്പോൾ നോർമൽ റേറ്റിലുമുണ്ടായിട്ടുണ്ട്. എന്നാൽ ബി.പി.എൽ. കാറ്റഗറിയിൽപ്പെട്ട കുട്ടികളുടെ പഠനത്തിനുള്ള സീറ്റിന് 25,000 രൂപയിൽ നിന്ന് ഒരു വർദ്ധനവുമുണ്ടായിട്ടില്ല. അതേസമയം മറ്റ് 50 ശതമാനം സീറ്റിന് നമ്മൾ നിബന്ധന വച്ചു. ഇവിടെ 11 ലക്ഷം രൂപയും എൻ.ആർ.ഐ.-യ്ക്ക് 15 ലക്ഷം രൂപയുമാണ് നിശ്ചയിച്ചത്. അതാണ് വമ്പിച്ച ഫീസെന്നു പറഞ്ഞ് ബഹളമുണ്ടാക്കിയത്. അങ്ങനെ നിബന്ധനയോടുകൂടി ഒരു തീരുമാനമെടുക്കുന്നതിനു മുമ്പ് ഈ 50 ശതമാനം സീറ്റിൽ ഒരു കോടി രൂപയിലേറെയായിരുന്നു തലവരിപ്പണം വാങ്ങിയത്. എന്നാൽ നീറ്റ് മെരിറ്റ് വന്നതുകൊണ്ടും ഈ ഗവൺമെന്റ് കർശന നിലപാട് എടുത്തതുകൊണ്ടും ആ തലവരിപ്പണം വാങ്ങുന്നതിന് മാനേജ്മെന്റിന് കഴിഞ്ഞില്ലായെന്നതായിരുന്നു 2016-17-ലെ അനുഭവം. ഏത് അന്വേഷണ കമ്മീഷനെ വച്ച് അന്വേഷിച്ചാലും മാനേജ്മെന്റിനുണ്ടായ നഷ്ടമെന്ന് ഞാൻ പറയില്ല, പക്ഷെ, അവർ ഉണ്ടാക്കിയിരുന്ന കൊള്ളലാഭത്തിൽ വന്നിട്ടുള്ള കുറവ് 2016-17-ലാണ് ഏറ്റവും പ്രകടമായിട്ട് കണ്ടതെന്നുള്ളത് ഉറപ്പിച്ചുപറയാൻ സാധിക്കും. 50 ശതമാനം മെരിറ്റ് സീറ്റും 50 ശതമാനം മാനേജ്മെന്റ് സീറ്റിൽ ഒരു കോടി രൂപ തലവരിപ്പണം വാങ്ങാൻ കഴിയാത്ത അവസ്ഥയും. വെറുതെയല്ല അവർ ഞങ്ങളുടെ കരാർ വിട്ട് കോടതിയിൽ പോയത്.

2017 ആയപ്പോൾ സ്ഥിതി കുറച്ചുകൂടി മാറി. കഴിഞ്ഞവർഷം നീറ്റ് മെറിറ്റ് മാത്രമേ നിലവിലുണ്ടായിരുന്നുള്ളൂ. എല്ലാവരും മനസ്സിലാക്കേണ്ട വസ്തുതയാണത്. കേരള എൻട്രൻസ് ലിസ്റ്റ് നിലവിലുണ്ടായിരുന്നില്ല. ആ നീറ്റ് മെറിറ്റിൽ നിന്ന് ഇന്റർ സേ മെറിറ്റ് അനുസരിച്ച് എടുക്കണമെന്നായിരുന്നു ഗവൺമെന്റിന്റെ നിബന്ധന. അങ്ങനെ വരുന്ന സമയത്ത് നമുക്ക് 50:50 പാലിക്കാൻ സാധിക്കില്ല. അത് കോടതി അനുവദിക്കില്ല. കഴിഞ്ഞവർഷം 3 കോളേജുകൾ കരാർ ഒപ്പിടാൻ തയ്യാറായി വന്നെങ്കിലും ബഹുമാനപ്പെട്ട സുപ്രീംകോടതി ആ കരാർ അംഗീകരിച്ചില്ല, തള്ളിക്കളഞ്ഞു. അതുകൊണ്ട് 50:50 കരാർ ഇനി നിലവിലില്ലായെന്നുള്ളത് മനസ്സിലാക്കാൻ സാധിക്കണം. അത് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലും നീറ്റ് മെറിറ്റ് ഇന്റർ സേ മെറിറ്റ് അടിസ്ഥാനത്തിൽ നിശ്ചയിക്കണമെന്ന സെൻട്രൽ ഗവൺമെന്റിന്റെയും

കോടതിയുടെയും തീരുമാനമനുസരിച്ചുമാണ്. അതില്ലാതിരിക്കുമ്പോൾ ഏകീകൃത ഫീസാണ് വന്നത്. ആ ഫീസ് എങ്ങനെയാണ് നിശ്ചയിച്ചതെന്ന് ഈ നാട്ടിൽ എല്ലാവർക്കും അറിയാവുന്നതാണ്. ഫീ റെഗുലേറ്ററി കമ്മിറ്റിയാണ് ഫീസ് നിശ്ചയിച്ചിരിക്കുന്നത്. ഇപ്പോൾ 20 കോളേജുകളുടെയും ഫീസ് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. ആ ഉത്തരവിൽ നാലേമുക്കാൽ ലക്ഷം മുതൽ അഞ്ചേകാൽ ലക്ഷം വരെയൊക്കെ ഫീസ് വരുന്നുണ്ട്. ഞാൻ ഓരോന്നും പ്രത്യേകിച്ച് പറയുന്നില്ല. അത് ഏകീകൃത ഫീസാണ്. ഫീസ് വർദ്ധിപ്പിച്ചുവെന്ന് പറഞ്ഞ് ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നതിൽ യാതൊരു കാര്യവുമില്ല. കരാർ വരുമ്പോൾ മാത്രമാണ് 50:50-ഉം 25,000 രൂപയ്ക്ക് പഠിക്കാനുള്ള സീറ്റും ലഭ്യമാകുന്നത്.

എന്നാൽ ഏകീകൃത ഫീസാകുമ്പോൾ അതത് കോളേജുകളുടെ വരുമാനമെല്ലാം നോക്കി പ്രത്യേക രീതിയിലാണ് ഫീ റെഗുലേറ്ററി കമ്മിറ്റി ഫീസ് നിശ്ചയിക്കുന്നത്. നേരത്തെ 11 ലക്ഷം രൂപയും 15 ലക്ഷം രൂപയും വാങ്ങിയവരും മാനേജ്മെന്റ് സീറ്റിൽ കൂടുതൽ ഫീസ് വാങ്ങിയവരുമെല്ലാം ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ ഫീസായ 5 ലക്ഷം രൂപ മാത്രമേ കൊടുക്കേണ്ടതായുള്ളൂ. അതേസമയം നമ്മുടെ കരാർ അനുസരിച്ച് താഴ്ന്ന ഫീസ് വാങ്ങിയവരും 5 ലക്ഷം രൂപ കൊടുക്കണം. അതല്ലാതെ വേറൊരു സാധ്യതയും ഫീസ് നിശ്ചയിക്കുന്ന കാര്യത്തിലില്ലായെന്നുള്ളതാണ്. ഞാൻ ഇവിടെ പറഞ്ഞിട്ടുള്ളതുകൊണ്ടും സഭാതലത്തിൽ വന്നിട്ടുള്ള കാര്യമായതുകൊണ്ടുമാണ് അതിന് മറുപടി പറയാൻ ആഗ്രഹിച്ചത്. സ്വാശ്രയ മേഖലയിലെ കൊള്ള അവസാനിപ്പിക്കുന്നതിന് ശക്തമായ നടപടിയെടുത്തത് ഈ ഗവൺമെന്റാണെന്ന് ഏത് കണക്ക് പരിശോധിച്ചാലും മനസ്സിലാക്കാൻ കഴിയുന്നതാണ്. എന്നാൽ സ്വാശ്രയ മാനേജ്മെന്റ് നിലനില്ക്കുന്നിടത്തോളം ഈ പ്രശ്നങ്ങൾ ഇനിയുമുണ്ടാകും. അവർ ഇപ്പോഴും കോടതിയിൽ പോകുകയാണ്. അവർ വീണ്ടും ഇതിനെയെല്ലാം വെല്ലുവിളിക്കുകയാണ്. എന്നാൽ ഭരണപക്ഷവും പ്രതിപക്ഷവും ഒറ്റക്കെട്ടായി നിന്നാൽ ഇവരുടെ വലിയരീതിയിലുള്ള ഇടപെടൽ അവസാനിപ്പിക്കാൻ കഴിയുന്നതാണ്. അതുകൊണ്ട് സ്വാശ്രയ സംവിധാനം കൊള്ളാമെന്നൊക്കെ പറയുമ്പോൾ ആ വിരൽ ഇങ്ങോട്ട് ചൂണ്ടിയിട്ട് യാതൊരു കാര്യമില്ല. ആരാണോ ഈ സ്വാശ്രയ കോളേജുകളിൽ 50 ശതമാനം മാനേജ്മെന്റ് സീറ്റിൽ തോന്നിയതുപോലെ കാശ് വാങ്ങാനുള്ള അവസരം സൃഷ്ടിച്ചത്, അവരെ ആ ശീലത്തിലേയ്ക്ക് നയിച്ചത്, അതിനുകൂടി നമ്മൾ സമാധാനം കാണേണ്ടതാണ്. അതുകൂടി മനസ്സിൽ കാണേണ്ടതായിട്ടുണ്ടെന്ന മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇവിടെ കുറെ കാര്യങ്ങളെക്കുറിച്ച് സംശയങ്ങൾ പ്രകടിപ്പിച്ചു. അതിൽ എം.സി.ഐ. -യെക്കുറിച്ചുള്ള അഭിപ്രായം ഞാൻ സെൻട്രൽ ഗവൺമെന്റിനെ

അറിയിച്ചിട്ടുണ്ട്. മെഡിക്കൽ കമ്മീഷൻ രൂപീകൃതമാകുമ്പോൾ നോമിനേഷൻ അനുസരിച്ച് സംസ്ഥാനങ്ങൾക്ക് റൊട്ടേഷനിൽ മാത്രമേ അതിൽ അംഗത്വം ലഭിക്കുകയുള്ളൂ. എവിടെയും സ്വാശ്രയ കോളേജ് തുടങ്ങാനുള്ള അനുവാദം അവർ കൊടുക്കുമെന്നാണ് പറയുന്നത്. അതെല്ലാം ഉണ്ടാക്കുന്ന ദുരന്തം ചെറുതായിരിക്കില്ലെന്നുതന്നെയാണ് എന്റെ അഭിപ്രായം. സെൻട്രൽ ഗവൺമെന്റ് ആ ഉദ്യമത്തിൽ നിന്നും പിൻമാറണമെന്നതാണ് കേരളത്തിലെ ആരോഗ്യവകുപ്പിന്റെ ആവശ്യം. മെഡിക്കൽ കമ്മീഷന്റെ അപാകതകൾ പരിഹരിച്ചുകൊണ്ട് ജനാധിപത്യപരമായി കാര്യങ്ങൾ ചെയ്യാൻ സാധിക്കണം. പുതിയൊരു സംവിധാനം വരുന്നുവെന്നതിന്റെ എതിർപ്പല്ല, പക്ഷെ ജനാധിപത്യപരമായല്ലാതെ കേന്ദ്രീകൃതമായി നോമിനേഷന്റെ ഭാഗമായി തോന്നിയതെല്ലാം അടിച്ചേൽപ്പിക്കുന്ന സമീപനം കേരളത്തിന്റെ ആരോഗ്യ മേഖലയിലും മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലും ഉണ്ടാകാൻ പാടില്ല. അതിന്റെ ബാക്കി കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ശ്രീ. കെ. എൻ.എ. ഖാദർ സംസാരിച്ചപ്പോൾ കുറെ കാര്യങ്ങൾ പറഞ്ഞു. അതിന് നിശ്ചയിച്ചിരുന്ന ഉദ്യോഗസ്ഥൻ 40 ശതമാനം കുട്ടികൾക്കേ അംഗീകാരം നൽകാൻ സാധിക്കുകയുള്ളൂവെന്ന് പറഞ്ഞു. സഭാതലത്തിൽ വന്നൊരു പ്രശ്നമായതുകൊണ്ട് ഞാനതിന് മറുപടി പറയാൻ ആഗ്രഹിക്കുകയാണ്. ഇത് പരിശോധിക്കാൻ നിശ്ചയിച്ച ഉദ്യോഗസ്ഥൻ ആ സമയത്ത് വെർച്വൽ അലോട്ട്മെന്റ് നടത്തിയാൽ എത്രപേർക്ക് അംഗീകാരം കൊടുക്കാൻ സാധിക്കുമെന്നാണ് നോക്കിയത്. അതുകൊണ്ടുതന്നെ അതിൽ 40 ശതമാനം കുട്ടികൾ മാത്രമേ വരികയുള്ളൂ. ഇന്റർ സേ മെറിറ്റ് അനുസരിച്ച് അഞ്ചരക്കണ്ടി കോളേജിലെ കുട്ടികളുടെ ലിസ്റ്റും കരുണ മെഡിക്കൽ കോളേജിലെ കുട്ടികളുടെ ലിസ്റ്റും വച്ച് നോക്കുമ്പോൾ വെർച്വൽ അലോട്ട്മെന്റിലൂടെ അത്രയേ വരികയുള്ളൂ. അദ്ദേഹം അതിന്റെ റിപ്പോർട്ട് നൽകുകയും ചെയ്തു. എന്നാൽ നീറ്റ് മെറിറ്റിൽപ്പെട്ട കുട്ടികൾക്ക് അലോട്ട്മെന്റ് നടത്തുമായിരുന്നെങ്കിൽ മറ്റേതെങ്കിലും കോളേജിൽ അഡ്മിഷൻ കിട്ടുമായിരുന്നുവെന്നാണ് ഞങ്ങൾ സങ്കൽപ്പിക്കുന്നത്. നീറ്റ് മെറിറ്റിൽ വന്ന കുട്ടികൾക്ക് പരിഗണന കൊടുക്കാനാണല്ലോ ഈ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്; ഓർഡിനൻസിൽ അങ്ങനെയൊരു പാർട്ടുണ്ട്. മറ്റ് നിയമങ്ങളിലൊക്കെ എന്തുതന്നെ അടങ്ങിയിരുന്നാലും കുട്ടികളുടെ ഭാവി രക്ഷിക്കാൻ വേണ്ടിയാണ് ഈ ഓർഡിനൻസ് കൊണ്ടുവരുന്നത്. അതുവച്ചുകൊണ്ട് നമുക്കെന്ത് ചെയ്യാൻ സാധിക്കുമെന്ന നിയമോപദേശം തേടിയപ്പോൾ ആ ബില്ലിലെ വ്യവസ്ഥ വച്ചുകൊണ്ട് നമുക്ക് ഈ കുട്ടികളെ രക്ഷിക്കാൻ സാധിക്കുന്ന രീതിയിൽ എടുക്കാൻ സാധിക്കുമെന്ന നിയമോപദേശമാണ് കിട്ടിയത്. ആ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ ബില്ലിലെ അത്തരത്തിലുള്ള വ്യവസ്ഥകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് നീറ്റ് മെറിറ്റിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികളെ

രക്ഷിക്കാൻ വേണ്ടിയാണ് ഇങ്ങനെയൊരു ബിൽ കൊണ്ടുവരുന്നതെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. മറ്റ് ഒരുപാട് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പി.ജി. സീറ്റിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞതിനൊന്നും ഞാൻ ഇപ്പോൾ മറുപടി പറയുന്നില്ല. മറ്റേതൊക്കെ കോളേജുകളിൽ ഏതൊക്കെ കോഴ്സിന് പ്രശ്നമുണ്ടായാലും അതൊന്നും ഇതിന്റെ പർവ്യൂവിൽ വരുന്നില്ല. ഇതിനകത്ത് അഞ്ചരക്കണ്ടി, കരുണ മെഡിക്കൽ കോളേജുകളിൽ മാനേജ്മെന്റിന്റെ വഞ്ചനയുടെ ഭാഗമായി, ഹാജരാക്കേണ്ട രേഖകൾ യഥാസമയം ഹാജരാക്കാതെ കുട്ടികളുടെ അഡ്മിഷൻ ശരിയല്ലാത്ത രീതിയിലാക്കിയതിന്റെ ഭാഗമായി വന്ന പ്രതിസന്ധി, അതിന്റെ ഭാഗമായി മറ്റെവിടെയെങ്കിലും അഡ്മിഷൻ കിട്ടുമായിരുന്ന കുട്ടികൾക്ക് പഠിക്കാൻ വേണ്ടി, ഒരു വർഷം തുടർച്ചയായി പഠിച്ചുകൊണ്ടിരിക്കുകയാണ്. സർവ്വകലാശാല പരിശോധിച്ച് അറ്റൻഡൻസ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതെല്ലാം വച്ചുകൊണ്ട് ഈ കുട്ടികളുടെ ഭാവി രക്ഷിക്കാനാണ് ഈ ബിൽ സദുദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ളത്. പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും ആ കുട്ടികളോടുള്ള സ്നേഹം പ്രകടിപ്പിച്ചുകൊണ്ട്, അവരുടെ ഭാവി അപകടത്തിലാക്കാതിരിക്കാനുള്ള മനുഷ്യസ്നേഹപരമായ ഉത്തരവാദിത്തം കൂടി ഏറ്റെടുത്തുകൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഹൈബി ഈഡൻ 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ

(not in the seat)

നിരാകരണപ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(ii) 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ(ഭേദഗതി) ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ: സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലന് 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അടൂർ പ്രകാശിന് 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. അടൂർ പ്രകാശ്: Sir, I move that "This House resolves to disapprove The Madras Hindu Religious and Charitable Endowments (Amendment Ordinance 2018 (Ordinance No.12 of 2018)."

2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ നിരാകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. 1872-ലും 1927-ലുമാണ് മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരുന്ന മലബാറിലെ ക്ഷേത്രങ്ങൾക്കുകൂടി ബാധകമാകുന്ന തരത്തിൽ അന്നത്തെ മദ്രാസ് നിയമസഭയുടെ നിയമനിർമ്മാണങ്ങൾ നടന്നിട്ടുള്ളത്. 1949-ൽ മദ്രാസ് പ്രൊവിൻഷ്യൽ സർ സി.പി. രാമസ്വാമി റെഡ്ഡി പ്രധാന മന്ത്രിയായിരിക്കുമ്പോഴാണ് പുതിയ ഭേദഗതി കൊണ്ടുവന്നത്. അതിനുശേഷം 1951-ലാണ് " The Madras Hindu Religious and Charitable Endowments Act നിലവിൽ വന്നത്. ഒരു കാലത്ത്, മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരിക്കുമ്പോൾ മലബാറിൽ ഏകദേശം 2200 ക്ഷേത്രങ്ങൾ ഉണ്ടായിരുന്നു. അതിൽതന്നെ 600 മുതൽ 700 ക്ഷേത്രങ്ങൾ സ്വകാര്യ ക്ഷേത്രങ്ങളുമായിരുന്നു. 1951-ലെ The Madras Hindu Religious and Charitable Endowments Act-ലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് മലബാർ പ്രദേശത്തെ ഹിന്ദുമത ധർമ്മ സ്ഥാപനങ്ങൾ കമ്മീഷണറുടെ ഭരണ നിയന്ത്രണത്തിലായത്. 1951-ൽ മദ്രാസ് നിയമസഭയാണ് ഈ നിയമത്തിന്റെ മൂലനിയമം പാസ്സാക്കിയത്. മൂലനിയമത്തിൽ ഇതുവരെ 10 ഭേദഗതികൾ വന്നിട്ടുണ്ട്. അതിൽ രണ്ടെണ്ണം മദ്രാസ് നിയമസഭയും ശേഷിക്കുന്നവ കേരള നിയമസഭയുമാണ് പരിഗണിച്ചിട്ടുള്ളത്. ഇപ്പോഴുള്ളത് 11-ാമത്തെ ഭേദഗതിയാണ്. 1971-ലെ പ്രൈവറ്റ് ഫോറസ്റ്റ് അസൈൻമെന്റ് നിയമം നിലവിൽ വന്നതോടുകൂടി മലബാറിലെ ക്ഷേത്രങ്ങളുടെ ഭൂമിയെല്ലാം സർക്കാരിൽ നിക്ഷിപ്തമായി. ഭൂമി നിക്ഷിപ്തമായതോടുകൂടി മലബാറിലെ ക്ഷേത്രങ്ങളുടെ നിത്യനിദാന ചെലവുകൾക്കുള്ള വരുമാനമില്ലാതായി. ക്ഷേത്ര ജീവനക്കാരുടെ ജീവിതം പരിതാപകരമായി. ഇത് സംബന്ധിച്ച് പത്രവാർത്ത വന്നപ്പോൾ കോടതി റിട്ടായി പരിഗണിച്ച് 21.7.1994-ൽ ക്ഷേത്രജീവനക്കാർക്ക് മെച്ചപ്പെട്ട വേതനം നൽകുക, ആന്യൂറ്റി ആനുപാതികമായി പരിഷ്കരിക്കുക, മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുക, മലബാർ,

തിരുവിതാംകൂർ, കൊച്ചി എന്നീ മൂന്ന് ദേവസ്വങ്ങൾക്കും ബാധകമാകുന്ന വിധത്തിൽ ഒരു ഏകീകൃത നിയമം കൊണ്ടുവരാനും ഹൈക്കോടതി നിർദ്ദേശിച്ചു. 2001-ലെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റ് ബിൽ കൊണ്ടുവന്ന് പൊതുജനാഭിപ്രായം ആരായുന്നതിന് സർക്കുലേറ്റ് ചെയ്തുവെങ്കിലും ബിൽ പാസ്സാക്കുവാൻ കഴിഞ്ഞില്ല. ഹൈക്കോടതി വിധിക്കുശേഷം പതിനാല് വർഷം കഴിഞ്ഞാണ് നിയമം പാസ്സാക്കിയത്. മലബാർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം കൃത്യമായി ലഭിക്കാറില്ല. കാടാമ്പുഴ, തിരുമാന്ധാംകുന്ന്, പിഷാരിക്കാവ്, മമ്മിയൂർ, പെരളശ്ശേരി എന്നീ അഞ്ച് ക്ഷേത്രങ്ങളിൽ മാത്രമാണ് സർക്കാർ നൽകുന്ന ഗ്രാന്റിൽ നിന്നും എടുക്കാതെ അവിടുത്തെ വരുമാനം കൊണ്ട് ശമ്പളം കൊടുക്കാൻ കഴിയുന്നത്. ക്ഷേത്രങ്ങളുടെ ധാരാളം ഭൂമി അന്യാധീനപ്പെട്ട് പോയിട്ടുണ്ട്. ഏകദേശം ഇരുപത്തി അയ്യായിരത്തോളം ഏക്കർ ഭൂമി 2008-ലെ നിയമപ്രകാരം 1957-ലെ ലാന്റ് കൺസർവൻസി ആക്ടിന്റെ പരിധിയിൽ കൊണ്ടുവന്നുവെങ്കിലും അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിന് സാധിച്ചിട്ടില്ല. ഇതൊന്നും ചെയ്യാതെ സർക്കാർ നേരത്തെ ഒരു ഓർഡിനൻസിലൂടെ നിലവിലുണ്ടായിരുന്ന ഏരിയ കമ്മിറ്റികളെ ഇല്ലായ്മ ചെയ്തു. രണ്ട് വർഷമായി ഏരിയ കമ്മിറ്റികളുടെ കാലാവധി അവസാനിക്കാൻ മാസങ്ങൾ മാത്രമുള്ളപ്പോൾ ധൃതിയിൽ ഓർഡിനൻസ് കൊണ്ടുവന്ന് പിരിച്ചുവിട്ടു. ഇപ്പോൾ 8(സി) വകുപ്പിൽ ഭേദഗതി ഓർഡിനൻസായി കൊണ്ടുവന്ന് സ്വന്തമായി ഇഷ്ടപ്പെട്ട ആളിനെ കമ്മീഷണറായി സ്ഥാനക്കയറ്റം നൽകി നിയമിക്കുകയാണ്. 1951-ലെ 19-ാം മദ്രാസ് ആക്ടിലെ 8(സി) വകുപ്പിലെ 1-ാം ഉപവകുപ്പിൻ പ്രകാരം ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരുദ്യോഗസ്ഥനെ അയാൾ ഹിന്ദുമതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്ന ആളും ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വസിക്കുന്ന ഒരാളുമാണെങ്കിൽ സർക്കാർ നിശ്ചയിക്കുന്ന അങ്ങനെയുള്ള നിബന്ധനകളിലും ഉപാധികളിലും ബോർഡിന്റെ കമ്മീഷണറായി നിയമിക്കാവുന്നതും അദ്ദേഹവും ബോർഡിന്റെ സെക്രട്ടറിയും കൂടി ചുമതല വഹിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു. ടി ആൾക്ക് പ്രൊമോഷൻ നൽകി ഇഷ്ട സ്ഥാനത്ത് ഇരുത്തുന്നതിനുള്ള ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. ഈ മഹാൻ തന്നെ ഇല്ലാതായ വകുപ്പിലെ ഒരു ജീവനക്കാരനാണ്. വകുപ്പ് നിലവിലുണ്ടായിരുന്നുവെങ്കിൽ അയാൾ കമ്മീഷണറാകുവാൻ യോഗ്യത നേടിയ ആളാണെന്ന് പറഞ്ഞുകൊണ്ടാണ് ഭേദഗതി. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കാലം മുതൽ വേണ്ടപ്പെട്ടവരെ താക്കോൽ സ്ഥാനത്ത് ഇരുത്താൻവേണ്ടിയാണ് ഇങ്ങനെയൊക്കെയുള്ള ഭേദഗതികൾ സാധാരണ കൊണ്ടുവന്നിട്ടുള്ളത്. ഈ ഭേദഗതിക്കായി സഭയിൽ ഒരു ബിൽ കൊണ്ടുവന്നാൽ മതിയായിരുന്നു. എന്തിനാണ് തിടുക്കത്തിൽ ഒരു

ഓർഡിനൻസ് കൊണ്ടുവന്നതെന്ന് മനസ്സിലാകുന്നില്ല. നിയമസഭയുടെ വിലപ്പെട്ട സമയം പാഴാക്കുകയാണ്. ഗവേഷണ വിദ്യാർത്ഥികൾ നോക്കിയാൽ ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ കൊണ്ടുവന്നിട്ടുള്ള എല്ലാ ഓർഡിനൻസുകളും വ്യക്തിപരമായ പ്രത്യേക ഉദ്ദേശത്തിലാണെന്ന് കാണാൻ കഴിയും. ഒന്നുകിൽ ചില ആളുകളെ വെട്ടിനിരത്തുവാൻ, ഇല്ലെങ്കിൽ ഇഷ്ടക്കാരെ തിരുകി കയറ്റുവാൻ വേണ്ടിയാണ്. വളരെ അത്യാവശ്യപ്പെട്ട കാര്യങ്ങൾക്കു മാത്രമേ ഓർഡിനൻസ് കൊണ്ടുവരാൻ പാടുള്ളൂ എന്ന് 1986-ലെ വാധ്വാ കേസ്സിലും 2017-ലെ കേസ്സിലും സുപ്രീംകോടതി വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ സർക്കാർ കൊണ്ടുവന്ന ഓർഡിനൻസുകൾ എന്തിനുവേണ്ടിയാണെന്ന് പരിശോധിച്ചാൽ തങ്ങൾക്ക് താൽപ്പര്യമില്ലാത്തവരെയും തങ്ങളുടെ പരിധിയിൽ നിൽക്കാത്തവരെയും തളയ്ക്കലാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. 2008-ലെ മലബാർ ദേവസ്വം ബോർഡ് നിലവിൽ വന്നപ്പോൾ ഇപ്പോൾ ഓർഡിനൻസിലൂടെ ഭേദഗതി കൊണ്ടുവന്ന വകുപ്പ് തന്നെ ഇല്ലാതായി. പിന്നെ എങ്ങനെയാണ് തുല്യമായ വകുപ്പിലെ ജീവനക്കാർ പെൻഷൻ പറ്റുന്നതിനുമുമ്പ് കമ്മീഷണറായി സ്ഥാനക്കയറ്റം നൽകുന്നത് എന്നാണ് ചോദ്യം; 2008-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ആക്ട് മുഖേന ഭേദഗതി വരുത്തിക്കൊണ്ട് വകുപ്പ് നിർത്തലാക്കുകയും 2008-ലെ മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുകയും ചെയ്തു. ഒരു പ്രത്യേക വ്യക്തിയെ കമ്മീഷണർ തസ്തികയിലേയ്ക്ക് നിയമിക്കുന്നതിന് സർക്കാറിന് താൽപ്പര്യമുണ്ടായിരുന്നെങ്കിൽ അക്കാര്യം വ്യക്തമായി പറഞ്ഞുകൊണ്ട് ഒരു ബിൽ കൊണ്ടുവരികയായിരുന്നു ഉചിതം. അതിനുപകരം റദ്ദാക്കപ്പെട്ട വകുപ്പിലെ അർഹരായ ഉദ്യോഗസ്ഥരുടെ അവകാശം സംരക്ഷിക്ക പ്പെടുന്നതിനുവേണ്ടി എന്ന വ്യാജേന ഓർഡിനൻസിൽ കൂടി ഒരു നിയമം കൊണ്ടുവരികയും അതിനെ 2017 ജനുവരി മുതൽ പ്രാബല്യം നൽകുകയും ചെയ്തത് ശരിയായ നടപടിയാണോയെന്ന് സർക്കാർ ചിന്തിക്കേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ ഒരു ഓർഡിനൻസ് കൊണ്ടുവരികയും രണ്ട് പ്രാവശ്യം റീ-പ്രൊമുൽഗേറ്റ് ചെയ്യുകയും ചെയ്തത് നല്ല നടപടിയായിരുന്നില്ലെന്നതാണ് നമ്മുടെ അഭിപ്രായം. അതുകൊണ്ടുതന്നെയാണ് ഓർഡിനൻസ് നിരാകരണം എന്ന പ്രമേയം ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.

ശ്രീ. വി. എസ്. ശിവകുമാറിനുവേണ്ടി <u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച നിരാകരണപ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. കേരളത്തിലെ ദേവസ്വം ബോർഡുകളിൽ ഏറ്റവും പ്രയാസമനുഭവിക്കുന്ന, ദുരിതങ്ങളുടെ നീണ്ട പട്ടികതന്നെ നിരത്തിവയ്ക്കാവുന്ന ഒരു ദേവസ്വം ബോർഡാണ് മലബാർ ദേവസ്വം ബോർഡ്. കേരളത്തിലെ തിരുവിതാംകൂർ ദേവസ്വം ബോർഡും കൊച്ചിൻ ദേവസ്വം ബോർഡും ഗുരുവായൂർ ദേവസ്വം ബോർഡും സമ്പന്നതയുടെ മുകളിലാണെങ്കിൽ ഒരുപാട് പരിമിതികളും പരാധീനതകളുമുള്ള ഒന്നാണ്

മലബാർ ദേവസ്വം ബോർഡ്. അവിടത്തെ ജീവനക്കാരിൽ പലരും ദിനങ്ങൾ തള്ളിനീക്കാൻ ബുദ്ധിമുട്ടുന്നവരാണ്. 1600-ലധികം ക്ഷേത്രങ്ങൾ, അതിൽ വിരലിലെണ്ണാവുന്ന ക്ഷേത്രങ്ങൾക്ക് മാത്രമാണ് സ്വന്തമായ വരുമാനം വച്ച് ചെലവ് മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നത്. ബാക്കിയെല്ലാ ക്ഷേത്രങ്ങളും ഗവൺമെന്റ് കൊടുക്കുന്ന ഗ്രാന്റിന്റെ പുറത്ത് മുന്നോട്ട് പോകുന്നവയാണ്. അതുകൊണ്ടുതന്നെ ഈ ഗവൺമെന്റ് വന്ന് രണ്ട് വർഷം കഴിയുമ്പോൾ ഇത്തരത്തിലുള്ള ദേവസ്വം ബോർഡിനെ സംബന്ധിച്ചിടത്തോളം ആ ബോർഡ് ഏറ്റവും നല്ല ബോർഡാക്കി മാറ്റിയെടുക്കാനുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഓർഡിനൻസ് കൊണ്ടുവന്നിട്ടായാലും നടപ്പാക്കിയാൽ അതിനെ സ്വാഗതം ചെയ്യുന്നതിന് ഞങ്ങൾക്കാർക്കും ബുദ്ധിമുട്ടില്ല. ഈ പ്രയാസങ്ങളുടെ നടുവിൽ രണ്ട് ഓർഡിനൻസുകളാണ് ഇപ്പോൾ കൊണ്ടുവന്നത്. അതിൽ രണ്ടാമത്തെ ഓർഡിനൻസാണ് ഇന്ന് നമ്മൾ ഇവിടെ നിയമമായി എടുക്കുന്നത്. ആദ്യം കൊണ്ടുവന്ന ഓർഡിനൻസ് മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ഏരിയ കമ്മിറ്റികൾ പിരിച്ചുവിട്ടുകൊണ്ടുള്ള ഓർഡിനൻസാണ്. സി.പി.ഐ.(എം)-ന്റെ ഏരിയ കമ്മിറ്റിക്കുപോലും മൂന്ന് വർഷത്തെ ആയുസ്സുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ മലബാർ ദേവസ്വം ബോർഡിനും അത്രയും ആയുസ് കൊടുക്കാൻ നിങ്ങളാരും ഒരു താൽപ്പര്യവും കാണിച്ചില്ല. ഞാൻ അതിൽ കുറ്റം പറയുന്നില്ല. കാരണം ദൈവത്തിന്റെ അടുത്തേയ്ക്ക് ഓടിച്ചെല്ലുവാനുള്ള ത്വര മാർക്സിസ്റ്റുകാർക്ക് കൂടുതലായതുകൊണ്ട് എത്രയും പെട്ടെന്ന് നിലവിലുള്ള കമ്മിറ്റികളൊക്കെ പിരിച്ചുവിട്ട് അവിടെ സി.പി.ഐ.(എം.)കാരെ വച്ച് അവരെ ക്ഷേത്രങ്ങളുമായി ബന്ധപ്പെടുത്തി, ദൈവ വിശ്വാസം വളരട്ടെ എന്നുള്ള സദുദ്ദേശമാണ് നിങ്ങൾക്കുള്ളതെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. അതുകൊണ്ട് ഞാൻ അതിനെ എതിർക്കുന്നില്ല. ഇന്ന് രാവിലെ ഇവിടെ ആരോ രാഹുൽ ഗാന്ധിയുടെ മതപരമായ കാര്യങ്ങളെക്കുറിച്ചൊക്കെ പറഞ്ഞു. മാർക്സിസ്റ്റ് പാർട്ടി ഇത്തരത്തിലുള്ള മതപരമായ കാര്യങ്ങളിലും ദൈവികമായ കാര്യങ്ങളിലും അമിത താൽപ്പര്യം കാണിക്കുന്നതെന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കോൺഗ്രസ്സുകാർ കാണിച്ചാൽ മനസ്സിലാക്കാം. വൈരുദ്ധ്യാത്മക ബൗദ്ധികവാദം പറയുന്ന നിങ്ങളിൽ അന്തർലീനമായിരിക്കുന്ന ദൈവവിശ്വാസം നിങ്ങളറിയാതെ പുറത്തുവരികയാണ്. എത്രയുംവേഗം ക്ഷേത്രങ്ങളിൽ പോകണം തൊഴണം. ക്ഷേത്രത്തിൽ ചെന്നപ്പോൾ രണ്ട് കയ്യും താഴ്ത്തിനിൽക്കാൻ കഴിഞ്ഞില്ല നമ്മുടെ ദേവസ്വം വകുപ്പുമന്ത്രിക്ക് അറിയാതെ കൈ പൊങ്ങിപ്പോയി. അതിനെ സംസ്ഥാന കമ്മിറ്റി ചോദ്യം ചെയ്യുന്ന സാഹചര്യമുണ്ടായി. മതപരമായ ഇത്തരം കാര്യങ്ങളിൽ നിങ്ങളെല്ലാം വല്ലാത്ത ഒരു ബുദ്ധിമുട്ടിലാണ്. ദൈവവിശ്വാസികളായ ആളുകൾക്കാണ് നിയമസഭയിൽ നിന്നും ദേവസ്വം ബോർഡിലേയ്ക്ക് ആളുകളെ സെലക്ട് ചെയ്യാനുള്ള അധികാരം. അവിടെ നിങ്ങൾ ദൈവ വിശ്വാസികളാണ്. പക്ഷേ ദൃഢപ്രതിജ്ഞ ചെയ്തിട്ടേ നിങ്ങൾ കയറൂ. കാരണം അവിടെ നിങ്ങൾ

ദൈവത്തെ കൂട്ടുപിടിക്കില്ല. കാരണം നിങ്ങൾ ദൈവവിശ്വാസികളല്ല. അവിടെ അകത്ത് കയറുമ്പോൾ ദൈവവിശ്വാസികളല്ല. എന്നാൽ അകത്ത് കയറി ആവശ്യത്തിനനുസരിച്ച് ദൈവവിശ്വാസമൊക്കെ വന്ന് നിങ്ങൾ മുന്നോട്ട് പോകുകയാണ്. അതുകൊണ്ടാണ് ഏരിയ കമ്മിറ്റി പിരിച്ച് വിട്ട്, നിങ്ങളുടെ പാർട്ടിയിലെ പ്രധാനപ്പെട്ട സഖാക്കളെ ഏരിയാ കമ്മിറ്റിയിൽ വയ്ക്കാൻ വേണ്ടിയാണ് ഒന്നാമത്തെ ബില്ലിന് ഓർഡിനൻസ് കൊണ്ടുവന്നത്. ഇപ്പോൾ രണ്ടാമത് കൊണ്ടുവന്ന കാര്യം ശ്രീ അടൂർപ്രകാശ് വളരെ വ്യക്തമായി സൂചിപ്പിക്കുകയുണ്ടായി. ഒരു ഏകീകൃത ദേവസ്വം ബോർഡ് വേണമെന്ന് ഹൈക്കോടതി പറയുകയുണ്ടായി. അതോടൊപ്പം മലബാർ ദേവസ്വം ബോർഡ് വേണമെന്ന് ഹൈക്കോടതി വർഷങ്ങൾക്കുമുമ്പ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 14 വർഷം കഴിഞ്ഞാണ് മലബാർ ദേവസ്വം ബോർഡ് നിലവിൽ വന്നത്. അത് നിലവിൽ വന്നതിനുശേഷവും ധാരാളം പ്രശ്നങ്ങളും പ്രയാസങ്ങളുമുണ്ട്. ആ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ, ഒരു ഏകീകൃത ദേവസ്വം നിയമം കൊണ്ടുവരുന്ന കാര്യത്തിൽ ഒന്നും ചെയ്തില്ല.

ശ്രീ. ഇ. കെ. വിജയൻ: സർ, ഇവിടെ ഞങ്ങൾ ഈശ്വരവിശ്വാസിയായി മാറുന്നുവെന്ന് സൂചിപ്പിക്കുകയുണ്ടായി. ഈശ്വരവിശ്വാസികളും കാണും. കേരളത്തിന്റെ ചരിത്രം എടുത്ത് പരിശോധിച്ചാൽ ഗുരുവായൂർ അമ്പലത്തിലേയ്ക്ക് പിന്നോക്ക ജനവിഭാഗങ്ങൾക്ക് പ്രവേശിക്കാൻ കഴിയുമായിരുന്നോ; അത് എങ്ങനെ സാധിച്ചു; സഖാവ് കൃഷ്ണപിള്ളയുടെയും എ.കെ.ജി.-യുടെയും കെ. കേളപ്പന്റെയും നേതൃത്വത്തിൽ അതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി. കെ. കേളപ്പൻ കോൺഗ്രസ് അല്ലായിരുന്നു. ആദ്യം ഇവരെല്ലാം കോൺഗ്രസ് ആയിരുന്നു. പക്ഷേ സമരം നടത്തുമ്പോൾ കേരളത്തിൽ വിശ്വാസികൾക്ക് അവരുടെ വിശ്വാസങ്ങൾക്കനുസരിച്ച് ജീവിക്കാൻ കഴിയണമെന്നതിന്റെ അടിസ്ഥാനത്തിൽ നിലപാട് സ്വീകരിച്ചതാണ്. ഇപ്പോൾ എസ്.സി. വിഭാഗത്തിൽപ്പെട്ടവരുൾപ്പെടെ പൂജാരികളായി വരാനുള്ള അവസരമൊരുക്കിയത് ഈ ഗവൺമെന്റാണ്. കാരണം, വിശ്വാസങ്ങൾക്കനുസരിച്ച് ഹിന്ദുമതത്തിനകത്തുള്ള ആരായാലും അവർക്ക് അവസരം കൊടുക്കണമെന്നുള്ള കാഴ്ചപ്പാടാണ് എടുത്തത്. അത്തരം നല്ല കാര്യങ്ങളെ നല്ലതെന്ന് പറഞ്ഞുകൂടേ; നല്ല സമീപനം എടുക്കുന്നവരാണെന്ന് പറയുന്നതിൽ തെറ്റില്ലല്ലോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, നല്ലതിനെ നല്ലത് എന്ന് പറയുന്നതിന് ഒരു പ്രയാസവുമില്ല. പക്ഷേ അങ്ങേയ്ക്ക് അറിയാമല്ലോ; ഗുരുവായൂർ സത്യാഗ്രഹമാണെങ്കിലും വൈക്കം സത്യാഗ്രഹമാണെങ്കിലും ദേശീയ തലത്തിൽ മഹാത്മാഗാന്ധി നടത്തിയ ഒരു മുന്നേറ്റത്തിന്റെ ഭാഗമായിട്ടാണ് കേരളത്തിൽ

അതൊക്കെ നടന്നത്. കോൺഗ്രസ് നേതാക്കളുടെ നേതൃത്വത്തിൽ നടന്ന കാര്യങ്ങളാണ്. അതൊരു ചരിത്രത്തിന്റെ ഭാഗമാണ്. പിന്നീട് അവരൊക്കെ പലപ്പോഴും സോഷ്യലിസ്റ്റായും കമ്മ്യൂണിസ്റ്റായും പരിണമിച്ചിട്ടുണ്ടെങ്കിലും അന്ന് അതിന് ദേശീയ തലത്തിൽ നേതൃത്വം നൽകിയത് കോൺഗ്രസ്സാണ്. സ്വാതന്ത്ര്യസമരം നടക്കുന്നതിനിടയിലാണ് സമൂഹത്തിലെ ഏറ്റവും പിന്നോക്ക ജനവിഭാഗങ്ങളുടെ മോചനത്തിനും പാർശ്വവത്കരിക്കപ്പെട്ട ദളിത് സമൂഹത്തെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരുന്നതിനും ഗാന്ധിജി രാജ്യം മുഴുവൻ സഞ്ചരിച്ചതും കേരളത്തിൽ വന്നതും. അതൊക്കെ ചരിത്രത്തിന്റെ ഭാഗമാണ്. അതാണ് ദളിത് സമൂഹത്തിന് കോൺഗ്രസ്സുമായിട്ടുള്ള ബന്ധം എന്നുപറയുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, വലിയ മാറ്റമുണ്ടായി എന്ന് പറയുമ്പോഴും ഒരാഴ്ച മുമ്പ് കഴിഞ്ഞ സർക്കാരിലെ മന്ത്രിയായിരുന്ന ശ്രീമതി പി. കെ. ജയലക്ഷ്മി സ്വന്തം കുഞ്ഞിന് ചോറ് കൊടുക്കാൻ ഗുരുവായൂർ അമ്പലത്തിൽ പോയപ്പോൾ അവരോട് മോശമായി പെരുമാറി അപമാനിച്ചുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ അതിലേയ്ക്ക് പിന്നീടൊരു സന്ദർഭത്തിൽ വരാമെന്നുള്ളതുകൊണ്ട് പറയുന്നില്ല. പക്ഷേ ഒറ്റ വാക്കിൽ നിങ്ങളുടെ ചിന്തയ്ക്കുവേണ്ടി പറയുകയാണ്. ദേശീയതലത്തിൽ ദളിത് ന്യൂനപക്ഷ സമുദായങ്ങൾക്ക് നേരെയുണ്ടാകുന്ന അക്രമങ്ങളൊക്കെ ബി.ജെ.പി. ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത് നമ്മൾ പലപ്പോഴും ചർച്ച ചെയ്യാറുണ്ട്. പക്ഷേ നിങ്ങൾ ആലോചിക്കണം, ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ രണ്ട് വർഷക്കാലം ദളിത് ആദിവാസി സമൂഹത്തിന് നേരെ നടക്കുന്ന അക്രമങ്ങളും കയ്യേറ്റങ്ങളും എത്രമാത്രം വലുതാണ്, ഒറ്റപ്പെട്ടതായി അതിനെ കാണാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കേണ്ട കാര്യമാണ്. ഉത്തരേന്ത്യൻ തലത്തിലേക്ക് പോകുന്ന ഒരു സാമൂഹ്യ പശ്ചാത്തലമല്ല കേരളത്തിലുള്ളത്. പക്ഷേ നിർഭാഗ്യമെന്ന് പറയട്ടെ, എറണാകുളത്തായാലും മാനന്തവാടിയിലായാലും എടുത്തുപറയേണ്ട ധാരാളം കാര്യങ്ങൾ ഇന്ന് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലുണ്ടാകുന്ന അനുഭവം ഇവിടെയും ആവർത്തിക്കുന്നു. അതിന്റെ തുടർച്ചയായി തന്നെയാണ് ശ്രീമതി പി. കെ. ജയലക്ഷ്മിക്കും അത്തരമൊരു അനുഭവമുണ്ടായത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ശ്രീമതി പി. കെ. ജയലക്ഷ്മിക്ക് ഗുരുവായൂർ അമ്പലത്തിൽ വച്ച് അങ്ങനെയൊരു സംഭവമുണ്ടായിട്ടുണ്ടെങ്കിൽ ശക്തമായി നാം എല്ലാം ചേർന്ന് അതിനെ അപലപിക്കേണ്ടതാണ്. ഞങ്ങൾ ശക്തമായി അതിനെ അപലപിക്കുന്ന നിലപാട് സ്വീകരിക്കുന്നവരാണ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ഗുരുവായൂർ അമ്പലത്തിലെ കാര്യം പറഞ്ഞതുകൊണ്ട് പറയുകയാണ്; ശ്രീമതി പി. കെ. ജയലക്ഷ്മിയെ ക്ഷേത്രത്തിനകത്ത് ഉത്സവച്ചടങ്ങ് നടക്കുന്നതിനിടയിൽ കയറുന്നതിന് ആക്ഷേപിച്ച സംഭവമുണ്ടായി. പക്ഷേ അത് ആരായിരുന്നു; അത് അവിടത്തെ കോൺഗ്രസ് യൂണിയന്റെ ആളായിരുന്നുവെന്നത് ശ്രീ. കെ. സി. ജോസഫിനും ശ്രീ. എ.പി. അനിൽകുമാറിനും അറിയാമോ; അങ്ങനെ ഏത് യൂണിയനിൽപ്പെട്ട ആളായാലും ആക്ഷേപിച്ചത് ഒട്ടും ശരിയായ കാര്യമായി പറയാനും കഴിയില്ല. രാഷ്ട്രീയമായി കാണുന്നത് ശരിയാണോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, പൊതുവായി കേരളത്തിൽ കഴിഞ്ഞ രണ്ടുവർഷക്കാലത്തിനിടയിൽ ഉണ്ടായിട്ടുള്ള ധാരാളം കാര്യങ്ങൾ പറയാനുണ്ട്. അതിന് ഞാൻ ഈ വേദി ഉപയോഗിക്കുന്നില്ല. ഇവിടെ സംവരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സി.പി.ഐ.(എം) ഗവൺമെന്റിന്റെ നിലപാടുകൾ ഒരുതരത്തിലും യോജിച്ചുപോകാൻ കഴിയാത്ത കാര്യങ്ങളാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെയുണ്ടല്ലോ; സംവരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ദേവസ്വവുമായി ബന്ധപ്പെട്ട് സി.പി.ഐ.(എം.) എടുത്ത നിലപാടുകളൊക്കെ ഇവിടെ ചർച്ച ചെയ്യേണ്ടതാണ്. പിന്നീടൊരിക്കൽ അതിലേയ്ക്ക് വരാം എന്നുള്ളതുകൊണ്ട് ഇപ്പോൾ കടക്കുന്നില്ല. ഞാൻ സൂചിപ്പിച്ചുവന്നത്, ഇത്തരത്തിലുള്ള മതപരമായ കാര്യങ്ങളിലൊക്കെ വലിയ താൽപ്പര്യം, അത് നന്നാക്കി എടുക്കാനല്ല. നേരത്തേ സൂചിപ്പിച്ചതുപോലെ ഏരിയ കമ്മിറ്റിയിൽ ആളെ വയ്ക്കാം. ഇതിനകത്ത് നിങ്ങൾക്ക് താൽപ്പര്യമുള്ള ഒരാളെ വയ്ക്കണം. വച്ചുകഴിഞ്ഞത് തെറ്റായിപ്പോയി, ആ തെറ്റിനെ ന്യായീകരിക്കണം. അതിന് വേണ്ടിയുള്ള വളരെ ചെറിയ ഭേദഗതിയാണിത്. ഇത്തരം സ്ഥാപനങ്ങളിൽ കയറിക്കൂടുന്നതിന്, പിടിച്ചെടുക്കുന്നതിന് എന്തിനാണ് മാർക്സിസ്റ്റ് പാർട്ടി താൽപ്പര്യം കാണിക്കുന്നത്. കേരളത്തിലെ സാമൂഹിക രംഗത്തും രാഷ്ട്രീയ രംഗത്തുമൊക്കെ മതത്തെ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ടാണ് പോകുന്നത്. ബി.ജെ.പി. പോലെയുള്ള രാഷ്ട്രീയ പാർട്ടികൾക്ക് ഇവിടെ ഇടം നൽകാതെ പോയതും കേരളം ഒരു മതേതര സ്വഭാവമുള്ള സമൂഹമായതുകൊണ്ടാണ്. ആ സമൂഹത്തെ മതവൽക്കരിക്കാനുള്ള ശ്രമം ബി.ജെ.പി. നടത്തുമ്പോൾ അതിനനുകൂലമായ നിലപാട് മാർക്സിസ്റ്റ് പാർട്ടിയും നടത്തുകയാണ്. കേരളത്തിന്റെ സാമൂഹ്യ മുന്നേറ്റത്തിൽ വലിയ പങ്കാണ് മാർക്സിസ്റ്റ് പാർട്ടി കഴിഞ്ഞ കാലങ്ങളിലൊക്കെ വഹിച്ചിട്ടുള്ളത്. ഇപ്പോൾ എന്താണ് നടക്കുന്നത്; ഇപ്പോൾ നിങ്ങളും ശ്രീകൃഷ്ണജയന്തി നടത്തുന്നു. എന്തിനാണ് ശ്രീകൃഷ്ണജയന്തി നടത്തുന്നതിന് സി.പി.ഐ.(എം) പോകുന്നത്; നിങ്ങളുടെ ഉത്തരവാദിത്വമാണോ; നമ്മുടെ ഉത്തരവാദിത്വമാണോ; മതത്തിന്റേതായ കാര്യങ്ങൾ അതുമായി ബന്ധപ്പെട്ട് നടക്കട്ടെ. അവിടെ ബി.ജെ.പി.-യുടെ കയ്യേറ്റമുണ്ടെങ്കിൽ എല്ലാവരും കൂടി ഒരുമിച്ച് നിന്ന് അതിനെ

എതിർക്കണം. ബി.ജെ.പി. ചെയ്യുന്ന കാര്യങ്ങൾ നിങ്ങളും ചെയ്യുക എന്നുപറയുമ്പോൾ ഒരു മതത്തെ, ഒരു മതേതര സമൂഹത്തെ ഒരു മതവൽകൃത സമൂഹമാക്കി മാറ്റാനുള്ള കോൺട്രിബ്യൂഷനാണ് നിങ്ങൾ നൽകുന്നത്. അവിടെ നിങ്ങൾ മാറി ചിന്തിക്കണം. അങ്ങനെ വന്നുകഴിഞ്ഞാൽ അതിന്റെ ഗുണം കിട്ടുന്നത് ബി.ജെ.പി.-യ്ക്കാണ്. നിങ്ങൾ പറയുന്നതിനും എത്രയോ ഇരട്ടി മതത്തെക്കുറിച്ച് പറയാനും അതിന്റെ യാഥാസ്ഥിതിക തലത്തിലേക്ക് പോകാനും ബി.ജെ.പി.-ക്ക് മാത്രമേ കഴിയൂ. നിങ്ങൾക്ക് അക്കാര്യത്തിൽ ഒരു പരിധിയുണ്ട്. അതുകൊണ്ട് ഇടതുപക്ഷം പൂർണ്ണമായും അത്തരം കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്ന ഒരു സ്വഭാവമുണ്ടാക്കിയെടുക്കണം. അല്ലാതെ ഇടതുപക്ഷം ശ്രീകൃഷ്ണജയന്തിയും നബിദിനവുമൊക്കെ നടത്താൻ പോയാൽ നമ്മുടെ നാടിന്റെ അവസ്ഥയെന്താകും, നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് ഇപ്പോൾ അതല്ലേ; അതുകൊണ്ട് ബി.ജെ.പി. എടുക്കുന്ന മതപരമായ നിലപാടുകൾ എടുത്തുകൊണ്ട് ജനങ്ങളിൽ സ്വാധീനം ചെലുത്താൻ വേണ്ടി മതത്തെ ദുർവിനിയോഗം ചെയ്യുമ്പോൾ അതിനെ ഒരുമിച്ച് നിന്ന് എതിർക്കുന്നതിന് പകരം നിങ്ങളും അതേ രീതിയിലാണ് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത് എന്നുള്ളത് വളരെ അപകടകരമായ അവസ്ഥയാണെന്ന് സൂചിപ്പിക്കാതെ വയ്യ. അതിനുവേണ്ടി നിങ്ങൾ എന്തെല്ലാം പറഞ്ഞുകൂട്ടുന്നു. ഞാൻ അത്ഭുതപ്പെട്ടുപോയി. ബഹുമാന്യനായ എം.എ. ബേബി ഒരഭിപ്രായം പറഞ്ഞു. 'മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്' എന്ന് കാറൽ മാർക്സ് പറഞ്ഞതിനെ അദ്ദേഹം വേറൊരു തലത്തിൽ വ്യാഖ്യാനിച്ചു. അദ്ദേഹം പറഞ്ഞുവന്നത് മതം നിഷേധിക്കുന്നില്ല എന്നുള്ള രീതിയിൽ പോലും കാറൽ മാർക്സ് മതത്തെ നിഷേധിക്കാതെയാണ് പറഞ്ഞത്. കറുപ്പിന് ഒരുപാട് ഗുണങ്ങളുണ്ട്. മതത്തിനും അതിന്റേതായ ഗുണങ്ങളുണ്ട് എന്നൊക്കെ വ്യാഖ്യാനിച്ചുവന്നപ്പോൾ യഥാർത്ഥത്തിൽ അദ്ദേഹത്തിൽ നിന്നും പ്രതീക്ഷിച്ച കാര്യമല്ല അത്. എന്തിനാണ് ഇങ്ങനെ, മതത്തിന്റെ പേരിൽ രാജ്യം മുഴുവൻ പ്രശ്നങ്ങളുണ്ടാക്കി കൊണ്ടിരിക്കുന്നത്; ഭരണകൂടം തന്നെ മതത്തിനുവേണ്ടി, മതത്തിന്റെ പേര് പറഞ്ഞ് അധികാരത്തിൽ തുടരുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തി കൊണ്ടിരിക്കുകയാണ്. അതിനെതിരായ നിലപാട് എടുക്കുന്നതിന് പകരം നിങ്ങൾ അതിന്റെ വക്താക്കളായി വരുന്നുവെന്ന് പറയുന്നത് ഭൂഷണമല്ലെന്നുമാത്രമേ പറയുന്നുള്ളൂ.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, മതം ഉണ്ടാക്കാനുള്ള ഭൗതിക സാഹചര്യം നിലനിൽക്കുന്നിടത്തോളം കാലം മതമുണ്ടാകും. ആ ഭൗതികസാഹചര്യങ്ങൾ മാറ്റിത്തീർക്കാനാണ് ഇടതുപക്ഷക്കാരും പുരോഗമന വാദികളുമെല്ലാം പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിന് മനുഷ്യന്റെ ബോധത്തിൽ മാറ്റം വരുത്താൻ, ചിന്തയിൽ ശാസ്ത്രബോധം വളർത്തിയെടുക്കാനുള്ള നടപടികൾ വേണം. മതം ഒരാളുടെ വ്യക്തിപരമായ പ്രശ്നമാണ്. അതിനകത്ത് കടന്ന് അതിനെ ദുർവ്യാഖ്യാനിച്ച് ദൈവവിശ്വാസത്തെ ദുരുപയോഗപ്പെടുത്താൻ ആർ.എസ്.എസ്.,

സംഘ് പരിവാർ പരിശ്രമിക്കുന്നു. ആ സംഘ് പരിവാറിന്റെ പരിശ്രമത്തെ ദുർബലപ്പെടുത്താനുള്ള നടപടികളാണ് ഇടതുപക്ഷം കേരളത്തിൽ സ്വീകരിക്കുന്നത്. അത് നടത്താൻ നിങ്ങളുടെ പാർട്ടിക്ക് സാധിക്കാത്തതിന് ഞങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളെ ആക്ഷേപിക്കരുത്. ആർ.എസ്.എസ്., സംഘ്പരിവാറിന്റെ പിടിയിൽ നിന്ന് ദൈവത്തെയും ദൈവവിശ്വാസികളുടെ ആഗ്രഹത്തെയും സാക്ഷാത്കരിച്ചെടുക്കാനും ദൈവത്തെ ആർ.എസ്.എസ്.-ൽ നിന്ന് മോചിപ്പിച്ചെടുക്കാനും ജനങ്ങൾക്ക് ഇഷ്ടമുള്ളതുപോലെ അവരുടെ വിശ്വാസത്തിനനുസരിച്ച് പ്രാർത്ഥിക്കാനുള്ള സ്വാതന്ത്ര്യം കാത്തു സൂക്ഷിക്കാനുമാണ് ഇടതുപക്ഷക്കാർ പരിശ്രമിക്കുന്നത്.

പ്രൊഫ. കെ. യു. അരുണൻ: സർ, മാർക്സ് പറഞ്ഞതിനെയാണ് ശ്രീ. എം. എ. ബേബി ക്വാട്ട് ചെയ്തത്. മാർക്സ് പറഞ്ഞത് 'മതം ഹൃദയശൂന്യമായ ലോകത്തിന്റെ ഹൃദയമാണ്. ആത്മാവില്ലാത്ത ലോകത്തിന്റെ ആത്മാവാണ്, പക്ഷേ മതം അവസാനം മനുഷ്യനെ മയക്കുന്ന കറുപ്പാണ്' എന്നാണ്. ഹൃദയശൂന്യമായ ലോകത്തിന്റെ ഹൃദയമാണ് എന്നുപറയാനുള്ള യുക്തി, ആത്മാവില്ലാത്ത ലോകത്തിന്റെ ആത്മാവായി വർത്തിക്കും മതം എന്നുപറഞ്ഞത്, പക്ഷേ മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്. ഇതാണ് മാർക്സിന്റെ ഉദ്ധരണി. അതാണ് ശ്രീ. എം. എ. ബേബി ന്യായീകരിച്ചത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാന്യനായ ഇ.പി. ജയരാജൻ പറഞ്ഞ ഒരു കാര്യത്തെക്കുറിച്ച് ഞാൻ പറഞ്ഞോട്ടെ. ആർ.എസ്.എസ്.-ന്റെ നിലപാടുകൾക്കെതിരെ ശക്തമായ നിലപാട് എടുക്കുന്നതിനുവേണ്ടിയാണ് ഇത്തരത്തിലുള്ള മതപരമായ ഇടപെടൽ നടത്തുന്നുവെന്ന് നിങ്ങൾ സൂചിപ്പിച്ചത്. ഇടതുപക്ഷത്തിന് അതിന് പരിമിതികളുണ്ടെന്നാണ് ഞാൻ സൂചിപ്പിച്ചത്. വിശ്വാസം/മതം എന്നുപറയുന്നതിൽ യുക്തിക്ക് പ്രസക്തിയില്ല. യുക്തിയുണ്ടോ; ഇല്ലല്ലോ; പക്ഷേ നിങ്ങൾക്ക് യുക്തിക്ക് അപ്പുറത്ത് യുക്തിയില്ലാതെ പോകാൻ കഴിയുമോ; യുക്തിക്ക് പ്രസക്തിയില്ലാത്ത ഒരു വിഭാഗം ആളുകൾ മതത്തെ അതിന്റേതായ കാര്യങ്ങൾക്ക് വിനിയോഗിക്കുമ്പോൾ യുക്തിയെ മുൻനിർത്തിക്കൊണ്ട് നിങ്ങൾക്ക് അതിനെ നേരിടാം എന്നുപറഞ്ഞു, അത് നടക്കില്ല. അതുകൊണ്ട് ഇത്തരം ഇടപെടലുകൾ നടത്താതെ മതേതര നിലപാടുകൾ എടുത്തുകൊണ്ട് മതത്തെ ദുർവിനിയോഗം ചെയ്യുന്നുവെന്ന് ബോധ്യപ്പെടുത്താനുള്ള ശ്രമമാണ് നടത്തേണ്ടത്. അതല്ല, ബി.ജെ.പി. എന്ത് ചെയ്യുന്നോ അത് നിങ്ങളും ചെയ്യുന്നു. യഥാർത്ഥത്തിൽ കണ്ണൂരിലും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള നിങ്ങളുടെ സംഘർഷങ്ങൾ എന്താണ്; കഴിഞ്ഞ കുറെ കാലങ്ങളായി ഹിന്ദു മത വിശ്വാസത്തിന്റെ ഒരു വലിയ വോട്ട് ബാങ്ക് നിങ്ങൾ എടുത്തിട്ടുണ്ട്, ഇല്ലായെന്ന് ഞാൻ പറയുന്നില്ല. പക്ഷെ അതിലേയ്ക്കാണ്

ബി.ജെ.പി. കയറിവരുന്നത്. അവിടെ ചോർച്ചയുണ്ടാകുമ്പോൾ അതിനെ പിടിച്ചു നിർത്താനുള്ള സംഘർഷമാണ് നടത്തുന്നത്. അല്ലാതെ വേറൊന്നുമല്ല. നിങ്ങളുടെ അടിത്തറ നഷ്ടപ്പെടുമ്പോൾ, ബി.ജെ.പി.-യിലേയ്ക്ക് കോൺഗ്രസ് പോകുന്നുവെന്ന് പറഞ്ഞാലും കണ്ണൂരും കാസർഗോഡുമൊക്കെ എടുത്ത് നോക്കിക്കഴിഞ്ഞാൽ അവിടത്തെ ഹിന്ദുമത വിശ്വാസികളിൽ ബി.ജെ.പി.-യിലേയ്ക്കുള്ള കൊഴിഞ്ഞു പോക്ക്, അല്ലെങ്കിൽ ആ ഒരു ചിന്ത അവരിലേയ്ക്ക് വന്നിട്ടുണ്ടെങ്കിൽ അത് സി.പി.ഐ.(എം.)-ന്റെ ഇടയിൽ ഉണ്ടായിട്ടുള്ളതാണ്. അത് തടഞ്ഞുനിർത്താനുള്ള സംഘർഷമാണല്ലോ നിങ്ങൾ നടത്തി ക്കൊണ്ടിരിക്കുന്നത്. അതിന്റെ പേരിലാണല്ലോ അക്രമങ്ങളും നടന്നു കൊണ്ടിരിക്കുന്നത്. ആ രീതിയിൽ പോയിക്കഴിഞ്ഞാൽ അപകടമാ ണെന്നാണ് ഞാൻ സൂചിപ്പിച്ചിട്ടുള്ളത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> 15 മിനിട്ട് കഴിഞ്ഞു.

<u>ശ്രീ. സി. കെ. നാണു:</u> സർ, നമ്മൾ പറയുന്ന രാഷ്ട്രീയ സംഘടനകൾക്കും എത്രയോ വർഷങ്ങൾക്കുമുമ്പ് ഇന്ത്യയിൽ ക്ഷേത്രങ്ങളുണ്ട്. സ്വാതന്ത്ര്യ സമരകാലത്ത് കേരളത്തിൽ ഈ ക്ഷേത്രങ്ങളിൽ ഹിന്ദുമതത്തിലെ ബഹുഭൂരിപക്ഷം ആളുകൾക്ക് പോകാനുള്ള അവസരമുണ്ടാക്കാനുള്ള സമരമാണ് നടന്നത്. അത് ആര് നടത്തി, നേതൃത്വം കൊടുത്തുവെന്നുള്ളതൊക്കെ വേറെ കാര്യം. ഇവിടെ തിരുവിതാംകൂർ ദേവസ്വവും കൊച്ചിൻ ദേവസ്വവും ഗുരുവായൂർ ദേവസ്വവും കൂടൽമാണിക്യം ദേവസ്വവും ഉണ്ടായിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തിൽ അധികാരത്തിലിരിക്കുന്ന അവസരത്തിലാണ് മലബാർ ദേവസ്വം രൂപീകരിക്കുന്നത്. ശ്രീ. വയലാർ രവിയുടെ മകന്റെ കല്യാണം ഗുരുവായൂർ ക്ഷേത്രത്തിൽ വച്ച് നടത്തിയപ്പോൾ ക്രിസ്ത്യാനിയുടെ മകനായതിന്റെ പേരിൽ ബഹളമുണ്ടായി.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ക്രിസ്ത്യാനിയുടെ മകനെന്ന് പറയരുത്. ശ്രീ. വയലാർ രവിയുടെ മകനെന്ന് പറയുന്നതാണ് ശരി.

<u>ശ്രീ. സി. കെ. നാണു:</u> സർ, ശ്രീ. വയലാർ രവിയുടെ മകൻ എന്നാണ് പറഞ്ഞത്. ശ്രീ. വയലാർ രവിയുടെ മകന് പ്രശ്നമുണ്ടായപ്പോൾ വി. ആർ. കൃഷ്ണ അയ്യരും മാധവമേനോനുമടക്കം ഇടപെട്ട് അത് ശരിയല്ലെന്ന് പറഞ്ഞു. കേരളത്തിൽ പല ക്ഷേത്രങ്ങളിലും പല സംവിധാനമാണ്, അതാണിപ്പോൾ നിലനിൽക്കുന്നത്. ഇവിടെ മാർക്സിസ്റ്റ് പാർട്ടിക്ക് ഭരണത്തിൽ പങ്കാളിത്തമുണ്ടായിട്ടു പോലും ബലമുപയോഗിച്ചുകൊണ്ടോ വേറൊരു തരത്തിലോ അതിനെതിരെ ആരും സജീവമായി രംഗത്തുവന്നിട്ടില്ല. ഇവിടെ ഒരു ജനാധിപത്യ ഗവൺമെന്റ് വന്ന്, ചിലപ്പോൾ കോൺഗ്രസ്സായിരിക്കും ലീഡർഷിപ്പ്, ചിലപ്പോൾ സി.പി.ഐ.(എം.)

ആയിരിക്കും ലീഡർഷിപ്പ്. പക്ഷെ, അവരെല്ലാം മതത്തിന്റെ സ്വഭാവങ്ങൾ തകർക്കുന്ന രൂപത്തിലേയ്ക്ക് വന്നിട്ടില്ല. എന്നെ സംബന്ധിച്ചിടത്തോളം മതപരമായത് നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നു. അത് നൂറ്റാണ്ടുകളായി ഇന്ത്യയുടെ മാത്രമല്ല, ലോകത്തിൽ വിവിധ രാജ്യങ്ങളിലും മതങ്ങളുണ്ട്. ആ മതങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും തമ്മിൽ ഏറ്റുമുട്ടുന്നത് ഗുണമാണോ ദോഷമാണോയെന്ന് ലോക രാഷ്ട്രത്തിന്റെയും ചരിത്രം ബോദ്ധ്യപ്പെടുത്തും. പക്ഷെ, ഇവിടെ മലബാർ ദേവസ്വം ബോർഡ് വന്നതിനുശേഷമാണ് ക്ഷേത്രത്തിലെ ജീവനക്കാർക്ക് ജീവിക്കാനാവശ്യമായ എന്തെങ്കിലും ചെറിയ വരുമാനം, മാല കെട്ടുന്നവന് മുതൽ ലഭിച്ചത്. മലബാർ ദേവസ്വം അത്രയും പ്രധാനപ്പെട്ടതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്..... പ്ലീസ്.....

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഇ. പി. ജയരാജൻ സംസാരിച്ചപ്പോൾ കോൺഗ്രസ്സിന് ഇക്കാര്യത്തിൽ വ്യക്തമായ നയമില്ലെന്ന് പറഞ്ഞു. കോൺഗ്രസ് ഉയർത്തിപ്പിടിക്കുന്ന മതേതരത്വം വളരെ വ്യത്യസ്തമാണ്. അത് കാറൽ മാർക്സോ പാശ്ചാത്യലോകമോ പറയുന്ന മതേതരത്വമല്ല. അത് rejection of religion അല്ല. ഇന്ത്യയുടെ ആർഷഭാരത പശ്ചാത്തലവും മതപരമായ പശ്ചാത്തലവുമെല്ലാം ഉൾക്കൊണ്ടുകൊണ്ട് അത് inclusive ആണ്. എല്ലാ മതങ്ങൾക്കും ഇവിടെ പ്രവർത്തിക്കാനും അവരുടെ വിശ്വാസങ്ങൾക്കനുസരിച്ച് ജീവിക്കാനും അവരുടെ മതവിശ്വാസങ്ങൾ പ്രചരിപ്പിക്കാനും സ്വാതന്ത്ര്യം നൽകിക്കൊണ്ടുള്ള inclusive ആണ്. അതുകൊണ്ട് മതവിശ്വാസമെന്ന് പറയുന്നത് ഒരു പാപമല്ല. മതവിശ്വാസം അംഗീകൃതമാണ്. ഭരണഘടനാപരമായി പിന്തുണ കൊടുക്കുന്ന ഒന്നാണ്. ഇവിടെ കമ്മ്യൂണിസ്റ്റ് പാർട്ടി, സി.പി.ഐ.(എം.) നടത്തുന്ന പ്രചരണത്തിന്റെ ഭാഗമായി കാവി ഉടുത്തവരെല്ലാം ബി.ജെ.പി.-ക്കാരാണ്. അമ്പലത്തിൽ പോകുന്നവരെല്ലാം ബി.ജെ.പി.-ക്കാരാണ് എന്ന ലൈനിലുള്ള ഒരു പ്രചരണം ഇപ്പോൾ കേരളത്തിൽ നടക്കുന്നു. ഇത് യഥാർത്ഥത്തിൽ ബി.ജെ.പി.-ക്ക് ആളെ ഉണ്ടാക്കിക്കൊടുക്കുന്ന ഏർപ്പാടാണ്. അത് ഒരു കാരണവശാലും കോൺഗ്രസ്സിന് സ്വീകാര്യമല്ലായെന്ന കാര്യം ബഹുമാനപ്പെട്ട അങ്ങേയ്ക്ക് അറിയാമോ;

ശ്രീ. എ. പി. അനിൽ കുമാർ: സർ, തീർച്ചയായും അറിയാം.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്...... പ്ലീസ്......

ശ്രീ. ഇ. പി. ജയരാജൻ: സർ, പഞ്ചാബിലെ ക്ഷേത്രങ്ങൾ തീവ്രവാദികളുടെ പരിശീലന കേന്ദ്രമാണ്. നമ്മുടെ പല ക്ഷേത്രങ്ങളും ആർ.എസ്.എസ്., സംഘ്പരിവാറുകാരുടെ പ്രവർത്തനകേന്ദ്രമായും ആയുധപരിശീലന കേന്ദ്രമായും മാറ്റിയിരിക്കുന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ;

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, ഞാൻ അവസാനിപ്പിക്കുകയാണ്.

<u>ശ്രീമതി യു. പ്രതിഭ ഹരി:</u> സർ, കോൺഗ്രസ് മതേതരത്വ പാർട്ടിയാണെന്ന് ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. പറഞ്ഞു. അതിൽ സംശയമില്ല. ആ മതേതരത്വം നഷ്ടപ്പെടുന്നതാണ് ഞങ്ങളുടെയെല്ലാം ആശങ്ക. പള്ളി പൊളിച്ച് അമ്പലം പണിയുന്നതിനുവേണ്ടി ഇന്ത്യയിൽ വലിയ രൂപത്തിലുള്ള പ്രശ്നമുണ്ടായപ്പോൾ ഈ മതേതര പാർട്ടിയുടെ കൈ എവിടെപ്പോയി. പൂപറിക്കാൻ പോയോ;

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, ഞാൻ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ശ്രീ. സി. കെ. നാണു ഇവിടെ സൂചിപ്പിച്ച ഒരു കാര്യം നമ്മൾ അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ളവരും ആലോചിക്കേണ്ടതാണ്. ഇന്നത്തെ ഒരു സാഹചര്യം, നമ്മുടെ കേരളത്തിലാണ് ഏറ്റവും വലിയ സാമൂഹിക മാറ്റങ്ങളും മുന്നേറ്റങ്ങളും ഉണ്ടായിട്ടുള്ളത്. പക്ഷെ ഐക്യ കേരള രൂപീകരണത്തിനുശേഷം ഒരു ജനകീയ ഗവൺമെന്റ് വന്നപ്പോൾ, നിലവിലുള്ള കാര്യങ്ങളിൽ മാറ്റം വരുത്തുവാൻ മാറിമാറി വരുന്ന ഒരു ഗവൺമെന്റും തുനിയുന്നില്ല. കൂടുതൽ സങ്കീർണ്ണതയുടെയും സങ്കുചിതത്വത്തിന്റെയും ഭാഗത്തേയ്ക്ക് പോയി കൊണ്ടിരിക്കുകയാണ്. കേരളത്തിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനുമുമ്പുള്ള കാലഘട്ടത്തിലെ സാമൂഹിക നവോത്ഥാനവും സാമൂഹിക പരിഷ്കർത്താക്കളും നടത്തിയ മാറ്റങ്ങളാണ്. ഇപ്പോൾ ഗുരുവായൂർ അമ്പലത്തിൽപ്പോലും നടക്കുന്ന ഇത്തരം പ്രവണതകൾക്കെതിരെ, കേരളത്തിൽ ഇടതുപക്ഷം ശക്തമാണെന്ന് പറയുന്ന, വലതുപക്ഷത്തിന്റെ ഭാഗത്ത് വീഴ്ചയുണ്ടെങ്കിൽ എന്തുകൊണ്ട് ഇടതുപക്ഷം അത്തരം കാര്യങ്ങളിൽ നിലപാട് എടുക്കുന്നില്ല; ഇടതുപക്ഷമായാലും വലതുപക്ഷമായാലും മതങ്ങളെയൊന്നും ഡിസ്റ്റർബ് ചെയ്യേണ്ട, അവരുടെ അനാചാരങ്ങളായാലും അവരുടെ തെറ്റുകളായാലും അതൊക്കെ അംഗീകരിച്ച് ഒരു തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമായുള്ള വോട്ട് ബാങ്ക് മാത്രമാണ് എല്ലാവരും ലക്ഷ്യമിടുന്നത്. അതുകൊണ്ട് കേരളത്തിൽ വല്ലതും നടന്നിട്ടുണ്ടെങ്കിൽ അത് മുൻകാലങ്ങളിൽ നടത്തിയ മാറ്റമല്ലാതെ, 1957-നുശേഷം കേരളത്തിൽ അത്തരത്തിൽ ഒരു മാറ്റം വരുത്താൻ ആരും അനുവദിക്കില്ല. ശ്രീ. സി. കെ. നാണു സൂചിപ്പിച്ചതുപോലെ ഗുരുവായൂർ അമ്പലത്തിൽ യോജിക്കാൻ കഴിയാത്ത ഒരുപാട് കാര്യങ്ങൾ ഉണ്ടാകുന്നില്ലേ; എന്തുകൊണ്ടാണ് എതിർക്കാത്തത്; അതിലപ്പുറവും ഇപ്പുറവും ഒരുമിച്ച് നിൽക്കുകയാണ്. അത്തരം കാര്യങ്ങളിൽ ഒരു മാറ്റമുണ്ടാകണമെങ്കിൽ ഇടതുപക്ഷമായാലും വലതുപക്ഷമായാലും ശക്തമായ നിലപാട് എടുക്കാനുള്ള തന്റേടം കാണിക്കണമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതല്ലാതെ, അധികാര സ്ഥാപനങ്ങൾ, മതത്തിന്റേതായാലും

അമ്പലത്തിന്റേതായാലും അത് എങ്ങനെ പിടിച്ചെടുക്കാം, അവിടെ എങ്ങനെ ആളെ കയറ്റാമെന്ന് നോക്കാതെ അതെങ്ങനെ നവീകരിക്കാം, കാലത്തിനനുസരിച്ചുള്ള സാമൂഹിക മാറ്റം അവിടെ എങ്ങനെ ഉണ്ടാക്കാമെന്നതിനെക്കുറിച്ച് ഈ ഗവൺമെന്റ് ആലോചിക്കണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എസ്. ശർമ്മയ്ക്കുവേണ്ടി ശ്രീ. എം. രാജഗോപാലൻ: സർ, 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-03-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വളരെ ന്യായയുക്തവും അതിലുപരി സദുദ്ദേശപരവുമായുള്ള ലക്ഷ്യത്തോടെയാണ് ഈ ബിൽ ഇവിടെ പൈലറ്റ് ചെയ്യപ്പെട്ടിരിക്കുന്നത്. ഇതിന്റെ വിഷയത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് കമ്മ്യൂണിസ്റ്റുകാരുടെ മതത്തോടുള്ള സമീപനത്തെക്കുറിച്ചാണ് ഇവിടെ വിവാദം നടന്നുകൊണ്ടിരിക്കുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അല്ലെങ്കിൽ ഇടതുപക്ഷ പാർട്ടികൾക്ക് വളരെ വ്യക്തമായ കാഴ്ചപ്പാടാണ് ഇക്കാര്യത്തിലുള്ളത്. ഞങ്ങളുടേത് ഒരു മതവിരോധ പ്രസ്ഥാനമല്ല, ഒരു ദൈവവിരോധ പ്രസ്ഥാനമല്ല. പക്ഷെ മതത്തെ വർഗ്ഗീയവൽക്കരിക്കുന്നതിനെതിരായുള്ള നിലപാടാണ് ഞങ്ങൾ സ്വീകരിക്കാറുള്ളത്. മതവും രാഷ്ട്രീയവും കൂട്ടിക്കലർത്തുന്നതിന് എതിരായുള്ള സമീപനമാണ് ഞങ്ങൾ സ്വീകരിക്കാറുള്ളത്. വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള സംഘർഷം മൂർച്ഛിപ്പിക്കുകയെന്നത് യുക്തിവാദമാണ്. ഞങ്ങളുടേത് മാർക്സിസമാണ്. അതുകൊണ്ട് വളരെ വ്യക്തമായ മതനിരപേക്ഷതയുടെ രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനം ഈ രാജ്യത്ത് ജീവിക്കുന്ന ദൈവവിശ്വാസികളുടെയും മത വിശ്വാസികളുടെയുമെല്ലാം വിശ്വാസം സംരക്ഷിക്കുവാനുള്ള ഏറ്റവും ശക്തമായ ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന് സഹായകരമായ രീതിയിലുള്ള നിയമനിർമ്മാണത്തിനാണ് നേതൃത്വം നൽകിവരുന്നത്. മഹത്തായ ഒരു ചരിത്രവും സാംസ്കാരിക പൈതൃകവുമുള്ള കേരള സംസ്ഥാനത്തിന്റെ ഉത്തരഭാഗം ഉൾക്കൊള്ളുന്നതും നിരവധി ചരിത്ര സംഭവങ്ങൾ എന്ന് തോന്നിക്കുന്ന കാൽപ്പനിക കഥകൾക്ക് സാക്ഷ്യംവഹിക്കുന്നതുമായ നൂറ്റാണ്ടുകൾ പഴക്കമുള്ള ക്ഷേത്രങ്ങൾ, വൈവിധ്യമാർന്ന ക്ഷേത്ര കലകൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവയെല്ലാം ക്ഷേത്രാരാധനയുമായി ഇഴുകിച്ചേർന്ന് കിടക്കുന്ന മലബാർ പ്രദേശം പുരോഗമന ശക്തികളുടെ വിളനിലമായും അനുഷ്ഠാന വൈവിധ്യംകൊണ്ടും പുരാവൃത്തങ്ങളുടെ ബഹുസ്വരതകൊണ്ടും സവിശേഷമായി അടയാളപ്പെടുത്തിയിട്ടുണ്ടെന്നത് അനന്തർക്കിതമാണ്. മാറ്റത്തിന്റെ കുത്തൊഴുക്കിൽ

വികസനോന്മുഖമായ കാഴ്ചപ്പാടുകളിലൂടെ നോക്കിക്കാണേണ്ട ക്ഷേത്രങ്ങളും മതസ്ഥാപനങ്ങളും എഴുപത് വർഷങ്ങളോളം മുമ്പ് നിലവിലുണ്ടായിരുന്ന സാമൂഹിക ജീവിത സാഹചര്യങ്ങൾക്ക് അനുസൃതമായി 1951-ൽ തയ്യാറാക്കപ്പെട്ട ഒരു നിയമത്തിൻ കീഴിൽ ആധുനിക കാലത്ത് നടത്തപ്പെടുന്നത് കെടുകാര്യസ്ഥതയും വികലവുമാണെന്നത് തർക്കത്തിന് അതീതമാണ്. തീർച്ചയായും ഈ ഒരു നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് നിയമങ്ങളെ എല്ലാം കാലോചിത മാക്കുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും അതിനാവശ്യമായ ഭേദഗതികളുമെല്ലാം നിർദ്ദേശിക്കപ്പെടുന്നത്.

1872-ലും 1927-ലുമാണ് മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരിക്കുന്ന മലബാറിലെ ക്ഷേത്രങ്ങൾക്കുകൂടി ബാധകമാകുന്ന തരത്തിൽ അന്നത്തെ മദ്രാസ് നിയമസഭയുടെ നിയമനിർമ്മാണങ്ങൾ നടന്നിട്ടുള്ളത്. ഈ രണ്ട് നിയമ നിർമ്മാണങ്ങളും ഒട്ടും അനുയോജ്യവും ആധുനികവുമായിരുന്നില്ല. അതിനേക്കാളേറെ കാലോചിതവുമായിരുന്നില്ല. എങ്കിലും നിയമമുണ്ടായിരുന്നു. പിന്നീട് 1949-ലാണ് മദ്രാസ് പ്രൊവിൻസിൽ സർ സി. പി. രാമസ്വാമി റെഡ്ഡിയാർ പ്രധാനമന്ത്രി ആയിരിക്കുമ്പോൾ, അദ്ദേഹം ഈ വകുപ്പിന്റെ മന്ത്രി കൂടി ആയിരുന്നു, പുതിയ ഭേദഗതി നിയമം കൊണ്ടുവന്നത്. അതിനുശേഷം ഇന്ത്യൻ ഭരണഘടനയ്ക്ക് വിധേയമായി മതപരവും ഭരണപരവുമായ പൗരാവകാശങ്ങൾ ഉറപ്പു വരുത്തുന്നതിനായി 1951 ആഗസ്റ്റ് 28-നാണ് The Madras Hindu Religious and Charitable Endowment Act നിലവിൽ വന്നത്. തമിഴ്നാട് പൂർണ്ണമായും, അവിഭക്ത ആന്ധ്രയുടെ പ്രധാനപ്പെട്ട ഭാഗങ്ങൾ, കർണ്ണാടകയുടെ പ്രധാന ഭാഗങ്ങൾ, കേരളത്തിന്റെ പകുതിയോളം ഭാഗം, കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ ജില്ലയുടെ കുറച്ചുഭാഗം എന്നീ സ്ഥലങ്ങൾ ഈ ബില്ലിന്റെ പരിധിയിൽ ആയിരുന്നു. 1954, 1959, 1963, 1967, 1968, 1981, 2008 എന്നീ വർഷങ്ങളിൽ ഇതിന്റെ പരിധിയിൽ ഉൾപ്പെടുന്ന കേരളം ഒഴികെയുള്ള സംസ്ഥാനങ്ങൾ പ്രധാന ഭേദഗതികൾ വരുത്തുകയുണ്ടായി. 1959-ൽ തമിഴ്നാടും 1963-ൽ കർണ്ണാടകയും ഇതിൽ ഭേദഗതി വരുത്തിയ സംസ്ഥാനങ്ങളാണ്. കാലപ്പഴക്കം ചെന്ന ബിൽ കാലോചിതമാക്കേണ്ടത് അനിവാര്യമായിത്തീർന്നു. സാംസ്കാരിക രീതി മാറി. കാര്യങ്ങൾ കാലോചിതമാകേണ്ടതുണ്ട്, ജനകീയത കൈവന്നു. കാലാനുസൃതമായ മാറ്റം വരുത്താൻ മറ്റു സംസ്ഥാനങ്ങൾ ഭേദഗതി കൊണ്ടുവന്ന സാഹചര്യമായിരുന്നു.

കേരളത്തിന്റെ പകുതിയോളം ജില്ലകൾ ഈ ആക്ടിന്റെ പരിധിയിലാണ്. ക്ഷേത്ര ഭരണവുമായി ബന്ധപ്പെട്ട് കൂടുതൽ ജനകീയത കൈവരിച്ചുകൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഈ പ്രത്യേകതകൾ കണക്കിലെടുത്ത് ഭേദഗതി

അനിവാര്യമാണ്. 1951-ന് മുമ്പ് പ്രത്യേക ബോർഡുകളായിരുന്നു. ഒരു ഘട്ടത്തിൽ ബഹുമാനപ്പെട്ട കോടതിയുടെ പരാമർശത്തെ തുടർന്ന് ആക്ടിന് രൂപം കൊടുക്കുകയാണ് ഉണ്ടായത്. ഭരണഘടനയ്ക്ക് വിധേയമായും മതപരമായ അവകാശ സംരക്ഷണത്തെക്കുറിച്ച് പറയുന്നുണ്ടെങ്കിലും ഒരു തരത്തിൽ കേന്ദ്രീകരണവും അനുഭവപ്പെടുകയുണ്ടായി. ഈ ഒരു വൈരുദ്ധ്യം പണ്ടുമുതലേ ഉണ്ടായിരുന്നു. ഒരു ഘട്ടത്തിൽ ഉടുപ്പി ക്ഷേത്രം ഇതുസംബന്ധിച്ച് കോടതിയെ സമീപിക്കുന്ന സ്ഥിതി തന്നെയുണ്ടായി. ഭരണഘടനാ വിരുദ്ധമായ നിലയിൽ വർഷങ്ങളായി നിലനിന്നിരുന്ന വിവേചനം (discrimination) അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയെ തുടർന്നാണ് മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കാൻ ഇടയായത്. ഇതുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകൾ ഈ സഭാതലത്തിൽ നടന്നതാണ്. പഴയ രേഖകൾ പരിശോധിക്കുകയാണെങ്കിൽ അപ്പുറത്ത് പ്രതിപക്ഷത്തുള്ള ബഹുമാനപ്പെട്ട ശ്രീ. വി. ഡി. സതീശൻ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, മുൻ എം.എൽ.എ. ശ്രീ. പി. ജയരാജൻ, മുൻ ദേവസ്വം വകുപ്പുമന്ത്രി കൂടിയായ ശ്രീ. ജി. സുധാകരൻ എന്നിവരുടെയെല്ലാം കാര്യമാത്രപ്രസക്തവും ഗഹനവുമായ ചർച്ചകളാണ് മുൻ കാലങ്ങളിൽ ഈ സഭയിൽ നടന്നിട്ടുള്ളതെന്നാണ് സഭാ രേഖകൾ വ്യക്തമാക്കുന്നത്. എന്നിട്ടും നമുക്ക് ഫലപ്രദവും കാര്യക്ഷമവുമായ രീതിയിൽ ഇതിൽ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. 1956-ൽ സംസ്ഥാന രൂപീകരണം, 2008 വരെ നിയമ വ്യവസ്ഥയിൽ അടിസ്ഥാനപരമായിട്ടുള്ള മാറ്റത്തെക്കുറിച്ചോ കാലോചിതമാക്കുന്നതിനെ ക്കുറിച്ചോ ചിന്തിച്ചതേയില്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട അപകടം. ആ അർത്ഥത്തിൽ അതിന്റെ പരിഹാരം എന്നുള്ള നിലയിലാണ് മലബാർ ദേവസ്വം ബോർഡിനെക്കുറിച്ച് ആലോചിച്ചത്.

ശമ്പള വിവേചനം ഏറ്റവും കൂടുതൽ നിലനിൽക്കുന്ന കാലയളവായിരുന്നു അത്. മലബാറിലെ ക്ഷേത്രങ്ങളിൽ നിത്യവൃത്തിക്കുപോലും ഗതിയില്ലാത്ത ക്ഷേത്ര ജീവനക്കാർക്ക് ന്യായമായ ശമ്പളവും ആനുകൂല്യങ്ങളും ഉറപ്പുവരുത്താൻ മലബാർ ദേവസ്വം ബോർഡ് രൂപീകരണത്തോടെ കഴിഞ്ഞു എന്നത് അഭിമാനത്തോടുകൂടി നമുക്ക് പറയാൻ കഴിയും. എല്ലാം പരിഹരിച്ചു എന്നുള്ള അഭിപ്രായമില്ല. ക്ഷേത്രം ജീവനക്കാർക്ക് പ്രതിമാസം കേവലം 6 രൂപയും കമ്മീഷണർക്ക് 14,000 രൂപയും ശമ്പളം വാങ്ങുന്ന തരംതിരിവ് ആയിരുന്നു discrimination എന്ന വിലയിരുത്തലിലേയ്ക്കും നിഗമനത്തിലേയ്ക്കും അന്ന് കോടതിയെ കൊണ്ടു ചെന്നെത്തിച്ചത്. ബോർഡ് രൂപീകരിക്കുക വഴി നൂറ് കണക്കിന് ക്ഷേത്ര ജീവനക്കാർക്ക് ജീവിക്കാനുള്ള തുക ഉറപ്പുവരുത്താനും അതുവഴി പാവപ്പെട്ട

ജീവനക്കാരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ് 2008-ലാണ് എൽ.ഡി.എഫ്. ഗവൺമെന്റ് രൂപീകരിച്ചതെന്നുള്ളത് ശ്രദ്ധേയമാണ്. 2008-ൽ മലബാർ ദേവസ്വം ബോർഡിന് കീഴിൽ 1339 ക്ഷേത്രങ്ങൾ ഉണ്ട്. മലബാറിലെ ക്ഷേത്രങ്ങളെല്ലാം കൂടി ചേർത്ത് മദ്രാസ് പ്രവിശ്യയുടെ ഭാഗമായി 2200-ഓളം ഉണ്ടായിരുന്നു. 600-നും 700-നും ഇടയ്ക്കുള്ള ക്ഷേത്രങ്ങൾ സ്വകാര്യ ക്ഷേത്രങ്ങളായിരുന്നു. 1339 എണ്ണം അതുകഴിച്ച് ബാക്കിയുള്ളവയാണ്. മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചതിന്റെ ഫലമായി ജീവനക്കാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ഒരു പരിധിവരെ സാധിച്ചു. ജീവനക്കാരുടെ ജോലിഭാരം, ക്ഷേത്രങ്ങളുടെ വാർഷിക വരുമാനം എന്നിവയെ അടിസ്ഥാനപ്പെടുത്തി ഗ്രേഡ് നിശ്ചയിക്കാൻ കഴിഞ്ഞു. അങ്ങനെ എ, ബി, സി, ഡി ഗ്രേഡ് തിരിച്ചു. ഒന്നാമത്തെ ഗ്രേഡിൽ 62 ക്ഷേത്രങ്ങളും രണ്ടാമത്തെ ഗ്രേഡിൽ 246 ക്ഷേത്രങ്ങളും മൂന്നാമത്തെ ഗ്രേഡിൽ 1031 ക്ഷേത്രങ്ങളുമാണുള്ളത്. ക്ഷേത്രങ്ങളെ മൂന്ന് ഗ്രേഡുകളായി നിശ്ചയിച്ചുകൊണ്ടുള്ള തീരുമാനംവഴി ശമ്പള ഘടനയിൽ ഒരു പരിധിവരെ തുല്യ ജോലിക്ക് തുല്യ വേതനം എന്ന മാനദണ്ഡം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിൽ 1339 ദേവസ്വങ്ങളും 800 ഓളം മൈനർ ക്ഷേത്രങ്ങളും നിലവിലുള്ളപ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ 1198 ദേവസ്വങ്ങൾ മാത്രമാണ് നിലവിലുള്ളത്. ബോർഡ് 2008-ൽ നിലവിൽ വരുമ്പോൾ സേവനം തുടർന്നിരുന്നതും 02-10-2008-ൽ സർവ്വീസ് പൂർത്തിയാക്കുകയും ചെയ്തിരുന്ന അത്യാവശ്യമായ തസ്തികകൾ കൂടാതെ അടിസ്ഥാന തസ്തികകൾ കൂടി അംഗീകരിച്ച് നൽകാൻ അന്ന് തയ്യാറായിട്ടുണ്ട്. ഉദാഹരണത്തിന് ശാന്തിക്കാരൻ, കഴകം, അടിച്ചുതളി പ്രവൃത്തികൾ ചെയ്യുന്നവർ എന്നിവരെയെല്ലാം മുൻനിർത്തിയുള്ള സമീപനമായിരുന്നു. 6038 ജീവനക്കാരാണ് ബോർഡിന് കീഴിൽ ജോലി ചെയ്തിരുന്നത്. ബോർഡ് രൂപീകരിച്ചതിനുശേഷം ദേവസ്വം വകുപ്പുവഴി സ്വകാര്യ ക്ഷേത്രങ്ങൾക്ക് ഉൾപ്പെടെ ധനസഹായം നൽകിവരുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. മലബാറിലെ ദേവസ്വങ്ങളുടെ അധീനതയിലുള്ള ഒരു ലക്ഷം ഏക്കറോളം ഭൂമി അന്യാധീനപ്പെടുന്നു എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിരീക്ഷണമുണ്ടായി. ബോർഡിന് കീഴിലുള്ള 30000 ഏക്കറോളം ഭൂമി കയ്യേറ്റംമൂലം നഷ്ടപ്പെട്ടിട്ടുണ്ട്. ക്ഷേത്ര ട്രസ്റ്റിന്റെ നിലപാട്, കയ്യേറ്റത്തിനുള്ള ഒത്താശ, സ്വന്തക്കാരുടെ കയ്യിലെത്തിയാൽ നടപടിയെടുക്കാത്ത സ്ഥിതിവിശേഷം ഇതൊക്കെ പരിഹരിക്കണമെങ്കിൽ ഒരു ദേവസ്വം ട്രിബ്യൂണലിന്റെ ആവശ്യകത ഇവിടെ പ്രസക്തമാവുകയാണ്. അന്യാധീനപ്പെടുന്നതും കയ്യേറ്റം ചെയ്യപ്പെടുന്നതുമായ ഭൂമി സംരക്ഷിക്കപ്പെടണമെങ്കിൽ ഇങ്ങനെയൊരു സംവിധാനത്തിനെക്കുറിച്ച് നമ്മൾ ആലോചിക്കേണ്ടതുണ്ട്. ഇത്തരം സ്വത്തുക്കളിൽ വാണിജ്യാവശ്യത്തിന് ഉതകുന്നതും

വരുമാനം ലഭിക്കുന്നതുമായ നിർമ്മാണങ്ങൾ നടത്താൻ ക്ഷേത്രങ്ങളുടെ മിച്ച ഫണ്ടും ആസ്തിയും സർക്കാർ നിക്ഷേപവും മറ്റും ഉപയോഗപ്പെടുത്തി ഒരു ധനകാര്യ ഏജൻസി രൂപീകരിക്കുക കൂടി ചെയ്യുന്ന പക്ഷം മലബാർ ദേവസ്വം ബോർഡിന് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുന്ന സ്ഥിതിവിശേഷമുണ്ടാകും. ആയതിനാൽ മലബാർ ദേവസ്വം ട്രിബ്യൂണലും മലബാർ ദേവസ്വം ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനും ക്ഷേത്ര ജീവനക്കാർക്ക് മാത്രമായിട്ടുള്ള ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. ക്ഷേത്രജീവനക്കാർക്ക് നാമമാത്രമായ പെൻഷനും ഗ്രാറ്റുവിറ്റിയുമാണ് ഇന്ന് ലഭ്യമാകുന്നത്. ഇതിൽ മാറ്റം വരുത്താൻ കഴിയണം. നിലവിലുള്ള ക്ഷേമനിധി ഫണ്ട് പെൻഷൻ ഫണ്ടിൽ ലയിപ്പിച്ചാൽ പെൻഷനും അനുബന്ധ ആനുകൂല്യങ്ങളും ലഭ്യമാക്കാൻ കഴിയുമോ എന്ന പരിശോധനയും നടത്തേണ്ടതുണ്ട്. ബോർഡ് അംഗങ്ങളുടെ കാലാവധി രണ്ട് വർഷം എന്നത് നാല് വർഷമായി ഉയർത്തുകയാണെങ്കിൽ ഈ കാലയളവിലെ അനുഭവസമ്പത്ത് കാര്യക്ഷമമായ രീതിയിലുള്ള ഭരണ നിർവ്വഹണത്തിന് സഹായകമാകും. നിലവിൽ ഇവിടെ നേരത്തെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ കൂടൽമാണിക്യം, ഗുരുവായൂർ, മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ അഞ്ച് ബോർഡുകളും ഏകീകരിച്ച് ഒരു പൊതു നിയമത്തിന് കീഴിൽ കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. അതിനെക്കുറിച്ച് ചർച്ച ചെയ്യേണ്ടതാണ്. ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയുമെല്ലാം വൈവിധ്യം നിലനിർത്തിക്കൊണ്ടു തന്നെ അത് പറ്റുമോ എന്നുള്ളതുകൂടി പരിശോധിക്കേണ്ടതാണ്. ആദ്യഘട്ടമെന്നുള്ള നിലയിൽ ഗുരുവായൂർ ദേവസ്വത്തെ മലബാർ ദേവസ്വം ബോർഡിൽ, അതിന് വല്ല തടസ്സവും ഉണ്ടെങ്കിൽ ഗുരുവായൂർ ദേവസ്വത്തിന്റെ വാർഷിക വരുമാനത്തിൽനിന്നും ഒരു നിശ്ചിത ശതമാനം തുക മലബാർ ദേവസ്വം ബോർഡിന് ലഭ്യമാക്കാവുന്ന തരത്തിൽ ബന്ധപ്പെട്ട നിയമത്തിൽ വ്യവസ്ഥ ഉൾക്കൊള്ളിച്ച് നടപ്പാക്കാവുന്നതും ചർച്ച ചെയ്യപ്പെടുകയാണ്. സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യതയും ഇതുമൂലം കുറച്ചു കൊണ്ടുവരാൻ കഴിയും.

ജൈവ വൈവിധ്യങ്ങൾ നിലനിർത്തിക്കൊണ്ട് കാവുകൾ സംരക്ഷിക്കാനും മലബാറിലെ ക്ഷേത്രക്കുളങ്ങൾ സംരക്ഷിക്കാനും നമുക്ക് കഴിയണം. മ്യൂറൽ പെയിന്റിംഗ്സ്, ദാരുശിൽപ്പങ്ങൾ, എഴുത്തോലകൾ, പുരാണഗ്രന്ഥങ്ങൾ ഇവയൊക്കെ സംരക്ഷിക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയണം. ജലവിഭവ വകുപ്പ്, മ്യൂസിയം പുരാവസ്തു ഗവേഷണ വകുപ്പ് എന്നിവയുടെയൊക്കെ സഹായം നമുക്ക് ലഭ്യമാക്കാവുന്നതാണ്. ഉത്തര മലബാറിലെ കാവുകളിൽ അരങ്ങേറുന്ന പൂരക്കളി, കളംപാട്ട്, തെയ്യം, തിറ, കാവുതീണ്ടൽ ഇവയെല്ലാം സംരക്ഷിക്കാനും സാംസ്കാരിക വകുപ്പിന് ഇക്കാര്യത്തിൽ ഇടപെടൽ നടത്താനും

കഴിയേണ്ടതുണ്ട്.

ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്. ഈ ചർച്ചയെല്ലാം നടത്തുമ്പോഴും നമ്മുടെ ക്ഷേത്രങ്ങളുമായി ബന്ധപ്പെടുന്ന വിവിധ വിഭാഗം ജനങ്ങൾ വളരെയധികം പ്രയാസത്തിലാണ്. ശ്രീ. എം. ടി. വാസുദേവൻ നായരുടെ 'നിർമ്മാല്യ'ത്തിലെ പി. ജെ. ആന്റണി ചെയ്ത കഥാപാത്രമായ വെളിച്ചപ്പാടിന്റെ ദുഃഖങ്ങൾ നമ്മുടെ സ്മൃതിപഥത്തിൽ ഇന്നുമുണ്ട്. എന്റെ നാട്ടിൽ ഒരു കണ്ണൻ വെളിച്ചപ്പാടുണ്ട്. വിഷ്ണുമൂർത്തി പരദേവതയുടെ വെളിച്ചപ്പാടാണ്. നരസിംഹാവതാരത്തിലൂടെ ഹിരണ്യവധം നടത്തി വിഷ്ണുമൂർത്തി ഉഗ്രസ്വരൂപിണിയായി ഉറഞ്ഞു തുള്ളുമ്പോഴാണ് വെളിച്ചപ്പാടിന്റെ പ്രവേശനം ഉണ്ടാകുക. ആ വെളിച്ചപ്പാട് വെളിച്ചപ്പാടെല്ലാം കഴിഞ്ഞ് തിരിച്ച് വീട്ടിലേയ്ക്ക് വന്ന് വളരെ കഷ്ടതയാണ് അനുഭവിക്കുന്നത്. ഒരു ജനപ്രതിനിധി എന്നുള്ള നിലയിൽ എന്റെ വീട്ടിൽ ഒരു ദിവസം വന്ന് എന്നോട് പറഞ്ഞു, അമ്പലത്തിൽ വെളിച്ചപ്പാടായി രാവിലെ കുളിച്ച് കുറിയിട്ടാൽ എല്ലാവരും ബഹുമാനം തരും, പക്ഷേ എന്റെ വീട്ടിൽ ഒരു നേരത്തെ കഞ്ഞിക്ക് വകയുണ്ടോ, അരിയുണ്ടോ എന്ന് ചോദിക്കാൻ ആരുമില്ല സർ, നിങ്ങളൊക്കെ ബന്ധപ്പെടണം. ഞങ്ങൾ പറഞ്ഞു കൊണ്ടേയിരിക്കുന്നു. ചില നീക്കങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. തീർച്ചയായും ഇത് ഒരു കണ്ണൻ വെളിച്ചപ്പാടിന്റെ മാത്രം കാര്യമല്ല. ക്ഷേത്രത്തിലെ സ്ഥാനികൻമാർ വളരെ അപകടകരമായ, ജീവിത ദുരിതങ്ങളുടെയും പ്രയാസങ്ങളുടെയും നടുവിലാണ് ഇന്ന് ജീവിക്കുന്നത്. അവരെ രക്ഷിക്കാനുള്ള ഏറ്റവും ശക്തമായ നിലപാടെടുക്കാൻ നമുക്ക് കഴിയണം. അതുപോലെതന്നെ കോലധാരികൾ. നമ്മൾ സാധാരണ പറയാറുണ്ട്, "കോലം കെട്ടിയാൽ ദൈവമെന്നും കോലമഴിച്ചാൽ അടിയനെന്നും", എന്നതുപോലെ കോലധാരികളായ ആളുകൾ തെയ്യം കെട്ടിക്കഴിഞ്ഞാൽ ഏറ്റവും ഉഗ്രരൂപിണിയായ മൂർത്തിയായി അവർ മാറും. പക്ഷേ അതൊക്കെ കഴിഞ്ഞ് തിരുമുടി അഴിച്ച് സ്വന്തം അണിയറയിലേയ്ക്ക് പോകുന്നൊരു രംഗമുണ്ട്. വീട്ടിലേയ്ക്ക് പോയിക്കഴിഞ്ഞാൽ വീട്ടിൽ അടുപ്പ് പുകയില്ല. ഏറ്റവും അപകടകരമായിട്ടുള്ള ജീവിത സാഹചര്യം. രണ്ട് നാളുകൾക്ക് മുമ്പ് ഞാൻ ഒരു മഹോത്സവത്തിന്റെ സ്ഥലത്ത് പോയപ്പോൾ അവിടെ കാണാനിടയായ ഒരു സത്യമുണ്ട്. അവിടെ മേലേരി കത്തുകയാണ്. തീഗോളങ്ങൾ ആകാശത്തേയ്ക്ക് ഉയരുകയാണ്. വാല്യക്കാരെല്ലാം അത് സംരക്ഷിക്കുകയാണ്. അതിനപ്പുറത്ത് വലിയ ഗാനമേളയും മിമിക്രിയും നടക്കുകയാണ്. തെയ്യം കെട്ടുന്ന കോലധാരികളുള്ള സ്ഥലത്തേയ്ക്ക് ഞാൻ പോയി. അവിടെ ഒരാൾ ചുരുണ്ടുകൂടി കിടക്കുകയാണ്. വർഷങ്ങളോളം തെയ്യംകെട്ടി, വിഷ്ണുമൂർത്തി പരദേവതയും ഭഗവതിയും ചാമുണ്ഡിയും എല്ലാ തെയ്യവും കെട്ടിയാടി ഈ സമൂഹത്തെ സേവിച്ച്

പൂർണ്ണമായും ദൈവത്തിൽ വിശ്വാസമർപ്പിച്ചിട്ടുള്ള ആ കോലധാരിയായ, സ്ഥിരം തെയ്യം കെട്ടിന് പോകുന്ന ആ കലാകാരൻ ഇന്ന് ഏറ്റവും അപകടകരമായ രോഗാവസ്ഥയിലാണ്. അവരെയൊക്കെ പരിരക്ഷിക്കാൻ നമുക്ക് കഴിയണം. അതിനാവശ്യമായ നിലപാടുകൾ സ്വീകരിക്കാൻ കഴിയണം. കോല ധാരണത്തിനായും ക്ഷേത്രകാര്യങ്ങൾക്കും വേണ്ടി ഒരു പുരുഷായുസ്സ് മുഴുവൻ ഭക്തിസാന്ദ്രമായ സാഹചര്യത്തിൽ ജീവിക്കുന്ന അവരെ രക്ഷിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. അതുപോലെതന്നെ ശാന്തിക്കാരുടെ സ്ഥിതി. എന്റെ വീടിനടുത്ത് ഒരു ഗോവിന്ദൻ നമ്പൂതിരിയുണ്ട്. അമ്മ സരസ്വതി അന്തർജ്ജനം, അനുജൻ ശ്രീധരൻ നമ്പൂരിതി, അതിനനുജൻ വിഷ്ണു നമ്പൂതിരി. അനുജൻമാരെല്ലാവരും നാടുവിട്ടുപോയി. ഇപ്പോൾ കിട്ടുന്ന വകകൊണ്ട് ജീവിക്കാൻ യാതൊരു മാർഗ്ഗവുമില്ല. വലിയ കഷ്ടപ്പാടിലാണ്. അങ്ങനെ എത്രയോ ശാന്തിക്കാരുണ്ട് നമ്മുടെ നാട്ടിൽ. ഇവരുടെയെല്ലാം കാര്യങ്ങൾ കാണാനും ഇവരെ അനുഭാവപൂർവ്വം പരിഗണിക്കാനും പ്രശ്നങ്ങളോട് അനുഭാവപൂർവ്വമുള്ള നിലപാട് സ്വീകരിക്കാനുംകൂടി ഇതിന്റെ ഭാഗമായിട്ടുള്ള ചർച്ചയും തീരുമാനങ്ങളും ഉയർത്തിക്കൊണ്ട് വരേണ്ടതുണ്ട്.

ഒരുകാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഉത്തര മലബാറിലെ കാവുകളും അമ്പലങ്ങളും മതനിരപേക്ഷത ഏറ്റവും ശ്രദ്ധേയമായ രീതിയിൽ വിളങ്ങുനിൽക്കുന്ന ഇടങ്ങൾ കൂടിയാണ്. ഈ മതനിരപേക്ഷ പാരമ്പര്യം തകർക്കാൻ ചിലർ ശ്രമിക്കുന്നുണ്ടെങ്കിൽപ്പോലും മാപ്പിള തെയ്യങ്ങളും മുക്രിപ്പോക്കരും ക്ഷേത്രങ്ങളിലും അതുപോലെതന്നെ അമ്പലങ്ങളിലേയ്ക്ക് മുസ്ലീം പണ്ഡിതൻമാർ വന്ന് ക്ഷേത്രോത്സവത്തെ കുറിച്ചുള്ള കൂടിയാലോചനാ യോഗങ്ങളിൽ പങ്കെടുക്കുക എന്നിവയെല്ലാം മലബാറിന്റെ സവിശേഷതയാണ്. പെരുമ്പട്ട മസ്ജിദും മഞ്ചേശ്വരം വൈദ്യനാഥ ക്ഷേത്രവുമെല്ലാം ഏറ്റവും ശ്രദ്ധേയമായ രീതിയിൽ മതസൗഹാർദ്ദത്തിന്റെ അടയാളങ്ങളാണ്. ആ മത സൗഹാർദ്ദത്തിന്റെ അടയാളങ്ങൾ തകർക്കാൻ ശ്രമിക്കുന്ന ശക്തികൾക്കെതിരെ ജാഗ്രതാപൂർവ്വമായിട്ടുള്ള സമീപനങ്ങൾ എടുക്കണം. ആഘോഷങ്ങളും ഉത്സവങ്ങളും മതവൽക്കരിക്കുകയും വർഗ്ഗീയവൽക്കരിക്കുകയും ചെയ്യുമ്പോൾ അതിനെതിരെ മതനിരപേക്ഷതയുടെ സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് ആ ഉത്സവങ്ങളെയും ആഘോഷങ്ങളെയും മതനിരപേക്ഷമാക്കുന്നതിനുള്ള സമീപനമാണ് ഇടതുപക്ഷക്കാർ, കമ്മ്യൂണിസ്റ്റുകാർ സ്വീകരിച്ചുവരുന്നത്. തീർച്ചയായും അതിനെല്ലാം അനുയോജ്യമായ വർത്തമാന കാലത്ത് ഈ ഒരു ബില്ലിന്റെ ഭേദഗതി ഇതിനെല്ലാം പ്രയോജനപ്പെടുമെന്നും അത്തരമൊരു വിശാലാടിസ്ഥാനത്തിൽ ഇതിനെ മുഴുവൻ അംഗങ്ങളും കാണണമെന്നും മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. റോജി എം. ജോണിനുവേണ്ടി ശ്രീ. വി. ടി. ബൽറാം: സർ, 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സമയം അഞ്ചുമണി കഴിഞ്ഞ സാഹചര്യത്തിൽ സംസാരിക്കുന്നില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): സർ, ഏതാണ്ട് ബഹുമാനപ്പെട്ട വി. ടി. ബൽറാമിന്റെ അതേ ശൈലി തന്നെയാണ് ഞാനും സ്വീകരിക്കാൻ പോകുന്നത്. 2008-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റ് (ഭേദഗതി) ആക്ടിന്റെ ഭാഗമായിട്ടുള്ള 19 (ജി) (1) വകുപ്പ് ജീവനക്കാർക്ക് നൽകുന്ന ഒരു പ്രൊട്ടക്ഷനുണ്ട്. എന്നാൽ ആ പ്രൊട്ടക്ഷൻ അതേ ഭേദഗതി വകുപ്പിലെ 8 (സി) യിൽ ലഭ്യമാകുന്നില്ല. അതിന്റെ ഭാഗമായി ഒരു വാചകം 8 (സി) യിൽ ഈ ഭേദഗതിയുടെ ഭാഗമായി കൂട്ടിച്ചേർക്കുന്നുവെന്ന് മാത്രമേ ഇതിലുള്ളൂ. ഒന്നുരണ്ടു കാര്യങ്ങൾ ഇതിന്റെ ഭാഗമായി സൂചിപ്പിക്കുകയാണ്. കേരള രൂപീകരണത്തിനു മുൻപ്, മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായ മലബാർ മേഖലയിൽ ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ ഭരണ നിർവ്വഹണത്തിനായി അന്നത്തെ മദ്രാസ് സംസ്ഥാനം പാസ്സാക്കിയ നിയമമാണ് 1951-ലെ മദ്രാസ് ഹിന്ദുമത ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട്. ഈ ആക്ടിന് അന്നത്തെ മദ്രാസ് സംസ്ഥാനത്തിൽ ഉൾപ്പെട്ടിരുന്ന പ്രദേശങ്ങളിലായിരുന്നു പ്രാബല്യമുണ്ടായിരുന്നത്. 1956-ൽ കേരള സംസ്ഥാന രൂപീകരണത്തിനുശേഷവും കേരള അഡാപ്റ്റേഷൻ ഓഫ് ലാസ് ഓർഡർ പ്രകാരം മലബാർ പ്രദേശത്ത് ഇത് പ്രാബല്യത്തിലിരിക്കുകയായിരുന്നു. ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണം സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായി. ഇതിനായി ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ഭരണവകുപ്പ് എന്നൊരു വകുപ്പുമുണ്ടായിരുന്നു. എന്നാൽ 2008-ൽ ആക്ടിൽ കൊണ്ടുവന്ന ഭേദഗതിപ്രകാരം ധർമ്മസ്ഥാപനങ്ങളുടെ ഭരണനിർവ്വഹണം സർക്കാർ വകുപ്പിൽ നിന്ന് എടുത്തുമാറ്റി മലബാർ ദേവസ്വം ബോർഡ് എന്നൊരു സംവിധാനത്തിൻ കീഴിലാക്കി. അതാണ് ഇതിന്റെ ചരിത്രം. ഹിന്ദുമത ധർമ്മസ്ഥാപനങ്ങളുടെ ഭരണനിർവ്വഹണം നടത്തിവന്ന സർക്കാർ വകുപ്പ് നിർത്തലാക്കിയെങ്കിലും, പ്രസ്തുത വകുപ്പിൽ ജോലി ചെയ്തുവന്നിരുന്ന ജീവനക്കാരെ നിർത്തലാക്കിയ സർക്കാർ വകുപ്പിനുപകരം രൂപീകരിക്കപ്പെട്ട മലബാർ ദേവസ്വം ബോർഡിന്റെ സർവ്വീസിലേക്ക് അബ്സോർബ് ചെയ്തു. ഇപ്രകാരം ബോർഡിന്റെ സർവ്വീസിലേക്ക് മാറിയ ജീവനക്കാരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും

മറ്റുസേവന വ്യവസ്ഥകളും പഴയതുപോലെ മലബാർ ദേവസ്വം ബോർഡിന്റെ സർവ്വീസിലും തുടരുന്നതാണെന്ന് 2008-ലെ ഭേദഗതി ആക്ടിന്റെ 19 (ജി) (1) വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. ജീവനക്കാരെ സംബന്ധിച്ചിടത്തോളം അബോളിഷ് ചെയ്ത വകുപ്പാണെങ്കിലും പ്രൊട്ടക്ഷൻ ലഭിച്ചു. എന്നാൽ ഹിന്ദുമത വിശ്വാസിയും ക്ഷേത്രാചാരത്തിലും ദൈവത്തിലും വിശ്വാസമുള്ള ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരുദ്യോഗസ്ഥനെ മലബാർ ദേവസ്വം ബോർഡിന്റെ കമ്മീഷണറായി നിയമിക്കാവുന്നതാണെന്ന മറ്റൊരു വ്യവസ്ഥ ഇതേ ഭേദഗതി ആക്ടിൽ 8(സി)-യിൽ ഉൾപ്പെടുത്തി. ഇവിടെയാണ് ഈ കോൺട്രഡിക്ഷൻ വന്നത്. മേൽ പ്രസ്താവിച്ച പ്രകാരം ഹിന്ദുമത എൻഡോവ്മെന്റ് വകുപ്പിനുകീഴിൽ വരുന്ന ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിലും അവകാശങ്ങളിലും പ്രൊമോഷൻ പോലുള്ളവയും ഉൾപ്പെടും. എന്നാൽ 8(സി) വകുപ്പിൽ വന്ന ഭേദഗതിമൂലം മുൻപ് പ്രെമോഷൻ തസ്തികയായ കമ്മീഷണർ പദവിയിലേയ്ക്ക് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനെ നിയമിക്കണമെന്ന വ്യവസ്ഥ ചേർത്ത് 19 (ജി) (1) വകുപ്പിന് വിരുദ്ധമായി തോന്നാവുന്നൊരു സാഹചര്യം സൃഷ്ടിച്ചു. നിർത്തലാക്കിയ സർക്കാർ വകുപ്പിലുണ്ടായിരുന്നതും, മലബാർ ദേവസ്വം ബോർഡിലെ സർവ്വീസിൽ തുടരുന്നതുമായ ഡെപ്യൂട്ടി കമ്മീഷണർ തസ്തികയിലുള്ള ഒരുദ്യോഗസ്ഥനെ മലബാർ ദേവസ്വം ബോർഡിന്റെ കമ്മീഷണറായി സ്ഥാനക്കയറ്റം ലഭിക്കാനുള്ള അർഹത സംശയത്തിലായി. ഡെപ്യൂട്ടി കമ്മീഷണറിൽ നിന്ന് കമ്മീഷണറായിട്ട് പ്രൊമോഷൻ കിട്ടാൻ സാധ്യതയുള്ള ഒരാൾക്ക് 8(സി) വകുപ്പുകൊണ്ട് ആ പ്രൊമോഷൻ ഇല്ലാതാകുന്ന സ്ഥിതി വന്നു. അതിന്റെ ഭാഗമായിട്ടാണ് ഈ ഭേദഗതി ഇവിടെ കൂട്ടിച്ചേർത്തത്. അല്ലാതെ ഏതെങ്കിലും ഒരു ഇടതുപക്ഷക്കാരനെ ഇതിൽ തിരുകി കയറ്റാനുള്ളതല്ല. ഞാൻ അതിനൊന്നും മറുപടി പറയാൻ ആഗ്രഹിക്കുന്നില്ല. ഏതെങ്കിലും ഒരാളെ, അതായത് ഡെപ്യൂട്ടി കമ്മീഷണറായിട്ടുള്ള ഒരാൾക്ക് പ്രൊമോഷൻ നൽകി കമ്മീഷണർ ആക്കുന്നതിന് തടസ്സമായി വ്യാഖ്യാനിക്കാൻ കഴിയാവുന്ന ഒരു വകുപ്പായി 8(സി) വകുപ്പ് മാറി. എന്നാൽ 19 (ജി)(1) വകുപ്പിന്റെ പ്രൊട്ടക്ഷൻ ഇതിൽ കിട്ടാത്ത സ്ഥിതിയും വന്നു. ആ ambiguity ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഇതിവിടെ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട വി. ഡി. സതീശൻ അമ്പലത്തിൽ പോകുന്ന ആളുകളെയെല്ലാം ആർ.എസ്.എസ്.-കാരായും പള്ളിയിൽ പോകുന്ന ആളുകളെ ദൈവ വിശ്വാസികളായും ചിത്രീകരിക്കുന്നു എന്നുപറഞ്ഞു. ഞങ്ങൾക്ക് അങ്ങനെയൊന്നുമില്ല. അമ്പലത്തിന്റെ മുൻപിലോ പള്ളിയുടെ മുൻപിലോ ഒരു ബാലറ്റ് ബോക്സ് വച്ച് അവിടെ തെരഞ്ഞെടുപ്പ് നടത്തിയാൽ ഭൂരിപക്ഷം വിശ്വാസികളും സീൽ ചെയ്യുക ഇടതുപക്ഷത്തിനായിരിക്കും.

അങ്ങനെയാണ് ഞങ്ങൾ അധികാരത്തിൽ വന്നത്. ദൈവത്തിന്റെ എല്ലാ സംരക്ഷണവും നിങ്ങൾ ഏറ്റെടുക്കേണ്ട! ബഹുമാന്യനായ വി. ഡി. സതീശൻ മനസ്സിലാക്കേണ്ട കാര്യം, വൈരുദ്ധ്യാത്മക ഭൗതികവാദവും ചരിത്രപരമായ ഭൗതികവാദവും ഉൾക്കൊണ്ട നേതാക്കന്മാർ കോൺഗ്രസ്സിൽ ഉണ്ടായിരുന്നു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ 'ഇന്ത്യയെ കണ്ടെത്തൽ' തന്നെ ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ എഴുതിയ പുസ്തകമാണ്. നെഹ്റുവിനെ നിങ്ങൾ മറന്നുപോയ സാഹചര്യത്തിൽ അതിനി പറഞ്ഞിട്ട് കാര്യമില്ല?

ശ്രീ. വി. ഡി. സതീശൻ: സർ, ഈയിടെയായിട്ട് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ ധാരാളം ഉദ്ധരിക്കുകയും ഓർക്കുകയുമൊക്കെ ചെയ്യുന്നതിൽ വലിയ സന്തോഷമുണ്ട്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ജീവിച്ചിരുന്ന കാലത്ത് ഈ നയങ്ങളിലെല്ലാം ഉറച്ച് നിന്നിരുന്ന ആളാണ്. അദ്ദേഹം കോൺഗ്രസ്സിന്റെ നയങ്ങളാണ് പറഞ്ഞത്. ആ നയങ്ങളിലാണ് ഞങ്ങൾ ഇന്നും ഉറച്ച് നിൽക്കുന്നത്, ഒരു വ്യത്യാസവും അക്കാര്യത്തിലില്ല. (.........ബഹളം.....) ജവഹർലാൽ നെഹ്റു ജീവിച്ചിരുന്ന കാലത്ത് അദ്ദേഹത്തിന്റെ നയങ്ങളെ ഏറ്റവും കൂടുതൽ എതിർത്ത ആളുകൾ നിങ്ങളാണ്. വളരെ വൈകിയാണ് നിങ്ങൾ ശരി കണ്ടെത്തുന്നത്. ഇപ്പോൾ വൈകിയാണെങ്കിലും നെഹ്റുവിനെ കണ്ടെത്തിയതിൽ വളരെയധികം സന്തോഷമുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മോട്ടിലാൽ നെഹ്റുവിന്റെ കൂടെ യു.എസ്.എസ്.ആർ.-ൽ പോയി തിരിച്ചുവന്ന് ലാഹോർ കോൺഗ്രസ്സിൽ നടത്തിയ ഒരു പ്രസംഗമുണ്ട്. എന്റെ ജീവിതത്തിൽ എന്നെ സ്വാധീനിച്ച ഏറ്റവും ശക്തമായിട്ടുള്ള ദർശനമെന്നു പറയുന്നത് സോഷ്യലിസ്റ്റ് ദർശനമാണ്, മാർക്സിസ്റ്റ് ദർശനമാണ്. അത് നിങ്ങളും മറന്നു. അവിടെയാണ് നിങ്ങൾക്കും പിശക് പറ്റിയത്. നെഹ്റുവിന്റേതു മാത്രമല്ല മഹാത്മാഗാന്ധിയുടെ ആശയങ്ങളിൽ പലതിനോടും ഞങ്ങൾക്ക് യോജിപ്പുണ്ട്. അവരെയൊന്നും ഞങ്ങളാരും ഇന്നുവരെ വ്യക്തിപരമായി വിമർശിച്ചിട്ടില്ലെന്നു മാത്രമല്ല, വിമർശിക്കുന്ന ആൾക്കാരെ ശക്തമായി നേരിടുകയും ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ബഹുമാനപ്പെട്ട എ. പി. അനിൽകുമാർ വലിയ മാറ്റമൊന്നും ഉണ്ടായിട്ടില്ലായെന്ന് ഇവിടെ പറഞ്ഞു. എന്നാൽ ക്ഷേത്ര പ്രവേശനത്തിനുശേഷം ദളിതൻ പൂജാരിയാകുന്നതിന് നേതൃത്വം കൊടുത്ത ഒരു ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റെന്ന് മനസ്സിലാക്കണം. ഞാൻ മറ്റു കാര്യങ്ങളിലേക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല. ഈ ഭേദഗതി ബില്ലിന്റെ ഉള്ളടക്കം ഇതാണ്. ഇത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അടൂർ പ്രകാശ്, 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അങ്ങയുടെ 1എ നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. രാജഗോപാൽ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ടി. ബൽറാം അങ്ങയുടെ 2ബി നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ.......ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 മാർച്ച് മാസം 14-ാം തീയതി ബുധനാഴ്ച രാവിലെ 8.30- ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.11-ന് പിരിഞ്ഞു.)

## അനുബന്ധം

(1) ശ്രീ. ജെയിംസ് മാത്യു എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി

തളിപ്പറമ്പ്, തൃച്ചംബരം, ശ്രീകൃഷ്ണ ക്ഷേത്രത്തിൽ 11-3-2018-ന് ഉത്സവം കാണാനെത്തിയ കാഞ്ഞിരങ്ങാട് ആർട്സ് & സയൻസ് കോളേജിലെ ബിരുദ വിദ്യാർത്ഥിയും കോളേജിലെ എസ്.എഫ്.ഐ. യൂണിറ്റ് സെക്രട്ടറിയുമായ കിരണിനെ കത്തികൊണ്ട് വയറ്റിൽ കുത്തി കൊലപ്പെടുത്താൻ ശ്രമിക്കുകയും ഒപ്പമുണ്ടായിരുന്ന മൂന്ന് സുഹൃത്തുക്കളെ മരവടികൊണ്ട് അടിച്ച് പരിക്കേൽപ്പിക്കുകയും ചെയ്ത സംഭവമുണ്ടായി. ബി.ജെ.പി.-ആർ.എസ്.എസ്. പ്രവർത്തകരെ പ്രതികളാക്കി തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 276/18 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സംഭവത്തിൽ നെഞ്ചിനുതാഴെ ആഴത്തിൽ മുറിവേറ്റ് ഗുരുതരമായ സ്ഥിതിയിൽ കിരൺ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്. പരിക്കേറ്റ മറ്റ് മൂന്നുപേർ തളിപ്പറമ്പ് സഹകരണ ആശുപത്രിയിലും ചികിത്സയിലാണ്. യാതൊരു പ്രകോപനവുമില്ലാതെ ഉത്സവം കാണാനെത്തിയവരെ ഭീതിയിലാഴ്ത്തുകയും രാഷ്ട്രീയ വിരോധം തീർക്കുന്നതിനുള്ള സന്ദർഭമായി ഉത്സവസ്ഥലത്തെ മാറ്റുകയുമാണുണ്ടായത്.

കേസ്സിൽ ഏഴ് പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഏഴുപേർ കൂടി പിടിയിലാകാനുണ്ട്. അറസ്റ്റിലായവരെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുണ്ട്.

തളിപ്പറമ്പ് കീഴാറ്റൂർ എന്ന സ്ഥലത്ത് വികസനത്തിന്റെ ഭാഗമായി വരുന്ന പുതിയ എൻ.എച്ച്. ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിൽ എതിർപ്പും തർക്കങ്ങളും നിലനിൽക്കുന്നുണ്ട്. 10-3-2018-ന് പ്രദേശത്ത് സ്ഥാപിച്ച ബോർഡുകളും ബാനറുകളും നശിപ്പിച്ച സംഭവത്തിൽ ഉൾപ്പെട്ട രണ്ടുപേർ കിരണിനെ ആക്രമിച്ച കേസ്സിലെയും പ്രതികളാണ്.

പോലീസിന്റെ സന്ദർഭോചിതവും കാര്യക്ഷമവുമായ ഇടപെടൽമൂലം മറ്റ് അനിഷ്ട സംഭവങ്ങളൊന്നും ഉണ്ടായിട്ടില്ല. സ്ഥലത്ത് സമാധാനാന്തരീക്ഷം നിലനിൽക്കുന്നുണ്ട്.

(2) ശ്രീ. എൻ. എ. നെല്ലിക്കുന്ന് എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി

ഗൾഫ് രാജ്യങ്ങളിൽ ജോലി തേടിപ്പോകുന്നവർക്ക് യു.എ.ഇ. സർക്കാർ പുതുതായി ഏർപ്പെടുത്തിയ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, മുൻകാലങ്ങളിൽ നൽകിവരുന്ന അതേ മാതൃകയിൽ തന്നെയാണ് ഇപ്പോഴും നൽകുന്നത്. ഇത് അപേക്ഷകർ ആവശ്യപ്പെടുന്ന നിശ്ചിത കാലയളവ് രേഖപ്പെടുത്തിയാണ് നൽകിവരുന്നത്. ഇപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകളിൽ അപേക്ഷകൻ ഉൾപ്പെട്ടിരുന്നതും എന്നാൽ കോടതി തീർപ്പുകൽപ്പിച്ചതും ശിക്ഷിക്കപ്പെടാത്തതുമായ കേസ്സുകൾ കൂടി പരാമർശിക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. ഇതുമൂലം അർഹരായ പലർക്കും തൊഴിലവസരം നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു.

ഇക്കാര്യം കണക്കിലെടുത്ത് സർട്ടിഫിക്കറ്റിന്റെ മാതൃകയിൽ നിയമവശം കൂടി പരിശോധിച്ച്, ഉചിതമായ മാറ്റം വരുത്താൻ സംസ്ഥാന പോലീസ് മേധാവിയോട് നിർദ്ദേശിച്ചിട്ടുണ്ട്.

(3) ശ്രീ. പി. സി. ജോർജ് എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ വിശദമായ മറുപടി

ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഗ്രീൻ ഫീൽഡ് വിമാനത്താവളം ആരംഭിക്കുന്നതിന് റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിച്ച ഉദ്യോഗസ്ഥ സംഘം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

നിർദ്ദിഷ്ട എയർപോർട്ടിനായുള്ള ഭൂമിയുടെ വിസ്തീർണ്ണം, തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ നിന്നുള്ള ദൂരം, സ്ഥലത്തിന്റെ ഭൂപ്രകൃതി, ഗതാഗത സൗകര്യം, റിസർവ് വനത്തിന്റെ സാന്നിദ്ധ്യം, ശബരിമലയിലേയ്ക്കുള്ള ദൂരം, മറ്റ് വികസന സാധ്യതകൾ എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ആറ് സ്ഥലങ്ങളാണ് സമിതി മുൻഗണനാക്രമത്തിൽ തയ്യാറാക്കി സമർപ്പിച്ചത്. ഇതിൽ ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയ ചെറുവള്ളി എസ്റ്റേറ്റ് എന്നറിപ്പെടുന്ന ഹാരിസൺസ് മലയാളം പ്ലാന്റേഷനെ തെരഞ്ഞെടുത്തിട്ടുണ്ട്.

നിർദ്ദിഷ്ട വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനവും പരിസ്ഥിതി ആഘാത പഠനവും നടത്തി വിശദമായ റിപ്പോർട്ട് മാർച്ച് 31-നകം ലഭ്യമാക്കാനും പദ്ധതിക്കാവശ്യമായ അംഗീകാരവും അനുമതിയും ഒൻപത് മാസത്തിനുള്ളിൽ ലഭ്യമാക്കണം എന്ന വ്യവസ്ഥയിലും M/s. ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡിനെ കൺസൾട്ടന്റായി ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥാപനം കെ.എസ്.ഐ.ഡി.സി.-യുമായി ധാരണാപത്രം ഒപ്പിട്ട് പഠനം നടത്തിവരുന്നു.

കേന്ദ്രസർക്കാരിന്റെ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ലഭ്യമാക്കേണ്ട അംഗീകാരവും ക്ലിയറൻസും ഉൾപ്പെടെ എല്ലാ നടപടികളും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ച് തെരഞ്ഞെടുക്കപ്പെട്ട കൺസൾട്ടന്റ് പഠനം പൂർത്തിയാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(4) ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം സംബന്ധിച്ച് ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.-യുടെ സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ നൽകിയ വിശദമായ മറുപടി.

20-12-1995-ലെ ജി.ഒ. (എം.എസ്.) നം. 285/95/നി.വ. ഉത്തരവനുസരിച്ച് 1-4-1996 മുതൽ ചാരായം നിരോധിച്ചുകൊണ്ട് സർക്കാർ തീരുമാനമെടുത്തിരുന്നു. അതനുസരിച്ച് അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത 12500 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയുണ്ടായി. പ്രസ്തുത ചാരായ തൊഴിലാളികളുടെ പുനരധിവാസത്തിന് സംസ്ഥാന സർക്കാർ തൊഴിൽ നഷ്ടപ്പെട്ട ഓരോ തൊഴിലാളിക്കും 30,000 രൂപ വീതം അടിയന്തര ധനസഹായമായും എക്സ്ഗ്രേഷ്യയായി 2,000 രൂപയും നൽകുകയുണ്ടായി. ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവർക്കുള്ള അടിയന്തര സമാശ്വാസമെന്ന നിലയിൽ ബിവറേജസ് കോർപ്പറേഷനിലുണ്ടാവുന്ന ദിവസവേതന ഒഴിവുകളിൽ 25 ശതമാനം ഒഴിവുകൾ ഇവർക്കായി മാറ്റി വച്ചുകൊണ്ട് 20-2-2002-ലെ ജി.ഒ. (ആർ.ടി.) നമ്പർ 81/2002/നി.വ. പ്രകാരം ഉത്തരവായെങ്കിലും കോർപ്പറേഷനിലെ ഒഴിവുകളുടെ പരിമിതിയും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ ബാഹുല്യവും കാരണം തൊഴിൽ നൽകാൻ സാധിച്ചില്ല. തുടർന്ന് 7-8-2004-ലെ ജി.ഒ.(ആർ.ടി.) നമ്പർ 567/2004/നി.വ. ഉത്തരവുപ്രകാരം ചാരായ നിരോധനംമൂലം ജീവത്യാഗം ചെയ്ത തൊഴിലാളികളുടെ ആശ്രിതരായ 38 വയസ്സ് പൂർത്തീകരിച്ചിട്ടില്ലാത്ത ആൺമക്കൾക്ക് ബിവറേജസ് കോർപ്പറേഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകാൻ ഉത്തരവാകുകയും അതിന്റെ അടിസ്ഥാനത്തിൽ 266 പേർക്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കോടതിവിധി പ്രകാരം 7 പേർക്ക് തൊഴിൽ നൽകുകയും ചെയ്തിട്ടുണ്ട്.

ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് കോർപ്പറേഷനിൽ ദിവസ വേതനാടിസ്ഥാനത്തിലുള്ള ഒഴിവുകളിൽ ജോലി നൽകണമെന്ന പദ്ധതി നടപ്പാക്കണമെന്ന് ജോലി നഷ്ടപ്പെട്ട വിവിധ തൊഴിലാളികൾ നൽകിയ ഹർജി അനുവദിച്ചു നൽകിയ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിക്കെതിരെ ബിവറേജസ് കോർപ്പറേഷനും സർക്കാരും

ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നൽകിയ SLP (C) 5559/26 ആയുള്ള പ്രത്യേകാനുമതി ഹർജിയിൽ മേൽപ്പറഞ്ഞ ഹൈക്കോടതി ഉത്തരവുകൾ സ്റ്റേ ചെയ്തിട്ടുണ്ട്.

ചാരായ വിപണനം നടത്തിവന്നിരുന്ന സ്വകാര്യ കോൺട്രാക്ടർമാരുടെ കീഴിൽ ജോലി ചെയ്തിരുന്ന തൊഴിലാളികളുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത തുടങ്ങിയവ പരിഗണിക്കുമ്പോൾ കോർപ്പറേഷന്റെ വിവിധ തസ്തികകളിൽ പ്രതിപാദിച്ചിട്ടുള്ള ജോലിക്ക് അവർ അർഹരല്ല. കൂടാതെ കോർപ്പറേഷനിൽ സർക്കാർ നിലവിൽ അംഗീകരിച്ചിട്ടുള്ള തസ്തികകൾ എല്ലാം പല തട്ടിലുള്ളതും വിവിധങ്ങളായ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ചുള്ളതുമാണ്. ഈ വസ്തുതകൾ കണക്കിലെടുത്ത് ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവരെ വിദ്യാഭ്യാസ യോഗ്യതയും മറ്റുമനുസരിച്ച് നിയമിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 31-8-2006-ലെ WP(C) 25183/09, OP No. 2197/02 എന്നീ കേസുകളിലെ വിധിന്യായ പ്രകാരം ബിവറേജസ് കോർപ്പറേഷനിലെ ഒഴിവുകൾ പി.എസ്.സി. മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും മാത്രമേ നികത്തുവാൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ചിരുന്നു.

കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് സ്കീം 1990 പ്രകാരം പദ്ധതി നിലവിൽ വരുന്നതിനുതൊട്ടുമുൻപേ ഒരു സ്ഥാപനത്തിൽ തുടർച്ചയായി മൂന്നു വർഷം പൂർത്തിയാക്കിയ നിധിയിലെ അംഗത്തിനു 60 വയസ്സ് പൂർത്തിയാക്കുമ്പോൾ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. തൊഴിൽ നഷ്ടപ്പെട്ട ചാരായത്തൊഴിലാളികളോടുള്ള സാമൂഹ്യ പ്രതിബദ്ധത കണക്കിലെടുത്ത് സർക്കാർ സാമ്പത്തിക സഹായവും ആശ്രിതർക്ക് നിയമനവും നൽകിയിട്ടുള്ളതിനാൽ ചാരായം നിരോധിച്ച് 22 വർഷങ്ങൾക്കുശേഷം തൊഴിൽ നൽകണമെന്ന ആവശ്യം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പരിശോധിക്കുവാൻ കഴിയുകയുള്ളൂ.